ained up to 1

ified up to 1st D

d up to 15th Dece

ed up to 15th De

odified up

to 7th M

ied up to 7th

BOUND AT THE
Indian Catholic Press
Maidan Road
MANGALORE

1117

P.M 05

CARMEL HOUSE
A. M.
POONA.

J
1117

K44 17 X11-8

J




ഠരം. മ. യ.

# മാർതോമ്മാക്രിസ്ത്യാനികൾ.

രണ്ടാം പുസ്തകം.




ക. നി. മൂ. സ. ബ. ബഞ്ചാർദ് തോമ്മാ പൈദികനാൽ

വിരചിതം.




MANNANAM:

PRINTED AT THE ST. JOSEPH'S PRESS.

1921.

*Permissu Superiorum.*

No. 133.

*Coonemav,*

*17. 8. 1919.*

മുത്തോലി കൊവേന്തയുടെ പെ. ബ. പ്രിയോരച്ചന്ന്

പെ. ബ. അച്ചാ,

അച്ചൻ എഴുതിയുണ്ടാക്കിയ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന ചരിത്രപുസ്തകം രണ്ടാം ഭാഗം നമ്മുടെ നിയമപ്രകാരം പരിശോധിച്ചു ശരിയായി കണ്ടിരിക്കയാൽ അച്ചിൽ പതിച്ചു പ്രസിദ്ധീകരിക്കുന്നതിന്ന അനുവദിക്കുന്നു.

എന്ന് ക. നി. മൂ. സ. പ്രിയോർ ജനറാൾ

ആ. ന്യൂ. ഗബ്രിയേൽ പട്ടക്കാരൻ.

.ב .ג .א .ש ,ד ליבוכ .ב

ചങ്ങനാശേരി വി. അപ്പസ്തോലിക്കാ നി. വ. ദിവ്യശ്രീ കയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ആലോചനക്കാരിൽ ഒരുവനും ചങ്ങനാശേരി മെത്രാസനപ്പള്ളി വികാരിയുമായ വ ദിവ്യശ്രീ കയ്യൻപ്ലാക്കൽ ജെ. അബ്രാഹം അച്ചൻ അവർകൾ അയച്ചുതന്ന എഴുത്ത്:

കൊഴുവനാൽപള്ളി,

൨൪. ൯. ൧൯൧൯.

എ. സ്നേ. പെ. ബ. അച്ചാ!

"മാർ തോമ്മാ ക്രിസ്ത്യാനികൾ" ൨-ാം പുസ്തകം നി. വ. പി. തിരുമനസ്സിലെ കല്പനപ്രകാരം ഞാൻ പരിശോധിച്ചു. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായി യാതൊന്നും കാണുന്നില്ല. ഇതു ചരിത്രസംബന്ധമായ ഒരു നിരോധയുദ്ധം എന്ന് ഗണിക്കപ്പെടാമെന്നു തോന്നുന്നു. ..... തിരുമനസ്സുകൊണ്ടു അച്ചനെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

പുസ്തകം ഇതോന്നിച്ചു തിരിച്ചയക്കുന്നു.

വിശ്വസ്ത വിധേയൻ കയ്യൻപ്ലാക്കൽ ജെ. അബ്രാഹം കശ

XXV. 1904.

# പ്രസ്താവന.

ഒന്നാം പുസ്തകത്തിൽ ഐ. സി. ചാക്കോ ബി. ഏ., ബി. എ സ്. സി. അവർകളുടെ ഉപോൽഘാതത്തിനും, ജോൺ നിധീരി ബി. ഏ. ബി. എൽ. അവർകളുടെ അവതാരികയ്ക്കും അനുബന്ധമായി ചേ ത്തിരിക്കുന്ന കൃതജ്ഞതാ പ്രസ്താവനയിൽ ഈ ചരിത്രഗ്രന്ഥരചനയി ൽ ഞങ്ങൾക്കു പൊതുവായ സഹായം ചെയ്ത ചില വൈദിക സ ഹോദരന്മാരുടെ പേരിൽ ഞങ്ങൾക്കുള്ള കൃതജ്ഞത പൊതുവിൽ വെളിപ്പെടുത്തീട്ടുണ്ട്. എന്നാൽ ഈ ഗ്രന്ഥരചനയുടെ ആരംഭം മു തൽ അവസാനംവരേ പ്രത്യേക വിധത്തിൽ ഔൽസുക്യം പ്രദർശിപ്പി ക്കയും ഇതിലേക്ക് വേണ്ട സഹായങ്ങൾ ചെയ്കയും ചെയ്ക. നി. മ്മ. സ. ബ. എന്നുമാനുവേൽ അച്ചനോടുള്ള കൃതജ്ഞതയെ വിശേഷ വിധിയായി വെളിപ്പെടുത്തുവാൻ തരപ്പെടാതെ പോയതിനാൽ ആ ചുമതല ഈ അവസരത്തിൽ നിവ്വഹിച്ചുകൊള്ളുന്നു.

ഈ ചരിത്രം എഴുതുന്നതിനു ഞങ്ങളെ പ്രേരിപ്പിച്ച ഉദ്ദേശ്യ ത്തെപ്പറ്റി ഇതിനുമുൻപു് ഒന്നും പറവാൻ ഇടയായിട്ടില്ലാത്തതിനാ ൽ തത്സംബന്ധമായും ഇവിടെ അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മലങ്കരയിലെ സുറിയാനിക്കാരെ സംബന്ധിച്ചു് ഇതുവരെ എഴുതപ്പെ ട്ടിട്ടുള്ള ചരിത്രഗ്രന്ഥങ്ങളെ വായിക്കുന്ന സത്യസ്നേഹികളെല്ലാവരും, അതുകൾ അപൂർണ്ണങ്ങളാണെന്നും അവയിൽ പൂർവ്വാപരവിരുദ്ധങ്ങളാ യ അനവധി സംഗതികൾ കാണപ്പെടുന്നുണ്ടെന്നുമുള്ള വസ്തുത സ മ്മതിക്കുന്നതാണ്. ഗ്രന്ഥകാരന്മാർ സ്വാഭിപ്രായങ്ങളെ ആസ്പദമാക്കി എഴുതിയതിനാലാണ് ഈവിധം സംഭവിച്ചുതെന്നു ഗാഢാലോചന ചെയ്യുന്ന ആർക്കും മനസ്സിലാക്കാം. ഈ ന്യൂനത നിമിത്തം അതീത കാലങ്ങളിൽ നടന്നെല്ലാം കാര്യങ്ങളാണു വാസ്തവത്തിൽ സംഭവിച്ചിട്ടു ള്ളതെന്നു അറിയുന്നതിനു നിവൃത്തിയില്ലാതെ തീരുന്നു. ഈ വിഷമ തയെ പരിഹരിക്കേണ്ടതിനായി തക്കവിഷയങ്ങളെല്ലാം എടുത്തു് ഒ രോന്നിന്റെ ഇരുഭാഗങ്ങളും ആലോചിച്ചും ഇരുഭാഗങ്ങളിലേയും തെ ളിവുകൾ പരിശോധിച്ചും ഒരു ചരിത്രം എഴുതണമെന്നു ദീർഘകാ ലമായി ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. പ്രത്യേക ദൈവാനുകൂല്യം നിമിത്തം ഇപ്പോൾ ഞങ്ങളുടെ അഭീഷ്ടം ഇതാ നി വൃത്തിയായിരിക്കുന്നു. ഈ ചരിത്രം ഈവിധത്തിൽ എഴുതിയിരിക്ക കൊണ്ടു് പ്രാചീന കാലങ്ങളിൽ നടന്ന സംഭവങ്ങൾ ഏതെല്ലാമെ ന്നു അറിവാൻ ആഗ്രഹിക്കുന്നവർക്ക് ഇതിന്റെ രചനയെപ്പറ്റി സംതൃ പ്തിയുണ്ടാകുമെന്നു് ന്യായപൂർവ്വം വിശ്വസിക്കാം. എന്നാൽ ചരിത്ര

ത്തിൽ സംഗതികൾ സ്വാഭിപ്രായം അനുസരിച്ചു പ്രസ്താവിച്ചു കാണണമെന്നു കാംക്ഷിക്കുന്നവർക്കു് ഇതിൽ അതു അഭിരുചിയുണ്ടാകുമെന്നു ഊഹിക്കുവാൻ മാത്രമില്ലാത്തതാണു്. എങ്കിലും സത്യത്തെമാത്രം അന്വേഷിക്കയും തെളിവുകളെ പരിശോധിക്കയും ചെയ്യുന്നപക്ഷം ഇതിൽ അടങ്ങിയിരിക്കുന്ന സംഗതികളിൽ ഇവർക്കും സമ്മതം ജനിക്കാതിരിക്കയില്ല.

ഈ ചരിത്രത്തിൽ കാണുന്ന രേഖകൾ ഒക്കെയും ഞങ്ങൾ വളരെ പരിശോധനചെയ്തു ചേർത്തിട്ടുള്ളതാണെന്നും അവയിൽ ഞങ്ങളുടെ അഭിപ്രായം ഒന്നുതന്നെ പ്രകടിപ്പിച്ചിട്ടില്ലെന്നും ചില രേഖകളുടെ സ്വഭാവത്തെപ്പറ്റി ചില അനുമാനങ്ങൾ (Consequences arising directly from the records quoted) ചേർക്കാൻ ഇടയായിട്ടുണ്ടെങ്കിൽ അതു സംഗതികളുടെ തെളിവിലേക്കായി മാത്രം ചെയ്തിട്ടുള്ളതാണെന്നും നിഷ്പക്ഷപാതികളായ ഏവർക്കും എളുപ്പത്തിൽ മനസ്സിലാക്കാം. മാപ്പിളമാരുടെ തിരുവെഴുത്തുകളും മറ്റു ചില ലിഖിതങ്ങളും ഗ്രന്ഥകാരന്മാരുടെ പ്രതിപാദനങ്ങളും (Assertions) പദാനുപദമായി ചേർത്തിരുന്നെങ്കിൽ നന്നായിരുന്നെന്നു ചിലരെല്ലാം ഞങ്ങളുടെ അടുക്കൽ പറകയുണ്ടായി. അങ്ങനെ ചെയ്യുന്നപക്ഷം പുസ്തകത്തിനു് ഉദ്ദേശിച്ചതിൽ അധികമോ ആറോ ഇരട്ടി വലിപ്പമുണ്ടാകുന്നതും തൻമൂലം അതിന്റെ പ്രസിദ്ധീകരണം സുസാദ്ധ്യമല്ലാതെ തീരുന്നതുമാകയാലാണു് അതിനു ഉദ്യമിക്കാഞ്ഞതു്. തിരുവെഴുത്തുകളും ലിഖിതങ്ങളും മറ്റു ചരിത്രലക്ഷ്യങ്ങളും സമാഹരിക്കുകയല്ലാതെ അവയിൽ അഭിപ്രായങ്ങൾ യാതൊന്നും സ്വയമായി ചേർത്തിട്ടില്ലെന്നു് പരിശോധനയാൽ പ്രത്യക്ഷപ്പെടാതിരിക്കയില്ല. അതിനാലാണു് അവയുടെ തെളിവിനായി അവയിൽനിന്നു പുറപ്പെടുന്ന ചില അനുമാനങ്ങളെ ചില സ്ഥലങ്ങളിൽ പ്രത്യേകിച്ചു എടുത്തുപറയുവാൻ ഇടയായിട്ടുള്ളതു്.

ചില പഴയ എഴുത്തുകൾ ഈ ചരിത്രത്തിൽ പല സ്ഥലങ്ങളിലും ഞങ്ങൾ ചേർത്തിട്ടുണ്ടു്. അവയിൽ ഒന്നു ക്രി.വ. 1-ൽ കൽദായ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ട മാർ യാക്കോബു് മുതലായ നാലു മെത്രാന്മാരുടെ എഴുത്തും അവരുടെ വരവിനേപ്പറ്റിയുള്ള ഒരു വിവരണവുംതന്നെ. ഇതിന്റെ വിശ്വാസ്യതയേപ്പറ്റി പരിശോധിച്ചതിൽ പ്രസ്തുത ലേഖനം വ്യർത്ഥമാക്കുവാൻ ഗ്രന്ഥശാലയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതായും അസ്സേമാൻ സ്വന്തകൃതിയിൽ അതു ചേർത്തിരിക്കുന്നതായും ഗ്രഹിക്കാനിടയായി. ഇതിന്റെ സാരം ക്രി.വ. 1-ാം അദ്ധ്യായം ക്രി.വ. 1-ാം ലക്കത്തിൽ ഞങ്ങൾ ചേർത്തിട്ടുള്ളതാണു്. ക്രി.വ. 1-ൽ ഗോവയിൽ നടന്നതും മാർ അബ്രാഹം സംബന്ധിച്ചതുമായ സൂനഹദോസിന്റെ നിയമങ്ങൾ പഴയ സുറിയാനി കയ്യെഴുത്തുകളുടെ ശേഖരത്തിൽ കാണുകകൊണ്ടു് തത്സംബന്ധമായി ചെയ്ത അന്വേഷണ

ങ്ങളിൽനിന്നു അവയെല്ലാം പോർട്ടുഗീസ് ഭാഷയിൽ അച്ചടിച്ചിട്ടുള്ള പ്രസ്തുത ഗോവ സൂനഹദോസിന്റെ നിയമങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു എന്നറിവാൻ സംഗതിവന്നു. ൧൦-ാം അദ്ധ്യായം ൧൪-ാം ലക്കത്തിൽ ഈ സംഗതി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ൧൬-ാം അദ്ധ്യായം ൫-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതും മാർ ശെമഓൻ ൧൦൧൮-ൽ മലയാളത്തിലെ വൈദികന്മാർക്കായി അയച്ചതുമായ ലേഖനവും പഴയ സുറിയാനി കയ്യെഴുത്തുകളുടെ കൂട്ടത്തിൽ കണ്ടെത്തിയതാണ്. കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്താ ആയ യോഹന്നാൻ റിബേയിരോ ഈ എഴുത്തിനെപ്പറ്റി സാക്ഷിച്ചിരിക്കുന്നതായി ഞങ്ങൾ ചെയ്ത അന്വേഷണംകൊണ്ടു പ്രത്യക്ഷപ്പെട്ടു. ഈ ചരിത്രത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ ചേർത്തിട്ടുള്ള പുരാതനപാട്ടിന്റെ പല പ്രതികൾ കാണുകകൊണ്ടു് അവയെപ്പറ്റി വേണ്ട പരിശോധന ചെയ്യാതിരുന്നില്ല. വി. തോമ്മാശ്ലീഹാ മലയാളത്തിൽ വന്നതും സുവിശേഷം പ്രസംഗിച്ചതും മൈലാപ്പൂരിൽ രക്തസാക്ഷിത്വം അനുഭവിച്ചതും മറ്റും വിവരിക്കുന്ന പാട്ടുകൾ സുറിയാനിക്കാർ രചിച്ചു പാടിവന്നിരുന്നെന്നു് ൧൬-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ മലയാളത്തിൽ വന്നിരുന്ന മഫേയ് (Maffeus) എന്ന ഈശോസഭാവൈദികൻ കോലോനിൽ (Cologne) ൧൬൧൨-ൽ പ്രസിദ്ധീകരിച്ച കൃതിയിൽ (Lib. II. P. 210) പ്രസ്താവിച്ചിരിക്കുന്നതായി കണ്ടു. ഇങ്ങനെ പ്രസ്തുത പാട്ടിന്റെ വിശ്വാസ്യതയെപ്പറ്റി ഉറപ്പുതോന്നിയതിനാലാണ് അതു മൂന്നാം അദ്ധ്യായത്തിൽ ഉദ്ധരിച്ചിരിക്കുന്നതു്. ഈവിധംതന്നെ ഈ ഗ്രന്ഥത്തിൽ കാണുന്ന മറ്റു രേഖകളും ഞങ്ങൾ സൂക്ഷ്മപരിശോധന ചെയ്തശേഷം ചേർത്തിട്ടുള്ളതാണെന്നു് മേൽ പ്രസ്താവിച്ചവയിൽനിന്നു വായനക്കാർക്കു എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്.

ആദ്യപുസ്തകത്തിൽ അങ്ങുമിങ്ങും ചുരുക്കം ചില തിരുത്തലുകൾ ചെയ്യേണ്ടതായി കാണപ്പെട്ടിരിക്കയാൽ, രണ്ടാം പതിപ്പിൽ ആ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ള വിവരംക്രടി ഇവിടെ പ്രസ്താവിച്ചുകൊണ്ടു വിരമിക്കുന്നു.

എന്നു്

ക. നി. മ. സ. ആ. ബെർണ്ണാർദോസ് തോമ്മാ.

൧൦൧൮ മാർച്ച് ൨൫.

൧൮൯൩ ഓഗസ്റ്റ് ൨൨-ാംനു.

# സമർപ്പണം.

ഈ പുസ്തകം വായിക്കുന്ന സകലരുടേയും വി. പിതാവായ തോമ്മാശ്ലീഹായുടെ അനുഗ്രഹമുണ്ടാകണമെന്നുള്ള പ്രാർത്ഥനയോടുകൂടി ഇതിനെ ആ പുണ്യശ്ലോകന്റെ തൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

# മാർതോമ്മാ ക്രിസ്ത്യാനികൾ.

## രണ്ടാം പുസ്തകം.

### ൧൪–ാം അദ്ധ്യായം.

ഉദയംപേരൂർ സൂനഹദോസു മുതൽ
൧൯൩൬–ൽ 'പുത്തൻകൂർ' ശീശ്മ ഉത്ഭവിച്ചതുവരെ
മലങ്കരസഭയിൽ നടന്ന സംഭവങ്ങൾ.

൧. മലങ്കരസഭയുടെ ചരിത്രം എഴുതീട്ടുള്ളവരൊക്കെയും അതിൽ വിവരിക്കേണ്ട പലേ സംഗതികളും അനേഷണക്കുറവുകൊണ്ടോ തെറ്റിദ്ധാരണ നിമിത്തമോ വിട്ടുകളഞ്ഞിട്ടുണ്ട്. ഇങ്ങനെ പരിത്യജിക്കപ്പെട്ട സംഗതികളെല്ലാം ആ സഭയിൽ നടന്നിട്ടുള്ള വാസ്തവസംഭവങ്ങളാകയാൽ അവയെ ക്രമപ്പെടുത്തി എഴുതി ബഹുജനസമക്ഷം സമർപ്പിക്കണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടിയാണ് ഈ ചരിത്രകൃതിയുടെ ആദ്യ പുസ്തകം എഴുതീട്ടുള്ളത്. ഇതു് ആ ഗ്രന്ഥം അവധാനത്തോടുകൂടി വായിക്കുന്ന യാവനൊരുത്തനും സമ്മതിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഇതര ഗ്രന്ഥകാരന്മാർ ഉപേക്ഷിച്ചുകളഞ്ഞ സാരവത്തുക്കളും വാസ്തവങ്ങളുമായ എല്ലാ സംഭവങ്ങളും പ്രസ്താവിക്കണമെന്നുള്ളതാണ് ഈ രണ്ടാം പുസ്തകരചനയിലും ഞങ്ങൾക്കുള്ള ഉദ്ദേശ്യം.

ഒന്നാം പുസ്തകം ഒന്നാം ഭാഗത്തിലെ ആറു അദ്ധ്യായങ്ങളിൽ വി. തോമ്മാ ശ്ലീഹാ ദക്ഷിണഭാരതത്തിൽ വന്നതും വേദപ്രസംഗം ചെയ്തതും വളരെപ്പേരെ മാനസാന്തരപ്പെടുത്തിയതും അവക്കായി ദേവാലയങ്ങളെ സ്ഥാപിച്ചതും വൈദികന്മാരേയും മെത്രാന്മാരേയും ഏർപ്പെടുത്തിയതും ദൈവാരാധനക്രമങ്ങളും അവയെ ഉപയോഗിപ്പാൻ കൽദായസുറിയാനിഭാഷയും നിശ്ചയിച്ചതും സംബന്ധിച്ചു പ്രതിപാദിച്ചിട്ടുണ്ട്. ഏഴു മുതൽ പതിമൂന്നു വരേയുള്ള അദ്ധ്യായങ്ങൾ അടങ്ങിയ രണ്ടാം ഭാഗത്തിൽ, മലങ്കര സഭയുടെ ആരംഭം മുതൽ ൧൪൯൯–ൽ സമ്മേളിച്ച ഉദയംപേരൂർ സൂനഹദോസു വരേയുള്ള മാർ തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രവും ആ കാലഘട്ടത്തിൽ അവരുടെ ഇടയിൽ നട

ന്നിട്ടുള്ള സംഭവങ്ങളും വിവരിക്കപ്പെട്ടു. പ്രസ്തുത സൂനഹദോസു മുത
ൽ ഏതാവൽപയ്ത്രാം മലങ്കര സഭയിൽ ഉണ്ടായിട്ടുള്ള സംഭവങ്ങളും
വിശേഷങ്ങളുമാണ് ഈ രണ്ടാം പുസ്തകത്തിലെ പ്രതിപാദ്യവസ്തു.
എന്നാൽ അവയിലേക്കു പ്രവേശിക്കുന്നതിനു മുൻപായി ഒന്നാം പുസ്തു
കം രണ്ടാംഭാഗം മ—ാം അദ്ധ്യായത്തിൽ ചില പള്ളികളുടെ സ്ഥാ
പന വത്സരങ്ങളേപ്പറ്റി ഞങ്ങൾ പറഞ്ഞിട്ടുള്ളതിനു് കൂട്ടുതലായ ഏ
താനും ലക്ഷ്യങ്ങൾ കാണിക്കുവാനുള്ളതിനാൽ അതുകളെ ആദ്യമായി
ഇവിടെ പ്രസ്താവിക്കുവാൻ കരുതുന്നു.

൨. പുരാതനങ്ങളായ പ്രസ്തുത പള്ളികളേപ്പറ്റിയുള്ള പുരു
ങ്ങിയ വിവരണത്തിൽ അവയുടെ സ്ഥാപനവത്സരം സംബന്ധിച്ചു
കാണുന്നവയെല്ലാം വിശ്വാസയോഗ്യമായ വഴിക്ക് ഞങ്ങൾക്കു കിട്ടി
യ അറിവിനെ ആധാരമാക്കിയാണു പ്രതിപാദിച്ചിട്ടുള്ളതു്. എങ്കിലും
സ്ഥാപനകാലത്തേപ്പറ്റി വല്ല ശിലാരേഖയോ തത്തുല്യങ്ങളായ ഏ
തെങ്കിലും ലക്ഷ്യങ്ങളോ ഇല്ലാതിരിക്കുന്ന കാലത്തോളം അതേസം
ബന്ധിച്ചു സംശയിക്കുവാൻ വഴിയില്ലാതെയുമില്ല. എന്നാൽ സമ്മ
താർഹങ്ങളായ തെളിവുകളെ എടുത്തു കാണിക്കുന്നപക്ഷം സ്ഥാപ
നത്തിനു ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ള കാലം ഏകദേശമായിട്ടെങ്കിലും
ശരിയാണെന്നു് സന്ദേഹികൾക്കുകൂടിയും സമ്മതം ജനിക്കുവാൻ ഇ
ടയുള്ളതാണു്. അതിനാൽ അവയെ താഴെ ചേർക്കുന്നു:

൧) പതിമൂന്നാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള പള്ളികൾ
കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിവസിക്കുന്ന നസ്രാണികളുടെ
ഇടയിൽ അവിടവിടെയായി സ്ഥിതിചെയ്യുന്നവയാണു്. ഉദയമ്പേരൂ
ർ സൂനഹദോസിന്റെ സമ്മേളനക്കാലമായ മ—ാം നൂറ്റാണ്ടിൽ
കേരളത്തിൽ ൧൦൦—ൽ അധികം ദേവാലയങ്ങളുണ്ടായിരുന്നു എന്നു
തിലേക്കു ലക്ഷ്യങ്ങളുണ്ടു്. (ല. നു.) പതിനഞ്ചാം ശതാബ്ദത്തിൽ
(൧൫൦൫ മുതൽ) മാർ യബ്ബ് ആലാഹായും (൧൫൯൦ മുതൽ) മാർ
യോഹന്നാൻ, മാർ തോമ്മാ എന്ന മെത്രാന്മാരും പതിനാലാം
ശതവർഷത്തിൽ (മ൩൦൫ മുതൽ) മാർ യാക്കോബും. പതിമൂ
ന്നാമത്തെ അബ്ദശതകത്തിൽ മാർ യൌസേപ്പു്, മാർ ദാവീദു്,
മാർ പൌലോസ് എന്ന മതാദ്ധ്യക്ഷന്മാരും പന്ത്രണ്ടാം ശതവത്സര
ത്തിൽ മാർ യോഹന്നാനും പതിനൊന്നാമത്തെ വർഷശതത്തിൽ മാ
ർ തോമ്മായും പത്താം നൂറ്റാണ്ടിൽ മാർ യോഹന്നാനും ഒമ്പതാം
ശതാബ്ദത്തിൽ മാർ സാബോർ, മാർ പ്രോത്തു് എന്ന മെത്രാന്മാരും
(1) കേരളീയക്രീസ്തുജനങ്ങളെ ഭരിച്ചിരുന്നു എന്നു് ൨—ാം ഭാഗം
൨—ാം അദ്ധ്യായം ൧൨, മ൩ ലക്കങ്ങളിൽ പറഞ്ഞിട്ടുള്ളതാണു്. ൧൪—ാം
മ൯—ാം ശതാബ്ദങ്ങളിൽ കേരളത്തിൽ മതാദ്ധ്യക്ഷന്മാർ ഉണ്ടായിരുന്നു
തിനാൽ അവരുടെ അധികാര സീമയിൽഉൾപ്പെട്ടപള്ളികളും വൈദിക
ന്മാരും ഉണ്ടായിരുന്നു എന്നുള്ളതിൽ സംശയത്തിനു അവകാശമില്ല.

ഒൻപതാം ശതവത്സരത്തിലും ദക്ഷിണ ഭാരതത്തിൽ വൈദികാദ്ധ്യക്ഷന്മാർ ഉണ്ടായിരുന്ന സ്ഥിതിക്ക് അവരുടെ ഭരണാധികാരത്തിൽ വൈദികന്മാരും ദേവാലയങ്ങളും ഉണ്ടായിരുന്നു എന്നുള്ളതു്, വാസ്തവമാണെന്നു സമ്മതിച്ചേ മതിയാവൂ. അന്നു് കേരളത്തിൽ പള്ളികളും ആചാര്യന്മാരും ഉണ്ടായിരുന്നില്ലെന്നു് വാദിക്കുന്നെങ്കിൽ അതു് ലോകസമക്ഷം ആക്ഷേപവിഷയമായി തീരുകയേ ഉള്ളു. ആറാം ശതാബ്ദത്തിൽ ഭാരതവർഷത്തെ സന്ദർശിച്ച കോസ്മാ അക്കാലത്തു ദക്ഷിണേന്ത്യയിൽ ഒരു സഭയുണ്ടായിരുന്നതായി രേഖപ്പെടുത്തീട്ടുള്ളതിനാൽ വൈദികന്മാരും ആരാധനസ്ഥലങ്ങളും ആ കാലഘട്ടത്തിലും ഇവിടെ ഉണ്ടായിരുന്നെന്നു് നിശ്ചിവാദം സിദ്ധിക്കുന്നു. കേരളീയ സഭയുടെ ഉല്പത്തിയാകട്ടേ ആറാം നൂറാണ്ടിലല്ല; ആ സഭ ക്രിസ്താബ്ദത്തിന്റെ ആരംഭദശയിൽതന്നെ സ്ഥാപിക്കപ്പെട്ടതാണ്. അതിനാൽ ആറാമത്തെ ശതവർഷത്തിനു മുൻപും ഇവിടെ പള്ളികൾ ഉണ്ടായിരുന്നെന്നു വ്യക്തമാകുന്നു.

൨) പതിമൂന്നാം അദ്ധ്യായത്തിൽ വിവരിക്കപ്പെട്ട പള്ളികൾ ആദ്യ ശതവത്സരങ്ങളിലേതു തന്നെയോ എന്നാണ് ഇനി ഇവിടെ ആലോചിക്കുവാനുള്ളതു്. പ്രസ്തുത പള്ളികളേക്കാൾ പുരാതനത്വംകൊണ്ടു പ്രസിദ്ധിയുള്ള വേറെ ദേവാലയങ്ങൾ ഉണ്ടോ എന്നു് പരിശോധിച്ചു നോക്കുകതന്നെ. ഇവിടെ പാരമ്പര്യത്തെ ആശ്രയിക്കാതെ ഗത്യന്തരമില്ല. പാലൂർ, കൊട്ടക്കല്ലൂർ, നിരണം, കൊല്ലം ആദിയായ ഏഴ ദേവാലയങ്ങളെ ഒഴിച്ചാൽ പ്രാചീനങ്ങളായി അറിയപ്പെട്ടിരിക്കുന്നതു് അരുവിത്തുറ, മൈലക്കൊമ്പു്, കുറവിലങ്ങാട്ടു്, കടുത്തുരുത്തി, അങ്കമാലി, ഇടപ്പള്ളി, ഉദയംപേരൂർ, കല്ലുങ്കാട്ടു്, മൂഴിക്കുളം മുതലായ ദേവാലയങ്ങളാണ്. ഞങ്ങൾ സ്ഥാപനവത്സരം കാണിച്ചിട്ടുള്ള പള്ളികളിൽവച്ചു ഏറ്റവും പുരാതനത്വമുള്ളതു് ഇവയാണെന്നു് ക—ാം അദ്ധ്യായത്തിൽനിന്നു മനസ്സിലാക്കാം. ഈ പള്ളികളെ ക്രമത്തെ വടക്കു് വടക്കൻ പുതുക്കാട്ടു്, ഏനമ്മാവു്, വടക്കൻ വെളിയനാട്ടു്, മുതലായവയും, തെക്കു തേവലക്കര മുതലായവയും ഉൾപ്പെടെ മറ്റു ചില ദേവാലയങ്ങളും പുരാതന പള്ളികളുടെ ശ്രേഢരത്തിൽ ചേർക്കാവുന്നതാണ്. മലങ്കരയിലെ മറ്റു പള്ളികളേക്കാൾ ഈ പള്ളികൾക്കു് പ്രാചീനതയുണ്ടെന്നും ശ്രേഷ്ഠമുള്ളവ ഇതുകളോളം പുരാതനങ്ങൾ അല്ലെന്നും പ്രസിദ്ധമായിരിക്കുന്ന കാലത്തോളം ഒൻപതാം നൂറാണ്ടിൽ സാബോർ പ്രോത്തു് എന്ന വൈദികാദ്ധ്യക്ഷന്മാരും അതിനുമുൻപു് കോസ്മായുടെ സന്ദർശനകാലത്തുണ്ടായിരുന്ന മെത്രാന്മാരും ഭരിച്ചിരുന്ന പള്ളികൾ മേൽപ്പറഞ്ഞിട്ടുള്ളവതന്നെയാണെന്നും അതിനാൽ കൊട്ടക്കല്ലൂർ മുതലായ ആദ്യ ശതവത്സരത്തിലെ ഏഴ പള്ളികൾ നീക്കിയാൽ ആയിരത്തിലധികം വർഷങ്ങളോളം പുരാതനങ്ങളായ മലങ്കരയിലെ ദേവാലയങ്ങൾ ഇവതന്നെയാണെന്നും വിദിതമാകുന്നു. ഇതുയും പറഞ്ഞതിൽനിന്നു് ഓരോ ശതാബ്ദങ്ങളിലും ദക്ഷിണേന്ത്യയിൽ പള്ളികൾ വർദ്ധിച്ചുവന്നിരുന്നെന്നും തൻമൂലം ആദിമ

ശതാബ്ദത്തിലും തതഃപരമുള്ള എല്ലാ ശതവത്സരങ്ങളിലും പള്ളികളുടെ സ്ഥാപനവും സംഖ്യയും കൃത്യതലായി ഉണ്ടായിക്കൊണ്ടിരുന്നെന്നും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

൨) പള്ളികളുടെ ഏതാർക്കാലാവസ്ഥയെ സംബന്ധിച്ചാണ് ഇനി ഈ സംഗതിയിൽ അല്പം പറയുവാനുള്ളത്. ഇപ്പോഴുള്ള പള്ളികളുടെ ആകൃതി മുതലായതു പരിശോധിക്കുന്ന ഒരാൾക്ക് ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ളിടത്തോളം പ്രാചീനത അതുകൾക്കില്ലെന്ന് പ്രഥമദൃഷ്ട്യാ തോന്നിയേക്കാം. ബലിഷ്ഠങ്ങളായ ഹർമ്മ്യങ്ങൾപോലും കേരളത്തിലെ ശീതോഷ്ണഭേദം നിമിത്തം മൂന്നോ നാലോ ശതാബ്ദങ്ങൾ കഴിയുമ്പോൾ ജിർണ്ണീഭവിക്കുകയും അപ്പോൾ അവയെ ജീർണ്ണോദ്ധാരണം ചെയ്യുകയും പതിവാണ്. ആകയാൽ പ്രാചീനപ്രസിദ്ധങ്ങളായി ഇപ്പോൾ കേരളത്തിലുള്ള ദേവാലയങ്ങൾക്ക് അവയുടെ സ്ഥാപനംകൊണ്ടുള്ള പുരാതനത്വമല്ലാതെ പണിയുടെ പുരാതനത്വമുണ്ടാവാൻ വഴിയില്ല. പറങ്കികൾ കേരളത്തിൽ എത്തീട്ട് ഇപ്പോൾ നാലു ശതാബ്ദങ്ങളിലധികം കഴിഞ്ഞിരിക്കുന്നു. അവരുടെ ആഗമനകാലത്തു കേരളത്തിലെ പള്ളികൾ ക്ഷേത്രാകൃതിയിലായിരുന്നു എന്ന് അക്കാലത്തെ പോർട്ടുഗീസു ഗ്രന്ഥകാരന്മാരുടെ കൃതികളിൽനിന്നു മനസ്സിലാക്കാം. ഈ വസ്തുത ഒന്നാം പുസ്തക (അ. ക്ര. ല. സു.) ത്തിൽ പല ഘട്ടങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതാണ്. ക്ഷേത്രാകൃതി വിട്ട് ഇപ്പോഴത്തെ രീതിയിൽ പള്ളികൾ പണിവാൻ ആരംഭിച്ചതു പോർട്ടുഗീസുകാരുടെ ആഗമനത്തിനു ശേഷമാണ്. അതിനാൽ ഇപ്പോഴുള്ള യാതൊരു പള്ളിക്കും പൂർവ്വാകൃതിയില്ലെന്ന് വായനക്കാർ ധരിച്ചിരിക്കേണ്ടതാണ്. പണിയുടെ നവത്വംകൊണ്ടു പള്ളികൾക്കു ആകൃതിഭേദം ഉണ്ടായിട്ടുണ്ടെങ്കിലും പൌരസ്ത്യാചാരനിയമങ്ങൾ അനുസരിച്ചുള്ള അവയുടെ ഇരിപ്പിൽ അടുത്തകാലംവരെ യാതൊരു മാറ്റവും വരുത്തുകയുണ്ടായിട്ടില്ല.

ചായൽപള്ളിപോലെ ഏതാനും ചില ദേവാലയങ്ങൾ ജീർണ്ണോദ്ധാരണം കീചയ്യപ്പെടാതെ ഉപേക്ഷിക്കപ്പെട്ടുപോയതായും കാണുന്നു. പുന്നത്തുറയ്ക്കു സമീപം പള്ളിക്കുന്നു എന്നു പറയപ്പെടുന്നതും ചങ്ങനാശേരി മെത്രാസനം വകയിൽനിന്ന് അടുത്തകാലത്തു വാങ്ങീട്ടുള്ളതുമായ സ്ഥലം പണ്ടു ഒരു ദേവാലയത്തിന്റെ അധിഷ്ഠാനഭൂമിയായിരുന്നു എന്നു പരമ്പരയാ പറയപ്പെടുന്നുണ്ട്. ഇതിനെ ബലവൽക്കരിക്കുന്ന അനേകം ലക്ഷ്യങ്ങൾ ഇന്നും അവിടെ കാണാവുന്നതാണ്: "കുരിശുതൊട്ടി" "കപ്യാർ പറമ്പ്" "പള്ളിക്കുന്നു" "കത്തനാരു കടവ്" ഈ നാലു നാമധേയങ്ങളും ഒരുകാലത്തു അവിടെ ഒരു പള്ളി സ്ഥിതി ചെയ്തിരുന്നെന്നും കാലാന്തരത്തിൽ അതു നശിച്ചുപോയെന്നും സാക്ഷിക്കുന്നു. പള്ളിയിരുന്ന സ്ഥലത്തിന്നു അതിന്റെ പരിസരപ്രദേശങ്ങളേക്കാൾ കൂടുതൽ പൊക്കമുണ്ടായിരുന്നതിനാൽ അതിനു "പള്ളിക്കുന്നു" എന്നു പേരുണ്ടായിച്ചു. പള്ളിയുടെ പടിഞ്ഞാറുമാറിക്കിടന്നിരുന്നതും കുരിശു സ്ഥാപിച്ചിരുന്നതുമായ സ്ഥ

ലത്തിന് "കരിശിൻതൊട്ടി" എന്ന പേർപറയപ്പെട്ടു. സമീപേ ക പ്യാർ (Sexton) പാത്തിരുന്ന പറമ്പിന് "കപ്യാർ പറമ്പു"എന്ന് അഭിധാനം സിദ്ധിച്ചു. "കരിശു" എന്ന പേർ കേരളത്തിൽ നട പ്പായതു പോർട്ടുഗീസുകാരുടെ ആഗമനശേഷവും, അതിനുമുൻപു ഇ വിടെ ഉപയോഗത്തിൽ ഇരുന്നതു "സ്ലീബാ" (ܨܠܝܒܐ) എന്ന കൽദാ യ സുറിയാനി പദവുമാകയാൽ, പറങ്കികളുടെ വരവിനു ശേഷമാണ് ഈ ദേവാലയം നശിച്ചുപോയതു എന്നു തീർച്ചയാക്കാം. അതു സം ഭവിച്ചിട്ട് ഇപ്പോൾ മുന്നൂറു വർഷത്തിൽ അധികമായിട്ടില്ലെന്നു ഏക ദേശമായിട്ടെങ്കിലും നിശ്ചയിക്കാവുന്നതാണ്. പറങ്കികൾ മലങ്കരയി ൽ എത്തിയതിനു മുൻപുള്ള സമസ്ത സുറിയാനിപ്പള്ളികളും പൌര സ്ത്യാചാരപ്രകാരം കിഴക്കോട്ടു മുഖമായി നിന്നു ആരാധന, പ്രാർത്ഥന മുതലായതു ചെയ്യാൻ തക്കവണ്ണം "മദബഹാ" (പീഠസ്ഥാനം) കിഴക്കും "ഹൈക്കലാ" (ജനസ്ഥാനം) മുഖം ആദിയായവ പടിഞ്ഞാറുമായിട്ടാ ണ് പണിയപ്പെട്ടിരുന്നതു്. മീനച്ചിൽ ആറു പടിഞ്ഞാറേക്കൊഴുകി തെക്കോട്ടു തിരിയുന്ന ഒരു സ്ഥാനത്തു് വലത്തുകരയിൽ നദീതീരത്തോ ടടുത്തു സ്ഥിതിചെയ്തിരുന്ന പ്രസ്തുത ദേവാലയം സ്ഥലപ്രകൃതിയും ഇ ക്കാലത്തു ചില പള്ളികൾ പണതിരിക്കുന്ന രീതിയും വിചാരിച്ചാൽ ആരാധകകൃത്യങ്ങൾ പടിഞ്ഞാറേയ്ക്കു തിരിഞ്ഞു നടത്തുവാൻ തക്കവി ധം പണിയിക്കേണ്ടതായിരുന്നെങ്കിലും പൂർവ്വാചാരമനുസരിച്ചു് കിഴ ക്കോട്ടു തിരിഞ്ഞുനിന്നു ആരാധന മുതലായതു നടത്തുവാൻ തക്കവണ്ണ വുമാണു സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. ഇതു് കേരളത്തിലെ പ്രാചീന ദേവാലയങ്ങളിലൊന്നായിരുന്നു. മണർക്കാട്ടുപള്ളി ഇതിൽനിന്നു പി രിഞ്ഞുപോയതാണെന്നു ഒരു ഐതിഹ്യവുമുണ്ട്.

൩. ഇനി ഉദയമ്പേരൂർ സൂനഹദോസു തുടങ്ങിയുള്ള ച രിത്ര വിഷയത്തിലേക്കു പ്രവേശിക്കാം. പ്രസ്തുത സൂനഹദോസ് ഏഷൻ ജൂൺമാസം ൨൦-ാം തീയതി ആരംഭിച്ചു. ഏഴര വൈദിക ന്മാരും, പള്ളിയോഗാംഗങ്ങളായി നൂറെ ജനപ്രധാനികളും ഏതാവ സ്ഥലങ്ങളിൽനിന്നു പ്രതിപുരുഷന്മാരും അതിൽ സംബന്ധിച്ചു. ഒരാ ഴ്ചയോളം ദീർഘിച്ച ആ സൂനഹദോസിന്റെ കാലത്തു കേരളത്തിലു ണ്ടായിരുന്ന സുറിയാനിപ്പള്ളികൾ താഴെ കാണുന്നവയാണ്.

(a)

കണ്ണൂർ. / + കൊടുങ്ങല്ലൂർ (൧) /
+ കോഴിക്കോട്ട്. / + കൊടുങ്ങല്ലൂർ (൨) /
+ കൊച്ചി (തോമ്മാശ്ലീഹായുടെ പള്ളി) + ചേന്നമംഗലം (അഥവാ വൈപ്പിക്കോട്ട്) †
+ പട്ടമനപ്പറവൂർ, + ടി. തെക്കേപ്പള്ളി,

† ഇവിടെ ഒരു വൈദിക വിദ്യാലയവും ഒരു കരിശുപള്ളിയും ഉണ്ടായിരുന്നു.

+ ആലങ്ങാട്ട്,
ചൊവ്വര,
കാഞ്ഞൂർ,
+ കൊല്ലം (ക),
+ കൊല്ലം (ഖ),
+ കായംകുളം,
+ മുളന്തുരുത്തി,
+ ഉദയമ്പേരൂർ,

കോട്ടയം,
ടി. ചെറിയപള്ളി,
കടമാളൂർ,
അതിരമ്പുഴ,
തെക്കൻ പറവൂർ (Paru pequeno=ചെറിയ പറവൂർ)
അങ്കമാലി,
ടി. ചെറിയപള്ളി,
ടി. കിഴക്കേ പള്ളി,
അകപ്പറമ്പ്,
മുട്ടം,
ഞാറക്കൽ,
പള്ളിപ്പുറം,
കല്ലുക്കാട്ട്,
തേവലക്കര,
കല്പട,
കടമ്പനാട്ട്,
തിരുവാങ്കോട്ട്,
കാത്തികപ്പള്ളി,
കാരികുളങ്ങര അഥവാ കുഴിയൻകുളങ്ങര (ഇപ്പോൾചെപ്പാട്ട്)
മാവേലിക്കര,

തളിപ്പറമ്പ് (Taliporano = തളിപ്പോറം)

അരുവിത്തുറ (Iratur)
പാലൂർ,
ഞനാമ്മാവ്,
മറവൻ,
മലയാറ്റൂർ,

+ കടുത്തുരുത്തി,
+ ടി. ചെറിയപള്ളി,
മുട്ടുചിറ (Nagpili),
തുപ്പുണിത്തുറ, (Narame)
+ പുറക്കാട്ട്,
+ ഹുണ്ടർ,
കരുനാഗപ്പള്ളി (Marta)
ബെന്മണി.

(b.)

നിരണം,
ചെങ്ങന്നൂർ,
മണർക്കാട്ട് (Maruquitil)
തുമ്പമൺ,
കല്ലൂപ്പാറ,
ചങ്ങനാശേരി,
പുളിങ്കുന്നു,
പിറവം,
വടകര,
ആരക്കുഴ,
തുക്കം (Turguli അഥവാ Turbule)
മൈലക്കൊമ്പ്,
മുതലക്കോടം, (Marubuli),
കോലഞ്ചേരി,
പള്ളത്തുരുത്തി,
കുറവിലങ്ങാട്ട,
കടമറ്റം,
കോതമംഗലം,
ടി. ചെറിയപള്ളി,
കാഞ്ഞിരപ്പള്ളി,
പാലാ.

(c.)

ബൈക്കേപത്ത് (Baiqute)
തെക്കൻക്രൂസ് Tecancute)

(d.)

വായിപ്പൂർ (പഴയപള്ളി)
മട്ടാഞ്ചേരി,
തോടമല,
ചാട്ടുകുളങ്ങര അഥവാ കുന്നുകുളങ്ങര.

(e.)

| | |
|---|---|
| ഇടപ്പള്ളി, | കല്ലുച്ചേരി, |
| കുറുപ്പമ്പടി, | ചേർപ്പുങ്കൽ, |
| എറണാകുളം (അഞ്ചിക്കയ്മൽ) | ഭരണങ്ങാനം, |
| പുത്തഞ്ചിറ, | കാരക്കുന്നം, |
| കൊരട്ടി, | പൂഞ്ഞാർ, |
| ചാലക്കുടി, | ആലപ്പുഴ, |
| വടക്കൻ പുതുക്കാട്ട്, | നെടിയശാല, |
| അമ്പഴക്കാട്ട്, | കൊട്ടക്കാട്ട്, |
| മൂഴിക്കുളം, | വടക്കാഞ്ചേരി, |
| മഞ്ഞപ്ര, | മുഖമ്മ, |
| ചെമ്പിൽ, | കോതനല്ലൂർ |
| വടയാർ, | വെളിയനാട്ട്, |
| ഇലഞ്ഞി, | (വടക്കൻ വെളിയനാട്ട്.) * |
| കുടവെച്ചൂർ, | തുരുത്തിപ്പുറം. |
| നാഗപ്പുഴ, | |

൫. മേൽക്കാണിച്ച പള്ളികളെപ്പറ്റി അറിഞ്ഞിരിക്കേണ്ട ചില പ്രത്യേക സംഗതികളേയാണ് താഴെ പറയുവാൻ കരുതുന്നത്. ക) a. b. c. ലക്കങ്ങളിൽ ചേർത്തിരിക്കുന്നത് ദോം മെനേസിസ് സന്ദർശിച്ച പള്ളികളേയാണ്. a ലക്കത്തിൽ കാണുന്ന പള്ളികളെ സൂനഹദോസിനു മുൻപും, b ലക്കത്തിലുള്ളവയെ സൂനഹദോസിനു ശേഷവുമാണ് അദ്ദേഹം സന്ദർശിച്ചത്. രണ്ടാമത്തെ സന്ദർശനത്തിൽ ആദ്യം സന്ദർശിച്ച പല പള്ളികളിലും അദ്ദേഹം പോവുകയുണ്ടായി. അതുകളേയാണ് a ലക്കത്തിൽ "+" അടയാളം ലക്ഷീകരിക്കുന്നത്. c ലക്കത്തിലെ പള്ളികൾ b യിൽ ഉൾപ്പെടേണ്ടവ തന്നെയാണ്. അവയേപ്പറ്റി പ്രത്യേകിച്ചു പറയുവാനുള്ളതിനാൽ തിരിച്ചു കാണിച്ചു എന്നേയുള്ളു. മെത്രാപ്പോലീത്താ സന്ദർശിക്കാത്ത ചില പള്ളികളേപ്പറ്റിയും കാഴ്ചവശാൽ അദ്ദേഹത്തിന്റെ യാത്രാവിവരണത്തിൽ പ്രസ്താവിക്കുവാൻ ഇടയായിട്ടുണ്ട്. ആ പള്ളികളേയാണ് d ലക്കത്തിൽ ചേർത്തിരിക്കുന്നത്. ഈ നാലു ലക്കങ്ങളിലായി ആകെ

---

* വെളിയനാട്ട എന്ന നാമത്തോടുകൂടി തൃശ്ശൂർ മിസ്സത്തിൽ ഒന്നും, ചങ്ങനാശേരി മിസ്സത്തിൽ രണ്ടും, കോട്ടയം മിസ്സത്തിൽ ഒന്നും ഇങ്ങനെ നാലു പള്ളികളുണ്ട്. ച. മിസ്സത്തിലെ രണ്ടിനേയും വടക്കൻ, തെക്കൻ, എന്ന വിശേഷങ്ങളേക്കൊണ്ടാണ് വ്യത്യാസപ്പെടുത്തുന്നത്. ഈ ചരിത്രത്തിലാകട്ടേ പ്രസ്തുത നാലു പള്ളികളേയുംപറ്റി പറയുവാൻ ഇടവരുന്നതുകൊണ്ട് തൃ. മിസ്സത്തിലേതിനു വടക്കൻ വെളിയനാട്ട എന്നും, ച. മിസ്സത്തിലെ വടക്കൻ വെളിയനാടിനു മദ്ധ്യേ വെളിയനാട്ട എന്നും, അവിടെയുള്ള തെക്കൻ വെളിയനാടിന് അതേനാമധേയംതന്നെയും, കോ. മിസ്സത്തിലേതിന് തെക്കുംഭാഗം വെളിയനാട്ട എന്നും പറയുന്നതു യുക്തമെന്നു കരുതുന്നു.

ൈ പള്ളികൾ ഉണ്ട്. ൈ ലക്കത്തിൽ കാണുന്ന ൊവ്വ പള്ളികൾ അ ദ്ദേഹത്തിന്റെ യാത്രാവിവരണത്തിൽ തിരിച്ചു പറയാത്തവയാണെങ്കി ലും അക്കാലത്തുണ്ടായിരുന്നവയാണെന്നു പ്രസിദ്ധമാകയാൽ ഞങ്ങൾ ചേർത്തിട്ടുള്ളതാണ്. സൂനഹദോസിന്റെ കാലത്തു ആകെ ൧൭ പള്ളി കളാണ് ഉണ്ടായിരുന്നതെന്നു മേൽക്കാണിച്ച പട്ടികയിൽനിന്നു പ്ര ത്യക്ഷപ്പെടുന്നു. ൧) ഗോവെയാ (Gouvea) യുടെ 'ജോർനാദാ' (Gornada = യാത്ര) യിൽ നിന്നാണ് മേൽക്കാണിച്ച നാമാവലി ഞ ങ്ങൾ സഞ്ചയിച്ചിട്ടുള്ളത്. മേനെസിസ് മെത്രാപ്പോലീത്തായുടെ പള്ളിസന്ദർശനങ്ങളേയും യാത്രകളേയുംപറ്റി പറഞ്ഞിട്ടുള്ളതു അദ്ദേ ഹമാണല്ലോ. അദ്ദേഹം പറയുന്ന ചില പേരുകൾ ആധുനിക സം ജ്ഞകളോട് യോജിച്ചു കാണാത്തതിനാൽ, പാശ്ചാത്യന്മാരായ ല ക്രോസ്, റോലിൻ, പെരീനോസു മുതലായ പല ചരിത്രകർത്താ ക്കളുടേയും ഏതദ്ദേശീയരായ ഗ്രന്ഥകാരന്മാരുടേയും കൃതികളോട് അ വയെ താരതമ്യപ്പെടുത്തി സൂക്ഷ്മപരിശോധനചെയ്തു നിശ്ചയം വ രുത്തിയശേഷമാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗോവേയാ, തീ രെ വ്യത്യാസമായി പറയുന്ന പേരുകളെ യഥാർത്ഥനാമങ്ങളുടെ പി റകെ പാശ്ചാത്യ ലിപികളിൽ ഞങ്ങൾ ചേർത്തിട്ടുണ്ട്. അതിൽനി ന്നു ചില സംജ്ഞകൾ മാറിപ്പോയിട്ടുണ്ടെന്നും മറ്റു ചിലതുകളെ ഗോവേയാ വഷളാക്കി പറയുന്നുണ്ടെന്നും വായനക്കാർക്കു എളുപ്പത്തി ൽ മനസ്സിലാക്കാം. പള്ളി ഇരിക്കുന്ന സ്ഥലത്തിന്റെ പേരിനു പക രം ദേശനാമം ഉപയോഗിച്ചതുകൊണ്ടാണ് മുനാമങ്ങൾ ഉണ്ടാവി ച്ചതെന്നു തോന്നുന്നു: ൨) അതിരമ്പുഴയേ ചെറിയ ഉദയമ്പേരൂർ എന്നാണ് ഗോവേയാ സംജ്ഞാകരണം ചെയ്തിരിക്കുന്നതു്. അതിര മ്പുഴ എന്നു തദ്ദേശവാസികൾ പറഞ്ഞ പേരിനെ മേനെസിസ് തനിക്കു പണ്ടേ പരിചിതമായ "ദിയാംപേർ" (Diamper = ഉദ യംപേരൂർ) എന്നു തെറ്റിദ്ധരിക്കയും സാക്ഷാൽ ഉദയമ്പേരൂരിൽനി ന്നു വ്യത്യാസപ്പെടുത്തേണ്ടതിനായി ചെറിയ ഉദയമ്പേരൂർ എന്നു അതിനെ അഭിധാനം ചെയ്കയുംചെയ്തു. കടമാളൂർനിന്നു ചെറിയ ഉദയമ്പേരൂരേയ്ക്കു പോയി എന്നാണ് ഗോവേയാ പറയുന്നതു്. ൩) തോടമല നീലഗിരിയാണെന്നും അവിടെ പള്ളിയുണ്ടായിരുന്നില്ലെന്നും പറയുന്ന ചില എഴുത്തുകാരുണ്ട്. എന്നാൽ മേനെസിസിന്റെ യാത്രാവിവരണത്തിൽ അതിനെപ്പറ്റി തിരിച്ചുപറയുന്നതുകൊണ്ടും സൂനഹദോസിൽ ആ പള്ളിയേപ്പറ്റി പ്രത്യേകിച്ചു പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടും തോടമല നീലഗിരിയല്ലെന്നും അക്കാലത്തു അവിടെ ഒരു പള്ളിയുണ്ടായിരുന്നെന്നുമുള്ളതാണ് യഥാർത്ഥമായി കരുതേണ്ട തു്. ൪) ൈ ലക്കത്തിൽ കാണുന്ന തളിപ്പറമ്പു് അഥവാ തളിപ്പ റാനോ എന്ന പേരിനാൽ നിർദ്ദേശിക്കപ്പെടുന്ന പള്ളിക്കു അക്കാല ത്തു അങ്ങനെ പേർ ഉണ്ടായിരുന്നതോ അതോ തെറ്റിദ്ധാരണമൂ ലം പോർട്ടുഗീസുകാർ അങ്ങനെ എഴുതിപ്പിടിപ്പിച്ചതോ എന്നു നി ർണ്ണയിക്കുവാൻ മാർഗ്ഗമില്ല. പേർ ഏതുതന്നെയായിരുന്നാലും അങ്ങ

CARMEL HOUSE A. M. POONA.

നെ ഒന്നുകൂടിയും ഗോവെയാ പള്ളികളുടെ ശേഖരത്തിൽ ചേർത്തു പുറഞ്ഞിട്ടുണ്ടെന്നുള്ളതു നിസ്സംശയമാണ്. പ്രസ്തുത ലക്കത്തിൽ രണ്ടാമതായി പറയുന്നതു വൈക്കമാണല്ലോ. ഗോവെയാ, ലക്രോസ്, റോലിൻ, പൌലീനസ് മുതലായ അനവധി ഗ്രന്ഥകാരന്മാർ സൂനഹദോസിനെ സംബന്ധിച്ചു പറയുന്നസ്ഥലത്തിൽ വൈക്കത്തുപള്ളിയേപ്പറ്റി പ്രസ്താവിച്ചു കാണുന്നതുകൊണ്ട്, അവിടെ ഇപ്പോഴുള്ള പള്ളി സ്ഥാപിക്കപ്പെട്ടന്നതിനു മുൻപായി ഒരു ദേവാലയം ഉണ്ടായിരുന്നെന്നും അതു കാലാന്തരത്തിൽ നാമാവശേഷമായി തിരുകയാൽ അവിടത്തെ ജനങ്ങൾ പള്ളിപ്പുറം ഇടവകയിൽ ചേർന്നിരുന്നെന്നും പിന്നിട്ട ഇപ്പോഴത്തെ വൈക്കത്തുപള്ളി പണിയിക്കപ്പെട്ടെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. അതേലക്കത്തിൽ കാണുന്ന "തെക്കൻകുത്തു" എന്നതു കുത്തിയതോട്ട് (പഴയപള്ളി) എന്നതിനെ വഷളാക്കിപ്പറയുന്നവരാണ് ആയിരിക്കാം. അതിനു സമീപമുള്ള ദേവാലയങ്ങളെ മെത്രാപ്പോലീത്താ സന്ദർശിച്ചിട്ടുള്ള സ്ഥിതിക്ക് അദ്ദേഹം അതിനേയും സന്ദർശിച്ചിരിക്കാൻ ഇടയുണ്ട്.. ന്ന) സൂനഹദോസിന്റെ കാലത്തു കണ്ണൂരിലും കോഴിക്കോട്ടും സുറിയാനിപ്പള്ളികൾ ഉണ്ടായിരുന്നു എന്ന് മേൽക്കാണിച്ച പട്ടികയിൽനിന്നു പ്രത്യക്ഷപ്പെടുന്നു. ക്ഷാരം—ൽ മാർ യാക്കോബ്, മാർ ദനഹാ മുതലായ മെത്രാന്മാർ കേരളത്തിലേക്കു വരുന്നവഴി കണ്ണൂരിൽ രണ്ടരമാസത്തോളം താമസിച്ചതായി സ്വന്ത പാത്രിയക്കീസിനു അയച്ച എഴുത്തിൽ അവർ പ്രസ്താവിക്കുന്നുണ്ട്. (2) ആ രണ്ടരമാസങ്ങൾ അവർ പാർത്തിരുന്നതു, അവിടത്തെ സുറിയാനിപ്പള്ളിയിൽ ആയിരുന്നു. സുറിയാനി മെത്രാന്മാരുടെ ഭരണം നിറുത്തലാക്കപ്പെട്ടകയും, അന്യദീത്തുകാർ മതാദ്ധ്യക്ഷന്മാരായി തീരുകയും ചെയ്തതിനാലാണ് കണ്ണൂരിലേയും കോഴിക്കോട്ടേയും പ്രസ്തുത ദേവാലയങ്ങൾ ലത്തീൻ രീത്തിൽ ഉൾപ്പെടുത്തപ്പെട്ടതു.

ഒ. സൂനഹദോസിൽ ക്ഷണം വൈദികന്മാരും ക്ഷണവ സ്ഥലങ്ങളിൽ നിന്നു നാലു പ്രതിപുരുഷന്മാരും സംബന്ധിച്ചിരുന്നതായി മുൻപു (ല. ന) പ്രസ്താവിച്ചുവല്ലോ. ക്ഷണം വൈദികന്മാർ സൂനഹദോസിൽ സന്നിഹിതരായിരുന്നു എന്നു പറഞ്ഞതിൽനിന്നു, അക്കാലത്തെ എല്ലാ വൈദികന്മാരും സൂനഹദോസിൽ സംബന്ധിച്ചെന്നു അർത്ഥമാക്കേണ്ടതല്ല. സൂനഹദോസിനു ശേഷമുണ്ടായ, പള്ളി സന്ദർശനത്തിൽ സൂനഹദോസിൽ ഹാജരില്ലാതിരുന്ന പലേ വൈദികന്മാരേയും മെത്രാപ്പോലീത്താ കാണുകയും, അതിലെ നിശ്ചയങ്ങളേപ്പറ്റി അവരോടു പറകയും ചെയ്തുണ്ടായെന്നു, അടുത്ത ഒരു ലക്കത്തിൽ വിവരിപ്പാനിരിക്കുന്ന സംഗതികളിൽനിന്നു വെളിപ്പെടുന്നതാണ്. ക്ഷണവ സ്ഥലങ്ങൾ എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു അവയെല്ലാം പള്ളികളാണെന്നു വരുന്നില്ല. സൂനഹദോസിൽ സംബന്ധിച്ച പള്ളികൾ എഴുപത്തൊന്നെന്നു ചിലർ പറയുന്നതു പിശകാണ്. നിക്കോലാസ് പിമെന്റാ (Nicolas Pimenta) എന്നൊരു ഈശോസഭാവൈദികൻ ഉദയമ്പേരൂർ സൂനഹദോസിനുശേഷം ആറുമാ

സം കഴിഞ്ഞിട്ട് (൫൯൯ ഡിസംബർ ൨൫–ാം തീയതി) അക്കാല ത്തു പ്രസ്തുത സഭയുടെ പ്രധാനാദ്ധ്യക്ഷനായിരുന്ന ക്ലാവുദിയൂസ്, ആ ക്വവീവാ (Claudius Aquaviva) യിക്കു ഗോവയിൽ നിന്നയച്ച ഒരു ലേഖനത്തിൽ, അങ്കമാലി ഉൽകൃഷ്ടമെത്രാസനത്തെ എൺപതു ഇടവകകളായി മെനെസിസ്സ് വിഭജിച്ചു (Established) എന്നു പറഞ്ഞിരിക്കുന്നു. (പ്രസ്തുത ലേഖനം "തിരുവിതാംകൂറിലെ ക്രീസ്തുമതം" എന്ന പുസ്തകത്തിന്റെ നവ–ാം പുറത്തു മിസ്റ്റർ മെക്കൻസി ഉദ്ധരിച്ചിട്ടുണ്ട്.) എൺപതു ഇടവകകൾ സ്ഥാപിച്ചു എന്നു പറയുന്നതിൽനിന്ന് ആ കാലഘട്ടത്തിൽ പള്ളികൾ അതിലധികം ഉണ്ടായിരുന്നെങ്കിലും ഇടവകകളായി ഏർപ്പെടുത്തിയതു് എൺപതു മാത്രമാണെന്നും, മറ്റുള്ളവയെല്ലാം അവയുടെ അധീനതയിൽ ഉൾപ്പെട്ടിരുന്നെന്നും ധരിക്കേണ്ടിയിരിക്കുന്നു. തിരുവാംകോട്ട, ചാട്ടകുളങ്ങര എന്ന പള്ളികൾ സൂനഹദോസിൽ സംബന്ധിക്കയുണ്ടായില്ലെന്നു ചില ഗ്രന്ഥകാരന്മാർ പറയുന്നുണ്ട്. (3) കോഴിക്കോട്ട്, കണ്ണൂർ, തോടമല എന്നിവക്കുടി ഈ ശേഖരത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

പള്ളികളിൽനിന്നും അതിദൂരസ്ഥങ്ങളായ പ്രധാന സ്ഥാനങ്ങളിൽ നിന്നുകൂടിയും പ്രതിപുരുഷന്മാർ സൂനഹദോസിൽ സംബന്ധിക്കേയുണ്ടായി. പള്ളികളിൽനിന്നു വളരെ ദൂരെ വസിച്ചിരുന്ന ജനങ്ങൾ അവരുടെ സമീപത്തു കുരിശുപുരകൾ കെട്ടിയുണ്ടാക്കി അവിടെ ഞായറാഴ്ച മുതലായ വിശുദ്ധ ദിവസങ്ങളിൽ പ്രാർത്ഥനകളും മറ്റും നടത്തിവരിക അക്കാലത്തു പതിവുണ്ടായിരുന്നു. വത്സരഘട്ടത്തിലുള്ള ചില പ്രധാന ദിവസങ്ങളിൽ മാത്രമേ അവർ പള്ളിയിൽ പോയിരുന്നുള്ളു. ദൂരസ്ഥലങ്ങളിലെ ജനങ്ങൾ കത്തോവിന്റെ പിറവി, പുനരുത്ഥാനം, പന്തക്കുസ്താ (അമ്പതാം തിരുനാൾ) ആദിയായ പ്രധാന തിരുനാൾ ദിവസങ്ങളിൽ കുർബ്ബാന കാണുക, വി. കുർബ്ബാന ഉൾക്കൊള്ളുക മുതലായവ നടത്തണമെന്നു് സൂനഹദോസിന്റെ ചില നിയമങ്ങളിൽ കാണുന്ന പ്രസ്താവം, മേൽപ്പറഞ്ഞ നടപ്പിനെ തെളിയിക്കുന്നു. സൂനഹദോസിനു എല്ലാവരേയും ക്ഷണിക്കുന്നതായി മേനെസിസ്സു മെത്രാപ്പോലീത്താ ൧൬൯൯ മെയിമാസം ൨൪–ാം തീയതി അയച്ച സന്ദേശത്തിൽ ഓരോ പള്ളിയോഗത്തിൽനിന്നും അതിലുൾപ്പെട്ടതോ ഉൾപ്പെടേണ്ടതോ ആയ സ്ഥാനങ്ങളിൽനിന്നും നന്നാലുപ്രതിപുരുഷന്മാരെ തിരഞ്ഞെടുത്തു സൂനഹദോസിൽ അയക്കേണമെന്ന് മഹറോൻ ശിക്ഷയിൻകീഴ് കല്പിച്ചിട്ടുണ്ട്. പള്ളിയോഗത്തിൽനിന്നും കൂടാതെ ഇതരസ്ഥാനങ്ങളിൽനിന്നും പ്രതിപുരുഷന്മാർ വന്നിരുന്നു എന്നുള്ള ഞങ്ങളുടെ പ്രസ്താവത്തെ ഈ വിളംബരവും പിൻതാങ്ങുന്നു. അതിനാൽ ഏതുവു സ്ഥലങ്ങളിൽനിന്നു പ്രതിപുരുഷന്മാർ സൂനഹദോസിൽ സംബന്ധിച്ചിരുന്നു എന്നു പറയുന്നതു് മേൽക്കാണിച്ചതുപോലെയുള്ള പ്രധാന സ്ഥാനങ്ങൾ, കുരിശുപുരകൾ ഇന്നിവയും ഉൾപ്പെട്ടതിയാണെന്നു നിശ്ചയിക്കാവുന്നതാ

ണ്ട്. കുരിശുപുരകൾ കെട്ടിയിരുന്ന സ്ഥലങ്ങളിലാണ പിന്നീട് ദേവാലയങ്ങൾ സാമാന്യേന സ്ഥാപിക്കപ്പെട്ടിരുന്നത്.

മേൽ (ല. ഛ) പ്രസ്താവിച്ചതുപോലെ ചരിത്രകാരന്മാർ മാർതോമ്മാ നസ്രാണികളേപ്പറ്റി ശരിയായ അന്വേഷണം ചെയ്തശേഷം അവരെ സംബന്ധിച്ചു. എഴുതിയിരുന്നെങ്കിൽ അനവധി സംഗതികൾ യഥാർത്ഥത്തിൽ സംഭവിച്ചതുപോലെ വെളിപ്പെടുമായിരുന്നു. എന്നാൽ വേണ്ട അന്വേഷണം ചെയ്തതിനിമിത്തം അവർ പല അബദ്ധങ്ങളും പറയുവാൻ ഇടയായിട്ടുണ്ടെന്നുള്ളതിന് താഴെ കാണുന്നവ ദൃഷ്ടാന്തങ്ങളാണ്. പോർട്ടുഗീസുകാർ ഇൻഡ്യയിൽ എത്തുകയും, മാർ യാക്കോബു മുതലായ മെത്രാന്മാർ (൧൫൦൱ മുതൽ) മലങ്കര സഭയെ ഭരിച്ചുകൊണ്ടിരിക്കയും ചെയ്ത കാലഘട്ടത്തിൽ ൧൬൦൦ സുറിയാനിപ്പള്ളികൾ ഉണ്ടായിരുന്നെന്ന് ഗിബൺ (Gibbon) പ്രസ്താവിക്കുന്നു. ലക്രോസും ഇതിനെ പിൻതാങ്ങി പറയുന്നുണ്ട്. ഇവരിരുവരുടേയും പ്രസ്താവം വിശ്വസനീയമായിരിക്കുന്നില്ല. പുത്തൻക്കൂറുകാരുടെയും പഴയക്കൂറുകാരുടെയും വകയായി ൧൬൬ പള്ളികൾ ഉണ്ടായിരുന്നെന്നു ൧൭൨൪-ൽ റൊലിൻ എന്ന ഗ്രന്ഥകാരനും പ്രസ്തുത രണ്ടു കക്ഷികളുടേയുമായി ൧൦൨ പള്ളികളാണുണ്ടായിരുന്നതെന്നു ൧൭൨൬-ൽ ഡുപെറോൻ (Duperron) എന്ന ഫ്രഞ്ചു സഞ്ചാരിയും പറഞ്ഞിരിക്കുന്നു. ൧൭൨൱ മുതൽ ൧൯൦ വരേ കേരളത്തിൽ പാർത്തശേഷം യൂറോപ്പിലേക്കു മടങ്ങിപ്പോയ പൌലീനുസ് ൧൯൨-ൽ റോമായിൽ പ്രസിദ്ധീകരിച്ച "പൌരസ്ത്യ ക്രൈസ്തവേന്ത്യാ" (India Orientalis Christiana) എന്ന കൃതിയിൽ സുറിയാനിക്കാരുടെ ൧൨൭ പള്ളികളുണ്ടെന്നും അവയിൽ ൯൭ പുത്തൻക്കൂറുകാരുടെ വകയാണെന്നുമാണു പ്രസ്താവിച്ചിരിക്കുന്നത്. ഈ മൂന്നു പ്രസ്താവങ്ങളും പരസ്പരം വ്യത്യാസപ്പെട്ടിരിക്കയാൽ അവ ഏകദേശമായിട്ടല്ലാതെ മുഴുവൻ വാസ്തവമായി കാണപ്പെടുന്നില്ല. ൧൭൨൫-ൽ തിരുവനന്തപുരത്തു അച്ചടിച്ച പഞ്ചിക (Alamanac) യിൽ പുത്തൻക്കൂറുകാരുടെ സംഖ്യ മൂന്നുലക്ഷം എന്നു കാണിച്ചിരിക്കുന്നതായി വൈറ്റ് ഹൌസ് (White house) പറയുന്നു. പഴയക്കൂറുകാരെയും ഈ സംഖ്യയിൽ തെറ്റായി ഉൾപ്പെടുത്തീട്ടുള്ളതിനാൽ ഇതും ശരിയായിട്ടുള്ളതല്ല. ഇതേസംബന്ധിച്ചു വേണ്ട അന്വേഷണം ചെയ്തു കഴിയുന്നതും ശരിയായ ഒരു കണക്ക് അടുത്ത ഒരദ്ധ്യായത്തിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ അധികമൊന്നും പ്രസ്താവിക്കുന്നില്ല.

൯. സൂനഹദോസിനു മുൻപും സൂനഹദോസു കഴിഞ്ഞതിൽ പിന്നെയും മെനെസിസു മെത്രാപ്പോലീത്താ പള്ളികളെ സന്ദർശിച്ചു. ആദ്യസന്ദർശനത്തിൽ മിക്ക പള്ളികളിലും വഴക്കുകളും തർക്കങ്ങളുമുണ്ടാകുവാൻ സംഗതിയായി. എന്നാൽ ഒടുവിലത്തെ സന്ദർശനത്തിൽ ക്ഷോഭങ്ങളുണ്ടായില്ലെന്നുമാത്രമല്ല, സാധാരണയായി വളരെ ബഹുമാനപൂർവ്വം അദ്ദേഹം പള്ളികളിൽ സ്വീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തു. ആദ്യസന്ദർശനത്തിൽ വഴക്കുകളുണ്ടാകുവാൻ ഇടയാ

ക്കിയ കാരണവും ആ സന്ദർഭനത്തിലെ പ്രധാന സംഭവങ്ങളും ബന്ധിച്ചു ഇപ്പിടെ സംക്ഷേപിച്ചെങ്കിലും പറയേണ്ടതു് അവശ്യാവശ്യമെന്നു കരുതുന്നു. മാർ അബ്രാഹത്തിന്റെ മരണാനന്തരം അക്കിയാക്കോൻ, വൈദികന്മാരുടെയും ജനങ്ങളുടെയും ഒരു സൂനഹദോസു് അങ്കമാലിയിൽ കൂട്ടുകയും അതിൽ തങ്ങളുടെ മതാദ്ധ്യക്ഷത്തെപ്പറ്റി ആലോചിക്കയുമുണ്ടായി. അതിലെ പ്രധാന നിശ്ചയങ്ങളിൽ ഒന്നു എല്ലാവരും അക്കിയാക്കോനോടു യോജിച്ചു പ്രവർത്തിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തതാണു്. മാർപ്പാപ്പായുടെ കല്പനപ്രകാരം ഒരു സുറിയാനി മെത്രാൻ തങ്ങളെ ഭരിക്കുന്നതിനായി വരുന്നതായാൽ അദ്ദേഹത്തെ സ്വീകരിക്കണമെന്നും എന്നാൽ അതിനായി വരുന്ന മെത്രാൻ ലത്തീൻകാരനായിരുന്നാൽചെയ്യേണ്ടതു് എന്താണെന്നു അപ്പോൾ ആലോചിച്ചുകൊള്ളാമെന്നുമുള്ളതായിരുന്നു പേരൊരു നിശ്ചയം. പോർട്ടുഗീസുകാർ അവരെ ലത്തീൻ ഭരണത്തിനു ബലാൽക്കാരേണ കീഴ്പ്പെടുത്തുവാനായി ചെയ്തിരുന്ന ശ്രമങ്ങൾ അവർ അറിഞ്ഞിരുന്നതിനാലും കൽദായമെത്രാന്മാർ കേരളത്തിൽ പ്രവേശിക്കാതിരിക്കുവാൻ വേണ്ട ചട്ടംകെട്ടുകൾ പോർട്ടുഗീസു് അധികാരികൾ ചെയ്തിരുന്നതിനെ അവർ ഗ്രഹിച്ചിരുന്നതിനാലുമാണു് ഇങ്ങനെ ഒരു ആലോചനാസംഘം കൂട്ടുവാൻ സംഗതിയായതു്. നസ്രാണികൾക്കു സുറിയാനി മെത്രാന്മാരെ കൊടുക്കരുതെന്നും അവരെ തങ്ങളുടെ ആധിപത്യത്തിൽ വരുത്തണമെന്നും ആയിരുന്നു പോർട്ടുഗീസുകാരുടെ ഉദ്ദേശ്യം മുഴുവൻ. അൻപതു സംവത്സരങ്ങളോളം അവർ അതിനായി പരിശ്രമിക്കയും ആ കാലത്തിനിടയ്ക്കു് തദുദ്ദേശ്യസാധ്യത്തിനായി പല നിയമങ്ങൾ അവർ ഉണ്ടാക്കുകയും ചെയ്തു: അക്കിയാക്കോനെ മെത്രാനായി അഭിഷേചിക്കേണ്ടതിനുള്ള അധികാരം മാർ അബ്രാഹത്തിനു സിദ്ധിച്ചിരുന്നെങ്കിലും പോർട്ടുഗീസുകാർ അതിനെ തടയുകനിമിത്തം അതു വിഫലമായിത്തീർന്നു. മാത്രമല്ല, മാർ അബ്രാഹത്തിന്റെ പേരിൽ അവർ പല കുറ്റങ്ങളെ ആരോപിക്കയും അദ്ദേഹം അപരാധിയാണെന്നു മേൽസ്ഥാനങ്ങളിൽ ബോധിപ്പിക്കയും ചെയ്തു. ഈ അപരാധാരോപണങ്ങളുടെ ഫലമായി ക്ലെമെൻറു് അഷ്ടമൻ എന്ന മാർപ്പാപ്പാ ൧൭൯൨ ജനുവരി ൨൯–ാം തീയതി ഗോവമെത്രാപ്പോലീത്തായിക്കു ഒരു തിരുവെഴുത്തയക്കുകയും, അങ്കമാലി മെത്രാസനത്തിനു് ഒരു മെത്രാൻ നിയമിക്കപ്പെടുന്നതുവരേ അതിനെ തൽക്കാലികമായി ഭരിക്കേണ്ടതിനു് (നിവൃത്തിയുണ്ടെങ്കിൽ) സുറിയാനി പരിചയമുള്ള ഒരു ലത്തീൻ വൈദികനെ പ്രൈഹികമായ വികാരിയായി നിയമിക്കുവാൻ അദ്ദേഹത്തെ അധികാരപ്പെടുത്തുകയുമുണ്ടായി. ഇങ്ങനെ നിയമിക്കപ്പെടുന്നയാൾ പട്ടം കൊടുത്തുകുടെന്നു് ആ തിരുവെഴുത്തിൽ പ്രത്യേകിച്ചു വിരോധിച്ചിട്ടുമുണ്ടായിരുന്നു. ഈ സംഗതികളൊക്കെയും രണ്ടാം ഭാഗം പത്താം അദ്ധ്യായം ൧൭ മുതൽ ൨൦–വരെയുള്ള ലക്കങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണു്. സുറിയാനിക്കാരുടെ ആഗ്രഹവും അപേക്ഷയും പൌരാണിക കാലം മുതൽ നടന്നും നടത്തി

യും വന്നിരുന്ന തങ്ങളുടെ കൽദായ റീത്തിനെ ഭേദഗതികൾ വരുത്താതെ രക്ഷിക്കണമെന്നും അതിന്റെ പരിപാലനത്തിനും സമാധാനത്തിനുംവേണ്ടി പൂർവ്വനടപ്പനുസരിച്ച് കൽദായ മേൽപ്പട്ടക്കാർ തന്നെ തങ്ങളെ ഭരിക്കേണമെന്നുമായിരുന്നു. സൂനഹദോസിനു മുൻപും സൂനഹദോസിന്റെ ആലോചനകളിലും സൂനഹദോസു കഴിഞ്ഞതിൽപ്പിന്നെയും അവരുടെ ആഗ്രഹവും അപേക്ഷയും ഇതുതന്നെയായിരുന്നെന്ന ഇനി മേൽ പ്രസ്താവിക്കുന്നതാണ്.

മേൽപറഞ്ഞതുപോലെ പോർട്ടുഗീസുകാരുടെ ഉദ്ദേശ്യം മുഴുവൻ ഇതിനുനേരെ വിപരീതമായിരുന്നു. ലത്തീനും സുറിയാനിയും ഒന്നാക്കണമെന്നുള്ളതായിരുന്നു തങ്ങളുടെ ഉദ്ദേശ്യമെന്നു അവർതന്നെ സമ്മതിക്കുന്നുണ്ട്. (4) ഇതിനായി മെനേസിസു മെത്രാപ്പോലീത്താ ൧൬൯൯ ഫെബ്രുവരി ഒന്നാം തീയതി ഗോവയിൽനിന്നു കൊച്ചിയിൽ വന്നിറങ്ങി. ഇരുകക്ഷികളുടെ അഭീഷ്ടം ഇതു വിപരീതമായിത്തീരുമ്പോൾ വഴക്കുകളുണ്ടാവുക സ്വാഭാവികമാണല്ലോ. മാർ അബ്രാഹത്തിന്റെ സ്ഥാനത്തിൽ പേരൊരു മെത്രാൻ നിയമിക്കപ്പെടുന്നതുവരെ അങ്കമാലി ഇടവകയെ താൽക്കാലികമായി ഭരിക്കേണ്ടതിനു് ഒരാളെ നിയമിക്കണമെന്നും, മെത്രാൻ നിയമിക്കപ്പെടുന്നതുവരെ അദ്ദേഹം പട്ടംകൊടുക്കേണ്ടതല്ലെന്നും മാപ്പിപ്പായുടെ തിരുവെഴുത്തിൽ കല്പിച്ചിരുന്നതായി ഇതിനുമുൻപു പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ മെത്രാപ്പോലീത്തായുടെ ആഗമനവും പള്ളിസന്ദർശനവും സന്ദർശനവേളയിലെ പട്ടംകൊടയും മാപ്പിപ്പായുടെ കൽപന യ്ക്കു യോജിക്കാത്തതായി അദ്ദേഹം നടത്തിയ ഏതാദൃശങ്ങളായ മറ്റു ഏപ്പാടുകളും നിമിത്തം കായ്ങ്കൽ ഭേദപ്പെടുകയും വഴക്കുകളുണ്ടാവാൻ സംഗതിയാകയും ചെയ്തു. മെനേസിസു കൊച്ചിയിൽ എത്തിയ ഉടനെ അക്കിടിയാക്കോൻ അവിടേക്കു ചെല്ലണമെന്നു എഴുതി അറിയിക്കയാൽ അദ്ദേഹം ഒട്ടുവളരെ ഭടന്മാരുടെ അകമ്പടിയോടുകൂടി മെത്രാപ്പോലീത്തായെ ചെന്നുകണ്ടു. ആദിമകാലം തുടങ്ങിയുള്ള രാജകീയപദ്ധതിനു അനുസാരമായും ആവശ്യമെന്നു തോന്നുന്നിടത്തു ഭടന്മാരുടെ അകമ്പടിയോടുകൂടി പോവുക മലങ്കര സഭാദ്ധ്യക്ഷന്മാർക്കു പതിവായിരുന്നതുകൊണ്ടും കൊച്ചി അക്കാലത്തു കേരളത്തിലെ പോർട്ടുഗീസു ശക്തിയുടെ കേന്ദ്രസ്ഥാനമായിരുന്നതുകൊണ്ടുമാണ് അക്കിടിയാക്കോൻ അംഗരക്ഷകന്മാരോടുകൂടി മെനേസിസിനെ സന്ദർശിക്കുവാൻ തീർച്ചയാക്കിയതു്. ആ കാലഘട്ടത്തിൽ നസ്രാണികൾക്കു ഉണ്ടായിരുന്ന അൻപതിനായിരം ഭടന്മാരിൽ (5) ചിലരേയാണ് അക്കിടിയാക്കോൻ പരിവാരമായി സ്വീകരിച്ചതു്. മെത്രാപ്പോലീത്താ അക്കിടിയാക്കോനെ സന്തോഷപൂർവ്വവും ബഹുമാനപുരസ്സരവും സ്വീകരിക്കുകൊണ്ടു് പിറേറന്നാൾ തുടങ്ങി പള്ളിസന്ദർശനം നടത്താമെന്നു അക്കിടിയാക്കോൻ സമ്മതിച്ചു അവിടെനിന്നു മടങ്ങിപ്പോന്നു.

൫. വൈദികന്മാരോടും ജനപ്രധാനികളോടുംകൂടി പിറേറ

ദിവസം വൈപ്പിക്കോട്ട വിദ്യാമന്ദിരത്തിൽ ചെല്ലുണ്മെന്ന് മെത്രാപ്പോലീത്താ അക്കിദിയാക്കോനോട് ആവശ്യപ്പെടുകയും അദ്ദേഹം അതു സമ്മതിക്കയും ചെയ്തിരുന്നു. അവധിവിട്ടു രണ്ടു ദിവസം കഴിഞ്ഞശേഷം മാത്രമേ അദ്ദേഹത്തിനും സഹചരന്മാർക്കും നിശ്ചിത സ്ഥലത്തു ചെന്നെത്തുവാൻ സാധിച്ചൊള്ളു. അതിനിടക്ക് മെനേസിസ്സ് അവിട (ചേന്നമംഗലം) ത്തെ പള്ളിയിൽ പ്രസംഗിക്കുകയും തന്മദ്ധ്യേ സ്വാധികാരത്തെ സൂചിപ്പിക്കയും ചെയ്തു. കൽദായ മെത്രാന്മാരാൽ തന്നെ ഭരിക്കപ്പെടണമെന്നു മുറുകെപ്പിടിച്ചുകൊണ്ടു അങ്കമാലി സൂനഹദോസിൽവച്ച് അക്കിദിയാക്കോനും വൈദികന്മാരും ജനങ്ങളും ചെയ്തിരുന്ന നിശ്ചയങ്ങളെല്ലാം ഇളക്കി മറിക്കണമെന്നും അതിനുള്ള ഏകമാർഗ്ഗമായി കൽദായ പാത്രിയക്കീസിനെ അവരെക്കൊണ്ടു ഉപേക്ഷിപ്പിക്കണമെന്നും ആ ഉദ്ദേശത്തോടുകൂടെ താൻ സൃഷ്ടിച്ചുവെച്ചിരുന്ന കല്പനകളിൽ അവരുടെ കൈയ്യൊപ്പു വെപ്പിക്കണമെന്നും മെനേസിസ്സ് നിശ്ചയിച്ചിരുന്നു. ഇതിനായിട്ടായിരുന്നു അക്കിദിയാക്കോൻ വൈദികന്മാരോടും ജനപ്രധാനികളോടുംകൂടി വൈപ്പിക്കോട്ടിൽ ചെല്ലണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നത്. അവർ വൈപ്പിക്കോട്ടിൽ എത്തിയ ഉടനെ മെത്രാപ്പോലീത്താ ചില സംഗതികളെപ്പറ്റി അവരുമായി ആലോചിച്ചു. അനന്തരം പാത്രിയക്കീസ് നെസ്തോറിയൻ ആണെന്നു പ്രസ്താവിക്കയും അദ്ദേഹത്തിന്റെ നാമം കുബ്ബാനയിലാകട്ടേ കാനോൻ ജപങ്ങളിലാകട്ടേ മറ്റേതെങ്കിലും പ്രാർത്ഥനകളിലാകട്ടേ മേലാൽ ഒരിക്കലെങ്കിലും ഉച്ചരിച്ചുപോകരുതെന്നു മഹരോൻ ശിക്ഷയിൻകീഴിൽ എഴുത്തുമൂലം കല്പിക്കുകയും അതിൽ സ്വന്ത കൈയ്യൊപ്പു വച്ചശേഷം അക്കിദിയാക്കോനും കത്തനാർമാരുംകൂടി അതിൽ ഒപ്പുവെക്കണമെന്നു നിബ്ബന്ധിക്കയുംചെയ്തു. താൻ വല്ലതായ ഒരപകടത്തിൽചെന്നു ചാടിയിരിക്കുന്നു എന്നു അക്കിദിയാക്കോനു അപ്പോൾ മനസ്സിലായി. ആയിരത്തിൽപ്പരം വത്സരങ്ങളായി തങ്ങൾ അനുസരിച്ചു പോന്നിരുന്ന പാത്രിയക്കീസിനെ ഉപേക്ഷിക്കണമെന്നുള്ള കല്പനയിൽ ഒപ്പുവെക്കുവാൻ മനസ്സില്ലാതെയും ഒപ്പു വെക്കാതിരിക്കുവാൻ നിവൃത്തിയില്ലാതെയും വരികയാൽ അക്കിദിയാക്കോൻ ആ സമയത്തു വല്ലാതെ കുഴങ്ങി. അദ്ദേഹത്തിന്റെ മുഖം ആ നേരത്തു പലനിറമായി പകർന്നുപോയെന്ന് ഗോവെയാ, റോലിൻ ആദിയായ പോർട്ടുഗീസു ചരിത്രകർത്താക്കന്മാർതന്നെ സാക്ഷിക്കുന്നു. കീഴ്നടപ്പുപോലെ കൽദായ മെത്രാന്മാർതന്നെ മേലിലും തങ്ങളെ ഭരിക്കണമെന്നു വാദിച്ചിരുന്ന അക്കിദിയാക്കോനും അദ്ദേഹത്തിന്റെ ഭാഗക്കാരും ആ പാത്രിയക്കീസിനെ പരിത്യജിച്ചിരിക്കുന്നതായി ഒപ്പുവെച്ചമാത്രയിൽ അവരുടെ വാദത്തിന്റെ പ്രധാന വിഷയം (Point) തകർന്നുപോകകൊണ്ടു ഒപ്പുവെച്ചവർക്കു പരാജയവും, ഒപ്പുവെപ്പിച്ച മെത്രാപ്പോലീത്താക്ക് വിജയവുമാണു ഇവിടെ സിദ്ധിച്ചതു്. പക്ഷേ ഈ വിവരം പള്ളികളിൽ അറിവായതിനാൽ അതു ക്ഷോഭത്തിനു കാരണമാകയും

മെത്രാപ്പോലീത്താ ഉടനെ ചെയ്യ പള്ളിസന്ദർശനങ്ങളിൽ അതു മത്സരത്തിനു വഴിയായിത്തീരുകയും ചെയ്യു.

മെനേസിസു മെത്രാപ്പോലീത്താ വൈപ്പിക്കോട്ടിൽനിന്നു വടക്കൻ പറവൂരിലേക്കാണ് പുറപ്പെട്ടതു്. നെസ്റ്റോറിയസിന്റെ അബദ്ധ പഠനങ്ങളേയും അവയിൽനിന്നു ഉളവാകുന്ന ദുരുപദേശങ്ങളേയും പറഞ്ഞു പള്ളിയിൽ പ്രസംഗിച്ചു. അവിടെയുള്ള ജനങ്ങൾ തോക്കും വാളും കുന്തവും ധരിച്ചു നിൽക്കുന്നതുകണ്ടു് മെത്രാപ്പോലീത്താ തനിക്കു മരണത്തെക്കുറിച്ചു ഭയമില്ലെന്നു വിളിച്ചറിയിച്ചു. അതോടെ ലഹള അമർന്നു. അക്കാലയാക്കോനാവട്ടേ മെത്രാപ്പോലീത്തായുടെ നിബന്ധംമൂലം സ്വൈര്യക്ഷേപനം ചെയ്യപ്പെടേണ്ടിയ ഏതാനും ബാലന്മാരെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുചെന്നു നിറുത്തി. ഈ പള്ളി ഇടവകക്കാരായ രണ്ടാളുകൾ പതിമൂന്നാം ഗ്രീഗോരിയോസു മാപ്പാപ്പായുടെ വാഴ്ചക്കാലത്തു് റോമായിൽ പോകയും പള്ളിയിലെ ബലിപീഠത്തിനു് Privileged Altar എന്ന പരിപൂർണ്ണദണ്ഡവിമോചനം ലഭിക്കയും ഉണ്ടായിട്ടുണ്ടു്. (6) മെത്രാപ്പോലീത്താ പറവൂരിൽനിന്നു ആലങ്ങാട്ടേയ്ക്കു പോയി. പറവൂർ രാജാവും ആലങ്ങാട്ടു രാജാവും തമ്മിൽ അക്കാലത്തു യുദ്ധം നടന്നുകൊണ്ടിരുന്നതിനാൽ അനവധി ജനങ്ങൾ ശരണാവലംബിക്കളായി ആ ദേവാലയത്തിൽ ചെന്നുകൂടിയിരുന്നു. മെനേസിസു് അവിടെയും പ്രസംഗിച്ചു. വയോവൃദ്ധനായ ഒരു വൈദികൻ ഈ അവസരത്തിൽ മെത്രാപ്പോലീത്തായുടെ അടുക്കൽചെന്നു, അധികാരത്തെ സംബന്ധിക്കുന്ന കാര്യങ്ങളില്ലാതെ വിശ്വാസസംബന്ധമായ സംശയങ്ങളിൽ റോമാസഭയുമായി തങ്ങൾക്കു യാതൊരു വ്യത്യാസവുമില്ലെന്നാണ് ബാബേലിൽനിന്നു വന്ന മെത്രാന്മാർ പറിപ്പിച്ചിട്ടുള്ളതു്. ഇതിൽ സത്യവിരുദ്ധമായി എന്തോ ഉണ്ടെന്നുള്ളതു്? എന്നു് അദ്ദേഹത്തോടു ചോദിക്കയുണ്ടായി. ഇതിനു മെത്രാപ്പോലീത്താ പറഞ്ഞ മറുപടി, നെസ്റ്റോറിയൻ പാഷണ്ഡതയെ സംബന്ധിച്ചും ചോദ്യത്തിനു് യോജിക്കാത്ത വിധത്തിലുമായിരുന്നു. അനന്തരം മെനേസിസു മെത്രാപ്പോലീത്താ കൊച്ചീരാജ്യത്തിലുള്ള ദേവാലയങ്ങളെ സന്ദർശിക്കുവാൻ തീർച്ചയാക്കുകയും ആലങ്ങാട്ടു നിന്നു കാഞ്ഞൂരിലേക്കു പോവുകയും ചെയ്തു. അവിടെ ബഹുമാനപൂർവ്വകമായ ഒരു സ്വീകാരം അദ്ദേഹത്തിനു ലഭിച്ചില്ലെന്നു തന്നെയല്ല, പള്ളി ബലപ്രയോഗംകൊണ്ടു തുറപ്പിച്ചു കയറേണ്ടതായും വന്നു. അക്കാലയാക്കോൻ അവിടെ ഉണ്ടായിരുന്നെങ്കിലും മെത്രാപ്പോലീത്തായെ ചെന്നുകണ്ടില്ല. അതിനാൽ മെത്രാപ്പോലീത്താ അദ്ദേഹത്തിനു എഴുതിയയക്കുകയും അദ്ദേഹം ഉടനേതന്നെ മെത്രാപ്പോലീത്തായെ ചെന്നുകാണുകയും ചെയ്തു. ആയിരത്തിൽപ്പരം വത്സരങ്ങളായി തങ്ങൾ അനുസരിച്ചുപോരുന്ന പാത്രിയക്കീസിനെ പരിത്യജിക്കണമെന്നു നിബന്ധിക്കുന്നതു് ക്ഷോഭത്തിനു കാരണമാണെന്നും അദ്ദേഹം യഥായോഗ്യം സ്വീകരിക്കപ്പെടാതിരുന്നതു് അതിനാലാണെന്നും അക്കാലയാക്കോൻ മെത്രാപ്പോലീത്തായുടെ അടുക്കൽ പറഞ്ഞറിയിച്ചു. മെനേ

സിസിനു ശരിയായ് അധികാരമുണ്ടോ എന്നുള്ള സംഗതി ഒരു സൂന ഹദോസിൽവച്ചു നിർണ്ണയിക്കേണ്ടതാണെന്നും അതിനിടക്ക് അന്യനായ ഒരു മെത്രാന്റെ നിലയിൽ പള്ളികളിൽ പ്രസംഗിക്കുന്നതിനും, "പാഴ്" കൊടുക്കുന്നതിനും വിരോധമില്ലെന്നും അധികാരസംബന്ധമായ യാതൊരു പ്രവൃത്തിയും ചെയ്യേണ്ടതല്ലെന്നും ഇരുകക്ഷികളും സമ്മതിച്ച് ഒരു ഉടമ്പടി ചെയ്കയും അതിൽ മെത്രാപ്പോലീത്തായും അക്കിയാക്കോനും കത്തനാർമാരും കൈയ്യൊപ്പു വയ്ക്കുകയും ചെയ്തു. (7) മെത്രാപ്പോലീത്താ കാഞ്ഞൂരിൽനിന്നു ചൊവ്വര എത്തിയപ്പോൾ സമാധാനത്തോടുകൂടി സ്വീകരിക്കപ്പെട്ടു. പതിവുപോലെ നെസ്തോരിയൻ പാഷാണ്ഡതയേപ്പറ്റി അവിടെയും പ്രസംഗിക്കാതിരുന്നില്ല. മെനേസിസു പാത്രിയർക്കീസിന്റെ മേൽ നെസ്തോരിയൻ കുറമാരോപിക്കുകയും നെസ്തോറിയൻ അബദ്ധങ്ങളേപ്പറ്റി പ്രസംഗിക്കുകയും ചെയ്തിരുന്നതു് അക്കിയാക്കോനു രസക്ഷയത്തിനു കാരണമായിത്തീർന്നു. ഉദയമ്പേരൂർ മുതലായ പലേ പള്ളികളിൽവച്ചു് അദ്ദേഹം പട്ടം കൊടുക്കുക നിമിത്തം ഈ നീരസം അത്യധികം വർദ്ധിക്കയും ചെയ്തു. മെനേസിസു പട്ടം കൊടുത്തതു് അദ്ദേഹം കാഞ്ഞൂർവച്ചു അക്കിയാക്കോനോടു ചെയ്ത ഉടമ്പടിക്കു വിരോധമായിരുന്നു.

ചൊവ്വരനിന്നു തെക്കോട്ടു പുറപ്പെട്ട് പുറക്കാട്ട്, കായങ്കുളം, കൂണ്ടറ, കരുനാഗപ്പള്ളി, വെണ്മണി മുതലായ പള്ളികളെ സന്ദർശിച്ചുമെങ്കിലും അക്കിയാക്കോന്റെ സാന്നിദ്ധ്യം ഇല്ലാതിരുന്നതിനാലും ആ വഴിയിലെ ഇടപ്രഭുക്കന്മാരിൽ പലരും പോർട്ടുഗീസുകാരുടെ ബന്ധുക്കളായിരുന്നതിനാലും അവിടങ്ങളിൽ വല്ലതായ വഴക്കുകളൊന്നുമുണ്ടായില്ല. വൃദ്ധനായ ഒരു കത്തനാരുടെ ഭവനത്തിലായിരുന്നു. പുറക്കാട്ടു വന്നു അവിടെ ചെന്ന് അദ്ദേഹത്തെ കാണുകയും കൊച്ചിരാജാവായ പോർട്ടുഗൽ മഹീപാലനിൽ നിന്നു നൽകപ്പെട്ടിരുന്ന ബ്രദർ ഇൻ ആർമ്സ് (Brother in Arms) എന്ന ബഹുമാന പദം നിമിത്തം ആ രാജസ്ഥാനത്തുനിന്നു കൊടുപ്പിക്കണമെന്നു അദ്ദേഹത്തോടു അപേക്ഷിക്കയുമുണ്ടായി. മെത്രാപ്പോലീത്താ ആ പള്ളിയിൽ കുമ്പസാരം ചൊല്ലുകയും കുട്ടികൾക്കു മുമ്പിലത്തെ ഒപ്പുശ്ശമാനം നൽകുകയും ചെയ്തശേഷം ഏതൊത്താമസിയാതെ തെക്കൻദിക്കു വിട്ട്, വീണ്ടും കൊച്ചിയിലേക്കു മടങ്ങി. കൊച്ചിയിൽനിന്നു മുളന്തുരുത്തിലേക്കാണു പോയതു്. പള്ളിക്കാർ അദ്ദേഹത്തെ ബഹുമാനപൂർവ്വം സ്വീകരിച്ചെങ്കിലും അവരുടെ വച്ചു കുട്ടികൾക്കു മുൻപിലത്തെ ഒപ്പുശ്ശമാനം കൊടുക്കുക നിമിത്തം ഒരു കത്തനാരും ഏതാനും ജനങ്ങളും ചേർന്നു ലഹള കൂട്ടുവാനിടയായി. പിന്നീടു സന്ദർശിച്ചതു് ഉദയംപേരൂരിനെയാണ്. അവിടെയും ബാലന്മാർക്കു സ്ഥൈര്യലേപനം നൽകാതിരുന്നില്ല. തങ്ങളുടെ കുട്ടികൾക്കു മാമ്മോദീസായോടുകൂടിത്തന്നെ മുൻപിലത്തെ ഒപ്പുശ്ശമാനം കൊടുക്കുക പതിവായിരിക്കുകയാൽ മെത്രാപ്പോലീത്താ അതിനെ നൽകേണ്ട ആവശ്യമില്ലെന്നു വൃദ്ധനായ ഒരു കത്തനാർ അദ്ദേഹത്തോടു ഏ

തിരുത്തുപറഞ്ഞു. ഉടയമ്പേരിൽ വച്ചുശമ്മാശമ്മാക്ക പട്ടംകൊടുക്കണമെന്നുകൂടി മെനേസിസു തീർച്ചയാക്കുകയും അതിനായി അക്കിയാക്കോനും ഹാജരുണ്ടായിരിക്കണമെന്നു എഴുത്തു മൂലം അറിയിക്കയുംചെയ്തു. പട്ടംകൊടുക്കുന്നതു് അധികാരത്തിന്റെ പ്രവൃത്തിയാകയാൽ അതു കാഞ്ഞൂരിൽവച്ചു മെത്രാപ്പോലീത്തായും താനും തമ്മിൽ ചെയ്യുന്നതു ഉഭയസമ്മതത്തിനു വിരോധമാണെന്നും തന്നിമിത്തം താൻ അതിൽ സംബന്ധിക്കയില്ലെന്നും അങ്ങനെയുള്ള പ്രവൃത്തികൾ ആലോചിച്ചിരിക്കുന്ന സൂനഹദോസ്ക്രുടുന്ന സംഗതിക്കു് വിരോധമായിത്തീരുമെന്നും അക്കിയാക്കോൻ മറുപടികൊടുത്തു. മെത്രാപ്പോലീത്തായാകട്ടെ അക്കിയാക്കോന്റെ എഴുത്തു വകവെക്കാതെ ക്രൂൻ—മാണ്ടിലെ ഓശാന (23.3.02) സ്സു .മുൻവരുന്ന കഷ്ടാനുഭവ ഞായറാഴ്ച നവ ശമ്മാശമ്മാക്കു പട്ടം കൊടുക്കുകയാണു ചെയ്തതു്. പട്ടം ഏറ്റവരെക്കൊണ്ടു് തെന്തോസ് സൂനഹദോസിന്റെ നിയമം അനുസരിച്ചുള്ള വിശ്വാസസത്യം ചൊല്ലിച്ചതിനും പുറമെ ബാബേൽ പാത്രിയങ്കീസിന്റെയും അദ്ദേഹത്തിന്റെ സിംഹാസനത്തിന്റെയും പേരിലുള്ള കീഴ്വഴക്കവും നെസ്തോറിയൻപാഷണ്ഡതയും ഉപേക്ഷിച്ചുകൊള്ളാമെന്നും മാപ്പിപ്പായിക്കു കീഴ്വഴങ്ങുകയും അദ്ദേഹം നിയമിക്കുന്ന മെത്രാനെ സ്വീകരിക്കയും ചെയ്തുകൊള്ളാമെന്നും വിശേഷാൽ സത്യംചെയ്തിക്കയുമുണ്ടായി.

മെനേസീസു ഉടയമ്പേരിൽനിന്നു കടുത്തുരുത്തിൽ എത്തി. അവിടെ വലിയ പള്ളിയിൽ അദ്ദേഹം വിശുദ്ധ വാരത്തിലെ തിരുക്കർമ്മങ്ങളെ അനുഷ്ഠിച്ചു. അവിടെയുണ്ടായിരുന്നവരിൽ പ്രധാനിയും ധനവാനുമായ ഒരു കത്തനാർ മറ്റു ചിലരോടു ചേർന്നു മെത്രാപ്പോലീത്തായോടു മത്സരിക്കയും (പള്ളിയിൽ വച്ചു) ചില വഴക്കുകളെല്ലാം ഉണ്ടാക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ വലിയ പള്ളിക്കാർ ചെന്നു മെത്രാപ്പോലീത്തായെ ക്ഷണിച്ചെങ്കിലും അദ്ദേഹം അപ്പോൾ അവിടേക്കു പോവുകയുണ്ടായില്ല. വലിയ പള്ളിയിലെ പ്രധാനികളായ ഇട്ടിമാണി മാപ്പിളയും ഇട്ടിമാത്തുമാപ്പിളയും വേറെ പലയാളുകളും മെത്രാപ്പോലീത്തായുടെ അനുകൂലികളായിരുന്നതുകൊണ്ടു് ക്ഷോഭം ബലപ്പെടാതെ ശമിക്കുന്നതിനും വിരോധികൾ ക്ഷമായാചനം ചെയ്യുന്നതിനും ഇടയായി. അക്കിയാക്കോൻ തന്റെ ഹിതത്തിനു കീഴ്പ്പെടായ്കനിമിത്തം അദ്ദേഹത്തെ നീക്കി തൽസ്ഥാനത്തു വേറൊരാളെ നിയമിക്കുവാൻ മെനേസിസു ആലോചിച്ചു. അക്കിയാക്കോന്റെ അടുത്ത സംബന്ധിയും കുറവിലങ്ങാട്ടുപള്ളി ഇടവകക്കാരനുമായ തോമ്മാ കുയ്പൻ കത്തനാരെയാണു് ആ സ്ഥാനത്തിൽ നിയമിക്കുവാൻ മെനേസിസു കരുതിയിരുന്നതു്. പക്ഷെ ഈ സംഗതിയെപ്പറ്റി അദ്ദേഹം അവിടെയുണ്ടായിരുന്നവരോടു ആലോചിച്ചപ്പോൾ അവർ അതിനെ വിരോധിക്കയാണുണ്ടായതു്. അക്കിയാക്കോനു ചില പട്ടക്കാർവഴി വിവരം അറിവു കൊടുക്കുകയും ഇരുപതു ദിവസത്തെ അവധി അനുവദിക്കയും ചെയ്യണമെന്നും അതിനിടയ്ക്കു അദ്ദേഹം വഴിപ്പെടാതിരുന്നാൽ തോമ്മാ കുയ്പൻ കത്തനാരെ നിയമിച്ചുകൊള്ളാമെന്നും ആയി

രുന്ന അവരുടെ അഭിപ്രായം. പുനരുത്ഥാനതിരുനാളിൽ ചെറിയ പള്ളിയിലും പോയി. കടുത്തുരുത്തിൽ നിന്നു പുറപ്പെട്ട ശേഷം ആ ട്യം മുട്ടുചിറയും പിന്നെ മുളന്തുരുത്തും അനന്തരം ഉദിയമ്പേരൂരും സന്ദർശിച്ചു. കടുത്തുരുത്തിലും ഉദയമ്പേരൂരിലുംവച്ച് മെനേസീസു രോഗികളേയും നിർധനന്മാരേയും ചെന്നുകാണുകയും അവരെ സമാശ്വസിപ്പിക്കുകയും അവക്കു ധർമ്മദാനം ചെയ്യുകയുമുണ്ടായി. ഉദയമ്പേരൂരിനുശേഷം മെത്രാപ്പോലീത്താ സന്ദർശിച്ചതു തുപ്പുണിത്തുറ (Narame) യാണു്. അവിടെ വഴക്കുകളുണ്ടാവുകമൂലം സ്ഥലത്തെ സർക്കാർ ഉദ്യോഗസ്ഥന്റെ സഹായം അപേക്ഷിക്കേണ്ടതായി വന്നു. മെത്രാപ്പോലീത്തായുടെ ഹിതമനുസരിച്ചു പ്രവർത്തിച്ചുകൊള്ളാമെന്നു് അക്കിടിയാക്കോൻ എഴുതി അയച്ചിരുന്ന ലേഖനം അവിടെവച്ചു കൈപ്പറ്റുകയും അതിനുടനെ മറുപടി അയയ്ക്കുകയും ചെയ്തു. അതിൽ നെസ്തോറിയൻ അബദ്ധങ്ങൾ മുതലായവയെ പരിത്യജിക്കണമെന്നു ആവശ്യപ്പെട്ടിരുന്നതുകൂടാതെ ബാബേൽ പാത്രിയർക്കീസിനെ ഉപേക്ഷിക്കണം, മാപ്പാപ്പാ നിയമിക്കുന്ന മെത്രാനെ സ്വീകരിക്കണം, എന്നിങ്ങനെ അധികാര സംബന്ധമായും മറ്റും പത്തു സംഗതികൾ അറിയിച്ചുകൊണ്ടു അവയെ സമ്മതിക്കണമെന്നു നിഷ്കർഷിക്കയും ചെയ്തിരുന്നു. മെത്രാപ്പോലീത്താ തുപ്പുണിത്തുറ നിന്നു കൊച്ചിയിലേക്കും അവിടെ നിന്നു കൊടുങ്ങല്ലൂരിലേക്കും പോയി. കൊച്ചിയിൽ എത്തിയശേഷം രാജാവിനെക്കണ്ടു് നസ്രാണികളെ തനിക്കു സ്വാധീനപ്പെടുത്തിക്കൊടുക്കണമെന്നു അദ്ദേഹത്തോടു് ആവശ്യപ്പെടുകയും രാജാവു് അനുകൂലമായ മറുപടി കൊടുക്കുകയും ചെയ്തു. ഈ കാര്യത്തെപ്പറ്റി ആലങ്ങാട്ടു രാജാവിനു് എഴുതിയയയ്ക്കണമെന്നുകൂടി മെനേസിസു കൊച്ചി രാജാവിനോടു പറകയുണ്ടായി. അക്കിടിയാക്കോൻ അവിടെ (ആലങ്ങാട്ടു) താമസിച്ചിരുന്നതുകൊണ്ടു് മെത്രാപ്പോലീത്തായുടെ ആഗ്രഹം പോലെ ചെയ്യാമെന്നു അദ്ദേഹം സമ്മതിച്ചു. കൊടുങ്ങല്ലൂരിൽവച്ചു് അക്കിടിയാക്കോന്റെ മറുപടി കിട്ടി. മെത്രാപ്പോലീത്തായുടെ അടുക്കൽ ചെല്ലുന്നതിനു താൻ സന്നദ്ധനാണെങ്കിലും കൊടുങ്ങല്ലൂരിൽ ചെല്ലുവാൻ നിവൃത്തിയില്ലെന്നും കൊച്ചീ രാജ്യത്തിൽപ്പെട്ട വൈപ്പിക്കോട്ടിൽ ചെന്നു കണ്ടുകൊള്ളാമെന്നുമായിരുന്നു അതിൽ അറിയിച്ചിരുന്നതു്. തദനുസാരം മെനേസിസു വൈപ്പിക്കോട്ടിൽ എത്തിത്താമസിച്ചു. അക്കിടിയാക്കോൻ ഒട്ടുവളരെ വൈദികന്മാരേയുംകൂട്ടി ചെന്നു അദ്ദേഹത്തെ കാണുകയും "സത്യത്തിന്റെയും നിങ്ങളുടേയും സന്നിധിയിൽ ഞാൻ പാപം ചെയ്തു" എന്നുള്ള വിശേഷവാക്കുകളെ ഉച്ചരിച്ചുകൊണ്ടു് പ്രസ്തുത പത്തു സംഗതികളും സമ്മതിച്ചുപറകയും ചെയ്തു. അനന്തരം സുനഹദോസ് കൂടേണ്ട സ്ഥലത്തെപ്പറ്റിയുള്ള ആലോചനയായി. അക്കിടിയാക്കോൻ സമ്മേളന സ്ഥാനമായി അങ്കമാലി തെരിഞ്ഞെടുത്തു. എന്നാൽ മെനേസിസിന്റെ അഭീഷ്ടം അനുസരിച്ചു്, അതിനായി ഉദയമ്പേരൂർ

നിശ്ചയിക്കയും (൧൭൯൯) ജൂൺ ൨൦-ാം തീയതിയായ പന്തക്കുസ്ത കഴിഞ്ഞുവരുന്ന മൂന്നാം ഞായറാഴ്ച സുനഹദോസു ആരംഭിക്കത്തക്കവണ്ണം തീർച്ചയാക്കി അതിനെ സംബന്ധിച്ചുള്ള വിളംബരം അക്കിദിയാക്കോനും മെത്രാപ്പോലീത്തായുംകൂടി മെയിമാസം ൨൭-ാം തീയതി പള്ളികളിൽ അയയ്ക്കുകയും ചെയ്തു. മെനേസിസു വൈപ്പിക്കോട്ടിൽ താമസിച്ചുവരവേ ഒരുനാൾ ആലങ്ങാട്ടു രാജാവു അദ്ദേഹത്തെ സന്ദർശിക്കുകയും വിലയേറിയ ശീലത്തരങ്ങൾ അദ്ദേഹത്തിനു സമ്മാനമായി കൊടുക്കുകയുമുണ്ടായി.. ഇതിനിടക്കു മെത്രാപ്പോലീത്താ വടക്കൻ പറവൂരിലെത്തി ശ്രീത്വത്തിന്റെ തിരുനാൾ ദിവസമായ ഞായറാഴ്ച അൻപതു ശമ്മാശന്മാർക്കു പട്ടംകൊടുത്തു. ഉദയമ്പേരൂരിൽവച്ചു പട്ടം ഏറ്റവർ ചെയ്ത വിശ്വാസസത്യത്തിലെ സംഗതികളെല്ലാം സ്വീകരിച്ചിരിക്കുന്നതായി അവരേക്കൊണ്ടും സത്യം ചെയ്യിച്ചു. കുബ്ബാന ചൊല്ലുമ്പോൾ ഉപയോഗിക്കുന്ന അനവധി കല്പുകൾ തദവസരത്തിൽ അദ്ദേഹം ക്രമാശചെയ്തു. മാർ അബ്രാഹത്തിന്റെ ഇഷ്ടനായിരുന്ന ഒരു നസ്രാണിക്കു വശ്യഖചിതമായ ഒരു പൊൻകുരിശും ഒരു കത്തനാക്കു ആതരത്തിൽ വേറൊന്നും മെത്രാപ്പോലീത്താ ഇവിടെവച്ചു ദാനംചെയ്തതായി പറയപ്പെട്ടുന്നു.

൨. കൽദായ പാത്രിയക്കീസു നെസ്തോറിയൻ ആണെന്നു മെനേസിസു മെത്രാപ്പോലീത്താ പലപ്പോഴും പ്രസ്താവിക്കയും നെസ്തോറിയൻ മതത്തെപ്പറ്റി പള്ളികളിൽ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടല്ലോ. (ല: ൬)' അദ്ദേഹത്തിന്റെ വാക്കുകളെ നസ്രാണികൾ ഏതുവിധം സ്വീകരിച്ചിരുന്നു എന്നു ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഭരണസംബന്ധമായ സംഗതികളിൽ മാപ്പ്രാപ്പായുടെ മേലധികാരം സമ്മതിക്കണമെന്നും അദ്ദേഹം നേരിട്ടു നിയമിക്കുന്ന മെത്രാനെ മാത്രമേ സ്വീകരിക്കാവൂ എന്നുമാണ് പോർട്ടുഗീസു വൈദികന്മാർ പ്രസംഗിച്ചിരുന്നതു്. നസ്രാണികളാകട്ടേ അതിനു സമ്മതിച്ചിരുന്നില്ല. നസ്രാണികളുടെമേൽ പോർട്ടുഗീസു വൈദികന്മാർ ആരോപിച്ചിരുന്ന നെസ്തോറിയൻ പതിത്വം ഇതാണ്. കൽദായ പാത്രിയക്കീസാണ് ഭരണവിഷയത്തിൽ തങ്ങളുടെ മേലാവെന്നും അദ്ദേഹമാണ് തങ്ങൾക്കു മെത്രാനെ നിയമിച്ചു അയയ്ക്കേണ്ടതെന്നുമായിരുന്ന നസ്രാണികളുടെ വാദം. അബ്ദീശോ പാത്രിയക്കീസിനാൽ മലങ്കരയിലേക്കു അയക്കപ്പെട്ട മാർ യൗസേപ്പിനേയും മാർ അബ്രാഹത്തേയും അവരുടെ അധികാരസീമയിൽനിന്നു പോർട്ടുഗീസുകാർ ബഹിഷ്കരിച്ച സമയം നാലാമത്തെ പീയൂസ് മാപ്പ്രാപ്പാ പാത്രിയക്കീസിന്റെ അധികാരത്തെ സപ്രകാരേണ ആദരിക്കയും അദ്ദേഹം നിയോഗിച്ച മെത്രാന്മാരെ പോർട്ടുഗീസുകാർ അനാദരിച്ചതു ശരിയല്ലെന്നു പ്രസ്താവിക്കയും മറ്റും ചെയ്ത സംഗതികൾ പത്താം അദ്ധ്യായം എട്ടു മുതലായ ലക്കങ്ങളിൽ പറഞ്ഞിട്ടുള്ളതാണ്. ആകയാൽ നസ്രാണികളുടെ വാദം മാപ്പ്രാപ്പായുടെ തിരുവെഴുത്തിലെ ഉപദേശങ്ങൾക്കു അനുസാരമായിരുന്നു എന്നു പ്രസ്പഷ്ടമാകുന്നു. മെ

നേസിസു മെത്രാപ്പോലീത്തായോട് ആലങ്ങാട്ടുവച്ച് വയോവൃദ്ധനായ ഒരു കത്തനാർ പറഞ്ഞിട്ടുള്ളതും (ല. ൯) ഈവിധംതന്നെ. നസ്രാണികൾ ഈ വാദംകൊണ്ട് മാപ്പാപ്പായുടെ പരമാധികാരത്തെ നിഷേധിക്കയാണു ചെയ്യുതെന്ന് മെനേസിസും മറു പോർട്ടുഗീസുകാരും പ്രസംഗിച്ചിരുന്നതു പരമാബദ്ധമാണ്. മാപ്പാപ്പാ ഭൂമണ്ഡലത്തിലെ സകല പള്ളികളുടേയും ശ്രേഷ്ഠാധിപതിയാണെന്ന അവർ വിശ്വസിച്ചിരുന്നു എന്നതിനെ ലക്ഷീകരിക്കുന്ന അനവധി രേഖകൾ പത്താം അദ്ധ്യായം ഒൻപതു മുതലുള്ള ലക്കങ്ങളിൽ കാണിച്ചിട്ടുണ്ട്. പാത്രിയക്കീസിനു അധികാരമുണ്ടെന്നു വാദിക്കുന്നതും അദ്ദേഹത്തെ ആശ്രയിക്കുന്നതും നെസ്തോറിയൻ പതിത്വമാണെന്ന മെനേസിസു മുതലായ പോർട്ടുഗീസുകാർ ചെയ്തിരുന്ന പ്രസംഗം മിഥ്യാപവാദവും കൽദായ സുറിയാനി റീത്തിനെ മൂലച്ഛേദം ചെയ്യുന്നതിനായുള്ള ഒരുപായവും മാത്രമാണെന്ന് നസ്രാണികൾ അറിയാതിരുന്നില്ല. സൂനഹദോസിന്റെ രണ്ടാം ദിവസം തെന്നോസു സൂനഹദോസിലെ നിയമം അനുസരിച്ച് വിശ്വാസസത്യം ചെയ്യ സമയം അതിൽ ക്രട്ടിച്ചേത്തിരുന്ന ചില വാചകങ്ങളേപ്പറ്റി കത്തനാർമാരും ജനങ്ങളും എതിർവാദം പുറപ്പെടുവിക്കുകയുണ്ടായെന്നു ഗോവെയാ, റോലിൻ മുതലായ പോർട്ടുഗീസു ഗ്രന്ഥകാരന്മാർതന്നെ സമ്മതിച്ചു പറയുന്നു. തങ്ങൾ വിശ്വാസികളാകയാൽ പുതുതായി ഒരു വിശ്വാസസത്യം ചെയ്യേണ്ട ആവശ്യകത ഇല്ലെന്നും വിശ്വാസത്തിൽ ക്ഷയിച്ചവരായിരുന്നാൽ എന്നപോലെ ഇങ്ങനെ ഒരു കൃത്യം തങ്ങളിൽ നിന്നു ആവശ്യപ്പെടുന്നതു് അനാവശ്യവും തങ്ങൾക്കു ആക്ഷേപകരവും ആണെന്നും ആയിരുന്നു നസ്രാണികളുടെ വാദം. അതിനു ന്യായാനുസരണം കല്പിക്കപ്പെട്ടകയും വിശ്വാസത്തേപ്പറ്റി വല്ല സംശയം ജനിക്കയും ചെയ്യുമ്പോഴെല്ലാം വിശ്വാസസത്യം ചെയ്യുന്നതിനു എല്ലാവർക്കും കടമയുള്ളതിനാൽ ഇതു നടപ്പില്ലാത്ത ഒരു പുതിയ രീതിയായി കരുതേണ്ടതില്ലെന്നും, താൻ ശൈശവം തുടങ്ങിത്തന്നെ ക്രിസ്ത്യാനിയാണെന്നും മാത്രമല്ല, പൌരസ്ത്യദേശങ്ങളുടെയെല്ലാം പിതാവും മാതാദ്ധ്യക്ഷനുംകൂടി ആയിരിക്കുന്നെങ്കിലും സംഗതിവശാൽ എല്ലാവരേക്കാൾ മുമ്പായി താൻതന്നെ വിശ്വാസസത്യം ചെയ്യ എന്നുമായിരുന്നു മെത്രാപ്പോലീത്തായുടെ പ്രത്യുത്തരം. അദ്ദേഹത്തിന്റെ വാക്കുകളെ കേട്ട് എല്ലാവരും സമാധാനപ്പെടുകയും അങ്ങിയാക്കോൻ തുടങ്ങി എല്ലാവരും മെനേസിസിനെ അനുകരിച്ച് അതേ വിശ്വാസസത്യംതന്നെ ചെയ്യുയും ചെയ്യു. നസ്രാണികൾ ഈവിധം എതിർവാദം ചെയ്യുത്, പോർട്ടുഗീസുകാരുടെ നെസ്തോറിയൻ കുറ്റാരോപണം മിഥ്യാപവാദവും റീത്തിനെ നശിപ്പിച്ചുകളയുന്നതിനുള്ള ഒരുപായവും മാത്രമാണെന്നു അവർ അറിഞ്ഞിരുന്നതിനാലാണെന്നു സുസ്പഷ്ടമാണല്ലോ. വിശ്വാസ സത്യവാചകത്തിൽ ക്രട്ടിച്ചേത്തിരുന്ന കാര്യങ്ങൾ (൧) നെസ്തോറിയസ് ആദിയായവരേയും അവരുടെ ഉപദേശങ്ങളേയും ഉപേക്ഷിക്കുന്നെന്നും, (൨) ബാബേ

ൽ പാത്രിയർക്കീസിനെ പരിത്യജിക്കുന്നെന്നും, (൩.) മാപ്പിപ്പാ തങ്ങൾക്കായി നേരിട്ടയയ്ക്കുന്ന മെത്രാനെ മാത്രമേ സ്വീകരിക്കയുള്ളു എന്നും, (൪) വി. പത്രോസിനും വി. തോമ്മായിക്കും വെവ്വേറെ പ്രമാണങ്ങളില്ലെന്നും ആയിരുന്നു. ഈ നാലു സംഗതികളിൽ മൂന്നും പാത്രിയർക്കീസിനെ ആശ്രയിക്കുന്നതു മതഭ്രംശമാണെന്നും അങ്ങനെ അല്ലേഹത്തെ അവലംബിക്കുന്നവർ മാപ്പിപ്പായ്ക്കു കീഴ്പ്പെടുന്നില്ലെന്നുമുള്ള പോർട്ടുഗീസുകാരുടെ പ്രസംഗത്തെ പ്രതിധ്വനിക്കുന്നതും, നാലാമത്തേതു റീത്തിനെ സംബന്ധിക്കുന്നതുമാണ്. തങ്ങളുടെ റീത്തും ക്രമങ്ങളും ലത്തീൻ റീത്തുകളിൽനിന്നും ക്രമങ്ങളിൽനിന്നും വ്യത്യസ്തങ്ങളാണെന്നും അതിനാൽ തങ്ങളെ ഭരിക്കേണ്ടതു കൽദായ മെത്രാന്മാർ അല്ലാതെ ലത്തീൻ മെത്രാന്മാർ അല്ലെന്നും സുറിയാനിക്കാർ വാദിച്ചിരുന്നു. ഈ സംഗതികളെല്ലാം മുകളിൽ (ല. ന്ന) പ്രസ്താവിച്ചിട്ടുള്ളതാണ്. സുറിയാനിക്കാരുടെ നിലയും പ്രവൃത്തിയും മെനേസീസു മെത്രാപ്പോലീത്തായിക്കും മറ്റു പോർട്ടുഗീസുകാർക്കും ഒട്ടുംതന്നെ രസിച്ചിരുന്നില്ല. ലത്തീനും സുറിയാനിയും ഒന്നാക്കിത്തീർക്കുവാനാണ് മെനേസിസും സഹവർത്തികളും ശ്രമിച്ചിരുന്നതെന്നു മേൽ ന്ന–ാം ലക്കത്തിൽ തെളിയിച്ചിട്ടുള്ളതാണ്. റീത്തിനെ ആദരിക്കുന്നതിനു സുറിയാനിക്കാർ കൊണ്ടുചെന്നിരുന്ന വാദം നിർമ്മൂലമാക്കേണ്ടതിനായിട്ടാണ് നാലാമത്തെ സംഗതി വിശ്വാസസത്യവാചകത്തിൽ കൂട്ടിച്ചേർത്തതു്. നെസ്തോറിയൻ പതിതപ്രത്തെപ്പറ്റി പോർട്ടുഗീസുകാർ ചെയ്ത പ്രസംഗത്തെ നസ്രാണികൾ ഏതുവിധം വകവെച്ചിരുന്നു എന്നുള്ളതിലേക്കു ഒരു ലക്ഷ്യംകൂടി ഇവിടെ കാണിക്കാം. ഉദയമ്പേരൂർ സൂനഹദോസിൽ സംബന്ധിക്കയും അതിലെ നിയമങ്ങൾക്കു ഒപ്പുവെക്കയും ചെയ്ത ഗീവറുഗീസ് അക്കിയാക്കോനും മറ്റനേകം വൈദികന്മാരുംകൂടി ൧൬൯൨ ഡിസംബർ ൧൯–ാം തീയതി ഇടപ്പള്ളിപ്പള്ളിയിൽനിന്നു പോർട്ടുഗൽ രാജാവിനു ഒരെഴുത്തയയ്ക്കുകയുണ്ടായി. കൽദായക്കാരായ തങ്ങളെ അതേ റീത്തുകാരനായ മാർ അബ്രാഹം ഉദയമ്പേരൂർ സൂനഹദോസിനു മുമ്പു ഭരിച്ചിരുന്നെന്നും കൽദായ മതാദ്ധ്യക്ഷന്മാരാൽതന്നെ ഭരിക്കപ്പെടണമെന്നായിരുന്നു ആ സൂനഹദോസിൽ തങ്ങൾക്കു അപേക്ഷയുണ്ടായിരുന്നതെന്നും ആ കാലത്തു (൧൬൯൨)ലെ ഭരണകർത്താവായ ഏസുപ്പാനോസ് ബ്രിട്ടോയിക്കു കൽദായസുറിയാനി പരിചയമില്ലാത്തതിനാൽ തങ്ങളുടെ പള്ളിക്രമങ്ങളിൽ വളരെ അബദ്ധങ്ങൾ സംഭവിക്കുന്നെന്നും മറ്റുമായിരുന്നു അതിൽ പ്രസ്താവിച്ചിരുന്നതു്. (8) പോർട്ടുഗീസുകാർ നെസ്തോറിയൻ കുറ്റം ആരോപിച്ചതിന്റെ ഉദ്ദേശ്യവും നസ്രാണികൾക്കു അതേപ്പറ്റിയുള്ള ബോധവും എന്തായിരുന്നെന്നു ഇതിൽനിന്നും സുഗ്രാഹ്യമാണല്ലോ.

൯. പള്ളികളിൽ ഉണ്ടായ കലഹത്തിന്റെ കാരണത്തെപ്പറ്റിയും മെത്രാപ്പോലീത്തായുടേയും മറ്റുപോർട്ടുഗീസുകാരുടേയും നെസ്തോറിയൻ കുറ്റാരോപണത്തെപ്പറ്റിയുമാണല്ലോ മേൽ മൂന്നു (ന, ഒ, വ) ലക്കങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതു്. അക്കിയാക്കോൻ മെനേ

സിസിന്റെ ഹിതാനുസാരം പ്രവർത്തിക്കാതെ വിരോധിച്ചു നിൽക്കുവാനുണ്ടായ ഹേതു എന്താണെന്നാണ് ഇനി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നത്. മെത്രാപ്പോലീത്തായുടെ പ്രവൃത്തികളെല്ലാം ജനക്ഷോഭം ഉളവാക്കുന്നവയായിരുന്നു എന്നു പറയാതെ നിവൃത്തിയില്ല. പാത്രിയർക്കീസിനെ ഉപേക്ഷിക്കുന്നതിനു അദ്ദേഹം ചെയ്ത നിഷ്കൃഷ്ടയും അതിനായി സൃഷ്ടിച്ചിരുന്ന നിയമങ്ങളിൽ അക്കിടിയാക്കോനേക്കൊണ്ടും വൈദികന്മാരേക്കൊണ്ടും ഒപ്പുവെപ്പിച്ച സംഗതിയുമായിരുന്നു ക്ഷോഭത്തിന്റെ പ്രധാന കാരണങ്ങൾ. മെനേസിസിന്റെ പ്രവൃത്തി ജനങ്ങളിൽ കലഹമുണ്ടാക്കുമെന്നും അതു തങ്ങളുടെ റീത്തിനെ മൂലച്ഛേദം ചെയ്യുന്ന ഒരു കഠാരമായിത്തീരുമെന്നും അക്കിടിയാക്കോൻ അറിഞ്ഞിരുന്നു. വൈദികന്മാരും ജനങ്ങളും ഉൾപ്പെട്ട ഒരു സൂനഹദോസിൽ അദ്ദേഹത്തിന്റെ അധികാരപത്രം കാണിച്ചു എല്ലാവരുടേയും അഭിപ്രായംപോലെ പ്രവർത്തിക്കണമെന്നും അതിനിടയ്ക്ക് അധികാരത്തെ സംബന്ധിക്കുന്ന യാതൊരു പ്രവൃത്തിയും ചെയ്യരുതെന്നും കാഞ്ഞൂർവച്ചു മെത്രാപ്പോലീത്തായോടു അക്കിടിയാക്കോൻ ആവശ്യപ്പെടുകയും അപേക്ഷിക്കയും ചെയ്തു ഈ കാരണങ്ങളാലാണ്. മെനേസിസു അതിനു സമ്മതിച്ചു ഉടമ്പടി ചെയ്തിരുന്നെങ്കിലും പിന്നീടു അതിനു വിരോധമായി ഉടയംപേരൂർ മുതലായ സ്ഥലങ്ങളിൽ വച്ചു പട്ടം കൊടുക്കുകയുണ്ടായത്. പട്ടം കൊടുത്തതോടുകൂടി വഴക്കുകൾ പൂർവ്വാധികം വർദ്ധിച്ചു. തങ്ങളുടെ റീത്തും തത്സംബന്ധമായ ക്രമങ്ങളും ആദരിച്ചു സംരക്ഷിക്കേണ്ടതും ജനക്ഷോഭത്തിനു ഇടയാകാതിരിക്കുവാൻ വേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതും അക്കിടിയാക്കോന്റെ കടമയായിരുന്നു. ആ കടമയെ ശരിയായി നിർവ്വഹിക്കേണ്ടതിനായിരുന്നു മെത്രാപ്പോലീത്തായിക്കു എത്രമാത്രം അധികാരമുണ്ടെന്നു എല്ലാവരും അറിയേണമെന്നും അതിനായി ഒരു സൂനഹദോസ് ക്രൂടണമെന്നും മെനേസിസിനോടു അദ്ദേഹം ആവശ്യപ്പെട്ടത്. മെനേസിസാകട്ടേ അതിനു സമ്മതിക്കയും അങ്ങനെ ചെയ്യുകൊള്ളാമെന്നു ഉടമ്പടി ചെയ്യുകയും ചെയ്തു. (ല. ൬) എന്നാൽ പള്ളിസന്ദർശനത്തിൽ ഉടമ്പടിക്കു വിരോധമായി പട്ടം കൊടുക്കുക മുതലായ അധികാരപ്രവൃത്തികൾ അദ്ദേഹം ചെയ്ത നിമിത്തം പള്ളികളിൽ വഴക്കുകൾ ഉണ്ടാവുകകൊണ്ടു ജനങ്ങളിൽ ഭിന്നത സംഭവിക്കാതിരിക്കേണ്ടതിനായി അക്കിടിയാക്കോൻ വിരോധഭാവത്തിൽ വർത്തിച്ചതാണ്. ഇവിടെ വൈദികന്മാർ ആവശ്യത്തിൽ വളരെ അധികം ഉള്ളതിനാൽ മേലിൽ . സിംഹാസനം ഒഴിവായിരിക്കുന്ന സമയത്തു യാതൊരുത്തനേയും പട്ടം ഏൽപ്പിക്കേണ്ടതല്ലെന്നു സൂനഹദോസിന്റെ സപൂമയോഗം ൨൯—ാം നിയമത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു താൻ പട്ടംകൊടുത്തതു അനാവശ്യമായിട്ടായിരുന്നെന്നു മെനേസിസ് സ്വയമേ സമ്മതിക്കുന്നു. ആവശ്യത്തിൽ അധികം വൈദികന്മാർ ഉണ്ടായിരുന്നെങ്കിൽ പിന്നെ എന്തിനായിട്ടാണ് പട്ടംകൊടുത്തത്? അതു ജനങ്ങളെ ഭിന്നിപ്പിക്കുന്നതിനും പട്ടം ഏറ്റവരേയും

അവരുടെ ചാർച്ചക്കാരേയും അവർമൂലം മറ്റു പലരേയും അതുവഴിയായി സ്വാധീനപ്പെടുത്തുന്നതിനും വേണ്ടിയായിരുന്നു എന്നു പോർട്ടീസു ഗ്രന്ഥകാരന്മാർതന്നെ സമ്മതിച്ചുപറയുന്നുണ്ടു്. (9) പോർട്ടുഗീസുകാർ ജനങ്ങളെ ഭിന്നിപ്പിക്കുവാൻ ശ്രമിക്കുന്നു എന്നു് അക്കിയാക്കോൻ കണ്ടു് അതിനെ നിവാരണം ചെയ്യുന്നതിനായി കഴിയുന്നതും പരിശ്രമിച്ചു. മെത്രാപ്പോലീത്താ പട്ടം കൊടുക്കുവാൻ നിശ്ചയിച്ചതറിഞ്ഞു് അതിനെ തടയുന്നതിനായി അക്കിയാക്കോൻ കഴിയുന്ന പരിശ്രമങ്ങളെല്ലാം ചെയ്തു. അതുകൊണ്ടു ഫലമുണ്ടാകാതിരിക്കുക നിമിത്തം കൊച്ചീ രാജാവിനേക്കൊണ്ടും പല ഇടപ്രഭുക്കന്മാരേക്കൊണ്ടും അതിനു വിഘ്നംചെയ്യിച്ചു. പെരുമ്പടപ്പിൽനിന്നു അയച്ചിരുന്ന നായന്മാർ ഉദയമ്പേരൂരിൽ ചെന്നു് മെനേസിസു് അവിടെവച്ചു പട്ടം കൊടുക്കരുതെന്നു വിലക്കി. അദ്ദേഹം കടത്തുരുത്തിൽ (വടക്കുംകൂർ അഥവാ പിമെന്താ എന്നും ഈ രാജ്യത്തിനു പേരുണ്ടു്. വടക്കുംകൂർ രാജ്യം കുരുമുളകിനു പ്രസിദ്ധമായിരുന്നതിനാൽ പോർട്ടുഗീസുകാർ അതിനെ പിമെന്താ എന്നു നാമകരണം ചെയ്തതാണു്. (Pimenta) എന്ന പോർട്ടുഗീസു വാക്കിനു കുരുമുളകു എന്നാണർത്ഥം.) എത്തിയപ്പോൾ അവിടത്തെ റാണി ഒരുദ്യോഗസ്ഥനെ അയച്ചു് മൂന്നു ദിവസത്തിനകം അവിടംവിട്ടു പൊയ്ക്കൊള്ളണമെന്നറിയിച്ചു. തന്നിമിത്തം മെനേസിസിന്റെ സഹചരന്മാരായ പോർട്ടുഗീസുകാർ കൊച്ചിയിലേക്കു പോകേണ്ടതായും വന്നുകൂടി. എങ്കിലും ഒട്ടുവിൽ മെനേസിസ് അവിടെയുള്ള ചില മാപ്പിളമാരുടെ സഹായത്താൽ റാണിക്കു എഴുത്തയച്ചു് അവളുടെ കോപം ശമിപ്പിക്കുകയും വിലയേറിയ സമ്മാനങ്ങൾകൊണ്ടു മന്ത്രിയെ സ്വാധീനപ്പെടുത്തുകയും ചെയ്തു. മെനേസിസ് മുളന്തുരുത്തിൽ രണ്ടാമതു ചെന്നപ്പോൾ ജനങ്ങൾ പള്ളിപൂട്ടിക്കളഞ്ഞതിനാൽ അകത്തു കയറുവാൻ സാധിക്കാതെപോയി. അദ്ദേഹം പെരുമ്പടപ്പിലെ മന്ത്രിയുടെ സഹായം അപേക്ഷിക്കുകയും അതു് ലഭിക്കുകയും ചെയ്യാതിരുന്നെങ്കിൽ പള്ളിയിൽ കയറുവാൻ ഇടവരികയില്ലായിരുന്നു. (10) ജനങ്ങളെ സ്വാധീനപ്പെടുത്തുവാൻ പോർട്ടുഗീസുകാർ ചെയ്തിരുന്ന പ്രയത്നം (11) പട്ടംകൊടുത്ത നാൾമുതൽ സഫലീഭവിച്ചു കാണുകയാൽ ആ വിദ്വേഷം വർദ്ധിക്കുകയും മലങ്കരസഭയ്ക്കു തൻമൂലം വളരെ നാശം വന്നുകൂടുകയും ചെയ്യുമെന്നു അക്കിയാക്കോൻ വഴിപോലെ കണ്ടിരുന്നു. തന്നെ മെത്രാനായി അഭിഷേചിക്കുന്നതിനു് മാപ്പിപ്പായിൽനിന്നും പാത്രിയർക്കീസിൽനിന്നും മാർ അബ്രാഹത്തിനു സിദ്ധിച്ചിരുന്ന അധികാരത്തിന്റേയും അനുവാദത്തിന്റേയും പ്രയോഗം പോർട്ടുഗീസുകാർ തടഞ്ഞുകളഞ്ഞതും തൻമൂലം മലങ്കരസഭയിൽ മെത്രാൻ ഇല്ലാതെയായിത്തീർന്നതും അക്കിയാക്കോൻ അറിയാതിരുന്നില്ല. ബാബേലിൽനിന്നു മേലാൽ മെത്രാനെ വരുത്തുന്ന സംഗതിയിൽ പോർട്ടുഗീസുകാർ ചെയ്തുകൊണ്ടിരുന്ന വിരോധങ്ങളും വരുത്തിയാൽത്തന്നെയും മാർ യൌസേപ്പിനോടും മാർ അബ്രാഹത്തോടും പ്രവർത്തിച്ചതുപോലെ അദ്ദേഹത്തോടും അവ

ർ ചെയ്യുമെന്നുള്ള വസ്തുതയും അക്കിടിയാക്കോൻ വേണ്ടവിധം ആലോചിച്ചിരുന്നു. അതിനാൽ മേലാൽ വന്നുകൂടുവാനിരുന്ന തിന്മകളെ വിചാരിച്ചും അതിനെ തടുക്കുന്നതിനു തന്നാൽ കഴിയുന്നതും ശ്രമിച്ചിട്ടും സാധിക്കാഞ്ഞതിനെ ആലോചിച്ചിട്ടുമാണ് അക്കിടിയാക്കോൻ ഒടുവിൽ മെനേസിസിനു കീഴ്പ്പെട്ടത്.

നിവൃത്തിയില്ലാഞ്ഞിട്ടും രാജശക്തിയെ ഭയന്നുമാണ് അദ്ദേഹം അങ്ങനെ ചെയ്തതെന്നു പറയുന്ന ചില ചരിത്രകാരന്മാരുണ്ട്. അവരുടെ ഈ പ്രസ്താവം അബദ്ധമാണെന്നും, തൻറെയും തൻറെ ഭരണീയജനങ്ങളുടെയും വിശ്വാസത്തെ അന്യൂനം സംരക്ഷിക്കണമെന്നുള്ള ആഗ്രഹം അക്കിടിയാക്കോനു ഇല്ലാതിരുന്നെങ്കിൽ പോർട്ടുഗീസ് രാജശക്തി അദ്ദേഹത്തെ കീഴ്പ്പെടുത്തുന്നതിനു മതിയാകയില്ലായിരുന്നെന്നും തെളിയിക്കുന്നതിനു പഴുപ്പുകുങ്ങളായ ചില ദൃഷ്ടാന്തങ്ങളെ ഇവിടെ കാണിക്കാം. ക) പട്ടമനപ്പറവൂരിനു വടക്കുള്ള പള്ളികൾ സൂനഹദോസിൻറെ കാലത്തു സാമൂതിരിയുടെ രാജ്യാതിർത്തികളിലാണു സ്ഥിതിചെയ്തിരുന്നതു്. അവിടെ പോർട്ടുഗീസുകാർക്കു യാതൊരു ശക്തിയും ഉണ്ടായിരുന്നില്ലെന്നുള്ളതു ചരിത്രപ്രസിദ്ധമായ ഒരു വാസ്തവമാണ്. ഇക്കാലത്തു ദക്ഷിണതിരുവിതാംകൂറിൽ ഉൾപ്പെട്ടിരിക്കുന്ന രാജ്യങ്ങളിലും പോർട്ടുഗീസുകാർക്കു അധികാരബലം ഉണ്ടായിരുന്നില്ല. ഇങ്ങനെ പോർട്ടുഗീസ് അധികാരസീമകൾക്കു പുറമേയുള്ള പ്രസ്തുത രാജ്യങ്ങളിലെ പള്ളികളിൽനിന്നുകൂടിയും പ്രതിപുരുഷന്മാർ സൂനഹദോസിൽ സംബന്ധിച്ചിരുന്നു എന്നുള്ള യാഥാർത്ഥ്യം സർവ്വജനങ്ങളാലും സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. ആകയാൽ പോർട്ടുഗീസ് ശക്തിയെ ഭയന്നു ഈ പള്ളികളെല്ലാം ദോം മെനേസിസിനു കീഴടങ്ങി എന്നു പറയുന്നതു അബദ്ധമാണെന്നു സിദ്ധിക്കുന്നു. ഖ) പോർട്ടുഗീസുകാർക്കു സൂനഹദോസിൻറെ കാലത്തു കേരളത്തിൽ എത്രമാത്രം ശക്തിയുണ്ടായിരുന്നോ അത്രതന്നെ ശക്തി ഫ്രാൻസിസ്—ലെ ശീശുയുടെ കാലത്തും അവർക്കു ഇവിടെയുണ്ടായിരുന്നു. ഡച്ചുകാർ പറങ്കികളെ കേരളത്തിൽ നിന്നോടിച്ചതു് അതിൽപ്പിന്നെ പത്തു സംവത്സരങ്ങൾ കഴിഞ്ഞശേഷം മാത്രമാണ്. കേരളീയസഭ ദോം മെനേസിസിനു കീഴ്പ്പെട്ടതു് രാജശക്തികൊണ്ടായിരുന്നെങ്കിൽ ഫ്രാൻസിസ്—ലെ ശീശുയുടെ കാലത്തും വിപ്ലവകാരികളെ സാധികാരത്തിൽ വീണ്ടും വരുത്തുന്നതിനായി ആ രാജശക്തിതന്നെ അവർ പ്രയോഗിക്കാതിരുന്നതു എന്തുകൊണ്ടാണ്? അതിനു സർവ്വശക്തിയും അവർ പ്രയോഗിച്ചു; നടന്നില്ലെന്നേയുള്ളു. അമ്പതിൽപരം സംവത്സരങ്ങളിലെ അവരുടെ കടുംകൈപ്രയോഗവും ഭരണദോഷവും ഹേതുവായും അക്കാലത്തെ അക്കിടിയാക്കോൻ, ഗീവറുഗീസ് അക്കിടിയാക്കോനേപ്പോലെ അനുസരിക്കായ്ക നിമിത്തവുമാണ് അവർക്കു അതു സാധിക്കാതെപോയതു. ഈ സംഗതികളെല്ലാം അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്ന സംഭവങ്ങളും തെളിവുകളും കൊണ്ടു ബോധപ്പെടുത്തുന്നതാണ്. ന) ദോം മെനേസിസ് ഗോവയിൽനിന്നു കൊച്ചിയിൽ വന്നിറങ്ങിയ സമയം അക്കിടിയാക്കോനു അയ

ച്ച ക്ഷണം അനുസരിച്ച് അദ്ദേഹത്തെ ചെന്നുകാണുകയും പള്ളിക
ളെ സന്ദർശിക്കുവാൻ അനുവദിക്കയും ചെയ്തു. ഇതു മെത്രാപ്പോലീത്താ
പോർട്ടുഗീസ് പട്ടാളം അയച്ചു അക്കിടിയാക്കോനെ പിടിപ്പിച്ചതുകൊ
ണ്ടല്ലല്ലോ. ആകയാൽ രാജശക്തിമൂലം, കേരളീയ നസ്രാണികളും
അവരുടെ പള്ളികളും പോർട്ടുഗീസുകാർക്കു കീഴ്പ്പെട്ടുപോയെന്നു പ
റയുന്നതു് അബദ്ധമാണെന്നല്ലാതെ മറ്റൊന്നും പറയുവാൻ വഴികാ
ണുന്നില്ല.

൧൫൯൯ മുതൽ ൨൫ സംവത്സരങ്ങളോളം പ്രോട്ടസ്റ്റൻറുമത
പ്രേഷിതന്മാർ (Missionaries) പുത്തൻക്കൂറുകാരുടെ സുറിയാനിപ്പ
ള്ളികളിൽ പ്രസംഗിക്കയും അവരുടെ വകയായ കോട്ടയം സെമിനാ
രിയിലും അവരുടെ നേതൃത്വത്തിലും പുത്തൻക്കൂറുകാർ പഠനം നി
വ്വഹിക്കയും അവരുടെ സാക്ഷ്യങ്ങളോടുകൂടിമാത്രം പട്ടംകൊടുക്കപ്പെട്ട
കയും ചെയ്തിരുന്നു. ൧൬൫൯-ൽ അന്ത്യോക്യായിൽനിന്നു വന്ന മാർ
അത്തനാസ്യോസ് മലയാളംവിട്ടു പോകുവാൻ ഇടയായതു് ആ മത
പ്രേഷിതന്മാരുടെ ശക്തിമൂലം തിരുവിതാംകൂർ ഗവർമ്മേണ്ടു ചെയ്ത നി
ബ്ബന്ധം നിമിത്തമാണ്. എങ്കിലും പുത്തൻക്കൂറുകാർ ഒടുവിൽ അവ
രിൽനിന്നു പിരിഞ്ഞുപോവുകയാണുണ്ടായതു്. ആ രണ്ടുകൂട്ടരുടേയും
മതവിശ്വാസം ഒന്നായിരിക്കാതെ പരസ്പരം വ്യത്യസ്തങ്ങളായ രണ്ടായി
രുന്നതാണു ഇതിന്റെ കാരണം. എന്നാൽ ഉദയമ്പേരൂർ സൂനഹ
ദോസിന്റെ കാലത്തു പോർട്ടുഗീസുകാരുടേയും നസ്രാണികളുടേയും മ
തം ഒന്നായിരുന്നു. അതിനാലാണു് അക്കിടിയാക്കോൻ ദോം മെനേസിസിനു
വഴങ്ങിയതു്. മെനേസിസിനോടു എതിർത്തുനിൽക്കുന്നതിനു അ
ദ്ദേഹത്തിനു മനസ്സുണ്ടായിരുന്നെങ്കിൽ അതു് സാധിക്കുമായിരുന്നു. പ
ട്ടംകൊടുത്തതുകൊണ്ടും മറ്റു ചില കാരണങ്ങളാലും ഏതാനും ചില
പള്ളികളും ജനങ്ങളും മെത്രാപ്പോലീത്തായുടെ ഭാഗത്തു ചേർന്നിന്നു
എന്നു് വരാമായിരുന്നെങ്കിലും അക്കിടിയാക്കോന്റെ ജനസ്വാധീനവും
യോഗ്യതകളും നിമിത്തം ജനങ്ങളിൽ ഭൂരിപക്ഷം അദ്ദേഹത്തോടുകൂ
ടിത്തന്നെ നിൽക്കുമെന്നുള്ളതു് നിസ്സംശയമായിരുന്നു. അദ്ദേഹം മ
ത്സരിക്കാതിരുന്നതു് ഭാവിയിൽ വരുമായിരുന്ന നാശങ്ങളെ ഓർത്തു മാ
ത്രമാണ്. അദ്ദേഹം വളരെ ദൈവഭക്തനും സുശീലനും ഉത്തമ
ത്തോലിക്കനുമായിരുന്നതിനാൽ ഭാവിയിൽ സംഭവിക്കുമായിരുന്ന നാശ
ങ്ങളും കുഴപ്പങ്ങളും തടുക്കുവാൻവേണ്ടിയും തന്റെ ജനങ്ങളുടെ നി
ത്യരക്ഷയെ അപകടത്തിൽ ആക്കാതിരിക്കുവാൻ വേണ്ടിയുമായിരു
ന്നു ദോം മെനേസിസിനു കീഴ്പ്പെട്ടതു്. ൧൭൪൬-ലെ മതവിപ്ല
വത്തിന്റെ അവസരത്തിൽ മലയാളത്തിൽ വന്ന മതപ്രേഷിതനായ
ജോസഫ് സെബസ്ത്യാനി എന്ന കർമ്മലീത്താ വൈദികൻ അതിനുമു
മ്പുതന്നെ ചരമം പ്രാപിച്ചിരുന്ന പ്രസ്തുത അക്കിടിയാക്കോന്റെ ദൈ
വഭക്തിയേയും ഇതരലക്ഷണങ്ങളേയും പറ്റി വളരെ പ്രശംസിച്ചു എ
ഴുതീട്ടുണ്ട്. ആലങ്ങാട്ടുവച്ചു ൧൭ വൈദികന്മാർ ചേർന്നു തോമ്മാ അ
ക്കിടിയാക്കോനെ അസാധുവായും ദൈവദ്രോഹമായും മെത്രാൻപദ

ത്തിൽ സ്ഥാപിച്ച അവസരത്തിൽ കേരളത്തിൽ ചില അത്ഭുത സംഭവങ്ങൾ ഉണ്ടായെന്നും, അങ്കമാലിപ്പള്ളിയിൽ സൂക്ഷിക്കപ്പെട്ടിരുന്ന പ്രസ്തുത അക്കിദിയാക്കോനെറ ഛായാപടം സജീവമായിരുന്നാൽ എന്നകണക്കേ വളരെ വ്യസനഭാവം പ്രദർശിപ്പിച്ചെന്നും പടത്തിനെറ ഈ ഭാവഭേദം കുറേനേരത്തേക്കു ദീർഘിച്ചുനിൽക്കയും പലരും അതിനെ കാണുവാൻ ഇടയാകയും ചെയ്തെന്നും സെബസ്ത്യാനിയുടെ ജീവചരിത്രത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അക്കിദിയാക്കോൻ മെനേസിസിനു വഴങ്ങിയത് അദ്ദേഹത്തിനെറ സൽഗുണങ്ങൾ നിമിത്തമാണെന്നു മുകളിൽ പ്രസ്താവിച്ചതുകൊണ്ടു നസ്രാണികളെ തങ്ങളുടെ അധികാരത്തിനു കീഴ്പ്പെടുത്തേണ്ടതിനായി പോർട്ടുഗീസുകാർ ബലം പ്രയോഗിച്ചിട്ടില്ലെന്നു ഞങ്ങൾ പറയുന്നില്ല. അവർ ബലപ്രയോഗം ചെയ്തിട്ടുണ്ടെന്നു പണ്ടേതന്നെ (അ. ൫൦. ല. ൫൦) ഞങ്ങൾ സമ്മതിച്ചിട്ടുള്ളതാണ്. പക്ഷേ നസ്രാണികളുടെ മതം മാറുന്നതിനായി പോർട്ടുഗീസുകാർ യാതൊന്നും ചെയ്തിട്ടില്ലെന്നും അവരുടെ മതം തങ്ങളുടേതിൽനിന്നു വ്യത്യസ്തമായിരുന്നെങ്കിൽ അതിനെ മാറ്റുവാൻ അവർ എത്രതന്നെ ശ്രമിച്ചാലും സാധിക്കയില്ലായിരുന്നെന്നും മാത്രമാണു ഞങ്ങൾ പറയുന്നതു്.

൫൦. ഇനി നാം പരിശോധിക്കേണ്ടതു് മെനേസിസു മെത്രാപ്പോലീത്താ മലയാളത്തിൽ വന്നതുമുതൽ അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികളുടെ നീതിസ്വഭാവത്തെപ്പറ്റിയാണ്. വൈപ്പിക്കോട്ട സെമിനാരിയിൽവച്ചു് കൽദായ പാത്രിയക്കീസു നെസ്റോറിയനാണെന്നു പ്രസ്താവിക്കയും ആ കാരണത്താൽ അദ്ദേഹത്തിനെറ പേർ വി. കുബ്നാ, കാനോൻജപം ആദിയായ ദിവ്യകർമ്മങ്ങളിൽ മേലാൽ ചൊല്ലിക്കൂടെന്നു് മഹറോൻ ശിക്ഷയിൻകീഴിൽ കല്പിക്കയും, ആ കല്പനയിൽ അക്കിദിയാക്കോൻ മുതലായവരേക്കൊണ്ടു ഒപ്പുവെപ്പിക്കയും ചെയ്തതാണല്ലോ (ല: ൭) അദ്ദേഹത്തിനെറ ഒന്നാമത്തെ പ്രവൃത്തി. മാർ അബ്രാഹത്തിനെറ മേലാവായ പാത്രിയക്കീസു കത്തോലിക്കനായിരുന്നെന്നും അദ്ദേഹം സ്വന്ത വിശ്വാസത്തെ പ്രദർശിപ്പിച്ചു് റോമാ മാപ്പാപ്പായിക്കു എഴുതി അയച്ചിട്ടുണ്ടെന്നും അക്കിദിയാക്കോനെത്രാനായി അഭിഷേചിക്കുന്നതിനു അദ്ദേഹം മാർ അബ്രാഹത്തിനു നൽകിയ അനുമതി മാപ്പാപ്പാ അംഗീകരിച്ചിട്ടുള്ളതാണെന്നും ക്രൂവൃ—ൽ ഗോവയിൽ സമ്മേളിച്ച പ്രാദേശിക സൂനഹദോസ് പ്രസ്തുത പാത്രിയക്കീസ് കത്തോലിക്ക വിശ്വാസിയാണെന്നു സാക്ഷിച്ചിട്ടുണ്ടെന്നും മാർ അബ്രാഹത്തിനേറയും അദ്ദേഹത്തിനെറ പുരോഗാമിയായ മാർ യൌസേപ്പിനേറയും പാത്രിയക്കീസുമാർ കത്തോലിക്കാ മതാവലംബികളായിരുന്നെന്നും മലങ്കരസഭ അവക്കാണ് അധീനയായിരുന്നതെന്നുമുള്ള വസ്തുതകൾ ൫൦—ാം അദ്ധ്യായത്തിൽ മതിയായ ലക്ഷ്യങ്ങളേക്കൊണ്ടു ഞങ്ങൾ സ്ഥാപിച്ചിട്ടുള്ളതാണ്. ഈ പാത്രിയക്കീസിനെയാണ് ഭോം മെനേസിസ് നെസ്റോറിയനെന്നു വിളിക്കുന്നതു്. ഇദ്ദേഹത്തിനെറ നാമമാണ് ദിവ്യകർമ്മങ്ങളിൽ ഉച്ചരിക്കുകൂടെന്നു മഹറോൻ ശിക്ഷയി

ൻകീഴിൽ അദ്ദേഹം വിരോധിക്കുന്നതു്. ഇതു് അധികാരം കടന്നുള്ള ഒരു പ്രവൃത്തിയാണെന്നു പറയുന്നതിനുപ്പാൻ നിവൃത്തിയില്ല. പാത്രിയക്കീസ് നെസ്തോറിയനാണെന്നു വിധിക്കുന്നതിനുള്ള അധികാരം റോമാ മാപ്പാപ്പായിലാണു സ്ഥിതിചെയ്യുന്നതു്. അദ്ദേഹം അങ്ങനെ വിധിച്ചിട്ടില്ല. പാത്രിയക്കീസിന്റെ നാമം ദിവ്യകർമ്മങ്ങളിൽ ചൊല്ലിക്കൂടെന്നു അദ്ദേഹം വിലക്കീട്ടുമില്ല. ആകയാൽ മേൽപ്പറഞ്ഞവിധം ഒരു കല്പനയുണ്ടാക്കി, അതിൽ അക്കിടിയാക്കോൻ മുതൽപേരേക്കൊണ്ടു ഒപ്പുവെപ്പിച്ച മെനേസിസിന്റെ പ്രവൃത്തി തെറ്റും അസാധുവുമാണ്.

മെത്രാപ്പോലീത്തായുടെ രണ്ടാമത്തെ പ്രവൃത്തി പട്ടംകൊടുത്തതാണ്. മാപ്പാപ്പായിൽനിന്നു് അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന അധികാരം മാർ അബ്രാഹത്തിന്റെ സ്ഥാനത്തിൽ കാനോൻ നിയമപ്രകാരം വേറൊരാൾ നിയമിക്കപ്പെടുന്നതുവരെ അങ്കമാലി ഇടവകയെ ഭരിക്കേണ്ടതിനു ലത്തീൻകാരനായ ഒരു വൈദികനെ നിശ്ചയിക്കുവാനായിരുന്നു എന്നു് മുകളിൽ (ല. ന്നു) പ്രസ്താവിച്ചിട്ടുണ്ട്. ഇങ്ങനെ നിയമിക്കപ്പെടുന്നയാൾ പട്ടം കൊടുത്തുകൂടെന്നു തിരുമനസ്സുകൊണ്ടു പ്രത്യേകിച്ചു വിരോധിച്ചിട്ടുമുണ്ടായിരുന്നു. ഈ സ്ഥിതിക്കു അദ്ദേഹത്തിനാകട്ടെ അങ്കമാലി ഇടവകയുടെ ഭരണത്തിനായി അദ്ദേഹം നിയമിക്കുന്ന മറ്റാരെങ്കിലുമാകട്ടെ പട്ടംകൊടുക്കുവാൻ പാടുണ്ടായിരുന്നില്ല. മാത്രമല്ല, പട്ടംകൊടുക്കുക മുതലായ അധികാരപ്രവൃത്തികൾ ചെയ്തുയില്ലെന്നു് അദ്ദേഹം അക്കിടിയാക്കോനോടു രേഖാമൂലം ഉടമ്പടി ചെയ്തിട്ടുമുണ്ടായിരുന്നു. (ല. ൬) ഇതുകൾക്കെതിരായി അദ്ദേഹം വളരെ ആളുകൾക്കു പട്ടംകൊടുത്തതു് ഉടമ്പടിലംഘനവും മാപ്പാപ്പായുടെ കല്പനയ്ക്കു വിരോധവുമായിത്തീർന്നെന്നു പറയാതെ കഴിവില്ല.

ദോം മെനേസിസ് ആവശ്യപ്പെട്ട പത്തു സംഗതികൾക്കു് അക്കിടിയാക്കോൻ സമ്മതിച്ചതായി ഇതിനുമുമ്പു (ല. ൬) പ്രസ്താവിച്ചുവല്ലോ. ഗോവേയാ, റോലിൻ ആദിയായ പോർട്ടുഗീസ് ഗ്രന്ഥകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ അവയിൽ – ഒന്നാമത്തെ സംഗതി നെസ്തോറിയസ്, ദിയൊദോറസ്, തെയൊദോറസ് എന്നിവരുടെ അബദ്ധങ്ങളെ പരിത്യജിക്കണമെന്നും അവർ നിത്യനരകാഗ്നിയിൽ വേകുന്നുവെന്നു സമ്മതിക്കണമെന്നുമാണ്. തെയോദോറസാകട്ടെ തിരുസഭയുടെ ഐക്യത്തിൽ മരണംപ്രാപിച്ചെന്നു സഭാചരിത്രവും മെനേസിസിനെ ആദരിക്കുന്ന റോലിൻതന്നെയും പ്രസ്താവിക്കുന്ന സ്ഥിതിക്കു് അദ്ദേഹം നരകാഗ്നിയിൽ വേകുന്നുവെന്നു സമ്മതിക്കുവാൻ മെനേസിസ് അക്കിടിയാക്കോനെ നിർബ്ബന്ധിച്ചതു് അതിരുകടന്ന പ്രവൃത്തിതന്നെ. ഉടയമ്പ്രർ സൂനഹദോസിൽ ചെയ്ത വിശ്വാസസത്യത്തിന്റെ വാചകത്തിൽ നെസ്തോറിയസ് മുതലായവരേയും അവരുടെ അബദ്ധോപദേശങ്ങളേയും ശപിക്കുന്നു എന്നുകൂടി ചേർത്തിരുന്നതിനാൽ നസ്രാണികൾ വിശ്വാസസത്യസമയത്തു അതിനെതിരായി വാദിക്കുയും തങ്ങൾ ക്രിസ്ത്യാനികളാണെന്നും അതിനാൽ അങ്ങനെ ഒരു കാര്യംകൂടി ചേർക്കേണ്ട ആവശ്യമില്ലെന്നു പ്ര

സ്ഥാപിക്കയും ചെയ്ത സംഗതി മുകളിൽ (ല. ൫) പറഞ്ഞിട്ടുള്ളതല്ലോ. തദവസരത്തിൽ നസ്രാണികളെ സമാധാനപ്പെടുത്തുവാനായി മെത്രാപ്പോലീത്താ പറഞ്ഞത് ശൈശവം തുടങ്ങിത്തന്നെ ക്രിസ്ത്യാനിയും പൌരസ്ത്യദേശങ്ങളുടെ പിതാവും മതാദ്ധ്യക്ഷനുമായ താൻതന്നെ ഒന്നാമനായി അതേ വിശ്വാസസത്യം ചെയ്തിരിക്കുന്നെന്നും അവരും തന്നെ അനുകരിച്ച് ആ വിശ്വാസസത്യംതന്നെ ചെയ്താൽ മതിയെന്നുമാണ്. ആകയാൽ നെസ്തോറിയസ് മുതലായവരെ ഉപേക്ഷിക്കണമെന്ന മെത്രാപ്പോലീത്താ അക്കിദിയാക്കോനോട് ആവശ്യപ്പെട്ടത് അനാവശ്യമായിപ്പോയി. അങ്ങനെയുള്ള ഒരു വിശ്വാസസത്യം ചെയ്വാൻ അദ്ദേഹത്തിന് എന്താവശ്യമുണ്ടായിരുന്നോ അതേ ആവശ്യമേ ഈ സംഗതിയിൽ അക്കിദിയാക്കോന്നു ഉണ്ടായിരുന്നുള്ളു.

വി. പത്രോസിനും വി. തോമ്മായിക്കും വ്യത്യസ്തങ്ങളായ രണ്ടു പ്രമാണങ്ങൾ ഇല്ലെന്നും ഭൂലോകമൊക്കെയിലും ശ്ലീഹന്മാർ പ്രസംഗിച്ചതായ കത്തോവിന്റെ പ്രമാണം ഒന്നുമാത്രമാണെന്നും സഭയുമേ സമ്മതിക്കയും മെത്രാപ്പോലീത്തായോടുകൂടി പോകുന്ന സ്ഥലങ്ങളിലെല്ലാം ജനങ്ങളോട് അതു പരസ്യമായറിയിക്കയും ചെയ്യണമെന്നുള്ളതാണ് രണ്ടാമത്തെ സംഗതി. ഇവിടെ മെനേസിസ് മെത്രാപ്പോലീത്താ ദൈവപ്രമാണത്തെയും വി. ശ്ലീഹന്മാർ ഓരോ ദേശങ്ങളിൽ സ്ഥാപിച്ച രീത്തു സംബന്ധമായ പ്രമാണങ്ങളേയും തമ്മിൽ കൂട്ടിക്കലർത്തിപ്പറയുന്നതു അദ്ദേഹം ചെയ്തിട്ടുള്ള അനവധി അബദ്ധങ്ങളിൽ പ്രധാനമായ ഒന്നാണ്. വി. ശ്ലീഹന്മാർ ലോകത്തിൽ സകലത്തും പ്രസംഗിച്ച വിശ്വാസവും ദൈവകല്പനകളും ഒന്നുതന്നെയാണെന്നും അവ പരസ്പരം വ്യത്യസ്തങ്ങളല്ലെന്നും നസ്രാണികൾ അറിഞ്ഞിരുന്നു. ഈ അറിവു അവർക്കുണ്ടായിരിക്കയും തദനുസാരം അവർ പ്രവർത്തിക്കയും ചെയ്തിരുന്നതുകൊണ്ടും ആ സംഗതികളിൽ മെനേസിസും അവരും തമ്മിൽ ഭേദമില്ലാതിരുന്നതുകൊണ്ടുമാണ് അദ്ദേഹം അവരുടെ പള്ളികളിൽകയറി പ്രസംഗിക്കുന്നതിനും കുർബാന മുതലായ ദിവ്യകർമ്മങ്ങൾ നടത്തുന്നതിനും അവരുടെ ബാലന്മാർക്കു മുമ്പിലത്തെ ഒപ്പീശാ, പട്ടം ആദിയായ ക്രിയാശകൾ കൊടുക്കുന്നതിനും ഇടയായതു്. ആകയാൽ തോമ്മായുടേയും പത്രോസിന്റേയും പ്രമാണമെന്നു നസ്രാണികൾ പറഞ്ഞിരുന്നതിനെ ദൈവപ്രമാണമെന്നു മെനേസിസ് മനസ്സിലാക്കിയതു വിശേഷതന്നെ. കൽദായരീത്തിനെ തോമ്മായുടെ പ്രമാണമെന്നും ലത്തീൻ രീത്തിനെ പത്രോസിന്റെ പ്രമാണമെന്നുമാണ് അവർ അഭിധാനം ചെയ്തിരുന്നതു്. വി. തോമ്മാശ്ലീഹായാൽ സ്ഥാപിതമായ തങ്ങളുടെ കൽദായ രീത്തിലെ ക്രമങ്ങളെ ഉൻമൂലനം ചെയ്യുന്നതു ശരിയല്ലെന്നും അതുകളെ ആദരിച്ചു നിലനിറുത്തേണ്ടതിന്നായി കൽദായ മതാദ്ധ്യക്ഷന്മാർതന്നെ തങ്ങളെ ഭരിക്കണമെന്നും മാത്രമായിരുന്നു നസ്രാണികളുടെ വാദം. ഗ്രീക്ക്, കൽദായ മുതലായ രീത്തുകളും അവയിലെ ക്രമങ്ങളും ശ്ലീഹന്മാരാൽതന്നെ സ്ഥാപിതങ്ങളാണ്. കാലാന്തരത്തിൽ കൂട്ടത്തലായ വല ക്രമങ്ങളും അവയിൽ പ്രവേശിച്ചിട്ടില്ലെന്നില്ല. പ

ക്കേ അവയെല്ലാം ശ്ലീഹന്മാരുടെ അനന്തരഗാമികളായ പിതാക്കന്മാരാൽതന്നെ വ്യവസ്ഥാപിതങ്ങളുമാണ്. ആകയാൽ റീത്തിനെ സംബന്ധിച്ചു നസ്രാണികൾ പറഞ്ഞിരുന്നവയെല്ലാം. ദൈവപ്രമാണത്തോടു മിശ്രമാക്കിപ്പറയുകയും അങ്ങനെ ജനങ്ങളോടു് ഉപദേശിക്കുന്നതിനു് അക്കിദിയാക്കോനെ നിബ്ബന്ധിക്കയും ചെയ്തു മെനേസിസിന്റെ പ്രവൃത്തി അബദ്ധമായിപ്പോയി.

ക്രിസ്തുമതത്തിന്റെ ആരംഭംമുതൽതന്നെ നസ്രാണികൾ അനുസരിച്ചുവന്നിരുന്ന വി. തോമ്മായുടെ പ്രമാണങ്ങളെ മെനേസിസ് മെത്രാപ്പോലീത്തായുടെ നിബ്ബന്ധംമൂലം വിട്ടുപേക്ഷിക്കേണ്ടിവന്നതു് അവക്കു് എത്രയധികം വ്യസനകാരണമായിരുന്നെന്നു സൂനഹദോസു കഴിഞ്ഞ ഉടനെ നടന്നിട്ടുള്ള ചില സംഭവങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടു്. (കൽദായ ആചാരങ്ങളും നടപടികളും മാറിക്കിട്ടിയതിനെപ്പറ്റി വി. പത്രോസും വി. തോമ്മായും തമ്മിൽ വാദം നടന്നതായി നസ്രാണികൾ ഒരു നാടകം രചിക്കയും പാലൂർ മുതലായ പല പള്ളിക്കാർ അതിനെ അഭിനയിക്കയും ചെയ്തു സംഗതി ഇതിലേയ്ക്കു ഒരു ദൃഷ്ടാന്തമാണ്.)

അക്കിദിയാക്കോൻ മെത്രാപ്പോലീത്തായുടെ അടുക്കൽ വിശ്വാസസത്യം ചെയ്യണമെന്നും അതു് അങ്കമാലിയുടെ ഗവർണരായി അദ്ദേഹത്തെ നിയമിച്ചപ്പോൾ ഗോവയിൽനിന്നു അറിയിച്ചിരുന്ന രീതി അനുസരിച്ചായിരിക്കണമെന്നുമുള്ളതാണ് പ്രസ്തുത പത്തു സംഗതികളിൽ മൂന്നാമത്തേതു്. മാർ അബ്രാഹത്തിന്റെ ചരമാനന്തരം അങ്കമാലി മഹാ ഇടവകയെ ഭരിക്കേണ്ടുന്നതിനു് ലത്തീൻകാരനായ ഒരു വൈദികനെ ഗവർണരായി നിയമിക്കുവാനുള്ള അധികാരമാണ് ദോം മെനേസിസിനു് മാപ്പിപ്പാ കൊടുത്തിരുന്നതെന്നു് ഇതിനുമുമ്പു കണ്ടുവല്ലോ. അതിനല്ലാതെ പകരം അക്കിദിയാക്കോനെ നിയമിക്കുന്നതിനു് അദ്ദേഹത്തിനു അധികാരമുണ്ടായിരുന്നില്ല. ആകയാൽ മാപ്പിപ്പായുടെ കല്പനയ്ക്കു വിരോധമായി അദ്ദേഹം ചെയ്ത നിയമനത്തെ അക്കിദിയാക്കോൻ സ്വീകരിച്ചു് വിശ്വാസസത്യം ചെയ്യണമെന്നു നിബ്ബന്ധിച്ചതു ന്യായാനുസൃതമായ ഒരു പ്രവൃത്തിയല്ല.

അക്കിദിയാക്കോന്റെ സ്ഥാനവും പരേതന്മാരായ മെത്രാപ്പോലീത്താമാരുടെ വകയും സുറിയാനിക്കാരുടെ കൈവശമുള്ളതുമായ എല്ലാ ഗ്രന്ഥങ്ങളും, തിരുത്തുവാൻ നിവൃത്തിയുള്ളവ തിരുത്തുന്നതിനായും ശേഷമുള്ളവ ദഹിപ്പിക്കേണ്ടതിനായും ഏൽപ്പിച്ചുകൊള്ളണമെന്നാണ് നാലാമത്തെ സംഗതിയുടെ താല്പര്യം. പൌരസ്ത്യ സഭകളുടെ റീത്തുസംബന്ധമായ പുസ്തകങ്ങളെ പരിശോധിക്കുന്നതിനുള്ള അധികാരം മാപ്പിപ്പായിലല്ലാതെ മെനേസിസിലല്ല സ്ഥിതിചെയ്തിരുന്നതു്. ഈ ഗ്രന്ഥസംസ്കാരത്തിൽ മെനേസിസ് അസംഖ്യം തെറ്റുകൾ ചെയ്വാൻ ഇടയായിട്ടുണ്ട്. കൽദായ സഭയുടെ ആചാരങ്ങളും നടപടികളും സംബന്ധിച്ചു് ദോം മെനേസിസിനു യാതൊരറിവും ഇല്ലായിരുന്നതിനാൽ ലത്തീൻസഭയുടെ ആചാരങ്ങളോടും നടപടി

കളോടും യോജിക്കാതേയും അവക്കു വിരോധമായും സുറിയാനി പുസ്തകങ്ങളിൽ കണ്ടതെല്ലാം മൊസ്സോറിയൻ പതിപ്പും അതിനെ ആദരിക്കുന്നവയുമാണെന്നു തീർച്ചയാക്കുകയും പരിശുദ്ധന്മാരായ അനവധി ആളുകളെ പാഷണ്ഡരെന്നും നരകാഗ്നിയിൽ വേകുന്നവരെന്നും വിധിക്കയും ചെയ്വാൻ സംഗതിയായി. മാത്രമല്ല, ചരിത്രസംബന്ധമായും മറ്റുമുള്ള അസംഖ്യം പുസ്തകങ്ങളെ ദഹിപ്പിച്ചുകളവാനും ഇടവന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥസംസ്കാരം അടിയോടെ പിഴുപോയെന്ന് പത്തും പതിനൊന്നും അദ്ധ്യായങ്ങളിൽ ഞങ്ങൾ തെളിയിച്ചിട്ടുണ്ട്. ഈ പുസ്തകപരിശോധനമൂലം മലങ്കരസഭയ്ക്കു വന്നുകൂടിയിരിക്കുന്ന നഷ്ടം സീമാതീതമാണ്. മെനേസിസ് മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ പാർശ്വവർത്തികളും ഈ വിഷയത്തിൽ മഹാബദ്ധം പ്രവർത്തിച്ചെന്നു ലോകചരിത്രത്തിലും സഭാചരിത്രത്തിലും പുരുഷാന്തരങ്ങൾതോറും പ്രസ്താവിക്കപ്പെടുന്നതിനു ഇടയായും തീർന്നിരിക്കുന്നു.

മാപ്പ്രാപ്പായിക്കു കീഴ്പ്പെടുന്നെന്ന് അക്കിയാക്കോൻ ശപഥപൂർവ്വം വാഗ്ദാനം ചെയ്യണമെന്നും അദ്ദേഹത്തിനു കീഴ്പ്പെടുവാൻ എല്ലാവർക്കും കടമയുള്ളതും, അങ്ങനെ ചെയ്യാത്തവർ നിത്യരക്ഷയുടെ മാർഗ്ഗത്തിൽനിന്നു അകന്നിരിക്കുന്നതുമാണെന്ന് അദ്ദേഹം സമ്മതിക്കണമെന്നുമാണ് അഞ്ചാമത്തെ സംഗതിയിൽ പറയപ്പെടുന്നത്. ഈ വിധം ഒരു സത്യം ചെയ്യണമെന്നു മെത്രാപ്പോലീത്താ അക്കിയാക്കോനെ നിബ്ബന്ധിച്ചതു അദ്ദേഹം അതുവരെ മാപ്പ്രാപ്പായിക്കു വഴങ്ങാതിരുന്നതുകൊണ്ടല്ല; തന്റെ ഉദ്ദേശ്യം സാധിക്കേണ്ടതിനായിട്ടു മാത്രമായിരുന്നു എന്നുള്ളതിലേക്കു ചില ദൃഷ്ടാന്തങ്ങളെ ഇവിടെ കാണിക്കാം. ൧) മെനേസിസ് മലയാളത്തിൽ വരുന്നതിനുമുമ്പു് അക്കിയാക്കോൻ മുതൽപേർ അങ്കമാലിയിൽ ഒരു സൂനഹദോസു കൂടിയെന്നും മാപ്പ്രാപ്പാ തങ്ങൾക്കു ഒരു സുറിയാനി മെത്രാനെ നിയമിച്ചയക്കുന്നതായാൽ അദ്ദേഹത്തെ സ്വീകരിച്ചുകൊള്ളാമെന്നു തീർച്ചയാക്കിയെന്നും അദ്ദേഹം (മെനേസിസ്) തന്നെ സമ്മതിച്ചു പറയുന്നുണ്ട്. (അ. ൫൦. ല ൫൯) മാത്രമല്ല, അക്കിയാക്കോൻ തുടങ്ങിയുള്ളവർ മാപ്പ്രാപ്പായുടെ പരമാധിപത്യത്തെ സ്വീകരിച്ചു് തദനുസാരം പ്രവർത്തിച്ചുവന്നവരാണെന്നുള്ളതിലേക്കു് അനവധി ലക്ഷ്യങ്ങൾ പത്താം അദ്ധ്യായത്തിൽ ഞങ്ങൾ കാണിച്ചിട്ടുള്ളതുമാണ്. ഈ സ്ഥിതിക്കു മാപ്പ്രാപ്പായിക്കു വഴങ്ങുന്നതിനു് മെനേസിസ് മെത്രാപ്പോലീത്താ ഇപ്പോൾ അക്കിയാക്കോനെ നിർബ്ബന്ധിക്കുന്നതിന്റെ അർത്ഥമെന്താണ്? ൨) പാത്രിയർക്കീസിന്റെ നാമം ഉച്ചരിച്ചുകൂടെന്നു കീഴ്ക്കുർബ്ബാനയിൽ കീഴ്മഹറോൻ ശിക്ഷയിൻകീഴ് അക്കിയാക്കോനോടു വൈപ്പിക്കോട്ടിൽവച്ചു മെത്രാപ്പോലീത്താ കല്പിച്ചുകയുണ്ടായി. അദ്ദേഹം ഇങ്ങനെ കല്പിച്ചതു എന്തുകൊണ്ടാണ്? അക്കിയാക്കോൻ മാപ്പ്രാപ്പായുടെ പരമാധികാരത്തെ സ്വീകരിച്ചു് അദ്ദേഹത്തിന്റെ ആജ്ഞകളെ അനുവർത്തിച്ചിരുന്നതുകൊണ്ടുതന്നെ. അങ്ങനെയെങ്കിൽ ഇപ്പോൾ അതിനാ

യി സത്യംചെയ്യണമെന്നു നിബ്ന്ധിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? അക്കിടിയാക്കോൻ മാപ്പാപ്പായെ സ്വീകരിക്കാത്ത ഒരാൾ ആയിരുന്നെങ്കിൽ ദോം മെനേസിസ് മഹറോൻ ശിക്ഷയിൻകീഴിൽ അദ്ദേഹത്തോട്ട കല്പിക്കയും അദ്ദേഹം ആ കല്പനയെ അനുസരിക്കയും ചെയ്യുമെന്തിനെന്ന്? മാപ്പാപ്പായിക്കു കീഴ്പ്പെടുന്നു എന്നു സത്യം ചെയ്യണമെന്നും ജനങ്ങളും ആവിധം ചെയ്യാൻ അവരെ അറിയിക്കണമെന്നും അക്കിടിയാക്കോനോട്ട മെനേസിസ് ആവശ്യപ്പെട്ടതിന്റെ ഉദ്ദേശം എന്തായിരുന്നു എന്നു പറയാം. കൽദായ പാത്രിയക്കീസിന്റെ അധികാരം മലങ്കരസഭയിൽ ഉൻമൂലനംചെയ്തു ഒരു പോർട്ടുഗീസ് മെത്രാനെ ആ സഭയ്ക്കു നിയമിക്കണമെന്നും നസ്രാണികളെ അദ്ദേഹത്തിനു കീഴ്പ്പെടുത്തണമെന്നും മെത്രാപ്പോലീത്താ കരുതിയിരുന്നു. നസ്രാണികൾ അതിനു സമ്മതിച്ചിരുന്നു എന്നു റോമയിൽ ബോധപ്പെട്ടത്താൽ അതു സാധിക്കുവാൻ എളുപ്പമുണ്ടായിരുന്നില്ല. ഈ ഉദ്ദേശസാദ്ധ്യത്തിനായിട്ടായിരുന്നു അക്കിടിയാക്കോൻ ഇങ്ങനെ ഒരു സത്യം ചെയ്യണമെന്നു മെത്രാപ്പോലീത്താ ആവശ്യപ്പെട്ടത്.

ആറാമത്തെ സംഗതി നെസ്തോറിയൻ പാഷണ്ഡനും ശീശ്മക്കാരനും റോമാസഭയോട മത്സരിക്കുന്നവനുമായ ബാബേൽ പാത്രിയക്കീസിനെ ശപിക്കുന്നെന്നും അദ്ദേഹത്തെ അനുസരിക്കയോ അദ്ദേഹത്തോട്ട് ഇടപെടുകയോ കൂട്ടുകെട്ടുകൾ ഉണ്ടാകയോ എഴുത്തുകൾ അയയ്ക്കയോ കൈപ്പറ്റുകയോകൂടി ചെയ്കയില്ലെന്നും വാഗ്ദാനം ചെയ്യണമെന്നുള്ളതാണ്. അക്കിടിയാക്കോനേക്കൊണ്ട മെനേസിസ് ഈവിധം ഒരു സത്യം ചെയ്യിച്ചത് അദ്ദേഹത്തിന്റെ അധികാരം കവിഞ്ഞുള്ള ഒരു പ്രവൃത്തിയാണെന്ന് ഇതുവരെ ഇവിടെ പറഞ്ഞിട്ടുള്ള സംഗതികൾകൊണ്ടും ഇതിനുമുമ്പു പലേ അദ്ധ്യായങ്ങളിലായി എടുത്തുകാണിച്ചിട്ടുള്ള ലക്ഷ്യങ്ങൾകൊണ്ടും പ്രസ്പഷ്ടമാകുന്നു. മാത്രമല്ല, മെനേസിസിന്റെ പൂർവ്വഗാമിയായ ഗോവ മെത്രാപ്പോലീത്തായും പോർട്ടുഗീസുകാരായ മറ്റു പല മെത്രാന്മാരും ക്രിസ്തുവർഷം ൧൬൦൦-ൽ ഗോവയിൽ നടത്തിയ സൂനഹദോസിന്റെ വിധികൾക്കു ഇതു പ്രതിക്കൂലവുമാണ്.

ബാബേൽ പാത്രിയക്കീസ് നെസ്തോറിയൻ അല്ലായിരുന്നെന്നും ആ പതിതപദം അദ്ദേഹത്തിന്റെമേൽ മെനേസിസ് മെത്രാപ്പോലീത്താ ആരോപിച്ചത് സ്വാഭിപ്രായത്തെമാത്രം ആസ്പദമാക്കിയായിരുന്നെന്നും ഉള്ളതിലേക്കു വേറെയും തെളിവുകളുണ്ട്. ഉദയംപേരൂർ സൂനഹദോസിൽ ചെന്നു സംബന്ധിക്കുന്നതിനു വൈദികരേയും ലൗകികരേയും ക്ഷണിക്കുന്നതായി മെനേസിസ് മെത്രാപ്പോലീത്താ ക്രമൻ മെയ് മാസം ൨൨-ാം തീയതി അയച്ച പരസ്യസന്ദേശത്തിൽ (Vide Raulin P. 61) ബാബേൽ പാത്രിയക്കീസും അദ്ദേഹം അയച്ചിട്ടുള്ള മെത്രാന്മാരുമെല്ലാം ഇടത്തുട്ടുകാരും ശീശ്മക്കാരും നെസ്തോറിന്മാരുമാണെന്നും, ആകയാൽ അവരെ മലങ്കരസഭയിൽ പ്രവേശിപ്പിക്കരുതെന്നും എട്ടാമത്തെ ക്ലമൻറു മാപ്പാപ്പാ ക്രമൻ

(ക്ലെൻര് എന്ന റോലിൻ പറയുന്നതു ശരിയല്ല.) ജനുവരി ൨൦–ാം തീയതിയും, ക്ലെൻറെ ജനുവരി ൨൫–ാം തീയതിയും അയച്ച തിരുവെഴുത്തുകളിൽ തന്നോട കല്പിച്ചിട്ടുണ്ടെന്നു മെത്രാപ്പോലീത്താ പറയുന്നു. ആ രണ്ടു തിരുവെഴുത്തുകളിലും "ഇങ്ങനെ ഒരു കല്പന ഇല്ലെന്നുള്ള വസ്തുത മേൽ പത്താം അദ്ധ്യായം ൧൭, ൧൯ ലക്കങ്ങളിൽ ഞങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. ആകയാൽ കൽദായ പാത്രിയക്കീസ് നെസ്റോറിയനാണെന്നു സമ്മതിക്കയും സത്യം ചെയ്കയും ചെയ്യണമെന്നു ദോം മെനേസിസ് അക്കിദിയാക്കോനോട ആവശ്യപ്പെട്ടതു് യാതൊരുവിധേനയും നീതീകരിക്കപ്പെടാവുന്ന ഒരു പ്രവൃത്തിയല്ല.

മാപ്പ്രപ്പാ നിയമിക്കുന്നതും ഗോവ മെത്രാപ്പോലീത്താ സ്വീകരിക്കുന്നതുമായ മെത്രാന്മാരെയല്ലാതെ യാതൊരു മെത്രാനെയോ മതാദ്ധ്യക്ഷനേയോ മലങ്കരസഭയിൽ സ്വീകരിക്കയില്ലെന്നു മെനേസിസിനോട സത്യംചെയ്യണമെന്നുള്ളതാണ് ഏഴാമത്തെ സംഗതി. സൂനഹദോസിൽ ചേയ്യപ്പെട്ട വിശ്വാസസത്യത്തിൽ ഈ കാര്യംതന്നെ കുറേക്കൂടി തെളിവായി പറഞ്ഞിട്ടുണ്ട്. റോമാ മാപ്പ്രപ്പാ നേരിട്ട (Immediate) നിയമിക്കുന്ന മെത്രാനെ, ബാബേൽ പാത്രിയക്കീസിനെയാതൊരുവിധത്തിലും ആശ്രയിക്കാതെയും അദ്ദേഹത്തിൻറെ സമ്മതമോ നിയമനമോ നോക്കാതെയും (Omnino indepenter, nulloque expectanto consensu, aut nominatione a Patriarcha Babyloniço) സ്വീകരിക്കണമെന്നാണ് അവിടെ പ്രസ്താവിച്ചിരിക്കുന്നത്. (Ranlin P. 72) ഇതു പാത്രിയക്കീസിന് മലങ്കരസഭയിന്മേലുള്ള അധികാരം നിശ്ശേഷം നീക്കി പോർട്ടുഗീസ് മെത്രാന്മാരിൽ അതിനെ പ്രതിഷ്ഠിക്കുന്നതിനുള്ള ഒരു പന്ഥാവാകുന്നുവെന്നു സുസ്പഷ്ടമാകയാൽ ഇതിനെപ്പറ്റി അധികമൊന്നും പറയേണ്ട ആവശ്യമില്ല. മാപ്പ്രപ്പാ നിയമിക്കുന്ന മെത്രാനെപ്പോലും ഗോവ മെത്രാപ്പോലീത്താ സ്വീകരിച്ചേ മതിയാവൂ എന്നു ആവശ്യപ്പെടുന്നതു് അധികാരംകടന്നുള്ള ഒരു പ്രവൃത്തിയാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ലല്ലോ.

എട്ടാമത്തെ സംഗതി, ഗോവ മെത്രാപ്പോലീത്താ തൻറെ വാസുവികനും നിയമാനുസൃതനുമായ മേലാവാണെന്നും വി. സിംഹാസനത്തിൻറെ പ്രതിപുരുഷൻ എന്ന നിലയിൽ അദ്ദേഹത്തിന് അധികാരമുണ്ടെന്നും സ്വന്തമായി ഒരു മെത്രാൻ നിയമിക്കപ്പെടുന്നതുവരെ അദ്ദേഹത്തിൻറെ കല്പനകളെ അനുസരിച്ചുകൊള്ളാമെന്നും അക്കിദിയാക്കോൻ ശപഥംചെയ്യണമെന്നുള്ളതുതന്നെ. ഇതു ഒരു പോർട്ടുഗീസ് മെത്രാനെ മലങ്കരസഭ സ്വീകരിക്കേണ്ടുന്നതിനായി മെത്രാപ്പോലീത്താ കല്പിക്കുന്നതെന്തോ അതൊക്കെയും ചെയ്തുകൊള്ളാമെന്ന് അക്കിദിയാക്കോനേക്കൊണ്ട സമ്മതിപ്പിക്കുവാൻ ഉദ്ദേശിച്ചു ചെയ്തിച്ച ഒരു സത്യമാണെന്നു സ്പഷ്ടമാകയാൽ തത്സംബന്ധമായി അധികമൊന്നും പറയുവാൻ കരുതുന്നില്ല.

മെത്രാപ്പോലീത്താ നിശ്ചയിക്കുന്ന സ്ഥലത്തു സൂനഹദോസു കൂടുന്നതിനും സകല വൈദികന്മാരും തെരഞ്ഞെടുക്കപ്പെട്ട ജനങ്ങ

ളും അതിൽ സംബന്ധിക്കുന്നതിനുമായി ഓലകളും കല്പനകളും അയക്കാമെന്നും സൂനഹദോസിൽ നിഗ്ഗ്രയിക്കപ്പെട്ടവയെല്ലാം വിശ്വാസപൂർവ്വം അനുസരിക്കാമെന്നും സത്യംചെയ്യണമെന്നുള്ളതാണ് ഒമ്പതാമത്തെ സംഗതി. ഇതു് അങ്കമാലിക്കു സ്വന്തമായി ഒരു മെത്രാൻ നിയമിക്കപ്പെട്ടതുവരെ സകല സംഗതികളും തന്റെ ഹിതം അനുസരിച്ചു പ്രവർത്തിച്ചുകൊള്ളാമെന്നു് അക്കിയാക്കോനെക്കൊണ്ടു മെത്രാപ്പോലീത്താ ശപഥപൂർവ്വം സമ്മതിപ്പിച്ച എട്ടാമത്തെ സംഗതിയുടെ ഒരു തുടർച്ച മാത്രമാണ്. മെനേസിസ് കരുതിയിരുന്ന കാര്യങ്ങളെല്ലാം വള്ളിപുള്ളികൾക്കുപോലും അണുഭേദമെങ്കിലും വരാതെ നടത്തുവാനും അവയ്ക്കു യാതൊരു പ്രതിബന്ധവും നേരിടാതിരിക്കുവാനുംവേണ്ടിയാണ് സൂനഹദോസിൽ നിഗ്ഗ്രയിക്കപ്പെട്ടവയെല്ലാം വിശ്വാസപൂർവ്വം അനുസരിച്ചുകൊള്ളാമെന്നു അക്കിയാക്കോനെക്കൊണ്ടു സത്യംചെയ്യിച്ചതു്. ക്രിസ്മതത്തിന്റെ ആരംഭം മുതൽ സാവ്രുതികന്മാരും പ്രാദേശികങ്ങളുമായി അനവധി സൂനഹദോസുകൾ ഉണ്ടായിട്ടുണ്ടു്. അവയിൽ ഒന്നിലെങ്കിലും, നിഗ്ഗ്രയിക്കപ്പെട്ടസംഗതികളെ സ്വീകരിച്ചുകൊള്ളാമെന്നു് അതിൽ സംബന്ധിക്കാതിരുന്നവരേക്കൊണ്ടു് സൂനഹദോസിനെ വിളിച്ചുക്രുട്ടിയ ആൾ ആദ്യമായി സത്യംചെയ്യിച്ചിട്ടില്ല; അങ്ങനെ ഒരു സത്യംചെയ്യിക്കുവാൻ പാടുള്ളതുമല്ല. ഉദയംപേരൂർ സൂനഹദോസിലാകട്ടേ ഇതിനു തീരെ വിപരീതമായിട്ടാണ് കാര്യങ്ങൾ നടന്നിട്ടുള്ളതും നടത്തീട്ടുള്ളതും. അക്കിയാക്കോൻ മുതൽപേരേക്കൊണ്ടു സൂനഹദോസിൽവച്ചു സ്വീകരിപ്പിക്കുവാൻ കരുതിയിരുന്ന നിയമങ്ങളെ അതിനു മുമ്പായിത്തന്നെ നിർമ്മിക്കണമെന്നു മെത്രാപ്പോലീത്താ തീർച്ചയാക്കിയിരുന്നതിനാലാണ് അവയെ സ്വീകരിച്ചുകൊള്ളാമെന്നു് അദ്ദേഹത്തേക്കൊണ്ടു കാലേക്രുട്ടി സത്യംചെയ്യിച്ചതു്. അക്കിയാക്കോനാകട്ടേ മലങ്കരസഭയുടെ അഭ്യുക്ഷനും അതിന്റെ പ്രതിപുരുഷനുമായിരുന്നതുകൊണ്ടു് അദ്ദേഹം ആ നിയമങ്ങൾ സ്വീകരിച്ചുകൊള്ളാമെന്നു സത്യംചെയ്യുമാത്രയിൽ സഭമുഴുവനും അവയെ കൈക്കൊണ്ടതുപോലെ ആയിത്തീർന്നു. ഉദയംപേരൂർ സൂനഹദോസിന്റെ നിയമങ്ങളിൽ ഒന്നുപോലും അതിൽ സംബന്ധിച്ചിരുന്ന ആളുകളുടെ അഭിപ്രായത്തിനു അനുസരണമായി നിർമ്മിക്കപ്പെട്ടതല്ലെന്നും ദോം മെനേസിസ് കാലേക്രുട്ടി തയ്യാറാക്കിയിരുന്നതു മാത്രമാണെന്നുമുള്ളതു് പ്രസിദ്ധമായ ഒരു വാസ്തവമാണ്. മെനേസിസിനു എത്രമാത്രം അധികാരമുണ്ടെന്നു് അദ്ദേഹത്തിന്റെ അധികാരപത്രം കണ്ടു തീർച്ചയാക്കേണ്ടതിനായി ഒരു സൂനഹദോസ് ക്രുട്ടാമെന്നു അക്കിയാക്കോൻ സമ്മതിച്ചിരുന്നല്ലോ. ഇതാ! ആ സൂനഹദോസ്, അക്കിയാക്കോന്റെ സഭ അന്യരീത്യുകാരനായ ഒരു മെത്രാന്റെ അധികാരത്തിനു കീഴ്പ്പെട്ടുന്നതിനുള്ള ഒരു പന്ഥാവാകുവാൻ അദ്ദേഹത്തേക്കൊണ്ടു മെനേസിസ് ചെയ്യിച്ച പ്രസ്തുത ശപഥം ഹേതുവായിത്തീർന്നു.

മെത്രാപ്പോലീത്താപോകുന്ന ദിക്കുകളിലെല്ലാം പോകയും സ്വന്ത

ചാച്ചുക്കാർ, പരിചാരകന്മാർ ആദിയായവരല്ലാതെ ആയുധപാണികളായ ഭടന്മാരെ അകമ്പടിയായി കൊണ്ടുപോകാതിരിക്കയും ചെയ്യാമെന്നും, അദ്ദേഹത്തോടൊരുമിച്ച് അതേവാഹനത്തിൽത്തന്നെ യാത്ര ചെയ്യാമെന്നും, അദ്ദേഹം സന്ദർശിക്കുന്ന പള്ളികളിൽ കയറാമെന്നും അക്കിടിയാക്കോൻ ശപഥപൂർവ്വം സമ്മതിക്കണമെന്നാണ് പത്താമത്തെ സംഗതി നിബന്ധിക്കുന്നത്. നസ്രാണികളുടെ മതാദ്ധ്യക്ഷന്മാക്ക് ഇടപ്രഭുസ്ഥാനവും രാജകീയങ്ങളായ പല ബഹുമാനപദങ്ങളും അധികാരങ്ങളും ഉണ്ടായിരുന്നെന്നുള്ള വസ്തുത ൈ അ. ദ്ധ—ാം ലക്കത്തിലും ഈ ചരിത്രത്തിന്റെ മറ്റു പല ഘട്ടങ്ങളിലും ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. സൂനഹദോസിൽ എല്ലാവരും ചെന്നു ചേരുന്നതിനായി മെനേസിസുമെത്രാപ്പോലീത്താ ക്രൈസ്തവ മെയ് മാസം ക്ര—ാംനു- പള്ളികൾക്കയച്ച പരസ്യത്തിൽ ഈ കാര്യത്തേപ്പറ്റി പ്രസ്താവിച്ചിട്ടുമുണ്ട്. അതിൽ പറയുന്നതു "ലൌകികാധിപത്യത്തിനു സ്വന്തമായിരിക്കുന്ന സമസ്ത കാര്യങ്ങളും സിവിൽ സംബന്ധമായ സംഗതികൾപോലും പള്ളിക്കും പള്ളി അധികാരികൾക്കും ആദ്യകാലം മുതൽതന്നെ കീഴ്പ്പെട്ടിരിക്കുന്നു; മലയാളത്തിലെ ക്രിസ്തുമതേതരന്മാരായ രാജാക്കന്മാരാൽ ഇതു സമ്മതിക്കപ്പെട്ടുമിരിക്കുന്നു" എന്നാണ്. (12) രാജകീയപദങ്ങളും ബഹുമാനങ്ങളും മലങ്കരസഭാധികാരികൾക്കു ആദിമകാലം മുതൽക്കുള്ളതാണെന്നു ദോം മെനേസിസു സമ്മതിക്കുന്ന സ്ഥിതിക്ക് അക്കിടിയാക്കോൻ ഭടന്മാരുടെ അകമ്പടിയോടുകൂടി നടന്നുകൂടെന്ന് അദ്ദേഹം പറയുന്നതിന്റെ ന്യായമെന്താണ്? തന്റെ സ്ഥിതിക്കും സ്വാതന്ത്ര്യത്തിനും വിഘ്നമായിത്തീരുമെന്നോ അക്കിടിയാക്കോനോടുകൂടി ആയുധപാണികളായ ഭടന്മാർ ഉണ്ടായിരുന്നാൽ അതു സോദ്ദേശ്യങ്ങൾക്കു പ്രതികൂലമായി ഭവിക്കുമെന്നോ മെത്രാപ്പോലീത്താ കാണുകകൊണ്ട് ഇങ്ങനെ ഒരു സത്യം ചെയ്യിച്ചു എന്നല്ലാതെ മറ്റു വിധത്തിൽ വിചാരിക്കുവാൻ തരമില്ല. മേൽപ്പറഞ്ഞ പ്രവൃത്തികൾമൂലം മെത്രാപ്പോലീത്താ ദൈവസമക്ഷം കുറക്കാരനായിത്തീർന്നെന്നു ആരും അനുമാനിക്കേണ്ടതില്ല. നിയമദൃഷ്ട്യാ ശിക്ഷാർഹങ്ങളായ പ്രവൃത്തികൾതന്നെയും പ്രവർത്തകന്റെ മനഃസ്ഥിതിഭേദംകൊണ്ട് ശിക്ഷാർഹങ്ങളല്ലാതെ തീരാവുന്നതാണല്ലോ.

ക്ര. അക്കിടിയാക്കോൻ നെസ്റോറിയനാണെന്ന് ദോം മെനേസിസും മറ്റു പല പോർട്ടുഗീസുകാരും പ്രസ്താവിക്കയും പ്രസംഗിക്കയും ചെയ്തിരുന്നെങ്കിലും, മഹാനുഭാവന്മാരായ വേറെ അനവധി പോർട്ടുഗീസുകാർ അതിനു തീരെ വിപരീതമായി പ്രവർത്തിക്കയും അദ്ദേഹം ഒരു ഉത്തമ കത്തോലിക്കനാണെന്നു സമ്മതിക്കയും തദനുസാരം അദ്ദേഹത്തോടു പെരുമാറുകയും ചെയ്തിരുന്നു. ഇതിനെ വിശദീകരിക്കുന്നതിനു ഉപയുക്തമായ വിലയേറിയ ഒരു രേഖയാണ് താഴെ ഞങ്ങൾ ചേർക്കുവാൻ ഉദ്ദേശിക്കുന്നത്. നിക്കോലാസ് പിമെൻറാ (Pimenta) എന്നു പേരോടുകൂടിയ ഈശോസഭയിലെ ഒരു വൈദികൻ ഉദയംപേരൂർ സൂനഹദോസിനുശേഷം ആറു മാസം കഴിഞ്ഞി

ട്ട് – ക്രൗൻൻ ഡിസംബർ ൨൫–ാംതീയതി– അക്കാലത്തു ആ സഭയുടെ പ്രഥമാദ്ധ്യക്ഷനായിരുന്ന ക്ലാവുദിയുസ് ആകപവീവാ എന്ന പുരോഹിതവയ്യനു അക്കദിയാക്കോനേയും ദോം മെനേസിസിനേയും (ഉദയംപേരൂർ) സൂനഹദോസിനേയുംപറ്റി അനവധി കായ്ങ്ങൾ വിവരിക്കുന്ന ഒരു ലേഖനം ഗോവയിൽനിന്ന് അയക്കുകയുണ്ടായി. ബ്രിട്ടീഷ് കൌതുകാഗാര (Museum) ത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ആ ലേഖനത്തിന്റെ ഒരു പകർപ്പ് മെഡ്ലിക്കോട്ട മെത്രാൻ അവർകൾ മിസ്റ്റർ മെക്കൻസിക്കു അയച്ചുകൊടുക്കുകയും അദ്ദേഹം "തിരുവിതാംകൂറിലെ ക്രിസ്തുമതം" എന്ന ഗ്രന്ഥത്തി (P. 68) ൽ അതു് ഉദ്ധരിക്കയും ചെയ്തിട്ടുണ്ട്. അതിലെ പ്രധാനകായ്ങ്ങൾ രണ്ടായി വിഭജിച്ചു താഴെ കാണിക്കാം. (൧) ഗോവ മെത്രാപ്പോലീത്താ ആയ ദോം മെനേസിസ് മാർ അബ്രാഹത്തിന്റെ ചരമാനന്തരം വൈപ്പിക്കോട്ട വിദ്യാലയത്തിന്റെ അദ്ധ്യക്ഷനു (Rector) ഉപദേശത്രുപേണ ഒരെഴുത്തയച്ചു. അതിൽ അക്കദിയാക്കോനെ അങ്കമാലി മഹാ ഇടവകയുടെ ഭരണകർത്താവായി (Adiministrator) നിയമിക്കുന്ന വേറൊരെഴുത്ത് അടക്കം ചെയ്തയയ്ക്കയും അയാൾ അദ്ദേഹത്തിന്റെ സന്നിധിയിൽ വിശ്വാസസത്യം ചെയ്യുന്ന പക്ഷം ആ നിയമനപത്രം കൊടുക്കണമെന്നു അറിയിക്കയും ചെയ്തു. വിശ്വാസസത്യം ചെയ്യാൻ അക്കദിയാക്കോൻ സമ്മതിച്ചെങ്കിലും ദോം മെനേസിസിന്റെ നിയമനപത്രം അദ്ദേഹം സ്വീകരിച്ചില്ല. അനന്തരം കൊച്ചി മെത്രാസനപ്പള്ളിയിലേയും മറ്റും വൈദികന്മാരും ലൌകികന്മാരും ഉൾപ്പെട്ട ഒരു യോഗം വൈപ്പിൽ (വൈപ്പിക്കോട്ട) കൂടുകയും കൊച്ചി ഗവർണർ മജിസ്ത്രേട്ടന്മാർ മുതലായവർ അതിൽ സംബന്ധിക്കുകയും ചെയ്തു. അക്കദിയാക്കോന്റെ വിരോധം നിമിത്തം ഈശോ. സഭക്കാരെ അതിൽ ചേർത്തില്ല. ഒരു പ്രധാന വൈദികൻ ആ സദസ്സിൽ എഴുന്നേറ്റു അക്കദിയാക്കോൻ, ചിലയാളുകൾ പറയുന്നതുപോലെ ഒരു ശീശ്മക്കാരനോ കത്തോലിക്കാ വിശ്വാസത്തിനു പ്രതിക്രൂലമായ ഏതെങ്കിലും അബദ്ധങ്ങളേറ്റുകൂടിയവനോ അല്ലെന്നു പ്രസ്താവിക്കയും വിശ്വാസസത്യം ചെയ്യുന്നതിനായി അദ്ദേഹം അവിടെ ചെന്നിരിക്കുന്നെന്നു അറിയിക്കയും ചെയ്തു. അനന്തരം വിശ്വാസ സത്യവാചകം പോർട്ടുഗീസുഭാഷയിൽ ഒരാൾ വായിക്കയും ആ ഭാഷ പരിചയമില്ലാത്ത അക്കദിയാക്കോൻ 'ഉവ്വ്' എന്നു സമ്മതിച്ചു പറകയുമുണ്ടായി. മെത്രാപ്പോലീത്തായിൽനിന്നോ വി. സിംഹാസനത്തിൽനിന്നോ അക്കദിയാക്കോൻ ഭരണാധികാരം സ്വീകരിച്ചില്ലെങ്കിലും, അദ്ദേഹത്തെ കത്തോലിക്കനും വി. സിംഹാസനത്തിന്റെ ആജ്ഞകളെ അനുസരിക്കുന്നവനുമായി എല്ലാവരും സ്വീകരിച്ചു് ആ വിധം പരസ്യപ്പെടുത്തി. ഈ പ്രവൃത്തിയുടെ ആബദ്ധ്യത്തെപ്പറ്റി ഗവർണറേയും മറ്റാളുകളേയും ഞാൻ (പിമെൻറാ) അറിയിച്ചെങ്കിലും നമ്മുടെ (ഈ സഭക്കാരുടെ) വിരോധികൾ അവരുടെ പ്രവൃത്തിയെ (മെനേസിസു) മെത്രാപ്പോലീത്തായുടെ അടുക്കൽ നീതീകരിക്കയാ

ണ്ട് ചെയ്തു്.— (൨) അതിനാൽ ഞങ്ങൾ സംഗതികളുടെ വാസ്തവാവസ്ഥ (ഗോവയിലെ) രാജപ്രതിപുരുഷനും മെത്രാപ്പോലീത്തായിക്കും എഴുതി അയച്ചതുകൂടാതെ, ഞാൻ തയാറാക്കിയ ഒൻപതു ചോദ്യങ്ങൾക്കു മറുപടി എഴുതുവാൻ ഫാദർ റോസിനെ (വൈപ്പിക്കോട്ടിലെ അദ്ധ്യക്ഷനായിരുന്ന ഈ പ്രാൻസീസു റോസ് ആണ് അങ്കമാലിയുടെ ആദ്യത്തെ ലത്തീൻ മെത്രാനായി പിന്നീടു നിയമിക്കപ്പെട്ടതു്.) ഏൽപ്പിക്കയും അദ്ദേഹം എഴുതി അയച്ച പ്രത്യുത്തരംമൂലം സംഗതികളുടെ സദ്ഭാവം എല്ലാവരും അറിവാൻ ഇടയാകയും ചെയ്തു. മാപ്പിപ്പാ നിയമിക്കുന്ന ഒരു മെത്രാനെ സ്വീകരിക്കുന്നതിനു അങ്കമാലി മഹാ ഇടവകയിലെ ജനങ്ങളെക്കൊണ്ടു സമ്മതിപ്പിക്കേണ്ടതിനായി ആ മഹാ ഇടവകയെ സന്ദർശിക്കുന്നതിനു മെത്രാപ്പോലീത്താ നമ്മുടെ വൈദികന്മാരോടുകൂടി ആലോചിച്ചു തീർച്ചയാക്കി. വളരെ വിരോധങ്ങളും വിഘ്നങ്ങളും നേരിട്ടെങ്കിലും അവയെ ഗണ്യമാക്കാതെ മെത്രാപ്പോലീത്താ മലയാളത്തിൽ ചെന്നു പള്ളികളെ സന്ദർശിക്കയും അങ്കമാലിയാക്കോൻ ആദ്യം വളരെ വിരോധങ്ങളും വിഘ്നങ്ങളുമെല്ലാം ചെയ്കുകിലും, വി. സിംഹാസനത്തിനു വിധേയമായി ജീവിച്ചുകൊള്ളാമെന്നു് ഒടുവിൽ വാഗ്ദാനം ചെയ്കയും ചെയ്തു. ക്രൂശകളെ സാധുവായി പ്രയോഗിക്കുന്നതിനു വേണ്ട ഏർപ്പാടുകളെല്ലാം മെത്രാപ്പോലീത്താ ചെയ്തു. നെസ്തോറിയൻ പുസ്തകങ്ങളെ അദ്ദേഹം തിരുത്തി; ആ വക പുസ്തകങ്ങളാകട്ടെ അനവധിയായിരുന്നു. കത്തോലിക്കാ സത്യത്തിനു വിരോധങ്ങളായ അറുനൂറു അബദ്ധങ്ങളും പ്രസ്താവങ്ങളും അവയിൽ അടങ്ങിയിരുന്നു. അപ്പസ്തോലികമായ സിംഹാസനത്തിന്റെ അധികാരത്തെ നിഷേധിക്കുന്ന സകല പ്രസ്താവങ്ങളും (Passages) നിശ്ശേഷം നശിപ്പിച്ചു. കായ്ശേഷിയുള്ള വൈദികന്മാരെ തെരഞ്ഞെടുത്തു് പള്ളിഭരണത്തിനായി നിയമിച്ചു. പള്ളികളെ സന്ദർശിച്ചതും അങ്കമാലി മെത്രാസനത്തെ എൺപതു ഇടവകകളായി വിഭജിച്ചതും ഒരു സൂനഹദോസു കൂടിയതുമാണ്. ഈ ഉദ്ദേശസിദ്ധിക്കായി മെത്രാപ്പോലീത്താ സ്വീകരിച്ച ഉപകരണം. മാമൂൽ അനുസരിച്ചു എല്ലാ വൈദികന്മാരും സൂനഹദോസിനു ക്ഷണിക്കപ്പെട്ടിരുന്നു. അവരേക്കൂടാതെ നമ്മുടെ വൈദികന്മാർ മാത്രമേ അതിൽ ഹാജരുണ്ടായിരുന്നുള്ളു. കൊച്ചിയിലെ (പോർട്ടുഗീസു) ഗവർണരായ അന്തോനി ദി. നൊറോനാ (Dom Anthony Noronia) യും കൊച്ചി നഗരത്തിലെ പ്രധാന ഉദ്യോഗസ്ഥന്മാരും പോർട്ടുഗൽ രാജാവിന്റെ പേക്ക് ഈ ക്രിസ്ത്യാനികളുടെ രക്ഷാധികാരം വഹിക്കേണ്ടതിനായി അതിൽ സംബന്ധിച്ചിരുന്നു. വി. തോമ്മായുടെ കാലംതുടങ്ങി ഭാരതഖണ്ഡത്തിൽ വിശ്വാസത്തെ അദ്വിതീയമായി പരിരക്ഷിച്ചതും ആയുധം ധരിച്ച മുപ്പതിനായിരം ആളുകളെ സൈന്യനിരയിലേക്കു അയക്കുവാൻ സാധിക്കുന്നതുമായ ഈ ജാതിയെ (Race) പോർട്ടുഗലിനോടു ബന്ധിപ്പിക്കയും റോമ്മാ സിംഹാസനത്തിനു് അധീനമാക്കുകയും ചെയ്യുന്നതിന്റെ ഫലം മനസ്സിലാക്കീട്ടുള്ള യാതൊരുത്തനും, ഈ ശ്രമം എത്ര മ

ഹത്തരമാണെന്നും പോർട്ടുഗലിൻെറ ഭാവിശ്രേയസ്സിന് അതു ഏതു മാത്രം ഉപയുക്തമാണെന്നുമുള്ളതു് നിഷേധിക്കുവാൻ കഴിയുന്നതല്ല. മലങ്കരയിലെ പള്ളികളെ സന്ദർശിക്കുന്ന കാര്യത്തിൽ മെത്രാപ്പോലീത്താ സഹിച്ചിട്ടുള്ള ബുദ്ധിമുട്ടു അത്യധികമാണ്. അവയുടെ ഭാരം നിമിത്തം തനിക്കു് മനഃക്ലാന്തിയുണ്ടായപ്പോഴെല്ലാം ഞങ്ങളുടെ (ഈ ശോസഭക്കാരുടെ) സഹായവും ആലംബവുംതന്നെ വളരെ ധൈര്യപ്പെടുത്തിയിരുന്നെന്നു് അദ്ദേഹം എനിക്കയച്ച ഒരെഴുത്തിൽ പറയുന്നു. ആകാശവും ഭൂമിയും തൻെറ ഉദ്ദേശ്യത്തിനു വിരോധമായി നിന്നിരുന്നെന്നും ആ ജനങ്ങൾ തൻേറതാകയാൽ അവരെ കത്തോലിക്കാപഠനംകൊണ്ടു പോഷിപ്പിക്കേണ്ടതു് തൻെറ ചുമതലയായിരുന്നെന്നും അങ്ങനെ ചെയ്യാതിരുന്നെങ്കിൽ ആ പള്ളികൾ (തനിക്കു) നഷ്ടമായിപ്പോകുമായിരുന്നെന്നുംകൂടി എനിക്കുള്ള എഴുത്തിൽ മെത്രാപ്പോലീത്താ പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ വൈദികന്മാരുടെ അജ്ഞാനങ്ങളേപ്പറ്റി അദ്ദേഹം വളരെ പ്രശംസിച്ചു പറയുന്നു. അങ്കമാലിയിൽ നമ്മുടെ വൈദികന്മാർക്കായി ഒരു ഭവനം (Residence) സഭ്യസമ്മതപ്രകാരം തുറന്നിരിക്കുന്നെന്നും ആ ക്രീസ്തുജനങ്ങളുടെ രക്ഷ മലയാളത്തിലുള്ള നമ്മുടെ ഭവനങ്ങളിന്മേലാണ് ആശ്രയിച്ചിരിക്കുന്നതെന്നുംകൂടി മെത്രാപ്പോലീത്താ എനിക്കയച്ച എഴുത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

പോർട്ടുഗീസുകാരിൽ ചിലർ അക്കിയാക്കോനെ കത്തോലിക്കാ വിശ്വാസിയായി സ്വീകരിക്കയും ആദരിക്കയും ചെയ്യുന്നും മറ്റു ചിലർ അദ്ദേഹം നെസ്തോറിയനാണെന്നു പ്രസ്താവിച്ചെന്നും ഈ ലേഖനത്തിൽ നാം കാണുന്നു. ഈ വ്യത്യാസത്തെ ആസ്പദമാക്കിയാണ് അതു രണ്ടുഭാഗങ്ങളായി ഞങ്ങൾ വേർതിരിച്ചിട്ടുള്ളതു്. ഓരോ ഭാഗങ്ങളിലുമുള്ള പ്രസ്താവങ്ങളുടെ സ്വീകാര്യത്തേപ്പറ്റി നമുക്കിവിടെ പരിശോധിക്കാം. — (൧) ആദ്യഭാഗത്തിൽ ആറു കാര്യങ്ങളേപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. (൧) അക്കിയാക്കോൻ വിശ്വാസസത്യം ചെയ്യാൻ സമ്മതിച്ചെങ്കിലും അങ്കമാലിയുടെ ഭരണാധികാരം മെത്രാപ്പോലീത്തായിൽനിന്നോ അപ്പസ്തോലിക്ക സിംഹാസനത്തിൽനിന്നോ സ്വീകരിക്കുവാൻ സമ്മതിച്ചില്ലെന്നുള്ളതാണ് അവയിൽ ഒന്നാമത്തെ കാര്യം. അദ്ദേഹം മെത്രാപ്പോലീത്തായിൽനിന്നു അധികാരം സ്വീകരിക്കാതിരുന്നതു് കാരണമില്ലാതെയല്ല. അങ്കമാലി മഹാ ഇടവകയിൽ മെത്രാപ്പോലീത്താ ഇല്ലാതെവരുന്ന സമയം അക്കിയാക്കോൻ അദ്ദേഹത്തിൻെറ ഉദ്യോഗംകൊണ്ടുതന്നെ (Ex officis) അതിൻെറ ഭരണകർത്താവായിത്തീരുക ആ ഇടവകയിലെ പൂർവ്വനടപ്പും നിയമവുമാണ്. പോർട്ടുഗീസുകാർ മലയാളത്തിൽ എത്തിയതിനുമുമ്പും അതിനുശേഷവും ഈവിധമാണു നടന്നുവന്നതു്. ആകയാൽ അദ്ദേഹം ഭോമെനേസിസിൽനിന്നു് തദധികാരം സ്വീകരിക്കാതിരുന്നതിൽ ആക്ഷേപത്തിനു് അവകാശമില്ല. (൨) സിംഹാസനത്തിൽനിന്നും ആ സ്ഥാനം സ്വീകരിപ്പാൻ അദ്ദേഹത്തിനു മനസ്സുണ്ടായില്ല എന്നുള്ള പോർട്ടുഗീസു

കാരുടെ പ്രസ്താവം കേവലം ആസ്പദരഹിതമാണ്. വി. സിംഹാസനം അങ്ങനെ ഒരു നിയമം സൃഷ്ടിച്ചിട്ടില്ല. ആവിധത്തിൽ ഒരു നിയമനപത്രം വി. സിംഹാസനം അക്കദിയാക്കോനു അയച്ചിട്ടുമില്ല.—(൨) രണ്ടാമത്തെ കായ്യം, പോർട്ടുഗീസുകാരായ വൈദികന്മാരുടേയും ലൌകികന്മാരുടേയും ഒരു യോഗം വൈപ്പിക്കോട്ടിൽ കൂട്ടുകയും അതിൽവച്ചു ഒരു പ്രധാന വൈദികൻ അക്കദിയാക്കോനെ കത്തോലിക്കനായി സ്വീകരിച്ചു വിശ്വാസസത്യം ചെയ്യിക്കയും ചെയ്തു എന്നുള്ളതാണ്. ഈ പ്രധാന വൈദികനും അവിടെ കൂടിയിരുന്ന മറ്റാളുകളും അക്കദിയാക്കോനെ ഒരു കത്തോലിക്കനായി സ്വീകരിച്ചതു്, അദ്ദേഹം കത്തോലിക്കാ പാത്രിയക്കീസിനാൽ അയക്കപ്പെട്ടകയും കത്തോലിക്കനായി ജീവിക്കയും, നാലാം പീയൂസ്, ൧൬—ാം ഗ്രീഗോരിയോസ് ആദിയായ മാപ്പ്രാപ്പാമാരുടെ അടുക്കൽ തന്റെ വിശ്വാസത്തെ സാക്ഷിപ്പെടുത്തുകയും കത്തോലിക്കനായിത്തന്നെ മരണംപ്രാപിക്കയും ചെയ്തു (അ. ൧൦. ല. ൧൦, ൨൦) മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ അക്കദിയാക്കോൻ ആയിരുന്നതു കൊണ്ടാണ്. മാത്രമല്ല, ഈ അക്കദിയാക്കോൻതന്നെ താൻ പണിയിച്ച പള്ളിക്കായി ൧൬—ാം ഗ്രിഗോരിയോസ് മാപ്പ്രാപ്പായിൽനിന്നു പരിഹാരമോചനം അപേക്ഷിച്ചു വാങ്ങിയ സംഗതിയും (അ. ൧൦. ല. ൧൭) ഒരു ഉത്തമകത്തോലിക്കനായി അദ്ദേഹം ജീവിച്ചുവന്ന വിവരവും അവർ കാണുകയും അറികയും ചെയ്യാതിരുന്നുമില്ല. ഈ കാരണങ്ങളാലാണ് അദ്ദേഹത്തെ കത്തോലിക്കനായി അവർ സ്വീകരിച്ചതു്. അക്കദിയാക്കോനെ പ്രശംസിച്ച ആ പ്രധാന വൈദികൻ കൊച്ചിയിലെ പ്രൻസിസ്കൻ ആശ്രമത്തിന്റെ ശ്രേഷ്ഠനായിരുന്നെന്നു് റോലിൻ പറയുന്നു. തനിക്കു പണ്ടേ സ്വന്തമായിരിക്കുന്ന ഒരധികാരത്തെ ഇന്നോസിസിൽനിന്നു സ്വീകരിക്കേണ്ടതില്ലെന്നു് അക്കദിയാക്കോൻ കൊണ്ടുവന്നിരുന്ന വാദത്തിന്റെ നീതിസ്വഭാവം ആ പ്രധാന വൈദികനും മറ്റും ധാരാളം ബോധപ്പെട്ടിരുന്നതുകൊണ്ടാണ് അതിനായി അദ്ദേഹത്തെ അവർ നിർബ്ബന്ധിക്കാഞ്ഞതു്. വിശ്വാസസത്യം ചെയ്യുന്നതിനു അക്കദിയാക്കോനു മനസ്സുണ്ടായിരുന്നതുകൊണ്ടു് അതിനെ അവർ ചെയ്യിക്കയും ചെയ്തു.—(൩) അക്കദിയാക്കോന്റെ വിരോധംമൂലം ഈശോസഭക്കാരെ ആ യോഗത്തിൽ സംബന്ധിപ്പിച്ചില്ലെന്നുള്ളതാണ് വേറൊരുകായ്യം. അങ്കമാലി മഹാമെത്രാസന ഇടവകയുടെ ഭരണാധികാരം കൽദായ മെത്രാന്മാരിൽ നിന്നെടുത്തു് തങ്ങളിൽത്തന്നെ സ്ഥാപിക്കുന്നതിനായി ഈശോസഭക്കാർ പരിശ്രമിച്ചിരുന്നതുകൊണ്ടാണ് അക്കദിയാക്കോനു അവരുടെപേരിൽ വിരോധമുണ്ടായതു്. അന്നും അതിനുശേഷവും നടന്നിട്ടുള്ള സംഭവങ്ങളിൽനിന്നു് ഈ വസ്തുത ധാരാളം വ്യക്തമായിരിക്കകൊണ്ടു് തത്സംബന്ധമായി ഇവിടെ അധികമൊന്നും പറയുവാൻ കരുതുന്നില്ല. (൪) നാലാമത്തെ കായ്യം അക്കദിയാക്കോനു പരിചയമില്ലാത്ത പോർട്ടുഗീസ് ഭാഷയിൽ ഒരാൾ വിശ്വാസസത്യവാചകം വായിക്കയും അദ്ദേഹം

അതിനെ സമ്മതിച്ചുപറയുകയും ചെയ്യു എന്നാണ്. അക്കിദിയാക്കോൻ ചെയ്യേണ്ടിയ വിശ്വാസസത്യത്തെപ്പറ്റി പോർട്ടുഗീസുകാർ അദ്ദേഹത്തോട പറഞ്ഞതുകൊണ്ടാണല്ലോ അതു ചെയ്യാമെന്നു അദ്ദേഹം സമ്മതിച്ചത്. അങ്ങനെ സമ്മതിച്ചതു ഒന്നുകിൽ കായ്ം ഗ്രഹിച്ചുകൊണ്ട്, അല്ലെങ്കിൽ ഗ്രഹിക്കാതെ; ഈ രണ്ടിൽ ഒരുവിധമേ ആവാൻ വഴിയുള്ളു. കായ്ം ഗ്രഹിക്കാതെയാണ് വിശ്വാസസത്യം ചെയ്തെങ്കിൽ അതു ചെയ്തിച്ച പോർട്ടുഗീസ് വൈദികന്മാർ കായ്ം അദ്ദേഹത്തെ മനസ്സിലാക്കാതിരുന്നുകളഞ്ഞു എന്നുവരും; അതു് സംഭവ്യമല്ല. കായ്ം ഗ്രഹിച്ചുകൊണ്ടാണെങ്കിൽ തത്സംബന്ധമായ സകല സംഗതികളും അവർ അദ്ദേഹത്തെ ധരിപ്പിച്ചുവെന്നു സമ്മതിക്കാതെയും തരമില്ല. വാസ്തവത്തിൽ ഈവിധമാണു സംഭവിച്ചിട്ടുള്ളതു്. അതിനാൽ അക്കിദിയാക്കോൻ വിശ്വാസസത്യം ചെയ്തതു് കായ്ം ഗ്രഹിക്കാതെയാണെന്നു പറയുന്നതു് കേവലം അബദ്ധംതന്നെ.— (ഭ) അക്കിദിയാക്കോൻ മെത്രാപ്പോലീത്തായിൽനിന്നോ പരിശുദ്ധ സിംഹാസനത്തിൽനിന്നോ അഡ്മിനിസ്ത്രെയ്ററരിന്റെ ഉദ്യോഗം സ്വീകരിച്ചില്ലെങ്കിലും, വൈപ്പിക്കോട്ടിലെ സംഘം അദ്ദേഹത്തെ കത്തോലിക്കനായി കൈക്കൊണ്ട എന്നുള്ളതാണ് അഞ്ചാമത്തെ കായ്ം. അദ്ദേഹം മെത്രാപ്പോലീത്തായിൽനിന്നു ആ ഉദ്യോഗം സ്വീകരിക്കാതിരുന്നതു് ന്യായപൂർവ്വമാണെന്നും, വി. സിംഹാസനത്തിൽനിന്നു അങ്ങനെ ഒരുദ്യോഗം നൽകപ്പെട്ടകയുണ്ടായിട്ടില്ലെന്നും മുകളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ആകയാൽ ലേഖനകർത്താവായ നിക്കോലാസ് അക്കിദിയാക്കോനെ കത്തോലിക്കനായി സ്വീകരിച്ച പോർട്ടുഗീസുകാരുടെമേൽ കുറ്റം ആരോപിക്കുന്നതു് നീതിപൂർവ്വമായിരിക്കുന്നില്ല.— ന) അക്കിദിയാക്കോനെ കത്തോലിക്കനായി സ്വീകരിച്ചതും ആ നിലയിൽ അദ്ദേഹത്തെക്കൊണ്ടു് വിശ്വാസസത്യം ചെയ്യിച്ചതും അബദ്ധമായിപ്പോയെന്നും ആ സംഗതി ഗവർണർ മുതലായവരെ ലേഖകൻ അറിയിച്ചെങ്കിലും ഈശോസഭക്കാരുടെ വിരോധികൾ അവരുടെ പ്രവൃത്തികളെ മെത്രാപ്പോലീത്തായുടെ അടുക്കൽ നീതീകരിക്കയാണ് ചെയ്തതെന്നുമാണ് ഈ ഭാഗത്തിലെ അവസാനകായ്ം. ഇതുമുഴുവൻ വിശ്വാസസത്യം ചെയ്യിച്ച പോർട്ടുഗീസ് വൈദികന്മാരും ഈശോസഭക്കാരും തമ്മിലുള്ള വാദപ്രതിവാദങ്ങളാണ്. വിശ്വാസസത്യം ചെയ്യിച്ചവർ അവരുടെ പ്രവൃത്തിയെ നീതീകരിച്ചിരുന്നെന്നും എതിർകക്ഷികളായ ഈശോസഭക്കാർ അതിനെ ആക്ഷേപിച്ചിരുന്നെന്നുമാണ് ഇതിൽനിന്നു നമുക്കു മനസ്സിലാകുന്നതു്. സത്യം ചെയ്യിച്ചവരുടെ വാദമാണു ന്യായാനുസൃതമായിരിക്കുന്നതെന്നു് ഈ ചരിത്രത്തിൽ ഇതുവരെ പറഞ്ഞിട്ടുള്ള സംഗതികൾകൊണ്ടും ഇനിമേൽ വിവരിക്കുന്ന സംഭവങ്ങൾകൊണ്ടും വായനക്കാർക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

൨) ഇനി ലേഖനത്തിന്റെ രണ്ടാം ഭാഗത്തിലെ കായ്ങ്ങളേപ്പറ്റി വിമർശനംചെയ്യാം. ആറു കായ്ങ്ങളാണ് ഈഭാഗത്തിലും

അടങ്ങിയിരിക്കുന്നത്. (ഛ) ഈശോസഭക്കാർ ഈ സംഗതികളെല്ലാം വൈസ്രോയിയേയും (ദോം മെനേസിസു) മെത്രാപ്പോലീത്തായേയും അറിയിച്ചെന്നും, അക്കിയാക്കോനെ ആദരിച്ചവരുടെ പ്രവൃത്തി അബദ്ധമായെന്നു തെളിയിക്കേണ്ടതിനായി ഒമ്പതു ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും എഴുതി പ്രസിദ്ധീകരിച്ചെന്നും, തന്നിമിത്തം മെത്രാപ്പോലീത്താ മുതലായവർ അവരുടെ അഭിപ്രായം സ്വീകരിച്ചെന്നുമാണ് ഒന്നാമത്തെ പ്രസ്താവം. ഈശോസഭക്കാർ പ്രസിദ്ധപ്പെടുത്തിയ ഒമ്പതു പ്രശ്നോത്തരങ്ങൾ മൂലമാണ് മെനേസിസു മെത്രാപ്പോലീത്തായെ സ്വാഭിപ്രായത്തിലേക്ക് അവർ ആനയിച്ചതു എന്നാണല്ലോ ഇതിൽനിന്നു തെളിയുന്നത്. കൽദായ മെത്രാന്മാരുടെ ഭരണംനീക്കി അതിനെ പോർട്ടുഗീസ് മെത്രാന്മാരിൽ സ്ഥാപിക്കയും നസ്രാണികളെ അവരുടെ അധീനത്തിൽ വരുത്തുകയും ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് പ്രസ്തുത ചോദ്യങ്ങളും ഉത്തരങ്ങളും പ്രസിദ്ധപ്പെടുത്തിയതെന്ന് താഴെപ്പറയുന്ന കാര്യങ്ങളിൽനിന്നു വിശദമാകുന്നതാണ്.— (ഛ) രണ്ടാമത്തെ കാര്യം ദോം മെനേസിസ് ഈശോസഭക്കാരുടെ അഭിപ്രായം സ്വീകരിച്ച് മലങ്കരയിൽ വരികയും അദ്ദേഹത്തിന്റെ ആഗ്രഹംപോലെ, വി. സിംഹാസനത്തിന്റെ ആജ്ഞകളെ അനുസരിച്ചു ജീവിച്ചുകൊള്ളാമെന്ന് അക്കിയാക്കോൻ വാഗ്ദാനം ചെയ്കയും, മെത്രാപ്പോലീത്താ സൂനഹദോസുകൂട്ടി അതിൽവച്ച് മാർപ്പാപ്പാ നിയമിക്കുന്ന മെത്രാനെ സ്വീകരിക്കുവാൻ നസ്രാണികളെ മനസ്സാക്കുകയും ചെയ്തു എന്നുള്ളതാണ്. ഇതിൽ പറഞ്ഞിരിക്കുന്ന സംഗതികളേപ്പറ്റി കഴിഞ്ഞ (ല. ൫൦) ലക്കത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. മെത്രാപ്പോലീത്താ ഈ വിഷയത്തിൽ പ്രവർത്തിച്ചിട്ടുള്ളതെല്ലാം അബദ്ധമായിപ്പോയെന്ന് അവയുടെ നീതിസഭാവത്തേപ്പറ്റി അവിടെ പറഞ്ഞിട്ടുള്ളതിൽനിന്ന് വായനക്കാർക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതുകൊണ്ട് ക്ലൃപ്തമായി ഇവിടെ ഒന്നും പ്രസ്താവിക്കേണ്ടതില്ല.— (ന) ക്രൂദാശകളെ സാധുവായി സ്വീകരിക്കുന്നതിന് മെത്രാപ്പോലീത്താ വ്യവസ്ഥ ചെയ്തെന്നും നെസ്തോറിയൻ പുസ്തകങ്ങളെ തിരുത്തിയെന്നും അവയിൽ അനുരൂപ അബദ്ധങ്ങൾ കണ്ടെത്തിയെന്നുമുള്ളതാണ് മൂന്നാമത്തെ സംഗതി. നെസ്തോറിയൻ അബദ്ധങ്ങൾ എന്നു ഇവിടെ പറയുന്നതൊന്നും സാക്ഷാൽ അബദ്ധങ്ങളല്ലായിരുന്നു. അവ അബദ്ധങ്ങളാണെന്നു തീർച്ചയാക്കിയ പോർട്ടുഗീസുകാരുടെ വിധി മാത്രമാണു തെറ്റിപ്പോയിരിക്കുന്നത്. ക്രൂദാശകളുടെ പരികർമ്മത്തിൽ അവർ ചെയ്ത വിധികളും അടിയോടെ പിഴച്ചുപോയിരിക്കുന്നു. ഈ വസ്തുതകളെല്ലാം പത്തും പതിനൊന്നും അദ്ധ്യായങ്ങളിൽ വേണ്ട തെളിവുകളെക്കൊണ്ടു സ്ഥാപിച്ചിട്ടുള്ളതാണ്. പൌരസ്ത്യ സഭാചാരങ്ങളേപ്പറ്റി പരിജ്ഞാനമുള്ളവരെല്ലാം പോർട്ടുഗീസുകാർ ഈ വിഷയത്തിൽ തെറ്റിപ്പോയെന്നാണു അഭിപ്രായപ്പെടുന്നത്. ഈ തെറ്റുകളെ തിരുത്തിയതായി ഘോഷിക്കപ്പെടുന്ന ഉദയംപേരൂർ സൂനഹദോസിനെ വി. സിംഹാസനം

യാതൊരു കാലത്തും അംഗീകരിച്ചിട്ടില്ല; വിശ്വാസത്തിനും സന്മാർഗ്ഗത്തിനും പ്രതിക്രുലമായി വല്ലതും കാണപ്പെട്ടെങ്കിൽ അവയെ അല്പാതെ പൌരസ്ത്യസഭകളുടെ ആചാരഭേദങ്ങളിൽ വല്ലതും മാറുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുക്രുടെന്നുള്ള വി. സിംഹാസനത്തിന്റെ പൂർവ്വികവും ഇടമുറിയാതുള്ളതുമായ നിയമങ്ങൾക്കെതിരായി പലതും അതിൽ നടത്തീട്ടുള്ളതിനാലും ശരിയായ മതസിദ്ധാന്തങ്ങൾക്കുക്രുടി വിരോധമായി ചില സംഗതികൾ അതിൽ നടന്നിരിക്കകൊണ്ടും അതു ഒരുകാലത്തും അംഗീകരിക്കപ്പെടുവാൻ പാടുള്ളതുമല്ല. അസ്സെമാൻ പരിനൊന്നാം ഇന്നോസെന്തു മാപ്പുപ്പായുടെ ദൃഷ്ടിപഥത്തിൽവച്ചും ആ തിരുമേനിയുടെ ആജ്ഞയെ അനുസരിച്ചും ഈ സംഗതികളിൽ പലതും എടുത്തു ഖണ്ഡിച്ചിട്ടുണ്ട്. അതിനുമുമ്പുതന്നെ ലക്രോസിനു വിരോധമായി എഴുതിയ റിച്ചേർഡ് സിമോനിയസ് (Richardus Simonius) എന്ന മഹാൻ, മെനേസിസും ഉദയംപേരൂർ സൂനഹദോസിലെ വൈദികന്മാരും സൂനഹദോസിന്റെ നിർണ്ണയങ്ങൾ (Decrees) വഴിയായി, കിഴക്കൻസഭകളുടെ സംരക്ഷയേയും പൂർണ്ണതയേയും ഉദ്ദേശിച്ചുള്ള പള്ളിയുടെ പ്രവർത്തനരീതിക്കും മാപ്പുപ്പായുടെ തിരുമനസ്സിനും വിരോധമായി പ്രവൃത്തികൊണ്ടും പ്രമാണംകൊണ്ടും (Facto et jure) പിഴയ്ക്കുകയും തെറ്റുചെയ്കയും ചെയ്തു. (Peccasse et crrasse). എന്നു തെളിയിച്ചിട്ടുള്ളതുമാണ്. (13)

(൪) നാലാമത്തെ സംഗതി നസ്രാണികളുടെ രക്ഷാധികാരം വഹിക്കുന്നതിനായി കൊച്ചിയിലെ പോർട്ടുഗീസു ഗവർണർ ആദിയായവർ സൂനഹദോസിൽ സംബന്ധിച്ചിരുന്നു എന്നുള്ളതാണ്. പോർട്ടുഗീസുകാരായ ലൌകികാധികാരികളും സൂനഹദോസിൽ ഉൾപ്പെട്ടിരുന്നു എന്നാണ് ഇതിൽനിന്നു നാം ഗ്രഹിക്കുന്നതു്. സുറിയാനി വൈദികന്മാരേക്രുടാതെ ഈശോസഭക്കാരും അതിൽ സന്നിഹിതരായിരുന്നെന്നു് ലേഖനത്തിന്റെ വേറൊരുഭാഗം നമ്മെ അറിയിക്കുന്നു. ഈശോസഭക്കാരായ ഈ വൈദികന്മാർ ആ കാലഘട്ടത്തിൽ കൊച്ചി മെത്രാസനാതിർത്തികൾക്കുള്ളിൽ അദ്ധ്യാത്മജോലികൾ നിവ്വഹിച്ചുവന്നവരും മലയാളഭാഷ അഭ്യസിച്ചിട്ടുള്ളവരുമായിരുന്നു. രക്ഷാധികാരം വഹിക്കുവാൻ എന്ന നിലയിൽ രാജ്യാധികാരികൾ സൂനഹദോസിൽ സംബന്ധിച്ചിരുന്നതുകൊണ്ടു് അക്കദിയാക്കോനും അദ്ദേഹത്തിന്റെ വൈദികന്മാക്കും എത്രമാത്രം സ്വാതന്ത്ര്യം ഉണ്ടായിരുന്നെന്നു് വായനക്കാക്കുതന്നെ ഊഹിക്കാമല്ലോ.— (൫) ആയുധം ധരിച്ചു മുപ്പതിനായിരം ഭടന്മാരെ പോർട്ടുഗലിനുവേണ്ടി യുദ്ധനിരയിലേക്കു അയയ്ക്കുവാൻ കഴിയുന്ന നസ്രാണി ജനസഞ്ചയത്തെ മെനേസിസ് മെത്രാപ്പോലീത്താ വി. സിംഹാസനത്തിന്റെ അധികാരത്തിൻകീഴിൽ സ്ഥാപിച്ചതു് ശ്രേഷ്ഠതമമായ ഒരു പ്രവൃത്തിയാണെന്നും അതു പോർട്ടുഗൽ രാജകിരീടത്തിനു അത്യന്തം ഗുണപ്രദമാണെന്നുമുള്ളതാണ് ഈ ഭാഗത്തിൽ പറയപ്പെടുന്ന അഞ്ചാമത്തെ സംഗതി. മെനേസിസു നസ്രാണികളെ വി. സിംഹാസനത്തിന്റെ അധികാരത്തിനു കീഴാ

ക്കിത്തീർത്തെന്നു ഇവിടെ പറഞ്ഞിരിക്കുന്നതുകൊണ്ട് അവർ അതുവരെ ആ അധികാരത്തിനു കീഴ്പ്പെട്ടിരുന്നില്ലെന്നും അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ നിമിത്തമാണ് അവർ അങ്ങനെ കീഴ്പ്പെട്ടതു എന്നും വായനക്കാർ കരുതുവാൻ ഇടയുണ്ട്. എന്നാൽ യാഥാർത്ഥ്യം അങ്ങനെ അല്ലെന്നുള്ളതു ഇതുവരെ പ്രസ്താവിച്ചിട്ടുള്ള രേഖകൾകൊണ്ടും ഈ ചരിത്രത്തിന്റെ കഴിഞ്ഞ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നതെളിവുകൾകൊണ്ടും പ്രസ്പഷ്ടമാകുന്നതാണ്. "മാപ്പിളപ്പായുടെ അനുസരണം" എന്നു പോർട്ടുഗീസുകാർ വീണ്ടും വീണ്ടും ചെയ്തിരുന്ന പ്രസ്താവത്തിനു "മാപ്പിളപ്പാ നിയമിക്കുന്ന മെത്രാനെ സ്വീകരിച്ചു അദ്ദേഹത്തിന്റെ അധികാരത്തിനു നസ്രാണികൾ കീഴ്പ്പെട്ടിരിക്കുക" എന്നേ അർത്ഥമുള്ളൂ. നസ്രാണികളുടെ മാപ്പിളപ്പായുടെ മേലധികാരത്തെ സ്വീകരിച്ചിരുന്ന പാതിയക്കീസിന്റെയും അദ്ദേഹത്താൽ നിയുക്തന്മാരായിരുന്ന മെത്രാന്മാരുടെയും അനുസരണയിൽ സ്ഥിതിചെയ്തിരുന്നവരും എന്നും അങ്ങനെ ഇരിക്കണമെന്നു ആകാംക്ഷയുള്ളവരുമായിരുന്നു. പൌരസ്ത്യ പാതിയക്കീസുമാരുടെ അധികാരസീമയിൽ ഉൾപ്പെട്ട ജനങ്ങൾ അവരാൽ നിയമിതന്മാരായ മെത്രാന്മാരുടെ കീഴിലാണ് ക്രിസ്തുമതാരംഭം തുടങ്ങി ഏതാവൽപര്യന്തം സ്ഥിതിചെയ്യുന്നതു. പാതിയക്കീസുമാർ മെത്രാന്മാരെ നിയമിക്കുന്നതു തെറ്റാണെന്നും തന്നിമിത്തം നസ്രാണികൾക്കു മതാദ്ധ്യക്ഷന്മാരെ നിശ്ചയിച്ചുകൊടുക്കേണ്ടതു മാപ്പിളപ്പായാണെന്നുമായിരുന്നു പോർട്ടുഗീസുകാരുടെ ഉപദേശം. മാർ അബ്രാഹത്തിന്റെ ഭരണകാലത്തും നസ്രാണികളുടെ ഇടയിൽ അവർ ഈവിധം ഉപദേശിച്ചിരുന്നതായി ചില രേഖകളിൽനിന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. പോർട്ടുഗീസുകാരുടെ ഈ ഉപദേശം ശരിയാണെന്നു കരുതുന്നപക്ഷം പൌരസ്ത്യ പാതിയക്കീസുമാരുടെ കീഴുള്ള ജനങ്ങളെല്ലാം തെറ്റിപ്പോയിരിക്കുന്നു എന്നു അനുമാനിക്കേണ്ടതായി വന്നുകൂടും. ആകയാൽ വി. സിംഹാസനത്തിന്റെ അനുസരണയിലേക്കു മെനേസിസു മെത്രാപ്പോലീത്താ നസ്രാണികളെ ആനയിച്ചു എന്നു പറഞ്ഞിരിക്കുന്നതു പാതിയക്കീസിന്റെ അധികാരത്തെ അദ്ദേഹം നീക്കിക്കളഞ്ഞതും പോർട്ടുഗീസു മെത്രാന്മാരുടെ ഭരണാധികാരത്തിൽ അവരെ ഉൾപ്പെടുത്തിയതും സംബന്ധിച്ചാണെന്നു വായനക്കാർ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. മെനേസിസുമെത്രാപ്പോലീത്താ കന്നൻ മെയ് മാസം കഴ—ാം തീയതി സൂനഹദോസിനെ സംബന്ധിച്ചു അയച്ചതായി മുമ്പു (ല. കം) പ്രസ്താവിച്ചിട്ടുള്ള പരസ്യംതന്നെ ഇതിനു മതിയായ ലക്ഷ്യമാണ്. "സുഖക്കേടുകൊണ്ടോ, പ്രായാധിക്യവും ഒഴിച്ചുകൂടാത്ത ജോലികളും കൊണ്ടോ തടയപ്പെടാത്ത എല്ലാ വൈദികന്മാരും ജൂൺമാസം ൨൦—ാം തീയതി മേൽ പ്രസ്താവിച്ച ഇടവക സൂനഹദോസു നമ്മോടു ചേർന്നു നടത്തുന്നതിനായി അങ്കമാലിയാക്കോനോടൊരുമിച്ചു സന്നിഹിതരായിരിക്കണമെന്നു വി. കീഴ്ണക്കത്തിന്റെ ശക്തിയാലും ഉടനെ ഉൾപ്പെടുന്നതായ മഹരോൻ ശിക്ഷയിൻകീഴും (in virtute Sanctæ

Obedientiæ et sub pœna excommunicationis latæ sententiæ) കല്പിക്കുന്നു" എന്നു അതിൽ പറയപ്പെട്ടിരിക്കുന്നു. നസ്രാണികൾ മാപ്പിപ്പായുടെ പരമാധികാരത്തെ സമ്മതിച്ചു് അദ്ദേഹത്തിനു കീഴ്വണങ്ങിയിരുന്നവർ അല്ലായിരുന്നെങ്കിൽ മെത്രാപ്പോലീത്താ അവരോടു് ഈവിധം കല്പിക്കയും അവർ അതിനെ അനുസരിക്കയും ചെയ്യുമെങ്ങനേ? മാത്രമല്ല, "തോമ്മാശ്ലീഹാ ഈ ജനങ്ങൾക്കു് സുവിശേഷം പ്രസംഗിച്ച കാലംമുതൽ ഇന്നുവരെ ക്രീസ്തുമതേതരന്മാരായ രാജാക്കന്മാരുടെ നാടുകളിലും, പോർട്ടുഗീസുകാർ ഇവിടെ വന്നതുവരെ മറു ക്രിസ്തുജനങ്ങളുമായി യാതൊരു കെട്ടുപാടും ഇല്ലാതെ അവർ സ്ഥിതിചെയ്തിരുന്നെങ്കിലും, അവരിൽ ഭൂരിപക്ഷം നമ്മുടെ കർത്താവിലുള്ള വിശ്വാസത്തിൽ ഇടവിടാതെ നിലനിന്നിരുന്നെന്നും തന്നിമിത്തം അവരോടു് തനിക്കു വളരെ അനുകമ്പയുണ്ടെ"ന്നും കൂടി മെത്രാപ്പോലീത്താ ആ പരസ്യക്കല്പനയിൽ പറഞ്ഞിട്ടുണ്ടു്. നസ്രാണികളെ തങ്ങളുടെ വൈദികാധിപത്യത്തിനു കീഴ്പ്പെടുത്തുന്നതു് തങ്ങളുടെ രാജ്യത്തിനു് ശ്രേയസ്സും പ്രതാപവുമായി ഭവിക്കുമെന്നു് പോർട്ടുഗീസുകാക്കു ധാരാളം ബോധമുണ്ടായിരുന്നതിനാൽ അവർ അതിനായി വളരെ ശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നു. അതിനാലാണു് "ആയുധം ധരിച്ച മുപ്പതിനായിരം യോദ്ധാക്കളെ പോക്കളത്തിൽ ഇറക്കുവാൻ സാധിക്കുന്ന ഈ ജനങ്ങളെ പോർട്ടുഗലിനോടു സംബന്ധിപ്പിച്ചതു് ശ്രേഷ്ഠമായ ഒരു പ്രവൃത്തിയാണെ"ന്നു് ലേഖനത്തിന്റെ ഈഭാഗത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്. നസ്രാണികളെ കീഴടക്കുന്ന കാര്യത്തിൽ ലൗകിക നന്മക്രുടിയും പോർട്ടുഗീസുകാർ ഉദ്ദേശിച്ചിരുന്നെന്നു് ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം. (൩) ഈശോസഭക്കാർ മെത്രാപ്പോലീത്തായെ സഹായിച്ചിരുന്നെന്നും അവർ അങ്കമാലിയിൽ വാസം ഉറപ്പിച്ചിരുന്നെന്നുമുള്ളതാണു് ഒടുവിലത്തെ സംഗതി. ലേഖനത്തിലെ ഈ പ്രസ്താവംകൊണ്ടു നാം ഗ്രഹിക്കുന്നതു്, ഈശോസഭക്കാർ മെനേസിസിനെ എല്ലാക്കാര്യങ്ങളിലും സഹായിച്ചിരുന്നെന്നും, അങ്കമാലി മെത്രാസനത്തിന്റെ ഭരണവിഷയത്തിൽ അവക്കു പ്രവേശമുണ്ടായിരുന്നെന്നും ചേന്നമങ്ങലത്തി (വൈപ്പിക്കോട്ടി)ലെ സ്ഥിരവാസസ്ഥാനംകൂടാതെ അങ്കമാലിയിലും അവക്കു ഭവനമുണ്ടായിരുന്നെന്നുംതന്നെ.

൨൨. ഇനി ഉദയംപേരൂർ സൂനഹദോസ് എപ്പോൾ കൂടിയെന്നും എപ്പോൾ അവസാനിച്ചെന്നും മറ്റുമുള്ള കാര്യങ്ങളെപ്പറ്റി പ്രസ്താവിക്കാം. അക്കദിയാക്കോന്റെയും മെത്രാപ്പോലീത്തായുടേയും ക്ഷണം അനുസരിച്ചു് പള്ളികളിൽനിന്നു വൈദികന്മാരും ഓരോ പള്ളിയോഗത്താൽ തെരിഞ്ഞെടുക്കപ്പെട്ട നന്നാല്വു പ്രതിപുരുഷന്മാരുമെന്നിൽ ജൂൺമാസം ൨൦–ാം തീയതി ഉദയംപേരൂരിൽ എത്തി. ഒട്ടുവളരെ ശമ്മാശന്മാരും അവിടെ ചെന്നുചേർന്നിരുന്നു. എല്ലാവരും ഹാജരായശേഷം മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ കല്പന അനുസരിച്ചു് സകല വൈദികന്മാരും കുമ്പാനചൊല്ലുകയും പാ

പോച്ചാരണം ചെയ്തിട്ടുണ്ടായിരുന്നവരെല്ലാം വി. കുമ്പാനെ ഉൾക്കൊൾകയുംചെയ്തു. (ഇതു 'തക്കൂ' മുതലായ പുസ്തകങ്ങളെ തിരുത്തുന്നതിനു മുമ്പാണ് നടന്നതെന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാണ്.) സൂനഹദോസ് ശുഭപര്യവസായി ആയിത്തീരണ്ടതിനു സകല വിശ്വാസികളുടേയും പ്രാർത്ഥന പ്രതിദിനം ആദ്യം സുറിയാനിയിലും അനന്തരം ലത്തീനിലും പാടിയിരുന്നു. സൂനഹദോസിൽ എല്ലാവരേയും കേൾപ്പിച്ചു സമ്മതിപ്പിക്കുവാൻവേണ്ടി മെത്രാപ്പോലീത്താ നിർമ്മിച്ചിരുന്ന നിയമങ്ങ (Decrees) ളെല്ലാം താൻ തെരഞ്ഞെടുത്തിരുന്ന ഇരുപതുമാരായ വൈദികരേയും അക്കദിയാക്കോനേയും അദ്ദേഹം ഏൽപ്പിച്ചു. അവയെപ്പറ്റി എന്തെങ്കിലും ചോദിക്കുവാനുണ്ടായിരുന്നാൽ തന്നോടു നേരിട്ടു ചോദിച്ചുകൊള്ളണമെന്ന് ആജ്ഞാപിക്കയുമുണ്ടായി. അനന്തരം, സൂനഹദോസു കൂടുന്നതിന്റെ ഉദ്ദേശ്യം, (ക) നെസ്തോരിയൻ അബദ്ധങ്ങളെ നീക്കുന്നതും ക്രമാശകളുടെ ക്രയവിക്രയം നിരുത്സാഹപ്പെടുത്തുന്നതും, (ഖ) സുറിയാനിപുസ്തകങ്ങളെ തിരുത്തുന്നതും, (ഗ) മാപ്പിളമാരായിക്കഴിഞ്ഞുകൂടുന്നവർക്കു കീഴ്വണങ്ങിക്കൊള്ളുമെന്ന് വാഗ്ദാനം ചെയ്യുന്നതും, (ഘ) വൈദികന്മാരുടേയും ജനങ്ങളുടേയും നടപടികളെ ഗുണപരിഷ്കരിക്കുന്നതുമാണെന്ന് മെത്രാപ്പോലീത്താ അറിയിക്കയും അതിനു എല്ലാവർക്കും സമ്മതമുണ്ടോ എന്നു ചോദിക്കയുംചെയ്തു. ("നെസ്തോറിയൻ അബദ്ധങ്ങൾ" മുതലായ ഈ സംഗതികളല്ലാതെ അക്കദിയാക്കോൻ മുതലായവരുടെ അപേക്ഷകളിൽ യാതൊന്നും സൂനഹദോസിന്റെ ആലോചനയ്ക്കു വിഷയീഭവിക്കുകയില്ലെന്ന് ഈ ചോദ്യം കൊണ്ടു മെത്രാപ്പോലീത്താ സൂചിപ്പിച്ചു). അതിനു തെരഞ്ഞെടുക്കപ്പെട്ടവർ സമ്മതസൂചകമായി സകലരുടേയും നാമത്തിൽ മറുപടി പറയുകമൂലം പൊതുസമ്മതി സിദ്ധിച്ചു.

അടുത്ത ദിവസമായ ൨൭–ാം തീയതി വിശ്വാസസത്യം ചെയ്യപ്പെട്ടു. ഒന്നാമതായി പ്രധാന ബലിപീഠത്തിങ്കൽ മുട്ടുകുത്തി മെത്രാപ്പോലീത്തായും അനന്തരം അദ്ദേഹത്തിന്റെ സന്നിധിയിൽ മുട്ടുകുത്തി അക്കദിയാക്കോനും തദ്പരം വൈദികന്മാരും ഒരേ വിശ്വാസസത്യംതന്നെ ചെയ്തു. ഇതുകഴിഞ്ഞു പള്ളരുത്തി ഇടവകക്കാരനായ ഒരു യാക്കോബു കത്തനാർ പ്രസംഗമണ്ഡപത്തിൽ കയറി വിശ്വാസസത്യവാചകം മലയാളത്തിൽ വായിച്ചപ്പോൾ ജനങ്ങളെല്ലാം ആ സത്യവാചകം പേത്തുചൊല്ലി. സമസ്തകത്തോലിക്കരുടേയും ഉപയോഗത്തിനായി തെയ്നാസ് സൂനഹദോസിന്റെ നിയമം അനുസരിച്ചു രചിക്കപ്പെട്ട ഈ സത്യവാചകത്തിൽ ഏതെല്ലാം സംഗതികളാണ് മെനേസിസ് കൂട്ടത്തലായി ചേർത്തിരുന്നതെന്ന് വ–ാം ലക്കത്തിൽ തെങ്ങൽ പ്രസ്താവിച്ചിട്ടുണ്ട്. സൂനഹദോസ് ജൂൺ ൨൦–ാം തീയതി ആരംഭിക്കയും, ൨൩–ാംതീയതി അവസാനിക്കയും ചെയ്തു. ഈ ഏഴു ദിവസങ്ങളിലായി ഒമ്പതു യോഗങ്ങൾ (Sessions) നടത്തപ്പെട്ടു. ആദ്യയോഗം സൂനഹദോസിന്റെ പ്രാരംഭകർമ്മങ്ങൾക്കായിട്ടാണ് വിനിയോഗിക്കപ്പെട്ടത്. സൂനഹദോസിൽ സംബന്ധിച്ചിരിക്കുന്ന യാതൊ

രുത്തനും അതു് അവസാനിക്കുന്നതിനു മുമ്പായി തന്റെ അനുമതിക്കു ടാതെ പൊയ്ക്കുടെന്നു് ആരംഭദിവസത്തിലെ കുബ്ബാന, പ്രാർത്ഥന ഇതുകളുടെശേഷം മെത്രാപ്പോലീത്താ മഹരോൻ ശിക്ഷയിൻകീഴിൽ മുടക്കി. രഹസ്യമായ കൂടിയാലോചനകളും സംഘങ്ങളും തന്റെ പ്രത്യേകാനുമതിക്കുടാതെ നടത്തിക്കുടെന്നും മെത്രാപ്പോലീത്താ മഹരോൻ ശിക്ഷയിൻകീഴിൽ വിരോധിച്ചു. രണ്ടാമത്തെ യോഗത്തിൽ എല്ലാവരും വിശ്വാസസത്യം ചെയ്യുകയും തത്സംബന്ധമായി മെത്രാപ്പോലീത്താ പ്രസംഗം ചെയ്തശേഷം യോഗത്തിൽ സന്നിഹിതരാകാത്ത വൈദികന്മാരും വിശ്വാസസത്യം ചെയ്യണമെന്നു ആജ്ഞാപിക്കയുംചെയ്തു. മൂന്നാം യോഗത്തിലെ നിയമങ്ങൾ വിശ്വാസത്തെ സംബന്ധിക്കുന്നവയാണ്. അവയിൽ "പാഷണ്ഡമതതത്വ"ങ്ങളേയും പുസ്തകങ്ങളിലെ "അബദ്ധങ്ങ"ളേയും പത്രോസിന്റെയും തോമ്മായുടെയും പ്രമാണങ്ങൾ എന്നു രണ്ടില്ലെന്നുള്ള സംഗതിയേയും സംബന്ധിച്ചു് മുഖ്യമായി പ്രതിപാദിക്കയും അങ്കമാലി ഹാ ഇടവകയെ ഗോവയിലെ മതപരിശോധകസംഘത്തി (Inquisition) ന്റെ കീഴിൽ സ്ഥാപിക്കുന്നതായി പ്രസ്താവിക്കയും ചെയ്തു. മാർമ്മോദീസാ, മുമ്പിലത്തെ ഒപ്പുശ്ശാ എന്ന ക്രിയാശകളേപ്പറ്റി ചെയ്യേണ്ടവയാണ് നാലാം യോഗത്തിന്റെ നിയമങ്ങളിലെ പ്രതിപാദ്യവിഷയം. അഞ്ചാം യോഗത്തിന്റെ നിയമങ്ങൾ വി. കുബ്ബാന എന്ന ബലിയേയും, ആ ക്രിയാശയേയും സംബന്ധിക്കുന്നവയാണ്. വിശുദ്ധ ക്രിയാശകളായ പാപോച്ചാരണം, ഒട്ടുക്കത്തെ ഒപ്പുശ്ശാ എന്നിവയേപ്പറ്റി ആറാം യോഗത്തിലും, പട്ടം, വിവാഹം എന്നിവ സംബന്ധിച്ചു് ഏഴാം യോഗത്തിലും നിയമങ്ങൾ വായിക്കപ്പെട്ടു. പള്ളിക്കാര്യങ്ങളുടെ നവീകരണത്തിനും നോമ്പു മുതലായ സംഗതികൾക്കും വേണ്ടിയാണ് എട്ടാം യോഗനിയമങ്ങൾ വിനിയോഗിക്കപ്പെട്ടിരിക്കുന്നതു്. ഒമ്പതാമത്തെ യോഗത്തിൽ ആചാരസംസ്കാരത്തെ (Reformation of manners) ഉദ്ദേശിച്ചുള്ള നിയമങ്ങൾ വായിക്കപ്പെട്ടുകയുണ്ടായി.

ഈ നിയമങ്ങളേപ്പറ്റി അറിഞ്ഞിരിക്കേണ്ടതായ ചില സംഗതികളുണ്ട്. (ക) സൂനഹദോസുകളിലെ പതിവു് അവയിൽ പ്രതിപാദിക്കപ്പെടുന്ന സംഗതികളിൽ സന്നിഹിതന്മാരുടെ അഭിപ്രായം ആദ്യമായി അറിയുകയും ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു നിയമങ്ങൾ നിർമ്മിക്കയുമാണ്. എന്നാൽ ഉദയംപേരൂർ സൂനഹദോസിൽ നടന്നതു് ഈവിധമൊന്നുമല്ല. അതിലെ നിയമങ്ങളൊക്കെയും മെത്രാപ്പോലീത്താ തന്റെ സഹവർത്തികളുടെ ആലോചനയോടുകൂടി മുൻകൂട്ടി ഉണ്ടാക്കുകയും അവയെ സൂനഹദോസിന്റെ ഓരോ യോഗങ്ങളിൽ നിയമങ്ങളായി സ്വീകരിപ്പിക്കയുമാണു ചെയ്തതു്. ഒമ്പതു യോഗങ്ങളിലായി ഇരുനൂറു നിയമങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രാരംഭകർമ്മങ്ങൾക്കും വിശ്വാസസത്യത്തിനുമായി വിനിയോഗിക്കപ്പെട്ട ആദ്യത്തെ രണ്ടു ദിവസങ്ങൾ നീക്കിയാൽ ബാക്കിയുള്ള അഞ്ചു ദിവസങ്ങൾ ഇവയെല്ലാം ശരിയായി വായിച്ചുകേൾക്കുന്നതിനു തന്നെയും മതിയാകാതെയാണിരി

ക്കുന്നത്. അതിനാൽ ഈ നിയമങ്ങൾ മെത്രാപ്പോലീത്താ സൂനഹദോസിൽ പ്രസിദ്ധീകരിച്ചവ എന്നല്ലാതെ അതിൽ നിർമ്മിക്കപ്പെട്ടവ യല്ലെന്നു അറിഞ്ഞിരിക്കേണ്ടതാണ്. (൨) രഹസ്യയോഗങ്ങളോ സംഘങ്ങളോകൂടി യാതൊരാലോചനയും ചെയ്യുകൂടെന്നു മെത്രാപ്പോലീത്താ ആദ്യമേതന്നെ മഹറോൻ ശിക്ഷയിൻകീഴിൽ മുടക്കിയതു തന്റെ നിയമങ്ങൾക്കു യാതൊരുത്തനും വിരോധം പറയാതിരിക്കുവാൻവേണ്ടിയും കൽദായ മെത്രാന്മാരെ കിട്ടണമെന്നു സൂനഹദോസിൽ ആരും അപേക്ഷ കൊണ്ടുചെല്ലാതിരിക്കുവാൻ വേണ്ടിയുമാണ്. പതിനൊന്നാം അദ്ധ്യായം അഞ്ചാം ലക്കത്തിൽ ഞങ്ങൾ കാണിച്ചിട്ടുള്ളതും കൽദായ മെത്രാന്മാരെ ഭയപ്പിച്ചു സൂനഹദോസിലേക്കു കൊച്ചീ മെത്രാൻ അയച്ചിട്ടുള്ളതുമായ എഴുത്തിന്റെ ഉദ്ദേശ്യവും ഇതുതന്നെ. (൩) സൂനഹദോസിന്റെ നിയമങ്ങൾ എല്ലാവക്കും വ്യസനകാരണങ്ങളും അവയിൽ പറയപ്പെട്ടന്ന സംഗതികൾ നസ്രാണികളെ പൊതുവായി സംബന്ധിപ്പിക്കാതിരിക്കേണ്ടതുമായിരുന്നു എന്നതിനു ഒരു ദൃഷ്ടാന്തം ഇവിടെ കാണിക്കാം. പോർട്ടുഗീസു ഗ്രന്ഥകാരന്മാരായ റോലിൻ മുതലായവർ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ വിശ്വാസസംബന്ധമായ കാര്യങ്ങളെപ്പറ്റി നിർമ്മിക്കപ്പെട്ട ഇരുപത്തൊമ്പതു നിയമങ്ങൾ വായിക്കുന്നതിനു നിശ്ചയിച്ചിരുന്നതു സൂനഹദോസിന്റെ മൂന്നാം ദിവസമായ ൨൫—ാംതീയതി ആയിരുന്നു. വിശ്വാസത്തിനു വിരോധമായ അബദ്ധങ്ങളെയായിരുന്നു ആ നിയമങ്ങളൊക്കെയും പ്രത്യക്ഷപ്പെടുത്തിയിരുന്നതു. നിയമങ്ങളെല്ലാം മുൻക്രമായി വായിച്ചുനോക്കുന്നതിലേക്കു തനിക്കു അത്യന്തം വിശ്വാസമുള്ള ചിലരെ മെത്രാപ്പോലീത്താ തെരഞ്ഞെടുത്തിരുന്നെന്നു മുമ്പു പറഞ്ഞുവല്ലോ. അവർ തന്നെയും ഇവയെല്ലാം വായിച്ചുകണ്ടപ്പോൾ ഈ നിയമങ്ങൾ അനാവശ്യവും അവയെ പരസ്യമായി വായിക്കുന്നതു തങ്ങൾക്കു പൊതുവിൽ വ്യസനഹേതുകവുമാണെന്നും സൂനഹദോസു സംബന്ധിച്ചു കൊച്ചിയിൽനിന്നു ഒട്ടധികം പുസ്തകങ്ങൾ വന്നിട്ടുള്ളതിനാൽ അവർ (യോഹന്നാൻ മാംദാനായുടെ ജനനത്തിരുനാളായ) 'സഞ്ചോൻ' ആഘോഷിക്കേണ്ടതിനായി പോകുന്ന ൨൪—ാംതീയതിയിലേക്കു ആ കർമ്മം മാറ്റിവെക്കണമെന്നും മെത്രാപ്പോലീത്തായുടെ അടുക്കൽ അപേക്ഷിച്ചു. അദ്ദേഹം അതിനു സമ്മതിക്കയും പുസ്തകങ്ങളൊക്കെയും സ്ഥലം വിട്ടുമാറിക്കൊള്ളണമെന്നും കത്തനാർമാരും നസ്രാണികളുമല്ലാതെ മറാരും പള്ളിയിൽ സന്നിഹിതരായിക്കൂടെന്നും കല്പിക്കയും ചെയ്തശേഷം പള്ളിവാതിൽ അടച്ചു ബന്ധിച്ചുകൊണ്ടു പ്രസ്തുത നിയമങ്ങൾ വായിക്കപ്പെട്ടു.

൧൯.. അങ്കമാലി മഹാ മെത്രാസന ഇടവകയിലെ ജനങ്ങൾ പോർട്ടുഗീസു മെത്രാന്മാരുടെ അധികാരത്തിൽ ഇരുന്നുകൊള്ളാമെന്നു സമ്മതിച്ചിരിക്കുന്നതായി 'പോർട്ടുഗൽ ഗവർമ്മേണ്ടു' സൂനഹദോസു കഴിഞ്ഞ ഉടനെ റോമയിൽ അറിയിക്കയും, തദനുസാരം എട്ടാമത്തെ ക്ലെമെൻറു മാപ്പ്ലാ ഫ്രാൻസീസ് ഡിസംബർ ൨൦—ാംതീയ

തിയിലെ ഒരു തിരുവെഴുത്തുമൂലം അ മഹാ ഇടവകയെ തരംതാഴ്ത്തി ഗോവ മെത്രാസനത്തിൻകീഴിൽ ഒരു വെറും മെത്രാസനം മാത്രമായി സ്ഥാപിക്കയുംചെയ്തു. പിന്നീട് ക്രിസ്താബ്ദം ൧൮൩൨ ഓഗസ്റ്റ്മാസം ൧൪-൦തീയതിയിലെ വേറൊരു തിരുവെഴുത്തുമൂലം, പോർട്ടുഗൽ രാജാക്കന്മാർക്ക് അതിന്മേൽ രക്ഷാധികാരവും നൽകപ്പെട്ടു. ഈ അധികാരം നിമിത്തം അങ്കമാലിയെ ഭരിക്കേണ്ട മെത്രാന്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശവും ആ മെത്രാന്മാരുടെ ചെലവിനും വികാരിമാരുടെ ശമ്പളത്തിനും മറ്റും വേണ്ടിവരുന്ന ദ്രവ്യസഹായം ചെയ്യുന്നതിനുള്ള ഭാരവും ആ രാജാക്കന്മാരിൽ സ്ഥാപിതമായി. മാർ അബ്രാഹത്തിന്റെ അനന്തരഗാമിയായി അങ്കമാലി മെത്രാസനത്തെ ഭരിക്കുന്നതിന്ന് ഒരു മെത്രാനെ തെരിഞ്ഞെടുക്കുവാൻ മെനേസിസു മെത്രാപ്പോലീത്താ സൂനഹദോസിന്റെ പര്യവസാനത്തിൽ നസ്രാണികളോട് ആവശ്യപ്പെടുകയും അവർ അദ്ദേഹത്തെത്തന്നെ സസന്തോഷം തെരഞ്ഞെടുക്കയും ചെയ്തെന്നും, ഈ തെരഞ്ഞെടുപ്പ് യൂറോപ്പിൽ സ്ഥിരീകരിക്കപ്പെടാതെ പോകകൊണ്ട് വേറൊരാൾ ആ സ്ഥാനത്തിൽ നിയമിക്കപ്പെട്ടെന്നും ഗോവേയാ തുടങ്ങിയുള്ള പോർട്ടുഗീസു ഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നുണ്ട്. തിരുവിതാംകൂർ സ്റ്റെയ്റ്റു മാനുവൽ രണ്ടാം പുസ്തകം ൧൭൦-ാം വശത്തു മിസ്റ്റർ മെക്കൻസി ഇക്കാര്യം സംബന്ധിച്ചു പറഞ്ഞിട്ടുള്ളതായും കാണുന്നു. എന്നാൽ നസ്രാണികൾ മെനേസിനെത്തന്നെ തെരഞ്ഞെടുത്തതിന്റെ കാരണം എന്താണെന്ന് അവർ പറയുന്നില്ല. അടുത്ത ഒരു ലക്കത്തിൽ ഈ സംഗതിയെപ്പറ്റി പ്രസ്താവിക്കേണ്ട ആവശ്യം നേരിട്ടുന്നതാകയാൽ ഇപ്പോൾ തത്സംബന്ധമായി ഒന്നും പറയുവാൻ കരുതുന്നില്ല.

ഇതിനിടയ്ക്കു മെനേസിസു മെത്രാപ്പോലീത്താ താൻ തോമാക്രിസ്ത്യാനികളുടെ ഒരു സൂനഹദോസു കൂട്ടിയെന്നും അതിൽവച്ചു അവർ നെസ്തോറിയൻ അബദ്ധങ്ങളെ പരിത്യജിച്ചു മാപ്പാപ്പായിക്കു കീഴ്പ്പണങ്ങിയെന്നും, ബാബേൽ പാത്രിയക്കീസിനോടുള്ള ബന്ധമെല്ലാം ഉപേക്ഷിച്ചെന്നും മറ്റും വിവരിച്ചു പോർട്ടുഗലിലേക്കും റോമായിലേക്കും എഴുതി അയയ്ക്കുകയും നസ്രാണികൾക്ക് സന്തോഷസൂചകമായ ഒരു തിരുവെഴുത്തയയ്ക്കണമെന്ന് മാപ്പാപ്പായോടു അപേക്ഷിക്കയും ചെയ്തു. ഫ്രാൻസീസ് റോസ് എന്ന ഈശോസഭാ വൈദികനെ അങ്കമാലിയുടെ മെത്രാനായി നിയമിച്ചശേഷം, ക്ലെമെൻറ് അഷ്ടമൻ എന്ന മാപ്പാപ്പാ, മെത്രാപ്പോലീത്തായുടെ എഴുത്തിലെ താല്പര്യം അനുസരിച്ച് ക്രിസ്താബ്ദം ൧൬൩൮ മെയ്മാസം ൧൯-ാം തീയതി അങ്കമാലി മെത്രാനും നസ്രാണികൾക്കുമായി (Divinam Dei Omnipotentis എന്നാരംഭിക്കുന്ന) ഒരു തിരുവെഴുത്തയച്ചു. ഇതു തിരുവിതാംകൂർ സ്റ്റെയ്റ്റു മാനുവൽ രണ്ടാം പുസ്തകം ൧൭൫-ാം പക്ഷത്തിൽ മിസ്റ്റർ മെക്കൻസി ഉദ്ധരിച്ചിട്ടുണ്ട്. മാർത്തോമ്മാ നസ്രാണികൾ പിശാചും ദുഷ്ടമനുഷ്യരുംമൂലം അബദ്ധപഠനങ്ങളിലും അനവധി തെറ്റുകളിലും ഉൾപ്പെട്ടുപോയിരുന്നെങ്കിലും ദൈവകാരുണ്യം അവരെ അതുകളിൽനിന്നു

വിമുക്തരാക്കിയെന്നും ഗോവ മെത്രാപ്പോലീത്താ അവരുടെ പ്രധാനി കളേയും വൈദികന്മാരേയുംചേർത്തു നടത്തിയ സൂനഹദോസു വഴി യായി നെസ്തോറിയസിന്റെ അബദ്ധോപദേശങ്ങളെ അവർ ഉപേ ക്ഷിക്കയും റോമാ മാപ്പാപ്പായെ സമസ്ത പള്ളികളുടേയും പരമാദ്ധ്യ ക്ഷനായി സ്വീകരിച്ചു അദ്ദേഹത്തെ അനുസരിക്കയും ചെയ്തതായി ത നിക്കു കിട്ടിയ എഴുത്തുകൾമൂലം അറിഞ്ഞു സന്തോഷിക്കയും അതേപ്പ റ്റി അവരെ അനുമോദിക്കയും ചെയ്തുവെന്നും, അതിനാൽ അവർക്ക ഒരു മെത്രാനെ താൻ കല്പിച്ചുകൊടുത്തിരിക്കുന്നെന്നുമാണ് തിരുമന സ്സുകൊണ്ടു അതിൽ പ്രസ്താവിച്ചിരിക്കുന്നത്. മെനേസിസു മെത്രാപ്പോ ലീത്താ സ്വാഭിപ്രായങ്ങളെമാത്രം ആധാരമാക്കി മേൽക്കാണിച്ചവിധം എഴുതി അയച്ചതിനെ വിശ്വസിച്ച് മാപ്പാപ്പാ ഇങ്ങനെ ഒരു മുപ ടി അയയ്ക്കാൻ ഇടവന്നതല്ലാതെ തങ്ങൾ മതപരിവർത്തനം ചെയ്തതാ യി നസ്രാണികൾ റോമ്മയിൽ അറിയിക്കയോ അതനുസരിച്ച് ഈ തിരുവെഴുത്തു പുറപ്പെടുകയൊ ചെയ്തിട്ടുള്ളതല്ലെന്ന് മാന്യവായന ക്കാർ ധരിച്ചിരിക്കേണ്ടതാണ്. ഉദയംപേരൂർ സൂനഹദോസിനെ സംബന്ധിക്കുന്ന സകല കാര്യങ്ങളിലും മെനേസിസിന്റെ അഭിപ്രായം മാത്രമാണു നിവർത്തിക്കപ്പെട്ടതെന്നുള്ളതു പ്രസ്പഷ്ടമായ ഒരു യാഥാർത്ഥ്യ മാണ്. ആ സൂനഹദോസിനു മുമ്പുതന്നെ അക്കിടിയാക്കോൻ അങ്ക മാലിയിൽ കൂടിയ സൂനഹദോസിൽവച്ച് സുറിയാനിക്കാർ, മാപ്പാപ്പാ തങ്ങൾക്കു ഒരു സുറിയാനി മെത്രാനെ അയയ്ക്കുന്നതായാൽ അദ്ദേഹ ത്തെ സ്വീകരിച്ചുകൊള്ളാമെന്ന് തീർച്ചയാക്കിയിരുന്നതായി മെനേ സിസുതന്നെ സമ്മതിച്ചു പറയുന്നുണ്ട്. (അ. ക്ര. ല. ൨൦). ആ സംഗതിയാകട്ടേ, കൽദായ മെത്രാന്മാരാൽ ഭരിക്കപ്പെടണമെന്നായിരുന്ന ഉദയംപേരൂർ സൂനഹദോസിൽ നസ്രാണികൾക്ക് ആഗ്രഹമുണ്ടായി രുന്ന (ല. വ) തെന്നുള്ള വസ്തുതയാവട്ടേ അദ്ദേഹം മാപ്പാപ്പായിയ്ക്കു യച്ച എഴുത്തിൽ പ്രസ്താവിച്ചിട്ടില്ല. സൂനഹദോസിൽവച്ചു നസ്രാണി കൾ നെസ്തോറിയൻ അബദ്ധങ്ങളെ പരിത്യജിച്ചിരിക്കുന്നതായി മാത്ര മേ അദ്ദേഹം എഴുതി അയയ്ക്കുകയുണ്ടായുള്ളൂ. ആ സൂനഹദോസാ കട്ടേ യഥാവിധി നടത്തപ്പെട്ടതല്ലെന്ന് മുകളിൽ (ല. ക്ര; ൧൨) ഞങ്ങൾ തെളിയിച്ചിട്ടുള്ളതുമാണ്. മുൻക്രൂരായി ഇരുനൂറു നിയമങ്ങ ളെ നിർമ്മിക്കുകയും അവയേപ്പറ്റി അഭിപ്രായം പറയുവാൻകൂടി സൂ നഹദോസിൽ സമയം അനുവദിക്കാതിരിക്കയും ചെയ്ത സംഗതിയും ദോം മെനേസിസു ചെയ്ത വിശ്വാസലംഘനമല്ലാതെ നെസ്തോറിയൻ അബദ്ധങ്ങളെ ഉപേക്ഷിക്കേണ്ടതിനായി നസ്രാണികൾ വേറൊരു വിശ്വാസസത്യം ചെയ്തിട്ടില്ലെന്നുള്ള വസ്തുതയും മാപ്പാപ്പായെ അറി യിക്കേണ്ടിയ സാരതരങ്ങളായ കാര്യങ്ങളായിരുന്നെങ്കിലും അവയെ സംബന്ധിച്ച് പ്രസ്തുത ലേഖനത്തിൽ അദ്ദേഹം യാതൊന്നും പറ ഞ്ഞിട്ടില്ല. ആകയാൽ മെനേസിസു മെത്രാപ്പോലീത്താ സ്വാഭിപ്രാ യങ്ങളും തദ്ദനുസാരം നടത്തിയ കാര്യങ്ങളുമല്ലാതെ യഥാർത്ഥത്തിൽ നടന്ന സാരമായ സംഭവങ്ങളേയോ ജനങ്ങളുടെ ആവലാധികളേ

യൊ സംബന്ധിച്ചു് മാപ്പുപ്പായെ യാതൊന്നും അറിയിച്ചിട്ടില്ലെന്നുള്ള തു നിസ്സംശയമാണു്. ഗൊവേയാ മുതലായ പോർട്ടുഗീസു ഗ്രന്ഥകാരന്മാരും സുറിയാനിക്കാരുടെ ആഗ്രഹങ്ങളേയൊ അപേക്ഷകളേയൊ സംബന്ധിച്ചു് ഒരക്ഷരംപോലും അവരുടെ കൃതികളിൽ എഴുതിക്കാണുന്നില്ല. എങ്കിലും സൂനഹദോസിന്റെ വിധികളേയും നിശ്ചയങ്ങളേയും എല്ലാവരും സസന്തോഷം സ്വീകരിച്ചു് അതുകൾക്കു കയ്യൊപ്പുവെച്ചെന്നും ദോം മെനേസിസിനെത്തന്നെ സ്വന്ത മതാദ്ധ്യക്ഷനായി കിട്ടുവാൻ അവർ അപേക്ഷിച്ചെന്നും മറും അവർ പ്രസ്താവിക്കാതിരിക്കുന്നുമില്ല.

പോർട്ടുഗീസ് ഗ്രന്ഥകാരന്മാരാൽ എഴുതപ്പെട്ട മാർതോമ്മാനസ്രാണികളുടെ ചരിത്രകൃതികളിൽ കടന്നുകൂടിയിരിക്കുന്ന അബദ്ധങ്ങൾമൂലം സംഭവിച്ചിട്ടുള്ള നാശഫലങ്ങളേപ്പറ്റി ഒന്നാം പുസ്തകം ൧൮–ാം അദ്ധ്യായത്തിൽ (ല. ൬) ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണു്. അവരുടെ ഗ്രന്ഥങ്ങളിലുള്ള ചരിത്രപിശകുകളെ കാണിക്കേണ്ടതിനായി ഒരു ദൃഷ്ടാന്തംകൂടി ഇവിടെ ചേർത്തുകൊള്ളുന്നു. എട്ടാമത്തെ ക്ലെമേൻറ് മാപ്പുപ്പാ ൧൭൯൨ൽ ഏപ്രിൽ ൧–ാംതീയതി മെനേസിസു മെത്രാപ്പോലീത്തായിക്കു ഒരു തിരുവെഴുത്തു അയയ്ക്കുകയുണ്ടായി. ക്രിസ്തുമതേതരന്മാരെ ജ്ഞാനസ്നാനപ്പെടുത്തുന്ന കാര്യത്തിൽ മെത്രാപ്പോലീത്താ മെയ്യു പരിശ്രമങ്ങളേപ്പറ്റി തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ അഭിനന്ദിക്കുന്നു എന്നാണു് തുടങ്ങിയ ആ തിരുവെഴുത്തിലെ കാര്യസാരം. അഭിനന്ദിക്കുന്നു എന്നതിനു് "ഗ്രത്തുലാമൂർ" (Gratulamur) എന്നും ക്രിസ്തുമതേതരന്മാർ എന്നതിനു് 'ജെൻതീലെസ്' (Gentiles) എന്നുമുള്ള ലത്തീൻ ഭാഷാപദങ്ങളാണു ആ ലേഖനത്തിൽ മാപ്പുപ്പാ പ്രയോഗിച്ചിട്ടുള്ളതു്. ഗൊവേയാ ൧൯൦൯–ൽ പ്രസിദ്ധീകരിച്ച 'ജൊർനാദാ' എന്ന കൃതിയിൽ ആ തിരുവെഴുത്തു് മൂലഭാഷയിൽത്തന്നെ ചേർത്തിട്ടുണ്ടു്. അതിൽപിന്നെ ൧൫൦ സംവത്സരങ്ങളുടെശേഷം റോമിൽ ൧൯൪൨–ൽ പ്രസിദ്ധപ്പെടുത്തിയ "ഉദയംപേർസൂനഹദോസിന്റെ ചരിത്ര"ത്തിലാകട്ടെ ഏൻറ്റൻ എന്നതിനെ ഏൻറ്റവ എന്നും, Gratulamur എന്നതിനെ പ്രോത്സാഹിപ്പിക്കുന്നു എന്നർത്ഥമുള്ള 'ഒത്താമൂർ' (Hortamur) എന്നും Gentiles എന്നതിനെ ജനസഞ്ചയം, ജാതി എന്നിങ്ങനെ അർത്ഥമുള്ള 'ജെൻതെസ്' (Gentes) എന്നും ഭേദപ്പെടുത്തിയിരിക്കുന്നു. റോമിന്റെ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിട്ടു ഉദ്ദേശം ൨൫൦ സംവത്സരങ്ങൾ കഴിഞ്ഞതിൽപിന്നെ ൧൮൫൨–ൽ അച്ചടിച്ച ബുല്ലാറിയും പത്രോനാത്തൂസ് (Bullarium Patronatus) എന്ന ഗ്രന്ഥത്തിന്റെ ഒന്നാം പുസ്തകം ൨൪൯–ാം വശത്തു്, "കേരളത്തിലെ നെസ്തോറിയന്മാരെ മാനസാന്തരപ്പെടുത്തിയതിനെപ്പറ്റി അയയ്ക്കപ്പെട്ടതു്" എന്നുള്ള ഒരു സൂചനത്തോടുകൂടിയും Gentiles എന്ന പദത്തെ Gentes എന്നു മാറ്റിയും ഈ ലേഖനം ചേർത്തിട്ടുണ്ടു്. ഗോവയിലെ ക്രിസ്തുമതേതരന്മാരായ ചില ആളുകളെ സുവിശേഷത്തിന്റെ വെളിച്ചത്തിലേക്കു് ആനയിക്കുവാ

ൻവേണ്ടി മെത്രാപ്പോലീത്താ ചെയ്ത പരിശ്രമങ്ങളെപ്പറ്റി അദ്ദേഹം അഭിനന്ദിച്ചു മാപ്പിപ്പാ അയച്ച ഈ ലേഖനം മലയാളത്തിലെ മാർതോമ്മാ നസ്രാണികളെ മാനസാന്തരപ്പെടുത്തുവാൻ ഉപദേശിക്കുന്ന ഒരു തിരുവെഴുത്താക്കിത്തീർക്കുന്നതിന് ഗ്രന്ഥകർത്താക്കന്മാർ ചെയ്യുന്ന പ്രയത്നംമൂലം ചരിത്രസംഭവങ്ങൾക്ക് ഏതുമാത്രം വ്യത്യാസം വരുത്തുവിക്കുന്നു എന്ന് മാന്യവായനക്കാർക്ക് നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണല്ലോ.

ലോകപ്രസിദ്ധനായ പതിമൂന്നാം ലെയോൻ മാപ്പിപ്പാ തിരുസഭാ ചരിത്രസംബന്ധമായി ദേ ലൂക്കാ (De Luca), പീത്രാ (Pitra), ഹെർജ്ജെൻ റോഥെർ (Hergen Röther) എന്ന കർദ്ദിനൽമാർക്ക് രണ്ടുവൻ സെപ്റ്റംബർ ൨൰ തീയതി അയച്ച തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളതു മലങ്കര സഭാചരിത്രത്തിന്റെ വിഷയത്തിലും സാർത്ഥകമായിരിക്കുന്നു എന്ന് നിസ്സംശയം പറയാം. ആ തിരുവെഴുത്തിൽ തിരുമനസ്സുകൊണ്ടു പ്രസ്താവിക്കുന്നതു്: The historian of the Church has the duty to dissimulate none of the trials that the Church has had to suffer from the faults of her children, and even at times from those of her own ministers. "തിരുസഭ, അവളുടെ മക്കളുടെയാവട്ടേ, ചിലപ്പോഴെല്ലാം അവളുടെ പരികർമ്മികളുടെതന്നെയാവട്ടേ, കുറ്റങ്ങൾ നിമിത്തം സഹിക്കുവാൻ ഇടയായിട്ടുള്ള കഷ്ടതകളിൽ യാതൊന്നും മറച്ചുവെക്കാതിരിക്കേണ്ടതു് തിരുസഭാചരിത്രകർത്താവായ ഒരുത്തന്റെ കടമയാകുന്നു" എന്നാണ്.

൧൯. സൂനഹദോസു അവസാനിച്ച ഉടനെ മെനേസിസു മെത്രാപ്പോലീത്താ പള്ളികൾക്കു ആത്മപാലകന്മാരെ (വികാരിമാരെ) നിശ്ചയിക്കയും അവർക്കു അധികാരപത്രം കൊടുക്കയുംചെയ്തു. അനന്തരം പള്ളിസന്ദർശനത്തിനായി പുറപ്പെട്ടു. അതു ചില പ്രത്യേകോദ്ദേശ്യങ്ങൾ നിമിത്തമായിരുന്നു. സുറിയാനി ഗ്രന്ഥങ്ങളെ നിശ്ശേഷം നശിപ്പിച്ചുകളയണമെന്നുള്ളതായിരുന്നു അവയിൽ പ്രഥമവും പ്രധാനവുമായിരുന്നതു്. അദ്ദേഹം പലയിടങ്ങളിൽ ഗ്രന്ഥദഹനം നടത്തീട്ടുണ്ട്. എന്നാൽ അങ്കമാലി, ചെങ്ങന്നൂർ, കുറിയന്നൂർ എന്ന സ്ഥലങ്ങളിൽവെച്ചാണ് അത്യധികമായ ഗ്രന്ഥനാശം വരുത്തിക്കൂട്ടിയതു്. ഭാരതഖണ്ഡത്തിലെ പുരാതന മെത്രാസനസ്ഥാനവും നസ്രാണികളുടെ മഹാ ഇടവകയുടെ കേന്ദ്രഭൂമിയുമായിരുന്ന അങ്കമാലിയിൽ മതസംബന്ധവും ചരിത്രസംബന്ധവുമായി നിരവധി പുസ്തകങ്ങൾ ശേഖരിക്കപ്പെട്ടിരുന്നു. അവയെല്ലാം അഗ്നിക്കു ഇരയായിപ്പോയതു് നിത്യസന്താപത്തിനു ഹേതുവായിത്തീർന്നിരിക്കുന്നു. പുസ്തകം നശിപ്പിക്കേണ്ട സംഗതിയേപ്പറ്റിത്തന്നെ, സൂനഹദോസിൽ ഒരു നിയമം നിർമ്മിച്ചിട്ടുണ്ടായിരുന്നു. ആ നിയമം നടത്തുവാനായി (കൊട്ടാരപ്പള്ളിന്റെ ആദ്യ ലത്തീൻമെത്രാനായി പിന്നീടു നിയമിക്കപ്പെട്ട) ഈശോസഭയിലെ ഫ്രാൻസീസു റോസ് എന്ന വൈദികനേയും ഏതട്ടേ

ശീയരായ രണ്ടു വൈദികന്മാരേയും മെത്രാപ്പോലീത്താ പണ്ടേതന്നെ ഏർപ്പെടുത്തീട്ടുണ്ടായിരുന്നു. പുസ്തകങ്ങളെ നശിപ്പിച്ചുകളഞ്ഞതു് എത്രയും പരിതാപകരമായ ഒരു സംഗതിയാണെന്നും അമൂല്യങ്ങളായ ആ രേഖകളെ ദഹിപ്പിക്കാതെ ഗോവയിലോ വത്തിക്കാനിലോ അവയെ അയക്കാതിരുന്നതു് അത്യന്തം ശോചനീയമായിരിക്കുന്നെന്നും ഒരു പ്രോട്ടസ്റ്റൻറു് ചരിത്രകർത്താവായ ഹഫ് (Hough) പ്രസ്താവിക്കുന്നു. "How duply it is to be deplored that he did not transmit these invaluble records to Goa or to Vatican" എന്നാണു അദ്ദേഹം പറയുന്നതു്. അപ്പൊസ്തോലകാലം തുടങ്ങിയുള്ള മലങ്കര സഭയുടെ സകല ഗ്രന്ഥങ്ങളേയും അഗ്നിക്കു ആഹാരമാക്കിത്തീർത്ത മെനേസിസിന്റെ പ്രവൃത്തിയേപ്പറ്റി ഗ്രന്ഥകാരന്മാർ ഒന്നാകെ മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാകയാൽ ഇതേപ്പറ്റി അധികമൊന്നും പറയേണമെന്നില്ല.

സന്ദർശനത്തിന്റെ വേറൊരുദ്ദേശ്യം സൂനഹദോസിന്റെ നിശ്ചയങ്ങളെല്ലാം അണുഭേദംകൂടാതെ നടപ്പിൽ വരുത്തണമെന്നുള്ളതായിരുന്നു. സൂനഹദോസിൽ ചില സ്ഥലങ്ങളിൽനിന്നു വൈദികന്മാർ ചെന്നുകൂടുകയുണ്ടായില്ല. അതിനാൽ സൂനഹദോസിന്റെ നിശ്ചയങ്ങളെ അവരേക്കൊണ്ടും സ്വീകരിപ്പിക്കുന്നതിനും അതിൽ മറുള്ളവർ സത്യംചെയ്തു അംഗീകരിച്ചവയെ അവരേക്കൊണ്ടും അംഗീകരിപ്പിക്കുന്നതിനും മെത്രാപ്പോലീത്താ നിശ്ചയിച്ചു. വൈദികന്മാർ വിവാഹം ചെയ്യുകൂടെന്നു് സൂനഹദോസിൽ നിശ്ചയിക്കപ്പെട്ടിരുന്നതിനെ നടപ്പിൽവരുത്തുന്നതിനായി അദ്ദേഹം പരിശ്രമിച്ചു. വൈദികന്മാരുടെ പുനർവിവാഹം സാധുവല്ലാതിരുന്നതിനാൽ അവർ ഭാര്യമാരെ ഉപേക്ഷിക്കണമെന്നു് സൂനഹദോസിന്റെ ൩–ാം യോഗം ൧൯–ാം നിയമത്തിൽ മഹരോൻ ശിക്ഷയിൻകീഴിൽ കല്പിക്കപ്പെട്ടുകയുണ്ടായി. (വൈദികന്മാർ പുനർവിവാഹം ചെയ്യരുതെന്നു് അങ്കമാലി ഇടവകയെ മുമ്പു ഭരിച്ചിരുന്ന മെത്രാന്മാർ മഹരോൻ ശിക്ഷയിൻകീഴിൽ മുടക്കിയിരുന്നതിനാൽ ചിലർ പുനർവിവാഹാനന്തരം തങ്ങളുടെ ഉദ്യോഗകർമ്മങ്ങൾ പ്രവർത്തിക്കാതേയും മറു ചിലർ മെത്രാന്റെ അനുമതിയോടുകൂടെ അവയെ പ്രവർത്തിച്ചും വന്നിരുന്നെന്നു് പ്രസ്തുത നിയമത്തിൽത്തന്നെ പറയപ്പെടുന്നു. പക്ഷേ ഈ അനുവാദം 'സിമോനിയാ' അഥവാ വിശുദ്ധ വസ്തുക്കളുടെ ക്രയവിക്രയംവഴി കൊടുത്തതാണെന്നാണു് അവിടെത്തന്നെ മുൻകൂറായി വിധിപ്രസ്താവിച്ചിട്ടുള്ളതു്.) കോട്ടയം, കടമ്പനാട്ടു്, കുടമാളൂർ മുതലായ ഏതാനും സ്ഥലങ്ങളിൽ ചില വൈദികന്മാർക്കു് മെത്രാപ്പോലീത്താ മഹരോൻ പ്രസ്താവിച്ചതായി ഹോവേയാ പറയുന്നുണ്ടു്. അവർ പുനർവിവാഹം ചെയ്തവർ ആയിരുന്നെന്നും അതിനാലാണു് സൂനഹദോസിന്റെ വിധിപ്രകാരം ഈവിധം ശിക്ഷിക്കപ്പെട്ടതെന്നും അനുമാനിക്കാവുന്നതാണു്. വിവാഹം ചെയ്തവരായും ചെയ്യാത്തവരായുമുള്ള വൈദികന്മാർ ആ കാലഘട്ടത്തിൽ ഇവിടെയുണ്ടായിരുന്നു. തിരുവാങ്കോട്ടുണ്ടായിരുന്ന ക്രിസ്ത്യാ

നികൾ (തരിസാ-യ്ലർ) പല സംഗതികളിലും ഹൈന്ദവ മതാചാരങ്ങളേയാണു അനുസരിച്ചിരുന്നതു്. അവർ കച്ചവടത്തിനായി പല പ്പോഴും കൊല്ലത്തുവരിക പതിവുണ്ടായിരുന്നതിനാൽ അവിടെവച്ചു തോം മെനേസിസ് അവരിൽ ചിലരെ കാണുന്നതിനിടയായി. അദ്ദേഹം അവരോടു് സൽകാര്യങ്ങളെ ഉപദേശിക്കയും അവരെ സന്മാർഗ്ഗങ്ങളിലേക്കു ആനയിക്കേണ്ടതിനായി ഉത്തമനായ ഒരു കത്തനാരെ അവരുടെ അദ്ധ്യാത്മപാലകനായി നിയമിക്കയും ചെയ്തു. നസ്രാണികൾ ആദിമകാലം മുതൽ അനുഭവിച്ചുവന്നിരുന്നതും ആ കാലഘട്ടത്തിൽ നടപ്പിൽ ഇരുന്നിരുന്നതുമായ സ്ഥാനപദങ്ങളേയും പ്രത്യേകാവകാശങ്ങളേയും അനുഭവിക്കുന്നതിനു് തിരുവാങ്കോട്ടെ ക്രിസ്ത്യാനികൾക്കു് അവരുടെ ഹൈന്ദവാചാരങ്ങൾമൂലം സാധിച്ചിരുന്നില്ല. യഥാർത്ഥ ക്രിസ്തീയജീവിതത്തെ നയിക്കുവാൻ ആഗ്രഹിക്കുന്നതിലേക്കു് പ്രസ്തുത ജനങ്ങളെ നിർബന്ധിക്കുന്നതിനു് ഇതും ഒരു കാരണമായിത്തീർന്നിരുന്നു.

നസ്രാണികളുടെമേലും അവരുടെ ഉൽകൃഷ്ട മെത്രാസനത്തിന്മേലും പോർട്ടുഗൽ രാജാവിനു് സംരക്ഷണാധികാരം (Patronage) ഉണ്ടായിരിക്കണമെന്നുള്ളതു് മെത്രാപ്പോലീത്തായുടെ മുഖ്യോദ്ദേശ്യമായിരുന്നെന്നു് ഒന്നാം പുസ്തകത്തിൽ പലഭാഗങ്ങളിലും പറഞ്ഞിട്ടുണ്ടല്ലോ. ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി, സൂനഹദോസ് പിരിയുന്നതിനുമുമ്പു് അക്കാദിയാക്കോൻറേയും ഇടവകകളുടെ ഭരണകർത്താക്കന്മാരുടേയും മാസപ്പടിവകയ്ക്കു് ഒരു സംഖ്യ നിശ്ചയിക്കപ്പെട്ടു. ഇതുപ്പറ്റി അടുത്ത ലക്കത്തിൽ പറഞ്ഞുകൊള്ളാം. സാബോർ, പ്രോത്തു് എന്ന മെത്രാന്മാരെ മലങ്കരസഭ പരിശുദ്ധന്മാർ എന്ന നിലയിൽ വണങ്ങിവന്നതിനാൽ ഇവിടെ അവരുടെ നാമത്തിൽ പ്രതിഷ്ഠിതങ്ങളായ ചില ദേവാലയങ്ങൾ ഉണ്ടായിരുന്നു. മാത്രമല്ല, ആ വിശുദ്ധന്മാർ പണിയിച്ചിട്ടുണ്ടായിരുന്ന മറ്റു ചില ദേവാലയങ്ങൾ അവരുടേതായി കരുതപ്പെട്ടുമിരുന്നു. കേരളീയസഭ ആ മെത്രാന്മാരെ "കന്തീശങ്ങൾ" എന്നാണു വിളിച്ചുവന്നിരുന്നതു്. (കന്തീശാ ക്രിസ്തു പരിശുദ്ധൻ എന്നർത്ഥമുള്ള ഒരു സുറിയാനി വാക്കാണ്. മലയാളശബ്ദമാക്കി ഉപയോഗിച്ചിരുന്ന ആ പദത്തെ ബഹുവചനമാക്കുക നിമിത്തം "കന്തീശങ്ങൾ" എന്നായിത്തീർന്നു). ഉദയംപേരൂർപള്ളി അവരുടെ ഭരണകാലത്തും (൧൦—ാം ശതവത്സരം) അവർമൂലമായും പുനഃസ്ഥാപനം ചെയ്യപ്പെട്ടതിനാൽ അതിനു് "കന്തീശങ്ങളുടെ പള്ളി" എന്ന പേർ സിദ്ധിച്ചു. സൂനഹദോസിലെ ഒരു നിയമം അനുസരിച്ചു് മെത്രാപ്പോലീത്താ ആ നാമധേയം "സകല വിശുദ്ധന്മാരുടേയും പള്ളി" എന്ന അർത്ഥത്തിൽ ആക്കിത്തീർക്കയും സാബോർ, പ്രോത്തു് എന്ന "കന്തീശങ്ങളുടെ" തിരുനാളിനെ വിരോധിക്കയും ചെയ്തു.

മെത്രാപ്പോലീത്താ സന്ദർശിച്ച പള്ളികളൊക്കെയിലും നസ്രാണികൾ അദ്ദേഹത്തെ വളരെ ബഹുമാനപൂർവ്വം സ്വീകരിച്ചു. സൂന

ഹദോസിനേപ്പറ്റി രചിക്കപ്പെട്ട ഒരു പദ്യം ആറു വയസ്സുള്ളവനും സ്വരമാധുര്യമുള്ളവനുമായ ഒരു ബാലൻ അങ്കമാലിക്കൽവച്ചു മെത്രാപ്പോലീത്തായുടെ അടുക്കൽ പാടിക്കേൾപ്പിച്ചതു് അദ്ദേഹത്തിനു അത്യന്തം കൌതുകാവഹമായി ഭവിച്ചു. മെത്രാപ്പോലീത്താ അവിടെ താമസിച്ചിരുന്ന ദിവസങ്ങളിൽ രാത്രിതോറും നസ്രാണികൾ "മാർഗ്ഗംകളി" എന്നു പറയപ്പെടുന്ന ഒരു കളി നടത്തിവന്നിരുന്നു. അതും അദ്ദേഹത്തിനു അത്യധികമായ സന്തോഷത്തിനു് ഹേതുവായിത്തീർന്നു. ഞാവേയാ ഈ "മാർഗ്ഗംകളി"യെ വളരെ പ്രശംസിച്ചു എഴുതീട്ടുണ്ടു്. അതിൽ അടങ്ങിയിരിക്കുന്ന സംഗതികൾ വളരെ ഭക്തിജനകമാണെന്നും, സമീപവാസികളായ ഹിന്ദുക്കളുടെ ലീലാവിനോദാദികളിൽ സ്ത്രീകളും സന്നിഹിതരായിരിക്കുന്നതുകൊണ്ടും നസ്രാണിസ്ത്രീകൾ പ്രസ്തുത കളിയിൽ സംബന്ധിക്കുക പതിവില്ലെന്നും, യൂറോപ്പിലെ കളികളിൽ ഇടകലർന്നുവരാറുള്ള ശൃംഗാരരസങ്ങൾ യാതൊന്നും ഇതിൽ ഇല്ലെന്നും, സൂര്യാസ്തമയശേഷം ആരംഭിച്ചു് ഉദ്ദേശം നാലുമണിക്കൂർ നേരത്തേക്കു നീണ്ടിരുന്ന പ്രസ്തുത മാർഗ്ഗംകളിയുടെ പ്രാരംഭകർമ്മമായി കളിക്കാർ കുരിശടയാളം വരയ്ക്കുകയും അനന്തരം വി. പിതാവായ തോമ്മാശ്ലീഹായെ സ്തുതിക്കുകയും, അവരുടെ പരിശുദ്ധന്മാരുടെ സ്തോത്രങ്ങളെ കീർത്തിക്കുകയും ചെയ്യുന്നതോടുകൂടിയും അതിനുശേഷവും കഥാവിഷയം പറയുന്നെന്നുമൊക്കെ ഞാവേയാ ഇതുസംബന്ധമായി പ്രസ്താവിക്കുന്നതു്. മാർഗ്ഗംകളിപ്പാട്ടിൽ വി തോമ്മാശ്ലീഹായുടെ ആഗമനം, പ്രേഷകവൃത്തി, അദ്ദേഹത്തിന്റെ അത്ഭുത പ്രവൃത്തികൾ, മരണം ഇത്യാദി സംഗതികൾ പ്രധാന്യേന പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. മാർഗ്ഗംകളിയാവട്ടെ നമ്പൂരിമാരുടെ ശാസ്ത്രംകളിയെ ക്രൈസ്തവമതസിദ്ധാന്തങ്ങൾക്കു് അനുരൂപമായി രൂപാന്തരപ്പെടുത്തി ആദിമകാലം മുതൽക്കുതന്നെ നസ്രാണികൾ നടത്തിവന്നിരുന്നതായിട്ടാണു പരിഗണിക്കപ്പെട്ടുന്നതു്. ജലമാർഗ്ഗമായി സഞ്ചാരസൌകര്യമുള്ള പള്ളികളേയാണു് മെത്രാപ്പോലീത്താ പ്രായേണ സന്ദർശിച്ചതു്. അക്കാലത്തു സുറിയാനിപ്പള്ളികൾ വിവിധ രാജാക്കന്മാരുടെ അധികാരസീമകളിൽ സ്ഥിതിചെയ്തിരുന്നു. കുളത്തുരുത്തി, കടമറ്റം, മലയാറ്റൂർ, തുപ്പുണിത്തുറ, കണ്ടനാട്ടു്, കുറുപ്പൻപടി, ഉദയംപേരൂർ, കോതമങ്ങലം, കാഞ്ഞൂർ, ചൊവ്വര, ചേന്നമങ്ങലം, ഞാറയ്ക്കൽ, എർണാകുളം, മട്ടാഞ്ചേരി, പള്ളിപ്പുറം, മുട്ടം മുതലായ പള്ളികൾ കൊച്ചീരാജ്യത്തിലും— കോഴിക്കോട്ടു്, പുത്തഞ്ചിറ, കൊരട്ടി, ചാലക്കുടി, പാലൂർ, മറ്റം, അമ്പഴക്കാട്ടു്, ഏനാമ്മാവു്, വെളിയനാടു (വടക്കൻ), വടക്കാഞ്ചേരി, കൊട്ടേക്കാടു മുതലായവ സാമൂതിരിയുടെ രാജ്യാതിർത്തികളിലും,— പറവൂർ, മൂഴിക്കുളം, മഞ്ഞപ്ര ആദിയായ പള്ളികൾ പറവൂർ രാജാവിന്റെ അധികാരസീമയിലും,— അങ്കമാലി, അകപ്പറമ്പു തുടങ്ങിയുള്ളവ അങ്കമാലി ഇടപ്രഭുവിന്റെ കീഴും,— ആലങ്ങാടു മുതലായ പള്ളികൾ ആലങ്ങാടു രാജാവിന്റെ അധികാരത്തിലും,— വടകര, പിറവം, ചെമ്പു്, കുറവിലങ്ങാടു്, കടുത്തുരുത്തി, മുട്ടുചിറ, നാ

ഗപ്പുഴ, നെടിയശാല, ആരക്കുഴ, മൈലക്കൊമ്പു്, മുതലക്കോടം, പുങ്കം, പുളിങ്കുന്നു, വെച്ചൂർ, വടയാർ, അതിരമ്പുഴ, ഇലഞ്ഞി ഇത്യാദി ദേവാലയങ്ങൾ വടക്കൻക്രൂർ (Pimenta) രാജ്യത്തിലും,— മണർകാട്ടു്, ചങ്ങനാശ്ശേരി, കോട്ടയം, കുടമാളൂർ, ചെങ്ങന്നൂർ, നിരണം, കല്ലൂച്ചേരി, മാരാമണ്ണു്, പാലാ, ചേപ്പുങ്കൽ, കാഞ്ഞിരപ്പള്ളി, ആനക്കല്ലു (ഭരണങ്ങാനം), അരുവിത്തുറ മുതലായവ തെക്കുംക്രൂറിലും,— പുറക്കാട്ടു, ആലപ്പുഴ, കല്ലുക്കാട്ട തുടങ്ങിയുള്ളവ പുറക്കാട്ട (ചെമ്പകശ്ശേരി അഥവാ അമ്പലപ്പുഴ) രാജാവിന്റെ കീഴും,— കായംകുളം, പുതിയകാവു, വെണ്മണി, കുരിയൻകുളങ്ങര അഥവാ കാരികുളങ്ങര, കോഴഞ്ചേരി, തുമ്പമൺ, ഓമല്ലൂർ, തേവലക്കര, കല്ലട, കടമ്പനാട്ടു, കുണ്ടറ, കൊട്ടാരക്കര, കൊല്ലം, തിരുവാങ്കോട്ട ഇത്യാദികൾ പുറക്കാടിനു തെക്കുള്ള പല രാജ്യാതിർത്തികളിലും,— ഇടപ്പള്ളി, കല്ലുപ്പാറ മുതലായ ചില പള്ളികൾ ഒരു പ്രത്യേക സ്വരൂപത്തിന്റെ അധികാരത്തിൽ ഉൾപ്പെട്ട സ്ഥലത്തും സ്ഥിതിചെയ്തിരുന്നു. തേവലക്കരപ്പള്ളി ഇരിക്കുന്ന സ്ഥലം അന്നു് ചങ്ങനാട്ടു രാജ്ഞിയുടെ ആധിപത്യത്തിലാണു് ഉൾപ്പെട്ടിരുന്നതു്. സാബോർ, പ്രോത്തു് എന്ന മെത്രാന്മാർ അവിടെ പണിയിച്ച ദേവാലയത്തിനു് കൊല്ലത്തു രാജാവു കല്പിച്ചുകൊടുത്ത സ്ഥാനപദങ്ങളും വരുമാനങ്ങളും ലക്ഷീകരിക്കുന്നവയും അക്കാലത്തെ നാട്ടുഭാഷാലിപികളിൽ രേഖപ്പെടുത്തിയിരുന്നവയുമായ മൂന്നു ചെമ്പേടുകൾ മെനേസിസു് ആ പള്ളിയെ സന്ദർശിച്ച അവസരത്തിൽ അവിടെയുണ്ടായിരുന്ന വൈദികന്മാരും ജനങ്ങളും അദ്ദേഹത്തെ കാണിച്ചു. കുണ്ടറ രാജാവിനു് പോർട്ടുഗൽ മഹീപാലനിൽനിന്നു് സിദ്ധിച്ചിരുന്ന "ബ്രദർ— ഇൻ— ആർമസ" (Brother- in-arms) എന്ന സ്ഥാനത്തെ മെത്രാപ്പോലീത്താ അവിടെ എത്തിയസമയം നൽകുകയുണ്ടായി. ഈ സന്ദർശനത്തിന്റെ കാലത്തു് കല്ലട എന്ന സ്ഥലത്തിന്റെ ആധിപത്യത്തെപ്പറ്റി ചങ്ങനാട്ടു റാണിയും തിരുവിതാംക്രൂർ രാജാവും തമ്മിൽ തർക്കങ്ങൾ നടന്നുകൊണ്ടിരുന്നു. മെനേസിസ് ആ സ്ഥലത്തേക്കു രഹസ്യമായിട്ടാണു പോയതു്. കാഞ്ഞിരപ്പള്ളി അക്കാലത്തു സ്ഥിതിചെയ്തിരുന്നതു് വെട്ടിയാനിക്കര രാജാവിന്റെ അധികാരത്തിലായിരുന്നു. ഇപ്പോൾ ചേപ്പാട്ടു എന്നു പറയപ്പെടുന്നതും അന്നു പ്രാണാപള്ളി രാജാവിന്റെ കീഴിൽ ഇരുന്നിരുന്നതുമായ കുരിയൻകുളങ്ങരയിൽ (അഥവാ കുരിയൻകുളങ്ങരയിൽ) ഒരു ലത്തീൻപള്ളി സ്ഥാപിക്കുന്നതിനു വേണ്ടിയിരുന്ന അനുമതി മെനേസിസു മെത്രാപ്പോലീത്താ അവിടത്തെ രാജാവിൽനിന്നു് ഈ സന്ദർശനാവസരത്തിൽ വാങ്ങുകയുണ്ടായി. മെനേസിസു ചങ്ങനാശ്ശേരിയിൽ എത്തിയപ്പോൾ അവിടത്തെ രാജാവു് തദ്ദേശ ക്രിസ്ത്യാനികളുടെ ആചാരദുഷ്യങ്ങളെപ്പറ്റി അദ്ദേഹത്തിനു അറിവുകൊടുക്കയും അവരെ ഉണവൽക്കരിക്കണമെന്നു അപേക്ഷിക്കയുംചെയ്തു. ഉൽനാട്ടുകളിലെ പല ദേവാലയങ്ങളേയും മെത്രാപ്പോലീത്താ സന്ദർശിക്കുകയുണ്ടായില്ല. സന്ദർശനം ആരംഭിച്ചിട്ടു് പത്താംമാസത്തിൽ പോർട്ടുഗലി

ന്റെയും സ്പെയിനിന്റെയും രാജാവായ ഫിലിപ്പ് ദ്വിതീയന്റെയും സ്വന്ത സഹോദരിയായ പ്രൂഡൻസിയുടേയും ചരമവൃത്താന്തം അറിയുകയാൽ അദ്ദേഹം ഉടനേതന്നെ ഗോവയിലേക്ക് തിരിച്ചുപോയി.

൧൭. ക്രിസ്തുബ്ദം ഉദ്ദേശം ൧൭൩൫-ൽ ഏതാനും നസ്രാണികൾ പോർട്ടുഗീസുകാരുടെ ഉപദ്രവം ഭയന്ന് കൊച്ചിയിൽനിന്നു കുടിപുറപ്പെട്ട് കിഴക്കൻദിക്കുകളിൽ എത്തി അവിടെ സ്ഥിരവാസം ഉറപ്പിച്ചതായി ഒന്നാം പുസ്തകത്തിൽ (അ. ൧൦. ല. നു) പ്രസ്താവിച്ചിട്ടുണ്ടല്ലോ. ദേശാന്തരഗാമികളായ ആ ക്രിസ്ത്യജനങ്ങളാൽ സ്ഥാപിക്കപ്പെട്ടതാണ് പൂഞ്ഞാറിലെ ദേവാലയം. നസ്രാണികളുടെ ഒരു ക്രൂട്ടം (പൂഞ്ഞാറിലെ) മലയടിവാരങ്ങളിൽ കുടിയേറിപ്പാർത്തിരുന്നതായി ഗൊവേയാ പറയുന്നുണ്ട്. ആ നസ്രാണികളിൽ ചിലർ മെത്രാപ്പോലീത്തായുടെ അടുക്കൽചെന്ന് അവരുടെ സമീപത്തു പാർത്തവാസികളായ ഹിന്ദുമതസ്ഥന്മാർ ഉണ്ടെന്നുള്ള വിവരവും, അവരിൽ പലരും ക്രിസ്തുമതം സ്വീകരിക്കുന്നതിൽ വൈമുഖ്യമില്ലാത്തവരാണെന്നുള്ള വസ്തുതയും അദ്ദേഹത്തെ ധരിപ്പിച്ചു. തദനുസാരം ആ വൈദികാദ്ധ്യക്ഷൻ പൂഞ്ഞാർ നിവാസികളായ രണ്ടു പുരോഹിതന്മാരെ ആ മലവാസികളുടെ വക്കൽ അയക്കയും അവർ പലരേയും മാനസാന്തരപ്പെടുത്തി ക്രിസ്തുമതത്തിൽ ചേർക്കയുംചെയ്തു. ആ നവീന ക്രിസ്ത്യജനതയെ സന്ദർശിക്കുന്നതിനായി ഗീവറുഗീസ് അർക്കദിയാക്കോനും ഈശോസഭാംഗങ്ങളായ എസുപ്പാനോസു ബ്രിട്ടോയും വേറൊരു വൈദികനുംകൂടി സൂനഹദോസിന്റെ പിറേറയാണ്ടിൽ പൂഞ്ഞാറിലേക്കു പുറപ്പെട്ടു. വയോവൃദ്ധനായ അർക്കദിയാക്കോൻ നടക്കുന്നതിനുള്ള വൈഷമ്യം നിമിത്തം പൂഞ്ഞാറ്റിലെ പള്ളിയിൽ താമസിക്കയും സഹചരന്മാർ ഇരുവരും മലകളിൽ കയറുകയുംചെയ്തു. (14) നവീനന്മാരായ ആ ക്രിസ്ത്യജനങ്ങൾക്കായി ചില ദേവാലയങ്ങൾ സ്ഥാപിച്ചുകൊടുക്കയുമുണ്ടായി. അവർ പൂഞ്ഞാറിലെ "മലയരയന്മാർ" എന്നു പറയപ്പെടുന്ന ജനങ്ങൾ ആയിരിക്കണം. നസ്രാണികൾ ആ കാലഘട്ടത്തിൽ അനുഭവിച്ചുകൊണ്ടിരുന്ന രാജകീയങ്ങളായ സ്ഥാനപദങ്ങളിൽ ക്രിസ്തുമത സ്വീകാരംമൂലം എല്ലാവക്കും അർഹത സിദ്ധിച്ചിരുന്നു. ക്രിസ്തുമതം സ്വീകരിക്കുന്നതിന് ഈ സംഗതി അവരെ പ്രേരിപ്പിക്കാതിരുന്നുമില്ല.

സുറിയാനിക്കാരുടെമേൽ ലത്തീൽ മെത്രാന്മാരുടെ ഭരണാധികാരം സ്ഥാപിക്കപ്പെട്ടതു് അവക്കു കേവലം അസഹ്യമായ ഒരു സംഗതിയായിരുന്നെന്നും അവരുടെ അപേക്ഷയും ആകാംക്ഷയുമെല്ലാം പൌരാണികകാലം തുടങ്ങിയുള്ള നടപ്പുപോലെ കൽദായ മെത്രാന്മാരാൽ ഭരിക്കപ്പെടണമെന്നായിരുന്നു എന്നുമുള്ളതിലേക്ക് വളരെ രേഖകളും ലക്ഷ്യങ്ങളും രണ്ടാംഭാഗം; പത്തും പതിനൊന്നും അദ്ധ്യായങ്ങളിൽ പലയിടങ്ങളിൽ കാണിച്ചിട്ടുള്ളതാണ്. പ്രത്യുത പോർട്ടുഗീസുകാരുടെ സദുദ്ദേശ്യം കൽദായ മതാദ്ധ്യക്ഷന്മാരുടെ ഭരണാധികാരം പാടേ നീക്കി നസ്രാണികളെ സ്വാധികാരത്തിൽ ഉൾപ്പെടുത്തണ

മെന്നായിരുന്നു. ഉദയംപേരൂർ സൂനഹദോസുമൂലം പോർട്ടുഗീസുകാർ അവരുടെ അധികാരബലംകൊണ്ട് ഈ അഭീഷ്ടം സാധിച്ചു എന്നു് മേൽക്കാണിച്ച പ്രസ്താവനകളിലും അദ്ധ്യായങ്ങളിലും ചേർത്തിട്ടുള്ള രേഖകളിൽനിന്നു വായനക്കാർക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. പറങ്കി മെത്രാന്മാരുടെ അധികാരം സുറിയാനിക്കാരുടെമേൽ സ്ഥാപിക്കുന്നതായാൽ അതു് ഭവിഷ്യൽക്കാലത്തിൽ ഏതുമാത്രം ദോഷകരമായി പരിണമിക്കും എന്നുകണ്ട് അതിനെ തടയുന്നതിനായി മലയാളത്തുനിന്നും മെസോപ്പൊട്ടേമിയായിൽനിന്നും റോമയിലേക്കു ഹർജികൾ അയച്ചിരുന്നെന്നും മേൽപ്പറഞ്ഞ അദ്ധ്യായങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്. നസ്രാണികളെ പോർട്ടുഗലിന്റെ അധികാരംവഴിയായി വി. സിംഹാസനത്തിനു കീഴ്പ്പെടുത്തുന്നതു് ആ രാജ്യശ്രേയസ്സിനു് ഏതുമാത്രം ഉപയുക്തമായിത്തീരുമെന്നു് അവർ (പോർട്ടുഗീസുകാർ) വഴിപോലെ അറിഞ്ഞിരുന്നു. മേൽ കൊ—ാം ലക്കത്തിൽ കാണിച്ചിട്ടുള്ള നിക്കോലാസ് പിമെൻറാ (Pimenta) എന്ന ഈശോസഭയിലെ വൈദികന്റെ ലേഖനത്തിൽനിന്നു് ഈ സംഗതി ധാരാളം വ്യക്തമാകുന്നുണ്ടു്. ആ എഴുത്തിൽ ഈ കാര്യം ബന്ധിച്ചു് അദ്ദേഹം പറഞ്ഞിരിക്കുന്നതു് താഴെക്കാണുംപ്രകാരമാണു്. "How important is the step and how much it is in the future to promote the interests of the Portuguese Crown, none can gainsay who is aware of the effect of binding, to the cause of Portugal and of bringing under the obedience of the Roman See, this race which from the days of St. Thomas has alone in India held the faith and can place in array thirty-thousand armed men." വി. തോമ്മായുടെ കാലംമുതൽ ഭാരതഖണ്ഡത്തിൽ വിശ്വാസത്തെ അദ്വിതീയമായി പരിരക്ഷിച്ചതും ആയുധപാണികളായ മുപ്പതിനായിരം ആളുകളെ സൈന്യനിരയിലേക്കു അയക്കുവാൻ സാധിക്കുന്നതുമായ ഈ ജാതിയെ പോർട്ടുഗലിനോടു ബന്ധിപ്പിക്കയും, റോമാ സിംഹാസനത്തിനു അധീനപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഫലം മനസ്സിലാക്കീട്ടുള്ള യാതൊരുത്തനും ഈ ശ്രമം ഏതു മഹത്താണെന്നും, പോർട്ടുഗൽ രാജാക്കന്മാരുടെ ഭാവിശ്രേയസ്സിനു് അതു് ഏതുമാത്രം ഉപയുക്തമാണെന്നും ഉള്ളതിനെ നിഷേധിക്കുവാൻ കഴിയുന്നതല്ല" എന്നാണു് ഇതിന്റെ താല്പര്യം. അക്കാലത്തു കേരളത്തിലെ നസ്രാണികൾ പ്രബലന്മാരും സാമൂഹ്യാവസ്ഥയിൽ ബ്രാഹ്മണക്ഷത്രിയന്മാരായി പരിഗണിക്കപ്പെട്ടവരും ഏതദ്ദേശീയരായ രാജാക്കന്മാരുടെ അടുക്കൽ ശക്തന്മാരും ആയുധപരിശീലനമുള്ളവരുമായിരുന്നു. എന്നാൽ ഭാരതഖണ്ഡത്തിൽ അക്കാലത്തു് അധികാരബലം പ്രാപിച്ചിരുന്ന യൂറോപ്പിലെ ഏകരാജ്യം പോർട്ടുഗൽ ആയിരുന്നതുകൊണ്ട് അതിനെ ആശ്രയിച്ചായിരുന്ന നാട്ടുരാജാക്കന്മാരുടെ നില. തന്നിമിത്തം പോർട്ടുഗലിനു് അതിന്റെ അഭീഷ്ടം സാധിക്കുക സുസാദ്ധ്യമായിത്തീർന്നു. സുറി

യാനിക്കാരുടെമേൽ പോർട്ടുഗലിന്ന് വൈദികാധിപത്യം സിദ്ധിക്കു ന്നുവെങ്കിൽ അത് അതിന്റെ ഭവിഷ്യോൽക്കർഷത്തിനും ലൌകികാ ധിപത്യത്തിനും അത്യന്തം ഗുണപ്രദമായ ഒരു കാര്യമായിത്തീരുമെന്ന് പോർട്ടുഗീസുകാർ കരുതുകയും, നാം മേൽക്കണ്ടതുപോലെ അതു പ്രാപിക്കുന്നതുവരെ പരിശ്രമിക്കയും ചെയ്തു. ഫെർണൻ ജൂൺമാസ ത്തിൽ ഉദിയംപേരൂർ സൂനഹദോസു നടത്തുന്ന കാര്യത്തിലേ ക്ക് കൊച്ചീരാജാവും പുറക്കാട്ടു രാജാവും മെനേസിസ് മെത്രാപ്പോ ലീത്തായിക്ക് വലുതായ സഹായങ്ങൾ ചെയ്കമൂലം അദ്ദേഹം പോ ർട്ടുഗൽ രാജസ്ഥാനത്തിൽനിന്ന് അവക്കായി "ബ്രദർ- ഇൻ- ആർമം സ്" എന്ന ബഹുമാനപദം വാങ്ങിച്ചുകൊടുക്കുകയുണ്ടായി. (15)

എന്നു സൂനഹദോസിനുശേഷം മോം മെനേസിസിനെ തങ്ങളുടെ മതാദ്ധ്യക്ഷനായി കിട്ടണമെന്ന് സുറിയാനിക്കാർ ആഗ്രഹി ച്ചതായി മേൽ (ല എന-) പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതിനുള്ളകാര ണം താഴെപ്പറയുന്നവയാണ്. കൽദായ മതാദ്ധ്യക്ഷന്മാരെ ലഭിക്കുക ദുസ്സാധമായിത്തീർന്നു. ഈശോസഭക്കാരുടെനേരെ നസ്രാണികൾക്ക് പൊതുവേ വലുതായ വിരോധമുണ്ടായിരുന്നതെന്ന് മുകളിൽ (ല. ക.) വിവരിച്ചിട്ടുമുണ്ട്. ആകയാൽ അവർ തങ്ങളുടെ മതാ ദ്ധ്യക്ഷന്മാരായിത്തീരുന്നപക്ഷം തങ്ങൾക്കു വലുതായ സങ്കടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയാകുമെന്ന് അവർ മുൻകൂട്ടിക്കണ്ടിരുന്നു. അ തിനെ തടുക്കുന്നതിനായിട്ടാണ് മെനേസിസിനെത്തന്നെ കിട്ടണമെ ന്ന അവർ ആഗ്രഹിച്ചത്. (16) ഇതാണ് ആദ്യകാരണം. രണ്ടാമ ത്തെ കാരണം, പുരാതനകാലം തുടങ്ങിത്തന്നെ മെത്രാപ്പോലീത്തായു ടെ സമസ്താധികാരങ്ങളുമുള്ളതായ തങ്ങളുടെ ഉൽകൃഷ്ട മെത്രാസന ത്തെ ഇടവക ഗോവയുടെകീഴിൽ ഒരു മെത്രാസനംമാത്രമായി പരിണമി ച്ചേക്കുമെന്ന് അവക്കുണ്ടായിരുന്ന ശങ്കതന്നെ. അതിനെ തടുക്കുവാ ൻവേണ്ടിയാണ് മെത്രാപ്പോലീത്താ ആയ മെനേസിസിനെത്തന്നെ തങ്ങളുടെ മേൽപ്പട്ടക്കാരനായി കിട്ടണമെന്നാഗ്രഹിച്ചത്. എന്നാൽ മോം മെനേസിസിനെ നിയമിക്കാതെ ഈശോസഭക്കാരനായ ഒരാ ളെയാണ് പോർട്ടുഗൽ രാജാവു നസ്രാണികൾക്കു മെത്രാനായി നി യമിച്ചത്. അത് പൈപ്പിക്കോട്ട സെമിനാരിയുടെ അദ്ധ്യക്ഷനായിരു ന്ന പ്രാൻസീസു റോസ് ആയിരുന്നു. അനന്തരം എസുപ്രാനോസു ബ്രിട്ടോയും അതഃപരം പ്രാൻസീസു ഗാർസ്യായും നിയമിക്കപ്പെട്ടു. ഈശോസഭക്കാരായ ഈ മൂന്നു പോർട്ടുഗീസു മെത്രാന്മാർ എന്നാം മു തൽ എന്നാം വരെയുള്ള ൬൦-ൽപരം സംവത്സരങ്ങൾ സുറിയാനി ക്കാരെ ഭരിച്ചു. അവരിൽ പ്രഥമനായ പ്രാൻസീസു റോസ്, എട്ടാം ക്ലമേന്റ് മാപ്പുപ്പായാൽ എന്നാം-ൽ അങ്കമാലിയുടെ മെത്രാനായും, പിന്നീട് എന്നാവ-ൽ അഞ്ചാം പൌലോസു മാപ്പുപ്പായാൽ അങ്കമാ ലിയുടെ മെത്രാപ്പോലീത്താ ആയും നിയമിക്കപ്പെട്ടു. യുദ്ധങ്ങൾമൂലം അങ്കമാലിയിലും കൊടുങ്ങല്ലൂരിലും പാർക്കുവാൻ നിവൃത്തിയില്ലാതെ വ രികയാൽ അദ്ദേഹം വടക്കൻ പറവൂരിൽ പാർത്തുവന്നു. നിക്യായിലെ

ആദ്യ സൂനഹദോസിന്റെ ൪൦ കാനോനാകളെ സിഗാറി (Zigar) ന്റെ മെത്രാനും പിന്നീട് സൂബാ (Zuba) യുടെ മെത്രാപ്പോലീത്താ യുമായിരുന്ന മാർ അബ്ദീശോ മ്ഹ൦൦—ൽ സുറിയാനിയിൽ എഴുതി യിരുന്ന പുസ്തകം ഇദ്ദേഹം കണ്ടു വായിച്ചതായി ഒറിയെന്തെ കൊൻ കിസ്താദോ (Oriente Conquistado, Conq. I. div. 2) പറയു ന്നു. പ്രാൻസീസ് റോസ് മ്നാറന്നാ ൽ ഒരു പ്രാദേശിക സൂനഹ ദോസു കൂട്ടുകയുണ്ടായി. ഇദ്ദേഹം മ്നാമ്ര—ാമാണ്ടുവരെ ഭരണം നി വ്വഹിക്കയും ആയാണ്ട് ഫെബ്രുവരി മ്ഖ—ാംതീയതി പറവൂരിൽ മരി ച്ചു് അവിടെ സംസ്കരിക്കപ്പെടുകയുംചെയ്തു. അദ്ദേഹത്തിന്റെ ശവ കുടീരത്തിൽ മർണവൃത്താന്തം പഴയ മലയാളം തമിഴ് അക്ഷരങ്ങളി ൽ കൊത്തിയിട്ടിരുന്ന കല്ലു് പള്ളിയുടെ ചുവരിൽ പതിച്ചിരിക്കുന്ന തായി ഇക്കാലത്തും കാണാം. പറവൂർപള്ളിയുടെ ചുറ്റും മതിൽകെ ട്ടിച്ചു ഉറപ്പിച്ചതു ഇദ്ദേഹമാണ്. പ്രാൻസീസു റോസിന്റെ അന ന്തരഗാമിയായ എസുപ്പ്രാനോസു ബ്രിട്ടോ മ്നാമ്ഖ—ൽ ഗോവയിൽവ ച്ചു് സഹായ മെത്രാനായി വാഴ്ചയേൽക്കയും പ്രാൻസീസു റോസ് മ രിച്ച പിറേറ ആണ്ടിൽ (മ്നാമ൭) ഇടവകഭരണം കയ്യേൽക്കയും ചെയ്തു. പതിനേഴ സംവത്സരങ്ങൾ ഭരണം നിവ്വഹിച്ചശേഷം മ്നാമ്ര൮—ൽ നാമാവശേഷനായി. പ്രാൻസീസു ഗാർസ്യാ അസ്സ്യാ ലോന്റെ മെത്രാനും കൊടുങ്ങല്ലൂരിന്റെ സഹായമെത്രാനുമായി മ്നാമ്ഖ—ൽ ഗോവയിൽവച്ചു വാഴ്ചയേൽക്കയും ബ്രിട്ടോയുടെ മരണ ശേഷം ഇടവകഭരണം വഹിക്കയുംചെയ്തു. അദ്ദേഹത്തിന്റെ ഭരണ കാലത്താണ് സുറിയാനിക്കാരുടെ ഇടയിൽ വലുതായ ശീശ്മയുണ്ടാ യതു്. അദ്ദേഹം മ്നാ൭൯ സെപ്റ്റംബർ ൧—ാം തീയതിവരേ ജീവിച്ചിരുന്നുവെങ്കിലും മ്നാ൭൩—ൽ അദ്ദേഹത്തിന്റെ ഭരണീയ ജനങ്ങളിലുണ്ടായ മതഭിന്നത നിമിത്തം മ്നാ൭൩ വരേ മാത്രമേ അ വരെ ഭരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചൊള്ളു. ഈ മൂന്നു മെത്രാ ന്മാക്കും സുറിയാനിക്കാരെ സമാധാനത്തോടുകൂടി ഭരിക്കുവാൻ സാധി ച്ചില്ലെന്നു് പോർട്ടുഗീസു ചരിത്രകാരന്മാരും അവരെ അനുഗമിച്ച ഇതര ചരിത്രകൃത്തുക്കളും സാക്ഷിക്കുന്നു. മലങ്കര അക്കീയാക്കോന്മാ രുടെ അഹംഭാവവും മത്സരബുദ്ധിയും സുറിയാനിക്കാരുടെ അമർച്ച യില്ലായ്മയും നിമിത്തം ഇങ്ങിനെ വന്നുകൂടിയെന്നാണു അവർ പറയു ന്നതു്. അതുമല്ല നെസ്തോറിയൻ പാഷാണ്ഡതയുടെ ആചാരങ്ങ ളിന്മേലും നടപടികളിന്മേലും സ്വാഭാവികമായുണ്ടായിരുന്ന ആസ ക്തി അതിനു സഹായമായിത്തീർന്നു എന്നുകൂടിയും അവർ പറയുന്നു. പകലോമറ്റം കുടുംബജാതന്മാരായ ഗീവറുഗീസും തോമ്മായും ആയി രുന്ന ആ കാലഘട്ടത്തിൽ മലങ്കരയിലെ അക്കീയാക്കോന്മാർ. ഇവ രിൽ ഗീവറുഗീസ് അക്കീയാക്കോൻ ഉദിയംപേരൂർ സൂനഹദോസി നുമുമ്പും അതിൽപ്പിന്നെയും വളരെക്കാലത്തേക്കു ആ ഉദ്യോഗം നി വ്വഹിക്കയും മ്നാ൭൯—ൽ ചരമംപ്രാപിക്കയും ചെയ്തു. തോമ്മാ അ ക്കീയാക്കോൻ മ്നാ൭൯ മുതൽ മതഭിന്നതയുടെ ജനനകാലമായ

ഹന്നാനും–ലും അതിൽപ്പിന്നെ വളരെ സംവത്സരങ്ങളും സജീവനായിരുന്നു. പ്രോട്ടസ്റ്റന്റു ചരിത്രകാരന്മാരാകട്ടെ; അവരെ അനുഗമിച്ച മറ്റു ഗ്രന്ഥകർത്താക്കളാകട്ടെ പറയുന്നത് വേറൊരു കാരണമാണ്. മലങ്കരസഭ റോമാസഭയ്ക്ക് അധീനമായിത്തീർന്നത് പാപ്പായുടേയും പോർട്ടുഗലിന്റേയും പ്രാബല്യം നിമിത്തമാണെന്നും അതിനെ തകർക്കുവാൻ തക്ക അവസരം സുറിയാനിക്കാർ പാർത്തിരുന്നിരുന്നെന്നും അവസരം ലഭിച്ചമാത്രയിൽ അവർ അതിൽനിന്നു വിമുക്തരാകയും പാപ്പായുടെ അധികാരത്തിൽപ്പെട്ട യാതൊരു മേത്രാനേയും മേലിൽ സ്വീകരിക്കയില്ലെന്ന് ശപഥംചെയ്കയും ചെയ്തെന്നുമാണ് അവർ പ്രസ്താവിക്കുന്നത്. പരസ്പരം വിപരീതങ്ങളായ ഈ പ്രസ്താവനകളുടെ വാസ്തവാവസ്തുക്കളെ അന്വേഷിച്ചറിയേണ്ടതു നമ്മുടെ കടമയാകയാൽ അവയിൽ ഓരോന്നിനേയും മുമ്പുതന്നെ എടുത്തു പരിശോധിക്കാം.

൧. അർക്കദിയാക്കോന്മാരേയും സുറിയാനിക്കാരേയും സംബന്ധിച്ച് പോർട്ടുഗീസു ചരിത്രകർത്താക്കൾ പറയുന്നത് യഥാർത്ഥമാണോ എന്നുതന്നെ ആദ്യമായി നോക്കാം. സുറിയാനിക്കാരുടെയിടയിൽ ഉണ്ടായ സമാധാനഭംഗത്തിനും ക്ഷോഭങ്ങൾക്കും പ്രധാനമായി നാലു കാരണങ്ങളാണുള്ളത്. സുറിയാനി മെത്രാന്മാരുടെ ഭരണാധികാരം പോർട്ടുഗീസുകാർ നീക്കിക്കളഞ്ഞതാണ് അവയിൽ ഒന്നാമത്തേത്. മലയാളത്തിലെ കൽദായ സുറിയാനി ക്രിസ്ത്യാനികൾ ക്രിസ്തുമതത്തിന്റെ ആരംഭകാലം തുടങ്ങിത്തന്നെ കൽദായ സുറിയാനി മെത്രാന്മാരാൽ ഭരിക്കപ്പെട്ടുപോന്നു. അതിനാൽ സുറിയാനിക്കാർ മാർ അബ്രാഹത്തിന്റെ മരണാനന്തരം തങ്ങളെ സുറിയാനിക്കാരായ മെത്രാന്മാർ ഭരിക്കണമെന്ന് ന്യായപൂർവ്വം അപേക്ഷിച്ചു; എങ്കിലും പോർട്ടുഗീസുകാർ അതിനെ തിരസ്കരിച്ചുകളയുകയാണ് ചെയ്തത്. ക്ഷോഭത്തിന്റെ പ്രഥമവും പ്രധാനവുമായ കാരണം ഇതാണ്. അസ്മാത്കാലംതുടങ്ങി, ഇൻഡ്യയിൽ മെത്രാപ്പോലീത്തായെ സംബന്ധിക്കുന്ന സമസ്താവകാശങ്ങളോടുംകൂടിയിരുന്ന അവരുടെ ഉൽകൃഷ്ട മെത്രാസന ഇടവകയെ ഒരു വെറും മെത്രാസനമാത്രമായി തരംതാഴ്ത്തുന്നതിനു പോർട്ടുഗീസുകാർ കാരണകർത്താക്കന്മാരായി എന്നുള്ളതാണ് ക്ഷോഭത്തിന്റെ രണ്ടാമത്തെ കാരണം. പൂർവ്വകൽദായക്രമങ്ങളെ മുമ്പുതന്നെ ബഹിഷ്കരിച്ച് തൽസ്ഥാനത്തു ലത്തീൻക്രമങ്ങളെ പ്രതിഷ്ഠാപിക്കുന്നതിനു പോർട്ടുഗീസുകാർ പരിശ്രമിച്ചതു ക്ഷോഭത്തിന്റെ മൂന്നാമത്തെ കാരണമായിത്തീർന്നു. നാലാമത്തെ കാരണം അർക്കദിയാക്കോന്മാരുടെ നിയമനം നിറുത്തൽചെയ്യുന്നതിനും അവരുടെ അധികാരം കുറയ്ക്കുന്നതിനും പോർട്ടുഗീസ് അധികൃതന്മാർ ചെയ്ത ശ്രമങ്ങൾതന്നെ.

സുറിയാനി മതാദ്ധ്യക്ഷന്മാരുടെ ഭരണം നീക്കിക്കളഞ്ഞു എന്നുള്ള ക്ഷോഭത്തിന്റെ മൂലകാരണത്തെപ്പറ്റി ഒന്നാം പുസ്തകത്തിലും മേൽ ലക്കങ്ങളിലും ധാരാളം പറഞ്ഞിട്ടുള്ളതുകയാൽ തത്സംബന്ധമായി ഇവിടെ അധികമൊന്നും പറയുവാൻ കരുതുന്നില്ല. കൽദായ

മെത്രാന്മാർ കീഴ്നടപ്പുപോലെ തങ്ങളുടെ ഭരണകർത്താക്കന്മാർ ആയിരിക്കണമെന്ന് തോമ്മാ നസ്രാണികൾക്കുണ്ടായിരുന്ന അപേക്ഷ സവ്വ്ഥാ ന്യായപൂവ്വകമായിരുന്നു. പോർട്ടുഗീസ് അധികാരികൾ അതിനെ വിരോധിക്കയാണുണ്ടായത്. നസ്രാണികളെ തങ്ങളുടെ അധികാരത്തിൽ സ്ഥാപിക്കേണ്ടതിനായിട്ടാണ് കൽദായ മെത്രാന്മാരുടെ ഭരണത്തെ അവർ നീക്കിക്കളഞ്ഞത്. എന്നാൽ സുറിയാനി മതാദ്ധ്യക്ഷന്മാരുടെ ഭരണാധികാരം പാടേ വിധ്വംസിച്ചുകളയാതെ പോർട്ടുഗീസ് അധികാരത്തിൻകീഴായെങ്കിലും സുറിയാനി മെത്രാന്മാക്ക് സ്ഥാനം അനുവദിച്ചിരുന്നെങ്കിൽ ക്ഷോഭകാരണങ്ങൾ നീങ്ങിപ്പോകുകയും സുറിയാനിക്കാർ സമാധാനത്തോടുകൂടി വത്തിക്കയും ചെയ്യുമായിരുന്നു. മാത്രമല്ല, പോർട്ടുഗീസ് അധികാരം നിലനിൽക്കുന്നതിനു അതു കാരണമായും തീന്നേനെ.

ക്ഷോഭത്തിനുള്ള രണ്ടാമത്തെ കാരണം അങ്കമാലി ഉൽകൃഷ്ട മെത്രാസനത്തെ കേവലം ഒരു മെത്രാസനമാത്രമാക്കിത്തീർത്തതാണല്ലോ. അങ്കമാലി നാമധേയംകൊണ്ടും അധികാരവൈപുല്യംകൊണ്ടും ബഹുമാനപദങ്ങൾകൊണ്ടും പൂവ്വാവസ്ഥയിൽ ഒരു ഉൽകൃഷ്ട മെത്രാസനമായിരിക്കണമെന്ന് സുറിയാനിക്കാർക്കുണ്ടായിരുന്ന അപേക്ഷയെ സാധിച്ചു ഈ വിഷയത്തിൽ അവരുടെ സങ്കടങ്ങൾക്കു നിവൃത്തിയുണ്ടാക്കണമെന്ന് അവരുടെ സങ്കടങ്ങളെപ്പറ്റി അറിയുകയും അവരോടു സഹവസിക്കയും ചെയ്തിരുന്ന ചില പോർട്ടുഗീസുകാർ തീർച്ചയാക്കുകയാൽ വിവരം റോമായിൽ അറിയിക്കയും, തന്നിമിത്തം അഞ്ചാമത്തെ പൌലോസ് മാപ്പാപ്പാ ക്രസ്താബ്ദം ൧൮—ാം തീയതിയിലെ ഒരു തിരുവെഴുത്തുമൂലം അങ്കമാലിയെ ഉൽകൃഷ്ട മെത്രാസനമായി പുനഃസ്ഥാപിക്കയും ചെയ്തു. തന്റെ വാത്സല്യപുത്രന്മാരായ മാർത്തോമ്മാ നസ്രാണികളുടെ ആവലാധികളും സങ്കടങ്ങളും അറിയുകയാൽ അതുകൾക്കു നിവൃത്തിമാർഗ്ഗം ഉണ്ടാക്കേണ്ടതിനായി അങ്കമാലിയെ ഉൽകൃഷ്ട മെത്രാസനമായി ഉയർത്തി ഗോവ മെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്ന് അതിനെ വേർപെടുത്തുന്നു എന്നാണ് പ്രസ്തുത തിരുവെഴുത്തിൽ മാപ്പാപ്പാ പ്രസ്താവിക്കുന്നത്. തത്സംബന്ധമായ തിരുവെഴുത്തിന്റെ ഭാഗം താഴെ ഉദ്ധരിക്കുന്നു:—

"Cum autem, sicut accepimus, suppressio extinctio, reductio et subjectio hujusmodi, perturbationem in dilectis filiis clero et populo civitatis Angamalensis introduxerint; nos, ne earumdem suppressionis, extinctionis, reductionis et subjectionis praetextu, dicta Ecclesia Angamalensis aliqua in spiritualibus et temporalibus dispendia patiatur, pro nostro pastoralis officii debito, providere volentes, motu proprio, non ad praedicti Francisci Episcopi vel alterius pro eo, nobis oblatae petitionis instantiam, sed de nostra mera deliberatione, in dicta Ecclesia Angamalen, nomen et titulum Archiepiscopi et Metropolitanae Ecclesiae, nec non sedem, dignitatem et praeeminentiam Archiepiscopales, universumque jus metropoliticum, de voto venerabilium fratrum nostrorum S.R.E.

cardinalium ..... Apostolica auctoritate, tenore praesentium, perpetuo restituimus". (17) എന്നാൽ പ്രസ്തുത മാപ്പ്പ്രാതന്നെ പോർട്ടുഗീസുകാരുടെ അപേക്ഷയനുസരിച്ചു ഫ്രാൻസിസ് ഡിസംബർ ൧൮-ാം തിയ്യതിയിലെ വേറൊരു തിരുവെഴുത്തുമൂലം അങ്കമാലി മെത്രാസനത്തിന്റെ ആസ്ഥാനം അവിടെനിന്നു മാറ്റി കൊടുങ്ങല്ലൂരിൽ സ്ഥാപിക്കുകയുണ്ടായി.

കൽദായക്രമങ്ങളെ മാറ്റിക്കളയുവാൻ പോർട്ടുഗീസ് മെത്രാന്മാർ ശ്രമിച്ചതാണല്ലൊ ക്ഷോഭത്തിനുള്ള മൂന്നാമത്തെ കാരണം. ക്രിസ്ത്യാനികളെ പരിശുദ്ധം ചെയ്യുന്നതിൽ ഇവിടെ ഉപയോഗിച്ചുവന്ന കൽദായക്രമങ്ങളെ നീക്കിക്കൊണ്ടു് തൽസ്ഥാനത്തു ലത്തീൻക്രമങ്ങളെ തല്ലുമചെയ്തു നടത്തുന്നതിനും കുർബ്ബാന ഒഴിക്കുക (എന്നാൽ കുർബ്ബാനയിലും ചില ക്രമങ്ങളെ അവർ മാറ്റാതിരുന്നില്ല. ഓസ്തിയും വീഞ്ഞും ഒരുമിച്ചു കാഴ്ചവെക്കുന്നതുപോലെ, ക്രിസ്ത്യാനികൾ ചെയ്യുശേഷം ഉയർത്തുന്നതും ഇരുസാദൃശ്യങ്ങളും ഒരുമിച്ചായിരുന്നു. കുർബ്ബാനയുടെ ക്രമങ്ങളിൽ അവർ വരുത്തിക്കൂട്ടിയ മാറ്റങ്ങളിൽ ഇതു് ഒരു ഉദാഹരണമായി പറഞ്ഞു എന്നേയുള്ളൂ.)

തക്സായിലുള്ള കൽദായാചാരങ്ങളും വലിയ ആഴ്ചയിലെ സകല ക്രമങ്ങളും ('വായന' മുതലായ) ചടങ്ങുകളും മാറ്റി അവയുടെ സ്ഥാനത്തു ലത്തീൻ 'മിസ്സാളിൽ'നിന്നു പല ചടങ്ങുകളും ക്രമങ്ങളും ചേർത്തു നടപ്പിൽവരുത്തുന്നതിനും പോർട്ടുഗീസുമെത്രാന്മാരും വൈദികന്മാരും ഒരുമ്പെട്ടു. എന്നാൽ കാനോൻജപങ്ങളും (പൌരസ്ത്യന്മാരായ ചില വിശുദ്ധന്മാരുടെ പേരുകളെ കാനോൻജപങ്ങളിൽനിന്നു നീക്കിക്കളയുക ഉണ്ടായിട്ടുണ്ട്. "അവ ഏതെല്ലാമെന്നു് ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്നു.) മരിച്ചവർക്കുവേണ്ടിയുള്ള ജപകർമ്മാദികൾ അടങ്ങിയിരിക്കുന്ന "ഒപ്പീസു" പുസ്തകവും രൂപാന്തരീകരിക്കപ്പെടുവാൻ സംഗതിയായില്ല. ഈ മാറ്റങ്ങൾ നിമിത്തം കാനോൻജപങ്ങളും 'തക്സാ'യും തമ്മിൽ മുമ്പുണ്ടായിരുന്ന സംയോജ്യത നഷ്ടീഭവിക്കയും പല കുഴപ്പങ്ങളും അബദ്ധങ്ങളും ഉണ്ടാകുന്നതിനുള്ള പദ്ധതി തുറക്കപ്പെടുകയും ചെയ്തു. പ്രസ്തുത മാറ്റങ്ങൾ കാഴ്ചാവസ്ഥ മനസ്സിലാക്കാതെ ചെയ്തിട്ടുള്ളവയാകയാൽ അവയെ നടപ്പിൽ വരുത്തുന്ന സംഗതിയിൽ അക്കിടിയാക്കോനും വൈദികന്മാരും ആവലാധികൾ പുറപ്പെടുവിച്ചു. പോർട്ടുഗീസു മെത്രാന്മാർ അവരുടെ സങ്കടങ്ങൾ വകവെയ്ക്കാഞ്ഞു നിമിത്തം അക്കിടിയാക്കോൻ പ്രൊട്ടസ്തിക്കൾ മേലധികാരസ്ഥാനങ്ങളിലേക്കു തുടർച്ചയായി ഹർജികൾ അയച്ചുകൊണ്ടിരുന്നു. പോർട്ടുഗീസു ചരിത്രകർത്താക്കന്മാർതന്നെ അവയിൽ ചിലതു രേഖപ്പെടുത്തീട്ടുള്ളതു താഴെ ചേർക്കുന്നു:- ഗീവറുഗീസ് അക്കിടിയാക്കോനും കത്തനാർമാരും ജനപ്രധാനികളും ഫ്രാൻസിസ് ഡിസംബർ ൧൯-ാം തീയതി ഇടപ്പള്ളിപ്പള്ളിയിൽനിന്നു പോർട്ടുഗൽ രാജാവിനു ഒരു ലേഖനം അയക്കുകയുണ്ടായി. അതിൽ അവരുടെ കൽദായമെത്രാപ്പോലീത്താ ആയ മാർ അബ്രാഹത്തെപ്പറ്റി വളരെ സ്നേ

തിച്ചു പറഞ്ഞശേഷം പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ:— (മ) അക്കാലത്തു അവരെ ഭരിച്ചിരുന്ന ൪ാം എസുവാൻ (എസുപ്രാനോസ്) മെത്രാനു കൽദായ സുറിയാനി പരിചയമില്ലാത്തതിനാൽ അവരുടെ പള്ളിക്രമങ്ങളിൽ വളരെ തെറ്റുകളും കുഴപ്പങ്ങളും ഉണ്ടാവാൻ ഇടയാകുന്നെന്നും, (ഥ അവരുടെ നീത്തു് പരിചയമുള്ള സുറിയാനിക്കാരാൽ ഭരിക്കപ്പെടുണമെന്നായിരുന്ന ഉദയംപേരൂർ സൂനഹദോസിൽ അവക്കുണ്ടായിരുന്ന അപേക്ഷയെന്നും, (ന പൌലിസൂർ മലങ്കരയിൽ അവക്കു ഇഷ്ടമുള്ള ദിക്കിൽ മാത്രമേ സുറിയാനി പഠിപ്പിക്കുന്നുള്ളു എന്നും, (ര പോർട്ടുഗൽ രാജാവു് അയക്കുന്ന കുർബാനകളുടെ ക്രൂട്ടതൽ ധർമ്മം ഏതദ്ദേശീയരായ വൈദികന്മാർക്കു കൊടുക്കുന്നില്ലെന്നും (ഭ എസുപ്രാനോസു മെത്രാൻ അക്കിയാക്കോന്റെ ആലോചന കൂടാതെ വികാരിമാരെ നിയമിക്കുന്നുവെന്നും മറുമതു്. ഇതിൽ ആദ്യത്തെ രണ്ടു സംഗതികൊണ്ടു സുറിയാനിമെത്രാനെ കിട്ടണമെന്നുള്ള അവരുടെ ആഗ്രഹത്തെ പ്രത്യക്ഷപ്പെടുത്തുകയും ശേഷം കാര്യങ്ങൾകൊണ്ടു് ഈശോസഭക്കാരുടെ പേരിൽ അവക്കുള്ള അതൃപ്തിയെ കാണിക്കയും ചെയ്യുന്നു. (18) പോർട്ടുഗലിന്റെ തലസ്ഥാനപട്ടണമായ ലിസ്ബനിൽ സ്ഥിതിചെയ്തിരുന്ന മാപ്പിപ്പായുടെ പ്രതിപുരുഷനു മേല്പറഞ്ഞ അക്കിയാക്കോൻ ഇതിനുമുമ്പു ക്നാവു; ക്നാവു എന്ന സംവത്സരങ്ങളിലായി രണ്ടു എഴുത്തുകൾ അയക്കുകയുണ്ടായിട്ടുണ്ടു. ൪ൽക്കാണിച്ച സംഗതികൾതന്നെ അതുകളിലും പ്രതിപാദിക്കപ്പെട്ടിരുന്നു. (19) ക്രൂടാതെ ക്നാവു—ലെ എഴുത്തിൽ പോർട്ടുഗീസുകാരുടെയും ഈശോസഭാംഗങ്ങളുടെയും നേർക്കു തോമ്മാനസ്രാണികൾക്കുള്ള വിരസതയെപ്പറ്റിയും അവർ ഏതദ്ദേശീയന്മാരായ വൈദികരുടെ സംഖ്യ കുറച്ചുകളയുന്നതിനേയും കൊടുങ്ങല്ലൂർ മെത്രാസന സീമകൾക്കുള്ളിൽ ഇതര സഭാംഗങ്ങളെ പ്രവേശിപ്പിക്കാതിരിക്കുന്നതിനേയും സംബന്ധിച്ചും വിശേഷാൽ പ്രസ്താവിച്ചിരുന്നു. തന്റെ കീഴുള്ള ഉദ്ദേശം രണ്ടു ലക്ഷം ജനങ്ങൾ ഈശോസഭക്കാരുടെ കീഴിൽ സ്ഥിതിചെയ്യുവാൻ ആരംഭിച്ചിട്ടു നാല്പതു സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു എന്നും മറുമുള്ള സംഗതികൾ ക്രൂടിയും അക്കിയാക്കോൻ ആ ലേഖനത്തിൽ കാണിച്ചിരുന്നു. മാർ അബ്രാഹത്തിന്റെ കാലം തുടങ്ങി അങ്കമാലി ഉൽകൃഷ്ടമെത്രാസന ഇടവകയിൽ ഈശോസഭക്കാർ അവരുടെ അധികാരബലം പ്രയോഗിച്ചിരുന്നെന്നും മാർ അബ്രാഹം അവരുടെ ഹിതത്തിനു് അനുരൂപമായി സകല കാര്യങ്ങളും നിർവ്വഹിച്ചിരുന്നെന്നുമുള്ള യാഥാർത്ഥ്യത്തെ തെളിയിക്കേണ്ടതിനായിട്ടാണ് നാല്പതു സംവത്സരങ്ങളായിട്ടു ഈശോസഭക്കാർ സുറിയാനിസമുദായത്തെ ഭരിച്ചുകൊണ്ടിരിക്കുന്നു എന്നു് അക്കിയാക്കോൻ പ്രസ്താവിക്കുന്നതു്.

മാർ അഹത്തല്ലായെ, (ഇദ്ദേഹത്തെപ്പറ്റി പിന്നീടു വിവരിക്കുന്നതാണ്) പോർട്ടുഗീസുകാർ കൊച്ചിയിൽ ബന്ധനസ്ഥനാക്കിയ ഉടനെ നസ്രാണികൾ കൊച്ചിയിലെ പോർട്ടുഗീസു കപ്പിത്താനു അയച്ച എഴുത്തിൽ ഈശോസഭക്കാർ അവരുടെ പള്ളിക്രമങ്ങളെ മാ

റിക്കളയുന്ന കായ്ത്തെപ്പറ്റിയാണ് പ്രധാനമായി സങ്കടം പറയുന്നത്. എഴുത്തിലെ ആ ഭാഗം താഴെച്ചേർക്കുന്നു:- "കപ്പിത്താനെ, അതുമാത്രമല്ല, ഞങ്ങളിൽനിന്നു പൌലീസ്മാറ്റിക്കളഞ്ഞ പാത്രിയർക്കീസിനെ, സത്യം അറിയപ്പെടുന്നതിനും ഈ ക്രിസ്തീയ സമുദായം മുഴുവൻ കീഴ്വണങ്ങുന്നതിനും വേണ്ടി തിരിച്ചു തരേണ്ടതിനായി ദൈവസ്നേഹത്തേയും ഈ ക്രൈസ്തവ സമുദായത്തിന്റെ നന്മയേയും കുറിച്ചു, നിങ്ങൾ ഇപ്പോൾ സഖ്യശ്രമവും ചെയ്യണമെന്നു നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പാത്രിയർക്കീസ് പൌലീസുരാൽ കൊല്ലപ്പെട്ടുപോകയും തന്നിമിത്തം അദ്ദേഹത്തെ തിരുവാൻനിവൃത്തിയില്ലാതെ തീരുകയും ചെയ്തിരിക്കുന്നെങ്കിൽ, സുറിയാനി പരിചയമുള്ളവനും ഞങ്ങളുടെ പള്ളിക്രമങ്ങളെ ഞങ്ങളെ പഠിപ്പിക്കുന്നതിനും അവയിൽ ഞങ്ങളെ സഹായിക്കുന്നതിനും ശ്രേഷ്ഠിയുള്ളവനും മറു നാല്വ (ദൊമ്നിക്കൻ, പ്രൻസീസ്കൻ, കർമ്മലീത്താ ആദിയായ) സഭകളിൽ ഏതിലെങ്കിലും ഉൾപ്പെട്ടവനുമായ വേറെ ആരെങ്കിലും മഹപ്പാപ്പായുടെ കല്പനപ്രകാരം ഇവിടെ വരട്ടേ; എന്നാൽ പൌലീസുർ ആയിരിക്കരുത്. അവരെ ഞങ്ങൾ ഒട്ടുംതന്നെ ആഗ്രഹിക്കുന്നില്ല. കാരണം, അവർ ഞങ്ങളുടേയും പരിശുദ്ധ മാതാവായ റോമാപ്പള്ളിയുടേയും ശത്രുക്കൾ ആകുന്നു. അവരൊഴികെ ആരെങ്കിലും വരട്ടേ, നിസ്സംശയം കീഴ്വണങ്ങുന്നതിനു ഞങ്ങൾ ഒരുങ്ങിയിരിക്കുന്നു." (20) ഈ എഴുത്തിനു കപ്പിത്താൻ അനുകൂലമായ മറുപടികൊടുക്കാഞ്ഞതിനാലാണ് അവർ മട്ടാഞ്ചേരിലെ ക്രൂനൻകുരിശിൽ സത്യംചെയ്വാൻ സംഗതിയായതു്.

അക്കിദിയാക്കോനാന്മാരുടെ നിയമനവും അവരുടെ അധികാരവും നീക്കിക്കളയുവാൻ പോർട്ടുഗീസുകാർ ചെയ്ത ശ്രമം ക്ഷോഭത്തിനുള്ള നാലാമത്തെ കാരണമായി എന്നു മുമ്പുപറഞ്ഞുവല്ലോ. പ്രാൻസീസു റോസ് എന്നആദ്യ പോർട്ടുഗീസ് മെത്രാൻ മരുഭൂവഴിയിലേക്കുപോയ അവസരത്തിൽ തന്റെ പ്രതിപുരുഷനായി ഇടവകഭരണംനിർവ്വഹിക്കുന്നതിനു വൈപ്പിക്കോട്ട വിദ്യാമന്ദിരത്തിന്റെ അദ്ധ്യക്ഷനെ അദ്ദേഹം ഏർപ്പെടുത്തി. (21) ഇതു് അക്കിദിയാക്കോനന്റെ ഭരണവും അധികാരവും നിറുത്തൽചെയ്യേണ്ടതിനു് അദ്ദേഹം പ്രയോഗിച്ച ഒരു നയമായിരുന്നു. സുറിയാനി മെത്രാന്മാരുടെ ഭരണാധികാരം നിറുത്തൽ ചെയ്യുകളഞ്ഞതു് സുറിയാനി സമുദായത്തിനു വലുതായ വ്യസനകാരണമായിരിക്കേ, പൌരാണികകാലംമുതൽ അക്കിദിയാക്കോനാക്കന്മാരായിരുന്ന ഭരണംകൂടി ഇല്ലാതാക്കുവാൻ ഏർപ്പെട്ടതു് പൊതുവിൽ ക്ഷോഭത്തിനു ഹേതുവായിത്തീർന്നു. പ്രസ്തുത അക്കിദിയാക്കോനാവട്ടേ, വളരെ യോഗ്യനും സമർത്ഥനും ആയിരുന്നെന്നും അദ്ദേഹം മെത്രാൻപദത്തിനു് നിയമിക്കപ്പെടുകയും അതിലേക്കുള്ള അനുമതികൾ മാപ്പാപ്പായിൽനിന്നും പാത്രിയർക്കീസിൽനിന്നും മാർ അബ്രാഹം വാങ്ങുകയും ചെയ്തിരുന്നെന്നും അദ്ദേഹത്തെ സംബന്ധിച്ചു് ഈശോസഭാവൈദികന്മാർ ഉത്തമസാക്ഷ്യങ്ങൾ കൊടുത്തിരുന്നെന്നും മറ്റുമുള്ള വസ്തുതകളും ഭാഗം ൪൦-ാം അദ്ധ്യായം ൧൭, ൧൯ മുതലായ ലക്കങ്ങളിൽ വി

വരിച്ചിട്ടുള്ള സംഗതികളിൽനിന്നു പ്രസ്പഷ്ടമാകുന്നതാണ്. വൈപ്പിക്കോട്ട വിദ്യാലയത്തിന്റെ അദ്ധ്യക്ഷൻ ഇടവകഭരണകർത്താവായി നിയമിക്കപ്പെട്ടെങ്കിലും പള്ളിഭരണസംബന്ധമായ സമസ്യകാര്യങ്ങളും പൂർവ്വാചാരമനുസരിച്ച് അക്കിയാക്കോൻതന്നെ നിർവ്വഹിക്കയാണുണ്ടായത്. അക്കിയാക്കോൻ ഉണ്ടായിരിക്കെ അന്യനായ ഒരാൾക്കു ഭരണാധികാരം കൊടുത്തതു ശരിയല്ലെന്നും അതു് സമാധാനഭംഗത്തിന്നു് ഹേതുവാണെന്നും പ്രാൻസീസ് റോസിനു് ബോധപ്പെടുകയാൽ അദ്ദേഹം ചരമരോഗത്തിൽ ഉൾപ്പെട്ടിരിക്കയിൽ മറാരേയും ഭരണാധികാരിയാക്കാതെ പൂർവ്വനടപ്പനുസരിച്ച് അക്കിയാക്കോനെത്തന്നെ ആ ഉദ്യോഗത്തിൽ നിയമിച്ചു. മലങ്കര അക്കിയാക്കോൻ ക്രസ്തവ്യ—ൽ അയച്ച എഴുത്തിലെ സംഗതികളെപ്പറ്റി ആന്ത് ലിസ്ബനിൽ സ്ഥിതിചെയ്തിരുന്ന മീശ്പാപ്പായുടെ പ്രതിപുരുഷൻ പയ്യാലോചനചെയ്തു് അവസ്സ അനുകൂലമായി റോമയിൽ ബോധിപ്പിക്കയുണ്ടായി. അക്കിയാക്കോൻ യോഗ്യനായ ഒരാളാകയാൽ അദ്ദേഹം പറയുന്ന സംഗതികൾ ഗൌനിക്കേണ്ടതാണെന്നും, അന്ത് കടത്തുരുത്തിൽ പാർത്തിരുന്ന ഡോമ്നിക്കൻ വൈദികനായ ദൊനാത്തൊ (Donato കടത്തുരുത്തിൽ കൽദായ സുറിയാനി പഠിപ്പിച്ചിരുന്ന ഇദ്ദേഹം സ്വശിഷ്യന്മാരായ നാട്ടുപട്ടക്കാരുടെ സംതൃപ്തിക്കു പാത്രീഭവിച്ചിരുന്നു.) യെ അങ്കമാലി ഇടവകയുടെ സഹായമദ്ധ്യക്ഷനായി നിയമിക്കണമെന്നും തദ്ദേശീയരായ വൈദികന്മാരുടെ സംഖ്യ ക്രമേണ വർദ്ധിപ്പിക്കേണ്ടതാണെന്നും ഈശോസഭക്കാർ ഒഴികെയുള്ള ഇതര സഭാംഗങ്ങളെ അങ്കമാലി ഇടവകയിൽ പ്രവേശിപ്പിക്കാതിരിക്കുന്നതു ശരിയല്ലെന്നും മറും പ്രസ്തുത പ്രതിപുരുഷൻ റോമായിൽ അറിയിച്ചു. അക്കിയാക്കോന്മാരെ മാറ്റിക്കളയുവാൻ പോർട്ടുഗീസുകാർ ശ്രമിച്ചതു ശരിയായില്ലെന്ന് ഇതുവരെ ഇവിടെ കാണിച്ച ന്യായങ്ങളിൽനിന്ന് വായനക്കാർ ഗ്രഹിക്കാവുന്നതാണ്. അക്കിയാക്കോൻ അപരാധിയായിരുന്നു എന്നിരുന്നാൽത്തന്നെയും അദ്ദേഹത്തെ നീക്കി തൽസ്ഥാനത്തിൽ വേറൊരു ആളെ നിയമിക്കുവാനല്ലാതെ ആ സ്ഥാനം ക്രമവഴിയെ നിറുത്തിക്കളയുവാനല്ലായിരുന്നു ശ്രമിക്കേണ്ടിയിരുന്നത്. ഈക്കാര്യത്തിൽ പോർട്ടുഗീസ് അധികൃതന്മാർ പ്രയോഗിച്ച നയം ഒട്ടും തന്നെ ആദരണീയമായിരിക്കുന്നില്ല.

ആകയാൽ ഉദയംപേരൂർ സൂനഹദോസിനുശേഷം ഉണ്ടായിട്ടുള്ള സകല ക്ഷോഭങ്ങൾക്കും കാരണം സ്വാർത്ഥാന്വേഷിയായ സുറിയാനിക്കാരാണെന്നും മറും പോർട്ടുഗീസ് ചരിത്രകർത്താക്കന്മാരും അവരെ അനുകരിച്ച മറു യൂറോപ്യൻ ചരിത്രകാരന്മാരും പറയുന്നതു് വാസ്തവവിരുദ്ധമാണെന്നും ക്ഷോഭത്തിനു ഇടയാക്കിയ പ്രസ്തുത നാല കാരണങ്ങളിൽ ഒന്നുപോലും സുറിയാനിക്കാരിൽ നിന്നല്ല, പോർട്ടുഗീസുകാരിൽനിന്നു തന്നെയാണു് ഉത്ഭവിച്ചിട്ടുള്ളതെന്നും സുറിയാനിക്കാരുടെ സങ്കടങ്ങളാകട്ടെ ന്യായാനുസൃതമായിരുന്നെന്നും ഈ ലക്കത്തിൽ ഇതുവരെ കാണിച്ച തെളിവു

കളിൽനിന്ന് സത്യാനേഷകന്മാക്ക് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

൧൫. സുറിയാനിക്കാർ ഉദയംപേരൂർ സൂനഹദോസിൽ വച്ച് പാപ്പായുടെ കീഴ്പ്പെട്ടതു പോർട്ടുഗീസുകാരുടെ ശക്തിയേക്കുറിച്ചുള്ള ഭയം ഒന്നുകൊണ്ടു മാത്രമാണെന്നും ആ ശക്തിയെ തകർത്തുകളയുവാൻ തക്ക അവസരം അവർ സദ്ദാ പാർത്തിരുന്നെന്നും തരംവന്നപ്പോൾ അതിൽനിന്ന് അവർ വിമുക്തരായെന്നുമാണല്ലോ യൂറോപ്യന്മാരായ പ്രോട്ടസ്റ്റൻറ് ചരിത്രകാരന്മാർ പറയുന്നതു്. ഈ അഭിപ്രായത്തെ അനുകൂലിയുന്ന നാട്ടുകാരായ ചില ചരിത്രകർത്താക്കളും ഇല്ലാതില്ല. ഇതിൽ എത്രമാത്രം വാസ്തവമുണ്ടെന്ന് ഇവിടെ പര്യാലോചിക്കേണ്ടിയിരിക്കുന്നു. സുറിയാനിക്കാർ മാപ്പാപ്പായെ അനുസരിക്കയും അദ്ദേഹത്തോടുള്ള സംയോജ്യതയിൽ വർത്തിക്കയും ചെയ്തിരുന്ന കൽദായ പാത്രിയർക്കീസിൻെറ കീഴിൽ നിന്നിരുന്നതിനാൽ മാപ്പാപ്പായെ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനും സർവ്വജനപിതാവുമായി കരുതുകയും, അദ്ദേഹത്തിൻെറ പരമാധികാരത്തെ സമ്മതിക്കയും ചെയ്തിരുന്നെന്നും അവരുടെ വാദം മുഴുവനും പോർട്ടുഗീസു മെത്രാന്മാരുടെ കീഴിൽ നിൽക്കുവാൻ മനസ്സില്ലെന്നു മാത്രമായിരുന്നെന്നും മുകളിൽ ധാരാളം തെളിയിച്ചുകഴിഞ്ഞു. ക്രൂശാതെ പൌരാണികകാലം മുതൽക്കു അവർ ആചരിച്ചുപോന്ന കൽദായക്രമങ്ങളെ ഭേദപ്പെടുത്തുവാൻ പോർട്ടുഗീസുകാർ ചെയ്തിരുന്നശ്രമങ്ങളെ അവർ വിരോധിക്കയും അതേപ്പറ്റി മേൽക്കോടതികളിൽ തുടർച്ചയായി സങ്കടങ്ങൾ ബോധിപ്പിക്കയും ചെയ്തിരുന്നെന്നും അക്കിദിയാക്കോനെൻറ അധികാരത്തെ വിധ്വംസിക്കുവാൻ പോർട്ടുഗീസുകാർ ചെയ്യുന്ന പ്രവൃത്തികളെ അവർ വിസമ്മതിക്കയും അതുകൾക്കെതിരായി ആവലാധികൾ പുറപ്പെടുവിക്കയും ചെയ്തിരുന്നെന്നും പ്രസ്താവിച്ചിട്ടുണ്ട്. ആകയാൽ പാപ്പായുടെ അധികാരം നീക്കിക്കളയുന്നതിനു സുറിയാനിക്കാർ തരംനോക്കിയിരിക്കയും അവസരം ലഭിച്ചപ്പോൾ അതു തട്ടിക്കളകയും ചെയ്തെന്നും, പാപ്പായുടെ അധികാരം ബലാൽക്കാരേണ അവരുടെമേൽ സ്ഥാപിക്കപ്പെട്ടിരുന്നതാണെന്നും മറും പ്രോട്ടസ്റ്റൻറുകാർ ജല്പിക്കുന്നതു് അടിസ്ഥാനരഹിതമായും സത്യബോധരഹിതമായുമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഉദയമ്പേരൂർ സൂനഹദോസിൽ ഉണ്ടായ വലിയ ശീശ്മയിൽ ഈ സൂനഹദോസിൽ ഉൾപ്പെട്ട മെത്രാന്മാരെ സ്വീകരിക്കയില്ലെന്നു മാത്രമേ അവർ ശപഥം ചെയ്തിട്ടുള്ളു. മേൽപ്രകൃതത്തിൽ പറഞ്ഞിട്ടുള്ള കൊച്ചിയിലെ പോർട്ടുഗീസ് 'കപ്പിത്താൻ' ഗോവ വൈസ്രോയിക്ക് ആ ഘട്ടത്തിൽ അയച്ച വിജ്ഞാപനലേഖയിൽ ഈക്കാര്യം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അതിൽ പറയുന്നതു് "അവർ (തോമ്മാനസ്രാണികൾ) അവരുടെ മതാദ്ധ്യക്ഷനായി (ഗാർസ്യാ) മെത്രാപ്പോലീത്തായെ ആകട്ടെ, ഈശോസഭക്കാരനായ മറ്റാരെയെങ്കിലുമാകട്ടെ മേലിൽ ഒരിക്കലും സ്വീകരിക്കയില്ലെന്ന സത്യംചെയ്തിരിക്കുന്നു" എന്നാണ്. ഈ എഴുത്തു മിസ്റ്റർ മെക്കൻസി തിരുവിതാംകൂർ സ്റ്റെയ്റ്റ് മാനുവലിൽ ഉദ്ധരിച്ചിട്ടു

ണ്ട്. അതിനെ അനുസരിച്ചാണ് അവർ പിന്നീട് കമ്മലീത്താക്കാരെ അപേക്ഷിച്ചു വരുത്തിയത്. ആ സംഗതികളെല്ലാം പിറകെ പ്രസ്താവിച്ചുകൊള്ളാം.

ഫൻ. പ്രാൻസീസ് റോസ് മുതൽ ക്രസ്തുനു–ലെ മതവിപ്ലവത്തിന്റെ കാലംവരെ മലങ്കര സഭാഭരണം നിർവ്വഹിച്ച പോർട്ടുഗീസു മെത്രാന്മാരേപ്പറ്റിയും ആ കാലഘട്ടത്തിൽ മലങ്കരയിൽ അധികാരം വഹിച്ചിരുന്ന ഗീവറുഗീസ്, തോമ്മാ എന്ന അക്കിയാക്കോന്മാരേപ്പറ്റിയും മേൽ ക്രസ്ത–ാം ലക്കത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ആ ലക്കത്തിലും അതിനെ തുടർന്നവരുന്ന ലക്കത്തിലും പറഞ്ഞിട്ടുള്ള ക്ഷോഭങ്ങൾ ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു. ക്രസ്ത.ക്വ–ൽ പ്രാൻസിസ് റോസ് മെത്രാൻ ഗോവയിലേക്കു പോയ അവസരത്തിൽ അങ്കമാലി ഇടവകയുടെ ഭരണാധികാരിയായി വൈപ്പിക്കോട്ട വിദ്യാശാലയുടെ അദ്ധ്യക്ഷനെ അദ്ദേഹം നിയമിച്ചതോടുകൂടി ക്ഷോഭം പൂർവ്വാധികം വർദ്ധിച്ചു. എന്നാൽ പിന്നീട് ഗോവ വൈസ്രോയിയുടെ പരിശ്രമഫലമായി അക്കിയാക്കോന്റെ അധികാരം ബന്ധിച്ച് ക്രസ്തുശ ഡിസംബർ ക്വ–ാംതിയതി ഒരു നിശ്ചയം ചെയ്യപ്പെട്ടു. ആ നിശ്ചയപ്രകാരം പ്രസ്തുതാധികാരം സ്വീകരിക്കപ്പെടുകയും, ചില ഖരാവുകളോടുകൂടി അത് സ്ഥിരീകരിക്കപ്പെടുകയുമുണ്ടായി. എന്നാൽ പള്ളിക്രമങ്ങളെ അടിയോടെ നീക്കിക്കളയുന്നതിനേപ്പറ്റിയും സുറിയാനി മെത്രാന്റെ അഭാവത്തേപ്പറ്റിയും മറ്റുമുള്ള സങ്കടങ്ങൾക്ക് ഒരു ഉപശാന്തി ലഭിക്കേണ്ടതിനായി, സുറിയാനിക്കാർ പിന്നെയും മേലധികാരസ്ഥാനങ്ങളിൽ ഹർജികൾ അയച്ചുകൊണ്ടിരുന്നു. ലത്തീൻ (റിച്ചലിനോട്ട) ക്രമങ്ങളോട് യോജിക്കാത്ത സുറിയാനി ക്രമങ്ങളെല്ലാം പാടേ നീക്കിക്കളയുന്നതിനും പള്ളികളിൽ കഴിവുള്ളടത്തോളം ലത്തീൻ ക്രമങ്ങൾ നടത്തുന്നതിനും ഈശോസഭക്കാർ കൽപനയായ ഏർപ്പാടുകൾ ചെയ്യുകയും തന്നിമിത്തം വൈദികരിൽ മത്സരബോധം ജനിച്ചു ശക്തിപ്പെടുന്നതിന് അവർ കാരണക്കാരായിത്തീരുകയും ചെയ്തു. ക്രസ്തുനു– ക്രസ്തുക എന്ന വത്സരങ്ങളിൽ ഇന്ത്യയെ സന്ദർശിച്ച കമ്മലീത്താ 'ജനറാളാ'യ ഫിലിഹ് സാക്ഷിക്കുന്നു. (22) ഗാർസ്യാ മെത്രാപ്പോലീത്താ ഈ അവസരത്തിൽ സൌമ്യഭാവത്തോടുകൂടി പ്രവർത്തിച്ചിരുന്നെങ്കിൽ ഇത്രമാത്രം വൈഷമ്യം നേരിടുകയില്ലായിരുന്നു; അദ്ദേഹമാകട്ടെ, സാഹചര്യങ്ങളെ ആലോചിക്കാതെ വളരെ നിഷ്ഠൂരപൂർവ്വം കാര്യങ്ങൾ നടത്തുവാനാണുത്സാഹിച്ചത്. ഉദ്ദേശം അമ്പതു സംവത്സരങ്ങളിലായി സുറിയാനിക്കാർ അയച്ചുകൊണ്ടിരുന്ന ഹർജികളിൽ പറയപ്പെട്ടിരുന്ന ചില കാര്യങ്ങൾക്ക് നിവൃത്തിമാർഗ്ഗം ഉണ്ടാകയും അതുവഴിയായി അങ്കമാലി പൂർവ്വസ്ഥിതിയിൽ മഹാ മെത്രാസന ഇടവകയായി പുനഃസ്ഥാപിക്കപ്പെടുകയും അക്കിയാക്കോന്മാരുടെ നിയമനത്തിനും അധികാരത്തിനും ഏതാണ്ടൊക്കെ നിവൃത്തിയുണ്ടാകയും ചെയ്യുകിലും പൂർവ്വകൽപിതക്രമങ്ങൾ മാറരുതെന്നും അവയുടെ സംരക്ഷണത്തിനായി സജാതീയനായ ഒരു മെത്രാനെ നിയമിച്ചു

കിട്ടണമെന്നുമുള്ള അവരുടെ അപേക്ഷക്ക് അനുകൂലമായ മറുപടി പോർട്ടുഗീസധികാരസ്ഥാനങ്ങളിൽ നിന്നാകട്ടേ അവർവഴിയായി റോമയിൽനിന്നാകട്ടേ കിട്ടുകയുണ്ടായില്ല. തൻമൂലം ഭഗ്നാശന്മാരായ സുറിയാനിക്കാർ അവക്ക് ഒരു കൽദായമെത്രാനെ അയച്ചുകൊടുക്കണമെന്ന് ഉദ്ദേശം ക്രസ്താബ്ദം 1—ൽ ബാബേൽ പാത്രിയക്കീസിനോട് വർജ്ജികൾമൂലം അപേക്ഷിച്ചു. അതനുസരിച്ച് അഹത്തല്ലാ നാമധേയനായ ഒരു കൽദായമെത്രാൻ അക്കാലത്തു ഇന്ത്യയിലെ തുറമുഖപ്പട്ടണമായിരുന്ന സൂറത്തിൽ സന്ന്യാസവേഷധാരിയായി ക്രസ്താബ്ദം 1—ന്റെ സമാരംഭത്തിൽ എത്തുകയും അവിടെയുണ്ടായിരുന്ന പ്രൻസീസ്കൻ സഭക്കാരുടെ ഒരാശ്രമത്തിൽ അവരുടെ അതിഥിയായി ഏതാനും ദിവസങ്ങൾ പാർത്തശേഷം മൈലാപ്പൂരിൽ ചെന്ന് ഈശോസഭക്കാരുടെ ഭവനത്തിൽ താമസിക്കയുംചെയ്തു.

ഇദ്ദേഹത്തിന്റെ പേർ യവനഭാഷയിൽ "തെയൊദോർ" എന്നും ലത്തീനിൽ "അദെയൊദത്തൂസ്" എന്നും അറബിയിൽ "അഹത്തല്ലാ" എന്നും കൽദായ സുറയാനിയിൽ "യബ് ആലാഹാ" (ܝܰܗܒ ܐܰܠܳܗܳܐ) എന്നുമാണ് പറഞ്ഞുവരുന്നത്. അദ്ദേഹമാകട്ടെ "ഇന്ഡ്യയുടെയും ചീനത്തിന്റെയും പാത്രിയക്കീസായ "ഇഗ്നാത്തിയോസ്" എന്ന സ്വയം നാമലേഖനം ചെയ്തിരിക്കുന്നു. അക്കാലത്തു മൈലാപ്പൂരിലെ വി. തോമ്മാശ്ലീഹായുടെ തിരുക്കുഴിമാടം വണങ്ങുന്നതിനായി ചെന്നിരുന്ന തീർത്ഥയാത്രക്കാരിൽ ചെങ്ങന്നൂർ ഇടവക ചെങ്ങയിൽ ഇട്ടിശ്ശമ്മാശ്ശും കുറവലങ്ങാട്ട പള്ളി ഇടവക കിഴക്കേടത്തു കുഞ്ഞൻ ശമ്മാശ്ശും അദ്ദേഹത്തെ കാണുകയും തദവസരത്തിൽ അദ്ദേഹം സുറിയാനിക്കാരെക്കായി ഒരെഴുത്തു അവരുടെ പക്കൽ ഏൽപ്പിക്കയും ചെയ്തു. സുറിയാനിഭാഷയിൽ എഴുതപ്പെട്ട പ്രസ്തുത ലേഖനത്തിന്റെ പദാനുപദമായ തർജ്ജമ താഴെ കാണുംവിധമാണ്:— "ഇന്ത്യാ ഒക്കെയുടെയും ചീനത്തിന്റെയും പാത്രിയക്കീസും ഇഗ്നാത്തിയോസും ആയ ഞാൻ, നിങ്ങളുടെ ദിക്കിൽനിന്ന് ഇവിടെ വന്നിട്ടുള്ള ശമ്മാശന്മാർവശം ഒരെഴുത്ത് അയക്കുന്നു. നിങ്ങൾ ഈ എഴുത്തു വായിക്കുമ്പോൾ രണ്ടു വൈദികന്മാരെയും നാലുത്ത ആളുകളേയും എന്റെ പക്കൽ അയക്കണം. എന്റെ വരവിനു തടസ്സം നേരിടാതിരിക്കുവാൻ തക്കവണ്ണം കഴിയുന്ന വേഗത്തിലും വേണ്ടുന്ന ജാഗ്രൂകതയോടുംകൂടി നിങ്ങൾ അവരെ അയക്കണം. എന്റെ മക്കളേ! വരുവിൻ, എന്റെ വാക്കുകളെ ശ്രവിപ്പിൻ. നമ്മുടെ നാഥനായ മാപ്പിപ്പായിൽനിന്നു സമസ്താധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ. ഇഗ്നാത്തിയോസിനു സമസ്താധികാരവുമുണ്ട്. നിങ്ങൾ ഭയപ്പെടേണ്ടാ, നിങ്ങളുടെ ആവശ്യത്തിനു ഉതകുന്നതായ വളരെ നിക്ഷേപങ്ങളും മറ്റനേകം ദ്രവ്യങ്ങളും ഞാൻ കൊണ്ടുവന്നിരിക്കുന്നു. അതിനാൽ ഞാൻ അവിടെ വന്നുചേരുന്നതിനു കഴിയുന്നതെല്ലാം നിങ്ങൾ ചെയ്തിൻ. മൈലാപ്പൂർ എന്ന ഈ പട്ടണ

ത്തിൽ ദൈവമാതാവായ മറിയത്തിന്റെ നാമത്തിൽ ഞാൻ എത്തിയിരിക്കുന്നത് ഇന്ത്യയിൽ നിങ്ങളുടെ നാട്ടിലേക്കു എന്നെ കൊണ്ടുപോകുവാൻ കഴിയുന്ന അനവധി പുരോഹിതന്മാരും ശമ്മാശന്മാരും ജനങ്ങളും ഇവിടെവന്നു ചേരുന്നതായി ഞാൻ അറിഞ്ഞതിനാൽ ആണെന്നു ഞ്വെദികന്മാരും ശമ്മാശന്മാരും ജനപ്രധാനന്മാരുമായ നിങ്ങൾ എല്ലാവരും അറിഞ്ഞുകൊൾവിൻ. ഞാൻ ക്രിസ്തു൨ ൧൮൭൪ ആഗസ്റ്റ് ൨—ാം തീയതി മൈലാപ്പൂരിൽ ഈശോസഭക്കാരുടെ ഭവനത്തിൽ എത്തി. അതിൽ ഞാൻ താമസിച്ചുവരുന്നു. അവർ എന്നോടു കരുണാപൂർവ്വം വർത്തിക്കുന്നു. ഭൂമിയിലും സ്വർഗ്ഗത്തിലും അവരുടെ സമ്മാനം വർദ്ധിക്കുമാറാകട്ടെ! അവർക്കും നിങ്ങൾക്കും നമുക്കും എന്നേക്കും സമാധാനം ഉണ്ടാകട്ടെ. ആമ്മേൻ. എന്ന് ഇന്ത്യാ ഒക്കെയുടെയും ചീനത്തിന്റെയും പാത്രിയർക്കീസായ ഇഗ്നാത്തിയോസ്" (23)

൨൦. അഹത്തല്ലാ മെത്രാന്റെ വിശ്വാസനിലയെപ്പറ്റി ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരായി തിരിയുന്നു. അസ്സേമാൻ ആദിയായവരുടെ അഭിപ്രായം അദ്ദേഹം നെസ്തോറിയൻ മതാവലംബിയായിരുന്നു എന്നാണ്. മറ്റു ചിലർ അദ്ദേഹം ഒരു യാക്കോബായക്കാരൻ ആയിരുന്നു എന്നു പറയുന്നു. തിരുവിതാംകൂർ സ്റ്റെയിറ്റുമാനുവലിൽ മിസ്റ്റർ മെക്കൻസി പ്രസ്താവിച്ചിട്ടുള്ളതു ഈ അഭിപ്രായമാണ്. അദ്ദേഹത്തെ എഴുത്തയച്ചു വരുത്തിയ അക്കിദിയാക്കോൻ മുതലായവർ വാദിക്കുന്നതു് അഹത്തല്ലാ കൽദായക്കാരനായ ഒരു കത്തോലിക്കനല്ലാതെ നെസ്തോറിയൻകാരൻ അല്ലായിരുന്നു എന്നാണ്. വിഭിന്നങ്ങളായ ഈ മൂന്നു അഭിപ്രായങ്ങളിൽ ശരിയായിട്ടുള്ളതു ഏതെന്നു അന്വേഷിക്കേണ്ടതു നമ്മുടെ കർത്തവ്യമാകയാൽ അതുകളിൽ ഓരോന്നിനെപ്പറ്റിയും ഇവിടെ പര്യാലോചിക്കുകതന്നെ. ഉദയംപേരൂർ സൂനഹദോസിനുമുമ്പു മാർ തോമ്മാ ക്രിസ്ത്യാനികളെ ഭരിച്ചിരുന്നതു കൽദായ പാത്രിയർക്കീസുമാരാൽ നിയുക്തന്മാരായ മെത്രാന്മാരായിരുന്നെന്നും അവരുടെ ഒടുവിലത്തെ മതാദ്ധ്യക്ഷന്മാരായ മാർ യൌസേപ്പും, മാർ അബ്രാഹവും കൽദായക്കാരായ കത്തോലിക്കരായിരുന്നെന്നും ൨—ാം ഭാഗത്തിൽ പല സ്ഥലങ്ങളിൽ, വിശിഷ്യ, ൧൩—ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. കൽദായ പാത്രിയർക്കീസുമാർ മാർ തോമ്മാ നസ്രാണികളുടെമേൽ ഉണ്ടായിരുന്ന അധികാരത്തെ മാപ്പിപ്രമാർ ആദരിച്ചിരുന്നെന്നും കൽദായ മെത്രാന്മാരുടെ അധികാരം നിന്നുപോയതു മാപ്പിപ്രമാർ അതിനെ നീക്കിക്കളഞ്ഞതുകൊണ്ടല്ല, പോർട്ടുഗീസുഗവർമ്മേണ്ടു അതിന്റെ പ്രയോഗത്തെ തടഞ്ഞതുകൊണ്ടു മാത്രമാണെന്നും മറ്റുമുള്ള സംഗതികൾ മേൽപ്പറഞ്ഞ അദ്ധ്യായത്തിൽനിന്നു പ്രസ്പഷ്ടമാകുന്നതാണ്. ഉദയംപേരൂർ സൂനഹദോസു കഴിഞ്ഞതിൽപ്പിന്നെ ക്രിസ്താബ്ദം ൧൮൫൨—ൽ ഇടപ്പള്ളിപ്പള്ളിയിൽ സമ്മേളിച്ച വൈദികരുടെയും ലൌകികരുടെയും ഒരു യോഗത്തോടുചേർന്നു ഗീവർഗ്ഗീസു അക്കിദിയാക്കോൻ ഒപ്പുവെച്ചു പോർട്ടുഗൽരാജാവിനു അയച്ച ഒരു ഹർജ്ജിയിൽ, അതിൽ ഒപ്പുവെച്ചിരിക്കുന്ന കൽദായക്കാരാ

യ തങ്ങളെ കൽദായ മെത്രാന്മാർ ഭരിക്കണമെന്നും സൂനഹദോസ നു മുമ്പ് അവരെ ഭരിച്ചിരുന്ന മാർ അബ്രാഹം മെത്രാപ്പോലീത്താ കൽദായക്കാരനായിരുന്നെന്നും രേഖപ്പെടുത്തീട്ടുള്ള വസ്തുത മേൽ ക്ര—ം ലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. സഭാസമ്പ്രദായങ്ങളെ ആദരിച്ചു സംരക്ഷിക്കേണ്ടതിനാണ് ഒരു കൽദായമെത്രാനെ കിട്ടണമെന്നു അപേക്ഷിക്കുവാൻ അവർ നിർബ്ബന്ധിക്കപ്പെട്ടത്. എന്നാൽ ആ മെത്രാൻ അവരുടെ വിശ്വാസത്തിനു അനുയോജ്യമല്ലാത്ത നെസ്തോറിയൻ മത വിശ്വാസത്തോടുകൂടിയവനോ യാക്കോബായമതാവലംബിയൊ ആയിരുന്നാൽ ഉദ്ദിഷ്ടഫലം സാദ്ധ്യമല്ലാതെവരുന്നു. അതിനാൽ നസ്രാണികൾ നെസ്തോറിയൻ പാത്രിയക്കീസിനോടു അപേക്ഷിച്ചു ഒരു നെസ്തോറിയൻ മെത്രാനെ വരുത്തി എന്നുള്ള ചരിത്രകാരന്മാരുടെ പ്രസ്താവം യാതൊരുവിധേനയും സ്വീകാര്യമല്ല. മേൽ ഉദ്ധരിച്ചിട്ടുള്ള അഹത്തല്ലായുടെ ലേഖനം തന്നെയും ഇതിലേക്കു അനിഷേധ്യമായ ഒരു ലക്ഷ്യമാണ്. "മൈലാപ്പൂർ എന്ന ഈ പട്ടണത്തിൽ ദൈവമാതാവായ മറിയത്തിന്റെ നാമത്തിൽ ഞാൻ എത്തിയിരിക്കുന്നു" എന്നു അദ്ദേഹമതിൽ പ്രസ്താവിച്ചിരിക്കുന്നു. മറിയത്തിനെ 'ദൈവമാതാവു' എന്നു അഭിധാനം ചെയ്യുന്നതു നെസ്തോറിയൻ മതസിദ്ധാന്തങ്ങൾക്കു പ്രതികൂലമാകയാൽ അഹത്തല്ലായുടെ ലേഖനത്തിലെ പ്രസ്താവം നെസ്തോറിയൻവിശ്വാസത്തിനു നേരെ വിപരീതവും ആ വിശ്വാസത്തിന്റെ അസ്തിവാരവും കൂടി തട്ടിമറിക്കുന്നതുമാകുന്നു.

അഹത്തല്ലാ യാക്കോബായ മതാനുസൃതനായിരുന്നോ എന്നാണ് ഇനി പരിശോധിക്കുവാനുള്ളത്. സുറിയാനിക്കാർ ഒരു മെത്രാനെ കിട്ടേണ്ടതിനായി ബാബേലിലേക്കും അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയക്കീസിന്റെ പക്കലേക്കും അലക്സന്ത്യായിലെ കൊപ്പൂ പാത്രിയക്കീസിനും എഴുത്തുകൾ അയച്ചു എന്നു മാത്രം ആ എഴുത്തുകളുടെ കാലനിർണ്ണയം ചെയ്യാതെ ചരിത്രകർത്താക്കന്മാർ പ്രസ്താവിക്കുന്നതുകൊണ്ടാണ് അഹത്തല്ലാ കൽദായക്കാരനൊ യാക്കോബായക്കാരനോ എന്നു സംശയിക്കുവാൻ ഇടയായിത്തീർന്നതു്. അതിനാൽ എസ്തദാ—ൽ അവർ ആദ്യമായി ബാബേലിലേക്കു എഴുത്തുകയും (ല. എൻ) അതിനെ അനുസരിച്ചു എസ്തദാ—ൽ അഹത്തല്ലാ മൈലാപ്പൂരിൽ വരികയും ചെയ്തു എന്നും അദ്ദേഹത്തിന്റെ ആഗമനശേഷം പതിനൊന്നു സംവത്സരങ്ങൾ കഴിഞ്ഞിട്ടു എന്നസ്ത—ൽ അന്ത്യോഖ്യായിലേക്കും മറ്റും എഴുത്തുകൾ അയക്കയും തൻമൂലം എന്നസ്ത—ൽ മാർ ഗ്രീഗോരിയോസു അന്ത്യോഖ്യായിൽനിന്നു അയക്കപ്പെടുകയും ചെയ്തു എന്നും മനസ്സിലാക്കിക്കഴിയുമ്പോൾ അഹത്തല്ലാ യാക്കോബായ മതാവലംബി ആയിരുന്നോ അല്ലയൊ എന്നുള്ള സംശയം തീർന്നുപോകുന്നതാണ്. എന്നസ്ത—ൽ മലയാളത്തിൽ എത്തിയ മാർ ഗ്രിഗോരിയൂസ് തന്നെ അയച്ചതു യാക്കോബായ പാത്രിയക്കീസാണെന്നും താൻ യാക്കോബായമതാവലംബിയാണെന്നും പരസ്യത്തിൽ പ്രസ്താവിക്കയും അദ്ദേഹം ഇവിടെ യാക്കോബായ വിശ്വാസം പഠിപ്പിച്ചു എന്നു ചരിത്രകാരന്മാർ ഏകകണ്ഠമായി

സമ്മതിക്കയും ചെയ്തിരിക്കുന്നു. എന്നാൽ മാർ അഹത്തല്ലായാവട്ടെ, താൻ കത്തോലിക്കനും മാപ്പ്വപ്പായുടെ കല്പനയനുസരിച്ചു വന്ന ആളുമാകുന്നു എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. മേൽ (ല. ക്ന്) ഉദ്ധരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ലേഖനം ഈ സംഗതിയിൽ നിഷേധിച്ചുകൂടാത്ത ഒരു സാക്ഷ്യമാണ്. "നമ്മുടെ നാഥനായ മാപ്പ്വപ്പായിൽ നിന്നു സമസ്താധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ" എന്നാണ് അദ്ദേഹം അതിൽ പറഞ്ഞിരിക്കുന്നത്. ആകയാൽ മാർ അഹത്തല്ലാ, ഒരു യാക്കോബായക്കാരൻ ആയിരുന്നുയെന്നു പറയുന്ന ചരിത്രകർത്താക്കളുടെ അഭിപ്രായം ഒട്ടുംതന്നെ സ്വീകാര്യമല്ല.

മാർ അഹത്തല്ലാ കൽദായക്കാരനും കത്തോലിക്കനും ആയിരുന്നെന്ന് അദ്ദേഹത്തെ എഴുത്തയച്ചവരുത്തിയ അക്കിദിയാക്കോനും കൂട്ടുകാരും വിശ്വസിച്ചിരുന്നു എന്നുള്ളതിൽ സംശയമില്ല. അവർ ൧൦൭൬—ൽ കൽദായ പാത്രിയക്കീസിനു എഴുതിയതു ഒരു കൽദായ മെത്രാനെ കിട്ടേണ്ടതിനായിരുന്നതിനാൽ അവരുടെ എഴുത്തനുസരിച്ചു ൧൦൭൮—ൽ വന്ന മാർ അഹത്തല്ലാ വിശ്വാസകാര്യങ്ങളിൽ റോമ്മാസിംഹാസനത്തോടു ബന്ധമുള്ള ഒരു കൽദായ മതാദ്ധ്യക്ഷൻ ആയിരുന്നു എന്നാണ് അവർ വിശ്വസിച്ചിരുന്നതു്. മാർ അഹത്തല്ലായുടെ ലേഖനത്തിൽ അദ്ദേഹം മാപ്പ്വപ്പായാൽ അയക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്ന ഭാഗം അവരുടെ വിശ്വാസത്തെ ദൃഢീകരിക്കയും ചെയ്തു. ഈ വിശ്വാസം നിമിത്തമാണ് മാർ അഹത്തല്ലായെ പോർട്ടുഗീസുകാർ കൊച്ചീവഴിക്കു കടത്തിക്കളഞ്ഞസമയം കൊച്ചിയിലെ പോർട്ടുഗീസ് "കപ്പിത്താനു്" സുറിയാനിക്കാർ അയച്ച എഴുത്തിൽ (ല. ക്ഭ) പൌലീസ്സർ അവരുടേയും റോമ്മാപ്പള്ളിയുടേയും ശത്രുക്കളാണെന്നും അവരോട് (പൌലീസ്സരോട്ട) അവർ ബന്ധുത്വം ആഗ്രഹിക്കുന്നില്ലെന്നും സുറിയാനിഭാഷ അറിയുന്നവനും അവരുടെ പള്ളിക്രമങ്ങളെ അവരെ പഠിപ്പിക്കുവാൻ ശേഷിയുള്ളവനും മറ്റുവല്ല സന്ന്യാസസഭയിൽ ഉൾപ്പെട്ടവനുമായ ഒരാൾ മാപ്പ്വപ്പായുടെ കല്പനപ്രകാരം അവരെ ഭരിക്കുന്നതിനു് ആഗ്രഹിക്കുന്നെന്നും അവർ പ്രസ്താവിക്കുവാൻ ഇടയായതു്.

മാർ അഹത്തല്ലാ മാപ്പ്വപ്പായുടെ അധികാരത്തോടുകൂടി മലങ്കരയിലേക്കു അയയ്ക്കപ്പെട്ട ഒരു ആൾ ആയിരുന്നെന്നു് അക്കിദിയാക്കോനും നസ്രാണികളും നിർവ്യാജമായി വിശ്വസിക്കയും മാപ്പ്വപ്പായുടെ തിരുവെഴുത്തുകളോടുകൂടി നിയോഗിക്കപ്പെട്ട മാർ യൌസേപ്പിനേയും മാർ അബ്രാഹത്തേയും മുമ്പു പോർട്ടുഗീസുകാർ തടഞ്ഞുകളഞ്ഞതുപോലെ മാർ അഹത്തല്ലായേയും പോർട്ടുഗീസുകാർ തടഞ്ഞുകളഞ്ഞതാണെന്നു് അവർ കരുതുകയുംചെയ്തു. പൌലീസ്സർ പ. മാതാവായ റോമ്മാപ്പള്ളിയുടെ ശത്രുക്കളാണെന്നു് അക്കിദിയാക്കോൻ പ്രഭൃതികൾ പറയുന്നതിനു് അവരുടെ ഈ വിശ്വാസമാണ് ഹേതുവായിത്തീർന്നതു്. "പൌലീസ്സർ പാത്രിയക്കീസിനെ (മാർ അഹ

ത്തല്ലായെ) കൊന്നുപോയെങ്കിൽ ..... പൌലീസ്സർ അല്ലാത്ത .....ആരെങ്കിലും മാപ്പാപ്പായുടെ കല്പനപ്രകാരം ഇവിടെവരട്ടെ. അദ്ദേഹത്തിനു ഞങ്ങൾ കീഴ്വണങ്ങിക്കൊള്ളാം" എന്നു പ്രസ്തുത ലേഖനത്തിൽ അവർ പറയുന്ന ഭാഗംതന്നെ ഈ സംഗതിയിൽ അവർക്കുണ്ടായിരുന്ന വിശ്വാസം നിർവ്യാജമായിരുന്നെന്നു വിളിച്ചറിയിക്കുന്നു. മാർ അഹത്തല്ലാ മരിച്ചുപോകകൊണ്ടു മറ്റാളുകൾ അവരുടെ ഭരണകർത്താക്കന്മാരായിത്തീരേണ്ടതാകയാൽ അവർ പൌലീസ്സർ അല്ലാത്തവരും അഹത്തല്ലായെപ്പോലെ മാപ്പാപ്പായിൽനിന്നു അധികാരം സിദ്ധിച്ചവരും ആയിരിക്കണമെന്നാണല്ലോ ഈ ലേഖനത്തിന്റെ താല്പര്യം. മാർ അഹത്തല്ലാ ഒരു നെസ്റോറിയനോ യാക്കോബായക്കാരനോ ആയിരുന്നെന്നു അക്കാദിയാക്കോനും നസ്രാണികളും വിശ്വസിച്ചിരുന്നെങ്കിൽ ആവിധമുള്ള ഒരാളുടെ സ്ഥാനത്തു മാപ്പാപ്പായുടെ അനുമതിയോടുകൂടിയ ഒരുത്തൻ തങ്ങളെ ഭരിക്കണം എന്നു അവർ പറയുക അസാദ്ധ്യംതന്നെ.

അക്കാദിയാക്കോനും നസ്രാണികളും വിശ്വസിച്ചിരുന്നതുപോലെതന്നെ മാർ അഹത്തല്ലാ കത്തോലിക്കനായിരുന്നെന്നുള്ളതു്, അദ്ദേഹം നെസ്റോറിയൻ വിശ്വാസത്തോടുകൂടിയവനോ യാക്കോബായക്കാരനോ ആയിരുന്നില്ലെന്നു മുകളിൽ പറഞ്ഞിട്ടുള്ളതിൽനിന്നു അനുമാനിക്കാം. അഹത്തല്ലായുടെ എഴുത്തിനെപ്പറ്റി ആലോചിക്കുന്നതിനായി കൂടിയിരുന്ന സംഘത്തിലേക്കു ഗാർസ്യാ മെത്രാപ്പോലീത്താ അയച്ച എഴുത്തിൽ (അടുത്ത അദ്ധ്യാ: ല. ഛ) പാത്രിയ'ക്കീസെന്ന നാമധേയത്തോടുകൂടി വന്നിരിക്കുന്നു അഹത്തല്ലായിക്കു മാപ്പാപ്പായിൽനിന്നാകട്ടെ പോർട്ടുഗലിൽനിന്നാകട്ടെ യാതൊരധികാരവും ലഭിച്ചിട്ടില്ലാ എന്നല്ലാതെ മതവൈപരീത്യത്തെ കാണിക്കുന്നതായി യാതൊന്നും പ്രസ്താവിച്ചിട്ടില്ല. ക്രുനൻകുരിശു സത്യവും കൂടെ വൈദികന്മാർ ചൊന്നുള്ള മെത്രാൻവാഴ്ചയും കഴിഞ്ഞ ഉടനെ കൊച്ചിയിലെ പോർട്ടുഗീസ് കപ്പിത്താൻ സകല സംഗതികളും ഗോവ വൈസ്രോയിയെ എഴുതി അറിയിക്കയുണ്ടായി. (അടുത്ത അദ്ധ്യാ: ല. ഛ) ആ എഴുത്തിലും അഹത്തല്ലാ ഇതരമതസ്ഥനാണെന്നു പ്രസ്താവിച്ചുകാണുന്നില്ല. ശീശ്മയെ ഉൻമൂലനം ചെയ്വാനായി റോമ്മയിൽനിന്നു നിയോഗിക്കപ്പെട്ടിരുന്ന യൌസേപ്പു സെബസ്ത്യാനി തിരികെ റോമ്മയിലെത്തി മലയാളത്തിലെ സ്ഥിതിഗതികളും അഹത്തല്ലാ മാപ്പാപ്പായുടെ അധികാരത്തോടുകൂടി വന്ന എന്നു നസ്രാണികൾക്കുണ്ടായിരുന്ന വിശ്വാസവും സംബന്ധിച്ച സകല കാര്യങ്ങളും ഏഴാം അലക്സാണ്ടർ മാപ്പാപ്പായെ ബോധിപ്പിച്ചു. തദവസരത്തിൽ നസ്രാണികളെ തെറ്റായ ഈ വിശ്വാസത്തിൽനിന്നു വിമോചിക്കുവാനായി പരിശുദ്ധ പിതാവു് അയച്ച തിരുവെഴുത്തിൽ (അ ക്ക. ല. ര) അഹത്തല്ലാ സ്വന്തപുരോഗാമിയായ ഇന്നോസെൻറു പത്താമനാലോ മറേറതെങ്കിലും മാപ്പാപ്പായാലോ അയക്കപ്പെട്ടിട്ടില്ലെന്നും അദ്ദേഹം ഒരു "ശീശ്മക്കാരൻ" ആണെന്നുംമാത്രമാണ് പറഞ്ഞിട്ടുള്ളതു്. അക്കാലത്തെ നസ്രാണികളുടെ

വിശ്വാസവും അതിനിടയാക്കിയ കാരണങ്ങളും മാർ അഹത്തല്ലായുടെ കാതോലിക്കാ വിശ്വാസത്തെയാണല്ലോ അനുകൂലിക്കുന്നത്. അദ്ദേഹം മാപ്പ്രാപ്പായിൽനിന്ന് അധികാരത്തോട്ടക്കുടി വന്നുവെന്നുകൂടിയും അവർ തെറ്റായി വിശ്വസിച്ചിരുന്നു എന്നുള്ളത് ഇവിടെ വിസ്മരിച്ചിട്ടില്ല. അവരുടെ ഈ തെറ്റായ വിശ്വാസംതന്നെയും അഹത്തല്ലാ കത്തോലിക്കനായിരുന്നു എന്ന അനുമാനത്തെയാണ് ബലപ്പെടുത്തുന്നത്. കത്തോലിക്കനല്ലാത്ത ഒരാൾക്ക് മാപ്പ്രാപ്പായുടെ അധികാരം ഉണ്ടാകാവുന്നതല്ലല്ലോ. ന്യായാധികാരത്തോട്ടക്കുടി വന്നു എന്നു തെറ്റിദ്ധരിച്ചിരുന്ന സ്ത്രീകളെ ആ ധാരണയിൽനിന്നു വിമുക്തരാക്കുന്നതിന്, അഹത്തല്ലാ കത്തോലിക്കനല്ലാതിരുന്നെങ്കിൽ ആ വസ്തുതക്കുടെയും മാപ്പ്രാപ്പാ വെളിപ്പെടുത്തുമായിരുന്നു എന്നാണ് കരുതേണ്ടിയിരിക്കുന്നത്. എന്നാൽ അദ്ദേഹം അധികാരംവിട്ടു വന്നുവെന്നും തൻമൂലം ഒരു "ശീശ്മക്കാരൻ" മാത്രമായിത്തീർന്നിരിക്കുന്നു എന്നുമാത്രമേ തിരുമനസ്സുകൊണ്ടു പ്രസ്താവിക്കുന്നുള്ളു. ജോസഫ് സെബസ്ത്യാനിയുടെ ജീവചരിത്രം എഴുതിയ എഴുത്തുകാരി (Hitoria del Mgr. Giuseppe, P. 53.- Christ. in Trav. P. 27) അഹത്തല്ലാ പാരീസിൽവച്ച് കത്തോലിക്കനായി മരിച്ചു എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ അദ്ദേഹം ഇതരമതസ്ഥനായിരുന്നെങ്കിൽ അദ്ദേഹത്തെ ആർ, എപ്പോൾ, എവിടെവച്ച് മാനസാന്തരപ്പെടുത്തി എന്ന് ഒന്നും പറഞ്ഞിട്ടില്ലാത്തതിനാൽ ആദ്യം മുതൽക്കേ കത്തോലിക്കനായിരുന്നു എന്നാണ് അനുമാനിക്കേണ്ടിയിരിക്കുന്നത്. മാർ അഹത്തല്ലായുടെ എഴുത്തുതന്നെയും അദ്ദേഹം കത്തോലിക്കനായിരുന്നുയെന്നു വിളിച്ചറിയിക്കുന്നുണ്ട്. "നമ്മുടെ നാഥനായ മാപ്പ്രാപ്പാ" എന്നു പറയുന്നതുകൊണ്ട് അദ്ദേഹം മാപ്പ്രാപ്പായുടെ ആധിപത്യത്തെ സമ്മതിക്കുന്നെന്നും അതു സ്വീകരിക്കാത്ത പാഷണ്ഡരിൽനിന്ന് വ്യത്യസ്തനാണെന്നുമാണല്ലോ വ്യക്തമാക്കുന്നത്. അഹത്തല്ലാ ന്യായാധികാരത്തോട്ടക്കുടി മലങ്കരയിൽ പ്രവേശിച്ചെന്ന് ഞങ്ങളും പറയുന്നില്ല. നിയമവിരുദ്ധമായ പ്രവേശംമൂലം ഒരു ശീശ്മക്കാരനായിത്തീർന്നെങ്കിലും വിശ്വാസവിഷയത്തിൽ അദ്ദേഹം കത്തോലിക്കനായിരുന്നെന്ന മാത്രമാണ് ഇവിടെ ഞങ്ങൾ പറയുന്നത്.

അടുത്ത അദ്ധ്യായത്തിൽ അഹത്തല്ലായെ സംബന്ധിച്ചു പറയുവാൻ ആവശ്യപ്പെടുന്നതാകയാൽ അദ്ദേഹത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അവിടെ പ്രസ്താവിക്കാമെന്നു കരുതി ഈ അദ്ധ്യായം ഇവിടെ അവസാനിപ്പിക്കുന്നു.



# * ക്ര—ാം അദ്ധ്യായം.



ക്രന്ദ—ൽ ഉണ്ടായ ശീശ്മ മുതൽ
ക്രന്ദന—ൽ പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ അഭിഷേകം ചെയ്യപ്പെട്ടതുവരേ,
നസ്രാണികളുടെ ഇടയിൽ നടന്ന സംഭവങ്ങൾ.

൧. ലിസ്ബനിലെ വത്തിക്കാൻ പ്രതിനിധിക്ക് ക്രന്ദവ—ൽ ഗീവറുഗീസ് അക്കുദിയാക്കോൻ അയച്ച എഴുത്തിൽ ഉള്ളേശം രണ്ടുലക്ഷം ജനങ്ങൾ തന്റെ അധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നതായി (അ. ക്രമ. ല. ക്ര) പ്രസ്താവിച്ചിരിക്കുന്നതു് വായനക്കാർ ഓർമ്മിക്കുന്നുണ്ടല്ലോ. ആ എഴുത്തിലും അതിൽപ്പിന്നെ തുടർച്ചയായി അയച്ചുകൊണ്ടിരുന്ന എഴുത്തുകളിലും സുറിയാനിക്കാർ അവരുടെ പള്ളിക്രമങ്ങളുടെ സംരക്ഷണത്തേയും ഒരു സുറിയാനി മെത്രാനെ കിട്ടേണ്ട സംഗതിയേയും സംബന്ധിച്ചു് ബോധിപ്പിച്ചിരുന്ന ആവലാധികളേപ്പറ്റി വിവരിച്ചുകഴിഞ്ഞു. ഒടുവിൽ ക്രിസ്താബ്ദം ക്രന്ദാറ—ൽ കൽദായ പാത്രിയക്കീസിനു് നസ്രാണികൾ അയച്ച അപേക്ഷ അനുസരിച്ചു് ക്രന്ദാറ ഓഗസ്റ്റ് മാസത്തിൽ മൈലാപ്പൂരിൽ എത്തിയ മാർ അഹത്തല്ലായേപ്പറ്റിയും പലതും പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. അഹത്തല്ലാ മൈലാപ്പൂരിൽ വന്നതിനുശേഷമുള്ള സംഗതികളാണ് ഇനി പറയുവാൻ ശേഷിച്ചിരിക്കുന്നതു്.

കേരളത്തിൽനിന്ന് മൈലാപ്പൂരിൽ ചെന്നിരുന്ന രണ്ടു ശമ്മാശ്ശന്മാർ വഴിക്ക്, മാർ അഹത്തല്ലാ നസ്രാണികൾക്കായി അയച്ച എഴുത്തിനെപ്പറ്റി കഴിഞ്ഞ അദ്ധ്യായം ക്രൻ—ാ ലക്കത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ആ എഴുത്തു കൈപ്പറ്റിയ ഉടനെ നസ്രാണികളുടെ ഒരു മഹായോഗം ഉദയംപേരൂരിൽ കൂട്ടുകയും തങ്ങളുടെ മെത്രാപ്പോലീത്താ ആയ ഗാർസ്യായോട് ആ യോഗത്തിൽ സംബന്ധിക്കണമെന്ന് അവർ അപേക്ഷിക്കുകയുംചെയ്തു മാർ അഹത്തല്ലായുടെ എഴുത്തിനെപ്പറ്റി ആലോചിച്ചു് തീർച്ചയാക്കുക എന്നതായിരുന്നു സംഘത്തിന്റെ പ്രധാനമായ ഉദ്ദേശ്യം. മെത്രാപ്പോലീത്തായാകട്ടെ അവരുടെ അപേക്ഷ അനുസരിച്ചു് ഉദയംപേരൂരിൽചെല്ലാതെ അവർക്കായിരുന്നു എഴുത്തു് അയയ്ക്കുകയാണുണ്ടായതു്. പാത്രിയക്കീസ് എന്ന സംജ്ഞാവിശേഷണത്തോടുകൂടി ഇന്ത്യയിൽ എത്തിയിരിക്കുന്ന മാർ അഹത്തല്ലാ മെത്രാൻ

---

* രണ്ടാം പുസ്തകം ക്രമ—ാം അദ്ധ്യായം എന്ന് ഈ പുസ്തകത്തിന്റെ ആദ്യം തുടങ്ങിയിരിക്കുന്നതു്, ഒന്നാംപുസ്തകത്തിന്റെ ശേഷമുള്ള ക്രമ—ാം അദ്ധ്യായം എന്ന് വായനക്കാർ ധരിച്ചിരിക്കേണ്ടതാണു്. അല്ലാതെ രണ്ടാം പുസ്തകം ക്രമ—ാം അദ്ധ്യായം എന്ന് തെറ്റിദ്ധരിക്കരുതു്.

മാപ്പിപ്പായിൽ നിന്നാകട്ടേ, പോർട്ടുഗലിൽ നിന്നാകട്ടേ, യാതൊരധികാരവും ഇല്ലാതെയാണ് വന്നിരിക്കുന്നതു എന്ന് ആ എഴുത്തിൽ വ്യക്തമായി പ്രസ്താവിച്ചിരുന്നു. ഇതിനിടയ്ക്ക് മൈലാപ്പൂരിലെ പോർട്ടുഗീസ് അധികാരികൾ മാർ അഹത്തല്ലായെ ഒരു പോർട്ടുഗീസ് കപ്പൽവഴി ഗോവയിലേക്കു അയച്ചു. കപ്പൽ വഴിമദ്ധ്യേ കൊച്ചിയിൽ അടുത്തു. അക്കാലത്തു് നസ്രാണികൾക്ക് അവരുടെ സമുദായത്തിൽനിന്നും അല്ലാതെയുമായി ആയുധപാണികളായ ഉദ്ദേശം അമ്പതിനായിരം ഭടന്മാർ ഉണ്ടായിരുന്നു. മാർ അഹത്തല്ലായുടെ അധികാരത്തെപ്പറ്റി മാർസ്യാ മെത്രാപ്പോലീത്തായുടെ എഴുത്തിൽ പറഞ്ഞിരുന്ന സംഗതികളെ അക്കിടിയാക്കോൻ പ്രവൃത്തികൾ വിശ്വസിച്ചിരുന്നുമില്ല. (1) അതിനാൽ അവർ ഇരുപത്തയ്യായിരം ഭടന്മാരോടുകൂടി കൊച്ചിയിലേക്കു പുറപ്പെട്ടു; അവിടെ വന്നിറങ്ങിയ തങ്ങളുടെ മെത്രാനെ വിട്ടുകൊടുക്കേണമെന്ന് പോർട്ടുഗീസ് "കപ്പിത്താനോടു" ആവശ്യപ്പെട്ടു. അക്കാലത്തു് കൊച്ചിരാജ്യത്തെ ഭരിച്ചിരുന്ന റാണിയുടെ ആനുകൂല്യവും അവർക്കുണ്ടായിരുന്നു. 'കപ്പിത്താ'നാകട്ടേ കോട്ട ബലപ്പെടുത്തി, കോട്ടവാതിൽ ശക്തിപ്പെടുത്തുകയാൽ നസ്രാണികൾ ഭഗ്നാശന്മാരായി മടങ്ങി മട്ടാഞ്ചേരിപ്പള്ളിയിൽ വന്നുകൂടി. ഇതിനിടയ്ക്ക് 'കപ്പിത്താൻ' മാർ അഹത്തല്ലായെ ഗോവയിലേക്കു അയച്ചു.

മാർ അഹത്തല്ലാ കൊല്ലപ്പെടുകയോ അപകടത്തിൽപ്പെട്ടു പോകയോ ചെയ്യുന്നു വിശ്വസിച്ചും ഇനി അദ്ദേഹത്തെ കിട്ടുന്നകായ്മും അസാദ്ധ്യമെന്നു നിശ്ചയിച്ചും നസ്രാണികൾ മേലാൽ ചെയ്യപ്പെടേണ്ടിയ സംഗതി സംബന്ധിച്ചു് കൊച്ചിയിലെ 'കപ്പിത്താനു്' ആ അവസരത്തിൽ ഒരെഴുത്തയച്ചു. ആ എഴുത്തിലെ താല്പര്യം കഴിഞ്ഞ അദ്ധ്യായത്തിൽ (ല. ക്ര) വിവരിച്ചിട്ടുള്ളതാണ്. മാർ അഹത്തല്ലാ മൈലാപ്പൂരിൽ എത്തിയതു് ക്രസ്തുവു ഓഗസ്റ്റു് മാസത്തിലാണെന്നു മുകളിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം അവിടെനിന്നു് ഗോവയിലേക്കു കൊണ്ടുപോകപ്പെടുമ്പോൾ കൊച്ചിയിൽ ഇറങ്ങിയതു് അതേ വത്സരത്തിന്റെ അവസാനത്തിലായിരുന്നു. കൊച്ചിയിൽനിന്നു് നൈരാശ്യത്തോടുകൂടി തിരിച്ചുപോന്ന നസ്രാണികൾ മട്ടാഞ്ചേരിപ്പള്ളിയിൽ വന്നുകൂടിയെന്നു് മുമ്പു പറഞ്ഞുവല്ലോ. അവർ കൊച്ചിയിലെ 'കപ്പിത്താനി'ൽനിന്നോ മറ്റു പോർട്ടുഗീസ് അധികാരികളിൽനിന്നോ അനുകൂലമായ യാതൊരു മറുപടിയും ലഭിക്കാഞ്ഞതിനാൽ ക്രസ്തുവത്സരാരംഭത്തിൽ— ജനുവരി ന-ാംതീയതി (2) വെള്ളിയാഴ്ച അവിടെ സമീപേയുള്ളതും "ക്രനൻകുരിശു" എന്ന നാമത്തിൽ ഇന്നും പൂജ്യതയോടുകൂടി സൂക്ഷിക്കപ്പെടുന്നതുമായ കുരിശിൽ കയർകെട്ടി അതിൽ എല്ലാവരും പിടിച്ചുകൊണ്ടു്, മേലാൽ ഒരിക്കലും ഈശോസഭക്കാക്ക് വണക്കം ചെയ്കയില്ലെന്നും അവരിൽ ആരേയും സ്വന്തമതാദ്ധ്യക്ഷനായി സ്വീകരിക്കയില്ലെന്നും ശപഥംചെയ്തു. (അ. ക്രഴ, ല. ക്ര, ക്രവ)

൨. അതിപരം എല്ലാവരും ഇടപ്പള്ളിപ്പള്ളിയിൽക്കൂടി മേലാൽ നടക്കേണ്ടും കായ്ങ്ങളെപ്പറ്റി ആലോചിക്കയുണ്ടായി. ആ ആണ്ടു മെയ്മാസം ൨൨–ാംതീയതി– മട്ടാഞ്ചേരിലെ ശപഥശേഷം അഞ്ചാം മാസത്തിൽ– വൈദികരുടേയും ഇടവക പ്രധാനികളുടേയും ഒരു മഹായോഗം ആലങ്ങാട്ടു പള്ളിയിൽക്കൂടി ചില പ്രത്യേക സംഗതികളെപ്പറ്റി ആലോചിച്ചു നിശ്ചയിച്ചു. അവയിൽ ഒന്നാമത്തേതു മാപ്പിപ്പായുടെ അധികാരപ്രകാരം വന്ന അംഹത്തല്ലാ, തോമ്മാ അക്കൊദിയാക്കോനെ മെത്രാപ്പോലീത്തായായി നിയമിക്കുന്നതിലേക്ക് വേണ്ട അധികാരങ്ങൾ ഒക്കയും കൊടുത്തിട്ടുണ്ടെന്നും ശത്രുക്കളുടെ വിരോധം നിമിത്തം അദ്ദേഹത്തിനു മലയാളത്തിൽ വന്നുപറ്റുവാൻ സാധിക്കാതെ വരുന്നപക്ഷം പന്ത്രണ്ടു വൈദികന്മാർചേർന്നു നിയമിക്കുവാനാണ് അധികാരം നൽകപ്പെട്ടിരിക്കുന്നതെന്നുമാണ്. രണ്ടാമത്തെ സംഗതി പുതിയ മെത്രാപ്പോലീത്തായെ സഭാകാര്യങ്ങൾ ശരിയായി നടത്തുന്ന കാര്യത്തിൽ സഹായിക്കുവാനായി വൈദികന്മാരുടെ ഒരു ആലോചനാസംഘം ഏർപ്പെടുത്തണമെന്നതത്രെ. ഈ നിശ്ചയങ്ങൾ അനുസരിച്ചു പന്ത്രണ്ടു വൈദികന്മാർക്കുടി അക്കൊദിയാക്കോനെ മെത്രാനായി നിയമിക്കയും, കടുത്തുരുത്തി ഇടവക കടവിൽ ചാണ്ടിക്കത്തനാർ, കുറവിലങ്ങാട്ടുപള്ളി ഇടവക വള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ (പിന്നീടു ചാണ്ടിമെത്രാൻ), അങ്കമാലി ഇടവക വെണ്ടർ ഗീവറുഗീസ് കത്തനാർ, കല്ലൂച്ചേരി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്നീ നാലു വൈദികപ്രധാനികളെ അദ്ദേഹത്തിന്റെ ആലോചനക്കാരായി തെരഞ്ഞെടുക്കയും ചെയ്തു.

ഈ അവസരത്തിൽ കൊച്ചിയിലെ പോർട്ടുഗീസു 'കപ്പിത്താൻ' അന്നു കൊച്ചിരാജ്യത്തെ ഭരിച്ചുകൊണ്ടിരുന്ന റാണിക്കും ഗോവയിലെ വൈസ്രോയിക്കും ഓരോ എഴുത്തുകൾ അയച്ചു. "നസ്രാണികൾ അക്കൊദിയാക്കോനു കീഴ്വഴങ്ങാതെ ഗാർസ്യാ മെത്രാപ്പോലീത്തായിക്കു കീഴ്പ്പെട്ടിരിക്കണമെന്നു" ആജ്ഞാപിക്കുന്ന ഒരു വിളംബരം രാജ്യമൊട്ടുക്കു പ്രസിദ്ധംചെയ്തു. അതിൻപ്രകാരം നടത്തണമെന്നും കുറെ സംവത്സരങ്ങളായിട്ടു ഈ ക്രിസ്ത്യാനികളുടെ രക്ഷാധികാരം പോർട്ടുഗൽ രാജാവു വഹിച്ചുവരികയാലും ആ രാജസ്ഥാനത്തുനിന്നു കൊച്ചിരാജാക്കന്മാർക്കു "ബ്രദർ ഇൻ ആമസ്" എന്ന ബഹുമാനപദം നൽകപ്പെട്ടിരിക്കയും തദനുസരം വത്തിച്ചുവരികയും ചെയ്കയാലും അങ്ങിനെ ചെയ്യേണ്ടതു കൊച്ചി മഹീപാലന്മാരുടെ കടമയാണെന്നും ആയിരുന്നു രാജ്ഞിക്കുള്ള എഴുത്തിൽ വിവരിച്ചിരുന്നതു്. എന്നാൽ റാണി ഈ എഴുത്തനുസരിച്ചു് യാതൊന്നും ചെയ്തുണ്ടായില്ല. വൈസ്രോയിക്കുള്ള എഴുത്തിൽ, മലയാളത്തിലെ ക്രിസ്ത്യാനികൾ സമൂഹംചേർന്നു് അക്കൊദിയാക്കോനെ മെത്രാപ്പോലീത്തായായി വാഴിച്ചെന്നും അതിലേക്കുള്ള അധികാരം (മാർ അഹത്തല്ലാ) പാത്രിയർക്കീസിന്റെ ഒരു എഴുത്തുമൂലം അവർക്കു സിദ്ധിച്ചിട്ടുള്ളതായി പ്രസ്താവിക്കുന്നെന്നും. നാമത്തിൽമാത്രം ക്രിസ്ത്യാനികളായ ആ ജനങ്ങ

ൽ ഗാർസ്യാ മെത്രാപ്പോലീത്തായിക്കാകട്ടേ, ഈശോസഭാംഗങ്ങളായ മറ്റാരെക്കിലുമാകട്ടേ കീഴ്പ്പെട്ടകയില്ലെന്ന് ശപഥംചെയ്തിരിക്കുന്നെന്നും പ്രസ്താവിക്കപ്പെട്ടന്നു. (3) അക്കിയാക്കോനെ മെത്രാൻവേഷം കെട്ടിച്ച അവസരത്തിൽ ഗാർസ്യാ മെത്രാപ്പോലീത്തായും ശേഷം ഈശോസഭാംഗങ്ങളും ആ ഭയങ്കരകൃത്യത്തെപ്പറ്റി ജനങ്ങളോട പ്രസംഗിക്കയും യാതൊരുത്തനും അതിൽ സംബന്ധിക്കരുതെന്ന് അവരോട് ഉപദേശിക്കയുംചെയ്തു. മാത്രമല്ല, അക്കിയാക്കോനു 'മഹറോൻ' പ്രസ്താവിച്ചുകൊണ്ട തൽസ്ഥാനത്തിൽ വേറൊരു വൈദികനെ നിയമിക്കയുണ്ടായി. ഈ സന്ദർഭത്തിൽ അക്കിയാക്കോന്റെ ഭാഗത്തു നിന്നിരുന്ന ഭൂരിപക്ഷം നസ്രാണികൾ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അതിൽ "മാപ്പിപ്പായുടേയും പരിശുദ്ധ മാതാവായ റോമാപ്പള്ളിയുടേയും കല്പന അനുസരിച്ചുവന്ന പാതിയക്കീസിൽ നിന്ന് സിദ്ധിച്ചിട്ടുള്ള അധികാരപ്രകാരം നാം ഏവരും ഒരു മെത്രാപ്പോലീത്തായെ നിയമിക്കയും അദ്ദേഹത്താൽ നാം ഇപ്പോൾ ഭരിക്കപ്പെടുകയും ചെയ്യുന്നതിനാൽ മേലിൽ നമ്മുടെ മെത്രാപ്പോലീത്തായോട ചേർന്നിൽക്കയല്ലാതെ പൌലീസുരോടൊ അവരുടെ മെത്രാപ്പോലീത്തായോടൊ ചേർന്നിൽക്കേണ്ടതല്ല. നമ്മുടെ മെത്രാപ്പോലീത്തായോട ചേർന്നിൽക്കുന്നതുകൊണ്ട് നാം "ഇടത്തുട്ട"കാരാണെന്ന് പൌലീസുർ പ്രസംഗമണ്ഡപത്തിൽ കയറി പ്രസംഗിച്ചുകൊള്ളട്ടെ" (4) എന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

൯. കൊച്ചിയിലെ 'കപ്പിത്താൻ' വൈസ്രോയിക്കയച്ചതായി മുകളിൽ പറഞ്ഞിട്ടുള്ള എഴുത്തിലെ അഥവാ വിജ്ഞാപനത്തിലെ ചില സംഗതികളേപ്പറ്റി ഇവിടെ അല്പം ആലോചിക്കേണ്ടതുണ്ട്. അതിൽപ്പറയുന്ന ഒന്നാമത്തെ സംഗതി അക്കിയാക്കോനെ മെത്രാപ്പോലീത്തായായി നിയമിക്കുവാനുള്ള അധികാരം പാതിയക്കീസിൽ നിന്ന് തങ്ങൾക്കു സിദ്ധിച്ചതായി നസ്രാണികൾ പറയുന്നു എന്നുള്ളതാണല്ലോ. ഇതിനായി അവരെ അധികാരപ്പെടുത്തുന്നതും സാക്ഷാൽ മാർ അഹത്തല്ലായുടേതുമായ ഒരു എഴുത്തുപോലും യാതൊരു ഗ്രന്ഥകർത്താവും കാണിച്ചതായി നിലനില്ല. ആകയാൽ അങ്ങനെ ഒരെഴുത്തു കിട്ടിട്ടുണ്ടെന്ന് അക്കിയാക്കോനും അദ്ദേഹത്തിന്റെ പക്ഷപാതികളും പറയുകയും അതിനെ അനുസരിച്ച് പന്ത്രണ്ട വൈദികന്മാർക്കുടി അക്കിയാക്കോനെ നിയമിക്കയുംചെയ്തു എന്നല്ലാതെ അതിനായി മാർ അഹത്തല്ലാ സാക്ഷാൽ അവർക്ക് എഴുതിയയച്ചിരുന്നു എന്ന് സ്ഥാപിക്കുന്നതിനു യാതൊരു ലക്ഷ്യവുമില്ല. എന്നാൽ ഇതിലേക്ക് മാർ അഹത്തല്ലാ മെത്രാന്റെ എഴുത്തുള്ളതായി ആലങ്ങാട്ടുകൂടിയ മഹായോഗത്തിൽ ചിലർ പ്രസ്താവിക്കയും യോഗം അതിനെ വിശ്വസിക്കയും ചെയ്തുവെന്നുള്ളതിനു ലക്ഷ്യങ്ങൾ ഇല്ലാതില്ല.

പക്ഷേ അത് വ്യാജനിർമ്മിതമായ ഒരു ലേഖനം മാത്രമായിരുന്നു എന്നു തെളിയിക്കുന്നതിനു ധാരാളം ലക്ഷ്യങ്ങളുണ്ട്. അതിനെ സംബന്ധിച്ച് ഇനിമേൽ (ല. ക്ഷ) പ്രസ്താവിച്ചുകൊള്ളാം. നസ്രാ

ണികൾ നാമമാത്ര ക്രിസ്ത്യാനികൾ ആയിരിക്കുന്നതേയുള്ള എന്നും അതിനാലാണ് ഗാർസ്യാ മെത്രാപ്പോലീത്തായ്ക്ക് കീഴ്പ്പെടുകയില്ലെന്നു അവർ സത്യംചെയ്തത് എന്നുമാണല്ലോ എഴുത്തിലെ രണ്ടാമത്തെ സംഗതി. ഗാർസ്യാ മെത്രാപ്പോലീത്താ ധർമ്മസമ്മതനായ മതാദ്ധ്യക്ഷനായിരുന്നതിനാൽ അദ്ദേഹത്തിനു കീഴ്പ്പെടുകയില്ലെന്നു ശപഥംചെയ്തതും പന്തണ്ടു വൈദികന്മാർ ചേർന്ന് അക്കിയാക്കോനെ അഭിഷേകം ചെയ്ത് മെത്രാൻപട്ടം കെട്ടിച്ചതും യാതൊരു വിധേനയും നീതീകരിക്കപ്പെടാവുന്നതല്ലെന്ന് സമ്മതിക്കേണ്ടതുതന്നെ. അങ്ങനെ സത്യംചെയ്യാനുള്ള നസ്രാണികൾ നാമംകൊണ്ടുമാത്രം ക്രിസ്ത്യാനികൾ ആയിരുന്നതാണ് എന്നു 'കപ്പിത്താനും പോർട്ടുഗീസുകാരായ ഇതര ഗ്രന്ഥകാരന്മാരും പറയുന്നതിനേപ്പറ്റിയാണ് ഇവിടെ രണ്ടുവാക്കു പറവാനുള്ളത്. . . .

പോർട്ടുഗീസുകാർ ഇന്ത്യയിൽ എത്തിയതിനു വളരെ ശതാബ്ദങ്ങൾക്കു മുമ്പുതുടങ്ങി മലങ്കരസഭയിൽ ന്യായമായ അധികാരത്താൽ ഏർപ്പെടുത്തപ്പെട്ട നടത്തിപ്പോന്നിരുന്ന കൽദായ സഭാചാരങ്ങളെ മാറ്റരുതെന്നു ഉദയംപേരൂർ സൂനഹദോസ് കഴിഞ്ഞതിൽപ്പിന്നെ അൻപതു വത്സരങ്ങളോളം മേലധികാരത്തിൽ ബോധിപ്പിക്കയും ആവക ക്രമങ്ങളെ സംരക്ഷിക്കേണ്ടതിനായി പൌരാണികകാലംമുതൽ നടന്നുവന്നിരുന്നതുപോലെ സ്വന്ത രീതിയിൽപ്പെട്ട ഒരു മതാദ്ധ്യക്ഷനെ കല്പിച്ചുകൊടുക്കണമെന്നു അപേക്ഷിക്കയുംചെയ്ത നസ്രാണികളുടെ അവലാധികൾ സ്വപ്നാ ന്യായമായിരുന്നു. ന്യായമായ ഈ അവലാധികൾക്ക് അനുകൂലമായ നടപടികൾ നടത്തേണ്ടതു പോർട്ടുഗീസ് അധികാരികളുടെ ശ്രമത്തലയായിരിക്കേ അവർ അതിനെ നിവൃത്തിക്കുന്നതിനിമിത്തം നസ്രാണികൾ നിരാശപ്പെടുകയും തൽമൂലം ലോകസാധാരണമായ മനുഷ്യബലഹീനതയാൽ മേൽപ്പറഞ്ഞവിധം നിയമവിരുദ്ധമായി ചിലതെല്ലാം പ്രവർത്തിക്കുന്നതിനിടയാകയുംചെയ്തു. മനുഷ്യബലഹീനത ലോകസാധാരണമാണല്ലോ. നസ്രാണികളുടെ കൊടുങ്ങല്ലൂർ ഉൾപ്പടെയുള്ള ഇന്ത്യയിലെ മെത്രാസനങ്ങളിന്മേൽ പോർട്ടുഗൽ രാജാക്കന്മാർക്കുണ്ടായിരുന്ന രക്ഷാധികാരം ഫ്രാൻസ്വ ഏപ്രിൽ ൨൫-ാംതീയതിലെ "മൾത്താ പ്രൈക്ലാരെ" (Multa praeclare) എന്നു ആരംഭിക്കുന്ന തിരുവെഴുത്തുമൂലം ഫ്രാൻ-൩-ാം ഗ്രിഗോരിയാസ് മാപ്പാപ്പാ നീക്കിക്കളഞ്ഞ അവസരത്തിൽ (ലോകാധികാരികളും വേദാധികാരികളും ഉൾപ്പടെയുള്ള) പോർട്ടുഗീസ് ഭരണകർത്താക്കന്മാർ ആ തിരുവെഴുത്തിലെ ആജ്ഞകളെ അനുസരിക്കാതെ എതിർത്തുനിൽക്കയും അതുവഴിയായി വലുതായ "ശീശ്മക്ക്" കാരണമായിത്തീരുകയും ചെയ്തത് ലോകപ്രസിദ്ധമായ ഒരു സംഗതിയാണ്. അമ്പതു സംവത്സരങ്ങളിലധികംകാലമായി മേലാവിൽ ബോധിപ്പിച്ചുകൊണ്ടിരുന്ന ന്യായമായ അവലാധികൾക്കു നിവൃത്തിവരുത്തിക്കൊടുക്കുവാൻ കടമയുണ്ടായിരുന്ന പോർട്ടുഗീസ് അധികാരികൾ അവരുടെ ശ്രമത്തല നിറവേറ്റാതിരുന്നതിനാൽ ഉണ്ടായ പരമസങ്കടം നിമിത്തമാണ് ക്രമാതീത

മായ ചില പ്രവൃത്തികളിൽ നസ്രാണികൾ ഉൾപ്പെട്ടുവാൻ ഇടയായിപ്പോയതു്. മഹാ ദുഃഖങ്ങൾ നേരിട്ടസമയം ആത്മബോധംവിട്ടു വല്ലതുമൊക്കെ പ്രവർത്തിച്ചുപോകയെന്നതു ഒരുവിധം പറഞ്ഞാൽ മനുഷ്യർക്കു സഹജമാണു്. ക്രി൦൦—ൽപ്പരം സംവത്സരങ്ങളായി നസ്രാണികൾ ഭക്തിബഹുമാനപുരസ്സരം കരുതിപ്പോന്നിരുന്ന പൌരസ്ത്യ സഭാചാരങ്ങളെ അടിയോടെ നശിപ്പിച്ചുകളയുന്നതിൽ അവർക്കു ന്യായപൂർവ്വം ഉളവായ ദുഃഖം സീമാതീതമായിരുന്നു. ഇൻഡ്യയിലെ രക്ഷാധികാരമാകട്ടേ മാർപ്പാപ്പാ നിരുത്തൽചെയ്തുതു്. അതുവഴിയായി പലവിധത്തിൽ അഴിമതികളും ആത്മനാശങ്ങളും ഉണ്ടാവുകകൊണ്ടും അവയെ പരിഹരിക്കേണ്ടിയിരുന്ന പോർട്ടുഗീസ് ഗവർമ്മേണ്ടു് അതിന്റെ കടമ അനുസരിച്ചു് യാതൊന്നും പ്രവർത്തിക്കാതിരുന്നതുകൊണ്ടുമാണു്. എങ്കിലും പോർട്ടുഗീസുകാർ മാർപ്പാപ്പായുടെ കല്പനയെ അനുസരിക്കാതെ "ശിശു"യുണ്ടാക്കുകയാണല്ലോ ചെയ്തുതു്. ആകയാൽ ശിശുയുണ്ടാക്കുന്നവരെന്നും അനുസരണമില്ലാത്തവരെന്നും സൂചിയാനിക്കാരേക്കുറിച്ചുമാത്രം സ്വന്ത കൃതികളിൽ എഴുതിപ്പിടിപ്പിക്കുന്ന പോർട്ടുഗീസുകാർ ആദിയായ ചരിത്രകാരന്മാർ മേൽപ്രസ്താവിച്ചിട്ടുള്ള സംഗതികളെ എപ്പോഴും ഓർമ്മിക്കേണ്ടതാണു്. "ശീശു" 'ശീശു'യല്ലെന്നും തെറ്റു തെറ്റല്ലെന്നുമല്ല ഞങ്ങൾ പറയുന്നതിന്റെ താല്പര്യമെന്നും മാന്യ വായനക്കാരോടു് വിശേഷിച്ചു പറയേണ്ട ആവശ്യകത ഇല്ലല്ലോ.

മാർ അഹത്തല്ലായെ വരുത്തുവാനായി നെസ്തോറിയൻ പാത്രിയർക്കീസിനോ, യാക്കോബായ പാത്രിയർക്കീസിനോ നസ്രാണികൾ എഴുതീട്ടില്ലെന്നും അദ്ദേഹം മാർപ്പാപ്പായുടെ അധികാരത്തോടുകൂടി വന്നുവെന്നു് അവർ വിശ്വസിച്ചിരുന്നു എന്നും മുകളിൽ പലഘട്ടങ്ങളിൽ പറഞ്ഞിട്ടുള്ളതാകയാൽ അവരുടെ ഈ വിശ്വാസത്തിനു് ഏതു അടിസ്ഥാനമാണുണ്ടായിരുന്നതെന്നുകൂടി ഇവിടെ ആലോചിക്കേണ്ടിയിരിക്കുന്നു. തനിക്കു മാർപ്പാപ്പായിൽനിന്നു് അധികാരം സിദ്ധിച്ചിട്ടുണ്ടെന്നു് അദ്ദേഹം സ്വന്ത ലേഖനത്തിൽ (അ. ക്രി. ല. ഫൻ) കാണിച്ചിട്ടുള്ളതല്ലാതെ അതിലേക്കു് യാതൊരു ലക്ഷ്യവും നമുക്കു കാണിച്ചുതരുന്നില്ല. ഇന്ത്യയുടേയും ചീനത്തിന്റേയും പാത്രിയർക്കീസാണെന്നു് അദ്ദേഹം സ്വയമേ പ്രസ്താവിച്ചതല്ലാതെ അതിനുള്ള അധികാരപത്രം പുറപ്പെടുവിക്കയാകട്ടെ, പാത്രിയർക്കീയ പദത്തിൽ സ്വന്ത പ്രൗഢാഗാമികൾ ആരെല്ലാമെന്നറിയിക്കുകയാകട്ടെ ചെയ്തിട്ടില്ല. ആകയാൽ മാർ അഹത്തല്ലായിക്കു് മാർപ്പാപ്പായിൽനിന്നു് അധികാരം സിദ്ധിച്ചിരുന്നു എന്നുള്ള പ്രസ്താവം ചരിത്രദൃഷ്ട്യാ വിശ്വസനീയമായിരിക്കുന്നില്ല. കല്ദായ പാത്രിയർക്കീസിൽനിന്നു് ഏതെങ്കിലും പ്രമാണം തനിക്കുള്ളതായി അദ്ദേഹം തെളിയിക്കയോ സ്വന്ത ലേഖനത്തിൽ അതുപ്രകാരം എന്തെങ്കിലും പ്രസ്താവിക്കയോ ചെയ്തിട്ടില്ലാത്തതിനാൽ ആ പാത്രിയർക്കീസിന്റെ അധികാരത്തോടുകൂടി അദ്ദേഹം മലയാളത്തിലേക്കു് വന്നുവെന്നു സ്ഥാപിക്കുവാനും മാർഗ്ഗമില്ല. ആകയാൽ കേരള

ത്തിൽനിന്ന് കൽദായ പാത്രിയക്കീസിന്റെ പക്കലേക്ക് അയച്ചിരുന്ന ആൽമൂലമോ എഴുത്തുവഴിയോ അഹത്തല്ലാ കായ്സ്ഥിതി മനസ്സിലാക്കുകയും പാത്രിയക്കീസിന്റെ അനുമതിയോടുകൂടി പുറപ്പെടുകപ്രയാസമെന്നു കരുതുകയും ചെയ്കയാൽ മലയാളത്തിലേക്ക് സ്വമനസ്സാലെ വരുവെന്നുമാത്രമേ അനുമാനിക്കാൻ നിവൃത്തിയുള്ളു. ആകാലഘട്ടത്തിൽ പാത്രിയക്കീയ സിംഹാസനത്തിൽ ഉപവിഷ്ടനായിരുന്നതു മൂന്നാമത്തെ ശെമഓൻ എന്ന മഹാത്മാവാണ്. അദ്ദേഹം സ്ഥാനാരൂഢനായശേഷം വിശുദ്ധമായ റോമാസിംഹാസനത്തോടുള്ള ഐക്യത്തെ ലക്ഷീകരിക്കുന്ന എഴുത്ത് പേഷ്യായിലുള്ള കുസറവാപ്പട്ടണത്തിലെ വിശുദ്ധ ഗീവറുഗീസ് സഹദായുടെ പള്ളിയിൽനിന്നു ക്രിസ്തുവർഷം ജൂൺമാസം ൨൯-൦തീയതി പത്താമത്തെ ഇന്നോസ്സെൻറ് മാപ്പാപ്പായിക്കു അയച്ചു. പ്രസ്തുത ശെമഓൻ പാത്രിയക്കീസിനേയും അദ്ദേഹത്തിന്റെ അനന്തരഗാമിയായ ശെമഓൻ നാലാമനേയും ജനങ്ങളേയും സഹായിക്കേണ്ടതിനായി അലക്സാണ്ടർ സപ്തമൻ എന്ന വിശുദ്ധ മാപ്പാപ്പാ ക്രിസ്തുവർഷം ജൂലായ് ൫-൦തീയതിയും അതേസംവത്സരത്തിൽതന്നെ നവമ്പർ ൫൯-൦തീയതിയും ഓരോ തിരുവെഴുത്തുകൾ പേഷ്യായിലെ അക്കാലത്തെ രാജാവിനായി അയക്കയുണ്ടായി. (5) നിയമവിരോധമായി മലങ്കരയിൽ പ്രവേശിച്ചു എന്നുള്ളകുറവു അഹത്തല്ലായുടെമേൽ ഉണ്ടെന്നിരുന്നാലും മതത്തിൽ അദ്ദേഹം കത്തോലിക്കൻതന്നെ ആയിരുന്നു. പറങ്കികൾ അദ്ദേഹത്തെ ഗോവയിൽനിന്ന് പോർട്ടുഗലിൽക്കൂടി റോമയിലേക്ക് കൊണ്ടുപോകുന്ന വഴിമദ്ധ്യേ പാരീസിൽവച്ച് കത്തോലിക്കനായിരുന്ന അദ്ദേഹം ആ മതവിശ്വാസത്തോടുകൂടിത്തന്നെ ചരമംപ്രാപിച്ചു. (6)

൫. എന്നാൽ അഹത്തല്ലായുടെ മരണത്തെപ്പറ്റി ചരിത്രകർത്താക്കന്മാർ മൂന്നുവിധത്തിൽ പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹത്തെ കൊച്ചി അഴിമുഖത്തു പോർട്ടുഗീസുകാർ കെട്ടിത്താഴ്ത്തിയെന്ന് സൂചിപ്പിക്കാരും, ഗോവയിലെ മതപരിശോധകസംഘ (Inquisition)ത്തിന്റെ വിധി അനുസരിച്ച് അദ്ദേഹം അഗ്നിയിൽ ദഹിപ്പിക്കപ്പെട്ടെന്ന് യൂറോപ്യന്മാരായ ചില ഗ്രന്ഥകാരന്മാരും പറയുന്നു. ഗോവയിലെ ഗവർമ്മേണ്ടു രേഖകളിലാകട്ടേ, അക്കാലത്തു ഗോവയിലെ വൈസ്രോയി ആയിരുന്ന ദ് ഓബിദോസ് (D'óbidos) അഹത്തല്ലായെ പോർട്ടുഗലിലേക്ക് അയച്ചുയെന്നും തത്സംബന്ധമായി ക്രിസ്തുവർഷം ജനുവരി ൨൬-൦തീയതി അദ്ദേഹം പോർട്ടുഗൽ രാജാവിന് അയച്ചിരുന്ന എഴുത്തിന് ആ ആണ്ടു ഒക്ടോബർ ൨-൦തീയതി രാജാവിൽനിന്നു കിട്ടിയ മറുപടിയിൽ, അഹത്തല്ലായെ ലിസ്ബനിൽ വിസ്തരിക്കുവാനുള്ള പ്രയാസംനിമിത്തം റോമയിലേക്കു അയച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നെന്നും പ്രസ്താവിക്കുന്നു. അഹത്തല്ലാ ലിസ്ബനിൽനിന്ന് റോമയിലേക്കു പോകുന്ന വഴിമദ്ധ്യേ പാരീസിൽവച്ച് കഥാവശേഷനായിത്തീർന്നെന്ന് അക്കാലത്തു ജീവിച്ചിരുന്ന ഒരു കമ്മ

ലീത്താ ഗ്രന്ഥകർത്താവായ എവുസ്റ്റാക്കി (Eustache) യും സാക്ഷിക്കുന്നുണ്ട്. (7) പരസ്പരവിരുദ്ധങ്ങളായ ഈ മൂന്നു പ്രസ്താവങ്ങളിൽ ഒടുവിലത്തേതാണ് വിശ്വസനീയവും സമ്മതാർഹവുമായി കാണപ്പെടുന്നത്.

നസ്രാണികൾ കൽദായ പാത്രിയർക്കീസിനു് അയച്ചിരുന്ന അപേക്ഷ അനുസരിച്ചു് വേണ്ട അധികാരങ്ങളെല്ലാം അഹത്തല്ലായ്സ്സ് മാപ്പ്രപ്പായിൽനിന്നു് ലഭിച്ചിരിക്കുന്നു എന്നും അദ്ദേഹത്തിന്റെ എഴുത്തിൽ പറയുന്നവയെല്ലാം യഥാർത്ഥമാണെന്നും അവർ വിശ്വസിച്ചിരുന്നതായി മുമ്പു (ല. ഫ) വിവരിച്ചിട്ടുണ്ടല്ലോ. ഈ ഉത്തമവിശ്വാസം (Bona fides) നിമിത്തമാണ് ആസംഗതിസംബന്ധിച്ചു ആലോചിക്കേണ്ടതിനായി അവർ ഉദയംപേത്തരിൽ യോഗംകൂട്ടുകയും ഗാർസ്യാ മെത്രാപ്പോലീത്തായെ അതിലേക്കു് ക്ഷണിക്കയുംചെയ്തതു്. (ല. ഫ) അദ്ദേഹം ക്ഷണമനുസരിച്ചു് യോഗത്തിൽ സംബന്ധിക്കാതെ, അഹത്തല്ലായ്സ്സ് മാപ്പ്രപ്പായിൽനിന്നു അധികാരം സിദ്ധിച്ചിട്ടില്ലെന്നു കാണിച്ചു് അവർക്കു ഒരു മറുപടി അയക്കയാണല്ലോ ഉണ്ടായതു്. ഈ എഴുത്തിനെപ്പറ്റി അവർക്കു് ഒട്ടുംതന്നെ വിശ്വാസം ജനിച്ചില്ല. അഹത്തല്ലായുടെ അധികാരത്തെപ്പറ്റി അവർക്കുണ്ടായിരുന്ന വിശ്വാസം നിമിത്തവും ഈശോസഭക്കാരുടെനേർക്കു് അവരിൽ കടന്നുകൂടിയിരുന്ന അവിശ്വാസം ഹേതുവായും ഗാർസ്യാ മെത്രാപ്പോലീത്തായുടേയും സഹവത്തികളായ പൌലീസുകാരുടേയും ഉപദേശം വിഫലീഭവിക്കയും അവരുടെ അധികാരത്തിൽനിന്നു് നസ്രാണികളിൽ ഭൂരിപക്ഷം വിട്ടുമാറുകയുംചെയ്യുന്നതിനിടയായി. ഈ 'ശീശ്വ'യും ഗാർസ്യാമെത്രാപ്പോലീത്തായും സുറിയാനിക്കാരും തമ്മിലുള്ള ഭിന്നതയും തീർക്കുന്നതിനു് റോമയിൽനിന്നു അയക്കപ്പെട്ട കർമ്മലീത്തരായ മതബോധകന്മാർ ഫ്രാൻസിൽ മലങ്കരയിൽ എത്തിയപ്പോൾ, സുറിയാനിക്കാർക്കു് മാർ. അഹത്തല്ലാ, മാപ്പ്രപ്പായുടെ അധികാരപ്രകാരം വന്ന ഒരാൾ ആയിരുന്നെന്നും ഈശോസഭക്കാർ അദ്ദേഹത്തെ കടത്തിക്കളഞ്ഞതാണെന്നും പൂർണ്ണവിശ്വാസം ഉണ്ടായിരുന്നതായി കണ്ടതിനെ അറിവാൻ സംഗതി വന്നു. ആ മതബോധകന്മാരിൽ മാപ്പ്രപ്പായുടെ പ്രതിനിധിയായി നിയമിക്കപ്പെട്ടിരുന്ന ജോസഫ് മറിയ അഥവാ ജോസഫ് സെബസ്ത്യാനി മാപ്പ്രപ്പായേക്കുണ്ടു് മലയാളത്തിലെ സ്ഥിതിഗതികളെല്ലാം മുഖദാവിൽ ബോധിപ്പിക്കുവാനായി റോമയിലേക്കു് തിരികെ പോയിരുന്നസമയം സുറിയാനിക്കാരുടെ ഈ വിശ്വാസത്തെപ്പറ്റി തിരുമനസ്സറിയിക്കയുണ്ടായി. തെറ്റായ ഈവിശ്വാസത്തിൽനിന്നു നസ്രാണികളെ വിമോചിപ്പിക്കേണ്ടതിനായി പരിശുദ്ധപിതാവായ ൧൰മത്തെ അലക്സാണ്ടർ മാപ്പ്രപ്പാ, തദവസരത്തിൽ അവർക്കായി ജോസെഫ് സെബസ്ത്യാനിവഴി ഒരു തിരുവെഴുത്തയച്ചു. ൧൬൯൯ ജനുവരി ൨൦—ാംതീയതി എഴുതപ്പെട്ട ഈ എഴുത്തിൽ അഹത്തല്ലാ സ്വന്തപരോഗാമിയായ ഇന്നോസെന്റു പത്താമനാലോ മറ്റേതെങ്കിലും മാപ്പ്രപ്പായാലോ അയക്കപ്പെട്ടിട്ടില്ലെന്നും അദ്ദേഹം ഒരു "ശീശ്വ"ക്കാര

നാണെന്നും പ്രസ്താവിച്ചിരുന്നു. അഹത്തല്ലാ അനുസരണം ലംഘിച്ചു വന്നിട്ടുള്ള ഒരാൾ ആയിരുന്നെന്ന് മുമ്പുതന്നെ ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. മാപ്പ്രാപ്പായുടെ കല്പനകളെമാത്രം അനുസരിക്കാതിരിക്കുന്നവർ "ശീശു"ക്കാർ മാത്രമല്ലാതെ 'ഇടത്തുട്ട'ക്കാർ അല്ലെന്ന് വായനക്കാരെ പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ലല്ലോ. മാർ അഹത്തല്ലായെപ്പററി ഇവിടെ ഇതിനുമുമ്പ് (ല. ൫) പറഞ്ഞിട്ടുള്ളതെല്ലാം യഥാർത്ഥമാണെന്നും "ശീശു"യുടെ ആരംഭദശയിൽ അതിൽ ഉൾപ്പെട്ടുന്നതിനിടയായ സമസ്ത ജനങ്ങൾക്കും അഹത്തല്ലായെ സംബന്ധിച്ചുണ്ടായിരുന്നതു് (തെററായിരുന്നാലും) ഉത്തമവിശ്വാസമായിരുന്നെന്നു മേൽപ്പറഞ്ഞിട്ടുള്ളതു് വാസ്തവമാണെന്നും ഉള്ള ഈ രണ്ടുസംഗതികൾക്ക് മാപ്പ്രാപ്പായുടെ തിരുവെഴുത്തിൽനിന്നു് കൂടുതൽ തെളിവുകൾ സിദ്ധിക്കുന്നുണ്ട്. ൧൯൭൯-ൽ മലയാളത്തിൽ എത്തിയ കമ്മലീത്താക്കാർവഴി അലക്സാണ്ടർ ൬-പൂമൻ എന്ന മാപ്പ്രാപ്പാ സുറിയാനിക്കാർക്കായി പല തിരുവെഴുത്തുകൾ അയക്കയുണ്ടായി. (അവയെപ്പററി ൨-ാം ലക്കത്തിൽ പറഞ്ഞുകൊള്ളാം) മാർ അഹത്തല്ലായുടെ കായ്ത്തിൽ സുറിയാനിക്കാർക്കുണ്ടായിരുന്ന വിശ്വാസം എന്തെന്നു് മാപ്പ്രാപ്പായ്ക്കു് അപ്പോൾ യാതൊരു അറിവും ഇല്ലാതിരുന്നതിനാലാണ് പ്രസ്തുത തിരുവെഴുത്തുകളിൽ ഒന്നിൽപോലും തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ സംബന്ധിച്ചു് യാതൊന്നും പ്രസ്താവിക്കാതിരുന്നതു്.

൭. ൧൯൭൯ ജനുവരി ൧൫-ാംനു- മുട്ടാഞ്ചേരിയിൽ സത്യം ചെയ്തതു (ല. ൫) സുറിയാനിക്കാരിൽ പ്രധാനന്മാർ മാത്രമായിരുന്നു; എങ്കിലും ഗാർസ്യാ മെത്രാപ്പോലീത്തായുടെ കീഴിൽ നിന്ന മിക്ക സുറിയാനിക്കാരും വിട്ടുമാറിയതിനാൽ ആ സത്യത്തെ മിക്ക സുറിയാനിക്കാരും സ്വീകരിച്ചതായി വെളിപ്പെട്ടുന്നു. സുറിയാനിക്കാരിൽ നന്നാ ചുരുങ്ങിയ ഒരു ഭാഗം മെത്രാപ്പോലീത്തായുടെ അധികാരത്തിൽതന്നെ ശേഷിച്ചിരുന്നു എന്നതിലേക്കു ലക്ഷ്യങ്ങൾ ഉള്ളതിനാലും സമാനകാലീനന്മാരായ ഗ്രന്ഥകാരന്മാർ ആ വസ്തുത രേഖപ്പെടുത്തീട്ടുള്ളതിനാലും ആണ് 'മിക്കസുറിയാനിക്കാരും' എന്നു പറഞ്ഞിട്ടുള്ളതു്. നസ്രാണികളിൽ ഭൂരിപക്ഷം മെത്രാപ്പോലീത്തായെ ഉപേക്ഷിച്ചുകളഞ്ഞതു അഹത്തല്ലായെ പോർട്ടുഗീസുകാർ നാടുകടത്തിയതുകൊണ്ടും അദ്ദേഹം മാപ്പ്രാപ്പായിൽനിന്നു അധികാരം പ്രാപിച്ചിരുന്ന ഒരു മതാദ്ധ്യക്ഷനായിരുന്നെന്നു (അദ്ദേഹത്തിന്റെ എഴുത്തനുസരിച്ചു) അവക്കുണ്ടായിരുന്ന വിശ്വാസം മൂലവുമായിരുന്നെങ്കിലും, പിന്നീടു അലക്സാണ്ടാട്ടു പള്ളിയിൽവച്ചു അക്കിയാക്കോനെ വൈദികന്മാർ കൂടി മെത്രാൻ വേഷംകെട്ടിക്കുക (ല. ൬) നിമിത്തം പലർക്കും ഈ കായ്ത്തിൽ സംശയം ജനിക്കാതിരുന്നില്ല. അതിനാൽ ഗാർസ്യാമെത്രാപ്പോലീത്തായുടെ ഭാഗത്തു നിന്നിരുന്നവരുടെ സംഖ്യ വർദ്ധിക്കുന്നതിനിടയായി. അനവധി വൈദികന്മാർക്കൂടിയാലും ഒരു വൈദികനെ അഭിഷേകം ചെയ്യുമെത്രാനാക്കുവാൻ സാധിക്കയില്ലെന്നുള്ള ബോധം കായ്വിവരമുള്ളവരിൽ ശക്തിപ്പെടുകനിമിത്തം അവർ ഗാർസ്യായുടെ അടുക്കലേക്കു തിരിച്ചു

ചെല്ലുവാൻ സംഗതിവന്നു. അദ്ദേഹം അവർക്കായി ഒരു അക്കദിയാ
ക്കോനെ നിയമിക്കയും മെത്രാൻപദം സ്വീകരിച്ചതോമ്മാ അക്കദിയാ
ക്കോനെ "മഹറോ"നിൽ ഉൾപ്പെടുത്തുകയും (ല. വ) ചെയ്തു. (ഈ
'മഹറോൻ' ശിക്ഷ കൊച്ചിയിൽ മാത്രമെ പ്രസിദ്ധം ചെയ്തൊള്ളു.)
തോമ്മാ അക്കദിയാക്കോന്റെ ആലോചനാസഭാംഗങ്ങളായി നിയമിക്ക
പ്പെട്ടിരുന്ന കടവിൽ ചാണ്ടിക്കത്തനാർക്കും പള്ളിവീട്ടിൽ ചാണ്ടിക്കത്ത
നാർക്കും (ല വ) അദ്ദേഹത്തിനു കൊടുക്കപ്പെട്ട മെത്രാൻ സ്ഥാനത്തി
ന്റെ സാധുതയെപ്പറ്റി പ്രബലമായ സംശയം ജനിക്കയാൽ അവർ
ഇരുവരും അദ്ദേഹത്തെ പരിത്യജിച്ചുകൊണ്ടു, തങ്ങളുടെ സ്വാധീന
ത്തിൽപ്പെട്ട വളരെ ജനങ്ങളോടുകൂടി ഗാർസ്യാടെ അടുക്കലേക്കു പി
ന്തിരിഞ്ഞുപോന്നു. ഇങ്ങിനെ രണ്ടു സംവത്സരങ്ങൾക്കിടയിൽ പല
അവസരങ്ങളിലായി ഉദ്ദേശം ഇരുപത്തഞ്ചുപള്ളിക്കാർ മെത്രാപ്പോലീ
ത്തായുടെ കീഴ്പ്പെടുകയും അക്കദിയാക്കോന്റെ 'ശീശ്മ' ഭാഗം ഉപേക്ഷി
ക്കയും ചെയ്തു. (8)

൧൬. ഇങ്ങനെ തിരിഞ്ഞുവന്നവർ അന്നു ആകെയുണ്ടായി
രുന്ന സുറിയാനിക്കാരിൽ നാലിൽ ഒരംശം മാത്രമെ ആയിരുന്നൊ
ള്ളു. വലിയ ഭാഗം 'ശീശ്മ'യിൽ തന്നെയാണ് നിന്നിരുന്നതു്. തി
രികെ വന്നവർക്കു തന്നെയും ഈശോസഭക്കാരുടെ അധികാരത്തിനു കീ
ഴ്പ്പെട്ടിരിക്കുവാൻ മനസ്സുണ്ടായിരുന്നുമില്ല. അതിനാൽ 'ശീശ്മ'
ആരംഭിച്ചിട്ടു മൂന്നാമത്തെ വത്സരമായ ൧൬൬൩—ാമാണ്ടു അവർ ഇടപ്പ
ള്ളിപ്പള്ളിയിൽക്കൂടി ഗോവയിൽ താമസിച്ചിരുന്ന കർമ്മലീത്താക്കാരെ മ
ലയാളത്തിലേക്കു ക്ഷണിക്കയും അവരെ മലയാളത്തിലേക്കു അയയ്ക്കു
ണമെന്നു അപേക്ഷിക്കുന്ന ഹർജികൾ റോമയിലെ സ്ഥാനകൊവേന്ത
യുടെ പ്രിയോരിനും അദ്ദേഹംവഴി മാപ്പുപ്പായിക്കും അവർ മുഖേന
റോമയിലേക്കു അയക്കയും ചെയ്തു. (1) ആ കാലഘട്ടത്തിൽ പത്രോ
സിന്റെ പാവനമായ സിംഹാസനത്തിൽ ഉപവിഷ്ടനായിരുന്നതു
അലക്സാണ്ടർ സപ്തമൻ എന്ന മാപ്പുപ്പാ ആയിരുന്നു. കർമ്മലീത്താ
ക്കാർ കൽദായസഭയുടെ ആചാരഭേദങ്ങളെപ്പറ്റി ബഹുമാനം പ്രദ
ർശിപ്പിച്ചിട്ടുണ്ടായിരുന്നതിനാലും (അ. ക്രമ ല. ൯൯) ഈശോസഭ
ക്കാർ ഈ വിഷയത്തിൽ പ്രവർത്തിച്ചതെല്ലാം അബദ്ധമായിപ്പോയെന്നു
ള്ള അഭിപ്രായം അവർ സ്വീകരിച്ചിരുന്നതിനാലും. ആണ് അവരെ
അയക്കണമെന്നു സുറിയാനിക്കാർ റോമയിലേക്കു എഴുതിയതു്. അ
ലക്സാണ്ടർ മാപ്പുപ്പാ സുറിയാനിക്കാരുടെ അപേക്ഷ കൈപ്പറ്റി
യശേഷം ജോസഫ് മറിയ, വിൻസന്റു മറിയ, മത്തേവൂസ്, യസ്സീ
ന്ത, മാർസേൽ എന്ന കർമ്മലീത്തരെ തെരഞ്ഞെടുക്കയും വേണ്ടിയിരു
ന്ന അധികാരങ്ങളോടുകൂടി ൧൬൬൯—ാമാണ്ടിൽ അവരെ മലയാള
ത്തിലേക്കു അയക്കുകയും ചെയ്തു. ഇവരിൽ ആദ്യത്തെ മൂന്നാളുകൾ
ആലെപ്പൊ, ബസ്സാറാ മുതലായ സ്ഥലങ്ങളിൽക്കൂടി കരമാർഗ്ഗമായി യാ
ത്രചെയ്തു ൧൬൭൦ ഫെബ്രുവരി ൨൨നു ഗോവയിൽക്കൂടി മലയാളത്തി
ൽ എത്തി. ഒടുവിൽ പറയപ്പെട്ട യസ്സീന്ത്, മാർസെൽ എന്ന രണ്ടുപേ

ർ പോർട്ടുഗൽവഴി അതേ ആണ്ടിന്റെ അവസാനഘട്ടത്തിൽ കേരളത്തിൽവന്നുചേർന്നു. ഇവരിൽ ജോസഫ് മറിയ, അഥവാ ജോസഫ് സെബസ്ത്യാനി എന്ന ദേഹത്തെ മാർപ്പാപ്പായുടെ പൂർണ്ണാധികാരത്തോടുകൂടിയ സ്ഥാനപതി (Apostolic Commissary) ആയിട്ടും മറ്റുള്ളവരെ അദ്ദേഹത്തിന്റെ സഹായികളായിട്ടുമാണ് നിയമിച്ചത്.

൩. ഇവരെ മലയാളത്തിലേക്കു അയച്ച അവസരത്തിൽ പ്രസ്തുത മാർപ്പാപ്പാ പലർക്കായി പല തിരുവെഴുത്തുകളും അയക്കുകയുണ്ടായി. അവയിൽ ഫെബ്രുവരി ൨൯-൦൯- എഴുതപ്പെട്ടതായ ഒന്നാമത്തെ തിരുവെഴുത്തു സ്ഥാനപതിയായ ജോസഫ് സെബസ്ത്യാനിക്കും അദ്ദേഹത്തിന്റെ സഹായികൾക്കും വൈദികരും ലൗകികരുമായ എല്ലാപേരും സകലവിധ സഹായങ്ങളും ചെയ്തുകൊടുക്കയും എവിടെയും സ്നേഹബഹുമാനപുരസ്സരം അവരെ സ്വീകരിക്കയും ചെയ്യണമെന്നു യാചിക്കയും കല്പിക്കയും ചെയ്യുന്നതാണ്.

രണ്ടാമത്തേതു ജോസഫ് സെബസ്ത്യാനിക്കു അദ്ദേഹത്തിന്റെ ഉദ്യോഗനിർവ്വഹണത്തിൽ ആവശ്യപ്പെടുന്ന അധികാരങ്ങളും അനുവാദങ്ങളും നൽകുന്നതും ഫെബ്രുവരി ൨൪-൦൯- എഴുതീട്ടുള്ളതുമാണ്. അതിലെ പ്രതിപാദ്യവസ്തു:- ക) അങ്കമാലി അക്കിടിയാക്കോനായ തോമ്മാ ലക്ഷത്തി അമ്പതിനായിരം ജനങ്ങളോടുകൂടി സ്വന്തമെത്രാപ്പോലീത്തായുടെ ആജ്ഞകളെ അനുസരിക്കാതെ വിട്ടുമാറുകയും മെത്രാൻസ്ഥാനത്തെ സ്വയമേ സ്വീകരിച്ചുകൊണ്ടു തദനുരൂപമായ പ്രവൃത്തികളെ ന്യായരഹിതമായും അസംബന്ധമായും ജനങ്ങളുടെയിടയിൽ നടത്തുകയും തന്നിമിത്തം ആ പള്ളിയിൽ വലുതായ കുഴപ്പങ്ങൾക്കു ഇടയാകയും ചെയ്തിരിക്കുന്നുയെന്നു തിരുമനസ്സുകൊണ്ടു മഹാവ്യസനപൂർവ്വം അറിഞ്ഞു എന്നും, ഖ) ആ കുഴപ്പത്തിന്റെ വിവരം അറിയുന്നതിനും ക്ഷോഭം ശമിപ്പിച്ചു സമാധാനപ്പെടുത്തുന്നതിനും തോമ്മായേയും അദ്ദേഹത്തിന്റെ അനുഗാമികളേയും മെത്രാനോടു രഞ്ജിപ്പിക്കുന്നതിനു തിരുമനസ്സുകൊണ്ടു ആഗ്രഹിക്കയാൽ, കൊള്ളമെന്നു തോന്നുന്ന രണ്ടു മൂന്നുപേരോടുകൂടി ആസ്ഥലത്തുചെന്നു, സകല സംഭവങ്ങളുടെയും വാസ്തവം അന്വേഷിച്ചറിഞ്ഞു തെളിപ്പെടുക്കുന്നതിനു സെബസ്ത്യാനിയോടു കല്പിക്കയും അദ്ദേഹത്തെ അധികാരപ്പെടുത്തുകയും ചെയ്യുന്നു എന്നും ന) തിരുസഭനിശ്ചയിച്ചിരിക്കുന്ന ശിക്ഷ (ചെൻസൂര)കളിൽ ഉൾപ്പെടാതെ 'ശീശ്മ'ക്കാരോടു സംസർഗ്ഗം ചെയ്യുന്നതിനും ഘ) തോമ്മായേയും അനുഗാമികളേയും അവരുടെ മെത്രാനോടു ശ്ലൈഹികമായ അധികാരത്താൽ രഞ്ജിപ്പിക്കയും തിരിച്ചുവരുന്നവരെ, രക്ഷാകരമായ ശിക്ഷ നിശ്ചയിച്ചുകൊണ്ടും മേലിലേക്കു ഉറപ്പുവാങ്ങിക്കൊണ്ടും കഴിഞ്ഞ 'ശീശ്മ'യുടെ കാലത്തിൽനിന്നും സകല വിധ പള്ളിമുടക്കുകളിൽനിന്നും അതേ അധികാരത്താൽ വിമോചിക്കയും ശിക്ഷകളെ അവരോടു ക്ഷമിക്കയും ഈ വീഴ്ചക്കുമുമ്പു ഉണ്ടായിരുന്ന സ്ഥിതിയിൽ അവരെ വീണ്ടും സ്ഥാപിക്കയും പ്രസ്തുതാധികാരത്താൽ

വിശുദ്ധ പള്ളിയിലേക്ക അവരെ സ്വീകരിക്കയും ചെയ്യുന്നതിനു ആവശ്യമായ സകല സംഗതികളും, സഭാനിയമങ്ങളും, സൂനഹദോസു നിശ്ചയങ്ങളും അനുസരിച്ചു ചെയ്യുന്നതിനും തിരുമനസ്സുകൊണ്ടു സെബസ്ത്യാനിയെ അധികാരപ്പെടുത്തുന്നു എന്നുമാണ്.

തോമ്മാഅക്കദിയാക്കോനായി അയക്കപ്പെട്ടതും ഫ്രാങ്കു ഫെബ്രുവരി ക—ാംനു- എഴുതപ്പെട്ടതുമാണ് മൂന്നാമത്തെ തിരുവെഴുത്ത് അതിൽ ക). അങ്കമാലി മഹാ മെത്രാസന ഇടവകയിൽ അദ്ദേഹം (അക്കദിയാക്കോൻ) മൂലം വലുതായ ഒരു വേർതിരിവു സംഭവിച്ചതായി കേൾക്കയാൽ അവിടന്നു വളരെ കലഹിയെങ്കിലും മെത്രാപ്പോലീത്തായുടെ വലത്തുകൈയ് പോലെയിരിക്കുന്ന അദ്ദേഹം കത്തവ്യത്തെ മീരന്നു സ്വന്ത രക്ഷയെ മാത്രമല്ല, മറു വളരെ ജനങ്ങളുടെ രക്ഷയേയും കൂടി അഗണ്യമാക്കി പ്രവർത്തിച്ചു എന്നാകട്ടെ കേൾവിപ്പെടുന്നതുപോലെ അദ്ദേഹം വി. സിംഹാസനത്തിന്റെ അധികാരമില്ലാതെ മെത്രാൻപദം എടുത്തുകൊണ്ടു തദനുരൂപായ പ്രവൃത്തികളെ ന്യായരഹിതമായും അസാധുവായും നടത്തുന്നു എന്നാകട്ടെ വിശ്വസിക്കുന്നതിനു അവിടേക്ക സമ്മതം വരുന്നില്ലെന്നും ഖ) കലഹം ശമിപ്പിക്കുന്നതിനായി ജോസഫ് മറിയ (സെബസ്ത്യാനി) എന്ന കമ്മലീത്താക്കാരനെ അയക്കുന്നെന്നും; കേൾവി ശരിയായിരുന്നാൽ ശരിയായ മാർഗ്ഗത്തിലേക്ക പിന്തിരിഞ്ഞു വരുന്നതിനു അദ്ദേഹത്തിന്റെ (അക്കദിയാക്കോന്റെ) രക്ഷയുടെ പേരിലുള്ള സ്നേഹത്തെക്കുറിച്ചു ആ തിരുവെഴുത്തുമൂലം ഗൌരവമായി ഉപദേശിക്കുന്നെന്നും ഘ) അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെട്ടവൻ മാത്രം ബഹുമാനത്തെ കൈക്കൊള്ളേണ്ടതാകയാൽ പൈശാചിക പ്രേരണ മൂലം ന്യായരഹിതമായും അസാധുവായും അദ്ദേഹം സ്വീകരിച്ചിരിക്കുന്നതിനെ ഉപേക്ഷിക്കണമെന്നുമാണ് തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിരിക്കുന്നത്.

നാലാമത്തെ തിരുവെഴുത്തു കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നു വിട്ടുപിരിഞ്ഞ് അക്കദിയാക്കോനോടു കൂടെ നിന്നിരുന്ന ക്രിസ്ത്യാനികൾക്കുവേണ്ടിയായി പ്രസ്തുത വത്സരം ഫെബ്രുവരി ക്ന—ാംനു-അയച്ചിട്ടുള്ളതാണ്. ക) അങ്കമാലി അക്കദിയാക്കോനായ തോമ്മായുടെ സാഹസകൃത്യത്തെ അനുഗമിച്ചു അവിടത്തെ മെത്രാപ്പോലീത്തായുടെ അധികാരത്തെ അവർ വിട്ടുമാറിയെന്നു തിരുമനസ്സുകൊണ്ടു കേൾക്കയാൽ, ദൈവത്തിന്റെ ആട്ടിൻകൂട്ടത്തിനു വെളിയിൽ അവർക്ക സംഭവിക്കുവാനിരിക്കുന്ന ആത്മനാശത്തെ ഓർത്തു അത്യന്തം ദുഃഖിക്കുന്നെന്നും, ഖ) അവരുടെ ആലോചനക്കുറവും മറ്റാളുകളുടെ ഉപദേശവും നിമിത്തം തെറ്റിൽ ഉൾപ്പെട്ടു എന്നല്ലാതെ മനഃപൂർവ്വമല്ലെന്നു തിരുമനസ്സുകൊണ്ടു കരുതുന്നതുകൊണ്ടു, ദൈവാനുകൂല്യത്താൽ അബദ്ധത്തെ പരിത്യജിച്ച്, വിട്ടുമാറിയ വഴിയിലേക്ക അവർ തിരികെ വരുമെന്നു പ്രതീക്ഷിക്കുന്നെന്നും ന) വി. സിംഹാസനത്തിന്റെ അധികാരമില്ലാതെ മെത്രാൻപദം സ്വീകരിച്ചുകൊണ്ടു, കള്ള ഇടയന്റെ ജോലികളെ നടത്തുന്ന തോമ്മായെ വിട്ടു, അവരുടെ

ന്യായാനുസൃതമായ മെത്രാപ്പോലീത്തായുടെ കീഴിലേക്കു മടിക്കൂടാതെ തിരിച്ചുവരുവാൻ ഗൌരവമായും ഉത്സാഹപൂർവ്വമായും ഉപദേശിക്കേണ്ടതും ഇഹലൌകികമായ അധികാരത്താൽ കല്പിക്കേണ്ടതും തിരുമനസ്സിലെ പ്രമതലയാകുന്നെന്നും, ൪) അങ്കമാലിയിലെ ഭിന്നത തീർക്കുന്നതിനു, തത്സംബന്ധമായ തിരുവെഴുത്തോടുകൂടി തിരുമനസ്സുകൊണ്ടു അവരുടെ പക്കലേക്കു അയക്കുന്ന ജോസഫ് മറിയയെ അവിടത്തെയും തിരുസിംഹാസനത്തിന്റെയും പ്രതിപുരുഷൻ എന്ന് നിലയിൽ സ്വീകരിച്ചു അദ്ദേഹത്തിന്റെ ഉപദേശത്തിനു വിനയപൂർവ്വം കീഴ്വഴങ്ങുന്നതിനും അദ്ദേഹത്തിന്റെ കല്പനകളെ അനുവർത്തിക്കുന്നതിനും കല്പിക്കുന്നു എന്നും ഇതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

'ശിശു'വിൽ ചേരാതെ നിന്നിരുന്ന അങ്കമാലി മഹാ മെത്രാസന ഇടവകയിലെ വൈദികന്മാർക്കും ജനങ്ങൾക്കുമായി അതേ തീയതിയിൽത്തന്നെ– ഫെബ്രുവരി മൻ–ാംതീയതി എഴുതിട്ടുള്ളതാണ് അഞ്ചാമത്തെ തിരുവെഴുത്തു. അതിലെ കാര്യസാരം: ൧) അങ്കമാലി അക്കിടിയാക്കോനായ തോമ്മായും വളരെ ജനങ്ങളും അവരുടെ മെത്രാപ്പോലീത്തായുടെ ആജ്ഞകൾക്കു കീഴ്പ്പെടാതെ പിരിഞ്ഞുപോയ വർത്തമാനം അറിഞ്ഞു ദുഃഖിക്കുന്ന മാപ്പിപ്പായ്ക്കു, തോമ്മായെ അനുഗമിക്കാതെ മെത്രാപ്പോലീത്തായോടുതന്നെ ചേർന്നു അപ്പോഴും അതിനുമുമ്പും അവർ (എഴുത്തു ആക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നോ അവർ) നിന്നിരുന്നു എന്നുള്ള അറിവു അത്യധികമായ ആശ്വാസത്തെ ജനിപ്പിച്ചു എന്നും, ൨) ആ വിധം വർത്തിക്കേണ്ടതു സത്യക്രിസ്ത്യാനികളായ ഏവരുടെയും കടമയാണെന്നിരുന്നാലും അതു സമീപസ്ഥമായ ഒരു വിഷമഘട്ടത്തിൽ മലിനത ഭവിക്കാതെ നിന്നിരുന്ന അവരുടെ വിശ്വാസവും സ്ഥൈര്യവും പ്രശംസാർഹങ്ങളായിരിക്കുന്നെന്നും, ൩) അതിനായി ദൈവത്തോടു പ്രത്യേകം കൃതജ്ഞത കാണിപ്പാൻ കടമയുണ്ടെന്നും, ൪) കമ്മലീത്താക്കാരനായ ജോസഫ് മറിയയെ. ക്ഷോഭം അടക്കുന്നതിനായി അവിടേയ്ക്കയക്കുന്ന ആ അവസരത്തിൽ പ്രസ്തുത കാര്യങ്ങളെപ്പറ്റി തിരുമനസ്സിലേക്കുള്ള സന്തോഷത്തെ പ്രത്യക്ഷപ്പെടുത്തുകയും മെത്രാപ്പോലീത്തായുടെകീഴിൽത്തന്നെ സ്ഥിരതയോടുകൂടി നില്പാൻ ഉത്സാഹിപ്പിക്കയും ചെയ്യുന്നെന്നും, ൫) 'ശിശു' തീർക്കുന്ന കാര്യത്തിൽ മെത്രാപ്പോലീത്തായേയും ജോസഫിനെയും സഹായിക്കുന്നതിനും സഹായിക്കണമെന്നുമാണ്.

അങ്കമാലി മെത്രാപ്പോലീത്താ ആയ ഗാർസ്യായുടെ ഫെബ്രുവരി മൻ–ാംനു– അയച്ച തിരുവെഴുത്താണ് ഈ ശേഖരത്തിൽ ആറാമത്തേതു്. അതിലെ സംഗതികൾ:– ൧) അങ്കമാലി അക്കിടിയാക്കോനായ തോമ്മാ ഒട്ടറെ ജനങ്ങളോടുകൂടി അദ്ദേഹത്തിന്റെ (ഗാർസ്യായുടെ) അധികാരത്തിൽനിന്നു വിട്ടുമാറി സ്വയമേ മെത്രാൻസ്ഥാനം സ്വീകരിച്ചിരിക്കുന്നതായി കേട്ടതിനാലും, ഒരാളുടെ ദുർമ്മോഹം നിമിത്തം അനവധി ആത്മനാശവും വർദ്ധമാനമായിരുന്ന ആ (അങ്കമാലി മഹാ മെത്രാസന) ഇടവകയിൽ ക്ഷോഭവും സംഭവിച്ചിരിക്കു

ന്നതിനാലും തിരുമനസ്സുകൊണ്ട് അത്യന്തം വ്യസനിക്കുന്നുണ്ടെന്നും, ൨) ആ വിധ 'ശീശ്മ'കൾ കാലപ്പഴക്കംകൊണ്ട് ശക്തിപ്പെട്ടുകഴിഞ്ഞാൽ അതിനെ ക്ഷോഭം ശക്തിപ്പെടാതിരിക്കേണ്ടതിനായി ഉടൻതന്നെ പ്രതിവിധി പ്രയോഗിപ്പാൻ നിശ്ചയിച്ചെന്നും, ൩) അതിനായി കമ്മലീത്താക്കാരനായ ജോസഫിനെ വേണ്ട അധികാരങ്ങളോടുകൂടി അവിടേയ്ക്ക് അയച്ചിരിക്കുകൊണ്ട് അദ്ദേഹത്തെ സ്നേഹപൂർവ്വം സ്വീകരിക്കണമെന്നും, ൪) അദ്ദേഹത്തിന്റെ (ഗാർസ്യായുടെ) ഭരണത്തിൽ ഏൽപ്പിക്കപ്പെട്ടിരുന്നവരും പിശാചിനാൽ വഞ്ചിക്കപ്പെട്ടവരുമായ ആ ജനങ്ങളെ കത്താവിന്റെ മേഷാലയത്തിലേക്ക് തിരികെ കൊണ്ടുവരേണ്ടതിനു, സ്വന്ത മേഷയൂഥത്തിനായി പ്രാണനെ പ്രദാനം ചെയ്ത കത്താവിന്റെ ശാന്തശീലത്തെ മാതൃകയാക്കി വച്ചുകൊണ്ട്, സർവ്വപരിശ്രമവും ചെയ്കയും, തിരിച്ചുവരുന്നവരെ സ്നേഹപൂർവ്വം സ്വീകരിക്കയും കീഴ്ഴഴക്കമില്ലായ്കയാൽ അവരുടെമേൽ വന്നുകൂടിയ ചുമതലകളെ പിതൃസ്നേഹത്തോടുകൂടിക്ഷമിക്കയും ചെയ്യേണമെന്നും ആണ്.

ഈ ശേഖരത്തിൽ ഒടുവിലത്തെ തിരുവെഴുത്തു അന്നു കൊച്ചി മെത്രാസനത്തെ ഭരിച്ചിരുന്ന വികാരിയൂസ് കപ്പിത്തുലാരിസ് (Vicarius Capitularis) എന്ന വൈദികാദ്ധ്യക്ഷനും, കപ്പിത്തുലും (Capitulum cathidrale) എന്ന സംഘത്തിനും, കാനോനിസ്റ്റ (Canonists) മാക്കുമായി പ്രസ്താവന (ഫ്രാൻസിസ്കൻ ഫ്രൈർ ഫൻ–ാം) തീയതിയിൽത്തന്നെ അയച്ചിട്ടുള്ളതാണ്. അങ്കമാലി മെത്രാപ്പോലീത്തായേയും അദ്ദേഹത്തിന്റെ അക്കിടിയാക്കോനേയും തമ്മിൽ രഞ്ജിപ്പിക്കേണ്ടതിനായി കമ്മലീത്താ സഭയിലെ ജോസഫ് മറിയയെ അവിടേക്ക് അയച്ചിരുന്നുകൊണ്ട് അദ്ദേഹത്തെ സ്നേഹപൂർവ്വം സ്വീകരിക്കയും ശ്ലൈഹികമായ ആജ്ഞയനുസരിച്ചു അങ്കമാലിയിൽ സമാധാനമുണ്ടാക്കുന്നതിനും ഗുരുപദേശംഹേതുവായി വിശ്ലേഷിപ്പിക്കപ്പെട്ട ആ ജനങ്ങളെ അവരുടെ മെത്രാപ്പോലീത്തായുടെ അധികാരത്തിലേക്ക് വീണ്ടും കൊണ്ടുവരുന്നതിനും അദ്ദേഹത്തെ ആലോചനകൊണ്ടും പ്രവൃത്തികൊണ്ടും യഥാശക്തി സർവ്വപ്രകാരേണ സഹായിക്കയും ചെയ്യേണമെന്നാണ് അതിൽ പറയപ്പെട്ടിരിക്കുന്നത്. (10)

വ. ഫ്രാൻസിസ്കൻ=ലെ മതവിപ്ലവത്തിൽ നാല്പതു നാനൂറെന്നു പറയുന്നവരും ഇല്ലാതില്ല) സുറിയാനിക്കാരൊഴികെയുള്ളവരെല്ലാം അക്കിടിയാക്കോന്റെ 'ശീശ്മ'യിൽ ഉൾപ്പെട്ടുപോയെന്നാണ് അക്കാലത്തെ ചില ഗ്രന്ഥകാരന്മാരുടെ പ്രസ്താവങ്ങളിൽനിന്നു പലരും അനുമാനിക്കുന്നത്. കമ്മലീത്തരെ അപേക്ഷിച്ചു വരുത്തിയതു് ഈ നാല്പതു പേരാണെന്നുകൂടി ഈ ഗ്രന്ഥകാരന്മാർ പറയുന്നുണ്ട്. കാലങ്ങളും സംഭവങ്ങളും നിഷ്കർഷ ചെയ്യാതെ പൊതുവിൽമാത്രം പറയുന്നതിനാൽ ഈ പ്രസ്താവങ്ങളിൽ പല അബദ്ധങ്ങളും കടന്നുകൂടാൻ ഇടയായിട്ടുണ്ടെന്നു പറയാതെ കഴികയില്ല. 'ശീശ്മ'യിൽ ചേരാതെ ശേഷിച്ചിരുന്നവർ നാല്പതോ നാനൂറോ എത്രയെങ്കിലുമാകട്ടെ;

അവരാണ് കമ്മലീത്താക്കാരെ എഴുന്നള്ളിച്ചു വരുത്തിയതെന്നു പറയുന്നതു് വിശ്വസനീയമല്ല. 'ശീശ്മ'യുടെ ഉത്ഭവം എന്നതു—ാമാണ്ടിന്റെ ആരംഭത്തിലാകയാൽ (ല. ഫ) ഈ നാല്പതോ, നാനൂറോപേർ അന്നെഴുതിയിരുന്നെങ്കിൽ കമ്മലീത്താക്കാർ എന്നതിനു—ൽ തന്നെ മലകരയിൽ എത്തുമായിരുന്നു. എന്നാൽ അവർ ഇവിടെവന്നതു എന്നതിൽ മാത്രമാണല്ലൊ. അതിനാൽ 'ശീശ്മ'യിൽ ചേരാതെ നിന്നവരാണ് കമ്മലീത്താക്കാരെ അപേക്ഷിച്ചുവരുത്തിയതെന്നുള്ള പ്രസ്താവം സ്വീകാര്യമല്ല. 'ശീശ്മ' ആരംഭിച്ചിട്ടു മൂന്നാമത്തെവത്സരത്തിൽ—എന്നതിൽ സുറിയാനിക്കാർ എഴുതുകയും കമ്മലീത്തരെ എന്നതിനാൽ റോമയിൽ നിന്നയക്കുകയുമാണുണ്ടായതു്. 'ശീശ്മ'യിൽ ചേരാതെനിന്നിരുന്നവരും 'ശീശ്മ'യിൽനിന്നു തിരിച്ചുവന്നവരുമായി അക്കാലത്തു ആകെയുണ്ടായിരുന്ന സുറിയാനിക്കാരിൽ ഉദ്ദേശം നാലിൽ ഒരംശം എന്നതിൽ ഗാർസ്യാ മെത്രാപ്പോലീത്തായുടെ കീഴിൽ സ്ഥിതിചെയ്തിരുന്നെന്നും അവരാണ് കമ്മലീത്തരെ വരുത്തുന്നതിനായി എഴുതി അയച്ചതെന്നും പൌലീസുരുടെ കീഴിൽ നിൽക്കുന്നവരിലുള്ള വൈമനസ്യവും തങ്ങളുടെ ശേഷമുള്ള സഹോദരങ്ങളേയും യോജിപ്പിക്കുന്നതിനുള്ള ആഗ്രഹവും നിമിത്തമാണ് ഇങ്ങനെ എഴുതിയതെന്നുമുള്ള വസ്തുതയ്ക്കിനുമുമ്പ് (ല. ൭. ന.) ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ള രേഖകളും യുക്തികളുംകൊണ്ടു ആവക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. ഇതിനെ കുറെക്കൂടി വ്യക്തമാക്കുന്നതിനു ഉപയുക്തങ്ങളായ മറ്റു ചില ലക്ഷ്യങ്ങളും ഇവിടെ കാണിക്കാം. ഗീവഗ്ഗീസ് അക്കിയാക്കോസ് സ്വാധിപത്യത്തിൽ രണ്ടര ലക്ഷം സുറിയാനിക്കാർ ഉള്ളതായി എന്നതിനു—ൽ ലിസ്ബനിലെ വത്തിക്കാൻ പ്രതിനിധിക്കു എഴുതി അയച്ചതും അദ്ദേഹം ആ വിവരം റോമായിൽ അറിയിച്ചതും ഇതിനുമുമ്പ് (അ. ഫ ല. ഫ) പ്രസ്താവിച്ചിട്ടുള്ളതാണ്. 'ശീശ്മ'യുടെ അവസരത്തിൽ മാപ്പിളപ്പാ നസ്രാണികൾക്കായി അയച്ച ഒരു തിരുവെഴുത്തിൽ അക്കിയാക്കോസിനോടുള്ള കൂടി. ലക്ഷത്തി അമ്പതിനായിരം ആളുകൾ ഗാർസ്യാ മെത്രാപ്പോലീത്തായെ വിട്ടുമാറിയിരിക്കുന്ന വിവരം അറിഞ്ഞതായി പ്രസ്താവിക്കുന്നു. മലയാളത്തിലെ സ്ഥിതിഗതികളും 'ശീശ്മ'യിൽ ചേരാതെ എത്രപേർ ശേഷിച്ചിരുന്നെന്നുള്ളതും റോമയിൽ അറിയുന്നതിനധികാരം മാർഗ്ഗങ്ങളുണ്ടായിരുന്നു. പോർട്ടുഗീസ് ഗവർമ്മെണ്ടിന്റെ സംരക്ഷണത്തിലുള്ള മെത്രാസനങ്ങളിലെ സകല സംഗതികളും അന്വേഷിച്ചറിഞ്ഞ് മാപ്പിളപ്പായെ അറിയിക്കുന്നതിനു മുമ്പായി പ്രത്യേക ലിസ്ബനിലെ വത്തിക്കാൻ പ്രതിനിധി മലയാളത്തിലെ കാര്യങ്ങളുടെ സൂക്ഷ്മാവസ്ഥ എഴുതി അയക്കാതിരുന്നില്ല. ക്രമാതെ സുറിയാനിക്കാരുടെ ഇടയിലുണ്ടായ ക്ഷോഭത്തിന്റെയും "ശീശ്മ"യുടെയുംമറ്റും വിവരം മാപ്പിളപ്പായുടെ അടുക്കൽ ബോധിപ്പിക്കേണ്ടതിനായി ഈശോസഭക്കാരനായ ഒരു വൈദികനെ ഗാർസ്യാ മെത്രാപ്പോലീത്താ റോമായിലേക്കു അയക്കയുമുണ്ടായി.

(ഇതിനെപ്പറ്റി ക—ാം ലക്കത്തിൽ പറഞ്ഞുകൊള്ളാം) തിരുമനസ്സുകൊണ്ടു സംഗതികളെല്ലാം ശരിയായി ഗ്രഹിച്ചിരുന്നതിനാ

ലാണ് 'ശീശ്മ'യിൽ ഉൾപ്പെട്ടവർക്കും അതിൽ ചേരാതെനിന്നവർക്കുമായി പ്രത്യേകിച്ചു പ്രത്യേകിച്ചു തിരുവെഴുത്തുകളെയുക്തിയും ലക്ഷ്യത്തി അമ്പതിനായിരം ജനങ്ങൾ ഗാർസ്യാ മെത്രാപ്പോലീത്തായെ വിട്ടുപേക്ഷിച്ചതായി അറിഞ്ഞു് വ്യസനിക്കുന്നെന്നു പ്രസ്താവിക്കയും ചെയ്തു്. സുറിയാനിക്കാരിൽ നാലിൽഒരുഭാഗംമാത്രം 'ശീശ്മ'യിൽചേരാതെ നിന്നിരുന്നെന്നു് ഞങ്ങൾ മുകളിൽപ്പറഞ്ഞതു വാസ്തവമാണെന്നു് ഇതിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലോ. കമ്മലീത്താക്കാരെ എഴുത്തയച്ചവരുത്തിയതും അവർ ആട്ടുമായി ഇവിടെ എത്തിയപ്പോൾ അവരെ സ്വാഗതം ആദരിച്ചതും 'ശീശ്മ'യിൽ ചേരാതെനിന്ന ഈ സുറിയാനിക്കാരാണു്. ഗാർസ്യാ മെത്രാപ്പോലീത്താ വേറൊരു അക്കദിയാക്കോനെ നിയമിച്ചതും ഇവക്കായിട്ടത്രെ.. തന്റെ കീഴിൽ നാല്പതു സുറിയാനിക്കാർ മാത്രമാണു് ശേഷിച്ചിരുന്നതെങ്കിൽ അദ്ദേഹം അവക്കായിമാത്രം ഒരു അക്കദിയാക്കോനെ നിയമിക്കുക സംഭാവ്യമല്ലല്ലോ.

൧൮. കമ്മലീത്താക്കാർ മലങ്കരയിൽ എത്തിയതു മുതലുള്ള ചരിത്രഭാഗത്തിലേക്കാണു് നാം ഇപ്പോൾ പ്രവേശിക്കുന്നതു്. മേൽ (ല. ന്യ) പറഞ്ഞിട്ടുള്ള കമ്മലീത്തരായ പ്രേഷിതന്മാരിൽ ജോസഫ്, വിൻസന്റു്, മത്തേവൂസ് എന്ന വന്ദ്യപുരോഹിതന്മാർ തുർക്കിയിലെ ആലെപ്പൊ മുതലായ സ്ഥലങ്ങളിൽക്കൂടി കരവഴിക്കു് ബസ്രായിൽ എത്തുകയും അവിടെനിന്നു കടൽവഴിക്കു് ഇൻഡ്യയുടെ അക്കാലത്തിലെ ഒരു തുറമുഖപട്ടണമായ സൂറത്തിൽവന്നു് ഗോവയിൽക്കൂടി കണ്ണൂരിൽ വന്നുചേരുകയും ചെയ്തു. അവക്കു് ഡച്ചുഗവർമ്മെണ്ടു് അധികാരികളായ ചിലരുടെ ശുപാർശക്കത്തു ലഭിച്ചിരുന്നതുകൊണ്ടു കണ്ണൂരിൽനിന്നുപാലൂരിൽ എത്തുന്നതിനു് പ്രയാസമുണ്ടായില്ല. പാലൂരിലെ വികാരി പള്ളിയെ സ്നേഹപൂർവ്വം അവരെ സ്വീകരിക്കയും അക്കദിയാക്കോൻ സമ്മതിക്കുന്നപക്ഷം കാര്യങ്ങൾ ശുഭമായിത്തീരുമെന്നുള്ളതിനാൽ അദ്ദേഹത്തിന്റെ വാസസ്ഥാനമായ ഇടപ്പള്ളിയിൽച്ചെന്നു് അദ്ദേഹത്തെ കാണണമെന്നു അറിയിക്കയുംചെയ്തു. അവർ അതിനു സമ്മതിച്ചു് തങ്ങളുടെ വരവിനെപ്പറ്റി അക്കദിയാക്കോനു് അറിവുകൊടുക്കേണ്ടതിനായി പ്രസ്തുത വികാരിയെത്തന്നെ ഇടപ്പള്ളിയിലേക്കയച്ചു. അക്കദിയാക്കോന്റെ ആലോചനക്കാരായി നാലു പൈതികന്മാർ നിയമിക്കപ്പെട്ടിരുന്നതും അവരിൽ (പിന്നീടു മെത്രാനായിത്തീർന്ന) പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരും, കടവിൽ ചാണ്ടിക്കത്തനാരും ശീശ്മഭാഗം ഉപേക്ഷിച്ചതും ഇതിനുമുമ്പു് (ല. ഒ) പറഞ്ഞിട്ടുള്ളതാണു്. ആ നാലുപേരിൽ ഒരാളായ കല്ലൂക്കാരൻ ഇടവകക്കാരൻ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ അക്കദിയാക്കോന്റെ പ്രധാന സഹായിയായിരുന്നു. അദ്ദേഹം അക്കദിയാക്കോന്റെ കൂടെത്തന്നെയാണു് സാധാരണ താമസിച്ചിരുന്നതു്. പോർട്ടുഗീസ് വംശ്യനും അക്കദിയാക്കോനിൽ നിന്നു ഗ്രൂപ്പട്ടം സ്വീകരിച്ചു് കത്തനാർ എന്ന നിലയിൽ കുമ്പാനച്ചൊല്ലിവന്നയാളുമായ ഒരു ദിയസ് (Dias) അക്കദിയാക്കോന്റെ പ്രത്യേക സഹായികളിൽ ഒരാളും അദ്ദേഹത്തിന്റെ വ്യാഖ്യാതാവുമായ

രുന്നു. ഗാർസ്യാ മെത്രാപ്പോലീത്താ ആക്കാലത്തു് കൊച്ചിയിലാണു താമസിച്ചിരുന്നതു്. കൊച്ചിയിൽ മട്ടാഞ്ചേരിക്കുടാതെ, കോട്ടയ്ക്കു സമീപിച്ചു് തോമ്മാശ്ലീഹായുടെ നാമത്തിൽ പണിയിക്കപ്പെട്ട വേറൊരു പള്ളിയും സുറിയാനിക്കാരുടെ വകയായി ആക്കാലത്തുണ്ടായിരുന്നു. മലയാളത്തിലേക്കു് അയക്കപ്പെട്ട കമ്മലീത്താക്കാരിൽ ജോസഫ് മറിയ, അഥവാ ജോസഫ് സെബസ്ത്യാനി, വി. സിംഹാസനത്തിലെ "കൊമ്മിസറി" (Commissary Apostolic) ആയി നിയമിക്കപ്പെട്ടിരുന്ന സംഗതി മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണു്.

മാപ്പുപ്പായിൽനിന്നു് പൂർണ്ണാധികാരം ലഭിച്ചിട്ടുള്ള ഒരു സ്ഥാനപതിയേയാണു്. വി. സിംഹാസനത്തിന്റെ "കൊമ്മിസറി" എന്നു പറയുക. കമ്മലീത്താക്കാരുടെ ആഗമനത്തിനു മുമ്പായിത്തന്നെ ഡോമിനിക്കൻ സഭാംഗമായ യോഹന്നാൻ റൻഗോൻ എന്ന ഒരു വൈദികനെ ഗോവയിൽനിന്നു് 'കൊമ്മിസറി'യായി മലയാളത്തിലേക്കു് അയച്ചിരുന്നെങ്കിലും ഗാർസ്യാ മെത്രാപ്പോലീത്തായെ സന്ദർശിച്ചശേഷം മാത്രം അക്കിടിയാക്കോനെ കാണുവാൻ പുറപ്പെട്ടതുകൊണ്ടു് അദ്ദേഹത്തിനു സന്ദർശനാവസരം അനുവദിക്കപ്പെട്ടില്ല. അതിൽപ്പിന്നെ മതപരിശോധക സംഘത്തിന്റെ 'കൊമ്മിസറി' (Commissary of the Inquisition) ആയി നിയമിക്കപ്പെട്ട യോഹന്നാൻ ദെ ലിസ്ബൻ എന്ന വേറൊരു ഡോമിനിക്കൻ വൈദികനു് അക്കിടിയാക്കോനെക്കണ്ടു സംസാരിക്കാൻ ഇടവന്നു; എന്നാൽ പുന്നൈക്കായ്ത്തിന്റെ കായ്ത്തിൽ യാതൊന്നും സാധിക്കാതെ മടങ്ങുകയാണുണ്ടായതു്. അഹത്തല്ലാ മെത്രാൻ പാതിയക്കീസായിരുന്നെന്നും മാപ്പുപ്പായിൽനിന്നു് അദ്ദേഹത്തിനു അധികാരം സിദ്ധിച്ചിരുന്നെന്നുമായിരുന്നു നസ്രാണികളുടെ വിശ്വാസം. അതിനാൽ അദ്ദേഹത്തെ നാടുകടത്തിയ പോർട്ടുഗീസുകാരുടെപേരിൽ അവർക്കു് സീമാതീതമായ വിരസം ഉണ്ടാവിച്ചു. അതിനിടയ്ക്കു കൊച്ചിയിലെ പോർട്ടുഗീസ് ഗവർണർ ഒരിക്കൽ തെരുവിൽക്കൂടി സവാരിചെയ്യുമ്പോൾ ജനങ്ങൾ നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിന്റെനേരെ കല്ലെറിയുണ്ടായി. ഇങ്ങനെയുള്ള ഒരുകാലാവസ്ഥയിലാണു് ഗാർസ്യാ മെത്രാപ്പോലീത്താ അക്കിടിയാക്കോനു് മഹരോൻശിക്ഷ പ്രഖ്യാപനംചെയ്തതും അദ്ദേഹത്തിനുപകരം വേറൊരു വൈദികനെ അക്കിടിയക്കോനായി നിയമിക്കയും ചെയ്തതു്. ജനക്ഷോഭം ഉണ്ടാകുമെന്നുള്ള ഭയം നിമിത്തം മഹരോൻ കൊച്ചിയിലല്ലാതെ മറ്റു പള്ളികളിൽ പരസ്യംചെയ്തില്ല. അങ്കമാലി മെത്രാസനം വകയായി കൊച്ചിയിലുണ്ടായിരുന്ന ഒരു മന്ദിരത്തിലാണു് ഗാർസ്യാ മെത്രാപ്പോലീത്താ ആ അവസരത്തിൽ താമസിച്ചിരുന്നതു്. പുതിയ അക്കിടിയാക്കോനും അദ്ദേഹത്തോടൊരുമിച്ചുതന്നെ പാർത്തിരുന്നു.

യെശുസ്സൂ മുതലായ കമ്മലീത്താക്കാർ സന്ദർശനത്തെ ഫെബ്രുവരി ൨൨-൦തീയതി ഇടപ്പള്ളിയിൽ എത്തി, അർക്കിടിയാക്കോനെ കാണുന്നതിനു ആവശ്യപ്പെട്ടു. തമ്മിൽക്കാണുന്നതിനു് അദ്ദേഹം ഇടക്കൊ

ട്ടുക്കാഞ്ഞതിനാൽ തങ്ങളുടെ ആഗമനത്തെ സംബന്ധിച്ചുള്ള സംഗതിക്കളെല്ലാം മറ്റുള്ളകൾമൂലം അവർ അക്കിദിയാക്കോനെ അറിയിച്ചു. അപ്പോൾ അക്കിദിയാക്കോൻ തന്റെ സഹോദരനായ കത്തനാരേയും മറ്റു ചില കത്തനാർമാരേയും അവരുടെ അടുക്കലേക്ക് അയക്കുകയുണ്ടായി. മാർ അഹത്തല്ലാ മാപ്പ്രപ്പായിൽനിന്നു കിട്ടിയ അധികാരത്തോടുകൂടിവന്ന പാത്രിയക്കീസായിരുന്നെന്നും പോർട്ടുഗീസുകാർ അദ്ദേഹത്തെ നാടുകടത്തിയതു് തങ്ങൾക്കു ഒരു സുറിയാനിമെത്രാൻ ഉണ്ടാകരുതെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നെന്നും സുറിയാനിക്കാർക്ക് പൂർണ്ണവിശ്വാസമുണ്ടായിരുന്നു എന്നുള്ള സംഗതി 'കൊമ്മിസറി' യായ ജോസെഫ് സെബസ്ത്യാനി വേണ്ടപോലെ അറിഞ്ഞിരുന്നു. അതിനാൽ അക്കിദിയാക്കോൻ അയച്ചിരുന്ന വൈദികന്മാരെ കണ്ടമാത്രയിൽ അദ്ദേഹം ഒന്നാമതായി പ്രസ്താവിച്ചതു് പാത്രിയക്കീസ് (അഹത്തല്ലാ) വ്യാജമായി വന്ന ഒരാൾ ആയിരുന്നു എന്നാണ്. മതഭിന്നതയെ പരിത്യജിച്ചു് അക്കിദിയാക്കോനും ജനങ്ങളും പൂർവ്വാവസ്ഥയിൽ ആയിത്തീരുന്നതിനു് അദ്ദേഹം ഉപദേശിച്ചു. റോമ്മയിലെ സ്ഥാലാശ്രമത്തിന്റെ ശ്രേഷ്ഠനു് നസ്രാണികൾ അയച്ച എഴുത്തനുസരിച്ചു് മാപ്പ്രപ്പായിൽനിന്നുള്ള അധികാരത്തോടുകൂടിയാണു് തങ്ങൾ വന്നിരിക്കുന്നതെന്നും അദ്ദേഹം അവരുടെ അടുക്കൽ പറകയുണ്ടായി. ഒരു മെത്രാനായിരിക്കുന്ന അക്കിദിയാക്കോൻ ആ സ്ഥാനത്തെ പരിത്യജിച്ചാൽ അതു് ക്രിസ്തുമതത്തിനുതന്നെ അടുക്കൽ അദ്ദേഹത്തിനു് ആക്ഷേപകരമായിത്തീരുമെന്നായിരുന്നു അതിനു് അവർ പറഞ്ഞ മറുപടി. അങ്ങനെ സംഭവിക്കാതിരിക്കേണ്ടതിനു് വേണ്ട മുൻകരുതലുകളെല്ലാം അന്യമതസ്ഥന്മാരായ രാജാക്കളുടെ അടുക്കൽ പോർട്ടുഗൽ ഗവർമ്മെണ്ടു മുഖേന ചെയ്യിക്കൊള്ളാമെന്നു് ജോസെഫ് സെബസ്ത്യാനി സമാധാനം പറഞ്ഞു. അതിനു അവർ ചെയ്യപ്രത്യുത്തരം അക്കിദിയാക്കോൻ യഥാർത്ഥത്തിൽ മെത്രാൻതന്നെയാണെന്നും അദ്ദേഹം ആ സ്ഥാനം ഉപേക്ഷിക്കുന്നതു നിയമവിരുദ്ധമാണെന്നുമാണു്. ഇതിനെ സ്ഥാപിക്കേണ്ടതിനായി അവർ കൊണ്ടുവന്ന ന്യായങ്ങൾ, (൧) കാർഡിനൽമാർക്കൂടി മാപ്പ്രപ്പായെ തെരഞ്ഞെടുക്കുന്ന സംഗതിയും, (൨) ആദിമശതാബ്ദങ്ങളിൽ മെത്രാന്മാരുടെ തെരിഞ്ഞെടുപ്പിൽ ലൌകികന്മാരുംകൂടി ഉൾപ്പെട്ടിരുന്നെന്നുള്ള വസ്തുതയും, (൩) പാത്രിയക്കീസിൽനിന്നു കിട്ടിയ അധികാരം പ്രയോഗിച്ചു് പന്ത്രണ്ടു വൈദികന്മാർ ചേർന്നു് അക്കിദിയാക്കോനെ അഭിഷേചിച്ചു മെത്രാനാക്കിയിരിക്കുന്നെന്നുള്ളതും തന്നെ. ഈ യുക്തികളെ ഖണ്ഡിച്ചു് 'കൊമ്മിസറി' പറഞ്ഞ സമാധാനം. (൧) കാർഡിനൽമാർക്കൂടി മാപ്പ്രപ്പായെ തെരിഞ്ഞെടുക്കുന്നതല്ലാതെ അവർ അദ്ദേഹത്തിനു് പട്ടംകൊടുക്കുന്നില്ലെന്നും, (൨) പൂർവ്വകാലങ്ങളിൽ മെത്രാനെ തെരിഞ്ഞെടുക്കുന്ന യോഗങ്ങളിൽ ലൌകികന്മാരും ഉൾപ്പെട്ടിരുന്നെങ്കിലും മെത്രാന്മാർ മാത്രമല്ലാതെ ലൌകികന്മാർ അദ്ദേഹത്തെ അഭിഷേചിച്ചിരുന്നില്ലെന്നും (൩) പാത്രിയക്കീസ് അനുവദിച്ചു എന്നതന്നെയിരുന്നാലും വൈദികന്മാക്ക് ഒരുത്ത

നെ അഭിഷേകംചെയ്ത് മെത്രാനാക്കുവാൻ അധികാരമില്ലെന്നും, ഇങ്ങനെ ഒരു അനുമതി നൽകുന്നതിന് മാപ്പ്രപ്പായ്ക്കുകൂടിയും അധികാരമില്ലാത്തതും മാപ്പ്രപ്പായ്ക്ക് ഇല്ലാത്ത ഒരധികാരം പാത്രിയക്കീസിനുണ്ടാവാൻ അവകാശമില്ലാത്തതുമാണെന്നുമായിരുന്നു. ഈ സംഭാഷണം അവസാനിച്ചശേഷം അക്കിടിയാക്കോന്റെ ആളുകൾ പോയി വിവരമെല്ലാം അദ്ദേഹത്തെ അറിയിച്ചു. സെബസ്ത്യാനിയേയും മറും കാണുന്നതിന് അദ്ദേഹം അപ്പൊഴും ഒരുമ്പെട്ടില്ല. ഇട്ടിത്തൊമ്മൻ കത്തനാർ ആ ദിവസങ്ങളിൽ അവിടെ ഇല്ലാതിരുന്നതുകൊണ്ട് കായ്യാലോചനയ്ക്കായി അക്കിടിയാക്കോൻ അദ്ദേഹത്തെ വരുത്തി. അദ്ദേഹം വന്നയുടനെ മഹാവണക്കത്തോടും എന്തുതന്നെയും ചെയ്വാൻ സന്നദ്ധനെന്ന ഭാവത്തിലും പാദരക്ഷയില്ലാതേയും 'കൊമ്മിസറി'യുടെ അടുക്കൽചെന്നു മുട്ടുകുത്തി അദ്ദേഹത്തിന്റെ കൈമുത്തിയശേഷം ഒരക്ഷരംപോലും മിണ്ടാതെ മടങ്ങിപ്പോന്നു. മാപ്പ്രപ്പായുടെ 'കൊമ്മിസറി' എന്ന നിലയിൽ സെബസ്ത്യാനിയെ സ്വീകരിക്കുന്നതു തന്റെ സ്ഥാനത്തിനു ഭംഗമാണെന്നു നിശ്ചയിച്ച് അദ്ദേഹത്തെ കാണുന്നതിനു അക്കിടിയാക്കോൻ ഇനിയും മനസ്സായില്ല.

ഇങ്ങനെ ഒരാഴ്ചകഴിഞ്ഞിട്ടും തമ്മിൽക്കാണുന്ന കായ്യത്തിൽ അക്കിടിയാക്കോൻ വളരെ അലസത ഭാവിക്കുന്നെന്ന് 'കൊമ്മിസറി' കണ്ട് അദ്ദേഹം പാത്തിരുന്ന (മാർ ഗീവറുഗീസ് സഹദായുടെ) പള്ളിമേടയിൽ ചെന്നു കാണുന്നതിനുതന്നെ തീർച്ചയാക്കി വിവരം അദ്ദേഹത്തെ അറിയിച്ചു. അക്കിടിയാക്കോൻ അനവധി യോദ്ധാക്കളുടേയും ഒട്ടുവളരെ വൈദികന്മാരുടേയും അകമ്പടിയോടുകൂടിയും ഇരുന്നുകൊണ്ട് 'കൊമ്മിസറി'യെ സ്വീകരിച്ചു. സാധാരണ സംഗതികളെപ്പറ്റിയല്ലാതെ ഉദ്ദിഷ്ടകായ്യം സംബന്ധിച്ച് അക്കിടിയാക്കോൻ യാതൊന്നും സംസാരിക്കയുണ്ടായില്ല. ഒടുവിൽ യാത്രപറഞ്ഞപ്പോൾ 'കൊമ്മിസറി' നാലുവൈദികന്മാരുടെ സാന്നിധ്യത്തിൽവച്ച് അക്കിടിയാക്കോന്റെ കൈപിടിച്ചുകൊണ്ട് അദ്ദേഹത്തെ ആശ്ലേഷിക്കയും തനിച്ചു ചില കായ്യങ്ങൾ പറയേണ്ടതിനായി ഒരു മുറിയിലേക്ക് അദ്ദേഹത്തെ കൊണ്ടുപോകയും ചെയ്തു. (മാർ അഹത്തല്ലാ) പാത്രിയക്കീസ് വ്യാജമായി വന്നിരുന്ന ആളാണെന്നും ആകായ്യം മലങ്കരയിലെല്ലാം പ്രസിദ്ധമാക്കുവാൻ താൻ ഒരുങ്ങിയിരിക്കുന്നെന്നും അക്കിടിയാക്കോന്റെയും അദ്ദേഹത്തിന്റെ ജനങ്ങളുടേയും നിത്യരക്ഷയെ ഉദ്ദേശിച്ചാണ് താൻ അയക്കപ്പെട്ടിരിക്കുന്നതെന്നും അതിനാൽ ഇരുവരുടെ ആത്മാക്കളുടെ നിത്യരക്ഷയെപ്പറ്റി അദ്ദേഹം ആലോചിക്കേണ്ടതാണെന്നും, അതിനായും വിശിഷ്യ അക്കിടിയാക്കോന്റെ നന്മയെ ഉദ്ദേശിച്ചും ആവശ്യപ്പെടുന്നവയെല്ലാം ചെയ്യുന്നതിന് താൻ സന്നദ്ധനായിരിക്കുന്നെന്നും സെബസ്ത്യാനി ആ അവസരത്തിൽ പ്രസ്താവിച്ചു. തിരുവെഴുത്തുകളൊക്കെയും തന്റെപക്കൽ ഏല്പിക്കുന്നപക്ഷം അവയെ സൂക്ഷിച്ചുകൊള്ളാമെന്നും 'കൊമ്മിസറി' തൽക്കാലം കൊച്ചിയിൽപോയി താമസിക്കുണമെന്നും അക്കിടിയാക്കോൻ അപ്പോൾ പറഞ്ഞെങ്കിലും

അദ്ദേഹം തന്നെ സംബന്ധിക്കുന്നവയെല്ലാം താൻതന്നെ സൂക്ഷിച്ചുകൊള്ളാമെന്നു പറഞ്ഞുകൊണ്ട് അക്കിയാക്കോനുള്ള രണ്ടു ഏഴുത്തുകൾ മാത്രം അയാളുടെപക്കൽ കൊടുത്തു. അവയിൽ ഒന്ന് മാർപ്പാപ്പായുടേതും മറ്റത് പ്രോപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കാർഡിനൽ കപ്രോനിയുടേതും ആയിരുന്നു. മാർപ്പാപ്പായുടെ തിരുവെഴുത്തിലെ സംഗതികൾ ൧—ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതാണ്. ക്രിസ്തുദേവ ഡിസംബർ ൨൮—ാംതീയതിലേതാണ് കാർഡിനൽ കപ്രോനിയുടെ ഏഴുത്ത്. അതിലെ കാര്യസാരം:— വി. സിംഹാസനത്തിന്റേയും പ്രോപ്പഗാന്ത തിരുസംഘത്തിന്റേയുംപേരിൽ അക്കിയാക്കോനു ഭക്തിയും വിശ്വാസവുമുണ്ടെന്നു അറിവുള്ളതിനാൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജനങ്ങൾക്കും അത്യധികം വിശ്വാസമുള്ള കമ്മലീത്താസഭയിലെ ജോസെഫ് സെബസ്ത്യാനിയേയും മറ്റും ഏഴാമത്തെ അലക്സാണ്ടർ മാർപ്പാപ്പായുടെ ആജ്ഞാനുസാരം അയക്കുന്നെന്നും ആവശ്യമെന്നതോന്നുന്ന കാര്യങ്ങളെല്ലാം അദ്ദേഹത്തോട് വിശ്വാസപൂർവ്വം പറയാമെന്നും അദ്ദേഹം അവയെ റോമ്മയിൽ ബോധിപ്പിച്ചു സാധിച്ചതരുമെന്നുമായിരുന്നു.

സെബസ്ത്യാനി അക്കിയാക്കോന്റെ അടുക്കൽനിന്നു മടങ്ങിയശേഷം ഗാർസ്യാ മെത്രാപ്പോലീത്തായ്ക്കും കൊച്ചിയിലെ 'കപ്പിത്തുലും' സംഘത്തിനുമായുള്ള തിരുവെഴുത്തുകളെ തന്റെ സഹചരന്മാരിൽ ഒരാൾവശം കൊച്ചിയിലേക്കു അയച്ചു. "കൊമ്മിസറി" മുതലായവർ റോമ്മയിൽനിന്നും പുറപ്പെട്ടനസമയം അവരോടു ചില പ്രത്യേക സംഗതികൾ ഉപദേശിച്ചിട്ടുണ്ടായിരുന്നു. മലയാളത്തിലെ കാര്യങ്ങൾ സംബന്ധിച്ച് അവർ ഒരുകക്ഷിയോടും ചേർന്നിൽക്കരുതെന്നുള്ളതായിരുന്നു അവയിൽ ഒന്ന്. അക്കിയാക്കോനേയും അദ്ദേഹത്തിന്റെ ജനസഞ്ചയത്തേയും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ കീഴിൽ വീണ്ടും സ്ഥാപിക്കണമെന്നും അദ്ദേഹത്തിനു കീഴ്പ്പെടുവാൻ അവക്ക് സമ്മതമില്ലാത്തപക്ഷം വി. സിംഹാസനത്തിന്റെ നേരിട്ടുള്ള അധികാരത്തിൽ അവരെ സ്വീകരിക്കണമെന്നുമായിരുന്നു വേറൊരു ഉപദേശം.

൫൦. മാർപ്പാപ്പായുടെ തിരുവെഴുത്തുകളെപ്പറ്റി ജനങ്ങൾ അറിവാനിടയായാൽ അത് തനിക്കു ദോഷമായി പരണമിക്കുമെന്ന് അക്കിയാക്കോൻ ആലോചിച്ച് അതുകളെ ഏട്ടപ്പിക്കുന്നതിനായി, ക്രടിക്കാര്യ കഴിഞ്ഞയുടനെ ചില രാജാധികാരികളെ ഏല്പ്പെടുത്തിക്കൊണ്ട് അദ്ദേഹം ഏറെത്താമസിയാതെ പള്ളിപ്പുറത്തേക്കുപോയി. അക്കിയാക്കോനിൽനിന്ന് പൌരോഹിത്യം സ്വീകരിച്ചിരുന്നവരെങ്കിലും സത്യസന്ധന്മാരായിരുന്ന രണ്ടു വൈദികന്മാർ ഈ ദുരാലോചന അറിഞ്ഞ് ജോസെഫ് സെബസ്ത്യാനിയുടെ അടുക്കൽ ശ്രദ്ധമായിച്ചെന്ന് കാര്യസ്ഥിതി അദ്ദേഹത്തെ ധരിപ്പിക്കയും, അന്നു രാത്രിയിൽ തന്നെ അദ്ദേഹം സ്ഥലം വിട്ടുപോകാതിരുന്നാൽ തിരുവെഴുത്തുകൾ നഷ്ടപ്പെട്ടുപോകുമെന്ന് അറിയിക്കയുംചെയ്തു. അതിനാൽ സെബസ്ത്യാനി

ആ രാത്രിയിൽത്തന്നെ കുറവിലങ്ങാട്ടേക്കു പുറപ്പെട്ടു. അതിലേക്കു വേണ്ട സഹായങ്ങൾ ആ രണ്ടു വൈദികന്മാർ അദ്ദേഹത്തിനു ചെയ്തുമുണ്ടായി. കടവിൽ ചാണ്ടിക്കുഞ്ഞനാരോട്ടുകുടി 'ശിശു'ഭാഗം ഉപേക്ഷിച്ച പള്ളിപീടികയിൽ ചാണ്ടിക്കുഞ്ഞനാർ ആയിരുന്ന കുറവിലങ്ങാട്ടു പള്ളിയിലെ വികാരി. അന്നു് തിരുവുത്തരീയം ധരിച്ചവരായി ഉദ്ദേശം അയ്യായിരം ആളുകൾ ആ ഇടവകയിൽ ഉണ്ടായിരുന്നു. 'കൊമ്മിസറി'യായ ജോസെഫ് സെബസ്ത്യാനി അവരേക്കണ്ടു് വളരെ സന്തോഷിക്കയും തൻറെപക്കൽ ഉണ്ടായിരുന്ന ഒട്ടുവളരെ തിരുവുത്തരീയം അവർക്കായി ദാനംചെയ്കയുംചെയ്തു. അവരിൽ ചിലരെല്ലാം അക്കിടിയാക്കോൻറെ സംബന്ധികളും വീട്ടുകാരുമായിരുന്നു. ഉലഞ്ഞാട്ടുവച്ചു് അക്കിടിയാക്കോനെ മെത്രാനാക്കി സ്ഥാപിച്ചശേഷം പള്ളികളിലെല്ലാം ചില പ്രത്യേക ചട്ടംകെട്ടുകൾ ചെയ്യാതിരുന്നില്ല. (മാർ അഹത്തല്ലാ) പാതിയക്കീസിനോ അക്കിടിയാക്കോനോ വിരോധമായി യാതൊരുത്തനും യാതൊന്നും പറയരുതെന്നും അതിനു പ്രതിക്രിയ പ്രവർത്തിപ്പാൻ ആരെങ്കിലും തുനിയുന്നപക്ഷം അവനെ ദേവാലയവിരോധം ചെയ്യണമെന്നും നിശ്ചയിക്കയും അതിനെ എല്ലായിടത്തും നടത്തുകയും ചെയ്തായിരുന്ന അവയിൽ പ്രധാനമായ ഒന്നു്. 'ശിശു'യെ പരിത്യജിച്ചവരായി ഒട്ടുവളരെപ്പേർ പല പള്ളികളിലും ഉണ്ടായിരുന്നെങ്കിലും (ല ഒ) അവർക്കു സ്വന്തമായി ദേവാലയങ്ങൾ വളരെ കുറവായിരുന്നു. അക്കിടിയാക്കോൻറെ 'ശിശു'ഭാഗമാണു് ശക്തിയിൽ അതിക്രമിച്ചിരുന്നതു്. കുറവിലങ്ങാട്ടുപള്ളിയിലെ ജനങ്ങളിലും ഇരുഭാഗക്കാരും ഉൾപ്പെട്ടിരുന്നു. 'കൊമ്മിസറി'യുടെ ഭാഗത്തിലാണു് 'ശിശു'യുപേക്ഷിച്ച ജനങ്ങളെല്ലാം ചേർന്നുനിന്നിരുന്നതു്.

മേല്പറഞ്ഞ നിശ്ചയങ്ങൾ നിമിത്തം 'ശിശു'ക്കെതിരായി പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യുന്നസംഗതിയിൽ "കൊമ്മിസറി"ക്കു സാമാന്യമല്ലാത്ത ബുദ്ധിമുട്ടുകൾ നേരിട്ടു. തന്നിമിത്തം വേണ്ടവിധം പയ്യാലോചിച്ചശേഷം "ശിശു"യിൽ ചേർന്നവർക്കു അതിൽ ചേരാതെനിന്നവർക്കുമായി മാപ്പുപ്പാതന്നെ ഏർപ്പിച്ചിരുന്ന തിരുവെഴുത്തുകൾ കുറവിലങ്ങാട്ടും അയൽപ്പള്ളികളിലും പ്രസിദ്ധീകരിച്ചു. ഈ പ്രസിദ്ധീകരണംമൂലം അദ്ദേഹത്തിനു വളരെ ജനസാധിനമുണ്ടാവാനിടയായി. പലരേയും കണ്ടുപറയുകയും പള്ളിക്കാരുടെ ഒരുയോഗം വിളിച്ചു കൂട്ടുന്നതിനു അക്കിടിയാക്കോനെ ഉത്സാഹിപ്പിക്കുവാൻ അവരോടുപദേശിക്കയും ചെയ്തു. അദ്ദേഹത്തിൻറെ ഉപദേശം അനുസരിച്ചു, അടുത്ത പെസഹായുടെ അവധിക്കു സൈത്തു ക്രൂശാശചെയ്കയും പട്ടം കൊടുക്കുകയും ചെയ്യരുതെന്നു് അവർ അക്കിടിയാക്കോനെ അറിയിച്ച പ്രകാരം അദ്ദേഹം സമ്മതിക്കയും പെസഹാ കഴിഞ്ഞ എട്ടാം നാൾ പള്ളിക്കാരുടെ സംഘം കൂട്ടാമെന്നു അറിയിക്കുന്നതും മുന്നു വൈദികന്മാരുടെ കൈയ്യൊപ്പോടുകൂടിയതുമായ ഒരെഴുത്തു 'കൊമ്മിസറി'ക്കു് അയക്കയുമുണ്ടായി. എങ്കിലും അക്കിടിയാക്കോൻ എഴുത്തിനു വിരോധമായി പിന്നീടു സൈത്തു ക്രൂശാശ ചെയ്കയും പട്ടം കൊടുക്ക

യും സംഘം ക്ലേശിതിരിക്കയുമാണ് ചെയ്തത്. അതുമല്ല 'കൊമ്മിസറി' യെ അധിക്ഷേപിക്കുന്നതും ഇല്ലാത്ത കുറ്റങ്ങളെ അദ്ദേഹത്തിന്റെ മേൽ ആരോപിക്കുന്നതുമായ ഒരു പരസ്യം എഴുപതിലധികം പള്ളികളിൽ പ്രസിദ്ധീകരിക്കുകകൂടി ചെയ്തു. ഇപ്പോൾ ഇവിടെ വന്നിരിക്കുന്ന ഈ കമ്മീഷണർമാരെ വിശ്വസിക്കുവാൻ പാടില്ല. 'കൊമ്മിസറി' എന്നു പറയുന്നതായാൽ കമ്മീഷണർമാരുടെ ഉദ്യോഗസ്ഥനും ദേശസഞ്ചാരിയുമായ ഒരു പൌലീസുകാരനാണ്. കളവായ സാക്ഷിപത്രത്തോടുകൂടി ഗോവയിൽനിന്നു വന്നിരിക്കുന്ന ആ മനുഷ്യൻ ഇടപ്പള്ളിപ്പള്ളിയിലെ മാർ ഗീവറുഗീസു് സഹദായുടെ നിക്ഷേപപ്പെട്ടി മുതലായവ എടുത്തുകൊണ്ടുപൊയ്ക്കളഞ്ഞു. 'പോർട്ടുഗീസുകാർ ബലപ്രയോഗംകൊണ്ടു നമ്മെ ഭരിച്ചിട്ടുള്ളതിനാൽ നാം അവരോടു ചേരാതെനിൽക്കണം' എന്നിങ്ങനെയായിരുന്ന ആ പരസ്യത്തിൽ പറയപ്പെട്ടിരുന്ന് സംഗതികളുടെ താല്പര്യം. അക്കിയാക്കോൻ വാക്കുവിട്ട പ്രവർത്തിക്കയും വാസ്തവവിരുദ്ധങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്തതിനാൽ സത്യം ബോധിച്ചിരുന്ന ജനങ്ങൾക്കു അദ്ദേഹത്തിന്റെ പേരിൽ വലുതായ അനുകമ്പ ജനിച്ചു. കടുത്തുരുത്തി (വടക്കൻകൂർ) രാജാവു് സംഗതികളുടെ യഥാസ്ഥിതി മനസ്സിലാക്കിയിരുന്നതുകൊണ്ട് അദ്ദേഹത്തിനു അക്കിയാക്കോന്റെനേരെ വിരോധമുണ്ടായി.

മാപ്പിളപ്പയ്യടെ തിരുവെഴുത്തുകളെ 'കൊമ്മിസറി' പള്ളികളിൽ പ്രസിദ്ധം ചെയ്യുന്നു മുമ്പു പറഞ്ഞുവല്ലൊ. ആ പ്രസിദ്ധീകരണംമൂലം (മുട്ടുചിറ, കടുത്തുരുത്തി, മുട്ടം, ആദിയായ) പല പള്ളിക്കാർ 'കൊമ്മിസറി'യുടെ അടുക്കൽച്ചെന്നു അദ്ദേഹത്തിനു വിധേയരായിസുറിയാനിക്കാരിൽ വളരെപ്പേർ 'ശീശ്മ'ഭാഗം ഉപേക്ഷിക്കുന്നുവിവരം. അറിഞ്ഞു കൊച്ചിയിലെ പോർട്ടുഗീസുകാരും 'കൊമ്മിസറി'യുടെയും ശേഷം കമ്മീഷണർമാരുടെയും പേരിൽ വളരെ ബഹുമാനം ജനിക്കയും പറങ്കികളായ ചില പ്രഭുക്കന്മാരും യോദ്ധാക്കളും 'കൊച്ചിയിലെ മതപരിശോധക സംഘത്തിന്റെ തലയാളും (Commisary of the Inquisition) കുറവിലങ്ങാടു ചെന്നു 'കൊമ്മിസറി'യെക്കണ്ടു് അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തു. ആ ഇടയ്ക്കുതന്നെ കൊച്ചിയിലേയും ആലങ്ങാട്ടേയും രാജാക്കന്മാരുടെ അടുക്കൽ വളരെ സേവാബലമുള്ളവനും ധനാഢ്യനും ചേന്നമംഗലം ഇടവകയിലെ ഒരു പ്രഭുവുമായിരുന്ന ഒരാൾ തന്റെ ചരമദശയിൽ അക്കിയാക്കോനേ ഉപേക്ഷിക്കയും തന്റെ പുത്രന്മാരും തന്നെ അനുകരിച്ചു അദ്ദേഹത്തിന്റെ ഭാഗത്തുനിന്നു മാറുന്നതിനുപദേശിക്കയുമുണ്ടായി. ഇദ്ദേഹം അക്കിയാക്കോന്റെ പ്രധാന മിത്രങ്ങളിൽ ഒരാളും അദ്ദേഹത്തിന്റെ സഹായിയും ആയിരുന്നെങ്കിലും മരണവേളയിൽ, അതുവരെ 'ശീശ്മക്കു' ചെയ്തിരുന്ന സഹായത്തെപ്പറ്റി പശ്ചാത്തപിച്ചു 'കൊമ്മിസറി'ക്കു വഴങ്ങുകയും ഗാർസ്യാ മെത്രാപ്പോലീത്തായിൽനിന്നു പട്ടം സ്വീകരിച്ചിരുന്ന ഒരു കത്തോലിക്കാ വൈദികനെ വരുത്തി അന്തിമകൂദാശകളൊക്കെയും കൈക്കൊള്ളുകയും ചെയ്തു. മാത്രമല്ല, 'കൊമ്മിസറി'യും അദ്ദേഹത്തിന്റെ

സഖാക്കളായ കമ്മലീത്തരും മാപ്പിപ്പായാൽ അയക്കപ്പെട്ടവരാകയാൽ അവർ പറയുന്നതിനേ അനുസരിക്കണമെന്നു മറ്റാളുകളോടു ഉപദേശിക്കയുമുണ്ടായി. ഗാർസ്യാ മെത്രാപ്പോലീത്തായുടെ അടുക്കൽ ആളയച്ചു് അതുവരെ താൻ ചെയ്തുപോയ തെറ്റുകളേയും അന്യന്മാക്കു താൻ പാപാവകാശമായിത്തീർന്നിരിക്കുന്നതിനേയും പറഞ്ഞു ക്ഷമായാചനം ചെയ്കയുംക്കൂടിച്ചെയ്തു.

തന്നെ അറിയിച്ചിരുന്നതുപോലെ സംഘം കൂട്ടുന്നകാര്യത്തിൽ അക്കിയാക്കോൻ അമാന്തിക്കുന്നെന്നു 'കൊമ്മിസറി' കണ്ടു പല വികാരിമാരുമായി ആലോചിച്ചശേഷം, അദ്ദേഹംതന്നെ സംഘം വിളിച്ചുകൂട്ടുവാൻ തീർച്ചയാക്കി. അതിനായി, ക്രന്തൊ—മാണ്ടു് അമ്പതാം തിരുനാളിൽ ഇടപ്പള്ളിപ്പള്ളിയിൽ യോഗം കൂടത്തക്കവണ്ണം പള്ളിക്കാരെല്ലാം ചെന്നുകൊള്ളണമെന്നു പള്ളികളിൽ അറിവുകൊടുത്തു. ഇതറിഞ്ഞ ഇടപ്പള്ളിയിൽ സംഘം കൂടേണ്ടതിനായുള്ള ക്ഷണക്കത്തുകൾ അക്കിയാക്കോനും പള്ളികൾക്കയച്ചു. അക്കിയാക്കോനിൽനിന്നു അസാധുവായി പട്ടം സ്വീകരിച്ചിരുന്നവരെ 'കൊമ്മിസറി' ഇതിനിടെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അടുക്കലയച്ചു പട്ടം ഏല്പിക്കയും അദ്ദേഹത്തിൽ (അക്കിയാക്കോനിൽ) നിന്നു കുമ്പസാരാനുവാദം വാങ്ങുന്നതും അദ്ദേഹം പട്ടം കൊടുത്തിട്ടുള്ള വൈദികന്മാരോടു പാപോച്ചാരണം ചെയ്യുന്നതും അസാധുവാണെന്നു സകലജനങ്ങളെയും അറിയിക്കയും ചെയ്തു.

ക്രി. 'കൊമ്മിസറി' ഉദ്ദേശം മൂന്നുമാസങ്ങളോളം കുറവിലങ്ങാട്ടു താമസിച്ചശേഷം ഇടപ്പള്ളിയിലെ സംഘത്തിനായി പുറപ്പെട്ടു്, ഇടക്കൊച്ചിയിൽ എത്തിയിരിക്കവേ, സംഘത്തിലേക്കുതന്നെ ക്ഷണിക്കുന്നതും മാപ്പിപ്പായുടെ പ്രതിപുരുഷനായി തന്നെ സ്വീകരിച്ചു പ്രസാവിക്കുന്നതുമായ ഒരെഴുത്തു് അക്കിയാക്കോനിൽനിന്നു അദ്ദേഹത്തിനു കിട്ടി. സംഘാരംഭത്തിൽ ചില വൈദികന്മാർ 'കൊമ്മിസറി'യുടെ അടുക്കൽച്ചെന്നു, കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായോടു അദ്ദേഹം ആലോചിക്കുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ പേരിൽ ജനങ്ങൾക്കു പൊതുവായി അതുപുറപ്പെടുന്നെന്നും തന്നിമിത്തം അതിൽനിന്നു അകന്നിരിക്കണമെന്നും വിശ്വാസപൂർവ്വം അറിയിച്ചു. പൊതുയോഗത്തിനു് നിശ്ചയിക്കപ്പെട്ട അമ്പതാം തിരുനാളിനു മുമ്പായിത്തന്നെ, പുനരുത്ഥാനശേഷമുള്ള നാലാംഞായറാഴ്ചയും സപ്താരോഹണത്തിരുനാൾ കഴിഞ്ഞു് ഏതാനും പള്ളിക്കാരുടെ രണ്ടു തനിയോഗങ്ങൾ ഇടപ്പള്ളിയിൽ കൂട്ടുകയുണ്ടായി. അവയിൽ ആദ്യത്തേതിൽ അക്കിയാക്കോനിൽനിന്നു അസാധുവായി പട്ടം സ്വീകരിച്ച ദിയാസു കുർബ്ബാന ചൊല്ലുകയും തദനുസാരം ഇട്ടിത്തൊമ്മൻ കത്തനാർ പ്രസംഗിക്കയും ചെയ്തു. അനന്തരം നിയമാനുസൃതമായി ക്ഷണിക്കപ്പെട്ട പള്ളിക്കാർ 'പന്തക്കുസ്താ'യുടെ (അമ്പതാം തിരുനാളിന്റെ) തലേനാൾ ഇടപ്പള്ളിയിൽ ചെന്നുചേർന്നു.

പുനരുത്ഥാനശേഷമുള്ള ഏഴാമത്തെ ഞായറാഴ്ചയായ പന്തക്കുസ്താദിവസം അക്കിയാക്കോൻ മെത്രാന്റെ നിലയിൽ സംഘത്തിൽസംബ

സ്ഥിച്ചു. അന്നു 'കൊമ്മിസറി'യും സന്നിഹിതനായിരുന്നു. എന്നാൽ പിറേദിവസം മുതൽ അദ്ദേഹം 'കൊമ്മിസറി' സംഘത്തിൽ ഹാജരാകാതെ പള്ളിമേടയിൽ പാർത്തതേയുള്ളു. അതിനാൽ ആലോചനയുടെ വിവരങ്ങളെല്ലാം യോഗാംഗങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ പ്രതിദിനം ചെന്നറിയിച്ചിരുന്നു. സംഘത്താൽ നിശ്ചയിക്കപ്പെട്ട നാലു വൈദികന്മാരാണ് എല്ലാവരുടെയും പേക്കു സംഗതികൾ ആലോചിച്ചു തീർച്ചപ്പെടുത്തിയിരുന്നത്. ഒടുവിൽ ചെയ്യുന്ന നിശ്ചയങ്ങളെ ഇട്ടിത്തൊമ്മൻകത്തനാർ സംഘാംഗങ്ങൾ എല്ലാവരുടെയുംപേക്കു 'കൊമ്മിസറി'യെ അറിയിച്ചു. കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്ന് അവരെ വിമുക്തരാക്കണമെന്നുള്ളതായിരുന്ന അവയിൽ ഒന്നാമത്തേത്. പൌലീസുർ തങ്ങളുടെ ഇടയിൽ അങ്ങുമിങ്ങും ചുറ്റിസഞ്ചരിച്ചുവരുന്നതിനെ നിറുത്തൽ ചെയ്യണമെന്നായിരുന്ന രണ്ടാമത്തെ സംഗതി. മൂന്നാമത്തേത് അക്കുദിയാക്കോനെ അഭിഷേചിച്ചു തങ്ങളുടെ മെത്രാനായി നിയമിച്ചുകൊടുക്കണമെന്നതത്രെ. ഈ മൂന്നു കാര്യങ്ങളും സാധിച്ചുകൊടുക്കുന്നപക്ഷം മലങ്കരയിലെ സകല പള്ളികളിലും അദ്ദേഹത്തെ വി. സിംഹാസനത്തിലെ 'കൊമ്മിസറി'യായി ജയഘോഷത്തോടും സന്തോഷത്തോടുംകൂടി സ്വീകരിച്ചുകൊള്ളാമെന്നറിയിച്ചു. പൌലീസുരെ, അവരുടെ സൽഗുണങ്ങളും അവർ ചെയ്യുവന്നിരുന്ന ഉപകാരങ്ങളും കൊണ്ട് ആദരിക്കുന്നതിനു 'കൊമ്മിസറി' ശ്രമിച്ചിട്ടും ജനങ്ങൾക്ക് അവരുടെ പേരിലുണ്ടായിരുന്ന അതൃപ്തി മാറാതിരുന്നതു കണ്ട് കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്താ സേവരാപൂവ്വം ഉദ്യോഗം രാജിവെക്കുന്നതാണെന്നു ഒന്നാമത്തെ സംഗതിക്കു അവരോട് മറുപടി പറഞ്ഞു. പൌലീസുർ മേലിൽ വിളിക്കപ്പെടാതെ പള്ളികളിൽ ചുറ്റിസ്സഞ്ചരിക്കയില്ലെന്നായിരുന്ന രണ്ടാമത്തെ അപേക്ഷക്കു 'കൊമ്മിസറി' പറഞ്ഞ പ്രത്യുത്തരം. അക്കുദിയാക്കോനെ തങ്ങളുടെ മെത്രാനായി നിയമിച്ചു കിട്ടണമെന്നാണല്ലോ മൂന്നാമത്തെ അപേക്ഷ. ആലോചനാദിവസങ്ങളിൽ പലരും പലപ്പോഴും ഈ സംഗതി കൊമ്മിസറിയുടെ അടുക്കൽ അറിയിക്കയുണ്ടായിട്ടുണ്ട്. "അക്കുദിയാക്കോൻ സഭയെ സ്വീകരിച്ചിരുന്ന മെത്രാൻപദം ഉപേക്ഷിക്കട്ടെ" എന്നായിരുന്നു അപ്പോഴെല്ലാം അദ്ദേഹം പറഞ്ഞിരുന്ന സമാധാനം. പരസ്യമായി സ്ഥാനത്യാഗം ചെയ്യുന്നതു അക്കുദിയാക്കോനു അവമാനകരമാണെന്നും അദ്ദേഹത്തിന്റെ ഇഷ്ടജനങ്ങളിൽ രണ്ടോ മൂന്നോ പേരുടെ സമക്ഷം ആ സ്ഥാനം ഉപേക്ഷിക്കുന്നതാണെന്നും 'ശീശ്മ'ഭാഗത്തിൽപ്പെട്ട ചിലരെല്ലാം കൊമ്മിസറിയുടെ അടുക്കൽ അറിയിച്ചിരുന്നു. അതിനു പരസ്യമായി ജനങ്ങൾക്കു കാണിച്ച ഉമ്മാതുകയെ പരസ്യമായിത്തന്നെ പരിഹരിക്കേണ്ടതാണെന്നും ന്യായസ്വതമായ അധികാരത്തോടു വരോധിക്കുന്ന ഒരുത്തനെ ആ സ്ഥിതിയിൽത്തന്നെ ന്യായാധികാരത്തിൽ സ്ഥിരപ്പെടുത്തുന്നതു അന്യായ പ്രവൃത്തികളെ അംഗീകരിക്കുകതിന്നുമായകയാൽ അങ്ങിനെ ചെയ്വാൻ നിവൃത്തിയില്ലെന്നും 'കൊമ്മി

സ്റി' പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിരുന്നു. ഇങ്ങിനെ രഹസ്യാലോചനകൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് മേൽപ്രസ്താവിച്ചതുപോലെ മൂന്നു കായ്ങ്ങൾ സാധിച്ചുകൊടുക്കണമെന്നു സംഘാംഗങ്ങൾ കൂട്ടമായി 'കൊമ്മിസറി'യുടെ അടുക്കൽ ചെന്നപേക്ഷിച്ചത്.

ഈ മൂന്നാമത്തെക്കായ്യം സാധിക്കുക അശക്യമാണെന്നും സഭയെ മെത്രാപ്പോലീത്തായോടു മത്സരിച്ച് മെത്രാന്റെ അധികാരം സഭയിൽ സ്ഥിരപ്പെടുത്തുകയാണെന്നും അതിനു ഒരു വിധത്തിലും സമ്മതിക്കുകയില്ലെന്നും 'കൊമ്മിസറി' അറിയിച്ചു. അപ്പോൾ ഇട്ടിത്തൊമ്മൻ കത്തനാർ, ഇതു സാധിച്ചുതരുവാൻ പാടില്ലെങ്കിൽ 'കൊമ്മിസറി'യും കൂട്ടരും വന്നിടത്തേക്കുതന്നെ പൊയ്ക്കോൾകേവേണ്ടു എന്നും മറ്റും വളരെ ഗർവ്വോടുകൂടി സംസാരിക്കയും, 'കൊമ്മിസറി'യേയും റോമ്മാക്കച്ചേരിയേയും അതിലെ അധികാരികളേയുംകുറിച്ചു വളരെ ചീത്തവാക്കുകൾ പറകയും ചെയ്തു. അപ്പോഴത്തെ ബഹളം ഇന്നവിധമെന്നു പറയാനില്ല. 'ശീശ്മ'കക്ഷികളെല്ലാം ഇട്ടിത്തൊമ്മൻ കത്തനാരോടു ചേർന്നുകൊണ്ടു പരുഷവാക്കുകളെ വർഷിച്ചുതുടങ്ങി. സംഘത്തിലെ ഭൂരിപക്ഷം ആളുകൾ ശീശ്മഭാഗത്തിൽ ഉൾപ്പെട്ടവരായിരുന്നു. 'ശീശ്മ'യിൽ ചേരാതെ നിന്നവർക്ക് 'കൊമ്മിസറി' പറഞ്ഞതിന്റെ ന്യായസഭാവം ബോധപ്പെടാതിരുന്നില്ല. ഇട്ടിത്തൊമ്മൻ കത്തനാരുടേയും അദ്ദേഹത്തിന്റെ പക്ഷക്കാരുടേയും ബഹളം ഒതുങ്ങിയപ്പോൾ 'കൊമ്മിസറി' വളരെ ദുഃഖമുഖത്തോടുകൂടിയും കണ്ണുനീർ ചിന്തിക്കൊണ്ടും സംഘക്കാരുടെ സന്നിധിയിൽ മുട്ടുകുത്തി, ശാന്തതയോടുകൂടി വർത്തിക്കണമെന്നും അവർ വിടാതെ നിർബ്ബന്ധപൂർവ്വം പിടിച്ചിരിക്കുന്ന സംഗതിയുടെ ന്യായാന്യായങ്ങളെ വിചാരിച്ചു അതിനെ വിട്ടുപേക്ഷിക്കണമെന്നും ഉപദേശിക്കയും അങ്ങിനെ ചെയ്യുന്നപക്ഷം അവരുടെ അഭീഷ്ടങ്ങളെല്ലാം റോമയിലെ സ്ഥാലയാശ്രമത്തിന്റെ അദ്ധ്യക്ഷൻ മുഖേന സാധിക്കുന്നതും താനും അതിനായി വേണ്ടതെല്ലാം പ്രവൃത്തിക്കുന്നതുമാണെന്നു അവരോടു പറകയും ചെയ്തു. റോമയിലെ സ്ഥാലയാശ്രമത്തിനു വിക് റോറിയാ ആശ്രമം (വിജയാശ്രമം) എന്നുകൂടി പേർ പറയാറുണ്ട്. തുർക്കികളുടെമേൽ പ്രാപിച്ച ഒരു മഹാ വിജയത്തേക്കുറിച്ചുള്ള നന്ദിസൂചകമായി വിജയമാതാവിന്റെ അഭിധാനത്തിൽ ഓസ്ത്രിയാ ചക്രവർത്തികൾ പണിയിച്ചു കർമ്മലീത്താക്കാർക്കു ദാനം ചെയ്തിട്ടുള്ളതാണ് ഈ സ്ഥാപനം. ഇതിന്റെ അദ്ധ്യക്ഷനോടും അദ്ദേഹം മുഖേന മാപ്പാപ്പായോടും ആയിരുന്നു, മലയാളത്തിലേക്കു കർമ്മലീത്തരെ അയക്കണമെന്നു നസ്രാണികൾ എഴുത്തുമൂലം അപേക്ഷിച്ചിരുന്നതു്.

ഇടപ്പള്ളിയിലെ പൊതുയോഗം അശുഭമായിട്ടാണല്ലോ അവസാനിച്ചതു്. എങ്കിലും ആ യോഗത്തിൽവച്ചും അതിനു മുമ്പും അതിൽപ്പിന്നെയും നടന്ന പലേ സംഭവങ്ങൾ മൂലം 'ശീശ്മ'ക്കു ഇടിവു തട്ടുകയും അക്കിടിയാക്കോന്റെ ശക്തി ക്ഷയോന്മുഖമായി ഭവിക്കയും ചെയ്തു. അവയിൽ ഒന്നാമത്തെ സംഭവം മേൽ (ല. ൫൦) പറഞ്ഞിട്ടുള്ള

ചേന്നമംഗലത്തുകാരനായ പ്രഭുവിന്റെ മാനസാന്തരവും അദ്ദേഹം ചരമകാലത്തു മറ്റാളുകളോട് ചെയ്ത ഉപദേശവുമാണ്. വളരെ ജനസമ്പാധിനമുള്ളവനായിരുന്ന അദ്ദേഹത്തിന്റെ ദൃഷ്ടാന്തം പലരും 'ശിശു' ഉപേക്ഷിക്കുന്നതിനു ഒരു കാരണമായിത്തീർന്നു. രണ്ടാമത്തെ സംഭവം അക്കിടിയാക്കോനു മെത്രാൻപട്ടം കൊടുക്കണമെന്നു സംഘമുപക്ഷം ചെയ്ത അപേക്ഷ തന്നെ. അക്കിടിയാക്കോനു മെത്രാൻ പട്ടം ഉണ്ടെന്ന് അതുവരെ വിശ്വസിച്ചിരുന്നവരിൽ ഈ അപേക്ഷ വലുതായ സന്ദേഹത്തെ ജനിപ്പിക്കയും അദ്ദേഹത്തിന്റെ പട്ടത്തിന്റെ സാധുതയെപ്പറ്റിയുള്ള സംശയം തൻമൂലം ശക്തിപ്പെടുകയും ചെയ്തു. ഇടപ്പള്ളിയിലെ സംഘം പിരിഞ്ഞയുടനേ (—ഇട്ടിത്തൊമ്മൻകത്തനാരുടെ ഉൽഭാഷണത്തിന്റെ പിറേറ ദിവസം—) മുട്ടത്തുപള്ളി ഇടവകയിൽപ്പെട്ട വയോവൃദ്ധനായ ഒരു കത്തനാർ 'കൊമ്മിസറി'യുടെ അടുക്കൽച്ചെന്നു "അക്കിടിയാക്കോനു മെത്രാൻ പട്ടം കൊടുക്കണമെന്നു പരസ്യത്തിൽ സകല ജനങ്ങളും കൂടിയിരിക്കെ അപേക്ഷിച്ചതുകൊണ്ട് അദ്ദേഹം മെത്രാൻ അല്ലെന്നു സമ്മതിച്ചിരിക്കുന്നു" എന്നു പറഞ്ഞ് അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. കത്തനാരുടെ ഈ വാക്കുകൾ അന്വർത്ഥമായിത്തീരുകയും മേൽപ്പറഞ്ഞ അപേക്ഷമൂലം പല പള്ളിക്കാർ 'ശീശു'യെ പരിത്യജിക്കയുമുണ്ടായി. ഇട്ടിത്തൊമ്മൻകത്തനാരുടെ അനന്തരവൻ ശമ്മാശിന്റെ മാനസാന്തരമാണു മൂന്നാമത്തെ സംഭവം. പന്ത്രണ്ടു വൈദികന്മാർ ചേന്നു അക്കിടിയാക്കോനെ മെത്രാനാക്കുന്നതിനുള്ള അധികാരം നൽകുന്നതും മാർ അഹത്തല്ലാ അയച്ചുകൊടുത്തതുമായി പ്രസിദ്ധപ്പെടുത്തിയ എഴുത്തു കാരണവൻ ഇട്ടിത്തൊമ്മൻ കത്തനാർ വകഞ്ഞുണ്ടാക്കിയതാണെന്നു മാനസാന്തരപ്പെട്ട ഈ ശമ്മാശു പരസ്യമാക്കി. തന്നിമിത്തം പാത്രിയക്കീസിൽനിന്നു ലഭിച്ചിരുന്ന അധികാരംകൊണ്ടാണ് അക്കിടിയാക്കോനെ അഭിഷേചിച്ചു മെത്രാനാക്കിയിരിക്കുന്നതെന്നു വിശ്വസിച്ചിരുന്ന ജനങ്ങളിൽപലുതായ ക്ഷോഭം ജനിക്കയും അക്കിടിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാക്കും അത്യധികം ലജ്ജയും കുണ്ഠിതവും ഉളവാകയുംചെയ്തു. ഇനി നാലാമത്തെ സംഭവം പറയാം. ഇടപ്പള്ളിയിലെ യോഗത്തിൽവച്ചു അക്കിടിയാക്കോനെ പ്രധാനമായി ആദരിച്ചതു് ആലങ്ങാട്ടുകാരനായ മൊർദ്ദോമ്മാ ഇട്ടിയേരാ എന്നൊരുത്തനും, വരാപ്പുഴത്തെ ഒരു പ്രധാനിയും, വടക്കൻപറവൂർ, കണ്ടനാട്ട, ചാലക്കുടി, കുറുപ്പമ്പടി എന്ന പള്ളിക്കാരുമായിരുന്നു. ഇവർക്കു സംഘം പിരിഞ്ഞ ഉടനേ ചില അപകടങ്ങൾ പറ്റുകയുണ്ടായി. ആലങ്ങാട്ടുകാരൻ സ്വദേശത്തു മടങ്ങിയെത്തീട്ട് ഏറെക്കഴിയുന്നതിനു മുമ്പായി ഒരു വീഴ്ചമൂലം കഠിനമായപരുക്കേറ്റുമരിച്ചു. വരാപ്പുഴക്കാരന്റെയും അയാളുടെ അടുത്ത സംബന്ധികളുടെയും വീടുകൾ അഗ്നിക്കു ആഹാരമായിത്തീർന്നു. ചാലക്കുടി, കുറുപ്പമ്പടി എന്ന പള്ളികൾ അതിനിടയ്ക്കുണ്ടായ വഷ്ടാധിക്യം മൂലം ഇടിഞ്ഞുവീണു നശിച്ചു. കണ്ടനാട്ടുകാരും നായർ ഭടന്മാരും തമ്മിൽ ആ ദിവസങ്ങളിൽ ഒരു വലിയ ശണ്ഠയുണ്ടാകയും

ഭടന്മാർ വളരെപ്പേരെ കൊല്ലുക നിമിത്തം ശേഷിച്ചവർ ഒളിച്ചോടി വളരെ ദിവസങ്ങളോളം പള്ളിയിൽ ശരണം പ്രാപിക്കേണ്ടതായി വന്നുകൂട്ടുകയും ചെയ്തു. പറവൂർ അങ്ങാടിക്കു തീ പിടിച്ചു നസ്രാണികളുടെ പല വീടുകൾ വെന്തു വെണ്ണീറായി.

ഈ കാരണങ്ങൾമൂലം ഇടപ്പള്ളിയിലെ സംഘത്തിനുശേഷം ഇരുപതിൽപ്പരം പള്ളിക്കാർ 'കൊമ്മിസറി'യെ സ്വീകരിച്ച് അദ്ദേഹത്തിനു കീഴ്പ്പെട്ടു. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കുവാൻ എല്ലാ പള്ളിക്കാരോടും 'കൊമ്മിസറി' ഉപദേശിച്ചെങ്കിലും ചുങ്കം, കടുത്തുരുത്തി (വലിയ പള്ളി) കോട്ടയം (വലിയപള്ളി) ഉദയംപേരൂർ എന്നിവയിലെ ജനങ്ങളൊഴികെ മറ്റു യാതൊരുത്തനും അതിനു സമ്മതിച്ചില്ല. (11) അതിനിടക്ക് ഇട്ടിത്തൊമ്മൻ കത്തനാർ കടുത്തുരുത്തി വലിയപള്ളിയിൽ ചെന്ന് താൻ ചെയ്തതൊക്കെയും അബദ്ധമാണെന്നു അറിയിക്കയും 'കൊമ്മിസറി'ക്ക് കീഴ്പ്പെടേണ്ടതാണെന്നുള്ള തന്റെ അഭിപ്രായം പ്രസ്താവിക്കയും അങ്കമാലി, ആലങ്ങാട്ട്, പറവൂർ, ചേന്നമങ്ങലം എന്ന പള്ളിക്കാരെ ഈ അഭിപ്രായം എഴുത്തുമൂലം തെര്യപ്പെടുത്തുകയുമുണ്ടായി. (അദ്ദേഹം അങ്ങിനെ ചെയ്തത് മാർ അഹത്തല്ലായുടേതെന്ന ഭാവത്തിൽ താൻ വ്യാജമായി നിർമ്മിച്ച എഴുത്തിനേപ്പറ്റിയുള്ള സകല രഹസ്യങ്ങളും വെളിക്കായതുകൊണ്ടായിരുന്നു എന്നാണു വിശ്വസിക്കപ്പെട്ടിരിക്കുന്നത്.)

൧൫. ഇടപ്പള്ളിയിലെ സംഘം കഴിഞ്ഞതിൽപ്പിന്നെ മുട്ടം, മട്ടാഞ്ചേരി, ആലങ്ങാട്ട് എന്ന പള്ളികളിൽ പള്ളിക്കാരുടെ ഓരോ സമ്മേളനം നടന്നു. അതുകളിൽ ഏതാനും പള്ളിക്കാർ ചെന്നു ചേരുകയും ചില നിശ്ചയങ്ങളെല്ലാം ചെയ്തുമുണ്ടായെങ്കിലും ശരിയായ ഒരു സംഘത്തിന്റെ നിലയിൽ എല്ലാ പള്ളിക്കാരും സംബന്ധിക്കുകയാവട്ടേ, സാരമായ ഏതെങ്കിലും നടപടികൾ നടത്തുകയാവട്ടേ ഉണ്ടായില്ല. മുട്ടത്തുപള്ളിയിൽ സംഘംകൂടിയതു് ഫന്നുരു സെപ്റ്റംബർ ൧൦-ാംതീയതിയാണു്. അതിനായി ഉദ്ദേശം ഇരുപത്തുനാല് പള്ളിക്കാർ ചെന്നെത്തിയിരുന്നു. അക്കൂടിയാക്കോൻ അതിൽ സംബന്ധിച്ചില്ലെങ്കിലും അതിലെ നിശ്ചയങ്ങളെല്ലാം സ്വീകരിച്ചുകൊള്ളാമെന്നു് അദ്ദേഹം 'കൊമ്മിസറി'ക്ക് എഴുതിയയക്കയും 'കൊമ്മിസറി' ആ എഴുത്തു് സംഘത്തിൽ വായിപ്പിക്കയും ചെയ്തു. മുട്ടത്തു് എല്ലാ പള്ളിക്കാർക്കും ചെന്നുപറ്റുവാൻ സൌകര്യമില്ലാതിരുന്നതുകൊണ്ടു് സംഘം അവിടെനിന്നു മട്ടാഞ്ചേരിലേക്കു മാറുകയാൽ പ്രസ്തുത മാസം ൨൨-ാംതീയതി പള്ളിക്കാരെല്ലാം മട്ടാഞ്ചേരിയിലെത്തി. അവിടെവച്ചു് മാപ്പിപ്പായുടെ തിരുവെഴുത്തുകൾ സകല ജനങ്ങളും കണ്ടു സമ്മതിക്കുക മാത്രമല്ല, റോമയിൽനിന്നു് ഒരു തീരുമാനം ഉണ്ടാകുന്നതുവരെ 'കൊമ്മിസറി'ക്കു് അധീനരായിരുന്നുകൊള്ളാമെന്നു് എല്ലാവരും സമ്മതിച്ചു് സത്യംചെയ്യുകയുമുണ്ടായി. 'ശീശ്മ' പരിത്യജിച്ചവപള്ളിക്കാരെ അവർ ഉൾപ്പെട്ടിരുന്ന 'മഹറോൻ' മുതലായ ശിക്ഷകളിൽ നിന്നു്

കൊമ്മിസറി'വിമുക്തരാക്കി അവരേക്കൊണ്ടു വിശ്വാസസത്യംചെയ്യിച്ചു. പള്ളിക്കാര്‍ക്കു ചെന്നുകൂടുന്നതിന്നു മട്ടാഞ്ചേരിയേക്കാള്‍ കൂടുതല്‍ സൌകര്യമുള്ള സ്ഥലം ആലങ്ങാടാകയാല്‍ സംഘം അവിടേക്കു മാറ്റിവെക്കണമെന്നു അക്കിടിയാക്കോന്‍ 'കൊമ്മിസറി'യെ എഴുത്തുമൂലം അറിയിക്കകൊണ്ടു അങ്ങനെ ചെയ്യാമെന്നു അദ്ദേഹം സമ്മതിച്ചു.. പള്ളിക്കാരും അതിനെ സ്വീകരിച്ചു ആലങ്ങാട്ടു ചെന്നുചേര്‍ന്നു. 'കൊമ്മിസറി' ഈ സംഘത്തില്‍ സന്നിഹിതനാവുക യുക്തമല്ലെന്നായിരുന്ന പല മഹത്തുക്കളുടേയും അഭിപ്രായം. തദനുസാരം അദ്ദേഹം അതില്‍ സംബന്ധിക്കാതെ ക്രൂശുകാരനായ ഒരു കമ്മലീത്തനെ സ്വന്തപ്രതിനിധിയായി നിയോഗിച്ചു. ഇവിടെവച്ചു് സംഘം തുലയ്ക്കണമെന്നു അക്കിടിയാക്കോന്‍ കരുതിയിരുന്നതിനാല്‍ (അധികനാള്‍ ദീഘിച്ച ഈ സംഘത്തിന്റെ) പര്യവസാനം ആവിധംതന്നെ വന്നുകൂടി. അനന്തരം കൊച്ചീക്കോട്ടയ്ക്കു സമീപമുള്ള തോമ്മാശ്ലീഹായുടെ പള്ളിയില്‍ മീനമാസം ഡിസംബര്‍ ക്ര—ാംതീയതി ഒരു സംഘം നടത്തേണ്ടതിനായി 'കൊമ്മിസറി' പള്ളികളിലേക്കു എഴുതി അറിയിച്ചതനുസരിച്ചു് നാല്പത്തുനാലു പള്ളിക്കാര്‍ അതില്‍ച്ചെന്നു സംബന്ധിച്ചു. ഈ സംഘത്തില്‍ അക്കിടിയാക്കോന്റെ സഹവര്‍ത്തനം ഉണ്ടായില്ല. അതില്‍ ഉള്‍പ്പെട്ടവരെല്ലാം അക്കിടിയാക്കോനെ ഉപേക്ഷിക്കുന്നെന്നും ജോസഫ് സെബസ്ത്യാനിയെ മാപ്പിപ്പായുടെ പ്രതിപുരുഷനായി സ്വീകരിക്കുന്നെന്നും കൊടുങ്ങല്ലൂര്‍ മെത്രാപ്പോലീത്താ തങ്ങളുടെ യാഥാര്‍ത്ഥിക മതാദ്ധ്യക്ഷനാണെന്നു സമ്മതിക്കുന്നെന്നും സത്യംചെയ്തു. കൊടുങ്ങല്ലൂര്‍ മെത്രാപ്പോലീത്താ തങ്ങളുടെ ന്യായാനുസൃതനായ മതത്തലവനാണെന്നു് സമ്മതിച്ചെങ്കിലും മേല്പറഞ്ഞിട്ടുള്ള പുങ്കം, കടുത്തുരുത്തി, കോട്ടയം, ഉദയമ്പേരൂര്‍ എന്നിവ നീക്കിയുള്ള മറ്റെല്ലാ പള്ളിക്കാരും 'കൊമ്മിസറി'യുടെ അധികാരത്തില്‍ ഉള്‍പ്പെട്ടിരിക്കുന്നതിനല്ലാതെ അദ്ദേഹത്തിനു (കൊടുങ്ങല്ലൂര്‍ മെത്രാപ്പോലീത്തായ്ക്കു്) അധീനരാകുവാന്‍ മനസ്സായില്ല. അക്കിടിയാക്കോനില്‍നിന്നു് അസാധുവായിപട്ടം സ്വീകരിച്ചിരുന്ന പല ശമ്മാശന്മാരെ കൊച്ചിയിലെ സംഘത്തിനു് ഏതാനും ദിവസങ്ങള്‍ക്കുമുമ്പു്. 'കൊമ്മിസറി' കൊടുങ്ങല്ലൂര്‍ മെത്രാപ്പോലീത്തായുടെ അടുക്കല്‍ അയച്ചു് യഥാവിധിപട്ടം ഏല്പിക്കയും അവരേക്കൊണ്ടു് വിശ്വാസസത്യം ചെയ്യിക്കയുമുണ്ടായി.

കൊച്ചിയിലെ സംഘത്തില്‍ പള്ളിക്കാര്‍ ചെയ്ത വിശ്വാസസത്യത്തിലെ കായ്സാരം:— കാതോലികമായ റോമ്മാസഭ ഉപദേശിക്കുന്നവയൊക്കെയും ഹൃദയപൂര്‍വ്വകമായും സുസ്ഥിരമായും ഞങ്ങള്‍ വിശ്വസിക്കുന്നു; ഈ സത്യവിശ്വാസപ്രകാരം ഒരു മെത്രാന്‍ അഭിഷേകം സ്വീകരിക്കേണ്ടതു് വേറൊരു മെത്രാനില്‍നിന്നാകയാല്‍ ആവിധമല്ലാതെ ഒരാള്‍ യഥാര്‍ത്ഥത്തില്‍ മെത്രാനായിത്തീരുകയില്ലെന്നും തന്നിമിത്തം തോമ്മാ അക്കിടിയാക്കോന്‍ സാക്ഷാല്‍ മെത്രാനല്ലെന്നും ആ സ്ഥാനത്തില്‍ അദ്ദേഹം പ്രവര്‍ത്തിച്ചിട്ടുള്ള സകല കായ്ങ്ങളും അ

സാധുവാണെന്നും. ഞങ്ങൾ വിശ്വസിക്കുന്നു; എല്ലാ പള്ളികളുടേയും പൊതുത്തലവനായ റോമാ മേൽപ്പട്ടക്കാരന് ഞങ്ങൾ കീഴ്വഴക്കത്തെ വാഗ്ദാനംചെയ്യുന്നു; അപ്പസ്തോലികങ്ങളായ നിയമങ്ങളേയും സത്സാധാരണ സൗഹൃദോസുകളേയും വിശിഷ്യ ത്രൈതോസ സൗഹൃദോസിനേയും ഞങ്ങൾ സ്വീകരിക്കുന്നു എന്നിവയാണ്.

ഈ സംഘത്തിൽ ഏതാനും നിയമങ്ങൾ സൃഷ്ടിക്കപ്പെട്ടകയുണ്ടായി. അവയിൽ ഒന്നാമത്തേത്, മേലിൽ അക്കദിയാക്കോനേറയും (മാർ അഹത്തല്ലാ) പാതിയക്കീസിനേറയും നാമങ്ങൾ പ്രാർത്ഥനകളിൽ ചൊല്ലിക്കുടെന്നുള്ളതുതന്നെ. അക്കദിയാക്കോനിൽനിന്ന് അതിൽപ്പിന്നെ പട്ടം സ്വീകരിക്കയോ അവർക്ക പട്ടംകൊടുക്കയോ ചെയ്തിരിക്കുന്നുള്ളതാണ് രണ്ടാമത്തെ നിയമം. 'ശീശ്മ'ക്കാരുടെ പള്ളികളിൽ പ്രവേശിച്ചുകുടെന്ന് ഗാർസ്യാ മെത്രാപ്പോലീത്താ മുമ്പു ചെയ്തിരുന്ന വിരോധത്തെ മൂന്നാമത്തെ നിയമംമൂലം 'കൊമ്മിസറി' നീക്കംചെയ്തു. എങ്കിലും ഇടപ്പള്ളി അക്കദിയാക്കോനേറ സ്ഥിരവാസസ്ഥാനവും അവിടത്തെ വികാരി അല്ലേഹത്തിനേറ അനുജനുമായിരുന്നതുകൊണ്ട് ആ സ്ഥലത്തെ ഉദ്ദേശിച്ചുള്ള മാത്രം മുമ്പിലത്തെ മുടക്കിനെ സ്ഥിരപ്പെടുത്തുകയുണ്ടായി. നാലാമത്തേത് അക്കദിയാക്കോനെ ശരിയായ മാർഗ്ഗത്തിലേക്ക് കൊണ്ടുവരേണ്ടതിനായി പ്രധാനന്മാരായ രണ്ടു വൈദികന്മാരെ തെരഞ്ഞെടുത്തു നിശ്ചയിച്ചതുതന്നെ. അനന്തരം ക്രിസ്തീയസ്നേഹത്തെ പരിപാലിക്കേണ്ടതിനായും ഉണ്ടായ വല്ലായ്മ നീക്കുന്നതിനായും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായേയും കൊച്ചിയിലെ ഗവണ്മെറിനേയും ആ ഇടവക നേതാക്കന്മാരുടെ സംഘത്തിലെ (ചാപ്റ്റർ) അദ്ധ്യക്ഷ (മെത്രാൻ ഉള്ളാതിരിക്കുന്ന അവസരത്തിൽ അദ്ദേഹത്തിനേറ പ്രതിപുരുഷസ്ഥാനത്തിൽ കാര്യങ്ങൾ നടത്തുന്ന വൈദിക) നേയും സംഘക്കാർ ചെന്നു കാണണമെന്നു 'കൊമ്മിസറി' ഉപദേശിക്കയും അവർ അതിനെ അനുസരിച്ചു പ്രവർത്തിക്കയും ചെയ്തു. പോർട്ടുഗീസുകാർക്ക തൻമൂലം ഉളവായ സന്തോഷം സീമാതീതമായിരുന്നെന്നു പറയേണ്ടതില്ലല്ലോ. തദവസരത്തിൽ അവർ സുറിയാനിക്കാരെ ആശ്ലേഷിക്കയും ആനന്ദാശ്രുക്കിലരായി ആപ്പു വിളിക്കയും ചെയ്തു.

ഈ അവസരത്തിൽ നടന്ന ചരിത്രപ്രസിദ്ധങ്ങളായ രണ്ടു സംഭവങ്ങളേപ്പറ്റിയും ഇവിടെ അല്പം പ്രസ്താവിക്കാം. ൧) സുറിയാനിക്കാർ ഉദയംപേരൂർ—ാമാണ്ടിനേറ ആരംഭത്തിൽ മട്ടാഞ്ചേരിപ്പള്ളിയിൽ യോഗം കൂടുകയും ഈശോസഭക്കാരെ മേലിൽ ഒരിക്കലും സ്വന്ത മതാദ്ധ്യക്ഷന്മാരായി സ്വീകരിക്കയില്ലെന്നു "ക്രുനൻകുരിശി"ൽ കയർകെട്ടിപ്പിടിച്ചു സത്യംചെയ്തുയും ചെയ്തു സംഗതി ഇതിനു മുമ്പു (ല. ക.) വിവരിച്ചിട്ടുള്ളതാണ്. അതുമുതൽ കൊച്ചിയിൽ കച്ചവടസാമാനങ്ങൾ ചെന്നുചേരാതിരുന്നതുകൊണ്ട് അവിടത്തെ വാണിജ്യം നിശ്ശേഷം നിന്നുപോയിരുന്നു. പൌരന്മാരല്ലാതെ ഒരൊറ്റ സുറിയാനിക്കാരൻ പോലും ക്രയവിക്രയത്തിനായി കൊച്ചിയിൽ അക്കാലത്തു കാണപ്പെട്ടി

രുന്നില്ല. എന്നാൽ മേല്പറഞ്ഞ സംഘത്തിന്റെ ശേഷമുണ്ടായ സ്ഥിതി ഭേദം നിമിത്തം കൊച്ചിയിൽ കച്ചവടം വിണ്ടും ആരംഭിക്കയും സാമാനങ്ങൾ അവിടെ ചെന്നുകൊണ്ടിരിക്കയും അവയെ വാങ്ങുന്നതിനും വിൽക്കുന്നതിനുമായി അന്നവധി ജനങ്ങൾ അവിടെ ചെന്നുപറ്റുകയും ചെയ്തു. ൨) 'ശീശു' ആരംഭം മുതൽ വൈപ്പിക്കോട്ട വിദ്യാലയത്തിലെ പഠനം നിന്നുപോയതാണ് സ്മർത്തവ്യമായ വേറൊരു സംഭവം. സുറിയാനിക്കാരനായ യാതൊരു വിദ്യാർത്ഥിയും വൈദികപഠനത്തിനായി ആ വിദ്യാമന്ദിരത്തിലേക്കു അയക്കപ്പെടുകയുണ്ടായില്ല. അതിന്റെ അദ്ധ്യക്ഷനും കാവലിനായി നിയമിക്കപ്പെട്ടിരുന്ന രണ്ടു ഭടന്മാരും മാത്രമാണ് അവിടെ ശേഷിച്ചിരുന്നത്. എന്നാൽ പ്രസ്തുത സംഘം കഴിഞ്ഞയുടനെ ഇരുപതു ശമ്മാശന്മാർ അവിടേക്കു അയക്കപ്പെടുകയും അഞ്ചു സംവത്സരങ്ങളോളം പൂട്ടിക്കിടന്നിരുന്ന ആ വൈദികവിദ്യാലയത്തിൽ വീണ്ടും പഠനം തുടങ്ങുകയും ചെയ്തു. സംഘശേഷം മറ്റു ചില പള്ളിക്കാരും 'കൊമ്മിസറി'യുടെ അടുക്കൽ ചെന്നു 'ശീശു'യുപേക്ഷിച്ചു് അദ്ദേഹത്തിനധീനരായി. വൈദികപഠനനിർവ്വഹണത്തിനായി വേറെ പല ശെമ്മാശന്മാരെയും 'കൊമ്മിസറി' വൈപ്പിക്കോട്ടിലേക്കു പറഞ്ഞയച്ചു.

അനന്തരം മലയാളത്തിലെ സ്ഥിതിഗതികൾ മാപ്പുപ്പായെ ധരിപ്പിക്കേണ്ടതിനു 'കൊമ്മിസറി' റോമയിലേക്കു പോകുവാൻ തീർച്ചയാക്കുകകൊണ്ടു്, പോർട്ടുഗൽ ഗവർമ്മെണ്ടുമുഖേന 'കൊമ്മിസറി'യായി അയക്കപ്പെട്ടിരുന്ന യസീന്ത് (Hyacinth) എന്നയാൾ വന്നു ചേരുന്നതുവരെ പള്ളിഭരണം നടത്തേണ്ടതിനായി മത്തേവൂസ് എന്ന കർമ്മെലീത്തനെ അദ്ദേഹം നിശ്ചയിച്ചു. 'കൊമ്മിസറി' കൊച്ചിയിൽ പാർത്തിരുന്ന നാളുകളിൽ അവിടത്തന്നെ താമസിച്ചിരുന്ന ഗാർസ്യാ മെത്രാപ്പോലീത്തായെ ചെന്നു കാണുവാൻ ഉദ്യമിക്കാതെ അദ്ദേഹത്തിനായി ഒരെഴുത്തയച്ചതേയുള്ളു. അതിൽ പള്ളിക്കാരെ മെത്രാപ്പോലീത്തായുടെ കീഴിൽ സ്ഥാപിക്കുന്നതിനായി താൻ പരിശ്രമിച്ചെങ്കിലും അതു സാധിക്കാതെപോയെന്നും നാലു പള്ളിക്കാർ മാത്രമേ അതിനു വഴിപ്പെട്ടുള്ളു എന്നും വിവരിക്കപ്പെട്ടിരുന്നു. പള്ളിക്കാർ കർമ്മെലീത്തരുടെ അധീനതയിൽ ഉൾപ്പെട്ടിരിക്കുന്നതു തങ്ങൾക്കു മേലിൽ ദോഷകരമായി പരിണമിക്കുമെന്നു വിശ്വസിച്ചിരുന്ന ഈശോസഭക്കാർ ഈ നില അതു തൃപ്തികരമല്ലാതിരുന്നതുകൊണ്ടാണ് 'കൊമ്മിസറി' ഈ വിധം എഴുതി അയച്ചതു്. മെത്രാപ്പോലീത്താ 'കൊമ്മിസറി'ക്കു് അയച്ച മറുപടിയോടുകൂടി മാപ്പുപ്പായുടെ സന്നിധാനത്തിൽ സമർപ്പിക്കുന്നതിനുള്ള വേറൊരു എഴുത്തും അദ്ദേഹത്തെ ഏല്പിച്ചു. 'കൊമ്മിസറി'യുടെ ഈ യാത്ര പള്ളിക്കാർക്ക് അത്യന്തം സന്തുഷ്ടിജനകമായിരുന്നു. മാപ്പുപ്പായുടെ പേരിൽ തങ്ങൾക്കുള്ള ഭക്ത്യാദരങ്ങളെ പ്രദർശിപ്പിക്കുന്നതും 'ശീശു'യുടെ കാരണത്തെയും അതിനുള്ള നിവൃത്തിമാർഗ്ഗത്തെയും പറ്റി വിവരിക്കുന്നതുമായ ഒരു എഴുത്തു മാപ്പുപ്പായിക്കായി അവർ അദ്ദേഹത്തെ ഏല്പിച്ചു.

അനന്തരം ക്രിസ്തുവ ജനുവരിമാസം ൧–൦൯– കൊമ്മിസറി സഖാവായ വിൻസൻറു മറിയയോട്ടക്രൂടി വൈപ്പിൽച്ചെന്ന കപ്പൽ കയറി. തത്സമയം പല പള്ളിക്കാർ ആഹ്ലാദപൂർവ്വം കപ്പൽവരെ അദ്ദേഹത്തെ അനുയാത്രചെയ്തു. മലയാളത്തിലെ വിപ്ലവത്തിന്റെ അവസ്ഥ അറിയിക്കുന്നതിനായി ഗാർസ്യാമെത്രാപ്പോലീത്താ റോമയിലേക്കു അയച്ചിരുന്ന യസീന്ത് (Hyacinthus a Mayestris) എന്ന ഈശോസഭാവൈദികനെ 'കൊമ്മിസറി' ഗോവയിൽവച്ചുകണ്ടുകൂടി. അദ്ദേഹവും കമ്മലീത്താക്കാരനായ യസീന്ത് 'കൊമ്മിസറി'യും ഒരുമിച്ചാണ് പോർട്ടുഗലിൽനിന്നു ഗോവയിൽ വന്നതെന്നതു്.

വളരെപ്പള്ളികൾ 'ശീശ്മ'യുപേക്ഷിച്ചു കത്തോലിക്കാ ഐക്യത്തിലേക്കു തിരിച്ചുവന്നുവെന്നും, പൂട്ടിക്കിടന്നിരുന്ന വൈപ്പിക്കോട്ട സെമിനാരിയിൽ യഥാക്രമം പഠനം ആരംഭിച്ചെന്നും, കൊച്ചിപ്പട്ടണത്തിലെ കച്ചവടം പൂർവ്വസ്ഥിതിയിൽ ആയിരിക്കുന്നെന്നും നാലു തെക്കുംഭാഗം പള്ളിക്കാർ മാത്രമേ കൊട്ടക്കല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കുവാൻ സമ്മതിച്ചുള്ളു എന്നും, മറ്റു പള്ളിക്കാരെല്ലാം റോമയിൽനിന്നു ഒരുതീരുമാനം ഉണ്ടാകുന്നതുവരെ കമ്മലീത്തരുടെ ഭരണാധികാരത്തിൽ ഉൾപ്പെട്ടിരിപ്പാൻ തീർച്ചയാക്കിയെന്നും, തെക്കുംഭാഗക്കാരിൽ പലയാളുകളെ താൻ ഗാർസ്യാ മെത്രാപ്പോലീത്തായുടെ അടുക്കൽ അയച്ചു പട്ടം ഏല്പിച്ചെന്നും മറ്റും മലയാളത്തിലെ അവസ്ഥ സംബന്ധിച്ചു വളരെക്കാര്യങ്ങൾ 'കൊമ്മിസറി' ഈ ശോസഭക്കാരനായ ആ വൈദികനെ പറഞ്ഞറിയിച്ചു. കൊച്ചിയിൽ തോമ്മാശ്ലീഹായുടെ പള്ളിയിൽ സമ്മേളിച്ച ഒട്ടവിലത്തെ സംഘത്തിന്റെശേഷം അക്കിയാക്കോന്റെ പ്രാബല്യത്തിനു അത്യധികമായ ഹാനി ഭവിക്കയും 'ശീശ്മ'യ്ക്കു വലിയ ഇടിവു തട്ടുകയും ചെയ്തു. (12)

൧൯. 'കൊമ്മിസറി'യായ ജോസഫ് സെബസ്ത്യാനി റോമയിലേക്കു പോയതുമുതൽ മലയാളത്തിലുണ്ടായ പ്രധാനസംഭവങ്ങളിലേക്കാണ് നാം ഇപ്പോൾ പ്രവേശിക്കുന്നതു്. പോർട്ടുഗീസ്സുകാരുടെ മുഖേന 'കൊമ്മിസറി'യായി അയക്കപ്പെട്ട യസീന്തും അദ്ദേഹത്തിന്റെ സഹചരനും ഗോവയിൽ ഇറങ്ങി തങ്ങൾക്കുള്ള പിടിപാടുകൾ കാണിച്ചശേഷം ക്രിസ്തുവ–൧൬൬൪ മാർച്ചുമാസം ൧൦–൦൯– മലയാളത്തിൽ എത്തി. ജോസെഫ് സെബസ്ത്യാനിയുടെ റോമായാത്രമൂലം തങ്ങളുടെ സങ്കടങ്ങൾക്കു ഒരു നിവൃത്തിയുണ്ടാകുമെന്നു നസ്രാണികളെല്ലാം വിശ്വസിച്ചിരുന്നതുകൊണ്ടു് 'ശീശ്മ' പ്രതിദിനം ക്ഷയിച്ചുവന്നിരുന്നു. 'ശീശ്മ'യെ ഉൻമൂലനം ചെയ്യേണ്ടതിനായി പുതിയ 'കൊമ്മിസറി'യായ യസീന്ത് പല സ്ഥലങ്ങളിൽ സംഘങ്ങൾ വിളിച്ചുകൂട്ടി. അവയിൽ പ്രധാനമായ ഒന്നു് മുട്ടത്തുപള്ളിയിൽ നടന്നതാണ്. ക്രിസ്തുവ; ക്രിസ്തുവിന്റെ എന്ന ആണ്ടുകളിൽ പല പള്ളികൾ മുഴുവനും ചില പള്ളികളുടെ ഭാഗങ്ങളും കത്തോലിക്കാഐക്യത്തിലേക്കു തിരിച്ചുവന്നു. അക്കിയാക്കോനോടു്, അദ്ദേഹം സ്വയമേ സ്വീകരി

ച്ച മെത്രാൻപദം ഉപേക്ഷിക്കണമെന്നും, അങ്ങനെ ചെയ്യുന്നപക്ഷം കായ്ങ്ങൾ അദ്ദേഹത്തിനു ഉണമായി പയ്യവസാനിക്കുമെന്നും ജോസെഫ് സെബസ്ത്യാനി പലപ്പോഴും ഉപദേശിക്കയുണ്ടായെങ്കിലും ആ സ്ദുപദേശം അനുസരിച്ചു പ്രവത്തിക്കുന്നതിനു അദ്ദേഹം അന്നു വഴിപ്പെട്ടില്ല. ഇപ്പോഴാകട്ടെ, തന്റെ കക്ഷി പ്രത്യുഹം ക്ഷയിച്ചുവരുന്നു കണ്ടും, പുതിയ 'കൊമ്മിസറി'യുടെ ഉപദേശവും, സാരജ്ഞന്മാരും സ്നേഹിതന്മാരുമായ ചില വൈദികന്മാരുടെ ആലോചനയും അനുസരിച്ച് മെത്രാന്റെ സ്ഥാനചിഹ്നങ്ങളെല്ലാം വീക്കിവെച്ച് പഴയപടി പെരും അക്കദിയാക്കോൻമാത്രം ആയിരിക്കുന്നതിനു അദ്ദേഹം തീർച്ചയാക്കി. മെത്രാൻവേഷം ഉപേക്ഷിച്ചു അക്കദിയായോൻ എന്ന നിലയിൽമാത്രം അദ്ദേഹം പ്രവത്തിച്ചുതുടങ്ങിയപ്പോൾ, ഗാർസ്യാ മെത്രാപ്പോലീത്താ നിശ്ചയിച്ചിരുന്ന, പുതിയ അക്കദിയാക്കോൻ (ല. ൻ.) ആരുടേയോ ഉപദേശം നിമിത്തം കൊച്ചിയിൽനിന്നു കടത്തുരുത്തിൽ എത്തി അക്കദിയാക്കോന്റെ അധികാരം നടത്തുവാൻ ആരംഭിച്ചു. ഇതു കണ്ടു പഴയ അക്കദിയാക്കോൻ ആ സ്ഥാനംക്രുടി തനിക്കു ഇതുമൂലം നഷ്ടമാകുമെന്നു ഭയപ്പെടുകയാൽ മെത്രാന്റെ സ്ഥാനചിഹ്നങ്ങളെല്ലാം വീണ്ടും ധരിക്കയും താൻ മെത്രാനാണെന്നുള്ളതിലേക്കു പുതുതായി ചില ലക്ഷ്യങ്ങൾ എടുത്തു കാണിക്കയും ചെയ്തു. ഈ സംഗതികളിലെല്ലാം ഇട്ടിത്തൊമ്മൻ കത്തനാർ അദ്ദേഹത്തെ സ്ഹായിച്ചിരുന്നു. അക്കദിയാക്കോൻ വേഷം മാറിയതിൽനിന്ന് ഉണ്ടാകുവാനിരുന്ന സൽഫലങ്ങളെ തടയേണ്ടതിനു സ്വന്നമകളുടേയും ശത്രുവായ പിശാചു് ചിലയാളുകളെ അവന്റെ ഉപകരണങ്ങളായി തിരഞ്ഞെടുക്കയും അവർ ഈവിധ തന്ത്രം പ്രയോഗിക്കയും ചെയ്യാതിരുന്നെങ്കിൽ സുറിയാനിക്കാർ ഏറ്റവും ശക്തിയുള്ള ഒരു ജനസമൂഹമായി കേരളത്തിൽ ഇന്നു് സ്ഥിതി ചെയ്യുമായിരുന്നു.

ഇനി അക്കദിയാക്കോൽ മെത്രാനാണെന്നുള്ളതിലേക്കു ഹാജരാക്കിയ പുതിയ ലക്ഷ്യം എന്താണെന്നു പ്രസ്താവിക്കാം. എസ്തപ്പാനോസു് എന്ന പേരുള്ള ഒരു അർമ്മേനിയൻ കച്ചവടക്കാരൻ കുരുമുളകു വാങ്ങുന്നതിനായി മന്നുരിൽ—ന്റെ ആരംഭത്തിൽ കൊച്ചിയിൽ വന്നിറങ്ങി. ഇട്ടിത്തൊമ്മൻ കത്തനാർ അവന്റെ അടുക്കൽ ചെന്നു താൻ ആറാം പട്ടമുള്ള ഒരാളാണെന്നു ജനങ്ങളെ ധരിപ്പിക്കണമെന്നും ഏഴാമത്തെ അലക്ക് സാണ്ടർ മാപ്പ്രാപ്പാ പരേതനായിത്തീരുകയും തൽസ്ഥാനത്തിൽ സ്വന്ത കാരണവൻ നിയമിക്കപ്പെട്ടുകയും ചെയ്യണമെന്നും തോമ്മാ അക്കദിയാക്കോനേ മലങ്കരയുടെ മെത്രാപ്പോലീത്താ ആയി നിയമിച്ചിരിക്കുന്നെന്നും അതിലേക്കുള്ള ലക്ഷ്യങ്ങൾ തന്റെ കൈവശം ഇരിപ്പുണ്ടെന്നും ബഹുജനസമക്ഷം പ്രസ്താവിക്കണമെന്നും ആവശ്യപ്പെട്ടുകയും അങ്ങനെ ചെയ്യുന്നപക്ഷം ഒട്ടുവളരെ പണം കൊടുക്കാമെന്നും മറ്റും വാഗ്ദാനം ചെയ്യുകയുംചെയ്തു. അതുമല്ല, പുങ്കത്തുപള്ളിയിൽ വി. മത്തീനോസിന്റെ തിരുനാളിനു മാപ്പ്രാപ്പാ കല്പിച്ചു നൽകിയിരുന്ന ദണ്ഡവിമോചനത്തെ സംബന്ധിച്ചുള്ള തിരു

വെഴുത്തു ഇട്ടിത്തൊമ്മൻകുഞ്ഞനാർ കൈക്കലാക്കി ആ കച്ചവടക്കാരനേ ഏല്പിച്ചുകൊണ്ടു്, അതു തോമ്മാ അക്കിടിയാക്കോനു മാപ്പുപ്പാ അയച്ചിരിക്കുന്ന തിരുവെഴുത്താണെന്നു പ്രസ്താവിക്കുവാൻ അവനോടു ഉപദേശിക്കയുംചെയ്തു. തദനുസാരം ആ കച്ചവടക്കാരൻ ഇടപ്പള്ളിയിൽച്ചെന്നു് ഇട്ടിത്തൊമ്മൻ കുഞ്ഞനാരിൽനിന്നു താൻ പഠിച്ചിരുന്നതൊക്കെയും അറബിഭാഷയിൽ ചൊല്ലി കേൾപ്പിച്ചു. ഒരു യൂദൻ അവയെല്ലാം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. അനന്തരം അക്കിടിയാക്കോൻ തിരുവെഴുത്തു മുത്തുകയും ഇട്ടിത്തൊമ്മൻ കുഞ്ഞനാർ 'സൂപ്പ്ലേസും ഊറാലയും' ധരിച്ചു ഒരു പ്രസംഗം ചെയ്തശേഷം സന്നിഹിതരായിരുന്ന ജനങ്ങളെക്കൊണ്ടു അതിനെ മുത്തിക്കയും ചെയ്തു. ജനങ്ങളെല്ലാം ആ അവസരത്തിൽ ഒരു പുത്തൻപീതം കാണിക്കുവെക്കയുമുണ്ടായി. കാര്യങ്ങൾ ഈ വിധം നടന്നുവരവേ, അക്കിടിയാക്കോൻ അമ്മയുടെ മരണം പ്രമാണിച്ചു് ഫ്രാൻസിസ്-ാമാണ്ടിന്റെ അവസാനഘട്ടത്തിൽ കുറവിലങ്ങാട്ടേക്കു പുറപ്പെട്ടു. അന്നു് അവിടെ വികാരിയായിരുന്നതു (പിന്നീടു മെത്രാഭിഷിക്തനായ) പള്ളിപീടിൽ ചാണ്ടിക്കുഞ്ഞനാർ ആയിരുന്നു. അദ്ദേഹം രക്തസംബന്ധംകൊണ്ടു് അക്കിടിയാക്കോന്റെ അടുത്തയാൾ ആയിരുന്നെങ്കിലും 'ശീശ്മ'ക്കു എതിരായി നിന്നിരുന്നതിനാൽ അക്കിടിയാക്കോൻ അദ്ദേഹത്തെ അവിടത്തെ ഇടപ്രഭുവിന്റെ സഹായത്തോടുകൂടി അദ്ദേഹത്തിന്റെ മുറിയിൽത്തന്നെ ബന്ധിതനാക്കി. തദവസരത്തിൽ പുതിയ 'കൊമ്മിസറി' ആയ യൗസീന്ത് മുട്ടുചിറപാത്തുകൊണ്ടു്, പോർട്ടുഗീസുകാരുടെ അനുക്രൂല്യത്തോടുകൂടികടുത്തുരുത്തി(വടക്കൻക്രൂർ) രാജാവു മുഖേന ചാണ്ടിക്കുഞ്ഞനാരെ സഹായിക്കയും അക്കിടിയാക്കോന്റെ മുറി ബന്ധവസ്സുചെയ്കയും ചെയ്തു. അമ്മേനിയാക്കാരനായ മേൽപ്പറഞ്ഞ കച്ചവടക്കാരനും അദ്ദേഹത്തോടുകൂടി മുറിയിൽ ബന്ധിക്കപ്പെട്ടുപോയി. സ്വദേശത്തേക്കു പോകുവാൻ നിവൃത്തിയില്ലാതെ വരികയാൽ അയാൾ കോപാക്രാന്തനായി അക്കിടിയാക്കോനേ വെട്ടുവാൻ ഭാവിച്ചു. എങ്കിലും ഇട്ടിത്തൊമ്മൻ കുഞ്ഞനാർ വളരെ പരിശ്രമംചെയ്തു അയാളെ സമാധാനപ്പെടുത്തി. അദ്ദേഹം മാപ്പുപ്പായിക്കു ആവശ്യമുണ്ടെന്നു പറഞ്ഞു പല ജനങ്ങളിൽനിന്നും വളരെ കുരുമുളകു വാങ്ങിക്കൊടുത്തു് അയാളെ ഒടുവിൽ സ്വദേശത്തേക്കു പറഞ്ഞയച്ചു.

ഈ ഘട്ടത്തിൽ ഫ്രാൻസിസ് സെപ്റ്റംബർ നാന്തീയതി ഗാർസ്യാ മെത്രാപ്പോലീത്താ ചരമം പ്രാപിച്ചു. അനന്തരം അധികകാലം കഴിയുന്നതിനുമുമ്പു ഫ്രാൻസ്വാ ഫെബ്രുവരി ൧൦-ാംതീയതി 'കൊമ്മിസറി'യായ യൗസീന്തും കഥാവശേഷനായി. യൗസീന്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ സഖാവായ മാർസേൽ പള്ളിഭരണം കയ്യേറ്റു നടത്തിവന്നു. ഗാർസ്യാ മെത്രാപ്പോലീത്താ തന്റെ ചരമകാലം സമീപിച്ചിരിക്കയിൽ സ്വാധികാരത്തിൽ ഉൾപ്പെട്ട ജനങ്ങളെ ഭരിക്കേണ്ടതിനായി ഒരു "അഡ്മിനിസ്ട്രേയ്ററി"നെ നിയമിക്കയുണ്ടായി. ആ കാലഘട്ടത്തിൽ ഗോവയിൽ മെത്രാപ്പോലീത്താ ഇല്ലാതെ സിംഹാസ

നം ഒഴിവായിരുന്നതിനാൽ അവിടത്തെ വൈദികാദ്ധ്യക്ഷസംഘം (Chapter) അങ്കമാലി മഹാ മെത്രാസനത്തെ ഭരിക്കുന്നതിനു എമ്മാനുവേൽ സെറോനി എന്നുപേരുള്ള ഒരു 'കാനോനീസ്റ്റി'നെ ഉടനേതന്നെ ഗവർണ്ണരായി നിയമിച്ചു. അദ്ദേഹം കൊച്ചിയിൽവന്നു അങ്കമാലി ഇടവകയുടെ വകയായി അവിടെയുണ്ടായിരുന്ന അരമന സ്വാധീനപ്പെടുത്തി. അതിൽ വാസംഉറപ്പിച്ചു. അനന്തരം കാലവിളംബംക്രൂടാതെകൊടുങ്ങല്ലൂരിൽ എത്തി അവിടത്തെ മെത്രാപ്പോലീത്തായുടെ പള്ളിയും അരമനയും കൈവശപ്പെടുത്തി. പള്ളികളെ സ്വാധീനമാക്കുവാനായിരുന്നു അദ്ദേഹത്തിന്റെ പിന്നത്തെ പരിശ്രമം. ഗോവാസംഘത്തിന്റെ ഈ നിയമനവും സെറോനിയുടെ ഈ അധികാരപ്രവൃത്തികളും നിയമവിരുദ്ധങ്ങളായിരുന്നു. ജോസെഫ് സെബസ്ത്യാനി മടങ്ങിവരുന്നതുവരെ നിയമവിരോധമായ ഈവിധ പ്രവൃത്തികൾക്കു തുനിയരുതെന്നു പരേതനായ യൗസീന്തിന്റെ സ്ഥാനത്തിൽ ആ കാലത്തു പള്ളിഭരണം നിവ്വഹിച്ചിരുന്ന മാർസേൽ എന്ന ദേഹവും കൊച്ചിയിലെ മതപരിശോധകസംഘത്തിന്റെ 'കൊമ്മിസറി'യും സെറോനിയോടുപദേശിച്ചു. സെറോനിയാകട്ടെ സെബസ്ത്യാനിയേപ്പറ്റി പല ആക്ഷേപങ്ങൾ പറയുകയും അദ്ദേഹത്തെ സ്വീകരിക്കരുതെന്നും മറ്റും പോർട്ടുഗീസുകാരോടു ഉപദേശിക്കയുമാണു ചെയ്തുതു്. ആ കാര്യം അങ്ങനെ നില്ക്കട്ടെ; ഇനി നമുക്കു സെബസ്ത്യാനിയെ അനുഗമിക്കാം.

൧൬൯൯. ജോസഫ് സെബസ്ത്യാനി ഒരു ക്രൂശുകാരനോടുകൂടി റോമയിലേക്കു പുറപ്പെട്ട സംഗതി മുമ്പു (ല. ൧൨) പ്രസ്താവിച്ചുവല്ലോ. അദ്ദേഹം അവിടെയെത്തി കാര്യസ്ഥിതി മാപ്പുപ്പായെ ധരിപ്പിക്കയാൽ അങ്കമാലി ഇടവകയിൽ തൽക്കാലം ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി റോമാക്കുച്ചേരിയിൽ ആലോചന നടന്നു. തൽഫലമായി ഡിസംബർ ൧൭–തീയതി ജോസഫ് സെബസ്ത്യാനിയെ ഹിയെറാപ്പോലീസി (Hierapolis)ന്റെ മെത്രാനായി അഭിഷേകം ചെയ്തു. അഭിഷേകകർമ്മം മാപ്പുപ്പായുടെ ചാപ്പലിൽവച്ചു് അതിലെ ശുശ്രൂഷകനായ ലൻദുശി (Mgr. Landuci) മെത്രാനാൽ രണ്ടു പുരോഹിതന്മാരുടെ സഹായത്തോടുകൂടി നിവ്വഹിക്കപ്പെട്ടു. ഉദ്യോഗനിലയിൽ (Official) പോർട്ടുഗലിന്റെ അറിവുക്രൂടാതെയായിരുന്നതിനാൽ പ്രസ്തുതകർമ്മം രഹസ്യമായിട്ടാണു നടത്തപ്പെട്ടതു്. നസ്രാണികൾ സെബസ്ത്യാനിവഴി അയച്ചിരുന്ന എഴുത്തിനു മറുപടിയായി ഏഴാമത്തെ അലക്സ്വാണ്ടർ മാപ്പുപ്പാ (ഡിസംബർ ൨൦–തീയതി ഒരു തിരുവെഴുത്തു് അദ്ദേഹത്തെ ഏല്പിച്ചു. തിരുമനസ്സുകൊണ്ടു് അതിൽ പ്രസ്താവിക്കുന്ന സംഗതികൾ: ക) ജോസഫ് സെബസ്ത്യാനിവഴി നസ്രാണികൾ അയച്ച എഴുത്തിൽ പ്രദർശിപ്പിച്ചിരുന്ന ബഹുമാനവും നന്ദിയുംകണ്ടു് താൻ സന്തുഷ്ടനായും, ഖ) തോമ്മാ അക്കിയാക്കോൻമൂലം ഉണ്ടായ ഭിന്നതതീർന്നു് പൂർവ്വാവസ്ഥയിൽ ആയിട്ടില്ലെന്നറിഞ്ഞു് ദുഃഖിതനായും തീർന്നിരിക്കുന്നെന്നും, ഗ) ഭിന്നത കാലം കൊണ്ടു ശക്തിപ്പെടാതിരിക്കേണ്ടതിനു് മലയാളത്തിന്റെ "കൊമ്മി

സറി അപ്പസ്തോലിക്കും" അഡ്മിനിസ്ട്രേയ്റുമായി നിയമിച്ച് അവിടേക്കു വീണ്ടും അയക്കുന്ന ജോസഫ് മരിയയെ ബഹുമാനിക്കയും സഹായിക്കയും അനുസരിക്കയും ചെയ്യണമെന്നും, (൪) മെത്രാനെന്ന് മിഥ്യാനാമം സ്വീകരിച്ചിരിക്കുന്ന തോമായുടെ ഭാഗക്കാർ ശേഷിച്ചിരിക്കുന്നപക്ഷം അയാളെ വിട്ടുപേക്ഷിപ്പാനും അയാൾക്കു അനുകൂലമായി പ്രവർത്തിക്കാതിരിപ്പാനും ദൈവശിക്ഷയിൻകീഴിൽ അവരോടു കല്പിക്കുന്നെന്നും, (൫) അഹത്തല്ലാ അഥവാ ദൈവദത്തൻ എന്ന പേരോടും പാത്രിയക്കീസെന്ന സ്ഥാനസംജ്ഞയോടുംകൂടി മൈലാപ്പൂരിൽ വന്നിരുന്ന ഇഗ്നാസിയൂസ് കൽത്രിമെൻസ് എന്നയാൾ ഒരു 'ശീശ്മ'ക്കാരനല്ലാതെ ഇന്നോസെൻറ് പത്താമനാലോ അതിനുമുമ്പുള്ള യാതൊരു മാപ്പുപ്പായാലോ അയക്കപ്പെട്ടവനല്ലെന്നും, (൬) സ്രാണികൾ അയാളോടു വിരോധിച്ചുനിൽക്കുന്നതിനു ദൈവംചെയ്ത അനുഗ്രഹത്തെ സ്തുതിക്കയും സമാധാനത്തിൽ ആത്മാവിൻെറ ഐക്യത്തെ കാക്കുവാൻ ഓർക്കണമെന്ന് അവരോടു ഉപദേശിക്കയും ചെയ്യുന്നെന്നുതന്നെ. ജോസഫ് സെബസ്ത്യാനിയെ മെത്രാൻപദത്തിലേക്ക് ഉയർത്തിയശേഷം അദ്ദേഹത്തിനു കൊടുക്കപ്പെട്ട അധികാരങ്ങളെ പ്രസ്താവിക്കുന്ന ഒരു തിരുവെഴുത്ത് പ്രസ്തുത മാപ്പുപ്പാ (ഡിസംബർ ൨൪-൦തീയതി) അദ്ദേഹത്തിനു നൽകി. മലയാളത്തിൻെറ അഡ്മിനിസ്ട്രേയ്റർ ആയും 'കൊമ്മസറി' അപ്പസ്തോലിക് ആയും അദ്ദേഹത്തെ നിയമിച്ചിരിക്കുന്നെന്നും നാട്ടിൽനിന്ന് ഒന്നോ രണ്ടോ വൈദികന്മാരെ മെത്രാൻപദത്തിനു തിരഞ്ഞെടുത്ത് ഇടയനില്ലാതിരിക്കുന്ന അങ്കമാലി മഹാ ഇടവകയിലെ ക്രീസ്തുജനങ്ങളെ ഭരിക്കേണ്ടതിനു വികാരി അപ്പസ്തോലിക്കാ എന്ന നാമത്തോടുകൂടി അഭിഷേകം ചെയ്യുന്നതിലേക്കുവേണ്ടിയ അധികാരം മുകളിൽ പ്രസ്താവിച്ച രണ്ടാമത്തെ സ്ഥാനംമൂലം അദ്ദേഹത്തിനു നൽകിയിരിക്കുന്നെന്നുമാണ് അതിൽ പറയപ്പെട്ടിരിക്കുന്നത്.

സെബസ്ത്യാനി മെത്രാൻ മലയാളത്തിലേക്കു പുറപ്പെടുന്നതിനുമുമ്പ് മാപ്പുപ്പായുടെ ആശിസ്സ് ലഭിക്കുന്നതിനായി തിരുമുമ്പിൽ ഹാജരായ അവസരത്തിൽ തിരുമസ്സനകൊണ്ട് "നമുക്കുള്ള സമസ്താധികാരങ്ങളും നിങ്ങൾക്കു നാം നൽകുന്നു" എന്ന് അദ്ദേഹത്തോടു കല്പിക്കുകയുണ്ടായി. മേൽക്കാണിച്ച അധികാരങ്ങൾക്കുപുറമെ പല ദണ്ഡവിമോചനങ്ങൾ കൊടുക്കുന്നതിനുള്ള അധികാരവും അദ്ദേഹത്തിനു കൊടുക്കപ്പെട്ടു. അനന്തരം സ്വസഭാംഗങ്ങളായ അൻജെലോ, തദ്ദെയൂസ്, ഗൊത്തി പ്രെദോ എന്ന മൂന്നാളുകളെ സെബസ്ത്യാനി മെത്രാൻ സഹചരന്മാരായി തിരഞ്ഞെടുത്ത് അവരോടുകൂടി ഫ്രന്സാ ഫെബ്രുവരി ൨-൦തീയതി റോമയിൽനിന്നു പുറപ്പെടുകയും തുർക്കിയിലുള്ള ആലെപ്പൊ, ബസ്സറാ മുതലായ സ്ഥലങ്ങളിൽകൂടി കരയാത്രചെയ്ത് പേർഷ്യൻ സമുദ്രമാർഗ്ഗേണ ഫ്രന്സാ ഫെബ്രുവരി ൨൨-൦തീയതി ഗോവയിൽ എത്തുകയുംചെയ്തു. കൂട്ടുകാരിൽ ഒരാളായ

ആൻജെലോ വഴിമദ്ധ്യേ കപ്പലിൽവെച്ച് ചരമംപ്രാപിച്ചു. സെബസ്ത്യാനി മെത്രാൻ ഗോവയിൽ വന്നിറങ്ങിയതു അദ്ദേഹത്തെപ്പറ്റി സെറോനി ആക്ഷേപവാദം ചെയ്തുകൊണ്ടിരുന്ന കാലഘട്ടത്തിലാണ്. ഗോവയിലെ വൈദികാദ്ധ്യക്ഷസംഘം അന്നു രണ്ടു കക്ഷികളായി ഭിന്നിച്ചു; ഒരു പക്ഷക്കാർ സെറോനിക്കു അനുകൂലമായും മറുപക്ഷക്കാർ അദ്ദേഹത്തിനു പ്രതികൂലമായും നിന്നിരുന്നു. ഉഭയകക്ഷികളും സെബസ്ത്യാനിയെ സ്വാധീനനാക്കുവാൻ ശ്രമിക്കാതിരുന്നുമില്ല. അദ്ദേഹം ഗോവയിൽ ഒരു പോർട്ടുഗീസ് കപ്പൽവഴി പ്രസ്തുത വത്സരം മെയ് മാസം ക്രി-ാംതീയതി കൊച്ചിയിൽ വന്നിറങ്ങി. സെബസ്ത്യാനി കൊച്ചിയിൽ വന്നയുടനെ സെറോനിയോട് ഗവർണർസ്ഥാനം വച്ചൊഴിയണമെന്നു ഉപദേശിച്ചെങ്കിലും അന്ന് അദ്ദേഹം അതിനു വഴിപ്പെട്ടില്ല. എങ്കിലും സെറോനിയുടെ സ്നേഹിതനായിരുന്ന കൊച്ചിയിലെ പ്രൻസീസ്കൻ ആശ്രമത്തിന്റെ അദ്ധ്യക്ഷൻവഴി സെബസ്ത്യാനി പിന്നീട് ചെയ്ത ഉപദേശം അദ്ദേഹം സ്വീകരിക്കയും സെബസ്ത്യാനിയുടെ ഹിതാനുസാരം പ്രവർത്തിക്കയുംചെയ്തു. സെറോനി ഉൾപ്പെട്ടിരുന്ന പള്ളിശിക്ഷകളിൽനിന്ന് സെബസ്ത്യാനി അദ്ദേഹത്തെ വിമോചിച്ചു. ആദിവസങ്ങളിൽത്തന്നെ അദ്ദേഹം (സെറോനി) കൊച്ചിയിൽവച്ച് രോഗാതുരനായിത്തീർന്ന്, ഏതെന്നാമസിയാതെ കഥാവശേഷനായി.

ക്രി. സെബസ്ത്യാനി മെത്രാൻ കൊച്ചിയിൽ എത്തിയതു പെസഹാക്കാലം കഴിഞ്ഞിട്ടായിരുന്നെങ്കിലും അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന പ്രത്യേകാനുമതി അനുസരിച്ച് അവിടെയുള്ള പോർട്ടുഗീസ് പള്ളിയിൽവച്ച് സൈത്തു ക്രമാശചെയ്യുകയും അക്കിയാക്കോനിൽനിന്ന് അസാധുവായി പട്ടം ഏറ്റിരുന്നവർക്ക് പട്ടംകൊടുക്കയുംചെയ്തു. അനന്തരം അവിടെനിന്ന് അങ്കമാലി മഹാ മെത്രാസനം വകയായി (കൊച്ചി) കോട്ടയ്ക്കു പുറത്തുണ്ടായിരുന്ന അരമനയിലേക്ക് വളരെ ആഘോഷപൂർവ്വം പോയി. മുട്ടത്തുപള്ളിയിലേക്കായിരുന്ന പിന്നത്തെ യാത്ര. അവിടെ അത്യാഘോഷസമേതം അദ്ദേഹം സ്വീകരിക്കപ്പെട്ടു. അവിടെയും സൈത്തു ക്രമാശചെയ്തശേഷം അക്കിയാക്കോൻ അസാധുവായി പട്ടംകൊടുത്തിരുന്ന പല ശമ്മാശന്മാർക്ക് പട്ടംകൊടുത്തു. ഞാറക്കൽ, കരിങ്ങാശ്ശേ, ചൊവ്വര, കാഞ്ഞൂർ, കല്ലുക്കാട്ട്, കൂടമാളൂർ, ചേന്നമങ്ങലം മുതലായി അമ്പത്തിരണ്ടു പള്ളികളിലേക്ക് അദ്ദേഹം കൊച്ചിയിൽനിന്ന് പരസ്യക്കല്പന അയച്ചിരുന്നു. അവരെല്ലാം നേരിട്ടും പ്രതിനിധികൾമൂലമായും അദ്ദേഹത്തെ മാപ്പാപ്പായുടെ 'കൊമ്മിസറി'യായി സ്വീകരിച്ച് അദ്ദേഹത്തിനു വിധേയരായി. അക്കിയാക്കോനെ പ്രത്യേക കത്തുമൂലം 'കൊമ്മിസറി' കൊച്ചിയിൽവെച്ച് ക്ഷണിച്ചെങ്കിലും അദ്ദേഹം വഴിപ്പെട്ടില്ല. ജോസഫ് മെത്രാൻ മുട്ടത്തുനിന്നു ചമ്പക്കുളത്തു എത്തി. അവിടെ അക്കിയാക്കോന്റെ പാർശ്വവർത്തികളായി ചിലയാളുകൾ ഉണ്ടായിരുന്നു. ആ പള്ളിയിൽ വികാരിമാരായി അക്കിയാക്കോൻ മൂന്നു വൈദികന്മാരെ നിയ

മിച്ചിരുന്നതുകൊണ്ട് അവരിൽ ഓരോരുത്തനും സ്വാഭിപ്രായം അനുസരിച്ചാണ് കായ്ങ്ങൾ നടത്തിവന്നത്. ജോസഫ് മെത്രാൻ അവരെയെല്ലാം നീക്കി വേറൊരാളെ ആ ജോലിക്കു സ്ഥിരമായി നിയമിച്ചു. 'ശിശു'ക്കാർ ലഹളക്കൂട്ടാതിരുന്നില്ലെങ്കിലും കത്തോലിക്കർക്ക് പുറക്കാട്ടു രാജാവിന്റെ സാഹയ്യമുണ്ടായിരുന്നതിനാൽ അതു വേഗത്തിൽ ഒതുങ്ങി ശാന്തമായി. കൊച്ചിയിലെ പോർട്ടുഗീസ് ഗവർണറിന്റെ വിരോധികളായിരുന്ന കോട്ടയത്തു (തെക്കൻക്കൂർ) രാജാവിന്റെയും വടയാറു രാജാവിന്റെയും രാജ്യാതിർത്തികളിലുള്ള പള്ളികളെ സന്ദർശിക്കാതെ ജോസഫ് സെബസ്ത്യാനി ചമ്പക്കുളത്തുനിന്നു നേരേ ഉദയംപേരൂരിലേക്കു തിരിച്ചുപോന്നു.

കണ്ടനാട്ടും അയൽപ്പള്ളികളിലും ഇരുകക്ഷികളും ഉണ്ടായിരുന്നതിനാൽ ഇടക്കിടെ ഉണ്ടായിക്കൊണ്ടിരുന്ന വലിയ വഴക്കുകളെ അമർത്തുന്നതിനു കൊച്ചിക്കോവിലകത്തുനിന്നു ആ പള്ളികളിൽ കാവലിനായി ഈരണ്ടു ശിപായിമാരെ നിയമിച്ചാക്കിയിരുന്നു. ജോസെഫ് മെത്രാന്റെയും അക്കിദിയാക്കോന്റെയും പിടിപാടുകൾ ഇരുഭാഗങ്ങളിലേയും യോഗ്യന്മാർ കണ്ടു പരിശോധിക്കുന്നപക്ഷം, വഴക്കുകൾ അവസാനിക്കുമെന്നു 'ശിശു'ക്കാരും കത്തോലിക്കരും യോജിച്ചു നടത്തിയ ഒരാലോചനയിൽ തീർച്ചയാക്കി. ഈ വിവരം ഒട്ടുവളരെ വൈകിക്കാരും പ്രധാനന്മാരായ ജനങ്ങളും ഉദയംപേരൂരിൽ ചെന്നു 'കൊമ്മിസറി'യെ അറിയിക്കയും അദ്ദേഹം അതിനു സമ്മതിക്കുകയും ചെയ്തു. സെബസ്ത്യാനി മെത്രാൻ ഉദയംപേരൂരിലും അക്കിദിയാക്കോൻ കണ്ടനാട്ടും ഇരിക്കണമെന്നു ഇരുപാർശ്വക്കാരും അറിയിച്ചു. കണ്ടനാട്ടു ചെന്നിരിക്കാമെന്നു അക്കിദിയാക്കോൻ ആദ്യം സമ്മതിച്ചെങ്കിലും ഒടുവിൽ തനിക്ക് അതു സമ്മതമല്ലെന്നും മുളന്തുരുത്തിയിൽ ഇരിക്കാമെന്നും അറിയിക്കയുണ്ടായതു്. മുളന്തുരുത്തിനു സമീപം വടക്കൻക്കൂറിന്റെ അധികാരത്തിൽപ്പെട്ട സ്ഥലങ്ങളുണ്ടായിരുന്നതിനാൽ വല്ല വൈഷമ്യവും നേരിടുന്നപക്ഷം ഉടനെ അവിടേക്കു കടന്നുകളയാമെന്നായിരുന്നു അക്കിദിയാക്കോന്റെ ഉദ്ദേശ്യം. 'ശിശു'ക്കാരാകട്ടെ മുമ്പു പറഞ്ഞിരുന്നതിനൊക്കെ വിരോധമായി പിടിപാടുകളുടെ പരിശോധന തുപ്പുണിത്തുറ അമ്മറാണിയുടെ കച്ചേരിയിൽവച്ചു നടത്തേണ്ടതുണ്ടെന്നു് നിശ്ചയിക്കയായി. അക്കിദിയാക്കോനു് അവിടെ വളരെ സ്വാധീനബലമുണ്ടായിരുന്നതുകൊണ്ടു് ആ വഴിക്കു ജയം പ്രാപിക്കാമെന്നു ഇട്ടിത്തൊമ്മൻ കത്തനാർ മുതൽപേർ കരുതിയിരുന്നു. ആദ്യത്തെ ആലോചനയ്ക്കു വിരോധമായി അമ്മറാണിയുടെ കച്ചേരിയിൽവച്ചു് പിടിപാടുകൾ പരിശോധിക്കണമെന്നു 'ശിശു'ക്കാർ ഇപ്പോൾ നിർബന്ധിക്കുന്നതു് സമ്മതിക്കുവാൻ പാടില്ലെന്നു 'കൊമ്മിസറി' അറിയിച്ചെങ്കിലും പിന്നീടു പല മഹാന്മാരുടേയും അഭിപ്രായവും അപേക്ഷയും അനുസരിച്ചു് അതിനും അദ്ദേഹം സമ്മതിച്ചു. പിടിപാടുകളുടെ പരിശോധനയിൽ മതസംബന്ധമായ യാതൊന്നും ഇല്ലെന്നുള്ള ബോധം നിമിത്തമാണു് അദ്ദേഹം അങ്ങനെ

ആവട്ടെ എന്നു വച്ചത്. തദനുസാരം "കൊമ്മിസറി അപ്പസ്തോലിക്ക" തന്റെ അധികാരത്തെ സംബന്ധിക്കുന്നതും നസ്രാണികൾക്കായുള്ളതുമായ മാപ്പിപ്പായുടെ തിരുവെഴുത്തുകളെ ഒരു വെള്ളിത്തട്ടത്തിൽവെച്ചു സ്വന്ത പ്രതിനിധികളായ വൈദികന്മാരും ജനങ്ങളും മുഖേന തുപ്പൂണിത്തുറക്കച്ചേരിയിൽ ഹാജരാക്കി. അക്കിയാക്കോന്റെ ഭാഗത്തു ഇട്ടിത്തൊമ്മൻ കത്തനാർ മുതലായി ചുരുക്കം ചില വൈദികന്മാരും ഒട്ടു വളരെ ജനങ്ങളും ഇരുനൂറു പടയാളികളും ഉണ്ടായിരുന്നു. അവർ തങ്ങളുടെവകയായി യാതൊരു ലക്ഷ്യവും ഹാജരാക്കുകയുണ്ടായില്ല. അതിനാൽ "കൊമ്മിസറി അപ്പസ്തോലിക്ക്" സകല വിവരവും കൊച്ചിയിലെ ഗവർണറിനെ എഴുതി അറിയിച്ചു. അദ്ദേഹം ഉടനെ കൊച്ചീരാജാവിനു എഴുതുകയും രാജാവു് സഹോദരൻ ഗൊദവമ്മനെ വേണ്ട സഹായങ്ങൾ ചെയ്യുന്നതിനായി തുപ്പൂണിത്തുറയ്ക്കു് അയക്കുകയുംചെയ്തു. അന്നു കൊച്ചീരാജാവു് തൃശ്ശിവപേരൂരിൽ താമസിച്ചുകൊണ്ടു സാമൂതിരിയോടു് . യുദ്ധംനടത്തുകയായിരുന്നു. 'ശീശു' ക്കാർ ലക്ഷ്യം ഹാജരാക്കാഞ്ഞതിനാൽ ഗൊദവമ്മൻ ഇട്ടിത്തൊമ്മൻ കത്തനാർ മുതലായ അക്കിയാക്കോന്റെ പാശ്ചക്കാരെ ഒരുവിധ ബന്ധവസ്സിലാക്കി: അക്കിയാക്കോൻ . മുളന്തുരുത്തിൽനിന്നു് മാറിക്കളയാതിരിക്കേണ്ടതിനു് ആ പള്ളിക്കാരും കണ്ടനാട്ടു പള്ളിക്കാരും ജാമ്യം ഏൽക്കണമെന്നും അതിനു ഭംഗംവരുത്തിയാൽ അനേകായിരം പണം പിഴകെട്ടേണ്ടിവരുമെന്നും അദ്ദേഹം (ഗൊദവമ്മൻ) അവരെ അറിയിച്ചു. തങ്ങളെ വിശ്വസിക്കാത്ത ഒരു കച്ചേരിയിൽ തങ്ങളുടെ രേഖകൾ സ്വീകരിക്കയില്ലാത്തതുകൊണ്ടാണു് അവ ഹാജരാക്കാതിരിക്കുന്നതെന്നു ഇട്ടിത്തൊമ്മൻ കത്തനാർ അപ്പോൾ വാദിക്കാതിരുന്നില്ല. സമയദൈർഘ്യംകൊണ്ടു കാര്യത്തിൽ വിജയംനേടാമെന്നായിരുന്ന അദ്ദേഹത്തിന്റെയും കൂട്ടുകാരുടേയും ആലോചനമുഴുവൻ. മൂന്നു നാലുദിവസം കഴിഞ്ഞു ഗൊദവമ്മൻ തുപ്പൂണിത്തുറനിന്നു പോയപ്പോൾ ആ തരം പിടിച്ചു ഇട്ടിത്തൊമ്മൻ കത്തനാർ (മാർ അഹത്തല്ലാ) പാതിയക്കീസിന്റെ എഴുത്തു ഹാജരാക്കി. അതിന്റെ മൂലപ്രതി ഉദയമ്പേരൂർ വികാരി മുതലായ എതിർ കക്ഷികൾ കട്ടെടുത്തുകൊണ്ടു ഹാജരാക്കിയിരിക്കുന്ന ലേഖനം മൂലപ്രതിയല്ലെന്നും വേറൊരു തിരുവെഴുത്തുകൂടി തങ്ങൾക്കുണ്ടെങ്കിലും അതു ആ (ഉദയമ്പേരൂർ) പള്ളി വികാരി തരുമെന്നു തോന്നുന്നില്ലെന്നും അദ്ദേഹം അറിയിച്ചു. അതിനിടക്കു് ഇട്ടിത്തൊമ്മൻ കത്തനാർ ഒരു ഓല എഴുതി വിരലിൽ ചുറ്റിക്കെട്ടി ചില ക്ഷുദ്രപ്രയോഗവും നടത്തി. ഗൊദവമ്മന്റെ അനുജൻ വീരകേരളനേയും കൊച്ചിയിലെ പ്രധാനികളായ ചില രാജകീയോദ്യോഗസ്ഥന്മാരേയും 'ശീശു'ക്കാർ ഈ ഘട്ടത്തിൽ സ്വാധീനരാക്കിത്തീർത്തു.

അനന്തരം മാപ്പിപ്പാ മുങ്കത്തുപള്ളിക്കു ദണ്ഡവിമോചനം കല്പിച്ചു നൽകുന്നായി അയച്ചിരുന്ന തിരുവെഴുത്തു (ല. ഫൂ) ഇട്ടിത്തൊമ്മൻ കത്തനാർ കൊണ്ടുവന്നു കാണിക്കയും ഏഴാമത്തെ അ

ലക് സാണ്ഡർ മാപ്പിപ്പാ അക്കിടിയാക്കോനെ മെത്രാപ്പോലീത്താ ആയി നിയമിച്ചതു ആ തിരുവെഴുത്തുമൂലമാണെന്നു പ്രസ്താവിക്കയും അതു കൽദായസുറിയാനിയിൽ വായിച്ചു ഉദ്ദേശ്യം സാധിക്കത്തക്കവണ്ണം അർത്ഥം പറയുകയും ചെയ്തു. വീരകേരളനാകട്ടെ അതിനെ സ്വീകരിച്ചുറപ്പിച്ചു. ഉടനെതന്നെ, അക്കിടിയാക്കോൻ, താനാണ് ശരിയായ മെത്രാൻ എന്നു പ്രസിദ്ധംചെയ്യുകൊണ്ടു 'കൊമ്മിസറി' അപ്പസ്തോലിക്കായുടെ ഭാഗത്തുള്ള എല്ലാവരേയും മഹറോൻശിക്ഷയിൽ ഉൾപ്പെട്ടുന്നു എന്നു അറിയിച്ചു. ആ സമയം ഒട്ടുവളരെ വെടികൾ ധ്വനിപ്പിക്കയും അതോടെ എല്ലാവരും അക്കിടിയാക്കോന്റെ കൈമുത്തി ഓരോ പണം ദക്ഷിണവെക്കയുമുണ്ടായി. പിന്നെ അക്കിടിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാരും തങ്ങളുടെ അധികാരം പ്രബലീകരിക്കുവാനുള്ള പരിശ്രമമായി. കത്തോലിക്കരെ തങ്ങളുടെ കീഴാക്കുന്നതിനു വളരെ പരിശ്രമിക്കയും അതിനായി പതിനെണ്ണായിരം പണം അമ്മ റാണിക്കും വീരകേരളനും കൊടുക്കയും ചെയ്തു. വളരെ ശ്രദ്ധമായി നടന്നും നടത്തിയും വന്നിരുന്ന ഈ ആലോചന അക്കിടിയാക്കോനിൽ നിന്നു പട്ടം സ്വീകരിച്ചിരുന്ന ഒരു ശമ്മാശ് ഉദയംപേരൂരിൽ ചെന്നു 'കൊമ്മിസറി'യുടെ അട്ടക്കൽ അറിയിച്ചു. അദ്ദേഹം ഇതറിഞ്ഞു വളരെ ഖേദിച്ചെങ്കിലും അസത്യം വിജയീഭവിക്കുവാൻ ഇടയാകയില്ലെന്നുറച്ചുകൊണ്ടു, നടന്ന കാര്യങ്ങളെല്ലാം കൊച്ചിയിലെ പോർട്ടുഗീസ് സൈന്യാധിപനായ ഇഗ്നേഷ്യസ് സറമെന്റോ (Ignatius Saramento) യെ അറിയിക്കയാൽ അദ്ദേഹം ഉടനെ ഏതാനും യോദ്ധാക്കളുമായി ഉദയംപേരൂരിൽ എത്തി. അതിനിടയ്ക്കു സംഗതികളൊക്കെയും ഇളയരാജാവായ ഗോദവർമ്മൻ അറിഞ്ഞു് നൂറു ഭടന്മാരുമായി മുളന്തുരുത്തിൽ എത്തി പള്ളിക്കു ചുറ്റും കാവൽവെച്ചു. അക്കിടിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാരും മുണ്ടും തലപ്പാവും ധരിച്ചു പടയാളികളുടെ ഇടയിൽക്കൂടി അർദ്ധരാത്രിയിൽ കടന്നു് ഒരു വീട്ടിൽ ചെന്നൊളിച്ചു. ഗോദവർമ്മൻ ഈ വിവരം അറിഞ്ഞു് കണ്ടനാട്ടേയും മുളന്തുരുത്തിയിലേയും പള്ളിവസ്തുക്കൾ കണ്ടുകെട്ടി. ഈ അവസരത്തിൽ 'കൊമ്മിസറി' അപ്പസ്തോലിക്കാ കണ്ടനാട്ടുപള്ളിയിൽ എത്തി. അവിടത്തെ ജനങ്ങൾ അദ്ദേഹത്തിനു വിധേയരാകയും വിശ്വാസസത്യം ചെയ്കയും ചെയ്തു. സെബസ്ത്യാനി മെത്രാൻ മുളന്തുരുത്തിൽ ചെന്നപ്പോൾ ആ ഇടവകയിലെ ജനങ്ങളിൽ ഭൂരിപക്ഷം അദ്ദേഹത്തെ സ്വമതത്തലവനായി സ്വീകരിച്ചെങ്കിലും കുറേപ്പേർ അക്കിടിയാക്കോന്റെ കക്ഷിക്കാരായിത്തന്നെ ശേഷിക്കാതിരുന്നില്ല. ഈ സംഗതികളിലെല്ലാം ഗോദവർമ്മൻ 'കൊമ്മിസറി'ക്കു സഹായി ആയി നിന്നിരുന്നു. അനന്തരം മുളന്തുരുത്തിപ്പള്ളി പൂട്ടണമെന്നും അക്കിടിയാക്കോന്റെ സാമാനങ്ങൾ ബന്ധവസ്സിൽ വക്കണമെന്നും 'കൊമ്മിസറി' മെത്രാൻ അറിയിച്ചു. പള്ളിയകത്തു കയറിയപ്പോൾ അക്കിടിയാക്കോന്റെ ഭടന്മാർ അവിടെ കാവൽനിൽക്കുന്നതുകണ്ടു് അവർ സാമാനം എടുക്കുന്നതിനെ

വിരോധിച്ചെങ്കിലും ആ വിരോധം ഫലപ്പെട്ടില്ല. മുടിയും, വടിയും ഒഴിയെ അക്കിദിയാക്കോന്റെ മറ്റെല്ലാ സാമാനങ്ങളും കണ്ടുകിട്ടി. വിലപിടിച്ച സാമാനങ്ങളൊക്കെയും ഗോദവമ്മനും, പൊന്തിഫിക്കൽ പുസ്തകം, സൈത്ത്, അക്കിദിയാക്കോന്റെ പല എഴുത്തുകൾ മുതലായവ 'കൊമ്മിസറി'മെത്രാനും എടുത്തു. ഈ സാമാനങ്ങളെല്ലാം ഉദയമ്പേരൂർ പള്ളിയിലേക്കു നീക്കം ചെയ്യപ്പെട്ടു. ഈ കാര്യങ്ങളെല്ലാം സംഭവിച്ചതു ക്രിസ്തുശകം ൧൫൯൯ാമാണ്ടു ഒക്ടോബർമാസത്തിലാണ്. ത്രേസ്യാപുണ്യവതിയുടെ തിരുനാൾ ആ വത്സരത്തിൽ അവിടെ ആഘോഷിക്കുകയും വി. കുർബ്ബാനയുടെ പ്രദക്ഷിണം മലങ്കരയിൽ അന്നു ഇടംപ്രഥമമായി നടത്തുകയും ചെയ്തു. അക്കിദിയാക്കോന്റെ പുസ്തകങ്ങൾ മുതലായവ സൂക്ഷിച്ചുവെച്ചെങ്കിലും അദ്ദേഹത്തിന്റെ സൈത്തു, പട്ടുകുപ്പായം, ആദിയായ വസ്ത്രങ്ങളെല്ലാം ചുട്ടുകളഞ്ഞു. പട്ടം കൊടുക്കുമ്പോൾ ഉപയോഗിക്കുന്ന പൊന്തിഫിക്കൽ ക്രൂശാതെ വേറൊരു പുസ്തകം ക്രൂശി അക്കിദിയാക്കോന്റെ സാമാനശേഖരത്തിൽ കണ്ടുകിട്ടി. കൊൺസ്റ്റന്റയിൽ നഗരത്തിലെ ഒരു സുനഹദോസിന്റെ നിർണ്ണയങ്ങളായിരുന്നു അതിൽ അടങ്ങിയിരുന്നതു്. ഒരു വൈദികനു മെത്രാൻ പട്ടം കൊടുക്കുന്നതിനു മൂന്നു മെത്രാന്മാർ ക്രൂശിയേ തീരൂ എന്നു ആ നിയമങ്ങളിൽ തെളിവായി പറയപ്പെട്ടിരുന്നു. ക്രൂശാതെ, അക്കിദിയാക്കോൻ മെത്രാപ്പോലീത്താ ആണെന്നുള്ളതിലേക്കു ലക്ഷ്യമായി ഇട്ടിത്തൊമ്മൻ കത്തനാർ തുപ്പുണിത്തുറ വീരകേരളനെ കാണിച്ചതും വാസുവത്തിൽ ചുങ്കത്തുപള്ളിക്കു നൽകപ്പെട്ട ദണ്ഡവിമോചനത്തെ ലക്ഷീകരിക്കുന്നതുമായ മാപ്പുപ്പായുടെ തിരുവെഴുത്തും ഈ ക്രൂട്ടത്തിൽ കണ്ടുകിട്ടി. എഴുത്തുകളുടെ ക്രൂട്ടത്തിൽ, ഒരു മെത്രാനെ അയച്ചുകൊടുക്കുന്നതിനായി അക്കിദിയാക്കോൻ ഓറഞ്ചും പാത്രിയർക്കീസിനു എഴുതിയ ഒരെഴുത്തും ഉണ്ടായിരുന്നു. (ഓറഞ്ചും പാത്രിയർക്കീസെന്ന നാമത്തോടുകൂടി മാർ ഗ്രിഗോരിയോസു ക്രിസ്തുശക—ൽ മലയാളത്തിലേക്കു വരുവാൻ ഇടയാക്കിയതു ഈ ലേഖനമാണെന്നാണ് വിശ്വസിക്കപ്പെട്ടിരിക്കുന്നതു്.)

ക്രിസ്തു. പ്രതീക്ഷയ്ക്കു വിരോധമായി നടന്ന സംഭവങ്ങളും അതുകളിൽനിന്നുളവായ ദോഷഫലങ്ങളും കണ്ടു് ഇട്ടിത്തൊമ്മൻ കത്തനാർമുതൽപേർ കൂപിതന്മാരായിത്തീരുകയാൽ കുടിയന്മാരും മുട്ടാളന്മാരുമായ ചിലർക്കു പണം കൊടുത്തു 'കൊമ്മിസറി'യേയും കത്തോലിക്കരേയും അധിക്ഷേപിക്കുന്നതിനും അവരുടെ ഭവനങ്ങൾക്കു തീവെക്കുന്നതിനും ചട്ടംകെട്ടി. കത്തോലിക്കരായ പലരുടെയും വീടുകൾക്കു തീവെക്കുക മാത്രമല്ല. 'കൊമ്മിസറി'ക്കു വിധേയനായ ഒരാളെ കൊലപ്പെടുത്തുകകൂടിയുണ്ടായി. കൊലപാതകം കഴിഞ്ഞശേഷം ക്ഷോഭത്തിനു ഒരുവിധമെല്ലാം ഒതുക്കംവന്നു. അനന്തരം 'കൊമ്മിസറി' മെത്രാൻ ക്രിസ്തുശക ഡിസംബർ മാസത്തിൽ പള്ളിക്കാരുടെ ഒരു യോഗം. ഉദയമ്പേരൂരിൽ വിളിച്ചുകൂട്ടുകയും അതിൽ വികാരിമാരെ സംബന്ധിച്ചും വിവാഹമെന്ന ക്രിയാശയെപ്പറ്റിയും ചില നിയമങ്ങൾ പ്ര

സിദ്ധീകരിക്കുകയും ചെയ്തു. അക്കിയാക്കോനിൽനിന്നു അസാധുവായി പട്ടമേറിരുന്ന ചില ശെമ്മാശന്മാരും ഏതാനും പള്ളിക്കാരും 'കൊമ്മിസറി'യെ സ്വീകരിച്ചു അദ്ദേഹത്തിനു കീഴ്പ്പെട്ടു.

അക്കാലത്തു പോർട്ടുഗീസുകാരുടെ അധികാരം മലയാളതീരത്തു ക്ഷയിച്ചു തുടങ്ങി, ഫ്രാൻസ്-ൽ കൊളനും ഫ്രാൻസ്-ൽ കൊറൊ മണ്ഡലതീരത്തുള്ള നാഗപട്ടണവും ഡച്ചുകാർ പിടിച്ചടക്കിയതോടുകൂടി അവരുടെ (ഡച്ച്) പ്രാബല്യം ഇന്ത്യയിൽ പ്രത്യക്ഷപ്പെടുവാനാരംഭിച്ചു. ഡച്ചുകാർ ഫ്രാൻസ്-ൽ കൊല്ലം കീഴടക്കുക നിമിത്തം അവരുടെ ശക്തി മലയാളതീരത്തു വിശേഷിച്ചും വർദ്ധമാനമായിത്തീർന്ന ഫ്രാൻസ്-ൽ കൊടുങ്ങല്ലൂർ പട്ടണവും ഡച്ചുകാർക്കു ആധീനമായി. ഈ കാലം തുടങ്ങി പോർട്ടുഗീസുശക്തി മലയാളത്തിൽ ക്ഷയോന്മുഖമായി ഭവിച്ചു. അക്കിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാർക്കും ഈ ശക്തിക്ഷയം അത്യധികമായ സന്തോഷത്തിനു കാരണമാകാതിരുന്നില്ല. മുളന്തുരുത്തിപ്പള്ളിയുടെ പൂട്ടിൽവെച്ചിരുന്ന മെത്രാന്റെ വടിയും മുടിയും ഒരു മാലാഖാവഴിക്ക് അത്ഭുതകരമായി അക്കിയാക്കോനു ലഭിച്ചെന്നും അദ്ദേഹം ക്രുദ്ധാശചെയ്തു സൈത്തു കൊണ്ടു സുപ്പദംശനംമൂലം ഒരാൾക്കുണ്ടായ വിഷം ഇറങ്ങുകയും സുപ്പം ചാവുകയും ചെയ്യുന്നും മറ്റും ഇട്ടിത്തൊമ്മൻ കത്തനാർ ആ സന്ദർഭത്തിൽ പറഞ്ഞുനടത്തി.

'കൊമ്മിസറി'യായ ജോസെഫ് മെത്രാൻ ഉദയമ്പേരൂരിൽനിന്നു മുളന്തുരുത്തിപള്ളിയിൽപോയിപാർത്തു. അന്ത്രുങ്കൽ വി. അന്ത്രയോസിന്റെ പള്ളിയിലെ വികാരിയായ ഒരു ഈശോസഭാവൈദികൻ മുളന്തുരുത്തിയെന്ന അദ്ദേഹത്തെ പലപ്പോഴും സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. ഫ്രാൻസ്-ലെ വലിയ നോമ്പിന്റെ വിശുദ്ധ വാരത്തിൽ കർമ്മങ്ങളെല്ലാം മുളന്തുരുത്തിപള്ളിയിൽ അനുഷ്ഠിക്കയും അവിടെവെച്ചു രണ്ടുപ്രാവശ്യം പട്ടം കൊടുക്കയുംചെയ്തശേഷം 'കൊമ്മിസറി' അവിടെനിന്നു ആലങ്ങാട്ടിനു പുറപ്പെട്ടു. അവിടെ അക്കിയാക്കോന്റെ പാശ്ചകരായി ബലവാന്മാരായ ചില ആളുകൾ ഉണ്ടായിരുന്നു. ജോസെഫ് മെത്രാൻ അവിടെ ചെല്ലാതിരിക്കുന്നതിനുവേണ്ടി വളരെ വിരോധങ്ങളെല്ലാം അവർ ചെയ്തിരുന്നതുകൂടാതെ അതിനായി അവിടത്തെ രാജാവിനും ഒരു ഇടപ്രഭുവിനും വളരെ പണം കൊടുത്തു അവരെ സ്വാധീനപ്പെടുത്തുകയും ചെയ്തിരുന്നു. അങ്കമാലിയിലെ ഇടപ്രഭുവിനേയും ഈ വിധത്തിൽത്തന്നെ അവർ വശീകരിച്ചു. ഈ കാരണങ്ങൾ നിമിത്തം 'കൊമ്മിസറി'ക്കു ആലങ്ങാട്ടു വളരെ വിഷമതകൾ നേരിട്ടു. അദ്ദേഹത്തെ പിടിച്ചു ലന്തക്കാരുടെ പക്കൽ ഏല്പിക്കുന്നതിനുകൂടിയും മേൽപ്പറഞ്ഞ ഇടപ്രഭുക്കന്മാർ ആലോചിച്ചെങ്കിലും കൊടുങ്ങല്ലൂരിലെ പുതിയ അധികാരി ഉത്തമനായ ഒരു കത്തോലിക്കനായിരുന്നതിനാൽ 'ശീശ്മ'ക്കാരുടെ ആലോചനകളൊന്നും സഫലമായില്ല. ആലങ്ങാട്ടെ കത്തോലിക്കാ ജനത്തി 'കൊമ്മിസറി'മെത്രാനെ തങ്ങ

ളുടെ പള്ളിയിൽ വളരെ സന്തോഷപൂർവ്വം സ്വീകരിക്കയും യാതൊരു അപകടവും നേരിടാതെ അദ്ദേഹത്തെ സംരക്ഷിക്കയും ചെയ്തു. അദ്ദേഹത്തെ അധിക്ഷേപിക്കുവാനും ചീത്തപറയുവാനുമായി 'ശീശ്മ'ക്കാർ ചില ദുർജ്ജനങ്ങളെ പണം കൊടുത്തേർപ്പെടുത്തിയിരുന്നെങ്കിലും കത്തോലിക്കരുടെ ഉത്സാഹം നിമിത്തം അതൊന്നും സാധിക്കുവാൻ ഇടയായില്ല. 'കൊമ്മിസറി' അവിടെവച്ചു ചില ശമ്മാശ്ശന്മാർക്കു പട്ടം കൊടുക്കയും ഉദയമ്പേരൂരിൽചെയ്ത നിയമങ്ങളെല്ലാം അവിടെയും നടപ്പിൽ വരുത്തുകയും ചെയ്തു.

അതഃപരം സെബസ്ത്യാനി മെത്രാൻ അങ്കമാലിയിലേക്കു പോയി. ഈ യാത്രയിൽ അദ്ദേഹത്തെ കഠിനമായി ഉപദ്രവിക്കുന്നതിനു അവിടെയും സമീപദേശങ്ങളിലും അധികാരമുള്ള ഇടവ്രുട്ടക്കന്മാർക്കു നാനൂറു പൊൻപണം കൊടുത്തു സ്വാധീനപ്പെടുത്തിക്കൊണ്ടു അക്കിടിയാക്കോനും കൂട്ടുകാരും ഒരുങ്ങിയിരിക്കുകയായിരുന്നു. വിഷമതയൊന്നും നേരിടാതിരിക്കേണ്ടതിനു വേണ്ട മുൻകരുതൽ കത്തോലിക്കർ ചെയ്യാതിരുന്നുമില്ല. രാത്രിസമയമായിരുന്നതിനാൽ വീടുകളുടെ മുറ്റത്തു വിളക്കു വെപ്പിച്ചും 'കൊമ്മിസറി'യുടെ ചുറ്റിലും വളരെ വൈദികന്മാരും ജനങ്ങളും കാവൽനിന്നുമാണ് യാത്രചെയ്തത്. ഒരു കഠിനയുദ്ധം ഉണ്ടായേക്കുമെന്നു ഭയപ്പെടുവാൻ തക്കവിധമുള്ള വിരോധം 'ശീശ്മ'ക്കാർ കാണിച്ചിരുന്നു. അക്കിടിയാക്കോൻ തന്നെയും ആ മത്സരകക്ഷികളുടെ കൂട്ടത്തിൽ കാണപ്പെട്ടു. ശത്രുപക്ഷക്കാരുടെ ഇത്ര ശക്തിമത്തായ വിരോധങ്ങൾക്കിടയിൽ, രാത്രിസമയം 'കൊമ്മിസറി'മെത്രാൻ അങ്കമാലികിഴക്കേപ്പള്ളിയിൽചെന്നെത്തി. അവിടെ അക്കിടിയാക്കോന്റെ കക്ഷിയിൽ ഒരുപ്രധാനഭാഗം വഹിച്ചിരുന്നതു കത്തലൂമ്മാ എന്ന പേരോടുകൂടിയ വളരെ ധനികയായ ഒരു സ്ത്രീയായിരുന്നു. ആ ദേശക്കാരിയായ അവൾക്കു ഇടവ്രുട്ടക്കന്മാരുടെ അടുക്കൽ വളരെ സ്വാധീനമുണ്ടായിരുന്നെന്നു തന്നെയല്ലാ, കാര്യങ്ങൾ സാധിക്കേണ്ടതിനായി ആ വ്രുട്ടക്കന്മാരുടെ പത്നികൾക്കു വളരെ ദ്രവ്യം അവൾ സമ്മാനിക്കയും ചെയ്തിരുന്നു. 'ശീശ്മ'ക്കാരൊക്കെയും അവളോടു ഒത്തു പ്രവർത്തിച്ചതിനാൽ 'കൊമ്മിസറി' അപ്പസ്തോലിക്കായിക്കും കത്തോലിക്കർക്കും അവരിൽനിന്നു നിരവധി ഉപദ്രവങ്ങൾ നേരിട്ടു. കത്തലൂമ്മാ പള്ളിയകത്തുവച്ചു ഒരു ആട്ടക്കളി (Dance) നടത്തുകയും അതു കണ്ടവർക്കെല്ലാം വിരുന്നു കൊടുക്കയും ചെയ്തു. തന്നിമിത്തം 'കൊമ്മിസറി' അത്യന്തം ദുഃഖിതനായിത്തീർന്നു. ഇതുകൾക്കെല്ലാം ഒരു നിവൃത്തിയുണ്ടാക്കേണ്ടതിനായി ദൈവത്തോടുപ്രാർത്ഥിച്ചു. ആസ്ഥലത്തെ ഇടവ്രുട്ടവിന്റെ ധനക്കാര്യോദ്യോഗസ്ഥനായ ഒരു ക്രിസ്ത്യാനിയിൽനിന്നും അയാൾമൂലം മറ്റു പലരിൽനിന്നും വളരെ ഉപദ്രവങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. 'ശീശ്മ'ക്കാരുടെ നാനാതരത്തിലുള്ള ഉപദ്രവനിമിത്തം കത്തോലിക്കരിൽ പലരും പട്ടണത്തിനു വെളിയിലുള്ള ഒരുകൊത്തളത്തിൽ ഒളിച്ചുപാർക്കുവാൻ നിർബ്ബന്ധരായി. 'കൊമ്മിസറി' അപ്പസ്തോലിക്കായിക്കു കൊച്ചിയിലെ പോർട്ടുഗീസുകാരുടെ സഹായം ഉ

ണ്ടായേക്കുമെന്നുള്ള ഭയം നിമിത്തമോ ദ്രവ്യാഗ്രഹം ഹേതുവായോ ഏ
ന്തോ ഇടപ്രഭുക്കന്മാർ ഒട്ടവിൽ അദ്ദേഹത്തെച്ചെന്നുകണ്ട്, സ്ത്രീണി
കൾ തങ്ങൾക്കു പണം തന്നിട്ടുള്ളതിനാലാണ് തങ്ങൾ അവരെ സ
ഹായിക്കുന്നതെന്നും നിങ്ങളും അതുപോലെ പണം തരുന്നപക്ഷം ഉ
പദ്രവങ്ങൾ ഒക്കെയും തീർത്തുതരാമെന്നും അദ്ദേഹത്തിന്റെ അടുക്കൽ
അവർ അറിയിച്ചു. 'ശീശ്മ'ക്കാരുടെ ഉപദ്രവങ്ങളിൽ നിന്നൊഴിയുന്ന
തിനു വേറെ മാർഗ്ഗമില്ലെന്നു കണ്ടതിനാൽ ഇടപ്രഭുക്കന്മാരുടെ ആഗ്ര
ഹമനുസരിച്ച് അവർക്കു ആയിരം പണം കൊടുക്കയും ആ തുകയിൽ
മൂന്നിൽ ഒരംശം ജോസഫ് മെത്രാനും ബാക്കി കത്തോലിക്കരും വഹി
ക്കയും ചെയ്തു. ഇതോടെ 'ശീശ്മ'ക്കാരുടെ ശക്തി വളരെ ക്ഷയിച്ചു
വശായി; അവരുടെ ശല്യങ്ങളും അവസാനിച്ചു. കൊമ്മിസറിമെത്രാ
നു കീഴ്പ്പെടേണ്ടെ കാര്യത്തെപ്പറ്റിയായിരുന്ന 'ശീശ്മ'ക്കാരുടെ പിന്ന
ത്തെ ആലോചന. അർക്കദിയാക്കോനെ ഉപേക്ഷിക്കയില്ലെന്നു ശപ
ഥംചെയ്തിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ അനുസരണത്തിൽനിന്നു വിട്ടു
മാറുവാൻ നിവൃത്തിയില്ലെന്നു അവർക്കു വാദമുണ്ടായിരുന്നു. അധർമ്മമായ
ഒരു കാര്യത്തെപ്പറ്റി ചെയ്യുന്ന ശപഥം അസാധുവാണെന്നും അതു
പൂർത്തീകരിക്കുന്നതും അതിനെ അനുസരിച്ചു പ്രവർത്തിക്കുന്നതും പാപ
മാണെന്നും 'കൊമ്മിസറി' അവരെ അറിയിച്ചു. അദ്ദേഹത്തിന്റെ
ഉപദേശമനുസരിച്ച്, ഏഴു പേരൊഴികെ മറ്റെല്ലാ 'ശീശ്മ'ക്കാരും
തങ്ങളുടെ അദ്ധ്യാത്മ നേതാവായി അദ്ദേഹത്തെ കൈക്കൊണ്ടു. ജോ
സഫ് മെത്രാൻ അവിടെവച്ചു ഏതാനും ശമ്മാശന്മാർക്കു പട്ടം കൊടു
ക്കയും ഉദയംപേരൂരിലെ നിയമങ്ങൾ അവിടെയും പ്രസിദ്ധീകരിച്ചു
നടപ്പിൽ വരുത്തുകയും ചെയ്തു. അനന്തരം സകലപേരേയും കൊണ്ടു
വിശ്വാസസത്യം ചെയ്യിച്ചശേഷം അദ്ദേഹം മുട്ടത്തുപള്ളിയിലേക്കു മ
ടങ്ങി.

൫൬. ആ കാലത്തു— പന്ത്രണ്ടാമാണ്ടിലെ വർഷകാലം ക
ഴിഞ്ഞു— ലന്തക്കാർ (ഡച്ചുകാർ) കൊച്ചിക്കോട്ട പിടിക്കുന്നതിനായി
പ്പെട്ടിക്കരയിൽനിന്നു കഠിനയുദ്ധം ആരംഭിച്ചു. ആ വത്സരത്തിന്റെ
അവസാനത്തിൽ (കൊച്ചി) കോട്ട അധിപതിക്കാറായ വിവരം അ
റിഞ്ഞു 'കൊമ്മിസറി' മെത്രാൻ മുട്ടത്തുനിന്നു പുറപ്പെട്ട്, കൊച്ചിയിൽ
നിന്നു വളരെ ദൂരസ്ഥമായ കടുത്തുരുത്തി വലിയപള്ളിയിൽ ചെ
ന്നു പാർത്തു. കടുത്തുരുത്തിലേക്കുള്ള യാത്രക്കു മുമ്പായി അദ്ദേഹം കൊ
ച്ചിയിൽ ചെല്ലണമെന്നു പോർട്ടുഗീസു അധികാരികൾ എഴുതി അ
യച്ചിരുന്നു. അദ്ദേഹമാകട്ടെ സ്വയമേ പോകാതെ സഹചരന്മാ
രായ കമ്മെലീത്തരെ തന്റെ പകരക്കു അവിടേക്കു അയച്ചു. അവർ
കൊച്ചിയിൽ എത്തി യുദ്ധത്തിൽ മുറിവേറ്റവരേയും മറ്റും സഹായി
ക്കയും അവർക്കു അന്തിമകൂദാശകൾ കൊടുക്കയും ചെയ്തു. മുളന്തുരുത്തി
ൽനിന്നു ഒളിച്ചോടിയതു മുതൽ ലന്തക്കാർ കൊച്ചിക്കോട്ട പിടിക്കുവാ
ൻ വന്നതുവരെ അർക്കദിയാക്കോൻ ഇട്ടിത്തൊമ്മൻ കത്തനാരോടൊ
രുമിച്ചു ഒളിച്ചു താമസിക്കുകയായിരുന്നു. ഇപ്പോഴാകട്ടെ അദ്ദേഹം

സധൈര്യം വെളിയിൽ വരികയും ലന്തക്കാരെ സഹായിച്ചുകൊള്ളാമെന്നു അവരെ അറിയിക്കയും ചെയ്തു. കൊച്ചിയിലെ ഇളയ ക്രൂർരാജാവും തെക്കൻക്രൂർരാജാവും അക്കിടിയാക്കോനുവേണ്ട ഒത്താശകൾ ചെയ്തുകൊണ്ടിരുന്നു. ജോസഫ് മെത്രാൻ കടത്തുരുത്തിൽ പാർത്തുവരവേ, വടക്കൻ ക്രൂർ രാജ്യത്തിലുള്ള വ൪ പള്ളിക്കാർ അദ്ദേഹത്തിനു വഴങ്ങി, 'കൊമ്മിസറി' അപ്പസ്തോലിക്കാ ആയി അദ്ദേഹത്തെ സ്വീകരിച്ചു. ഈ പള്ളികളെല്ലാം പണ്ടേതന്നെ 'ശൗശ്യ'യെ മിക്കവാറും പരിത്യജിച്ചിരുന്നെങ്കിലും ചിലയാളുകൾ അതുവരെ 'ശീശ്യ'ക്കാരായി ശേഷിച്ചിരുന്നിരുന്നു. അക്കിടിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാരും ഇതുകണ്ടു കോപാന്ധന്മാരായി 'കൊമ്മിസറി'യെ ഉപദ്രവിക്കുന്നതിനു വട്ടംകൂട്ടി. കടത്തുരുത്തി രാജാവു അക്കാലത്തു മൃഗത്തുപോയി താമസിക്കുകയായിരുന്നു. രാജാവിന്റെപേക്ഷ കടത്തുരുത്തിൽ കാര്യങ്ങൾ നടത്തിവന്ന അധികാരിയെ അക്കിടിയാക്കോൻ ഒട്ടുവളരെ ദ്രവ്യംകൊടുത്തു വശീകരിച്ചു. ആ കാര്യസ്ഥൻ രാജസമ്മതം വരുത്തിക്കൊണ്ടു 'കൊമ്മിസറി' പള്ളിയിൽനിന്നു പുറപ്പെടാതിരിക്കത്തക്കവണ്ണം ഒരുവിധ ബന്ധവസ്സുചെയ്തു ശിപായിമാരേ കാവൽനിറുത്തി. അധികനാൾ കഴിയുന്നതിനുമുമ്പായി ആ കാര്യസ്ഥനു പെട്ടെന്നു ആപൽക്കരമായ ഒരു രോഗംപിടിപെട്ടു. കൈക്രൂലിവാങ്ങിക്കൊണ്ടു, മുനിയായ ഒരു മതാദ്ധ്യക്ഷനെ ഉപദ്രവിച്ചതാണ് രോഗോൽപാദനത്തിന്റെ ഹേതുവെന്നു അദ്ദേഹത്തിനു വിശ്വാസം ജനിക്കയാൽ വളരെ ഭയന്നു ഉടനെതന്നെ മെത്രാനെ ചെന്നു കാണുകയും രാജാവിനെ ബോധിപ്പിച്ചു തടവുതീർക്കയും ചെയ്തു.

'കൊമ്മിസറി' കടത്തുരുത്തിൽ എത്തിയിട്ടു ഏതൊരാമാസിയാതെ— (എന്നുവച്ചാൽ ജനുവരി ൨—ാം തീയതി— കൊച്ചിക്കോട്ട ലന്തക്കാരുടെ കയ്യിലായി. അവർ അകത്തുകടന്നു പള്ളികളിലെ സ്വരൂപങ്ങൾ മുതലായവ ദഹിപ്പിക്കയും (യൂദ്യത്തിൽ കേട്ടപോറിയിരുന്ന) ഈശോ സഭക്കാരുടെ ദേവാലയം നശിപ്പിക്കയും ചെയ്തു. പ്രൻസീസ്കൻ കാരുടെ പള്ളി, കാൽവിൻ. മതക്കാരായ ഡച്ചുകാർ തങ്ങളുടെ ഹിതാനുസാരം ഒരു പ്രോട്ടസ്റ്റാൻറ് പള്ളിയായി രൂപാന്തരപ്പെടുത്തി. പോർട്ടുഗീസുകാരെല്ലാം സ്ഥലംവിട്ടുപോകയോ നാട്ടകടത്തപ്പെടുകയോ ചെയ്തു. 'കൊമ്മിസറി'യും കൂട്ടുകാരും നാലുദിവസത്തിനകം നാടുവിട്ടുപൊയ്ക്കൊള്ളണമെന്നു ഡച്ചുസൈന്യാധിപനായ റിക്കൂലോഫ് ഉടനെ എഴുതി അറിയിച്ചു. ഈ കല്പന 'കൊമ്മിസറി' കടത്തുരുത്തിൽവെച്ചു കൈപ്പറ്റി. പോർട്ടുഗീസുകാർക്കു നാടുരാജാക്കന്മാരുടെമേൽ ഉണ്ടായിരുന്ന ആധിപത്യം കൊച്ചിക്കോട്ടയുടെ അധഃപതനത്തോടുകൂടി ഡച്ചുകാർക്കു സിദ്ധിച്ചു. 'കൊമ്മിസറി'യും കൂട്ടുകാരും പോർട്ടുഗീസുകാരുടെ ബന്ധുക്കൾ ആയിരുന്നതിനാലാണ് അവർ നാടുവിട്ടുപോകണമെന്നു റിക്കൂലോഫ് അവരാജ്ഞാപിച്ചതു്. ഈ വിരോധകല്പനയിൽ ഒരു ഭേദഗതി വരുത്തണമെന്നു 'കൊമ്മിസറി' എഴുതി അപേക്ഷിച്ചിട്ടും അതു അസാദ്ധ്യമാണെന്നായിരുന്നു സൈന്യാധിപന്റെ മറുപടി. അ

തിനാൽ, വികാരിമാർ, മറ്റു വൈദികന്മാർ, ശമ്മാശന്മാർ, ജനപ്രധാനികൾ എന്നിവർ ഉൾപ്പെട്ട പള്ളിക്കാരുടെ ഒരു യോഗം കൂട്ടത്തുരുത്തിൽ സപ്രസതിയിൽ കൂടണമെന്നു 'കൊമ്മിസറി' എഴുതി അറിയിക്കയും അതനുസരിച്ചു പള്ളിക്കാർ ചെന്നു ചേരുകയുംചെയ്തു. (13)

൧൮. ഒരു മെത്രാനെ വാഴിക്കുന്നതിനു മാമ്പുപ്പായിൽനിന്നു തനിക്ക് അധികാരപത്രം ലഭിച്ചിട്ടുള്ള വിവരം 'കൊമ്മിസറി' ആ യോഗത്തിൽ വെളിപ്പെടുത്തിക്കൊണ്ട് അതിലേക്ക് ഒരാളെ തെരഞ്ഞെടുത്തു കാണിക്കണമെന്ന് അവശ്യപ്പെട്ടു. തദനുസാരം കുറവിലങ്ങാട്ടു പള്ളിയുടെ വികാരിയും ആ ഇടവക പള്ളിവീട്ടിൽ കുറിയാക്കോസ്, അച്ചുണ്ണി (അഗനെസ്) എന്നവരുടെ പുത്രനുമായ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ യോഗം ഏകാഭിപ്രായമായി തെരഞ്ഞെടുത്തു. മെത്രാൻപദത്തിനു ഉത്തമനെന്നു 'കൊമ്മിസറി' ഉദ്ദേശിച്ചിരുന്നതും ഇദ്ദേഹം തന്നെയായിരുന്നതുകൊണ്ട് ഈ തെരഞ്ഞെടുപ്പ് അദ്ദേഹത്തിനു അത്യന്തം സന്തോഷജനകമായി ഭവിച്ചു. എഴുപത്തഞ്ചു വയസ്സുള്ളവനും വളരെ ജനരഞ്ജനയുള്ള ആളുമായിരുന്ന കടവിൽ ചാണ്ടിക്കത്തനാരുടെ സാഹായ്യസഹകരണങ്ങൾ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർക്ക് അവശ്യാവശ്യമായിരുന്നതിനാൽ അദ്ദേഹത്തോട് ഈതെരഞ്ഞെടുപ്പു സംബന്ധിച്ചാലോചിക്കയും എല്ലാക്കാര്യങ്ങളിലും തന്റെ സഹായവും സഹകരണവും പുതിയ മെത്രാനുണ്ടായിരിക്കുന്നതാണെന്ന് അദ്ദേഹം വാഗ്ദാനംചെയ്കയുംചെയ്തു. അനന്തരം വേണ്ടതുകൂടെല്ലാം ചെയ്തശേഷം ആ (൧൭൩൮ ജനുവരി) മാസം ൨൬-ാംതീയതി പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ മെഗാറാ (Megara) യുടെ മെത്രാനും മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കായുമായി അഭിഷേകം ചെയ്യപ്പെട്ടു. മാമ്പുപ്പായിൽനിന്ന് 'കൊമ്മിസറി'ക്കു സിദ്ധിച്ചിരുന്ന പ്രത്യേകാനുവാദം അനുസരിച്ചു അഭിഷേകകർമ്മത്തിൽ സാഹായിക മെത്രാന്മാരുടെ ജോലി നിവ്വഹിച്ചതു രണ്ടു വൈദികന്മാരായിരുന്നു. അഭിനവമെത്രാന്റെ അനന്തരവനായ മത്തായിക്കത്തനാർ തദവസരത്തിൽ പ്രസംഗം ചെയ്കയും മാമ്പുപ്പായുടേയും 'കൊമ്മിസറി' അപ്പസ്തോലിക്കായുടേയും പേരിൽ കൃതജ്ഞത പ്രദർശിപ്പിക്കയും ചെയ്തു. ഇതുകഴിഞ്ഞു ജോസെഫ് മെത്രാൻ അക്കുദിയാക്കോനേറയും അദ്ദേഹത്തിന്റെ സഹായിയായ ഇട്ടിത്തൊമ്മൻ കത്തനാരുടേയും പേരുകൾ തിരിച്ചു പറഞ്ഞുകൊണ്ട് അവക്കു മഹരോൻശീക്ഷ പ്രസ്താവിച്ചു.

പുതിയ മെത്രാൻ അഭിഷേകം കഴിഞ്ഞു മൂന്നാംദിവസം മുട്ടുചിറച്ചെന്നു. അധികാരം നടത്തി. 'കൊമ്മിസറി' പുതിയ മെത്രാനെ കായ്ങ്ങളെല്ലാം ഏല്പിച്ചുകൊണ്ട് അവിടെനിന്നു കൊച്ചിയിലെത്തി ഡച്ചു സൈന്യാധിപനായ റിക്കലൊഫിനോട് രണ്ടു സംഗതികളപേക്ഷിച്ചു. അവയിൽ ഒന്ന്, കത്തോലിക്കരായ നസ്രാണികളേപ്പറ്റി ലന്തക്കമ്പനിക്കു് എഴുതി അറിയിക്കണമെന്നും, മറേറത്തു് മെഗാറായുടെ

മെത്രാനായി താൻ അഭിഷേകംചെയ്തിരിക്കുന്ന പള്ളിവീട്ടിൽ അലക്സാ ണ്ടർ (ചാണ്ടി) മെത്രാനെ ലന്തക്കാരുടെ സങ്കേതത്തിൽ കൈക്കൊള്ള ണമെന്നുതന്നെ. ഒന്നാമത്തെ കായ്മസംബന്ധിച്ചു് അദ്ദേഹത്തിന്റെ ആഗ്രഹംപോലെ താൻ എഴുതീട്ടുണ്ടെന്നും, അലക്സാണ്ടർ മെത്രാ നെ സ്ഥീകരിച്ചു് സംരക്ഷിച്ചുകൊള്ളാമെന്നും അതിലേക്കു് അദ്ദേഹ ത്തെക്കണ്ടു പരിചയിക്കേണ്ട ആവശ്യമുണ്ടെന്നും സൈന്യാധിപൻ മറുപടിപറഞ്ഞു. ഇതിനെ അനുസരിച്ചു് 'കൊമ്മിസറി' കടത്തുരുത്തി ലേക്കു് ഉടനെ എഴുതിയറിയിക്കയാൽ ചാണ്ടിമെത്രാൻ കൊച്ചിയിൽ എ ത്തി. റിക്കലോഫ് അദ്ദേഹത്തെ വളരെ ബഹുമാനപൂർവ്വം സ്ഥീകരി ക്കയും സ്നേഹഭാവത്തിൽ പറഞ്ഞയക്കയുംചെയ്തു. 'കൊമ്മിസറി' ആ ആണ്ടു ഫെബ്രുവരി ക്ര—ാംതീയതി കൊച്ചിയിൽനിന്നു് ഗോവയിലേ ക്കു കപ്പൽകയറി, ബസ്സോറാ, ബഗ്ദാദു് മുതലായ സ്ഥലങ്ങളിൽക്കൂടി ക്രന്നന്നു ജനുവരി ന്ന—ാംതീയതി റോമയിൽ ചെന്നുചേർന്നു. ഗോ വയിലും മലയാളത്തിലും താൻ നിവ്വഹിച്ച കായ്ങ്ങളെല്ലാം മാപ്പാ പ്പായുടെ അടുക്കൽ ബോധിപ്പിച്ചു. അവിടുന്നു് തിരുവെഴുത്തുകൾമൂലം അവയെല്ലാം സ്ഥിരീകരിച്ചു് ഉറപ്പിക്കയുംചെയ്തു.

പള്ളിവീട്ടിൽ അലക്സാണ്ടർ മെത്രാനെ "പറമ്പിൽ" അലക്സാ ണ്ടർ മെത്രാൻ എന്നു് ചില ഗ്രന്ഥകാരന്മാർ നാമകരണം ചെയ്യുകാണുന്നുണ്ടു്. അതു് പിശകുതന്നെ. അദ്ദേഹത്തിന്റെ വീട്ടുപേർ "പള്ളിവീട്ടു" എന്നും തറ വാട്ടുപേർ "പകലൊമറ്റം" എന്നുമാണു്. "പകലൊമ്മറ്റം" എന്നതിനു് പോ ർട്ടുഗീസുകാർ തുടങ്ങിയുള്ള യൂറോപ്യന്മാരായ ചരിത്രകൃത്തുകൾ "ദെ-കാ മ്പൊ" (De-Campo) എന്നർത്ഥം കല്പിച്ചു എന്നേയുള്ളു. (Campus) എന്ന ലാറ്റിൻ ഭാഷാപദത്തിനു് "മറ്റം", "പറമ്പു്" എന്നിങ്ങനെയാണു് അർത്ഥം "പറമ്പു" എന്ന വിവക്ഷയിൽ ആ പദം സ്ഥീകരിച്ചുകൊണ്ടു് "പറമ്പിൽ" അലക്സാണ്ടർ മെത്രാൻ എന്നു ചിലർ എഴുതിപ്പിടിപ്പിച്ചതിൽനിന്നാണു് ഈ പിശകു ഉത്ഭവിച്ചിട്ടുള്ളതു്.

# ഹന്ന–൨൦ അദ്ധ്യായം.

ഹന്നന്ന–ൽ ലന്തക്കാർ കൊച്ചിക്കോട്ട പിടിച്ച അവസരത്തിൽ മെത്രാഭിഷേകം ചെയ്യപ്പെട്ട പള്ളിവീട്ടിൽ അലക്സാണ്ഡർ അഥവാ ചാണ്ടി മെത്രാന്റെ കാലംമുതൽ ഹന്നെ–ൽ ഗ്വോറെൻസ് മെത്രാൻ പരേതനായതുവരെ മലങ്കരസഭയിലുണ്ടായ സംഭവങ്ങൾ.

൧. കഴിഞ്ഞ അദ്ധ്യായത്തിൽ (ല. ഛവ) ഡച്ചുകാർ കൊച്ചിക്കോട്ട പിടിച്ചതും തദവസരത്തിൽ പോർട്ടുഗീസുകാരുടെ ബന്ധുക്കളും അവരുടെ മതത്തെത്തന്നെ അവലംബിച്ചിരുന്നവരുമായ കമ്മലീത്താ മിഷ്യനറിമാർ നാടുവിട്ടുപോകണമെന്ന് അവർ നിബ്ബന്ധിച്ചതും തൻമൂലം ജോസെഫ് സെബസ്ത്യാനി മുതലായവർ മലയാളംവിട്ടു പുറപ്പെട്ടതും വിവരിച്ചിട്ടുള്ളതാണ്. ആ കാലഘട്ടത്തിൽ കൊച്ചിക്കോട്ടയ്ക്കകത്ത് പോർട്ടുഗീസുകാരായ വളരെ ആളുകൾ കൂടിപാർത്തിരുന്നതുകൂടാതെ പ്രൻസീസ്കൻകാർ, ഈശോസഭക്കാർ ആദിയായി ഒട്ടവളരെ പോർട്ടുഗീസ് വൈദികന്മാരും അവർ മാനസാന്തരപ്പെടുത്തിയ നാട്ടുക്രസ്ത്യാനികളും അവിടെ നിവസിച്ചിരുന്നു. പ്രൻസീസ്കൻകാക്ക് ഒരു പള്ളിയും ആശ്രമവും, ഈശോസഭക്കാക്ക ഒരു ദേവാലയവും ഒരു വിദ്യാമന്ദിരവുമാണ് കോട്ടയ്ക്കകത്തുണ്ടായിരുന്നത്. കോട്ട ഡച്ചുകാക്ക് അധീനമായതോടുകൂടി പോർട്ടുഗീസുകാരൊക്കയും കൊച്ചിവിട്ടു പോകേണ്ടിയതായി വന്നുകൂടി. ഈശോസഭക്കാരുടെ പള്ളിയും വിദ്യാലയവും അതോടുകൂടി അവരുടെ വകയായ ഒരു വലിയ പുസ്തകശാലയും നശിപ്പിച്ചുകളഞ്ഞു. പുസ്തകങ്ങളുടെ കടലാസുകൾ ഡച്ചുപടയാളികൾ തുരുട്ടുവലിക്കുന്നതിന് ഉപയോഗപ്പെടുത്തിയിരുന്നു. പ്രൻസീസ്കൻകാരുടെ പള്ളി നശിപ്പിക്കാതെ അതിനെ ഒരു പ്രോട്ടസ്റ്റാൻറു പള്ളിയായി രൂപാന്തരപ്പെടുത്തി. (1) നാട്ടുക്രസ്ത്യാനികൾ ഡച്ചുകാരുടെ ക്രൂരഭരണം നിമിത്തം സ്ഥലംവിട്ടു പോയിത്തുടങ്ങി. ഡച്ചുകാരാവട്ടെ, തങ്ങൾ കൈവശപ്പെടുത്തിയ പ്രൻസീസ്കൻപള്ളി തൽക്കാലത്തേക്ക് അവക്ക് വിട്ടുകൊടുക്കാമെന്നും അതിനിടക്ക് അവർ വൈപ്പിൽ വേറൊരുപള്ളി പണിയിച്ചുകൊള്ളണമെന്നും ആ സന്ദർഭത്തിൽ അറിയിച്ചു. വൈപ്പിലെ പള്ളിപണി തീർന്നയുടനെ പ്രൻസീസ്കൻ പള്ളിയിലെ സചിത്രപടങ്ങൾ മുതലായവ എടുത്തുകൊണ്ടുപൊയ്ക്കൊള്ളുന്നതിന് ഡച്ചുകാർ നാട്ടുക്രസ്ത്യാനികൾക്ക അനുമതി നൽകി. (2) അന്ന് സുറിയാനിക്കാർക്കുകൊച്ചിയിൽ ഉണ്ടായിരുന്ന പള്ളികൾ കോട്ടയ്ക്കു പുറത്തുള്ള തോമ്മാശ്ലീഹായുടെ പള്ളിയും മട്ടാഞ്ചേരിലെ പള്ളിയും ആയിരുന്നു.

൨. ലന്തക്കാർ കൊച്ചിക്കോട്ട പിടിച്ച അവസരത്തിൽ പകലോമറ്റം തറവാട്ടിൽ ഉൾപ്പെട്ട പള്ളിവീട്ടിൽ അലക്സ് സാണ്ഡർ

അഥവാ ചാണ്ടിക്കത്തനാർ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട സംഗതി കഴിഞ്ഞ അദ്ധ്യായത്തിൽ (ല. ഛവ) വിവരിച്ചിട്ടുള്ളതാണ്. ആ വൈദികോത്തമന്റെ ഗുണഗണങ്ങളേപ്പറ്റി അദ്ദേഹത്തെ അഭിഷേകം ചെയ്ത ജോസെഫ് സെബസ്ത്യാനിയുടെ ജീവചരിത്രത്തിൽ വിവരിച്ചിരിക്കുന്ന ഒരു ഘട്ടം താഴെക്കാണിക്കുന്നു:— "ഇദ്ദേഹം ശിശുയുടെ തിന്മയേപ്പറ്റി അറിഞ്ഞയുടനെ അതിൽനിന്നു വിടുമാറി സത്യതിരുസഭയുടെ ഐക്യത്തിലേക്കു ചേരുകയും അതിൽ മരണപര്യന്തം നിലനിൽക്കുകയും ചെയ്തു. അക്കീയാക്കോൻ ഇദ്ദേഹത്തിന്റെ സംബന്ധിയായിരുന്നെങ്കിലും ദൈവന്യായവും സംബന്ധന്യായവും തമ്മിൽ വിപരീതമായിത്തീരുമ്പോൾ, സംബന്ധന്യായം വകവെക്കാതെ ദൈവന്യായത്തെയാണ് സാരമായിക്കരുതേണ്ടതെന്ന് ഇദ്ദേഹത്തിനു പൂർണ്ണബോധം ഉണ്ടായിരുന്നതിനാൽ, പലപ്പോഴും അദ്ദേഹത്തിന് (അക്കീയാക്കോനു) വിരോധമായി പ്രവർത്തിച്ചിരുന്നു. വന്ദ്യനായ ജോസെഫ് സെബസ്ത്യാനിയും അദ്ദേഹത്തിന്റെ സഹവർത്തികളായ കർമ്മലീത്തരും മലയാളത്തിൽ എത്തിയ സമയം അവരെ മാപ്പിപ്പായുടെ പ്രതിപുരുഷന്മാർ എന്ന നിലയിൽ സ്വീകരിച്ച് കുറവിലങ്ങാട്ടു പള്ളിയിൽ നാലുമാസത്തോളം താമസിപ്പിച്ചു. ഇദ്ദേഹം വളരെ ധർമ്മിഷ്ഠനും ദൈവമാതാവിന്റെ പേരിൽ അത്യന്തം ഭക്തനുമായിരുന്നു. ദൈവാരാധനയുടെ കാര്യത്തിൽ തുലോം തീക്ഷ്ണശീലനായിരുന്ന ഈ മഹാശയൻ രണ്ടു പള്ളികൾ സ്വന്ത ചെലവിന്മേൽ പണിയിച്ചിട്ടുണ്ട്. വളരെ വിവേകിയും സാധുശീലനും മഹാമനസ്സനുമായിരുന്നതിനാൽ മെത്രാൻപദത്തിന് വൈദികഗണത്തിൽ അദ്ദേഹം ഏറ്റവും ഉത്തമനായിരുന്നു. (3) മാർ അലക്സ് സാണ്ടർ മെത്രാന്റെ സ്വന്ത വീട്ടുപേർ "കുട്ടിക്കുശ്രേരി" എന്നാകയാൽ കുട്ടിക്കുശ്രേരി മെത്രാൻ" എന്ന് അദ്ദേഹത്തെപ്പറ്റി അദ്ദേഹത്തിന്റെ ഇടവകക്കാർ പറയാറുണ്ട്. അദ്ദേഹത്തിന്റെ ഒരു ചായാപടം കുറവിലങ്ങാട്ടു പള്ളിമേടയിൽ ഇന്നും സൂക്ഷിക്കപ്പെട്ടുവരുന്നു.

പോർട്ടുഗീസുകാർ യുദ്ധത്തിൽ പരാജിതരാവുകയും തദ്ദേശവാസികൾ അവരുടെ ആധിപത്യം കേരളത്തിൽനിന്ന് നീക്കപ്പെടുകയും ചെയ്തു. അക്കീയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാർക്കും അത്യാഹ്ലാദജനകമായിരുന്നു. എന്നാൽ പിന്നീട് നടന്ന സംഭവങ്ങളെല്ലാം അക്കീയാക്കോനും അദ്ദേഹത്തിന്റെ പക്ഷക്കാർക്കും പ്രതികൂലങ്ങളായിട്ടാണ തീർന്നത്. പള്ളിവീട്ടിൽ അലക്സ് സാണ്ടർ മെത്രാനെ റിക്കലോഫ് സൈന്യാധിപൻ വളരെ ബഹുമാനപൂർവ്വം സ്വീകരിക്കുകയും അദ്ദേഹത്തേയും അദ്ദേഹത്തിന്റെ കീഴുള്ള ക്രിസ്ത്യാനികളേയും ആദരിച്ചു ഡച്ചു ഈസ്റ്റിൻഡ്യാ കമ്പനിക്ക് എഴുതി അയക്കുകയും ചെയ്തു. കൊച്ചീക്കോട്ട പിടിക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാമെന്ന് അക്കീയാക്കോൻ ഡച്ചു അധികാരികൾക്കു എഴുതി അയച്ചിട്ടുണ്ടായിരുന്നു. കൊച്ചിയുടെ അധഃപതനശേഷം തെക്കൻകൂർ രാജാവിന്റെ ശുപാർശക്കുത്തോടുകൂടി അദ്ദേഹം സൈന്യാധിപനായ റിക്ക

ലോഫിനെ കാണുവാൻ ചെന്നിരുന്നെങ്കിലും സന്ദർശനാവസരം അനുവദിക്കപ്പെട്ടില്ല. ജോസെഫ് സെബസ്ത്യാനി പള്ളിവീട്ടിൽ അലക്സ്സാണ്ടർ മെത്രാന്റെ അഭിഷേകകർമ്മം നടത്തിയ അവസരത്തിൽ, അക്കിയാക്കോന്ന് സാക്ഷാൽ മെത്രാൻപട്ടം ഇല്ലെന്നും അദ്ദേഹത്തിന്റെ സംബന്ധിയായ അലക്സ്സാണ്ടർ, മാപ്പുപ്പായുടെ അനുമതിപ്രകാരം അഭിഷേകം ചെയ്യപ്പെട്ടിരിക്കയാൽ അദ്ദേഹം യഥാർത്ഥത്തിൽ മെത്രാനാണെന്നും പ്രസിദ്ധപ്പെടുത്തുകയും സകല ജനങ്ങളും അലക്സ്സാണ്ടറിന്റെ അധികാരത്തിന്ന് കീഴ്പ്പെട്ടിരിക്കുവാൻ ഉപദേശിക്കയും ചെയ്തു. അക്കിയാക്കോൻ വാസുവത്തിൽ മെത്രാനല്ലെന്നും അലക്സ്സാണ്ടർ അദ്ദേഹത്തിന്റെ സംബന്ധിയാണെന്നുമുള്ള സംഗതി അക്കാലത്തു് കേരളത്തിൽ സകലത്തും പ്രസിദ്ധമായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഉപദേശം വിശ്വസിക്കുന്നതിന്ന് ജനങ്ങൾക്ക പ്രയാസമുണ്ടായില്ല. മാത്രമല്ല, അലക്സ്സാണ്ടർ സ്വന്തമാംസത്തിലും രക്തത്തിലും ഉൾപ്പെട്ട ഒരു സ്വജാതിമെത്രാൻ ആയിരുന്നതിനാൽ വിദേശിയനായ ജോസെഫ് സെബസ്ത്യാനി മെത്രാനെ അനുസരിക്കുന്നതിനേക്കാൾ അലക്സ്സാണ്ടർ മെത്രാനെ അനുസരിക്കുന്നതു് ജനങ്ങൾക്ക് പ്രകൃത്യാ സന്തോഷകരവുമായിരുന്നു. തന്നിമിത്തം വളരെ ആളുകൾ അക്കിയാക്കോനെ വിട്ടുമാറുകയും അലക്സ്സാണ്ടറിനെ അനുഗമിക്കയും ചെയ്തു. (4) ജോസെഫ് സെബസ്ത്യാനി മലങ്കരയിൽനിന്നു പോയശേഷം അലക്സ്സാണ്ടർ മെത്രാൻ അദ്ദേഹത്തിനു അയച്ച ഒരു എഴുത്തിൽ ഈ സംഗതി വളരെ തെളിവായി പ്രസ്താവിച്ചിട്ടുണ്ട്. വളരെ പള്ളിക്കാർ അക്കിയാക്കോനെ ഉപേക്ഷിക്കയും തനിക്ക കീഴ്പ്പെടുകയും ചെയ്തിരിക്കുന്നു എന്നാണ് അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നതു്. (5) അലക്സ്സാണ്ടർ മെത്രാൻ ഇടവകഭരണം കയ്യേറുകാലത്തു് അദ്ദേഹത്തിന്റെ അധികാരത്തിൽ ഉദ്ദേശം നാ—ൽത്താഴെ പള്ളികൾമാത്രമേ ഉൾപ്പെട്ടിരുന്നൊള്ളു. അവയിൽ പലതും കൂത്താലിക്കും ശീശ്മക്കാർക്കും പൊതുവിൽ ഉള്ളവയും ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഭരണത്തിന്റെ അവസാനഘട്ടത്തിൽ ശീശ്മഭാഗത്തു് പള്ളികൾ കുറയുകയും കൂത്താലിക്കരുടെ പള്ളികളുടെ സംഖ്യ വളരെ വർദ്ധിക്കയുംചെയ്തു. (6) അക്കാലത്തു് ആകെ എണ്ണത്തൊമ്പതു പള്ളികൾ അദ്ദേഹത്തിന്റെ അധികാരത്തിൽ ചെന്നുചേർന്നു. അവയിൽ ഏഴു പള്ളികൾ മുഴുവനായും രണ്ടു പള്ളികൾ പകുതിയായും ഉള്ളവയായിരുന്നു.

കമ്മലീത്താക്കാർ മലയാളത്തിൽ വന്നതു് സുറിയാനിക്കാർ അയച്ച എഴുത്തുമൂലമാണെന്നും, അവർ ഇവിടെ എത്തിയകാലത്തു് ശീശ്മയിൽനിന്നൊഴിഞ്ഞുനിന്നവരായി ഉദ്ദേശം അമ്പതിനായിരം ജനങ്ങൾ ഇവിടെ ഉണ്ടായിരുന്നെന്നും മേൽ ൧൭—ാം അദ്ധ്യായം ൫—ാം ലക്കത്തിൽ വിവരിച്ചിട്ടുള്ളതാണ്. കമ്മലീത്താക്കാർ ഇവിടെ ആഗതരായശേഷം ശീശ്മയെ നിവാരണം ചെയ്യേണ്ടതിനായി അവർ അത്യധികമായ അദ്ധ്വാനങ്ങൾ ചെയ്തിട്ടുള്ള സംഗതിയും അതേ അദ്ധ്യായ

ത്തിൽ പല ഘട്ടങ്ങളിൽ ഞങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ അവരെ പ്രധാനമായി സഹായിച്ചിട്ടുള്ളത് പള്ളിവീട്ടിൽ ചാണ്ടി (മെത്രാനാകുന്നതിനുമുമ്പു) ക്കത്തനാരും കടവിൽ ചാണ്ടിക്കത്തനാരുമാണ്. കടവിൽ ചാണ്ടിക്കത്തനാർ ജോസെഫ് സെബസ്ത്യാനിയുമായി യാത്രചെയ്യുകയും ശീശുക്കെതിരായി പ്രസംഗങ്ങൾ ചെയ്തു വളരെപ്പേരെ സത്യസഭയിലേക്കു തിരിക്കുകയും ചെയ്തിരുന്നു. ഈ വൈദികവര്യന്റെ പ്രസംഗത്തെപ്പറ്റിയും യാത്രയെപ്പറ്റിയും ജോസെഫ് സെബസ്ത്യാനി സ്വന്ത യാത്രാവിവരണം രണ്ടാംപുസ്തകത്തിൽ വിവരിക്കുന്നതു താഴെച്ചേർക്കുന്നു.— "പുറക്കാട്ടു രാജാവു എന്നെ കാണുന്നതിനു ആഗ്രഹിച്ചിരുന്നു; രാജാവിനെകണ്ടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിനു മലയാളത്തിലെ വൈദികന്മാരിൽവെച്ചു ഏറ്റവും അറിവുള്ളവനും ബഹുജനസമ്മതനുമായിരുന്ന കടവിൽ അലക്സാണ്ടർ കത്തനാരുടെ വാക്സാമർത്ഥ്യം കണ്ടു വളരെ സന്തോഷം ജനിച്ചു. ഈ കത്തനാർ കള്ളമെത്രാന്റെ അഭിഷേകത്തിനു ഒട്ടവിലെങ്കിലും സമ്മതിച്ചിരുന്നതിനാൽ മതഭേദകമായ ശീശു മലയാളത്തിൽ ഉത്ഭവിക്കുന്നതിനു കാരണമായിപ്പോകനിമിത്തം അതിനു വിരോധമായി പ്രസംഗം ചെയ്യേണ്ടതിനു എന്നെക്കൂടെ സഞ്ചരിച്ചിരുന്നു. പല സ്ഥലങ്ങളിലും വളരെ തീഷ്ണതയോടുകൂടി പ്രസംഗിച്ചു. തന്നിമിത്തം ശീശുവിൽ സ്ഥിരപ്രതിപത്തിയോടുകൂടി നിന്നിരുന്നവരുടെ പരിഹാസം അദ്ദേഹം അനുഭവിക്കേണ്ടതായിവന്നു എങ്കിലും മറ്റാളുകളുടെ ഹൃദയത്തിൽ അദ്ദേഹത്തിന്റെ പ്രസംഗം വളരെ ഫലപ്രദമായി ഭവിക്കയും സജ്ജനങ്ങളാൽ ഏറ്റവും ബഹുമാനിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തിരുന്നു." (7) ജോസെഫ് സെബസ്ത്യാനിയുടെ ഈ സാക്ഷ്യംകൊണ്ടു കടവിൽ ചാണ്ടിക്കത്തനാർ മുതലായവർ ശീശുയിൽനിന്നു പള്ളികളെ തിരിച്ചെടുക്കുന്നതിനു കമ്മലീത്താക്കാരെ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നും, ഈ സഹായവും സഹകരണവും മൂലമാണ് ശീശുയുടെ ശക്തി ക്ഷയിക്കയും ശീശുക്കാർ മാനസാന്തരപ്പെടുകയും ചെയ്തതെന്നും വായനക്കാർക്കു സ്പഷ്ടമാകുന്നതാണ്. കടവിൽ ചാണ്ടിക്കത്തനാർ പ്രസംഗംകൊണ്ടും അലക്സാണ്ടർ മെത്രാൻ തന്റെ സ്വാധീനശക്തികൊണ്ടുമാണ് ശീശുയെ ഉന്മൂലനം ചെയ്യേണ്ടതിനായി വേലചെയ്തിരുന്നതു്. അലക്സാണ്ടർ മെത്രാൻ ശീശുയിൽനിന്നു അധികം പള്ളികളെ കത്തോലിക്കാ ഐക്യത്തിലേക്കു ചേർത്തതു അദ്ദേഹം മെത്രാഭിഷിക്തനായിത്തീർന്നശേഷമാണ്.

കത്തോലിക്കാ സുറിയാനിക്കാർ ക്രൈ—ൽ റോമായിൽ മാർപ്പാപ്പായിക്കായി അയച്ച എഴുത്തിൽ ഈ സംഗതികളൊക്കെയും പ്രതിപാദിച്ചിട്ടുണ്ട്. അതിൽ പറയുന്നതു അലക്സാണ്ടർ മെത്രാന്റെയും കമ്മലീത്താക്കാരുടെയും പരിശ്രമംമൂലം എഴുപത്തൊന്നു പള്ളികൾ മുഴുവനായും പതിനെട്ടു പള്ളികൾ പകുതി (ശീശ്മക്കാർക്കും കത്തോലിക്കർക്കും പൊതുവിലുള്ളവ) യായും കത്തോലിക്കാ ഐ

ക്യത്തിൽ ചേന്നിരിക്കുന്ന എന്നും ശീശ്മക്കാർക്ക് മുഴുവനായി ഇരു പത്തെട്ട പള്ളികളും പകുതിയായി പതിനെട്ട പള്ളികളും മാത്ര മാണുള്ളതെന്നും തന്നെ. (8) ഫ്രാന്നു—ൽ ഉണ്ടായ ശിശ്മയിൽ സു റിയാനിപ്പള്ളികളെല്ലാം ഉൾപ്പെട്ടുപോയെന്നും ആ പള്ളികളെ അ തിൽനിന്നു ഉദ്ധാരണം ചെയ്തു കമ്മലീത്താക്കാരാണെന്നും അവർ സംരക്ഷിച്ച പള്ളികളെയാണു അലക് സാണ്ടർ മെത്രാൻ ഭരിച്ചതെ ന്നും മറും ചില ലേഖകന്മാർ പ്രസ്താവിച്ചുകാണുന്നുണ്ട്. തിരുവിതാം കൂർ സ്റ്റേയിറ്റ് മാനുവലിൽ മിസ്റ്റർ മെക്കൻസി ചേത്തിരിക്കുന്ന അഭിപ്രാ യും ഈ പ്രസ്താവത്തെ ആസ്പദീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഇതു എതു അടിസ്ഥാനരഹിതവും സത്യവിരോധവുമാണെന്നു മുകളിൽ ഞങ്ങൾ കാണിച്ചിട്ടുള്ള രേഖകളിൽനിന്നു വായനക്കാർക്ക് നിഷ്പ്രയാസം മന സ്സിലാക്കാം. കമ്മലീത്താക്കാർ - ഇതിനായി വളരെ അദ്ധ്വാനങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ളതു ഞങ്ങളും സമ്മതിക്കുന്നു. പക്ഷേ, സുറിയാനി ക്കാരെ ശീശ്മയിൽനിന്നു പരിത്രാണം ചെയ്തു് അവർ മാത്രമാണെ ന്നു പറയുന്നതിനെ നിഷേധിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ക മ്മലീത്താക്കാർ മലയാളത്തിൽ വരുന്നതിനു മുമ്പുതന്നെ ശീശ്മയിൽ നിന്നു് അകന്നുനിന്നവരായി അമ്പതിനായിരം പേരോളം ഇവിടെ ഉണ്ടായിരുന്നെന്നും ആ സന്ന്യാസികളുടെ വരവിനുശേഷവും ശീ ശ്മയെ ഉൻമൂലനം ചെയ്യുന്നതിനു അവരെ സഹായിച്ചതും വളരെ പ്പള്ളികൾ ശീശ്മ വിട്ടുപോരുവാൻ ഇടയാക്കിയതും സുറിയാനി വൈ ദികന്മാരാണെന്നും ലന്തക്കാരുടെ കല്പനമൂലം അവർ മലങ്കരയിൽനി ന്നു പോയതിൽപ്പിന്നെ വളരെ ദേവാലയങ്ങളെ സത്യസഭയിലേ ക്കാനയിച്ചതു അലക് സാണ്ടർ മെത്രാനാണെന്നുമാണു് ഞങ്ങൾ പറ യുന്നതു്. ഈ സംഗതികളൊക്കെയും മുകളിൽ കാണിച്ചിട്ടുള്ള രേഖക ൾമൂലം വായനക്കാർക്ക് ഗ്രഹിക്കാവുന്നതാകയാൽ ഇതിലധികമായി ഒ ന്നും പറയേണ്ട ആവശ്യമില്ല. കമ്മലീത്താക്കാരെ എഴുന്നെയച്ചുവരു ത്തിയതു് സുറിയാനിക്കാരാകയാൽ ഇപ്പോൾ വരാപ്പുഴ, കൊല്ലം മു തലായ മിസ്സങ്ങളിൽ അവർക്ക് സിദ്ധിച്ചിരിക്കുന്ന അധികാരത്തിന്റെ കാരണകർത്താക്കന്മാർ സുറിയാനിക്കാർതന്നെ, കമ്മലീത്താ സന്ന്യാസി കൾ ഇന്ത്യയിൽ പ്രവേശിച്ചതു് ഫ്രാ൦—ൽ ആണു്. ആദ്യം ഗോവ യിലും പിന്നീടു സൂരത്തിലും വലിയ മോഗൽ രാജ്യത്തിലെ മറ്റു സ്ഥല ങ്ങളിലും അവർ ആശ്രമങ്ങൾ സ്ഥാപിക്കയും വലിയ മോഗലിൽ ഭര ണാധികാരം പ്രാപിക്കയും ചെയ്തു. എന്നാൽ അവർ കേരളത്തിൽ വ രുന്നതിനുള്ള കാരണക്കാർ സുറിയാനിക്കാരാണു്. സുറിയാനിക്കാർ എഴുന്നെയച്ചു അവരെ വരുത്താതിരുന്നുവെങ്കിൽ ഇപ്പോൾ കേരളത്തി ൽ അവർക്ക് സിദ്ധമായിരിക്കുന്ന അധികാരം ഒരുകാലത്തും അവർക്കു ല ഭിക്കുകയില്ലായിരുന്നു.

൩. ഫ്രാന്നു—ൽ കൊച്ചിയിലെ ഡച്ചുഗവർമ്മേണ്ടിന്റെ കല്പന അനുസരിച്ചു് കമ്മലീത്താക്കാർ മലയാളംവിട്ടു പോയെങ്കിലും അങ്ങനെ പോകേണ്ടിവന്നവരിൽ ഒരാളായ മത്തേവൂസ് (Mathew

of St. Joseph) പിന്നീട് അധികകാലം കഴിയുന്നതിനുമുമ്പ് വീണ്ടും ഇവിടെയെത്തി. ഡച്ചു ഗവമേണ്ടാകട്ടേ ഇതിനെ അറിയാത്തതായി വത്തിച്ചതേയുള്ളൂ. ൧൭൯൯-ൽ കൊച്ചിയിലെ ഡച്ചു ഗവർണർ ആയിരുന്ന വാൻ-റീഡ് (Van-Reede) മായി മത്തേവൂസ് പരിചയപ്പെടുകയും പ്രസ്തുത ഗവർണർ സസ്യശാസ്ത്ര (Botany) സംബന്ധമായി ൧൨ ഭാഗങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ "കേരളീയോദ്യാനം" (Hortus Malabaricus) എന്ന ഗ്രന്ഥത്തിന്റെ രചനയിൽ അദ്ദേഹത്തിനു വേണ്ട സഹായങ്ങൾ ചെയ്തുമുണ്ടായി. (9) അദ്ദേഹം തിരിച്ചെത്തിയതു് ൧൭൯൯-നു് ഒന്നോ രണ്ടോ സംവത്സരം മുമ്പായിരിക്കണമെന്നു് ഈ സാഹചര്യത്തിൽനിന്നു നമുക്കു് അനുമാനിക്കാം. അദ്ദേഹം തിരുവിതാംകൂറിന്റെ ഉൽനാട്ടകളിൽ ചുറ്റിസ്സഞ്ചരിച്ചു് അവിടെ കണ്ടെത്തിയ സസ്യങ്ങളുടെ ഗുണങ്ങളെ സംബന്ധിച്ചു് അറിവുകൾ ശേഖരിച്ചിരുന്നു. മാത്രമല്ല, അദ്ദേഹം മാർ അലക്സാണ്ടർ മെത്രാനു് ഭരണവിഷയത്തിൽ വേണ്ട ആലോചനകൾ പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. ആ കാലഘട്ടത്തിൽ കൊർണ്ണേലിയൂസ് (Cornelius of St. Cyprian) എന്നു പേരുള്ള വേറൊരു കമ്മീത്താക്കാരനും റോമയിൽനിന്നു മലയാളത്തിൽ എത്തി പ്രസ്തുത മത്തേവൂസ് വാൻറീഡിന്റെ അനുമതിയോടുകൂടി ൧൭൯൨-ൽ ചാത്യാത്തു കമ്മലമാതാവിന്റെ നാമധേയത്തിൽ ഒരു പള്ളിയും ഭവനവും പണിയിച്ചു. അതേ സംവത്സരത്തിൽത്തന്നെ മാർ അലക്സാണ്ടർ മെത്രാന്റെ സമ്മതിയോടുകൂടി അദ്ദേഹം വരാപ്പുഴെ 'തത്തരശ്ശേരി' എന്ന സ്ഥലത്തു് ഒരു ദേവാലയം പണിയിക്കയും ഒരു സെമിനാരിയും ആരംഭിക്കയുമുണ്ടായി. (10) കാലക്രമേണ തത്തരശ്ശേരി എന്ന പേർ ഉപയോഗത്തിൽനിന്നു നീങ്ങി വരാപ്പുഴ എന്നു് അതിനു അഭിധാനം സിദ്ധിച്ചു. ഈ രണ്ടു ദേവാലയങ്ങളുടേയും സ്ഥാപനത്തിനുള്ള വൈദികാനുമതി മാർ അലക്സാണ്ടർ മെത്രാനാലാണു നൽകപ്പെട്ടതു്. അടുത്തയാണ്ടിൽ (൧൭൯൫ മാർച്ച് മാസം ൩—൩൦തീയതി) മാർ അലക്സാണ്ടർ മെത്രാൻ കുടവെച്ചൂർ പള്ളിയിൽവെച്ചു എഴുതി ഒപ്പുവെച്ച ഒരു കല്പനമൂലം ചാത്യാത്തുപള്ളി സ്ഥലത്തെ മെത്രാന്റെ അധികാരത്തിൽ നിന്നൊഴിച്ചു് കമ്മലീത്താക്കാരുടെ സ്വന്തമാക്കി സ്ഥാപിച്ചു. ആ കല്പനയിൽ കശീശാ (ܩܫܝܫܐ) ഗീവർഗീസ് പറമ്പു (യൂറോപ്യന്മാരുടെ പ്രയോഗമനുസരിച്ചു് "പറമ്പു്" എന്നുപയോഗിച്ചതാണു്.) എന്നും കശീശാ ദെസ്സൂന്നി മത്തായി, ദെസ്സൂന്നി മത്ത മറിയം ܩܫܝܫܐ ܓܝܘܪܓܝܣ ܦܪܡܐ ܕܫܡܫܐ ܡܬܝ ܕܫܡܫܐ ܡܪܝܡ ܩܫܝܫܐ) =മറിയം എന്ന പേരെടുത്തിരിക്കുന്ന മത്തായി എന്ന വൈദികൻ) എന്നും രണ്ടു വൈദികന്മാർ ഒപ്പുവെച്ചിട്ടുമുണ്ടു്. (11)— (സുറിയാനി വൈദികന്മാർ ഒപ്പുവെക്കുമ്പോൾ ചിലർ "ദൈവശുശ്രൂഷകൻ" എന്നോ "മശിഹായുടെ ശുശ്രൂഷകൻ" എന്നോ ക്രൂടി സ്വന്തപേരിന്റെ പിറകെ ലേഖനം ചെയ്യുകയും മറു ചിലർ ദൈവജനനിയുടെ പേരിലുള്ള

ഭക്തി നിമിത്തം മത്തമറിയത്തിന്റെ പേർക്കുടി തങ്ങളുടേതിനോടു ചേത്തെഴുതുകയും പതിവായിരുന്നു. ഇതിനാലാണ് രണ്ടാമത്തെ നാമലേഖനത്തിൽ 'കശീശാ ദെസ്സൂന്നി മത്തായി ദെസ്സൂന്നി മത്തമറിയം' എന്നു് നാം കാണുന്നതു്.)

ആ കല്പനയുടെ ശരിയായ തർജ്ജമ താഴെച്ചേർക്കുന്നു:—

"നാം ദൈവകൃപയാലും വി. സിംഹാസനത്തിന്റെ അധികാരത്താലും മലയാളത്തിന്റെ ഭരണാധികാരി (Gubernator)യും മെത്രാനുമായ അലക്സാണ്ടർ നമ്മുടെ ഇടവകയിൽപ്പെട്ട ബഡ്ഡല (Badudela—ചാത്യാത്തു്) എന്ന ദിക്കിൽ ഒരു കത്തോലിക്കാപ്പള്ളിയും കുരിശും സ്ഥാപിക്കുന്നതിനു വേണ്ടിയ അധികാരം കൊമ്മിസറിയായ നിഷ്പാദക കർമ്മലീത്താ സഭയിലെ മത്തേവൂസ് എന്ന വൈദികനു നൽകുന്നു. ബാവായുടേയും പുത്രന്റേയും റൂഹാദക്കുദശായുടേയും നാമത്തിൽ ആമ്മേൻ. നമ്മുടെ സമ്മതിയോടുകൂടി സ്ഥാപിക്കുന്ന ഈ ദേവാലയത്തിൽ റോമാ മേൽപ്പട്ടക്കാരനും കർമ്മലീത്താസഭയുടെ പ്രധാന അദ്ധ്യക്ഷനും ഗോവയിലെ (കർമ്മലീത്താക്കാക്കു ആകാലത്തു് ഗോവയിലുണ്ടായിരുന്ന) ആശ്രമത്തിന്റെ അദ്ധ്യക്ഷനും അല്ലാതെ മറ്റു യാതൊരുത്തനും —ഈ ഇടവകയുടെ മെത്രാനുപോലും— യാതൊരധികാരവും ഉണ്ടാകേണ്ടതല്ലെന്നും നാം മനസ്സാകയും കല്പിക്കയും ചെയ്യുന്നു. ഇതിന്റെ ലക്ഷ്യമായി പ്രസ്തുത മത്തേവൂസിനു് ഇതിൽ നമ്മുടെ കൈയൊപ്പും ഈ ഇടവകയുടെ മുദ്രയുംവെച്ചു കൊടുത്തിരിക്കുന്നു. എന്നു് കൊടവെച്ചൂർ പരിശുദ്ധ മറിയത്തിന്റെ പള്ളിയിൽനിന്നു് ൧൬൯൭ മാർച്ച്മാസം ൧൮-ാംനു- മലയാളമൊക്കെയുടേയും മെത്രാപ്പോലീത്താ അലക്സ്സാണ്ടർ.

അലക്സ്സാണ്ടർ മെത്രാപ്പോലീത്താ ദ് കൊൽ ഹെന്തൊ,

൨൬൦൦ ൨൬൨

വരാപ്പുഴപ്പള്ളി സുറിയാനിക്കാക്കായിട്ടും അവിടെയുള്ള (കൽദായ) സുറിയാനിക്കാരുടെ സഹകരണത്തോടുകൂടിയുമാണു സ്ഥാപിക്കപ്പെട്ടതു്. പിന്നീടു് മിഷ്യനറിമാർ അവിടെ പാർക്കയും അവർ പ്രതിവത്സരം വളരെപ്പേരെ മാമ്മോദീസാ മുക്കി ക്രീസ്തുമതത്തിൽ ചേർക്കയും ചെയ്തുവന്നിരുന്നു. ഇങ്ങനെ അവർ മതാനുസൃതരാക്കിയ ആളുകളെ ലത്തീൻറീത്തിലാണു ചേത്തു നടത്തിവന്നിരുന്നതു്. ആദ്യം സുറിയാനിക്കാക്കായി സ്ഥാപിക്കപ്പെട്ട ഈ പള്ളി നൂറു വത്സരങ്ങൾ കഴിഞ്ഞപ്പോൾ സുറിയാനി, ലത്തീൻ എന്ന രണ്ടു റീത്തുകളിൽ ഉൾപ്പെട്ടവരുടേതാണെന്നു പ്രസിദ്ധീകരിക്കയും ആവിധം നടത്തിവരികയും ചെയ്തു. ൧൭൨൪ മുതൽ ൧൮൦ വരേ മലയാളത്തിൽ പ്രേഷിതവൃത്തിയിൽ ഉദ്യുക്തനായിരുന്ന പൌലീനോസ് ഇൻഡ്യാ ഒരിയെന്താലീസ് (India Orientalis) എന്ന സ്വന്തകൃതിയിൽ (P. 269) പ്രസ്താവിച്ചിരിക്കുന്നതു് വരാപ്പുഴ ലത്തീൻ, കൽദായ എന്ന ഇരു റീത്തുകാരുടേയും പള്ളിയാകുന്നു എന്നാണു്. ഇപ്പോഴാകട്ടെ അതു മുഴുവ

ൻ ലത്തീൻ പള്ളിയായി മാറ്റപ്പെടുകയും സുറിയാനിക്കാർ സമീപത്തു (വരാപ്പുഴ പുത്തമ്പള്ളിയിൽ) ഒരു പള്ളിവെച്ചു അതിലേക്കു മാറിപ്പോകയും ചെയ്തിരിക്കുന്നു.

൪. മാർ അലക്സാണ്ടർ പ്രായാധിക്യം നിമിത്തം തനിക്കു ഭരണവിഷയത്തിൽ ഒരു സഹായിയും മരണാനന്തരം പിൻഗാമിയും ആയിരിക്കേണ്ടതിന്നു ഒരാളെ തെരിഞ്ഞെടുത്തു മെത്രാനായി അഭിഷേകം ചെയ്യുന്നതിലേക്കുള്ള അനുമതിക്കായി കനം൨൪—ൽ റോമയിൽ ബോധിപ്പിച്ചു. ഈ അപേക്ഷ അനുസരിച്ചു മാർ അലക്സാണ്ടറിന്നു ഒരു അനുഗാമിയെ സഹായമെത്രാനായി തെരഞ്ഞെടുക്കുന്നതിന്നു ബർത്തലൂമ്മാ, ചെലസ്തീൻ, ആൻജലൂസ്, ആൻജലൂസ് പ്രാൻസിസ് (Bartholomew of the Holy Ghost, Celestine of St. Ludvina, Angelus of St. Mary, Angelus Francis of St. Teresa) എന്ന നാലു കർമ്മലീത്താക്കാരെ കനം൨൫ ഓഗസ്റ്റ് മാസം ൫൦—൨൦തീയതിയിലെ ഒരു എഴുത്തുമൂലം പ്രോപ്പഗാന്ത തിരുസംഘം അധികാരപ്പെടുത്തി. അവരാകട്ടേ മാർ അലക്സാണ്ടറിന്റെ അനന്തരഗാമിയും സഹായമെത്രാനുമായി കൊച്ചി ദിഗ്വാസിയായ റഫായേൽ ഫ്ഗെറെദൊ (Raphael Figueredo Salgado) യെ കനം൨൬ മാർച്ച് മാസം ൫—൨൦ തീയതി തെരഞ്ഞെടുത്തു. ഇദ്ദേഹം ലത്തീൻകാരനും പോർട്ടുഗീസ് വംശജനും ആയിരുന്നു. (12) കുപ്പായക്കാരൻ (അഥവാ Topas തൊപ്പാസുകാരൻ) റഫായേൽ എന്നാണു ഇദ്ദേഹത്തെ ഈ നാട്ടുകാർ വിളിച്ചുപോന്നിരുന്നതു്. ഈ തിരഞ്ഞെടുപ്പു സുറിയാനിക്കാക്കു പൊതുവായും മാർ അലക്സാണ്ടറിന്നു പ്രത്യേകിച്ചും വ്യസനഹേതുകമായിത്തീർന്നു. മാർ അലക്സാണ്ടർ ഒരു സഹായമെത്രാനെ കിട്ടുവാൻ അപേക്ഷിച്ചതു് സുറിയാനിക്കാരിൽ ഒരാൾ ആ സ്ഥാനത്തിൽ. നിയമിച്ചുകിട്ടുവാൻ വേണ്ടിയായിരുന്നു. നാട്ടിൽനിന്നു ഒരാളെ തിരഞ്ഞെടുക്കണമെന്നു് റോമയിൽനിന്നു നിശ്ചയം ചെയ്തിരുന്നതിനാൽ തിരഞ്ഞെടുപ്പുകാർ നാട്ടുകാരൻ എന്ന ന്യായേന റഫായേലിനെ തിരഞ്ഞെടുത്തെങ്കിലും മാർ അലക്സാണ്ടറിന്റെ അപേക്ഷപോലെ ഒരു സുറിയാനിക്കാരനെ തിരഞ്ഞെടുക്കുന്നതിന്നു അവർ മനസ്സായില്ല. അക്കാലിയാക്കോൻ തുടങ്ങിയുള്ള വൈദികാദ്ധ്യക്ഷന്മാരെ ഒരേ കുടുംബത്തിൽനിന്നു് ഒഴിപ്പെടുത്തിയിരുന്ന മാമൂലിനെ നിലനിർത്തൽചെയ്യണമെന്നുള്ള ഉദ്ദേശ്യമാണ് റഫായേലിനെ തിരഞ്ഞെടുക്കുവാൻ ഇടയാക്കിയതെന്നും മാർ അലക്സാണ്ടർ അനുഗാമിയായി സ്വന്ത അനന്തരവനായ മത്തായിയെ നിശ്ചയിച്ചിരുന്നതുകൊണ്ടാണ് തിരഞ്ഞെടുപ്പുകാർ ഒരു ലത്തീൻകാരനെ നിയമിച്ചതെന്നും യൂറോപ്യന്മാരായ ചില ലേഖകന്മാർ വാദിക്കയും തിരഞ്ഞെടുപ്പുകാരെ ഈ സംഗതിയിൽ ആദരിക്കയും ചെയ്യുന്നുണ്ടു്. ഇവരുടെ ന്യായങ്ങൾ യാതൊരുവിധേനയും സ്വീകാര്യങ്ങളായിരിക്കുന്നില്ലെന്നും റഫായേലിനു പകരം സുറിയാനിക്കാരിൽ ആരേയെങ്കിലും ഒരുത്തനെ സ്വീകരിക്കാതിരുന്നതു് തിരഞ്ഞെടുപ്പുകാർ ചെയ്തിട്ടുള്ള ഒരു മ

ഹാബദ്ധമാണെന്നും റഫായേലിന്റെ ഈ നിയമനം അനവധി നാശങ്ങൾക്കു ഹേതുവായിത്തീർന്നെന്നുമുള്ള വസ്തുത ഈ ചരിത്രത്തിന്റെ ൪൮–ാം അദ്ധ്യായം ൩൯–ാം ലക്കത്തിൽ ഞങ്ങൾ വിവരിച്ചിട്ടുള്ളതാകയാൽ ക്ലൃപ്തലായി അധികമൊന്നും ഇവിടെ പ്രസ്താവിക്കണമെന്നു കരുതുന്നില്ല.

റഫായേലിന്റെ ഈ നിയമനം സുറിയാനിക്കാർക്കു വ്യസനകരമായിരുന്നതിനാൽ അദ്ദേഹത്തെ അഭിഷേകം ചെയ്യുന്ന കാര്യത്തിൽ മാർ അലക്സാണ്ടർ ശ്രദ്ധപതിച്ചില്ല. ആ കാലഘട്ടത്തിൽ ഗോവക്കാരനായ തോമ്മസ്–ദെ–കസ്ത്രോ (Thomas-de-Castro) എന്നൊരു വൈദികൻ ൧൯൨൫ ഓഗസ്റ്റ് മാസം ൨൦–ാം തീയതിലെ അപ്പസ്തോലിക്കാ തിരുവെഴുത്തുമൂലം ഫുൽചിവിലെ എന്ന ദിക്കിന്റെ മെത്രാനും (Episcopus Fulcivilensis) തിരുവിതാംകൂർ, തഞ്ചാവൂർ മുതലായി ഗംഗാനദിക്കിപ്പുറത്തുള്ള രാജ്യങ്ങളിലെ വികാരി അപ്പസ്തോലിക്കയുമായി നിയമിക്കപ്പെട്ടിരുന്നു. ൧൯൩൭–വരെ സജീവനായിരുന്ന ഇദ്ദേഹം കോഴിക്കോട്ട്, മംഗലപുരം എന്ന നഗരങ്ങളിലാണു നിവസിച്ചിരുന്നത്. റഫായേൽ ഫിഗ്വെറെദോയെ പ്രസ്തുത മെത്രാൻ ൧൯൨൯–മാണ്ടു കോഴിക്കോട്ടവച്ചു അഭിഷേകംചെയ്തു. ൧൯൩൨ ഓഗസ്റ്റ് ൨൪–ാം തീയതിയിലെ തിരുവെഴുത്തുകളാൽ ഈ തിരഞ്ഞെടുപ്പും പട്ടാഭിഷേകവും സ്ഥിരീകരിക്കപ്പെടുകയുമുണ്ടായി. വി. സിംഹാസനത്തിന്റെ നേക്ക് അനുസരണയുള്ളവനായ അലക്സാണ്ടർ റഫായേൽ തന്റെ സഹായിയും അനുഗാമിയുമാണെന്നും തന്നിമിത്തം സകല ജനങ്ങളും അദ്ദേഹത്തെ സ്വീകരിക്കണമെന്നും തദവസരത്തിൽ പ്രസിദ്ധപ്പെടുത്തി. റഫായേൽ മെത്രാൻ തിരഞ്ഞെടുപ്പും പട്ടാഭിഷേകവും റോമ്മയിൽ സ്വീകരിക്കപ്പെട്ടിട്ട് ഇറെക്കഴിയുന്നതിനു മുമ്പായി മാർ അലക്സാണ്ടറിനെ വകവെക്കാതേയും സഹായമെത്രാൻ എന്ന നിലയിൽ തന്റെ മേലാവായ അദ്ദേഹത്തെ അനുസരിക്കാതേയും വികാരി അപ്പസ്തോലിക്കാ എന്ന സ്ഥാനം സ്വയമേ വഹിച്ചുകൊണ്ടു താനേതന്നെ അധികാരങ്ങൾ നടത്തുവാൻ ആരംഭിച്ചു. കമ്മലീത്താക്കാരുടെനേക്കും സുവ്യക്തമായ വിരോധഭാവത്തിലും മാർ അലക്സാണ്ടറിനു കീഴ്പ്പെട്ടിരിക്കണമെന്നുള്ള അവരുടെ ഉപദേശത്തെ തിരസ്കരിച്ചും വർത്തിച്ചുവന്നു. അതിനാൽ കമ്മലീത്താക്കാർ കാര്യാവസ്ഥ റോമ്മയിൽ ബോധിപ്പിക്കയും അതനുസരിച്ചു ൧൯–ാമത്തെ ഇന്നോസെൻറു മാപ്പാപ്പാ ഹിയറാപ്പോലിസി (Hierapolis) ന്റെ മെത്രാനും വലിയ മൊഗലി (Great Mogul) ന്റെ വികാരി അപ്പസ്തോലിക്കായും ആയിരുന്ന കസ്തോദിയുസ്–ദെ–പിഞ്ഞോ (Custodius de Pinho ഇദ്ദേഹം ഒരു ഭാരതീയനായിരുന്നു.) എന്ന ദേഹത്തെ ഈ വഴക്കുകളുടെ സ്വഭാവം അന്വേഷിച്ചറിഞ്ഞു ബോധിപ്പിക്കുന്നതിനായി ൧൯൩൬ ഫെബ്രുവരിമാസം ൨൨–ാംതീയതി അധികാരപ്പെടുത്തുകയും ചെയ്തു. അനന്തരം റഫായേൽ മെത്രാൻ മാർ അലക്സാണ്ടറിന്റെ വികാരിജനറാളും അന്നു മട്ടാഞ്ചേരിപ്പള്ളിയുടെ വികാരിയുമായി

രുന്ന ഗീവർഗീസ് (George) കത്തനാരെ മഹറോൻ ശിക്ഷയിൽ ഉൾപ്പെടുത്തുന്നതായി പ്രസ്താവിച്ചു. കാര്യസ്ഥിതി മുഴുവൻ റോമ്മയിൽ ധരിച്ചശേഷം ൧൯-ാമത്തെ ഇന്നോസെൻറു മാപ്പാപ്പാ ൧൪൯൫ ജനുവരി ൧൪-ാംതീയതിലെ തിരുവെഴുത്തുമൂലം റഫായേൽ മെത്രാനെ സ്ഥാനത്തിൽനിന്നു നീക്കി. പകരം (മാർ അലക്സ്സാണ്ടർ ഇതിനു മുമ്പുതന്നെ മരിച്ചുപോയിരുന്നു.) വികാരി അപ്പസ്തോലിക്കാ ആയി പ്രസ്തുത കസ്തോദിയൂസ് മെത്രാനെ കല്പിച്ചാക്കി. അദ്ദേഹമാകട്ടേ മലയാളത്തിൽവന്ന് അധികാരം നടത്തുകയുണ്ടായില്ല. റഫായേൽ മെത്രാൻ സ്ഥാനത്തിൽനിന്നു നീക്കപ്പെട്ടതിനു മുമ്പുതന്നെ ൧൪൯൭ ഒക്ടോബർ മാസം ൧൯-ാം തീയതി കഥാവശേഷനായിത്തീരുകയും തെക്കൻ പള്ളിപ്പുറത്തു സംസ്കരിക്കപ്പെടുകയും ചെയ്തു. (13)

റഫായേൽ മെത്രാന്റെ നടപടിത്തെറ്റുകൾ സംബന്ധിച്ചു വിചാരണ കഴിക്കേണ്ടതിനേപ്പറ്റി ൧൯-ാമത്തെ ഇന്നോസെൻറു മാപ്പാപ്പാ ൧൪൯൭ ഫെബ്രുവരി ൨൩-ാം തീയതി കസ്തോദിയൂസിനു അയച്ചതായി മുകളിൽ പ്രസ്താവിച്ചിട്ടുള്ള തിരുവെഴുത്തിലെ സംഗതികൾ താഴെക്കാണിക്കുന്നു.— (൧) മലയാളത്തിലെ മെത്രാനും കമ്മലീത്താ സഭയിലെ സന്ന്യാസികളും തമ്മിൽ വളരെ വഴക്കുകൾ ഉണ്ടായതായി അറിവുകിട്ടിയിരിക്കുന്നു. (൨) ആകയാൽ മലയാളത്തിലേയും അവിടത്തെ ക്രിസ്ത്യാനികളുടെയും സ്ഥിതികളേയും വഴക്കുകളേയുംപറ്റി സൂക്ഷ്മാന്വേഷണം നടത്തുന്നതിന് അടുത്ത വികാരിയേറ്റിലെ ഭരണകർത്താവായ നിങ്ങളെ മലയാളത്തിന്റെ അപ്പസ്തോലിക്ക് സന്ദർശകൻ (Apostalic Visitor) ആയി നിശ്ചയിക്കയും നിങ്ങൾ അവിടെച്ചെന്ന് പള്ളികൾ, ആശ്രമങ്ങൾ, ഭക്തിസ്ഥാപനങ്ങൾ, അവയിലെ അളുകൾ ഇവയെ ഒരിക്കൽമാത്രം സന്ദർശിച്ച് വിവരങ്ങൾ അറികയും വഴക്കിന്റെ ശരിയായ ജ്ഞാനം സമ്പാദിക്കയും ചെയ്യുശേഷം അതിനെ രേഖപ്പെടുത്തി ഒപ്പുവച്ച് നമുക്കോ പ്രോപ്പഗാന്ത് സംഘത്തിന്റെ അദ്ധ്യക്ഷനോ അയക്കണമെന്നു കല്പിക്കയും ചെയ്യുന്നു. (൩) നിങ്ങളെ യഥായോഗ്യം സ്വീകരിച്ചു സഹായിപ്പാനും നിങ്ങളുടെ ആജ്ഞകളെ അനുവർത്തിപ്പാനും സകലരോടും നാം കല്പിക്കയും അവർ അങ്ങനെ ചെയ്യാതിരുന്നാൽ പ്രതിരോധികൾക്ക് നിങ്ങൾ നിശ്ചയിക്കുന്ന ശിക്ഷ നാം സ്ഥിരപ്പെടുത്തുന്നതായിരിക്കുമെന്നു പ്രസ്താവിക്കയും ചെയ്യുന്നു. ൧൪൯൫ ഓഗസ്റ്റ് മാസം ൧൫-ാം തീയതിയിലെ അപ്പസ്തോലിക് ലേഖനം മൂലമാണ് റഫായേലിന്റെ തിരഞ്ഞെടുപ്പും സ്ഥാനവും സ്ഥിരീകരിക്കപ്പെട്ടതെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹം അനുസരണമില്ലാതേയും സമസ്താധികാരങ്ങളും സേച്ഛാപൂർവ്വകമായും പ്രവർത്തിച്ചു തുടങ്ങിയപ്പോൾ മാർ അലക്സ്സാണ്ടർ പ്രായാധിക്യംകൊണ്ടും ദുഃഖംകൊണ്ടും ൧൪൯൫ ഡിസംബർ ൨൨—ാം തീയതി തന്റെ ഭരണത്തിന്റെ ൨൭-ാമത്തെ വത്സരത്തിൽ കത്താവിൽ നിത്യശാന്തി പ്രാപിച്ചു. (അ. ൧൯. ല. ന)

മാർ അലക്സ്സാണ്ടറിന്റെ ചരമ വത്സരത്തിൽ — അദ്ദേ

ഹത്തിന്റെ മരണത്തിന് അല്പംമുമ്പ്– അന്ന് മലയാളത്തിൽ ഉണ്ടായിരുന്ന കമ്മലീത്താക്കാർ ഇവിടത്തെ കുഴപ്പങ്ങളേപ്പറ്റി മുഖദാവിൽ അറിയിക്കേണ്ടതിനായി സഭാസഭാംഗമായ ലോറെൻസ് മറിയ (Laurence of St. Mary) യെ റോമിലേക്കയച്ചു. അദ്ദേഹം അവിടെ എത്തി, റഫായേൽ മെത്രാൻ മാർ അലക്സാണ്ടറിന്റെ അധികാരത്തെ സ്വീകരിക്കുന്നില്ലെന്നും, അദ്ദേഹം കൊച്ചി മെത്രാസനം ഉൾപ്പെടെയുള്ള മലയാളത്തിന്റെ (Serra and Cochin) വികാരി അപ്പസ്തോലിക്കാ എന്ന നാമം സ്വയമേ എടുത്തിരിക്കുന്നെന്നും, കമ്മലീത്താക്കാരേപ്പറ്റി ഏഷണി പറയുന്നെന്നും, മാർ അലക്സാണ്ടറിന്റെ വികാരി ജനറാളായ ശീവർഗീസിനെ മഹറോൻ ശിക്ഷയിൽ ഉൾപ്പെടുത്തിയെന്നും, വേറെയും അനവധി തെറ്റുകൾ അദ്ദേഹം പ്രവർത്തിക്കുന്നെന്നും, അതിനാൽ താൻ ഉൾപ്പെട്ടിരിക്കുന്ന സഭയിൽ നിന്ന് ഒരാളെ മെത്രാനായി നിയമിക്കണമെന്നും മറ്റും ബോധിപ്പിച്ചു. (14) സ്ഥാനഭ്രഷ്ടനായ റഫായേൽ മെത്രാനു പകരം നിയുക്തനായ ക്രസ്തോദിയൂസ്–ദെ–പിഞ്ഞോയിക്ക് മലയാളത്തിൽ വന്ന് ഭരണം നിർവ്വഹിക്കുവാൻ സാധിക്കാതെപോയതിനാൽ പിന്നീട് മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ എന്ന പദത്തിൽ കമ്മലീത്താക്കാരിൽനിന്നുതന്നെ ഒരാൾ നിയമിതനായി. അതിനേപ്പറ്റി പറയുന്നതിനു മുമ്പായി, റഫായേൽ മെത്രാന്റെ നിയമനം സംബന്ധിച്ച് റോമിൻ പ്രസ്താവിക്കുന്നതിനെ ഇവിടെ ഒന്നു നിരൂപണം ചെയ്യുവാൻ കരുതുന്നു.

൭.· പ്രസിദ്ധനായ ഈ ഗ്രന്ഥകർത്താവ് ഈ സംഗതിയേപ്പറ്റി പറഞ്ഞിരിക്കുന്നത് താഴെക്കാണുംവിധമാണ്. കമ്മലീത്താക്കാർ അലക്സാണ്ടറിനു് ഒരു അനുഗാമിയെ തിരഞ്ഞെടുക്കുന്നതിനു് റോമ്മയിൽനിന്നു തങ്ങൾക്കു് സിദ്ധിച്ചിരുന്ന അധികാരപത്രം കൊച്ചിയിലെ ഡച്ചു ഗവർണറായ വാൻ-റീഡിനെ കാണിക്കയും അതിലേക്ക് അദ്ദേഹത്തിന്റെ അനുമതി ചോദിക്കയുമുണ്ടായി വാൻ-റീഡാകട്ടേ അലക്സാണ്ടറിന്റെ അനന്തരഗാമിയായി അദ്ദേഹത്തിന്റെ മരുമകനായ മത്തായിയെ തിരഞ്ഞെടുക്കണമെന്നും മറ്റാരേയും താൻ സ്വീകരിക്കയില്ലെന്നും അപ്പോൾ അറിയിച്ചു. ഹിയറാപ്പോലി മെത്രാനും ഭാരതീയനുമായ ക്രസ്തോദിയൂസിനെ നിയമിക്കുമെന്നു കേൾവിയുണ്ടായിരുന്നതിനാലാണ് വാൻ-റീഡ് ഇങ്ങിനെ പറഞ്ഞത്. മത്തായിയെ തിരഞ്ഞെടുക്കണമെന്നുള്ള വാൻ–റീഡിന്റെ അഭിപ്രായം കമ്മലീത്താക്കാക്കു രസകരമല്ലാതിരുന്നതിനാൽ അവർ ഉപായേന മറുപടി പറകയും അവർ പൊയ്ക്കൊള്ളുന്നതിനു് ഗവർണർ അനുവദിക്കയും ചെയ്തു. എന്നാൽ അവർ ആലങ്ങാട്ടുചെന്നു അലക്സാണ്ടറിന്റെ അനുഗാമി മത്തായി അല്ല; റഫായേൽ ഫിഗ്വറെദോയാണു എന്ന് പ്രസിദ്ധപ്പെടുത്തി. മത്തായി സ്വന്ത പിൻഗാമിയായിത്തീരുന്നപക്ഷം ഡച്ചുകാരെ സൈന്യം അയച്ചു സഹായിച്ചുകൊള്ളാമെന്ന് അലക്സാണ്ടർ വാൻ–റീഡിനോട് ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്ന

തിനാൽ റഹായേലിന്റെ ഈ തിരഞ്ഞെടുപ്പ് ഡച്ചു ഗവർണറിന് അ ശേഷം രസിച്ചില്ല. (Vide p. 442-5). റഹായേൽ മെത്രാന്റെ തി രഞ്ഞെടുപ്പു സംബന്ധിച്ചുള്ള റോലിന്റെ ഈ പ്രസ്താവനയിൽ ഏതുമാ ത്രം പൂർവ്വാപരവിരുദ്ധത അടങ്ങിയിരിക്കുന്നെന്ന് വായനക്കാർ നി ഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ഭാരതീയ മെത്രാനായ കുസ്സോദി യൂസിനെ നിയമിക്കുമെന്നുള്ള കേൽവിമൂലമാണ് മത്തായിയെത്തന്നെ ആ സ്ഥാനത്തിൽ വെക്കണമെന്ന് ഗവർണർ വാൻ-റീഡ് മുതുകെ പിടിച്ചതെന്നു പറഞ്ഞുകഴിഞ്ഞ ഉടനെതന്നെ കമ്മലീത്താക്കാർ റ ഹായേലിനെ തിരഞ്ഞെടുത്തത് അദ്ദേഹത്തിന് (വാൻ-റീഡിനു) ഒ ട്ടും രസിച്ചില്ലെന്നും ഡച്ചുകാരെ പട്ടാളംവിട്ടു സഹായിക്കാമെന്നു മാ ർ അലക്സ് സാണ്ടർ ചെയ്തിരുന്ന ഉടമ്പടിയാണ് അതിനു കാരണ മെന്നും റോലിൻ പ്രസ്താവിക്കുന്നു. ആകയാൽ കുസ്സോദിയൂസിനെ നിയമിക്കുമെന്നുള്ള കേൽവി നിമിത്തമാണ് മത്തായിയെത്തന്നെ തി രഞ്ഞെടുക്കണമെന്ന് വാൻ-റീഡ് നിർബന്ധിച്ചതെന്നുള്ള റോലി ന്റെ ഒന്നാമത്തെ പ്രസ്താവം വാസ്തവമാണെങ്കിൽ പടയാളികളേക്കൊ ണ്ട് വാൻ-റീഡിനെ സഹായിക്കാമെന്ന് മാർ അലക്സ് സാണ്ടർ ഉ ടമ്പടി ചെയ്തിരുന്നു എന്നുള്ള അദ്ദേഹത്തിന്റെ രണ്ടാമത്തെ പ്രസ്താ വം വാസ്തവവിരുദ്ധമാണെന്നു വിശദമാണല്ലോ.

റോലിൻ ഈ സംഗതിയേപ്പറ്റി വീണ്ടും ഈവിധം പറയു ന്നു: അലക്സാണ്ടറിന്റെ അനന്തരഗാമി റഹായേൽ ആണെന്ന് കമ്മലീത്താക്കാർ പ്രസിദ്ധപ്പെടുത്തിയപ്പോൾ സ്വന്ത അനന്തരവനാ യ മത്തായിയെ തിരഞ്ഞെടുക്കണമെന്നു തനിക്കു പ്രത്യേക സിദ്ധാന്ത മില്ലെന്നു കാണിക്കേണ്ടതിനായി, അക്കിയാക്കോന്റെ പകലോമ റ്റം (De Campo) കുടുംബത്തിൽനിന്ന് പിന്തുടർച്ചാവകാശമായി ഒരാളെ നിയമിക്കുന്നതു തനിക്കിഷ്ടമല്ലെന്ന് അലക്സാണ്ടർ പ്ര സ്താവിച്ചു. പക്ഷേ, അലക്സാണ്ടറിന്റെ പകലോമറ്റം കുടുംബ വും അക്കിയാക്കോന്മാരുടെ പകലോമറ്റം കുടുംബവും രണ്ടു തറവാ ടുകളാകയാൽ ഈ പ്രസ്താവം കപടമായിരുന്നു. റോലിന്റെ ഈ ചൂ ണ്ടിയ പ്രസ്താവത്തിൽ പലേ അബദ്ധങ്ങൾ കടന്നുകൂടീട്ടുണ്ട്. അ ക്കിയാക്കോന്റെ പകലോമറ്റം കുടുംബത്തിൽനിന്ന് പിന്തുർച്ചാവ കാശമായി ആരെയെങ്കിലും നിയമിക്കുന്നതു തനിക്കു ഇഷ്ടമല്ലെന്നു മാർ അലക്സാണ്ടർ പ്രസ്താവിച്ചതു് അക്കിയാക്കോന്റെ കുടുംബ ത്തെ ഉദ്ദേശിച്ചല്ലാതെ തന്റെ കുടുംബത്തെ ഉദ്ദേശിച്ചല്ലെന്നു പറ യുന്നതുതന്നെ ഒന്നാമത്തെ അബദ്ധം. തിരഞ്ഞെടുപ്പുകാരായ കമ്മലീ ത്താക്കാർ അലക്സാണ്ടറിന്റെ കുടുംബക്കാരനും അനന്തരവനുമായ മത്തായിയെ സ്വീകരിക്കയില്ലെന്ന് പ്രസിദ്ധീകരിച്ചപ്പോഴാണ് പി ന്തുടർച്ചാവകാശമായി ഒരാളെ തിരഞ്ഞെടുക്കുന്നതു തനിക്കു ഇഷ്ടമ ല്ലെന്നും അക്കിയാക്കോനും താനും ഒരേ കുടുംബത്തിൽപെട്ടവരാക യാൽ മത്തായിയെ തിരഞ്ഞെടുക്കുന്നപക്ഷം അതു പിന്തുടർച്ചാവകാ ശമായിപ്പോകുമെന്നും അദ്ദേഹം പ്രസ്താവിച്ചതു്. ആകയാൽ മാർ അ

ലക് സാണ്ടർ മരുമകനായ മത്തായിയുടെ തിരഞ്ഞെടുപ്പിനു വിരോധമായി ഒന്നും പ്രസ്താവിച്ചില്ലെന്നും 'പിന്തുടർച്ചാവകാശം' എന്ന പദങ്ങളിൽ മരുമകൻ മത്തായിയെ ഉൾപ്പെടുത്തിയില്ലെന്നും റോലിൻ പറയുന്നതു് എത്ര വലിയ ദുർവിധിയാണു്! രണ്ടാമത്തെ അബദ്ധം പകലോമറ്റം എന്ന ഒരേ പേരുള്ള കുടുംബങ്ങൾ രണ്ടുണ്ടെന്നും അവ രണ്ടും വെവ്വേറെ തറവാടുകൾ ആണെന്നുമുള്ള പ്രസ്താവമാണു്. ഇതു അനുഭവക്കാരായ സുറിയാനിക്കാർക്കു് അജ്ഞാതമായ ഒരു സംഗതി തന്നെ. പകലോമറ്റം കുടുംബം ഒന്നേയുള്ളു എന്നും അതിന്റെ ശാഖകൾ പലതുണ്ടെന്നും മാത്രമാണു് സുറിയാനിക്കാർ അറിഞ്ഞിട്ടുള്ളതു്. ഫ്രാൻസ്വാ-ൽ മലയാളത്തിൽ വന്ന കമ്മലീത്താക്കാർ പകലോമറ്റം കുടുംബത്തിന്റെ മൂലസ്ഥാനമായ കുറവിലങ്ങാട്ടു വളരെനാൾ പാർത്തിട്ടുള്ളതും അക്കഡിയാക്കോനേറയും മാർ അലക്സ് സാണ്ഡറിനേറയും വീട്ടുകാരെ കണ്ടിട്ടുള്ളതുമാണു്. അക്കഡിയാക്കോനും മാർ അലക്സ് സാണ്ഡറും ഒരേ കുടുംബക്കാരും ചാർച്ചക്കാരുമാണെന്നാണു് അവർ വിവരിച്ചിട്ടുള്ളതു്. ആകയാൽ യൂറോപ്പിൽ ഇരുന്നുകൊണ്ടു ചരിത്രം എഴുതിയ റോലിൻ അക്കഡിയാക്കോനേറയും മാർ അലക്സ് സാണ്ഡറിനേറയും കുടുംബം ഒരേ പേരുള്ള വെവ്വേറായ രണ്ടു തറവാടുകളാണെന്നു പ്രസ്താവിക്കുന്നതു് പിശകും ആസ്പദരഹിതവുമാണു്. റോലിൻ റഫായേലിനെ ആദരിക്കയും അദ്ദേഹത്തിന്റെ വീഴ്ചകളെപ്പറ്റി മൌനം അവലംബിക്കയും മാർ അലക്സ് സാണ്ഡറിനെ അനാദരിക്കയും ചെയ്യുകകൊണ്ടു് ഇവിടെ ഇതുമാത്രം പ്രസ്താവിക്കുവാൻ ഇടയായതേയുള്ളു. പോർട്ടുഗീസു വംശ്യനായ റഫായേലിനെ ഒരു പോർട്ടുഗീസ് ഗ്രന്ഥകർത്താവായ റോലിൻ ആദരിക്കുവാൻ പുറപ്പെട്ടതിൽ അത്ഭുതപ്പെടാനുമില്ലല്ലോ.

൩. ഭാരതീയനായ ക്രസ്തോദിയൂസ് ദെ പിഞ്ഞോ വലിയ മൊഗലിന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്നെന്നു മുകളിൽ പറഞ്ഞിട്ടുള്ളതാണു്. മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ എന്ന സ്ഥാനത്തിൽ താൽക്കാലികമായി മാത്രമാണു് അദ്ദേഹം നിയമിക്കപ്പെട്ടിരുന്നതു്. അതിനാൽ റഫായേൽ മെത്രാന്റെ സ്ഥാനത്തിൽ സ്ഥിരമായി ഒരു അനുഗാമി നിയമിക്കപ്പെടേണ്ടിയിരുന്നു. സുറിയാനിക്കാരിൽനിന്നു് ചെയ്യപ്പെടേണ്ടിയിരുന്ന ആ നിയമനം. റഫായേലിന്റെ തിരഞ്ഞെടുപ്പുമൂലം നിർഭാഗ്യവശാൽ അവക്കു നഷ്ടമായിത്തീർന്നു. തന്നിമിത്തം കമ്മലീത്താക്കാർ ചെയ്തിരുന്നതായി മുമ്പു പറഞ്ഞിട്ടുള്ള അപേക്ഷ അനുസരിച്ചു്, മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ സ്ഥാനത്തിൽ അവരിൽനിന്നുതന്നെ ഒരാളെ തിരഞ്ഞെടുക്കുവാൻ വിശുദ്ധ സിംഹാസനം നിശ്ചയിക്കയും അതനുസരിച്ചു് ആൻജെലൂസ് ഫ്രാൻസീസ് (Angelus Francis of St. Teresa) എന്ന ആളിനെ ൧൭൦൦ ഫെബ്രുവരി ൫-ാം തീയതി മെത്തെലോപ്പോലീസി (Methelopolis) ന്റെ മെത്രാൻ എന്ന അഭിധാനത്തിൽ മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കായായി നിയമിക്കയും ചെയ്തു. മറ്റു യൂ

റോപ്യന്മാർ മലയാളത്തിൽ താമസിച്ചുകൂടെന്ന് ക്രിസ്തുവർഷം ൧൬൦൪-ൽ ഡച്ചു ഗവർമ്മേണ്ടു വെച്ചിരുന്ന വിരോധക്കല്പന കമ്മലീത്താക്കാരുടെ ഇവിടത്തെ സ്ഥിരതാമസത്തിനു ഒരു ബാധകമായിത്തീർന്നിട്ടുണ്ടായിരുന്നു. ജർമ്മൻ (ആക്കാലത്തു ജർമ്മനിയുടേതെങ്കിലും ഇപ്പോഴത്തെ ദേശവിഭാഗം അനുസരിച്ചു ഓസ്ട്രിയായുടെ) ചക്രവർത്തിയായിരുന്ന ലിയൊപ്പോൾദ് പ്രഥമന്റെ മദ്ധ്യസ്ഥംമൂലം ക്രിസ്തുവർഷം ൧൭൨൭ ഏപ്രിൽ ൨—൦നു- ഡച്ചു ഗവർമ്മേണ്ടു ആ വിരോധ കല്പന റദ്ദ് ചെയ്യുകയും ജർമ്മനി, ബൽജിയം, ഇറലി എന്നീ മൂന്നു രാജ്യക്കാരായ ൧൨ കമ്മലീത്താക്കാരും അവരിൽ ഉൾപ്പെട്ട ഒരു മെത്രാനും മലയാളത്തിൽ പാർക്കുന്നതിനു അനുവദിക്കയും ചെയ്തു. ഇതിനുശേഷമാണ് ആൻജെലൂസ് പ്രാൻസീസ് എന്ന പ്രസ്തുത വൈദികൻ മെത്രാന്റെ സ്ഥാനത്തിൽ വികാരി അപ്പസ്തോലിക്കായായി നിയമിക്കപ്പെട്ടതു് (15). ഡച്ചു ഗവർമ്മേണ്ടു കമ്മലീത്താക്കാർക്കു അനുകൂലമായി ഇങ്ങനെ ഒരനുമതി നൽകിയതു് പീറർ പോൾ (Peter Paul) എന്ന പേരുള്ള ഒരു കമ്മലീത്താ വൈദികന്റെ പ്രയത്നം മൂലമാണ്. അദ്ദേഹം പാൽമാ (Palma) യിലെ പ്രഭുവിന്റെ കുമാരനും ൧൮—ാമത്തെ ഇന്നോസെൻറു മാപ്പാപ്പായുടെ സഹോദരീപുത്രനുമായിരുന്നു. അദ്ദേഹം കമ്മലീത്താ സഭയിൽ പ്രവേശിച്ചശേഷം ക്രിസ്തുവർഷം മലയാളത്തിൽ വരികയും ഏതാനും സംവത്സരങ്ങളോളം ഇവിടെ താമസിക്കയുമുണ്ടായി. പിന്നീടു് പ്രസ്തുത ലിയൊപ്പോൾദ് ചക്രവർത്തിയുടെ പ്രതിപുരുഷ (Ambassador) സ്ഥാനത്തിൽ വലിയ മൊഗൾ ചക്രവർത്തിയുടേയും പേഷ്വാ രാജാക്കന്മാരുടേയും അടുക്കൽ അയക്കപ്പെട്ടു. അനന്തരം അൻസീറാ (Ancyra) യുടെ മെത്രാപ്പോലീത്താ ആയി മുമ്പേതന്നെ അഭിഷേകം ചെയ്യപ്പെട്ടിരുന്ന അദ്ദേഹം വലിയ മൊഗലിന്റെ വികാരി അപ്പസ്തോലിക്കാ സ്ഥാനത്തിൽ നിയുക്തനാകയും ക്രിസ്തുവർഷം ൧൭൩൩ ജനുവരി ൨—൦നു- സൂറത്തിൽവെച്ചു് കഥാവശേഷനായിത്തീരുകയും ചെയ്തു. (16). ലിയൊപ്പോൾദ് ചക്രവർത്തിയുടെ മദ്ധ്യസ്ഥം മൂലമാണ് കമ്മലീത്താക്കാർക്കു അനുകൂലമായ മേൽപ്പറഞ്ഞ അനുമതി ഡച്ചു ഗവർമ്മേണ്ടിൽനിന്നു ഇദ്ദേഹം സമ്പാദിച്ചതു്. ആൻജെലൂസ് പ്രാൻസീസിനു മുമ്പു് ഇദ്ദേഹം മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കായായി നിയമിക്കപ്പെട്ടിരുന്നെന്നു് മിസ്റ്റർ മെക്കൻസി തിരുവിതാംകൂർ സ്റ്റെയിറ്റ് മാനുവലിൽ പ്രസ്താവിച്ചു കാണുന്നു. ഈവിധമൊരു പ്രസ്താവം പെരീനോസ് തുടങ്ങിയുള്ള കമ്മലീത്താക്കാരായ ഗ്രന്ഥകാരന്മാരുടെ കൃതികളിൽ കാണുന്നില്ല. മുകളിൽ ഞങ്ങൾ പറഞ്ഞിട്ടുള്ളതുപോലെതന്നെ റഫായേലിനു ശേഷം ഒന്നാമതായി നിയമിക്കപ്പെട്ട കമ്മലീത്താ വികാരി അപ്പസ്തോലിക്കാ ആൻജെലൂസ് പ്രാൻസീസ് ആയിരുന്നെന്നും പീറർ പോൾ ആകട്ടേ വലിയ മൊഗലിന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്നെന്നുമാണു അവരും വാദിക്കുന്നതു്.

ആൻജെലൂസ് പ്രാൻസീസ് മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കായായി നിയമിക്കപ്പെട്ട കാലത്തു് ഗോവ, കൊച്ചി മു

തായ സ്ഥലങ്ങളിലെ പോർട്ടുഗീസ് മെത്രാന്മാർ അല്ലാതെ ഭാരത ഖണ്ഡത്തിൽ മറ്റു മെത്രാന്മാർ ആരും ഉണ്ടായിരുന്നില്ല. ഫ്രായേൽ മെത്രാൻ ഫ്രൻസ്ക–ൽ ചരമപ്രാപിച്ചതിനാൽ മലയാളത്തിലും മെത്രാൻ ഇല്ലാതിരുന്നു. വലിയ മൊഗലാന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന കുസ്തോദിയൂസ് ദെ പഞ്ഞാ ഫ്രൻസ്ക–ൽ കഥാവശേഷനായപ്പോൾ തൽസ്ഥാനത്തിൽ നിയമിക്കപ്പെട്ട പീറർ പോൾ ൧൬൦൦ ജനുവരി മാസത്തിൽ നിയ്യാതനായ സംഗതി മുകളിൽ പറഞ്ഞിട്ടുള്ളതാണ്. ഗാർസ്യാ മെത്രാപ്പോലീത്താ ഫ്രൻസ്ക–ൽ ചരമപ്രാപിച്ചശേഷം കൊട്ടങ്ങല്ലൂർ ഇടവകയുടെ ഭരണത്തിനായി പോർട്ടുഗൽ രാജാവ് പല വൈദികരെ മെത്രാൻപദത്തിൽ നിയമിക്കയും ആ നിയമനങ്ങളെ റോമയിൽനിന്ന് സ്ഥീകരിച്ചുറപ്പിക്കയുമുണ്ടായെങ്കിലും ൧൬൩൫ വരെ അവരിൽ യാതൊരുത്തനും മലയാളത്തിൽ വന്ന് ഭരണം നിവ്വഹിച്ചില്ല. പോർട്ടുഗൽ രാജാവു നിയമിച്ചതു് ആരെയെല്ലാമായിരുന്നെന്ന് പൌലീനോസ് എന്ന ഗ്രന്ഥകാരൻ (p. 66- 7) പ്രസ്താവിക്കുന്നുണ്ട്. ഫ്രാൻസീസ് ബൊറേത്തോ (Francis Boreto) ആയിരുന്നു അവരിൽ ഒന്നാമൻ. ഇദ്ദേഹം സ്ഥാനം ഒഴിഞ്ഞുകളയുക നിമിത്തം അന്ത്രയോസ് പെറെയിരാ (Fereira) എന്ന വൈദികൻ തൽസ്ഥാനത്തിൽ നിയമിക്കപ്പെട്ടു. എന്നാൽ പെറെയിരാ നിയമിതനായിത്തീർന്ന ഉടനെ, ഫ്രൻവ്വ–ൽ ചരമപ്രാപിച്ചു. ഇവരിരുവരും പൌലീസ്റ്റർ ആയിരുന്നു. അനന്തരം ഒറത്തോറിയൻ (Oratorium) സഭാംഗമായ എമ്മാനുവേൽ എന്നയാൾ ഫ്രൻവ്വര നവംബർ ൨൭–൨൦൨൮ നിയമിക്കപ്പെട്ടെങ്കിലും അദ്ദേഹം സ്ഥാനം സ്വീകരിക്കാതെ ഒഴിഞ്ഞുകളയുകകൊണ്ട് അതേ സഭയിൽ ഉൾപ്പെട്ട ഫ്രാൻസീസ്–റോയിസ് മത്തെല്ലൊ (Rois Martello) യെ തിരഞ്ഞെടുത്തു. ആ വൈദികനും രാജിവെക്കുകയാൽ അഞ്ചാമനായി ബെനഡിക്തോസ് സഭാംഗമായ ഈറാനിമോസ് (Jerome of St. James) നിയുക്തനായി. അദ്ദേഹവും രാജിവെക്കുകയാണുണ്ടായതു്. ഇങ്ങനെ തുടരെത്തുടരെ ഇവർ സ്ഥാനം ഒഴിഞ്ഞുകളഞ്ഞതു്, ആ കാലഘട്ടത്തിൽ മാർ അലക്സ്സാണ്ടർ മെത്രാൻ സുറിയാനിക്കാരെ ഭരിച്ചുകൊണ്ടിരുന്നതിനാൽ അന്യന്മാരും സുറിയാനിക്കാരുടെ അപ്രീതിക്കു പാത്രീഭവിച്ചവരുമായ പോർട്ടുഗീസ് മെത്രാന്മാരെ അവർ സ്വീകരിക്കുകയില്ലെന്നുള്ള ബോധംമൂലമാണ്. ഫ്രൻസ്ക–ൽ കൊച്ചീ മെത്രാസനത്തിലേക്കു നിയമിതനായ പച്ചേക്കോ (Dom Pedro Pacheco) ഫ്രൻസ്ക–ൽ കൊച്ചിയിൽ എത്തി ഇടവക ഭരണം കയ്യേറ്റെങ്കിലും ഡച്ചു കോയ്മയുടെ വിരോധംമൂലം കൊച്ചിയിൽ താമസിക്കുവാൻ കഴിയാതെ വരികയാൽ ബ്രിട്ടിഷ് വകയായ അഞ്ചുതെങ്ങിൽ പാർത്തുകൊണ്ട് ഇടവകഭരണം നിവ്വഹിക്കുകയുണ്ടായി. നസ്രാണികളേപ്പറ്റി കൊട്ടങ്ങല്ലൂർ മെത്രാന്മാർക്ക് മേൽപ്പറഞ്ഞവിധം ശങ്ക അങ്കുരിക്കാതിരുന്നെങ്കിൽ അവരും മലയാളത്തിൽ എവിടെയെങ്കിലും അധിവാസം ഉറപ്പിച്ചുകൊണ്ടു ഭരണം നിവ്വഹിക്കുമായിരുന്നു.

ഈറാനീമോസ് കൊട്ടങ്ങല്ലൂരിന്റെ വൈദികാദ്ധ്യക്ഷത്തിൽ നിയമിക്കപ്പെട്ട കാലത്തു റഫായേൽ മെത്രാന്റെ സ്വാധ്വാനുസൃതമായ ഭരണവും തജ്ജന്യങ്ങളായ ലഹളകളും നടന്നുകൊണ്ടിരുന്നു. അനന്തരം, സുവിശേഷകനായ വി. യോഹന്നാന്റെ സഭയിൽ ഉൾപ്പെട്ട ദീദക്ലൂസ് (Didacus) ആറാമനായി തിരഞ്ഞെടുക്കപ്പെട്ടുകയും ക്രിസ്തുവർഷം ഏപ്രിൽ ക്രി—ാം തീയതി റോമയിൽവെച്ചു അഭിഷേചിക്കപ്പെട്ടുകയും ചെയ്തു.

ദീദക്ലൂസ് മെത്രാപ്പോലീത്താ എന്ന അഭിധാനത്തോടുകൂടി ഏഴു സംവത്സരം ഇരുന്നെങ്കിലും മലയാളത്തിൽവന്നു ഭരിക്കുകയുണ്ടായില്ല. മിസ്റ്റർ മെക്കെൻസി തിരുവിതാംകൂർ സ്റ്റെയിറ്റ് മാനുവലിൽ ഇദ്ദേഹത്തെ ദിയെഗോ (Diego) എന്നാണു നാമകരണം ചെയ്തിരിക്കുന്നതു്. സുറിയാനിക്കാരുടെ അടുക്കൽ തനിക്കു സ്വാധീനത ഉണ്ടാകേണ്ടതിനായി മാർ അലക്സ്സാണ്ഡറിന്റെ അനന്തരവനും യോഗ്യനുമായ മത്തായി എന്ന വൈദികനെ ഇദ്ദേഹം വികാരി ജനറാൽ അഥവാ അക്കദിയാക്കോനായി നിയമിക്കയും അദ്ദേഹംമൂലം അങ്കമാലി മഹാ മെത്രാസനത്തെ ഭരിക്കയുംചെയ്തു (17). കമ്മലീത്താക്കാർ ഈ മത്തായിയെ അലക്സ്സാണ്ഡറിന്റെ അനന്തരഗാമിയായി നിയമിക്കാതിരുന്നതു് സുറിയാനിക്കാക്കു വല്ലതായ അതൃപ്തിക്കു കാരണമായിത്തീർന്നിരുന്ന സംഗതി ദീദക്ലൂസ് മെത്രാപ്പോലീത്താ വേണ്ടപോലെ മനസ്സിലാക്കിയിരുന്നു. തന്നിമിത്തം അദ്ദേഹത്തെ വികാരി ജനറാളായി നിയമിച്ചാൽ അതു് സുറിയാനിക്കാക്കു സന്തോഷകരമായി ഭവിക്കുമെന്നും സുറിയാനിക്കാരുടെ പക്കൽ പോർട്ടുഗീസുകാക്കു നഷ്ടമായിരുന്ന സ്വാധീനത തദ്വാരാ പുനഃപ്രാപിക്കാമെന്നും കരുതിയാണ് ആ സ്ഥാനത്തിൽ അദ്ദേഹത്തെ സ്ഥാപിച്ചതു്. ക്രിസ്തുവർഷം ക്രി—ൽ റഫായേൽ മെത്രാൻ പരേതനായതു മുതൽ അങ്കമാലി ഇടവകയിലെ സുറിയാനിക്കാരെ ഭരിക്കുവാൻ യാതൊരു വൈദികാദ്ധ്യക്ഷനും ഉണ്ടായിരുന്നില്ല. അതിനാൽ വികാരിജനറാൽ എന്ന നിലയിൽ ആ ഇടവക ഭരണം നിർവ്വഹിച്ചുപോന്നതു് പ്രസ്തുത മത്തായിക്കത്തനാരാണ്. അദ്ദേഹത്തെ ഒരു സഹായമെത്രാനായിട്ടെങ്കിലും പോർട്ടുഗീസുകാർ നിയമിച്ചിരുന്നെങ്കിൽ അവരുടെ അധികാരവും സുറിയാനിക്കാക്കു അവരുടെ പേരിലുള്ള സംതൃപ്തിയും നിലനിൽക്കുമായിരുന്നു. എന്നാൽ അവർ അങ്ങനെ ചെയ്യാതിരുന്നതുകൊണ്ടു് അവരുടെ അധികാരം സാമൂതിരിയുടെ രാജ്യാതിർത്തികളിലൊഴികേ മറ്റെങ്ങും ശോഭിച്ചില്ല. മത്തായിക്കത്തനാർ വികാരിജനറാൽ അഥവാ അക്കദിയാക്കോൻ ആയി നിയമിക്കപ്പെട്ടപ്പോഴാണ് കമ്മലീത്താ സഭയിൽ ഉൾപ്പെട്ട ഒരു മെത്രാനും 4 വൈദികന്മാരും മലയാളത്തിൽ പാർത്തുകൊള്ളുന്നതിനു ക്രിസ്തുവർഷം ഡച്ചുകോയ അനുവദിച്ചതായി മുകളിൽ പറഞ്ഞിട്ടുള്ള സ്വാതന്ത്ര്യം ലഭിക്കയും റഫായേലിന്റെ അനന്തരഗാമിയായി തങ്ങളിൽനിന്നു ഒരാളെ വികാരി അപ്പസ്തോലിക്കായായി സ്ഥാപിക്കുന്നതിനു റോമയിൽ ബോധിപ്പിച്ചു് അവിടത്തെ അനുമതിപ്രകാരം ക്രി൦൦—ൽ ആ

ൻജെലൂസ് പ്രാൻസീസിനെ വികാരി അപ്പസ്തോലിക്കായായി നിയമിക്കയും ചെയ്തു്. ഇതുകണ്ടു പോർട്ടുഗീസുകാരും മലയാളത്തിൽ സ്ഥിരമായി താമസിച്ചു് ഇടവകഭരണം നടത്തുവാൻ തീർച്ചയാക്കി. ദിഭക്രൂസ് മെത്രാപ്പോലീത്താ സ്ഥാനം ഒഴിഞ്ഞതിനാൽ ൧൫൫൮-ൽ റിബെയിറൊ (John Ribeiro) തൽസ്ഥാനത്തിൽ നിയമിക്കപ്പെട്ടു.

൬. ആൻജെലൂസ് പ്രാൻസീസിന്റെ നിയമനം പോർട്ടുഗീസ് മെത്രാന്മാരുടെ ഭരണത്തിനു് പ്രതിബാധകമായിരുന്നതിനാൽ അദ്ദേഹത്തെ അഭിഷേകം ചെയ്യുന്ന കാര്യത്തിൽ ഗോവ മെത്രാപ്പോലീത്തായും അക്കാലത്തു അഞ്ചുതെങ്ങിൽ പാർത്തിരുന്ന കൊച്ചീമെത്രാനും വിരോധം പുറപ്പെടുവിച്ചു. അഭിഷേകകർമ്മം നടത്തുന്നതിനു് അവരല്ലാതെ ആ കാലഘട്ടത്തിൽ വേറെ മെത്രാന്മാർ ഇന്ത്യയിൽ ഇല്ലാതെയുമിരുന്നു. ഈ ഗഡ്വിൽ ശെമഓൻ എന്നു പേരുള്ള ഒരു കൽദായ മെത്രാപ്പോലീത്താ ബോംബയിക്കു സമീപേ അന്നു് ഇന്ത്യയുടെ ഒരു തുറമുഖമായിരുന്ന സൂറത്തിൽ എത്തി. അദ്ദേഹം അവിടെ വന്നിരുന്ന വിവരം കർമ്മലീത്താക്കാർ അറിഞ്ഞു് അവിടെയുണ്ടായിരുന്ന കപ്പൂച്ചിൻ മിഷ്യനറിമാരോടു ചെയ്യ അപേക്ഷയനുസരിച്ചു് ഒരു കപ്പൂച്ചിൻ മിഷ്യനറിയായ പ്രാൻസീസ് മേരി കർമ്മലീത്താ മിഷ്യനറിമാരുടെ സഹായത്തോടുകൂടി അദ്ദേഹത്തെ ആലങ്ങാട്ടു പള്ളിയിൽ കൊണ്ടുവരികയും അവിടെവെച്ചു ൧൬൫൯ മെയ് മാസം ൨൨-൦൯- ആൻജെലൂസ് പ്രാൻസീസിനെ അദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യുകയും ചെയ്തു. കർമ്മലീത്താക്കാർ താന്തൊരിൽച്ചെന്നു മാർ ശെമഓനെ "പൌലീസുക്കാരോടു കയ്യേറ്റു" മലയാളത്തു കൊണ്ടുവന്നു എന്നു ൧൭൬൫-ലെ അങ്കമാലിപ്പടിയോലയിൽ പറയുന്നതു പിശകാണു്. മാർ ശെമഓൻ കൽദായറീത്തിനു അനുസാരമായി കുമ്പാനയിൽ പുളിച്ച അപ്പം (ꠇꠣꠞꠣ) ആണു ഉപയോഗിക്കുക പതിവായിരുന്നതു്. എന്നാൽ ആൻജെലൂസ് പ്രാൻസീസിന്റെ അഭിഷേകകർമ്മത്തിൽ കർമ്മലീത്താക്കാരുടെ നിബ്ബന്ധംമൂലം അദ്ദേഹം പുളിക്കാത്ത അപ്പം (ꠇꠣꠞꠣ) ഉപയോഗിക്കേണ്ടതായി വന്നുകൂടി. മാർ ശെമഓൻ നെസ്തോറിയൻ മതാവലംബിയായ ഒരാളായിരുന്നെന്നു് ചില പ്രോട്ടസ്റ്റൻറു് ചരിത്രകർത്താക്കൾ പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ അതു അടിസ്ഥാനരഹിതമാണു്. ചരിത്രകാരന്മാർ കാര്യങ്ങളുടെ സത്യാവസ്ഥ പരിശോധിച്ചറിയാതെ എഴുതുക നിമിത്തം അവരുടെ കൃതികളിൽ ഇതുപോലെ അസംഖ്യം അബദ്ധങ്ങൾ നുഴഞ്ഞുകയറുന്നുണ്ടെന്നുള്ളതിലേക്കു് മാർ ശെമഓനേപ്പറ്റിയുള്ള അവരുടെ ഈ പ്രസ്താവം ഒരുത്തമ ദൃഷ്ടാന്തമായിക്കരുതാം. കർമ്മലീത്താക്കാരനായ ആൻജെലൂസ് പ്രാൻസീസ് നെസ്തോറിയനായ ഒരു മെത്രാനിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചിരുന്നെങ്കിൽ അദ്ദേഹം (പ്രാൻസീസ്) അതിനാൽത്തന്നെ മഹറോനിൽ ഉൾപ്പെടുകയും തൻമൂലം അദ്ദേഹത്തിന്റെ വികാരി അപ്പസ്തോലിക്കാ സ്ഥാനം

വി. സിംഹാസനം നീക്കിക്കളയുകയും ചെയ്യുമായിരുന്നു. മാർ ശെമഒൻ വി. സിംഹാസനത്തിന്റെ അനുസരണയിൽ നിന്നിരുന്നവരും ഉത്തമ കത്തോലിക്കനുമായ ഒരു മെത്രാൻ ആയിരുന്നതുകൊണ്ടാണ് ആൻജെലൂസ് പ്രാൻസീസ് അദ്ദേഹത്തിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചത്.

റഫായേൽ മെത്രാന്റെ മരണാനന്തരം സുറിയാനിക്കാർ തങ്ങൾക്കു ഒരു മെത്രാനെ അയച്ചുകൊടുക്കണമെന്ന് കൽദായ പാത്രിയക്കീസിന്റെ അടുക്കൽ അപേക്ഷിച്ചിരുന്നെന്നും അതനുസരിച്ചു പാത്രിയക്കീസ് പ്രസ്തുത മാർ ശെമഒനെ മലയാളത്തിലേക്കു അയച്ചിരുന്നതാണെന്നും വി. സിംഹാസനത്തോടു ഐക്യമുള്ള ഏതൊരു മെത്രാനിൽ നിന്നെങ്കിലും മെത്രാൻപട്ടം സ്വീകരിക്കുന്നതിനു അധികാരപ്പെടുത്തുന്ന മാപ്പിപ്പായുടെ തിരുവെഴുത്ത് ആൻജെലൂസ് പ്രാൻസീസിനു ഉണ്ടായിരുന്നതിനാലാണ് മാർ ശെമഒനിൽനിന്നു അദ്ദേഹം പട്ടം സ്വീകരിച്ചതെന്നും, എന്നാൽ മാർ ശെമഒൻ മലയാളത്തിൽ പാത്തു സുറിയാനിക്കാരെ ഭരിക്കുന്നതു വി. സിംഹാസനത്തിന്റെ പേരിൽ അദ്ദേഹത്തിനുള്ള അനുസരണത്തിനും ആ സിംഹാസനത്തോടുള്ള ഐക്യത്തിനും വിരോധമായിത്തീരുമെന്നു കർമ്മലീത്താക്കാർ ഉപദേശിച്ചതിനാൽ അതനുസരിച്ച് അദ്ദേഹം പോണ്ടിച്ചേരിലേക്കുപോയി ഏൻ സംവത്സരം അവിടെ പാത്തു. അവിടെത്തന്നെ ചരമം പ്രാപിച്ചെന്നും അറബി രാജ്യത്തിലെ കപ്പൂച്ചീൻ മിഷ്യനറിമാരുടെ സഹായംമൂലം അദ്ദേഹം മുമ്പൊരിക്കൽ മഹമ്മദീയരുടെ ഉപദ്രവത്തിൽനിന്നു സംരക്ഷിക്കപ്പെട്ടിരുന്നതിനാലും ആ മിഷ്യനറിമാരിൽ ചിലർ പോണ്ടിച്ചേരിൽ ഉണ്ടായിരുന്നതിനാലുമാണ് അദ്ദേഹത്തെ അവിടേക്കു അയച്ചതെന്നും തിരുവിതാംകൂർ സ്റ്റെയ്ററ് മാനുവലിൽ (Vol. II. p. 199) മിസ്റ്റർ മെക്കെൻസി പ്രസ്താവിക്കുന്നു. മാർ ശെമഒൻ സുറിയാനിക്കാരുടെ ഭരണകർത്താവായി വന്നയാൾ ആയിരുന്നെന്നും ഭരണകർത്താവെന്ന നിലയിൽ അദ്ദേഹം വി. സിംഹാസനത്തോടു അനുസരണയിലും ഐക്യത്തിലും വർത്തിച്ചിരുന്നെന്നും അതിനാലാണ് ആൻജെലൂസ് പ്രാൻസീസ് അദ്ദേഹത്തിൽനിന്നു മെത്രാഭിഷേകം സ്വീകരിച്ചതെന്നും മിസ്റ്റർ മെക്കെൻസി ഈ പ്രസ്താവനയിൽ സമ്മതിക്കുന്നതു സത്യത്തെ ആദരിക്കുവാൻ വേണ്ടിയാണല്ലോ. ആ സ്ഥിതിക്ക്, മാർ ശെമഒൻ മലയാളത്തിൽ താമസിച്ചു ഭരണം നിർവ്വഹിക്കുന്നതു വി. സിംഹാസനത്തിന്റെ പേരിൽ അദ്ദേഹത്തിനുള്ള അനുസരണത്തിനും ഐക്യത്തിനും വിരോധമായിത്തീരുമെന്നുപദേശിച്ചതും തദ്വാരാ അദ്ദേഹത്തെ ഇവിടെനിന്നു കടത്തിക്കളഞ്ഞതും നീതിപൂർവ്വകമായ പ്രവൃത്തിയാണെന്നു എങ്ങനെ പറയാം? മാർ ശെമഒനെ സുറിയാനിക്കാരുടെ അപേക്ഷയനുസരിച്ച് കൽദായ പാത്രിയക്കീസാണ് അയച്ചതെന്നു മിസ്റ്റർ മെക്കെൻസി നന്നാ സംക്ഷേപിച്ചുമാത്രം പറയുകയും അദ്ദേഹത്തെ പോണ്ടിച്ചേരിലേക്കു അയച്ചുകളഞ്ഞതിന്റെ പ്രധാന കാരണത്തെപ്പറ്റി അദ്ദേഹം മൌനം അവലംബിക്കയും ചെയ്യുന്നതി

നാൽ ചരിത്രപുഷ്ടിക്കായി തത്സംബന്ധമായ കൂടുതൽ വിവരങ്ങളെ കീഴേ ചേർക്കുന്നു.

വ. ൧൯൨൩-ൽ റഫായേൽ മെത്രാൻ പരേതനായതു മുതൽ ൧൯൭൯ വരേ, സുറിയാനിക്കാരെ ഭരിക്കുന്നതിനായി മലയാളത്തിൽ യാതൊരു മെത്രാനും ഉണ്ടായിരുന്നില്ലെന്നും ആ കാലഘട്ടത്തിൽ ദിദക്ലൂസ് മെത്രാപ്പോലീത്താ, മാർ അലക്സ് സാണ്ഡറിന്റെ അനന്തരവനായ മത്തായിക്കുഞ്ഞനാരെ സ്വന്ത അക്കിടിയാക്കോനായി നിയമിച്ച് ഇടവകഭരണം നടത്തിയിരുന്നെന്നും മേൽ ലക്കങ്ങളിൽ പറഞ്ഞിട്ടുള്ളതാണ്. ആക്കാലത്തു കത്തോലിക്കാ സുറിയാനിക്കാർക്ക് "പഴയക്രുറുകാർ" എന്നും ൧൯൨൩-ൽ അന്ത്യോക്യായിൽനിന്നു വന്ന യാക്കോബായ മെത്രാപ്പോലീത്താ ആയ മാർ ഗ്രിഗോറിയോസിന്റെ വിശ്വാസം സ്വീകരിച്ചവർക്ക് "പുത്തൻക്രുറുകാർ" എന്നുമാണ് ഇവിടെ പേർ നടപ്പായിരുന്നതു്. എന്നാൽ അന്നു മലയാളത്തിൽ പാർത്തിരുന്ന പാശ്ചാത്യന്മാർ പുത്തൻക്രുറുകാരെ ശിശ്മക്കാർ എന്നും പഴയക്രുറുകാരെ കത്തോലിക്കരെന്നും അഭിധാനം ചെയ്യുകയും ലേഖനങ്ങളിൽ പ്രസ്താവിക്കയും ചെയ്തിരുന്നു. യാക്കോബായ വിശ്വാസത്തിനു് ആ കാലഘട്ടത്തിൽ ഇവിടെ പറയത്തക്ക പ്രാബല്യമൊന്നും ഉണ്ടായിരുന്നില്ലെന്നും തൻമൂലമാണ് ആ മതവിശ്വാസത്തിൽ ഉൾപ്പെട്ടവരെ ഉദ്ദേശിച്ച് 'ശിശ്മക്കാർ' എന്ന പദം പാശ്ചാത്യന്മാർ പ്രയോഗിച്ചിരുന്നതെന്നുമുള്ളതിലേക്കു ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. ഈ സംഗതി സംബന്ധിച്ചു ഇനിവരുന്ന പ്രസ്താവങ്ങളിൽ ഇതിനെ തെളിയിക്കുന്ന രേഖകൾ കാണാവുന്നതാണ്.

റഫായേൽ മെത്രാന്റെ ചരമകാലത്തു പുത്തൻക്രൂർ സുറിയാനിക്കാരെ ഭരിച്ചിരുന്നതു് നാലാമത്തെ മാർത്തോമ്മാ ആയിരുന്നു. പഴയക്രുറുകാരോടു യോജിച്ചു് കത്തോലിക്കാ സഭയിൽ ജീവിക്കണമെന്നു താല്പര്യമുള്ള ഒരാൾ ആയിരുന്നു ഇദ്ദേഹം. ആയിടയ്ക്കു് അന്ത്യോക്യായിൽനിന്നു മലയാളത്തിൽ വന്ന മാർ അന്ത്രയോസ്, മാർ യോഹന്നാൻ, മാർ ബസേലിയോസ് എന്ന യാക്കോബായ മെത്രാന്മാർ ൧൯൨൩-ൽ വന്ന മാർ ഗ്രിഗോറിയോസിന്റെ ഉപദേശങ്ങൾക്കും ആചാരമുറകൾക്കും പുറമേ കൂടുതലായി പലകാര്യങ്ങൾ ഉപദേശിക്കയും നടത്തുകയും ചെയ്തതിനാലും മാർ തോമ്മായുടെ സ്ഥാനത്തെ അവർ ഗണ്യമാക്കാഞ്ഞതിനാലും അദ്ദേഹത്തിനു അവരുടെനേരെ തൃപ്തിയില്ലാതെതീർന്നു. അതിനാൽ അദ്ദേഹം കൽദായ പാത്രിയർക്കീസായ മാർ ഷിലിയായിക്കു ഒരെഴുത്തയക്കുകയും ഒരു മെത്രാനെ മലയാളത്തിലേക്കു അയച്ചുകൊടുക്കണമെന്നു് അപേക്ഷിക്കയും ചെയ്തു. റഫായേൽ മെത്രാന്റെ പേരിലുള്ള അതൃപ്തിമൂലം ഈ അപേക്ഷയിൽ പഴയക്രുറുകാരും സംബന്ധിച്ചിരുന്നു. ഈ അപേക്ഷ അനുസരിച്ചാണ് മാർ ശെമഓൻ മലങ്കരയിൽ എത്തിയതു്. മലയാളത്തിൽ വരുന്നതിനുമുമ്പു അദ്ദേഹം ആദ്യം ഓർശ്ലേമിലേക്കും, അവിടെനിന്നു റോമയിലേക്കും റോമയിൽനിന്നു പോർട്ടുഗൽ, സ്പെയിൻ എന്ന രാജ്യങ്ങളി

ലേക്കും പോവുകയുണ്ടായി. ഇങ്ങനെ പല ദേശങ്ങളിൽ സഞ്ചരിക്കുവാൻ ഇടയായതിനാൽ അദ്ദേഹം മലയാളത്തിൽ എത്തുന്നതിനു വളരെ കാലതാമസം നേരിട്ടു. പോർട്ടുഗലിൽനിന്നു ഗോവയിൽ വന്നിറങ്ങി; അവിടെനിന്നു സൂറത്തിലേക്കു പോയി. അദ്ദേഹത്തിന്റെ വരവു അറിഞ്ഞു് മലയാളത്തുനിന്നു സുറിയാനിക്കാർ അയച്ചിരുന്ന ഒരെഴുത്തു സൂറത്തിൽവെച്ചു അദ്ദേഹം കൈപ്പറ്റി. പുത്തൻക്രൂറുകാർ ഒരു യൂദൻവശം അയച്ചതായിരുന്ന ആ ലേഖനം. അതിനു അദ്ദേഹം അയച്ച മറുപടിയുടെ തർജ്ജിമ താഴെച്ചേർക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ നന്മയാൽ കൽദായക്കാരുടെ ബലഹീനനായ ശെമഒൻ മെത്രാപ്പോലീത്താ. ഈശോമ്ശീഹാ കർത്താവിന്റെ സ്വസ്തിയും ദൈവപിതാവിന്റെ സ്നേഹവും റൂഹാദക്കുദശായുടെ ഐക്യവും നിങ്ങളേവരിലും ഉണ്ടായിരിക്കട്ടേ.

നമ്മുടെ കർത്താവിൽ നമ്മുടെ സഹോദരന്മാരും നമ്മുടെ പ്രതീക്ഷയായ ഈശോയിൽ നമ്മുടെ സ്നേഹിതന്മാരുമായ പുരോഹിതന്മാരേ, കശീശാ യാക്കോബ്, കശീശാ പീലിപ്പോസ്, കശീശാ മത്തായി, കശീശാ അബ്രാഹം, കശീശാ ഗീവറുഗീസ്, കശീശാ മത്തായി, കശീശാ ഗീവറുഗീസ്, കശീശാ യൌസേപ്പു്, കശീശാ യാക്കോബ്, കശീശാ അബ്രാഹം, കശീശാ അലക്സന്ത്രോസ്, കശീശാ പൌലോസ്, കശീശാ സ്ലീയാ, കശീശാ മത്തായി, കശീശാ യൌസേപ്പു, കശീശാ യാക്കോബ്, കശീശാ അബ്രാഹം, കശീശാ പീലിപ്പോസ്, കശീശാ തോമ്മാ, കശീശാ അബ്രാഹം, കശീശാ യൌസേപ്പു്, കശീശാ സ്ലീയാ, കശീശാ ഈസഹാക്ക്, കശീശാ യോഹന്നാൻ, കശീശാ മക്കോസ്, കശീശാ ഈയോബു്, കശീശാ മത്തായി, കശീശാ തോമ്മാ ആദിയായ വൈദികന്മാരേ, ശമ്മാശാ മത്തായി, ശമ്മാശാ യൌസേപ്പു്, ശമ്മാശാ ഗീവറുഗീസ്, ശമ്മാശാ യാക്കോബ്, ശമ്മാശാ യൌസേപ്പു, ശമ്മാശാ മത്തായി, ശമ്മാശാ യാക്കോബ്, ശമ്മാശാ മത്തായി മുതലായ ദൈവശുശ്രൂഷകന്മാരേ, വിശേഷിച്ചു് എനിക്കു പേരു അറിവില്ലാത്ത നമ്മുടെ സമസ്ത സഹോദരന്മാരേ, സന്ന്യാസികളേ, വികാരിമാരേ, ആശ്രമാദ്ധ്യക്ഷന്മാരേ, ഭരണകർത്താക്കളേ, സത്യവിശ്വാസികളായ ക്രിസ്ത്യാനികളേ, സ്ത്രീകളേ പുരുഷന്മാരേ, യുവാക്കന്മാരേ യുവതികളേ, ബാലന്മാരേ ശിശുക്കളേ, ഞാനുവേണ്ടി അനുഗ്രഹിക്കപ്പെട്ട മലയാള ദേശീയരും നമ്മുടെ മതക്കാരുമായി ഇന്ത്യയിലുള്ള സമസ്ത സുറിയാനി ക്രിസ്ത്യാനികളേ നമ്മുടെ കർത്താവു തന്റെ കാരുണ്യത്താൽ നിങ്ങളെ കാക്കുമാറാകട്ടെ. അവിടത്തെ ആജ്ഞകളെ അനുവർത്തിക്കയും തിരുമനസ്സു പൂർത്തീകരിക്കയും ചെയ്യുന്നവരുടെ പ്രാർത്ഥനമൂലം അവിടത്തെ കൃപ നിങ്ങളിൽനിന്നു നീങ്ങിപ്പോകാതിരിക്കട്ടെ. ആമ്മേൻ. ആത്മികമായി നിങ്ങൾക്ക് സ്വസ്തി പറഞ്ഞുകൊണ്ടും നിങ്ങളുടെ ക്ഷേമാവസ്ഥയെപ്പറ്റി അറിവാൻ ആഗ്രഹിച്ചുകൊണ്ടും അറിയിക്കുന്നതായതു്:– ഞാൻ പൌരസ്ത്യപാത്രിയർക്കീസായ മാർ ഏലിയായുടെ അടുക്കൽനിന്നു

വന്നിരിക്കയാകുന്നു. അദ്ദേഹത്തിന്റെ പ്രശസ്ത സിംഹാസനം എന്നും നിലനിൽക്കട്ടെ. ആമ്മേൻ. ഞാൻ ആദ്യം ഓർഗ്ഗേമിലേക്കും അവിടെനിന്നു മഹാ റോമായിലേക്കും പോയി. അനന്തരം ഇസ്പാനിയാ, പോർട്ടുഗൽ എന്ന രാജ്യങ്ങളെ സന്ദർശിച്ചു. അവിടെനിന്നു ഇന്ത്യയിൽ ഗോവ നഗരത്തിൽ വന്ന്, നിങ്ങളുടെ കാര്യം തിരക്കിയതിൽ, താങ്കൾ അന്വേഷിക്കുന്ന ആളുകൾ ഇവിടെ ഇല്ല; സൂറത്തു പട്ടണത്തിൽ പോയാൽ അവരെ കണ്ടുകിട്ടും എന്ന് അവിടെയുള്ള ചിലർ എന്നോട് പറഞ്ഞു. അതിനാൽ ഞാൻ സൂറത്തിൽ ചെന്നെങ്കിലും നിങ്ങളിൽ ആരെയും കാണുവാൻ കഴിഞ്ഞില്ല. എന്നാൽ നിങ്ങളുടെ ഒരു കത്തു കൊണ്ടുവന്നിരുന്ന ഒരു യൂദനെ ഞാൻ കണ്ടു. ഞാൻ അതു വാങ്ങിച്ചു് ചുംബനംചെയ്തു വായിച്ചു് വളരെ സന്തുഷ്ടനായി. ഈ ക്രിസ്ത്യാനികൾ എവിടെയായിരിക്കുമെന്ന് അവനോട് ചോദിച്ചപ്പോൾ കൊച്ചീസംസ്ഥാനത്തിലാണെന്ന് അവൻ എന്നോട് മറുപടി പറഞ്ഞു. അതിനാൽ കൊച്ചിയിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ഞാൻ ശ്രമിക്കുന്നു. പക്ഷേ, എന്റെ പക്കൽ കുറേ പൊൻനാണയങ്ങൾ ഉള്ളതിനാൽ ലന്തക്കാർ അതു കൈക്കലാക്കുമോ എന്നു ഭയമില്ലാതില്ല. ഞാൻ സൂറത്തിൽ എത്തിയ സമയം, ഒരു പരദേശിയും ചുങ്കക്കാരനുമായി പരിചയമില്ലാത്തവനുമായ എന്നെ അവർ കണ്ടു പൊൻനാണയങ്ങൾ എന്റെ പക്കൽനിന്നു വാങ്ങി. ഫാ ക്രൊശ് നാണയങ്ങൾ തരുന്നപക്ഷം നിങ്ങളുടെ പൊൻനാണയങ്ങൾ മടക്കിത്തരാമെന്ന് അവർ എന്നോട് പറയുകയാൽ ഞാൻ അവക്ക് അതു കൊടുക്കയും പൊൻനാണയങ്ങൾ വാങ്ങിക്കയും ചെയ്തു. കൊച്ചിയിലേക്കു വരുവാൻ ഞാൻ ഭയപ്പെടുന്നതിന്റെ കാരണം ഇതുതന്നെ. ഞാൻ കോഴിക്കോട്ടേക്കു പോകുന്നതിനു പരിശ്രമിക്കുകയാണ്. അവിടെ എന്റെ പക്കലേക്ക് നിങ്ങൾ വരണമെന്നപേക്ഷിക്കുന്നു. അവിടെവച്ചു നിങ്ങളെ കാണാമെന്നും തമ്മിൽ കണ്ട് സന്തുഷ്ടി പ്രാപിക്കാമെന്നും കരുതി നിറുത്തുന്നു. നിങ്ങളുടെ അറിവിനു് ഈ വാക്കുകൾ മതിയാകുമല്ലോ. ദുഃഖനഷ്ടങ്ങളെ നിങ്ങളിൽനിന്നു അകറ്റുന്നതിനു് അനുഗ്രഹങ്ങളുടെ പിതാവിനോട് നാം പ്രാർത്ഥിക്കുന്നു. ഭാഗ്യവതിയായ മറിയത്തിന്റേയും മാർ യോഹന്നാൻ മാംദാനായുടേയും പ്രേഷിതന്മാർ, പ്രവാചകന്മാർ, വി. പിതാക്കൾ ആദിയായവരുടേയും പ്രാർത്ഥനമൂലം വിവിധ നന്മകളുടേയും ധനസമൃദ്ധിയുടേയും ആധിക്യത്തോടുകൂടിയ ആമോദകരങ്ങളായ ദിവസങ്ങളെ അവിടുന്നു നിങ്ങൾക്കു തന്നരുളുമാറാകട്ടെ. ആമ്മേൻ. നിങ്ങൾ ക്ഷേമസമ്പന്നരായും സന്തോഷസംപൂർണ്ണരായും നമ്മുടെ കർത്താവിന്റെ വചനങ്ങളിൽ നിർഭംഗം കാക്കപ്പെടുന്നവരായും ഭവിക്കട്ടെ. അപ്രകാരം സംഭവിക്കട്ടെ. ആമ്മേൻ. — എന്ന് ശ്രീക്ക വത്സരം ൨൦൨൨, അനുഗ്രഹിക്കപ്പെട്ട മാസമായ മീനം ൭–നു. (ക്രി. അ. ൧൭൯൯ മാർച്ച് ൭)

പഴയ സുറിയാനി എഴുത്തുകൾ പകർത്തി സൂക്ഷിച്ചിരിക്കുന്ന ഗ്രന്ഥത്തിൽ നിന്നാണ് ഈ എഴുത്തു ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്.

ആ കൈയെഴുത്തു ഗ്രന്ഥത്തിൽ മേൽക്കാണിച്ച എഴുത്തോട്ടുകൂടി. മാർ ശെമഓന്റെ ഒരു വിശ്വാസപ്രകാശനവും സുറിയാനി ഭാഷയിൽത്തന്നെ ചേർത്തിട്ടുണ്ട്. പുത്തൻക്രൂറുകാരുടെ ഉപയോഗത്തിനായി അദ്ദേഹം രചിച്ച ആ വിശ്വാസപ്രകാശനം താഴെക്കാണുംവിധമാണ്.

ܗܘ ܡܪܢ ܝܫܘܥ ܡܫܝܚܐ ܒܪ ܐܠܗܐ ܚܝܐ ܕܐܬܝܠܕ ܡܢ ܪܘܚܐ ܩܕܝܫܐ ܘܡܢ ܡܪܝܡ ܒܬܘܠܬܐ ܘܐܬܨܠܒ ܒܝܘܡܝܗܝ ܕܦܝܠܛܘܣ ܦܩܘܕܐ ܘܩܒܪ ܒܫܘܠ ܓܐ ܕܫܐܘܠ ܘܩܡ ܡܢ ܒܝܬ ܡܘܬܒܐ ܒܝܘܡܐ ܬܠܬܝܐ ܘܣܠܩ ܠܫܡܝܐ ܘܝܬܒ ܥܠ ܝܡܝܢ ܐܒܘܗܝ ܕܐܠܗܐ ܘܡܢ ܬܡܢ ܐܬܐ ܕܢܕܝܢ ܠܡܕܝܢ ܚܝܐ ܘܡܝܬܐ ܘܠܡܠܟܘܬܗ ܠܝܬ ܣܘܦܐ ܘܒܪܘܚܐ ܩܕܝܫܐ ܡܚܝܐ ܘܡܩܕܫ ܗܘ ܐܦ ܐܢܐ ܥܒܕ ܠܗ ܘܡܫܒܚ ܠܗ ܘܡܣܓܕ ܠܗ ܒܬܫܒܘܚܬܐ ܚܕܐ ܩܕܝܫܬܐ ܕܫܠܝܚܐ ܘܒܥܕܬܐ ܩܕܝܫܬܐ ܕܡܪܢ ܐܝܬ ܠܝ ܗܝ ܒܗ ܒܟܠ ܡܐ ܕܐܡܪ ܠܝ ܘܐܦ ܐܢܐ ܒܗ ܐܡܝܢ ܘܐܒܥܐ ܐܢܐ ܠܡܚܙܐ ܦܢܝܗ ܕܡܪܢ ܒܟܠ ܥܕܢ ܘܥܕܢ ܐܡܝܢ.

പരിഭാഷ. — "കൽദായ മെത്രാപ്പോലീത്താ. ആകുന്ന ഞാൻ ബാവാ, പുത്രൻ, റൂഹാദ്ക്കുദശാ എന്ന ഏക ദൈവത്തിൽ വിശ്വസിക്കുന്നു. നമ്മുടെ കർത്താവായ ഈശോ മ്ശിഹായിൽ ഒരാളും രണ്ടു സ്വഭാവങ്ങളും ഉണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. ജീവിപ്പിക്കുന്നവനായ റൂഹാദ്ക്കുദശാ ബാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നെന്നു ഞാൻ വിശ്വസിക്കുന്നു. വി. മാപ്പിപ്പായെ ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസിനെ എന്നപോലെ ഞാൻ സ്വീകരിക്കുന്നു. ഈ വിശ്വാസത്തെ സ്വീകരിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ. പെസഹാ വ്യാഴാഴ്ച നമ്മുടെ കർത്താവു അനുഷ്ഠിച്ചതുപോലെ ഞങ്ങൾ കുർബാന ചൊല്ലുന്നു. ആകാശങ്ങളിൽ ഇരിക്കുന്ന നമ്മുടെ കർത്താവിനെപ്പോലെ ഞങ്ങൾ ചെയ്യുന്നു. പതിതരുടെ മനസ്സുതിരിവിനായിട്ടാണ് ഞാൻ ഈ ലേഖനം ഈവിധം എഴുതി അയച്ചതു്." ആ കാലഘട്ടത്തിൽ സ്മ്പാളൂരിലെ അഥവാ അമ്പഴക്കാടെ ഈശോസഭക്കാരുടെ വൈദിക വിദ്യാലയത്തിന്റെ അദ്ധ്യക്ഷപുരുഷനും സുറിയാനി ഭാഷയിൽ ധാരാളം വ്യുല്പന്നനും കാലാന്തരത്തിൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ട ആളുമായ റിബേയിറൊ എന്ന വൈദികൻ, ഈ എഴുത്തിന്റെ മൂലപ്രതിയും അതിന്റെ പോർട്ടുഗീസ് തർജ്ജമയോട്ടുകൂടിയ ഒരു ശരിപ്പകർപ്പും കാണുകയും ആ പകർപ്പു മൂലത്തോട് ഒത്തിരിക്കുന്നെന്നു സാക്ഷിപ്പെടുത്തുകയും ചെയ്തിട്ടുള്ളതും പുത്തൻചിറപ്പള്ളിയിലെ ഈശോസഭക്കാരായ മെത്രാപ്പോലീത്താമാരുടെ ഗ്രന്ഥശേഖരത്തിൽ (Archives) സൂക്ഷി

ക്കപ്പെട്ടിട്ടുള്ളതുമാണ് (18). റിബെയിറൊ എഴുത്തിനെപ്പറ്റി സാക്ഷിക്കുന്നതു് ഇങ്ങനെയാണ്:— "ഈ സുറിയാനിപ്രതി സ്ഥലനാമം കാണിച്ചിട്ടില്ലാത്ത് (ഏതു സ്ഥലത്തിന്റെ മെത്രാപ്പോലീത്താ എന്നു പറഞ്ഞിട്ടില്ലാത്ത്) കൽദായക്കാരനായ സിമെയോൻ മെത്രാപ്പോലീത്താ മലയാളത്തിലെ ശീശ്മക്കാർക്ക് (പുത്തൻക്രൂറുകാർക്ക) ക്രിക്ക വത്സരം ൨൦൫൨ (ക്രി. അ. ൧൬൦൫ മാർച്ച്) മീനം ൭–൦നു– എഴുതിയ മൂലപ്രതിയോട് ശരിയായി ഒത്തിരിക്കുന്നെന്നും, ആ മൂലപ്രതി ഞാൻ കണ്ടു വായിച്ചു് ഈ തർജ്ജമയോട് ഒപ്പിച്ചുനോക്കിയെന്നും യോഹന്നാൻ റിബെയിറൊ എന്ന ഈശോസഭയിലെ സന്ന്യാസിവൈദികനായ ഞാൻ സാക്ഷിക്കുന്നു. എന്നു ക്രിസ്താബ്ദം ൧൭൦൨ സെപ്റ്റംബർ വ. (ഒപ്പു) യോഹന്നാൻ റിബെയിറൊ."

മാർ ശെമഓൻ ന്യായമായ അധികാരത്തോടുകൂടി വന്നയാൾ ആയിരുന്നെന്നും അദ്ദേഹത്തെ പോണ്ടിച്ചേരിലേക്കു് അയച്ചുകളഞ്ഞതു ശരിയായില്ലെന്നും ഞങ്ങൾ ഇതിനുമുമ്പു (ല. ൬) പ്രസ്താവിച്ചിട്ടുള്ളതാണ്. മേൽ ഉദ്ധരിച്ചിട്ടുള്ള അദ്ദേഹത്തിന്റെ എഴുത്തിൽ നിന്നു രണ്ടു സംഗതികൾ വ്യക്തമാകുന്നു. അവയിൽ ഒന്നു് കേരളത്തിലെ ക്രിസ്ത്യാനികളുമായി അദ്ദേഹത്തിനു് എഴുത്തുകുത്തുണ്ടായിരുന്നു എന്നതുതന്നെ. പോർട്ടുഗീസുകാർ അദ്ദേഹത്തിന്റെനേരെ ആദരം പ്രദർശിപ്പിച്ചിരുന്നെന്നും അതിനാലാണ് അദ്ദേഹം റോമയിൽനിന്നു പോർട്ടുഗലിലേക്കു പോയതെന്നുമുള്ളതാണ് രണ്ടാമത്തെ സംഗതി. ആയിടക്കു ഡച്ചുഗവർമ്മേണ്ടു കമ്മലീത്താക്കാർക്കു് അനുകൂലമായി ഫെർവ്വൽ ചെയ്തു. ഉടമ്പടിമൂലം ആ സഭയിൽപ്പെട്ട ഒരു മെത്രാനും ഫ്രഞ്ചു മിഷ്യനറിമാർക്കും മലയാളത്തിൽ സ്ഥിരവാസം ചെയ്യുവാൻ അനുമതി സിദ്ധിച്ചതും (ല. ന) അതു തങ്ങളുടെ അധികാരവ്യാപ്തിക്കു പ്രതിബന്ധമായിത്തീരുമെന്നു പോർട്ടുഗീസ് മെത്രാന്മാർ അറിഞ്ഞിരുന്നതും നിമിത്തമാണ് മാർ ശെമഓനെ അവർ ആദരിച്ചതു്. ആ സന്ദർഭത്തിൽ മാർ ശെമഓൻ മലയാളത്തിൽ പാർക്കുന്നതു് തങ്ങൾക്കു ഗുണകരമായി ഭവിക്കുമെന്നും ശീശ്മക്കാരുടെ വഴക്കുകൾ അവസാനിച്ചു് അവർ പഴയക്രൂറുകാരോടു യോജിക്കുന്നതിനു അദ്ദേഹം ഒരുപകരണമായിത്തീരുമെന്നും അവർ കരുതിയിരുന്നു.

൧൮. മാർ ശെമഓന്റെ ആഗമനകാലത്തു് കൊച്ചിയിലെ ഡച്ചുഗവർമ്മേണ്ടിന്റെ പ്രാബല്യമാണ് മലയാളത്തിൽ മുന്നിട്ടുനിന്നിരുന്നതു്. കമ്മലീത്തക്കു് അനുകൂലമായിട്ടും പോർട്ടുഗീസുകാർക്കു പ്രതികൂലമായിട്ടുമായിരുന്ന ആ ഗവർമ്മേണ്ടിന്റെ നില. മാർ ശെമഓനെ സ്വീകരിക്കുന്നതിനു് പഴയക്രൂറിലും പുത്തൻക്രൂറിലുമുള്ള സുറിയാനിക്കാർ സന്നദ്ധന്മാരായിരുന്നു. എന്നാൽ അദ്ദേഹം മലയാളത്തിൽ താമസിക്കുന്നതു തങ്ങളുടെ അധികാരത്തിനു വിഘ്നമായിത്തീരുമെന്നു കമ്മലീത്താക്കാർ കണ്ടിരുന്നതിനാൽ അവരുടെ പാശ്ചാത്യികളായ ഡച്ചുഗവർമ്മേണ്ടിൽനിന്നു് അദ്ദേഹത്തിന്റെ താമസത്തിനു വിരോധം പുറപ്പെടുകമൂലം അദ്ദേഹത്തെ പോണ്ടിച്ചേരിലേക്കു അയക്കുകയാണു

ണ്ടായത്ത്. മാർ ശെമഓന്റെ പോണ്ടിച്ചേരിലെ വാസം, അതിനിടയിൽ നടന്ന സംഭവങ്ങൾ, അദ്ദേഹത്തിന്റെ മരണം മുതലായവയെ സംബന്ധിച്ച് ഒരു വിവരം കിട്ടേണമെന്നായി വരാപ്പുഴയിലെ കർമ്മലീത്താ വികാരി അപ്പസ്തോലിക്കാ മെത്രാൻ ഫ്രെഞ്ചുപോണ്ടിച്ചേരിലെ പ്രൊവർണരോട് എഴുതിച്ചോദിക്കയും അതനുസരിച്ച് അവിടെ അദ്ദേഹം സംസ്കരിക്കപ്പെട്ട പള്ളിയിലെ ശവസംസ്കാര രജിസ്തർ പുസ്തകത്തിൽ (Register of the Church) കണ്ട വിവരം ഗവർണർ പകർത്തി അയക്കയും ചെയ്തു. മിസ്റ്റർ മെക്കെൻസി തിരുവിതാംകൂർ സ്റ്റെയ്റ്റ് മാനുവലിൽ (Vol. II. p. 190) ആ വിവരം ഉദ്ധരിച്ചിട്ടുണ്ട്. മുകളിൽ ഞങ്ങൾ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ആ വിവരണത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതിനാൽ അതിന്റെ ഒരു തർജ്ജമ താഴെച്ചേർക്കുന്നു.

"ഇന്നു— ക്രിസ്തു ഓഗസ്റ്റ് മാസം ക്രി—ാം തീയതി— ആ ദേശത്തിന്റെ കൽദായ മെത്രാപ്പോലീത്താ ആയ മൊൻസിഞ്ഞോർ (മാർ) ശെമഓനെ ദൈവഭൃതന്മാരുടെ നായികയുടെ നാമധേയത്തിലുള്ള നമ്മുടെ പള്ളിയിൽ ഞാൻ സംസ്കരിച്ചിരിക്കുന്നു. അദ്ദേഹം ഇന്നു രാവിലെ മുഖംകഴുകുന്നതിനായി കിണറ്റിൽനിന്നു വെള്ളം കോരുവാൻ ശ്രമിക്കയിൽ നിർഭാഗ്യവശാൽ കിണറ്റിൽവീണു കുടിച്ചു മരിച്ചു. ആ

---

റോ ഏഴോ വയസ്സുള്ള ഒരു കുട്ടിയല്ലാതെ അദ്ദേഹത്തെ സഹായിക്കുവാൻ അവിടെ ആരും ഉണ്ടായിരുന്നില്ല. ആ സമയം അവൻ ഉറങ്ങുകയായിരുന്നു. ഉണർന്നശേഷം സഹായിക്കുന്നതിനു അവനു സാധിച്ചില്ല. ഈ അപകടം (മരണം) സംഭവിച്ചത് ഇന്നു രാവിലെ ഒമണിക്കാണ്. ഇദ്ദേഹം മെസോപ്പൊട്ടേമിയായുടെ തലസ്ഥാനപട്ടണമായ ഡിയർ ബെക്കിർ ദേശീയനായിരുന്നു. കഴിഞ്ഞ ഫഠ സംവത്സരങ്ങളായി ഇദ്ദേഹം ഇവിടെയാണു പാർത്തുവന്നിരുന്നത്. ഇദ്ദേഹം റോമയിൽ പോവുകയും അവിടെനിന്നു സ്പെയിൻ, പോർട്ടുഗൽ എന്ന രാജ്യങ്ങളിലേക്കും അവിടെനിന്നു ഗോവയിലേക്കും ഗോവയിൽനിന്നു സൂറത്തിലേക്കും സൂറത്തിൽനിന്നു തുർസിലെ ഫ്രാൻസീസ് മേരി (Francis Mary of Tours) എന്ന (കപ്പൂച്ചിൻ) വൈദികനോടുകൂടി കൊച്ചിയിലേക്കും വരാപ്പുഴയ്ക്കും യാത്രചെയ്കയും വരാപ്പുഴ മെത്രാൻ ആകുന്നതിനുള്ള "ബുല്ല്" (തിരുവെഴുത്തു) റോമയിൽനിന്നു കിട്ടിയിരുന്ന ആൻജെലോ എന്നു പേരോടുകൂടിയ ഒരു കർമ്മലീത്താ വൈദികനെ ഇവിടെ (വരാപ്പുഴെ) വെച്ചു അഭിഷേകിച്ചു മെത്രാനാക്കുകയും ചെയ്തു. ഇദ്ദേഹം ഇവിടെ- പോണ്ടിച്ചേരിൽ— വരുന്നതിനുള്ള കാരണം മലനാട്ടിൽ (La. Sylvic) പ്രവേശിക്കുവാൻ പാടില്ലാതിരുന്നതാണ്. അദ്ദേഹത്തിന്റെ കത്തോലിക്കാ പാത്രിയർക്കീസായ മാർ ജോസെഫിന്റെ ആജ്ഞാനുസാരം അവിടെ (മലയാളത്തിൽ അഥവാ മലനാട്ടിൽ) പ്രവേശിക്കേണ്ടതിനായിരുന്ന അദ്ദേഹം ഇത്ര ദീർഘയാത്ര ചെയ്തത്. കൊച്ചിയിലെ ശവമേണ്ടുമൂലം അവർ (മലയാള

ത്തിലെ അക്കാലത്തെ വൈദികാധികാരികൾ) അദ്ദേഹത്തിനു വരുത്തിക്കൂട്ടിയ പ്രതിബന്ധങ്ങൾമൂലമാണ് അദ്ദേഹത്തിനു അവിടെ പ്രവേശിക്കുവാൻ സാധിക്കാതെപോയതു്. തൽമൂലം അദ്ദേഹം ഇവിടെ വരികയും മേൽ പ്രസ്താവിച്ചതുപോലെ മരണംപ്രാപിക്കയും ചെയ്തു. സമാധാനത്തിൽ ആശ്വസിക്കട്ടേ. R. I. P. പള്ളിയുടെ മദ്ധ്യത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നു" (19).

മാർ ശെമഓൻ ഇതു ദീർഘപ്രയാണം ചെയ്തു മലയാളത്തിൽ വന്നതു് മലയാളത്തിലെ സുറിയാനിക്കാരെ ഭരിക്കുവാനായിരുന്നെന്നും അതിലേക്കു വേണ്ടിയിരുന്ന അധികാരങ്ങളെല്ലാം അദ്ദേഹത്തിനുണ്ടായിരുന്നെന്നും എങ്കിലും കൊച്ചിയിലെ ഡച്ചു ഗവർമ്മേണ്ടുമൂലം ചിലർ ചെയ്ത പ്രതിബന്ധങ്ങൾ നിമിത്തം അദ്ദേഹം പോണ്ടിച്ചേരിലേക്കു ബലമായിട്ടാണ് കൊണ്ടുപോകപ്പെട്ടതെന്നുമുള്ള സംഗതികൾക്കു മേൽക്കാണിച്ച എഴുത്തു നിരാക്ഷേപമായ ഒരു ലക്ഷ്യമാണ്. ആകയാൽ ഈക്കാര്യം സംബന്ധിച്ചു് മുകുളിൽ ഒരിടത്തു ഞങ്ങൾ പറഞ്ഞിട്ടുള്ളവയെല്ലാം യഥാർത്ഥവും പ്രസ്തുത ലേഖനത്തിൽ പറയുന്ന സംഗതികളോടു പൂർണ്ണമായി യോജിക്കുന്നവയുമാണെന്നു് വായനക്കാർക്കു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണല്ലോ. മാർ ശെമഓൻെറ പാത്രിയക്കീസ് മാർ യൌസേപ്പാണെന്നാണ് പ്രസ്തുത ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു്. എന്നാൽ ഇതു്, മാർ ഏലിയായാണു തൻെറ പാത്രിയക്കീസെന്നു് അദ്ദേഹം സ്വന്ത ലേഖനത്തിൽ പറഞ്ഞിട്ടുള്ളതിനു (ല. വ) വിപരീതമാണ്. പോണ്ടിച്ചേരിലെ എഴുത്തു അന്യന്മാരുടേതല്ലാതെ മാർ ശെമഓൻേറതല്ലാത്തതുകൊണ്ടു് അദ്ദേഹത്തിൻെറ സ്വന്ത ലേഖനമാണു ഈ സംഗതിയിൽ വിശ്വസനീയമായിരിക്കുന്നതു്. മാർ ശെമഓൻ ഇവിടെ വന്ന കാലത്തു കൽദായക്കാർ, മാർ ഏലിയാ പാത്രിയക്കീസിനെക്കൂടാതെ മാർ യൌസേപ്പു ദ്വിതീയൻ എന്ന വേറൊരു പാത്രിയക്കീസും ഉണ്ടായിരുന്നു. അദ്ദേഹം റോമയിൽ വളരെക്കാലം താമസിക്കുക നിമിത്തം പോണ്ടിച്ചേരിലെ മിഷ്യനറിമാർക്കും മറ്റും അദ്ദേഹത്തെപ്പറ്റി ധാരാളം അറിവുണ്ടാകയും മാർ ശെമഓൻെറ പാത്രിയക്കീസ് അദ്ദേഹമാണെന്നു അവർ തെറ്റിദ്ധരിക്കയും ചെയ്തിരുന്നതിനാൽ ആയിരിക്കാം പോണ്ടിച്ചേരിലെ ലേഖനത്തിൽ ആവിധം രേഖപ്പെടുത്തുവാൻ ഇടയായതു്. പൌലീനോസ് "ഇന്ത്യാ ഓറിയെൻതാലീസു ക്രിസ്തിയാനാ" (India Orientalis Christiana) എന്ന സ്വന്ത കൃതിയിൽ (p. 257) മാർ ശെമഓൻ മാർ ഏലിയാ പാത്രിയക്കീസിനോടു് ഐക്യപ്പെട്ടിരുന്നെന്നും മാർ യൌസേപ്പു് പ്രഥമൻ, മാർ യൌസേപ്പു് ദ്വിതീയൻ, മാർ യൌസേപ്പു തൃതീയൻ എന്ന പാത്രിയക്കീസുമാർ അദ്ദേഹത്തെ സ്വീകരിച്ചിരുന്നെന്നും പറയുന്നുണ്ടു്. ൧൭൯൬-ൽ പ്രസിദ്ധീകരിക്കപ്പെട്ട "ചരിത്രവൃത്തം" (Historical Memoir) എന്ന ഗ്രന്ഥത്തിൽ തൽക്കർത്താവായ നോർബെർറ്റ് എന്ന വൈദികൻ, പോണ്ടിച്ചേരിൽനിന്നു മൂന്നു മ

യിൽസ് അകലെ സ്ഥിതിചെയ്യുന്ന അറിയൻകുപ്പം (Ariankupam.) എന്ന ദിക്കിൽ മാർ ശെമഓൻ സ്വന്ത കൈച്ചെലവിന്മേൽ ഒരു ദേവാലയം പണിയിച്ചിട്ടുള്ളതായി സാക്ഷിക്കുന്നു.

൧൫൫൫–ൽ അങ്കമാലിപ്പള്ളിയിൽവെച്ചു സുറിയാനിക്കാർ എഴുതിയ പടിയോലയിൽ മാർ ശെമഓനെ "ഒരു മുറിയിൽ ഇട്ടു പൂട്ടി മനസ്സുമുട്ടിച്ചു മരണം അകപ്പെടുത്തി" എന്നു ചേർത്തിട്ടുള്ള പ്രസ്താവന ന്യായരഹിതമാണെന്നു പൌലീനോസിന്റെ ഗ്രന്ഥത്തെ ആസ്പദമാക്കി തിരുവിതാംകൂർ സ്റ്റെയ്റ്റ് മാനുവലിന്റെ മേൽക്കാണിച്ച സ്ഥലത്തു മിസ്റ്റർ മെക്കെൻസി പറയുന്നുണ്ട്. ആ പ്രസ്താവനയിൽ കുറെയൊക്കെ കൂട്ടുതൽ വന്നുപോയിട്ടുണ്ടെന്നു അതിലെ അക്ഷരാർത്ഥപ്രകാരം വ്യാഖ്യാനിക്കാമെങ്കിലും കാര്യസാരത്തിൽ മാർ ശെമഓനു ആവശ്യമായിരുന്ന സംരക്ഷണം ഉണ്ടായിട്ടില്ലെന്നുള്ളതിനു അദ്ദേഹം കിണറ്റിൽവീണു മരിക്കുവാൻ ഇടയായതു മതിയായ ഒരു തെളിവാണ്. ചരിത്രകാരന്മാർ പക്ഷപാതികളാകാതെ, നിഷ്പക്ഷതയോടുകൂടി എഴുതിയിരുന്നെങ്കിൽ പലകാര്യങ്ങളും സംഭവിച്ചതുപോലെ പിൽക്കാലങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കു ഗ്രഹിക്കുവാൻ ഇടയാകുമായിരുന്നു എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ സംഗതിയിൽനിന്നു വിരമിക്കുന്നു.

൫൦. കമ്മലീത്താക്കാരനായ ആൻജെലൂസ് പ്രാൻസീസ്, മെത്രാൻപദത്തിൽ സ്ഥാപിക്കപ്പെട്ടതും അതോടു നന്നാ സമീപിച്ച കാലത്തുതന്നെ ഈശോസഭാ വൈദികനായ യോഹന്നാൻ റിബെയിറോ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടതും ഇതിനുമുമ്പു (ല. നു) പറഞ്ഞിട്ടുള്ളതാണ്. ഡച്ചുകാർ കൊച്ചിപ്പട്ടണം പിടിച്ചടക്കുന്നതോടുകൂടി പോർട്ടുഗീസുകാർക്കു ഡച്ചുകാരുടെ അധികാരത്തിൽപ്പെട്ട ദേശങ്ങളിൽ പാർക്കുവാൻ നിവൃത്തിയില്ലാതെവരികയും തന്നിമിത്തം അവർ കൊച്ചിപ്പട്ടണവും കൊച്ചിരാജ്യവും വിട്ടുപോകയും ചെയ്തു. ഈശോസഭക്കാരുടെ നേതൃത്വത്തിൽ കൊച്ചി രാജ്യാതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്തിരുന്ന വൈപ്പിക്കോട്ടിലെ വൈദിക വിദ്യാലയം ഇക്കാലംമുതൽ നിന്നുപോയി. വൈപ്പിക്കോട്ടുണ്ടായിരുന്ന ഈശോസഭക്കാരായ വൈദികന്മാർ ആ സന്ദർഭത്തിൽ സാമൂതിരിയുടെ രാജ്യത്തു കടന്നു അവിടെ വാസം ഉറപ്പിച്ചു. അക്കാലത്തു കൊടുങ്ങല്ലൂരിനും, അങ്കമാലി, പറവൂർ, ആലങ്ങാട് എന്ന ദിക്കുകളിലെ രാജാക്കന്മാരുടേയും ഇടപ്രഭുക്കളുടേയും ദേശങ്ങൾക്കും വടക്കു സ്ഥിതിചെയ്തിരുന്ന രാജ്യമെല്ലാം കോഴിക്കോട്ടെ സാമൂതിരിയുടെ വകയായിരുന്നു. അമ്പഴക്കാട്ടു, പുത്തൻചിറ, ചാലക്കുടി മുതലായ പള്ളികൾ അന്നു സാമൂതിരിയുടെ രാജ്യത്തിലാണു ഉൾപ്പെട്ടിരുന്നതു്. ഈശോസഭക്കാർ അമ്പഴക്കാട്ടെത്തി അവിടെ ഒരു സെമിനാരി സ്ഥാപിക്കയും സുറിയാനിക്കാരായ ബാലന്മാരെ അതിൽച്ചേർത്തു പഠിപ്പിക്കയും ചെയ്തു. അതിന്റെ കീഴായി കല്ലറന്പു, പുത്തോട്ടാ എന്ന സ്ഥലങ്ങളിൽ ഉപസെമിനാരികളും സ്ഥാപിക്കപ്പെട്ടു. അമ്പഴക്കാട്ടെ സെമിനാരിക്കു "സ

മ്പാളൂർ'' എന്നായിരുന്നു അഭിധാനം. ഈശോസഭക്കാക്കു ഇന്ത്യയിൽ ഉണ്ടായ ആദ്യഭവനം ഗോവയിൽ സാൻ പാവുളി (San Paul വി. പൌലോസി) ന്റെ നാമധേയത്തിൽ സ്ഥാപിതമായിരുന്നതിനാലും ആ സഭാംഗങ്ങൾ മലയാളത്തിൽ വന്നുപാർത്തത് ആ ഭവനത്തിൽ നിന്നായിരുന്നതിനാലും സുറിയാനിക്കാർ അവരെ പൌലീസുർ- പൌലീസുക്കാർ (Paulists) - സാൻ പാവുൽക്കാർ (Fathers of St. Paul) എന്നിങ്ങനെ വിളിച്ചുവന്നതിൽനിന്നാണ് അമ്പഴക്കാട്ടെ ഈശോസഭക്കാരുടെ സെമിനാരി മുതലായ സ്ഥാപനങ്ങൾക്കും പരിസരപ്രദേശങ്ങൾക്കും സമ്പാളൂർ എന്ന നാമം ഉത്ഭവിച്ചത്. സെമിനാരി മുതലായ സ്ഥാപനങ്ങൾ നാമാവശിഷ്ടമായിത്തീർന്നിരിക്കുന്ന ഈക്കാലത്തുപോലും ആ സ്ഥലത്തിനു സമ്പാളൂർ എന്നാണു പേർ പറയുക.

അമ്പഴക്കാട്ടെ ഈശോസഭക്കാരുടെ സെമിനാരിയുടെ അദ്ധ്യക്ഷനായിരുന്ന റിബെയിറൊ കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടത് ക്രൈ ഡിസംബർ ൪-ാംതീയതിയാണ്. ക്രസ്തീൻ-ൽ ഗാർസ്യാ മെത്രാപ്പോലീത്താ ചരമം പ്രാപിച്ചതു മുതൽ റിബെയിറോയുടെ ഈ നിയമനം (ക്രൈ ഡിസംബർ ൪) വരേ കൊട്ടങ്ങല്ലൂർ ഉൽകൃഷ്ട മെത്രാസനത്തിനു നാമധാരികളായ മേൽപ്പട്ടക്കാർ യൂറോപ്പിൽ ഉണ്ടായിരുന്നതല്ലാതെ ഭരണകർത്താക്കളായ മെത്രാപ്പോലീത്താമാർ സ്ഥലത്തുണ്ടായിരുന്നില്ല. റിബെയിറോയുടെ പൂർവ്വഗാമിയായ ദീദക്കുസ് മെത്രാപ്പോലീത്താ മത്തായി അക്കൂദിയാക്കോൻവഴി ഇടവകഭരണം നടത്തിയിരുന്നെന്ന് ഇതിനുമുമ്പു (ല. ന്റ) പറഞ്ഞിട്ടുണ്ടല്ലോ. മത്തായി അക്കൂദിയാക്കോൻ തന്റെ ഭരണകാലത്തു് ഏറണാകുളത്തു നടുവിലെപ്പള്ളി പണിയിക്കയും (അ. ക്രപ. ല. ൫), ക്രസ്തീൻ-ൽ അന്നു മലയാളത്തുണ്ടായിരുന്ന ചില കർമ്മലീത്താ വൈദികന്മാരുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം ഒരു പടിയോല (ഉടമ്പടി) ഉണ്ടാക്കുകയും അതനുസരിച്ചു ആ പള്ളിയിൽ ഉൾപ്പെട്ട ജനങ്ങൾ അക്കൂദിയാക്കോന്നു് ആണ്ടുതോറും ഒരു സംഖ്യ കൊടുക്കണമെന്നും മറ്റു സുറിയാനിപ്പള്ളികളിലെ നടപടിപോലെ ആ പള്ളിയിലും നടക്കണമെന്നും മറ്റും വ്യവസ്ഥചെയ്കയും ചെയ്തു. അക്കാലത്തു മലങ്കരയിൽ ഉണ്ടായിരുന്ന സമസ്ത സുറിയാനിപ്പള്ളികളേയും ഭരിച്ചിരുന്നതു് പ്രസ്തുത അക്കൂദിയാക്കോൻ ആയിരുന്നു. ആൻജെലൂസ് പ്രാൻസിസും റിബെയിറോയും അഭിഷേകം ചെയ്യപ്പെട്ടതു അതിൽപ്പിന്നെ കുറേ സംവത്സരങ്ങളുടെ ശേഷമാണ്. ആൻജെലൂസ് പ്രാൻസീസ് ക്രൈ മെയ് മാസത്തിലാണു മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടത്. അദ്ദേഹം നിയമിതനായ ഏഴാമത്തെ മാസത്തിൽ (ക്രൈ ഡിസംബർ) റിബെയിറോയും നിയമിതനായി. റിബെയിറൊ, മെത്രാപ്പോലീത്താ ആയി തീർന്നയുടനെ, സുറിയാനിക്കാർ സ്വാധികാരത്തിൽ ഉൾപ്പെട്ടിരിക്കേണ്ടവരാണെന്നു കാണിച്ചു് വരാപ്പുഴത്തെ ആൻജെലൂസ് പ്രാൻസിസ് മെത്രാനു് ഒരെഴുത്തു അയക്കുകയുണ്ടായി. അദ്ദേഹ

മാകട്ടേ ഉടനെതന്നെ പള്ളിക്കാരെ വരാപ്പുഴെ വിളിച്ചുകൂട്ടി പ്രസംഗമണ്ഡപത്തിൽ കയറിക്കൊണ്ട് മെത്രാന്റെ സ്ഥാനചിഹ്നങ്ങളെല്ലാം നീക്കി ഒരു പ്രസംഗം ചെയ്കയും താൻ മേലിൽ അവരുടെ മെത്രാനല്ലെന്നും റിബെയിറൊ മെത്രാപ്പോലീത്തായെ അവർ അനുസരിക്കേണ്ടതാണെന്നും ആ പ്രസംഗദ്വാരാ പ്രസ്താവിക്കയും ചെയ്തു.

തദവസരത്തിൽ പ്രധാനന്മാരായ ചിലരെല്ലാം (ക്രി. അ. കരെ ജൂൺമാസം ന—ാംനു-, കൊല്ലവർഷം വ്വന്റെ) കട്ടത്തുരുത്തി ചെറിയപള്ളിയിൽക്കൂടി ഒരു നിശ്ചയംചെയ്തു് അതിനു അനുസാരമായി ഒരെഴുത്തു മാപ്പുപ്പായിക്കു അയച്ചു. അവരുടെ നിശ്ചയത്തിലെ രണ്ടു സംഗതികൾ താഴെക്കാണുന്നവയാണ്. "പൂത്തോട്ടാ (അഥവാ പുക്കോട്ടാ) മുതൽ തെക്കോട്ടുള്ള പള്ളികളുടെ പ്രതിനിധികളായ ഞങ്ങൾ അക്കിയാക്കോൻ ഒരുമിച്ചു കട്ടത്തുരുത്തി ചെറിയപള്ളിയിൽക്കൂടി, കമ്മലീത്താ മെത്രാനും ആ സഭയിലെ പൈദികന്മാരും ദുഃഖങ്ങളിലും കഷ്ടകാലങ്ങളിലും ആശ്വാസിപ്പിക്കയും ഗുണം ചെയ്കയും ചെയ്തിരിക്കകൊണ്ടു്, പരിശുദ്ധ പിതാവു നമ്മുടെ സങ്കടങ്ങളെ കേട്ടു തീർച്ചപ്പെടുത്തുന്നതുവരെ ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിൽ (Statu quo. കമ്മലീത്താക്കാരുടെ കീഴിൽ) തന്നെ നാം ഇരിക്കണമെന്നു നിശ്ചയം ചെയ്തിരിക്കുന്നു" എന്നുള്ളതാണു ഒന്നാമത്തെ സംഗതി. കത്താവിനേയും ദൈവജനനിയായ കന്യകമറിയത്തിനേയും പന്ത്രണ്ടു ശ്ലീഹന്മാരേയും ഇതിനു സാക്ഷിയായി വിളിക്കയും, അബ്രാഹം, ഗീവർഗീസ്, തോമ്മാ, ഗീവർഗീസ്, ചാണ്ടി, യാക്കോബു്, യൌസേപ്പ് എന്ന വൈദികന്മാരുടെ പേർ അടിയിൽ എഴുതി ഒപ്പുവെക്കയും ചെയ്തിരിക്കുന്നു. "അക്കിയാക്കോൻ ഒരുമിച്ചു' എന്നു നിശ്ചയത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ കയ്യൊപ്പു കാണുന്നില്ല. അക്കിയാക്കോൻ ഈ സംഘത്തിനു് അനുകൂലിയല്ലായിരുന്നുവെന്നുള്ളതു് അദ്ദേഹത്തിന്റെ ചില നടപടികളിൽനിന്നു പ്രത്യക്ഷപ്പെടുന്നുമുണ്ടു്. (അതുകളെപ്പറ്റി പിന്നീടു പറഞ്ഞുകൊള്ളാം). രണ്ടാമത്തെ സംഗതി, മാർ അലക്സ്സാണ്ടർ മെത്രാന്റേയും കമ്മലീത്താക്കാരുടേയും പരിശ്രമംമൂലം ചെ പള്ളികൾ മുഴുവനായും ചവ പള്ളികൾ പകുതിയായും കത്തോലിക്കാ ഐക്യത്തിൽ ചേരുവാൻ ഇടയായെന്നും ചവ പള്ളികൾ മാത്രമേ മുഴുവനായി ശീശ്മയിൽ നിൽക്കുന്നുള്ളു എന്നും ആ നിശ്ചയത്തിൽ കാണുന്ന പ്രസ്താവംതന്നെ. ഈ സംഗതികളൊക്കെയും ആൻജെലൂസ് പ്രാൻസീസ് മെത്രാൻ കരെ നവംബർ ഠഠ—ാംതീയതി വരാപ്പുഴെവെച്ചു സാക്ഷിപ്പെടുത്തുകയും റോമയിലേക്കു അയക്കുകയും ചെയ്തു (20). ചില ചരിത്രകാരന്മാരാകട്ടെ എല്ലാ സംഗതികളും തങ്ങളുടെ കൃതികളിൽ രേഖപ്പെടുത്തിക്കാണുന്നില്ല. മാർ അലക്സ്സാണ്ടർ മെത്രാന്റെ പരിശ്രമംമൂലം പള്ളികൾ കത്തോലിക്കാ ഐക്യത്തിലേക്കു മടങ്ങിവന്നു എന്നുള്ള ഭാഗം മിസ്റ്റർ മെക്കെൻസി തിരുവിതാംകൂർ സ്റ്റെയ്റ്റ് മാനുവലിൽ ചേർക്കാതെ ഉ

പേക്ഷിച്ചുകളഞ്ഞു. "കേരളത്തിലെ സത്യവേദ ചരിത്ര"ത്തിലും ആ ഭാഗം പരിത്യജിക്കപ്പെട്ടിരിക്കുന്നു.

ക്രഃ. മേൽപ്പറഞ്ഞ നിശ്ചയത്തിൽ, കമ്മലീത്താക്കാരുടെ കീഴിൽത്തന്നെ നിൽക്കണമെന്നുള്ള സംഗതിക്കു ഒപ്പുവെച്ചിരിക്കുന്നതു് ഏഴു വൈദികന്മാർ മാത്രമാണെങ്കിലും അവർ കേരളത്തിലെ സമസ്ത സുറിയാനിക്കാരുടേയും പ്രതിനിദ്ധ്യം വഹിക്കുന്നു എന്നു് അവിടെ പ്രസ്താവിച്ചിരിക്കകൊണ്ടു് അവരുടെ പ്രവൃത്തികളെല്ലാം സകലപേരും സമ്മതിച്ചിട്ടുള്ളതായി വായനക്കാരെ തോന്നിയേക്കാം. എന്നാൽ വാസ്തവം അങ്ങനെ അല്ലെന്നു കീഴെപറയുന്ന കാര്യത്തിൽനിന്നു വ്യക്തമാകുന്നതാണു്. "പുത്തോട്ടാ മുതൽ തെക്കോട്ടുള്ള പള്ളികൾ" എന്നതിനു് സാമൂതിരിയുടെ രാജ്യത്തിനു പുറമേയുള്ള പള്ളികൾ എന്നാണു അർത്ഥമാക്കേണ്ടതു്. പൂക്കോട്ടായാകട്ടെ ആ രാജ്യത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്തിരുന്നു. അതിനാൽ അമ്പഴക്കാട്ട, ചാലക്കുടി, പുത്തൻചിറ മുതലായി വടക്കുള്ള യാതൊരു പള്ളിക്കാരും പ്രസ്തുത നിശ്ചയത്തിൽ സംബന്ധിച്ചിട്ടില്ല. അതിനാൽ കമ്മലീത്താക്കാരുടെ കീഴിൽ നിൽക്കുന്നതിനു എല്ലാപേരും ഒരുമ്പെടുകയും അതിനായി അപേക്ഷിക്കയും ചെയ്തിരുന്നു എന്നുള്ള ചില ചരിത്രകാരന്മാരുടെ പ്രസ്താവം അബദ്ധംതന്നെ. അതുമല്ല, പൂത്തോട്ടാ മുതൽ തെക്കോട്ടുള്ള എല്ലാ പള്ളിക്കാരും അതിനു അപേക്ഷക്കാർ ആയിരുന്നു എന്നു പറയുന്നതുതന്നെയും അവാസ്തവമാണു്. മേൽപ്പറഞ്ഞ നിശ്ചയം ഉണ്ടായതിന്റെ നാലാമത്തെ മാസത്തിൽ റിബെയിറൊ മെത്രാപ്പോലീത്താ എഴുതി കയ്യൊപ്പുവെച്ചിട്ടുള്ള ഒരു സാക്ഷ്യംകൊണ്ടു് പൂത്തോട്ടാ മുതൽ തെക്കോട്ടുള്ള എല്ലാ പള്ളിക്കാരും അതിൽ ചേർന്നിരുന്നില്ലെന്നു പ്രത്യക്ഷപ്പെടുന്നു. മെത്രാപ്പോലീത്തായുടെ സാക്ഷ്യം പിന്നീടു ഉദ്ധരിക്കുന്നതാണു്. തെക്കോട്ടുള്ള പള്ളിക്കാരിൽ പലർക്കും അതിനു സമ്മതമില്ലാതിരുന്നെന്നും ചിലർ അതിനു മനസ്സായതു് കൊച്ചിയിലെ ഡച്ചു് അധികാരികളും അവരുടെ ആധീനത്തിൽ സ്ഥിതിചെയ്തിരുന്ന നാട്ടരാജാക്കന്മാരും കമ്മലീത്താക്കാരുടെ ഭരണത്തിനു അനുകൂലമായും പോർട്ടുഗീസുകാർക്കു പ്രതികൂലമായും നിന്നിരുന്നതിനാലാണെന്നും ആയിടെ —ക്രഃ൧൬ ജൂലൈമാസം ൧൯–ാംതീയതി— കൊച്ചിയിലെ ഡച്ചു ഗവർമ്മേണ്ടു പ്രസിദ്ധീകരിച്ച ഒരു വിളംബരംകൊണ്ടും തെളിയുന്നുണ്ടു്. (Vide Paulinus) ആ വിളംബരത്തിൽ കമ്മലീത്താ മെത്രാനേയും അദ്ദേഹത്തിന്റെ സഖാക്കളേയും മാത്രമേ ഡച്ചു കമ്പനി സ്വീകരിച്ചിട്ടുള്ളു എന്നും തൻമൂലം കൊച്ചീരാജ്യത്തിലോ മലയാളത്തിലുള്ള മറ്റു പ്രദേശക്കാരുടെ നാടുകളിലോ പോർട്ടുഗീസു മെത്രാനായ യോഹന്നാൻ റിബെയിറോയുടെ അധികാരം ആരെങ്കിലും സ്വീകരിച്ചാൽ അയാൾ കമ്പനിയുടെ അതൃപ്തിക്കു പാത്രീഭവിക്കുമെന്നും പ്രസ്താവിച്ചിരിക്കുന്നു. കമ്മലീത്താക്കാരുടെ അധികാരത്തിൽ നിൽക്കുന്നതിനു് ക്രിസ്ത്യാനികളെ അവർ ഉത്സാഹിപ്പിക്കയും തന്നിമിത്തം ചില പള്ളിക്കാർ അവരെ ആദരിക്കയും റിബെയിറൊ മെത്രാപ്പോലീത്തായെ അനാദരി

ക്കയും ചെയ്തിരുന്നെന്നും മറും ക്നാരെ ഒക്ടോബർ ക്നഛ—ാംതീയതി തെക്കൻപള്ളിപ്പുറത്തു നിന്നു മത്തായി അക്കിടിയാക്കോൻ എഴുതിയ ഒരെഴുത്തുകൊണ്ടു തെളിയുന്നുണ്ട്. ഈ എഴുത്തു റിബെയിറൊ മെത്രാപ്പോലീത്താ ആയാണ്ടു ഒക്ടോബർ ഛന—ാംതീയതി ചാലക്കുടിപ്പള്ളിയിൽവച്ചു കണ്ടു സാക്ഷിപ്പെടുത്തീട്ടുള്ളതുമാണ്. അദ്ദേഹം അതേപ്പറ്റി പറയുന്നതു ഈവിധമാണ്. "ദൈവത്തിന്റേയും ശ്ലീഹാസ്ഥാപിത പരി. സിംഹാസനത്തിന്റേയും അനുഗ്രഹത്താൽ കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്തായായ യോഹന്നാൻ റിബെയിറൊ സാക്ഷീകരിക്കുന്നതു്: മലയാളത്തിലെ സുറിയാനിക്കാരുടെ സുറിയാനി ഭാഷാദ്ധ്യാപകൻ (മല്പാൻ) ആയ ദിവ്യശ്രീ ബർത്തലൂമ്മി ഫന്ന (സീറിയായിലെ ആലെപ്പോ നഗരവാസിയും പ്രോപ്പഗാന്ത് വിദ്യാലയത്തിൽ പഠനം നിർവ്വഹിച്ചവനുമായ ഇദ്ദേഹം മലങ്കരയിൽ സുറിയാനി പഠിപ്പിക്കുന്നതിനായി അയക്കപ്പെട്ടിരുന്നതാണു.) യാൽ ചെയ്യപ്പെട്ട ഈ പരിഭാഷ, ശരിയായിട്ടുള്ളതും മലയാള ഭാഷാരീതിയുടെ സ്വാഭാവികമായ അർത്ഥത്തിനും ആശയത്തിനും സ്പഷ്ടപ്രകാരേണയും അനുരൂപമായതും ആകുന്നു എന്നും ടി. (മലയാള) ദേശീയനായ ദിവ്യശ്രീ പറമ്പിൽ മത്തായി അക്കിടിയാക്കോൻ എഴുതിയ മൂലപ്രതിയോടു സൂക്ഷ്മമായി ഒത്തിരിക്കുന്നെന്നും ആ മൂലപ്രതി നാം കണ്ടു സൂക്ഷ്മതയോടുകൂടി പലപ്രാവശ്യം വായിച്ചിട്ടുണ്ടെന്നും സാക്ഷിപ്പെടുത്തുന്നു. ഇതിന്റെ വിശ്വാസത്തിനായി നമ്മുടെ ഒപ്പും മുദ്രയും വെച്ചിരിക്കുന്നു.— എന്നു് ചാലക്കുടിപ്പള്ളിയിൽനിന്നു ക്രിസ്താബ്ദം ക്നാരെ ഒക്ടോബർ ഛന. (ഒപ്പു) കൊടുങ്ങല്ലൂരിന്റെ യോഹന്നാൻ റിബെയിറൊ മെത്രാപ്പോലീത്താ."

മത്തായി അക്കിടിയാക്കോന്റെ എഴുത്തു് പദാനുപദമായി ഞങ്ങൾ ഉദ്ധരിച്ചിട്ടില്ലെങ്കിലും അതിലെ കാര്യസാരം മുകളിൽ കാണിച്ചതു തന്നെയാണ്. ആ എഴുത്തും അതേപ്പറ്റിയുള്ള റിബെയിറൊ മെത്രാപ്പോലീത്തായുടെ സാക്ഷിയും ഈശോസഭക്കാരായ മെത്രാപ്പോലീത്താമാരുടെ പിൻകാലത്തെ വാസസ്ഥാനമായിരുന്ന പുത്തൻചിറപ്പള്ളിയിൽ ഇക്കാലത്തും സൂക്ഷിക്കപ്പെട്ടിരിക്കുന്നു (21). റിബെയിറൊ മെത്രാപ്പോലീത്തായുടെ അധികാരം ന്യായാനുസൃതമായിരുന്നതിനാൽ സുറിയാനിക്കാർ അതിൽനിന്നൊഴിഞ്ഞു കമ്മലീത്താക്കാരുടെ കീഴിൽ ആകണമെങ്കിൽ അതിനു റോമയുടെ സമ്മതംകൂടാതെ നിവൃത്തിയുണ്ടായിരുന്നില്ല. അതിനായിട്ടാണ് സുറിയാനിക്കാരായ ചിലരെല്ലാം കൂടുത്തുരുത്തിൽക്കൂടി ഒരപേക്ഷയുണ്ടാക്കിയതും അതിനെ, മേൽപ്രസ്താവിച്ചതുപോലെ ആൻജെലൂസ് ഫ്രാൻസീസ് മെത്രാൻ സാക്ഷിപ്പെടുത്തി റോമയിലേക്കു അയച്ചതും. എന്നാൽ എതിർസാക്ഷിയുണ്ടായിരുന്നതിനാൽ അതിനു ബലം പോരാതെ ഇരുന്നു. ആ സ്ഥിതി പരിഹരിക്കേണ്ടതിനായി ഇന്നോസെന്റു് മുതലായ ചില കമ്മലീത്താ മിഷ്യനറിമാർ പുത്തൻക്കൂറുകാരെ സ്വാധീനപ്പെടുത്തുകയും. അവരേക്കൊണ്ടു, ഈശോസഭക്കാരുടെ ഭരണവൈകല്യം മൂലം പുത്തൻക്കൂർ ഉണ്ടായെന്നും കമ്മലീത്താക്കാരുടെ ഭരണം സാമാന്യനീതികരമാണെന്നും

കാണിച്ചു് ഒരു ഹർജി റോമയിലേക്കു അയപ്പിക്കയും ചെയ്തു. അക്കാലത്തു പുത്തൻക്രൂർ സുറിയാനിക്കാരും പഴയക്രൂർ സുറിയാനിക്കാരും തമ്മിൽ ഇക്കാലത്തെപ്പോലെ അകൽച്ചയുണ്ടായിരുന്നില്ല. ഉദ്ദേശം ൧൨ പള്ളികൾ ഇരുകൂട്ടരുടേയും പൊതുവകയായിരുന്നെന്നതന്നെയല്ല, രണ്ടുക്കൂട്ടരും കൂടിക്കഴിയുകയും പഴയക്രൂറുകാരുടെ പള്ളികളിൽ പുത്തൻക്രൂർ മെത്രാന്മാർ പലപ്പോഴും നിവസിക്കുകയും ചെയ്തിരുന്നു. മാർ ശെമഓനെ വരുത്തുന്ന കാര്യത്തിൽ പഴയക്രൂറുകാരെപ്പോലെതന്നെ പുത്തൻക്രൂറുകാരും ഉൽസുകന്മാരായിരുന്ന വസ്തുത മുൻ ലക്കങ്ങളിൽ പറഞ്ഞിട്ടുള്ളതാണല്ലോ. പുത്തൻക്രൂറുകാർ പഴയക്രൂറിൽ ചേർന്നു ഒന്നായി കഴിയണമെന്നു അക്കാലത്തു ആഗ്രഹമുണ്ടായിരുന്നതുകൊണ്ടാണു് അവർ റോമയിലേക്കു മേൽപ്പറഞ്ഞ ഹർജി അയക്കുവാൻ സംഗതിയായതു്. ഇതിനേപ്പറ്റി ഇനിമേൽ പ്രസ്താവിക്കുവാൻ ഇടവരുന്നതാകയാൽ കൂടുതൽ വിവരം അവിടെ പറഞ്ഞുകൊള്ളാമെന്നു കരുതി തൽക്കാലം ഈ സംഗതി അവസാനിപ്പിക്കുന്നു.

ഈ എഴുത്തുകളെല്ലാം റോമയിൽ എത്തുകയും പോർട്ടുഗീസ് മെത്രാന്മാരുടെ ഭരണത്തിനു് ഡച്ചുകോയ്മയും നാട്ടരാജാക്കന്മാരും ചെയ്തിരുന്ന തടസ്സങ്ങളേപ്പറ്റി റോമയിൽ അറിയുകയും ചെയ്തശേഷം, ൧൬–ാമത്തെ ക്ലെമീസു മാപ്പ്രാപ്പാ ൧൬൯൯ മാർച്ചുമാസം ൨൪–ാംതീയതി ഒരു തിരുവെഴുത്തു പ്രസിദ്ധികരിച്ചു. ആ തിരുവെഴുത്തുമൂലം ആൻജെലൂസ് പ്രാൻസീസ് മെത്രാനു് കൊച്ചി, കൊടുങ്ങല്ലൂർ എന്ന രണ്ടു മെത്രാസനങ്ങളിന്മേൽ ഭരണാധികാരം നൽകപ്പെട്ടു. റിബെയിറൊ മെത്രാപ്പോലീത്തായുടെ ഭരണത്തിനു് ഡച്ചുഗവർമ്മേണ്ടു ചെയ്തുകൊണ്ടിരുന്ന വിരോധങ്ങൾ നീക്കുവാൻ ശ്രമിക്കണമെന്നു ആജ്ഞാപിക്കുന്ന ഒരു തിരുവെഴുത്തു് പ്രസ്തുത മാപ്പ്രാപ്പാ ഇതിനു രണ്ടു വത്സരങ്ങൾ മുമ്പു് – ൧൬൯൭ ജനുവരി ൧൭–ാംതീയതി– പോർട്ടുഗൽ രാജാവിനു അയച്ചിരുന്നെങ്കിലും ആ വിരോധങ്ങൾ പിന്നെയും നീങ്ങാതെ നിന്നിരുന്നതുകൊണ്ടാണു് ആൻജെലൂസ് പ്രാൻസിസിനു് ഈ അധികാരം സിദ്ധിക്കുവാൻ ഇടയായതു് (22). ക്രിസ്ത്യാനികൾ പോർട്ടുഗീസു മെത്രാന്മാർക്കു കീഴ്പ്പെട്ടുനിന്നതിനേക്കാൾ ശീശ്മയിലേക്കു പോകുവാനാണു് സംഗതിയുള്ളതെന്നും ആ കാരണത്താൽ ആൻജെലൂസ് മെത്രാനു അധികാരം കൊടുക്കുന്നു എന്നുംകൂടി മാപ്പ്രാപ്പാ മേൽപ്പറഞ്ഞ തിരുവെഴുത്തിൽ പ്രസ്താവിക്കുന്നുണ്ടു്. കടുത്തുരുത്തിൽ നിന്നയച്ച എഴുത്തിൽ സുറിയാനിക്കാർ ഇങ്ങനെ പറയുകയോ പ്രസ്താവിക്കയോ ചെയ്തിട്ടില്ലാത്തതിനാൽ എതിർകക്ഷിയിൽ ചേർന്നവർ പോർട്ടുഗീസുകാർക്കു വിരോധമായി റോമയിൽ ഈവിധം അറിയിച്ചതിനെ വിശ്വസിച്ചു് മാപ്പ്രാപ്പാ ഇങ്ങനെ പ്രസ്താവിക്കുവാൻ ഇടവന്നതാണെന്നു നിസ്സംശയം അനുമാനിക്കാം. കൊച്ചി, കൊടുങ്ങല്ലൂർ എന്ന മെത്രാസനങ്ങളിന്മേൽ കമ്മലീത്താക്കാർക്കു് ഇപ്രകാരം ലഭ്യമായ ഭരണാധികാരം അവയിൽ ഉൾപ്പെട്ട ക്രിസ്ത്യാനികളുടെ ഒരു വിഭാഗത്തിന്മേൽ

മാത്രമേ വ്യാപൃമാകുവാൻ ഇടയായുള്ളു. അത് എങ്ങനെയെന്നു പറയാം. കൊടുങ്ങല്ലൂർ ഉൽകൃഷ്ട മെത്രാസനത്തിന്റെ അധികാരസീമയിൽ സ്ഥിതിചെയ്തിരുന്ന സാമൂതിരിയുടെ രാജ്യത്തിലെ സമസ്ത പള്ളികളും റിബെയിറൊ മെത്രാപ്പോലീത്തായുടെ കീഴിൽത്തന്നെയാണു നിന്നിരുന്നത്. എങ്കിലും സുറിയാനിപ്പള്ളികൾ പകുതിയിലധികം ഡച്ചു മേലധികാരം വ്യാപിച്ചിരുന്ന ദേശങ്ങളിൽ ആയിരുന്നതുകൊണ്ട് അവയെല്ലാം ആൻജെലൂസ് മെത്രാന്റെ അധികാരത്തിൽ ഉൾപ്പെടേണ്ടതായിവന്നു. ഡച്ചു അധികാരത്തിനു തെക്കൻ ദിക്കുകളിൽ പ്രാബല്യമില്ലാതിരുന്നതുകൊണ്ട് കൊച്ചി മെത്രാസന ഇടവകയിൽപ്പെട്ട തെക്കൻപള്ളികൾ എല്ലാം അഞ്ചുതെങ്ങിൽ പാത്തിരുന്ന കൊച്ചി മെത്രാന്റെ അധികാരത്തിൽ തന്നെയാണു ശേഷിച്ചിരുന്നത്.

൧൭൫൯– അഥവാ ആൻജെലൂസ് മെത്രാനു ഭരണാധികാരം ലഭിച്ചശേഷം ഉദ്ദേശം ൧൦ സംവത്സരങ്ങൾ കഴിഞ്ഞതു– മുതൽ ൧൭൬൨ വരേ വരാപ്പുഴയിലെ മതാദ്ധ്യക്ഷനായിരുന്ന ഫ്രാൻസിസ്കൻ വികാരി അപ്പസ്തോലിക്കായുടെ കാലത്തു് എടുത്ത കണക്കനുസരിച്ചു് വരാപ്പുഴ അധികാരത്തിൽ കൊച്ചി ഇടവക വകയായി ഉണ്ടായിരുന്നതു് ൧൮ ലത്തീൻപള്ളികളും, ൫ പ്രാർത്ഥനാലയങ്ങ (കുരിശുപള്ളിക) ളുമാണ്. (൧൭൬൨–ൽ ൧൮ ലത്തീൻപള്ളികളാണ് വരാപ്പുഴ അധികാരത്തിൽ ഉണ്ടായിരുന്നതെന്ന് തിരുവിതാംകൂർ സ്റ്റെയറ്റ് മാനുവൽ Vol. II. p. 196) പ്രസ്താവിക്കുന്നു.) അവ കൊടുങ്ങല്ലൂർ, (വടക്കൻ) പള്ളിപ്പുറം, ചാത്തിയാത്തു, വൈപ്പു്, വെണ്ടുരുത്തി, മട്ടാഞ്ചേരി, കസ്സെല്ലാ (Castella), സാൻ ലൂഷിസ്, സൌദി, അത്തുങ്കൽ, തങ്കി, തുമ്പോളി, കാട്ടൂർ, മനക്കോടം എന്നീ പള്ളികളും ആലപ്പുഴത്തേയും കൊടുങ്ങല്ലൂരിലെ തോമ്മാശ്ലീഹായുടേയും പ്രാർത്ഥനാലയങ്ങളുംതന്നെ. വരാപ്പുഴ, എർണാകുളം (അഞ്ചിക്കൈയ്യൽ), പുറക്കാട്ട് എന്നീ സുറിയാനിപ്പള്ളികളിൽ അക്കാലത്തു ലത്തീൻകാർക്കുടി ചെന്നുപ്പെട്ടിരുന്നതിനാൽ അവ മൂന്നും പകുതി ലത്തീൻ പള്ളികളായിട്ടാണ് അന്നു കണക്കാക്കപ്പെട്ടിരുന്നതു്. ഈ കണക്കു ആൻജെലൂസ് മെത്രാന്റെ മരണാശേഷം ൭൦ സംവത്സരങ്ങൾ കഴിഞ്ഞുള്ളതാകുകൊണ്ട് ഈ പള്ളികളിൽ ചിലതു് അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്നില്ല. കൊച്ചി ഇടവകയിൽപ്പെട്ട തെക്കൻ ദിക്കുകളിലെ ലത്തീൻ പള്ളികൾ പ്രസ്തുത കണക്കിൻപ്രകാരം ൨൫ ആണ്. കണക്കിൽപ്പെടാതെ വേറെ ചില പള്ളികൾ ക്രൂതലായുമുണ്ടായിരുന്നു (23). ഇതുയും പറഞ്ഞതിൽ നിന്നു് കൊച്ചി, കൊടുങ്ങല്ലൂർ എന്ന മെത്രാസന ഇടവകകളിലെ പള്ളികളിൽ ഒരുഭാഗം മാത്രമേ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ അധികാരത്തിൽ സ്ഥിതി ചെയ്തിരുന്നുള്ളു എന്നു ഞങ്ങൾ മുകളിൽ പറഞ്ഞിട്ടുള്ളതിന്റെ യാഥാർത്ഥ്യം വായനക്കാർക്ക് നിഷ്പ്രയാസം മനസ്സിലാക്കാം. ലത്തീൻപള്ളികളിൽ ഭൂരിസംഖ്യ അഞ്ചുതെങ്ങിൽ പാത്തിരുന്ന കൊച്ചി മെത്രാന്റെ കീഴിലും സുറിയാനിപ്പള്ളികളിൽ പകുതിയിലധികം വരാപ്പുഴ അധികാരത്തിലും ഇരുന്നിരുന്നു.

കൊട്ടക്കല്ലൂരിലെ യോഹന്നാൻ റിബെയിറൊ മെത്രാപ്പോലീത്താ ൧൬൯൯ ജനുവരി ൨൪-൹ അമ്പഴക്കാട്ട് (അമ്പാക്കൂർ) സെമിനാരിയിൽവെച്ചു മരിച്ചു് അവിടെത്തന്നെ സംസ്കരിക്കപ്പെട്ടു. വരാപ്പുഴ മെത്രാനായ ആൻജെലൂസ് ഫ്രാൻസീസ് കൊട്ടക്കല്ലൂർ, കൊച്ചി എന്ന മെത്രാസനങ്ങളിന്മേൽ അധികാരം പ്രാപിച്ചിട്ട് മൂന്നാമത്തെ വത്സരമായ ൧൭൦൨-ൽ ഒക്ടോബർ ൧൦-൹ മൃതിയടഞ്ഞു നിയ്ക്തനാകയും മൃതശരീരം വരാപ്പുഴപ്പള്ളിയുടെ മദ്ബഹായിൽ (പീഠസ്ഥാനത്തു) സുവിശേഷഭാഗത്തെ ഭിത്തിയിൽ സ്ഥാപിക്കപ്പെട്ടകയും ചെയ്തു. ഇറ്റലി ദേശീയനും വളരെ സൌമ്യശീലനും ഗുണവാനുമായിരുന്ന ഇദ്ദേഹം ആലങ്ങാട്ടു രാജാവിന്റെ ആപ്തമിത്രമായിരുന്നു. ഇദ്ദേഹത്തിന്റെ ഭരണകാലത്തു പുത്തൻക്രൂർ മെത്രാനായിരുന്ന മാർ തോമ്മാ കുറവിലങ്ങാട്ടു പള്ളി കൈവശപ്പെടുത്തുവാനായി വരികയും കടുത്തുരുത്തി രാജാവു് അക്കായ്ത്തിൽ അദ്ദേഹത്തെ സഹായിക്കയുമുണ്ടായി. ആൻജെലൂസ് ഫ്രാൻസീസാകട്ടേ ആ സന്ദർഭത്തിൽ കടുത്തുരുത്തിൽ പാർത്തുകൊണ്ടു്, പ്രഭുവംശ്യനും നാട്ടുരാജാക്കന്മാരുടെ പ്രീതിക്കു പാത്രീഭൂതനുമായിരുന്ന ഇന്നോസെൻറു് എന്ന മിഷ്യനറിയെ കുറവിലങ്ങാട്ടേയ്ക്കയക്കയാൽ മാർ തോമ്മാ പള്ളി കൈവശപ്പെടുത്തുവാൻ കഴിയാതെ മടങ്ങിപ്പോകേണ്ടിവന്നു. ആൻജെലൂസ് മെത്രാന്റെ മരണാനന്തരം തൽസ്ഥാനത്തിൽ വേറൊരാൾ നിയമിക്കപ്പെട്ടതുവരെ 'പ്രോ. വികാരി അപ്പസ്തോലിക്കാ' എന്ന നിലയിൽ മിഷ്യൻഭരണം നിർവ്വഹിച്ചതു് ഇന്നോസെൻറു് എന്ന ഈ വൈദികനാണ്. ൧൭൦൨-ൽ ഉണ്ടായ വലിയ ശീശ്മവരേ കേരളത്തിലെ നസ്രാണികൾ യാതൊരു ഭിന്നതയുമില്ലാതെ ഏക ജനസഞ്ചയമായിട്ടാണു നിന്നിരുന്നതു്. എന്നാൽ ആ ശീശ്മയുടെ ഫലമായി അവരിൽ പുത്തൻക്രൂർ, പഴയക്രൂർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ ഉത്ഭവിക്കയും തദവധി അവർ രണ്ടായിത്തിരിഞ്ഞു് രണ്ടു അധികാരത്തിൽ നിൽക്കേണ്ടതായി വന്നുകൂടുകയും ചെയ്തു. പഴയക്രൂറുകാർ, മാർ അലക്സ്സാണ്ടർ മെത്രാഭിഷിക്തനായിത്തീർന്ന ൧൭൦൧-ാമാണ്ടു മുതൽ ൧൮൩൭-ാമാണ്ടുവരേ ഏകാധികാരത്തിൽ നിന്നിരുന്നു. ൧൭൫൬-ൽ മാർ അലക്സ്സാണ്ടർ ചരമം പ്രാപിച്ചപ്പോൾ അനന്തരഗാമിയായി സഭാഭരണം നിർവ്വഹിച്ച റഫായേൽ മെത്രാന്റെ കാലത്തും ൧൭൮൬-ൽ അദ്ദേഹം പരേതനായശേഷം ഭരണം നടത്തിയതായി നാം (ല. ന) കണ്ട മത്തായി അക്കിയാക്കോന്റെ കാലത്തും അവർ ഉൾപ്പെട്ടിരുന്നതു് ഏകാധികാരത്തിൽത്തന്നെ. എന്നാൽ ൧൮൩൭-ൽ ആൻജെലൂസ് ഫ്രാൻസീസ്, മെത്രാൻപദത്തിൽ സ്ഥാപിതനായപ്പോൾ പഴയക്രൂറുകാരിൽ ഒരു ഭാഗം കൊട്ടക്കല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിലും (അഥവാ പുത്തൻചിറ അധികാരത്തിലും) മറുഭാഗം വരാപ്പുഴ അധികാരത്തിലും നിൽക്കുന്നതിനിടയായി. ഇങ്ങനെ രണ്ടധികാരത്തിൽ നിന്നതിന്റെ ഫലമായി പുത്തൻചിറയിലെ പോർട്ടുഗീസ് മെത്രാന്മാർ നടത്തിയ നടപടികളിൽ ചുരുക്കം ചിലതു് വടക്കൻ ദിക്കുകളിൽ ഇന്നും കാണാനുണ്ടു്.

ക്ര. ആൻജെലൂസ് മെത്രാനേറയും റിബെയിറൊ മെത്രാപ്പോലീത്തായുടേയും ഭരണകാലത്തു ഗബ്രിയേൽ എന്ന പേരോടുകൂടിയ ഒരു കൽദായ മെത്രാപ്പോലീത്താ മലയാളത്തിൽ വന്നു. അദ്ദേഹം മദ്രാസിൽനിന്ന് ഒരു ഇംഗ്ലീഷ് കപ്പൽമാർഗ്ഗം ക്രൈവ ഡിസംബർ മാസത്തിൽ മലയാളത്തിൽ എത്തിയെന്ന് പൌലിനോസ് എന്ന ഗ്രന്ഥകാരനും "കേരളത്തിലെ സത്യവേദ ചരിത്ര"ത്തിന്റെ കർത്താവും പ്രസ്താവിക്കുന്നു. മാർ ഗബ്രിയേൽ മലങ്കരയിൽ പ്രവേശിച്ചതു ക്രൈൻ—ൽ ആയിരുന്നു എന്നാണു അസ്സെമാൻ പറയുന്നതു്. ക്രൈൻ—ൽ വന്നു എന്ന് അദ്ദേഹം പറയുന്നതു അക്കാലത്തു പുത്തൻക്കൂറുകാരുടെ മെത്രാനായിരുന്ന മാർ തോമ്മാ യാക്കോബായ പാത്രിയർക്കീസിനു അയച്ച എഴുത്തിനെ ആധാരമാക്കിയാണ്. ഈ അഭിപ്രായംതന്നെ റോലിൻ എന്ന പ്രസിദ്ധനായ ഗ്രന്ഥനിർമ്മാതാവും ആദരിക്കുന്നു. മാർ ഗബ്രിയേൽ ഒരു നെസ്റോറിയൻ ആയിരുന്നെന്നും ആ മതവിശ്വാസത്തോടുകൂടി ക്രൈ—ൽ കോട്ടയത്തു പള്ളിയിൽവെച്ചു് അദ്ദേഹം മരിച്ചെന്നുമാണ് പ്രസ്തുത ചരിത്രകാരന്മാരുടെ ഏവരുടേയും അഭിപ്രായം. തിരുവിതാംകൂർ സ്റ്റെയ്റ്റ് മാനുവലിൽ മിസ്റ്റർ മെക്കെൻസി പ്രസ്താവിച്ചിട്ടുള്ളതും ഈ അഭിപ്രായഗതിയെ അനുസരിച്ചുതന്നെ. എങ്കിലും മാർ ഗബ്രിയേൽ സ്വന്ത വിശ്വാസപ്രകാശനപത്രം ക്രൈ—ൽ റോമയിലേക്കു അയച്ചിരുന്നെന്നും അതു് എട്ടാമത്തെ ഉർബാനോസ് മാർപ്പാപ്പാ പൌരസ്ത്യ സഭക്കായി നിശ്ചയിച്ചിരുന്ന വിശ്വാസപ്രകാശനത്തോടു യോജ്യമല്ലാതേയും തൻമൂലം അപൂർണ്ണമായും ഇരുന്നെന്നും അതിനാൽ പ്രോപ്പഗാന്ത് സംഘത്തിൽനിന്നു് ഉർബാനോസിന്റെ വിശ്വാസപ്രകാശനത്തിന്റെ ഒരു പ്രതി അദ്ദേഹത്തിനു അയച്ചുകൊടുത്തെന്നും അദ്ദേഹം അതു സ്വീകരിച്ചു പ്രവർത്തിക്കുന്നതിനു മുമ്പായി മലയാളത്തിലേക്കു പുറപ്പെട്ടെന്നുംകൂടി പ്രസ്തുത ഗ്രന്ഥകാരന്മാർ പറയുന്നുണ്ട്. പിന്നീടു് വരുപുഴെനിന്നു കമ്മലീത്താക്കാർ ആവശ്യപ്പെട്ടതനുസരിച്ചു് മാർ ഗബ്രിയേൽ ചങ്ങനാശേരിപ്പള്ളിയിൽവെച്ചു് ക്രൈവ ഒക്ടോബർ ൪—൦രീയതി ഒരു വിശ്വാസസത്യം ചെയ്യുകയും അതിലെ സത്യവാചകം കൽദായ സുറിയാനിയിൽ എഴുതി തന്റെ വിശ്വാസത്തിന്റെ ലക്ഷ്യമായി അവരെ ഏൽപ്പിക്കുകയുമുണ്ടായി. പ്രസ്തുത ഗ്രന്ഥകർത്താക്കന്മാർ ഇതും സമ്മതിച്ചു പറഞ്ഞിട്ടുള്ളതാണ്. മാർ ഗബ്രിയേലിന്റെ ഈ വിശ്വാസരേഖയിൽ വിശുദ്ധമായ റോമാസഭ വിശ്വസിക്കുന്നതൊക്കെയും താനും വിശ്വസിക്കുന്നെന്നും താൻ മലയാളത്തിൽ വന്നതു് വിശുദ്ധ റോമാപ്പള്ളിയെ അനുസരിക്കാത്ത ജനങ്ങളെ തന്നെപ്പോലെ അനുസ്തനന്മാരാക്കേണ്ടതാണെന്നും കമ്മലീത്താ മെത്രാനേറയും അദ്ദേഹം ഉൾപ്പെട്ടിരിക്കുന്ന സഭയിലെ സന്യാസി വൈദികന്മാരുടേയും ആജ്ഞവിട്ട യാതൊന്നും പ്രവർത്തിക്കുന്നതല്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. മാർ ഗബ്രിയേലിന്റെ വിശ്വാസത്തേപ്പറ്റി ഇവിടെ ഒരു കാര്യം നാം ആലോചിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ വിശ്വാസപ്രഖ

ശനം അപൂർണ്ണമായ ഒന്നായിരുന്നെങ്കിൽ അതിന്റെ ന്യൂനതയെ പരിഹരിക്കേണ്ടതിനായിട്ടാണല്ലോ രണ്ടാമത്തേത് ഒരു വിശ്വാസസത്യം ചെയ്യണമെന്ന് കർമ്മലീത്താക്കാർ അദ്ദേഹത്തോട് ആവശ്യപ്പെട്ടതും അതനുസരിച്ച് അദ്ദേഹം വിശ്വാസസത്യം ചെയ്ത് രേഖപ്പെടുത്തി അവരെ ഏൽപ്പിച്ചതും. ആകയാൽ മാർ ഗബ്രിയേൽ നെസ്റോറിയൻ ആണെന്നുള്ള പ്രസ്തുത ഗ്രന്ഥകാരന്മാരുടെ അഭിപ്രായം അദ്ദേഹത്തിന്റെ വിശ്വാസസത്യത്തോട് യോജിക്കാതിരിക്കുന്നതുകൊണ്ട് അവരുടെ അഭിപ്രായം ചരിത്രസംഭവങ്ങളെ സൂക്ഷ്മപരിശോധന ചെയ്യുന്നവരുടെ (Critics) ദൃഷ്ടിയിൽ വിലയില്ലാത്തതായിട്ടേ കാണപ്പെടുകയുള്ളു. എന്നാൽ മാർ ഗബ്രിയേൽ വിശ്വാസസത്യം ചെയ്തശേഷം ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിട്ട് അതിൽ (ആ വിശ്വാസസത്യത്തിൽ) പറഞ്ഞിരുന്നതിനു വിരോധമായി ക്രൈ൪-ൽ പള്ളിഭരണം നിർവ്വഹിച്ചതുകൊണ്ട് അദ്ദേഹം അപരാധിയായിത്തീർന്നു എന്ന് അവർ പറഞ്ഞിരുന്നെങ്കിൽ ആ ഒരു വിഷയത്തിൽ അതു സ്വീകാര്യമാകുമായിരുന്നു. പഴയക്രോറിലും പുത്തൻക്രോറിലും നിന്നിരുന്ന ചില പള്ളികൾ മാർ ഗബ്രിയേലിന്റെ കീഴിൽ ചെന്നുചേരുകയും ഏതോ സംഗതിവശാൽ അദ്ദേഹം ക്രൈ൪ മുതൽ അവയെ ഭരിക്കയുമുണ്ടായിട്ടുണ്ട്.

മാർ ഗബ്രിയേൽ പള്ളികളെ ഭരിക്കുവാൻ തുടങ്ങിയ സംഗതി വരാപ്പുഴ വികാരി അപ്പസ്തോലിക്കാ റോമയിൽ എഴുതി ബോധിപ്പിക്കയും അതനുസരിച്ച് വിശ്വാസികൾ മാർ ഗബ്രിയേലിനു വിധേയരായിക്കൂടെന്നു അറിയിക്കുന്ന ഒരെഴുത്ത് ക്രൈ൫ ഡിസംബർ മാസത്തിൽ പ്രോപ്പഗാന്ത തിരുസംഘത്തിൽനിന്നു അയയ്ക്കുകയുമുണ്ടായി. ആ എഴുത്തിന്റെ പ്രതി പഴയ സുറിയാനി കൈയെഴുത്തുകളുടെ ശേഖരത്തിൽ കാണപ്പെടുന്നതുകൊണ്ട് അതു പ്രസ്തുത സംഘത്തിൽനിന്നയച്ച എഴുത്തിനു അവിടെനിന്നുതന്നെ അയച്ച സുറിയാനി തർജ്ജിമയാണെന്നു നിശ്ചയിക്കാം. ആ ലേഖനത്തിൽ മാർ ഗബ്രിയേൽ ആദ്യം വിശ്വാസസത്യം ചെയ്ത് അതിനെ രേഖപ്പെടുത്തി റോമയിലേക്കയച്ചതു്, പ്രോപ്പഗാന്ത് തിരുസംഘം അതേപ്പറ്റി അദ്ദേഹത്തെ പ്രശംസിച്ചതു്, ഉബ്രാനോസിന്റെ വിശ്വാസപ്രദർശന വാചകം അദ്ദേഹത്തിനു അയച്ചുകൊടുത്തതു്, ഒടുവിൽ ചങ്ങനാശേരിൽ വെച്ചു അദ്ദേഹം വിശ്വാസത്യം ചെയ്തു്, അനന്തരം അതിനു വിരോധമായി പള്ളിഭരണം നടത്തിയകാര്യം ക്രൈ൯-ൽ റോമയിൽ അറിവായതു്, ഇത്യാദി സംഗതികൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. എങ്കിലും അദ്ദേഹം നെസ്റോറിയനായിരുന്നു എന്നു പ്രത്യക്ഷപ്പെടുത്തുന്ന ഒരു ഒറവാക്കുപോലും അതിൽ കാണുന്നില്ല. ആകയാൽ മാർ ഗബ്രിയേൽ നെസ്റോറിയൻ മതവിശ്വാസത്തോടുകൂടിയ ഒരാൾ ആയിരുന്നു എന്നുള്ള ചരിത്രകാരന്മാരുടെ പ്രസ്താവം വിശ്വസനീയമായിരിക്കുന്നില്ലെന്നു വിദിതമാണല്ലോ. അദ്ദേഹത്തെ സംബന്ധിച്ചു പറയപ്പെടുന്ന വേറൊരു പിശകുകൂടി ഇവിടെ കാണിക്കാം. വരാപ്പുഴ വി

കാരി അപ്പസ്തോലിക്കാ ആയ ആൻജെലൂസിന്റ് കൊടുങ്ങല്ലൂർ മെത്രാ സന ഇടവകയിൽ ഉൾപ്പെട്ട സുറിയാനിപ്പള്ളികളിന്മേൽ അധികാരം നൽകുന്ന തിരുവെഴുത്ത് റോമയിൽനിന്നു വന്നുചേരുവാൻ കാലതാമസം നേരിട്ടുക നിമിത്തം ഉദ്ദേശം ക്നാ പള്ളികൾ നെസ്തോറിയനായ മാർ ഗബ്രിയേലിന്റ് നിഷ്ക്രിയത്വശാൽ കീഴ്പ്പെട്ടു എന്ന് കവ്വെ–ൽ ക്നാമ്മക്കുകൾ അച്ചടിച്ച "കേരളത്തിലെ സത്യവേദ ചരിത്ര"ത്തി (പുറം ഫഫ–) ൽ പ്രസ്താവിച്ചിരിക്കുന്നു. മാർ ഗബ്രിയേൽ ക്ലൈൻ–ലാണ് മലയാളത്തിൽ വന്നതെന്നും അദ്ദേഹം കൊച്ചിവരേ അധികാരസംബന്ധമായി യാതൊന്നും പ്രവർത്തിക്കാതിരുന്നശേഷം കൊച്ചി–ൽ മാത്രമാണ് ആവക സംഗതികളിൽ ഉദ്യമിച്ചു തുടങ്ങിയതെന്നും വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ അധികാരലബ്ധി (ല. കഫ) യാകട്ടേ, ഇതിനു ന്നു സംവത്സരങ്ങൾമുമ്പ് – ക്ലൈൻ–ലാണുണ്ടായതെന്നും രേഖകളെക്കൊണ്ടു പണ്ടേതന്നെ സ്ഥാപിച്ചിട്ടുള്ളതാകയാൽ ആൻജെലൂസ് മെത്രാന് അധികാരം ലഭിക്കുന്ന സംഗതിയിൽ നേരിട്ട കാലതാമസം നിമിത്തമാണു പതിനാറു പള്ളികൾ മാർ ഗബ്രിയേലിന്റെ അധീനതയിൽ ചെന്നവശായത് എന്നുള്ള 'സത്യവേദചരിത്ര'ത്തിലെ പ്രസ്താവം അടിസ്ഥാനരഹിതമാണെന്നു പ്രസ്പഷ്ടമാകുന്നു.

മാർ ഗബ്രിയേൽ ചങ്ങനാശ്ശേരിപ്പള്ളിയിൽവെച്ചു ചെയ്ത വിശ്വാസസത്യം താഴെക്കാണുംവിധമാണ് :–

ഞാൻ പരിശുദ്ധപിതാവായ ദൈവത്തിലും അവന്റെ ഏകജാതനായ പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. ഈ പരിശുദ്ധത്രിത്വത്തിൽ ഒരു ദൈവമേയുള്ളൂ. ഈ ത്രിത്വത്തിലെ ഓരോ വ്യക്തിയും പൂർണ്ണദൈവമാണ്. ഈ ത്രിത്വത്തിലെ ഓരോ വ്യക്തിയും പൂർണ്ണമനുഷ്യനാണ്. ഈ ത്രിത്വത്തിലെ ഓരോ വ്യക്തിയും പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്. ഈ ത്രിത്വത്തിലെ ഓരോ വ്യക്തിയും ദൈവത്തിന്റെ പൂർണ്ണസ്വഭാവത്തിലും പൂർണ്ണമനുഷ്യസ്വഭാവത്തിലും ഉള്ളവന

ꠇꠞꠔꠍꠞꠔ ꠇꠞꠔꠍꠞꠔ ꠇꠞꠔꠍꠞꠔ

കുബ്ബാന ചൊല്ലുന്നതിനും അവർ സമ്മതിച്ചിരുന്നെന്നുള്ള പ്രത്യക്ഷപ്പെടാതിരിക്കുന്നുമില്ല. ഇതിൽനിന്നു നമുക്കു മനസ്സിലാകുന്നതു് മാർ ഗബ്രിയേൽ ഒരു കത്തോലിക്കാ മെത്രാനല്ലാതെ നെസ്തോറിയനോ ശീശ്മക്കാരനോ അല്ലായിരുന്നു എന്നാണ്.

മാർ ഗബ്രിയേൽ ചെങ്ങന്നൂർ, ചങ്ങനാശേരി, കോട്ടയം ആദിയായ പല പള്ളികളിൽ പാത്തിരുന്നതായും പള്ളിപ്പുറം, കല്ലുക്കോട്ട മുതലായ ഇടവകകളിൽ ഉൾപ്പെട്ട ചിലരെല്ലാം അദ്ദേഹത്തിൽനിന്നു പട്ടം സ്വീകരിച്ചതായും പൌലീനോസ് സ്വന്ത കൃതിയിൽ പ്രസ്താവിക്കുന്നു. അദ്ദേഹം പാലായിൽ അധികാരം ചെലുത്തിയിരുന്നതായി ചില പഴയ സുറിയാനി എഴുത്തുകളിൽനിന്നു തെളിയുന്നുണ്ട്. ആ കാലഘട്ടത്തിൽ മലയാളത്തു പാത്തിരുന്ന ഡച്ചുകാർ മാർ ഗബ്രിയേലിനെ പ്രശംസിച്ചും അന്നു പുത്തൻക്രൂർ മെത്രാനായിരുന്ന മാർ തോമ്മായെപ്പറ്റി ബഹുമാനമില്ലാതെയും എഴുതിവെച്ചിട്ടുള്ളതായി തിരുവിതാംക്രൂർ സ്റ്റെയ്റ്റ്മാനുവലിൽ മിസ്റ്റർ മെക്കെൻസി പറഞ്ഞിരിക്കുന്നു (24). ൧൭൨൨-ൽ മാർ ഗബ്രിയേൽ ചങ്ങനാശേരിൽ പാത്തിരുന്നെന്നു നാം കണ്ടുവല്ലോ. പിന്നീടു് അവിടെ എന്തോ വിരോധമുണ്ടാവുകനിമിത്തം അവിടെനിന്നു കോട്ടയത്തുപോയി താമസിച്ചു. ഈ യാത്രയിൽ വഴിമദ്ധ്യേ രാത്രി തുരുത്തിയിൽ ചാലയ്ക്കൽ എത്തുകയും ഉഷസ്സുവരെ അവിടെ താമസിക്കയുമുണ്ടായി. അദ്ദേഹത്തെ സഹായിക്കേണ്ടതിനായി വീട്ടുടമസ്ഥൻ ക്ലേശിച്ച ആളുകൾ പിറേന്നു അദ്ദേഹത്തെ കോട്ടയത്തു കൊണ്ടുപോയാക്കി. ചങ്ങനാശേരിൽനിന്നു ചാലയ്ക്കൽവരെ അദ്ദേഹത്തിന്റെ പിറകെ എത്തിയ ചില വിരോധികളെ പറഞ്ഞയച്ചശേഷമാണ് വീട്ടുടമസ്ഥൻ അദ്ദേഹത്തെ കോട്ടയത്തെയ്ക്കയച്ചതു് (25).

മാർ ഗബ്രിയേൽ മലയാളത്തിൽ വന്നതു് അദ്ദേഹത്തിനു ഇവിടെനിന്നു ചിലർ അയച്ച എഴുത്തനുസരിച്ചാണ്. മാർ ശെമഓൻ പോണ്ടിച്ചേരിലക്കു അയക്കപ്പെട്ടകമൂലം സുറിയാനിക്കാരിൽ ഉണ്ടായ അശുപ്തി ഹേതുവായിട്ടാണ് ചിലരെല്ലാം ഈവഴിക്കു പരിശ്രമിച്ചതു്. അക്കാലത്തു പുത്തൻക്രൂറുകാരെ ഭരിച്ചുകൊണ്ടിരുന്ന മാർ തോമ്മാ മെത്രാൻ മാർ ഗബ്രിയേലിനെ വരുത്തേണ്ടതിനായി എഴുതി അയക്കുകയുണ്ടായെന്നു ഫൊൻ—ലും അതിൽപ്പിന്നെയും യാക്കോബായ പാത്രിയർക്കീസിനു് അദ്ദേഹം അയച്ച എഴുത്തുകളിൽനിന്നു വിശദമാകുന്നു. ആദ്യ ലേഖനത്തിൽ അദ്ദേഹം പറയുന്നതു്: "ഫൊൻ—ാമാണ്ടിൽ മാർ ഏലിയാ കാസോലിക്കാ എനിക്കു അയച്ചുതന്ന നിനീവ് (Ninive) ദേശീയനായ മാർ ഗബ്രിയേൽ മെത്രാപ്പോലീത്താ വന്നു എന്നും എന്നാൽ അദ്ദേഹത്തിന്റെ വിശ്വാസം മ്ശിഹായിൽ രണ്ടു സ്വഭാവവും ആളും ഉണ്ടെന്നാകയാൽ വെട്ടിക്കട്ടേൽ മത്തായി എന്ന വൈദികനും ഏതാനും പോർട്ടുഗീസ് റോമൻകത്തോലിക്കരും (Homines Francos Romanos) അല്ലാതെ ഞങ്ങളിൽ ആരും അദ്ദേഹത്തിൽ വിശ്വസിച്ചില്ലെന്നും ആണ് (26). ഇവിടെ "മാർ ഏ

ലിയാ കാസോലിക്കാ എനിക്കു അയച്ചുതന്നു'' എന്നു പറയുന്നതുകൊണ്ടു് മാർ ഗബ്രിയേലിനെ അയച്ചുകൊടുക്കേണ്ടതിനായി മാർ തോമ്മാ എഴുത്തുകുത്തുകൾ നടത്തിയിരുന്നെന്നും ''പെട്ടിക്കട്ടേൽ മത്തായി എന്ന വൈദികനും'' മറ്റും എന്നു കാണുന്നതിൽനിന്നു് മാർ ഗബ്രിയേലിന്റെ ഭാഗത്തു് ആദ്യം ആരും ചേർന്നിരുന്നില്ലെന്നും തെളിയുന്നു. മാർ ഗബ്രിയേൽ ഇവിടെ വന്നശേഷം ഏതാനും സംവത്സരങ്ങൾവരെ അധികാരം പ്രവർത്തിക്കുകയോ മറ്റുള്ളവരെ തന്റെകീഴിൽ ചേർക്കുകയോ ചെയ്തിരുന്നില്ലെന്നു ഞങ്ങൾ മുകളിൽ പറഞ്ഞിട്ടുള്ളതിനു് മാർ തോമ്മായുടെ ഈ പ്രസ്താവം മതിയായ ഒരു ലക്ഷ്യമാണു്. എങ്കിലും പുത്തൻക്രൂരിലും പഴയക്രൂരിലും ഉൾപ്പെട്ട സുറിയാനിക്കാർ പിന്നീടു് അദ്ദേഹത്തിനു വിധേയരായിത്തീർന്നിരുന്നെന്നുള്ള സംഗതിയിൽ സന്ദേഹത്തിനു അവകാശമില്ല. പക്ഷേ പിന്നീടു് പള്ളികൾ അധികവും മുഴുവനായി ചേർന്നവ കുറവും ആയിരുന്നെന്നു ഞങ്ങളുടെ പക്കലുള്ള ചില ലക്ഷ്യങ്ങളിൽനിന്നു പ്രത്യക്ഷപ്പെടുന്നു.

൧൫൮. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയ യോഹന്നാൻ റിബെയിറോയും വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മെത്രാനായ ആൻജെലൂസ് പ്രാൻസീസും കഥാവശേഷന്മാരായ വിവരം ഇതിനു മുമ്പു (ല. ൧൫) പറഞ്ഞിട്ടുണ്ടല്ലോ. റിബെയിറോയുടെ സ്ഥാനത്തിൽ കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്താ ആയി ഈശോസഭയിലെ അന്തോനി പിമെൻറൽ (Pimentel) എന്ന വൈദികൻ ൧൬൨൯ ജനുവരി ൨൦–ാംതീയതി നിയമിക്കപ്പെട്ടു. ഇദ്ദേഹം പുത്തൻചിറപ്പള്ളിയിലാണു അധിവാസം ഉറപ്പിച്ചതു്. ഇദ്ദേഹത്തിന്റെ അനന്തരഗാമികളായ മെത്രാപ്പോലീത്താമാരും ഇദ്ദേഹത്തെ അനുഗമിച്ചു് ആ പള്ളിതന്നെ തങ്ങളുടെ വാസസ്ഥാനമായി തിരഞ്ഞെടുക്കുക നിമിത്തം സമ്പാളൂരിൽ മരിച്ച റിബെയിറോയുടെ കാലം മുതലുള്ള കൊടുങ്ങല്ലൂർ മഹാ മെത്രാസന ഇടവക സംബന്ധമായ സകല രേഖകളും പ്രമാണങ്ങളും (Archives) പുത്തൻചിറപ്പള്ളിയിൽ സൂക്ഷിക്കുന്നതിനിടയായി. (മേൽ വ–ാം ലക്കത്തിൽ ഉദ്ധരിച്ചിരിക്കുന്ന മാർ ശെമഓന്റെ ലേഖനത്തെപ്പറ്റിയുള്ള റിബെയിറോ മെത്രാപ്പോലീത്തായുടെ സാക്ഷ്യം ഇതിൽനിന്നു എടുത്തിട്ടുള്ളതാണു്.) അന്തോനി പിമെൻറൽ വളരെ പഠിപ്പുള്ള ഒരാൾ ആയിരുന്നതിനാൽ സുറിയാനിക്കാർ ''ബുദ്ധിമെത്രാൻ'' എന്നാണു് അദ്ദേഹത്തെക്കുറിച്ചു പറഞ്ഞുവന്നിരുന്നതു്. ''പുത്തൻപാന''യിൽ പറഞ്ഞിരിക്കുന്ന 'മാർ അന്തോനീസ്' ഇദ്ദേഹമാണു്. ഈ മഹാശയൻ ൧൬൩൨ മാർച്ചു് മാസം ൨൬–ാംനു- പുത്തൻചിറപ്പള്ളിയിൽവെച്ചു മരിക്കയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. അനന്തരം ൧൬൩൨-ൽ തൽസ്ഥാനത്തിൽ നിയമിക്കപ്പെട്ട യോഹന്നാൻ ലൂയീസ് വസ്സോൻസെൽ (Vasconcelles) എന്ന ഈശോസഭാ വൈദികൻ കോഴിക്കോട്ടു പള്ളിയിൽവെച്ചു കൊച്ചി മെത്രാനിൽനിന്നു് അഭിഷേകം സ്വീകരിച്ചു. ഇദ്ദേഹം മൂന്നു സംവത്സരത്തെഭരണത്തിനുശേഷം ൧൬൩൫-ൽപുത്തൻചിറവെച്ചു നിര്യാതനാ-

യി, ആ ദേവാലയത്തിൽ സംസ്കരിക്കപ്പെട്ടു. വസ് കൊൻസലിന്റെ അനുഗാമിയായി സഭാഭരണം നിർവ്വഹിച്ചത് ഈശോസഭയിലെ സാൽവദോർ—ദോസ്—റെയിസ് (Salvador Dos Reis) എന്നയാളാണ്. അദ്ദേഹം ക്രിസ്തു ജൂലൈമാസം ക്രി—ാംതീയതി നിയുക്തനാകയും അഞ്ചുതെങ്ങിൽവെച്ച് കൊച്ചിമെത്രാനാൽ അഭിഷേചിക്കപ്പെടുകയും ചെയ്തു. അദ്ദേഹം ക്രിസ്തു ഏപ്രിൽമാസം ൈാംതീയതി പുത്തൻചിറെ മരിച്ച് അവിടെത്തന്നെ നിക്ഷേപിക്കപ്പെട്ടു(27). ഈ മൂന്നു മെത്രാപ്പോലീത്താമാരുടേയും ശവകുടീരത്തിൽ സ്ഥാപിക്കപ്പെട്ട കരിങ്കൽത്തളികങ്ങൾ പ്രസ്തുത പള്ളിയിൽ ഇക്കാലത്തും കാണാവുന്നതാണ്. അന്തോനി പിമെൻറൽ മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് ഹൻഗരി ദേശിയനും "അസ്റ്റോസ് പാതിരി" (John Ernest Hanxleden) എന്ന പേരിനാൽ കേരളമൊട്ടുക്ക് സുപ്രസിദ്ധി പ്രാപിച്ചദേഹവുമായ ഒരു ഈശോസഭാ വൈദികൻ ഇവിടെ വസിച്ചിരുന്നു. ആ മഹാൻ ക്രിസ്തുൻ—ൽ ഇന്ത്യയിൽ വരികയും ക്രിസ്തു മാർച്ചുമാസം ഉ—ാംതീയതി പഴയൂർപ്പള്ളിയിൽവെച്ചു നിർവ്വാഹമായി അവിടെ സംസ്കരിക്കപ്പെട്ടകയും ചെയ്തു എന്ന വസ്തുത അദ്ദേഹത്തിന്റെ ശവകുടീരത്തിൽ സ്ഥാപിച്ചിട്ടുള്ള കല്ലിൽനിന്ന് ഏവർക്കും മനസ്സിലാക്കാം. മലയാളത്തിൽ ഇക്കാലവും പ്രചുരപ്രചാരത്തിൽ ഇരിക്കുന്ന പുത്തൻപാനയുടെ രചനാകർത്താവു ഇദ്ദേഹമാണ്. മലയാള ഭാഷയിൽ മറ്റു പല പദ്യകൃതികളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ വിഖ്യാതമായിരുന്ന തൃശ്ശിവപേരൂരിലെ സംസ്കൃതവിദ്യാശാലയിൽ രണ്ടു ബ്രാഹ്മണോപാദ്ധ്യായന്മാരിൽ നിന്നാണ് മലയാളവും സംസ്കൃതവും ഈ മഹാൻ അഭ്യസിച്ചത്. യൂറോപ്യൻ സംസ്കൃതവിദ്യാർത്ഥികളിൽ ഒന്നാമൻ ഇദ്ദേഹമാണ്. ലത്തീൻ ഭാഷയിൽ ഇദ്ദേഹം രചിച്ചിട്ടുള്ള സംസ്കൃത വ്യാകരണഗ്രന്ഥത്തിന്റെ ഒരു കയ്യെഴുത്തുപ്രതി റോമ്മയിലെ പ്രോപ്പഗാന്ത് കോളേജിലും മറെറാന്ന് അവിടത്തെ വിക്ടോറിയാ (സ്പാള) ആശ്രമത്തിലും സൂക്ഷിക്കപ്പെട്ടവരുന്നു.

ആൻജെലൂസ് മെത്രാന്റെ മരണത്തേപ്പറ്റി മുമ്പു (ല. ക്രി) പ്രസ്താവിച്ചുവല്ലോ. അദ്ദേഹത്തിന്റെ സ്ഥാനത്തിൽ യോഹന്നാൻ ബാപ്റ്റിസ്റ്റ് (John Baptist of St. Teresa) എന്ന കർമ്മലീത്താക്കാരൻ ലിമിരേയുടെ മെത്രാനും വരാപ്പുഴ വികാരി അപ്പസ്തോലിക്കായുമായി ക്രിസ്തു ജനുവരി ന—ാംതീയതി നിയമിക്കപ്പെടുകയും വലിയ മൊഗലിന്റെ വികാരി അപ്പസ്തോലിക്കായും അനസ്താസിയോപൊലിയുടെ മെത്രാനുമായിരുന്ന മൊറിസ്യസി (Manritius) നാൽ ബോംബെക്കു സമീപമുള്ള കാറൊവാർ (Caroar) ദ്വീപത്തിൽവെച്ച് ക്രിസ്തു ഏപ്രിൽ ര—ാംനു- അഭിഷേചിക്കപ്പെടുകയും ചെയ്തു. ഇറലിയിലെ ജനോവാപ്രവിശ്യത്തിൽ ജാതനായ ഇദ്ദേഹവും കർമ്മലീത്താസഭയുടെ അക്കാലത്തെ പ്രഥമാദ്ധ്യക്ഷനും ഭ്രാതൃപുത്രന്മാരായിരുന്നു. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയ അന്തോനി പിമെൻറലിൽനിന്നും

കൊച്ചിമെത്രാനായ ഫ്രാൻസീസ് വസ്സോൻസെലിൽ നിന്നും ഇട്ടേഹത്തിനു വളരെ ഉപദ്രവങ്ങളും പീഡകളും നേരിട്ടിരുന്നെന്ന് പൌലീനോസ് (p. 80) പ്രസ്താവിക്കുന്നുണ്ട്. അവയുടെ കാരണത്തെപ്പറ്റി അദ്ദേഹം യാതൊന്നും പറയുന്നുമില്ല. വരാപ്പുഴത്തെ കമ്മലീത്താ മെത്രാന്മാർ കൊച്ചി, കൊട്ടക്കല്ലൂർ എന്ന ഇടവകകളിലെ ജനങ്ങളുടെ ആത്മികഭരണം നിവ്വഹിച്ചുവരികയായിരുന്നല്ലോ. ആ ഭരണത്തെപ്പറ്റി പ്രസ്തുത ഇടവകകളുടെ അദ്ധ്യക്ഷന്മാർ വാദിക്കുകയോ തർക്കങ്ങൾ പുറപ്പെടുത്തുകയോ ചെയ്തായിരിക്കാം പൌലീനോസ് പറയുന്ന "ഉപദ്രവങ്ങളും പീഡകളും." ഇട്ടേഹത്തിന്റെ സഹായമെത്രാനായി ൧൬൨൪ ഡിസംബർ ൧൮-ാംതീയതി നിയമിക്കപ്പെട്ട ഇന്നോസെൻറ് (Innocent of St. Leopold) എന്ന കമ്മലീത്താക്കാരൻ സ്ഥാനം ഒഴിഞ്ഞുകളയുക നിമിത്തം പ്ലോറെൻസ് (Florentius of Jesus of Nazareth) എന്ന പേരോടുകൂടിയ പോലണ്ടു ദേശീയനായ വേറൊരു കമ്മലീത്താ സന്യാസി ൧൬൩൯ ജനുവരി ൧൪-ാംനു- നിയമിക്കപ്പെടുകയും അടുത്തയാണ്ടു ഏപ്രിൽ ൨൦-ാംതീയതി കാതറീവാർ ദ്വീപത്തിൽവെച്ച് അറയൊപ്പോലിയുടെ മെത്രാൻ എന്ന അഭിധാനത്തിൽ സഹായമെത്രാനായി വലിയ മൊഗലിന്റെ വികാരി അപ്പസ്തോലിക്കായിൽനിന്നു അഭിഷേകം സ്വീകരിക്കയും ചെയ്തു. യോഹന്നാൻ ബാപ്തിസ്റ്റ് മെത്രാൻ ൧൬൨൦ ഏപ്രിൽ ൨൩-ാംനു- സ്സെ-ാമത്തെ വയസ്സിൽ വരാപ്പുഴെ മരിച്ചു അവിടെ സംസ്കരിക്കപ്പെട്ടു. അതുമുതൽ പ്ലോറെൻസ് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ എന്ന നിലയിൽ ഇടവകഭരണം നിവ്വഹിച്ചു. ഇട്ടേഹത്തിന്റെ ഭരണകാലത്തു- ൧൬൨൯-ാമാണ്ടിൽ അന്നു നാടുവാണിരുന്ന തിരുവിതാംകൂർ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു ആ ഇടസ്സു തിരുവിതാംകൂറിലേക്കു ഒതുങ്ങിയ പറവൂർ, ആലങ്ങാട്ടു മുതലായ താലൂക്കുകളിൽ ഏഴുന്നള്ളിയ അവസരത്തിൽ വരാപ്പുഴെയും എഴുന്നള്ളുകയും പ്ലോറെൻസ് മെത്രാനെ സന്ദർശിക്കയുമുണ്ടായി. ആ കാലഘട്ടത്തിൽ കൊട്ടക്കല്ലൂർ മെത്രാപ്പോലീത്താ ആയിരുന്ന സാൽവദോർ, സുറിയാനിക്കാർ തനിക്കു കീഴ്പ്പെട്ടിരിക്കേണ്ടവരാണെന്നു കാണിച്ചു പ്ലോറെൻസിനു ഒരെഴുത്തയച്ചു. അതിനു, മനസ്സുണ്ടെങ്കിൽ അങ്ങനെ ചെയ്യാമെന്നല്ലാതെ നിബന്ധപൂവ്വകമായ ഒരു കല്പന വി. സിംഹാസനത്തിൽനിന്നു പുറപ്പെട്ടിട്ടില്ലാത്തതുകൊണ്ടു അതിലേക്കു ആരേയും നിഷ്കർഷിക്കുവാൻ പാടില്ലെന്നായിരുന്നു ഇട്ടേഹം അയച്ച മറുപടി (28).

## 1865-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ കീഴിൽ നിന്നിരുന്ന സുറിയാനിപ്പള്ളികൾ.

| | | ജനങ്ങൾ. | പട്ട: |
|---|---|---|---|
| 1 | വടക്കൻപറവൂർ | 250 | 3 |
| 2 | മാപ്രാണം | 500 | |
| 3 | വെളിയനാട് (വടക്കൻ) | 650 | 2 |
| 4 | ആലങ്ങാട് | 3,100 | 3 |
| 5 | കുത്തിയതോട് | 1,400 | 2 |
| 6 | മൂഴിക്കുളം | 2,300 | 3 |
| 7 | അങ്കമാലി, 2 പള്ളികൾ | 6,200 | 11 |
| 8 | വല്ലം | 550 | 1 |
| 9 | മഞ്ഞപ്ര | 1,300 | 3 |
| 10 | മലയാറ്റൂർ | 1,200 | 3 |
| 11 | ഇടപ്പള്ളി | 80 | 1 |
| 12 | ആരക്കുഴ | 3,200 | 7 |
| 13 | മൈലക്കൊമ്പു | 350 | 2 |
| 14 | നാഗപ്പുഴ | 310 | 1 |
| 15 | മുതലക്കോടം | 160 | 1 |
| 16 | മുങ്കം | 500 | 4 |
| 17 | ഏറണാകുളം | 2,240 | 4 |
| 18 | പള്ളുരുത്തി | 230 | 1 |
| 19 | കണ്ടനാട് | 280 | 1 |
| 20 | ഉദയംപേരൂർ | 80 | 1 |
| 21 | വടയാർ | 130 | 1 |
| 22 | കടുത്തുരുത്തി | 28 | 3 |
| 23 | മുട്ടുചിറ | 1,560 | 4 |
| 24 | മുളക്കുളം | 300 | 1 |
| 25 | പിറവം | 140 | 1 |
| 26 | ഇലഞ്ഞി | 400 | 3 |
| 27 | വടകര | 300 | 1 |
| 28 | രാമപുരം | 500 | 2 |
| 29 | കുറവിലങ്ങാട് | 3,600 | 10 |
| 30 | അതിരമ്പുഴ | 820 | 1 |
| 31 | കോടിമനല്ലൂർ | 500 | 1 |
| 32 | പൈങ്ങളം | 450 | 2 |
| 33 | അരുവിത്തുറ | 260 | 1 |
| 34 | കാഞ്ഞിരപ്പള്ളി | 1,200 | 2 |
| 35 | വായിപ്പൂർ | 890 | 3 |
| 36 | മുട്ടം | 3,800 | 6 |
| 37 | കുടവെച്ചൂർ | 360 | 1 |
| 38 | കുടമാളൂർ | 2,000 | 2 |
| 39 | പള്ളിപ്പുറം | 160 | 2 |
| 40 | തത്തമ്പള്ളി | 200 | 1 |
| 41 | ആലപ്പുഴ | 1,400 | 3 |
| 42 | പുറക്കാട് | 140 | 1 |
| 43 | പുളിങ്കുന്നു | 1,600 | 5 |
| 44 | കല്ലുക്കാട് | 4,300 | 10 |
| 45 | ഞാറയ്ക്കൽ | 1,140 | 1 |

ആക്കാലത്തു് തിരുവിതാംകൂറിന്റെ അധികാരം പ്രബലീകൃതമാകയും മലയാളത്തിലുണ്ടായിരുന്ന ചെറിയ ചെറിയ രാജ്യങ്ങളെല്ലാം ആ രാജ്യാധികാരത്തിൽ ചെന്നുചേരുകയും ചെയ്തു നിമിത്തം കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിനു് വിരോധംചെയ്തിരുന്ന നാട്ടരാജാക്കന്മാർ (ല. ഫ) നാമാവശേഷമായിത്തീർന്നതിനാലായിരിക്കാം സാൽവദോർ മെത്രാപ്പോലീത്താ ഇങ്ങനെ ഒരെഴുത്തു പ്പോറെൻസ് മെത്രാനു അയച്ചതു്. മത്തേവൂസ് വരാപ്പുഴെ ആരംഭിച്ചിരുന്ന സെമിനാരി പ്പോറെൻസ് ശരിയായ നിലയിൽ സ്ഥാപിച്ചു. അതിനുമുമ്പുതന്നെ ആലങ്ങാട്ടുണ്ടായിരുന്ന സെമിനാരി വരാപ്പുഴത്തേതിന്റെ സ്ഥാപനശേഷവും നിലനിന്നിരുന്നു. മാത്രമല്ല, സന്യാസഭാംഗങ്ങൾക്കായി മട്ടാഞ്ചേരിൽ ഒരു ഭവനവും പ്രാർത്ഥനാലയവും

വേദത്തിൽ ചേരുവാൻ ആഗ്രഹിച്ചിരുന്നവരെ പഠിപ്പിക്കേണ്ടതിനായി വരാപ്പുഴെ ഒരു നികേതനവും ഇദ്ദേഹം പണിയിച്ചു. ഈ വൈദികാദ്ധ്യക്ഷൻ ൧൬൫൬ ജൂലൈമാസം ൨൬–ാംനു- മരണംപ്രാപിക്കയും മൃതശരീരം വരാപ്പുഴപ്പള്ളിയിൽ ആക്ഷാർദ്ധംചെയ്യപ്പെടുകയും ചെയ്തു.

൧൭. ലത്തീൻ മെത്രാന്മാർ സുറിയാനിക്കാരെ ഭരിച്ചുതുടങ്ങിയതിൽപ്പിന്നെ സുറിയാനിക്കാരുടെ മനസ്സിനു വിരോധമായി അവരുടെ ചില പള്ളികൾ ലത്തീൻരീത്തിൽ ഉൾപ്പെടുത്തപ്പെട്ട സംഗതി ൧൨–ാം അദ്ധ്യായം ൫–ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതാണ്. ൧൬൫൬–ൽ സുറിയാനിക്കാരുടെ ഇടയിൽ ഉണ്ടായ വലിയ ശീശ്മയുടെ ശേഷമാണ് ഈ പള്ളികൾ റീത്തുമാറ്റപ്പെട്ടതെന്നും അതിനുമുമ്പു കൊല്ലത്തുണ്ടായിരുന്ന ഒരു സുറിയാനിപ്പള്ളി പോർട്ടുഗീസുകാർക്ക് കൊടുക്കേണ്ടതായി വന്നുക്രൂടിയെങ്കിലും തൽസ്ഥാനത്തു് സുറിയാനിക്കാർ വേറൊന്നു പണിയിച്ചെന്നുംക്രൂടി അവിടെ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ആ ലക്കത്തിൽ പറയേണ്ടിയിരുന്ന ചില സംഗതികൾ വിട്ടുപോകുവാൻ ഇടയായതിനാൽ അതുകളെക്രൂടി ഇവിടെ ചേർക്കുവാൻ കരുതുന്നു. ഉദയംപേരൂർ സൂനഹദോസിന്റെ സമ്മേളനകാലമായ ൧൫൯൯–ൽ ഉണ്ടായിരുന്നവയും ആ സൂനഹദോസിൽ സംബന്ധിച്ചവയുമായ സുറിയാനിപ്പള്ളികളുടെ ഒരു പട്ടിക ൧൪–ാം അദ്ധ്യായം ൩–ാം ലക്കത്തിൽ ചേർത്തിട്ടുണ്ട്. അതിൽ ഉൾപ്പെട്ടിരുന്ന കണ്ണൂർ, തോടമല, കോഴിക്കോട്ട്, കൊടുങ്ങല്ലൂരിലെ പള്ളികൾ രണ്ടും, കൊച്ചി (തോമ്മാശ്ലീഹായുടെ പള്ളി), മട്ടാഞ്ചേരി, കൊല്ലത്തെ രണ്ടു പള്ളികളിൽ ഒന്ന് ഇങ്ങനെ എട്ടു പള്ളികൾ ലത്തീൻ റീത്തിൽ ഉൾപ്പെടുത്തപ്പെടുക നിമിത്തം സുറിയാനിപ്പള്ളികളുടെ ശേഖരത്തിൽനിന്നു മറഞ്ഞുപോയിരിക്കുന്നു. കണ്ണൂരും, തോടമലയും ൧൫൯൯–ലെ ശീശ്മയുടെ ശേഷമാണ് ലത്തീൻപള്ളികളായി മാറ്റപ്പെട്ടതെന്നു നിശ്ചയിക്കുവാൻ കാരണങ്ങളുണ്ട്. ഈ പള്ളികൾ ദൂരസ്ഥലങ്ങളിൽ സ്ഥിതിചെയ്തിരുന്നതിനാലും ശീശ്മയുടെ കാലത്തു് നടന്നുകൊണ്ടിരുന്ന ക്ഷോഭം ഹേതുവായി സുറിയാനി വൈദികന്മാർ അവിടങ്ങളിൽ പോകുവാൻ ഇടയാകാഞ്ഞതിനാലും സമീപസ്ഥരായ ലത്തീൻ വൈദികന്മാർ ആ ഇടവകകളിൽപ്പെട്ട ജനങ്ങളുടെ ആത്മീയകാര്യങ്ങൾ അന്വേഷിക്കയും തൻമൂലം അവരും ആ പള്ളികളും ലത്തീൻ റീത്തിൽ ഉൾപ്പെടുകയും ചെയ്തിരിക്കുവാൻ ഇടയുള്ളതാണ്. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായ യോഹന്നാൻ ലൂയിസ് ൧൬൫൨–ൽ കോഴിക്കോട്ടു പള്ളിയിൽവെച്ചു പട്ടാഭിഷേകം കൈക്കൊണ്ട സംഗതി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അന്നു ആ ദേവാലയം കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിലാണു സ്ഥിതിചെയ്തിരുന്നതു്. ടിപ്പുസുൽത്താന്റെ വേദതെരുക്കത്തിൽ അതു നശിച്ചുപോയെന്നും പീഡകളെ സഹിച്ചു് മതത്തിൽ സ്ഥിരപ്രതിപത്തിയോടുക്രൂടി നിലനിന്ന സുറിയാനിക്കാർ ലത്തീൻകാരായിത്തീർന്നെന്നും അനുമാനിക്കാവുന്നതാണ്.

കൊടുങ്ങല്ലൂരിലെ പള്ളികൾ രണ്ടും ലത്തീനായി പരിണമിച്ചതു് (ക്ര൦ക്ര—ൽ നിയമിതനായ റിബെയിറൊ മെത്രാപ്പോലീത്തായുടെ കാലംമുതൽ) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താമാരുടെ അധികാരം ലന്തക്കാരുടെ വിരോധം ഹേതുവായിട്ടു് സാമൂതിരിയുടെ രാജ്യാതിർത്തികൾക്കുള്ളിൽമാത്രം ഒതുങ്ങിയിരിക്കേണ്ടിവന്നതു മുതൽക്കാണെന്നു തീർച്ചയാക്കാം. ആ കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ, കൊച്ചി മുതലായ സ്ഥലങ്ങളിൽ അധികാരം നടത്തിവന്നതു് (വരാപ്പുഴത്തെ) വികാരി അപ്പസ്തോലിക്കാമാർ ആയിരുന്നു. കൊടുങ്ങല്ലൂരിലെ പള്ളികൾ രണ്ടും ലത്തീനിൽ ഉൾപ്പെട്ടപോയതോടുകൂടി സുറിയാനിക്കാരിൽ ചിലരെല്ലാം സ്ഥലംവിട്ടുപോകയും ശേഷിച്ചവർ ലത്തീൻകാരായിത്തീരുകയും ചെയ്യാൻ ഇടവന്നു. കൊടുങ്ങല്ലൂരിനു സമീപിച്ചുള്ള "തുരുത്തിപ്പുറത്തു" പള്ളിയും ഈക്കാലത്തുതന്നെ ലത്തീനായിത്തീർന്നു. കൊച്ചിയിലെ തോമ്മാശ്ലീഹായുടെ പള്ളിയും മട്ടാഞ്ചേരിപ്പള്ളിയും ജോസഫ് സെബസ്ത്യാനി, മാർ അലക്സ് സാണ്ഡറിനെ മെത്രാഭിഷേകം ചെയ്ത അവസരത്തിൽ സുറിയാനിപ്പള്ളികളായിരുന്നെന്നു് ക്ര—ാം അദ്ധ്യായം ക്ര൨, ക്നു ലക്കങ്ങളിൽ പറഞ്ഞിട്ടുള്ള സംഗതികളിൽനിന്നു ഗ്രഹിക്കാവുന്നതാണു്. ആകയാൽ അവ രണ്ടും ലത്തീനിലേക്കു ചേർക്കപ്പെട്ടതു് റഫായേൽ മെത്രാന്റെ ഭരണകാലത്തോ അതിൽപ്പിന്നെ വികാരി അപ്പസ്തോലിക്കാമാർ ഭരണം നിർവ്വഹിച്ചിരുന്ന കാലത്തോ ആണെന്നു തീർച്ചയാക്കാം. കൊടുങ്ങല്ലൂരിലേയും കൊച്ചിയിലേയും പള്ളികളിൽ പുതുതായി ക്രിസ്തുമതം സ്വീകരിച്ചവരെച്ചേർത്തു നടത്തിപ്പോന്നിരുന്നു. അവർ വർദ്ധിച്ചുതുടുങ്ങുകൂടി ഭരണകർത്താക്കന്മാർ അവർക്കു അനുകൂലമായി നിൽക്കുകമൂലം പള്ളികൾ അവർക്കധീനമായിത്തീരുകയും ഇങ്ങനെ ലത്തീൻ രീതിയിൽ ഉൾപ്പെട്ടുപോകയും ചെയ്തു. ആ സ്ഥലങ്ങളിലുണ്ടായിരുന്ന ചില പള്ളികൾ ലന്തക്കാരുടെ ആക്രമണകാലത്തു നശിച്ചുപോയിട്ടുമുണ്ടു്. പള്ളികൾ അന്യരീതിക്കാരുടെ കൈവശത്തിലായപ്പോൾ സുറിയാനിക്കാരിൽ ചിലരെല്ലാം ലത്തീൻകാരാകയും ശേഷിച്ചവർ സ്ഥലംവിട്ടുപോകയും ചെയ്തു. ഉദയംപേരൂർ സൂനഹദോസിന്റെ കാലത്തു് കൊടുങ്ങല്ലൂരിലും കൊച്ചിയിലും ഉണ്ടായിരുന്നതുപോലെ കൊല്ലത്തും രണ്ടു പള്ളികൾ ഉണ്ടായിരുന്നതായി ക്ര—ാം അദ്ധ്യായം ന—ാം ലക്കത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഇപ്പോഴാകട്ടെ പുത്തൻക്രൂർ സുറിയാനിക്കാരുടെ നാമമാത്രമായ ഏക സുറിയാനിപ്പള്ളിയെ അവിടെയുള്ളൂ. വി. തോമ്മാശ്ലീഹായുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടതും അങ്കമാലി മഹാ ഇടവകയിൽ ഉൾപ്പെട്ടിരുന്നതുമായ ഒരു സുറിയാനിപ്പള്ളി ക്രവ—ാം ശതാബ്ദത്തിൽ അവിടെയുണ്ടായിരുന്നതായി പൌലീനോസ് (p. 259) രേഖപ്പെടുത്തിട്ടുണ്ടു്. (അങ്ങനെ ഒരു പള്ളി ഇപ്പോൾ ഇല്ലാത്തതിനാൽ) അതു് ആക്കാലത്തിലോ അതിനടുത്ത കാലത്തിലോ ലത്തീനിൽ ചേർക്കപ്പെട്ടെന്നും ജനങ്ങളിൽ ഒരുഭാഗം ലത്തീൻകാരായിത്തീർന്നെന്നും നിസ്സംശയിക്കാം. മുൻകാലങ്ങളിൽ അനവധി സുറിയാനിക്കാർ കൊല്ലത്തു കുടിപാർത്തിരുന്നു. അവർ കാലക്രമേണ അവിടം

വിട്ട് സമീപസ്ഥലങ്ങളിൽപോയി നിവാസം ഉറപ്പിച്ചതായി ഒരു പാരമ്പര്യവൃത്തമാനമുണ്ട്. ഉദയംപേരൂർ സൂനഹദോസിന്റെ കാലത്തിലെപ്പോലെ ഇക്കാലത്തു സുറിയാനിക്കാർ കൊല്ലത്തു കാണപ്പെടാതിരിക്കുന്നതിന്റെ കാരണം ഇതുതന്നെ.

മേൽപ്പറഞ്ഞതിനും പുറമേ, ഉദയംപേരൂർ സൂനഹദോസു കഴിഞ്ഞതിൽപ്പിന്നെ സ്ഥാപിക്കപ്പെട്ട സുറിയാനിപ്പള്ളികളിലും ചിലതെല്ലാം ലത്തീനിലേക്കു മാറ്റപ്പെട്ടിട്ടുണ്ട്. വെണ്ടുരുത്തി, ഇടക്കൊച്ചി എന്ന രണ്ടു പള്ളികളും പ്രസ്തുത സൂനഹദോസ് കഴിഞ്ഞയുടനെ പണിയിക്കപ്പെട്ടതാണ്. വരാപ്പുഴ സുറിയാനിപ്പള്ളിയായിരുന്നെന്നും പ്രതിവത്സരം മാമ്മോദിസാ മുങ്ങിയിരുന്ന നവീന ക്രിസ്ത്യാനികളെ അതിൽ സ്വീകരിച്ചിരുന്നതിനാൽ അവർ വർദ്ധിച്ചതോടുകൂടി പള്ളി അവർക്കു കൊടുക്കപ്പെടുകയും സുറിയാനിക്കാർ വേറെ പള്ളി സ്ഥാപിച്ചു അതിലേക്കു മാറുകയും ചെയ്തെന്നും മേൽ (ല. സ.) പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇങ്ങനെതന്നെ വെണ്ടുരുത്തി, ഇടക്കൊച്ചി എന്ന പള്ളികളിലും പുതുതായി ക്രൈസ്തവമതം സ്വീകരിച്ചവരെ ചേർക്കുമൂലം ഒടുവിൽ അവർ വർദ്ധിച്ചകാലത്തു ഭരണകർത്താക്കന്മാർ പള്ളികൾ അവർക്കായി കൊടുക്കുകയും സുറിയാനിക്കാർ മറ്റു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു മാറുകയും പള്ളിവിട്ടു മാറുവാൻ മനസ്സില്ലാതിരുന്നവർ ലത്തീൻകാരായി പരിണമിക്കയും ചെയ്തു. പുതുക്രിസ്ത്യാനികളെ ഏർണാകുളത്തു പള്ളിയിലും സുറിയാനിക്കാർ സ്വീകരിക്കുകയുണ്ടായെങ്കിലും * അതിനു സമീപിച്ചു വേറൊരു പള്ളി മത്തായി അക്കിടിയാക്കോൻ പണിയിച്ചിരുന്നതുകൊണ്ടു പഴയപള്ളി അവർക്ക് (സുറിയാനിക്കാർക്ക്) നഷ്ടപ്പെടുവാൻ ഇടയായില്ല. പുതുതായി ക്രിസ്ത്യാനിമതം സ്വീകരിച്ച ജനങ്ങളെ പുറക്കാട്ടു പള്ളിയിലും കൈക്കൊണ്ടു അവിടെനിന്നു അവരുടെ കായ്ങ്ങൾ അനേഷിച്ചു നടത്തുകയുണ്ടായിട്ടുണ്ട്. കൊട്ടങ്ങല്ലൂരിനടുത്തു മതിലകത്തുണ്ടായിരുന്ന സുറിയാനിപ്പള്ളി ൧൯–ാം ശതവത്സരാരംഭത്തിൽ പ്രോസ്സർ എന്ന വൈദികൻ വരാപ്പുഴെ വികാരി ജനറാൽ ആയിരിക്കയിൽ ലത്തീനിലേക്കു ചേർക്കപ്പെട്ടു. എങ്കിലും ആ ഇടവകക്കാരിൽ ഒരുഭാഗം ആ ശതവത്സരത്തിന്റെ അവസാനഘട്ടത്തിൽ വീണ്ടും സുറിയാനിക്കാരാകയും തങ്ങൾക്കായി വേറൊരു പള്ളി പണിയിക്കയും ചെയ്തു. ഏർണാകുളത്തോടടുത്തുള്ള പെരുമാനൂർ പുത്തൻപള്ളി ൧൯ ശതവത്സരത്തിന്റെ ഏകദേശം ആരംഭത്തിൽ സുറിയാനിക്കാർ പണിയിച്ചിട്ടുള്ളതാണ്. ഇപ്പോഴാകട്ടെ അതു ലത്തീൻപള്ളിയായി ഭേദപ്പെട്ടിരിക്കുന്നു. ആ ഇടവകയിൽപെട്ട ജനങ്ങളിൽ ഒരു ഭാഗം പൂർവ്വ സുറിയാനിക്കാരുടെ സന്താനങ്ങളുമാണ്. തിരുവനന്തപുരത്തുള്ള

---

* ഏറണാകുളം സുറിയാനിപ്പള്ളി ലത്തീൻകാർ പണിയിച്ചതാണെന്ന് Status Arch. Verap. p. 7. not (3)–ൽ പറയുന്നതു വാസ്തവമല്ല.

പേട്ടപ്പള്ളി പ്രസിദ്ധനായ തച്ചിൽ മാത്തൂത്തരകനാലാണ് സ്ഥാപിക്കപ്പെട്ടത്. അതിന്റെ സ്ഥാപനം നടന്നിട്ടുള്ളത് ൧൨—൭൦ ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ ആയിരിക്കണം. അത്തുങ്കൽ മുട്ടത്തുപള്ളിയുടെ ഒരു കുരിശുപള്ളി ഉണ്ടായിരുന്നെന്നും പറങ്കികൾ പുതുക്രിസ്തുവക്കായി അതു വലുതാക്കി പണിയിക്കയും അവിടെയുണ്ടായിരുന്ന ഏതാനും സുറിയാനിക്കാർ അതിൽ ചേർന്ന് ലത്തീൻകാരാകയും ചെയ്തെന്നും പറയപ്പെടുന്നു. ലത്തീൻ റീത്തിൽ ചേർക്കപ്പെട്ടതായി ഇതുവരെ പറഞ്ഞിട്ടുള്ള പള്ളികളൊക്കെയും ഇപ്പോൾ മംഗലപുരം, വരാപ്പുഴ, കൊച്ചി, കൊല്ലം എന്ന മെത്രാസന ഇടവകകളിൽ ഉൾപ്പെട്ടിരിക്കുന്നു.

ക്രൂശതെ, മേലാർകോട്ടേക്കുള്ള രാജപാതയോടടുത്തു പ്രസ്തുത സ്ഥലത്തിന് അഞ്ചു മയിൽസ് ഇപ്പുറത്തായി സ്ഥിതിചെയ്യുന്ന വടക്കഞ്ചേരി എന്ന ടിക്കിൽ അർണാട്ടുകരെ തരകന്മാർ ഒരു ദേവാലയം പണിയിച്ചിരുന്നു. തരകന്മാക്ക് അവിടെ വസ്തുക്കൾ ഉണ്ടായിരുന്നതിനാൽ തങ്ങളുടേയും അവിടെ വേലക്കായിപ്പോകുന്ന ഭൃത്യജനങ്ങളുടേയും ഉപയോഗത്തെ ഉദ്ദേശിച്ചായിരുന്നു അതു സ്ഥാപിക്കപ്പെട്ടത്. അതിലെ തിരുനാളുകൾ മുതലായവ തരകന്മാരാൽത്തന്നെ നടത്തപ്പെടുകയും പള്ളിഭരണം സുറിയാനി വൈദികന്മാരാൽ നിർവ്വഹിക്കപ്പെടുകയും ചെയ്തുവന്നു. പിന്നീടാകട്ടേ കോയമ്പത്തൂർ മിഷ്യനിൽനിന്ന് ഒരു പാതിരിയെ ആ പള്ളിയുടെ വികാരിയായി നിയമിക്കയും തരകന്മാരുടെ ആവലാധികൾ വിഫലീഭവിക്കുകകൊണ്ട് ആ പള്ളി കാലാന്തരത്തിൽ ലത്തീൻ റീത്തിൽ ലയിച്ചുപോകയുംചെയ്തു. ൧൯—ാം ശതാബ്ദത്തിന്റെ മദ്ധ്യഘട്ടം കഴിഞ്ഞതിൽപ്പിന്നെയാണ് ഈ മാറ്റം സംഭവിച്ചത്. ആ ശതവത്സരത്തിന്റെ അവസാനത്തോടടുക്കുമ്പോൾ മേലാർകോട്ട സുറിയാനിപ്പള്ളിയും ലത്തീൻ റീത്തുകാരുടെ വകയാക്കപ്പെട്ടു. ഇവ രണ്ടും ഇപ്പോൾ കോയമ്പത്തൂർ മെത്രാസന ഇടവകയിൽ ഉൾപ്പെട്ടിരിക്കുന്നു. പള്ളികളുടെ ഈ റീത്തുമാറ്റം സംബന്ധിച്ച് ഇതുവരെ ഇവിടെ പ്രസ്താവിച്ചുവയിൽനിന്ന് ഈ മാറ്റത്തിനുണ്ടായ കാരണം എന്തെന്നു വായനക്കാക്ക് സുഗ്രാഹ്യമാണ്. പ്രസ്തുത പള്ളികളിൽ മിക്കതും സുറിയാനി റീത്തിൽനിന്ന് ലത്തീനിലേക്ക് വ്യതിയാനം ചെയ്യുന്നതിനുണ്ടായ കാരണം പറമായി ക്രിസ്തുമതം സ്വീകരിച്ചവരെ സുറിയാനിക്കാർ തങ്ങളുടെ പള്ളികളിൽ കൈക്കൊള്ളുക നിമിത്തം ഭരണാധികാരികൾ കാലാന്തരത്തിൽ ആ പള്ളികളെ അവക്കായി കൊടുത്തതാണ്. തൽമൂലം പള്ളിയുടമസ്ഥന്മാരായ സുറിയാനിക്കാരിൽ പലരും നിർബ്ബന്ധപൂർവ്വം ലത്തീൻറീത്തു അനുസരിക്കയും അതിനു മനസ്സില്ലാതിരുന്നവർ സ്ഥലംവിട്ടു പോകയോ വേറെ പള്ളികൾ സ്ഥാപിക്കയോ ചെയ്യാൻ ഇടയാകയും ചെയ്തു. ഇതൊക്കെയും സംഭവിച്ചത് സുറിയാനി സമുദായത്തെ ലത്തീൻകാരായ മതാദ്ധ്യക്ഷന്മാർ ഭരിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലാണെന്ന് മുകളിൽ പറഞ്ഞിട്ടുള്ള ചരിത്രഭാഗംകൊണ്ടു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതുമാണ്. മേലാർകോ

ട്ടുപള്ളി ലത്തീനിൽ ചേർക്കപ്പെടുന്നതിനുണ്ടായ കാരണമാണ് താഴെ പ്രസ്താവിക്കുന്നതു്. സുറിയാനിക്കാർക്കായി സ്ഥാപിച്ച ഒക്ടോബർ ൨൯-ാം നു- നിശ്ചയിക്കപ്പെട്ട മൂന്നു സഹായമെത്രാന്മാർ കാണ്ടിയിൽവെച്ചു് പട്ടാഭിഷേകം ചെയ്യപ്പെട്ട അവസരത്തിൽ ഇന്ത്യയുടെ ഡെലിഗെറ്റ് അപ്പസ്തോലിക്ക് ഒരു നിർണ്ണയം (Decree) പ്രസിദ്ധപ്പെടുത്തി. സുറിയാനി മതാദ്ധ്യക്ഷന്മാരുടെ അധികാരവ്യാപ്തി വരാപ്പുഴ മഹാമെത്രാസനത്തിന്റെ പരിധികളാൽ പരിച്ഛേദിക്കപ്പെട്ടിരിക്കുന്നു എന്നായിരുന്നു അതിന്റെ സാരം. ഇതനുസരിച്ചാണ് അടുത്ത സംവത്സരത്തിൽ മേലാർകോട്ടുപള്ളി കോയമ്പത്തൂർ മെത്രാസനത്തോടു സംഘടിപ്പിക്കപ്പെട്ടതു്. ൧൯൫൦ ഡിസംബർ ൨൫-൦നു- നിശ്ചയിക്കപ്പെട്ട സുറിയാനിക്കാരുടെ (അങ്കമാലി) മഹാ മെത്രാസനത്തിന്റെ അധികാരഭൂമി ഏറെറവും വിസ്തൃതമായിരുന്നെന്നു് കഴിഞ്ഞ ൧൫-ാം അദ്ധ്യായം ൪-ാം ലക്കത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ആ സ്ഥിതിക്കു് ഇപ്പോഴത്തെ അതിർത്തി സുറിയാനിക്കാർ നിവസിക്കുന്ന മേലാർകോട്ട്, കൊല്ലം മുതലായ സ്ഥലങ്ങളിലെല്ലാമെങ്കിലും വ്യാപിക്കേണ്ടതാണ്.

൨൫. ൧൯൩൯ മുതൽ നമ്മുടെ ഭിന്നസഹോദരന്മാരുടെ ഇടയിൽ നടന്നിട്ടുള്ള സംഭവങ്ങളേക്കൂടി ഇവിടെ വിവരിക്കേണ്ടതു് ചരിത്രത്തിന്റെ പൂർണ്ണതയ്ക്കു് ആവശ്യാവശ്യമായ ഒരു സംഗതിയാണ്. അതുവരേയുള്ള കാര്യങ്ങൾ മുൻ (൧൪ ൨൫) അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുള്ളതാകയാൽ അതിൽപ്പിന്നെയുള്ള സംഭവങ്ങളാണ് ഇനി പറയേണ്ടതായി ശേഷിച്ചിരിക്കുന്നതു്. ജോസെഫ് സെബെസ്ത്യാനി മെത്രാഭിഷിക്തനായി ൧൯൫൨-ൽ റോമയിൽനിന്നു രണ്ടാമത്തെ പ്രാവശ്യം ഇവിടെ എത്തിയതുവരേ, തോമ്മാ അക്കുദിയാക്കോനു് തന്റെ സ്ഥാനം സ്ഥിരീകരിക്കപ്പെടണമെന്നല്ലാതെ ഒരു കക്ഷിയായി വേർതിരിഞ്ഞു് ശീശ്മയിൽ ഉറച്ചുനിൽക്കണമെന്നു അഭിപ്രായമുള്ളതായി കാണപ്പെട്ടിരുന്നില്ല. എന്നാൽ സെബെസ്ത്യാനിയുടെ രണ്ടാമത്തെ ആഗമനശേഷം സന്ധിക്കുള്ള വഴികളെല്ലാം അടയ്ക്കപ്പെട്ടുപോയതിനാൽ അക്കുദിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാരും ഒരു കക്ഷിയായി തിരിയുന്നതിനുള്ള നടപടിയിൽ ചെന്നവശായി. ഈ സംഗതികളെല്ലാം ൧൪-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളവയിൽനിന്നു വായനക്കാർക്കു ഗ്രഹിക്കാവുന്നതാണ്. അക്കുദിയാക്കോനു് സാക്ഷാൽ മെത്രാൻപട്ടം ഇല്ലാതിരുന്നെന്നും തന്നിമിത്തം ഏതുവിധേനയെങ്കിലും അതു പ്രാപിക്കേണ്ടതു് അത്യാവശ്യമെന്നുകരുതി അതിനായി അദ്ദേഹം പരിശ്രമിച്ചിരുന്നെന്നും തദുദ്ദേശസിദ്ധിക്കായി അദ്ദേഹം ഓർത്തൊം പാത്രിയർക്കീസിനു് എഴുതി അയച്ചിരുന്നെന്നും ആ അദ്ധ്യായത്തിന്റെ ൧൪-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതാണ്. അക്കുദിയാക്കോന്റെ ഈ എഴുത്തനുസരിച്ചു് ഓർത്തൊം പാത്രിയർക്കീസ് എന്ന നാമത്തോടുകൂടിയ മാർ ഗ്രീഗോരിയോസ് ൧൯൫൨-ൽ മലങ്കരയിൽ എത്തി.

അക്കുദിയാക്കോനു് മെത്രാൻപട്ടം ഇല്ലെന്നും അദ്ദേഹം

യഥാർത്ഥത്തിൽ മെത്രാൻ അല്ലെന്നും അദ്ദേഹത്തിന്റെ പക്ഷക്കാർക്ക് പൂർണ്ണബോധമുണ്ടായിരുന്നതുകൊണ്ട് അവർ മാർ ഗ്രിഗോറിയോസിനെ തങ്ങളുടെ മതാദ്ധ്യക്ഷനായിട്ട കൈക്കൊള്ളുകയും അദ്ദേഹത്തിന്റെ ഉപദേശങ്ങളെ നിഷ്പ്രയാസം സ്വീകരിക്കയും ചെയ്തു. മാർ ഗ്രിഗോറിയോസിന്റെ പഠനങ്ങൾ, ക. റോമാ മാപ്പാപ്പായും നെസ്റോറിയനും പാഷാണ്ഡന്മാരാണെന്നും, ഖ. അന്ത്യോക്യാസഭ ലോകത്തിന്റെ തലയും മാതാവുമാണെന്നും, ന. മ്ശിഹായിൽ ഒരു സ്വഭാവമെ ഉള്ളു; അതു ദൈവസ്വഭാവമാണ് എന്നും, ഘ. റൂഹാദ്ക്കുദശാ പിതാവിൽനിന്നു മാത്രമല്ലാതെ പുത്രനിൽനിന്നു പുറപ്പെട്ടുന്നില്ലെന്നും, ങ. മരണാനന്തരം ആത്മാക്കൾ ശുദ്ധീകരണാഗ്നിയാൽ സംശോധിക്കപ്പെട്ടുന്നില്ലെന്നും, ന. കുർബാന പുളിച്ച (ܚܡܝܥܐ) അപ്പം ഉപയോഗിച്ചു ചൊല്ലേണ്ടതാണെന്നും, ഛ. കുർബാന ചൊല്ലുമ്പോൾ കാപ്പയല്ലാതെ കുർബാനക്കുപ്പായം ധരിച്ചുകൂടെന്നും, വ. അമ്പതുനോമ്പ് (Lent) ജൂലിയൻ പഞ്ചാംഗം (Calendar) അനുസരിച്ച് – കത്തോലിക്കർ ആരംഭിച്ചശേഷം ക്ഠ ദിവസം കഴിഞ്ഞു – ആരംഭിക്കേണ്ടതാണെന്നും ആയിരുന്നു (29). ഇവയിൽ ആദ്യത്തെ അഞ്ചു സംഗതികളും വിശ്വാസത്തെ സംബന്ധിക്കുന്നവയും ഒടുവിൽപ്പറഞ്ഞ മൂന്നു കാര്യങ്ങൾ ആചാര (Discipline) സംബന്ധമായവയും ആയിരുന്നാലും മാർ ഗ്രിഗോറിയോസ് അവയെല്ലാം വിശ്വാസകാര്യങ്ങൾപോലെ ഉപദേശിക്കയും അക്കിടിയാക്കോനെറ കക്ഷിക്കാർ ആവിധത്തിൽത്തന്നെ സ്വീകരിക്കയും ചെയ്തു. ക്നന്ദ്ധ—ലെ ശീശ്മ മുതൽ ക്നന്നന്ദ്ധ—ൽ മാർ ഗ്രിഗോറിയോസ് മലങ്കരയിൽ പ്രവേശിച്ചതുവരേ സുറിയാനിക്കാർ വൈദികാധികാരത്തോടു മത്സരിച്ചതിനാൽ ഭിന്നിച്ചു നിൽക്കുവാൻ ഇടവന്ന എന്നല്ലാതെ വിശ്വാസസംബന്ധമായ കാര്യങ്ങളിൽ അവർക്ക് ഭിന്നതയുണ്ടായിരുന്നില്ല. സുറിയാനിക്കാർ, മാർ ഗ്രിഗോറിയോസിന്റെ ശ്രവിന്ന് പന്ത്രണ്ടു സംവത്സരങ്ങൾ മുമ്പ് – ക്നന്ദ്ധ—ൽ കൊച്ചിയിലെ കപ്പിത്താനു ഒരെഴുത്തയച്ചിരുന്നെന്നും പൌലീസൂർ ഒഴികെ സുറിയാനിഭാഷ പരിചയിച്ചിട്ടുള്ള ആരെങ്കിലും മാപ്പാപ്പായുടെ കല്പനപ്രകാരം തങ്ങളെ ഭരിക്കുവാൻ വരുന്നപക്ഷം അദ്ദേഹത്തിനു തങ്ങൾ വിധേയരായിക്കൊള്ളാമെന്നു അതിൽ അവർ പ്രസ്താവിച്ചിരുന്നെന്നും ക്ര—ാം അദ്ധ്യായം ക്ഠ—ാം ലക്കത്തിലും, മാർ അഹത്തല്ലാ സുറിയാനിക്കാർക്കായി അയച്ച ലേഖനത്തിൽ താൻ മാപ്പാപ്പായുടെ കല്പനപ്രകാരം വന്നതാണെന്നു കാണിച്ചിരുന്നതിനാൽ (അ. ക്ര ല. ക്നൻ) അദ്ദേഹം യഥാർത്ഥത്തിൽ മാപ്പാപ്പായാൽ അയക്കപ്പെട്ടിരുന്നതാണെന്ന് അവർ വിശ്വസിച്ചിരുന്നെന്ന് ക്ഠ—ാം അദ്ധ്യായം ര—ാം ലക്കത്തിലും നിരാക്ഷേപങ്ങളായ ലക്ഷ്യങ്ങൾസഹിതം ഞങ്ങൾ സ്ഥാപിച്ചിട്ടുള്ളതാണ്. ആകയാൽ അക്കിടിയാക്കോനും അദ്ദേഹത്തിന്റെ ഭാഗക്കാർക്കും മെത്രാൻവഴക്കിൻ അല്പാതെ മതവിഷയത്തിൽ യാതൊരു ഭിന്നതയും ഉണ്ടായിരുന്നില്ലെന്ന് നിസ്സംശയം തെളിയുന്നു. എന്നാൽ മാർ ഗ്രിഗോറിയോസിന്റെ ആഗമ

നം മുതൽ, അദ്ദേഹം മതത്തലവനായി സ്വീകരിക്കപ്പെട്ടകാലം, മേൽപ്പറഞ്ഞ ഭിന്നത മതവിഷയത്തിലായിത്തീർന്നു. മാർ ഗ്രിഗോറിയോസിന്റെ ഉപദേശം മലങ്കരസഭയിൽ അതുവരെ അറിയപ്പെടാത്ത പുത്തനായ ഒരു കാര്യമായിരുന്നതിനാൽ, അതിനെ സ്വീകരിച്ചവർക്ക് "പുത്തൻക്രൂറുകാർ" എന്നും അതു വകവെക്കാതെ പഴയ വിശ്വാസത്തിൽത്തന്നെ നിന്നവർക്ക് "പഴയക്രൂറുകാർ" എന്നും അന്നു മുതൽ പേർ നടപ്പായി. ഈ പേരുകൾ ഇക്കാലവും ഉപയോഗത്തിൽ ഇരിക്കുന്നവയാണ്. പുത്തൻക്രൂറുകാർക്കു, "യാക്കോബായക്കാർ" എന്ന പേർക്കൂടി ഇപ്പോൾ നടപ്പുണ്ടെങ്കിലും പതിനേഴു, പതിനെട്ട എന്ന ശതവത്സരങ്ങളിൽ "പുത്തൻക്രൂറുകാർ" എന്നതന്നെയാണ് അവർ നിത്യവും പറയപ്പെട്ടിരുന്നത്. ഇതിലേക്കു സക്കാരിക്കാർട്ടുകൾതന്നെ ധാരാളം എടുത്തു കാണിക്കാവുന്നതുമാണ്.

മാർ ഗ്രിഗോറിയോസിന്റെ സൂതികളെ വണ്ടിക്കുന്ന ചില സംഗീതങ്ങളെ പുത്തൻക്രൂർ സുറിയാനിക്കാർ രചിച്ചു പാടിവന്നിരുന്നെന്നും അതുകളുടെ ചില പ്രതികൾ തനിക്കു കിട്ടുകയുണ്ടായെന്നും ൧൮–ാം ശതാബ്ദത്തിലെ ഒരു ഗ്രന്ഥകൃത്തായ പൌലീനോസ് എന്ന കർമ്മലീത്താ വൈദികൻ സ്വന്തകൃതിയുടെ ൽ൧–ാംപുറത്തു പറഞ്ഞിരിക്കുന്നു. അതിനാൽ ആ മതാദ്ധ്യക്ഷനേപ്പറ്റി അവർക്കു വളരെ ബഹുമാനമുണ്ടായിരുന്നെന്നു പറയുന്നതു അബദ്ധമാകുവാൻ വഴിയില്ല. മാർ ഗ്രിഗോറിയോസിന്റെ ആഗമനം മുതൽ ഏതാവൽപ്പാതിയോളം പുത്തൻക്രൂർ സുറിയാനിക്കാരുടെ ചരിത്രത്തിൽ മൂന്നു സ്ഥിതിഭേദങ്ങൾ സംഭവിച്ചിട്ടുണ്ട്. ആകയാൽ അവരുടെ ഇടയിൽ നടന്നിട്ടുള്ള സംഭവങ്ങളെ അന്നുതുടങ്ങി ഇന്നുവരെയുള്ള കാലത്തെ ആ സ്ഥിതിഭേദങ്ങൾ അനുസരിച്ചു മൂന്നു ഘട്ടങ്ങളായി വിഭജിച്ചു ഇവിടെ പ്രസ്താവിക്കുവാൻ കരുതുന്നു. ഒന്നാമത്തെ കാലഘട്ടത്തിൽ മാർ ഗ്രീഗോറിയോസിന്റെ ആഗമനം മുതൽ ൧൭൮–ൽ ആറാമത്തെ മാർ തോമ്മാ അഥവാ മാർ ദിവന്യാസ്യോസ് പ്രഥമൻ ആയിടക്കു അന്ത്യോക്യായിൽനിന്നു വന്ന യാക്കോബായ മെത്രാപ്പോലീത്താ ആയ മാർ ഗ്രീഗോറിയോസിൽനിന്നു നിരണത്തു പള്ളിയിൽവെച്ചു മെത്രാൻപട്ടം സ്വീകരിച്ചതുവരെ നടന്ന സംഭവങ്ങളും, രണ്ടാമത്തെ ഘട്ടത്തിൽ ൧൭൮ തുടങ്ങി ൧൯–ാം ശതവത്സരത്തിൽ ചർച്ചമിഷ്യനറിമാർ പുത്തൻക്രൂർ സുറിയാനിക്കാരുടെ മതവിഷയങ്ങളിൽ പ്രവേശിച്ചതുവരെയുള്ള കാര്യങ്ങളും, മൂന്നാമത്തെ ഘട്ടത്തിൽ ചർച്ചമിഷ്യനറിമാരുടെ പ്രവേശനം മുതൽ ഇതുവരെ ഉണ്ടായിട്ടുള്ള സംഗതികളും വിവരിക്കപ്പെട്ടുന്നതാണ്.

൧൭൦. മാർ ഗ്രിഗോറിയോസ്, മലയാളത്തിൽ എത്തിയ അഞ്ചാമത്തെ സംവത്സരമായ ൧൭൦൨–ാമാണ്ടു മേടമാസം ൧൪–ാംനു വടക്കൻപറവൂർ (പുത്തൻക്രൂർ) പള്ളിയിൽവെച്ചു മരിക്കയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു അദ്ദേഹത്തിന്റെ മരണദിവസം പ്രതിവത്സരം അവിടെ ആഘോഷിക്കപ്പെട്ടുവന്നിരുന്നു. ൧൮–ാം ശതാബ്ദ

ത്തിൽ ഈ സ്മരണാഘോഷം നടന്നുവന്നിരുന്നതായി സമകാലീനനായ ഒരു കർമ്മലീത്താ ലിഖിതാവു് രേഖപ്പെടുത്തീട്ടുണ്ട്. ഒന്നാമത്തെ മാർതോമ്മാ മാർ ഗ്രീഗോരിയോസിന്റെ ചരമത്തിനു രണ്ടു ദിവസം മുമ്പു് കഥാവശേഷനായി. തൽസ്ഥാനത്തു അദ്ദേഹത്തിന്റെ സഹോദരീപുത്രൻ (സ്വ—ാം മാർതോമ്മാ എന്നു—ൽ മാപ്പിപ്പായിക്കു അയച്ച എഴുത്തു നോക്കുക.) മാർതോമ്മാ ദ്വിതീയൻ എന്ന അഭിധാനത്തോടുകൂടി ഉദ്യോഗം കയ്യേറ്റു് എസ്സുവന്ന വരെ ഭരണം നിർവ്വഹിച്ചു. ആ സംവത്സരത്തിൽ അദ്ദേഹം കാലധർമ്മം പ്രാപിക്കുകയാൽ അനന്തരവൻ മാർതോമ്മാ തൃതീയൻ എന്ന സംജ്ഞയോടുകൂടി ജോലി ഏല്ക്കുയും എസ്സുവു വരെ ഭരിക്കയും ചെയ്തു. എസ്സുവു—ൽ മൂന്നാമത്തെ മാർതോമ്മാ മരിച്ചപ്പോൾ നാലാമത്തെ മാർതോമ്മാ എന്ന വിശേഷനാമം വഹിച്ചുകൊണ്ടു സ്ഥാനാരൂഢനായ അനന്തരവൻ എവു—ൽ അദ്ദേഹം മരിച്ചതുവരെ ഉദ്യോഗം നിർവ്വഹിച്ചു. മിസ്റ്റർ മെക്കൻസിയാകട്ടെ, മാർ ഗ്രീഗോരിയോസ്, മാർതോമ്മാ പ്രഥമനേയും എസ്സുവു—ൽ മലയാളത്തിൽ വരികയും എസ്സൻപ—ൽ മുളന്തുരുത്തിപ്പള്ളിയിൽ മരിച്ചു് അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു മാർ യോഹന്നാൻ, മാർതോമ്മാ തൃതീയൻ, മാർതോമ്മാ ചതുർത്ഥൻ എന്നിവരേയും അഭിഷേകം ചെയ്തെന്നും മാർതോമ്മാ തൃതീയൻ ൪൦ ദിവസം മാത്രമേ സജീവനായിരുന്നുള്ളു എന്നും തിരുവിതാംകൂറിലെ ക്രിസ്തുമതം എന്ന ഗ്രന്ഥത്തിലും, തിരുവിതാംകൂർ സ്റ്റേയ്റ്റ് മാനവൽ എന്ന ഗ്രന്ഥത്തിലും (Vol. II. P. 202) പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ ഈ അഭിഷേകങ്ങൾ നടന്നതു എവിടെ വച്ചാണെന്നും ഏതു കാലത്താണെന്നും അദ്ദേഹം നമുക്കു കാണിച്ചുതരുന്നുമില്ല. പ്രത്യുത, മാർ ഗ്രീഗോരിയോസാകട്ടെ, മാർ യോഹന്നാൻ ആകട്ടെ മാർതോമ്മാമാരിൽ ആർക്കും മെത്രാൻപട്ടം ഒരിക്കലും കൊടുക്കകയുണ്ടായിട്ടില്ലെന്നാണു് ആ കാലത്തു മലങ്കരയിൽ വസിച്ചിരുന്ന കർമ്മലീത്തരുടെയും മാർ അലക്സാണ്ടർ മെത്രാന്റെയും മറ്റും എഴുത്തുകളെ ആധാരമാക്കി പൌലീനോസു പ്രസ്താവിക്കുന്നതു്. ഒന്നാമത്തെ മാർതോമ്മായുടെ മരണം പൊടുന്നനവെ സംഭവിച്ചതിനാൽ അനന്തരവനായി ഒരാളെ നിയമിക്കുവാൻ അദ്ദേഹത്തിനു ഇടയാകാഞ്ഞതുകൊണ്ടു് ആ കക്ഷിക്കാർ (അക്കാലത്തും പുത്തൻക്രൂറുകാരുടെ കൈയ്യശത്തിലായിരുന്നു) അങ്കമാലിൽ ചെറിയപള്ളിയിൽ ചെന്നു് പരേതനായ മാർതോമ്മായുടെ സഹോദരനെ (ഇതരചരിത്രകാരന്മാർ വിട്ടുപേക്ഷിച്ചിരിക്കുന്ന മാർതോമ്മായെ ആണു് ഇദ്ദേഹം ഇവിടെ പറയുന്നതു്. മാർതോമ്മാമാരിൽത്തന്നെയും ചിലർ അദ്ദേഹത്തെ ഉൾപ്പെടുത്തിയും ചിലർ ഉൾപ്പെടുത്താതെയും പ്രസ്താവിച്ചുകാണുന്നു. അദ്ദേഹത്തേയും അദ്ദേഹത്തിന്റെ അനന്തരഗാമിയേയും സമ്മിശ്രമാക്കിയാണു് മിസ്റ്റർ മെക്കൻസിയുടെ പ്രസ്താവം.) മെത്രാൻപദത്തിൽ നിയമിച്ചെന്നും, രണ്ടാമത്തെ ഈ മാർതോമ്മാ എട്ടാംനാൾ ഇടിവെട്ടുമൂലം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ അനന്തരവനെ മൂന്നാമത്തെ മാർതോമ്മായായി കോതമംഗ

ലത്തുചെച്ചു നിശ്ചയിച്ചെന്നും, ഇദ്ദേഹം ആസന്നമരണനായിരിക്കുമ്പോൾ നാലാം മാർതോമ്മാ ആയി സ്വന്തഅനന്തരവനെ സ്ഥാപിച്ചെന്നും ഈ മാർ തോമ്മായുടെ വാഴ്ചക്കാലം അധികം ദീർഘമല്ലാതിരുന്നതുകൊണ്ട് ഹന്നവന്ന-ൽ അനന്തരവനെ അഞ്ചാം മാർ തോമ്മാ ആയി പ്രതിഷ്ഠിച്ചെന്നും, ലെകചിൻ, ലാക്രൊസ്, അസ്സെമാൻ, ഡോക്ടർ ചാർല്സ് ഷാഫ് (Dr. Charles Schaap), ഡെയനീഷ് മിഷ്യനറിമാർ ആദിയായവർ പ്രസ്താവിക്കുന്നത് ഈ ഒട്ടുവിൽപ്പറഞ്ഞ മാർ തോമ്മായേപ്പറ്റിയാണെന്നുമാണ് പൌലീനോസ് സാക്ഷിക്കുന്നത്. മാത്രമല്ല, മാർ ഗ്രിഗോരിയോസ് ഹന്നൊ-ലും, മാർതോമ്മാ പ്രഥമൻ ഹന്നൊലും ചരമം പ്രാപിച്ച എന്നുകൂടി അദ്ദേഹം പ്രസ്താവിക്കുന്നു. (30.) കാലനിഷ്ണയത്തിൽ പൌലീനോസിനു പല പിശകുകളും ഇവിടെ വന്നുപോയിട്ടുണ്ടെന്നു പറയാതെ കഴിവില്ല. ഈ ഗ്രന്ഥകാരൻ അഞ്ചാമനെന്നു കണക്കാക്കിയിരിക്കുന്ന പ്രസ്തുത മാർ തോമ്മാ ഹന്നൊ-ൽ അന്ത്യോക്യായിലെ യാക്കോബായപാത്രിയർക്കീസിനു അയച്ച ലേഖനം ഡോക്ടർ ചാർല്സ്ഷാഫ് ഭാഷാന്തരം ചെയ്യുന്നും അതെ കാര്യങ്ങളേത്തന്നെ പ്രതിപാദിച്ചു ഹന്നൊ-ൽ അന്ത്യോക്യായിലേക്കു വീണ്ടും മാർ തോമ്മാ അയച്ച എഴുത്തിന്റെ പ്രതി അസ്സെമാൻ വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ കാണുകയും ആ എഴുത്തും അതിന്റെ ഒരു ലത്തീൻ തർജ്ജമയും അദ്ദേഹം പ്രസിദ്ധീകരിക്കുയും ചെയ്യുന്നും മിസ്റ്റർ മെക്കൻസിതിരുവിതാംകൂർ സ്റ്റെയ്റ്റ് മാനുവലിൽ (Vol. II. p. 204-5) പ്രസ്താവിക്കുയും (അസ്സെമാന്റെ) ആ ഭാഷാന്തരം അതിൽ ചേർക്കുയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലുള്ള സുറിയാനിക്കാരുടെ അഞ്ചാമത്തെ മെത്രാൻ എന്നാണ് മാർ തോമ്മാ തന്നെ ഉദ്ദേശിച്ച് ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. ഒരു പാത്രിയർക്കീസിനേയും ഒരു മെത്രാപ്പോലീത്തായേയും വിശുദ്ധ ഗ്രന്ഥങ്ങളെ മനസ്സിലാക്കി അവയെ വ്യാഖ്യാനിക്കുവാൻ തക്ക പ്രാപ്തിയുള്ളവരും തത്വശാസ്ത്രജ്ഞന്മാരുമായ രണ്ടു വൈദികന്മാരെയും അയച്ചുകൊടുക്കണമെന്നും ആദ്യം ഓർശ്ലേമിലെ അഞ്ചാമത്തെ പാത്രിയർക്കീസായ മാർ ഗ്രിഗോരിയോസും പിന്നീട് അൽവായ (൨൩൨) ക്കാരനായ മാർ അന്ത്രയോസും അനന്തരം മാർ യോഹന്നാൻ, മത്തായി റമ്പാൻ എന്നിവരോടുകൂടി മല്പിയാനാ സ്ഥാനിയായ ബസേലിയോസ് കത്തോലിക്കായും തങ്ങളുടെ ദിക്കിൽ ചെന്നിരുന്നെന്നും, അവരുടെ ചരമംതുടങ്ങി അതുവരെയും തങ്ങൾ ചുക്കാനില്ലാത്ത ഒരു കപ്പൽപോലെ ആയിത്തീർന്നിരിക്കുന്നെന്നും, ഹന്നൊ-ൽ മാർ ഏലിയാ കാതോലിക്കാ തനിക്കു അയച്ചുകൊടുത്ത മാർ ഗബ്രിയേൽ ചെന്നെത്തിയെങ്കിലും അദ്ദേഹത്തിന്റെ വിശ്വാസ വൈപരീത്യം നിമിത്തം തങ്ങൾക്ക് അദ്ദേഹത്തിൽ വിശ്വാസം ജനിച്ചില്ലെന്നും മറ്റും ആ എഴുത്തിൽ മാർ തോമ്മാ പ്രസ്താവിക്കുന്നു. മാത്രമല്ല, അന്ത്യോക്യായെ പ്രശംസിച്ചും റോമ്മായെ നിസ്സാരമാക്കിയും അദ്ദേഹം അതിൽ പറയുന്നുമുണ്ട്. പ്രസ്തുത ലേഖനത്തിൽ മാർ തോമ്മാ ചില

ത്ഥാൻ അഞ്ചാം മാർ തോമ്മാ എന്ന സ്വയമേ അഭിധാനം ചെയ്യുന്നതി നേപ്പറ്റി മിസ്റ്റർ മെക്കൻസി തിരുവിതാംകൂർ സ്റ്റെയ്റ്റ് മാനുവലിൽ ചെയ്തിരിക്കുന്ന നിരൂപണം ഇങ്ങനെയാണ്.— "It will be noticed that in this letter Mar Thomas IV calls himself the fifth Bishop of the Syrians in India. The explanation may be that he reckons Ahattalla as the first." "ഈ ലേഖനത്തിൽ മാർ തോമ്മാ ചതുത്ഥാൻ ഇന്ത്യായിലുള്ള സുറിയാനിക്കാരുടെ അഞ്ചാമത്തെ മെത്രാൻ എന്ന സ്വയമേ നാമകരണം ചെയ്തിരിക്കുന്ന സംഗതി ശ്രദ്ധേയമാണ്. അഹത്തല്ലായെ ഒന്നാമനായി അദ്ദേഹം കരുതുന്നു എന്നായിരിക്കാം ഇതിന്റെ താല്പര്യം." മിസ്റ്റർ മെക്കൻസിയുടെ വിമർശനം പിശകിപ്പോയിരിക്കുന്നതല്ലാതെ മാർ തോമ്മാ അങ്ങനെ എഴുതുന്നതിൽ അബദ്ധമില്ല. എട്ടു ദിവസംമാത്രം ജോലി നിർവ്വഹിച്ച മാർ തോമ്മാ ദ്വിതീയനെ ചരിത്രകാരന്മാർ മാർ തോമ്മാമാരുടെ ശ്രേഢരത്തിൽ ചേർക്കാതെപോയതാണ് ഈ പിശകിനുള്ള കാരണം. ഈ കാര്യങ്ങളെല്ലാം ഞങ്ങൾ മുകളിൽ എടുത്തുകാണിച്ചിട്ടുള്ള രേഖകളിൽനിന്ന് വായനക്കാർക്കു ബോധപ്പെടുന്നതാണ്.

പ്രസ്തുത മാർ തോമ്മാമാരിൽ ദ്വിതീയൻ, തൃതീയൻ, ചതുത്ഥാൻ, പഞ്ചമൻ എന്നിവർ വെറും അൽമേനികൾ ആയിരുന്നെന്നും അങ്ങനെയുള്ളവരേയാണ് പുത്തൻക്കൂറുകാർ മെത്രാന്റെ വടി, മുടി മുതലായ സ്ഥാനചിഹ്നങ്ങൾ അണിയിച്ചു വേഷംകെട്ടിച്ചതെന്നുമാണ് പൌലീനോസ് പറയുന്നത്. ഒന്നാമത്തെ മാർ തോമ്മായിക്കു സാക്ഷാൽ മെത്രാൻപട്ടം ഇല്ലാതിരുന്നതിനാൽ അദ്ദേഹം ആചാര്യപദത്തിൽ സ്ഥാപിച്ചവരുടെ പട്ടം അസാധുവായിരുന്നു. അതിനാൽ അവരും അവരിൽനിന്നു പട്ടം സ്വീകരിച്ചവരും വാസ്തവത്തിൽ മൈദികന്മാർ ആയിത്തീരുന്നില്ല. മേൽപ്പറഞ്ഞ ഗ്രന്ഥകാരൻ ഈ അർത്ഥം ജനിപ്പിക്കത്തക്കവിധം എഴുതിയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പ്രസ്താവം വിശ്വസനീയമായിരിക്കുമായിരുന്നു. എന്നാൽ അദ്ദേഹം അങ്ങനെ പറയാതെ പുത്തൻക്കൂറുകാർ വെറും അൽമേനികളെപ്പിടിച്ച് മെത്രാന്റെ വടിയും മുടിയും സ്ഥാനവസ്ത്രങ്ങളും ധരിപ്പിച്ചെന്നു പറയുന്നതിൽ ആർക്കാണു വിശ്വാസം ജനിക്കുന്നത്? ഒന്നാമത്തെ മാർ തോമ്മായുടെ സഹോദരീപുത്രനും അദ്ദേഹത്തിൽനിന്നു പട്ടം സ്വീകരിച്ചവനുമായ ഒരു കത്തനാർ അങ്കമാലിയിൽ പെരിയപള്ളിയിൽ വസിച്ചിരുന്നു. മാർ തോമ്മാ പ്രഥമൻ അവിടെവച്ചു മരിച്ചു, അവിടത്തെ സംസ്കരിക്കപ്പെട്ടശേഷം അദ്ദേഹത്തിന്റെ സഹോദരിയുടെ പുത്രനായ പ്രസ്തുത കത്തനാർ രണ്ടാം മാർത്തോമ്മാ ആയി നിയമിക്കപ്പെടുകയാണുണ്ടായത്.

യഥാർത്ഥത്തിൽ അഞ്ചാമനെങ്കിലും ചരിത്രകാരന്മാരാൽ നാലാമനായി പരിഗണിക്കപ്പെടുന്ന മേൽപ്പറഞ്ഞ മാർ തോമ്മായുടെ പുരോഗാമികളുടെ കാലത്ത്— ൧൯൩൯—ൽ— അൽവായക്കാരൻ അന്ത്യ

യോസു എന്നു പേരോടുകൂടിയ ഒരു യാക്കോബായ വൈദികൻ മലങ്കരയിൽ വന്നുചേർന്നു. അദ്ദേഹത്തിന്റെ ആഗമനം കൊച്ചിക്കാരൻ റഫായേൽ പാതിരി മാർ അലക്സ് സാണ്ടറിന്റെ സഹായിയും അനുഗാമിയുമായി നിയമിക്കപ്പെട്ടിരുന്ന കാലഘട്ടത്തിലായിരുന്നു. ആ നിയമനംമൂലം പഴയകൂറുകാരുടെ ഇടയിൽ ചലിയ അതൃപ്തിയുണ്ടാകകൊണ്ട് അസാമാന്യമായ ക്ഷോഭങ്ങൾ സംഭവിച്ചുകൊണ്ടിരുന്നതിനാൽ അന്ത്യയോസ് അവരെ സ്വാധീനപ്പെടുത്തേണ്ടതിനായി താൻ മാപ്പ്പ്പായാൽ അയക്കപ്പെട്ട ഒരു പാത്രിയർക്കീസാണെന്നു പ്രസ്താവിക്കയും അതിലേക്കു ഒരു തിരുവെഴുത്തു വ്യാജമായി നിർമ്മിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എങ്കിലും അദ്ദേഹം ലഹരിപദാർത്ഥങ്ങളിൽ അത്യാസക്തനായിരുന്നതിനാൽ ഒടുവിൽ പുത്തൻകൂറുകാരുടെ ഇടയിൽക്കൂടിയും അദ്ദേഹത്തിനു സ്വാധീനത ഇല്ലെന്നുള്ള സ്ഥിതിലായി. ആ രംഭത്തിൽ കുറേക്കാലം കല്ലൂക്കുട്ട പള്ളിയിൽ താമസിച്ചു. അനന്തരം അദ്ദേഹത്തിന്റെ ഉന്മാദം ഹേതുവായിട്ട് അവിടെയുണ്ടായിരുന്ന ഇഷ്ടജനങ്ങളുടെപോലും വെറുപ്പു സമ്പാദിക്കയാൽ അവിടംവിട്ടു കല്ലടപ്പോയി പാർക്കുകയും അവിടെ ക്രിസ്തുവർഷം ൧൮൩൭ൽ മദോന്മത്തനായി ആറ്റിൽവീണു മരിക്കയും ചെയ്തു. അദ്ദേഹത്തെ സംസ്കരിച്ച സ്ഥലത്തു വളരെക്കാലത്തേക്കു നേർച്ചകൾ മുതലായവ നടത്തുകൊണ്ടിരുന്നു. "കല്ലട മൂപ്പൻ" എന്നാണു ജനങ്ങൾ അദ്ദേഹത്തെ അഭിധാനം ചെയ്തിരുന്നതു (31). ഓരോ ഇടവകപ്പള്ളികളിലെ പ്രായാധിക്യമുള്ള വൈദികന്മാരെ 'മൂപ്പൻ അച്ചൻ' അഥവാ 'മൂപ്പച്ചൻ' എന്നു സുറിയാനിക്കാർ വിളിക്കുക പതിവായിരുന്നു. ഇങ്ങനെയാണ് കല്ലടയിലെ മൂപ്പൻ അച്ചൻ എന്ന അർത്ഥത്തിൽ 'കല്ലട മൂപ്പൻ' എന്ന് അന്ത്യയോസിനു പേരുണ്ടായതു്. യൂറോപ്യൻ വൈദികന്മാരെ മൂപ്പൻ അച്ചൻ എന്നും മൂപ്പൻ പാതിരി എന്നും വിളിക്കുന്ന ഒരു നടപ്പു മലയാളത്തിൽ ഉണ്ട്. വരാപ്പുഴെ പാത്തിരുന്ന മിഷ്യനറിമാരിൽ പ്രായാധിക്യമുള്ളവരെ മൂപ്പൻ അച്ചൻ അഥവാ മൂപ്പൻ പാതിരി എന്നു സുറിയാനിക്കാർ പണ്ടു വിളിച്ചുവന്നു. ആ സംബോധനാരീതി കാലക്രമേണ യൂറോപ്യന്മാരായ എല്ലാ വൈദികന്മാരേയും ഉദ്ദേശിച്ചു ഉപയോഗിക്കപ്പെടുവാൻ ഇടയായി.

൨൭. അന്ത്യയോസിന്റെ മരണാനന്തരം അന്ത്യാക്യായിൽ നിന്നു ബസേലിയോസ്, യോഹന്നാൻ എന്നു രണ്ടു യാക്കോബായ മെത്രാന്മാർ ക്രിസ്തുവർഷം ൧൮൩൮ൽ മലയാളത്തിൽ വന്നു. ബസേലിയോസ്, കാസോലിക്കാ അഥവാ മഫ്രിയാനാ സ്ഥാനിയും യോഹന്നാൻ മെത്രാനുമായിരുന്നെന്നു മേൽ ലക്കത്തിൽ വിവരിച്ചിട്ടുള്ള നാലാം മാത്തൻമായുടെ ലേഖനത്തിൽനിന്ന് നമുക്കു മനസ്സിലാക്കാം. അവരോടൊരുമിച്ചു് രണ്ടു അർമ്മേനിയൻ ശമ്മാശ്മാരും ഒരു യെസനായ ശമ്മാശും ഉണ്ടായിരുന്നു. ബസേലിയോസ് ഇവിടെ എത്തീട്ടു ൧൨-ാം ദിവസം മരിക്കയും കോതമംഗലത്തു ചെറിയ പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. മാർ യോഹന്നാൻ ക്രിസ്തുവർഷം സജീവനാ

യിരുന്നു. അദ്ദേഹം മുളന്തുരുത്തിപ്പള്ളിയിൽ മരിച്ചു്, അവിടെ സം സ്കരിക്കപ്പെട്ടു. സുറിയാനി ഭാഷയിൽ വളരെ നൈപുണിയുള്ളവനാ യിരുന്ന അദ്ദേഹം അറബി ഭാഷാരീതി അനുസരിച്ചു് സുറിയാനിയി ൽ പലേ ലേഖനങ്ങൾ എഴുതി അതുകൾ വഴിയായി പുത്തൻക്രൂ കാരോടും അക്കാലത്തെ മാർ തോമ്മായോടും തക്കങ്ങൾ നടത്തിവന്നി രുന്നു. മാർ തോമ്മാ അദ്ദേഹത്തോടു് എതിർത്തുനിൽക്കാതിരുന്നുമില്ല. മേൽ ക്ര൦—൧൦ ലക്കത്തിൽ പറഞ്ഞിട്ടുള്ള മാർ ഗ്രിഗോറിയോസിന്റെ പുതിയ ഉപദേശങ്ങൾക്കും പുറമേ മാർ യോഹന്നാൻ മുതൽപേർ ക്രൂ ാലായി ചില കായ്ങ്ങളെല്ലാം ജനങ്ങളോടുപദേശിക്കയും അവരു ടെ ഇടയിൽ പ്രചരിപ്പിക്കയുമുണ്ടായി. അവരുടെ നവീന സിദ്ധാന്ത ങ്ങൾ:— കൽക്കദോനിയാ (Chalcedonia) സൂനഹദോസിനെ സ്വീ കരിക്കേണ്ടതല്ല,— മ്ശീഹായിൽ ഒരു സ്വഭാവംമാത്രം ഉള്ളതുപോ ലെ ഏകമനസ്സും ഏകപ്രവൃത്തിയും മാത്രമേ ആ പരിശുദ്ധാവിൽ ഉള്ളു,— നാമ്യകാലത്തിൽ പുനരുത്ഥാനത്തിരുനാൾവരെ കുർബാന ചൊല്ലുവാൻ പാടുള്ളതല്ല, എങ്കിലും ഞായറാഴ്ച നോമ്പില്ലാത്ത ദിവസമാകയാൽ അ ന്നു് കുർബാന ചൊല്ലാവുന്നതാണ്,— ആത്മാക്കൾ മരണശേഷം ഉടനെതന്നെ ദൈവദർശനം (Beatific Vision) അനുഭവിക്കയില്ല,— നിസ്സകൊണ്ടല്ലാതെ മുട്ടുകുത്തിക്കൊണ്ടു പ്രാർത്ഥിക്കരുതു്,— വൈദിക ർ വിവാഹം ചെയ്യണം,— ഞെക്കിക്കൊല്ലപ്പെട്ട മാംസം ഭക്ഷിച്ചുകൂ ടാ,— കൊത്തുരുവങ്ങളും കുരിശുരുവങ്ങളും പള്ളികളിൽനിന്നു നീ ക്കികളയേണ്ടതാണു്, ചായാപടങ്ങളും എഴുത്തുരുവങ്ങളും പള്ളികളി ൽ ഉപയോഗിക്കാവുന്നതും അതുകൾക്കു വണക്കംചെയ്യേണ്ടതുമാണ്— ഇത്യാദികൾ ആയിരുന്നു. സിറിയായിൽ ആലെപ്പോ (Allepoo) നഗ രവാസിയും റോമയിലെ പ്രോപ്പഗാന്ത വിദ്യാലയത്തിൽ പഠനം നി ർവ്വഹിച്ചശേഷം സുറിയാനി പഠിപ്പിക്കുവാനായി റോമയിൽനിന്നു ആ കാലഘട്ടത്തിൽ മലയാളത്തിലേക്കു അയക്കപ്പെട്ടിരുന്നവനുമായ ബ ത്തല്ലൂമ്മാ ഹന്ന (Hanna) എന്ന വൈദികൻ മാർ യോഹന്നാൻ മു തൽപേരോടു് എതിർത്തു തക്കംനടത്തുകയുണ്ടായി. ഈ സംഗതിക ളെല്ലാം അദ്ദേഹം ക്രസ്തുവ൪ഷം നവംബർമാസം ൨൦തീയതി പ്രോപ്പഗാ ന്ത് തിരുസംഘത്തിലേക്കു അയച്ച എഴുത്തിലും അക്കാലത്തു് മലയാള ത്തിൽ താമസിച്ചിരുന്ന ആൻജെലൂസ് പ്രാൻസീസ്കൂ, അമാൻദൊ, ഇന്നൊസെൻറു് ആദിയായ കർമ്മലീത്താ മിഷ്യനറിമാരുടെ എഴുത്തുക ളിലും വിവരിക്കപ്പെട്ടിട്ടുള്ളതാണ് (32).

മാർ യോഹന്നാനും മറ്റും മലയാളത്തിൽ വന്നിട്ടു് ഏറെ നാൾ കഴിയുന്നതിനുമുമ്പായി അക്കാലത്തു സഭാഭരണം ചെയ്തിരുന്ന മാർ തോമ്മാ ചരമപ്രാപിച്ചു അനന്തരം മേൽലക്കത്തിൽ പ്രസ്താ വിക്കപ്പെട്ട മാർ തോമ്മാ ഛത്രഭ്രൻ സ്ഥാനാരോഹണം ചെയ്തുയും തി രുവിതാംകൂർ സ്റ്റേയ്റ്റ് മാനുവലിൽ (Vol. II. p. 205) മിസ്റ്റർ മെ ക്കൻസി പറഞ്ഞിരിക്കുംപോലെ ക്രൈവ—ൽ അദ്ദേഹം പരേതനാ യതുവരെ യാക്കോബായ സഭയുടെ നേതൃത്വംവഹിക്കയും ചെയ്തു. അ

ദ്ദേഹത്തിന് സ്വന്ത മെത്രാൻപട്ടത്തിന്റെ സാധുതയെപ്പറ്റി സംശയം ജനിക്കുകകൊണ്ട് "കൈയ് വെപ്പു"ള്ള ഒരു മെത്രാനിൽനിന്ന് അതു സ്വീകരിക്കണമെന്ന് അപാരമായ ആഗ്രഹം ഉളവായിച്ചു. മാത്രമല്ല, സുറിയാനി ജനസഞ്ചയത്തിൽ കടന്നുകൂടിയ ഭിന്നതയെല്ലാം അവസാനിച്ച് പുത്തൻക്കൂറും പഴയക്കൂറും തമ്മിൽ സംയോജിപ്പിക്കപ്പെടണമെന്നും, അദ്ദേഹത്തിന് അത്യുത്സുക്യവും അപേക്ഷയും ഉണ്ടായിരുന്നു. ഈ ആഗ്രഹങ്ങളെ നിവർത്തിക്കേണ്ടതിനായി തന്റെ അധികാരത്തിൽപ്പെട്ട വൻ പള്ളിക്കാരുടേയും പ്രധാനന്മാരായ കശ വൈദികന്മാരുടേയും കൈയൊപ്പോടുകൂടി ൧൭൨൬-ൽ ഇടപ്പള്ളിപ്പള്ളിയിൽ നിന്ന് മാപ്പുപ്പായിക്കായി റോമയിലേക്ക ഒരെഴുത്തയച്ചു. അതിൽ: – ക. അവർ മതത്യാഗം ചെയ്യുന്നതിനുണ്ടായ കാരണം പൌലീനുരുടെ ഞെരുക്കമാണെന്നു വിചരിക്കയും,– ഖ. കമ്മലീത്തരെ അയച്ചതു നന്നായെന്നും അതിനെപ്പറ്റി നന്ദിപറയുന്നെന്നും പ്രസ്താവിക്കയും,– ഗ. സുറിയാനിക്രമം മലയാളത്തിലെല്ലാം ആചരിക്കുവാൻ തിരുമനസ്സുകൊണ്ട കല്പിക്കണമെന്ന് അപേക്ഷിക്കയും,– ഘ. ആൻജെലൂസ് പ്രാൻസിസ് എന്ന അക്കാലത്തെ കമ്മലീത്താ മെത്രാനും മാർ തോമ്മായും കൂടി മലയാളത്തിൽ സഭാഭരണം നിർവ്വഹിക്കുവാൻ ഏർപ്പാട് ചെയ്യണമെന്നു പ്രാർത്ഥിക്കയും ചെയ്തിരുന്നു. മാർതോമ്മാ തുടങ്ങിയുള്ളവരുടെ ഈ ലേഖനത്തെപ്പറ്റി കത്തോലിക്കരും കത്തോലിക്കരല്ലാത്തവരുമായ പലേ ഗ്രന്ഥകാരന്മാർ എഴുതി സാക്ഷിച്ചിട്ടുള്ളതാണ്. (33) ഈ എഴുത്തു മേൽപ്രസ്താവിച്ച ആൻജെലൂസ് പ്രാൻസീസ് മെത്രാൻ കമ്മലീത്താ സഭയിലെ അഗസ്റ്റിൻ (Fr. Augustine of St. Eleazar) എന്ന വൈദികൻ വഴി ആയാണ്ട ഡിസംബർ ൧൯–ാം നു- റോമ്മായിലേക്ക അയക്കുകയും മലയാളത്തിലെ വൈദികന്മാർക്ക പുളിച്ച അപ്പവും (ܚܡܝܥܐ) പുളിയ്ക്കാത്ത അപ്പവും (ܦܛܝܪܐ) ഉപയോഗിച്ചു കുർബാന ചൊല്ലുന്നതിനു അനുമതി നൽകണമെന്നും അങ്ങനെ ചെയ്യുന്നതായാൽ ശീശ്മ ശക്തി കുറയുവാൻ ഇടയുണ്ടെന്നും അറിയിക്കയും ചെയ്തു. എങ്കിലും ഈ അനുവാദം ലഭിച്ചതായി അറിവില്ല. അതിന്റെ ആവശ്യകതയെപ്പറ്റി വീണ്ടും ബലമായി താക്കീതു ചെയ്തിരുന്നതിനാൽ കാര്യം സാധിക്കാതെ പോകയോ ഒരു പക്ഷേ സാധിതമായെങ്കിൽ അധികൃതന്മാർ മറ്റു വല്ല കാരണവശാലും അതു പ്രസിദ്ധമാക്കാതിരിക്കയോ ചെയ്തതായിരിക്കാം. എന്നാൽ മാർതോമ്മായുടെ ഭരണത്തിനു അനുകൂലമായി ആൻജെലൂസ് മെത്രാൻ റോമ്മയിൽ യാതൊന്നും പ്രബോധിപ്പിക്കുകയുണ്ടായില്ല. അദ്ദേഹത്തിനു (മാർതോമ്മായിക്ക) അതിലേക്ക അപേക്ഷയുണ്ടായിരുന്നതിനാൽ അതിനായി അദ്ദേഹം എന്തു ചെയ്യണമെന്നു അറിയിച്ചിരുന്നെങ്കിൽ അതു ചെയ്യുമായിരുന്നു.

മാത്തോമ്മാ ഇങ്ങനെ ഒരപേക്ഷ ചെയ്തതു തനിക്കു മെത്രാൻപട്ടവും അധികാരവും കിട്ടുമ്പോൾ വിദേശിയരായ കത്തോലി

ക്കരേയും യാക്കോബായക്കാരേയും മലയാളത്തിൽ നിന്നു നാടുകടത്തിക്കളയാമെന്നു കരുതിയാണെന്നു പൌലീനോസു (P. 107) പറഞ്ഞിരിക്കുന്നതു നിർണ്ണീകരിക്കപ്പെടാവുന്നതല്ല. കാരണം, യാക്കോബായക്കാരായ വിദേശീയരെ വരുത്താതിരിക്കുവാനോ, പന്നു എന്നായാൽത്തന്നെയും നാടുകടത്തിക്കളയുവാനോ അദ്ദേഹത്തിനു ഇതുകൊണ്ടു സാധിക്കുമെന്നായിരുന്നാലും കത്തോലിക്കരായ കമ്മെലിത്താക്കാർ ആദിയായവരെ ഈ വിധം ബഹിഷ്കരിക്കുവാൻ അദ്ദേഹത്തിനു ഒരിക്കലും സാദ്ധ്യമല്ലായിരുന്നു. അപേക്ഷയുടെ നിലയിൽ മാർത്തോമ്മാ അയച്ച മേൽപറഞ്ഞ എഴുത്തിനു യാതൊരു മറുപടിയും ലഭിക്കായ്കകൊണ്ടു അതിൽപിന്നെ അഞ്ചു സംവത്സരങ്ങൾ കഴിഞ്ഞു— ൧൬൯൯ൽ അദ്ദേഹം അന്ത്യോക്യായിലേക്കു ഒരെഴുത്തയക്കയും (ല. പന്നു) ഒരു പാത്രിയർക്കീസിനേയും ഒരു മെത്രാപ്പോലീത്തായേയും അയച്ചുകൊടുക്കണമെന്നു തൻമൂലം അപേക്ഷിക്കയുമുണ്ടായി. പ്രസ്തുത മാർത്തോമ്മാ പട്ടവന പറവൂർ, (വടക്കൻപറവൂർ) ഇടപ്പള്ളി, കോട്ടയം, നിരണം എന്ന സ്ഥലങ്ങളിലായിട്ടാണ് അക്കാലത്തു പാർത്തുവന്നിരുന്നതു്. അന്നു പുത്തൻക്രൂറുകാരും പഴയക്രൂറുകാരും തമ്മിൽ ഇക്കാലത്തെപ്പോലെയുള്ള അകൽച്ചയും വൈരിതിരിവും ഇല്ലായിരുന്നതിനാൽ മാർത്തോമ്മായ്ക്കു ഇടപ്പള്ളിൽ പാർക്കുന്ന സംഗതിയിൽ പ്രതിബന്ധങ്ങളൊന്നും ഉണ്ടായിരുന്നില്ല. ൧൬൯൯ൽ അന്ത്യോക്യായിലേക്കു മാർത്തോമ്മാ അയച്ച എഴുത്തിനു യാതൊരു മറുപടിയും കിട്ടാഞ്ഞതിനാൽ അതേ കാര്യങ്ങളെ തന്നെ പ്രതിപാദിക്കുന്ന വേറൊരെഴുത്തു ൧൭൦൨ൽ രണ്ടാമതും അയച്ചു. കൊച്ചിയിലെ ഡച്ചുകാർവഴി അയച്ച ആദ്യലേഖനം ഹോലണ്ടിന്റെതലസ്ഥാനപട്ടണമായആംസ്റ്റർഡാമിൽ(Amsterdam) എത്തിയപ്പോൾ ലെയ്ഡൻ (Leyden) സർവ്വകലാശാലയിലെ പൂർവ്വദേശീയ ഭാഷാദ്ധ്യാപകനായ ഡോക്ടർ ചാൾസ്ഷാഫ് അതു ഭാഷാന്തരം ചെയ്യുകയും ൧൭൦൪ൽ മാത്തോമ്മായുമായി ചില എഴുത്തുകുത്തുകൾ നടത്തുകയുമുണ്ടായി. അതിനുശേഷമാണ് രണ്ടാമത്തെ എഴുത്തു മാർ തോമ്മാ അയച്ചതു. അതിനും അന്ത്യോക്യായിൽനിന്നു യാതൊരു മറുപടി ലഭിക്കുകയാകട്ടെ അപേക്ഷപോലെ മെത്രാന്മാരെ അയച്ചുകൊടുക്കയാകട്ടെ ഉണ്ടായില്ല. അതിനാൽ സാധ്യവായവിധത്തിൽ മെത്രാൻപട്ടം ഏൽക്കുന്നതിനു അദ്ദേഹത്തിനുകഴിയാതെപോകയും ഇങ്ങനെ ൧൭൨൯—ാമാണ്ടു ചരമം പ്രാപിക്കയും ചെയ്തു.

൧൭൨. മാർ തോമ്മാ ചതുർത്ഥൻ അസന്നമരണനായിരിക്കയിൽ സ്വന്ത അനന്തരവനെ അനുഗാമിയായി നിയമിച്ചു. മാർ തോമ്മാ പഞ്ചമൻ എന്ന സ്ഥാനാഭിധാനത്താൽ അറിയപ്പെട്ടുന്ന ഇദ്ദേഹം ൧൭൨൯ മുതൽ ൧൭൭൬വരെ പുത്തൻക്രൂറുകാരുടെ അദ്ധ്യാത്മനേതാവായിരുന്നു. ആ കാലഘട്ടത്തിൽ ഭാരതഖണ്ഡത്തിൽ നിവസിച്ചിരുന്ന ഡെയ്നീഷ് മിഷ്യനറിമാർ (Danish Protastant Missionaries) പുത്തൻക്രൂർ സുറിയാനിക്കാരുമായി സഖ്യംനേടുവാൻ പരിശ്രമിക്കയുണ്ടായി. എന്നാൽ തങ്ങളുടെയും അവരുടെയും മതവിശ്വാസങ്ങളുടെ

വൈപരീത്യം നിമിത്തം അതു അസാദ്ധ്യമെന്നു കാണുകയാൽ ആ വക ശ്രമം വിട്ടു കളയേണ്ടതായിവന്നു. മാർ തോമ്മാ പഞ്ചമനും കാരണവൻ മാർ തോമ്മാ ചതുർത്ഥനും അക്കാലത്തു സജീവനായിരുന്ന മാർ ഗബ്രിയേൽ മെത്രാപ്പോലീത്തായുമായി രമ്യതയില്ലാതെയാണ് വർത്തിച്ചിരുന്നതു്. ഈ രമ്യതക്കുറവിനെ പ്രത്യക്ഷീകരിക്കുന്ന ഒരെഴുത്തു് കണ്ടനാട്ടുനിന്നു ൧൭൯൯ ജൂൺമാസത്തിൽ കൊച്ചിയിലെ ഡച്ചു അധികാരിക്കു (Commandant) മാർ തോമ്മാ (പഞ്ചമൻ) അയച്ചു. മാർ ഗബ്രിയേൽ മൂലം തനിക്കു നേരിട്ടുകൊണ്ടിരുന്ന ഉപദ്രവങ്ങളിൽനിന്നു ഡച്ചുകാർ തന്നെ സംരക്ഷിക്കേണ്ടതിനായിരുന്നു അദ്ദേഹം ഇങ്ങനെ എഴുതി അയച്ചതു്. ഈ എഴുത്തിനു ഡച്ചു ചാപ്പലാൻ ആയ നിക്കോലായി (Nicolai) പ്രസ്തുത വത്സരം ജൂലൈ മാസത്തിൽ അയച്ച മറുപടിയിൽ ഏവുത്തിക്കിയ (Eutychion) നായ മാർ തോമ്മായേയും നെസ്റോറിയനായ മാർ ഗബ്രിയേലിനേയും (മാർ ഗബ്രിയേൽ നെസ്റോറിയൻ ആയിരുന്നെന്നാണ് അക്കാലത്തു മലയാളത്തുണ്ടായിരുന്ന യൂറോപ്യന്മാർ പറഞ്ഞുവന്നിരുന്നതു്) രഞ്ജിപ്പിച്ചു നേർവിശ്വാസ (Orthodox faith) ത്തിലേക്കു് ആനയിക്കുവാൻ താൻ ശ്രമിക്കുന്നതാണെന്നു പ്രസ്താവിക്കപ്പെട്ടിരുന്നു. ഡച്ചുകാർ ഈ വിധം തന്റെ വിശ്വാസകാര്യങ്ങളിൽ പ്രവേശിക്കുന്നതിനു മാർ തോമ്മായിക്കു് മനസ്സുണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം തന്റെ മേലാവായ അന്ത്യോക്യാ പാത്രീയർക്കീസിന്റെ അനുമതിക്കുടാതെ ഇതിനു സമ്മതിക്കുവാൻ തനിക്കു നിവൃത്തിയില്ലെന്നു ൧൭൯൦ ഫെബ്രുവരി ൧൫-ാനു കണ്ടനാട്ടുനിന്നു നിക്കോലായിക്കു് ഒരു മറുപടി അയച്ചു. സ്വന്ത പട്ടത്തിന്റെ സാധുതയെപ്പറ്റി അഞ്ചാമനായ ഈ മാർ തോമ്മായിക്കും സംശയം ജനിക്കുക നിമിത്തം "കൈയ് വെപ്പു"ള്ള ഒരു മെത്രാനിൽനിന്നു അതു സാധുവായി സ്വീകരിക്കണമെന്നു അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നു. അതിനാൽ ഡച്ചുകാരുമായി ഇങ്ങനെ ഒരു ലേഖന പരമ്പര ഉണ്ടാകുവാനുള്ള കാരണം മാർ ഗബ്രിയേൽ ആയിരുന്നെങ്കിലും അടുത്ത ആണ്ടിൽ- ൧൭൯൧-ൽ അദ്ദേഹം രോഗപീഡിതനായി കിടക്കുകയിൽ അദ്ദേഹത്തിനിനു സാധുവായി പട്ടം സ്വീകരിക്കേണ്ടതിനായി മാർ തോമ്മാ കോട്ടയത്തു ചെല്ലുകയുണ്ടായി. എന്നാൽ മാർ ഗബ്രിയേൽ മരണാസന്നതയിൽ എത്തിയിരുന്നതുകൊണ്ടു് ഉദ്ദിഷ്ടകാര്യം സാധിക്കാതെ മാർ തോമ്മാ തിരിച്ചുപോകേണ്ടതായി വന്നു. (34) മാർ ഗബ്രിയേലിൽനിന്നു ആചാര്യത്വം സ്വീകരിച്ചവർ മലയാളത്തിൽ പല ഇടവകകളിലായി വളരെപ്പേർ ഉണ്ടായിരുന്നു. അവരിൽ തെക്കൻപള്ളിപ്പുറത്തു പള്ളി ഇടവകക്കാരൻ ശീവഗ്ഗീസു കത്തനാരും കല്ലൂക്കാട്ട പള്ളി ഇടവകക്കാരനായ ഒരു മൂപ്പൻ കത്തനാരും മാർ ഗബ്രിയേൽ മരിക്കാറായിരുന്ന അവസരത്തിൽ പ്രസ്തുത മാർ തോമ്മാ കോട്ടയത്തു അദ്ദേഹത്തിന്റെ പക്കൽചെന്നു തനിക്കു പട്ടം കൊടുക്കണമെന്നു അപേക്ഷിച്ചെന്നും രോഗം മൂർദ്ധന്യത്തെ പ്രാപിച്ചിരുന്നതിനാൽ അപേക്ഷപോലെ ചെയ്യുന്നതിനു അദ്ദേഹത്തിനു സാധിക്കാതെ

പോയെന്നും സാക്ഷിച്ചിട്ടുണ്ട്. (35) ഡച്ചുലേഖകന്മാർ മാർ ഗബ്രിയേലിനെപ്പറ്റി ബഹുമാന പൂർവ്വകമായും മാർ തോമ്മായെപ്പറ്റി അജ്ഞൻ, ആഡംബരങ്ങളിൽ ആസക്തൻ എന്നിങ്ങനെയെല്ലാം ഹാസ്യമായും എഴുതിയിരിക്കുന്നതായി തിരുവിതാംകൂർ സ്റ്റേയ്റ്റു മാനുവൽ (Vol. II. p. 203) പ്രസ്താവിക്കുന്നു.

മാർ ഗബ്രിയേലിൽനിന്നു യഥാവിധി പട്ടം സ്വീകരിക്കുവാൻ ഇടയാകാഞ്ഞതുകൊണ്ട് അതിനായി ഒരു മെത്രാനെ മൊസലിൽ നിന്നോ പേർഷ്യായിൽ നിന്നോ വരുത്തികൊടുക്കണമെന്നു മാർ തോമ്മാ ഡച്ചുകാരോടു അപേക്ഷിച്ചു. അതനുസരിച്ച്, ഏസക്കിയെൽ എന്നൊരു യൂദൻ ഡച്ചു അധികാരികളുടെ അനുമതിയോടുകൂടി യോഹന്നാൻ എന്നപേരുള്ള ഒരു മെത്രാനെ ഒരു ഡച്ചുകപ്പലിൽ കൊണ്ടുമാണ്ട് കൊച്ചിയിൽ കൊണ്ടുവന്നിറക്കി. ഈ മാർ യോഹന്നാൻ ഒരു യൂദൻ മാത്രമല്ലാതെ മെത്രാൻ പദത്തിലുള്ള ഒരാൾ അല്ലാതിരുന്നെന്നും മറ്റും ചില ഗ്രന്ഥകാരന്മാർ പറയുന്നുണ്ട്. അദ്ദേഹം കേവലം ഒരു യൂദനായിരുന്നെന്നുള്ള പ്രസ്താവം വിശ്വാസയോഗ്യമല്ല. വാസ്തവത്തിൽ അദ്ദേഹം മെത്രാൻ തന്നെയായിരുന്നു. എങ്കിലും ഗുണവാനായ ഒരാൾ അല്ലായിരുന്നെന്നു താഴ വിവരിക്കുന്ന സംഗതികളിൽ നിന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. മാർ യോഹന്നാൻ മുളന്തുരുത്തി, കണ്ടനാട്ടു, പിറവം, മുളക്കുളം ആദിയായ പള്ളികളിലെ കുരിശുരൂപങ്ങളും കൊത്തുരൂപങ്ങളും തകർത്തുകളകയും ദഹിപ്പിക്കുയും ചെയ്തു. ലഹരിപദാർത്ഥങ്ങളിൽ അദ്ദേഹത്തിനു അത്യധികമായ ആസക്തിയുണ്ടായിരുന്നു ഒരു പള്ളിയിലെ വെള്ളിസാമാനങ്ങളെല്ലാം മോഷ്ടിച്ചു കൊച്ചിയിലെ യൂദന്മാക്കു അദ്ദേഹം കൊടുക്കേണ്ടിയിരുന്ന പണത്തിനു പകരം കൊടുക്കയുണ്ടായി എങ്കിലും പള്ളിക്കാർ വിവരം അറിഞ്ഞു സാമാനങ്ങളെല്ലാം തിരിച്ചെടുത്തു. പല പള്ളികളിൽനിന്നും പണം അപഹരിക്കുകമൂലം കൊച്ചിരാജാവു മാർ യോഹന്നാനെ ബന്ധനത്തിൽ ആക്കുകയും അദ്ദേഹത്തിന്റെ ഉന്മാദാസക്തിയും അദ്ദേഹം വരുത്തിക്കൂട്ടിയ ദുഷ്പ്രഭുക്കളും ഹേതുവായിട്ടു കൊച്ചിയിലെ ഡച്ചു അധികാരി ഫ്രെഡറിക്കിൽ അദ്ദേഹത്തെ ബസ്സറായിലേക്കു അയച്ചുകളയുകയും ചെയ്തു. (36) അദ്ദേഹത്തെ തിരികെ വിളിക്കുന്നതിനായി യാക്കോബായ പാത്രിയർക്കീസ് അയച്ച കല്പന ഇക്കായ്ത്തിൽ ഡച്ചു അധികാരികൾക്കു ഒരു സഹായമായും ഭവിച്ചു.

സമുദായത്തിൽ കടന്നുകൂടിയ ഭിന്നത തീർത്തു പുത്തൻക്രൂം പഴയക്രൂം തമ്മിൽ ഒന്നിപ്പിക്കണമെന്നു മാർ തോമ്മാ ചതുർത്ഥനു എത്ര വലുതായ ആഗ്രഹം ഉണ്ടായിരുന്നുവോ അത്ര തന്നെ ആഗ്രഹം അനന്തരവൻ മാർ തോമ്മായിക്കും ഉണ്ടായിരുന്നു. ഈശോസഭക്കാരെയും കർമ്മലീത്തരെയും മലങ്കരയിൽനിന്നു ബഹിഷ്കരിക്കാതെ അതു സാധിതമാകയില്ലെന്നു അദ്ദേഹം കരുതുകകൊണ്ടു അതിനായി കൊച്ചിയിലെ ഡച്ചു അധികാരിയുടെ സഹായം ആവശ്യപ്പെട്ടു. ഇരുകക്ഷികളും ചേർന്നു അതിനായി ഒരു തക്കം നടത്തണമെന്നും തക്ക

ത്തിൽ കത്തോലിക്കർ (ഈശോസഭക്കാരും കമ്മലീത്തരും) ന്യായ ശക്തി (Force of arguments) സമ്മതിച്ചശേഷം വിരോധവും പി സമ്മതവും കാണിക്കുന്നപക്ഷം താൻ അതിൽ പ്രവേശിച്ചുകൊള്ളാമെ ന്നുമായിരുന്ന മാർ തോമ്മായുടെ അപേക്ഷക്കു ഡച്ച അധികാരി പറ ഞ്ഞ മറുപടി. (37) മാർ തോമ്മായാകട്ടെ തക്കത്തിനു ഒരുമ്പെടാതെ പിന്മാറിക്കളകയാണുണ്ടായത്. അനന്തരം മേൽപറഞ്ഞ പുനരൈക്യം ലഭിക്കേണ്ടതിനായി ക്രൈവ–ത്മാപ്പാപ്പായിക്കായി റോമ്മയിലേക്കു അ ദ്ദേഹം ഒരെഴുത്തയച്ചു. അതിൽ, മാർ തോമ്മാശ്ലീഹാ തങ്ങളുടെ ദി കിൽ സുവിശേഷപ്രസംഗം ചെയ്തു ഭരണാധികാരികളെ ഏല്പിച്ചുത്തി യെന്നും പിന്നീടു ക്രൻവ വരെ സുറിയാനിക്കാരായ മെത്രാപ്പോലീ ത്താമാരും മെത്രാന്മാരും വന്നുകൊണ്ടിരുന്നെന്നും, ആ സംവത്സരത്തി ലാകട്ടെ സ്വന്ത മെത്രാന്മാർ ഇല്ലാതെ വരികകൊണ്ടു ലത്തീൻകാരെ അനുഗമിക്കയും അതുമുതൽ വളരെ കഷ്ടതകളും ഉപദ്രവങ്ങളും അനു ഭവിക്കുവാൻ തങ്ങൾക്കു ഇടയാകയും ചെയ്യുന്നും, ഒടുവിൽ മാർ അ ഹത്തല്ലാ വന്ന സമയം പോർട്ടുഗീസുകാർ അദ്ദേഹത്തെ അപായ പ്പെടുത്തിയതിനാൽ അക്കിടിയാക്കോനെ മെത്രാപ്പോലീത്താ ആക്കി നി യമിച്ചെന്നും, ഉടനെതന്നെ ൫–ാമത്തെ അലക്സാണ്ടർ മാപ്പാപ്പാ യിക്കു എഴുതി അയക്കുകയും അവിടുന്നു ജോസേഫ് മെത്രാൻ വഴി മറുപടി അയക്കുകയും ചെയ്യെന്നും, സുറിയാനി സമുദായം പോർട്ടു ഗീസുകാരുടെയും (പുത്തൻചിറ അധികാരം) കമ്മലീത്തരുടെയും അ ധികാരത്തിൽ ഇരിക്കുന്നവർ ഉൾപ്പെടെ മൂന്നു വിഭാഗങ്ങളായി തൽ ക്കാലം തിരിയുകയും തൻമൂലം പരസ്പരം യോജ്യതയും രമ്യതയും ഇല്ലാ തെ ആയിത്തീരുകയും ചെയ്തിരിക്കുന്നെന്നും, ഗ്രീക്കുകാരെപ്പോലെ കു ബ്ബാനയിൽ പുളിച്ച അപ്പം (ഖമീരാ) ഉപയോഗിക്കുന്നതിനു മാപ്പാ പ്പാ തങ്ങൾക്കും അനുവദിക്കുന്നതായാൽ തങ്ങളെല്ലാവരും ആ തിരു മേനിക്കു കീഴ്പെട്ടിരിക്കുവാൻ ഇടയാകുമെന്നും, കമ്മലീത്താക്കാരോടു തങ്ങളെ സഹായിക്കുവാൻ കല്പിക്കയും പോർട്ടുഗീസുകാരെ നാട്ടിൽ നിന്നു നീക്കുകയും ചെയ്യണമെന്നും മറ്റും പ്രസ്താവിക്കപ്പെട്ടിരുന്നു. (38) ബൊനിഫസ് എന്നൊരു കമ്മലീത്താ വൈദികൻ വഴിയാണ് ഈ എഴുത്തു റോമ്മയിലേക്കു അയച്ചതു്. ഇതിനെ സംബന്ധിച്ചു ക്രിസ്തു സെപ്റ്റംബർ ൫–ാനു റോമ്മയിൽനിന്നു വരാപ്പുഴ വികാ രിഅപ്പസ്തോലിക്കായിക്കു ഒരെഴുത്തയച്ചതായി കാണുന്നു. എന്നാൽ പ്ര സ്തുത ബൊനിഫസ് ആകട്ടെ അദ്ദേഹത്തിന്റെ സഖാക്കളായി അക്കാ ലത്തു മലയാളത്തിൽ ഭരണം നിർവ്വഹിച്ചിരുന്ന മറ്റാരെങ്കിലുമാകട്ടെ മാത്തോമ്മാ മുതലായവർ ഇക്കാര്യത്തിൽ ചെയ്യേണ്ടതെന്തെന്നു പി ന്നീടു തിരക്കുകയൊ റോമ്മയിൽനിന്നു കല്പിക്കുന്നതു ചെയ്വാൻ അവ ക്കു ഒരുക്കമുണ്ടൊ എന്നു അന്വേഷിക്കുകയൊ ചെയ്തതായി യാതൊരു രേഖയുമില്ല. പുളിച്ച അപ്പം ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. (Concession... Could not be given to these Chaldeans) എന്നു മിസ്റ്റർ മെക്കന്നസി തിരുവി

താംക്രൂർ സ്റ്റെയ്റ്റ്മാനപലിൽ പ്രസ്താവിച്ചുകാണുന്നു. ഇതു ഈ സംഗതിയിൽ അദ്ദേഹത്തിനുള്ള അജ്ഞതയെ പ്രത്യക്ഷപ്പെടുത്തുന്ന ഒരു പ്രസ്താവം മാത്രമാണ്. കേരളത്തിലെ വൈദികന്മാർ പുരാതനകാലംതുടങ്ങി പുളിച്ച അപ്പമാണ് കുർബ്ബാനയിൽ ഉപയോഗിച്ചുവന്നതു്. ആ നടപ്പിനെ പോർട്ടുഗീസുകാർ നിറുത്തലാക്കിയതു ബലപ്രയോഗം കൊണ്ടും റോമയിലെ സമ്മതി ക്രൂടാതെയുമായിരുന്നു. ഈ സ്ഥിതിക്കു മേൽ പറഞ്ഞ അനുമതി കൊടുക്കുവാൻ നിവൃത്തിയില്ലായിരുന്നെന്നു പറയുന്നതു പരമാബദ്ധം തന്നെ.

ഇതിനിടയ്ക്കു, മാർ തോമ്മായിക്കു പട്ടം കൊടുക്കേണ്ടതിനായി സിറിയായിൽനിന്നും ഏതാനും മെത്രാന്മാരെ വരുത്തിക്കൊടുക്കുന്നതിനു ഡച്ചുകാർ ഏർപ്പെടുകയും ബസേലിയോസ്, ഗ്രീഗോറിയോസ്, യോഹന്നാൻ എന്നിങ്ങനെ മൂന്നുമെത്രാന്മാരും ഗിവറുഗീസുനമെത്തല്ലാ എന്നൊരു കൊറപ്പിസ്കോപ്പായും (Chorepiscopus) യാക്കോബായ പാത്രിയക്കീസിന്റെ ഒരുകല്പനയോടുകൂടി ൧൭൬൫ ഏപ്രിൽ ൨൯–ാംനു കൊച്ചിയിൽ വന്നിറങ്ങുകയുംചെയ്തു. അവരോടൊരുമിച്ചു ശക്രല്ലാ എന്നും അദായി എന്നും പേരുള്ള രണ്ടു ശമ്മാശന്മാരും ഉണ്ടായിരുന്നു. അവർ കൊണ്ടുവന്നിരുന്ന പാത്രിയക്കീസിന്റെ കല്പനയനുസരിച്ചു മുകളിൽ പറഞ്ഞിട്ടുള്ള മാർ യോഹന്നാൻ മലയാളം വിട്ടു പോകയും ഡച്ചുകാർ അദ്ദേഹത്തെ ബസ്സറായിലേക്കു അയക്കയുമുണ്ടായി. പുതുതായി വന്ന മതാദ്ധ്യക്ഷന്മാരിൽ മാർ ബസേലിയോസു പ്രധാനിയായിരുന്നു. അദ്ദേഹം കണ്ടനാട്ടു, മട്ടാഞ്ചെരി എന്ന സ്ഥലങ്ങളിലും, ഗ്രീഗോറിയോസു വടക്കൻ പറവൂരിലും, യോഹന്നാൻ കായങ്കുളത്തും വാസം ഉറപ്പിച്ചു. ഡ്യൂപെറോൻ (Duperon) എന്ന പ്രഞ്ചുസഞ്ചാരി ൧൭൭൫–ൽ കണ്ടനാട്ടു ചെന്ന മാർ ബസേലിയോസിനെ സന്ദർശിക്കയുണ്ടായി. (Chr. in Trav. P. 89. note (96); White house P. 228) ഇവരെ വരുത്തുന്നതിനുള്ള ചെലവുവകക്കായി ൯൦൦൦ (നാലായിരം) രൂപാ കൊടുത്തുകൊള്ളാമെന്നു കൊച്ചിയിലെ ഡച്ചു ഗവർണറിനോടു മാർ തോമ്മാ ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ മാർ തോമ്മായിക്കു പട്ടം കൊടുക്കുന്നതിനും അദ്ദേഹത്തെ മലങ്കര സഭയുടെ അദ്ധ്യക്ഷനായി സ്വീകരിക്കുന്നതിനും ആ മെത്രാന്മാർ വിസമ്മതിക്കുക നിമിത്തം അദ്ദേഹം മേൽപ്പറഞ്ഞ സംഖ്യ കൊടുത്തില്ല. ൧൭–ാം ശതവത്സരത്തിന്റെ മദ്ധ്യഭാഗം കഴിഞ്ഞുള്ള ഈ കാലഘട്ടത്തിൽ കൊച്ചി ഒഴികെ മലയാളത്തിലുണ്ടായിരുന്ന മറു രാജാക്കന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും നാടുകൾ എല്ലാം തിരുവിതാംക്രൂർ പിടിച്ചടക്കുകയും അവ ആ രാജ്യത്തിന്റെ അംശങ്ങളായിത്തീരുകയും ചെയ്തിരുന്നു. ഇതിനിടക്കു, തിരുവിതാംക്രൂർ സ്റ്റെയിറ്റു മാനപലിൽ (Vol 11. P. 208) പ്രസ്താവിച്ചിരിക്കുന്നതുപോലെ, ൧൭൫൫–ൽ മാർ തോമ്മാ പഞ്ചമൻ ചരമം പ്രാപിച്ചു. മരണത്തിനു ഏതാനും സംവത്സരങ്ങൾമുമ്പു– ൧൭൫൫–ൽ–സ്വന്ത അനുഗാമിയായി നിയമിച്ചിരുന്ന അനന്തരവനെ മരണവേളയിൽ ഭരണാധികാരിയാക്കി പ്രതിഷ്ഠിക്കയുമുണ്ടായി. മെത്രാന്മാരെ വരുത്തിയ

ചെലവു വകയണം സംബന്ധിച്ചു ഡച്ചുകാരും മാർ തോമ്മായും തമ്മിൽ വഴക്കുകൾ ഉണ്ടായ്വുകമൂലം തിരുവിതാംക്കൂർ രാജാവ് അക്കാര്യത്തിൽ പ്രവേശിച്ച് ഡച്ചുകാക്ക ചെല്ലുണ്ടും സംഖ്യ കൊടുക്കുവാൻ മാർ തോമ്മായോട ആവശ്യപ്പെട്ടു. എന്നാൽ ആ തുക മുഴുവൻ ഒന്നാകെ കൊടുക്കുന്നതിനു തനിക്കു സാദ്ധ്യമല്ലെന്നു മാർ തോമ്മാ പറയുകകൊണ്ടു രാജാവു അതിനെ ഭരമേൽക്കുകയും താമസത്തിനിടയായി ൨൦൦൦ (രണ്ടായിരം) രൂപാക്കുടി അദ്ദേഹം കൊടുക്കുണമെന്നു വിധിക്കയുംചെയ്തു. എന്നാൽ അദ്ദേഹം പിന്നെയും പണം കൊടുക്കാതിരുന്നതിനാൽ തിരുവിതാംക്കൂർ ദിവാൻ മാർ തോമ്മായെ കൊച്ചിയിൽ വരുത്തി ചോദ്യം ചെയ്തു. പണം കൊടുക്കാത്തപക്ഷം മാർ തോമ്മായെ ബറാവിയാ (Battavia) യിലേക്കു അയച്ചുകളയുമെന്നു ആ സന്ദർഭത്തിൽ കൊച്ചിയിലെ ഡച്ചു് അധികാരിയും അറിയിച്ചു. അപ്പോൾ അദ്ദേഹം പരദേശികളായ ആ മെത്രാന്മാർ താൻ കരുതിയിരുന്നതുപോലെ ചെയ്യുന്നില്ലെന്നും മെത്രാൻപദം തങ്ങൾക്കായിത്തന്നെ അവർ സംഗ്രഹിക്കുന്നതേയുള്ളുയെന്നും അതിനാൽ പണം അവർ തന്നെ കൊടുക്കേണ്ടതാണെന്നും മറുപടി പറഞ്ഞു. അതിനാൽ ആ മൂന്നു മെത്രാന്മാരെയും കൊച്ചിയിൽ വരുത്തി ചോദിച്ചതിൽ പരസ്പരം വിരുദ്ധമായി പറയുകമൂലം കാര്യത്തിർച്ചയുണ്ടാകാതെ വരികകൊണ്ടു് എല്ലാവരും ബന്ധനത്തിൽ സൂക്ഷിക്കപ്പെട്ടു. പണത്തുക ൨൦൦൦ രൂപാ ഇതിനിടകൊണ്ടു വർദ്ധിച്ചു ൪൦൦൦ രൂപാ ആയിത്തീർന്നു. ആ സംഖ്യയിൽ പകുതി ബസേലിയോസു മുതലായ പാരദേശിക മെത്രാന്മാരും പകുതി മാർ തോമ്മായും കൊടുക്കുണമെന്നു തിരുവിതാംക്കൂർ രാജാവിന്റെ കച്ചേരിയിൽനിന്നു വിധിയുണ്ടാകയും അതനുസരിച്ചു ഡച്ചുകാർ ൪൦൦൦ രൂപാ ആവശ്യപ്പെടുകയും ചെയ്തു. കാര്യം ഇത്രത്തോളം ചെന്നെത്തിയപ്പോൾ വിദേശ മെത്രാന്മാർ മാർ തോമ്മായിക്കു പട്ടം കൊടുക്കാമെന്നു സമ്മതിച്ചു. (39) അഞ്ചാം മാർ തോമ്മാ മരിച്ചുപോയിരുന്നതുകൊണ്ടു അദ്ദേഹത്തിന്റെ അനന്തിരവൻ മാർ തോമ്മാ ആറാമനെ നിരണത്തുവച്ചു ൧൭൭൨-ാമാണ്ടു മെത്രാൻ പട്ടം കൊടുത്തു. ഈ കാര്യം സംബന്ധിച്ചു തിരുവിതാംക്കൂർ സ്റ്റേറ്റ്മാനുവലിൽ (Vol 11. P. 208) മിസ്റ്റർ മെക്കൻസി സംക്ഷേപമായി പ്രസ്താവിക്കുന്നതു "The Raja of Travancore had intervened to bring about a reconciliation between Mar Thomas and the Bishops and the result of this reconciliation was that in 1772 Mar Thomas VI was consecrated at Neranam by Bishops Gregory & John" തിരുവിതാംക്കൂർ രാജാവു് മാർ തോമ്മായെ ഈ മെത്രാന്മാരോടു രഞ്ജിപ്പിക്കുവാൻ ഏർപ്പെടുകയും അതിന്റെ ഫലമായി മാർ ഗ്രീഗോരിയോസ്, മാർ യോഹന്നാൻ എന്ന മെത്രാന്മാർ മാർ തോമ്മാ ആറാമനു ൧൭൭൨-ൽ നിരണത്തുവെച്ചു മെത്രാൻപട്ടം കൊടുക്കയും ചെയ്തു എന്നാണു്.

മാർ ബസേലിയോസ് ഇതിനു മുമ്പായി മരിച്ചുപോയിരുന്നു. മാർ യോഹന്നാന്റെ സഹായത്തോടുകൂടി മാർ ഗ്രീഗോറിയോസാണ് മാർ തോമ്മായിക്കുപട്ടം കൊടുത്തത്. ആറാം മാർതോമ്മാ മെത്രാൻപട്ടം സ്വീകരിച്ചതു കൈവെപ്പുള്ള ഒരു മെത്രാനിൽനിന്നു സാധുവായി പട്ടം ലഭിച്ചിട്ടില്ലായിരുന്ന കാരണവൻ ൫—ാം മാർതോമ്മായിൽ നിന്നായിരുന്നതിനാൽ, ശമ്മാശ് പട്ടം മുതൽ മെത്രാൻപട്ടം വരേയുള്ള എല്ലാ പട്ടങ്ങളും മാർ ഗ്രീഗോറിയോസിൽനിന്ന് അദ്ദേഹം കൈക്കൊള്ളുകയും മെത്രാഭിഷേകാവസരത്തിൽ മാർ തോമ്മാ എന്ന പൂർവ്വനാമം മാറ്റി മാർ ഡയനീസിയസ് (Dionisyus) എന്ന സ്ഥാനാഭിധാനം സ്വീകരിക്കയും ചെയ്തു. ക്രിസ്തു—ലെ ശിശു മുതൽ പുത്തൻക്കൂർ സുറിയാനിക്കാരെ ഭരിച്ചിട്ടുള്ള മാർ തോമ്മാമാരിൽ കൈയ്വെപ്പുള്ള ഒരു മെത്രാനിൽനിന്നു സാധുവായി പട്ടം ഏറ്റിട്ടുള്ളതു ഇദ്ദേഹം മാത്രമാണ്. ഇദ്ദേഹത്തിന്റെ പുരോഗാമികൾക്കു നാമഭേദമുണ്ടാകാഞ്ഞതു പാരദേശികമെത്രാന്മാർ അവരെ അഭിഷേകം ചെയ്യാഞ്ഞതുകൊണ്ടുതന്നെ. മെത്രാന്മാരെ വരുത്തിയ വകക്കുള്ള മേല്പറഞ്ഞ ക്രമം൦൦ രൂപായും ഇതു കഴിഞ്ഞു ഏറെത്താമസിയാതെതന്നെ മാർ ഡയനീസിയസ് (മാർ തോമ്മാ) കൊടുത്തുതീർത്തു. എന്നാൽ കൊച്ചിയിലെ ഡച്ചു അധികാരി അതിൽ ൨൦൦൦ രൂപാ കമ്പനിക്കു കൊടുത്തുകൊണ്ട് ബാക്കി മുഴുവൻ അദ്ദേഹത്തിന്റെ പ്രയത്നത്തിന്റെ ക്രെഡിറ്റ് എന്ന നിലയിൽ സ്വന്തമാക്കിയതായി ചില എഴുത്തുകാർ പ്രസ്താവിക്കുന്നുണ്ട്. (40) മാർ ഡയനീസിനു പട്ടാഭിഷേകം ലഭിച്ചുതോട്ടുകൂടി ക്രൈ൫ മുതൽ പുത്തൻക്കൂർ സുറിയാനിക്കാരുടെ ഇടയിൽ ഉണ്ടായ കുഴപ്പങ്ങളെല്ലാം അവസാനിക്കുക മാത്രമല്ല, അവരുടെ സഭാകാര്യങ്ങൾ ഒരു നിലയിൽ വന്നുചേരുകയുംചെയ്തു. മാർ ബസേലിയോസ് (ഓർശ്ലത്തിലെമെത്രാനായിരുന്ന) വിശ്വാ മാർ യാക്കോബിന്റെകബ്രാനക്രമം (തക്സാ) അന്ത്യോക്യായിൽനിന്നു കൊണ്ടുവന്നിരുന്നു. അതു കാലക്രമേണ ഇവിടെ നടപ്പിലായി. മാർ യോഹന്നാനു അടുത്തുൾപോലെ ഒരു തുക മാർ ഡയനീസിയസ് നിശ്ചയിച്ച അദ്ദേഹത്തിന്റെ മരണംവരെ കൊടുത്തുവന്നു. മാർ യോഹന്നാൻ അഥവാ ഈവാനിയോസ് കായംകുളത്തുകാരൻ പിലീപ്പോസു കത്തനാക്കും, മാർ ഡയനീസിയസിന്റെ അനന്തരവൻ മാത്തൻ കത്തനാക്കും "റമ്പാൻ" സ്ഥാനംകൊടുക്കുകയും ക്രൈ൮—ൽചെങ്ങന്നൂരിൽവെച്ചു കാലാവശേഷനാകയും ചെയ്തു. മാർ ഡയനീസിയസിനു പട്ടം കൊടുത്ത ക്രൈ—൭൩ ണ്ടിൽത്തന്നെ മാർ ഗ്രീഗോറിയോസു മുളന്തുരുത്തിൽവെച്ചു് രോഗാതുരനായി അതേ വത്സരത്തിൽ അവിടെത്തന്നെ മരണം പ്രാപിച്ചു. മുളന്തുരുത്തി ദേശവാസിയായ കാട്ടുമങ്ങാട്ട് 'റമ്പാൻ' അദ്ദേഹത്തിന്റെ പക്കൽ ചെന്ന് ക്രിസ്തോസു് എന്ന സ്ഥാനാഭിധാനത്തിൽ കൊച്ചിയിൽ മട്ടാഞ്ചേരിയിൽവെച്ചു് മെത്രാൻപട്ടം കൈക്കൊള്ളുകയും, അതിലേക്കു പെരുമ്പടപ്പിലെ രീട്ടരം ലഭിക്കുകകൊണ്ടു ആ ദിക്കുകളിലെ പള്ളിക്കാരെല്ലാം അദ്ദേഹത്തെ മെത്രാനായി സ്വീകരിച്ചുവണങ്ങുക

യുമുണ്ടായി. ആ സന്ദർഭത്തിൽ മാർ ഡയനീസിയസ് തിരുവിതാംകൂർ സക്കാരിൽ അതേപ്പററി ആവലാധി ബോധിപ്പിച്ചു. അവിടെനിന്നു പെരുമ്പടപ്പിലേക്കു ഏഴുതിയയച്ചതനുസരിച്ചു സംഗതികളെല്ലാം കൊച്ചിയിലെ കമദോരിൽ (ഡച്ചുകച്ചേരിയിൽ) വിചാരണ ചെയ്തു കാട്ടുമങ്ങാട്ടു റമ്പാന്റെ (മാർ ക്രൂരില്ലോസിന്റെ) പ്രവൃത്തി ന്യായരഹിതമാണെന്നു തെളിയുകയാൽ അദ്ദേഹത്തിന്റെ രീട്ടൂരം വെപ്പിക്കുകയും ആ കക്ഷിയിൽ ചേന്നവക്കു ൧൮൦൦൦ (പതിനെണ്ണായിരം) കലിപണം പിഴ കല്പിക്കുകയും ചെയ്തു.

കായ്മും ഈ വിധത്തിലായപ്പോൾ മാർ ക്രൂരില്ലോസ് ബ്രിട്ടീഷ് ശീമയിൽ കടന്നു. അവിടെ അഞ്ഞൂരെന്ന ദിക്കിൽ കുറേ സ്ഥലം സ്വാധീനപ്പെട്ടത്തി, ഒരു പള്ളി പണിയിച്ചു, വെച്ചൊഴിഞ്ഞ മെത്രാൻസ്ഥാനം തിരികെ ഏല്പിച്ചുകൊണ്ടു മെത്രാനായിത്തന്നെ ജീവശേഷം കഴിച്ചുകൂട്ടി. ൧൮൧൪-ൽ അദ്ദേഹം മരണം പ്രാപിച്ച അവസരത്തിൽ സ്വന്ത അനന്തരവനെ ക്രൂരില്ലോസ് എന്ന നാമത്തിൽ മെത്രാനായി അഭിഷേകം ചെയ്തു. ക്രൂരില്ലോസു ദ്വിതീയൻ ചീരൻകുത്തനാരെ ൧൮൨൦-ൽ ഫിലക്സെനോസു എന്ന നാമധേയത്തിലും അദ്ദേഹം കിടങ്ങൻകുത്തനാരെ ൧൮൨൫-ൽ ഫിലക്സെനോസു രണ്ടാമൻ എന്ന സ്ഥാനാഭിധാനത്തിലും അഭിഷേചിച്ചു മെത്രാന്മാരാക്കി. അനന്തരം ൧൮൩൦-ൽ ക്രൂരില്ലോസ് മൂന്നാമനും അദ്ദേഹത്തിന്റെ ശേഷം ക്രൂരില്ലോസ് നാലാമനും മെത്രാന്മാരായി അഭിഷേകം ചെയ്യപ്പെട്ടു. കാട്ടുമങ്ങാട്ടു റമ്പാനു പെരുമ്പടപ്പിൽനിന്നു കൊടുത്ത രീട്ടരത്തിന്റെയും, പിന്നീടു ആ സംഗതി ബന്ധിച്ചു മാർ ഡയനീസിയസിനു കൊടുത്ത രീട്ടരത്തിന്റെയും പകർപ്പുകൾ താഴെ ചേർക്കുന്നു:

൧. — "അരുളിച്ചെയ്തു:— നമ്മുടെ ക്രൂരില്ലോസിനു — എന്നാൽ മലങ്കരെ പുത്തൻക്രൂറിലുള്ള പള്ളി ഇടവകക്കു ഒക്കെയും മെത്രാന്റെ സ്ഥാനമായിട്ടുള്ളതൊക്കെയും നടത്തത്തക്കവണ്ണം കല്പിക്കയും ചെയ്തു. കീഴ്നാളുകളിൽ മെത്രാന്മാർ നടത്തിയിരുന്നവണ്ണം ഒക്കെയും നടന്നു അനുഭവിച്ചുകൊള്ളത്തക്കവണ്ണം കല്പിച്ചു നാം നീട്ടം തന്നു. എന്നാൽ ഇതു കൊല്ലം ൯൭൯-ാമതു മകരഞായറിൽ കല്പിച്ചരുളിനമ്മേത്തു കോവിലകത്തിരുന്തരുളെ പൊരുവത്തിൽ അമ്പാടി കയ്യെഴുത്തു."

൨. — "അരുളിച്ചെയ്തു:— നമ്മുടെ മാർ തോമ്മാ മെത്രാനു — എന്നാൽ പരരാജ്യത്തുനിന്നുവന്നിരുന്നമെത്രാനോടു കാട്ടുമങ്ങാട്ടു റമ്പാൻ സ്ഥാനമേററതിന്റെശേഷം ആയതു മര്യാദയല്ലാതെ ചെയ്തിരിക്കുന്നതാകുന്നു എന്നും, കീഴിലെപ്പോലെ നടത്തിച്ചുതരേണമെന്നും പുത്തൻക്രൂറിലുള്ള ആളുകളും മെത്രാനുംകൂടി നമ്മോടു സങ്കടം പറകകൊണ്ടു കീഴ്മര്യാദ നടന്നിരിക്കുന്നതിനെ നാം വിചാരിച്ചാറെ കാട്ടുമങ്ങാട്ടു റമ്പാനു മെത്രാന്റെ സ്ഥാനമേല്ലാൻ ന്യായമുള്ളതല്ല എന്നു നമുക്കു ബോധികകൊണ്ടും കൊച്ചികോട്ടയിൽ കമദോരിൽ കേട്ടാറെയും ന്യായമല്ലെന്നു വിധിച്ചു അപ്രകാരം നമുക്കു കോട്ടയിൽനിന്നും എഴു

തിവരികകൊണ്ടും കാട്ടുമങ്ങാട്ട റെമ്പാനു മെത്രാന്റെറ സ്ഥാനമേല്പാൻ ന്യായമില്ലെന്നു നാം നിശ്ചയിച്ച് കാട്ടുമെങ്ങാട്ട റെമ്പാനെ മെത്രാ ന്റെറ അടുക്കൽ ക്രട്ടിഅയക്കുന്നു. കാട്ടുമങ്ങാട്ട റെമ്പാൻ സ്ഥാനം ഏൽ ക്കുന്നതിനുമുമ്പേ, കീഴിൽ നടന്നുവന്നതിന്മണ്ണം ഒരു പോരായ്മ വരു ത്താതെ നടത്തിച്ചുകൊള്ളുമാറു കല്പിച്ചു നാം നീട്ടും തന്നു. എന്നാൽ കൊല്ലം ൯൭൯-൩മതു മിഥുനമാസം ൨൫-൦നു കല്പിച്ചരുളിയ മെ യ്യച്ചിറയ്യൽ കോവിലകത്തു ഇരുന്നരുളെ വള്ളിയിൽ കണ്ടൻകുമാരൻ കൈഎഴുത്തു."

## പതിനേഴാം അദ്ധ്യായം.

### പഴയകൂറിലും പുത്തൻകൂറിലും ഉൾപ്പെട്ട സുറിയാനിക്കാരുടെ ഇടയിൽ ക്രിസ്തു മുതൽ കവുവു വരെ നടന്ന സംഭവങ്ങൾ.

൧. വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന പ്ലാ റെൻസ് മെത്രാൻ ക്രിസ്തു-ലും പുത്തൻചിറ (കൊടുങ്ങല്ലൂർ) മെത്രാ പ്പോലീത്താ ക്രിസ്തു-ലും ക്രമം പ്രാപിച്ച സംഗതി കഴിഞ്ഞ അദ്ധ്യാ യം ക്രമ-൦ ലക്കത്തിൽ പറഞ്ഞിട്ടുണ്ട്. പ്ലാറെൻസിന്റെ ഭരണ കാലത്തു പഴയക്കൂർ സുറിയാനിക്കാരുടെ ഇടയിൽ വലുതായ ചില ക്ഷോഭങ്ങൾ ഉണ്ടായി. അവയുടെ കാരണങ്ങളിൽ പ്രധാനങ്ങളായ ചിലതുകളെ ഇവിടെ പ്രസ്താവിക്കാം. ക) സുറിയാനിപ്പള്ളികളിലെ പ്രധാന തിരുനാളുകളിൽ അക്കാലത്തു ആഘോഷസഹിതമായ പാട്ട കുർബാനയുടെ സ്ഥാനത്തു നടത്തിവന്നിരുന്ന റാസക്കുർബാന കഴിഞ്ഞു, റാസ ചൊല്ലിയ പുരോഹിതൻ വിശുദ്ധന്മാരുടെ അവശിഷ്ടങ്ങളടങ്ങിയ പഞ്ജരം എടുത്തുകൊണ്ടു പ്രദക്ഷിണം ചെയ്യുക പതിവായിരുന്നു. മറ്റു വൈദികന്മാരും അതിൽ സംബന്ധിക്കാതിരുന്നില്ല. മിഷ്യനറിമാരാകട്ടെ മേലധികാരികൾ എന്ന നിലയിൽ പ്രദക്ഷിണം നടത്തേണ്ടതു അവരാണെന്നു വാദിക്കുകയും പ്രധാന പള്ളികളിലെ തിരുനാളുകൾക്കു പോയി അതു നടത്തിത്തുടങ്ങുകയും ചെയ്തു. ഇതു ക്ഷോഭത്തിനുള്ള ഒരു കാരണമായിത്തീർന്നു. ഖ) വി. ത്രേസ്യായുടെ തിരുനാൾ ദിവസങ്ങളിൽ വരാപ്പുഴപ്പള്ളിയിൽ വി. കുർബാന പര സ്യമായി എഴുന്നള്ളിച്ചുവെച്ചു ആരാധന ചെയ്യുകയും അതിനായി സ മീപ ദിക്കുകളിൽനിന്നു വൈദികന്മാർ ചെന്നുകൂടുകയും പതിവായിരുന്നു. ഒരാണ്ടിൽ ആരാധനയുടെ അവസാനം രാത്രിയിൽ അധികൃതന്മാരുടെ ശ്രദ്ധക്കുറവു നിമിത്തം പള്ളിവാതിൽ പൂട്ടാതെ കിടന്നു.

രാത്രിയിൽ കള്ളന്മാർ അകത്തു കടന്നു വി. കുർബാന സ്ഥാപിച്ചിരുന്ന വിലയേറിയ പ്രഭാമണ്ഡലം (Ostensorium) മോഷ്ടിച്ചു. കളവു നടന്ന വിവരം പിറേറന്നാൾ രാവിലെ മിഷ്യനറിമാർ അറിഞ്ഞു് വേണ്ട തിരക്കുകൾ ചെയ്തെങ്കിലും യാതൊരു തെളിവും ഉണ്ടായില്ല. ഇടപ്പള്ളി വികാരി യാക്കോബ് കത്തനാർ (കല്ലുക്കോട്ട പള്ളി ഇടവക പുത്തൻപറമ്പിൽ ജാതനായ ഇദ്ദേഹത്തെ "ഇക്കാക്കോ കത്തനാർ" എന്നാണ് സാമാന്യേന വിളിച്ചുവന്നിരുന്നതു) ആരാധനയ്ക്കു ചെന്നിരുന്നതിനാൽ മിഷ്യനറിമാർ അദ്ദേഹത്തെ വരുത്തി ചോദിക്കയും ആ കാര്യം സംബന്ധിച്ചു തനിക്കു യാതൊന്നും അറിവില്ലെന്നു അദ്ദേഹം പറയുകകൊണ്ടു അദ്ദേഹത്തെ വിട്ടയക്കുകയും ചെയ്തു. എന്നാൽ ബവേറിയക്കാരനായ പ്രാൻസിസു സാലേസു എന്ന മിഷ്യനറി ഇക്കാക്കോ കത്തനാരുടെ പേരിലുള്ള സംശയം വിടുപേക്ഷിക്കാതെ വരാപ്പുഴപ്പള്ളിയിൽ മാത്രം കൂടിയ ഒട്ടുവളരെ ജനങ്ങളോടുകൂടി ഇടപ്പള്ളിക്കു പുറപ്പെട്ടു അവിടത്തെ രാജാവിന്റെ സംരക്ഷണത്തിൽ ഇരുന്നിരുന്ന പ്രസ്തുത കത്തനാരെ പിടിച്ചു വരാപ്പുഴെ കൊണ്ടുപോയി ബന്ധനത്തിലാക്കി പല വിധത്തിൽ അദ്ദേഹത്തെ ഉപദ്രവിച്ചു. ഈ സ്ഥിതിയിൽ അദ്ദേഹംവരാപ്പുഴെ താമസിക്കുകയും ബന്ധനത്തിൽവച്ചുതന്നെ മരിക്കുകയുംചെയ്തു. പ്രാൻസീസു സാലേസു മുതലായവർ മരണസമയത്തുപോലും അദ്ദേഹത്തെ വിശ്വസിക്കാഞ്ഞതിനാൽ അന്തിമ ക്രിയാശകൾപോലും ലഭിക്കുന്നതിനു അദ്ദേഹത്തിനു ഇടയായില്ല. ഇടപ്പള്ളി ഇടവകക്കാർ ഇക്കാക്കോ കത്തനാരെ ആദരിച്ചതു നിമിത്തം വരാപ്പുഴെ നിന്നു ആ പള്ളി പൂട്ടുകയും മുടക്കുകയും ക്രൂടി ഉണ്ടായി. ഈ സംഭവങ്ങളെല്ലാം ക്ഷോഭത്തിനുള്ള വേറൊരു കാരണമായി പരിണമിച്ചു. പ്രാൻസീസു സാലേസിന്റെ നടപടിത്തെറ്റുകൾ നിമിത്തം അദ്ദേഹത്തെ ഏറെ താമസിയാതെ വരാപ്പുഴെനിന്നു യൂറോപ്പിലേയ്ക്കയച്ചുകളഞ്ഞു. ഇദ്ദേഹത്തെപ്പറ്റി മിസ്റ്റർ മെക്കൻസി തി. സ്റ്റെയ്റ്റ്മാനചലിൽ (Vol II. p. 195)പ്രസ്താവിക്കുന്നതു, പ്രോട്ടെസ്റ്റ് വികാരി അപ്പസ്തോലിക്കായുടെ മരണകാലത്തു ഇദ്ദേഹം (പ്രാൻസീസുസാലേസ്) യൂറോപ്പിൽ ആയിരുന്നെന്നും, അവിടെനിന്നു മെത്രാഭിഷിക്തനായി മലയാളത്തിൽ വന്നശേഷം ഇദ്ദേഹവും സഹമിഷ്യനറിമാരും തമ്മിൽ ഇടവിടാതെ ശണ്ഠയുണ്ടായിക്കൊണ്ടിരുന്നെന്നും തന്നിമിത്തം സ്ഥാനം ഒഴിഞ്ഞു പലസ്തീനായിലുള്ള കാർമ്മൽ ആശ്രമത്തിൽ പോയി പാർക്കേണ്ടതായിവന്നുക്രൂടിയെന്നുമാണു. — ൩) എഴുന്നൂറിക്കാർക്കു ആ ഇടയ്ക്കു വരാപ്പുഴെനിന്നു പട്ടം കൊടുക്കയും അവരെ വസ്ത്രാഭരണാദികളിൽ സുറിയാനി വൈദികന്മാരെപ്പോലെ നടത്തുകയും ചെയ്തതാണ് ക്ഷോഭത്തിന്റെ മൂന്നാമത്തെ ഹേതു. — ൪) കൊരട്ടിപ്പള്ളി ഇടവകയിൽ കീഴെടത്തു വക്കി എന്നൊരു യുവാവിനു കൊട്ടങ്ങല്ലൂരിലെ സൽവദോർ മെത്രാപ്പോലീത്താ ശമ്മാശ് പട്ടം കൊടുക്കയും, പിന്നീടു അയാളുടെ ആചാരഭ്രഷ്ട്യനിമിത്തം പട്ടസ്ഥാനം നീക്കുകയാൽ ശമ്മാശിന്റെ വസ്ത്രം മാററി നടന്നുകൊള്ളണമെന്നു കല്പിക്കു

കയുമുണ്ടായി. ശമ്മാശ് കല്പനപ്രകാരം ചെയ്യെങ്കിലും, അയാളുടെ പിതാവും ഒരു പ്രബലനുമായ ഉതുപ്പു മാത്തു പാലിയത്തച്ചനേയും തിരുവിതാംകൂർ ദളവായേയും ചെന്നുകണ്ടു കൊരട്ടിപ്പള്ളിക്കും വൈദികന്മാക്കും വലിയ തെരുക്കുവും മുടക്കും വരുത്തിക്കൂട്ടി. മാത്രമല്ല, ഉതുപ്പു മാത്തു അതിനിടക്കു് മകനെ വരാപ്പുഴെ കൊണ്ടുചെന്നു പട്ടം ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ കൊരട്ടിപ്പള്ളിക്കാർ സൽവദോർ മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ചു വക്കീക്കത്തനാരെ വികാരിക്കാഞ്ഞതുകൊണ്ടു ഉതുപ്പു മാത്തു കൊച്ചിരാജാവിന്റെ സഹായം അപേക്ഷിച്ചു. രാജാവു വക്കീക്കത്തനാരെ കൊരട്ടിപ്പള്ളിയിൽ ചേത്തു നടത്തുന്നതിനു കല്പിച്ചെങ്കിലും കൊടുങ്ങല്ലൂർ വികാരിജനറാൽ രാജാവിൽനിന്നു അതിനെതിരായി ഉടനെ നീട്ടുവാങ്ങിയതിനാൽ വക്കീക്കത്തനാർ ആ പള്ളിയിൽ സ്വീകരിക്കപ്പെടാതെപോയി. ഈ സംഗതി ക്ഷോഭത്തിന്റെ നാലാമത്തെ കാരണമായിത്തീർന്നു. - ൫) ആവലാധികളും സങ്കടങ്ങളും ഉണ്ടാകുമ്പോൾ അവയുടെ ന്യായാന്യായങ്ങൾ വേണ്ടപോലെ പരിശോധിക്കാതെ തീർപ്പു ചെയ്തിരുന്നതിനാൽ നിരപരാധികൾ ചിലപ്പോഴെല്ലാം പള്ളിമുടക്കു, മഹറോൻ മുതലായ ശിക്ഷകളിൽ ഉൾപ്പെട്ടുവാൻ ഇടയായിരുന്നതും ക്ഷോഭകാരണങ്ങളിൽ ഒന്നായി ഭവിച്ചു.

കായ്ങ്ങൾ ഈവിധമെല്ലാം ആയിരുന്നെങ്കിലും ഭരണകർത്താക്കന്മാർ അവയെല്ലാം ഒതുക്കിയും ഭരണീയന്മാർ സഹിച്ചും വന്നിരുന്നതിനാൽ പൊതുവിൽ സമാധാനലംഘനം കൂടാതെ കഴിഞ്ഞുപോന്ന പ്പോരെൻസുമെത്രാന്റെ ഭരണകാലത്തു (എ.ഡി. ൧൭൨൮-൩൦മാണ്ടു്) തിരുവിതാംകൂർ പല ഇടപ്രഭുക്കന്മാരുടേയും ചെറിയ രാജാക്കളുടെയും ദേശങ്ങൾ കീഴടക്കി അവയൊക്കയിലും ഏകാധിപത്യം സ്ഥാപിച്ചിരുന്നു. തിശ്ശിവപേരൂർ വരെയുള്ള ദേശങ്ങളെല്ലാം സാമൂതിരിയിൽനിന്നു കൊച്ചിരാജാവും പിണ്ടെടുത്തിരുന്നു. സുറിയാനിപ്പള്ളികൾ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നുകൂടെന്നുള്ള കൊച്ചിയിലെ ഡച്ചുഗവർമ്മേൻറിന്റെ നിബ്ബന്ധത്തിനു തിരുവിതാംകൂറിന്റെ അധികാരവ്യാപൃമായതോട്ടുകൂടി മന്ദതഭവിക്കുകകൊണ്ടും വരാപ്പുഴ അധികാരത്തോടുള്ള മനഃചേർച്ചക്കുറവുകൊണ്ടും സാമൂതിരിയുടെ രാജ്യത്തിനു തെക്കു സ്ഥിതിചെയ്തിരുന്ന സുറിയാനിപ്പള്ളികളിൽ ചിലരെല്ലാം കൊടുങ്ങല്ലൂർ അധികാരത്തിൽ ചെന്നുചേരുകയുണ്ടായി. ഇങ്ങിനെയുള്ള ഒരു കാലപരിവർത്തനത്തിലാണ് പ്പോരെൻസു മെത്രാൻ എന്നെ. ജൂലൈമാസം ൨൯-ാം തീയതി ചരമം പ്രാപിച്ചതു്. വരാപ്പുഴെ പള്ളിസുറിയാനിപ്പള്ളിയായിട്ടാണ് സ്ഥാപിച്ചതെന്നും സുറിയാനിക്കാരുടെ സഹകരണം മുഖ്യമായി അതിനുണ്ടായിട്ടുണ്ടെന്നും ഇതിനുമുമ്പു ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതു സുറിയാനിപ്പള്ളിയായിരുന്നതിനാൽ അവിടെ നിവസിച്ചിരുന്ന കർമ്മലീത്താമെത്രാന്മാരുടെ ശവസംസ്കാരത്തിൽ സുറിയാനി വൈദികന്മാർ സംബന്ധിക്കുകയും ആ കർമ്മങ്ങൾ നിർവ്വഹിക്കുകയും പതിവായിരുന്നു. എന്നാൽ പ്പോ

റെൻസുമെത്രാന്റെ മരണാവസരത്തിൽ കർമ്മലീത്താമിഷ്യനറിമാർ ഈ കീഴ്നടപ്പിനു വിരോധമായി, സുറിയാനിക്കാരുടെ മെത്രാൻ കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്താ ആണെന്നും സുറിയാനി വൈദികന്മാർക്കു ശവസംസ്കാരത്തിൽ സംബന്ധിക്കുവാൻ അർഹത ഇല്ലെന്നുപറഞ്ഞുകൊണ്ടു അവരെ അതിൽ സംബന്ധിപ്പിക്കാതെ തള്ളിക്കളഞ്ഞു. ഇതു നസ്രാണികൾക്കു പൊതുവെ മർമ്മഭേദകമായിരുന്നതിനാൽ ആ ഇടക്കു നടന്നതായി മുകളിൽ പ്രസ്താപിച്ചിട്ടുള്ള ക്ഷോഭകാരണങ്ങളോടു ഇതും കൂടിച്ചേർന്നു ഒരു വലിയ വഴക്കുണ്ടാകുവാൻ ഇടയായിത്തീർന്നു. പ്ലാറെൻസിന്റെ മരണശേഷം രണ്ടാമത്തെ മാസമായ സെപ്റ്റംബറിൽ സുറിയാനിപ്പള്ളിക്കാരുടെ ഒരു യോഗം അങ്കമാലിപ്പള്ളിയിൽക്കൂടി, വരാപ്പുഴെ കർമ്മലീത്താപാതിരിമാർ തങ്ങൾക്കു മാനഹാനിവരത്തക്ക വണ്ണം പ്രവർത്തിച്ചതിനു ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കേണ്ടതിനെപ്പറ്റി ആലോചന നടത്തി. അന്നു സജീവനായിരുന്ന കൊട്ടങ്ങല്ലൂരിലെ സാൽവദോർ മെത്രാപ്പോലീത്താ ഇക്കാര്യത്തിൽ സുറിയാനിക്കാരുടെ നേരെ അനുകമ്പയോടുകൂടിയാണ് വർത്തിച്ചിരുന്നത്.

പള്ളിക്കാരുടെ യോഗം അങ്കമാലിയിൽക്കൂടിയിരിക്കുന്ന വിവരം വരാപ്പുഴെ അറിവുകിട്ടുകയാൽ അവിടെനിന്നു മൂന്നു കർമ്മലീത്താപാതിരിമാർ ഉടനെ അങ്കമാലിയിൽ എത്തി അവരെ സമാധാനപ്പെടുത്തുവാൻ ശ്രമിക്കയും സമാധാനത്തിനു വേണ്ടതെല്ലാം ചെയ്യാമെന്നു സമ്മതിക്കുകയുംചെയ്തു. കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അനുകമ്പ സുറിയാനിക്കാർക്കുണ്ടായിരുന്നതുകൊണ്ടാണ് സഭയെ ഇങ്ങനെചെയ്യാമെന്നു പാതിരിമാർ തീർച്ചയാക്കിയതു്. അവരിൽ ഒരാൾ വരാപ്പുഴെയുള്ള കർമ്മലീത്താ മിഷ്യനറിമാരുടെ അദ്ധ്യക്ഷനായ ലോറെൻസിയുസ്സിനിയാനി എന്ന വൈദികൻ ആയിരുന്നു. അദ്ദേഹം ആ അവസരത്തിൽ —ാതെ സെപ്റ്റംബർ ാം—ാനു— സുറിയാനിക്കാരുടെ ആവലാധികൾക്കും വഴക്കുകൾക്കും ഒരു സമാധാനമുണ്ടാക്കുകയും അതിനായി ഒരു തീരുമാനം എഴുതി ഒപ്പുവെച്ചു പള്ളിക്കാരെ ഏല്പിക്കുകയുംചെയ്തു. ആ തീരുമാനത്തിൽ (ക) പരേതന്മാരാകുന്ന മെത്രാന്മാരുടെ ശവസംസ്കാരകർമ്മം, കീഴ്നടപ്പുപോലെസുറിയാനിക്കാർ തന്നെ നിർവ്വഹിച്ചുകൊള്ളണമെന്നും,— (ഖ) തിരുനാളുകളിൽ തിരുവസ്ത്രം,പഞ്ചുരം സുറിയാനി വൈദികന്മാർ തന്നെ കീഴ്നടപ്പുപോലെ എടുക്കുന്നതല്ലാതെ കർമ്മലീത്താ പാതിരിമാർ അതിനായി ശ്രമിക്കുന്നതല്ലെന്നും,— (ഗ) വൈദികന്മാരെ തല്ലുക, തല്ലിക്കുക, തടവിൽ ആക്കുക, ആത്മീയക്രിയകൾ ക്രൂടാതെ ബഹുമാനമില്ലാത്ത സ്ഥലത്തു അവരെ സംസ്കരിക്കുമുതലായവ മേലിൽ ഉണ്ടാകുന്നതല്ലെന്നും, നടന്ന സംഭവത്തിലെ പാപകാഠിന്യം ഹേതുവായിട്ടു ജനസാമാന്യത്തിനു ഒരു പാഠമായിരിക്കേണ്ടതിനായി അങ്ങനെ ചെയ്വാൻ സംഗതി വന്നതാണെന്നും, വൈദികന്മാരിൽ എന്തെങ്കിലും കുറ്റം ഉണ്ടാകുന്നപക്ഷം വിശുദ്ധ സഭയുടെ നിയമങ്ങൾക്കനുസാരമായിമാത്രമെ ശിക്ഷിക്കയുള്ളു എന്നും,— (ങ) എഴുനൂറ്റിരുപ്പക്കു പട്ടംകൊടുത്തു സുറിയാനിക്കാരുടെ രീതിയിൽ അവ

രെ നടത്തുകയില്ലെന്നും,— (ള) സുറിയാനി മതാദ്ധ്യക്ഷന്മാരായ മെത്രാന്മാരിൽ ഒരാൾ ആരുടെ എങ്കിലും പട്ടസ്ഥാനം എടുത്തുകളയുന്നതായാൽ അങ്ങനെ സ്ഥാനഭ്രഷ്ടാക്കപ്പെട്ടവനു വീണ്ടും പട്ടം കൊടുക്കുന്നതല്ലെന്നും,— (ന) വൈദികന്മാർക്കും ജനങ്ങൾക്കും ഉണ്ടാകുന്ന ആവലാധികളിൽ കാര്യത്തിന്റെ യാഥാർത്ഥ്യം നല്ലപോലെ പരിശോധിച്ചറിയാതെ യാതൊരുത്തനെയെങ്കിലും ശിക്ഷിക്കുകയൊ മഹറോനിൽ ഉൾപ്പെടുത്തുകയൊ ചെയ്യുന്നതല്ലെന്നും ഇങ്ങിനെ ആറു സംഗതികളാണ് അടങ്ങിയിരുന്നതു്. (1)

ഫ. വലിയ കൊടുങ്കാറ്റുപോലെ സർവ്വത്ര വ്യാപിച്ചിരുന്ന സമാധാനലംഘനവും ക്ഷോഭവും മേല്പറഞ്ഞ തീരുമാനത്തിന്റെ ആവിർഭാവത്തോടുകൂടി ഒരുവിധമെല്ലാം അടങ്ങിയെങ്കിലും അതിന്റെ കാരണങ്ങൾ ശേഷിച്ചിരുന്നതിനാൽ വീണ്ടും സമാധാനഭംഗമുണ്ടാവാൻ ഇടയായി. ഇതിന്റെ തെളിവിലേക്കായി ചില സംഭവങ്ങളെ ഇവിടെ കാണിക്കാം. മാർ പ്ലോറെൻസിന്റെ ചരമവത്സരങ്ങളിൽ ബവേറിയാ ദേശീയനായ മേൽ (ല. ഫ) പറഞ്ഞ പ്രാൻസീസ്സ് സാലെസു മിഷ്യനറി യൂറോപ്പിൽ ആയിരുന്നു. അദ്ദേഹത്തിന്റെ ക്രൂരസ്വഭാവവും ആചാരവൈകല്യവും നിമിത്തം സ്വന്തസഹോദര സന്ന്യാസികളായ മറുമിഷ്യനറിമാരും, പ്ലോറെൻസുമെത്രാനുംകൂടി അദ്ദേഹത്തെ ഇവിടെ നിന്നയച്ചുകളഞ്ഞതാണ്. എന്നാൽ മലയാളത്തിലെ അദ്ദേഹത്തിന്റെ നടപടിവിശേഷങ്ങളെപ്പറ്റി റോമയിൽ അറിവില്ലാതിരുന്നതുകൊണ്ടു പ്ലോറെൻസു മെത്രാന്റെ അനുഗാമിയായി അദ്ദേഹത്തെ തിരിഞ്ഞെടുക്കയും ജെർമ്മനീച്ചെ എന്ന ദിക്കിന്റെ മെത്രാനും വരാപ്പുഴവികാരി അപ്പസ്തോലിക്കായുമായി അദ്ദേഹത്തെനിയമിച്ചു അതിനുള്ള അധികാരപത്രം കൊടുക്കയുമുണ്ടായി. അതനുസരിച്ചു പ്രാൻസിന്റെ തലസ്ഥാനപട്ടണമായ പാരീസിൽവെച്ചു മെത്രാൻ പട്ടം കൈക്കൊണ്ടു പ്ലോറെൻസിന്റെ മരണശേഷം രണ്ടാമത്തെ വത്സരമായ ക്ലെ—ാമാണ്ടു ഒക്ടോബർ മാസം ക്ര—ാനു- മലയാളത്തിൽവന്നുചേർന്നു. സഭ്രാതാക്കന്മാരായ മിഷ്യനറിമാരുമായുണ്ടായ രമ്യതക്കുറവു നിമിത്തം മൂന്നോ നാലോ സംവത്സരങ്ങൾക്കുമുമ്പു യൂറോപ്പിലേക്കു അയക്കപ്പെട്ടിരുന്ന സാലെസു തന്നെ മെത്രാനായി തിരിച്ചെത്തിയ ഈ അവസരത്തിൽ മുമ്പിലത്തെ രമ്യതക്കുറവു തീർന്നുപോയിട്ടില്ലായിരുന്നെന്നു തന്നെയല്ല, അതുപൂർവ്വാധികം വർദ്ധിക്കുകകൂടി ചെയ്തു. ഇടപ്പള്ളി വികാരിയായിരുന്ന ഇക്കാക്കൊകത്തനാരുടെ കാര്യത്തിൽ പ്രദർശിപ്പിച്ച നിർഭ്ഭയത്വം നിമിത്തം സുറിയാനിക്കാർക്കും അദ്ദേഹത്തിന്റെ പേരിൽ വലുതായ അതൃപ്തിയാണുണ്ടായിരുന്നതു്. ഇങ്ങനെ മിഷ്യനറിമാരുടെയും ജനങ്ങളുടെയും രസക്ഷയത്തിനു ഒരുപോലെ അദ്ദേഹം പാത്രീഭവിക്കുകനിമിത്തം സകല കാര്യങ്ങളും അദ്ദേഹത്തിനു വിരോധമായി പരിണമിച്ചു.

മഹാനായ കരിയാറ്റിൽ യൌസേപ്പു മല്പാൻ അക്കാലത്തു ആലങ്ങാട്ടു സെമിനാരിയിൽ പഠിപ്പിച്ചു വരികയായിരുന്നു. കമ്മലീത്താ മിഷ്യനറിമാരാൽ ഏതാനും സംവത്സരങ്ങൾ മുമ്പു റോമയിലെ

ഉബ്ബാൻ കോളേജിൽ അയക്കപ്പെട്ടകയും അവിടെ തത്വം, വേദാന്തം, തർക്കം, നീതിശാസ്ത്രം മുതലായവ പഠിച്ചു ഡോക്ടർ സ്ഥാനം ലഭിച്ച ശേഷം മലയാളത്തിലേക്കു മടങ്ങിവരികയും ചെയ്തു ഈ മഹാശയൻ ആലങ്ങാട്ടു ഇടവകക്കാരൻ ആയിരുന്നു എന്നുള്ള വസ്തുത മലയാളികളിൽ ആരെയും പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ. തനിക്കു നേരിട്ടിരിക്കുന്ന വിഷമതകളിൽ തന്നെ സഹായിക്കണമെന്നു പ്രാൻസീസു സാലേസു മെത്രാൻ യൌസപ്പു മല്പാനോടപേക്ഷിക്കുകയും അദ്ദേഹത്തെ വരാപ്പുഴെ വരുത്തി വേണ്ട കാര്യങ്ങൾ ആലോചിക്കയും ചെയ്തു. സാലേസു മെത്രാന്റെ അപേക്ഷ മല്പാൻ സസന്തോഷം സ്വീകരിച്ചു് അദ്ദേഹത്തെ കഴിയുന്ന വിധത്തിലെല്ലാം സഹായിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തുകൊണ്ടു വിവരം അങ്കമാലി മുതലായ സുറിയാനിപ്പള്ളിക്കാരെ അറിയിക്കുകയാൽ അവർ വളരെ ആഹ്ലാദപൂർവ്വം മെത്രാനെ വരാപ്പുഴെനിന്നു കൊണ്ടുപോയി ആലങ്ങാട്ടുപള്ളിയിൽ പാർപ്പിച്ചു. ആ ഇടയ്ക്കു ക്ലെമെൻറ്റ് എന്നൊരു മിഷ്യനറി പറവൂർ പള്ളിയിലെ പ്രധാന തിരുനാൾഘോഷത്തിനു ചെല്ലുകയുണ്ടായി. എന്നാൽ അദ്ദേഹത്തെ തിരുനാളിൽ സംബന്ധിപ്പിക്കുകയാകട്ടെ, കുർബാന ചൊല്ലിക്കുകയാകട്ടെ, ചെയ്യുകുടെന്നു സാലേസു മെത്രാൻ ആ സന്ദർഭത്തിൽ പള്ളിക്കാർക്കു ഒരു കല്പന അയച്ചതിനാൽ ക്ലെമെൻറ്റ് പാതിരി പള്ളിയിൽ പ്രവേശിക്കുവാൻ കഴിയാതെ അവിടത്തെ പടിപ്പുരമാളികയിൽ കുർബാന ചൊല്ലി മടങ്ങിപ്പോകേണ്ടതായി വന്നു. പ്രാൻസീസു സാലേസു മെത്രാനെ ആലങ്ങാട്ടേക്കു സാഘോഷം എതിരേറ്റു കൊണ്ടുപോയതു രാജനിയമത്തിനു വിരോധമാണെന്നു വരാപ്പുഴ മിഷ്യനറിമാർ തിരുവിതാംകൂർ സർക്കാരിൽ ബോധിപ്പിച്ചു. തിരുവിതാംകൂർ ദളവാ അതേപ്പറ്റി സുറിയാനിപ്പള്ളിക്കാരോടു ചോദിച്ച സമയം പ്രസിദ്ധനായ കുത്തിയതോട്ടിൽ തച്ചിൽ മാത്തുത്തരകൻ മുതൽപേർ അതിലേക്കു മതിയായ ന്യായങ്ങൾ അദ്ദേഹത്തെ ബോധിപ്പിക്കയും അദ്ദേഹം അവരുടെ സമാധാനം സ്വീകരിക്കയുംചെയ്തു.

സുറിയാനിക്കാരുടെ മെത്രാന്മാർക്കു പ്രബ്രസ്ഥാനവും അതിനടുത്ത രാജകീയ പദവികളും പണ്ടുപണ്ടേ ഉണ്ടായിരുന്നതും അങ്ങനെ കേരളത്തിൽ നടന്നുവന്നതുമാണെന്നു ഈ ചരിത്രത്തിൽ പലേ സ്ഥലങ്ങളിലും ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ കൊച്ചിക്കോട്ട ഡച്ചുകാർ പിടിച്ച അവസരത്തിൽ മെത്രാന്മാരുടെ അധികാരവും സ്ഥാനപദങ്ങളും അവരുടെ അനുമതിയോടുകൂടി നടത്തേണ്ടതാണെന്ന് അവർ ഒരുനിയമം ഉണ്ടാക്കിനടപ്പിൽ വരുത്തുകയും നാട്ടുരാജാക്കന്മാരും ആ വിധംതന്നെ ചെയ്തുകൊള്ളണമെന്നു ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ നിയമം അനുസരിച്ചു മാർ അലക്സാണ്ടർ മെത്രാൻ തന്റെ അധികാരത്തിൽപ്പെട്ട പള്ളികളെ ഡച്ചു് അധികാരിയുടെ സമ്മതിയോടുകൂടിയാണ് സന്ദർശിച്ചിരുന്നതു്. കൽദായ മെത്രാനായ മാർ ശെമഓനിൽനിന്നു ക്രൊ-ൽ ആലങ്ങാട്ടുചെച്ചു മെത്രാൻപട്ടം സ്വീകരിച്ച ആൻജെലൂസ് പ്രാൻസീസു എന്ന കമ്മലീത്താ മെത്രാൻ

ഈ നിയമം അനുവർത്തിക്കയും മൂവായിരം സുറിയാനിപ്പട്ടയാളികളോടുകൂടി കൊച്ചിയിലെ ഡച്ച് അധികാരിയെ ചെന്നു കാണുകയും സ്വാധികാരം പ്രയോഗിക്കുന്നതിനുള്ള അനുമതി തദവസരത്തിൽ അദ്ദേഹത്തിൽനിന്നു ലഭിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ തിരുവിതാംകൂർ മറ്റു ചെറിയ രാജ്യങ്ങളെ പിടിച്ചടക്കി ആധിപത്യം സ്ഥാപിച്ചുതുടങ്ങുടി ഡച്ചുകാരുടെ ഈ വിധ നിയമങ്ങൾക്കു ശക്തിക്ഷയം ഭവിക്കയും ചിലതെല്ലാം ഇല്ലാതാകയും ചെയ്തു. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണ് പ്രാൻസീസു സാലേസു മെത്രാൻ ആലങ്ങാട്ടു പള്ളിയിലേക്കു ആഘോഷപൂർവ്വംകൊണ്ടുപോകപ്പെട്ടതു്. അദ്ദേഹം അവിടെപ്പോയി താമസിക്കുകൊണ്ടും ക്ലെമെൻറ് പാതിരിക്കു പറവൂർ പള്ളിയിൽ കുമ്പാനചൊല്ലുന്നതിനു മുടക്കു വെച്ചതുകൊണ്ടും വരാപ്പുഴ മിഷ്യനറിമാർക്കു അദ്ദേഹത്തിൻെറ പേരിൽ പണ്ടേതന്നെയുണ്ടായിരുന്ന വൈരം ഒന്നുകൂടി വർദ്ധിച്ചു. തന്നിമിത്തം ആ മിഷ്യനറിമാരിൽ മിലാൻകാരനായ യോഹന്നാൻ മറിയ (John Mary of St. Thomas) എന്നൊരാൾ സാലേസു മെത്രാനെപ്പറ്റിയുള്ള ആവലാധികൾ റോമയിൽ ബോധിപ്പിക്കേണ്ടതിനായി ൧൭൯൫-ൽ യൂറോപ്പിലേക്കു പുറപ്പെട്ടു. അദ്ദേഹം, ഞാറയ്ക്കൽ ഇടവകക്കാരായ ശങ്കുരിയ്ക്കൽ (മാളിയേക്കൽ) കുഞ്ഞുവക്കി വറുഗീസു, പുത്തനങ്ങാടിയിൽ കുഞ്ഞുതൂപ്പു ഫേലോസു എന്ന രണ്ടു യുവാക്കന്മാരെ റോമയിലെ ഉർബ്വാൻ (പ്രോപ്പഗാന്ത) സെമിനാരിയിൽ ചേർത്തു പഠിപ്പിക്കേണ്ടതിനായി തന്നോടൊന്നിച്ചു കൊണ്ടുപോകയുമുണ്ടായി.

ഇതിനിടയ്ക്കു വരാപ്പുഴെനിന്നു ചില മിഷ്യനറിമാർ സാലേസു മെത്രാനു എഴുത്തുകൾ അയക്കയും ആലങ്ങാട്ടു ചെന്നു അദ്ദേഹത്തെ തനിച്ചു കാണുകയും ചെയ്തുകൊണ്ടിരുന്നു. അതിനാൽ അദ്ദേഹം അവരുടെ അപേക്ഷയനുസരിച്ചു വരാപ്പുഴെക്കു തിരികെ പോകുന്നതിനു സമ്മതിക്കയും ആഘോഷപൂർവ്വം പ്രത്യാഗമനം ചെയ്യേണ്ടതിനു തിരുവിതാംകൂർ ദളവായുടെ അനുമതി ചോദിക്കയും ചെയ്തു. ഈ ചോദ്യം സുറിയാനിക്കാർക്കു ദോഷകരമായി പരിണമിച്ചതിനാൽ, മുമ്പു വേണ്ടെന്നു വെച്ചു തിരുവിതാംകൂർ ദളവാ ഉപേക്ഷിച്ചുകളഞ്ഞ പിഴ സുറിയാനിക്കാർ തിരിയെ കെട്ടുന്നതിനിടയായി. സാലേസു മെത്രാനെ ആലങ്ങാട്ടേക്കു കൊണ്ടുപോയതിനു ആറായിരം പണവും മേലിൽ ഏതു പള്ളിയിൽ എങ്കിലും മെത്രാനെ ആഘോഷപൂർവ്വം കൊണ്ടുപോകുന്നതിനുള്ള അനുമതിക്കായി ആറായിരം പണവും വിശേഷാൽ രണ്ടായിരത്തി ഒരുനൂറ്റി പന്ത്രണ്ടു പണവും ഇങ്ങനെ ആകെ പതിനാലായിരത്തി ഒരുനൂറ്റി പന്ത്രണ്ടു പണം അങ്കമാലി മുതലായ പഴയക്രൂർ സുറിയാനിപ്പള്ളിക്കാർ സർക്കാരിൽ കെട്ടിവെക്കേണ്ടതായി വന്നു. ഇതു കൊല്ലവർഷം ൯൭൦ മീനം ൩-ാംനു എഴുതപ്പെട്ട "നിനവു" തിരുവെഴുത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. (ഈ നിനവിൻെറ പകർപ്പു ഞങ്ങളുടെ പക്കലുള്ള കയ്യെഴുത്തു ഗ്രന്ഥത്തിൽ സൂക്ഷിക്കപ്പെ

ട്ടിട്ടുള്ളതാണ്. ) ആലങ്ങാട്ട പോകുന്ന കാര്യത്തിൽ രാജസമ്മതം ചോദിക്കാതിരിക്കെ, പിന്നീട വരാപ്പുഴക്ക പോകുന്നതിനു അതു ആവശ്യപ്പെടുന്നതു സുറിയാനിക്കാക്ക വളരെ ദോഷകരമായി പരിണമിക്കുമെന്നു സാലേസു മെത്രാൻ അറിയാതിരുന്നില്ല. ഈ വിധ ദോഷങ്ങൾ അന്യന്മാരായ ഭരണകർത്താക്കളിൽനിന്നു സുറിയാനിക്കാക്ക പല പ്പോഴും നേരിട്ടിട്ടുണ്ട്. സാലേസു മെത്രാൻ മൂന്നു സംവത്സരങ്ങളിലധികം ഭരണം നടത്തിയതായി കാണുന്നില്ല. ൧൭൭൫ ഒക്ടോബർ മാസത്തിൽ അദ്ദേഹം മലയാളത്തിൽ വരികയും ൧൭൭൬-ൽ ആലങ്ങാട്ടേക്ക പോകയും ൧൭൭൭-ൽ വരാപ്പുഴക്ക മടങ്ങുകയും ചെയ്തു. മലയാളത്തിൽ ഈ വിധമെല്ലാം കാര്യങ്ങൾ നടന്നുവരവേ മേൽപ്രസ്താവിച്ച യോഹന്നാൻ മറിയ റോമ്മയിൽ എത്തി സകല സംഗതികളും ബോധിപ്പിക്കയാൽ പ്രാൻസീസു സാലേസു മെത്രാൻ ഉടനെ മലയാളംവിട്ട പുറപ്പെട്ടുകൊള്ളണമെന്നു കല്പനയുണ്ടായി. അതനുസരിച്ചു അദ്ദേഹം മലയാളത്തിൽനിന്നു പോകയും പലസ്തീനായിൽ കർമ്മൽ മലയിലെ കർമ്മലീത്താ ആശ്രമത്തിൽ മെത്രാൻസ്ഥാനം ഒഴിഞ്ഞു താമസിച്ചു ൧൭൮൨ ജൂലൈ മാസം ൨൭-൹ അവിടെ മരിക്കയും ചെയ്തു.

കൊച്ചിരാജാവും മാപ്പ്പ്പാമാരും തമ്മിൽ ചില എഴുത്തുകുത്തുകൾ നടന്നതായി ൧൬൦൫ പുസ്തകം ൧൦-൹ അദ്ധ്യായം ൧൯-൹ ലക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. തിരുവിതാംകൂർ മഹാരാജാവും മാപ്പാപ്പാമാരും തമ്മിലും ചില ലേഖനസംസർഗ്ഗം ഉണ്ടായിട്ടുണ്ട്. ൧൭൭൫ ജൂലൈമാസം ൨-൹ പതിനാലാമത്തെ ക്ലെമൻറ് മാപ്പാപ്പാ (Pope Clement XIV.) തിരുവിതാംകൂർ ഭരണകർത്താവായ രാമവർമ്മ മഹാരാജാവിനു ഒരു തിരുവെഴുത്തയച്ചു. അതു ൧൭൭൦-മാണ്ടിലാണ് വരാപ്പുഴ വന്നുചേർന്നതു. പ്രാൻസിസ് സാലേസ് മെത്രാനായിരുന്ന അക്കാലത്തു വരാപ്പുഴത്തെ വൈദികാദ്ധ്യക്ഷൻ. പ്രസിദ്ധനായ പൌലീനോസ്, ഈശോയുടെ ക്ലെമൻറ് എന്ന രണ്ടു മിഷ്യനറിമാർ അതു മഹാരാജാവിനു സമർപ്പിക്കുന്നതിനായി തിരുവനന്തപുരത്തു കോട്ടവാതിൽ കടന്ന സമയം ബഹുമാനസൂചകമായി പതിനൊന്നു പീരങ്കിവെടി ധ്വനിപ്പിക്കയും മഹാരാജാവും മന്ത്രി തുടങ്ങിയുള്ള ഉദ്യോഗപ്രധാനന്മാരും ക്രൂടി അതിനെ സബഹുമാനം സ്വീകരിക്കയും ചെയ്തു. മാപ്പാപ്പായുടെ തിരുവെഴുത്തു ഇവിടെ ഉദ്ധരിക്കാം:—

## CLEMENS PP. XIV.

Illustris, ac Potentissime Rex, Salutem, et Lumen Divinæ gratiæ.

Cum de Regii Tui animi magnitudine, ceterisque præclaris Tuis laudibus multa sæpe in suis litteris perscribant Nostri Missionarii Ordinis Carmelitani, qui in Tui Regni partibus degunt, Tuaque insignia præsertim in se collata beneficia assidue prædicent; magna idcirco est

Tuo Nomini, Tuisque virtutibus in his Europæ regionibus conciliata celebritas, Tibique plurimi plausus multorum sermone merito tribuuntur. Sed quoniam hæ singulares Tuæ dotes, Tuaque summa erga Missionarios humanitas Nos potissimum attingunt, qui Religioni Christianæ præsidemus, et quorum nomine ac mandato iidem Miss.onarii isthic versantur, Nos propterea Tuas laudes, Tuamque clementiam summopere offerimus, et Tua in illos beneficia ac merita tanquam Nobis ipsis præstita arbitramur et profitemur. Quamobrem has Nostras litteras ad Te dare volumus, ut hos ipsos Nostros plenissimos Tuæ existimationis ac laudis sensus Tibi aperiremus, atque una gratissimum Tibi Nostrum animum testaremur, et saltem reddendæ Tibi gratiæ desiderium probaremus. Ipsi Nostri Missionarii Tibi pluribus significabunt hanc propensissimam Nostram, Tuæque felicitatis cupidissimam voluntatem. Interim a Te magnopere petimus, ut has Tuas laudes, atque hæc Tua in Nos merita cumulatiora in dies facias, et Missionarios Nostros, tanquam pignora sinceræ ac mutuæ inter Nos amicitiæ, usitata benevolentia ac patrocinio Tuo prosequare. Hoc Tibi de illis recipere ac polliceri certe possumus, neminem Tibi fideliorem atque addictiorem quam illi sint, et ad obsequia Tua paratiorem fore. Hoc enim et ab ipasa Lege, quam profitentur, et a Nobis arctissime illis mandatur, atque injungitur. Ac proinde hac etiam causa Legis Christianæ incolumitatem et ejusdem praecones Missionarios Nostros Tibi commendatissimos futuros confidimus. Demum Deum Omnipotentem obsecramus, ut prosperam et diuturnam vitam et omnium bonorum incrementa Tibi illustris et Potentissime Rex effuse largiatur. Imprimis vero suae gratiae subsidio concedat, ut per agnitionem veritatis ad veram et perpetuam felicitatem pervenias.

Datum Romae apud Sanctam Mariam Majorem sub annulo Piscatoris die II Julii MDCCLXXIV. Pontificatus Nostri anno sexto.

ഇതിൽ പറയപ്പെട്ടിരിക്കുന്നതു്– ക) രാജാവിന്റെ ഗുണഗണങ്ങളെയും മാഹാത്മ്യത്തെയും തങ്ങൾക്കു ചെയ്യുന്ന നിരവധി നന്മകളെയും പറഞ്ഞു തിരുവിതാംകൂറിലുള്ള കത്തോലിക്കാ മിഷ്യനറിമാർ പലപ്പോഴും എഴുതി അറിയിക്കുകൊണ്ടു് അദ്ദേഹത്തിന്റെ കീർത്തി യൂറോപ്പിൽ പരന്നിരിക്കുന്നെന്നും,– ഖ) മിഷ്യനറിമാർ മാർപ്പാപ്പായുടെ പ്രതിനിധികളും അവിടത്തെ കല്പനയനുസരിച്ചു അവിടെ ചെന്നിട്ടുള്ളവരുമാകയാൽ, രാജാവിന്റെ സ്തുതികളും മിഷ്യനറിമാർക്കു ചെയ്യുന്ന സഹായങ്ങളും ക്രിസ്തീയ മതാദ്ധ്യക്ഷനായ താൻ പുകഴ്ത്തുകയും തനിക്കുതന്നെ ചെയ്തതായി കരുതുകയും ചെയ്യുന്നെന്നും,– ഗ) തന്നിമിത്തം അദ്ദേഹത്തിന്റെ പേരിലുള്ള ബഹുമാനത്തെ ലക്ഷീകരിക്കുവാനും നന്ദി പ്രദർശിപ്പിക്കുവാനും ഈ തിരുവെഴുത്തു അയക്കുന്നെന്നും,–

൫) മഹാരാജാവിന്റെ സൂതികളെയും മാപ്പ്പ്പായുടെ നേക്കുള്ള സ ൽകൃത്യങ്ങളെയും പ്രതിദിനം വർദ്ധിപ്പിക്കയും മിഷ്യനറിമാരെ പതിവു പോലെ സഹായിക്കയും ആദരിക്കയും ചെയ്യണമെന്നും,– ൬) മതനി ബന്ധനയും മാപ്പ്പ്പായുടെ നിഷ്കൃഷ്ടയായ കല്പനയും മൂലം മിഷ്യനറി മാർ രാജാവിനു അത്യന്തം വിശ്വസ്തന്മാരും അനുസരണയുള്ളവരുമാ യിരിക്കുമെന്നു മാപ്പ്പ്പാ വാഗ്ദാനം ചെയ്യുന്നെന്നും,– ൭) ഈ കാര ണം ഹേതുവായിട്ടു ക്രൂടെയും ക്രിസ്ത്യീയമതത്തേയും തൽബോധകന്മാരാ യ മിഷ്യനറിമാരെയും രാജാവു ആദരിക്കുമെന്നു കരുതുന്നെന്നും,– ൮) രാജാവിനു ക്ഷേമവും ദീർഘായുസ്സും സൌഭാഗ്യസമൃദ്ധിയും, സർവ്വോപ രി സത്യബോധം വഴി നിത്യഭാഗ്യപ്രാപ്തിയും ഉണ്ടാവാൻ വേണ്ട അ നുഗ്രഹവും പ്രാർത്ഥിക്കുന്നെന്നുമാണ്.

ഈ തിരുവെഴുത്തിനു മറുപടിയായി രാമവർമ്മ മഹാരാജാ വു മാപ്പ്പ്പായ്ക്കു ഒരു തിരുവെഴുത്തെഴുതുകയും സ്വന്ത പ്രതിമയായ ഒരു എഴുത്തുപടം സമ്മാനമായി അയക്കയും ചെയ്തു. ഇവ റോമ്മയി ൽ ചെന്നെത്തിയതിനിടക്കു പതിനാലാം ക്ലെമീസ് മാപ്പ്പ്പാ മരണം പ്രാപിക്കയാൽ പത്രോസിന്റെ സിംഹാസനത്തിൽ ൧൭-ാം പീയൂസ് മാപ്പ്പ്പാ ആരൂഢനായി. (1. B.)

സാലേസു മെത്രാന്റെ വിയോഗാനന്തരം വരാപ്പുഴ വികാ രി അപ്പസ്തോലിക്കാ ഇല്ലാതിരുന്നതുകൊണ്ടു്, ആ മെത്രാനെപ്പററി ആ വലാധി ബോധിപ്പിക്കേണ്ടതിനായി അന്നു റോമ്മയിൽ എത്തി താമ സിച്ചിരുന്ന പ്രസ്തുത യോഹന്നാൻ മറിയത്തെന്നെ കസ്തോറിയായുടെ മെത്രാനും (Episcopus Castoricensis) മലയാളത്തിന്റെ വികാ രി അപ്പസ്തോലിക്കായുമായി ൧൮൩൨ ഡിസംബർ ൨൪-ാംനു- നിശ്ചയി ച്ചു അതിനുള്ള അധികാരപത്രം (Bulla) കൊടുത്തു. ഈ വിവരം അക്കാലത്തു റോമ്മയിൽ ചെന്നിരുന്ന കരിയാററിൽ യൌസേപ്പു മല്പാ നും പാറേമ്മാക്കൽ തോമ്മാക്കത്തനാരും അദ്ദേഹത്തിൽനിന്നുതന്നെ അറിവാൻ ഇടയായി. തിരുനാൾ പ്രദക്ഷിണങ്ങളിൽ തിരുവസ്ഥി പ ഞ്ജരം കുമ്പാനമൊല്ലന്ന (വികാരി) കത്തനാർ അല്ലാതെ കമ്മലീ ത്താ പാതിരിമാർ മേലാൽ എടുക്കേണ്ടതല്ലെന്നു കമ്മലീത്തരുടെ മേ ലാവായ ലോറെൻസ് യുസ്തിനിയാനി തീരുമാനം ചെയ്തുയും ആ തീരു മാനം അദ്ദേഹം അങ്കമാലിയിൽവച്ചു എഴുതി ഒപ്പിട്ട സുറിയാനിക്കാ രെ ഏൽപ്പിക്കയും ചെയ്തു സംഗതി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചി ട്ടുള്ളതാണല്ലൊ. യോഹന്നാൻ മറിയ ആകട്ടെ തന്റെ മേലാവായ ലോറെൻസു യുസ്തിനിയാനിയുടെ ഈ തീരുമാനത്തെ വകവെച്ചിരുന്നി ല്ല. അതിനാൽ, പതുഞ്ഞായറാഴ്ച മലയാററൂർ പള്ളിയിൽ റാസക്കുർബാ ന പാടിയശേഷം തിരുവസ്ഥി പഞ്ജരം എടുത്തുകൊണ്ടു പ്രദക്ഷിണം നടത്തിയ ആ ഇടവകക്കാരനായ പനച്ചിക്കൽ ഗീവറുഗീസു കത്തനാ രെ അദ്ദേഹം വരാപ്പുഴെകൊണ്ടുപോയി പലപ്രകാരത്തിൽ ഉപദ്രവിക്ക യുണ്ടായി. ഇങ്ങനെയുള്ള ഒരാൾ മെത്രാനായി മലയാളത്തിൽ ചെന്നാൽ വളരെ കുഴപ്പങ്ങൾ ഉണ്ടാകുമെന്നു കരിയാററിൽ മല്പാനും പാറേമ്മാ

ക്കൽ തോമ്മാക്കത്തനാരും ആലോചിച്ചു അതിനു ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കേണ്ടതിനായി പോർട്ടുഗൽ രാജാവിന്റെ പ്രതിനിധിവഴിക്കു കാര്യസ്ഥിതിയെല്ലാം മാപ്പുപ്പായെ ബോധിപ്പിച്ചു. അനന്തരം പ്രോപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കാർഡിനലിനെ ചെന്നു കണ്ടു കാര്യാവസ്ഥ അവിടെയും മനസ്സിലാക്കി. യോഹന്നാൻ മറിയ ആ സമയത്തു ജനോവായിൽ താമസിക്കുകയായിരുന്നു. ആകയാൽ, മെത്രാൻ പട്ടം ഏൽക്കുന്നതിനായി അദ്ദേഹത്തിനു കൊടുത്തിരുന്ന തിരുവെഴുത്തു അവിടത്തെ മെത്രാപ്പോലീത്താ വഴിക്കു പ്രോപ്പഗാന്ത തിരുസംഘത്തിൽനിന്നു തിരിച്ചുവാങ്ങി. ഇങ്ങനെ മെത്രാൻപട്ടം ഏൽക്കുന്നതിനിടവരാതെ അദ്ദേഹം ഇന്ത്യയിലേക്കു മടങ്ങിവന്നു മദ്രാസിൽ പാർത്തു അവിടെ ചരമം പ്രാപിച്ചു. പിന്നീടു, കമ്മലീത്താ സഭയിലെ ലൂയീസു മറിയ എന്ന വൈദികൻ, ക്രിസ്തു മാർച്ചു മാസം ൩൦–ാംനു- ഉസൂലായുടെ മെത്രാനും (Episcopus Usulensis) മലയാളത്തിന്റെ വികാരി അപ്പൂസ്തോലിക്കായുമായി നിയമിക്കപ്പെടുകയും പിന്നെ ആണ്ടു സെപ്റ്റംബർ ൨൭–ാംനു- പോണ്ടിച്ചേരിയിൽവെച്ചു അഭിഷേകം സ്വീകരിച്ചു മലയാളത്തിൽ എത്തുകയും ചെയ്തു. പ്രാൻസിസു സാലേസു മെത്രാൻ മിഷ്യനറിമാരുമായുണ്ടായ വഴക്കുകൾ നിമിത്തം സ്ഥാനം ഒഴിഞ്ഞു കമ്മൽ മലയിലെ ആശ്രമത്തിൽ പാർത്തു അവിടെ മരിച്ചെന്നും അനന്തരം നിയമിതനായ യോഹന്നാൻ മറിയ, മെത്രാൻപട്ടം ഏൽക്കുവാൻ ഇടയാകാതെ മദ്രാസിൽ വന്നു അവിടെ ചരമം പ്രാപിച്ചെന്നും പൌലീനോസു (P. 81–2) പ്രസ്താവിക്കുന്നുണ്ടു്. (൨) തിരുവിതാംകൂർ സ്റ്റേയ്ററുമാനുവലിൽ (Vol. ii. p. 195) മിസ്റ്റർ മെക്കൻസിയും ഈ വിധംതന്നെ പ്രസ്താവിച്ചു കാണുന്നു. എന്നാൽ ആ വഴക്കുകൾ എന്തെല്ലാമെന്നു ആ ഗ്രന്ഥകാരന്മാർ പറയാതെ വിട്ടുകളഞ്ഞതുകൊണ്ടു അവയെപ്പറ്റി ഇവിടെ ഇതുമാത്രം പറയുവാൻ ഇടയായതാണു്.

൩. ആറാം മാർ തോമ്മാ, ദിയൊനീസിയസ് എന്ന അഭിധാനത്തിൽ മാർ ഗ്രിഗോരിയോസിൽനിന്നു നിരണത്തുവച്ചു മെത്രാൻപട്ടം സ്വീകരിച്ച സംഗതി കഴിഞ്ഞ അദ്ധ്യായം ൨൬-ാം ലക്കത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. സ്വാഭാവിക സൽഗുണങ്ങൾകൊണ്ടും ആചാരവൈശിഷ്ട്യംകൊണ്ടും, പുത്തൻക്കൂർ സുറിയാനിക്കാരെ അതുവരെ ഭരിച്ചിട്ടുള്ള മാർ തോമ്മാമാരിൽ ഇദ്ദേഹം പ്രഥമഗണനീയനാണു്. തൻമൂലം വലിയ മാർ ദീവന്യാസ്യോസു് (ദിയൊനീസിയസ്) എന്ന സംജ്ഞാവിശേഷണത്തിനു അദ്ദേഹം പാത്രീഭൂതനായി. ചില രേഖകളിൽ അദ്ദേഹത്തെപ്പറ്റി ഈ വിധം പ്രസ്താവിച്ചുകാണുന്നുമുണ്ടു്. മാർ തോമ്മാമാർ ഒക്കെയും കുറവിലങ്ങാട്ടു പള്ളി ഇടവകയിൽ ഉൾപ്പെട്ട പകലോമറ്റം കുടുംബത്തിൽ നിന്നു ഏടുക്കപ്പെട്ടവരാണു്. ആ പള്ളി പഴയക്കുറിൽ നില്ക്കുക നിമിത്തം പുത്തൻക്കൂർ മെത്രാന്മാർ അവിടെനിന്നു ആ കുടുംബാംഗങ്ങളിൽ ഒരാളെ അനന്തരവനായി ബാല്യപ്രായത്തിൽതന്നെ സ്വീകരിക്കുക പതിവായിരുന്നു. ഈ വിധം

തന്നെ ഇദ്ദേഹത്തെയും കാരണവൻ മെത്രാൻ അവിടെ നിന്നുകൊണ്ടു പോയി തന്റെകൂടെ പാർപ്പിച്ചു വളർത്തിയതാണ്. പകലോമറ്റം കുടുംബത്തിന്റെ ശാഖയായ പള്ളിവീട്ടു അഥവാ പനങ്കുഴ എന്ന ഗൃഹത്തിൽ ജാതനായ ഈ മാർ തോമ്മായുടെ നാമധേയം അയ്യു (യൌസേപ്പു) എന്നായിരുന്നു. മെത്രാൻപദത്തിൽ സ്ഥാപിക്കപ്പെട്ടതിനു മുമ്പു അയ്പ്പു കത്തനാർ എന്നാണ് ഇദ്ദേഹത്തെ വിളിച്ചുവന്നിരുന്നതു്. ഇദ്ദേഹം ബാല്യത്തിൽ കത്തോലിക്കനായി ജീവിച്ചിരുന്ന ഒരാൾ ആണെന്നു ഇതിൽനിന്നു വിശദമാണല്ലൊ. സ്വന്ത കാരണവനു സാക്ഷാൽ മെത്രാൻപട്ടം ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിൽനിന്നു താൻ സ്വീകരിച്ച പട്ടങ്ങളെപ്പറ്റി ൧—ാം മാർത്തോമ്മായിക്കു സംശയം ഇല്ലാതിരുന്നില്ല. അതിനാലാണ് ൧൭൫—ൽ നിരണത്തുവെച്ചു മാർ ഗ്രീഗോരിയോസിൽനിന്നു എല്ലാ പട്ടങ്ങളും അദ്ദേഹം വീണ്ടും സ്വീകരിച്ചതു്. കത്തോലിക്കാ മതത്തിൽ ചേരണമെന്നു് അദ്ദേഹത്തിനു അത്യധികമായ ആഗ്രഹമുണ്ടായിരുന്നതുകൊണ്ടു നിരണത്തുവെച്ചു മെത്രാൻപട്ടം ഏൽക്കുന്നതിനു മുമ്പായിത്തന്നെ അതിലേക്കു വേണ്ട പരിശ്രമങ്ങൾ ചെയ്യുവാനിരുന്നു. കത്തോലിക്കാമതം സ്വീകരിക്കണമെന്നുള്ള വാഞ്ഛ അദ്ദേഹത്തിന്റെ ജനസഞ്ചയത്തിനും ഉണ്ടാകാതിരുന്നില്ല. പുത്തൻക്കൂർ, പഴയക്കൂർ എന്നിങ്ങനെ രണ്ടു കൂറുകളായി തിരിഞ്ഞു നിൽക്കുന്നതു ഗുണകരമല്ലെന്നുള്ള ബോധം ഇരുകൂട്ടർക്കും ജനിക്കുക നിമിത്തം തമ്മിൽ സംയോജിക്കണമെന്നുള്ള ആഗ്രഹം ഉഭയ കക്ഷിക്കും ഉണ്ടായിരുന്നു. എന്നാൽ അക്കാലത്തു റോമ്മയിൽനിന്നു ഏതെങ്കിലും ഒരു കാര്യം സാധിക്കുക ഇപ്പോഴത്തെപ്പോലെ സുകരമായിരുന്നില്ല. പഴയക്കൂർ സുറിയാനിക്കാരുടെ ഭരണകർത്താക്കന്മാരായി പുത്തൻചിറയും വരാപ്പുഴയും പാർത്തിരുന്ന യൂറോപ്യൻ മെത്രാന്മാരും മിഷ്യനറിമാരും വഴിയായിട്ട മാത്രമെ അന്നു അവിടെനിന്നു എന്തെങ്കിലും സാധിക്കുന്നതിനു നിവൃത്തിയുണ്ടായിരുന്നുള്ളു. അവർ അനുകൂലികൾ ആയിരുന്നാൽ കാര്യം സാദ്ധ്യമായും പ്രതികൂലികളായാൽ അസാദ്ധ്യമായും തീർന്നിരുന്നു.

പുത്തൻക്കൂറും പഴയക്കൂറും സംയോജിച്ചു ഒന്നായിത്തീരണമെന്നുള്ള താല്പര്യം ഇരുപക്ഷത്തിൽ ഉൾപ്പെട്ടവർക്കും വളരെക്കാലം മുമ്പു തുടങ്ങിത്തന്നെ ഉണ്ടായിരുന്നതാണ്. ൧൭൫—ൽ മാർ ശെമഓൻ ഇന്ത്യയിൽ എത്തിയ സന്ദർഭത്തിൽ ഇരുപക്ഷക്കാരും അതിലേക്കു പരിശ്രമങ്ങൾ ചെയ്തിരുന്നതായി കഴിഞ്ഞ അദ്ധ്യായം ൬—ാം ലക്കത്തിൽ വിവരിച്ചിട്ടുണ്ട്. നാലാം മാർതോമ്മാ, അഞ്ചാം മാർതോമ്മാ എന്നിവരുടെ ഭരണകാലങ്ങളിലും അതിനായി യത്നങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ടെന്നു ആ അദ്ധ്യായത്തിന്റെ ൫—൭൬ ലക്കങ്ങളിൽനിന്നു പ്രസ്പഷ്ടമാകുന്നു. ഈ ഉദ്ദേശസിദ്ധിക്കായി ബദ്ധപരിശ്രമം ചെയ്തിട്ടുള്ള മാർതോമ്മാമാരിൽ പ്രഥമഗണനീയൻ ആറാം മാർതോമ്മാ അഥവാ മാർദിയനീസിയസ് പ്രഥമനാണ്. അദ്ദേഹം പഴയക്കൂർ സുറിയാനി വിഭാഗത്തിന്റെ ഭരണകർത്താക്കന്മാരുടെ സാഹായ്യം ആ കാര്യത്തിനാ

യി ആവശ്യപ്പെട്ടകയും തന്റെ അപേക്ഷ പല അവസരങ്ങളിൽ– ൧൭൭൨–ൽ നിരണത്തുവെച്ചു അദ്ദേഹം മെത്രാൻപട്ടം സ്വീകരിക്കുന്നതിനു മുമ്പും അതിനുശേഷവും– അവരെ അറിയിക്കയും ചെയ്തിട്ടുണ്ട്. മിസ്റ്റർ മെക്കൻസി തിരുവിതാംക്കൂർ സ്റ്റെയിറ്റുമാനുവലിൽ (Vol. II. P. 209) ചെയ്തിട്ടുള്ള പ്രസ്താവം ഇതിലേക്കു മതിയായ ഒരു രേഖയാണ്. ആ ഭാഗം ഇവിടെ ഉദ്ധരിക്കാം:– "In the instruction of Propaganda dated 31st August 1771 is a passage Saying that the Sacred Congregation were willing to solace Mar Thomas by procuring for him a Brief conferring the ecclesiastical rank of Pronotary and to concede to him the temporal but not the spiritual administration of the Chaldeans, his dependents"– "൧൭൭൧ ഓഗസ്റ്റ് ൩൧–നു പ്രോപ്പഗാന്ത സംഘത്തിൽനിന്നു ഉപദേശത്തുപേണ അയച്ച എഴുത്തിൽ മാർ തോമ്മായിക്കു പ്രോനോട്ടറി എന്ന മാന്യപദവിയും അദ്ദേഹത്തെ ആശ്രയിച്ചു നിൽക്കുന്നവരുടെമേൽ ആത്മികഭരണം ഒഴിച്ചുള്ള ലൌകികാധികാരവും കൊടുത്തു അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിനു് ആ തിരുസംഘം നിശ്ചയിച്ചതായി പറയപ്പെട്ടിരിക്കുന്നു." ഇതു് മാർ തോമ്മാ നിരണത്തുവെച്ചു സാധുവായി മെത്രാൻപട്ടം സ്വീകരിക്കുന്നതിനുമുമ്പു് പഴയക്രൂറുകാരുടെ ഭരണാധികാരികളോടു ചെയ്തിരുന്ന അപേക്ഷയെ അവർ അഭിപ്രായസഹിതം റോമ്മയിൽ അറിയിച്ചതിനു് റോമ്മയിൽനിന്നും അവക്കു വന്ന മറുപടിയും മാർ തോമ്മായിക്കു അക്കാലത്തു വാസ്തവത്തിൽ മെത്രാൻപട്ടം ഇല്ലാതിരുന്നതിനാൽ ആ സാഹചര്യത്തിനു അനുസാരമായി അവിടെ (റോമ്മയിൽ) ചെയ്യപ്പെട്ട ഒരു നിശ്ചയവുമാണ്.

പിന്നീടു ൧൭൭൨–ൽ മാർ തോമ്മാ, മെത്രാൻപട്ടം ഏൽക്കുന്നതിനിടവരികയും അതിനുശേഷവും തന്റെ അപേക്ഷയെ പുനരാവർത്തിക്കയുമുണ്ടായി. ആ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ അപേക്ഷയേപ്പറ്റി പ്രസ്തുത ഭരണകർത്താക്കന്മാർ റോമ്മയിൽ അറിയിച്ചതു് അതിനുമുമ്പു അവർ അയച്ച എഴുത്തിൽ ഇല്ലാതിരുന്ന ചില സംഗതികൾകൂടി പ്രസ്താവിച്ചുകൊണ്ടായിരുന്നു. മാർ തോമ്മാ സാധുവായി മെത്രാൻപട്ടം സ്വീകരിച്ച വസ്തുത റോമ്മയിൽ അറിയിക്കപ്പെട്ടമില്ല. ഈ നിവേദനത്തിനു അനുരൂപമായി റോമ്മയിൽനിന്നു അവക്കു ഒരു മറുപടി ലഭിക്കുകയുണ്ടായി. അതിന്റെ പുരുക്കം തിരുവിതാംക്കൂർ സ്റ്റെയ്റ്റുമാനുവലിൽ മേൽക്കാണിച്ച സ്ഥലത്തുതന്നെ മിസ്റ്റർ മെക്കൻസി പ്രസ്താവിക്കുന്നതു ഇപ്രകാരമാണ്:– "On July 22nd 1774, the Congregation of Propaganda formally discussed the case of Mar Thomas and sent to the Vicar Apostolic at Verapoly instructions empowering him to offer to Mar Thomas the temporal but not the spiritual superintendence of his subjects and to succour his poverty by an annual allowance

of one hnndred or more, but the Vicar Apostolic will be advised to admit no discussion concerning the desire which this nation has to have a Bishop or head of their own rite."– "പ്രോപ്പഗാന്ത സംഘം ഫ്രൈ ജൂലൈ ൨൨–ാംന്ന മാർ തോമ്മായുടെ കായ്ം യഥാവിധി പയ്യാലോചിക്കയും അദ്ദേഹത്തിന്റെ ജനസഞ്ചയത്തിന്മേൽ ആത്മികാദ്ധ്യക്ഷ്യം ഒഴികെയുള്ള ലൌകികാദ്ധ്യക്ഷ്യം അദ്ദേഹത്തിനു കൊടുക്കുന്നതിനും നൂറോ അതിലധികമോ വരുന്ന ഒരു തുക പ്രതിവത്സരം കൊടുത്തുകൊണ്ട് ദരിദ്രാവസ്ഥയിൽ ഇരിക്കുന്ന അദ്ദേഹത്തെ സഹായിക്കുന്നതിനും അധികാരപ്പെടുത്തുന്ന ഒരെഴുത്തു വരാപ്പുഴ വികാരി അപ്പസ്തോലിക്കായിക്കു അയയ്ക്കുകയും ചെയ്തു. തങ്ങളുടെ രീത്തിൽപ്പെട്ട ഒരു മെത്രാനേയൊ അദ്ധ്യക്ഷനേയൊ കിട്ടുന്നതിനു ഈ ജനസഞ്ചയത്തിനുള്ള ആഗ്രഹത്തെ സംബന്ധിക്കുന്നയാതൊരു ആലോചനയ്ക്കും വികാരി അപ്പസ്തോലിക്കാ ഇടകൊടുക്കേണ്ടതല്ലെന്നു അതിൽ ഉപദേശിച്ചിട്ടുമുണ്ട്." കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയ സാൽവദോർ മാർ തോമ്മായെ സംബന്ധിച്ച വരാപ്പുഴെക്ക എഴുതിയ രണ്ടെഴുത്തുകളിലെ സംഗതികളും മിസ്റ്റർ മെക്കൻസി പ്രസ്തുത സ്ഥലത്തുതന്നെ ചേർത്തിരിക്കുന്നു. അത് ഇങ്ങനെയാണ്:– "At Verapoly, there are two letters in Portuguese, dated 18th August, and 11th October 1773, from Archbishop Salvador dos Reis S. J. the last jesuit Archbishop of Crangnore. The Archbishop tells the Vicar Apostolic of Verapoly that he has as much work as he can do, that at his age he does not wish to take up fresh work, that Mar Thomas is like a camel with its month open and that the Archbishop more and more doubts if Mar Thomas is sincere:– "കൊടുങ്ങല്ലൂർ ഇടവകയെ ഭരിച്ച ഈശോസഭയിലെ അവസാന മെത്രാപ്പോലീത്താ ആയ സാൽവദോർ ഫ്രൈ ഓഗസ്റ്റ ൧൮–ാം തിയ്യതിയും ഒക്ടോബർ ൧൧–ാം തിയ്യതിയും എഴുതിയ രണ്ട പോർട്ടഗീസു എഴുത്തുകൾ വരാപ്പുഴെയുണ്ട്. മെത്രാപ്പോലീത്താ ആ തുകൾമൂലം വരാപ്പുഴെ വികാരി അപ്പസ്തോലിക്കായെ അറിയിക്കുന്നതു തനിക്കു ധാരാളം ജോലികൾ ഉള്ളതുകൊണ്ട പുതുമായ യാതൊരു ജോലിയും ആ (വാർദ്ധക്യ) പ്രായത്തിൽ ഭരമേല്പാൻ അഗ്രഹിക്കുന്നില്ലെന്നും മാർ തോമ്മാ വായ് പിളന്ന ഒരു ഒട്ടകത്തിനു തുല്യമാണെന്നും അദ്ദേഹത്തിന്റെ നിർവ്യാജതയെപ്പറ്റി തനിക്കു വലുതായ സന്ദേഹമുണ്ടെന്നുമാണ്." സാൽവദോർ മെത്രാപ്പോലീത്തായുടെ അടുക്കൽ മാർ തോമ്മാ തന്റെ അപേക്ഷയെ അറിയിച്ചിരുന്നെങ്കിലും അദ്ദേഹം അതിനു യാതൊരു മറുപടിയും പറയുകയുണ്ടായില്ല. ആ സമയത്തിക്ക്, മാർ തോമ്മായെ സംബന്ധിച്ച അദ്ദേഹം വരാപ്പുഴെക്ക എഴുതി അയച്ചതു അവിടെനിന്നു തത്സംബന്ധമായി കൈപ്പറ്റിയ എഴുത്തുകൾക്കു മറുപടിയായിട്ട മാത്രമാണെന്നു തെളിയുന്നു. മെത്രാപ്പോ

ലീത്തായുടെ എഴുത്തുകൾ കണ്ടു ഓഗസ്റ്റ് മുപ്പതാം തീയതിയും ഒക്ടോബർ മുപ്പതാം തീയതിയും ആണല്ലൊ സ്പഷ്ടമായതു്. എന്നാൽ വരാപ്പുഴെ വികാരി അപ്പൊസ്തോലിക്കാ അയ പ്ലാറെന്റസ് ആയാണ്ടു ജൂലൈ മാസം പന്ത്രണ്ടാനു- മരിച്ചുപോയിരുന്നതിനാൽ മേൽപ്പറഞ്ഞ എഴുത്തുകൾ അന്നു വരാപ്പുഴെ ഭരണാധികാരം വഹിച്ചിരുന്ന ആളിനു അയക്കപ്പെട്ടവയാണു്.

മാർ തോമ്മായുടെ അപേക്ഷക്കു തീരുമാനമൊന്നും ഉണ്ടാകാതിരുന്നിരുന്ന അവസരത്തിലാണു് ഫ്രാൻസിസു സാലേസു മെത്രാൻ വരാപ്പുഴെനിന്നു പിണങ്ങി ആലങ്ങാട്ടപോയി പാർക്കുവാൻ ഇടയായതു്. (ല. ഫ.) മെത്രാൻ സുറിയാനിക്കാരുടെ സാധിനത്തിൽ ആയതിനാൽ തന്റെ അഭീഷ്ടം സാധിക്കുന്നതിനു അതു തക്ക സമയമെന്നു മാർ തോമ്മാ കരുതുകകൊണ്ടു അതിനായി അക്കാലത്തു ആലങ്ങാട്ടു സെമിനാരിയിൽ പഠിപ്പിച്ചുവന്നിരുന്ന കരിയാറിൽ യൌസേപ്പു മല്പാന്റെ പേർക്കും സാലേസു മെത്രാന്റെ പേർക്കുമായി ഓരോ എഴുത്തുകൾ അദ്ദേഹം ആലങ്ങാട്ടേക്കയച്ചു. മല്പാനുള്ള എഴുത്തിൽ തനിക്കു അദ്ദേഹത്തെ കണ്ടുപറയുവാൻ കാര്യമുള്ളതുകൊണ്ടു അദ്ദേഹം നിരണത്തു ഒന്നു പൊന്നുപോരണമെന്നും മെത്രാന്റെ പേർക്കുള്ളതിൽ മല്പാനെ നിരണത്തേക്കു അയക്കണമെന്നും മാർ തോമ്മാ അപേക്ഷിച്ചിരുന്നു. എഴുത്തിലെ സംഗതി മല്പാൻ സാലേസു മെത്രാനെ ബോധിപ്പിച്ചു് മാർ തോമ്മായുടെ അടുക്കൽ പോകുന്നതിനു അനുമതി ചോദിച്ചു. അപേക്ഷപോലെ അനുമതി നൽകിയെങ്കിലും മാർ തോമ്മായോടു ഏതുവിധമെല്ലാം പെരുമാറണമെന്നു മല്പാനോടു മെത്രാൻ ഉപദേശിക്കാതിരുന്നില്ല. മല്പാൻ നിരണത്തു ചെന്നു മാർ തോമ്മായെ കണ്ടപ്പോൾ മാർ തോമ്മാ തനിക്കു കത്തോലിക്കാ സഭയിൽ ചേരുന്നതിനുള്ള അഗ്രഹം അദ്ദേഹത്തിന്റെ അടുക്കൽ വെളിപ്പെടുത്തുകയും അതിനുവേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കണമെന്നു അപേക്ഷിക്കയും ചെയ്തു. വിശ്വാസ കാര്യങ്ങളിൽ തനിക്കുണ്ടായിരുന്ന ചില സംശയങ്ങളെക്കൂടി മാർ തോമ്മാ ഈ അവസരത്തിൽ യൌസേപ്പു മല്പാനെ അറിയിച്ചു്, അദ്ദേഹം കാണിച്ചുകൊടുത്ത വേദാന്തയുക്തികൾ (Theological arguments) കൊണ്ടു അതുകൾക്കു പരിഹാരണം വരുത്തി. തമ്മിൽ പിരിയുന്ന സമയം മാർ തോമ്മാ മല്പാനെ ആലിംഗനം ചെയ്തു. അന്നേരത്തു മല്പാനും സന്തോഷാധിക്യംകൊണ്ടു കരയുകയും സകല കാര്യങ്ങളും സാലേസു മെത്രാനെ ബോധിപ്പിക്കാമെന്നും ബോധിപ്പിച്ചിട്ടും കാര്യം സാധിതമാകാതെ വരുന്നപക്ഷം ജീവാപായംപോലും വകവെക്കാതെ ഒരിക്കൽക്കൂടി റോമ്മായിൽപോയി കാര്യം സാധിപ്പിച്ചുവരാമെന്നും പറഞ്ഞു പറയുകയും ചെയ്തു മല്പാൻ പടിഞ്ഞിവന്ന മാർ തോമ്മായുടെ അഗ്രഹങ്ങളെല്ലാം സാലേസു മെത്രാനെ ബോധിപ്പിച്ചു. എന്നാൽ അദ്ദേഹം അതിനു പറഞ്ഞ മറുപടി മാർ തോമ്മായുടെയും മല്പാന്റെയും അഭിലാഷങ്ങൾക്കു നിശ്ശേഷം യോജിക്കാത്തതും തൃപ്തികരമല്ലാത്തതുമായിരുന്നു. നിരണം സന്ദർശനം

ത്രാസനമായി സ്ഥാപിച്ചു് അതിന്റെ മെത്രാൻ എന്ന നിലയിലാണ് മാർ തോമ്മാ വത്തിച്ചുവന്നിരുന്നതു്. ആ സ്ഥിതിയിൽ സ്വന്ത ജനങ്ങളോടുകൂടി കൂത്താലിക്കാ സഭയിൽ സ്വീകരിക്കപ്പെടണമെന്നായിരുന്ന അദ്ദേഹത്തിന്റെ ആഗ്രഹവും അപേക്ഷയും. അതിനു വിഘ്നം വരുത്തുന്ന കാരണങ്ങളും തടസ്സങ്ങളും ഒന്നും തന്നെ ഇല്ലെന്നു കണ്ടിരുന്നതിനാലാണ്, സാലേസു മെത്രാനിൽനിന്നു വല്ല പ്രതിബന്ധവും നേരിടുന്നപക്ഷം താൻതന്നെ റോമയിൽ പോകാമെന്നും കാര്യസാദ്ധ്യത്തിന്നായി വേണ്ടതു പ്രവർത്തിക്കാമെന്നും മാർ തോമ്മായോടു മല്പാൻ ഉറപ്പു പറഞ്ഞതു. യൌസേപ്പു മല്പാൻ നിരണത്തു ചെന്നു പോയശേഷം അദ്ദേഹത്തിന്റെ ഉപദേശം അനുസരിച്ചു മാർ തോമ്മാ, സാലേസു മെത്രാനായി ആലങ്ങാട്ടേക്കു രണ്ടാമതും ഒരെഴുത്തയച്ചു. താൻ കൂത്താലിക്കാ സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്നെന്നും അതിലേക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നുമായിരുന്ന അദ്ദേഹം അതിൽ പ്രസ്താവിച്ചിരുന്നതു്. (പൗരസ്ത്യക്രൂറുകാരും പാശ്ചാത്യക്രൂറുകാരും തമ്മിൽ ഇക്കാലത്തെപ്പോലെയുള്ള അകൽച്ചയും വേർപാടും അന്നില്ലായിരുന്നതിനാൽ) മാർ തോമ്മാ ചില സമയങ്ങളിലെല്ലാം ചങ്ങനാശേരിയിൽ പോയി പാർക്കേ പതിവുണ്ടായിരുന്നു. ഈ എഴുത്തു സ്വന്തസഹോദരീപുത്രനായ ചങ്ങനാശേരിൽ കല്യറ്റുൽ കുഞ്ഞീപ്പുത്തരകന്റെ പക്കലാണ് മാർ തോമ്മാ ഏൽപ്പിച്ചയച്ചതു്. അദ്ദേഹം കാരണവന്റെ ആഗ്രഹംപോലെ ആലങ്ങാട്ടുപോയി മെത്രാനെക്കണ്ടു എഴുത്തുകൊടുത്തു. തരകൻ മാർ തോമ്മായുടെ എഴുത്തു സാലേസുമെത്രാനു കൊടുത്തപ്പോൾ അദ്ദേഹം തരകനോടു രസക്ഷയവും വളരെ ഈർഷ്യാഭാവവും പ്രദർശിപ്പിച്ചു. യാതൊരു മറുപടി കൊടുക്കുകയോ വല്ലതും പറഞ്ഞയക്കുകയോ ചെയ്തില്ല.

൫. കരിയാറ്റിൽ യൌസേപ്പു മല്പാൻ നിരണത്തുനിന്നു ആലങ്ങാട്ടു മടങ്ങി എത്തീട്ടു ഏറെ താമസിയാതെ പ്രാൻസീസു സാലേസു മെത്രാൻ വരാപ്പുഴയ്ക്കു പോകയും അനന്തരം മുകളിൽ (൪൰) പ്രസ്താവിച്ചിട്ടുള്ളതുപോലെ അദ്ദേഹം സ്ഥാനം ഒഴിഞ്ഞു മലയാളം വിട്ടു പുറപ്പെടുകയും ചെയ്തു. ആ ഘട്ടത്തിൽത്തന്നെ— ൧൭൭൯ ഏപ്രിൽ ൩-൦൩൰— കൊടുങ്ങല്ലൂരിലെ സാൽവദോർ മെത്രാപ്പോലീത്താ ചരമം പ്രാപിച്ചു. (അ. ൧൱. ല. ൧൱) കൊടുങ്ങല്ലൂർ മഹാ മെത്രാസനത്തിലെ പൌലീസ്യാ മെത്രാപ്പോലീത്താമാരിൽ ഒടുവിലത്തെ ആൾ ഈ ദ്ദേഹം ആയിരുന്നു. ഈശോസഭ ക്രൈസ്തവർ നിരുത്സാഹപ്പെടുകയാൽ (dissolved) പിന്നീടു പൌലീസ്യനായ യാതൊരുത്തനും അതിന്റെ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടവർ ഇടയായില്ല. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ കഥാവശേഷനായിത്തീരുകയും വരാപ്പുഴ വികാരിഅപ്പസ്തോലിക്കാ ഉദ്യോഗം ഒഴിഞ്ഞു മലയാളം വിട്ടുപോകയും ചെയ്തിരുന്ന ഈ കലാപരിവർത്തനത്തിൽ കരിയാറ്റിൽ യൌസേപ്പു മല്പാൻ മാർ തോമ്മായോടു ചെയ്തിരുന്ന ഉടമ്പടി അനുസരിച്ചു റോമയിലേക്കു പോകുന്നതിനു തീർച്ചയാക്കി. ആ കാര്യത്തിൽ സു

റിയാനിക്കാരെല്ലാം ആനുകൂല്യം പ്രദർശിപ്പിക്കയും അദ്ദേഹത്തെ സ ഹായിക്കയും ചെയ്തു. ആകയാൽ യൌസേപ്പു മല്പാൻ പാറെമ്മാക്കൽ തോമ്മാക്കത്തനാരോടും മറു രണ്ടു വൈദികന്മാരോടും കൂടി ക്രിസ്തു മെയ് മാസം ൧—൦൯- റോമയിലേക്കു യാത്രപുറപ്പെട്ടു. പല സ്ഥല ങ്ങളിൽനിന്നും പട്ടക്കാരും ജനങ്ങളുമായി ഇരുപത്തിരണ്ടുപേർവരെ അവരോടൊരുമിച്ചു യാത്രചെയ്തു. തെക്കൻപള്ളിപ്പുറം ഇടവക പഞ്ച സാര എന്നു സാമാന്യേന പറഞ്ഞുവരുന്ന പാലക്കൽ കുടുംബത്തിലെ മാത്തു എന്നും കൈപ്പുഴ മലയിൽ യാക്കോ എന്നും രണ്ടു യുവാക്കന്മാ രെ റോമയിലെ പ്രൊപ്പഗാന്ത സെമിനാരിയിൽ ചേർത്തു പഠിപ്പിക്കേ ണ്ടതിനായി ആ സന്ദർഭത്തിൽ കൊണ്ടുപോവുകയുണ്ടായി. ഇവരുടെ യാത്രച്ചെലവിലേക്കു ആവശ്യമായിരുന്ന പണത്തുക പള്ളിക്കാർ പി രിച്ചുകൊടുത്തു.

കരിയാറിൽ യൌസേപ്പു മല്പാനെയും അനുയായികളെയും മാർ തോമ്മായുടെ കായ്ത്തിനായും മറും റോമയിലേക്കു അയക്കുന്ന തിനെ വിവരിക്കുന്ന ഒരു പൊതുഹർജി റോമയിൽ സമർപ്പിക്കുന്നതി നായി സുറിയാനിപ്പള്ളിക്കാർ ആ അവസരത്തിൽ അവരെ ഏല്പിച്ചു. തന്റെ സത്യവിശ്വാസ സ്വീകരണത്തെ പ്രത്യക്ഷീകരിക്കുന്ന ഒരു ലേഖനത്തോടുകൂടി സ്വന്തമായ ഒരപേക്ഷ മാർപ്പാപ്പായിക്കായി മാർ തോ മ്മായും അവരുടെ പക്കൽ കൊടുത്തു. അനന്തരം എല്ലാവരും കാൽ നടയായി ആയാണ്ടു സെപ്റ്റംബർ മാസം ൧൯—൦൯- തരങ്കൻപാ ടിയിൽ എത്തി. അവിടെവച്ചു കൈവശമുണ്ടായിരുന്ന പണം എണ്ണി ത്തിട്ടപ്പെടുത്തിയപ്പോൾ രൂപ൨൫൦ ചക്രം അഥവാ ഉദ്ദേശം ൧൦൦ രൂ പാ മാത്രം ഉള്ളതായിക്കണ്ടതിനാൽ മറ്റാളുകളെയെല്ലാം പിരിച്ചയ ച്ചുകൊണ്ടു പാറേമ്മാക്കൽ തോമ്മാക്കത്തനാരോടും പ്രസ്തുത യുവാക്കന്മാ രോടുംകൂടി കരിയാറിൽ യൌസേപ്പു മല്പാൻ യാത്രതുടർന്നു ചിന്നപട്ട ണത്തിൽ ചെന്നുചേർന്നു. അവിടെനിന്നു മൈലാപ്പൂരിൽ എത്തി തോ മ്മാശ്ലീഹായുടെ തിരുക്കുഴിയിനെ വണങ്ങിയ ശേഷം പിറ്റെ (ഒക്ടോ ബർ) മാസം ൧൪—൦൯- ഒരു പോർട്ടുഗീസ് കപ്പൽവഴി പൊർട്ടുഗ ളിലേക്കു പ്രയാണംചെയ്തു. തോമ്മാക്കത്തനാർ കൊടുങ്ങല്ലൂർ അധി കാരത്തിലും മല്പാൻ വരാപ്പുഴ അധികാരത്തിലുമാണ് ഉൾപ്പെട്ടിരുന്ന ത്. അക്കാലത്തു (സാൽവദോർ മെത്രാപ്പോലീത്താ കഥാവശേഷനാ യിത്തീർന്നിരുന്നതിനാൽ) കൊടുങ്ങല്ലൂരിനു മതാദ്ധ്യക്ഷൻ ഇല്ലാതിരിക്ക കനിമിത്തം ആ മഹാ ഇടവകയിലെ ആവശ്യങ്ങൾക്കുള്ള പണം സം ബന്ധിച്ചും മറും പോർട്ടുഗൽ രാജധാനിയിൽ പല കായ്ങ്ങൾ ബോ ധിപ്പിക്കുന്നതിനു മല്പാനും തോമ്മാക്കത്തനാരും കരുതിയിരുന്നു. അതി ലേക്കു ആ അധികാരത്തിൽ ഉൾപ്പെട്ടവരുടെ പ്രതിപുരുഷസ്ഥാനത്തി ലാണ് തോമ്മാക്കത്തനാരെ ഈ യാത്രയിൽ സഹചരനായി മല്പാൻ സ്വീകരിച്ചതും, പള്ളിക്കാർ അതിനു സമ്മതിച്ചു നിയോഗിച്ചതും.

മല്പാനും തോമ്മാക്കത്തനാരും മദ്രാസിൽനിന്നു പുറപ്പെട്ടിട്ടു പത്തുമാസത്തെ യാത്രയുടെ ശേഷം ൧൯൧—ൽ പോർട്ടുഗലിന്റെ ത

ലസ്ഥാന പട്ടണമായ ലിസ്ബനിൽ ഏത്തി. ആ കാലത്തു മരിയ പ്ര ൻചെസ്സാ (Maria Francesca) എന്നൊരു രാജ്ഞിയായിരുന്നു പൊർ ട്ടുഗൽ രാജ്യത്തെ ഭരിച്ചുവന്നതു്. കൊട്ടങ്ങല്ലൂർ മഹാ മെത്രാസന ഇ ടവകയുടെ ഭരണം സംബന്ധിച്ചു ചില പ്രത്യേക കാര്യങ്ങൾ ആ രാ ജ്ഞിയുടെ അടുക്കൽ ബോധിപ്പിക്കുന്നതിനു അവർ കരുതിയിരുന്നു. ൧൯൯൭ മുതൽ ഭരണം നിർവ്വഹിച്ച മത്തായി അക്കിദിയാക്കോൻറെ (അ. ൧൯൯. ല. ന്നു) കാലശേഷം പോർട്ടുഗീസു മെത്രാന്മാരും കമ്മ ലീത്താ മെത്രാന്മാരും അക്കിദിയാക്കോൻ പദം സൂരിയാനിക്കാരിൽനി ന്നു നീക്കം ചെയ്യുകയും അവരുടെ വൈദികന്മാർതന്നെ ആ സ്ഥാനം വഹിക്കയുമാണ് ചെയ്തതു. അതിൻറെ പ്രത്യുപ്പണം വികാരിമാരുടെ ശമ്പളം, വൈദിക വിദ്യാർത്ഥികൾക്കായി ഒരു സെമിനാരിയുടെ സ്ഥാപ നം ഇത്യാദികളാണ് രാജ്ഞിയുടെ അടുക്കൽ ബോധിപ്പിക്കുന്നതിനു അവർ ഉദ്ദേശിച്ചിരുന്ന പ്രധാനസംഗതികൾ. അതിനായി പ്രസ്തുത വ ത്സരം (൧൯൨൨) ഓഗസ്റ്റ് മാസത്തിൽ രാജ്ഞീസമക്ഷം അവർ ഒരു ഹ ർജി സമർപ്പിച്ചു. കൊട്ടങ്ങല്ലൂർ മഹാ ഇടവകയിൽ ഉൾപ്പെട്ട സ്ഥല ങ്ങളെയും ജനങ്ങളെയും സന്ദർശിച്ചു അവരുടെ ആവശ്യങ്ങൾ അനേപ ക്ഷിച്ചറിയുന്നതിനു ഒന്നാം, രണ്ടാം, ആളുകളെ രാജസ്ഥാനത്തുനിന്നു അധികാരപ്പെടുത്തി ഗോവയിലേക്കും മക്കാവോയിലേക്കും പ്രതിവത്സ രം പോകുന്ന പോർട്ടുഗീസു കപ്പലുകളിൽ അയയ്ക്കുവാൻ ഏർപ്പാടു ചെ യ്യണമെന്നാണ് ഹർജിയിൽ ആദ്യമായി പ്രതിപാദിക്കപ്പെട്ടിരുന്നതു്. രണ്ടാമത്തേതും മൂന്നാമത്തേതുമായ കാര്യങ്ങൾ കൊട്ടങ്ങല്ലൂർ ഇടവക യ്ക്കു വൈദഭക്തനായ ഒരു പൊർട്ടുഗീസു മേല്പട്ടക്കാരനെ നിയമിക്ക ണമെന്നും പുരാതന കാലം മുതൽ സൂരിയാനിക്കാരിൽ ഉണ്ടായിരുന്ന അക്കിദിയാക്കോൻ (വികാരിജനറാൽ) സ്ഥാനം വീണ്ടും സ്ഥാപിക്കണ മെന്നുമായിരുന്നു. വികാരിമാക്കു കൊടുത്തുവന്നിരുന്ന ശമ്പളം മേലാൽ വീഴ്ചകൂടാതെ കൊടുക്കണമെന്നുള്ളതാണ് നാലാമത്തെ വിഷയം. അ ഞ്ചാമത്തെ സംഗതി വൈദിക വൃത്തിയിൽ പ്രവേശിക്കുന്നവരെ യ ഥാക്രമം പഠിപ്പിക്കുന്നതിനും വൈദഭക്തിയിൽ പരിശീലിപ്പിക്കുന്നതി നും മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ ഒരു സെമിനാരി സ്ഥാ പിച്ചു നടത്തണമെന്നുള്ളതാണ്. നിരണത്തെ മാർ തോമ്മാ തൻറെ കീഴുള്ള എൺപതിനായിരം ജനങ്ങളോടുകൂടി കത്തോലിക്ക സഭയി ൽ സ്വീകരിക്കപ്പെടുവാൻ ആഗ്രഹിച്ചു അപേക്ഷിച്ചിരിക്കയാൽ അതി ലേക്കു വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കണമെന്നുള്ളതാണ് ആറാമത്തേതും ഒടുവിലത്തേതുമായ സംഗതി. (3)

കരിയാറ്റി മല്പാനും തോമ്മാക്കത്തനാരും ഏതാനും മാസ ങ്ങൾ പോർട്ടുഗലിൽ താമസിച്ചശേഷം റോമയിലേക്കു പോകുന്നതി നു നിശ്ചയിച്ചു, ൧൯൨൩ മാണ്ടിൻറെ ആരംഭത്തിൽ ജലമാർഗ്ഗമായി അവിടെ ചെന്നെത്തി. അക്കാലത്തു കത്തോലിക്കാ സഭയുടെ പരമാ ദ്ധ്യക്ഷം വഹിച്ചിരുന്ന ൧൧-ാം പീയൂസ് മാർപ്പാപ്പായുടെ സമക്ഷം ത ങ്ങളുടെ യാത്രയുടെ ഉദ്ദേശത്തെ വിവരിക്കുന്ന ഒരു ഹർജി അവർ സ

മുപ്പിച്ചു. അതിൽ അവിടത്തെ (റോമ്മയിലെ) പ്രോപ്പഗാന്ത സെമ്മിനാരിയിൽ പതിനൊന്നു സംവത്സരം താൻ പഠനം നിവ്വഹിച്ചശേഷം മലയാളത്തിലേക്കു തിരികെപ്പോയി ചിലരെയെല്ലാം സത്യവിശ്വാസത്തിലേക്കു ആനയിച്ചു സംഗതി മെല്ലാൻ മുഖവുരയായി പ്രസ്താവിച്ചിരിക്കുന്നു. അനന്തരം ൧) അസംഖ്യം ജനങ്ങളുടെ തലവനായ മാർ തോമ്മായെന്ന യാക്കോബായ മെത്രാപ്പോലീത്തായെ അപ്പൊസ്തോലിക്കായുടെ കല്പന അനുസരിച്ചു താൻ ചെന്നുകണ്ടു സംഗതിയും അദ്ദേഹവുമായി പലപ്പോഴുണ്ടായ സംഭാഷണങ്ങളിലും എഴുത്തുകളിലുംനിന്നു അദ്ദേഹം കത്തോലിക്കാ സഭയുടെ ഐക്യത്തിലേക്കു തിരികെ വരുന്നതിനു അകൈതവമായി ആഗ്രഹിക്കുന്നെന്നു തനിക്കു ബോധപ്പെട്ടിരിക്കയാൽ ന്യായമായ വിധത്തിൽ അദ്ദേഹത്തെ അതിലേക്കു സ്വീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി റോമ്മായിലേക്കു പ്രയാണം ചെയ്തു അവിടെ ചെന്നുപറവാൻ ഇടയായിരിക്കുന്ന വസ്തുതയും ഒന്നാമതായും— ൨) എന്നാൽ ഇക്കാര്യത്തിൽ ചിലർ വരുത്തിക്കൂട്ടുന്ന പ്രതിബന്ധങ്ങൾ ഹേതുവായിട്ടു മാർ തോമ്മായുടെയും മലങ്കരയിലുള്ള പ്രധാന കത്തോലിക്കരുടെയും അപേക്ഷ നിമിത്തമാണ് ഇതു ദീർഘയാത്ര ചെയ്തു റോമയിലേക്കു താൻ ചെല്ലുവാൻ സംഗതിയായതെന്നും, മാർ തോമ്മായുടെ വിശ്വാസ സ്വീകരണപ്രസ്താവനയും അതിന്റെ ലത്തീൻ തർജ്ജിമയും ആ സംഗതിക്കായി മലങ്കരപ്പള്ളിക്കാർ തന്നെ അയച്ചിരിക്കുന്നു എന്നു സാക്ഷീകരിക്കുന്നതും അവരുടെ കൈയൊപ്പോടുകൂടിയതുമായ ഹർജിയും അതിന്റെ ലത്തീൻ തർജ്ജിമയും തിരുസന്നിധിയിൽ സമുപ്പിക്കുന്നെന്നും രണ്ടാമതായും, ൩) പോർട്ടുഗൽ രാജ്ഞി സമക്ഷം ഹാജരാക്കുന്നതിനുള്ള ചില അപേക്ഷകൾകൂടി കൊണ്ടുവന്നിട്ടുണ്ടെന്നു മൂന്നാമതായും, ൪) യാത്രച്ചെലവിലേക്കുള്ള പണം മലങ്കരപ്പള്ളിക്കാർ കൊടുത്തതിനാൽ പാറേമ്മാക്കൽ തോമ്മാക്കത്തനാരോടും മറു രണ്ടു വൈദികന്മാരോടും വേറെ ൨൨ പേരോടുംകൂടി കാൽനടയായി നാലുമാസം യാത്രചെയ്തു ചിന്നപട്ടണത്തിൽ (മദ്രാസിൽ) ചെന്നെത്തിയശേഷം പണച്ചെലവു ചുരുക്കേണ്ടതിനായി രണ്ടുപേർ മാത്രം കപ്പൽകയറി യൂറോപ്പിലേക്കു പുറപ്പെടുകയും ൧൦ മാസങ്ങൾകൊണ്ടു ലിസ്ബനിൽ എത്തി കൊടുങ്ങല്ലൂർ മഹാ മെത്രാസനത്തെ സംബന്ധിച്ച ചില കാര്യങ്ങൾ പോർട്ടുഗൽ രാജ്ഞിയെ ബോധിപ്പിക്കയും ചെയ്തെന്നും ആ സംഗതികളെല്ലാം അവിടെയുള്ള മാപ്പുപ്പായുടെ പ്രതിപുരുഷനു അറിവുള്ളതാണെന്നും നാലാമതായും, ൫) അനന്തരം അവിടെനിന്നു പുറപ്പെട്ട യാത്രയുടെ ൨൨—ാമത്തെ മാസത്തിൽ റോമയിൽ എത്തിയിരിക്കുന്നെന്നും, ആകയാൽ ചെറുപ്പത്തിൽ കത്തോലിക്കനായിരുന്നെങ്കിലും പിന്നീടു ഇടത്തുടിൽ ഉൾപ്പെട്ടുപോവാൻ ഇടവന്ന മാർ തോമ്മാ ഇപ്പോൾ അതിൽനിന്നു കത്തോലിക്കാ സഭയുടെ ഐക്യത്തിലേക്കു തിരിഞ്ഞുവരുന്നതു പരമാർത്ഥ ഹൃദയത്തോടും നിഷ്കപട വിശ്വാസത്തോടും കൂടിയാകയാൽ അനുഗ്രഹമുള്ള പിതാവു എന്ന കണക്കെ തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ സ്വീകരിക്കണമെ

ന്നും ഫ്രൈ—ൽ നിരണത്തുവെച്ചു അദ്ദേഹം സാധുവായി മെത്രാൻ പട്ടം ഏറ്റിട്ടുള്ളതിനാൽ സ്വന്ത ഇടവകയായ നിരണത്തിന്റെ മെത്രാൻ എന്ന നില കാക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നെന്നും അങ്ങനെ ആഗ്രഹിക്കുന്നതു സ്വന്ത ജനസഞ്ചയംകൂടി സത്യവിശ്വാസം സ്വീകരിക്കുന്നതിനു് അതു് ഒരു മാർഗ്ഗമായിത്തീരേണ്ടതിനായിട്ടാണെന്നും അഞ്ചാമതായും, ന്യ) എന്നാൽ അദ്ദേഹത്തിന്റെ മെത്രാൻപട്ടം അസാധുവാണെന്നുള്ള ചില മിശ്യനറിമാരുടെ പ്രസ്താവം വാസ്തവരഹിതവും അദ്ദേഹം സാധുവായി മെത്രാൻപട്ടം സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിലേക്കു മതിയായ ലക്ഷണങ്ങൾ ഉള്ളതുകൊണ്ടു അക്കാര്യത്തിൽ തനിക്കു പൂർണ്ണനിശ്ചയമുള്ളതുമാണെന്നും കുലശ്രേഷ്ഠതകൊണ്ടും മഹിമകൊണ്ടും മാർ തോമ്മാ മലങ്കരയിൽ ഉന്നതാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ഒരാളാണെന്നും ആറാമതായും അതിൽ പറഞ്ഞിരിക്കുന്നു. (4)

൭. കരിയാറ്റിൽ മല്പാൻ മാർ തോമ്മായുടെ കാര്യം സംബന്ധിച്ചു പ്രോപ്പഗാന്തസംഘത്തിന്റെ അദ്ധ്യക്ഷനായ കാർഡിനലിന്റെ അടുക്കലും ബോധിപ്പിക്കയുണ്ടായി അക്കാലത്തു പ്രോപ്പഗാന്തയുടെ അദ്ധ്യക്ഷം കാർഡിനൽ കസ്സെല്ലിയും സിക്രട്ടറി സ്ഥാനം മൊൺസിഞ്ഞോർ ബോജ്ജ്യായുമാണ് വഹിച്ചിരുന്നതു്. ബോർജ്ജ്യാ പ്രബലനായ ഒരാൾ ആയിരുന്നതിനാൽ ഉദ്ദിഷ്ടകാര്യം സാധിക്കേണ്ടതിനു അദ്ദേഹത്തിന്റെ അനുകൂല്യം അവശ്യമായിരുന്നു. കരിയാറ്റിൽ മല്പാനെറയും തോമ്മാക്കത്തനാരുടെയും പുറപ്പാടിനു വിരോധമായി മലയാളത്തുനിന്നു മിശ്യനറിമാരുടെ എഴുത്തുകൾ റോമയിൽ എത്താതിരുന്നില്ല. തന്നിമിത്തം മാർ തോമ്മായുടെ കാര്യം സംബന്ധിച്ചു കാർഡിനൽ കസ്സെല്ലിയുടെ അടുക്കൽ മല്പാൻ ബോധിപ്പിക്കയിൽ കാർഡിനൽ അദ്ദേഹത്തെ വളരെ ശകാരിക്കുകയും മാർ തോമ്മായുടെ മതപരിവർത്തനം യഥാർത്ഥമല്ലെന്നും മല്പാനും സഹചരനും അവിടെ ചെന്നിരിക്കുന്നതു കലഹങ്ങൾ ഉണ്ടാക്കുവാൻവേണ്ടിയാണെന്നും മറ്റും പ്രസ്താവിക്കയുമാണുണ്ടായതു്. അനന്തരം മോൺസിഞ്ഞോർ ബോജ്ജ്യായെ അവർ ചെന്നുകണ്ടു. മദ്രാസിൽ ഉണ്ടായിരുന്ന ഒരു കമ്മലീത്താ മിശ്യനറി അവർ കപ്പൽ കയറുന്നതിനു അല്പംമുമ്പു മൊൺസിഞ്ഞോർ ബോജ്ജ്യായിക്കായി അവരുടെ പക്കൽ ഏല്പിച്ചിരുന്ന ഒരു എഴുത്തു ആ സമയം അദ്ദേഹത്തിനു കൊടുത്തു. "ഇതു ഞങ്ങൾക്കു വിരോധമായിട്ടുള്ളതാണെന്നു ഞങ്ങൾ അറിഞ്ഞിരുന്നതിനാൽ നശിപ്പിച്ചുകളയേണ്ടതായിരുന്നു; എങ്കിലും വിശ്വാസഭംഗം വരുത്താതിരിക്കേണ്ടതിനായി അങ്ങേപ്പക്കൽ ഏല്പിക്കുന്നതാണ്" എന്നു എഴുത്തു കൊടുത്തപ്പോൾ മല്പാൻ ബോജ്ജ്യായോടു പറയുകയുണ്ടായി. അനന്തരം മാർ തോമ്മായുടെ സംഗതി മുതലായവ സംബന്ധിച്ചു് അവർ അദ്ദേഹത്തിന്റെ പക്കൽ ബോധിപ്പിച്ചു. പക്ഷേ അവർ പറയുന്നതൊന്നും വിശ്വാസയോഗ്യമല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അതിനാൽ മല്പാനും തോമ്മാക്കത്തനാരും താഴെവരുംപ്രകാരം പ്രസ്താവിച്ചു. "മലയാളത്തുനിന്നു മടങ്ങിവന്ന നാലു മിശ്യനറിമാർ ഇപ്പോൾ യൂറോ

പ്പിൽ താമസിക്കുന്നുണ്ട്. ഒരാൾ ലിസ്ബൻ നഗരത്തിലും വേറൊരാൾ ജനോവായിലും മൂന്നാമൻ മിലാനിലും നാലാമൻ ജർമ്മനിയിലുമാണ്. അവരിൽ ആരെയെങ്കിലും എഴുത്തയച്ചു വരുത്തിയാൽ അദ്ദേഹത്തെ നിറുത്തിക്കൊണ്ട് അവിടത്തെപ്പക്കലോ, കാർഡിനലിന്റെ അടുക്കലോ, മാപ്പ്രപ്പായുടെ സന്നിധിയിലൊ ഞങ്ങൾ പറയുന്നതെല്ലാം സത്യമാണെന്നു ബോധപ്പെടുത്തിത്തരാം." ഇതിനു മൊൺസിഞ്ഞോർ ബോജ്ജിയ സമാധാനമൊന്നും പറഞ്ഞില്ല. (5)

ആ ദിവസങ്ങളിൽ കാർഡിനൽ കസ്സേല്ലി പരലോകപ്രാപൂണാവുകയും തൽസ്ഥാനത്തു കാർഡിനൽ അന്തോനെല്ലി നിയമിക്കപ്പെടുകയും ചെയ്തു. മാർ തോമ്മാ മാപ്പ്രപ്പായിക്കായി റോമയിലേക്കയച്ച എഴുത്തു മിസ്റ്റർ മെക്കൻസി തിരുവിതാംകൂർ സ്റ്റേയ്റ്റുമാനുവലിൽ (Vol. II. P. 209) ചേർത്തിട്ടുണ്ട്. അതിൽ ഫ്രൈൻ എന്നു കാലനിർണ്ണയം ചെയ്തിരിക്കുന്നതു പിശകാകയാൽ ഫ്രൈവ് എന്നു ഭേദപ്പെടുത്തേണ്ടതാണ്. "എനിക്കു സാധുവായ പട്ടം ഉണ്ടായിരുന്നില്ല." (I had not the true ordination) എന്നതിനെ "എനിക്കു സാധുവായ പട്ടം ഉണ്ടായിരുന്നു" (I had the true ordination) എന്നു വ്യത്യാസപ്പെടുത്തി അദ്ദേഹം അവിടെ പ്രസ്താവിച്ചിരിക്കുന്നതും പിശകാണ്. ആ ലേഖനത്തിന്റെ ആദ്യഭാഗം മിസ്റ്റർ മെക്കൻസി വിട്ടുകളഞ്ഞിരിക്കുന്നു. ആ ഭാഗത്തിൽ പറയപ്പെട്ടിരിക്കുന്നതു: ഫ്രാങ്കോ-ലെശീശ്മ ആ അവസരത്തിൽ ഇട്ടിത്തൊമ്മൻ കത്തനാർ മാപ്പ്രപ്പായുടേതു എന്ന നിലയിൽ വ്യാജമായി നിർമ്മിച്ച തിരുവെഴുത്തനുസരിച്ചു കൂടി തോമ്മാ അക്കിയാക്കോനെ മെത്രാനായി അഭിഷേകം ചെയ്തതു, പുത്തൻക്രൂർ, പഴയക്രൂർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ സുറിയാനിക്കാരുടെ ഇടയിൽ ഉല്പന്നമായതു, മാർ ഗ്രിഗോരിയോസു മുതലായ യാക്കോബായ മെത്രാന്മാർ മലയാളത്തിൽ വന്ന കാലത്തു സ്വന്ത കാരണവനായ ഒന്നാം മാർ തോമ്മായുടെ ഭ്രാതാപുത്രനും ഹിയെറാപ്പോലിയുടെ യൌസേപ്പുമെത്രാനാൽ സ്വർഗ്ഗീകമായ സിംഹാസനത്തിലെ അനുമതിപ്രകാരം മെത്രാഭിഷേകം ചെയ്യപ്പെട്ടവനുമായ മാർ അലക്സ് സാണ്ടർ കത്തോലിക്കരെ ഭരിച്ചുവരവെ, അവർ പ്രസ്തുതമാർ തോമ്മാ പ്രഥമനെ സ്വീകരിക്കാതിരിക്കുക നിമിത്തം അദ്ദേഹം മേല്പറഞ്ഞ യാക്കോബായ മെത്രാന്മാരുടെ വിശ്വാസം അനുസരിച്ചതു, എന്നാൽ അവരിൽനിന്നു മെത്രാൻപട്ടം ഏൽക്കുവാൻ ഇടയാകാഞ്ഞതിനാൽ അദ്ദേഹം തന്നെ സ്വന്ത സഹോദരീപുത്രനെ രണ്ടാം മാർ തോമ്മാ ആയി നിയമിച്ചതു, ഇങ്ങനെ സാധുവായി മെത്രാൻ പട്ടം ഏൽക്കാതിരുന്ന സ്വന്ത കാരണവന്മാർ അന്നുമുതൽ അനന്തരഗാമികളെ നിയമിച്ചു ശിശ്യയിൽ നിന്നിരുന്നവരെ മെത്രാന്മാരുടെ നിലയിൽ ഭരിച്ചുവന്നിരുന്നതു, ഇത്യാദി ഉദയംപേരൂർ സൂനഹദോസു മുതൽ അന്നുവരെ മലങ്കരസഭയിൽ നടന്നിട്ടുള്ള പ്രധാന സംഗതികളാണ്. (6) ഇതിനു ശേഷമുള്ള ഭാഗമാണ് മിസ്റ്റർ മെക്കൻസി തിരുവിതാംകൂർ സ്റ്റേയ്റ്റുമാനുവലിൽ ചേർത്തിരിക്കുന്നതു. അതിപ്രകാരമാണ്: "ഞാൻ ഇ

ടവകഭരണം കയ്യേറപ്പോൾ എന്റെ മുൻഗാമികളുടെ കാലത്തു വന്നിരുന്ന യാക്കോബായക്കാർ വഴിയായും റോമൻ കത്തോലിക്കാപ്പള്ളിയിലെ വിദ്വാന്മാരായ ഗുരുക്കന്മാർ വഴിയായും, എനിക്കു സാധുവായ മെത്രാൻപട്ടവും ഗുരുപട്ടവും ഇല്ലെന്നു മനസ്സിലായി. അതിനാൽ അവരുടെ ഉപദേശം അനുസരിച്ചു ൧൭൨൬-ൽ യാക്കോബായ മെത്രാപ്പോലീത്താ ആയ മാർ ഗ്രിഗോരിയോസിൽനിന്നു, നിരണത്തു വി. മറിയത്തിന്റെ പള്ളിയിൽവച്ചു ആസുപ്പാട്ട മുതൽ മെത്രാഭിഷേകം വരെയുള്ള എല്ലാ പട്ടങ്ങളും ഞാൻ സ്വീകരിച്ചു. ഞാൻ പഠിച്ചിരുന്ന വിശ്വാസം സത്യമായിട്ടുള്ളതല്ലെന്നും നമ്മുടെ കർത്താവിന്റെ കാലം മുതൽ ഏതാവൽപഴുന്നും പരിശുദ്ധമായും മലിനതകൂടാതെയും ഇരിക്കുന്ന വിശുദ്ധ കത്തോലിക്കാവിശ്വാസം വഴിയല്ലാതെ യാതൊരുത്തനും സ്വർഗ്ഗപ്രാപ്തി ഉണ്ടാകുന്നതല്ലെന്നും കത്തോലിക്കാ സഭയിലെ ഗുരുക്കന്മാരിൽനിന്നും വിശുദ്ധ സുനഹദോസുകളുടെ ഗ്രന്ഥങ്ങളിൽ നിന്നും എനിക്കു ബോധപ്പെട്ടിരിക്കുന്നു. എന്നെയും എന്റെ ജനങ്ങളെയും കത്തോലിക്കാ ഐക്യത്തിൽ ചേർക്കണമെന്നും ഞങ്ങളുടെ പൂർവ്വികന്മാരുടെ കാലം തുടങ്ങി ഞങ്ങളിൽ ബാധിച്ചിട്ടുള്ള മഹറോൻ നീക്കം ചെയ്യണമെന്നും ഈശോസഭക്കാരനും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുമായ സാൽവദോർ-ദോസ-റെയിസിനോടും മലയാളത്തിലെ വികാരി അപ്പസ്തോലിക്കാ ആയ കർമ്മലീത്താ സഭയിലെ ഈശോയുടെ പ്രോറെൻസിയാസിനോടും പ്രസ്തുത വൈദികന്മാർ മുഖേന ഞാൻ നിർബന്ധപൂർവ്വം അപേക്ഷിച്ചു. കത്തോലിക്കാ ഐക്യത്തിലേക്ക് എന്നെ സ്വീകരിക്കുന്നതിനു് അവർക്കു അധികാരമില്ലെങ്കിൽ എന്റെ അപേക്ഷയെ റോമയിലേക്കു അയക്കണമെന്നും അവരോടു ഞാൻ ആവശ്യപ്പെട്ടു. എന്നാൽ എന്റെ അപേക്ഷ അവർ അംഗീകരിച്ചില്ല. അതിനാൽ പ്രോപ്പഗാന്ത സെമിനാരിയിൽ പഠിച്ചയാളും ഞങ്ങളുടെ സജാതീയനുമായ കരിയാറിൽ യൌസേപ്പു കത്തനാരെ വരുത്തി വ്യസനസമേതം കണ്ണുനീർ ഒലിപ്പിച്ചുകൊണ്ടു് എന്റെ ആഗ്രഹം അദ്ദേഹത്തെ അറിക്കയും എന്റെ ആത്മരക്ഷയെ അദ്ദേഹത്തെ ഭരമേല്പിക്കയും ചെയ്തു. "മാർഗ്ഗമദ്ധ്യേ എന്റെ പ്രാണന് അപായം നേരിട്ടേക്കാമെങ്കിലും ഞാൻ നിങ്ങൾക്കുവേണ്ടി ഒരിക്കൽക്കൂടി റോമയിലേക്കു പോകാം" എന്നു് അപ്പോൾ അദ്ദേഹം എനിക്കു വാക്കുതന്നു. ഐഹികമായ സിംഹാസനത്തിന്റെ സമക്ഷം എന്റെ പ്രതിനിധികളായിട്ടും എന്റെ അപേക്ഷ പ്രോപ്പഗാന്ത തിരുസംഘത്തെ അറിയിക്കേണ്ടതിനായിട്ടും എന്റെ സുറിയാനി ജനങ്ങളിൽനിന്നു വൈദികന്മാരും ജനങ്ങളും ഉൾപ്പെടെ എട്ടുപേരെ അദ്ദേഹത്തോടുകൂടി അയക്കുന്നു. കത്തോലിക്കാപ്പള്ളി പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും ഞാനും എന്റെ ജനങ്ങളും അനുസരിക്കയും വിശ്വസിക്കയും ചെയ്തുകൊള്ളാമെന്നു് സർവ്വശക്തനായ ദൈവത്തെ സാക്ഷിയാക്കി സത്യംചെയ്യുന്നു."

ന്നു. കരിയാറിൽ മല്പാനും തോമ്മാക്കത്തനാരും ഉള്ളേ

ശം ആറുമാസം റോമയിൽ താമസിച്ചെങ്കിലും മാർ തോമ്മായുടെ കാര്യത്തിന് അതിനിടയ്ക്കു യാതൊരു തീർച്ചയുമുണ്ടായില്ല. അങ്ങനെയിരിക്കെ, പ്രസ്തുത കാര്യം ഗോവമെത്രാപ്പോലീത്തായെ ഭരമേല്പിക്കണമെന്ന് പോർട്ടുഗൽ രാജധാനിയിൽനിന്ന് റോമയിലേക്കു എഴുതി അയച്ചു. പ്രോപ്പഗാന്തയുടെ അദ്ധ്യക്ഷനായ കാർഡിനൽ അന്തോനെല്ലി ആ കാര്യത്തെപ്പറ്റി ഒരു തീർച്ച ചെയ്യുന്നതിനു പകരം തത്സംബന്ധമായി ഒരു വിചാരണ കഴിക്കുന്നതിന് ഉടനെ നിശ്ചയിക്കയും ആ ജോലി മാപ്പ്രപ്പായുടെ അനുമതിയോടുകൂടി ഗോവ മെത്രാപ്പോലീത്തായെ ഏൽപ്പിക്കയും ചെയ്തു. ഇതു സംഭവിച്ചത് ൧൬൦൨-ാമാണ്ടിലാണ്. ഗോവ മെത്രാപ്പോലീത്താ അക്കാലത്തു യൂറോപ്പിൽ ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ പ്രതിപുരുഷസ്ഥാനത്തിൽ ആ മഹാ ഇടവകയുടെ കാര്യങ്ങൾ നോക്കിയിരുന്നത് പോർട്ടുഗൽ ദേശീയനും കമ്മലീത്തനുമായ എമ്മാനുവേൽ (Emmanuel of St. Catharine) എന്ന അക്കാലത്തെ കൊച്ചിമെത്രാൻ ആയിരുന്നു. ഇദ്ദേഹം ൧൬൦൨ മുതൽ ൧൬൦൫-വരെ പ്രസ്തുത കാര്യങ്ങൾ അന്വേഷിച്ചുവരവേ, ൧൬൦൫-ൽ ഗോവ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടു. മാർ തോമ്മായുടെ സംഗതി സംബന്ധിച്ച് വിചാരണ നടത്തുവാൻ നിയോഗിക്കപ്പെട്ടതു ഇദ്ദേഹമാണ്. യൌസേപ്പു മല്പാനും തോമ്മാക്കത്തനാരും റോമയിൽനിന്നു പുറപ്പെടുന്നതിനു നിശ്ചയിച്ച് മാർ തോമ്മായുടെ കാര്യത്തിന്റെ തീരുമാനം എന്തെന്നറിവാനായി കാർഡിനലിന്റെ അടുക്കൽ ചോദിച്ചപ്പോഴാണ് വിചാരണയ്ക്കുള്ള ഈ തീർച്ച അദ്ദേഹം അവരെ അറിയിച്ചത്. വിചാരണചെയ്യണമെന്ന് ഗോവ മെത്രാപ്പോലീത്തായോടു ആജ്ഞാപിക്കപ്പെട്ടിരുന്ന സംഗതികൾ താഴെപ്പറയുന്നവയാണ്:— ക) കൊട്ടക്കല്ലൂർ മെത്രാപ്പോലീത്തായുടെ അധികാരാതിത്തിയിൽ മെത്രാൻ എന്നു പേർപറഞ്ഞുവരുന്ന മാർ തോമ്മാ സത്യവിശ്വാസം സ്വീകരിച്ച് അതിനു കൈയൊപ്പുവെച്ചിരിക്കുന്നതായി മലങ്കര ഇടവകയിലുള്ള രണ്ടു പട്ടക്കാർ ഇവിടെവന്നു അറിയിക്കയും വിശ്വാസസ്വീകരണപത്രവും അതിന്റെ പകർപ്പും അതിൽ വെച്ചിരിക്കുന്ന മാർ തോമ്മായുടെ കൈയൊപ്പും ഇവിടെ കാണിക്കയും ചെയ്തിരിക്കുന്നു. കൂടാതെ ഈ മാർ തോമ്മാ ഗ്രീഗോരിയോസ് എന്ന പേരുള്ള ഒരു യാക്കോബായ മെത്രാനിൽനിന്ന് മെത്രാൻപട്ടം സ്വീകരിച്ചിരിക്കുന്നെന്നും തൻമൂലം അദ്ദേഹം യഥാർത്ഥത്തിൽ ഒരു മെത്രാൻ ആണെന്നും ഈ സംഗതികൾ മാപ്പ്രപ്പായെ ബോധിപ്പിക്കുന്നതിനായി മലങ്കരപ്പള്ളിക്കാർ തങ്ങളെ അയച്ചിരിക്കുന്നെന്നും പ്രസ്തുത വൈദികന്മാർ ഇവിടെ അറിയിക്കയും അതിലേക്കു പള്ളിക്കാരുടെ ഒരു ഹർജി ഇവിടെ കാണിക്കയും ചെയ്തിരിക്കുന്നു.— ഖ) എന്നാൽ പ്രസ്തുത മാർ തോമ്മായിക്കു മെത്രാൻപട്ടം കൊടുത്ത ഗ്രീഗോരിയോസ് എന്ന യാക്കോബായക്കാരൻ ഒരു വെറും സന്ന്യാസി വൈദികൻ മാത്രമല്ലാതെ ഒരു മെത്രാൻ അല്ലെന്നു മറ്റു ചിലർ ഇവിടെ എഴുതി അറിയിച്ചിട്ടുണ്ട്.— ന) ആകയാൽ മാ

ർ തോമ്മാ വിശ്വാസസത്യം ചെയ്യ എന്നും ഗ്രിഗോരിയോസ് എന്ന യാക്കോബായ മെത്രാനിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചു എന്നും ഉള്ളത് യഥാർത്ഥംതന്നെയോ? എന്നും, യഥാർത്ഥമാണെങ്കിൽ ഗ്രിഗോരിയോസു മെത്രാൻ തന്നെയോ, അതോ ഒരു സന്ന്യാസിമാത്രമോ? എന്നും, ഇതു സംബന്ധിച്ച് ഇവിടെ വന്നിരിക്കുന്ന പട്ടക്കാർ 2 ലങ്കരപ്പള്ളിക്കാരാൽ അയക്കപ്പെട്ടവരാണോ? അതിലേക്ക അവർ കാണിച്ചിട്ടുള്ള ഹർജിയിൽ പള്ളിക്കാർ ഒപ്പുവെച്ചിട്ടുണ്ടോ? എന്നും മറ്റുമുള്ള സംഗതികളുടെ യാഥാർത്ഥ്യം തിരക്കി വിചാരണകഴിച്ച് വിവരം ഇവിടെ അറിയിക്കേണ്ടിയിരിക്കുന്നു.

എതിർഭാഗത്തുനിന്നു ചെന്നിരുന്ന എഴുത്തുകൾമൂലം കരിയാറിൽ മല്പാന്റെ യാത്രയുടെ ഉദ്ദേശസാദ്ധ്യത്തിനു പ്രോപ്പഗാന്തയിൽനിന്നു ഈവിധം വിഘ്നം നേരിട്ടെങ്കിലും അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തേയും അനുകൂലിക്കയും പ്രശംസിക്കയും ചെയ്യ പലേ മഹാത്മാക്കൾ അക്കാലത്തു റോമയിൽ ഇല്ലാതിരുന്നില്ല. കാർഡിനൽ മറെഫോസ്സി അവരിൽ ഒരാളായിരുന്നു. മല്പാൻ റോമയിൽ പാർത്തുപഠിച്ചിരുന്ന കാലത്ത് മൊൺസിഞ്ഞോർ ബോർജിയായുടെ സ്ഥാനത്തിൽ പ്രോപ്പഗാന്ത തിരുസംഘത്തിന്റെ സെക്രട്ടറി സ്ഥാനം വഹിച്ചിരുന്നതു അദ്ദേഹമാണ്. ഒരു ദിവസം മല്പാനും തോമ്മാക്കത്തനാരുംകൂടി ആ കാർഡിനലിനെ ചെന്നുകണ്ടു. യൌസേപ്പു മല്പാൻ റോമയിൽ പഠിച്ചിരുന്ന കാലത്ത് നയിച്ചിരുന്ന ജീവിതത്തേയും അദ്ദേഹത്തിന്റെ വ്യാപാരബുദ്ധി, അനുസരണശീലം, വിനയം ആദിയായ സൽഗുണങ്ങളേയുംപറ്റി നല്ലവണ്ണം അറിഞ്ഞിരുന്ന മറെഫോസ്സി അവരുടെപേരിൽ വളരെ സന്തോഷം പ്രദർശിപ്പിക്കയും ബഹുമാനപൂർവ്വം അവരെ ഇരുത്തി സംഭാഷണംചെയ്കയും ചെയ്തു. അവരുടെ യാത്രയെപ്പറ്റിയും അതിന്റെ ഉദ്ദേശ്യത്തെപ്പറ്റിയും അദ്ദേഹം അവരോടു ചോദിച്ചു. അപ്പോൾ താൻ റോമയിൽ ചെല്ലുന്നതിനുള്ള കാര്യവും അതിനു അവിടെ നേരിട്ടിട്ടുള്ള പ്രതിബന്ധങ്ങളും മറ്റു സകല സംഗതികളും മല്പാൻ അദ്ദേഹത്തിന്റെ അടുക്കൽ സവിസ്തരം വെളിപ്പെടുത്തി. അദ്ദേഹം അവയെല്ലാം ശ്രദ്ധാപൂർവ്വം കേട്ടശേഷം സമീപത്തുനിന്നിരുന്ന ഒരു മെത്രാന്റേയും മറ്റു ചില വൈദികന്മാരുടേയും നേരെ തിരിഞ്ഞു് – "കരിയാറിയെ ഞാൻ നല്ലപോലെ അറിയും. അദ്ദേഹവും സഹചരനും ഈയടെ ബുദ്ധിമുട്ടുകളും വിഷമതകളും സഹിച്ചു് ഈ ദീർഘയാത്ര ചെയ്യുവന്ന കാര്യം സൂക്ഷ്മമായിട്ടുള്ളതെന്നല്ലാതെ മറിച്ചു വിചാരിക്കുവാൻ ഒരിക്കലും നിവൃത്തിയില്ല. മൊൺസിഞ്ഞോർ ബോർജിയാ ശരിയായി പ്രവർത്തിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല" എന്നു പറഞ്ഞു.

മല്പാനേയും തോമ്മാക്കത്തനാരേയും ആദരിച്ച വേറൊരാൾ റോമാപ്പട്ടണത്തിന്റെ വികാരി ജനറാൾ സ്ഥാനം വഹിച്ചിരുന്ന യോർദാനാ എന്ന മെത്രാനാണ്. അദ്ദേഹം അവരുടെ യാത്രയെപ്പറ്റിയുള്ള സകല കാര്യങ്ങളും കേട്ടറിഞ്ഞശേഷം വളരെ സന്തോഷത്തോ

ട്ടുകൂടി അവരെ നോക്കി— "നിങ്ങൾ വന്നിരിക്കുന്ന കായ്ക്കും മൈപ്പത്തിനു അത്യന്തം ഇഷ്ടമുള്ള ഒന്നാണ്. വിരോധങ്ങളും പിശാചുക്കളിൽ നിന്നുള്ള ഉപദ്രവങ്ങളും നിങ്ങൾക്കുണ്ടാകാതിരിക്കയില്ല. ശ്ലീഹന്മാരും പരിശുദ്ധന്മാരും ഈവിധം അനർത്ഥങ്ങളും സങ്കടങ്ങളും സഹിക്കുവാൻ ഇടയായിട്ടുണ്ട്. ഇവയെല്ലാം നിങ്ങളുടെ ഓമ്മയിൽ സദാ പതിച്ചുകൊണ്ട് ഈവക വിരോധങ്ങളെല്ലാം ക്ഷമാപൂർവ്വം നിങ്ങൾ സഹിക്കണം" എന്നിങ്ങനെ ഉപദേശിച്ചു. റോമയിൽ ഉണ്ടായിരുന്ന പലേ കാനോനിസ്റ്റുകളും (Canonists) ഇതുപോലെതന്നെ അവർക്ക് അനുകൂലമായി പ്രസ്താവിക്കുകയുണ്ടായി.

മാർ തോമ്മായുടെ കായ്ത്തെപ്പറ്റി വിചാരണ നടത്തുന്നതിനു നിശ്ചയിച്ച വിവരം കാർഡിനൽ അന്തോനെല്ലിയിൽനിന്ന് കരിയാറിൽ മല്പാനും തോമ്മാകത്തനാരും അറിഞ്ഞ സംഗതി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ഈ വർത്തമാനം കേട്ട ഉടനേതന്നെ അവർ റോമയിൽനിന്നു പോർട്ടുഗലിലേക്കു പുറപ്പെട്ടു. കൊടുങ്ങല്ലൂർ മഹാ മെത്രാസനത്തിലെ കായ്ങ്ങൾ സംബന്ധിച്ച് രാജ്ഞിയേയും പോർട്ടുഗീസ് ഇന്ത്യയിലെ കായ്ചാനേപഷകനായ രാജോദ്യോഗസ്ഥനേയും ബോധിപ്പിക്കേണ്ടതിനായി അവരിരുവരും അവിടെ താമസിച്ചുവന്നിരുന്നു. മാർ തോമ്മായുടെ കായ്വിചാരണ സംബന്ധിച്ചുള്ള മേൽപ്പറഞ്ഞ ഏഴുത്തുഗോവമെത്രാപ്പോലീത്താ അന്നു കൊച്ചിയിലെ വികാരി ജനറാളും പിന്നീടു കൊച്ചിയിലെ മെത്രാനായി നിയമിക്കപ്പെട്ടയാളുമായ ജോസേഫ് സൊലെദാദ് (Soledad) എന്ന പോർട്ടുഗീസുകമ്മേലീത്തനെ ഏൽപ്പിക്കയും അദ്ദേഹം വിചാരണകഴിച്ച ഏഴുതി അയച്ച സാധനം ഗോവമെത്രാപ്പോലീത്താ പോർട്ടുഗലിലുള്ള മാപ്പാപ്പായുടെ പ്രതിനിധിവഴി റോമയിലേക്കു അയക്കയും ചെയ്തു. അതു ലിസ്ബനിൽ എത്തിയതു ൧൭൬൨—ാമാണ്ടിലാണ്. കരിയാറിൽ മല്പാനും തോമ്മാകത്തനാരും ആ ഘട്ടത്തിൽ അവിടെയുണ്ടായിരുന്നതുകൊണ്ടു അതിലെ സംഗതികൾ ഓരോന്നും പ്രസ്തുത പ്രതിനിധി മുഖേന അവർ അറിവാൻ ഇടയായി. അതിൽ പ്രസ്താവിക്കപ്പെട്ടിരുന്ന കായ്ങ്ങൾ— ൧) കരിയാറിൽ ജോസഫു പാതിരിയേയും സഹചരനേയും മലയാളത്തുനിന്നു അയച്ചിരിക്കുന്നതു റോമയിലെക്കല്ലാതെ പോർട്ടുഗലിലേക്കല്ലെന്നും,— ൨) ഒരു സുറിയാനി മെത്രാന്റെയും രണ്ടു സുറിയാനിമല്പാന്മാരുടെയും പത്തു മിശ്യനറിമാരുടെയും സ്വജാതിക്കാരായ നൂറു പേർക്കു പഠിക്കുവാൻ തക്ക ഒരു സെമിനാരിയുടെയും കായ്ം സംബന്ധിച്ചാണ അവരെ അയച്ചിരിക്കുന്നതെന്നും,— ൩) കരിയാറിയും ക്രൂട്ടുകാരനും പുറപ്പെട്ടിരിക്കുന്നതു ലൌകിക കായ്ങ്ങളെ ഉദ്ദേശിച്ചുകൊണ്ടാണെന്നും,— ൪) മലയാളത്തിൽനിന്നു കരിയാറിനെ പുറപ്പെട്ടതിനെപ്പറ്റി തിരുവിതാംകൂർ രാജാവിനു രസ്സക്ഷയും ഉണ്ടായിട്ടിരിക്കുന്നെന്നും,— ൫) അദ്ദേഹം വീണ്ടും അവിടെ ചെന്നെത്തുന്നപക്ഷം അവിടെ പല കലഹങ്ങളും വിഭാഗങ്ങളും ഉണ്ടാകുമെന്നും,— ൬) ശ്രേഷ്ഠജാതിക്കാരും സ്വജനങ്ങൾ തന്നെയും അദ്ദേഹത്തെ മെത്രാനാ

യി സ്വീകരിക്കുകയില്ലെന്നും,– ൬) മലങ്കരയിലെ ജനങ്ങൾ അറിവി ല്ലാത്തവർ ആകയാൽ സ്വജാതിമെത്രാന്മാക്കു കീഴ്പ്പെട്ടുകയില്ലെ ന്നും,– ൭) മിശ്യനറിമാർ മലയാളത്തിൽ ഇല്ലാതെപോയാൽ അന്യമ തസ്ഥന്മാർ മേലിൽ സത്യവേദം അനുസരിക്കുവാൻ ഇടയാകാതെ രീ രുമെന്നും,– ൮) മിശ്യനറിമാർ ഇപ്പോൾ പല സങ്കടങ്ങൾ അനുഭ വിച്ചുവരികയും മേലിൽ എത്ര വലിയ സങ്കടങ്ങൾ തന്നെ അനുഭവി ക്കേണ്ടിവരികയും ചെയ്യാലും റോമയിലെ പ്രത്യേക കല്പനയുണ്ടാകാ തിരുന്നാൽ തങ്ങളുടെ കീഴുള്ള ലത്തീൻ പള്ളികളും സുറിയാനിപ്പള്ളി കളും ഒരിക്കലും വിട്ടുകൊടുക്കുകയില്ലെന്നും,– (മാർ തോമ്മായുടെ കാ യ്ത്തെക്കുറിച്ചു) ൯) മാർ തോമ്മാ കത്തോലിക്കാസഭയിൽ ചേരുവാൻ ആഗ്രഹിക്കുന്നതു നേരുതന്നെയെങ്കിലും അതു അയാളുടെ ഇഷ്ടാനുസാ രം വേണമെന്നു സിദ്ധാന്തിക്കയും ഉദയംപേരൂർ സൂനഹദോസിനെ സ്വീകരിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കയും ചെയ്യുന്നെന്നും,– ൧൦) അയാൾ പള്ളിസംബന്ധമായ കാര്യങ്ങളിൽ മുമ്പേപ്പോലെ തന്നെ ഇപ്പോഴും 'സിമോനിയാ' പ്രവർത്തിച്ചുകൊണ്ടിരിക്കുന്നെന്നും,– ൧൧) ക ത്തോലിക്കാ വിശ്വാസം അനുസരിപ്പാൻ അയാൾ ആഗ്രഹിക്കുന്നതു ലൌകിക കാര്യങ്ങളെ ഉദ്ദേശിച്ചാണെന്നും– ൧൨) മാർ തോമ്മാ ക ത്തോലിക്കാ വിശ്വാസം അനുസരിച്ചാൽ അദ്ദേഹത്തിന്റെ ജനങ്ങൾ ഉടൻ തന്നെ അദ്ദേഹത്തെ പരിത്യജിച്ചു പതിതനായ ക്രുരില്ലോ സിനെ (അക്കാലത്തു ബ്രിട്ടീഷ് ശീമയിൽ പാർത്തിരുന്ന അഞ്ഞൂർ മെ ത്രാനെ) വരുത്തി അദ്ദേഹത്തെ തങ്ങളുടെ മെത്രാനായി സ്വീകരിക്കു ന്നതാണെന്നും ആയിരുന്നു (7).

൯. മലയാളത്തിലെ ഭരണകർത്താക്കൾ മാർ തോമ്മാസ്ലീം കരിയാറിൽ മല്പാനും വിരോധമായി റോമയിൽ എഴുതി അറിയിച്ചതു പോലെതന്നെ പോർട്ടുഗലിൽ ഉണ്ടായിരുന്ന മാപ്പിപ്പായുടെ പ്രതി നിധിക്കും ൧൭൬൯–ൽ എഴുതി അയക്കുകയുണ്ടായി. അതിൽ കൊ ച്ചി മെത്രാന്റെ വിചാരണ സംബന്ധമായ പ്രസ്തുത ലേഖനത്തിലെ കാര്യങ്ങൾതന്നെയാണ് മിക്കവാറും അടങ്ങിയിരുന്നതു്. ചില കൂ ടുതൽ വിവരങ്ങൾ ഇല്ലാതിരുന്നുമില്ല, അതുകളേയാണു താഴെച്ചേ ർക്കുന്നതു്:– ൧) കരിയാറിൽ പുറപ്പെട്ടിരിക്കുന്നതു് തിരുവിതാംകൂർ രാ ജാവിന്റെ സമ്മതംകൂടാതെയാകയാൽ അവിടെക്കു വിരോധം ജനി പ്പിച്ചിരിക്കൊണ്ടു പള്ളിക്കാരെ രാജസ്ഥാനത്തുനിന്നു ഞെരുക്കുന്നു.– ൨) കരിയാറിയുടെ കാലം കഴിഞ്ഞാൽ ലത്തീൻകാർക്കു കീഴ്പ്പെട്ടി രിക്കുവാൻ മാർ തോമ്മായിക്കു മനസ്സില്ലാതെവരികയും തൻമൂലം അ യാൾ ഇടത്തുട്ടിലേക്കു തന്നെ തിരിച്ചുപോകയും ചെയ്യും.– ൩) അ ല്ലെസ് (മെനേസീസ്) മെത്രാപ്പോലീത്താ പൂട്ടിയവാതിൽ തുറന്നു കൊടുത്താൽ മിശ്യനറിമാർക്കുണ്ടാകാവുന്ന കഷ്ടതകൾ എന്തെല്ലാമെന്നു കരിയാറിയുടെ വരവിനുശേഷം രണ്ടു മൂന്നു സംവത്സരംകഴിയുമ്പോൾ അറിയാറാകും.– ൪) സുറിയാനിക്കാരെ ലത്തീൻപള്ളിയിൽ (അ ധികാരത്തിൽ) നിന്നു വേർപെടുത്തിയാൽ ലത്തീൻകാരായ നാം അ

രിവില്ലാത്ത ഈ ജനങ്ങളുടെ അടിമയിൽ ആയിത്തീരും. – ൪) മെനേസീസു മെത്രാപ്പോലീത്താ പൂട്ടിയ വാതിലും മൂടിയകണ്ണും തുറന്നുകൊടുത്താൽ പിന്നത്തെക്കാര്യം എന്തായിത്തീരുമെന്നു അനുഭവപ്പെടുന്നതാണ്.– ന) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ കീഴിൽ വളരെ ലത്തീൻപള്ളികൾ ഉള്ളതിനാൽ ആ പള്ളിക്കാർ സുറിയാനി വൈദികന്മാരെ മേലിൽ സ്വീകരിക്കുകയില്ല; മാത്രമല്ല, സുറിയാനിക്കാർക്കു അധികാരം ലഭിച്ചാൽ ലത്തീൻകാർ ക്ഷയിച്ചുപോകയുംചെയ്യും.– ൬) മാർ തോമ്മാ കത്തോലിക്കാ വിശ്വാസം അനുസരിക്കുവാൻ ഇടയായാൽ അദ്ദേഹത്തിന്റെ ജനങ്ങൾ അദ്ദേഹത്തെ വിട്ടുപോകുകയും ഇടത്തുട്ടുകാരനായ ക്രിസ്തോസിനെ വരുത്തി അയാൾക്കു കീഴ്പ്പെട്ടിരിക്കയും ചെയ്യുമെന്നു കത്തോലിക്കാസുറിയാനിക്കാർ തന്നെ പറയുന്നു – വ) പുതുതായി ക്രീസ്തുമതം അനുസരിച്ച വളരെയാളുകൾ സുറിയാനിക്കാരിൽ ഉള്ളതിനാൽ അവർ മിഷ്യനറിമാരെ നാടുകടത്തുവാൻ പുറപ്പെട്ടിരിക്കുന്ന കരിയാറ്റിയെ ഒരിക്കലും സ്വീകരിക്കുകയില്ല. കരിയാറ്റിയെ സ്വീകരിക്കുന്നതിനേക്കാൾ നല്ലതു ഇടത്തുട്ടുകാരനായ മാർ തോമ്മായെ സ്വീകരിക്കുകയാണെന്നാണ് അവർ പറയുന്നത്. ("മാഫ്രം" അനുസരിച്ചവരെ സുറിയാനിപ്പള്ളികളിൽചേർത്തു അവരുടെകാര്യത്തൽ അവിടെനിന്നു നടത്തിവന്നിരുന്നെന്നും അങ്ങനെ ചില സുറിയാനിപ്പള്ളികൾ ലത്തീൻപള്ളികളായി മാറപ്പെട്ടുപോയെന്നും, ക്രി.പി. ൧൪൦൬ അദ്ധ്യായം ക്ര–൧൦ ലക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. എല്ലാകളം, വരാപ്പുഴ, ഇടപ്പള്ളി, ഞാറയ്ക്കൽ, പുറക്കാട് എന്നിതുകളിലും മറു ചില സുറിയാനിപ്പള്ളികളിലും മാഫ്രം അനുസരിച്ചവരെ അക്കാലത്തു സുറിയാനിക്കാർ ചേർത്തു അവരുടെ കാര്യാന്വേഷണം ചെയ്തുവന്നിരുന്നു. കരിയാറ്റിയെ സ്വീകരിക്കുകയില്ലെന്നു പറയുന്നതായി ഈ ലേഖനകർത്താക്കൾ പ്രസ്താവിക്കുന്നതു ഇവരെപ്പറ്റിയാണ്)– ൯) ആകയാൽ കരിയാറ്റിയെ മലയാളത്തിലേക്കു അയയ്ക്കാതെ, കഥാവശേഷനായിത്തീർന്ന ഗുണവാനായ യോഹന്നാൻ മറിയയുടെ സ്ഥാനത്തിൽ വികാരി അപ്പോസ്തോലിക്കാ ആയി ലൂയീസു മറിയ നിയമിക്കപ്പെട്ടുവാൻ ഇടയാക്കണം.

എതിർഭാഗത്തുനിന്നു ഇങ്ങനെയുള്ള എഴുത്തുകൾ പോർട്ടുഗലിലേക്കു അയക്കുവാനുണ്ടായ കാരണം കരിയാറ്റിൽ യൌസേപ്പു മല്പാൻ കൊടുങ്ങല്ലൂർ മഹാ മെത്രാസനഇടവകയുടെ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ട വർത്തമാനം മലയാളത്തിൽ എത്തിയതാണ്. മല്പാനും തോമ്മാക്കത്തനാരും റോമ്മയിൽനിന്നു മടങ്ങി പോർട്ടുഗലിൽ എത്തി താമസിച്ചിരുന്ന അവസരത്തിൽ അവിടത്തെ രാജ്ഞിക്കും രാജ്യത്തിലെ പ്രധാനികളായ ചില ഉദ്യോഗസ്ഥന്മാർക്കും അവരുടെ പേരിൽ അനുകമ്പയുണ്ടാകയാൽ രാജ്ഞി മല്പാനെ കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്താ ആയി തിരഞ്ഞെടുത്തു മാപ്പിപ്പായെ അറിയിക്കയും മാപ്പിപ്പാ അദ്ദേഹത്തെ ആ സ്ഥാനത്തിൽ നിയമിച്ചു ക്രി.പി. ൧൪൦൬ മാണ്ടിന്റെ അവസാനത്തിൽ– ഡിസംബർ ക്ര–൨൨ന– അതിനുള്ള

തിരുവെഴുത്തുകൊടുക്കയും ചെയ്തു. അതുവരെ കൊടുങ്ങല്ലൂർ ഇടവക യെ ഭരിച്ചിരുന്നതു ഈശോസഭയിലെ വൈദികന്മാരായിരുന്നു. ആ സഭ അക്കാലത്തു നിറുത്തലാക്കപ്പെട്ടുപോയിരുന്നതിനാൽ പ്രസ്തുത ഇടവ കയുടെ ഭരണാധികാരത്തിനു ആവകാശംപറയുവാൻ ഈശോസഭക്കാരാ യി ആരും ശേഷിച്ചിരുന്നില്ല. ഇതു മല്പാനെ മെത്രാപ്പോലീത്താ ആയി നിയമിക്കുന്നതിനു ഒരു സഹായമായിത്തീർന്നു. നിയമനാനന്തരം നാലാമ ത്തെമാസമായ ഫ്രെബ്രുവരി മാർച്ചിൽ മല്പാൻ മെത്രാപ്പോലീത്താ ആയി ലിസ്ബനിൽവച്ചു അഭിഷേകം ചെയ്യപ്പെട്ടു.

മെത്രാപ്പോലീത്തായുടെ പട്ടാഭിഷേകം സംബന്ധിച്ചും പോർട്ടുഗലിൽ അദ്ദേഹത്തിനും തോമ്മാക്കത്തനാർക്കും എതിർഭാഗത്തുനിന്നു ഉണ്ടായിക്കൊണ്ടിരുന്ന ഉപദ്രവങ്ങളെപ്പറ്റിയും തോമ്മാക്കത്തനാർ പി റെറ ആണ്ടിൽ അഥവാ ഫ്രെബ്രുവരി ഏപ്രിൽമാസം ൧൦–൨൦നു- മെത്രാ പ്പോലീത്തായുടെ കല്പന അനുസരിച്ചു അങ്കമാലി തുടങ്ങിയുള്ള മല ങ്കരയിലെ എല്ലാ പള്ളിക്കാർക്കുമായി ഒരെഴുത്തയച്ചു. മലയാളത്തിലേ ക്കു പുറപ്പെട്ട മയ്യ (Mahe) ക്കാരനായ ഒരു യുവാവിനെ ഏല്പിച്ചു അ യച്ച ആ ലേഖനത്തിൽ പറയപ്പെട്ടിരിക്കുന്ന സംഗതികളെ താഴെ സംക്ഷേപിച്ചു കാണിക്കാം: കഴിഞ്ഞ –ഫ്രെബ്രു–മാർച്ചുമാസത്തിൽ നി ങ്ങൾക്കു ഏവക്കുമായി അയച്ച എഴുത്തിൽ ബഹുമാനപ്പെട്ട കരിയാറ്റി ൽ മല്പാനെ മലങ്കര ഇടവക ഒക്കയുടേയും മെത്രാപ്പോലീത്താ ആയി നിയമിച്ചു പട്ടാഭിഷേകം ചെയ്തു സംഗതി അറിയിച്ചിട്ടുണ്ടല്ലോ. അന്നു മുതൽ ഇന്നുവരെഞങ്ങൾ ഇവിടെ താമസിക്കുന്നതു നമ്മുടെ പള്ളിയുടേ യും മാർ തോമ്മാമെത്രാന്റെയും കാര്യങ്ങൾ സാധിക്കേണ്ടതിനായിട്ടാ ണ്. ആ കാര്യങ്ങൾക്കു ഇതുവരേയാതൊരുതീർച്ച ഉണ്ടായില്ല. എങ്കിലും അധികംനാൾ കഴിയുന്നതിനുമുമ്പായി കാര്യതീർച്ചയുണ്ടാക്കി നിങ്ങളു ടെ പക്കൽ വരാമെന്നു പ്രതീക്ഷിക്കുന്നു. മാർ തോമ്മാമെത്രാന്റെ കാര്യത്തിനും അവിടെ നമുക്കു ആവശ്യമുള്ള മറുകാര്യങ്ങൾക്കും പാ തിരിമാർ പല വിഘ്നങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഇതാണ് താമസത്തിനുള്ളകാരണം. ഞങ്ങൾ ഉദ്ദേശിച്ചു പുറപ്പെട്ടകാര്യം ദൈ വാനുകൂല്യത്താൽ ഇതുയൊക്കെ സാധിച്ചതുകൊണ്ടു ഇവിടെ താമസി ക്കുന്ന പാതിരിമാർക്കു (ചില മിഷ്യനറിമാർ അക്കാലത്തു ലിസ്ബൻ പ ട്ടണത്തിലും മറ്റുംചെന്നു പാർത്തിരുന്ന വസ്തുത മേൽ ൪–ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതാണല്ലൊ.) വളരെ മനസ്സാപമുണ്ടെന്നും ഞങ്ങൾ അ വിടെവന്നെത്താതിരിക്കുവാൻ വേണ്ടതൊക്കെ അവർ ചെയ്യുമെന്നും ഞങ്ങൾ എഴുതി അറിയിക്കാതെ തന്നെ നിങ്ങൾക്കു അറിയാവുന്നതാ ണ്. അതിനാൽ ഞങ്ങളെപ്പറ്റിയുള്ളനിങ്ങളുടെശ്രമം ഒട്ടുംകുറയ്ക്കയില്ലെ ന്നും നാമെല്ലാവരും ഒരുചോരയും മാംസവുമായിരിക്കുന്നതിനാൽ നിങ്ങ ളാൽ കഴിയുന്നതെല്ലാം നമ്മുടെസ്സൊട്ടുക്കുടി നിങ്ങൾ ചെയ്യുമെന്നും പൂ ർണ്ണമായി വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അവിടെനിന്നു പുറപ്പെട്ടതി ന്റെശേഷം കാഞ്ഞിരപ്പള്ളിക്കാരൻ ചാണ്ടിക്കത്തനാർ ഫ്രെബ്രു–ാമാ ണ്ടു കൊച്ചിയിൽനിന്നു അയച്ച എഴുത്തു ഇവിടെകിട്ടി. അതിൽനിന്ന്,

ബഹുമാനപ്പെട്ട മെത്രാപ്പോലീത്തായുടെ അമ്മയും എന്റെ കൊച്ചുപെങ്ങളും അവിടെ നമ്മുടെ മറ്റാളുകളും മരിച്ച വിവരം അറിവാനിടയായി. ബഹുമാനപ്പെട്ട മെത്രാപ്പോലീത്തായും ഞാനും ശംക്രുരി വക്കിയും പുത്തനങ്ങാടി പൌലോസും (ഈ രണ്ടുപേരുമാരെ യോഹന്നാൻ മറിയ എന്ന പാതിരിയാണ് റോമയിൽ കൊണ്ടുപോയാക്കിയത്) മലയിൽ ചാക്കോയും ഇവിടെ സുഖമായിരിക്കുന്നു. പഞ്ചസാമാത്തു മരിച്ചുപോയി. നിങ്ങളുടെ പക്കൽ വന്നുപറവാൻ ഇനിയും വളരെ വിപത്തുകളിൽനിന്നൊഴിയേണ്ടതായിട്ടുണ്ട്. അതിനാൽ നിങ്ങളുടെ ജപങ്ങളിലും കുർബാനയിലും ഞങ്ങൾക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കണം. നിങ്ങൾക്കുവേണ്ടി ഞങ്ങളും പ്രാർത്ഥിച്ചുവരുന്നു. ദൈവസഹായത്താൽ കായ്ക്കുങ്ങളെല്ലാം ഭദ്രമായിത്തീർന്നു താമസിയാതെ നിങ്ങളുടെ പക്കൽ ഞങ്ങൾ വന്നുചേരുന്നതാണ്. ഇതു ബഹുമാനപ്പെട്ട അച്ചൻ കല്പിച്ചവടിക്ക് കടൽനാട്ടുപള്ളിയുടെ വികാരി പാറെമ്മാക്കൽ തോമ്മാ കത്തനാർ.

ഈ എഴുത്തു കിട്ടിയിട്ടു താമസിയാതെ—അടുത്തയാണ്ടിൽ അഥവാ ക്രൈസ്തവ—ൽ— പട്ടക്കാരും ശമ്മാശ്മാരും സമസ്ത ക്രിസ്ത്യാനികളും ഉൾപ്പെടെ പള്ളിക്കാരെല്ലാവരുംചേർന്നു മെത്രാപ്പോലീത്തായുടേയും തോമ്മാക്കത്തനാരുടേയും രക്ഷക്കായും അവർ വശം തങ്ങൾ മുമ്പു അയച്ചിട്ടുള്ള അപേക്ഷകൾ സാധിക്കേണ്ടതിനായും മാപ്പാപ്പാസ്സും പോർട്ടുഗൽ രാജ്ഞിക്കും ഓരോ എഴുത്തുകൾ അയച്ചു. മാപ്പാപ്പാസ്സുള്ള എഴുത്തിൽ താഴെവരുംപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു: ഓരോരുത്തൻ സ്വന്തസ്ഥതിയെ അന്വേഷിക്കയും മ്ശിഹായുടെ സ്വതിയെ അന്വേഷിക്കാതിരിക്കയും ചെയ്യുന്നു എന്ന് ശ്ലീഹാപറഞ്ഞിരിക്കുന്നതിൻവണ്ണം ഏതാനും കാലങ്ങളായി ചിലർ തങ്ങളുടെ സ്വന്തസ്വതിയെ നിലനിറുത്തുവാനായിചെയ്യുന്ന തന്ത്രോപായങ്ങൾ നിമിത്തം വളരെ ഉപദ്രവങ്ങളും ഞെരുക്കങ്ങളും ഞങ്ങൾക്കു നേരിട്ടുന്നു. പൌരസ്ത്യസഭയിൽനിന്നു കൽദായസുറിയാനി മല്പാന്മാർ വന്നിരുന്നതു നിറുത്തലാക്കപ്പെട്ടുവാൻ ഇടയായതുകൊണ്ടു കുറേ സംവത്സരങ്ങളായിട്ടു ഞങ്ങളുടെപള്ളിഭാഷയിലും ക്രമാചാരങ്ങളിലും വലുപിശകുകളും കുഴപ്പങ്ങളും വന്നുഭവിച്ചു. ഈ ഉപദ്രവങ്ങൾ നിമിത്തവും, വിശുദ്ധ റോമാസഭയുടെ വിശ്വാസം അനുസരിക്കയും തന്റെ എല്ലാജനങ്ങളോടുംകൂടി പ്രസ്തുത സഭയോടു ഐക്യപ്പെടുവാൻ അപേക്ഷിക്കയും ചെയ്യുമാർ തോമ്മാ മെത്രാപ്പോലീത്തായുടെ അപേക്ഷകൾ നിമിത്തവും ഭാരതീയന്മാരായഞങ്ങൾ ഏകാഭിപ്രായത്തോടും ഏകമനസ്സോടും കൂടി ഞങ്ങളുടെപള്ളിഭാഷയിലും ക്രമാചാരങ്ങളിലും പലപിശകുകളും കുഴപ്പങ്ങളും വന്നുഭവിച്ചു. ഈ ഉപദ്രവങ്ങൾ നിമിത്തവും, വിശുദ്ധ റോമാസഭയുടെ വിശ്വാസം അനുസരിക്കയും തന്റെ എല്ലാജനങ്ങളോടുംകൂടി പ്രസ്തുത സഭയോടു ഐക്യപ്പെടുവാൻ അപേക്ഷിക്കയും ചെയ്യുമാർ തോമ്മാ മെത്രാപ്പോലീത്തായുടെ അപേക്ഷകൾ നിമിത്തവും ഭാരതീയന്മാരായഞങ്ങൾ ഏകാഭിപ്രായത്തോടും ഏകമനസ്സോടും കൂടി ഞങ്ങളുടെ സമുദായത്തിൽ ഉൾപ്പെട്ടവരും വിശ്വസ്തന്മാരുമായ കരിയാറിൽ മല്പാൻ പാറെമ്മാക്കൽ തോമ്മാ എന്ന രണ്ടു വൈദികന്മാരെ തിരഞ്ഞെടുക്കയും ഞങ്ങളുടെ ദരിദ്രാവസ്ഥക്ക് അനുയോജ്യമായ ചെലവുകൾചെയ്തു ഞങ്ങളുടെ ആവലാധികളും സങ്കടങ്ങളും അറിഞ്ഞു പരിശുദ്ധതയുടെ മുമ്പാകെയും പോർട്ടുഗൽ രാജ്ഞിയുടെ സമക്ഷത്തിലും ബോധിപ്പിക്കേണ്ടതിനായി യാത്ര അയക്കുകയും ചെയ്തു. അ

വർ അങ്ങേ പരിശുദ്ധതയുടെ പക്കലും രാജ്ഞിയുടെ അടുക്കലും സുഖം എത്തിയവത്തമാനം അറിഞ്ഞതിനാൽ ഞങ്ങളുടെ അപേക്ഷകളെല്ലാം സാധിക്കുമെന്നുള്ള വലുതായ പ്രതീക്ഷയും സന്തോഷവും ഞങ്ങളിൽ അങ്കുരിച്ചു. എന്നാൽ ഇപ്പോൾ അവർ പുറപ്പെട്ടിരിക്കുന്നതു സെപ്തമ്പറിനുശേഷമോ, അതോ, എല്ലാപേരുടേയുംപൊതുവായഅഭിപ്രായത്തോടു യോജിച്ചോ എന്നുള്ളതിനെപ്പറ്റി പ്രോപ്പഗാന്ത തിരുസംഘം സംശയിക്കുന്നതായി കേട്ടതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. അവർ ഇപ്പോൾ പോർട്ടുഗലിൽ സുഖമായി താമസിക്കുന്നെന്നും കരിയാറിൽ യൌസേപ്പച്ചൻ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടെന്നും കേൾക്കുവാൻ സംഗതി വന്നതിനാൽ മുമ്പു ഞങ്ങൾ പ്രതീക്ഷിച്ചിരുന്ന പ്രത്യാശയും സന്തോഷവും പ്രാപിക്കുവാൻ ഇടയായി. എങ്കിലും അവർ മുഖാന്തിരം ഞങ്ങൾ ചെയ്തിരുന്ന അപേക്ഷ സാധിച്ചില്ലെന്നുള്ള അറിവുനിമിത്തം വലിയ വ്യസനവും മനോദുഃഖവും ഞങ്ങളെ ബാധിച്ചിരിക്കുന്നു. ഇതിനുള്ള കാരണം ഞങ്ങളുടെ അപേക്ഷകൾ സാധിക്കാതിരിക്കേണ്ടതിലേക്കു അനേക തരം വിരോധങ്ങൾ അവക്കു നേരിട്ടന്നതായി ഞങ്ങൾ അറിയുന്നതാണ്. മാത്രമല്ല, ഞങ്ങളുടെ പക്കൽ അവർ വന്നെത്താതിരിക്കുന്നതിനായി വിരോധികളിൽനിന്നു വളരെ ഉപദ്രവങ്ങൾ അവക്കു നേരിട്ടമെന്നും ഞങ്ങൾ കേൾക്കുന്നു. ആകയാൽ അങ്ങേ പരിശുദ്ധതയുടെ പ്രത്യേകസഹായത്താൽ വിരോധികളുടെ ഞെരുക്കങ്ങളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും അവർ രക്ഷിക്കപ്പെട്ടു ഞങ്ങളുടെ പക്കൽ വേഗം വന്നെത്തുന്നതിനു അങ്ങേ ആദരവും സംരക്ഷയും ഉണ്ടാകണമെന്നു അങ്ങേ പരിശുദ്ധതയോടു ഞങ്ങൾ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.

അത്രയുമല്ല, ഞങ്ങൾ അയച്ച ആ രണ്ടു വൈദികന്മാരെ പ്രോപ്പഗാന്ത തിരുസംഘം സംശയിക്കയും അവരുടെ വാക്കുകളെ വിശ്വസിക്കാതിരിക്കയും ചെയ്യുന്നെങ്കിൽ, ഞങ്ങളുടെ അപേക്ഷകളുടെ സത്യാവസ്ഥ തിരക്കി അറിഞ്ഞു വാസ്തവം അങ്ങേ പരിശുദ്ധതയുടെ അടുക്കൽ ബോധിപ്പിക്കയും അതിനുശേഷം ഞങ്ങളുടെ അപേക്ഷകളെപ്പറ്റി അങ്ങു ഇഷ്ടമാകുന്നതുപോലെ തീർച്ച ചെയ്കയും ചെയ്യേണ്ടതിനായി ഞങ്ങളുടെ ആ രണ്ടുപേരോടുകൂടി ഉത്തമന്മാരായ വേറെ രണ്ടു വൈദികന്മാരെ അങ്ങേ പരിശുദ്ധത അയക്കണമെന്ന് നമ്മുടെ കർത്താവിന്റെ തിരുരക്തത്തെക്കുറിച്ചും കുരിശുമരണത്തെക്കുറിച്ചും ഞങ്ങൾ വീണ്ടും വീണ്ടും പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ആ രണ്ടാളുകളും വന്നുചേരുന്നതിനു നേരിട്ടന്ന താമസത്തെപ്പറ്റി വലുതായ മനോദുഃഖവും വ്യസനവും ഞങ്ങൾ അനുഭവിച്ചുകൊണ്ടേ ഇരിക്കുന്നു. പ്രോപ്പഗാന്ത സംഘത്തിന്റേയും പോർട്ടുഗൽ രാജ്ഞിയുടേയും അടുക്കലേക്ക് ഫ്രെബ്രുവരി-ൽ അവരെ ഞങ്ങൾ അയച്ചതു മുതൽ ഫ്രെബ്രുവരിമത്തെ സംവത്സരമായ ഇതുവരെ, തിരുസംഘത്തിന്റെ പക്കൽ ഞങ്ങളുടെ എഴുത്തുകളെ അയക്കുന്നതിനും അതുകൾമൂലം അവരോടു യോജിച്ചു ഞങ്ങളുടെ അപേക്ഷകളെല്ലാം ആവർത്തിച്ചു ബോധിപ്പിക്കുന്നതിനും

പലപ്പോഴും ഞങ്ങൾ ആഗ്രഹിച്ചിരുന്നു. എങ്കിലും അതിലേക്ക് യാതൊരു സഹായവും ലഭിക്കാഞ്ഞതിനാൽ ഞങ്ങളുടെ ആഗ്രഹം നിവർത്തിപ്പാൻ കഴിഞ്ഞില്ല. ഇപ്പോഴാകട്ടേ, ഒരു നല്ല അവസരം ലഭിച്ചിരിക്കകൊണ്ട് ഞങ്ങളുടെ അപേക്ഷകളെല്ലാം ഈ എഴുത്തുമൂലം അങ്ങേ പരിശുദ്ധതയുടെ മുമ്പാകെ ഞങ്ങൾ സമർപ്പിച്ചുകൊള്ളുന്നു. ഞങ്ങൾ എല്ലാവരും അങ്ങേ പരിശുദ്ധതയുടെ സന്നിധിയിൽ മുട്ടുകുത്തി ആശിസ്സു പ്രാർത്ഥിക്കുകയും നിത്യാനുസരണം പറഞ്ഞൊക്കുകയും വിനയപൂർവ്വം അങ്ങേ തൃപ്പാദങ്ങളെ ചുംബിക്കുകയും ചെയ്യുന്നു.

പോർട്ടുഗൽ രാജ്ഞിക്കായി അയച്ച ഹർജിയിൽ പറഞ്ഞിരിക്കുന്നതു് കീഴെ കാണുംപോലെയാണ്: തോമ്മാ ശ്ലീഹായുടെ ശിഷ്യരായ കൽദായ സുറിയാനിക്കാരും വിശുദ്ധ റോമ്മാപ്പള്ളിയുടെ സത്യവിശ്വാസം അനുസരിച്ചിരിക്കുന്നവരും അങ്ങേ ആധിപത്യത്തിന്റെ കല്പനയാലും അങ്ങേ രാജ്യച്ചെലവിന്മേലും ഞങ്ങളുടെ പക്കൽ അയക്കപ്പെട്ടിരുന്ന പൌലീസ്യരുടെ ഉപദേശങ്ങളാൽ പാലിക്കപ്പെട്ടിരുന്നവരുമായ പട്ടക്കാരും, ശമ്മാശ്മാരും, പുരുഷന്മാരും സ്ത്രീകളും ഉൾപ്പെട്ട ഞങ്ങൾ അങ്ങേ ആധിപത്യത്തിന്റെ മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നതെന്തെന്നാൽ: അങ്ങേ സഹായം ഞങ്ങളിൽ കുറഞ്ഞുപോകയും കിഴക്കൻ സഭയിൽനിന്നുള്ള സുറിയാനി മല്പാന്മാരുടെ വരവു മുടങ്ങിപ്പോകയും ചെയ്തു കാലം മുതൽ ഇന്നുവരേ, ഞങ്ങൾ ശരിയായി നടത്തുന്ന ഇടയൻ ഇല്ലാത്ത ആടുകൾപോലെ ആയിത്തീർന്നിരിക്കുന്നു. തന്നിമിത്തം ഞങ്ങൾ എല്ലാപേരുംകൂടി ആലോചിച്ചു് ഞങ്ങളുടെ ക്രൂത്തിൽ ഉൾപ്പെട്ട കരിയാറിൽ യൌസേപ്പു മല്പാനേയും പാറേമ്മാക്കൽ തോമ്മാക്കത്തനാരേയും വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൻ പക്കലേക്കും അങ്ങേ ആധിപത്യത്തിങ്കലേക്കും ഞങ്ങളുടെ ചെലവിൽ അയക്കുകയുണ്ടായി. അവരെ അങ്ങേ ആധിപത്യം സ്വീകരിച്ചെന്നും ലിസ്ബൻ പട്ടണത്തിൽ അവർ സുഖമായി വസിക്കുന്നെന്നും കേട്ടപ്പോൾ ഞങ്ങളുടെ സമുദായം ഒന്നാകെ അത്യന്തം സന്തോഷിച്ചു് മുമ്പത്തെപ്പോലെതന്നെ ഇപ്പോഴും അങ്ങേ ആധിപത്യം സർവ്വപ്രകാരേണയും ഞങ്ങളെ സഹായിക്കുമെന്നു ഉറച്ചിരിക്കുന്നു. ഞങ്ങൾ അയച്ചിട്ടുള്ള പ്രസ്തുത വൈദികന്മാർ ഇരുവരും സത്യസന്ധന്മാരും അസത്യം പറയാത്തവരുമാണെന്നും അവർ ചെയ്തിട്ടുള്ള അപേക്ഷകളെല്ലാം ഞങ്ങൾ ഏവരുടേയും പൊതുവായ അപേക്ഷകൾ തന്നെയാണെന്നും സത്യസമേതം ഞങ്ങൾ ഉറപ്പു പറയുന്നു. ഇപ്പോൾ ഏഴു സംവത്സരങ്ങളോളം എത്തിയിരിക്കുന്ന അവരുടെ താമസത്തിനുള്ള ഹേതു എന്താണെന്നു അറിയാതിരിക്കുന്നതിൽ ഞങ്ങൾക്കു സീമാതീതമായ ദുഃഖമുണ്ട്. അവരുടെ വാക്കുകൾ റോമ്മാസിംഹാസനത്തിൻപക്കലും അങ്ങേ ആധിപത്യത്തിന്റെ അടുക്കലും വിശ്വസിക്കപ്പെടാതിരിക്കുന്നെങ്കിൽ കരിയാറിൽ മല്പാനോടും സഹചരനോടുംകൂടി വിശ്വസ്തന്മാരായ രണ്ടു വൈദികന്മാരെ താമസംകൂടാതെയും ഉപദ്രവങ്ങൾ ഇല്ലാതെയും ഇവിടേക്കു അയക്കണമെന്നു് ന

മുടെ കത്താവിന്റെ കഷ്ടാനുഭവങ്ങളേയും മരണത്തേയുംകുറിച്ച് ഞങ്ങൾ അപേക്ഷിക്കുന്നു. അവർ ഇവിടെവന്നു ഞങ്ങൾ പറയുന്നതിന്റെ യാഥാർത്ഥ്യം പരിശോധിച്ചറികയും വിവരം അവിടെ അറിയിക്കയും ചെയ്യുശേഷം മാത്രം ഞങ്ങൾ മുമ്പു ചെയ്തിട്ടുള്ള അപേക്ഷകളെല്ലാം സ്വീകരിച്ചാൽ മതിയെന്നു പ്രാർത്ഥിക്കയും ഒടുവിൽ അങ്ങേ പക്കൽ മുട്ടുകുത്തി വണങ്ങി വിനയപൂർവ്വം അങ്ങേ പാദങ്ങളെ മുത്തുകയും ചെയ്യുന്നു. (൨)

൨. ഉദയംപേരൂർ സൂനഹദോസിനു മുമ്പ് ജനങ്ങൾ പൊതുവെ സുറിയാനി പഠിച്ചിരുന്നെന്നും വേദോപദേശം സുറിയാനിയിലാണു പഠിപ്പിച്ചിരുന്നതെന്നും ഗോവേയാ സാക്ഷിക്കുന്നുണ്ട്. ഈക്കാര്യംതന്നെ റോലിൻ എന്ന ഗ്രന്ഥകാരനും (p. 51. § II.) സമ്മതിച്ചു പറഞ്ഞിരിക്കുന്നു. ഇവരുടെ ഈ സാക്ഷ്യങ്ങളെ ബലപ്പെടുത്തുന്ന രേഖകൾ ഞങ്ങൾക്കു അനുഭവഗോചരവുമാണ്. അക്കാലങ്ങളിൽ കപ്യാരന്മാർ കുർബാനയ്ക്കു പരികർമ്മം ചെയ്യുമ്പോൾ നെടിയ ഉറാലപോലെ ഒരു വസ്ത്രം ധരിക്കുക പതിവായിരുന്നെന്നും ഗോവേയാ പറയുന്നു. എന്നാൽ പൌരസ്ത്യ സഭയിൽനിന്നു സുറിയാനി മല്പാന്മാർ വന്നിരുന്ന പതിവ് മുടങ്ങിപ്പോവുക നിമിത്തം സുറിയാനി ഭാഷാവിഷയമായും മറ്റും പലവിധ നാശങ്ങൾ വന്നു ഭവിച്ചു. ഈ സംഗതി മേൽക്കാണിച്ച രണ്ടു ലേഖനങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടല്ലോ. സുറിയാനി പഠനം വേണ്ടവിധം നടത്തേണ്ടതിനായി മെത്രാപ്പോലീത്തായും തോമ്മാക്കത്തനാരും ചില മാർഗ്ഗങ്ങൾ ആലോചിക്കയും അതിലേക്കു ചില സുറിയാനി മല്പാന്മാരെ കിഴക്കൻ സഭയിൽനിന്നു വരുത്തണമെന്നു നിശ്ചയിക്കയും ചെയ്തിരുന്നു. പ്രതിക്കൂല ശക്തിയുടെ ആധിക്യംമൂലം എല്ലാത്തിനും വിഘ്നങ്ങൾതന്നെ നേരിട്ടു. വിരോധകക്ഷിക്കാർ മെത്രാപ്പോലീത്തായ്ക്കും തോമ്മാക്കത്തനാർക്കും എല്ലാ സുറിയാനി ജനങ്ങൾക്കും എതിരായി അയച്ചിരുന്ന എഴുത്തുകളിൽ— ക) മെത്രാപ്പോലീത്തായെ മലയാളത്തിലേക്കു അയക്കുന്നതു സ്വപ്രകാരേണയും നാശകരമായിത്തീരുമെന്നും,— ഖ) മാർ തോമ്മായെ അദ്ദേഹത്തിന്റെ അപേക്ഷപോലെ കത്തോലിക്കാ ഐക്യത്തിൽ സ്വീകരിക്കുന്നതു അനർത്ഥകാരിയായി ഭവിക്കുമെന്നും,— ഗ) വികാരി അപ്പസ്തോലിക്കായുടെ കീഴിൽ സ്ഥിതിചെയ്യുന്ന പള്ളികളെ മെത്രാപ്പോലീത്തായുടെ അധികാരത്തിലേക്കു വിട്ടുകൊടുക്കുവാൻ ഒരുവിധത്തിലും പാടില്ലെന്നും,— ഘ) മിഷ്യനറിമാർ മെത്രാപ്പോലീത്തായിക്കു കീഴ്പ്പെട്ടിരിക്കുവാൻ നിവൃത്തിയില്ലെന്നും മറ്റുമാണു പ്രധാനമായി പ്രതിപാദിച്ചിരുന്നതു്. ഇടവക മെത്രാന്മാരെ സഹായിക്കേണ്ടതിനായിട്ടാണ് പ്രൊപ്പഗാന്ത തിരുസംഘത്തിൽനിന്ന് അക്കാലത്തു ഇന്ത്യയിലെ പല സ്ഥലങ്ങളിലേക്കും മിഷ്യനറിമാരെ അയച്ചിരുന്നതു്. വികാരി അപ്പസ്തോലിക്കാമാരുടെ നിയമനവും ഇടവക മെത്രാന്മാരുടെ സഹായികൾ എന്ന നിലയിൽ മാത്രം ചെയ്യപ്പെട്ടതായിരുന്നു. ഈ ന്യായത്താൽ കൊടുങ്ങല്ലൂർ മഹാ മെത്രാസനത്തിന്റെ മെ

ത്രാപ്പോലീത്താ എന്ന നിലയിൽ കരിയാറിക്കു കീഴ്പ്പെട്ടുന്നതിനും അദ്ദേഹത്തിന്റെ അധികാരത്തെ ന്യായമായ എല്ലാ സംഗതികളിലും സമ്മതിക്കുന്നതിനും മിശ്ശനറിമാക്കു പ്രമതലയുണ്ടായിരുന്നതാണ്. ഇതിനു വിരോധം കാണിക്കുന്നതാണ് വിരോധലേഖനങ്ങളിൽ വിവരിക്കുന്ന നാലാമത്തേതായ പ്രസ്തുത സംഗതി. ഈവിധ കായ്ങ്ങൾ അടങ്ങിയിരുന്ന എതിർ ലേഖനങ്ങളെല്ലാം പോർട്ടുഗലിൽ ചെന്നെത്തിയശേഷം അതുകളേയും മെത്രാപ്പോലീത്തായും തോമ്മാക്കത്തനാരും കൊടുത്തിരുന്ന എഴുത്തുകളേയും പരിശോധിച്ച് അവ ഓരോന്നിലും അടങ്ങിയിരുന്ന ന്യായാന്യായങ്ങളെ വെളിപ്പെടുത്തി അറിയിക്കേണ്ടതിനു് ലിസ്ബനിലെ മെത്രാസനപ്പള്ളിയുടെ (Cathedral) കാനോനിസ്റ്റാ (Canonist) യ മനുവേൽ യൊ ആക്കിം (Emmanuel Joachim) എന്ന വൈദികോത്തമനെ ഏല്പിച്ചു. അദ്ദേഹം അവയെല്ലാം നിഷ്പക്ഷതയോടുകൂടി സൂക്ഷ്മപരിശോധന ചെയ്തു സത്യം മെത്രാപ്പോലീത്തായുടെ ഭാഗത്തിലാണെന്നു തീർച്ചയാക്കുകയും ആ വിവരം അദ്ദേഹത്തെ (മെത്രാപ്പോലീത്തായെ) അറിയിക്കയും ചെയ്തു. (൨)

ആരംഭത്തിൽ പോർട്ടുഗലിലും റോമ്മായിലും മെത്രാപ്പോലീത്താ വളരെ വിരോധങ്ങൾ സഹിക്കുവാൻ ഇടയായെങ്കിലും അവസാനത്തിൽ കായ്ങ്ങളെല്ലാം അദ്ദേഹത്തിനു അനുകൂലമായി പര്യവസാനിച്ചു. എതിർപക്ഷക്കാരുടെ എഴുത്തുകളിൽ അടങ്ങിയിരുന്ന ന്യായങ്ങളും കാരണങ്ങളുമെല്ലാം തങ്ങളുടെ അധികാരംവിട്ടു വിടുന്നതിനു അവക്കുണ്ടായിരുന്ന വൈമനസ്യം ഹേതുവായിമാത്രം പ്രസ്താവിക്കപ്പെട്ടവയാണെന്നുള്ളതിലേക്കു താഴെപ്പറയുന്നവ ലക്ഷ്യങ്ങളാണ്. മിശ്ശനറിമാർ ഇടവക മെത്രാന്മാക്കു കീഴ്പ്പെട്ടിരിക്കേണ്ട സംഗതിയെപ്പറ്റി പോർട്ടുഗലിലെ മാപ്പാപ്പായുടെ പ്രതിനിധി അവിടത്തെ ഗവർമ്മേണ്ടു് ആവശ്യപ്പെട്ടതനുസരിച്ചു് റോമ്മയിൽ എഴുതിച്ചോദിക്കയും അതിനു പ്രോപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കാർഡിനൽ അന്തൊനെല്ലി ക്രിസ്തുജനുവരി ൨൫—ാംനു- അയച്ച മറുപടിയിൽ അവർ (മിശ്ശനറിമാർ) സകല സംഗതികളിലും ഇടവക മെത്രാന്മാക്കു അനുസരണയുള്ളവരായി വർത്തിക്കണമെന്നു കല്പിക്കയുംചെയ്തു. ക്രൈസ്തവർഷം മാർച്ചുമാസം ൨൫—ാംനു- പതിനൊന്നാമത്തെ ക്ലെമിസ്സ് മാപ്പാപ്പാ കൊച്ചി, കൊടുങ്ങല്ലൂർ എന്ന മെത്രാസന ഇടവകകളിലെ ക്രിസ്ത്യാനികളുടെമേൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായിക്കു അധികാരം നൽകിയ തിരുവെഴുത്തിൽ, ഡച്ചുകാരുടെ അധികാരഭൂമിയിൽ പ്രസ്തുത ഇടവക മെത്രാന്മാർ അധികാരം നടത്തുന്ന സംഗതിയിൽ ആ കോയ്മയധികാരികൾ തടസ്സംചെയ്യുന്നതിനാൽ ആ തടസ്സം നിലനിൽക്കുന്ന കാലത്തോളംമാത്രം മേൽപ്പറഞ്ഞ ക്രിസ്ത്യാനികളുടെമേൽ അധികാരം കൊടുക്കുന്നു എന്നാണ കല്പിക്കപ്പെട്ടിട്ടുള്ളത്. അതുമല്ല, രാജ്യാധികാരികളുടെ വിരോധമില്ലെങ്കിലും പ്രസ്തുത ക്രിസ്ത്യാനികൾ ഇടവക മെത്രാന്മാരുടെ അധികാരത്തിൽ നിൽക്കു

ന്നതിനു വിസമ്മതം കാണിക്കയും തൻമൂലം മതഭിന്നതയിലേക്കു തിരിഞ്ഞുപോവാൻ ഇടവരികയും ചെയ്യുന്നതായാൽ ആ വിഷയത്തിലും കാരണം നില്ക്കുന്ന കാലത്തോളംമാത്രം ആ ക്രിസ്ത്യാനികളെ വികാരി അപ്പസ്തോലിക്കായിക്കു തന്റെ അധികാരത്തിൽ സ്വീകരിക്കാവുന്നതാണെന്നും അതേ തിരുവെഴുത്തിൽതന്നെ കല്പിച്ചിട്ടുണ്ട്. (ഈ തിരുവെഴുത്തു ഏതു അധികൃതന്മാക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അവരോടു അതിലെ കായ്ക്കങ്ങൾക്കനുസരമായി പ്രവർത്തിക്കണമെന്നു ൧൯൫൯ ജനുവരി ൫–ാംനു-പ്രാപ്പുഗാന്ത തിരുസംഘം ആജ്ഞാപിച്ചിട്ടുള്ളതുമാണ്.) ആകയാൽ വികാരി അപ്പസ്തോലിക്കായുടെ കീഴുള്ള പള്ളികളെ കരിയാറിൽ മെത്രാപ്പോലീത്തായുടെ അധികാരത്തിലേക്കു (പ്രത്യേക കല്പന ക്രടാതെ) വിട്ടുകൊടുക്കുകയില്ലെന്നുള്ള വാദം അടിസ്ഥാനരഹിതംതന്നെ. പാറേമ്മാക്കൽ തോമ്മാക്കത്തനാർ ഏതാനും സംവത്സരങ്ങളുടെശേഷം കൊടുങ്ങല്ലൂർ ഇടവകയുടെ ഭരണകർത്താവായിത്തീർന്നപ്പോൾ വികാരി അപ്പസ്തോലിക്കാ ആ പള്ളികളെല്ലാം അദ്ദേഹത്തിന്റെ അധികാരത്തിലേക്കു വിട്ടുകൊടുക്കുവാൻ ഇടയായതും ഈ കാരണത്താലാണ്. ഇതുസംബന്ധിച്ചു കൊല്ലവർഷം൯൯൨ മീനം ൨൯–ാംനു- തിരുവിതാംകൂർ സർക്കാരിൽ വരാപ്പുഴത്തെ ലൂയീസു വികാരി അപ്പസ്തോലിക്കായും, പ്രാൻസീസു, ലോറെൻസ്, പൌലീനോസു മുതലായ പാതിരിമാരുംകൂടി എഴുതിവെച്ച കരണത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: പഴയക്രൂർ സുറിയാനിക്കാർ സ്വജാതി മെത്രാൻ ഇല്ലായ്കകൊണ്ടും അവർ വരാപ്പുഴെ മെത്രാനോടു അപേക്ഷിക്കുകകൊണ്ടും അവരുടെ വേദകാര്യങ്ങൾ ഞങ്ങൾ നോക്കിവരികയിൽ അവരും ഞങ്ങളുമായി പല കാര്യങ്ങൾ സംബന്ധിച്ചു വഴക്കുണ്ടാവുക നിമിത്തം അവർ കരിയാറിൽ മല്പാനെ റോമയിൽ അയക്കുകയും അദ്ദേഹം മാപ്പുപ്പായാൽ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെടുകയും ചെയ്തിരിക്കേ ഗോവയിൽവെച്ചു അപായപ്പെട്ടുപോകകൊണ്ടും ആ സ്ഥാനത്തു പാറേമ്മാക്കൽ തോമ്മാക്കത്തനാർ ഗവർണരായി വന്നിരിക്കകൊണ്ടും തോമ്മാക്കത്തനാർ അവരുടെ വേദകാര്യങ്ങൾ നടത്തുന്നതിനായി ഞങ്ങൾ അവരുടെ കായ്വാദികളിൽ പ്രവേശിക്കാതിരുന്നുകൊള്ളുന്നതാണ് (10).

കരിയാറിൽ മെത്രാപ്പോലീത്തായുടെ കാലശേഷം പാറേമ്മാക്കൽ ഗോവർണദോർ നിയമിക്കപ്പെട്ട കാലത്തു- ൧൮൭൯-ൽ- വരാപ്പുഴ അധികാരത്തിൽ ഉൾപ്പെട്ടിരുന്ന സുറിയാനിപ്പള്ളികൾ താഴെ കാണിക്കുന്നു.

1 വല്ലം.
2 കുടുപ്പുവടി.
3 കോതമങ്ങലം.
4 മുതലക്കോടം.
5 നാഗപ്പുഴ.
6 മൈലക്കൊമ്പു.
7 ആരക്കുഴ.
8 വടകര.

9 ഇലഞ്ഞി.
10 മുളക്കുളം.
11 പിറവം.
12 രാമപുരം.
13 പൈങ്ങളം.
14 അരുവിത്തുറ, (ഈരാറ്റുപുഴ)
15 കാഞ്ഞിരപ്പള്ളി.
16 വായിപ്പൂർ.
17 കുടമാളൂർ.
18 കോസമല്ലൂർ.
19 കുറവിലങ്ങാട്.
20 അതിരമ്പുഴ.
21 മുട്ടുചിറ.
22 കടുത്തുരുത്തി. (ചെറിയത്ത്)
23 കണ്ടനാട്ട്.
24 എണ്ണാകുളം.
25 വടക്കൻ പറവൂർ.
26 കുത്തിയതോട്ട്.
27 മൂഴിക്കുളം.
28 പെളിയനാട്ട. (വടക്കൻ)
29 അങ്കമാലി (൫ പള്ളികൾ)
30 അകപ്പറമ്പു.
31 മഞ്ഞപ്ര.
32 മലയാറ്റൂർ.
33 ആലങ്ങാട്ട.
34 ഞാറയ്ക്കൽ.
35 പള്ളുരുത്തി.
36 തത്തമ്പള്ളി.
37 പുറക്കാട്ട.
38 ആലപ്പുഴ.
39 ചേന്നങ്കരി.
40 കല്ലുക്കാട്ട.
41 പുളിങ്കുന്നു.
42 കൊടുവെച്ചൂർ.
43 മുട്ടം.
44 പള്ളിപ്പുറം.

മാർ തോമ്മായുടെ കാര്യംബന്ധിച്ചു കൊച്ചിമെത്രാൻ വിചാരണചെയ്തു അയച്ച റിപ്പോർട്ടിനെപ്പറ്റി ഇതിനുമുമ്പു (ല. ന്നു) പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിൽ പറഞ്ഞിരുന്ന ന്യായങ്ങളും കാരണങ്ങളുമെല്ലാം കഥയില്ലാത്തവയാണെന്നു റോമയിൽ ബോധപ്പെട്ടകയാൽ മാർ തോമ്മായെ അദ്ദേഹത്തിന്റെ അപേക്ഷപോലെ കത്തോലിക്കാ സഭയുടെ ഐക്യത്തിലേക്കു സ്വീകരിക്കുന്നതിനു വേണ്ടിയിരുന്ന അധികാരങ്ങളെല്ലാം കരിയാറ്റിൽ മെത്രാപ്പോലീത്തായിക്കു നൽകപ്പെട്ടു. ഈ സംഗതി പോർട്ടുഗീസു ഇന്ത്യയുടെ കാര്യാന്വേഷകനായ രാജോദ്യോഗസ്ഥനെ മെത്രാപ്പോലീത്താ അറിയിച്ചപ്പോൾ അദ്ദേഹം ആ അധികാരം ഗോവ മെത്രാപ്പോലീത്തായിക്കു കൊടുക്കേണ്ടതാണെന്നും അതിനെപ്പറ്റി എഴുത്തുകുത്തു നടത്തണമെന്നും വാദിക്കുകയുണ്ടായി. എങ്കിലും സകല സംഗതികളും മെത്രാപ്പോലീത്തായിൽ നിന്നറിഞ്ഞിരുന്ന പ്രസ്തുത കാനൊനിസ്റ്റ് ആ രാജോദ്യോഗസ്ഥനെ കാര്യം മനസ്സിലാക്കികൊണ്ട് അദ്ദേഹം ഒട്ടുവിൽ സമ്മതിച്ചു. പക്ഷേ, മാർ തോമ്മായെ കത്തോലിക്കാ സഭയിൽ സ്വീകരിക്കുന്ന അവസരത്തിൽ മെത്രാപ്പോലീത്തായൊരുമിച്ചു ഗോവ മെത്രാപ്പോലീത്തായുടെ ഒരു പ്രതിപുരുഷൻക്കൂടി ഉണ്ടായിരിക്കണമെന്നു അയാൾ പിന്നെയും വാദിച്ചിരുന്നതിനാൽ സമാധാനത്തിനുവേണ്ടി മെത്രാപ്പോലീത്താ ആ കാര്യം സമ്മതിക്കുകയുണ്ടായി (11).

൯. മാർ തോമ്മായുടെ കാര്യത്തിനു അദ്ദേഹത്തിന്റെ അപേക്ഷപോലെ റോമയിൽനിന്നു തീർച്ചയുണ്ടായെങ്കിലും മിസ്റ്റർ മെ

മെക്കൻസി തിരുവിതാംകൂർ സ്റ്റെയ്ററ്മാനചലിൽ (Vol. II. p. 210-211) ആ കാര്യം സംബന്ധിച്ചു യാതൊന്നും പറയാതെ അതിനു മുമ്പംപിമുള്ള കാര്യങ്ങൾ മാത്രമാണു പ്രസ്താവിച്ചിട്ടുള്ളതു്. അദ്ദേഹം പറയുന്നതു്, മാർ തോമ്മായുടെ പ്രതിനിധികളായ കരിയാററിൽ മല്പാനും തോമ്മാക്കത്തനാരും അദ്ദേഹത്തിന്റെ അപേക്ഷക്കനുസരിച്ചു റോമ്മയിൽ ഹാജരാകിയസമയം അദ്ദേഹത്തെ മെത്രാനായിത്തന്നെ സ്ഥീകരിക്കണമെന്നു അവർ അപേക്ഷിക്കുകയും തന്നിമിത്തം റോമ്മയിൽ നിന്നു ആ സംഗതി സംബന്ധിച്ചു് ക്രിസ്തു മാർച്ചുമാസം ക്രി-ാംനു- വരാപുഴെ വികാരി അപ്പസ്തോലിക്കായിക്കു എഴുതുകയും ചെയ്തു എന്നും, അദ്ദേഹം തത്സംബന്ധമായി തനിക്കുള്ള അഭിപ്രായം എഴുതി അയച്ചതിനു് ക്രിസ്തു സെപ്ററംബർ ക്രി-ാംനു- റോമ്മയിൽനിന്നയച്ച മറുപടിയിൽ മാർ തോമ്മായുടെ മതപരിവർത്തനത്തിന്റെ നിഷ്കൃപടതയേപ്പററി വിചാരണ ചെയ്യുന്നതിനു് കൊച്ചീമെത്രാനെ ചുമതലപ്പെടുത്തുന്നതാണെന്നു കാണിച്ചിരുന്നു എന്നും, കൊച്ചീമെത്രാനാകട്ടേ അക്കാലത്തു ഒഴിവായിരുന്ന ഗോവ മഹാ ഇടവകയുടെ കാര്യാന്വേഷണത്തിനായി പോയിരുന്നതുകൊണ്ടു് വിചാരണയുടെ തീരുമാനത്തിനു കാലതാമസം നേരിട്ട എന്നും, അതിനിടക്കു വരാപുഴത്തെ കമ്മീത്താ മിഷ്യനറിമാർക്കു മാർ തോമ്മായുടെ വിശ്വാസത്തിന്റെ നിഷ്കൃപട്യത്തേപ്പററി സംശയം ജനിക്കുക നിമിത്തം അവരിൽ ഒരാളായ പൌലീനോസു ക്രിസ്തു ഡിസംബർ ക്രി-ാംനു- നിരണത്തു ചെന്നു് മാർ തോമ്മായെ കാണുകയും അദ്ദേഹം സ്വന്ത തറവാട്ടു, സ്ഥാനം ഇത്യാദികളേക്കുറിച്ചു വളരെ കാര്യമായി പറയുന്നവനും കൌശലക്കാരനും അനന്തരവനെ പിൻഗാമിയാക്കുവാൻ വാഞ്ഛയുള്ളവനും സ്വമതപരിവർത്തനത്തിന്റെ കാര്യം പിൽകാലത്തേക്കു മാററിവെക്കുന്നവനും ആണെന്നു് ആ സന്ദർശനാവസരത്തിൽ അദ്ദേഹം ഗ്രഹിക്കുവാൻ സംഗതിയാകുകയും ചെയ്തു എന്നും മററുമാണു്.

മാർ തോമ്മായുടെ കാര്യം സംബന്ധിച്ചു ഇതുവരെ ഞങ്ങൾ പറഞ്ഞിട്ടുള്ളതിനേയെല്ലാം മിസ്റ്റർ മെക്കൻസിയുടെ ഈ പ്രസ്താവനകൾ ബലമായി പിൻതാങ്ങുകതന്നെ ചെയ്യുന്നു. ക) മാർ തോമ്മായെ ഒരു മെത്രാന്റെ നിലയിൽ സ്ഥീകരിക്കുന്ന വിഷയത്തിൽ വിരോധപക്ഷക്കാർ വളരെ തടസ്സങ്ങൾ ഉണ്ടാക്കിയിരുന്നെന്നും,— ഖ) അദ്ദേഹത്തിന്റെ മതപരിവർത്തനം യഥാർത്ഥമല്ലെന്നു് മേലധികാരസ്ഥാനങ്ങളിൽ അവർ എഴുതി അറിയിച്ചിരുന്നെന്നും,— ഗ) അതിനാൽ റോമ്മയിൽനിന്നു അദ്ദേഹത്തിനു അനുകൂലമായ ഒരു വിധിയുണ്ടാകുന്നതിനു ഇടയാകാതെ ഒരു വിചാരണ നടക്കുവാൻ സംഗതിയായെന്നുമുള്ളതാണു് ഞങ്ങളുടെ പ്രസ്താവനകളിൽ അടങ്ങിയിരുന്ന പ്രധാന കാര്യങ്ങൾ. ഇവയെല്ലാം ശരിയാണെന്നതന്നെയാണു് മിസ്റ്റർ മെക്കൻസിയും പറഞ്ഞിരിക്കുന്നതു്. പ്രസ്തുത വിചാരണയുടെ ഫലവും റോമ്മയിലെ തീരുമാനവും അദ്ദേഹം പറയാതെ വിട്ടുകളഞ്ഞതു് ചരിത്രത്തിന്റെ പൂർണ്ണതയ്ക്കും നിഷ്പക്ഷതയ്ക്കും യോജിക്കാത്തതാണെ

ന്നു മാത്രമേ തൽക്കാലം ഇവിടെ പ്രസ്താവിക്കുന്നുള്ളു. പൌലീനോസു നിരണത്തുചെന്നു മാർ തോമ്മായേക്കണ്ട സംഗതി അദ്ദേഹം സ്വന്തകൃതിയിൽ (India Orientalis p. 110) വിവരിച്ചിട്ടുണ്ട്. ഇതാണു മിസ്റ്റർ മെക്കൻസി മാർ തോമ്മായുടെ മതപരിവർത്തനത്തേപ്പറ്റി മിഷ്യനറിമാർ സംശയിക്കുന്നതായി നമുക്കു കാണിച്ചുതരുന്ന സാക്ഷി. പൌലീനോസാവട്ടേ എതിർകക്ഷിയിൽ ഉൾപ്പെട്ടവനും മാർ തോമ്മായുടെ കായ്ത്തിനു പ്രതിക്രിലിയും ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ ഈ സാക്ഷ്യം വിലയില്ലാത്തതാണ്. സാലേസു മെത്രാനോടു വളരെ നിർബന്ധപൂർവ്വം മാർ തോമ്മാ അപേക്ഷിച്ചിരുന്നെങ്കിലും ആ അപേക്ഷകൾക്കു യാതൊരു ആനുകൂല്യവും ലഭിക്കാതെപോയതിനാലാണ് അദ്ദേഹം കരിയാറിൽ മല്ലാനേയും മറ്റും റോമ്മയിലേക്കു അയച്ചതു്. പൌലീനോസു നിരണത്തുചെന്നു മാർ തോമ്മായെ സന്ദർശിച്ച ൧൬൭൯ ഡിസംബർ മാസത്തിൽ അദ്ദേഹത്തിന്റെ അപേക്ഷപോലെ റോമ്മയിൽനിന്നു അനുകൂലമായ വിധി സമ്പാദിച്ചുകൊണ്ടും മെത്രാപ്പോലീത്താ എന്ന സ്ഥാനത്തോടുകൂടി കരിയാറിൽ മല്ലാൻ കപ്പൽവഴി മലങ്കരയിലേക്കു തിരിച്ചുവരികയായിരുന്നു. മതപരിവർത്തനം സംബന്ധിച്ചു് പൌലീനോസിനോടു മാർ തോമ്മായാതൊന്നും പറയാതിരുന്നതിന്റെ കാരണം ഇതുതന്നെ. അതില്പിന്നെ പതിനൊന്നു സംവത്സരങ്ങളുടെശേഷം അഥവാ ൧൭൯൩-ൽ മാത്രമാണു മാർ തോമ്മാ അനന്തരവൻ മാത്തൻ കാത്തനാരെ അനുഗാമിയായി നിയമിച്ചു അഭിഷേകംചെയ്തതു് (12). പൌലീനോസു നിരണത്തു ചെന്നകാലത്തു മാർ തോമ്മായിക്കു പിൻഗാമിയേപ്പറ്റിയാതൊരു ആലോചനപോലും ഉണ്ടായിരുന്നില്ല. അതിനാൽ അനന്തരഗാമിയെ സംബന്ധിച്ചുള്ള പൌലീനോസിന്റെ സാക്ഷ്യം കേവലം ഊഹനിർമ്മിതവും ആസ്പദരഹിതവും ആയിരിക്കുന്നതേയുള്ളു.

മാർ തോമ്മായുടെ കായ്ത്തം റോമ്മയിൽ തീർച്ചയായശേഷം (ല. വ) മെത്രാപ്പോലീത്തായും തോമ്മാക്കത്തനാരും ൧൬൭൯-ൽ പോർട്ടുഗലിൽനിന്നു പുറപ്പെട്ട അമേരിക്കയിലെ ബ്രസീൽ രാജ്യത്തോടുത്തു യാത്രചെയ്തു അപ്രീക്കാ വളഞ്ഞു ൧൬൮൦ മെയ്മാസം ൨-ാംനു-ഗോവയിൽ വന്നെത്തി. ബ്രസീൽ മുതലായ രാജ്യങ്ങളിലെ തുറമുഖങ്ങളിൽ മെത്രാപ്പോലീത്താ രാജമെത്രാൻ എന്ന നിലയിൽ എത്തിയപ്പോൾ വളരെ ബഹുമാനപൂർവ്വം അദ്ദേഹം സ്വീകരിക്കപ്പെട്ടു. മേലിൽ കിട്ടിക്കൊണ്ടിരിക്കേണ്ടതായ പണം സംബന്ധിച്ചും മറ്റുമുള്ള ചില പ്രത്യേക കായ്ങ്ങൾക്കായി അദ്ദേഹം ഏതാനും മാസങ്ങളോളം ഗോവയിൽ താമസിക്കേണ്ടതായി വന്നുകൂടി. ഇങ്ങനെ അവിടെ പാർത്തുവരവേ, പ്രസ്തുത വത്സരം സെപ്റ്റംബർ ൯-ാംനു- മെത്രാപ്പോലീത്താ അകാലമരണം പ്രാപിച്ചു. മരണഹേതു ഒരുവക പനിയായിരുന്നെന്നാണു വൈദേശിക ഗ്രന്ഥകാരന്മാർ പറയുന്നതു്. ആദ്യം തുള്ളൽപ്പനിയായി തുടങ്ങുകയും പിന്നിട് "മലീഞ്ഞ്" (ഒരുവക വിഷജ്വരം) ആയി അതു പകരുകയും തൻമൂലം മരണം സംഭവിക്കയും

ചെയ്യു എന്നാണ് അവരുടെ പ്രസ്താവം (13). അക്കാലത്തു ഗോവ നിബിഡമായ കുടിപാർപ്പും ജനബാഹുല്യവുമുള്ള ഒരു പട്ടണമായിരുന്നു. എന്നാൽ മെത്രാപ്പോലീത്തായെ ബാധിച്ചതായി പറയുന്ന പനി അദ്ദേഹത്തിന്റെ മരണശേഷം ഇന്നും അവിടെനിന്നു വിട്ടുമാറാതിരിക്കുന്നതിനാൽ അത് ഇക്കാലത്തു കുടിപാർപ്പില്ലാത്ത ഒരു സ്ഥലമായി തീർന്നിരിക്കുന്നു. അവിടെ താമസിക്കുവാൻ തുനിയുന്ന ഏവനേയും പനി ബാധിക്കുമെന്നുള്ളതു നിസ്സംശയവുമാണ്. (ഈ സംഗതിയെപ്പറ്റി ആലോചിക്കുന്നവരൊക്കെയും ഇതു മെത്രാപ്പോലീത്തായുടെ മരണത്തിനു ശിക്ഷയായി ദൈവനിയോഗംമൂലം സംഭവിക്കുന്നതാണെന്നു വിശ്വസിച്ചുപോകും.) ഏതദ്ദേശീയരായ ഗ്രന്ഥകർത്താക്കൾ പറയുന്നത് മെത്രാപ്പോലീത്തായുടെ മരണം അപായത്താൽ ഉണ്ടായതെന്നാണ്. അദ്ദേഹത്തിന്റെ സഹചരനും ചരമദശയിൽ അദ്ദേഹത്തോടൊരുമിച്ചുണ്ടായിരുന്ന ആളുമായ തോമ്മാക്കത്തനാർ പറയുകയും എഴുതുകയും ചെയ്തിട്ടുള്ളതും മരണം അപായത്താൽ ഉണ്ടായതെന്നുതന്നെ. വരാപ്പുഴെനിന്നു ൯൯൨ മീനം ൨൯നു തിരുവിതാംകൂർ സക്കാരിൽ എഴുതിവെച്ചതായി മുകളിൽ (ല. വ) കാണിച്ചിട്ടുള്ള കരണത്തിലും ഈവിധം തന്നെയാണു പറഞ്ഞിരിക്കുന്നതു.

൫. ഇനി ജീവനോടിരിക്കയില്ലെന്നുള്ള അവസ്ഥയിൽ താൻ എത്തിയിരിക്കുന്നെന്നു മെത്രാപ്പോലീത്താ കണ്ടു് സഹായിയായ തോമ്മക്കത്തനാരെ കൊടുങ്ങല്ലൂർ മഹാ മെത്രാസനത്തിന്റെ ഭരണാധികാരി (Administrator) ആയി നിയമിച്ചു. ഈ നിയമനം ഗോവ മെത്രാപ്പോലീത്താ പിന്നീടു സ്വീകരിച്ചു ഉറപ്പിക്കയുണ്ടായി. കൊടുങ്ങല്ലൂരിന്റെ ഭരണകർത്താവെന്ന നിലയിൽ തോമ്മാക്കത്തനാർ അതേവത്സരം (൧൬൯൯) അവസാനത്തിൽ മലയാളത്തിൽ വന്നുചേർന്നു. പഴയക്രൂർ, പുത്തൻക്രൂർ എന്ന ഇരു വിഭാഗങ്ങളിലും ഉൾപ്പെട്ട സുറിയാനിക്കാരെല്ലാം മെത്രാപ്പോലീത്തായുടെ മരണം നിമിത്തം മഹാ വ്യസനം അനുഭവിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ ആയിരുന്നു അദ്ദേഹത്തിന്റെ ആഗമനം. അദ്ദേഹം ഇടവകഭരണം ആരംഭിച്ചതുമുതൽ പഴയക്രൂറുകാരുടെ സകല സുറിയാനിപ്പള്ളികളും അദ്ദേഹത്തിന്റെ അധികാരത്തിൽ ചെന്നുചേർന്നതിനാൽ അക്കാലത്തു വരാപ്പുഴ അധികാരത്തിൽ സുറിയാനിക്കാരുടെ യാതൊരു പള്ളിയും ശേഷിച്ചിരുന്നില്ല. തോമ്മാക്കത്തനാരുടെ ഭരണത്തിന്റെ ആരംഭഘട്ടത്തിൽ അഥവാ ("പഴയകണക്കു" എന്നു പറഞ്ഞുവരുന്ന ജൂലിയൻ പഞ്ചാംഗം (Julian Calendar) അനുസരിച്ചു) ൧൬൯൯ ഫെബ്രുവരിമാസം ൧–ാംനു സുറിയാനിപ്പള്ളിക്കാരെല്ലാം അങ്കമാലിപ്പള്ളിയിൽ ഒരു മഹായോഗംകൂടി ഒരു പടിയോല (നിശ്ചയം) എഴുതിയുണ്ടാക്കി. തോമ്മാക്കത്തനാരും അതിൽ സംബന്ധിച്ചിരുന്നു. ചുതദ്ദേശീയ ഗ്രന്ഥകാരന്മാരും ചില വൈദേശിക പുസ്തകകർത്താക്കളും ഈ പടിയോല സ്വസ്വപ്രകൃതികളിൽ ചേർത്തിട്ടുണ്ട്. അതിൽപ്പറയുന്ന സംഗതികൾ:– ൧) പൌലീസ്സർ സുറിയാനി മെത്രാന്മാരെ ബഹിഷ്കരിച്ചു തൽസ്ഥാനത്തു ഭരിച്ചുകൊ

ണ്ടിരിക്കയിൽ വന്നെത്തിയ സുറിയാനി മെത്രാനായ അഹത്തല്ലാ കൊല്ലപ്പെട്ടുപോകയാൽ സുറിയാനിക്കാർ മട്ടാഞ്ചേരിൽ ക്രൂടി മേലാൽ പൌലിസുകാരുടെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കയില്ലെന്നു സത്യംചെയ്തശേഷം കമ്മലീത്താക്കാരെ എഴുത്തയച്ചു വരുത്തുകയും ജോസേഫ് എന്ന കമ്മലീത്താ മെത്രാൻ അംക്കടിയാക്കോൻ വഴിപ്പെടാതിരിക്കുക നിമിത്തം അലക്സാണ്ടർ കത്തനാരെ അഭിഷേകം ചെയ്തു മെത്രാനാക്കുകയും ചെയ്തെന്നും,— ൬) അലക്സാണ്ടർ മെത്രാന്റെ അനുഗാമിയായി സുറിയാനിക്കാരിൽ ആരെയും തിരഞ്ഞെടുക്കാതെ, നാട്ടിൽനിന്നു ഒരാളെ നിയമിക്കണമെന്നു റോമയിൽനിന്നു കല്പിച്ചിരുന്നതിനെ നിവർത്തിക്കുവാൻവേണ്ടിയും സുറിയാനിക്കാരിൽനിന്നു മെത്രാൻപദത്തിന്റെ പ്രതീക്ഷ നീക്കിക്കളയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും നാട്ടുകാരനായ കുപ്പായക്കാരൻ റഫായേൽ പാതിരിയെ കമ്മലീത്താക്കാർ നിയമിച്ചെന്നും,— ൭) തന്നിമിത്തം സുറിയാനിക്കാർ മാർ ശെമഓനെ വരുത്തുകയിൽ അദ്ദേഹത്തിൽനിന്നു കമ്മലീത്താക്കാരനായ ആൻജെലൂസ് ആലങ്ങാട്ടു പള്ളിയിൽവെച്ചു മെത്രാൻപട്ടം സ്വീകരിച്ചശേഷം അദ്ദേഹത്തെ പുതുച്ചേരിലേക്കു അയച്ചുകളകയും അവിടെ ബന്ധനത്തിൽ എന്നു കണക്കേ അദ്ദേഹം ജീവിക്കുന്നതിനും മരിക്കുന്നതിനും ഇടയാകയും ചെയ്തെന്നും,— ൮) പൌലിസുകാരിലും കമ്മലീത്തരിലും ഉൾപ്പെട്ട വേദാധികാരികളിൽനിന്നു സുറിയാനിക്കാക്കു നാനാതരത്തിൽ ഉപദ്രവങ്ങൾ നേരിടുകയും മാർ തോമ്മാമെത്രാനെ കത്തോലിക്കാ സഭയിൽ ചേർക്കുന്ന കാര്യത്തിൽ ഇരുകൂട്ടരും പ്രതികൂലഭാവത്തിൽ വർത്തിക്കയും പട്ടക്കാരെ പിടിച്ചു മുറിയിലിട്ടു പൂട്ടുക നിമിത്തം മരണത്തിനിടയാക്കുക, ഭൃത്യജനങ്ങളെക്കൊണ്ടു വൈദികന്മാരെ ശിക്ഷിപ്പിക്കുക, മെത്രാപ്പോലീത്താ പട്ടംനീക്കിയ ആളിനു മെത്രാൻ വീണ്ടും പട്ടംകൊടുക്കുക, മെത്രാൻ പ്രഖ്യാപനംചെയ്ത മഹറോൻ മെത്രാപ്പോലീത്താ നീക്കുക, പാതിരിമാർ പള്ളികളിൽ വഴ്ടനം ചെയ്യുകകൊണ്ടു ഇടർച്ചക്കു കാരണങ്ങൾ നേരിടുക ഇത്യാദി സംഭവിക്കുകയും ചെയ്തിരിക്കുന്നെന്നും,— ൯) ഈവക സങ്കടങ്ങളെല്ലാം മാപ്പിപ്പായുടേയും പോർട്ടുഗൽ രാജ്ഞിയുടേയും അടുക്കൽ ബോധിപ്പിക്കുന്നതിനായി കരിയാറ്റിൽ മല്പാനേയും പാറേമ്മാക്കൽ തോമ്മാക്കത്തനാരേയും സുറിയാനിക്കാർ തിരഞ്ഞെടുത്തു അയച്ച സമയം വിരോധികൾ ആ സ്ഥലങ്ങളിലൊക്കെയും എഴുത്തുമൂലവും വാക്കുമൂലവും പലേ തടസ്സങ്ങൾ വരുത്തുകയും ദൈവാനുഗ്രഹത്താൽ മാപ്പിപ്പായും രാജ്ഞിയും കാര്യങ്ങളെല്ലാം ആലോചിച്ചു കരിയാറ്റിൽ മല്പാനെ മലങ്കരയുടെ മെത്രാപ്പോലീത്താ ആയി നിയമിച്ചു അയച്ചപ്പോൾ ഗോവയിൽവെച്ചു ചതിപ്പായി അദ്ദേഹത്തെ അപായപ്പെടുത്തുകയും ചെയ്തെന്നും,— ൧൦) ആകയാൽ അന്യരായ അധികാരികളിൽനിന്നു ഈവക ഉപദ്രവങ്ങൾ മേലിലും നേരിടാതിരിക്കേണ്ടതിനായി മറ്റു ജാതിക്കാക്കുള്ളതുപോലെ തങ്ങൾക്കും സ്വജാതിയിൽ നിന്നുതന്നെ വൈദികാദ്ധ്യക്ഷന്മാർ ഉണ്ടാകേണ്ടതും, അതു

സാധിതമാക്കുന്നതുവരെ ഭരണാധികാരി (അഥവാ ഗോവർണ്ണദോർ) ആയ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ കല്പനപോലെ പട്ടവും സൈത്തും വാങ്ങിക്കാമെങ്കിലും അന്യന്മാരെ മേൽപ്പട്ടക്കാരായി സ്വീകരിക്കാതിരിക്കേണ്ടതും, തോമ്മാക്കത്തനാരെ മെത്രാപ്പോലീത്താ ആയി നിയമിക്കുന്നതിന്നു പോർട്ടുഗൽ രാജ്ഞിയോടു അപേക്ഷിച്ചിട്ടുള്ളതു അവിടെനിന്നു സ്വീകരിക്കാതിരുന്നാൽ മുമ്പു മലങ്കര ഇടവക പോർട്ടുഗൽ കിരീടത്തിന്നു അധീനമല്ലാതിരുന്ന കാലത്തു് തങ്ങളുടെ പൂർവ്വന്മാർ ഇരുന്ന അവസ്ഥയിൽ വിശുദ്ധ കത്തോലിക്കാ സഭക്കു കീഴ്പ്പെട്ടിരിക്കുന്ന കൽദായക്കാരുടെ യൌസേപ്പു പാത്രിയർക്കീസിന്നു വിധേയരായിക്കൊണ്ടു് അവിടെനിന്നു മെത്രാന്മാരെ വരുത്തി തോമ്മാക്കത്തനാരെ മെത്രാനായി അഭിഷേകം ചെയ്യേണ്ടതുമാണെന്നും, ൬) ഈ കായ്ത്തിന്നു ഒരു തീർച്ചയുണ്ടാകുന്നതിന്നു മുമ്പു് വല്ല സ്ഥലത്തുനിന്നും മുടക്കുണ്ടാകുന്നതായാൽ അതിനെ അനുസരിക്കാതിരിക്കണമെന്നു എല്ലാവരുംകൂടി നിശ്ചയിക്കയും, ഈ നിശ്ചയത്തിന്നു എതിരായി പ്രവർത്തിക്കുന്നവരെ പള്ളിയോഗത്തിൽനിന്നു പുറത്താക്കുകയും അവരോടു മറു പള്ളിക്കാർ ഇടപെടാതിരുന്നുകൊള്ളാമെന്നു സമ്മതിക്കയും ചെയ്തിരിക്കുന്നെന്നും ഇങ്ങനെ മലങ്കരയിലുള്ള വല്ല പള്ളിക്കാരുംകൂടി നിശ്ചയിച്ചിരിക്കുന്നെന്നുമാണ് (14).

പടിയോലയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഈ ഏഴു കായ്ത്തങ്ങളും അന്യായങ്ങളും, തിരുവിതാംകൂർ രാജകച്ചേരിയിൽ നടത്തിയ വിസ്താരത്തിൽ അവ അപവാദങ്ങളാണെന്നു തെളിയുകനിമിത്തം പടിയോലയുടെ സ്രഷ്ടാക്കന്മാർക്കു ആ സക്കാരിൽനിന്നു പണപ്രായശ്ചിത്തം നിശ്ചയിച്ചിട്ടുള്ളതുമാണെന്നും, ഈ സംഗതികളെല്ലാം വരാപ്പുഴെനിന്നു് റോമയിലേക്കു അറിയിക്കയും കൊച്ചിയിലെ ഡച്ചുഗവർണരായ വാൻ- അൻജെൽ- ബെക്ക് (Van Angel- beck) എന്നയാൾക്കു തിരുവിതാംകൂർ രാജാവു അയച്ച എഴുത്തുസഹിതം ഈ വയെല്ലാം മലയാളി വൈദികന്മാരുടെ ദുഷ്ടതയുടെ സ്മാരകമായി (Malabarensium sacerdotum iniquitatis monumentum) കൊച്ചിയിലെ ഈടുവെപ്പിലും (Secreturia) വരാപ്പുഴെ മിഷ്യൻവക എഴുത്തുകളുടെ ശേഖരത്തിലും സൂക്ഷിക്കയും ചെയ്തിട്ടുള്ളതുമാണെന്നും പൌലീനോസു മുതലായ ഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നുണ്ടു് (15). അവരുടെ ആ പ്രസ്താവങ്ങളെ നിർഭാഗ്യവശാൽ പരിശോധിച്ചു് ശരിയാണെങ്കിൽ സ്വീകരിക്കുകയും തെറ്റായിരുന്നാൽ നിഷേധിക്കുകയും ചെയ്യേണ്ടതു് ചരിത്രപൂർണ്ണതക്കു ആവശ്യമെന്നു തോന്നുന്നു. പടിയോല എഴുതപ്പെട്ട ഉടനെ കമ്മലീത്താ പാതിരിമാരുടെ ഭാഗം (Causam Patrum) ആദരിക്കേണ്ടതിനായി വരാപ്പുഴനിന്നു പൌലീനോസു പാതിരി കൊച്ചിയിലെ ഡച്ചു കമ്പനിയുടെ വ്യാഖ്യാതാവായ വാൻ ത്രുയൻസ് (D. Joanne Van- Truyns) ഒത്തുമിച്ചു് ആയാണ്ടു് (൧൭൫൯) മാർച്ചുമാസം ൨൫-ാംനു- തിരുവനന്ത

പുരത്തു രാമവമ്മ തമ്പുരാന്റെ അട്ടക്കൽ പോയതായി അദ്ദേഹംത ന്നെ (India Orientalis എന്ന) സ്വന്ത കൃതിയിൽ വ്യ ാം പുറത്തു രേഖപ്പെടുത്തീട്ടുണ്ട്. ഇതിൽനിന്നു വരാപ്പുഴ പാതിരിമാരും സുറി യാനിക്കാരും അന്നു വാദിപ്രതികളായി തീന്നിരുന്നെന്നും സുറിയാനി ക്കാർ പടിയോല എഴുതുകയും, കഴിഞ്ഞ സംഭവങ്ങളെ വിവരിക്ക യും, മേൽ നടക്കേണ്ടും കായ്ങ്ങളേപ്പററി ചില നിശ്ചയങ്ങൾ ഉണ്ടാ ക്കുകയും ചെയ്തു് തങ്ങൾക്കു ദോഷകരങ്ങളാണെന്നു കാണിച്ചു അ വയെപ്പററി കൊച്ചിയിലേയും തിരുവിതാംകൂറിലേയും രാജാക്കന്മാരു ടെ അട്ടക്കലേക്കു് വാദികളായി ആളും പുറപ്പെട്ടതു പാതിരിമാരാ ണെന്നും പ്രസ്പഷ്ടമാണല്ലോ. ആകയാൽ പടിയോലയിൽ പറഞ്ഞി രിക്കുന്ന സംഗതികളിൽ ഓരോന്നിനേയും സംബന്ധിച്ചു് ഇവിടെ വി മർശനം ചെയ്യുവാൻ കരുതുന്നു.

൧൧. പോർട്ടുഗീസു അധികാരികൾ സുറിയാനി മെത്രാ ന്മാരുടെ ഭരണം നിറുത്തൽചെയ്തതും, തൽസ്ഥാനത്തിൽ (പോർട്ടുഗീ സു) പൌലീസു മെത്രാന്മാർ ഭരണം നിവ്വഹിച്ചതും, തൻമൂലം സുറി യാനിക്കാരുടെ ഇടയിൽ വളരെ ക്ഷോഭങ്ങൾ ഉത്ഭവിച്ചതും, ആ വി പ്ലവകാലത്തു മാർ അഹത്തല്ലാ മെത്രാൻ ആഗതനായതും, സുറിയാ നിക്കാർ മട്ടാഞ്ചേരിപ്പള്ളിയിൽക്കൂടി പൌലീസു മെത്രാന്മാരെ മേലിൽ അധികാരികളെന്ന നിലയിൽ സ്വീകരിക്കുകയില്ലെന്നു സത്യംചെയ്തതും, പന്ത്രണ്ടു വൈദികന്മാർ ചേന്നു് അക്കുദിയാക്കോനെ മെത്രാനാ യി നിയമിച്ചതും, തന്നിമിത്തം ശീശ്മയുണ്ടായതും, ആ സന്ദർഭത്തിൽ സുറിയാനിക്കാർ എഴുത്തയച്ച കമ്മലീത്താക്കാരെ വരുത്തിയതും, ഡ ച്ചുകാർ പോർട്ടുഗീസുകാരെ പരാജിതന്മാരാക്കിയ അവസരത്തിൽ ഒ രു സുറിയാനി വൈദികനായ അലക്സ്സാണ്ഡറിനെ ജോസഫ് സെബസ്ത്യാനി അഭിഷേചിച്ചു മെത്രാനാക്കിയതും, ലത്തീൻ മെത്രാ ന്മാരുടെ ഭരണം സ്ഥാപിക്കേണ്ടതിനായി സുറിയാനിക്കാരിൽ നിന്നു അവരുടെ ഇത്തിൽപ്പെട്ട മെത്രാന്മാരുടെ ആധിപത്യം പോർട്ടുഗീസു കാർ നീക്കംചെയ്തതും എത്രയും അനീതിയായ പ്രവൃത്തിയായിരിക്കുന്നെ ന്നും അതാണു് സകല വഴക്കുകളുടേയും ശീശ്മയുടേയും കാരണമെ ന്നുമുള്ളതും ൧൦; ൧൧; ൧൨; ൧൩ എന്ന അദ്ധ്യായങ്ങളിൽ ബലമേറിയ രേഖകളേക്കൊണ്ടു ഞങ്ങൾ സ്ഥാപിച്ചിട്ടുള്ളതുണ്ട്. ആകയാൽ പ ടിയോലയിൽ പറയുന്ന ഒന്നാമത്തെ കായ്യം അസത്യമെന്നു തെളിയുക യും അതിനാൽ സുറിയാനിക്കാർ പണപ്രായശ്ചിത്തം ചെയ്യുകയും ഉ ണ്ടായെന്നുള്ള പൌലീനോസു മുതലായ വിരോധ ചരിത്രകൃത്തുക്കളു ടെ പ്രസ്താവം അടിസ്ഥാനരഹിതവും അവിശ്വസനീയവുമാണ്.

മാർ അലക്സ്സാണ്ഡറിന്റെ അപേക്ഷപോലെ സുറിയാ നിക്കാരിൽ ഒരാളെ അദ്ദേഹത്തിന്റെ അനുഗാമിയായി തിരഞ്ഞെടു ക്കാതെ കൊച്ചീക്കാരൻ റഫായേൽ പാതിരിയെ നിയമിച്ചതു് ദോഷ ഭൂയിഷ്ഠമായി പരിണമിച്ചെന്നും ആ നിയമനംമൂലം മെത്രാൻസ്ഥാനം സുറിയാനിക്കാരിൽ നിലനിൽക്കുവാൻ ഇടയാകാതെ പോയെന്നും റ

ഫായേലാകട്ടേ മെത്രാൻപദത്തിനു യോഗ്യനായ ഒരാൾ അല്ലാതിരുന്നതുകൊണ്ടു അദ്ദേഹംമൂലം സമാധാനഭംഗം ഉണ്ടാവുകയും അദ്ദേഹത്തെ തിരഞ്ഞെടുത്ത കമ്മലീത്താക്കാർതന്നെ അദ്ദേഹത്തിന്റെ ആചാരഭ്രഷ്ടുകളേപ്പറ്റി റോമ്മയിൽ ആവലാധിപ്പെട്ടതിനും തൽമൂലം ആ വൈദികാദ്ധ്യക്ഷൻ സ്ഥാനത്തിൽനിന്നു നീക്കപ്പെടുവാൻ തക്കവണ്ണമായി പരിഗണിക്കപ്പെട്ടതിനും ഇടയാവുകയും ചെയ്തതും ഫായേലിന്റെ ഈനിയമനം ഹേതുവായിട്ടു മാർ അലക്സ്സാണ്ഡറിനും സുറിയാനിക്കാർക്കും അത്യധികം വ്യസനവും ആവലാധികളും ഉണ്ടാവാൻ സംഗതിവന്നെന്നും മറ്റും മുകളിൽ ക്രമം-൨൦ അദ്ധ്യായം ൨; ൫ ലക്കങ്ങളിൽ മതിയായ കാരണങ്ങളും രേഖകളുംകൊണ്ടു തെളിയിച്ചിട്ടുണ്ടു്. അതിനാൽ പടിയോലയിൽ പറയുന്ന ഈ രണ്ടാമത്തെ കാഴ്ച്ച യഥാർത്ഥമാണെന്നു നിർല്ലാക്ഷിണ്യ ബുദ്ധികളായ വായനക്കാർക്കു ബോധപ്പെട്ടുന്നതാകയാൽ സത്യമായി നടന്ന ഈ സംഭവം വാസ്തവമല്ലെന്നു വിസ്താരത്തിൽ തെളിഞ്ഞെന്നും തന്നിമിത്തം സുറിയാനിക്കാർ പിഴകെട്ടിയെന്നും പ്രസ്തുത ചരിത്രകാരന്മാർ പറയുന്നതു് ഒരു വിധത്തിലും വിശ്വാസയോഗ്യമായിരിക്കുന്നില്ല.

മാർ ശെമഓൻ സുറിയാനിക്കാരുടെ എഴുത്തനുസരിച്ചു് അവരെ ഭരിക്കേണ്ടതിനായി ന്യായമായ അധികാരത്തോടുകൂടി വന്നിരുന്നതാണെന്നും അദ്ദേഹം വിശുദ്ധ സിംഹാസനത്തോടു സംയുക്തനായ ഒരു മേൽപ്പട്ടക്കാരൻ ആയിരുന്നതുകൊണ്ടാണു് കമ്മലീത്താക്കാരനായ ആൻജെലൂസ് പാതിരി അദ്ദേഹത്തിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചതെന്നും അദ്ദേഹം പോണ്ടിച്ചേരിൽ പോയതു് നിർബന്ധം നിമിത്തമല്ലാതെ സ്വേച്ഛാനുസാരമല്ലെന്നും അതു ഹേതുവായിട്ടു് അവിടെ ഒരു മെത്രാന്റെ നിലയിൽ ജീവിക്കുന്നതിനുവേണ്ട സൌകര്യങ്ങൾ അദ്ദേഹത്തിനു ലഭിക്കുവാൻ ഇടയായില്ലെന്നും പൊടുന്നനവേയുള്ള മരണംതന്നെ അതിലേക്കു ഒരു ലക്ഷ്യമാണെന്നും മറ്റും ക്രമം-൨൦ അദ്ധ്യായം ൬; ൭; ൯ ലക്കങ്ങളിൽ കാരണങ്ങളോടും രേഖകളോടുംകൂടി പ്രതിപാദിച്ചിട്ടുള്ളതു വായനക്കാർ ഓർമ്മിക്കുമല്ലോ. പടിയോലയിലെ മൂന്നാമത്തെ കാഴ്ച്ച അയഥാർത്ഥമാണെന്നു ഘോഷിക്കുന്ന വിരോധ ചരിത്രകാരന്മാരുടെ വാദം ശരിയല്ലെന്നു ഇതുകളിൽനിന്നു സിദ്ധമാകുന്നു. മാർ ശെമഓന്റെ മരണത്തെപ്പറ്റി പടിയോലയിൽ കാണുന്നതിനെ പ്രത്യക്ഷരം വ്യാഖ്യാനിച്ചാൽ അതിൽ കൂറേക്കൂടുതൽ വന്നിട്ടുണ്ടെന്നു വിരോധികൾക്കു പറയാമെന്നല്ലാതെ, കാഴ്ച്ചസാരത്തിൽ അതു അവാസ്തവമാണെന്നു സ്ഥാപിക്കുവാൻ യാതൊരു വിധേനയും അവർക്കു സാദ്ധിക്കുന്നതല്ല. യാഥാർത്ഥ്യം ഈവിധം ഇരിക്കെ, സുറിയാനിക്കാർ ഈ സംഗതിക്കായി പിഴയൊടുക്കി എന്നു പറയുന്നതു് എങ്ങനെയാണു വിശ്വസനീയമാവുക?

അന്യ രീത്തിലും അന്യജാതിയിലും ഉൾപ്പെട്ട പൌലീസുകാരും കമ്മലീത്താക്കാരുമായ ലത്തീൻ മെത്രാന്മാരുടെ ഭരണംമൂലം സുറിയാനിക്കാരുടെ ഇടയിൽ ഓരോ കാലത്തു പലവിധത്തിൽ വഴക്കുക

ളും ആവലാധികളും ഉണ്ടാവാൻ ഇടയായിട്ടുണ്ടെന്നും സ്വന്തം റീത്തിലും ജാതിയിലുമുള്ള മെത്രാന്മാരുടെ അധികാരം നീക്കപ്പെട്ടതാണ് അതുകളുടെയെല്ലാം കാരണമെന്നും "പുത്തൻക്രൂർ" എന്നൊരു വിഭാഗം ഉത്ഭവിച്ചതുതന്നെ ഈ വഴക്കുകൾ നിമിത്തമാണെന്നും മാർ അലക്സ് സാണ്ടർ മെത്രാന്റെ നിയമനത്തോടുകൂടി സമാധാനമുണ്ടാവുകയും ശീശ്മ ക്ഷയോന്മുഖമായി ഭവിക്കയും ചെയ്തെങ്കിലും അദ്ദേഹത്തിന്റെ അനുഗാമിയായി വീണ്ടും ഒരു ലത്തീൻകാരനായ റഫായേൽ പാതിരിയെ നിയമിക്കുക നിമിത്തം വഴക്കുകൾ ഉണ്ടാവാൻ സംഗതിവന്നെന്നും ൧൫; ൧൬; ൧൮ എന്ന അദ്ധ്യായങ്ങളിൽ പല ഘട്ടങ്ങളിലും വിവരിച്ചിട്ടുള്ളതാണ്. മാർ തോമ്മാമെത്രാൻ കത്തോലിക്കാ സഭയിൽ തന്നെ സ്ഥിരീകരിക്കണമെന്നു അപേക്ഷിച്ചിരുന്നിട്ടും അക്കാലത്തെ ഭരണാധികാരികളിൽനിന്നു അക്കാര്യത്തിൽ യാതൊരു ആനുകൂല്യവും ഉണ്ടായില്ലെന്നും അതിനാലാണ് കരിയാറ്റിൽ മല്പാനും തോമ്മാക്കത്തനാരും റോമയിലേക്കു പോകേണ്ട ആവശ്യം നേരിട്ടതെന്നും മറ്റും ഈ അദ്ധ്യായത്തിന്റെ ൧; ൪ വാക്യങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. വൈദികന്മാരോട് ചില ഉപദ്രവങ്ങൾ ചെയ്യപ്പെടുകയും അതെല്ലാം വരാപ്പുഴ മിഷ്ണറിമാരുടെ അക്കാലത്തെ ശ്രേഷ്ഠാചാര്യൻ സമ്മതിച്ചു പറയുകയും ഉണ്ടായെന്നും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ പട്ടം മുടക്കിയിരുന്ന ഒരു ശമ്മാശിന് വരാപ്പുഴെ നിന്നു പട്ടം കൊടുത്തെന്നും മറ്റും ഈ അദ്ധ്യായത്തിന്റെ ൧; ൨ വാക്യങ്ങളിൽ ചേർത്തിരിക്കുന്ന രേഖകളിൽനിന്നു പ്രസ്പഷ്ടവുമാണ്. തന്നിമിത്തം പടിയോലയിൽ നാലാമതായി പറയുന്ന ഈ കാര്യങ്ങൾക്കായി സുറിയാനിക്കാർ പിഴകെട്ടിയെന്നുള്ള വിരോധചരിത്രകർത്താക്കളുടെ പ്രസ്താവം അടിസ്ഥാനരഹിതംതന്നെ.

കരിയാറ്റിൽ മല്പാനും തോമ്മാക്കത്തനാരും റോമയിലും പോർട്ടുഗലിലും ചെന്നിരുന്ന സമയം എതിർഭാഗത്തുനിന്നു ആ സ്ഥലങ്ങളിലേക്കു അവർക്കു വിരോധമായി അനവധി കാര്യങ്ങൾ എഴുതി അയച്ചതും അതിനാൽ അവർ വളരെ കഷ്ടതകൾ സഹിക്കുവാൻ ഇടയായതും മറ്റും ഈ അദ്ധ്യായത്തിന്റെ ൭; ൯; ൧൦ വാക്യങ്ങളിൽ വേണ്ട ലക്ഷ്യങ്ങളേക്കൊണ്ടു സ്ഥാപിച്ചിട്ടുള്ളതാണ്. മെത്രാപ്പോലീത്തായുടെ മരണം അപായത്താൽ സംഭവിച്ചതാണെന്നു മേൽ ൯—ാം വാക്യത്തിൽ തത്സംബന്ധമായി ചേർത്തിട്ടുള്ള വിവരങ്ങളും രേഖകളുംകൊണ്ടു സുവ്യക്തമാകുന്നു. ആകയാൽ പടിയോലയിലെ അഞ്ചാമത്തെ ഈ കാര്യത്തെപ്പറ്റി സുറിയാനിക്കാർ പണംപ്രായശ്ചിത്തം ചെയ്യേണ്ടിവന്നെന്നു പറയുന്നതു വിശ്വാസനീയമായിരിക്കുന്നില്ല.

മറ്റു ജാതിക്കാർക്കും റീത്തുകാർക്കും ഉള്ളതുപോലെ സുറിയാനിക്കാർക്കും സ്വജാതിയിൽ നിന്നുതന്നെ മേൽപ്പട്ടക്കാരൻ ഉണ്ടാകണമെന്നും അതിനായി പാറേമ്മാക്കൽ തോമ്മാക്കത്തനാരെ മെത്രാപ്പോലീത്താ ആയി നിയമിച്ചുകിട്ടുന്നതിന് പോർട്ടുഗൽ രാജ്ഞിയോടു അപേക്ഷിക്കണമെന്നും അവിടെ ആ അപേക്ഷ സ്വീകരിക്കപ്പെടാതി

രുന്നാൽ ഉടയംപേരൂർ സൂനഹദോസിനു മുമ്പ് നടന്നുവന്നിരുന്നതു പോലെ കത്തോലിക്കാ സഭയോടു ബന്ധമുള്ള കൽദായക്കാരുടെ പാത്രിയക്കീസിന്റെ അധികാരത്തിൽനിന്നു മേൽപ്പട്ടക്കാരെ വരുത്തണമെന്നുമാണ് പടിയോലയിൽ പറയുന്ന നാലാമത്തെ കായ്യം. സ്വജാതിയിൽനിന്നു മെത്രാൻ വേണമെന്നും അതിനായി അപേക്ഷിക്കണമെന്നും പറയുന്നതു് സ്വപ്രകാരേണയും ന്യായമുള്ളതായിരിക്കേ, അതു തെറ്റാണെന്നും ശാപ്യമാണെന്നും ഘോഷിക്കയും അതിലേക്കു പരിശ്രമിക്കുന്നവരുടെപേരിൽ കുറ്റം ആരോപിക്കയും ആവിധം ചരിത്രങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതു വലിയ അനീതിയാണെന്നു ന്യായബോധമുള്ള യാതൊരുത്തനും സമ്മതിക്കാതിരിക്കയില്ല. കൽദായ പാത്രിയക്കീസിന്റെ പക്കൽനിന്നു ന്യായമായ വിധത്തിൽ ഒരു മെത്രാനെ വരുത്തണമെന്നു പടിയോലയിൽ പറഞ്ഞുപോയതു ക്ഷന്തവ്യമല്ലെന്നും അങ്ങനെ പറഞ്ഞവർ പിഴകെട്ടിയെന്നും എതിർകക്ഷിയിൽപെട്ട ചരിത്രകാരന്മാർ പ്രസ്താവിക്കുന്നതു വാസ്തവവിരുദ്ധമാണെന്നു സാധാരണന്മാർക്കുപോലും നിഷ്പ്രയാസം മനസ്സിലാക്കാം.

മെത്രാനെ കിട്ടുന്നതിനായി ശ്രമിക്കണമെന്നും ആ കായ്യം സാധിക്കുന്നതിനുമുമ്പു അതിനെ വിഘ്നപ്പെടുത്തുന്ന വല്ല മുടക്കും എവിടെനിന്നെങ്കിലും ഉണ്ടാകുന്നതായാൽ അതിനെ വകവെക്കാതെ ഉദ്ദേശിച്ചകായ്യം സാധിക്കേണ്ടതിനായി യോജിച്ചു പ്രവർത്തിക്കണമെന്നും സംയോജിച്ചുള്ള ഈ പരിശ്രമത്തിൽനിന്നു വല്ലവരും വിട്ടുമാറുന്നപക്ഷം അവരെ സമുദായത്തിൽനിന്നു ഭ്രഷ്ടാക്കണമെന്നുമാണ് പടിയോലയിൽ പറയുന്ന ഏഴാമത്തെ കായ്യം. ഇതു അധികാരത്തോടു എതിർത്തുനിൽക്കുന്നതിനായി ചെയ്തിട്ടുള്ള ഒരു വ്യവസ്ഥയാണെന്നാണ് വിരോധഗ്രന്ഥകർത്താക്കൾ വ്യാഖ്യാനിക്കുന്നതു്. എന്നാൽ അവരുടെ വ്യാഖ്യാനം കേവലം ഊഹനിർമ്മിതവും അടിസ്ഥാനശൂന്യവുമാണെന്നു സംഭവങ്ങളെല്ലാം തെളിയിക്കുന്നു. പാറേമ്മാക്കൽ തോമ്മാക്കത്തനാർ കൊടുങ്ങല്ലൂർ മഹാ ഇടവകയുടെ വ്യവസ്ഥാപിതനായ ഭരണാധികാരിയായിരുന്നു. ആ നിലയിൽ മരണംവരെ ആ ഇടവകയെ അദ്ദേഹം ഭരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ചരമംവരേ ശീശ്മ ഉണ്ടായിട്ടില്ലെന്നും ആ കായ്യത്തിൽ അദ്ദേഹം വളരെ ജാഗ്രുകനായിരുന്നെന്നും വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയ ലൂയിസ് മരിയംഎന്നയാൾക്കു അദ്ദേഹം (തോമ്മാക്കത്തനാർ) തന്നെ അയച്ച ഒരെഴുത്തു സാക്ഷിക്കുന്നതായി "കേരളത്തിലെ സത്യവേദ ചരിത്ര"ത്തിന്റെ കർത്താവായ മർസലീനോസു മെത്രാൻ അവർകൾ സമ്മതിച്ചു പറയുന്നു (16). ആകയാൽ പടിയോലയിൽ പറയുന്ന ഏഴാമത്തേതും ഒടുവിലത്തേതുമായ ഈ കായ്യവും ഇതിനുമുമ്പു നാം കണ്ട ആറു കായ്യങ്ങൾപോലെതന്നെ അതിന്റെ സൃഷ്ടികർത്താക്കളുടെ രക്ഷയെ ഉദ്ദേശിച്ചമാത്രം എഴുതപ്പെട്ടതാണെന്നും തന്നിമിത്തം അതിനായി അവർ പിഴകെട്ടിയെന്നു പറയുന്നതു് സ്വപ്നബദ്ധവും വാസ്തവവിരുദ്ധവുമാണെന്നും ന്യായബോധമുള്ള ആരുംതന്നെ സമ്മതിക്കും.

ക്ര. സുറിയാനിക്കാർ പടിയോലയെപ്പററി പിഴകെട്ടിയെന്നുപറയുന്ന ഗ്രന്ഥകാരൻ അക്കാലത്തു ജീവനായിരുന്ന പൌലീനോസാണ്. "കേരളത്തിലെ സത്യവേദചരിത്രം"കർത്താവു മുതലായി മറു ചിലരും ഈ സംഗതിയിൽ അദ്ദേഹത്തെ അനുകരിക്കുന്നുണ്ട്. പൌലീനോസിന്റെ ഈ പ്രസ്താവം അബദ്ധവും വാസ്തവവിരുദ്ധവുമാണെന്നു മുകളിൽ ഞങ്ങൾ ചെയ്തിട്ടുള്ള ഖണ്ഡനങ്ങൾകൊണ്ടു വായനക്കാർക്കു നിഷ്പ്രയാസം മനസ്സിലാക്കാം. സുറിയാനിക്കാർ പിഴകെട്ടീട്ടില്ലെന്നുള്ളതിനു വേറെയും പല രേഖകൾ ഉണ്ട്. കൊല്ലവർഷം ൯൩൨ മേടം ക്ര—ാംനു- (ക്രീ. അ. ക്രവ്വെ ഏപ്രിൽ) തിരുവിതാംകൂർ സർക്കാരിൽനിന്നു അങ്കമാലി മുതലായ സുറിയാനിപ്പള്ളിക്കാർക്കു കൊടുത്തിട്ടുള്ള 'നിനവ്' എന്ന രാജസാധനം ഇതിലേക്കു ബലമേറിയ ഒരു ലക്ഷ്യമാണ്. അതിൽപറയുന്ന സംഗതികൾ:— ക) സുറിയാനി മെത്രാന്മാരുടെ അഭാവം നിമിത്തം വരാപ്പുഴ കമ്മലീത്താ മെത്രാനും പാതിരിമാരും ക്രൂടി പള്ളിക്കാര്യങ്ങൾ നടത്തി വന്നിരുന്നു എന്നും,— ഖ) അങ്ങനെ നടന്നുവരുമ്പോൾ സുറിയാനിക്കാരുടേയും പ്രൂസ്താ മെത്രാൻ, പാതിരിമാർ എന്നിവരുടേയും ഇടയിൽ പല സംഗതികൾനിമിത്തം വിവാദങ്ങൾ ഉണ്ടായെന്നും,— ഗ) തൻമൂലം (വാദികളും പ്രതികളും ഉൾപ്പടെ) എല്ലാപേരും മഹാരാജാവു എഴുന്നെള്ളിയിരിക്കുന്ന സ്ഥലത്തു ചെല്ലുകയും തിരുമനസ്സുകൊണ്ടു കാര്യങ്ങളെല്ലാം കേട്ടറികയും ചെയ്യെന്നും,— ഘ) കരിയാറിൽ മല്പാൻ റോമയിലെ സാധനം കൊണ്ടുവന്നെന്നു ഗ്രഹിക്കുകയും സുറിയാനിപ്പള്ളികളിന്മേൽ കമ്മലീത്താമെത്രനും പാതിരിമാക്കും അവകാശവും അധികാരവും ഇല്ലെന്നു അവർ സമ്മതിച്ചു തിരുമുമ്പിൽ കച്ചിട്ടു എഴുതിവെക്കുകയും ചെയ്തിരിക്കുന്നെന്നും,— ങ) പുത്തൻപിറ, വരാപ്പുഴ എന്ന ആ സ്ഥാനങ്ങളിൽ ഇരുന്നിരുന്ന മെത്രാന്മാരാൽ ഭരിക്കപ്പെട്ടിരുന്ന പള്ളികളെ ഭരിക്കുവാനായി, കരിയാറിൽ മെത്രാന്റെ മരണാനന്തരം പാറെമ്മാക്കൽ തോമ്മാക്കത്തനാർ ഗവർണർ (ഗോവർണദോർ) ആയി നിമിക്കപ്പെട്ടകൊണ്ടു അദ്ദേഹത്തിനു തന്നെ മെത്രാൻസ്ഥാനം കൊടുപ്പിച്ചു ജാതിമയ്യാദപോലെ പള്ളിക്കാര്യങ്ങൾ നടത്തിച്ചുകൊള്ളണമെന്നും,— ന) തോമ്മാക്കത്തനാർക്കു പല്ലക്കും അദ്ദേഹത്തിന്റെ ക്രൂടെ പാത്തു പള്ളിക്കാര്യങ്ങൾ നോക്കുന്ന പന്ത്രണ്ടു കത്തങ്ങൾക്കും പള്ളിഅധികാരികൾ എന്ന നാമവും ഡോലിയും കുടയും ചങ്ങലവിളക്കും ശേഷം കത്തങ്ങൾക്കൊക്കെ കുടയും ചങ്ങലവിളക്കും ഉപയോഗിക്കുവാനുള്ള സ്ഥാനപദങ്ങൾ കല്പിച്ചു കൊടുത്തിരിക്കുന്നെന്നും മറുമാണ്. സുറിയാനിക്കാർക്ക് ചെമ്പേടുകൾ മൂലം പുരാതനകാലത്തു സിദ്ധിച്ചിരുന്ന രാജപദങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടെയും ഉപയോഗം പോർട്ടുഗീസു, ഡച്ചു എന്ന പാശ്ചാത്യകോയ്മകൾ മലയാളത്തിൽ ആവിർഭവിച്ചതോടുകൂടി ക്രമശഃ കുറഞ്ഞുപോകയും ക്രവ—ാം ശതാബ്ദത്തോടുകൂടി അവയെല്ലാം മിക്കവാറും നാമാവശേഷമായിത്തീരുകയും ചെയ്തിരുന്നു. സുറിയാനിക്കാർ തിരുവിതാംകൂർ സർക്കാരിൽ അടിയിറവു

തിരുത്തു് (അടുത്ത ലക്കം നോക്കുക) മേൽപറഞ്ഞ സ്ഥാനപദങ്ങൾ ലഭിക്കുവാനുണ്ടായ കാരണം ഇതാണു്. പടിയോല എഴുതുക നിമിത്തം തിരുവിതാംകൂർ സർക്കാരിൽനിന്നു പണപ്രായശ്ചിത്തം ചെയ്യിച്ചതായി പൌലീനോസു മുതലായ ചരിത്രകാരന്മാർ പറയുന്നു തോമ്മാക്കത്തനാർ തുടങ്ങിയുള്ള സുറിയാനിക്കാർക്കു രാജസ്ഥാനത്തുനിന്നു വളരെ ബഹുമതികളും തോമ്മാക്കത്തനാരെ മെത്രാനായി നിയമിക്കുന്നതിനുള്ള സ്വാതന്ത്ര്യവും നൽകപ്പെട്ടു എന്നാണു് പ്രസ്തുത രാജസാധനം വിളിച്ചു പറയുന്നതു്. ആകയാൽ പൌലീനോസു മുതലായ മേല്പറഞ്ഞ ചരിത്രകൃത്തുക്കൾ ഏതൽസംബന്ധമായി രേഖപ്പെടുത്തിയവയെല്ലാം പരമാബദ്ധമാണെന്നു പൂർവ്വാധികം വിശദമാകുന്നു.

ഈ രാജസാധനം ലഭിച്ച ആണ്ടിൽ തന്നെ അഥവാ ൯൯൨ തുലാമാസം ൭-൹ (൨൨ാ൦ ഒക്ടോബർ) തിരുവിതാംകൂർ സർക്കാരിൽനിന്നു പറമ്പുകൾ തോമ്മാക്കത്തനാക്കു വേറൊരു സാധനവും കൊടുക്കുകയുണ്ടായി. പുത്തൻചിറ, വരാപ്പുഴ എന്ന അധികാരസ്ഥാനങ്ങൾക്കു കീഴ്പ്പെട്ടിരുന്ന പള്ളികളെ ഭരിക്കുന്നതിനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനു നൽകുന്നു എന്നായിരുന്നു അതിലെ കായ്സാരം. ഇതിനു തുല്യമായ പലേസാധനങ്ങളും ൯൯൩ കർക്കടകത്തിൽ (൨൨൭, ജൂലൈ, ഓഗസ്റ്റ്) തോമ്മാക്കത്തനാർക്കും സുറിയാനിപ്പള്ളിക്കാർക്കും കൊച്ചിരാജാവിൽനിന്നും അന്നു കൊച്ചിയിലെ മന്ത്രിയായിരുന്ന പാലിയത്തച്ചനിൽനിന്നും ലഭിച്ചിട്ടുണ്ടു്. അവ ഓരോന്നിലും പറയപ്പെട്ടിരിക്കുന്ന കായ്ങ്ങൾ ഏകദേശം ഒന്നുതന്നെയാകയാൽ പാറമ്മാക്കൽ തോമ്മാക്കത്തനാക്കു കൊച്ചിരാജാവു കല്പിച്ചുകൊടുത്ത സാധനത്തിലെ കായ്ങ്ങളെമാത്രം ഇവിടെ പ്രസ്താവിക്കാം. അതിൽ ക) സുറിയാനി മെത്രാന്മാരുടെ അഭാവം നിമിത്തം പുത്തൻചിറയും വരാപ്പുഴയും ഭരിക്കുന്ന മെത്രാന്മാർ മലങ്കര പള്ളിക്കായ്ങ്ങൾ വിചാരിച്ചു നടത്തിവന്നിരുന്നു,— ഖ) എന്നാൽ ഇപ്പോൾ മെത്രാൻ, പാതിരിമാർ എന്നിവരും സുറിയാനി ജനങ്ങളും തമ്മിൽ പലെ കായ്ങ്ങൾ നിമിത്തം വാദങ്ങൾ ഉണ്ടാകയും ഇരുകൂട്ടരും മുമ്പാകെ വന്നു കായ്ങ്ങൾകൊണ്ടു പറഞ്ഞുവെക്കയും ചെയ്തു,— ഗ) മേലിൽ ലത്തീൻമെത്രാന്മാർക്കും പാതിരിമാർക്കും സുറിയാനിപ്പള്ളികളിലും സുറിയാനിക്കാരോടും യാതൊരു സംബന്ധവും കായ്വും ഇല്ലാത്ത വിധത്തിൽ തീർപ്പു ചെയ്തിരിക്കുന്നു,— ഘ) ആകയാൽ മെത്രാന്മാർ നടത്തിവന്നതിൻവണ്ണം കീഴ്മര്യാദപോലെ കായ്ങ്ങളൊക്കയും സുറിയാനിക്കാരായ നസ്രാണി മാപ്പിളമാർക്കു നടത്തിക്കൊടുക്കുന്നതിനും നടത്തിക്കൊള്ളുന്നതിനും തീട്ടരം തന്നിരിക്കുന്നു എന്നാണു് പറയപ്പെട്ടിരിക്കുന്നതു്. (17)

ഇത്ര ഭീമമായ ഒരു അബദ്ധം മേല്പറഞ്ഞ ഗ്രന്ഥകാരന്മാർ പറയുവാൻ ഇടയായതിന്റെ കാരണംകൂടി ഇവിടെ പ്രസ്താവിക്കാം. പ്രസിദ്ധനും രാജസേവകനുമായ തച്ചിൽ മാത്തൂത്തരകൻ പ്രമാണിയായി നിന്നുകൊണ്ടു സുറിയാനിപ്പള്ളിക്കാർ അന്നു രണ്ടുലക്ഷത്തി ഏഴായിരത്തിൽപരം കലിപണം (മുപ്പതിനായിരത്തി തൊള്ളായിര

ത്തിൽപരം രൂപാ) തിരുവിതാംകൂർ സർക്കാരിൽ അടിയിറവു് തീർക്കേയുണ്ടായി. ഗവർണർ തോമ്മാക്കത്തനാർക്കും കാനോനിസ്റ്റുമാർ (Canonists) എന്ന പേരോടുകൂടി അദ്ദേഹത്തിന്റെ ആലോചനക്കാരായി തിരഞ്ഞെടുക്കപ്പെട്ടിരുന്ന പന്ത്രണ്ടു കത്തനാർമാർക്കും മറ്റും സർക്കാരിൽ അംഗീകരിക്കപ്പെട്ട ബഹുമതികൾ ഉണ്ടാവാൻവേണ്ടിയിരുന്നസ്വാതന്ത്ര്യാവകാശങ്ങൾ ലഭിക്കേണ്ടതിനായിട്ടായിരുന്നു ആ സംഖ്യ കൈപ്പറ്റിയെച്ചതു്. വിരോധപക്ഷക്കാരാവട്ടെ, ഈ പണം സുറിയാനിക്കാർ പിഴകെട്ടിയതാണെന്നു തെറ്റിദ്ധരിക്കയോ അങ്ങനെ ഒരു ബോധം ജനിപ്പിക്കുവാൻ മനഃപൂർവ്വം പരിശ്രമിക്കയോ ചെയ്തു. ഇതു മഹാബദ്ധം അവരുടെ കൃതികളിൽ കടന്നുപറ്റിയതിന്റെ കാരണം ഇതുതന്നെ. തോമ്മാക്കത്തനാർക്കും മറ്റു കത്തനാർമാർക്കും രാജസ്ഥാനത്തുനിന്നു നൽകപ്പെട്ട ബഹുമതികൾ, പുത്തൻചിറയിലെ പോർട്ടുഗീസു മെത്രാന്മാരും വരാപ്പുഴത്തെ വികാരി അപ്പസ്തോലിക്കമാരും ഭരിച്ചിരുന്ന സകല സുറിയാനിപ്പള്ളികളിന്മേലും തോമ്മാക്കത്തനാർക്കു സിദ്ധിച്ച ഭരണാധികാരം അതുകളെ ഭരിക്കുന്നതിനായി തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർ അദ്ദേഹത്തിനു കല്പിച്ചുകൊടുത്ത സ്വാതന്ത്ര്യങ്ങൾ സുറിയാനിക്കാരുടെ നിയമാനുസൃതനായ ഭരണകർത്താവു തോമ്മാക്കത്തനാർ ആണെന്നു സമ്മതിച്ചും തങ്ങൾക്കു സുറിയാനിപ്പള്ളികളിന്മേൽ അധികാരമില്ലെന്നു ഒഴിഞ്ഞുപറഞ്ഞും വരാപ്പുഴനിന്നു തിരുവിതാംകൂർ സർക്കാരിലും കൊച്ചിസർക്കാരിലും എഴുതിവെച്ച കച്ചീട്ടുകൾ ആദിയായി ഇതു സംബന്ധിച്ചുള്ള സകല വിവരങ്ങളും ആ ഗ്രന്ഥകർത്താക്കൾ പ്രസ്താവിച്ചിരുന്നെങ്കിൽ അവരുടെ ചരിത്രങ്ങളിൽ അബദ്ധങ്ങൾ കടന്നുകൂടുവാൻ ഇടവരികയില്ലായിരുന്നു. മാത്രമല്ല, ചരിത്രകാരന്മാരുടെ നിഷ്പക്ഷ നിലയെ പരിപാലിക്കേണ്ടതിനായി അങ്ങനെ ചെയ്യേണ്ടതു അവരുടെ കടമയുമായിരുന്നു.

സുറിയാനിക്കാർ പടിയോലമൂലം കമ്മലീത്താ മിഷ്യനറിമാരുടെമേൽ ബീഭത്സങ്ങളായ കുറ്റങ്ങളെ ആരോപണം ചെയ്തു (Atrocious accusations) എന്നും കരിയാറ്റിൽ മെത്രപ്പോലീത്തായുടെ മരണത്തിനു കാരണം അവരാണെന്നു അതിൽ പ്രസ്താവിച്ചിരിക്കുന്നെന്നും മിസ്റ്റർ മെക്കൻസി തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ (Vol. II. P. 146) പറയുന്നുണ്ടു്. അദ്ദേഹത്തിന്റെ തന്നെ ചുരുങ്ങിയ ആ പ്രസ്താവത്തിൽ അടങ്ങിയിരിക്കുന്നവയെല്ലാം ആദ്യവസാനം അബദ്ധം തന്നെ. ഉദയമ്പേരൂർ സൂനഹദോസു മുതൽ സുറിയാനിക്കാരെ ഭരിച്ചിരുന്ന പോർട്ടുഗീസു അധികൃതന്മാരിൽനിന്നും വരാപ്പുഴെ ആധിപത്യം വഹിച്ചിരുന്ന കമ്മലീത്താക്കാരായ ഭരണകർത്താക്കളിൽനിന്നും ഓരോ കാലങ്ങളിൽ അവർക്കു ഉണ്ടായിട്ടുള്ള ഉപദ്രവങ്ങളെപ്പറ്റിയും സ്വജാതിമെത്രാൻ ഇല്ലാതിരുന്നതാണു് ഇതുകൾക്കെല്ലാം കാരണമെന്നുള്ളതിനെ സംബന്ധിച്ചുമാണ് പടിയോലയിൽ പറഞ്ഞിരിക്കുന്നതു്. അവയെല്ലാം വാസ്തവവിരുദ്ധമാണെന്നു തെളിയിക്കുവാൻ അവർക്കു സാധിച്ചിട്ടില്ലെന്നു മേൽലക്കങ്ങളിൽ ഞങ്ങൾ ചേർത്തിട്ടുള്ള ചരിത്രരേ

ഖകൾകൊണ്ടു വായനക്കാർക്കു ഗ്രഹിക്കാവുന്നതുമാണ്. ആകയാൽ സുറിയാനിക്കാർ പടിയോലയിൽ കമ്മലീത്താ മിഷ്യനറിമാരുടെമേൽ ബീഭത്സങ്ങളായ കുറ്റങ്ങളെ ആരോപണം ചെയ്യു എന്നു മിസ്റ്റർ മെക്കൻസി പറയുന്നതു് പരമാബദ്ധമാകുന്നു. കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ മരണത്തിനുള്ള കാരണം കമ്മലീത്താ മിഷ്യനറിമാരാണെന്നു പടിയോലയിൽ പ്രസ്താവിച്ചിട്ടുണ്ടെന്നു മിസ്റ്റർ മെക്കൻസി പറയുന്നതും അബദ്ധംതന്നെ. അങ്ങനെ ഒരു വാക്കുപോലും പടിയോലയിൽ പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ മരണം വിരോധികളിൽനിന്നു അപായത്താൽ ഉണ്ടായതെന്നു മാത്രമെ പടിയോല പറയുന്നുള്ളു. അതു കമ്മലീത്താ മിഷ്യനറിമാരെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നതെന്നു വ്യാഖ്യാനിച്ചു പടിയോലയുടെ സ്രഷ്ടാക്കളുടെമേൽ കുറ്റം ചുമത്തുന്നതു ന്യായപൂർവ്വമല്ല. ക്രൂടാതെ തോമ്മാക്കത്തനാർ സപക്ഷക്കാരിൽ ഒരാളായ പണ്ടാരി പൌലോസിനെ ബാഗ്ദാദിലേക്കു അയക്കുകയും അദ്ദേഹം അവിടെവച്ചു റോമ്മയിലെ സമ്മതിക്കൂടാതെ മെത്രാൻപട്ടം സ്വീകരിച്ചു തിരികെ വരികയും ചെയ്തു എന്നും മിസ്റ്റർ മെക്കൻസി പറയുന്നുണ്ട്. ആരുടെയൊ പ്രേരണനിമിത്തം പണ്ടാരി പൌലോസു ബാഗ്ദാദിൽ പോയി മെത്രാൻപട്ടം സ്വീകരിച്ചുവരുവാൻ ഇടയായിട്ടുണ്ടെങ്കിലും അതു തോമ്മാക്കത്തനാർ മൂലം സംഭവിച്ചതാണെന്നു ഘോഷിക്കുന്നതു അബദ്ധമാണ്. പണ്ടാരി പൌലോസിനെ ബാഗ്ദാദിലേക്കു അയച്ചതു തോമ്മാക്കത്തനാർ ആയിരുന്നെങ്കിൽ തന്റെ കീഴുള്ളവർക്കു അദ്ദേഹത്തെക്കൊണ്ടു പട്ടം കൊടുപ്പിക്കാതിരുന്നതു പിന്നെ എന്തുകൊണ്ടായിരിക്കാം? തോമ്മാക്കത്തനാർ സ്വാധികാരത്തിൽ ഉൾപ്പെട്ടിരുന്നവർക്കു കൊച്ചി മെത്രാനെക്കൊണ്ടാണ് പട്ടം കൊടുപ്പിച്ചിരുന്നതെന്നുള്ള വസ്തുത പ്രസിദ്ധവും മിസ്റ്റർ മെക്കൻസിതന്നെ സമ്മതിച്ചു പറഞ്ഞിട്ടുള്ളതുമാണ്. തോമ്മാക്കത്തനാർ പരദേശനായതുകൊണ്ടുതന്നെ പൌലോസു മെത്രാൻ പള്ളിഭരണം നിർവ്വഹിച്ചിട്ടില്ലെന്നുള്ളതും അവിതർക്കിതമായ ഒരു യാഥാർത്ഥ്യംതന്നെ. അദ്ദേഹം പണ്ടാരി പൌലോസിനെ ബാഗ്ദാദിൽ അയച്ചു മെത്രാനാക്കിയെന്നുള്ള പ്രസ്താവം ശരിയാണെങ്കിൽ അതു ഒന്നുകിൽ തനിക്കു അദ്ദേഹത്തിൽനിന്നു മെത്രാൻപട്ടം ലഭിക്കുന്നതിനൊ, അല്ലെങ്കിൽ പള്ളിഭരണം അദ്ദേഹത്തെ ഏൽപ്പിക്കുന്നതിനൊ അതുമല്ലെങ്കിൽ തന്റെ കീഴുള്ളവർക്കു അദ്ദേഹത്തെക്കൊണ്ടു പട്ടം കൊടുപ്പിക്കുന്നതിനൊ ആയിരിക്കണം. എന്നാൽ ഇതിൽ ഒന്നുപോലും സംഭവിക്കുന്നതിനു തോമ്മാക്കത്തനാർ ഇടകൊടുത്തിട്ടില്ലെന്നുള്ളതു ചരിത്രപ്രസിദ്ധമായ ഒരു സംഗതിയാണ്. അതിനാൽ തോമ്മാക്കത്തനാർ പണ്ടാരി പൌലോസു എന്നയാളെ ബാഗ്ദാദിൽ അയച്ചു മെത്രാനാക്കി വരുത്തി എന്നുള്ള പ്രസ്താവം ഏതു അബദ്ധമാണെന്നു സിദ്ധമാകുന്നു. റോമ്മയുടെ സമ്മതംക്രൂടാതെ കൽദായ പാത്രിയർക്കീസു പ്രസ്തുത പൌലോസിനു മെത്രാൻപട്ടം കൊടുത്തു എന്നു പറയുന്നതും പിശകുതന്നെ. മലങ്കര ഇടവകയുടെ മെത്രാനായി പാത്രിയർക്കീസു അദ്ദേഹത്തെ നിയമിക്കയൊ അതിലേക്കു അധികാരം

കൊടുക്കുകയോ ചെയ്തിട്ടില്ലെന്നുള്ളതു് നിസ്സംശയമാണ്. മെസോപ്പൊട്ടെമിയായിലെ ഒരു സ്ഥലത്തിന്റെ നാമത്തിൽ മാത്രമാണ് ആ ദ്വേഹം പൌലോസിനു മെത്രാൻപട്ടം കൊടുത്തിട്ടുള്ളതു്. അങ്ങനെ ചെയ്യുന്നതിനു അദ്ദേഹത്തിനു അധികാരം ഇല്ലായിരുന്നുമില്ല. പാത്രിയക്കീസിന്റെ പ്രവൃത്തി നിയമവിരോധമായിരുന്നെങ്കിൽ അദ്ദേഹവും പൌലോസു മെത്രാനും ശിക്ഷാർഹന്മാർ ആകുമായിരുന്നു. എന്നാൽ അവരിൽ ആരും അങ്ങനെ ശിക്ഷിക്കപ്പെട്ടവരായി കാണുന്നുമില്ല.

സുറിയാനിക്കാർ ഉണ്ടാക്കിയ ലഹളയുടെ കാരണം ഗോവ മെത്രാപ്പോലീത്തായും കൊച്ചിമെത്രാനുമാണെന്നു പൌലീനോസെന്ന ചരിത്രകാരൻ സാക്ഷ്യതിയായ "ഇന്ദ്യാ ഒരിയെൻ താലീസ്" (India Orientalis, P. 262) എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. സുറിയാനി ക്രിസ്ത്യാനികളാൽ ചെയ്യപ്പെട്ട കുറ്റാരോപണങ്ങൾ പോർട്ടുഗീസു കക്ഷിക്കാരാൽ ഉജ്ജ്വലിപ്പിക്കപ്പെട്ടു- "The accusations brought by the Syrian christians were fomented by the adherents of the Portuguese party" എന്നു 'തിരുവിതാംകൂറിലെ ക്രിസ്തുമതം' (Christianity in Travancore P. 82. The Trav. govet. Press. 1901) എന്ന ഗ്രന്ഥത്തിൽ മിസ്റ്റർ മെക്കൻസിയും തന്നെ പ്രസ്താവിച്ചിട്ടുമുണ്ട്. ഈ പ്രസ്താവനകൾ പടിയോല എഴുതി ലഹളയുണ്ടാക്കിയതു തോമ്മാകത്തനാരും സുറിയാനിക്കാരുമാണെന്നു സ്റ്റെയ്റ്റ്മാനചലിൽ പറഞ്ഞിള്ളതു ശരിയല്ലെന്നു തെളിയിക്കുന്നതിനൊരു ലക്ഷ്യമാണ്. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാർ കമ്മലീത്താ മിഷ്യനറിമാരുടെ മേൽ (പടിയോലമൂലം) സ്ഥാപിക്കപ്പെട്ട കുറ്റങ്ങൾ ഒക്കയിൽനിന്നും അവരെ ഒഴിച്ചു വിധി പ്രസ്താവിച്ചെന്നും എന്നാൽ പാറെമ്മാക്കൽ തോമ്മാ എന്നയാൾ മെത്രാനായി അഭിഷേകം ചെയ്യപ്പെടുന്നതിനു ആ രാജാക്കന്മാർ അനുമതി കൊടുക്കുകയുണ്ടായി എന്നും ലക്ഷീരിക്കുന്ന വിശ്വാസയോഗ്യങ്ങളായ പ്രമാണങ്ങൾ സുറിയാനിക്കാർ കാണിക്കുന്നു- 'The Rajas acquitted the Missionaries on all heads, but the Syrian Christians produce original documents of that date showing that the Rajas gave permission that Thomas Pareamakal be Consecrated as Bishop'- എന്നും മിസ്റ്റർ മെക്കൻസി പ്രസ്താവിക്കുന്നുണ്ട്. ഇതു് ശരിയാണെന്നു ഞങ്ങളും സമ്മതിക്കുന്നു. പടിയോല എഴുതപ്പെട്ട ഉടനെ അതിനെപ്പറ്റി ആവലാധി പുറപ്പെടുത്തിയതു മിഷ്യനറിമാർ ആണെന്നു ഇതിനുമുമ്പു (ല. ക്ര.) തന്നെ പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ മിഷ്യനറിമാരും സുറിയാനിക്കാരും വാദിപ്രതികളായിത്തീരുകയും അതിനാൽ ഇരുകൂട്ടരും താന്താങ്ങളെ ആദരിക്കുന്നതിനു വേണ്ടവഴികൾ നോക്കുകയും ഒരു കക്ഷി മറുകക്ഷിയുടെമേൽ കുറ്റം ചുമത്തുവാൻ ശ്രമിക്കയുമുണ്ടായി. എങ്കിലും ആരോപിക്കപ്പെട്ട കുറ്റങ്ങൾ ഒരു കക്ഷിയുടെമേലും തെളിയാതെ പോവുകനിമിത്തം അവസാനതീർച്ച ഉഭയകക്ഷിക്കും ദോഷമില്ലാതെ പരിണമിക്കയും ഇങ്ങനെ മിഷ്യനറിമാരുടെ മേൽ സ്ഥാപിക്ക

പ്പെട്ട കുറേങ്ങളിൽനിന്നു അവരും സുറിയാനിക്കാരുടെമേൽ ചുമത്തപ്പെട്ട തെറ്റുകളിൽനിന്നു അവരും ആ രാജാക്കന്മാരാൽ വിമോചിക്കപ്പെട്ടുകയും ചെയ്തു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാരിൽനിന്നു തോമ്മാക്രത്തനാർക്കും സുറിയാനിക്കാർക്കും അനുകൂലങ്ങളായ പലേ രാജവിളംബരങ്ങളും ഉണ്ടായ വിവരം മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. മിസ്റ്റർ മെക്കൻസി തിരുവിതാംകൂറിലെ ക്രിസ്തുമതം എന്ന കൃതിയിൽ ആ രാജവിളംബരങ്ങളെ പൂർണ്ണമായി സമ്മതിച്ചു പറഞ്ഞിരുന്നില്ല. എങ്കിലും അവയെല്ലാം ശരിയായിട്ടുള്ളവയാണെന്നു പരിശോധനകൊണ്ടു അദ്ദേഹത്തിനു ബോധപ്പെടുക നിമിത്തം പിന്നീടു സ്റ്റെയ്റ്റുമാനുവലിൽ അവയെ അദ്ദേഹം അംഗീകരിച്ചു പ്രസ്താവിച്ചിട്ടുണ്ടു.

ഈ പ്രസ്താവനയുടെശേഷം ഉടനെതന്നെ "However the authorities at Rome would not listen to the request for a Chaldean Bishop and in a letter dated 6th October 1790, Cardinal Antonelli informs Bishop Luis that he has obtained from the Court of Lisbon an assurance that Thomas Pareamakal would not be consecrated as Bishop"— "ഒരു കൽദായ മെത്രാനെ കിട്ടണമെന്നുള്ള അപേക്ഷയെ റോമായിലെ അധികാരികൾ ശ്രവിച്ചില്ല. കാർഡിനൽ അന്തോനെല്ലി ഫൺം ഒക്റേറാബർ ന-ാംനു- അയച്ച ഒരു ലേഖനത്തിൽ പാറേമ്മാക്കൽ തോമ്മാ മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയില്ലെന്നുള്ളതിനു വേണ്ട ഉറപ്പു ലിസ്ബനിലെ രാജകച്ചേരിയിൽ നിന്നു തനിക്കു ലഭിച്ചിട്ടുണ്ടെന്നു് (അന്നു വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്നു) ലൂയിസ് മെത്രാനെ അറിയിക്കുന്നു" എന്നിങ്ങനെ മിസ്റ്റർ മെക്കൻസി തിരുവിതാംകൂർ സ്റ്റെയ്റ്റു് മാനുവലിൽ പറഞ്ഞിരിക്കുന്നു. സുറിയാനിക്കാർക്കു ഒരു മെത്രാൻ ഉണ്ടാകുന്ന വിഷയത്തിൽ വരാപ്പുഴനിന്നു ശക്തിമത്തായ വിരോധങ്ങൾ ചെയ്തിരുന്നു എന്നാണല്ലൊ ഇതിൽനിന്നു വെളിപ്പെടുന്നതു്. അന്യായകാര്യങ്ങൾ അടങ്ങിയ ഒരു പടിയോല പാറേമ്മാക്കൽ തോമ്മാക്രത്തനാരും സുറിയാനിക്കാരുംകൂടി റോമ്മയിൽ ഉണ്ടാക്കിയെന്നും തിരുവിതാംകൂർ രാജാവിന്റെ സന്നിധിയിൽ ചെയ്യപ്പെട്ട വിസ്താരത്തിൽ ആ പടിയോലയിലെ കാര്യങ്ങൾ അപവാദങ്ങൾ ആണെന്നു തെളിയുക നിമിത്തം അതിന്റെ സൃഷ്ടികർത്താക്കളായ തോമ്മാക്രത്തനാർ അടിയായവർ ഒരു വലിയ സംഖ്യ പിഴകെട്ടിയെന്നും വരാപ്പുഴനിന്നു റോമ്മയിലേക്കു എഴുതി അയച്ച സംഗതി ഇതിനുമുമ്പു് (ല. ൫൦) പറഞ്ഞിട്ടുണ്ടല്ലൊ. ഇങ്ങനെ എഴുതി അയച്ച സംഗതികൾ യഥാർത്ഥമാണെന്നു വിശ്വസിച്ചു്, കാർഡിനൽ അന്തോനെല്ലി പടിയോലയുടെ ഹേതുഭൂതനായ പാറേമ്മാക്കൽ തോമ്മാക്രത്തനാർ മെത്രാൻപദത്തിനു യോഗ്യനല്ലെന്നു് ലിസ്ബൻ രാജധാനിയിൽ അറിയിക്കയും അവിടെനിന്നു അദ്ദേഹത്തിന്റെ എഴുത്തിനു് അനുസാരമായി മറുപടി അയയ്ക്കയുമുണ്ടായി. ഫൺം ഒക്റേറാബർ ന-ാംനു-യിലെ എഴുത്തിൽ

കാർഡിനൽ അന്തോനെല്ലി ലൂയീസു വികാരി അപ്പസ്തോലിക്കായെ അറിയിക്കുന്നതായി മെക്കൻസി പറയുന്നതു് ഈ മറുപടിയിലെ സംഗതിയാണു്. തോമ്മാക്കത്തനാരെ സംബന്ധിച്ച കായ്ങ്ങളൊക്കയും റോമയിൽ തെറ്റായിട്ടാണു് ധരിപ്പിക്കപ്പെട്ടതെന്നു് ഇതുവരെ ഇവിടെ എടുത്തുകാണിച്ചിട്ടുള്ള രേഖകളിൽനിന്നു തെളിവാകുന്നു. സുറിയാനിക്കാർക്കു അവരുടെ അപേക്ഷപോലെ ഒരു മെത്രാൻ ഉണ്ടാകാതെപോയതു ഇങ്ങനെയാണു്. തന്നിമിത്തം തോമ്മാക്കത്തനാരുടെ മരണശേഷം സുറിയാനിക്കാർ വീണ്ടും ലത്തീൻ മെത്രാന്മാരുടെ അധികാരത്തിൽ ചെന്നുവീഴുന്നതിനും തദ്വാരാ വലുതായ കഷ്ടതകൾ അവർക്കു നേരിടുന്നതിനും ഇടയായെന്നു ഇവിടെ വിശേഷിച്ചു പറയേണ്ട ആവശ്യമില്ലെന്നു കരുതുന്നു.

൧൯. കൊടുങ്ങല്ലൂർ ഇടവകയുടെ ഭരണകർത്താവെന്ന നിലയിൽ പാറെമ്മാക്കൽ തോമ്മാക്കത്തനാർ ഉദ്ദേശം പന്ത്രണ്ടു സംവത്സരങ്ങൾ ആ മഹാ മെത്രാസനത്തിന്റെ അദ്ധ്യാത്മനേതൃത്വം വഹിച്ചു. ഇടവകഭരണം സംബന്ധിച്ചു വേണ്ട കായ്ങ്ങൾ ആലോചിക്കുന്നതിനായി പള്ളിക്കാരുടെ ഒരു യോഗം ൧൬൭൭ ഫെബ്രുവരിമാസം ൨—ാംനു- അങ്കമാലി വലിയപള്ളിയിൽ കൂടുകയും അതിൽച്ചെയ്തു രണ്ടു നിശ്ചയങ്ങളെ പള്ളിക്കാർ തോമ്മാക്കത്തനാരുടെ മുമ്പാകെ എഴുതിവെക്കയും ചെയ്തു. അവയിൽ ഒന്നാമത്തേതു് പൌരാണിക കാലം തുടങ്ങി നടപ്പായിരുന്നതുപോലെ അക്കിടിയാക്കോൻ സ്ഥാനം മേലാലും ഉണ്ടായേ മതിയാവൂ എന്നും, രണ്ടാമത്തേതു് സുറിയാനിപ്പള്ളികളുടേയും ജനങ്ങളുടേയും ശ്രേയോഭിവൃദ്ധിക്കും പരിരക്ഷയ്ക്കുമായി പന്ത്രണ്ടു വൈദികന്മാരെ കാനോനിസ്റ്റസ് എന്ന അഭിധാനത്തോടുകൂടി നിയമിക്കണമെന്നുമായിരുന്നു. ഇതനുസരിച്ചു ൧) കല്ലറമ്പുപള്ളി ഇടവക ഊക്കൻ ഗിവർഗീസു കത്തനാർ, ൨) വെളിയനാടു് ഇടവക തെക്കേക്കര ചാക്കരിയത്തു കത്തനാർ, ൩) പുത്തൻചിറ ഇടവക പഴയാറ്റിൽ ഇട്ടിച്ചെറിയ്യു കത്തനാർ, ൪) ചാലക്കുടി ഇടവക ചെറമേൽ ഗിവർഗീസു കത്തനാർ, ൫) അങ്കമാലി ഇടവക ഉറമ്പത്തു അബ്രാഹം കത്തനാർ, ൬) കുത്തിയതോടു ഇടവക തച്ചിൽ അബ്രാഹം കത്തനാർ, ൭) ചെന്നമങ്ങലം ഇടവക കാച്ചപ്പിള്ളിൽ യൌസേപ്പു കത്തനാർ, ൮) പട്ടമന പറവൂർ ഇടവക മുട്ടത്തോട്ടിൽ കോരത്തു കത്തനാർ, ൯) പാലാ ഇടവക കട്ടക്കയത്തു അബ്രാഹം കത്തനാർ, ൧൦) ആനക്കല്ലു ഇടവക പ്ലാത്തോട്ടത്തിൽ തോമ്മാക്കത്തനാർ, ൧൧) മുകുറം ഇടവക ഇല്ലിക്കൽ പൌലൂസ് കത്തനാർ, ൧൨) ചങ്ങനാശേരി ഇടവക തെക്കേക്കര കുഞ്ഞിച്ചെറിയ്യു കത്തനാർ ഇങ്ങനെ ൧൨പേർ കാലവിളംബംകൂടാതെ അതിനായി തിരഞ്ഞെടുക്കപ്പെട്ടു. ഇവർ ചെയ്യേണ്ട കായ്ങ്ങളേപ്പറ്റി ആ അവസരത്തിൽ ഒരു നിശ്ചയം ചെയ്തായുമുണ്ടായി. അതിൽ പറയപ്പെട്ടിരുന്ന കായ്ങ്ങൾ പ്രസ്തുത പന്ത്രണ്ടുപേരും വേദാധികാരി നിശ്ചയിക്കുന്ന സ്ഥലത്തു താമസിച്ചു് വേദകായ്ങ്ങൾക്കായി പ്രയത്നിക്കണമെന്നും, ഇവരിൽ ഒരാൾ മരിച്ചു

പോകുന്നപക്ഷം വേദാധികാരിയും മറ്റു പതിനൊന്നു പേരുംകൂടി പകരം ഒരാളെ തിരഞ്ഞെടുക്കണമെന്നും, മരിച്ചുപോകുന്ന ആളിന്റെ വസ്തുക്കളിന്മേൽ ൧൨ പേരുടെ സമൂഹത്തിനല്ലാതെ വീട്ടുകാക്ക് അവകാശമില്ലെന്നും, മലങ്കരയെയുള്ള പള്ളികളിലെ ഒരാണ്ടത്തെ സകല വരവിൽനിന്നും സാധാരണ ചെലവുകഴിച്ചു ബാക്കിയുള്ള സംഖ്യ ശേഖരിച്ചു നാലുദിക്കുകളിലായി വസ്തുവിന്മേൽ കാണമിട്ടകയും അതിന്റെ ഉഭയംകൊണ്ടു മെത്രാപ്പോലീത്തായ്ക്കും അക്കിടിയാക്കോനും പ്രസ്തുത ൧൨ പേക്കുള്ള ചെലവു നടത്തുകയും ചെയ്യണമെന്നും ഇങ്ങനെ കാണമിട്ട വസ്തുവിനേപ്പറ്റിയും അതിൽനിന്നുള്ള വരവിനേപ്പറ്റിയും വേദാധികാരിയെ ബോധപ്പെടുത്തി ചെലവുകഴിച്ചു ബാക്കിയുള്ളതു ൧൨ പേരുടെ സമൂഹത്തിനു ഏല്പിക്കണമെന്നും, എന്നാൽ മേൽപറഞ്ഞ വസ്തുവിൽനിന്നുള്ള വരവ്, ചെലവിനു മതിയാകാതെ ഇരുന്നാൽ പോരാതെവരുന്നതുക പള്ളികളിൽനിന്നു എട്ടുക്കണമെന്നും, സുറിയാനിപ്പള്ളികളുടേയും സുറിയാനി സമുദായത്തിന്റേയും ക്ഷണാഭിവൃദ്ധിക്കായി ഈ പന്ത്രണ്ടുപേരുംകൂടി വേദാധികാരിയെ ബോധിപ്പിച്ചു ചെയ്യുന്ന സകല കാര്യങ്ങൾക്കും പള്ളിക്കാർ സമ്മതിച്ചിരിക്കുന്നെന്നുമാണ്.

പ്രസ്തുത സംഘത്തിൽ സംബന്ധിച്ച
പള്ളികളുടെ പേരുകളും പട്ടക്കാരുടേയും ശമ്മാശ്മാരുടെ
സംഖ്യയും ചുവടെ ചേർക്കുന്നു.

| | പള്ളികൾ. | പട്ട: | ശമ്മ: | | പള്ളികൾ. | പട്ട: | ശമ്മ: |
|---|---|---|---|---|---|---|---|
| 1 | ഏറണാകുളം | 2 | 0 | 16 | അതിരമ്പുഴ | 1 | 1 |
| 2 | തെക്കൻ പള്ളിപ്പുറം | 4 | 1 | 17 | കോതനല്ലൂർ | 2 | 0 |
| 3 | കടവെച്ചൂർ | 2 | 1 | 18 | മുട്ടുചിറ | 2 | 1 |
| 4 | മുട്ടം | 4 | 1 | 19 | കുറവിലങ്ങാട്ട | 4 | 0 |
| 5 | തത്തമ്പള്ളി | 1 | 0 | 20 | കടുത്തുരുത്തി | 2 | 1 |
| 6 | ആലപ്പുഴ | 1 | 1 | 21 | ഇലഞ്ഞി | 2 | 1 |
| 7 | പുളിങ്കുന്നു | 2 | 2 | 22 | മുളക്കുളം | 3 | 0 |
| 8 | കല്ലുക്കോട്ട | 7 | 2 | 23 | പൊറോം(പിറവം) | 0 | 1 |
| 9 | പുറക്കാട്ട | 1 | 0 | 24 | വടകര | 1 | 1 |
| 10 | വായിപ്പൂർ | 3 | 1 | 25 | ആരക്കുഴ | 5 | 1 |
| 11 | കാഞ്ഞിരപ്പള്ളി | 2 | 2 | 26 | മൈലക്കൊമ്പു | 1 | 0 |
| 12 | ഈരാറ്റുപുഴ | 2 | 1 | 27 | മുതലക്കോടം | 1 | 0 |
| 13 | പൈങ്ങളം | 1 | 0 | 28 | തെക്കൻപറവൂർ | 2 | 0 |
| 14 | രാമപുരം | 2 | 0 | 29 | നാഗപ്പുഴ | 0 | 0 |
| 15 | കുടമാളൂർ | 0 | 1 | 31 | കണ്ടനാട്ടു | 0 | 0 |

| പള്ളികൾ. | പട്ട: | ശമ്മ: | പള്ളികൾ. | പട്ട: | ശമ്മ: |
|---|---|---|---|---|---|
| 32 കരിങ്ങാച്ചിറ | 0 | 0 | 41 വെളിയനാട് (വടക്കൻ) | 2 | 1 |
| 33 ഇടപ്പള്ളി | 1 | 0 | 42 പള്ളത്തുരുത്തി | 2 | 0 |
| 34 വരാപ്പുഴ | 3 | 1 | 43 അങ്കമാലി | 8 | 3 |
| 35 ആലങ്ങാട്ട | 6 | 2 | 44 മഞ്ഞപ്ര | 2 | 0 |
| 36 പറവൂർ (വടക്കൻ) | 3 | 1 | 45 മലയാറ്റൂർ | 3 | 0 |
| 37 ഞാറക്കൽ | 0 | 2 | 46 പുത്തൻപള്ളി † | 3 | 0 |
| 38 കുത്തിയതോട്ട | 3 | 0 | 47 കുറുപ്പുംപടി | 1 | 1 |
| 39 മുഴിക്കുളം | 3 | 2 | 48 കോതമംഗലം. | 3 | 0 |
| 40 അമ്പഴക്കാട്ട | 10 | 0 | | | |

മേൽകാണിച്ചിരിക്കുന്ന പട്ടികയിൽനിന്നു നാം ഇപ്പോൾ രണ്ടു പള്ളികളും, ഫനു പട്ടക്കാരും, നനു ശമ്മാശന്മാരും സംബന്ധിച്ചിരുന്നെന്നു വിശദമാകുന്നു. തിരിച്ചു പേർ പറഞ്ഞിട്ടുള്ള രണ്ടു പള്ളികൾ കൂടാതെ ചെറിയ പള്ളികളും കുരിശുപള്ളികളുമായി വേറെ ൨൦ പള്ളികൾ കൂടി അതിൽ സംബന്ധിക്കുകയുണ്ടായി. (18) ഇതിനുശേഷം ഏറെ താമസിയാതെ, അതേ വത്സരത്തിൽ തന്നെ മേൽലക്കത്തിൽ പറഞ്ഞിട്ടുള്ള സ്ഥാനപദവികൾ ലഭിക്കുണ്ടതിനു തിരുവനന്തപുരത്തു അടിയിറവു വെക്കുന്നതിനായി പള്ളികൾക്കും അതിൽ ഉൾപ്പെട്ട ജനങ്ങൾക്കും ഒരു വരിയിടുകയും അവർ അതനുസരിച്ചുള്ള സംഖ്യ കൊടുക്കുകയും ചെയ്തു. ആ പള്ളികൾ ഓരോന്നിന്റെ പേരും പണത്തുകയും കീഴെ കാണിക്കുന്നു:—

| പള്ളികൾ. | പള്ളി: ജനങ്ങ: | | പള്ളികൾ. | പള്ളി: ജനങ്ങ: | |
|---|---|---|---|---|---|
| | ക:പണം | ക: പണം | | ക:പണം | ക:പണം |
| കല്ലുക്കാട്ട് | 4000 | 9000 | പ്രവിത്താനം | 100 | 940 |
| പുളിങ്കുന്ന് | 3000 | 5140 | ഇരാറ്റുപുഴ | 500 | 960 |
| ആലപ്പുഴ | 2000 | 3200 | പൂഞ്ഞാർ | 155 | 300 |
| പ്രക്കാട്ട (പുറക്കാട്ട) | 1000 | 1600 | പൈങ്ങളം | 55 | 400 |
| ചങ്ങനാശേരി | 3000 | 5450 | ചേപ്പുങ്കൽ | 110 | 800 |
| വായ്പൂർ | 1000 | 2900 | ചുങ്കം | 600 | 830 |
| കാഞ്ഞിരപ്പള്ളി | 1000 | 3290 | മൈലക്കൊമ്പു | 340 | 700 |
| കോട്ടയം | 600 | 2000 | നെടിയശാല | 30 | 100 |
| പുന്നത്തുറ | 360 | 1200 | നാഗപുഴ | 33 | 300 |
| പാലാ | 3550 | 5500 | മുതലക്കോടം | 300 | 1000 |
| രാമപുരം | 990 | 500 | തത്തമ്പള്ളി | 540 | 500 |
| കടൽനാട്ട് | 650 | 650 | മുട്ടം | 2850 | 3000 |
| ആനക്കല്ലുങ്കൽ | 3000 | 5000 | പള്ളിപ്പുറം | 4000 | 7050 |

† അന്നു ഞാറയ്ക്കൽ പള്ളിയിൽ ഉൾപ്പെട്ടിരുന്നു.

| പള്ളികൾ | പള്ളി: ജനങ്ങൾ: | | പള്ളികൾ | പള്ളി: ജനങ്ങൾ: | |
|---|---|---|---|---|---|
| | ക:പണം | ക:പണം | | ക:പണം | ക:പണം |
| തെക്കൻപറവൂർ | 500 | 800 | ആരക്കുഴ | 2850 | 2000 |
| വടയാറു | 53 | 0 | കാരക്കുന്നം | 40 | 350 |
| കണ്ടനാട്ട | 33 | 250 | കോതമങ്ങലം | 1400 | 2500 |
| ഉദയമ്പേരൂർ | 25 | 400 | കുറുപ്പുമ്പടി | 75 | 900 |
| ചെമ്പിൽ | 130 | 0 | കിഴക്കമ്പലം | 360 | 1200 |
| കുറവിലങ്ങാട്ട് | 5350 | 7000 | ചേലമറ്റം (ല്ലരും | 75 | 3000 |
| കുടമാളൂർ | 2500 | 4000 | മലയാറ്റൂരും ചേരാനാ | 520 | 0 |
| അതിരമ്പുഴ | 1200 | 4000 | അങ്കമാലി | 4000 | 7050 |
| കുടവെച്ചൂർ | 2400 | 1500 | മഞ്ഞപ്ര | 250 | 2350 |
| മുട്ടുചിറ | 2500 | 4000 | ആലങ്ങാട്ട | 500 | 4700 |
| താഴ. കടുത്തുരുത്തി | 2320 | 2304 | കുത്തിയതോട്ട | 250 | 2670 |
| കടുത്തുരുത്തി വ.പ. | 2040 | 1600 | വടക്കൻപറവൂർ | 4000 | 7050 |
| ഇലഞ്ഞി | 690 | 1000 | മൂഴിക്കുളം | 500 | 3400 |
| പിറവം | 60 | 200 | പുത്തൻചിറ | 450 | 1500 |
| മുളക്കുളം | 40 | 350 | ചേന്നമങ്ങലം, പുത്തൻ | | |
| കോതനല്ലൂർ | 150 | 300 | വേലിക്കര | 0 | 390 |
| എല്ലൂർ | 1200 | 1400 | വരാപ്പുഴ | 0 | 2600 |
| വടകര | 250 | 200 | ഇടപ്പള്ളി | 2000 | 600 |

ഇവിടെ കാണിച്ചിട്ടുള്ള പള്ളികൾ ഒക്കെയും തിരുവിതാംകൂർ സംസ്ഥാനത്തിൽ ഉൾപ്പെട്ടവ മാത്രമാണ്. കൊച്ചു രാജ്യത്തിലുള്ള പള്ളിക്കാർ തനിച്ചു പടിയോലയെപ്പറ്റി കൊച്ചിരാജാവിന്റെ അടുക്കൽ ഒരു സംഘ്യ കെട്ടിവെക്കേണ്ടിവന്നു. അതിനു ഇടയാക്കിയ കാരണത്തെപ്പറ്റി അല്പം പറയാം. പടിയോല എഴുതിക്കഴിഞ്ഞ ഉടനെ, കൊച്ചിരാജാവിന്റെ പ്രത്യേക മിത്രവും പോർട്ടുഗൽ ദേശീയനുമായ ദി-സിൽവാ എന്നൊരു ക്ലേരിയും (Cleric) ചില മിഷ്യനറിമാരുമൊരുമിച്ചു് അന്നു ചൊവ്വരെ എഴുന്നെള്ളിയിരുന്ന രാജാവിന്റെ അടുക്കൽചെന്നു്, തിരുമനസ്സിലെ അറിവുകൂടാതെ പാറേമ്മാക്കൽ തോമ്മാക്കത്തനാർ കൊച്ചിരാജ്യത്തിലെ പള്ളിക്കാരോടുകൂടി ഒരു പടിയോല എഴുതിയുണ്ടാക്കിയെന്നും അതു രാജസമ്മതത്തോടുകൂടി ചെയ്യേണ്ടതായിരുന്നെന്നും മറ്റും പലേ സംഗതികൾ ബോധിപ്പിച്ചു. അവർ ധരിപ്പിച്ചതിനെ വിശ്വസിച്ചു് രാജാവു കൊച്ചിരാജ്യത്തിലുള്ള ഒന്പതു പള്ളിക്കാർക്കും ഒന്നാംതരം വിഴകല്പിക്കുകയുണ്ടായി. എന്നാൽ പിന്നീടു തോമ്മാക്കത്തനാരും മറ്റു കത്തങ്ങളും മാന്നുത്തരകൻ മുതലായി പലേ ജനപ്രധാനികളും തൃപ്പൂണിത്തുറെ രാജസന്നിധിയിൽ എത്തി, തങ്ങളുടെ ന്യായങ്ങളും വാദങ്ങളും തിരുമനസ്സിൽനിന്നു കേട്ടറിയാതെ വിരോധികളുടെ വാക്കുകളേമാത്രം ആധാരമാക്കി കല്പിച്ചിട്ടുള്ള പിഴ നീക്കിക്കൊടുക്കണമെന്നും തിരുവിതാംകൂറിൽ തങ്ങൾക്കു സിദ്ധമായിരിക്കുന്നതുപോലെയുള്ള രാജതീട്ടരം കല്പിച്ചു നൽകണമെന്നും

അപേക്ഷിച്ചു. ഈ രണ്ടുകാര്യങ്ങൾക്കും രാജാവു അനുകൂലമായി മറുപടി കല്പിക്കയാൽ കൊച്ചിയിലെ ഇരുപത്തൊമ്പതു വള്ളിക്കാരും മുമ്പു കെട്ടിയിരുന്ന പിഴ ഉൾപ്പെടെ ക്രി൦൦൦ രൂപാ അടിയിറവായി ഒടുക്കുകയും മേൽലക്കത്തിൽ കാണിച്ചിട്ടുള്ള രാജശാസനം ആ അവസരത്തിൽ നൽകപ്പെടുകയും ചെയ്തു

പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഭരണകാലത്തു സുറിയാനിപ്പള്ളികളെല്ലാം അദ്ദേഹത്തിന്റെ അധികാരത്തിൽ ഉൾപ്പെട്ടിരുന്നതായി മുകളിൽ പറഞ്ഞുവല്ലോ. വരാപ്പുഴപ്പള്ളി സുറിയാനിക്കാരുടെ വകയും അവിടെയുള്ള സുറിയാനിക്കാരുടെ സാഹായ്യസഹകരണങ്ങളോടുകൂടി പണിയിക്കപ്പെട്ടതും ഒരു ശതാബ്ദത്തിലധികം കാലത്തേക്കു സുറിയാനിക്രമങ്ങൾ അതിൽ ആചരിക്കപ്പെട്ടതുമാണെന്നും വികാരി അപ്പസ്തോലിക്കമാരായ മെത്രാന്മാരുടെ ശവസംസ്കാരകർമ്മങ്ങൾ സുറിയാനി വൈദികന്മാരാൽ നടത്തിക്കപ്പെട്ടിരുന്നെന്നും മറും ഇതിനുമുമ്പു രണ്ടുമൂന്നു ഘട്ടങ്ങളിൽ (അ. കൃ; കൃ) പ്രസ്താവിച്ചിട്ടുള്ളതാണ്. തോമ്മാക്കത്തനാരുടെ ഭരണാവസാനത്തിൽ വരാപ്പുഴ പള്ളിക്കാരായ സുറിയാനിക്കാർക്കു൦ സുറിയാനിക്കടുംബങ്ങൾ വരപ്പുഴ ഇടവകക്കാരിൽ ഉണ്ടായിരുന്നെന്ന് Status Arch. Verap. p. 7. note (2)-ൽ പറയുന്നു. അവിടത്തെ അധികാരികളിൽ നിന്നു നേരിട്ടവലേ അസൌകര്യങ്ങൾ നിമിത്തം അദ്ദേഹം അവരെ ഞാറയ്ക്കൽപള്ളി ഇടവകയിൽ താത്കാലികമായി ചേർക്കയും അനന്തരം ഗീവർഗീസു സഹദായുടെ അഭിധാനത്തിൽ വരാപ്പുഴ പുത്തൻപള്ളി പണിയിച്ചു കൃവ്വ നവംബർ ൨൦-൦൯ അതിന്റെ ആശിഷ്കർമ്മവും കുർബാന മുതലായ ദിവ്യകർമ്മങ്ങളും നടത്തി, അതിനെ അവരുടെ ഇടവകയായി നിയമിക്കയും ചെയ്തു. പുത്തൻപള്ളി സെമിനാരി സ്ഥിതിചെയ്യുന്ന സ്ഥലം പ്രസ്തുത പള്ളിയുടെ വകയാണ്. റോമയിൽ പഠിച്ചിരുന്ന ഞാറയ്ക്കൽ ഇടവക മാളിയേക്കൽ ശെക്കരി ഗീവർഗീസു, പുത്തനങ്ങാടിയിൽ പൌലോസ് എന്ന രണ്ടാളുകളും കത്തനാർപട്ടം ഏറ്റു മല്പാൻ (Doctor) എന്ന സ്ഥാനാഭിധാനത്തോടുകൂടി ആയിടക്കു (കൃവ്വെ-ൽ) മലയാളത്തിൽ എത്തി. അവരിൽ ഗീവർഗീസു മല്പാനെ പുക്കോട്ടാ (കല്ലറമ്പു) സെമിനാരിയിലും പൌലോസു മല്പാനെ അങ്കമാലിലെ സെമിനാരിയിലും പഠിപ്പിക്കുവാനായി തോമ്മാക്കത്തനാർ നിയമിച്ചു. പള്ളിക്കാര്യങ്ങൾ സംബന്ധിച്ചു തോമ്മാക്കത്തനാർ അയച്ചിട്ടുള്ള ചില കല്പനകൾ ചില പഴയ കയ്യെഴുത്തു പുസ്തകങ്ങളിൽ കാണുന്നുണ്ട്. അവയിൽ സൂചിക്കുന്ന ഗൌരവവും അവയിലെ കായ്സാരവും ആലോചിച്ചാൽ അതുകളുടെ നിർമ്മാതാവായ തോമ്മാക്കത്തനാർ എത്രമാത്രം കാര്യശേഷിയും ഭരണശക്തിയും ഉള്ള ഒരാൾ ആയിരുന്നെന്നു തീർച്ചയാക്കാം.

തോമ്മാക്കത്തനാർ സഭാഭരണം നിർവ്വഹിച്ചുവരവേ, ക്രിസ്താബ്ദം ൧൭൯൦-ൽ ടിപ്പുസുൽത്താൻ തിരുവിതാംകൂറിന്റെ ഉത്തരഭാഗങ്ങൾ ഉൾപ്പെടെ വടക്കുള്ള പ്രദേശങ്ങളെ ആക്രമിച്ചു കീഴടക്കുക

യും ക്രിസ്ത്യാനികളുടെ പല പള്ളികളെ നശിപ്പിക്കയോ തീവെച്ചു കേടുവരുത്തുകയോ ചെയ്തിരുന്നുവല്ലോ. അനവധി ക്രിസ്ത്യാനികൾ വേദംതന്നെത്തന്നെ കൊല്ലപ്പെട്ടു. പഞ്ഞംകൊണ്ടും പടകൊണ്ടും ചിലർ നശിച്ചു. ചിലരെല്ലാം ക്രിസ്തുമതം പരിത്യജിച്ചുകളവാനും ഇടവന്നു. ടിപ്പുവിന്റെ സൈന്യം വരുന്നുഴെ എത്തി അവിടെയും ചില നാശങ്ങളെല്ലാം വരുത്തിക്കൂട്ടി. ആ സന്ദർഭത്തിൽ കുത്തിയതോട്ട ഇടവകത്തച്ചിൽ അബ്രഹാം മല്പാൻ ആദ്യം കടുത്തുരുത്തിലും അനന്തരം പള്ളിപ്പുറത്തും ചെന്നു സെമിനരി സ്ഥാപിച്ചു പഠിപ്പിക്കുവാൻ ആരംഭിച്ചു. അങ്ങനെ വടക്കൻദിക്കുകളിൽനിന്നു പല കുടുംബക്കാരും പുറപ്പെട്ടു തെക്കൻദിക്കുകളിൽ പലതരി സ്ഥിരവാസം ഉറപ്പിക്കുകയുണ്ടായി. ക്രൂരനായ ടിപ്പുസുൽത്താന്റെ സൈന്യം നശിപ്പിക്കയോ തീവെച്ചു കേടുവരുത്തുകയോ ചെയ്തിട്ടുള്ള പള്ളികളുടെ പേരുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1 അകമാലി | 13 വെളിയനാട് (വടക്കൻ) |
| 2 അകപ്പറമ്പു | 14 പാലൂർ |
| 3 ആലങ്ങാട്ട | 15 പഴയൂർ |
| 4 അമ്പഴക്കാട്ട | 16 ഏനാമ്മാവു |
| 5 മലയാറ്റൂർ | 17 പറപ്പൂർ (Parapurangari) |
| 6 കുഞ്ഞാ | 18 കോട്ടപ്പുടി |
| 7 ചെറ്റുവാ | 19 മറവൻ |
| 8 ചേന്നമങ്ങലം | 20 കല്ലറമ്പു |
| 9 വടക്കൻ പറവൂർ | 21 മൂഴിക്കുളം |
| 10 പുത്തൻചിറ | 22 മഞ്ഞപ്ര |
| 11 കൊരട്ടി | 23 കൊറമത്തി |
| 12 ചാലക്കുടി | 24 കോയിത്തോട്ടാ (Coithotta) |

ഈ ഒട്ടുവിൽ പറഞ്ഞിരിക്കുന്ന കോയിത്തോട്ടാ അന്യചരിത്രകാരന്മാർ (Paulinus p. 237-8) ഈ ശേഖരത്തിൽ ചേർത്തു പറഞ്ഞിട്ടുള്ളതുണെകിലും അതു ഏതു പള്ളിയുണെന്നു നിശ്ചയിച്ചു പറയുവാൻ തരമല്ല. ഇതുകൾക്കുപുറമേ കോഴിക്കോട്ട, മയ്യ (Mahe) എന്ന സ്ഥലങ്ങളിലെ പള്ളികളെയും ടിപ്പുവിന്റെ സൈന്യം നശിപ്പിച്ചുകളഞ്ഞു. ഉത്തരദിക്കുകളിലെ പുത്തൻക്രൂർ സുറിയാനിക്കാരുടെ പള്ളികളും ടിപ്പുവിന്റെ ആക്രമണത്തിൽ നശിപ്പിക്കപ്പെടുകയുണ്ടായി. പാലീടാപട്ട ഇംഗ്ലീഷ് സേനാശക്തിയാൽ ടിപ്പു പരാജിതനായിത്തീർന്നശേഷം ക്രിസ്ത്യാനികൾ ആ പള്ളികളെല്ലാം കേടുതീർത്തു പൂർവ്വാവസ്ഥയിൽ കൊണ്ടുവന്നു. ഈ യുദ്ധംമൂലം ആലങ്ങാട്ട മുതലായ ചില സ്ഥലങ്ങളിൽ ക്രിസ്ത്യാനികളുടെ സംഖ്യ കുറഞ്ഞുപോവാനും ഇടയായിട്ടുണ്ട്.

൧൭൯൦. പാറേമ്മാക്കൽ തോമ്മാക്കത്തനാർ ഫെൻമാർ മുമാസം ൨൮-നു മരിച്ചുപ്രാപിച്ചു. അനന്തരം (പുത്തൻചിറ ഇടവകക്കാരനായ) പണ്ടാരി പൌലോസു മെത്രാൻ മേൽപ്രസ്താവിച്ചിട്ടുള്ള പന്ത്രണ്ടു കൈദികന്മാരുടെ ആലോചനയോടുകൂടി, അവ

രിൽ ഒരാളായ കട്ടക്കയത്തു അബ്രാഹം കത്തനാരെ തോമ്മാക്കത്തനാരുടെ സ്ഥാനത്തിൽ അനുഗാമിയായി ഏർപ്പെടുത്തി. എന്നാൽ തോമ്മാക്കത്തനാർ ഒരു അനന്തരഗാമിയെ നിയമിക്കുന്നതിനു തനിക്കു അധികാരമില്ലെന്നു നല്ലപോലെ അറിഞ്ഞിരുന്നതുകൊണ്ടു അങ്ങനെ ഒരു നിയമനം ഒരിക്കലുംചെയ്തിട്ടില്ല. സുറിയാനിമെത്രാനെ കിട്ടണമെന്നുള്ള പൊതുവായ അപേക്ഷയ്ക്കു പാറിയ നിരാശ തോമ്മാക്കത്തനാരുടെ മരണാനന്തരം ശക്തിപ്പെട്ടതിനാൽ പള്ളിക്കാരിൽ ചിലരെല്ലാം വരാപ്പുഴ അധികാരത്തിൽ ചെന്നുചേർന്നു. മറ്റു പള്ളിക്കാരാവട്ടേ മാത്തുത്തരകനോടുകൂടി പൌലോസു മെത്രാനേയും അബ്രാഹം കത്തനാരേയും അനുഗമിച്ചു. പൌലോസു മെത്രാൻ ചങ്ങനാശേരിപ്പള്ളിയിൽവെച്ചു ചിലക്കെല്ലാം പട്ടംകൊടുക്കയുമുണ്ടായി. പൌലോസു മെത്രാനും അബ്രാഹം കത്തനാരും (റോമയിൽനിന്നോ അവിടത്തെ അറിവോടുകൂടി സ്വായമായ വഴിക്കോ ഉള്ള) വ്യവസ്ഥാപിതമായ അധികാരത്താൽ നിയമിക്കപ്പെട്ടവർ അല്ലാതിരുന്നതിനാൽ അവരെ അനുഗമിച്ച പള്ളിക്കാർ ശീശ്മയിൽ ചെന്നു ചാടുവാൻ ഇടവന്നു. ഒരു പ്രൻസിസ്കൻ സഭാംഗമായ ലൂയീസ്– ജോസെഫ്– ദെ– റീബമർ (Aloysius of St. Joseph De- Ribamar) എന്ന ദേഹമാണ് ഗവർണർ അഥവാ അഡ്മിനിസ്ട്രേയ്റ്റർ (Administrater) എന്ന പേരോടുകൂടി കൊച്ചി മെത്രാസനത്തെ അക്കാലത്തു ഭരിച്ചുകൊണ്ടിരുന്നത്. അദ്ദേഹം കൊടുങ്ങല്ലൂർ ഇടവകയുടെ അഡ്മിനിസ്ട്രേയ്റ്റർ ആയിട്ടും (ഗോവയിൽനിന്നു) നിയമിക്കപ്പെട്ടു. പള്ളിക്കാരെല്ലാം ആലപ്പുഴ മാർസ്ലീബാപ്പള്ളിയിൽ കൂടി, കൊടുങ്ങല്ലൂരിന്റെ അഡ്മിനിസ്ട്രേയ്റ്റർ ആയിരുന്ന പരേതനായ തോമ്മാക്കത്തനാരുടെ ഉദ്യോഗത്തിനു ഒരു അനുഗാമിയെ തിരഞ്ഞെടുക്കുവാൻ അദ്ദേഹം അറിയിക്കയും തിരഞ്ഞെടുക്കപ്പെടേണ്ടവരായ നാലു വൈദികന്മാരുടെ പേരുകൾ കാണിച്ചുകൊടുക്കുകയും ചെയ്തു. ആ നാലുപേരിൽ ഒന്നാമൻ ശംക്രീക്കൽ ഗീവർഗീസ് മല്പാനും, രണ്ടാമൻ തോട്ടുങ്കൽ യാക്കോ കുരിയ്യാക്കത്തനാരും, മൂന്നാമൻ തച്ചിൽ (മാത്തുത്തരകന്റെ അനുജൻ) അബ്രാഹം മല്പാനും, നാലാമൻ പ്ലാത്തോട്ടത്തിൽ തോമ്മാമല്പാനും ആയിരുന്നു. വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയ ലൂയിസു മറിയം മെത്രാനിൽനിന്നാണ് ലൂയീസു– ജോസെഫ്– ദെ– റീബമറിന്റെ ഈ പേരുകൾ ലഭിച്ചതു്. അറിയിച്ചിരുന്നപ്രകാരം പള്ളിക്കാരെല്ലാം ആലപ്പുഴെ കൂടി (പ്രൊഫഗാന്തയിൽ പഠനം പൂർത്തിയാക്കി. 1702–ൽ മലയാളത്തിൽ തിരിച്ചെത്തിയിരുന്ന) ശംക്രീക്കൽ ഗീവർഗീസു മല്പാനെ കൊടുങ്ങല്ലൂർ മഹാ മെത്രാസന ഇടവകയുടെ അഡ്മിനിസ്ട്രേയ്റ്റർ ആയി തിരഞ്ഞെടുത്തു. (കൊച്ചി, കൊടുങ്ങല്ലൂർ ആദിയായ ഇടവകകൾ മെത്രാന്മാർ നിയമിക്കപ്പെടാതെ ഒഴിവായിരിക്കുന്ന അവസരങ്ങളിൽ അവകളെ ഭരിക്കേണ്ടതിനു ഒരു വൈദികനെ നിയമിക്കുവാൻ ഗോവ മെത്രാപ്പോലീത്തായിക്കു ഉണ്ടായിരുന്ന അധികാരം അനുസരിച്ചു) ഈ തിരഞ്ഞെടുപ്പു ഗോവ മെത്രാപ്പോലീത്താ സ്ഥിരീകരിക്കുകയുംചെയ്തു. കട്ട

ക്കയത്തിൽ അബ്രാഹം കത്തനാരും അനുചരവൃന്ദവും അദ്ദേഹത്തിനു കീഴ്പ്പെടുകകൊണ്ടു അതോടേ ശീശ്മ അവസാനിച്ചു. ശീവർഗീസ് മല്പാന്റെ തിരഞ്ഞെടുപ്പു നടന്നതു ൧൬൦൦-ലും ശീശ്മ അവസാനിച്ചതു ൧൬൦൧-ലും ആണ്.

അബ്രാഹം കത്തനാരും മാത്തൂത്തരകനും അമ്പുമിത്രുള്ളായിരുന്നു. അതുകാരണത്താലാണ് അദ്ദേഹം അഡ്മിനിസ്ട്രേയ്ററർ സ്ഥാനം സ്വീകരിച്ചതു്. എന്നാൽ അതു ശരിയല്ലെന്നും മേലധികാരത്തിൽനിന്നു നൽകപ്പെടാത്ത ഒരു ഉദ്യോഗം വഹിക്കുന്നതു ശീശ്മയാകകൊണ്ടു അതു ആത്മരക്ഷക്കു വിഘാതമായിത്തീരുമെന്നും അദ്ദേഹത്തിനു പൂർണ്ണബോധം ഇല്ലാതിരുന്നുമില്ല. അദ്ദേഹം സ്ഥാനം ഉപേക്ഷിച്ചു് ശീവർഗീസു മല്പാനു വിധേയനായതിന്റെ കാരണം ഇതുതന്നെ. അടുത്ത ആണ്ടിൽ— ൧൬൦൨ ജനുവരിമാസം ൨—ാനു— പണ്ടാരി പൌലോസു മെത്രാനും സേഷ്വാപൂവ്വും സ്ഥാനത്യാഗം ചെയ്തു വരാപ്പുഴച്ചെന്നു ലൂയീസു മരിയം വികാരി അപ്പസ്തോലിക്കായ്ക്കു കീഴ്പ്പെട്ടു. വികാരി അപ്പസ്തോലിക്കാ അദ്ദേഹത്തെ സ്വീകരിക്കയും ചെലവുകൾക്കു വേണ്ടതെല്ലാം കൊടുക്കാമെന്നു ഉറപ്പുകൊടുക്കയും ചെയ്തു. പൌലോസു മെത്രാൻ അതിപ്പിന്നെ എത്ര സംവത്സരം ജീവിച്ചിരുന്നെന്നും എവിടെ മരിച്ചെന്നുമുള്ളതിലേക്കു യാതൊരു ലക്ഷ്യവുമില്ല. പാലപ്പിള്ളിൽ അബ്രാഹം കത്തനാർ ൧൬൧൦-ൽ കൊച്ചിയിൽ അച്ചടിപ്പിച്ച "സുറിയാനി സമുദായവൃത്താന്തം" എന്ന ഗ്രന്ഥത്തിൽ വരാപ്പുഴെനിന്നും ഒരു വാലിഭക്കാരൻ വന്നു മേശക്കു ഒരുക്കിക്കൊടുത്തുവന്നു. നാലാറുദിവസം കഴിഞ്ഞപ്പോൾ മെത്രാനു ഒരു വിറച്ചിന്റെ ലക്ഷണം തുടങ്ങി. കുപ്പായം ഊരിയിട്ടെറിഞ്ഞു ഓട്ടവും ചാട്ടവും കാണുന്നവരെ അടിക്കയും, അതുതന്നെ വലിച്ചു നിയ്യാണവും കഴിഞ്ഞു" എന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ചില പഴയ എഴുത്തുകളിലും ഇങ്ങനെതന്നെ കാണുന്നുണ്ടു്. "ഇദ്ദേഹം മെസ്സോപ്പൊത്തമിയായിക്കു പോയി അവിടെ കാലം കഴിച്ചു എന്നു വേറൊരു വർത്തമാനവും ഇദ്ദേഹത്തെപ്പറ്റിയുണ്ടു്. ഇതു സംഭവ്യമായി വരാവുന്നതാണു്." ഇതല്ലാതെ ഈക്കാര്യംസംബന്ധിച്ചു പ്രസ്താവിക്കുവാൻതക്ക യാതൊരു ലക്ഷ്യവും ഞങ്ങൾക്കു ലഭിച്ചിട്ടില്ല.

൧൫. ഇതിനുമുമ്പുതന്നെ പറയേണ്ടിയിരുന്നതും ചരിത്രപൂർണ്ണതക്കു ആവശ്യവുമായ ഒരു സംഗതി താഴെ വിവരിക്കുന്നു. പുത്തൻക്രൂർ മെത്രാനായിരുന്ന മാർ തോമ്മായെ കത്തോലിക്കാ സഭയിൽ സ്വീകരിക്കുന്നതിനു വേണ്ടിയിരുന്ന അധികാരങ്ങളെല്ലാം റോമയിൽനിന്നു കരിയാറിൽ മെത്രാപ്പോലീത്തായിക്കു കൊടുത്തിരുന്നെന്നു മുകളിൽ (ല. വ) പ്രസ്താവിച്ചിട്ടുണ്ടല്ലോ. മെത്രാപ്പോലീത്താ തനിക്കു സിദ്ധിച്ച അധികാരം അനുസരിച്ചു മാർ തോമ്മായെ സഭയിലേക്കു സ്വീകരിക്കുന്നതിനു ഇടയാകാതെ ഗോവയിൽവെച്ചു മരമടിപ്രാപിക്കയാണുണ്ടായതു്. മാർ തോമ്മായെ ഒരു മെത്രാന്റെ നിലയിൽ സ്വീകരിക്കുന്നതിനു അധികാരം ലഭിച്ചിരുന്ന മെത്രാപ്പോലീത്താ പ

രലോകപ്രാപ്യനായതുകൊണ്ട് ആ നിലയിൽ അദ്ദേഹത്തെ സ്വീകരിക്കുന്നതിനു അധികാരമുള്ളയാൾ ഇല്ലാതെയായി തൻമൂലം മാർ തോമ്മായുടെ കായ്ത്തിൽ മുമ്പത്തെപ്പോലെയുള്ള കുഴപ്പങ്ങൾ വിണ്ടെയും സംഭവിച്ചു. മെത്രാപ്പോലീത്തായുടെ മരണാനന്തരം പല ആലോചനകളും ഇതേപ്പറ്റി നടന്നെങ്കിലും അവയെല്ലാം വിഫലീഭവിക്കുകയാണുണ്ടായത്. കൊച്ചിമെത്രാൻ ഈ സംഗതി സംബന്ധിച്ച അഭിപ്രായം വിമാരണയേപ്പറ്റി ഇതിനുമുമ്പു (ല. സ) റ സൂചിപ്പിച്ചിട്ടുള്ളതാണ്. അദ്ദേഹം ആ വിമാരണയിൽ ഏഴുതി അറിയിച്ച സംഗതികൾ മാർ തോമ്മായുടേയും കരിയാറ്റിൽ മെത്രാപ്പോലീത്താ ഉൾപ്പെടെയുള്ള വാഴയക്കൂർ സുറിയാനിക്കാരുടേയും അപേക്ഷകൾക്കു പ്രതികൂലങ്ങളായിരുന്നെന്നും അവിടെ പ്രസ്താവിച്ചിട്ടുണ്ട്. മെത്രാപ്പോലീത്തായുടെ മരണാനന്തരം മാർ തോമ്മായുടേയും പാറേമ്മാക്കൽ തോമ്മാക്കത്തനാർ, മാത്തുത്തരകൻ മുതലായി എല്ലാ വാഴയക്കൂറുകാരുടേയും അപേക്ഷപ്രകാരവും ഉണ്ടായതിനാൽ എല്ലാവരും കൊച്ചിമെത്രാനെ അശ്രയിച്ച് അതിലേക്കു വേണ്ട ആലോചനകൾ നടത്തിത്തുടങ്ങി. അവനിൽ പ്രധാനമായ ഒന്ന് ഫ്രെന്സ–ൽ കൊല്ലത്തുവെച്ചു കൊച്ചിമെത്രാന്റെ സമക്ഷത്തിൽ നടത്തിയതാണ്. അതിൽ മാർ തോമ്മായും പാറേമ്മാക്കൽ തോമ്മാക്കത്തനാരും മാത്തുത്തരകൻ മുതലായവർ ഉൾപ്പെടെ വാഴയക്കൂറിലും പുത്തൻക്കൂറിലുമുള്ള പല സുറിയാനിക്കാരും സംബന്ധിച്ചിരുന്നു. മാർ തോമ്മായെ മെത്രാന്റെ നിലയിൽത്തന്നെ സ്വീകരിക്കണമെന്നും ഫ്രെ സംവത്സരങ്ങൾ മുമ്പ് – ഫ്രെ,വ–ൽ കരിയാറ്റിൽ മെത്രാപ്പോലീത്താ അദ്ദേഹത്തെ റോമയിൽ പോയിരുന്ന അവസരത്തിൽ ആവിധമാണു മാപ്പിളപ്പായെ നിയോഗിച്ചിരുന്നതെന്നും അതിനു അനുകൂലമായിട്ടാണ് മാപ്പിളപ്പാ തീരുമാനിച്ചിരുന്നതെന്നുമായിരുന്നു അവിടെവെച്ചു സുറിയാനിക്കാർ ചെയ്ത അപേക്ഷ. എന്നാൽ ഈ അപേക്ഷക്കു കൊച്ചിമെത്രാൻ അനുകൂലമായ ഒരു മറുപടി പറയാഞ്ഞതിനാൽ ഈ ആലോചന നിഷ്ഫലമായി ഭവിച്ചു.

ഫ്രെവ–ൽ കൊച്ചിമെത്രാൻ നടത്തിയ അദ്യത്തെ വിമാരണയിൽ മാർ തോമ്മായുടെ കായ്ത്തിനു ഏഴുതിയ ഒരു പ്രധാനതടസ്സം അദ്ദേഹത്തിനു ഉദയംപേരൂർ സൂനഹദോസ് സ്വീകരിക്കുവാൻ മനസ്സില്ലെന്നുള്ളതായിരുന്നു. (ല. സ). അനുധ്യായം അധികാരമില്ലാതെയും നിർമ്മിക്കപ്പെട്ട ഈ സൂനഹദോസിന്റെ നിയമങ്ങൾ അനുസരിക്കുവാൻ യാതൊരുത്തനും കടമയില്ലാത്തതും അവ മലനാട്ടിൽ ബലപ്രയോഗംമൂലം നടപ്പാക്കപ്പെട്ടതായും അറിയുന്നതിനാലും അവയെല്ലാം സ്വീകരിച്ചുകൊള്ളാമെന്ന് മാർ തോമ്മാ മുതലായവർ സമ്മതിച്ചു. മാർ തോമ്മായുടെ മനസ്സു തിരിച്ചു സ്ഥിരപ്പെടുത്തുന്നതിനായിരുന്നു കൊച്ചിമെത്രാൻ തുടങ്ങിയിട്ടുള്ളവർ കൊണ്ടുവന്ന രണ്ടാമത്തെ തടസ്സം. ആ സംശയത്തെ നിവാരണംചെയ്യുന്നതിനു ആവശ്യമായതെല്ലാം ചെയ്തുകൊള്ളാമെന്നു മാർ തോമ്മാ സമ്മതിച്ചു. അനന്തരം ഫ്രെൻ ജൂൺ വ൨–൦൦നു മാർ തോമ്മാ വളരെ കത്തനാർമാരോ

ടും ജനപ്രതിനിധികളോടുകൂടി തത്തമ്പള്ളിപ്പള്ളിയിൽ ചെന്നു മാത്തൂത്തരകൻ ആദിയായ വഴക്കുകാർ സുറിയാനിക്കാരോടുകൂടി പല ആലോചനകൾ നടത്തിയശേഷം ഉദയംപേരൂർ സൂനഹദോസു സമ്മതിക്കുമെന്നും കത്തോലിക്കനായി ജീവിക്കുമെന്നും എഴുതിവെക്കയും എഴുതിവെച്ചവടി നടക്കാതിരുന്നാൽ തിരുവിതാംകൂർ സർക്കാരിൽ നിന്നു നിശ്ചയിക്കുന്ന ദണ്ഡപ്രായശ്ചിത്തം ചെയ്തുകൊള്ളാമെന്നു രേഖാമൂലം ഉടമ്പടി ചെയ്തുകയും ചെയ്തു. ഈ ഉടമ്പടിയിലെ സംഗതി "കേരളത്തിലെ സത്യവേദ ചരിത്രം" കർത്താവായ മർസലീനോസ് പെരുമാൻ അവർകൾ അംഗീകരിച്ചു പ്രസ്താവിക്കുന്നുണ്ടു് (19). ഇതു നടന്നതു പാറേമ്മാക്കൽ തോമ്മാകത്തനാരുടെ മരണാനന്തരമാണു്. ഇതനുസരിച്ചു് മാർ തോമ്മാ മുതലായവർ യാക്കോബായ വിശ്വാസം പരിത്യജിച്ചു് കത്തോലിക്കാവിശ്വാസം സ്വീകരിക്കയും കത്തോലിക്കരായി വർത്തിക്കുന്നതിനു തുടക്കുകയും ചെയ്തു. കൊച്ചിപ്പെരുമാൻ പറഞ്ഞിരുന്ന തടസ്സങ്ങളെല്ലാം മേൽപ്പറഞ്ഞ ഉടമ്പടിയും നടപടിയും നിമിത്തം നീങ്ങിപ്പോയിരുന്നതുകൊണ്ടു സുറിയാനിക്കാരുടെയും മാർ തോമ്മായുടേയും അപേക്ഷപോലെ അദ്ദേഹത്തെ (മാർ തോമ്മായെ) സ്വീകരിക്കേണ്ടതു കൊച്ചിപ്പെരുമാന്റെ മുതലായവർ കടമയുമായിരുന്നു. എങ്കിലും അദ്ദേഹം അതുപോലെ പ്രവർത്തിച്ചില്ല. മാർ തോമ്മായെ പെരുമാന്റെ നിലയിൽ സ്വീകരിക്കുകയില്ലെന്നും ഏതാനും മാസങ്ങളുടെ ശേഷം അദ്ദേഹം അറിയിക്കുകയുണ്ടായതു്. കേരളീയ സുറിയാനിക്കാരുടെമേലുള്ള ലത്തീൻ വൈദികാധ്യക്ഷം നിലനിറുത്തുന്നതിലുള്ള ഒരു മാർഗ്ഗമായിട്ടാണു അദ്ദേഹം ഈവിധം പ്രവർത്തിച്ചതു്. തൽഫലം നിരാശപ്പെട്ട മാർ തോമ്മാ ആദിയായവർ പിഴകെട്ടി പഴയപടി നടക്കുന്നതിനു സംഗതിയായി (20).

കൊച്ചിപ്പെരുമാൻ ഇങ്ങനെ പ്രവർത്തിച്ചതിനെപ്പറ്റി വ്യസനിക്കയല്ലാതെ അശ്രദ്ധപ്പെടേണ്ടതില്ല. അദ്ദേഹം ഉണർവുള്ളായ ഒരു പെരുമാൻ അല്ലായിരുന്നെന്നും തിരുവിതാംകൂറിൽ വലുതായ ലാഭങ്ങൾ അദ്ദേഹം ഉണ്ടാക്കിയെന്നും പെരുമലീനോസ് (India Orientalis p. 124) പ്രസ്താവിക്കുന്നു. മിസ്റ്റർ മെക്കെൻസി പെരുമലീനോസിന്റെ ഈ പ്രസ്താവനയെ സ്വീകരിച്ചുകൊണ്ടു് തിരുവിതാംകൂറിലെ ക്രിസ്തുമതം (Christianity in Travancore p. 83) എന്ന ഗ്രന്ഥത്തിൽ "Vir asperi irgenii et nemini indulgens, infinitos in ora Travancoridis excitavit tumultus"— തീക്ഷ്ണശീലനും യാതൊരുത്തനോടും ക്ഷമിക്കാത്തവനുമായ അയാൾ തിരുവിതാംകൂറിൽ അനവധി കലഹങ്ങൾ ഉണ്ടാക്കിത്തീർത്തു എന്നു പറയുന്നുണ്ടു്. ഇങ്ങനെയുള്ള ഒരാൾ മാർ തോമ്മായുടെ കാര്യത്തിൽ ചെയ്ത പ്രവൃത്തിയെ ആർ, എങ്ങനെ പ്രതീകരിക്കും എന്നുമാത്രം പറഞ്ഞുകൊണ്ടു് ഈ കാര്യം അവസാനിപ്പിക്കുന്നു. പെരുസ്യരാജ്യക്കാരില്ലാത്ത അർമ്മേനിയൻകാർ, നെസ്തോറിയൻകാർ, ഗ്രീക്കുകാർ, യാക്കോബായക്കാർ ആദിയായി പല രീതിയിലും ജാതിയിലുമുള്ള പെരുമാന്മാർ

സജനങ്ങളോടുകൂടി മാനസാന്തരപ്പെട്ട് കത്തോലിക്കാ സഭയിലേക്ക് തിരിച്ചുവരുമ്പോൾ അങ്ങനെ വരുന്നവരെക്കൊണ്ട് വിശ്വാസസത്യം ചെയ്യിച്ചശേഷം സ്വന്ത ഇടവകകളെ ഭരിക്കുവാൻ അവർക്ക് അനുമതി നൽകുന്നത് എല്ലാക്കാലത്തും മാർപ്പാപ്പാമാരാൽ അംഗീകരിക്കപ്പെട്ട ഒരു നടപ്പാണ്. ഇങ്ങനെ മാർപ്പാപ്പാമാർ സമ്മതിക്കുന്നതിനു പ്രതിബന്ധങ്ങൾ യാതൊന്നുമില്ല. അതതു റീത്തുകാരായ കത്തോലിക്കാ മെത്രാന്മാരും ജനങ്ങളും ഉള്ളതുകൊണ്ട് അവരിൽനിന്നു ഇതിലേക്കു ആനുകൂല്യമാണുണ്ടാകുന്നത്. മലയാളത്തിലെ കഥയാവട്ടെ ഇതിൽനിന്നു തീരെ വ്യത്യസ്തമാണ്. ഉദയംപേരൂർ സൂനഹദോസുമുതൽ, സുറിയാനിക്കാരെ സ്വന്ത റീത്തിലും ജാതിയിലുമുള്ള മേലദ്ധ്യക്ഷന്മാരുടെ പിന്തുടർച്ച അവസാനിച്ചു. തൽസ്ഥാനത്തു അന്യ റീത്തുകാരായ ലത്തീൻ മേലദ്ധ്യക്ഷന്മാർ സുറിയാനിക്കാരെ ഭരിക്കുവാൻ ഇടയായി. ഈ മേലദ്ധ്യക്ഷന്മാർക്കു സുറിയാനിക്കാരുടെമേൽ സിദ്ധിച്ച അധികാരം നിമിത്തം സുറിയാനിക്കാർക്കു ഒരു സ്വജാതി മെത്രാനെ കൊടുക്കുന്നതിനു മനസ്സില്ലാതെ പോവുകയും ആക്കാര്യത്തിൽ നാനാതരവിഘ്നങ്ങൾ എപ്പോഴും ഉണ്ടാക്കികൊണ്ടിരിക്കുകയും ചെയ്യുവന്നു. മാർ തോമ്മായെ മെത്രാന്റെ നിലയിൽ സ്വീകരിക്കുന്നത് തങ്ങളുടെ അധികാരത്തിനു നാശഹേതുവായി ഭവിക്കുമെന്നു അവർ ഭയപ്പെടാതിരുന്നില്ല. അതിനാലാണ് അദ്ദേഹത്തെ മെത്രാന്റെ നിലയിൽ അവർ സ്വീകരിക്കാതിരിക്കുന്നതിനും തത്സംബന്ധമായ ആലോചനകളെല്ലാം വിഫലമായിത്തീരുന്നതിനും ഇടയായതു്.

തിരുവിതാംകൂർ സ്റ്റെയ്റ്റുമാനുവലിൽ മിസ്റ്റർ മെക്കെൻസി ഈക്കാര്യം സംബന്ധിച്ചു ചില വിശദീകരണങ്ങൾ പറയുവാനിടയായിട്ടുണ്ട്. അവയിൽ പ്രധാനമായ രണ്ടിനെപ്പറ്റി ഇവിടെ ഒരു പ്രത്യാഖ്യാനം ചെയ്യേണ്ടതു് കാര്യത്തിന്റെ പൂർണ്ണതക്കു അവശ്യമെന്നു കരുതുന്നു. ക) ഫ്രൻസ്വാ-ൽ കൊല്ലത്തു നടന്ന ആലോചനയിൽ മാർ തോമ്മായിക്ക് സ്വന്ത ജനങ്ങളുടെമേലുള്ള അധികാര (Vide Supra) ത്തിനും പുറമേ റോമ്മാ സുറിയാനിക്കാരുടെ മേലുള്ള അധികാരംകൂടി ലഭിക്കണമെന്നു ആഗ്രഹമുണ്ടായിരുന്നതായി കൊച്ചിമെത്രാൻ ഗ്രഹിച്ചു. "The Portuguese Bishop found that Mar Thomas expected that all the Syrians both his own flock and the Romo-Syrians would be under his Jurisdiction" എന്നും അതിനാലാണ് പ്രസ്തുത ആലോചന നിഷ്ഫലമായി പരിണമിച്ചതു എന്നുമാണു സ്റ്റെയ്റ്റുമാനുവൽ പറയുന്നതു്. ഇതു വാസ്തവവിരുദ്ധമാണ്. ഒരു കത്തോലിക്കാ മെത്രാന്റെ നിലയിൽ സ്വജനങ്ങളുടെ മേലുള്ള അധികാരംമാത്രം കിട്ടണമെന്നേ മാർ തോമ്മായിക്കു ആഗ്രഹവും അപേക്ഷയുമുണ്ടായിരുന്നുള്ളു എന്നതു മുകളിൽ ഞങ്ങൾ കാണിച്ചിട്ടുള്ളതാണല്ലോ. അതിനാൽ കൊച്ചിമെത്രാൻ ഈവിധം ഗ്രഹിച്ചെന്നു പറയുന്നതു് വിശ്വസനീയമല്ല. പരിയറിൽ മെത്രാപ്പോലീത്താ റോമ്മയിൽ സമർപ്പിച്ച മാർ തോമ്മായുടെ അപേക്ഷയിൽ, തന്നെയും തന്റെ ജ

നങ്ങളേയും കത്തോലിക്കാ സഭയിൽ സ്വീകരിക്കണമെന്നു മാത്രമാണ് അദ്ദേഹം (മാർ തോമ്മാ) ആവശ്യപ്പെട്ടിരുന്നത്. അതോടൊന്നിച്ചു മലങ്കരയിലെ പഴഞ്ചക്രൂർ സുറിയാനിക്കാർ കൊടുത്ത അപേക്ഷയിലും നിരണത്തിന്റെ മെത്രാൻ എന്ന നിലയിൽ മാർ തോമ്മായെ സ്വീകരിക്കണമെന്നേ പ്രാർത്ഥിച്ചിരുന്നുള്ളു. സ്റ്റെയ്റ്റുമാനച്ചിൽ മിസ്റ്റർ ഷെക്കെൻസിതന്നെ ചേർത്തിട്ടുള്ള കാർഡിനൽ അന്തോനെല്ലിയുടെ ഇറ്റാലിയൻ എഴുത്തു ഈ സംഗതിയിൽ മതിയായ ഒരു ആധാരമാണ്. ൨) മാർ തോമ്മായിക്കു വളരെ കടം ഉണ്ടായിരുന്നെന്നും അതു വീട്ടുന്നതിനു തിരുവിതാംകൂർ രാജാവു അദ്ദേഹത്തെ നിർബന്ധിക്കുകയാൽ അദ്ദേഹം മാത്തുത്തരകനെ ആശ്രയിച്ചെന്നും തരകനാകട്ടെ ആ അവസരത്തിൽ മാർ തോമ്മാ കത്തോലിക്കാ സഭയിൽ ചേർന്നുകൊള്ളാമെന്നു പണപ്രായശ്ചിത്തത്തിൻകീഴ് ഒരുടമ്പടി എഴുതിക്കൊടുക്കുന്നപക്ഷം ആ കടമൊക്കെയും വീട്ടിക്കൊള്ളാമെന്നു ഏറ്റുകയും ഇങ്ങനെ എൻപൻ ജൂൺ ൨൨-നു തത്തമ്പള്ളിൽ മിഖായേൽ മാലാഖായുടെ പള്ളിയിൽവെച്ചു മാർ തോമ്മാ യാക്കോബായ വിശ്വാസം പരിത്യജിച്ചു കത്തോലിക്കാ വിശ്വാസം സ്വീകരിക്കയും ചെയ്തെന്നും, എങ്കിലും കുറേക്കഴിഞ്ഞപ്പോൾ അദ്ദേഹം താൻ സ്വീകരിച്ച വിശ്വാസം ഉപേക്ഷിക്കയും ഉടമ്പടി ലംഘനംചെയ്തതിനാൽ പിഴ കെട്ടുകയും ചെയ്തു എന്നുമാണ് തിരുവിതാംകൂർ സ്റ്റെയ്റ്റുമാനച്ചിലെ വേറൊരു പ്രസ്താവം. ഇതു ആദ്യവസാനം വാസ്തവവിരുദ്ധമത്രെ. ഒരു വലിയ പണത്തുക കൊടുത്തുതീർക്കുവാൻ നിർവാഹമില്ലാതിരുന്ന മാർ തോമ്മാ ആ തുക ഉടനെ വീട്ടിയെന്നു മാത്രമല്ല, ഉടമ്പടി ലംഘനത്തിനായി വേറൊരു വലിയ സംഖ്യകൂടി അദ്ദേഹം കൊടുത്തുതീർത്തു എന്നും തന്മൂലം മാർ തോമ്മായിക്കു പണം ധാരാളം ഉണ്ടായിരുന്നെന്നുമാണല്ലോ ഈ പ്രസ്താവന വിളിച്ചറിയിക്കുന്നത്. അകയാൽ പണദുർഭിക്ഷം മൂലം അദ്ദേഹം മാത്തുത്തരകനെ ആശ്രയിച്ചെന്നു പറയുന്ന സ്റ്റെയ്റ്റുമാനച്ചിന്റെ പ്രസ്താവം അവിശ്വസനീയവും മുകളിൽ ഞങ്ങൾ കാണിച്ചിട്ടുള്ളതുപോലെ മർസലീനോസു മെത്രാൻ അവർകൾ ഈ സംഗതിസംബന്ധിച്ചു പറഞ്ഞിട്ടുള്ളതു വിശ്വാസയോഗ്യവുമാണെന്നു നിസ്സംശയം സിദ്ധമാകുന്നു.

൧൯. പതിനെട്ടാം ശതാബ്ദത്തിൽ സുറിയാനിക്കാരുടെ ഇടയിൽ ഉണ്ടായിരുന്ന മഹാന്മാർ കരിയാറിൽ യൌസേപ്പു മല്പാൻ, മാർ തോമ്മാമെത്രാൻ, പാറേമ്മാക്കൽ ഗോവർണ്ണദോർ, മാത്തുത്തരകൻ എന്നിവരായിരുന്നു. ഇവരിൽ മനശ്ശക്തികൊണ്ടും ജനസ്വാധീനംകൊണ്ടും പ്രഥമസ്ഥാനത്തെ വഹിച്ചതു മാത്തുത്തരകനായിരുന്നെന്നു നിസ്സംശയം പറയാം. ഇദ്ദേഹം ൧൭൭൦ നവംബറിന്റെ മദ്ധ്യത്തിൽ കുത്തിനതോട്ടിൽ തച്ചിൽ കുടുംബത്തിൽ ജനിച്ചു.

സ്വരാജ്യത്തിനും സ്വസമുദായത്തിനും ഒരുപോലെ ഗുണംചെയ്തിട്ടുള്ള ഒരാളാണു തരകൻ. ഇദ്ദേഹം സാമാന്യം നല്ല ഒരു രാജ്യതന്ത്രജ്ഞനും ഒരു സമുദായനേതാവുമായിരുന്നു. ആക്കാലങ്ങളിൽ തരകന്മാർക്കു

രാജ്യഭരണത്തിൽ ചില ജോലികളുണ്ടായിരുന്നു. തങ്ങളുടെ കരയിലെ കരംപിരിക്കുക, കുരുമുളകും മറ്റു സർക്കാർ സാമാനങ്ങളും പണ്ടകശാലകളിൽ കൊണ്ടുവരുവിക്കുക മുതലായവ തരകന്മാർ വഹിച്ചുവന്നു. മാത്തൂത്തരകൻ പെരുപ്പുംമുതലെ ഈവക ജോലികളിൽ യോഗ്യത പ്രദർശിപ്പിച്ചു. പിന്നീട് ഉപ്പു, തടി മുതലായവയുടെ കുത്തകയും ഏറ്റു. കിഴക്കൻ മലകളിലെ തടി വെട്ടിച്ചു പെരിയാർവഴി കൊച്ചിയിൽ കൊണ്ടുപോയി മൊത്തക്കച്ചവടം ചെയ്യുവാനും. ജോനകർ ഇക്കാര്യത്തിൽ തരകനോട് മത്സരിച്ചെങ്കിലും ജന്മസാധീനം, രാജസേവ ഇതുകൾകൊണ്ട് തരകൻ വിജയംപ്രാപിച്ചു. ഈവിധം കുത്തകയിൽ ഇരിക്കയിൽ പലപ്പോഴും തിരുവനന്തപുരത്തുപോയി കാത്തികതിരുനാളിനെ മുഖംകാണിക്കാറുണ്ടായിരുന്നു. ഈ പരിചയംമൂലം രാജാവിനു തരകന്റെ സൽഗുണങ്ങൾ ബോധപ്പെടുകയും തരകനു വലിയ സ്ഥാനമാനങ്ങളും പ്രതാപങ്ങളും കല്പിച്ചനുഭവിക്കയും ചെയ്തു.

"ചൊല്ലെഴുന്ന വേണനാട്ടിൻതമ്പുരാൻ കല്പിച്ചു നല്ല
വല്ലക്കം പാറാവും നല്ല പോണ്ടമാരേയും
വല്ലക്കിമേലേറി നടകൊള്ളത്തക്കപോലെയവർ
ചൊല്ലുപ്പെട്ടോർ വലർ വാഴിടുവിക്കുന്നു.
നിർമ്മലപ്പട്ടുടുത്തിട്ടങ്ങതിമീതുതുയും നല്ല
നേർമ്മയിലുള്ളോരുവസ്ത്രം വിതുത്തുചേർന്നു
പൊൻകസവേൽ വണിയുള്ളനേരിയതങ്ങെടുത്തിട്ട്
ചന്തമോടെ വിതുത്തങ്ങു തലയിൽകെട്ടി.
കുങ്കണങ്ങൾ കരത്തിൻമേനിൽ വീരചങ്ങലയും
പൊൻകാപ്പുകൾ കരതനിൽ ധരിച്ചുകൊണ്ട്
ചങ്ങലവട്ടകളപ്പോൾ മനിലങ്ങുവിടിപ്പിച്ചു
മംഗലസുന്ദരൻ വരവൊന്നതുചൊല്ലാം"—

ഈവിധ സാമാനമാനങ്ങൾ കിട്ടിയശേഷം തരകൻ തിരുവിതാംകൂറൊട്ടുക്കു പ്രസിദ്ധനും പൂജിതനുമായിത്തീർന്നു. കുത്തക നാൾക്കുനാൾ വർദ്ധിച്ചു അതിൽനിന്നു നിരവധി ധനവും വന്നുചേർന്നു.

ഇങ്ങനെ ഇരിക്കുമ്പോഴാണ് അലപ്പുഴപ്പട്ടണം സാധിക്കുവാൻ കേശവപിള്ള ദിവാൻ പരിശ്രമിച്ചതു്. ഈ പരിശ്രമത്തിൽ ദിവാൻജിയുടെ വലത്തുകൈയ്യായിനിന്നു പ്രവർത്തിച്ചതു മാത്തൂത്തരകനായിരുന്നു. മേൽവിചാരമെല്ലാം ദിവാൻജിക്കുതന്നെങ്കിലും വാസ്തുവത്തിൽ തുറമുഖത്തിന്റെ "പ്ലാൻ" ഉണ്ടാക്കിയതും അതിലെ ഓരോ ചട്ടങ്ങൾ നിശ്ചയിച്ചതും തരകൻതന്നെയാണ്. തുറമുഖത്തിനടുത്തു തരകൻ നല്ല സൗകര്യമുള്ള കുടിപാർപ്പുകൾ കെട്ടുവിച്ചു താമസിപ്പിക്കയും അവർക്കായി നമ്പിയത്തു (തങ്കശ്ശേരിയിൽ) ഒരു പള്ളിയുണ്ടാക്കുകയുമുണ്ടായി. പള്ളിയോടടുത്തു തരകന്റെ താമസത്തിനായി ഒരു മാളികയും പണിയിച്ചു. പണ്ടു മഹോദയപുരത്തിൽ ജൂതന്മാർ താമസിച്ചിരുന്നതിന്റെ ഒരു സ്മരണപോലെയാണ് ഈ കൃത്യം തരകൻ നടത്തിയതു്. ഇതേപ്പറ്റി രസകരങ്ങളായ പല ഐതിഹ്യങ്ങ

ളും പറഞ്ഞുവരുന്നുണ്ട്. അലപ്പുഴത്തുറമുഖം ഉണ്ടായശേഷം തരകന്റെ വാണിജ്യോദ്യമങ്ങളുടെ കേന്ദ്രം അലപ്പുഴയായി ഭവിച്ചു. തടിയും മറ്റു വനവിഭാഗങ്ങളും അവിടെ വരുത്തി മൊത്തമായി വിദേശീയർക്കു അദ്ദേഹം വിറ്റിരുന്നു. അദ്ദേഹം സംഭരിച്ച തടികൾ അധികവും ഈസ്റ്റിന്ത്യാ കമ്പനിക്കാർക്കുള്ള വിറ്റിരുന്നതു്. ഇംഗ്ലീഷുകാർ അന്നിടെ കപ്പൽ പണിയിച്ചതു് ഈവിധം തരകൻ വെട്ടിച്ചുകൊട്ടത്ത തടികൊണ്ടായിരുന്നു. ക്രൈസ്തവ മതൽ ഉഞ്ഞു വിപ്ലവകക്ഷിയോടും സെപ്പോയിമാരോടും ഇംഗ്ലീഷുകാർ നടത്തിയ യുദ്ധാവസരത്തിൽ കപ്പൽ പണിയുവാൻ തടി അയച്ചുകൊടുത്തതു മാത്തുത്തരകനാണെന്നു പറയുന്നു ഒരു ഐതിഹ്യമുണ്ടായതു ഈവിധത്തിലാണ്. ഉപ്പുനികുതി കാലത്തിൻ തരകൻ കണക്കില്ലാതെവിധത്തിൽ തടികൾ മുറിപ്പിച്ചിട്ടുണ്ടെന്നുള്ളതിനു വേറേയും ലക്ഷ്യങ്ങളുണ്ട്. അന്നു മുറിപ്പിച്ച പെരിയാർവഴി ഒഴുക്കിയ തടികൾ ഇപ്പോഴും അവിടങ്ങളിൽ കിടക്കുന്നുണ്ട്. "മാത്തുത്തരകൻ" എന്നപേർ ആ തടികളിൽ കുത്തിയിരിക്കുന്നതു ഇപ്പോഴും മായാതെ കിടക്കുന്നു. അന്നു കമ്പനിക്കാർ തരകൻ തടികൊടുത്തവകയിൽ വളരെ ലക്ഷം രൂപാ കമ്പനിക്കാർ തരകനു കൊടുക്കുവാനുണ്ടായിരുന്നു.

ടിപ്പുസുൽത്താൻ തിരുവിതാംകൂർ ആക്രമിക്കുവാൻ ഖണ്ഡകാലത്തു തരകൻ തിരുവിതാംകൂറിലേക്കു പല സംഭാരങ്ങളും ചെയ്തിട്ടുണ്ട്. യുദ്ധത്തിനായി സൈന്യശേഖരം ചെയ്യുന്നതിനും മറ്റും വളരെ ധനം അന്നു ആവശ്യമായിത്തീർന്നു. അന്നു തരകനെപ്പോലെ ധനാഢ്യന്മാർ മുതുകുമായിരുന്നതിനാൽ സർക്കാരിലേക്കു ധനം കടം കൊടുക്കേണ്ട ചുമതലയും തരകന്റെമേൽ വന്നുകൂടി. ഈവിധം കൊടുത്ത കൃത്യമായ തുക ഏതുപ്രകാരം നിശ്ചയമില്ലെങ്കിലും തരകൻ മരിക്കുമ്പോൾ ഏകലക്ഷം രൂപാ തൊള്ളായിരുന്നെന്നു് നമുക്കു രേഖാമൂലമായി തെളിവുണ്ട്. അന്നത്തെ മഹാരാജാവും രാജാകേശവദാസ ദളവായും തരകന്റെ സംഭാരത്തെ വളരെ വിലമതിച്ചു. സൈന്യത്തിൽ ആൾ ചേർക്കുന്നതിലും തരകൻ ഉത്സാഹിക്കാതിരുന്നില്ല. ആ യുദ്ധത്തിനായി സന്ന്യാസി മാപ്പിളമാർ വളരെ ഏർപ്പെടുത്തിയതു് തരകന്റെ ജന്മസ്വാധീനംകൊണ്ടാണെന്നു തോന്നുന്നു. യുദ്ധം വിജയകരമായിത്തീർന്നശേഷം തരകനു തിരുവിതാംകൂറിൽ മന്ത്രത്തുക്കാൽ പ്രാഭവം സിദ്ധിച്ചു. തരകൻ തിരുവനന്തപുരത്തു കൊട്ടാരവക ഒരു കെട്ടിടത്തിൽ പലപ്പോഴും താമസിച്ചുവന്നു. തരകന്റെ ആശ്രയത്തിനായി മഹാരാജാവു ഒരു പള്ളിയും വെയ്പിച്ചുകൊടുത്തു. ഇതാണു് പേട്ടയിൽ ഇപ്പോൾ കാണുന്ന ലത്തീൻപള്ളി.

അടുത്ത മഹാരാജാവായിരുന്ന ബാലരാമവർമ്മ തരകനോടു ഏതൊരു വാത്സല്യമുള്ള ആളായിരുന്നു. അതിനാൽ തരകൻ പ്രായേണ ഒരു മന്ത്രിയുടെ നിലയിൽ കഴിഞ്ഞുവന്നു. സർക്കാരിന്നു് അന്നു വളരെ കടമുണ്ടായിരുന്നതിനാൽ അതു വീട്ടുന്നതിനു പല മാർഗ്ഗങ്ങളും ആലോചിച്ചു നടത്തി. ഉപ്പുകരം മുതലായ ചില മാർഗ്ഗങ്ങൾ ജനങ്ങൾ

ക്കു തീരെ രുചിച്ചില്ല. തരകൻ ഒരു മാപ്പിളയും രാജാവിന്റെ ഇഷ്ട മന്ത്രിയും ആയിരുന്നതിനാൽ ജനങ്ങൾ അയാളെ നിന്ദിച്ചു കരമെല്ലാം തരകൻ വഞ്ചിച്ചെടുക്കയാണെന്നു ശ്രുതി നാട്ടിൽ പരന്നു. ഈ ഘട്ടത്തിലാണ് വേലുത്തമ്പി ലഹള ഉണ്ടാക്കിയതും തരകന്റെ ചെവി ചെത്തണമെന്നു ആവശ്യപ്പെട്ടതും മറ്റും. ആയിട ക്രൂരന്മാരായ നാഞ്ചിനാട്ടുകാർ തരകനെ ഉപദ്രവിക്കയും അവമാനിക്കയും ചെയ്തു. മഹാരാജാവ് പിന്നീടും തരകനോടു വാത്സല്യം പ്രദർശിപ്പിച്ചെങ്കിലും അദ്ദേഹം ഉടനെ സ്വദേശത്തുപോയി താമസിച്ചു. തനിക്കു കിട്ടുവാനുള്ള ഏഴു ലക്ഷം രൂപാ തരുവിക്കണമെന്നു റസിഡണ്ടിനോടു അപേക്ഷിച്ചെങ്കിലും ഒന്നും നടന്നില്ല. ഈവിധം നിരാശയിൽ തരകൻ മരിച്ചു.

തരകന്റെ മരണശേഷം പൌത്രനായ കൊച്ചുമാത്തുത്തരകൻ മേൽപറഞ്ഞ ഏഴു ലക്ഷം രൂപാ കിട്ടുവാനായി ശ്രമിക്കയുണ്ടായി. എന്നാൽ റസിഡണ്ടിന്റെ ഉത്സാഹക്കുറവു നിമിത്തം അതു സാധിച്ചില്ല. പതിനാലുലക്ഷം കിട്ടുവാനുണ്ടായിരുന്നതിൽ ഇരുപത്താറായിരത്തിച്ചിലാനം രൂപാ മാത്രമാണ് അദ്ദേഹത്തിനു കിട്ടിയതു്. അതേപ്പറ്റി അദ്ദേഹം മദ്രാസ് ഗവർണരുടെ അടുക്കൽ ഒരു ഹർജി അയക്കയുണ്ടായി. അതിന്റെ പകർപ്പു ഇപ്പോഴും തച്ചിൽ കുടുംബത്തിൽ സൂക്ഷിച്ചുവരുന്നു (21). അതിൽ റസിഡണ്ടു മെക്കോളെ സായ്പും ദളവായും തന്റെ മുത്തപ്പനേയും തന്നെയും ദ്രോഹിച്ചതിനേപ്പറ്റി വളരെ ദയനീയമായ വിധത്തിൽ എഴുതീട്ടുണ്ടു്. അതിന്റെ അവസാനഘട്ടം ഈവിധമാണ്: "മേലെഴുതിയ കാര്യങ്ങൾക്കു ഒക്കെയും ദൈവം സാക്ഷിയും അനുഭവസാക്ഷിയും ഒണ്ടാകകൊണ്ടു് ദൈവം നേരുകേൾപ്പാൻ സംഗതിവരുത്തുമെന്നും നിശ്ചയിച്ചു് എന്റെ ജീവരക്ഷയെ ആഗ്രഹിച്ചു തീരുവശീട്ടു ഒപ്പിട്ടു കൊടുത്തസ്സുകയും ഞാൻ ആ തീരുവശീട്ടു ദളവാസ്സു കൊടുക്കയും അപ്രകാരം ദളവാടെപേക്കു ഒരു തീരുവശീട്ടും ഇരുപത്താറായിരത്തിച്ചിലാനം രൂപായും ദളവാ തരികയും ഒന്നുംപറയാതെ ആയതും വാങ്ങിച്ചു ജീവനേയും രക്ഷിച്ചുകൊണ്ടു കുക്കടകമാസം ൨൫–നു ഞാൻ കൊല്ലത്തുനിന്നും പോരികയും ചെയ്തു." ഈ ഹർജി എഴുതിയ കാലം ഏതെന്നു അതിൽ പറയുന്നില്ല. എങ്കിലും ൧൮൨൫–ാമാണ്ടു അവസാനംവരേയുള്ള കാര്യങ്ങൾ അതിൽ പറഞ്ഞിരിക്കുകൊണ്ടു് അതിൽപിന്നെ അടുത്ത ഒരു വത്സരത്തിലായിരിക്കണമെന്നൂഹിക്കാം.

മലങ്കര നസ്രാണി ചരിത്രത്തിന്റെ ഒരു സ്മരണീയ കാലഘട്ടത്തിലാണല്ലോ തരകന്റെ ജീവിതം. ഈ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ കൃത്യങ്ങൾ അവിടവിടെ പറഞ്ഞിട്ടുണ്ടു്. അദ്ദേഹം സമുദായത്തിനു ചെയ്തിട്ടുള്ള ഗുണങ്ങൾ മൊത്തമായി ഇവിടെ കുറിക്കാം. ൧) സുറിയാനി മെത്രാനെ കിട്ടുവാനുള്ള ഉദ്യമത്തിൽ തരകൻ ഒരു പ്രധാന ഭാഗഭാക്കായിരുന്നു. കരിയാറ്റിൽ മല്പാനേയും മറ്റും റോമയിലേക്കു അയക്കുന്നതിനും, തിരിച്ചുവന്നപ്പോൾ ഗോവർണദോരെ

ഗോവയിൽനിന്നു നാട്ടിൽ കൊണ്ടുവരുന്നതിനും, നാട്ടിൽ വന്നയുടനെ ഗോവർണദോരെ മെത്രാനാക്കുന്നതിനായി ശ്രമിക്കുന്നതിനും മുമ്പനായി പുറപ്പെട്ടതു തരകനായിരുന്നു. പിന്നീട് അക്കാലത്തെ വൈദികാധികാരികൾ ചെയ്ത ഉപദ്രവങ്ങളെ തടുത്തു തിരുവിതാംകൂർ കൊച്ചി സക്കാരുകളിൽനിന്നു ഗോവർണദോരിനു തീട്ടരം വാങ്ങിച്ചുകൊടുത്തതും മറ്റും തരകൻതന്നെ.— ൨) നസ്രാണികളുടെ ഏകീകരണത്തിന്റെ പ്രധാന പ്രവർത്തകനും തരകനായിരുന്നു. മാർതോമ്മാ തത്തമ്പള്ളിപ്പള്ളിയിൽ വെച്ചു പടിയോല എഴുതിയതും മറ്റും അദ്ദേഹത്തിന്റെ ഉത്സാഹത്താലാണ്. അതു സാധിച്ചില്ലെങ്കിൽ അതിന്റെ കാരണം അദ്ദേഹമല്ല. ൩) പേട്ട, തത്തമ്പള്ളി, കുമരകം മുതലായ ചില പള്ളികളെ തരകൻ പണിയിക്കയും പലതു ജീർണ്ണോദ്ധാരണം ചെയ്കയും ഉണ്ടായിട്ടുണ്ട്.

മാത്തുത്തരകൻ തന്റെ രാജ്യത്തിനും സമുദായത്തിനും ഒരുപോലെ ഋണം ചെയ്തിട്ടുള്ള ഒരാളാണെങ്കിലും ഈ രണ്ടു നിലയിലും അദ്ദേഹത്തിനു നിരാശയും കൃപ്രസിദ്ധിയുമാണ് ഉണ്ടായിത്തീർന്നിട്ടുള്ളതു്. തിരുവിതാംകൂർ ചരിത്രകാരന്മാരായ ഹിന്ദുമതസ്ഥന്മാർ ഒരു നസ്രാണിയായ അദ്ദേഹത്തെ അക്രമിയെന്നും കൊള്ളക്കാരനെന്നും വിളിച്ചുവരുന്നു. പുത്തൻക്രൂശും പഴയക്രൂശും ഒന്നാക്കുവാൻ തരകൻ ബദ്ധപരിശ്രമം ചെയ്തു നിമിത്തം അദ്ദേഹം പുത്തൻക്രൂശുകാരെ ദ്രോഹിച്ചെന്നു ആക്ഷേപരായ ഇട്ടപ്പു പൈതൃകം മറ്റും വാദിക്കുന്നു. സുറിയാനി മെത്രാനെ കിട്ടേണ്ട കാര്യത്തിൽ തരകൻ മുമ്പനായി പ്രവർത്തിച്ചതുകൊണ്ട് വൈദികഭരണകർത്താക്കൾ അദ്ദേഹത്തെ ഒരു വിപ്ലവകാരനെന്നു നാമകരണം ചെയ്തതും അദ്ദേഹത്തിനു വിരോധമായി പ്രവർത്തിക്കയും ചെയ്തിരുന്നു. കൊല്ലവർഷം ൯൭൩ ഇടവം ൨൭-൹ കുന്നംകുളം ക്രിസ്ത്യാബ്ദം ൧൭൯൮-ൽ മാത്തുത്തരകൻ കർണ്ണൽ മെക്കോളേ സായ്പിനു അയച്ച ഒരു ഹർജി ഇതിനെ ധാരാളം തെളിയിക്കുന്നുണ്ട്. മെക്കോളെ ഈ സംഗതി സംബന്ധിച്ചു തരകനോടു ചോദിച്ചിരുന്ന കാര്യങ്ങൾക്കു മറുപടിയായി അയച്ചിട്ടുള്ള ആ ഹർജിയിൽ അദ്ദേഹം പറയുന്നതിന്റെ സാരം ഈ വിധമാണ്. തിരുവിതാംകൂർ രാജാവിനു കൊടുക്കുവാനെന്ന കാരണം പറഞ്ഞ് സുറിയാനിപ്പള്ളികളിൽനിന്ന് ഞാൻ ഇരുപത്തീരായിരം രൂപാ ബലമായി എടുത്തിട്ടുണ്ടെന്നും രാജാവിന്റെ സന്നിധിപ്പിള്ളക്കു കൊടുക്കുവാനായി വേറെ രണ്ടായിരം രൂപാക്കൂടി ഞാൻ എടുത്തിരിക്കുന്നെന്നും അതിനുമുമ്പു കൊച്ചി രാജാവിനു കൊടുക്കുവാനെന്നുള്ള നാട്യേന പള്ളികളിൽനിന്നു ഇരുപത്തീരായിരം രൂപാക്കൂടി ഞാൻ ബലമായി അപഹരിച്ചെന്നും ഇതുകൾക്കും പുറമേ സുറിയാനി ജനങ്ങളിൽനിന്നു വേറെയും മുതൽ ഞാൻ സ്വാധീനപ്പെടുത്തിയെന്നും, ഇതിലേക്കു ലക്ഷ്യമൊന്നും ഇതുവരെ കിട്ടീട്ടില്ലെങ്കിലും കഴിഞ്ഞുപോയ വരാപ്പുഴ (ലൂയിസ് മറിയം വികാരി അപ്പസ്തോലിക്കാ) മെത്രാന്റെ ഉദ്യോഗ എഴുത്തു പുസ്തകത്തിൽ സത്യമായ വിധത്തിൽ എഴുതീട്ടുള്ളതിൽനിന്നു ഇപ്പോഴത്തെ (വരാപ്പുഴ ഒന്നേ മു

ൻഡ്) മെത്താൻ വകത്തി സാക്ഷിപ്പെട്ടത്തി സായ്പവർകളുടെ സമക്ഷത്തിൽ അയച്ചിട്ടുണ്ടെന്നും കാണുന്നു. എന്നാൽ തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള പള്ളികളിൽനിന്നു ഒരു രൂപാപോലും ഞാൻ വാങ്ങിട്ടില്ലായ്തതാണ്. സമ്പ്രതിപ്പള്ളിയ്ക്കു പൊടുക്കാനായും പള്ളികളിൽനിന്നു ഞാൻ യാതൊന്നും വാങ്ങിട്ടില്ല. സുറിയാനി മാപ്പിളമാരിൽനിന്നു ഞാൻ പണം വാങ്ങീട്ടുള്ളതല്ല. അതിനാൽ സായ്പവരകളുടെ കൃപയുണ്ടായി പള്ളിക്കാരെയും എന്നെയും സമക്ഷത്തിൽ വരുത്തി പാരമാർത്ഥം അറിഞ്ഞു രക്ഷിപ്പാറാകണം. ഇതുപോലെ മുമ്പു എന്നെപ്പറ്റി പല മിഷ്യങ്ങൾ സായ്പവരകളുടെ സമക്ഷത്തിൽ ചിലർ ബോധിപ്പിച്ചിട്ടുള്ളതിന്റെ പരമാർത്ഥവും അവിടത്തെന്നെ ബോധിപ്പാൻ സംഗതി വന്നുവല്ലൊ. അതുപോലെ ഇതിന്റെയും നേരും പരമാർത്ഥവും സായ്പവർകൾക്കുതന്നെ ബോധിപ്പാൻ സംഗതിവരും. (൨൨)

തരകൻ ഒരു പരിശുദ്ധനായിരുന്നെന്ന ആക്ഷം അഭിപ്രായമില്ല. അക്കാലത്തു കേരളത്തിലെ പ്രഭുക്കന്മാരുടെ ഇടയിൽ സാധാരണമായിരുന്ന ചില ദുർഗ്ഗുണങ്ങൾ അദ്ദേഹത്തിലും ഏറെക്കുറെ ഉണ്ടായിരുന്നിരിക്കാം. മാത്തൂത്തരകനെപ്പോലെയുള്ള ഒരു മഹാരഥന്റെ യോഗ്യതയെ പരിഗണനം ചെയ്യുന്നതു അത്തരം മാനദണ്ഡം കൊണ്ടല്ല; അയാൾക്കു തന്റെ സമസ്തങ്ങളുടെമേൽ എത്രമാത്രം ശക്തിയുണ്ടായിരുന്നു. ആ ശക്തിയെ അയാൾ ഏതു വിധത്തിൽ വിനിയോഗിച്ചു എന്ന മാത്രമേ നമുക്കു നോക്കേണ്ടതുള്ളൂ ഈ വിധത്തിൽ നോക്കിയാൽ, മാത്തൂത്തരകൻ സാമാന്യം നല്ല ഒരു രാജ്യതന്ത്രജ്ഞനും ഒരു സമുദായ നേതാവും ആയിരുന്നെന്ന ഞങ്ങൾ മുകളിൽ പറഞ്ഞിട്ടുള്ളതിന്റെ സത്യം ബോധപ്പെടുന്നതാണ്.

അക്കാലത്തു തരകനു ഈവിധം അവമാനം വന്നതിൽ അത്ഭുതപ്പെടുവാനുമില്ല. തരകനേക്കാൾ വളരെ അധികം ഗുണം ഈ നാട്ടിനു ചെയ്തിട്ടുള്ള രാജാകേശവദാസനോടു ഈ നാട്ടുകർ ചെയ്തു ഇതിലും എത്രയോ കഷ്ടമാണ്. "രാജസേവയെന്നുള്ളതെത്രയും പരാധീനം" തന്നെ. തിരുവിതാംകൂർ രാജകുടുംബം തരകനെ എല്ലാക്കാലത്തും ബഹുമാനപൂർവ്വം സൂക്ഷിക്കുമെന്നുള്ളതിനു സംശയമില്ല. കാഞ്ഞിരം കിഴക്കുഭാഗത്തു രണ്ടു കാതം നീളത്തിൽ മലഭൂമി കാഞ്ഞൂർ അമ്പലക്കാരിൽനിന്നു കാഞ്ഞൂർ തരകന്മാക്കു കിട്ടിയെന്നും ആ തരകന്മാരോടുള്ള ബന്ധുത്വമൂലം ആ സ്ഥലം മാത്തൂത്തരകന്റെ കുടുംബത്തിലേക്കു ഒതുങ്ങുകയും അദ്ദേഹം അതിൽ രണ്ടു കാതം മാത്രം തനിക്കായി നീക്കിവെച്ചുകൊണ്ടു ബാക്കി മുഴുവൻ തി. സർക്കാരിനായി ദാനം ചെയ്തുയും ചെയ്തെന്നും തി. സർക്കാരിനു കാഞ്ഞൂർ സമീപത്തിൽ മലനാടുണ്ടാകാൻ ഇങ്ങനെയാണ് സംഗതിയായതെന്നും ഒരു പരമ്പരാവൃത്താന്തമുള്ളതും ഇവിടെ പ്രസ്താവ്യമാണ്.

ഈസ്റ്റിൻഡ്യാകമ്പനിക്കു തടികൊടുത്ത വകയിൽ വളരെ പണം കമ്പനിയിൽനിന്നും തരകനു കൊടുക്കുവാനുണ്ടായിരുന്നെന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ. ആ പണത്തിൽ ഒരു ഭാഗമാണ് പൂരാ

പുഴ മേലദ്ധ്യക്ഷന്മാർക്കും പുത്തൻക്കൂറുകാർക്കും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതെന്നാണ് പഴയക്കൂറുകാരുടെ ഇടയിൽ ഇന്നും നിലനിൽക്കുന്ന ഐതിഹ്യം. ഇതിനെ പ്പറ്റി വ്യക്തമായി വിവരിക്കുന്ന ഒരു രിക്കാർഡ്ഡ് ഇല്ലാത്തതിനാൽ ചരിത്രകാരന്മാർ തത്സംബന്ധമായി നിശ്ചയപ്പെടുത്തി യാതൊന്നും പറയുന്നില്ല. തി സ്റ്റെയ്റുമാനചൽ പറയുന്നതു ഈ പണത്തിൻറെ ഉത്ഭവം എവിടെ നിന്നാണെന്നു പറയുവാൻ നിവൃത്തിയില്ലെന്നാണ്. എന്നാൽ മൻറം-ൽ പ്രസിദ്ധീകരിച്ച തി. ക്രിസ്തുമതം എന്ന ഗ്രന്ഥത്തിൽ (പുറം 18) ഈ പണം മാത്തുത്തരകൻറെ വകയാണെന്നു മിസ്റ്റർ മെക്കെൻസി തുറന്നു പറയുന്നു. പുത്തൻക്കൂർ മെത്രാൻ സംഭരിച്ച റസിഡൻറു മിസ്റ്റർ മെക്കൊളക്കു കൊടുത്ത പണമാണെന്നു പറയുന്ന ഭാഗം മിസ്റ്റർ മെക്കെൻസി അവിടെത്തന്നെ യുക്തിപൂർവ്വം നിരാകരിക്കുകയും മെക്കൊളയുടെ സ്വന്തം വകയാണെന്നുള്ള ഒരു ഊഹിതാഭിപ്രായം പ്രത്യാവിഷ്കരിക്കയും ചെയ്യുന്നുണ്ട്. സമുദായത്തിൻറെ ക്ഷേമാഭിവൃദ്ധിക്കായി മാത്തുത്തരകൻ ചെയ്ത പ്രവൃത്തികൾ അക്കാലത്തെ വൈദികാധികാരികൾക്കു രസിച്ചില്ലെന്നും അവർ തരകനു വിരോധമായി റസിഡണ്ടു മിസ്റ്റർ മെക്കൊളെയുടെ അടുക്കൽ എഴുതി അറിയിച്ചെന്നും മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. തന്നിമിത്തം മിസ്റ്റർ മെക്കോളെ ഈസ്റ്റിൻഡ്യാകമ്പനിയിൽ നിന്നു തരകനു കൊടുക്കുവാനുണ്ടായിരുന്ന പണം അദ്ദേഹത്തിനു കൊടുക്കാതെ, അതിൽ ഒരു ഭാഗം തരകൻറെ സമുദായത്തിൽ ഉൾപ്പെട്ട പഴയ ക്കൂർ, പുത്തൻക്കൂർ എന്നീ സുറിയാനിക്കാരുടെ ക്ഷേമത്തിനായി അവരുടെ മതാദ്ധ്യക്ഷന്മാരായ (പഴയ ക്കൂറുകാക്കുവേണ്ടി) വരാപ്പുഴ മെത്രാൻറെയും (പുത്തൻക്കൂറുകാക്കുവേണ്ടി) പുത്തൻക്കൂർ മെത്രാൻറെയും രസീതിന്മേൽ കമ്പനിയിൽനിന്നു നൂറിനു എട്ടു പലിശവീതമുള്ള തുക ആണ്ടുതോറും കൊടുക്കുവാൻ തക്കവണ്ണം ഒരു മുതൽ സ്ഥാപിക്കയാണ്ടായതു്. ഇങ്ങനെ പഴയക്കൂറുകാക്കു വേണ്ടി മൂവായിരവും പുത്തൻക്കൂറുകാക്കുവേണ്ടി വേറെ മൂവായിരവും പൂവരാഹൻ സ്ഥാപിച്ചതിൻറെ പലിശ ആണ്ടുതോറും വരാപ്പുഴ മേലദ്ധ്യക്ഷന്മാർക്കും പുത്തൻക്കൂർ മേലദ്ധ്യക്ഷന്മാർക്കും ഇന്നും കിട്ടിവരുന്നു. മൂവായിരം പൂവരാഹൻ, പതിനായിരത്തഞ്ഞൂറു ബ്രിട്ടിഷ് രൂപായും അതിൻറെ ആണ്ടിനാല്പുള്ള പലിശ എണ്ണൂറിനാല്പതു രൂപായുമാണ്. ഈ സംഗതിയുടെ യാഥാർത്ഥ്യം തിരുവിതാംകൂർ സ്റ്റെയിറുമാനചലിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ഭാഗംകൊണ്ടു വ്യക്തമാകുന്നുണ്ട്. അവിടെ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്:—

'Colonel Macaulay, the first British Resident in Travancore, took much interest in these Christian communities and in 1808 invested with the East India Company as a perpetual loan at eight per cent, three thousand pagodas for the Roman Catholic Mission at Verapoly and a like sum for the flock of Mar Thomas" (23) തിരുവിതാംകൂറിലെ ആദ്യ ബ്രിട്ടിഷ് റസിഡൻറായ കൎണ്ണൽ മെക്കൊളെ ഈ ക്രിസ്ത്യാനിസമു

ദായങ്ങളുടെ കായ്ത്തിൽ വളരെ താല്പര്യമുള്ള ഒരാളായിരുന്നു അദ്ദേഹം വരാപ്പുഴത്തെ റോമൻ കത്തോലിക്കർക്കായി മൂവായിരം പൂവരാഹനും മാത്തോമ്മായുടെ കീഴുള്ളവർക്കായി അതുപോലെ തുകയും നൂറ്റാണ്ടു പലിശക്കു ൧൭൦൨–ൽ ഈസ്റ്റിൻഡ്യാ കമ്പനിയിൽ എന്നാലെക്കുമായി സ്ഥാപിച്ചു എന്നാണു ഇതിന്റെ താല്പര്യം. ഈ പണം കമ്പനിയിൽ ഇട്ടു പ്രസ്തുത വത്സരം മാത്തുത്തരകന്റെ അവസാനകാലമായിരുന്നു.

തിരുവിതാംകൂർ സർക്കാരിൽനിന്നു തരകനു കൊടുക്കുവാനുണ്ടായിരുന്ന പണത്തിന്റെ ഒരു ഭാഗം കർണൽ മൻറൊ (Manro) പുത്തൻക്രൂശുകാർക്കായി കൊടുക്കേയുണ്ടായി. ൧൭൮൯–ൽ കൊടുത്ത ൨,൦൦൦ രൂപായും, ൧൭൮൨–ൽ കൊടുത്ത ൫൦,൦൦൦ രൂപായും, ൧൭൮൯–ൽ കൊടുത്ത മൻറൊ തുകയും മേൽപറഞ്ഞ വകയിൽ നിന്നാണ്. ആയിടക്കുതന്നെ തിരുവിതാംകൂറിൽ ഉണ്ടായിരുന്ന ബെയിലി എന്ന സി. എം. എസ്. പാദ്രി ഈ വാസ്തവം വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇട്ടൃപ്പും ഇതിനെ സമ്മതിച്ചുതന്നെ പറയുന്നു. (24)

൧൬. പാറെമ്മാക്കൽ ഗോവർണദോരിന്റെ മരണശേഷം ഉണ്ടായ 'ശീശ്മ' ശംക്രൂരിക്കൽ ഗീവറുഗീസു കത്തനാർ ഗോവർണദോരായി നിയമിക്കപ്പെട്ടശേഷം അവസാനിച്ചതായി മുകളിൽ (ല ൧൭) പറഞ്ഞിട്ടുണ്ടല്ലൊ. വരാപ്പുഴ, പറവാദൊ അഥവാ പുത്തഞ്ചിറ ഈ രണ്ടു അധികാരങ്ങളിൽ ഉൾപ്പെട്ടിരുന്ന സുറിയാനിപ്പള്ളികളെല്ലാം തോമ്മാക്കത്തനാരുടെ കീഴിൽ നിൽക്കണമെന്ന അദ്ദേഹത്തിന്റെ മരണകാലത്തു രാജസാധനം ഉണ്ടായ സംഗതിയും മുകളിൽ (ല ൧൭) പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ പാറേമ്മാക്കൽ ഗോവർണദോർ മരിച്ച ഉടനെ തൽസ്ഥാനത്തിൽ ഒരാൾ നിയമിക്കപ്പെടാഞ്ഞതിനാൽ ചില പള്ളികൾ വരാപ്പുഴയും ബാക്കിയുള്ളവ പറവാദോയിലും ഉൾപ്പെടേണ്ടതായി വന്നുകൂടി. തൻമൂലം ആ രണ്ടു അധികാരസ്ഥാനങ്ങളെ ആശ്രയിച്ച പള്ളികൾ അതതു ഭാഗങ്ങളിൽത്തന്നെ ചേർന്നു നിൽക്കുന്നതിലേക്കു തിരുവിതാംകൂർ സർക്കാരിൽനിന്നു രാജസാധനം മാത്തുത്തരകനും മറ്റും വാങ്ങിക്കയുണ്ടായി. ഗീവർഗീസു ഗോവർണദോരിന്റെ ചരമശേഷം ദൊമിനിക്കോസ് എന്ന ഒരു പോർട്ടുഗീസു വൈദികൻ ആ സ്ഥാനത്തിൽ നിയമിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ ഭരണകാലത്തു്, വരാപ്പുഴക്കീഴിൽ നിന്നിരുന്ന വരാപ്പുഴ പുത്തൻപള്ളിക്കു അവിടത്തെ വികാരിജനറാളായിരുന്ന പ്രൊസ്സർ പാദ്രിമൂലം അകാരണമായി പള്ളിമുടക്കും മറ്റു ചില ശിക്ഷകളും ഉണ്ടാകയാൽ ആ ഇടവകക്കാർ ദൊമിനിക്കോസ് ഗോവർണദോരിനെ ചെന്നു കണ്ടു അദ്ദേഹത്തിനു കീഴ്പ്പെടുകയും അദ്ദേഹം അവരെ സ്വന്തകീഴിൽ സ്വീകരിച്ചു മുടക്കുകളും ശിക്ഷകളുമെല്ലാം നീക്കുകയും ചെയ്തു. ഈ സംഗതികൾ ഗോവർണദോർ ൧൭൨൭ നവംബർമാസം ൭–ാംനു തന്റെ കീഴുള്ള പള്ളിക്കാർക്കു അയച്ച ഒരെഴുത്തിൽ വിവരിച്ചിട്ടുള്ളതാണ്. (25) പൌലോസു തോമ്മാ അകിനാസ് (Paul of St. Thomas Aquinas) എന്ന വേറൊരു പോർട്ടുഗീസു ദൊമിനിക്കൻ വൈദികനാ

ണ്ട് പിന്നീട് ഗോവർണദോരായി നിയമിതനായത്. ഇദ്ദേഹം കൊ
ട്ടങ്ങല്ലൂർ 'രൂപത'യുടെ മെത്രാപ്പോലീത്താ ആയി ക്രി.പി. ജനുവരി
മാസം- നിയമിക്കപ്പെടുകയും ക്രി.പി. മാർച്ചുമാസം ൨-൦൦൯- ഗോവ
യിൽവച്ചു അഭിഷേചിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹം കൊച്ചി ഇടവ
കയുടെ "അഡ്മിനിസ്ട്രേയ്റ്റർ" ആയും നിയമിക്കപ്പെട്ടിരുന്നതിനാൽ
ആ സ്ഥാനവും വഹിച്ചുപോന്നു. അക്കാലത്തു പാപ്പ്തീഭായി എന്ന ഒരു
റാണിയാണ് തിരുവിതാംകൂറിനെ ഭരിച്ചിരുന്നത്. പോർട്ടുഗീസു അ
ധികാരത്തിൽപ്പെട്ട കൊച്ചി, കൊട്ടങ്ങല്ലൂർ എന്ന ഇടവകകളിലെ പ
ള്ളിക്കാരെല്ലാം ഈ മെത്രാനു കീഴ്പ്പെട്ടിരിക്കണമെന്നു ൧൫൮൯ കും
ഭം ൩൦-൦൯-ക്കു ക്രിസ്തുബ്ദം ക്രി.പി.-ൽ റാണി ഒരു തിരുവെഴുത്തു
വിളംബരം പ്രസിദ്ധീകരിച്ചു. എന്നാൽ പിന്നീട് ൧൬൭൫ കന്നി ൨-൦൦
നു- പ്രസ്തുത റാണിതന്നെ പ്രസിദ്ധപ്പെടുത്തിയ വേറൊരു വിളംബര
ത്തിൽ ആലപ്പുഴ പുത്തൻപള്ളി, ടി. കടൽപ്പുറത്തു പള്ളി, തങ്കി, മ
നക്കോടം, കാട്ടൂർ, തുമ്പോളി എന്ന ലത്തീൻ പള്ളികൾ കൊച്ചി മെ
ത്രാന്റെ അധികാരത്തിൽനിന്നു മാറി വരാപ്പുഴ അധികാരത്തിൽ നി
ന്നുകൊള്ളണമെന്നു ആജ്ഞാപിക്കുകയുണ്ടായി. (26). തോമ്മാസ് ആ
കിനാസ് മെത്രാപ്പോലീത്തായുടെ പ്രേരണയാലും ഒരു സെമ്നാരി
യാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയും പള്ളികളിൽനിന്നുള്ള പൊ
തുമുതൽ ചെലവു ചെയ്തും പണിയിച്ചിട്ടുള്ളതാണ് ചങ്ങനാശേരിൽ
ഇപ്പോഴുള്ള പള്ളിമേട. മെത്രാപ്പോലീത്താ ചിലപ്പോഴെല്ലാം അവിടെ
താമസിക്കയുമുണ്ടായിട്ടുണ്ട്. കൊട്ടങ്ങല്ലൂർ മഹാ മെത്രാസന ഇടവക
യെ ഭരിച്ചവരും അതിലേക്കു നിയമിക്കപ്പെട്ടവരുമായ മെത്രാപ്പോലീ
ത്താമാരിൽ ഒടുവിലത്തെ ആളായ ഇദ്ദേഹം ക്രി.പി. ഡിസംബർ
൧൯-൦൯- കൊല്ലത്തു ഓലിക്കരവെച്ചു ചരമം പ്രാപിച്ചു. അവിടെ
ത്തന്നെ സംസ്കരിക്കണമെന്നു ആ ദേശവാസികളായ ക്രിസ്ത്യാനികൾ ബലമായി വാദിച്ചെങ്കിലും സുറിയാനിക്കാരുടെ മെത്രാപ്പോലീത്താ
യെ സുറിയാനിപ്പള്ളിയിൽത്തന്നെ സംസ്കരിക്കേണ്ടതിന്റെ ഔചിത്യ
ത്തെ തച്ചിൽ കൊച്ചുമാത്തുത്തരകനും, അന്നു ഒരു ശമ്മാശ് മാത്രമാ
യിരുന്ന പൗലിക്കളത്തു ലൂക്കാച്ചൻ മുതലായവരും വ്യക്തമാക്കികൊ
ണ്ടു. മൃതശരീരം ചങ്ങനാശേരിൽ കൊണ്ടുവരികയും അവിടെ ആചാ
രിക്കപ്പെടുകയും ചെയ്തു. പ്രേതാലയത്തിന്റെ മുകളിൽ ഇട്ടിരുന്ന കൽ
ത്തളിരം അവിടത്തെ പുത്തൻപള്ളിയിൽ ഇക്കാലത്തും കാണാവുന്ന
താണ്.

പെയിശിയൊത്തു് (John Doforto Paiseioto) എ
ന്ന ഒരു പോർട്ടുഗീസു വൈദികനായിരുന്ന അടുത്ത ഗോവർണ
ദോർ. അദ്ദേഹത്തിന്റെ പ്രധാന വാസസ്ഥലങ്ങൾ ഒല്ലൂരും കാഞ്ഞി
രുമായിരുന്നു. തൃശ്ശൂർ മുതലായ ചില പള്ളികൾ ഇദ്ദേഹത്തിന്റെ
ഭരണകാലത്താണ് സ്ഥാപിക്കപ്പെട്ടത്. വടക്കൻ ദിക്കുകളിൽ അക്കാ
ലത്തു വൈദികന്മാരുടെ സംഖ്യ കുറവായിരുന്നതിനാൽ മൂന്നു പട്ടക്കാ
ർ മാത്രം ചേന്ന് 'റാസ്' എന്ന തിരുക്കർമ്മം അനുഷ്ഠിക്കുന്നതിനു ഇദ്ദേ

ഹത്തോട്ട അനുവാദം ചൊദിക്കയും അപേക്ഷപോലെ അദ്ദേഹം അ നുവദിക്കയും ചെയ്തു. (ഈ അനുമതിക്കായ്ക്കും മനസ്സിലാക്കിക്കൊണ്ട നൽകിയെന്നു വിചാരിക്കുവാൻ വഴി കാണുന്നില്ല.) വടക്കൻ ദിക്കുകളിൽ ഇക്കാലത്തും മൂന്നു പട്ടക്കാർ മാത്രം ചേന്നു "റാസ" ചൊല്ലുന്ന മ ര്യാദ ഈ വിധം ഉണ്ടായിച്ചതാണ്. (27). പതുവാദോ അധികാരം കാലവിളംബംകൂടാതെ നീക്കപ്പെട്ടുപോകുമെന്ന് ഇദ്ദേഹത്തിനു അറിവു ണ്ടായിരുന്നതിനാൽ തന്റെ മരണശേഷം സമസ്ത പള്ളികളും വരാ പ്പുഴ അധികാരത്തിൽ ചേന്നുനിന്നുകൊള്ളണമെന്നു ഇദ്ദേഹം ഉപ ദേശിക്കയുണ്ടായി. ഈ ഗോവപ്പട്ടാദോർ ക്രിസ്തു ൧൬൪൨ ഓഗസ്റ്റ് മാസത്തി ൽ കാഞ്ഞൂർവെച്ചു കഥാവശേഷനാകയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. പതുവാദോ അധികാരമാകട്ടെ അതേ സം വത്സരം ഏപ്രിൽ ൨൪-ാംനു Multa Praeclare എന്ന തിരുവെഴു ത്തുമൂലം ക്ലെ-ാം ഗ്രിഗോരിയോസു മാപ്പാപ്പായാൽ നീക്കപ്പെട്ടുകയും ചെയ്തു (28).

ക്രിസ്തു. ഫ്രാൻസിസു സലേസ് മെത്രാൻ സ്ഥാനഭ്രഷ്ടനാ ക്കപ്പെട്ടശേഷം (ല. ൨) തൽസ്ഥാനത്തിൽ നിയമിതനായ യോഹ ന്നാൻ മറിയാ (John Mary of St. Thomas) എന്നയാൾക്കു മെ ത്രാൻപട്ടം ഏൽക്കുവാൻ ഇടവരാഞ്ഞതുകൊണ്ടു ക്രിസ്തുവരേ വരാ പ്പുഴത്തെ വൈദികഭരണം നിർവ്വഹിച്ചതു് ബൽജിയംകാരനായ (Flemish) കാർളോസു (Charles of St. Conrad Vanischt) എന്ന കർമ്മലീത്താ വൈദികനാണ്. അനന്തരം മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയി ലൂയിസ് മറിയം (Aloysius Maria) എന്ന കർമ്മലീത്തൻ ക്രിസ്തു-ൽ നിയമിക്കപ്പെട്ടുകയും അടുത്ത വത്സ രത്തിൽ പോണ്ടിച്ചേരിൽവെച്ചു മെത്രാൻപട്ടം ഏറ്റു മലയാളത്തിൽ എത്തുകയും ചെയ്തു. ഈ സംഗതി ഈ അദ്ധ്യായത്തിന്റെ ൨-ാം ല ക്കത്തിൽ പറഞ്ഞിട്ടുള്ളതാണ്. കരിയാറ്റിൽ യൌസേപ്പു മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും മാത്തമ്മായുടേയും മറ്റും കാ ര്യത്തിനായി പോർട്ടുഗലിലും റോമ്മയിലുംപോയി തിരിച്ചു ഇന്ത്യയിൽ വന്നതു് ഇദ്ദേഹത്തിന്റെ ഭരണകാലത്തായിരുന്നു. കൊട്ടങ്ങല്ലൂരി ന്റെ മെത്രാപ്പോലീത്താ ആയി വന്ന കരിയാറ്റിൽ മല്പാൻ ഗോവ യിൽവെച്ചു ചരമപ്രാപിച്ചശേഷം ആ മഹാ ഇടവകയെ ഗോവർ ണദോരെന്ന സ്ഥാനസംജ്ഞയോടുകൂടി ഭരിക്കുന്നതിനു തോമ്മാക്കത്ത നാരാൽ നിയമിക്കപ്പെട്ടകയാൽ സുറിയാനിക്കാരുടെമേൽ വരാപ്പുഴെ ക്കുണ്ടായിരുന്ന അധികാരം അവസാനിക്കയും തൻമൂലം ലൂയിസു മറി യം വികാരി അപ്പസ്തോലിക്കായും മറ്റു ചില മിശ്ശനറിമാരുംകൂടി സു റിയാനിക്കാരുടെമേലുള്ള സമസ്താധികാരങ്ങളും ഒഴിഞ്ഞിരിക്കുന്നതായി സക്കാരിൽ എഴുതിവയ്ക്കയും ചെയ്തു സംഗതി മേൽ വ-ാംലക്കത്തിൽ പറഞ്ഞിട്ടുണ്ട്. ലബ്ധമായ ഒരധികാരം വിട്ടുപേക്ഷിക്കേണ്ടിവരുന്ന തിൽ പ്രായേണ എല്ലാ ജനങ്ങൾക്കും വൈമുഖ്യം ഉള്ളതാണല്ലോ. സുറിയാനിക്കാരുടെമേലുള്ള അധികാരം സംഗതിവശാൽ വെച്ചൊഴി

യുവാൻ നിർബന്ധിക്കപ്പെട്ടക നിമിത്തം വികാരി അപ്പസ്തോലിക്കായും മിഷ്യനറിമാരും അങ്ങനെ ചെയ്യുകിലും അതേപ്പററി അവക്ക സുറിയാനിക്കാരോട്ട അതൃപ്തിയുണ്ടാകയും ആ രസക്ഷയത്തെ തങ്ങളുടെ എഴുത്തുകളിലും പ്രവൃത്തികളിലും പ്രത്യക്ഷീകരിക്കയും ചെയ്യു. തങ്ങളോട വിരോധഭാവത്തിൽ വർത്തിച്ചിരുന്ന ഇവരുടെ പേരിൽ സുറിയാനിക്കാരും വിരസം പ്രദർശിപ്പിക്കയും ചിലപ്പോഴെല്ലാം ആവിധം പ്രവർത്തിക്കയും ചെയ്യാതിരുന്നില്ല. കരിയാററിയും മറും യൂറോപ്പിലായിരിക്കയിൽ അവക്ക വിരോധമായി പ്രസ്തുത മിഷ്യനറിമാർ അയച്ച എഴുത്തുകളും അങ്കമാലിപ്പടിയോലയും അതേപ്പററി ഇരുകക്ഷികളും തമ്മിൽ സക്കാർ കച്ചേരികളിൽ നടന്ന വ്യവഹാരങ്ങളും ഇതിലേക്ക ഉത്തമലക്ഷ്യങ്ങളാണ. പാറേമ്മാക്കൽ ഗോവർണ്ണദോരുടെ കാലത്തു സുറിയാനിപ്പള്ളികളെല്ലാം വരാപ്പുഴനിന്ന പിരിഞ്ഞുപോയെങ്കിലും അദ്ദേഹത്തിന്റെ മരണാനന്തരം കട്ടക്കയത്തിൽ അബ്രാഹം മല്പാന്റെ കാലത്തു ശിശ്രൂഷയുണ്ടാകകൊണ്ട് ചില സുറിയാനിപ്പള്ളികൾ വീണ്ടും ലൂയിസു മറിയം വികാരി അപ്പസ്തോലിക്കായുടെ ഭരണത്തിന്റെ അന്തിമഘട്ടത്തിൽ –എന്നുവച്ചാൽ ൧൮൦൪– അദ്ദേഹത്തിന്റെ കീഴിൽത്തന്നെ ചെന്നുചേരുവാനിടയായി. ശിശ്രൂ ഉപേക്ഷിച്ചുവന്ന പണ്ടാരി പൌലോസുമെത്രാൻ ഇദ്ദേഹത്തിനാണ കീഴ്പ്പെട്ടതു്. ൧൮൦൫ ഏപ്രിൽ മാസത്തിൽ ലൂയീസു മറിയം വികാരി അപ്പസ്തോലിക്കാ മരിക്കയും വരാപ്പുഴെ സംസ്ഥാനം പുനരുദ്ധരിക്കപ്പെട്ടകയും ചെയ്തു.

തിരുവിതാംകൂർ നാടുവാഴിയായ രാമവർമ്മ മഹാരാജാവിന്റെ എഴുത്തു റോമയിൽ എത്തിയതു് ൧൯-ാം പീയുസ മാർപ്പാപ്പായുടെ ഭരണകാലത്താണെന്നു മുമ്പു (൨-ാം ലക്കത്തിൽ) പറഞ്ഞുവല്ലോ. ആ മാർപ്പാപ്പാ ഒരു തിരുവെഴുത്തും സ്വന്ത ചായാപടവും ൧൮൦൨ ഫെബ്രുവരി ൨൪-൦൦൯- മഹാരാജാവിനു അയച്ചുകൊടുത്തു. തിരുവെഴുത്തു താഴെ ഉദ്ധരിക്കുന്നു:–

## PIUS PP. VI.

"Illustris, ac Potentissime Rex Salutem, et lumen Divinæ gratiæ.

Exoptatissimæ Nobis erant litteræ Majestatis Tuæ, quæ nuperrime redditæ sunt, easque tanta animi Nostri jucunditate, tantoque cum honore excepimus, quantus tam potentis Regis dignitati convenit, quantusque solet, cum litteræ, mximorum Europæ Regum adveniunt, a Nobis exhiberi. Ex hac officii erga Te nostri parte facile cognoscere potes, Illustris, et Potentissime Rex, quo in pretio habeamus ea, quæ aTe deferuntur, quasque erga Te propterea et gratias, et laudationes cumulare apud omnes contendamus. Atque hoc tanto impensius ac studiosius nunc facimus, quanto magis ea, quæ in iis litteris continentur, magnitudinem animi Tui, ac in Nos humanitatem præseferunt.

Quid enim Nobis umquam gratius, atque acceptius accidere a Te potest, quid luculentiore gaudio cor Nostrum perfundere, quam cum ex Te ipso agnoscimus qua benignitate, clementia, planeque regio patrocinio prosequaris, ac foveas istos Missionarios Nostros et Christianos omnes, quos paterne amore complectimur, ac inter Dilectos Filios numeramus. Tuæ hujusmodi præclaræ significationes majorem in modum augent in Nobis, quam de Te gerimus fiduciam, certissime fore, ut maximum adjunctu rus sis pondus novæ commendationi nostræ, qua vehementer apud Te instamus, ut peculiariter tueri Tua auctoritate pergas Christianos tam Latinos, quam Sorianos, qui in Tua ditione commorantur, præsertimque Vicarium, ac Patres Verapoly degentes, ut hi nimirum Regis freti præsidio libere valeant illis semper præsto esse in suæ religionis exercitationibus: atque id ipsum ut majori animi tui alacritate praestare velis, Tibi omnino asseveramus, tam in ejusdem religionis praescriptis, quam in mandatis esse Nostris, ut quam Regi debent Tibi itidem suo Patrono quantam maximam possunt fidem, obsequium, obedientiam constanter ex animo deferant, planeque satagant, ne umquam Te favoris eisdem exhibiti pœnitere possit. Illud etiam Tibi confirmamus, quidquid iis benigne feceris, in Nos ipsos a Te collatum esse reputaturos. Ut porro comprobemus Tibi, quam gratum Nobis advenit transmissum a Te munus Imaginis Tuae, quae Tuam scilicet humanitatem, majestatemque ipsis oculis conspiciendam Nobis exhibet, invicem Nos Tibi Nostram effigiem mittendam duximus, quae apud Te esse possit perenne monumentum amoris, existimationis, studiique in Te Nostri, ac desiderii itidem, ut prosperi, laetissimique semper per diuturnum Tuae regiae vitae cursum Tibi, Tuoque regno successus contingant. Deum O. M. propterea oramus, ut compotem Te suae gratiae faciat, per quam veris potiri bonis, ac eam quae apud ipsum est felicitatem et gloriam consequi; Rex Potentissime, valeas.

Datum Romae apud S. Petrum sub annulo Piscatoris die. 24 Februarii 1790. Pontificatus Nostri Anno Decimo Sexto".

ഇതിന്റെ സാരം:— ൧. മഹാരാജാവിന്റെ എഴുത്ത് യൂരോപ്പിലെ പ്രധാന രാജാക്കന്മാരുടെ എഴുത്തുകൾ കൈപ്പറ്റുന്നവിധം സന്തോഷത്തോടും മാന്യതയോടുംകൂടി കൈപ്പറ്റിയെന്നും, ൨. ഈ സ്വീകാരത്തിൽനിന്ന രാജാവിന്റെ എഴുത്തിലെ കായ്ങ്ങളെ എത്ര മതിക്കയും അവിടത്തെപ്പേരിൽ എത്രയധികം കൃതജ്ഞനായിരിക്കയും ചെയ്യുന്നെന്ന സകലരും അറിവാൻ എത്രമാത്രം ശ്രമിക്കുന്നെന്ന ഗ്രഹിക്കാമെന്നും, ൩. മാപ്പിപ്പായുടെ വാത്സല്യ പുത്രന്മാരായ മിഷ്യനറിമാരേയും സമസ്ത ക്രിസ്ത്യാനികളേയും വലിയ അനുഗ്രഹത്തോടും ദയയോടുംകൂടി പരിപാലിക്കുന്നെന്ന രാജാവിൽനിന്നതന്നെ അറിവാ

ൻ ഇടയായതു സന്തോഷപ്രദമായിരിക്കുന്നെന്നും, ൪. വരാപ്പുഴ വികാരി അപ്പസ്തോലിക്കായേയും മിഷ്യനറിമാരേയും ലത്തീൻ, സുറിയാനി എന്ന രീത്തുകളിൽ ഉൾപ്പെട്ട ക്രിസ്ത്യാനികളേയും പ്രത്യേകവിധം ആദരിക്കയും അവർ രാജസഹായത്തിന്മേൽ ആശ്രയിച്ചു വേദകാര്യങ്ങളെ വിഘ്നമില്ലാതെയും സന്തോഷത്തോടുകൂടിയും നിർവ്വഹിക്കുന്നതിനു ഇടയാക്കുകയും ചെയ്യണമെന്നു മാപ്പാപ്പാ ചെയ്യുന്ന ശുപാർശിയെ മഹാരാജാവു കാര്യമായി കരുതുമെന്നുള്ള പ്രതീക്ഷ രാജസാധനത്തിലെ സംഗതികൊണ്ടു മാപ്പാപ്പായിക്കു ഉറപ്പുവന്നിരിക്കുന്നെന്നും, ൫. മേൽപറയപ്പെട്ടവർ തങ്ങളുടെ രക്ഷാധികാരിയായ മഹാരാജാവിന്റെ പേരിൽ എത്രയും വിശ്വാസത്തോടും, വണക്കത്തോടും അനുസരണയോടും വർത്തിക്കയും അവർക്കു ചെയ്യുന്ന ഉപകാരങ്ങളെപ്പറ്റി മഹാരാജാവു പശ്ചാത്തപിക്കുവാൻ ഇടയാകാതിരിക്കത്തക്കവണ്ണം പെരുമാറുകയും ചെയ്യണമെന്നു വേദനിയമവും മാപ്പാപ്പായുടെ കല്പനയും അവരെ നിർബന്ധിക്കുന്നെന്നു രാജാവിനെ അറിയിക്കുന്നെന്നും, ൬. അവർക്കായി ചെയ്യുന്ന സകല സംഗതികളും തനിക്കുതന്നെ ചെയ്തതായി കരുതുന്നതാണെന്നും, ൭. മഹാരാജാവിന്റെ ഛായാപടം അയച്ചതിനെപ്പറ്റിയുള്ള നന്ദിസൂചകമായും രാജാവിനും രാജ്യത്തിനും സകല ഐശ്വര്യങ്ങളും ഉണ്ടാകണമെന്നുള്ള ആശംസകളുടെ ലക്ഷ്യമായും സ്വന്ത ഛായയെ അയക്കുന്നെന്നും, ൮. സത്യഭാഗ്യവും ദൈവസമക്ഷം യഥാർത്ഥ മഹിമയും നൽകുന്ന അനുഗ്രഹത്തെ രാജാവിനായി ദൈവത്തോടു പ്രാർത്ഥിക്കുന്നെന്നുമാണ്. ഈ തിരുവെഴുത്തു ൧൯൯൪-ൽ ലൂയീസ് മറിയം വികാരി അപ്പസ്തോലിക്കായുടെ ഭരണകാലത്തു വരാപ്പുഴെ വന്നെത്തുകയും ആയാണ്ടു ഏപ്രിൽമാസം ൨൦-ാംനു- മഹാരാജാവിനു സമർപ്പിക്കപ്പെടുകയും ചെയ്തിരുവെഴുത്തു സ്വീകരിച്ചസമയം മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും സന്നിഹിതരായിരുന്നു. ബഹുമാനസൂചകമായി ഇരുപത്തൊന്നു പീരങ്കിവെടി ധ്വനിപ്പിക്കപ്പെട്ടകയുമുണ്ടായി. (28. B)

ലൂയീസ് മറിയയുടെമരണശേഷം റെയ്മുൻഡ് (Reymond of St. Joseph) എന്ന വൈദികൻ ൧൭൦൨-ൽ അഡ്മിനിസ്ട്രേയ്ററർ ആയും ൧൭൦൭-ൽ വികാരി അപ്പസ്തോലിക്കാ ആയും നിയമിക്കപ്പെട്ടു, ബോംബയിൽവച്ചു വാഴ്ചയേൽക്കയും ൧൭൧൩വരെ ഭരണം നിർവ്വഹിക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലത്തു നൂറു സുറിയാനിപ്പള്ളികളും ൧൭ ലത്തീൻപള്ളികളുമാണു വരാപ്പുഴക്കീഴുണ്ടായിരുന്നതു്. കൊട്ടങ്ങല്ലൂർക്കീഴിൽ അന്നുൾപ്പെട്ടിരുന്ന സുറിയാനിപ്പള്ളികളുടെ സംഖ്യ ൭൫ ആണ്. പുത്തൻക്രൂശുകാർക്കു അക്കാലത്തു ൭൭ പള്ളികളുണ്ടായിരുന്നു. ഡോക്ടർ ക്ലോഡിയസ് ബുക്കാനാൻ (Dr. Claudius Buchanan) ൧൭൮൭-ലും കൽക്കത്തായിലെ പ്രൊട്ടസ്റ്റാന്റു മെത്രാനായ മിഡിൽടൻ (Middleton) ൧൭൯൯-ലും വരാപ്പുഴ സന്ദർശിക്കയുണ്ടായി (29). ൧൭൯൯ ജൂലായി മാസത്തിൽ റെയ്മുൻഡ് നാമാവശിഷ്ടനായിത്തീർന്നു.

റെയ് മുൻഡ് നിയ്ക്തനായശേഷം വലിയ മോഗലിന്റെ വികാരി അപ്പസ്തോലിക്കാ ആയ പത്രോസ് അൽക്കാന്തരാ (Peter d' Alcantara Ramazzini) മലയാളത്തിന്റെ അഡ്മിനിസ്ത്രെയ്ററർ ആയി നിയമിക്കപ്പെട്ടു. ക്വ.ക മുതൽ ക്വ൫ വരെ വരാപ്പുഴയുടെ ഭരണസംബന്ധമായ കാര്യങ്ങളെ അദ്ദേഹം അനേഷിക്കയും ഇടയ്ക്കിട വരാപ്പുഴെവന്നു വൈദിക വിദ്യാർത്ഥികൾക്കു പട്ടംകൊടുക്കയും ചെയ്തിരുന്നു. മലയാളത്തിലെ സുറിയാനി കമ്മലീത്താ സഭയുടെ ആദ്യ പ്രിയോർജനറാളും പുണ്യശ്ലോകനുമായ ചാവറ കുറിയാക്കോസു അഥവാ കുറിയാക്കോസ് ഏലിയാ അച്ചനും, മുട്ടുചിറ പറമ്പിൽ പൌലോസച്ചനും, വൈക്കത്തു മുല്ലക്കരിയച്ചൻ, പഴയകടവിലച്ചൻ എന്നിവരും മറ്റു പല അച്ചന്മാരും ഇദ്ദേഹത്തിൽനിന്നാണ് 'ആസ്ഥപ്പാട്ട്'പട്ടം സ്വീകരിച്ചത്.

ക്വ൫ മുതൽ ക്വ൬ വരെ വികാരി അപ്പസ്തോലിക്കാ ആയിരുന്നതു ഐറീഷ്കാരനും കമ്മലീത്താ സഭയുടെ ഒരു വിഭാഗമായ സപാദുക സഭയിലെ അംഗവുമായ മിലെസ് പ്രെൻഡെർഗാസ്റ്റ് (Miles Prendergast) എന്ന വൈദികനാണ്. ഇദ്ദേഹം ക്വ൫—ൽ നിയുക്തനാകയും ക്വ൬ക്വ—ൽ റോമായിൽ വച്ചു പട്ടാഭിഷേകം സ്വീകരിക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലംവരെ വരാപ്പുഴത്തെ വികാരി അപ്പസ്തോലിക്കാമാർ മിഷ്യനറിമാരെ അയച്ചു പള്ളിസന്ദർശനം നടത്തുകയല്ലാതെ താനേ സന്ദർശനത്തിനായി പുറപ്പെടുക പതിവുണ്ടായിരുന്നില്ല. ഇദ്ദേഹമാകട്ടെ സ്വയമേ സന്ദർശനം നടത്തുവാൻ ആരംഭിച്ചു. ആദ്യമായി സന്ദർശിച്ചതു കുടമാളൂർ പള്ളിയാണ്. അവിടെ പാർത്തിരുന്നതിനിടയ്ക്കു വരാപ്പുഴ മിസംവക വസ്തുക്കളെ സംബന്ധിച്ചു പ്രൊസ്തർ പാദ്രിമൂലമുണ്ടായ ചില കുഴപ്പങ്ങളെപ്പറ്റി കേട്ടതെത്തെ പ്രോട്ടെസ്റ്റാന്തു മിഷ്യനറിമാരുമായി ആലോചിച്ചു വേണ്ട വ്യവസ്ഥ ചെയ്തു. പ്രോട്ടെസ്റ്റാന്തു മിഷ്യനറിമാരുടെമിത്രമായിരുന്ന പുത്തൻക്രൂർ കുയ്ൻ മെത്രാനേക്കൊണ്ടു ഇക്കുയ്ത്തിൽ വേണ്ട ഒത്താശകൾ ചെയ്യിക്കുന്നതിനു മിലേസിനോടുകൂടി കുടമാളൂർ പാർത്തിരുന്ന പള്ളിപ്പുറത്തു പാലസ്സൽ തോമ്മാച്ചൻ വളരെ പരിശ്രമം ചെയ്തിട്ടുണ്ട്. സുറിയാനി ക്രമത്തിലുള്ള കുർബാനയിൽ തിരുശരീരം തിരുരക്തത്തിൽ മുക്കുക പതിവുള്ളതു നിറുത്തൽ ചെയ്യണമെന്നു ഈ മെത്രാൻ വളരെ ബലമായി നിഷ്കർഷിക്കുകയുണ്ടായി. മലങ്കരയിലെ മല്പാന്മാരെല്ലാം അതിനു വിരോധം പുറപ്പെടുവിച്ചു. ഇങ്ങനെ ഒരു മാറ്റം വരുത്തുവാനുള്ള അധികാരം തനിക്കില്ലെന്നും ഈവിധ മാറ്റം പാടുള്ളതല്ലെന്നും കൊടുങ്ങല്ലൂരിലെ ഗോവർണ്ണദോരും പ്രസ്താവിച്ചു. അതിനാൽ മിലേസു തന്റെ അഭിപ്രായം വിട്ടുപേക്ഷിക്കേണ്ടതായി വന്നുകൂടി. ദേശംകൊണ്ടും സഭകൊണ്ടും വ്യത്യസ്തനും പെരുമാറ്റത്തിൽ മറ്റാളുകളോടു യോജിക്കാത്തവനുമായ ഈ മെത്രാനും മിഷ്യനറിമാരും തമ്മിൽ രസക്ഷയം ഉളവാക്കുകയാൽ ക്വ—ാം ലെയോൻ മാപ്പാപ്പാ ക്വ൬ മെയ് മാസം ൨൯-ാംനു- ഇദ്ദേഹത്തെ തിരികെ

വിളിപ്പിക്കയും അദ്ദേഹം ക്രി.വ. ഫെബ്രുവരി ൨–ാംനു- മലയാളം വിട്ടു ബോംബയിൽ പോയി അവിടെ ആത്മിക വൃത്തികളിൽ ആയുശ്ശേഷത്തെ വിനിയോഗിക്കയും ചെയ്തു.

പിന്നീടു സഹാദ്ധകനായ മൌറേല്ലിയോസ് സുബിലീനി (Maurellius Stabilini) യാണ് വികാരി അപ്പസ്തോല്ക്കാ ആയിത്തീർന്നത്. ഇദ്ദേഹം ക്രി.വ. ൧൬൯൮-ൽ നിയമിതനാകയും ബോംബയിൽ വച്ചുതന്നെ ക്രി.വ. ൧൭൦൦ ന്റെ ആരംഭത്തിൽ വരാപ്പുഴ എത്തുകയും ചെയ്തു. കേരളീയ കമ്മൽ സഭയുടെ മൂലസ്ഥാനമായ മാന്നാനം ആശ്രമത്തിന്റെ ശിലാസ്ഥാപനകർമ്മം ക്രി.വ. ൧൭൦൨-ൽ ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലാണ് നിർവ്വഹിക്കപ്പെട്ടത്. ആശ്രമസ്ഥാപനത്തിനായുള്ള അനുവാദം അതിന്റെ ആദ്യ പരിശ്രമികളും വിശുദ്ധാത്മാക്കളുമായ പോത്തുക്കരെ തോമ്മാക്കത്തനാർ, പാലക്കൽ തോമ്മാക്കത്തനാർ എന്നിവർക്കു സസന്തോഷം നൽകിയതും ഇദ്ദേഹംതന്നെ. ഈ സൽക്കൃത്തിനു സഹായമായി അവിടുന്നുതന്നെ ൨൦൦ ബ്രിട്ടീഷ് രൂപാ പ്രദാനം ചെയ്കയും എല്ലാ പേരും ഇതിലേക്കു കഴിയുന്നതും സഹായിക്കണമെന്നു ഒരു കല്പന ക്രി.വ. നവംബർ ൫–ാംനു- പള്ളികൾക്കു അയക്കയും ചെയ്തു. ചാവറ കുറിയാക്കോസച്ചനു കുർബാനപ്പട്ടം കൊടുത്തതു ഇദ്ദേഹമാണ്. അഞ്ഞൂറിക്കാക്കു പട്ടം കൊടുത്തതുകൊണ്ടു എഴുനൂറിക്കാക്കുണ്ടായ വിരോധം നിമിത്തം ഇദ്ദേഹം അറയ്ക്കൽപോയി താമസിക്കയും മേലധികാരത്തിൽനിന്നു വിളിക്കപ്പെട്ടതുകൊണ്ടോ സ്വമനസ്സാലൊ ക്രി.വ. ൧൭൦൫-ൽ മലയാളം വിട്ടു സ്വദേശമായ ഇറലിയിലേക്കു മടങ്ങുകയും ചെയ്തു. അവിടെ ഫെറാറെ (Ferarae) എന്ന സ്ഥലത്തുവച്ചു ക്രി.വ. ൧൭൧൭-ൽ ചരമം പ്രാപിച്ചു.

ഫ്രാൻസീസ് സേവിയർ (Francis Xavier Peseetto of St. Anne) എന്ന ദേഹമാണ് അടുത്ത വികാരി അപ്പൊസ്തോലിക്കാ. റെയ്മുൻഡിന്റെ പിൻഗാമിയായി മുമ്പു ഇദ്ദേഹത്തെ നിയമിക്കയുണ്ടായെങ്കിലും അന്നു ആ സ്ഥാനം സ്വീകരിക്കാതെ ഒഴിഞ്ഞുകളയുകയാണ് ചെയ്തത്. ഇദ്ദേഹം ക്രി.വ. ൧൭൧൨-ൽ നിയമിക്കപ്പെടുകയും ആയാണ്ടു ഡിസം. ൫–ാംനു- ബോംബയിൽ വച്ചു പത്രോസ് അൽക്കാന്തരാ എന്ന മെത്രാനിൽനിന്നു അഭിഷേകം സ്വീകരിക്കയും ചെയ്തു. അടുത്തയാണ്ടു മകരം ൯–ാംനു- മലയാളത്തിൽ വന്നെത്തി. വളരെക്കാലമായി മലയാറ്റൂർ പള്ളിയിൽ നടന്നുകൊണ്ടിരുന്ന വഴക്കുകളെ ഇരുകക്ഷികൾക്കും തൃപ്തികരമായ വിധത്തിൽ ഇദ്ദേഹം പറഞ്ഞു തീർത്തു. ചേരാനല്ലൂർ ഒരു ഇടവകയായിത്തീർന്നതു ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്.

പോർട്ടുഗീസു ഗവർമ്മെണ്ടിന്റെ ശക്തി ഇന്ത്യയിൽ പ്രബലീകൃതമായിരുന്ന കാലം; ൧൬ എന്ന ശതാബ്ദങ്ങളിൽ ഗോവ, കൊച്ചി, മൈലാപ്പൂർ മുതലായി പല മെത്രാസനങ്ങളെ വി. സിംഹാസനം സ്ഥാപിച്ചു. അതുകളിന്മേൽ 'പത്രൊവാദോ' എന്നു പറയാറുള്ള രാജസംരക്ഷണാധികാരം (Royal Patronage) പോർട്ടുഗൽ രാജാക്കന്മാർക്കു

ന്മാക്ക മാപ്പാപ്പാ കൊടുത്തിട്ടുണ്ടായിരുന്നു. ഈ അവകാശത്തിന്റെ സ്വഭാവം പോർട്ടുഗൽ രാജാക്കന്മാർ ആ മെത്രാസനങ്ങളെ ഭരിക്കുന്നതിനായി കാണച്ചുകൊടുക്കുന്ന വൈദികന്മാരെ (മതിയായ വിരോധകാരണമില്ലെങ്കിൽ) മാപ്പാപ്പാമാർ മെത്രാന്മാരായി സ്വീകരിക്കയും അവക്ക 'ബൂള' എന്ന പറഞ്ഞുവരുന്ന അധികാരപത്രം കൊടുക്കയും ചെയ്ക എന്നതാണ്. ക്രിൻൻ-ൽ ഉണ്ടായ ഉദയംപേരൂർ സൂനഹദോസുമൂലം സുറിയാനിക്കാരുടെ അങ്കമാലി മഹാ മെത്രാസനത്തിന്മേലും പോർട്ടുഗൽ രാജാക്കന്മാക്ക സംരക്ഷണാവകാശം സിദ്ധിച്ചു. പതുവാദോ അവകാശമുള്ള ഇടവകളിലെ മെത്രാന്മാക്കും വികാരിമാക്കും പള്ളികൾക്കും വേണ്ടിവരുന്ന ധനസഹായം ചെയ്യണമെന്നുള്ളതു അതു സിദ്ധിച്ചിരിക്കുന്ന ഗവമ്മെണ്ടിന്റെ മുമതലയാണ്. രാജ്യകലഹങ്ങൾ നിമിത്തം ചില കാലങ്ങളിൽ പോർട്ടുഗൽ ഗവമ്മെണ്ടും വി. സിംഹാസനവും തമ്മിലുള്ള ബന്ധം വിട്ടുപോകയാൽ ഇന്ത്യയിലെ മെത്രാസനങ്ങളിൽ ചിലപ്പോഴെല്ലാം മെത്രാന്മാർ ഇല്ലാതെ വന്നിട്ടുണ്ട്. പതുവാദോ ഭരണത്തിന്റെ ദോഷംകൊണ്ടു പള്ളിക്കാര്യങ്ങൾ നേരാംവണ്ണം നടക്കാതെയും വന്നിട്ടുണ്ട്. ക്രവ-ാം-ൽ ദൊന്ന മരിയാദ് ഗ്ലൊറിയാ (Danno Maria de Gloria) എന്ന രാജ്ഞി പോർട്ടുഗലിനെ ഭരിച്ചുവരവേ, വലുതായ ഒരു വിപ്ലവം ഉണ്ടായി. രാണിയുടെ ഭർത്താവായ മിഗെൽ (Miguel) കിരീടാവകാശി അല്ലാതിരിക്കെ, താൻ കിരീടാവകാശിയും രാജാവുമാണെന്ന വിളംബരം ചെയ്തതിനാൽ ബ്രാസിൽ (Brasil) രാജ്യത്തിന്റെ ചക്രവർത്തിയും രാണിയുടെ പിതാവുമായ പേദ്രോ (Pedro) ഒരു വലിയ സൈന്യത്തോടുകൂടിവന്നു യുദ്ധംചെയ്തു മിഗെലിനെ തോല്പിക്കയും ക്രവ-ാമൽ മേൽപ്പറഞ്ഞ ദോന മരിയായെ രാജ്ഞിയായി സ്ഥാപിക്കുകയും ചെയ്തു. ഈ യുദ്ധത്തിൽ മിഗെലിന്റെ ഭാഗത്തു ചേർന്നവരുടെ വസ്തുക്കളെല്ലാം പേദ്രോ കണ്ടുകെട്ടുകയും സന്ന്യാസാശ്രമങ്ങളെ നിർമൂലമാക്കുകയും അവയുടെ വസ്തുക്കളെ സക്കാരിലേക്കു ചേർക്കയും ചെയ്തു. ഇതു കാരണത്താൽ വി. സിംഹാസനത്തോട്ടുള്ള സകല ബന്ധവും നിന്നുപോയി. ഈ അവസ്ഥ എട്ടു സംവത്സരം നീണ്ടിച്ചു. ഇങ്ങനെ ഇരിക്കെ ക്രവ-ാ-ൽ 'മൽത്താ പ്രൈക്ലാരെ' (Multa Praeclare) എന്ന തിരുവെഴുത്തു ക്രസ്ാം ഗ്രിഗോരിയോസു മാപ്പാപ്പാ പ്രസിദ്ധീകരിച്ചു. തൻമൂലം കൊടുങ്ങല്ലൂർ, കൊച്ചി, മൈലാപ്പൂർ, മലാക്കാ എന്ന ബ്രിട്ടീഷ് രാജ്യങ്ങളിലുള്ള മെത്രാസനങ്ങളെ നിറുത്തലാക്കിക്കൊണ്ടു അവയിലെ ക്രിസ്ത്യാനികളെ വരാപ്പുഴ, പുതുച്ചേരി, കൊളംബു, മദ്രാസ്, കൽക്കത്താ, ആവാ, പെഗു എന്ന സ്ഥലങ്ങളിലെ വികാരി അപ്പസ്തോലിക്കാമാരുടെ അധികാരത്തിൽ സ്ഥാപിച്ചു. ഈ പുതിയ നിശ്ചയം പതുവാദോ അധികാരികൾക്കു അത്ര രുചിക്കുന്നതല്ലല്ലൊ. അവർ മാപ്പാപ്പായുടെ ഈ വ്യവസ്ഥകളെ സമ്മതിക്കാതെ മത്സരിക്കയും പല ഭിക്കുകളിൽ ശീശ്മയുണ്ടാക്കയും ചെയ്തു. ഗോവയുടെ മെത്രാപ്പോലീത്താ ആയ ക്രവ-ാമ-ൽ വന്ന ജോസേഫ് ദെ-

സിൽവ തോമസ്, വികാരി അപ്പസ്തോലിക്കാമാരുടെ കീഴിൽ സ്ഥാപിക്കപ്പെട്ട സ്ഥലങ്ങളിൽ തനിക്കില്ലാത്ത അധികാരം പ്രവർത്തിച്ചതിനാൽ ക്നാ൦ ഗ്രീഗോരിയോസ് മാപ്പ്പ്പാ "മോനിത്തോരിയും" എന്ന പറയുന്ന ശാസനാരൂപേണയുള്ള ഒരു തിരുവെഴുത്തു കവർന്ന മീനമാസം ക൨൦ നാ- അദ്ദേഹത്തിനയച്ചു. അതു അദ്ദേഹം അനുസരിക്കായ്കകൊണ്ടു, ക്നാ-൦ ഗ്രിഗോരിയുടെ സ്ഥാനത്തിൽ വി. പത്രോസിന്റെ സിംഹാസനത്തിൽ ആരൂഢനായ ൯൨൦ പീയൂസ് മാപ്പ്പ്പാ കവർന്ന മിഥുനം ക്നാ൨൦നാ- രണ്ടാമത്തെ ഒരുമോനിത്തോരിയും അയച്ചു. മാത്രമല്ല, തോമസിനെ യൂറോപ്പിലേക്കു വിളിപ്പിക്കയുംചെയ്തു. ഇൻഡ്യയിൽ താൻ ചെയ്ത തെറ്റുകളെപ്പറ്റി പശ്ചാത്തപിച്ചു് ക്ഷമായാചനം ചെയ്യുന്ന ഒരെഴുത്തു കവർണ്ണ൦ വൃശ്ചികം൨൦നാ- അദ്ദേഹം ലിസ്ബനിൽനിന്നു മാപ്പ്പ്പായിക്കു അയക്കുകയുണ്ടായി. എന്നാൽ ശീശു ഇതുകൊണ്ടും അവസാനിച്ചില്ല. ശീശുക്കാർ മക്കാവോയിലെ മെത്രാനെ വരുത്തുന്നതിനായി ശ്രമം ചെയ്തു. അയാൾവന്നു സഭാനിയമങ്ങൾക്കെല്ലാം വിരോധമായി അധികാരം പ്രവർത്തിച്ചുതുടങ്ങി. ഈ വർത്തമാനം റോമയിൽ എത്തുകയാൽ ൯൨൦ പീയൂസ് മാപ്പ്പ്പാ കവർണ്ണ മാർച്ചു പത്താം തീയതിയും പിന്നീടു ആയാണ്ടു ഇടവം ൯൨൦നാ-യും മക്കാവോമെത്രാനു ശാസനാരൂപത്തിൽ തിരുവെഴുത്തുകൾ അയച്ചു. ക്രൂടതെ, മേൽപറഞ്ഞ രണ്ടാമത്തെ തീയതിയിൽ ഒപ്പിട്ടതും Probe nostis എന്നു ആരംഭിക്കുന്നതുമായ ഒരു തിരുവെഴുത്തിൽ ആ മെത്രാന്റെ പ്രവൃത്തികളുടെ തെറ്റിനെ ചൂണ്ടിക്കാണിച്ചശേഷം അദ്ദേഹത്തിന്റെ പ്രധാന സഹായികളായ നാലു വൈദികന്മാരെ നാമം തിരിച്ചു പറഞ്ഞുകൊണ്ടു വലിയ മഹറോനിൽ ഉൾപ്പെടുത്തുകയും ചെയ്തു. അനന്തരം ആ തിരുവെഴുത്തിൽ വിശ്വാസികളായ സകലപേരോടും താഴ പറയുന്നവണ്ണം ഉപദേശിച്ചിരുന്നു:- Dominum et vos,dilecti nostri filii, et Christi fideles alloquimur, et amantissime admonemus, ac hortamur ut eos qui e praepositis vobis pastoribus et a Nostra propterea communione abstrahere adnituntur, studiose devitetis, neque ab ea, extra quam nulla salus esse potest, unitate avelli unquam patiamini. Cavete ab iis qui veniunt ad vos in vestimentis ovium, intrinsecus autem sunt lupi rapaces. Iterum vobis nuntiamus nullam prorsus Goanensibus aliisque presbyteris, qui vos conturbant iurisdictionem et auctoritatem, aut ministerii exercendi in regionibus istis, in quibus Vicarii Nostri, et Apostolicae sedis instituti fuerunt, facultatem inesse, ita ut nonnisi in perniciem animarum vestrarum, quousque legitimis eisdem praesentibus abscissi ii maneant, illis adhaereretis. ഇതിന്റെതാല്പര്യം:-ഒടുവിൽ നമ്മുടെസ്നേഹമുള്ള

മക്കളും മിശിഹായിൽ വിശ്വസിക്കുന്നവരുമായ നിങ്ങളോട നാം പറയുന്നതും അത്യന്ത സ്നേഹപൂർവ്വം ഉപദേശിക്കുന്നതും നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമെന്തെന്നാൽ; നിങ്ങളുടെ അദ്ധ്യക്ഷന്മാരിൽനിന്നും തദ്വാരാ നമ്മോടുള്ള സംയോജ്യതയിൽനിന്നും നിങ്ങളെ വേർപെടുത്തുവാൻ ശ്രമിക്കുന്നവരിൽനിന്ന ഉത്സാഹപൂർവ്വം അകന്നുകൊൾവിൻ യാതൊരു സംയോജ്യതക്രൂടാതെയും നിത്യരക്ഷ അസാദ്ധ്യമായിരിക്കുന്നു. ആ സംയോജ്യതയിൽനിന്ന വേർപെടുത്തപ്പെടുവാൻ ഒരിക്കലും സമ്മതിക്കാതിരിക്കുവിൻ. ചെമ്മരിയാടുകളുടെ വേഷം ധരിച്ചു നിങ്ങളുടെ അടുക്കൽ വരുന്നവരും ഉള്ളേ ക്രൂരചെന്നായ്ക്കളുമായ ആളുകളിൽനിന്ന സൂക്ഷിച്ചുകൊൾവിൻ. നമ്മുടെയും വി. സിംഹാസനത്തിന്റെയും വികാരി അപ്പസ്തോലിക്കാമാർ നിയമിക്കപ്പെട്ടിരിക്കുന്ന നാടുകളിൽ ഗോവക്കാർക്കും നിങ്ങളെ കലക്കുന്ന മറു പട്ടക്കാർക്കും യാതൊരു അധികാരവും വിശുദ്ധ കർമ്മങ്ങളെ ചെയ്യുന്നതിനു അനുവാദവും ഇല്ലെന്നും അവർ വ്യവസ്ഥാപിതന്മാരായ മേലുദ്യോഗസ്ഥന്മാരിൽനിന്ന വേർതിരിഞ്ഞുനില്ക്കുന്ന കാലത്തോളം നിങ്ങളുടെ ആത്മാക്കളുടെ നാശത്തിനായിട്ട മാത്രമേ നിങ്ങൾ അവരോട ചേരുകയുള്ള എന്നും വീണ്ടും നിങ്ങളോട നാം അറിയിക്കുന്നു." കൊച്ചി ഇടവകയുടെ ഗോവർണദോരായ മനുവേൽ ദേ- സാൻ- യോവാക്കിം- നേവസ് എഴുത്താലും പ്രവൃത്തികളാലും സക്കാരിൽ ബോധിപ്പിച്ചുവന്ന ഹർജികളാലും കഴിയുന്നതും വിരോധിച്ചെങ്കിലും, വരാപ്പുഴ മിഷ്യനറിമാരുടെ പരിശ്രമംമൂലം ആ ഇടവകയിൽ നാലിൽ മൂന്നു ഭാഗവും ശീശ്മ ഉപേക്ഷിച്ചു വികാരി അപ്പസ്തോലിക്കായിക്കു കീഴ്പ്പെട്ടു. മാന്നാനം ആശ്രമത്തിന്റെ സ്ഥാപനകർത്താവും അവിടെ പണികൾ നടത്തിവന്നയാളുമായ പോത്തുക്കര തോമ്മാ മല്പാനെ, പ്രൻസിസ്സോസു ശവയ്യർ മെത്രാൻ, പതുവാദോശീശ്മയോടെതിർത്തു യുദ്ധംചെയ്യുന്നതിനായി കൊല്ലത്തേക്ക അയക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പരിശ്രമഫലമായി പല പള്ളികൾ ശീശ്മപരിത്യജിച്ചു വരാപ്പുഴയ്ക്കു കീഴ്പ്പെട്ടിട്ടുണ്ട്. സുറിയാനിക്കാരുടെ കൊടുങ്ങല്ലൂർ മഹാമെത്രാസനമാകട്ടെ മാപ്പിപ്പായുടെ മനസ്സും നിശ്ചയങ്ങളും അറിഞ്ഞ മാത്രയിൽ ഒന്നാകെ വരാപ്പുഴ അധികാരത്തിൽചെന്നുചേർന്നു. പ്രൻസിസ്സോസു ശവയ്യർ മെത്രാന്റെ ഭരണത്തിന്റെ ആരംഭത്തിൽ- എന്നുവെച്ചാൽ ക്രമ൧൮൨൭-ൽ- വരാപ്പുഴ അധികാരത്തിൽ ഉൾപ്പെട്ടിരുന്ന സുറിയാനിപ്പള്ളികൾ താഴെ കാണുന്നവ മാത്രമാണ്.

| പള്ളികൾ. | വീടുകൾ | കുടുംബങ്ങൾ | ആത്മാക്കൾ | പുരോഹിതർ |
|---|---|---|---|---|
| തൊറയ്യൽ. | 4 | 1 | 950 | |
| വടക്കൻ പറവൂർ. | 5 | 1 | 1176 | |
| മൂഴിക്കുളം. | 6 | | 1527 | |
| വെളിയനാട്ട്. (വടക്കൻ.) | 4 | 1 | 1101 | 1 |

| | | | | | |
|---|---|---|---|---|---|
| ൫. | മലയാറ്റൂർ. | 1 | | 332 | 1 |
| | ചേരാനല്ലൂർ. | 2 | | 568 | |
| | മഞ്ഞപ്ര. | 1 | | 932 | |
| | കൊറമത്തി. | 2 | | 635 | |
| | വല്ലം. | 1 | 2 | 728 | |
| ൬. | ചൊവ്വര. | 2 | | 446 | |
| | ആലുവാ. | | | 156 | |
| | എറണാകുളം. | 1 | 1 | 260 | |
| | തുപ്പുണിത്തുറ. | 1 | 1 | 477 | |
| | പള്ളുരുത്തി. | | | 187 | |
| ൭. | പള്ളിപ്പുറം. | 3 | 1 | 803 | 1 |
| | വൈക്കം. | 5 | | 1166 | |
| | കല്ലുക്കോട്ട്. | 6 | 2 | 2229 | |
| | ചേന്നങ്കേരി. | 3 | | 835 | |
| | കോയിൽമുക്ക്. (എടത്വാ.) | 3 | | 1043 | |
| ൮. | മുട്ടം. | 5 | 2 | 1520 | |
| | കുട്ടനുരുത്തി. | 6 | | 1549 | 3 |
| | അതിരമ്പുഴ. | 6 | 1 | 1229 | 1 |
| | കൈപ്പുഴ. | 1 | | 279 | |
| | മുട്ടുചിറ. | 5 | 1 | 1318 | |
| ൯. | കുടവെച്ചൂർ. | | | 953 | |
| | തത്തമ്പള്ളി. | 4 | 1 | 553 | |
| | ആലപ്പുഴ. | .. | | 998 | 1 |
| | പെരുന്നുരുത്തി. (കോന്നുരുത്തി.) | | 2 | 226 | |
| | നീണ്ടകര. | | 1 | 267 | |
| ൧൦. | കണ്ടനാട്ട്. | | | 163 | |
| | കുറുപ്പമ്പടി. | | 2 | 568 | |
| | മൈലക്കൊമ്പ്. | 1 | | 252 | |
| | വടകര. | 3 | | 535 | |
| | കാരക്കുന്നം. | 2 | | 305 | |
| ൧൧. | കുടമാളൂർ. | 3 | 1 | 1179 | 2 |
| | കോസമല്ലൂർ. | 3 | | 436 | |
| | നാഗപ്പുഴ | 2 | | 162 | |
| | കിഴക്കമ്പലം. | 3 | | 606 | |
| | കോതമംഗലം. | 2 | 1 | 701 | |
| ൧൨. | ഇലഞ്ഞി. | 5 | 2 | 720 | 1 |
| | അരുവിത്തുറ. | 2 | 1 | 537 | |

ആകെ പള്ളികൾ ൧൨; പട്ടക്കാർ ൫൦൦; ശമ്മാശ്ശന്മാർ ൨൭; കുസ്ത്യാനികൾ ൧൦,൦൦൦; കുരിശുപള്ളികൾ ൫൨. (30).

പതുവാദോ സംബന്ധമായുണ്ടായ ഈ ശീശ്മ എങ്ങനെ അവസാനിച്ചു എന്നു പിന്നിട്ടു പറഞ്ഞുകൊള്ളാം. പ്രൻസിസ്കോസ് ശവയ്യാരുടെ സഹായിയും അനന്തരഗാമിയുമായി ലൂദവിക്കോസ് (Ludovico Martini a. s Teresia) എന്ന ദേഹം ൧൭൯൯ വൃശ്ചികമാസം ൧൯–ാംനു- വരാപ്പുഴവെച്ചു വാഴ്ത്തയേറ്റു. ഒരു മഹാ മെത്രാസന ഇടവകയായ കൊട്ടങ്ങല്ലൂർ വരാപ്പുഴക്കീഴിൽ ഒതുങ്ങിയിരിക്കയാൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായിക്കു മെത്രാപ്പോലീത്തായുടെ സ്ഥാനം കൊടുക്കേണ്ടതാണെന്നുള്ള ന്യായം റോമയിൽ സ്വീകരിക്കപ്പെട്ടുകൊണ്ട് ൧൭൯൭ ഏപ്രിൽ ൧൯–ാംനു-ലെ ഒരു തിരുവെഴുത്തുമൂലം പ്രൻസിസ്കോസ് ശവയ്യാർ വികാരി അപ്പസ്തോലിക്കാ സാർദിയായുടെ മെത്രാപ്പോലീത്താ ആയി ഉയർത്തപ്പെട്ടു. വരാപ്പുഴത്തെ വൈദികാധികാരികളിൽ ഒന്നാമത്തെ മെത്രാപ്പോലീത്താ ഇദ്ദേഹമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ക്രനമ്മാവുങ്കലെ വി. ഫിലൊമേനായുടെ ദേവാലയം ൧൭൯൯ കന്നിമാസത്തിൽ– പ്രൻസിസ്കോസ് ശവയ്യാർ മെത്രാപ്പോലീത്തായുടെ ഭരണത്തിൻെറ അവസാനഘട്ടത്തിൽ- ആണു പ്രതിഷ്ഠിക്കപ്പെട്ടതു്.

ഈ വന്ദ്യൻ ൧൭൯൯ ഡിസംബർ ൧–ാംനു- വരാപ്പുഴവച്ചു മരിച്ചു, അവിടെ സംസ്കരിക്കപ്പെട്ടു. സുറിയാനി കർമ്മലീത്താ സഭാസ്ഥാപകന്മാരായ പോത്തുക്കര തോമ്മാക്കത്തനാർ, ചാവറ കുറിയാക്കോസു കത്തനാർ എന്നവർക്കു മല്പാൻ സ്ഥാനവും ശമ്മാശ്മാരെ പഠിപ്പിക്കുന്നതിനുള്ള അനുവാദവും ഇദ്ദേഹം നൽകുകയുണ്ടായിട്ടുണ്ട്.

പ്രൻസിസ്കോസ് ശവയ്യാർ മരണംപ്രാപിച്ചപ്പോൾ, അദ്ദേഹത്തിൻെറ സഹായിയും അനന്തരാവകാശിയുമായി ൧൭൯൯ നവംബർ ൧൯-നു- നിയമിക്കപ്പെട്ടിരുന്ന ലൂദവിക്കോസ് ഭരണം കൈയ്യേറ്റു. ഇദ്ദേഹം ൧൭൯൭-ൽ ചീര എന്ന ദിക്കിൻെറ മെത്രാപ്പോലീത്താ ആയി ഉയർത്തപ്പെട്ടു. പതുവാദോ ശീശ്മയിൽനിന്നു വളരെപ്പള്ളികളെ മനസ്സുതിരിക്കുകയും അതിനായി അത്യധികം കഷ്ടതകളെ സഹിക്കയും ചെയ്തിട്ടുണ്ട്. ഇദ്ദേഹം മാന്നാനത്തുവന്നു കറേനാൾ പാർക്കയും അവിടത്തെ സെമിനാരിക്കു ഒരു ധനസഹായം ചെയ്യുകയും ചെയ്തു. ൧൭൯൯ ജൂലൈമാസത്തിൽ മാന്നാനത്തു അച്ചടിവേല ആരംഭിച്ചു. അതിനുള്ള സർക്കാർ അനുവാദം ബ്രിട്ടീഷ് റസിഡൻറു മിസ്റ്റർ കല്ലൻസായ്പ് വഴി കൊട്ടാരത്തിൽനിന്നു വാങ്ങിക്കുവാൻ ലൂദവിക്കോസു മെത്രാപ്പോലീത്താ വളരെ താല്പര്യം ചെയ്തിട്ടുണ്ട്. തിരുവിതാംകൂറിൽ മൂന്നാമത്തേതും നാട്ടുക്രിസ്ത്യാനികളുടെ വക ഒന്നാമത്തേതുമായി ആരംഭിച്ച അച്ചടിശാല ഇതാണ്. ൧൭൯൯-ൽ ഇതിൽ നിന്നു പുറപ്പെട്ട "ജ്ഞാനപീയൂഷം" എന്ന പുസ്തകമാണ് ഇവിടെ ആദ്യമായി അച്ചടിച്ചതു്. ഈ മതാദ്ധ്യക്ഷൻ ചില പട്ടക്കാർക്കു മല്പാൻസ്ഥാനം കൊടുക്കുകയും അവരുടെകീഴിൽ ശമ്മാശ്മാരെ ചേർത്തു പഠിപ്പിക്കുന്നതിനു അനുവദിക്കയും ചെയ്തിട്ടുണ്ട്. തുരുത്തി ഇടവക ചാലയ്ക്കലച്ചൻ കുറുമ്പനാടത്തു പള്ളിയിൽ താമസിക്കുന്ന കാലത്തു

അദ്ദേഹത്തിനു ഈ വിധം മല്പാൻ സ്ഥാനവും അധികാരവും കൊടുത്തിട്ടുള്ളതാണ്. ഇദ്ദേഹം ൧൭൯൨ വരെ ഇടവക ഭരണം നിർവ്വഹിച്ചശേഷം ൧൭൯൩ മെയ് മാസം ൧൨-൦൯- പുതുതായി സ്ഥാപിക്കപ്പെട്ട കൊല്ലത്തെ ആദ്യവികാരി അപ്പസ്തോലിക്കാ ആയ ബർണ്ണർദീനോസ് എന്ന ദേഹത്തെ ജോലികൾ ഏൽപ്പിച്ചുകൊണ്ടു റോമയിലേക്കു പോകയും ൧൭൯൯-ൽ മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ സ്ഥാനം ഒഴിഞ്ഞു ഇറാലിയിലെ അറെസിയൊ(Aretis)യിൽ ൧൭൯൯ ജൂലൈ ൧൦-൦൯- മരിക്കയുംചെയ്തു. (31).

൧൯. പ്രസിദ്ധനായ ബർണ്ണർദീനോസ് (Bernardin Baewnelli of St. Teresa) ആണ് അടുത്ത വികാരി അപ്പസ്തോലിക്കാ. ഇദ്ദേഹം ൧൭൯൩ മെയ് ൧൨-൦൯- സ്ഥാപിതമായ കൊല്ലം വികാരിയയ്ററിനെ ഭരിച്ചു വരവേ ൧൭൯൫ മെയി മാസം ൨൯-൦൯- മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അവിടെ ഭരണം നിർവ്വഹിച്ചുവരികയിലാണ ൧൭൯൯-ൽ ലുദവിക്കോസ് മെത്രാപ്പോലീത്തായുറോപ്പിലേക്കുപോയ സമയം വരാപ്പുഴത്തെകാര്യങ്ങൾ ക്രൂടി ഭരമേല്പിക്കപ്പെട്ടത്തു. ഇങ്ങനെ ലുദവിക്കോസിന്റെറവകരക്കാരനായി ഭരിച്ചു വന്ന ഇദ്ദേഹം ലുദവിക്കോസ് സ്ഥാനം ഒഴിഞ്ഞശേഷം ൧൭൯൯ ജൂൺ ൨൦൨൯- മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കായും പാർസാലിയാ (Pharsalia)യുടെ മെത്രാപ്പോലീത്തായുമായി നിയമിക്കപ്പെട്ടു.

മാന്നാനത്തു നയിച്ചു വന്ന സന്ന്യാസ ജീവിതവും തൻമൂലം ജനസഞ്ചയത്തിനും വൈദികഗണത്തിനും ഉണ്ടായിക്കൊണ്ടിരുന്ന നിരവധി നന്മകളും മെത്രാപ്പോലീത്താ കണ്ടു് അവക്കു മേലധികാരത്താൽ സ്ഥീകരിക്കപ്പെട്ട ഒരു ജീവിത ക്രമം കല്പിച്ചു കൊടുത്തുകൊണ്ടു് നിയമാനുസൃതമായ ഒരു സഭയായി അവരെ സ്ഥീകരിക്കണമെന്നു നിശ്ചയിച്ചു. തന്നിമിത്തം കമ്മെലീത്താ ഒന്നാം സഭയുടെ ക്രമ ചട്ടങ്ങളിലും നിയമങ്ങളിലും സ്ഥലം, ആളുകൾ, 'റീത്തു' ഇതുകളനുസരിച്ചു വേണ്ട ഭേദഗതികൾ ചെയ്തു. ൧൭൯൯-ൽ മാന്നാനത്തു ചാവറ കുറിയാക്കോസച്ചന്റെറ വേർപ്പെടുകയും ആയാണ്ടു ഡിസംബർ ൨-൦൯- അതു നടപ്പിൽ വരുത്തണമെന്നു ആജ്ഞാപിക്കയും ചെയ്തു. മാത്രമല്ല, സഭാജീവിതം ആഗ്രഹിക്കുന്നവരെക്കൊണ്ടു അന്നു സന്ന്യാസവാഗ്ദാനങ്ങൾ ചെയ്യിക്കേണ്ടതിനു (പിന്നീടു സുറിയാനിക്കാരുടെ പ്രത്യേകഭരണകർത്താവും വരാപ്പുഴത്തെ സഹായമെത്രാനുമായി നിയമിക്കപ്പെട്ട) മർസലീനോസ് എന്ന വൈദികനെ മാന്നാനത്തേക്കു് അയക്കയുമുണ്ടായി. അതനുസരിച്ചു ചാവറ കുറിയാക്കോസച്ചൻ മർസലീനോസ് മിശ്യനറിയുടെ സമക്ഷത്തിലും ബാക്കി പത്തു വൈദികന്മാർ ചാവറയച്ചന്റെറ സന്നിധിയിലും വാഗ്ദാനങ്ങൾ ചെയ്തു. ചാവറയച്ചൻ പ്രിയോരായും നിശ്ചയിക്കപ്പെട്ടു. അനന്തരം ഈ പുതിയ സഭയെ കമ്മലീത്താ സഭയോടു അതിന്റെറ മൂന്നാം സഭയായി ൧൭൯൦ ഒക്ടോബർ ഒന്നാം തീയതി ചേർത്തിരിക്കുന്നതായി മെത്രാപ്പോലീത്താ ൧൭൯൧ ഫെബ്രുവരി ൨൯-൦൯- അറിയിച്ചു. പ്ലാശനാൽ എന്ന സ്ഥലത്തു

കൂടക്കുഴിറ അന്തോനിയച്ചൻ (ഇട്ടേഹത്തെപ്പറ്റി പിന്നീട് പറഞ്ഞു കൊള്ളാം.) സ്ഥാപിച്ചതും അട്ടേഹത്തിന്റെ മരണശേഷം വീട്ടുപേയതുമായ ആശ്രമം മെത്രാപ്പോലീത്തായുടെ താല്പര്യം അനുസരിച്ചു കർമ്മലീത്താ സഭവക ആശ്രമമാക്കുകയും മാന്നാനത്തുനിന്നു അയക്കപ്പെട്ട സന്ന്യാസികൾ അവിടെയെത്തി ഛവുദവു ൽ ആശ്രമവാസം തുടങ്ങുകയും ചെയ്തു. (സ്ഥലത്തിന്റെ അസുഖത്തമൂലം ഛവുസം ൽ ഈ ആശ്രമം പരിത്യജിക്കപ്പെട്ടു.) വാഴക്കുളത്തു കർമ്മൽആശ്രമം ഛവുദൻ ലും അർണാട്ടുകര എൽത്തുരുത്തു ഛവുദവു ലും, പുളിങ്കുന്നു ഛവുസഫ ലും സ്ഥാപിതങ്ങളായി. ക്രുനമ്മാവുങ്കൽ വി. ഫിലോമെനായുടെ പള്ളി പ്രൻസിസ്കോസ് ശവയ്യാർ മെത്രാപ്പോലീത്തായുടെ കാലത്തു പണിത സംഗതി കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. അന്നു ഒരു മിഷ്യനറി മാത്രമായിരുന്ന ബസ്റ്റർദിനോസുമെത്രാപ്പോലീത്തായാണ് അതു പണിയിച്ചതു. സുറിയാനിക്കാക്കുള്ളതുപോലെ ലത്തീൻകാക്കും ഒരാശ്രമം ഏർപ്പെട്ടുത്തണമെന്നു ആ മഹാശയൻ ഉദ്ദേശിച്ചു ഛവുദൻ ൽ ആ വിധം ആശ്രമം ആരംഭിച്ചു. എന്നാൽ ലത്തീൻ സന്ന്യാസികളെല്ലാം ഒഴിഞ്ഞുമാറുകയാൽ ക്രുനമ്മാവു ആശ്രമംക്രുടി സുറിയാനിക്രമത്തിലെ ആശ്രമമായി മാന്നാനത്തോട്ട ചേർക്കണമെന്നും അവിടെനിന്നു സന്ന്യാസികളെ വരുത്തി പാർപ്പിക്കണമെന്നും മെത്രാപ്പോലീത്താ തീർച്ചയാക്കി. ഇതനുസരിച്ചു ഛവുദൻ ൽ മാന്നാനത്തുനിന്നു സന്ന്യാസികൾ ക്രുനമ്മാവുങ്കൽപോയി പാർക്കയും അതും സുറിയാനിക്കാരുടെ ആശ്രമമായിത്തീരുകയും ചെയ്തു.

ഇങ്ങനെ തന്റെ അധികാരാതിർത്തിയിൽപ്പെട്ട സ്ഥലത്തിന്റെ പല ഭാഗങ്ങളിൽ സന്ന്യാസാശ്രമങ്ങളെ സ്ഥാപിച്ച ശേഷം ആ സന്ന്യാസിവൈദികന്മാരെ പള്ളികളിൽ അയച്ചു അദ്ധ്യാത്മ ധ്യാനം നടത്തുകയും അതു ഒരു പതിവാക്കിത്തീർക്കയും ചെയ്തു. ഈ ധ്യാനം വഴിയായി ജനസാമാന്യത്തിനു ഉണ്ടായിട്ടുള്ള നന്മകൾ ചില്ലറയല്ലെന്നുള്ളതിനു അതു മുതലുള്ള ജനങ്ങളുടെ ജീവിതപരിഷ്കാരംതന്നെ ഉത്തമലക്ഷ്യമാണു. വൈദികന്മാരെല്ലാം ആണ്ടിൽ കുറേ ദിവസങ്ങൾ ധ്യാനം ചെയ്യുന്നതിനായി വിനിയോഗിക്കണമെന്നു വ്യവസ്ഥ ചെയ്തു. പള്ളികളുടെ അടുക്കൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു കുട്ടികളെ വേദകാര്യങ്ങൾ പഠിപ്പിക്കണമെന്നും വികാരിമാർ തൊയറാഴ്ചതോറും അവിടെ ചെന്നു അവരുടെ പാഠം കേൾക്കണമെന്നും കല്പനയുമുണ്ടായി. പരിശുദ്ധ കന്യകമറിയത്തിന്റെയും വി. യൌസേപ്പു പിതാവിന്റെയും മാസവണക്കങ്ങളെ ആദ്യമായി ഇവിടെ ആരംഭിച്ചു നടപ്പാക്കിയതും മെത്രാപ്പോലീത്താതന്നെയാണ്. കുർബാന ധർമ്മം നാലു ചക്രം പതിവായിരുന്നതു പന്ത്രണ്ടു ചക്രമായി വർദ്ധിപ്പിച്ചു. പട്ടം ഏൽക്കുന്നവരെപ്പറ്റി ഇടവക ജനങ്ങൾ സാക്ഷിപത്രത്തുപേണ അയച്ചു വന്നിരുന്ന 'ദേശകുറി' നിറുത്തൽ ചെയ്തു. ദൈവമാതാവു, വി. ശ്ലീഹന്മാർ മുതലായവരുടെ ചില പ്രധാന തിരുനാളുകളുടെ തലേദിവസങ്ങളിൽ മാംസവർജ്ജന കല്പിക്കയും ഏട്ടു നോമ്പും പതിനഞ്ചു

നോന്നും നീക്കം ചെയ്യുന്നും ചെയ്യു. പള്ളികളിൽ ചുറ്റി സഞ്ചരിച്ചു വിദ്യാലയങ്ങളുടെ നടത്തിപ്പു, കുട്ടികളുടെ വേദപഠനം, ജനങ്ങളുടെ നല്ല വ്യാപാരം ഇത്യാദി കാര്യങ്ങൾ അനേഷിക്കുന്നതിനായി കുറിയാക്കോസു ഏലീശാച്ചൻ, കാപ്പിൽ മത്തായി മറിയം അച്ചൻ, കാനാട്ടു യാക്കോബു മറിയം അച്ചൻ, കട്ടക്കയത്തു ചാണ്ടിയച്ചൻ, തട്ടാശ്ശേരിൽ സ്കറിയാച്ചൻ മുതലായി കമ്മലീത്താ മൂന്നാംസഭയിൽനിന്നു ചിലരെയെല്ലാം പത്തും പന്ത്രണ്ടും വീതം പള്ളികളുടെ മേലാളുകളായി "ദപ്പുത്താദുമാർ" എന്ന സ്ഥാനത്തിൽ ഏവുന്നു മുതൽ നിയമിച്ചു. ആശ്രമങ്ങൾ, സെമിനാരികൾ ഇത്യാദി ധർമ്മസ്ഥാപനങ്ങളെ ഏർപ്പെടുത്തുന്നതിനും സഹായിക്കുന്നതിനുമായി, ചാവറ കുറിയാക്കോസച്ചന്റെ അഭിപ്രായമനുസരിച്ചു്, പള്ളികളിലെ ആണ്ടിനാലുള്ള വരവിൽ നൂറിൽ അഞ്ചു വീതം കൊടുക്കുന്നതിനു ഏവുന്നു മെയ മാസം ൨൦–൨൧ നു- കല്പന പുറപ്പെടുത്തി. ക്രുനമ്മാവുങ്കൽ ആദ്യം ഏർപ്പെടുത്തിയ ലത്തിൻ സന്ന്യാസ സഭ നിലനിൽക്കാതെ പോയെങ്കിലും അതുകൊണ്ടു ആ പരിശ്രമം വിടുകയാതെ ലത്തീൻകാർക്കായി ഒരു പുതിയ ആശ്രമം സ്ഥാപിക്കുന്നതിനു മെത്രാപ്പോലീത്താ തീർച്ചയാക്കി. ഇതിനായി ഏവുന്നു–ൽ മഞ്ഞുമ്മൽ ആശ്രമം സ്ഥാപിക്കയും അതിൽ പാർക്കുവാനുള്ളവരെ ക്രുനമ്മാവുങ്കൽ സുറിയാനിക്കാരുടെ കൂട്ടത്തിൽ ചേർത്തു സന്ന്യാസ വൃത്തി പരിശീലിപ്പിക്കയും ചെയ്തു. സന്ന്യാസ ജീവിതംകൊണ്ടുള്ള ഗുണം സ്ത്രീജനങ്ങളും അനുഭവിക്കേണ്ടതിനും അവർ മൂലം ബാലികാവൃന്ദം ഭക്തിജീവിതത്തിൽ പരിശീലിപ്പിക്കപ്പെടുന്നതിനുമായി പ്രിയോരച്ചന്റെയും ആശ്രമങ്ങളുടെ "ഡെലിഗെയ്റു" ആയി നിയമിക്കപ്പെട്ടിരുന്ന ലിയൊപ്പോൾഡ് മിഷ്യനറിയുടെയും ഉത്സാഹത്താൽ സുറിയാനിക്കാർക്കും ലത്തീൻകാർക്കും കൂടി പൊതുവിൽ ക്രുനമ്മാവു ആശ്രമത്തോടടുത്തു ഒരു കന്യകാമഠം ഏവുന്നു–ൽ സ്ഥാപിക്കയും അതിലെ നിവാസികൾ അനുസരിക്കേണ്ട ജീവിതക്രമം എഴുതിക്കൊടുക്കയും ചെയ്തു മലയാളത്തിൽ ആദ്യമായുണ്ടായ കന്യകാമഠം ഇതാണ്. ഇപ്പോൾ മലയാളത്തിന്റെ നാനാ ഭാഗങ്ങളിൽ കാണുന്ന കമ്മലീത്താ മൂന്നാം സഭ കന്യകാമഠങ്ങളെല്ലാം ഇതിന്റെ ശാഖോപശാഖകളായി ഉണ്ടായിട്ടുള്ളവ തന്നെ.

കൂസ്തീയ ജനതയുടെ ഗുണാഗുണങ്ങളെല്ലാം അവരുടെ വൈദികസമൂഹത്തെ ആശ്രയിച്ചിരിക്കുന്നു എന്ന തത്വം മെത്രാപ്പോലീത്താ വേണ്ടപോലെ മനസ്സിലാക്കിയിരുന്നതിനാൽ ഉത്തമ വൈദികന്മാരെ പുറപ്പെടുത്തുവാൻ തക്ക സെമിനാരികൾ ഉണ്ടാക്കുവാൻ നിശ്ചയിച്ചു. ഈശോസഭക്കാർ മലങ്കരസഭയെ ഭരിച്ചിരുന്ന കാലത്തും അതിൽപിന്നെ കമ്മലീത്താക്കാർ ഭരണം നിർവ്വഹിക്കുവാൻ തുടങ്ങിയതിൽപിന്നെയും മലയാളത്തിൽ പ്രസിദ്ധങ്ങളായ പലേ സെമിനാരികളും ഉണ്ടായിരുന്നു. കൊടുങ്ങല്ലൂർ, വൈപ്പിക്കോട്ട അഥവാ ചേന്നമങ്ങലം, അങ്കമാലി, സമ്പാളൂർ. വരാപ്പുഴ, ആലങ്ങാട്ട്, കടുത്തുരുത്തി ഇവ പൊതു സെമിനാരികളുടെയും, കല്ലറമ്പു അഥവാ

പൂത്തോട്ടാ, (പൂക്കോട്ടാ) കാരക്കുന്നം, വാലാ, ഭരണങ്ങാനം, വടയാർ, പള്ളിപ്പുറം, പുളിംകുന്ന്, കുത്തിയതോട്ട്, കുമരകം, ചങ്ങനാശേരി, മൈലക്കൊമ്പു ഇവ പ്രാദേശികസെമിനാരികളുടെയും ഇരിപ്പിടങ്ങളായിരുന്നു. കടുത്തുരുത്തി സെമിനാരി ഡൊമിനിക്കൻകാരാലാണു നടത്തപ്പെട്ടിരുന്നത്. ഇതുകൾക്കും പുറമേ 'മല്പാന്മാർ' എന്ന സ്ഥാനനാമത്തോടുകൂടി പല വൈദികന്മാർ സ്വഭവനങ്ങളിൽ യുവാക്കന്മാരെ പഠിപ്പിച്ചുവന്നിരുന്നു. മേൽപ്പറഞ്ഞ സെമിനാരികളിൽ പലതും കാലാന്തരത്തിൽ നിന്നുപോയി. പല സ്ഥലങ്ങളിലും പലരുടെ കീഴായി പഠനം നടന്നുവന്നതിനാൽ സെമിനാരിക്കാരുടെ ക്രമചട്ടങ്ങളിൽ ഐകരൂപ്യമില്ലാതെയുമിരുന്നു. തന്നിമിത്തം മെത്രാപ്പോലീത്താ അന്നത്തെ സെമിനാരികളും മല്പാന്മാർ യുവാക്കന്മാരെ ചേർത്തു പഠിപ്പിക്കുന്ന ക്രമവും നിരുത്സാഹപ്പെടുകയും മാന്നാനം, വാഴക്കുളം അഥവാ കണ്ടമ്മൽ, കുടുത്തുരുത്തു, പുത്തൻപള്ളി എന്ന സ്ഥലങ്ങളിലെ സെമിനാരികളിൽ ചേർന്നു പഠിക്കണമെന്നു നിശ്ചയിക്കയും ചെയ്തു. മാന്നാനത്തു ൧൮൩൩ മുതൽ സെമിനാരി ഉണ്ടായിരുന്നു. ൧൮൬൯—ൽ വാഴക്കുളത്തും പുത്തമ്പള്ളിയിലും, ൧൮൭൨—ൽ കുടുത്തുരുത്തിലും സെമിനാരികൾ സ്ഥാപിക്കപ്പെട്ടതു മെത്രാപ്പോലീത്തായുടെ ഉത്സാഹഫലമായിട്ടാണ്. പുത്തമ്പള്ളി സെമിനാരി അവിടത്തെ ഇടവകപ്പള്ളിയായ വരാപ്പുഴ പുത്തൻപള്ളി അഥവാ മാനമ്പാടി പുത്തൻപള്ളി വക സ്ഥലത്താണു സ്ഥിതിചെയ്യുന്നത്.

ഉദയംപേരൂർ സൂനഹദോസു മൂലം സുറിയാനി മെത്രാന്മാരുടെ ഭരണം നീക്കപ്പെട്ടതു മലങ്കര നസ്രാണികൾക്കു അത്യന്തം വ്യസനകാരണമായിത്തീർന്നെന്നും സന്ദർഭത്തിൽപ്പെട്ട മെത്രാന്മാരെ കിട്ടേണ്ടതിനായി റോമയിലും പോർട്ടുഗലിലും തുടർച്ചയായി അവർ ഹർജികൾ അയച്ചുകൊണ്ടിരുന്നെന്നും ഈ ചരിത്രത്തിൽ പല സ്ഥലങ്ങളിലും ഇതിനു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ഒരു സുറിയാനി മെത്രാനെ അയച്ചു കൊടുക്കണമെന്നു കാണിച്ചു ബാബേൽപാത്രിയർക്കീസിന്റെ അടുക്കലും നസ്രാണികൾ ഹർജികൾ അയച്ചുകൊണ്ടിരുന്നു. ൧൮-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാർ ശെമഓനും മാർ ഗബ്രിയേലും വന്നതു പാത്രിയർക്കീസിനു അയച്ച ഹർജി അനുസരിച്ചാണെന്നു മുകളിൽ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ ഇരിക്കെ ൧൮൩൨—ൽ ദനഹാബർയോനാ എന്നൊരു കൽദായ വൈദികൻ അക്കാലത്തു പതുവാദോ അധികാരത്തിൽ ഉൾപ്പെട്ട നിന്നിരുന്ന പള്ളിക്കാരുടെ അപേക്ഷപ്രകാരം കുറവിലങ്ങാട്ടെത്തി. അന്നു ആ പള്ളി വരാപ്പുഴ പതുവാദോ എന്ന രണ്ടു അധികാരങ്ങളിലും ഉൾപ്പെട്ടാണിരുന്നതു്. കൽദയായിൽനിന്നു ഒരു സുറിയാനി മെത്രാനെ കിട്ടുവാൻ ഏതെങ്കിലും മാർഗ്ഗമുണ്ടോ എന്നു വൈദികന്മാരും ജനങ്ങളും ദനഹായോടു ചോദിച്ചു. ഒരു കൽദായ മെത്രാനെ കൊടുക്കണമെന്നുള്ള ഒരു അപേക്ഷഹർജി പാത്രിയർക്കീസിനായി തന്നെ ഏൽപ്പിക്കുന്ന പക്ഷം താൻ പോയി ഒരു മെത്രാനെ കൊണ്ടുവരാമെന്നു ദനഹാ മറുപടി പറഞ്ഞു

അതിനാൽ പതുവാടൊ ഭാഗക്കാർ പള്ളിക്കാരുടെ ഒരു യോഗം കൂറവിലങ്ങാട്ടു കൂടുന്നതിനായി പല പള്ളികൾക്കും എഴുത്തയച്ചു. മീനച്ചിൽ, ഏറുമാനൂർ ആദിയായ കിഴക്കൻ താലൂക്കുകളിലെ പല പള്ളിപ്രതിനിധികളും ചേന്ന ഒരു ഹർജി തയാറാക്കി. കുടക്കച്ചിറ അന്തോനിയച്ചൻ ഈ പ്രതിനിധികളിൽ ഒരാളായിരുന്നു. ഹർജിക്കു സുറിയാനിപ്പള്ളിക്കാരുടെയും പട്ടക്കാരുടെയും ഒപ്പുവെയ്പിക്കേണ്ട ഭാരം അന്തോനിയച്ചനേയും മറ്റു ചില പട്ടക്കാരേയും ഏല്പിച്ചു.

അന്തോനിയച്ചനേപ്പറ്റി ഇവിടെ അല്പം പറയേണ്ടതുണ്ട്. പാലാ ഇടവകക്കാരനായ ഇട്ടേഹം കുന്നേലച്ചൻ, പൂണ്ടിക്കുളത്തു മല്പാനച്ചൻ എന്നവരിൽനിന്നു സുറിയാനിയും, മട്ടാഞ്ചേരി വികാരിയായിരുന്ന തൊറിഞ്ഞു പാദ്രിയിൽനിന്നു ലത്തീൻ, പോർട്ടുഗീസു എന്നഭാഷകളും പഠിച്ചു ശമ്മാശ് പട്ടം ഏറെശേഷം മാന്നാനത്തു ശമ്മാശമാരുടെ ഗണത്തിൽ ചേന്നു. അവിടെ ആശ്രമജീവിതത്തിനായി പഠിച്ചിരുന്നവരുടെ കൂട്ടത്തിൽ തന്നെയും ചേർക്കുവാൻ അപേക്ഷിച്ചെങ്കിലും തക്ക കാരണങ്ങൾ നിമിത്തം സ്വീകരിക്കപ്പെടാഞ്ഞതുകൊണ്ട് ഏതുവിധമെങ്കിലും ഒരു ആശ്രമം പണിയിച്ചു് അതിൽ പാർക്കുമെന്നു പറഞ്ഞുകൊണ്ടു് മാന്നാനംവിട്ടു പാലായിലേക്കു പൊയ്ക്കളഞ്ഞു. അവിടെ കട്ടക്കയത്തു മല്പാന്റെ അടുക്കൽ പഠനം പൂർത്തിയാക്കി, ലൂദവിക്കോസ് മെത്രാപ്പോലീത്തായിൽനിന്നു കുർബാനപ്പട്ടം സ്വീകരിച്ചു. ആ മതാദ്ധ്യക്ഷൻതന്നെ അന്തോനിയച്ചനെ അരുവിത്തുറപ്പള്ളിയുടെ വികാരിയുമാക്കി. ഈ മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി പ്ലാശനാൽ എന്ന സ്ഥലത്തു് ഒരു പള്ളിയും ഏതാനും മുറികളും പണിയിച്ചു് ചില വൈദികന്മാരേയും കുട്ടികളേയും ചേർത്തു് വിശുദ്ധ അന്തോനീസിനെ അനുകരിച്ചുള്ള രീതിയിൽ അതു് ഒരു സന്ന്യാസാശ്രമമാക്കിത്തീർത്തു. അവിടെ ശരീര തപഃക്രിയകൾ അധികമായി അനുഷ്ഠിച്ചിരുന്നു. അതുകളേപ്പറ്റി ചാവറയച്ചൻതന്നെയും ആശ്ചര്യപ്പെടുന്നതിനിടയായിട്ടുണ്ട്. (ബെന്റർദീനോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം മാന്നാനത്തുനിന്നു ഏറു നടത്തിയതായി മുമ്പു ഈ ലക്കത്തിൽ പറഞ്ഞിട്ടുള്ള പ്ലാശനാൽ ഇതുതന്നെ.) അന്തോനിയച്ചൻ എല്ലാക്കാര്യങ്ങളിലും സമർത്ഥനായിരുന്നു. അദ്ദേഹത്തിന്റെ സ്വാഭാവിക ഗുണങ്ങളും വാക്സാമർത്ഥ്യവും ബുദ്ധിശക്തിയും അറിഞ്ഞിട്ടുള്ളവരെല്ലാം അദ്ദേഹം ഒരു അസാധാരണ പുരുഷനായിരുന്നെന്നു സമ്മതിക്കാതിരിക്കയില്ല. അദ്ദേഹം അവിടെ പഠിപ്പിച്ചിരുന്ന ചില ക്ലേസ്സുകൾക്കും പട്ടംകൊടുക്കണമെന്നു് ലൂദവിക്കോസ് മെത്രാപ്പോലീത്തായോടു അപേക്ഷിച്ചു. അന്നത്തെ നടപ്പുപോലെ ദേശകുറിയും പിതൃധനവും ഇല്ലാതെ പട്ടംകൊടുക്കുവാനാകട്ടേ പ്ലാശനാൽ ഒരു സെമിനാരിയായി സ്വീകരിക്കുവാനാകട്ടേ നിവൃത്തിയില്ലെന്നു മെത്രാപ്പോലീത്താ മറുപടി പറഞ്ഞു. ഇതു് അന്തോനിയച്ചനു ഒട്ടും രസിച്ചില്ല. ഇങ്ങനെയിരിക്കയിലാണ് മുൻപറഞ്ഞ കൂറവിലങ്ങാട്ടു സംഘം നടന്നതും ഹർജിക്കായ്ക്കും അന്തോനിയച്ചനെ ഭരമേൽപ്പിച്ചതും.

പ്ലാശനാൽ ആശ്രമം പണിക്കു ധർമ്മംപിരിക്കുവാൻ ലൂദവിക്കോസിൽനിന്നു കിട്ടിയിരുന്ന അനുവാദം പ്രയോഗിച്ചുകൊണ്ട് ഒല്ലൂർ, തൃശൂർ, പഴയൂർ മുതലായ വടക്കൻദിക്കുകളിൽ ചെന്ന് പട്ടക്കാരേയും ജനങ്ങളേയുംകൊണ്ട് ഹർജിയിൽ ഒപ്പുവെയ്പിച്ചു. ഈ വിവരം ബിഷ്ടർദീനോസ് മെത്രാപ്പോലീത്താ അറിഞ്ഞ് അന്തോനിയച്ചനെ വിളിപ്പിച്ച് മേലാൽ പണംപിരിക്കരുതെന്നും മറിച്ചു പ്രവർത്തിക്കുന്നതായാൽ 'അംശം'മുടക്കുമെന്നും ഭയപ്പെടുത്തി. പണം കൊടുക്കരുതെന്നും ഹർജിയിൽ ഒപ്പിടരുതെന്നും ഒരു കല്പന വടക്കൻ പള്ളികളിലേക്കും അയച്ചു. അന്തോനിയച്ചൻ ഇതൊന്നും വകവെയ്ക്കാതെ വടക്കൻപള്ളികളിൽ പിന്നെയും സഞ്ചരിച്ചിരുന്നു. അതുമല്ല, പ്രൊപ്പഗാന്തയിലെ ഉദ്യോഗസ്ഥന്മാക്ക് കൊടുക്കുവാൻ ശുപാശ്ശക്കത്തു വാങ്ങിണ്ടതിനായും പണസഹായം കിട്ടേണ്ടതിനായും തെക്കേ ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരെ അന്തോനിയച്ചൻ സന്ദർശിച്ചു. എങ്കിലും ഉദ്ദേശ്യം സാധിച്ചില്ല. ലത്തീൻകാരായ പല പാതിരിമാരും ഇക്കാര്യത്തിൽ അന്തോനിയച്ചനെ സഹായിക്കയുണ്ടായി. അനന്തരം അദ്ദേഹം കടനാട്ടു ഇല്ലിക്കൽ ദേവസ്യാ, പ്ലാശനാൽ കുമ്പിടിയാമ്മാക്കൽ തോമ്മാ എന്ന വൈദികന്മാരോടും പ്ലാശനാൽ പഠിച്ചിരുന്ന ചില യുവാക്കന്മാരോടുംകൂടി ആദ്യം മദ്രാസിലേക്കും അവിടെനിന്നു ബോംബയിലേക്കുംപോയി. യുവാക്കന്മാരിൽ ചിലർ വഴിമദ്ധ്യേ മരിച്ചു. ദേവസ്യാച്ചനും തോമ്മാച്ചനും മലയാളത്തിലേക്കു മടങ്ങിപ്പോന്നു. പ്ലാശനാൽ തൻറെപേക്ഷ കാര്യംനടത്തുവാൻ ഏൽപ്പിച്ചിരുന്ന മുണ്ടമറ്റത്തച്ചൻ തോമ്മാച്ചൻ വഴി എഴുത്തയച്ചു് അദ്ദേഹം വഴിക്കു ഭരണങ്ങാനത്തുനിന്ന് തൊണ്ണൂറ്റാണ്ടു അന്തോനിയച്ചനെ വിളിപ്പിച്ചു. തൊണ്ണൂറ്റാണ്ടും മുണ്ടമറ്റവും തോമ്മാച്ചനുംകൂടി ബോംബയിലെത്തി. അവിടെനിന്നു മുണ്ടമറ്റം മലയാളത്തേക്കു മടങ്ങുകയും ശേഷം അച്ചന്മാരും ബാക്കി യുവാക്കന്മാരും ഒരുമിച്ച് അന്തോനിയച്ചൻ ൧൮൩൮-ൽ കപ്പൽകയറി ബാശാദിൽ എത്തുകയും ചെയ്തു. രണ്ടു വത്സരങ്ങൾ കഴിഞ്ഞ് ൧൮൪൦-ൽ കുടക്കച്ചിറയച്ചൻ തനിയെ മലയാളത്തിൽ വന്നു. വരാപ്പുഴെ ചെന്നപ്പോൾ അദ്ദേഹത്തെ അംശം മുടക്കുകയും ഒടുവിൽ മഹറോൻ ചൊല്ലുകയുമുണ്ടായി. എങ്കിലും തെക്കും വടക്കുമുള്ള എല്ലാ സൂറിയാനിപ്പള്ളികളിലും അദ്ദേഹം സഞ്ചരിച്ച് പട്ടക്കാരേയും ജനങ്ങളേയുംകൊണ്ട് ഹർജിയിൽ ഒപ്പുവെപ്പിക്കയും പണംപിരിക്കയും കൽദായ പാത്രിയർക്കീസുവഴി മാപ്പ്പ്രായിൽനിന്നു ഒരു കൽദായ മെത്രാനെ കൊണ്ടുവരാമെന്ന് സകലരോടും ഉറപ്പുപറകയും ചെയ്തു. പതിനഞ്ചുമാസം കഴിഞ്ഞു മേൽപ്പറഞ്ഞ ഇല്ലിക്കൽ ദേവസ്യാച്ചനോടും, പാണ്ടിയാമ്മാക്കൽ അബ്രാഹം ശമ്മാശ്, കുഴിഞ്ഞാലി മത്തായി ശമ്മാശ്, ആനക്കല്ലുങ്കൽ ഇടവക എട്ടൊന്നി യൌസേപ്പു്, ടി. വാഴപ്ലാക്കൽ മത്തായി, ടി. ചാലിൽ അയിപ്പു, പിറവിത്താനം യാക്കോബു്, ളാലം ഇടവക നെടുമ്പള്ളി മത്തായി, മുട്ടുചിറ ഇടവക തേവർപറമ്പിൽ മത്തായി, ആനക്കല്ലു ഇടവക കരിമറ്റത്തിൽ തൊമ്മൻ,

ടി. കട്ടക്കൽ ദേവസ്യാ, വൈക്കം ഇടവക കണിയാംപറമ്പിൽ യോഹന്നാൻ, പുളിങ്കുന്ന ഇടവക ശ്രാമ്പിക്കൽ തോമ്മാ, മറ്റം വക്കി, പാലാ ഇടവക മാടപ്പാട്ട തോമ്മൻ എന്നിവരോടും ഒരുമിച്ച് കൽദയർ പുറപ്പെട്ട് ബസ്രായിൽ എത്തി. അവിടെവച്ചു എട്ടോന്നി യൌസേപ്പും വേറൊരാളും ഒഴികെ എല്ലാവരേക്കും പനി പിടിപെടുകയും കുറേ സുഖമായി യാത്രതുടർന്ന് ബാഗ്ദാദിൽ ചെന്നപ്പോൾ കുടക്കച്ചിറ അന്തോനിയച്ചനും ഇല്ലിക്കലച്ചനും ചില യുവാക്കന്മാരും മരിക്കയും ചെയ്തു. സ്വന്ത തെറ്റുകളേപ്പറ്റി പശ്ചാത്തപിക്കയും ആ സ്ഥലത്തെ പ്രീഫെക്ററ് അപ്പസ്തോലിക്ക് (Prefect Apostolic) അദ്ദേഹത്തിന്റെ മഹനോൻ ദീക്ഷകയും ചെയ്തശേഷം ക്രമാശകളെ യഥാ യോഗ്യം കൈക്കൊണ്ടുകൊണ്ടാണ് അന്തോനിയച്ചൻ മരിച്ചത്തു്. പാണ്ടിയാമ്മാക്കൽ ശമ്മാശ് മലയാളത്തിലേക്ക് മടങ്ങിപ്പോന്നു. കുഴിഞ്ഞാലി ശമ്മാശും യുവാക്കന്മാരും മൂസലിൽ (Mosul) എത്തി തൊണ്ടനാട്ടു അന്തോനിയച്ചനോടും തോമ്മാക്കത്തനാരോടും ചേർന്നു മൂന്നു സംവത്സരം അവിടെ പാർത്തു. ബാബേലിലെ പാത്രിയർക്കീയ സെമിനാരിയിൽ പഠിക്കുവാനായിട്ടാണ് യുവാക്കന്മാരെയും ഈ യാത്രയിൽ കൊണ്ടുപോയത്തു്. അന്നു ബാബേൽ സിംഹാസനത്തിൽ ഉപവിഷ്ടനായിരുന്നത് വൃദ്ധനും ദയാലുവുമായ യൌസേപ്പു ഔദൊ പാത്രിയർക്കീസാണ്. അവർ തങ്ങളുടെ ഹർജികളെ അദ്ദേഹത്തിന്റെ അട്ടക്കൽ സമർപ്പിക്കയും മലയാളത്തിലേക്കു മെത്രാന്മാരെ അയക്കുന്നതിനു വേണ്ട അനുമതി അദ്ദേഹത്തിനു കൊടുക്കണമെന്നുള്ള ഒരപേക്ഷയോടുകൂടി അതുകളെ മാർപ്പാപ്പായിക്കു അയക്കണമെന്നു അപേക്ഷിക്കയും ചെയ്തു. പാത്രിയർക്കീസ് അതനുസരിച്ചു റോമയിലേക്കു എഴുതിയെങ്കിലും മേൽപ്പറഞ്ഞ ഹർജികൾ അയച്ചോ എന്നുള്ള സംഗതി നിശ്ചയമില്ല. മോസലിലെ പ്രധാനന്മാർ മലയാളത്തുകാരുടെ കാര്യം സാധിച്ചുകൊടുക്കണമെന്നു വാദിക്കയും അതിനായി പാത്രിയർക്കീസിനെ നിർബന്ധിക്കയും ചെയ്തു. അകയാൽ പാത്രിയർക്കീസു മെത്രാന്മാരെ വിളിച്ചുകൂട്ടി ആലോചിച്ചതിൽ ഒരാളെ അഭിഷേകംചെയ്തു മലയാളത്തേക്കു അയക്കണമെന്നു തീർച്ചയാക്കി. എന്നാൽ റോമയിൽനിന്നുള്ള തീരുമാനം അനുകൂലമല്ലാതിരുന്നതുകൊണ്ടു അഭിഷേചിക്കുന്ന കാര്യത്തിൽ പാത്രിയർക്കീസു പിന്നെയും മടിച്ചിരുന്നു. മൊസലിലെ ജനങ്ങൾ കുപിതന്മാരായി തൊണ്ടനാട്ടച്ചനോടും മറ്റും നെസ്തോറിയൻ പാത്രിയർക്കീസിന്റെ അടുക്കൽ പോകുവാൻ പറയുകയും അവർ അവിടേക്കു പുറപ്പെടുകയും ചെയ്തു. പാത്രിയർക്കീസ് ഇതറിഞ്ഞു അവരെ തിരികെ വിളിച്ചു. അനന്തരം തോമ്മാ റോക്കൊസ് എന്നൊരു വൈദികനെ പാത്രിയർക്കീസ് തെരഞ്ഞെടുത്തു മെത്രാനായി അഭിഷേകംചെയ്തു മലയാളത്തിലെ സ്ഥിതിഗതികൾ കണ്ടറിഞ്ഞു റിപ്പോർട്ടു ചെയ്യുവാൻ അവിടേക്കു നിയോഗിച്ചു. അദ്ദേഹത്തിന്റെയും മറ്റും യാത്രച്ചെലവു കുറവിലങ്ങാട്ടു മുതലായ പള്ളിക്കാരാണു വഹിച്ചത്തു്. റോക്കൊസു മെത്രാനും അനുചരന്മാരും കൽദയ

മെയ് മാസം ൯-ാംനു- കൊച്ചിയിൽ വന്നിറങ്ങി. റോക്കൊസിനെ പാതിയർക്കിസു മലയാളത്തേക്കു അയക്കുന്ന വിവരം മെസൊപ്പൊട്ടെമിയായിലെ ഡെലിഗെയ്റ്റ് വരാപ്പുഴെ അറിയിക്കയും ക്രിസ്താ ഡിസംബർ ക്രി.വ-ാംനു- ആ വിവരം പള്ളികളിൽ അറിയിക്കയും ചെയ്തിരുന്നു. ഈ സംഗതി സംബന്ധിച്ചുതന്നെ പ്രോപ്പഗാന്താഭ്യക്ഷനായ കാർഡിനൽ ക്രിസ്താ നവംബർ ക്രി.വ-ാംനു- വരാപ്പുഴയ്ക്കയച്ച എഴുത്തും പള്ളികളിൽ പ്രസിദ്ധീകരിച്ചിരുന്നു. മാത്രമല്ല, റോക്കൊസു മെത്രാനു വിധേയരാകുവാൻ പാടില്ലെന്ന് ക്രിസ്താ ഫെബ്രുവരി മാസത്തിൽ മാന്നാനം അച്ചടിശാലയിൽനിന്നു പ്രിയോരച്ചൻ ഒരു പരസ്യംമൂലം എല്ലാവരേയും തെര്യപ്പെടുത്തുകയുമുണ്ടായി. എങ്കിലും തൊണ്ടനാട്ടച്ചനും മറും കൊച്ചിയിൽനിന്നു പള്ളിക്കാക്കും മല്പാന്മാക്കും അയച്ച എഴുത്തനുസരിച്ച് പല പള്ളിക്കാർ കൊച്ചിയിൽ എത്തി മെത്രാനെ സാഘോഷം എതിരേറ്റു തെക്കൻകൂട്ടുശേരിയിൽ കൊണ്ടുപോയി പാർപ്പിച്ചു. പള്ളിക്കാരെല്ലാം അവിടെ കൂടണമെന്നു മെത്രാൻ എഴുത്തയക്കയും, അയ്യനാട്ടു അവിരാത്തരകൻ അതനുസരിച്ചു പള്ളിക്കാരെ ക്ഷണിക്കയും ചെയ്തു. സംഘത്തിനു കുറിദിവസം മുമ്പ് കൊടുവന്തകളുടെ പ്രിയോർ മറും ചില വൈദികരോടുകൂടി തെക്കുംകൂട്ടുശേരിൽ ചെന്ന് പാറായിയുടെ വീട്ടിൽ ഇരുന്നുകൊണ്ട് മാർപ്പാപ്പായുടെ 'ബൂള' കാണിക്കണമെന്ന് ആളയച്ചു മെത്രാനോടു ആവശ്യപ്പെട്ടതിനു ബൂള കാണുവാൻ മെത്രാന്റെ പക്കലേക്കു ചെല്ലുണമെന്ന് തൊണ്ടനാട്ടച്ചൻ മറുപടി പറഞ്ഞയച്ചു. അതിനാൽ ബൂള ഇല്ലെന്നുള്ള വസ്തുത പ്രിയോരച്ചൻ ജനങ്ങളെ മനസ്സിലാക്കുകയും അദ്ദേഹവും കൂടെയുണ്ടായിരുന്നവരും ഉടനെ മടങ്ങുകയും ചെയ്തു. ഇതോടെ പല പള്ളിക്കാരും അവിടംവിട്ടു പോയി. തെക്കുംകൂട്ടുശേരിൽ കൂടിയ പള്ളിക്കാരുടെ യോഗത്തിൽ റോക്കൊസു മെത്രാനെ വടക്കു എൽത്തുരുത്തിലും തെക്കു മാന്നാനത്തും മാറിമാറി ഇരുത്തണമെന്നും അദ്ദേഹത്തിന്റെ ചെലവു വകയ്ക്കു ആ രണ്ടു ആശ്രമങ്ങളുടെ പേരിൽ വസ്തു കാണമിടണമെന്നും അതിനായി സകല പള്ളികളിലേയും ഒരാണ്ടത്തെ വരവ് പാറായിൽ അയ്യനാട്ടു അവിരാത്തരകനെ ഏല്പിക്കണമെന്നും നിശ്ചയം ചെയ്തു. മെത്രാൻപട്ടം കൊടുക്കണമെന്നു ആ സംഘക്കാർ നിശ്ചയിച്ചു. തനിക്കു അതിനു അധികാരമില്ലെന്നും മലയാളത്തിലെ പള്ളികളുടെ സ്ഥിതിയേപ്പറ്റി തിരക്കുചെയ്ത് റിപ്പോർട്ടു ചെയ്യുവാനേ പാതിയർക്കിസ് തന്നെ ചുമതലപ്പെടുത്തീട്ടുള്ളു എന്നും റോക്കൊസ് മെത്രാൻ പറഞ്ഞെങ്കിലും ഒടുവിൽ നിർബന്ധംമൂലം കടുത്തുരുത്തി വലിയ പള്ളിയിൽവെച്ചു എട്ടുപേർക്കു കൂർബാനപ്പട്ടം ഉൾപ്പെടെ നൂറിലധികം ആളുകൾക്കു പട്ടംകൊടുത്തു. അനന്തരം പള്ളികളിലേക്കു പുറപ്പെടുകയും വടയാർ, കടുത്തുരുത്തി വലിയത്, ടി. ചെറിയത്, മുട്ടുചിറ, കുറവിലങ്ങാട്, അതിരമ്പുഴ, കുമരകം എന്ന പള്ളികളെ സന്ദർശിക്കയും ചെയ്തു.

റോക്കൊസ് പള്ളികളിൽ പ്രവേശിക്കാതിരിക്കുന്നതിനും

ശീശ്മയിൽനിന്ന് ജനങ്ങളെ കാക്കുന്നതിനുമായി ബുദ്ധിമുട്ടുകൾ ചെയ്തിട്ടുള്ളവരുടെ കൂട്ടത്തിൽ കമ്മലീത്താ സുറിയാനിക്കാരായ വൈദികന്മാർ പ്രാമുഖ്യം വഹിക്കുന്നു. കട്ടക്കയത്തു ചാണ്ടിയച്ചൻ, കാപ്പിൽ മത്തായി മറിയം അച്ചൻ, തോപ്പിലച്ചൻ മുതലായവർ ഈ അവസരത്തിൽ ഒട്ടധികം കഷ്ടതകൾ സഹിക്കാനിടയായിട്ടുണ്ട്. ഇക്കാലത്തു ചാണ്ടിയച്ചനു് തുള്ളരും, കാപ്പിലച്ചനു ഞാറയ്ക്കലും നേരിട്ട പ്രതിബന്ധങ്ങളും കഷ്ടപ്പാടുകളും അത്യധികമായിരുന്നു. ഇവരുടേയും ആശ്രമവാസികളായ മറ്റു വൈദികന്മാരുടേയും പ്രയത്നവും അവരോടുള്ള കെടുപാടും സംസർഗ്ഗവുമാണ് ചില പള്ളികളെങ്കിലും ശീശ്മയിൽനിന്നു അകന്നുനിൽക്കുന്നതിനുള്ള പ്രധാന കാരണം. വൈദികന്മാരായ മറ്റു ചിലരും ഇവരോടുകൂടി ശീശ്മക്കെതിരായി പ്രവർത്തിക്കുകയുണ്ടായി. റോക്കോസുമെത്രാൻ വന്നതിന്റെ പിറേറമാസത്തിൽ— മ്വന്നത ജൂൺ വ—൦൯— മലയാളത്തിലെ സകല സുറിയാനിപ്പള്ളികളുടേയും വികാരി ജനറാളായി പ്രിയോരച്ചനെ മെത്രാപ്പോലീത്താ നിശ്ചയിക്കയും ചില വിശേഷാനുവാദങ്ങൾകൂടി അദ്ദേഹത്തിനു കൊടുക്കയും ചെയ്തു. പ്രിയോരച്ചനും മറ്റു വൈദികന്മാരുംകൂടി റോക്കോസുമെത്രാന്റെ കായ്ം സംബന്ധിച്ചു് ഒമ്പതാംപീയോസ് മാപ്പാപ്പായിക്കു മ്വന്നത ജൂൺ ൧൪—൦൯— ഒരെഴുത്തയച്ചു. റോക്കോസിനോടു ഏതു വിധം പെരുമാറണം. ന്യായാധികാരത്തോടുകൂടിയോ അല്ലേഹം വന്നിരിക്കുന്നതു എന്നു് ആ എഴുത്തുമൂലം ചോദിച്ചിരുന്നു. ആ എഴുത്തു റോമയിൽ ചെന്നെത്തിയശേഷം അത്യുന്നത കാർഡിനൽ അയച്ച ഒരു ലേഖനത്തിൽ, മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഉടനെ മറുപടി കല്പിച്ചയയ്ക്കുന്നതാണെന്നും, റോക്കോസു മെത്രാൻ വിശുദ്ധ സിംഹാസനത്തിലെ അറിവുകൂടാതെ പുറപ്പെട്ടിരിക്കകൊണ്ടു് അദ്ദേഹത്തെ ആരും സ്വീകരിക്കരുതെന്നുമാണു പ്രസ്താവിച്ചിരുന്നതു്. കുമരകത്തുനിന്ന റോക്കോസുമെത്രാൻ നിരണം, പുതുപ്പള്ളി മുതലായ സ്ഥലങ്ങളിലെ ഒട്ടുവളരെ പുത്തൻക്രൂറുകാരുടെയും മറ്റു അനവധി ജനങ്ങളുടെയും അത്യാഘോഷപൂർവ്വമായ എതിരേൽപ്പോടുകൂടി ചങ്ങനാശേരിപ്പള്ളിയിൽ സന്ദർശനാർത്ഥം പ്രവേശിച്ചിരിക്കയിലാണ് കാർഡിനലിന്റെ മേൽപ്പറഞ്ഞ എഴുത്തു വന്നുചേർന്നതും പ്രസിദ്ധീകരിക്കപ്പെട്ടതും. ഇതിനെതിരായി ശീശ്മ പ്രധാനികൾ പാത്രിയർക്കീസിന്റെ തു എന്ന നിലയിൽ ഒരു വ്യാജലേഖനം പ്രസിദ്ധംചെയ്തു. താൻ റോമായിൽ പോയിരുന്നെന്നും മാപ്പാപ്പാ സ്വന്ത തേരും അനവധി സ്ഥാനാപതികളേയും അയച്ചു് തന്നെ വളരെ ബഹുമാനപൂർവ്വം സ്വീകരിച്ചെന്നും കാര്യങ്ങളെല്ലാം തിരുമനസ്സറിയിച്ചപ്പോൾ മലയാളത്തിന്മേൽ സകലാധികാരങ്ങളും തിരുമനസ്സുകൊണ്ടു തനിക്കു നൽകിയെന്നും തന്റെ വിരോധികളായിരുന്ന മെത്രാന്മാക്കും സ്ഥാനപതികൾക്കും അവിടുന്നു മഹറോൻ പ്രഖ്യാപനം ചെയ്യുന്നും താൻ ബാബേലിലേക്കു മടങ്ങിപ്പോയശേഷം മലയാളത്തിൽ വന്നു് സകല കാര്യങ്ങളും ശരിപ്പെടുത്താമെന്നും പാത്രിയർക്കീസു പറയുന്നതായിട്ടാ

ണ് ആ എഴുത്തു നിമ്മിക്കപ്പെട്ടിരുന്നത്. റോക്കൊസ് ചങ്ങനാശേരി യിൽ നിന്നു പുറപ്പെട്ട കോട്ടയം, പുന്നത്തുറ, വൈക്കൊളം എന്ന പ ള്ളികളെ സന്ദർശിച്ചിട്ട് പിണ്ടും പുന്നത്തുറ എത്തി. പ്രിയോരച്ചനും വല പള്ളിക്കാരുംകൂടി, ഈ കൽദായ മെത്രാൻമൂലം ഉളവായിക്കൊ ണ്ടിരുന്ന ക്ഷോഭങ്ങളും വഴക്കുകളും കാണിച്ചും പള്ളിസന്ദർശനം നി റുത്തുവാൻ മൂടക്കു ഉത്തരവുണ്ടാകണമെന്നപേക്ഷിച്ചും ചേത്തല (ഡി വിഷന്റെ തലസ്ഥാനം പിന്നീടാണു കോട്ടയമായതു്.) ശങ്കണ്ണിമേ നോൻ പേഷ്കാരിനു ഒരു ഹർജി അയച്ചു. തന്റെ അധികാരാതിർത്തി യ്ക്കകത്തുള്ള യാതൊരു പള്ളിയിലും പ്രവേശിക്കയാകട്ടേ, കലഹങ്ങൾ ഉണ്ടാക്കുകയാകട്ടേ ചെയ്യുകുടെന്നുള്ള പേഷ്കാരുടെ നിരോധന ഉത്ത രവു് റോക്കൊസ് പുന്നത്തുറ ആയിരിക്കയിൽ കിട്ടി. അതിനാൽ തെ ക്കൻ ദിക്കുകളിലെ ശിശുക്കാരിൽ സുപ്രധാനനായിരുന്ന മുപ്രയിൽ മല്പാനച്ചന്റെ ഇടവകയായ പാലായിൽ കാൽചവിട്ടുന്നതിനുപോ ലും സാധിക്കാതെ റോക്കൊസു മെത്രാൻ കൊച്ചു സംസ്ഥാനത്തേക്കു പുറപ്പെട്ടു് ആലുവാപ്പുഴ സംബന്ധിച്ചുള്ള പള്ളികളിലേക്കും തൃച്ചൂർ, അർണാട്ടുകര മുതലായ വടക്കൻപള്ളികളിലേക്കുംപോയി. പ്രിയോര ച്ചന്റേയും മറ്റും എഴുത്തിനു് മാപ്പുപ്രാ തിരുമനസ്സുകൊണ്ടു് നവുംബ സെപ്റ്റംബർ ൭-൦൯- സ്വന്ത കൈയ്യൊപ്പുവെച്ചു അയച്ച മറുപ ടി തിരുവെഴുത്തു ഈ ഘട്ടത്തിൽ വന്നുചേർന്നു. ആ തിരുവെഴുത്തും അതിന്റെ ഏകദേശമായ തർജ്ജിമയും കീഴെ ചേർക്കുന്നു.

## ഉപരോധം തീർന്നു.

൨൪ മുതൽ ൨൭ വരെ.

൨൪. നഗരത്തെ ഭയപ്പെടുത്തുവാൻ ദൈവത്തിന്റെ കോപം ഇസ്രായേലിന്റെ മേൽ വരുന്നു. ൨൫ അവർ ദൈവത്തിന്റെ കല്പന ലംഘിച്ചതുകൊണ്ടു ദൈവം അവരുടെ നേരെ കോപിക്കുന്നു. ൨൬ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുന്നതുവരെ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നു. ൨൭ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൨൮ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൨൯ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൦ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൧ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൨ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൩ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൪ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൫ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൬ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൭ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൮ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൩൯ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൦ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൧ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൨ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൩ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൪ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൫ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൬ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൭ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൮ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൪൯ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൦ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൧ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൨ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൩ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൪ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൫ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൬ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൭ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൮ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൫൯ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൦ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൧ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൨ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൩ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൪ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൫ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൬ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൭ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൮ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൬൯ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൦ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൧ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൨ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൩ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൪ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൫ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൬ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൭ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൮ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൭൯ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൦ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൧ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൨ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൩ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൪ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൫ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൬ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൭ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൮ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൮൯ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൦ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൧ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൨ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൩ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൪ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൫ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൬ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൭ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൮ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൯൯ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു. ൧൦൦ അവർ ദൈവത്തിന്റെ കല്പന അനുസരിക്കുമ്പോൾ അവരുടെ ശത്രുക്കൾ അവരെ ഉപദ്രവിക്കുന്നതു നിറുത്തുന്നു.

# പിയൂസ് പാപ്പാ ൯-ാമൻ.

നമ്മുടെ സ്നേഹ മക്കളും മലയാള സുറിയാനിക്കാരുമായ പ്രൊയേർ കുറിയാക്കോസ് ഏലിയാ, അലക്സ്സാണ്ടർ യൌസേപ്പു, കുറിയാക്കോസ് ഏലീശാ മുതലായ പട്ടക്കാർക്കു സഭസ്തിയും ശ്ലീഹായിക്കൂട്ടത്തു ആശിസ്സും.

സ്നേഹ മക്കളേ, കൽദായക്കാരുടെ ബാബേലിലെ മാർ യൌസേപ്പു പാത്രിയക്കീസായ ബ. നമ്മുടെ സഹോദരന്റെ ഒരെഴുത്തോടുകൂടി അടുത്തു കഴിഞ്ഞ ഇടവം ൯-൩ംനു- നിങ്ങളുടെ പക്കൽ വരികയും മലയാളത്തിലുള്ള പള്ളികളെ ഭരിക്കുവാൻ നമ്മുടെ ആജ്ഞയനുസരിച്ചു യൌസേപ്പു പാത്രിയക്കീസിനാൽ അയക്കപ്പെട്ടിരിക്കുന്നെന്നു പറയുകയും ചെയ്യുന്ന റോക്കോസു മെത്രാനോടു ഏതുപ്രകാരം വർത്തിക്കണമെന്നു അറിവാൻ അപേക്ഷിക്കുന്നതായി ഈയാണ്ടു മിഥുനം ഫൻ-൩ംനു- നമ്മുടെ പക്കലേക്കു നിങ്ങളയച്ച എഴുത്തു ഇവിടെ വന്നുചേർന്നെന്നു നിങ്ങളോടു നാം അറിയിക്കുന്നു.

ഈ മഹാ കായ്യത്തിൽ ഭിന്നതയൊക്കെയും നിങ്ങളിൽ നിന്നു അകലുവാൻ ശ്ലീഹായിക്കൂട്ടത്തു ഈ സിംഹാസനത്തോടും മറ്റു സകല പള്ളികളുടെയും മാതാവും ഗുരുനാഥയുമായ വലിയ റോമ്മാ എന്ന ഈ പള്ളിയോടും നിങ്ങൾ ആലോചന ചോദിച്ചതിനാൽ നാം വളരെ സന്തുഷ്ടനായിത്തീർന്നിരിക്കുന്നു.

എന്നാൽ സ്നേഹ മക്കളേ, മലയാളത്തിലുള്ള പള്ളികളുടെ കായ്യത്തിൽ യാതൊരു പ്രകാരവും പ്രവേശിച്ചുകൂടാ എന്നു പ്രവൃത്തിയാകുന്ന ൬-൩ംനു- തന്നെ ഈ പാത്രിയക്കീസിനോടു നാം എഴുത്തുമൂലം ആജ്ഞാപിച്ചിരുന്നതിനാൽ ഈ പാത്രിയക്കീസിന്റെ സഭമനസ്സാലും ആജ്ഞയാലും മാത്രമാണ് റോക്കോസു അവിടെ വന്നിരിക്കുന്നതെന്നു നിങ്ങൾ അറിയണം. ആകയാൽ സ്നേഹ മക്കളേ, റോക്കോസു മെത്രാൻ പള്ളിക്കൂട്ടത്തു അധികാരമില്ലാത്തവനും ക്രമവിരോധമായി നിന്നു മിക്കപ്പെട്ടവനും പള്ളിക്കൂട്ടത്തു പല മഹറോനിൽ വീണിരിക്കുന്നവനും ആയിരിക്കുന്നു എന്നു നിങ്ങൾ ധരിച്ചുകൊൾവിൻ.

ആകയാൽ പരിശുദ്ധവും ശ്ലീഹായിക്കൂട്ടത്തുമായ ഈ സിംഹാസനത്തിന്റെ പ്രതിപുരുഷനായി അവിടെ നാം നിയമിച്ചിരിക്കുന്ന പാർസാലിയായുടെ മെത്രാപ്പോലീത്താ ആയ ബ. നമ്മുടെ സഹോദരൻ മാർ ബഞ്ചർദീനോസു മാത്രം മലയാളത്തിലുള്ള പള്ളികളുടെ മേല്പട്ടക്കാരനാകയാൽ അല്ലേഹത്തിനു നിങ്ങൾ കീഴ്പ്പെട്ടിരിക്കേണ്ടതു ന്യായമാകുന്നു.

തന്നിമിത്തം റോക്കോസു മെത്രാനെ ക്ഷണേന, താമസമെന്യേ അവിടെനിന്നു വിളിച്ചുകൊള്ളുവാൻ യൌസേപ്പു പാത്രിയക്കീസിനോടു നാം കല്പിച്ചിരിക്കുന്നു എന്നുള്ള വസ്തുത നിങ്ങളെ നാം അറിയിക്കുന്നു.

സഭ്യമായ സകല അനുഗ്രഹങ്ങളുടെയും നിങ്ങളുടെമേൽ നമുക്കുള്ള പിതാവിനടുത്ത സ്നേഹത്തിന്റെയും അച്ചാരമായി നമ്മുടെ ഹൃദയ സ്നേഹമൊക്കെയോടും കൂടി ശ്ലീഹായിക്കുടുത്ത ആശിസ്സിനെ സ്നേഹ മക്കളായ നിങ്ങൾക്കു നാം തരുന്നു.

നമ്മുടെ വാഴ്ചയുടെ ൧൯-ാം വത്സരം ക്രിസ്തുബ്ദം
൧൮൯൫ കന്നിമാസം ൭-ാംനു- റോമായിൽ
ശെമഓൻ കേപ്പായുടെ പള്ളിയിൽനിന്നു.

മാപ്പാപ്പാ വിളിപ്പിക്കയാൽ റോമയിലേക്കു പോയിരുന്ന പാത്രിയക്കീസു റോക്കോസിനെ തിരികെ വിളിക്കുന്ന എഴുത്തു ഉടനെതന്നെ ആ മെത്രാനു കിട്ടി. ഇതു മേല്പറഞ്ഞ ആണ്ടു സെപ്റ്റംബർ ൧-ാംനു- റോമയിൽനിന്നു എഴുതിയതായിരുന്നു. പാത്രിയക്കീസിന്റെ എഴുത്തനുസരിച്ചു റോക്കോസു മലയാളം വിട്ടുപോകാത്തപക്ഷം അദ്ദേഹത്തെ മഹറോൻ ചൊല്ലുവാൻ അധികാരപ്പെടുത്തുന്നതായി മാപ്പാപ്പായുടെ ഒരു തിരുവെഴുത്തു ടി. ആണ്ടു ടി. മാസം ൭-ാംനു- ബെന്റർദീനോസു മെത്രാപ്പോലീത്തായിക്കു അയച്ചുകൊടുത്തിരുന്നു. പാത്രിയക്കീസിന്റെ കല്പന അനുസരിച്ചു മെത്രാൻ മലയാളം വിട്ടുപോകാഞ്ഞതിനാൽ ടി. ആണ്ടു നവംബർ മാസം ൨൦-ാംനു- വരാപ്പുഴ പള്ളിയിൽവച്ചു അദ്ദേഹത്തെ മഹറോൻ ചെല്ലി. അക്കാലത്തു ക്രുനമ്മാവു ആശ്രമത്തിന്റെ വികാരി ആയിരുന്ന കാപ്പിൽ മത്തായി മറിയം അച്ചനെയാണ് റോക്കോസിനെ മഹറോൻ ചൊല്ലുവാനുള്ള അറിയിപ്പുസഹിതം അന്നു ഞാറയ്ക്കൽ പള്ളിയിൽ പാത്തിരുന്ന ആ മെത്രാന്റെ പക്കലേക്കു ബെന്റർദീനോസു മെത്രാപ്പോലീത്താ അയച്ചത്. പള്ളിക്കാരുടെ ഒരു യോഗം ആ അവസരത്തിൽ ഞാറയ്ക്കൽ കൂടിയിരുന്നു. ഉദ്ദേശം ൬൦ പള്ളിക്കാർ ആ സംഘത്തിൽ സംബന്ധിച്ചു. മഹറോന്റെ അറിയിപ്പു കിട്ടിയപ്പോൾ പാത്രിയക്കീസു ബാവായുടെ എഴുത്തിനെപ്പറ്റി സംശയമുണ്ടെന്നും മലയാളം വിട്ടുപോകുന്നതിനു പള്ളിക്കാർ സമ്മതിക്കുന്നില്ലെന്നും വിവരങ്ങൾ കാണിച്ചു റോമയിലേക്കു എഴുതിട്ടുണ്ടെന്നും ഈയവസരത്തിൽ മഹറോൻ ചൊല്ലരുതെന്നും മാർ തോമ്മാ മെത്രാൻ ബെന്റർദീനോസു മെത്രാപ്പോലീത്തായിക്കു എഴുതി അയച്ചു. ഞാറയ്ക്കൽ കൂടിയിരുന്ന പള്ളിക്കാരുടെ യോഗം റോക്കോസു മെത്രാനെ മലയാളത്തിലേക്കു സ്ഥിരപ്പെടുത്തി കിട്ടേണ്ടതിനായി പരിശ്രമിക്കുന്നതിനു വൈദികന്മാരിൽനിന്നും ലൗകികന്മാരിൽനിന്നും ൧൨ പേരെ പ്രതിപുരുഷന്മാരായി തിരഞ്ഞെടുത്തു നിശ്ചയിക്കയും പാറയിൽ അവിരാത്തരകനെയും കള്ളിയത്തു ചാക്കുരെയും വിശേഷാൽ നിയമിക്കയും വിവരം വരാപ്പുഴെ അറിയിക്കയും ചെയ്തു. ഇതിനു ശേഷവും റോക്കോസു പള്ളികളെ സന്ദർശിക്കാതിരുന്നില്ല. പിന്നിരിഞ്ഞു ചെല്ലുവാൻ ആജ്ഞാപിക്കുന്ന പാത്രിയക്കീസിന്റെ രണ്ടാമ

ത്തെ എഴുത്തു കവുന്നവ- ന്റെ ആരംഭത്തിൽ മലയാറ്റൂർവച്ചു റോക്കോസു കൈയ്യേറി. അദ്ദേഹം ഉടനെ ഞാറയ്ക്കലേക്കു മടങ്ങുകയും അവിടെനിന്നു കൊച്ചിയിൽ ചെന്നു കവുന്നവ മാർച്ച് മാസത്തിൽ ബാശാഭിലേക്കു പോകയും ചെയ്തു. (അവിടെ ചെന്ന ശേഷം പൂവ്വ് കൃത്യങ്ങളെ പ്പറ്റി പശ്ചാത്തപിച്ചു ക്ഷമായാചനം ചെയ്തതിനാൽ പാത്രിയക്കീസു അദ്ദേഹത്തെ ഇടവകഭരണത്തിൽ പ്രവേശിപ്പിക്കയും ഒടുവിൽ ഉത്തമകത്തോലിക്കക്കടത്തു വിധം ചരമം പ്രാപിക്കയുമാണുണ്ടായതു.) തൊണ്ണൂറ്റാട്ടു അന്തോനിയച്ചനും മറ്റു ചിലരും ആ കപ്പലിൽ റോക്കോസിനോടൊന്നിച്ചു ബാബേലിലേക്കു പോയി. പാത്രിയക്കീസിൽനിന്നു മെത്രാൻ പട്ടം സ്വീകരിക്കുവാൻ ചെയ്ത ശ്രമം വിഫലമാകയാൽ കുർഡിസ്ഥാനിൽ എത്തി നെസ്റ്റോറിയൻ പാത്രിയക്കീസായ മാർ ശെമഓനിൽനിന്നു പട്ടമേറ്റു. മാർ അബ്ദീശൊ എന്ന പേർ ധരിച്ചുകൊണ്ടു കവു മാസങ്ങളുടെ ശേഷം തൊണ്ണൂറ്റാട്ടച്ചൻ മലയാളത്തിൽ തിരിച്ചെത്തി. ചിലയാളുകളെല്ലാം അദ്ദേഹത്തോടു ചേർന്നു അദ്ദേഹമാകട്ടെ പ്രശ്നാൽ സ്വവാസസ്ഥാനമായി ഉറപ്പിച്ചു. കുറെ കഴിഞ്ഞു മാന്നാനത്തു ചെന്നു മെത്രാൻ സ്ഥാനം നീക്കിവെച്ചു ധ്യാനം ചെയ്തുയും മെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ മഹറോൻ നീക്കി ഇടമറ്റത്തുപള്ളിയുടെ വികാരിയായി നിയമിക്കയും ചെയ്തു. പിന്നീടു വിളക്കുമാടത്തുപള്ളിയുടെ വികാരി ആയിരിക്കയിൽ മേലൂസ് മെത്രാൻ വന്ന സമയം അദ്ദേഹത്തോടു ചേർന്നു. അതിൽ പിന്നെയുള്ള അദ്ദേഹത്തിന്റെ ചരിത്രം പിറകെ പറഞ്ഞുകൊള്ളാം.

റോക്കോസു ശിശുയുടെ കാലത്തു സുറിയാനിപ്പള്ളികളുടെ നില താഴെ കാണുംവണ്ണമായിരുന്നു.

൧. ശീശുയിൽ മുഴുവനായി ചേർന്ന പള്ളികൾ.

ആലങ്ങാടു.
അമ്പഴക്കാട്ടു.
അമ്മാടം.
ആത്താറ്റ്.
ചെമ്പിൽ.
ചാലക്കുടി.
ചേന്നമങ്ങലം.
ചിറയ്ക്കൽ.
ചിറൊട്ടകര.
ചെവൂർ.
പുങ്കം.
ഞാറയ്ക്കൽ.
ഇടപ്പള്ളി.
ഇലഞ്ഞി.
എളൂർ (തെക്കുംഭാഗം.)
ഏങ്ങണ്ടൂർ.
ഏരമല്ലൂർ.
എഴുപുന്ന.
കടനാട്ടു.
കടുത്തുരുത്തി (വലിയതു.)
കടുത്തുരുത്തി (ചെറിയതു.)
കല്ലറമ്പു.
കാരക്കുന്നം.
കുടുക്കറ.
കിഴക്കമ്പലം.
കുത്തിയതോട്ട (പഴയതു.)
കുത്തിയതോട്ട (പുതിയതു.)
കോളങ്ങായി.

കോതമങ്ങലം.
കൊറമത്തി.
കോട്ടേയ്ക്കാട്ട.
കോട്ടപ്പടി.
കോട്ടയം.
കുമരകം (പഴയത്.)
കുമരകം (പുതിയത്.)
കുറുപ്പമ്പടി.
ളായലം (പുതിയത്.)
മൈലക്കൊമ്പു.
മഞ്ഞപ്ര.
മാള.
മലയാറ്റൂർ.
മണലൂർ.
മാൻമുട്ടം.
മരങ്ങാട്ട.
മണിമല.
മാപ്രാണം.
മാറുദേശം.
മറവം.
മേലാർവട്ടം.
മാനന്പാടി പുത്തൻപള്ളി.
മുക്കാട്ടുകര.
മുകമ്മ.
മുതലക്കോടം.
മുളക്കുളം.
മുല്ലശ്ശേരി.
മുണ്ടോർ.
മുട്ടുചിറ.
നാഗപ്പുഴ.
നെടുങ്കുന്നം.
നെയ്ച്ചേരി.
പൈങ്ങൊളം.
പാലയൂർ.
പറപ്പൂർ.
പഷ്ണിക്കര.
പഴയൂർ.
പതിയാരം.
പട്ടിക്കാട്ട.
പ്രവിത്താനം.
പ്ലാശനാൽ.
പുറത്തൂർ.
പിറവം (തെക്കുംഭാഗം.)
പുത്തൻപീടിക.
രാമപുരം.
തൈയ്ക്കാട്ടുശേരി. (ക്കര.
തണ്ണീർമുക്കം അഥവാ കണ്ണ
തെനങ്കുന്നം.
തൃശ്ശിവപേരൂർ.
വടകര.
വടക്കാഞ്ചേരി.
വടയാർ.
വാഴിപ്പൂർ.
വല്ലം.
വേലൂർ.
വിളക്കുമാടം.
വെളിയനാട്.
വടക്കൻ പറവൂർ.

൨. ശീശ്യയിൽ പകുതി മാത്രം ചേർന്ന പള്ളികൾ.

നാലിൽ മൂന്നു ഭാഗം ശീശ്മ.

അങ്കമാലി.
ആനക്കല്ലു.
അതിരമ്പുഴ.
അർണാട്ടുകര.
അകപ്പറമ്പു.
കണ്ടശ്ശാങ്കടവു.
കല്ലേറ്റുങ്കര.
ചേപ്പു.
ഒല്ലൂർ.
പുന്നത്തുറ.
തോട്ടയ്ക്കാട്ട.
പൂതുക്കാട്ട.
ചങ്ങനാശേരി.
കാഞ്ഞൂർ.

പകുതി ഭാഗം ശിശ്മ.

15 ആരക്കുഴ.
കൈപ്പുഴ.
ചേപ്പുങ്കൽ.
കോഞ്ഞുരുത്തി.
കൊരട്ടി.
20 കുറവിലങ്ങാട്ട്.
കുമ്പനാടം.
ളാലം (പഴയതു.)
മുട്ടാർ.
പാലാ.
25 പുത്തൻ വേലിക്കര.
പുതുശ്ശേരി.
തുരുത്തി.
മൂഴിക്കളം.
ഉദിയംപേരൂർ.
30 ചക്കരക്കടവു. നാലിൽ ഒരു ഭാഗം ശിശ്മ.

൩. ശിശ്മയിൽ ചേരാതെ നിന്ന പള്ളികൾ.

ആലുവാ.
അങ്കമാലിച്ചിറ.
ആലപ്പുഴ.
ആമ്പല്ലൂർ.
5 ആമ്പക്കാട്ടു.
അരുവിത്തുറ.
കാഞ്ഞിരപ്പള്ളി.
കയിനകരി.
കല്ലുക്കാട്ടു.
10 കണ്ടനാട്ടു.
ചേന്നങ്കരി.
ചേരാനല്ലൂർ.
കുടമാളൂർ.
കുടവെച്ചൂർ.
15 കോസനല്ലൂർ.
കുമ്പളം.
കുണ്ടന്നൂർ.
ചൊവ്വര.
വൈക്കം.
20 എടത്വാ.
ഇടത്തുരുത്തി.
ഏനാമ്മാവു.
ഏർണാകുളം.
ഇരിങ്ങാലക്കുട.
25 ക്രൂക്കനാട്ടു.
മുട്ടം.
നെടിയശാല.
നീണ്ടകര.
പള്ളിപ്പുറം.
30 പള്ളത്തുരുത്തി.
പൂഞ്ഞാർ.
പുറക്കാട്ടു.
പുളിങ്കുന്നു.
പുത്തൻചിറ.
35 തുപ്പൂണിത്തുറ.
തത്തമ്പള്ളി.
തെക്കൻപറവൂർ.
വലപ്പാട്ടു.

റോക്കൊസു മലയാളംവിട്ടു പോയശേഷം പല പള്ളികളും വരാപ്പുഴ അധികാരത്തിലേക്കു പിന്തിരിഞ്ഞു. എങ്കിലും വരാപ്പുഴയ്ക്കു വടക്കുള്ള പള്ളികളും തൈയ്ക്കാട്ടുശേരി, അതിരമ്പുഴ ("കൊല്ലന്റെ ആലയിൽ കിടന്നുറങ്ങുന്ന പട്ടി" എന്നാണ് മാന്നാനത്തോട്ടുള്ള സാമീപ്യം നിമിത്തം പാലാക്കാരൻ വല്യച്ചന്റെ ഡയറിയിൽ അതിരമ്പുഴക്കു പേർ പറഞ്ഞിരിക്കുന്നതു്.) എന്ന തെക്കൻ പള്ളികളും നാം മേൽ (ല. ൨൬) കണ്ട നേവേസിന്റെ സ്ഥാനത്തിൽ കൊച്ചി ഇടവകയിൽ പതുവാദോ ശിശ്മയുടെ ഗോവർണദോരായി കൊല്ലുത്തു പാത്തിരുന്ന സാൻറിമാൻ (Dr. Antony John Ignace Santi-

mano 1857- 64) എന്നയാളിനെ ആശ്രയിക്കയാൽ ഒരു ശീശ്മയിൽ നിന്നു വീണ്ടും വേറൊരു ശീശ്മയിൽ വീഴുകയും ഫ്വന്നു—ൽ അപ്പസ്തോലിക്ക് കൊമ്മിസറി വന്നതുവരേ ആ സ്ഥിതിയിൽ നിൽക്കയും ചെയ്തു.

വിശുദ്ധ സിംഹാസനവും പോർട്ടുഗൽ ഗവർമ്മേണ്ടും തമ്മിലുള്ള ബന്ധം വിടത്തപ്പെട്ടുപോകയാൽ ഫ്നാ—ാം ഗ്രിഗോരിയോസ് മാപ്പ്പ്പാ ഫ്വന്നുവ—ൽ രാജസംരക്ഷണാധികാരം നിവൃത്തൽചെയ്തതായി ഫ്വ—ാം ലക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ പിന്നീടു വിശുദ്ധ സിംഹാസനവും പോർട്ടുഗലും തമ്മിൽ ബന്ധം പുനഷ്ഠാപിക്കപ്പെടുകകൊണ്ടു ഫ്വ൫൬—ൽ ഒരു "കൊൻകോർഡാത്ത്" (Concordat) ഉടമ്പടി ഉഭയസമ്മതപ്രകാരം ചെയ്യുകയും ആ വിവരം പ്രോപ്പഗാന്താദ്ധ്യക്ഷനായ കാർഡിനൽ ഫ്വന്നാ—ൽ ഇന്ത്യയിലെ വികാരി അപ്പസ്തോലിക്കാമാരെ തെര്യപ്പെടുത്തുകയുമുണ്ടായി. ഈ ഉടമ്പടിയിലെ നിശ്ചയങ്ങൾ നടപ്പിൽവരുത്തുവാനായി ഫ്വന്നുവ—ൽ— റോക്കൊസ് മലയാളം വിട്ടുപോയതിന്റെ പിറേറയാണ്ടിൽ— കൊമ്മിസ്സറി അപ്പസ്തോലിക്ക് ആയി സാബാ (Monsignor Salvator Saba) മെത്രാപ്പോലീത്താ ഇന്ത്യയിലേക്കു അയക്കപ്പെട്ടു. ഇദ്ദേഹത്തോടൊരുമിച്ചു്, ഇംഗ്ലീഷ് രാജവംശത്തോടു ചാർച്ചയുള്ള മൊൻസിഞ്ഞോർ ഹോവാർഡും (Howard) പോർട്ടുഗൽ രാജപ്രതിനിധിയായി ഒരു അൽമായക്കാരനും ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ വരവോടുകൂടി ഫ്വന്നുവ മുതൽ ഉണ്ടായ പതുവാദോ ശീശ്മ അവസാനിച്ചു. എട്ടു ദിവസത്തെ അവധിക്കകം ഓരോ പള്ളിക്കാർ തങ്ങളുടെ ഹിതംപോലെ വരാപ്പുഴക്കീഴോ പതുവാദക്കീഴോ ചേർന്നുകൊള്ളണമെന്നു അദ്ദേഹം ചെയ്ത വിളംബരമനുസരിച്ചു് റോക്കൊസു ശീശ്മക്കാർ ഓരോ ഭാഗങ്ങളിൽ ചേർന്നാണു ശീശ്മ അവസാനിച്ചതു്. ഫ്വ൫൬—ൽ കൊൻകോർഡാത്ത് ചെയ്തുകാലത്തു ചുരുക്കം ചിലതൊഴികെയുള്ള എല്ലാ സുറിയാനിപ്പള്ളികളും വരാപ്പുഴക്കീഴാണു നിന്നിരുന്നതു്. കൊൻകോർഡാത്തിന്റെ പതിനഞ്ചാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു്, അന്നു വികാരി അപ്പസ്തോലിക്കായുടെ കീഴിൽ നില്ക്കുന്ന പള്ളികൾ അങ്ങനെയും പതുവാദോയുടെ കീഴിൽ നിൽക്കുന്ന പള്ളികൾ അങ്ങനെയും നിന്നുകൊള്ളണമെന്നായിരുന്നു. റോക്കൊസു ശീശ്മയിൽ ചേർന്ന പള്ളികൾ പതുവാദക്കീഴിൽ യഥേഷ്ടം നിൽക്കുന്നതിനു് കൊമ്മിസറി ഇപ്പോൾ കൊടുത്ത അനുമതി അദ്ദേഹത്തിന്റെ ഒരു പ്രത്യേകാനുമതിയായിരുന്നു.

സാബായുടെ വിളംബരം മുതൽ ഫ്വ൫൭ ഫെബ്രുവരി ൪—ാം നു- ലെയോനാർദ് മെത്രാപ്പോലീത്തായിക്കു റോമയിൽ നിന്നു കിട്ടിയ അനുവാദം (ഇതേപ്പററി പിന്നീടു പ്രസ്താവിക്കാം.) വരെ ഓരോ ഭാഗങ്ങളിൽ ചേർന്നുനിന്ന പള്ളികൾ താഴെ ക്കാണിക്കുന്നു.

## ൯. വരാപ്പുഴക്കീഴ്വഴിനിന്ന പള്ളികൾ.

അകപ്പറമ്പ്
അങ്കരച്ചിറ
ആലങ്ങാട്ട്
ആലപ്പുഴ
ആലുവാ
ആമ്പല്ലൂർ
അമ്പഴക്കാട്ട്
അങ്കമാലി
ആരക്കുഴ
അരുവിത്തുറ.
കയിനകരി.
കടുത്തുരുത്തി ചെറിയപള്ളി.
കാഞ്ഞിരപ്പള്ളി.
കൈപ്പുഴ.
കല്ലേറുങ്കര.
കല്ലുക്കാട്ട. (ചമ്പക്കുളം)
കണ്ടനാട്ട.
കാരക്കുന്നം.
കറുകുറ്റി.
ചേന്നമങ്ങലം.
ചേന്നങ്കരി.
ചേരാനല്ലൂർ.
ചേർപ്പു.
ചേർപ്പുങ്കൽ.
കിഴക്കമ്പലം.
ചക്കരക്കടവു്.
ചാലക്കുടി.
ചുങ്കം.
കോതമങ്ങലം.
കുടമാളൂർ.
കുടവെച്ചൂർ.
കോയിൽമുക്കു് (എടരുപാ)
കൊളങ്ങായ്.
കുമരകം (പഴയതു)
കോത്തുരുത്തി.
കൊരട്ടി.
കോസനല്ലൂർ.
കൊറമത്തി.
കോട്ടയം.
കുമ്പളം.
കുമ്പനാടം.
കുമ്പുപ്പടി.
കുത്തിയതോട്ട (പഴയതു)
കുത്തിയതോട്ട. (പുതിയതു)
ഇടമറ്റം.
ഇടപ്പള്ളി.
ഇടത്തുരുത്തി.
എള്ളർ.
എർണാകുളം.
എഴുപുന്ന.
ഞാറയ്ക്കൽ.
മൈലക്കൊമ്പു്.
മഞ്ഞപ്ര.
മാള.
മലയാറ്റൂർ.
മണിമല.
മാൻമുട്ടം.
മരങ്ങാട്ട.
മേലാർവട്ടം അഥവാ മേലാർകോട്ട്.
മുകമ്മ.
മുളക്കുളം.
മുല്ലശ്ശേരി.
മുട്ടം.
മുട്ടാർ.
മുട്ടുചിറ.
മൂഴിക്കുളം.
നാഗപ്പുഴ.
നെടിയശാല.
നെടുങ്കുന്നം.
നെയ്ച്ചേരി.
നീണ്ടകര.
നീണ്ടൂർ.
പതിയാരം.
പൈങ്ങളം.
പള്ളിപ്പുറം.

പള്ളരുത്തി.
പറപ്പൂക്കര.
പ്ലാശനാൽ.
പുറത്തൂർ.
പുറക്കാട്ട്.
പിറവം.
പുളിങ്കുന്നു.
പുന്നത്തുറ.
പുത്തമ്പള്ളി.
പുത്തൻപീടിക.
പുത്തൻചിറ.
പുത്തൻവേലിക്കര.
പൂഞ്ഞാർ.
തത്തമ്പള്ളി.
തെക്കൻപറവൂർ.
തെങ്ങുന്നം.
തോട്ടയ്ക്കാട്ടു.
തുപ്പുണിത്തുറ.
തുരുത്തി.
രാമപുരം.
വടകര.
വടക്കൻപറവൂർ.
വടയാർ.
വൈക്കം.
വായിപ്പുർ.
വലപ്പാട്ട.
വല്ലം (കുന്നെയ്ക്കാലീ)
വിളക്കുമാടം.
ഉദിയംപേരൂർ, അഥവാ ഉദിയാംപൈർ.

൨. പതുവാദക്കീഴനിന്ന പള്ളികൾ.

ആമ്പക്കാട്ട്.
ആത്താറ്റ്.
മണലൂർ.
കടുത്തുരുത്തി (വലിയപള്ളി)
കൽപ്പറമ്പു.
കുണ്ടശ്ശൊങ്കടവു.
കാട്ടൂർ.
കൊമ്പിൽ.
ചിറയ്ക്കൽ.
ചെമ്പൂർ.
അമ്മാടം.
ചിറാട്ടുകര.
കൊട്ടേക്കാട്ട.
കോട്ടപ്പുടി.
കുണ്ടന്നൂർ.
ഞനാമ്മാവു.
ഏരമല്ലൂർ.
ഇരിങ്ങാലക്കുട.
ളാലം (പുതിയതു)
മാപ്രാണം.
മാറുദേശം.
മറവൻ.
മുക്കാട്ടുകര.
മുതലക്കോടം.
മുണ്ടൂർ.
മൂർക്കനാട്ട.
പട്ടിക്കാട്ട.
പാലയൂർ.
പറപ്പൂർ.
പൂതിശ്ശേരി. (Puthicery)
പ്രവിത്താനം.
തൈയ്ക്കാട്ടുശ്ശേ
തണ്ണീർമുക്കം രി. (കണ്ണങ്കര.)
തൃശ്ശിവപേരൂർ.
വടക്കാഞ്ചേരി.
ഏങ്ങണ്ടൂർ.
വേലൂർ.

൩. ഇരുഭാഗങ്ങളിലുമായി നിന്ന പള്ളികൾ.

ആനക്കല്ല്.
അർനാട്ടുകര.
കാഞ്ഞൂർ.
ചങ്ങനാശേരി.
കുറവിലങ്ങാട്ട്.
ഇലഞ്ഞി.
ളാലം (പഴയതു്)
ഒല്ലൂർ.
പാലാ.
വെളിയനാട്ട (വടക്കൻ)
കടനാട്ട്.
അതിരമ്പുഴ. അധികഭാഗം വരാപ്പുഴക്കീഴ)
ചൊവ്വര.
കുരകം (പുതിയതു)
പുതുക്കാട്ട്.
പഴയൂർ. (32)

തന്റെ അദ്ധ്യാത്മമേഷിയുഥം ശീശ്മയിൽ ഉൾപ്പെട്ട വല യുന്നതുകണ്ട് ഖേദിക്കുവാൻ ഇടവന്ന ബണ്ടർദീനോസു മെത്രാപ്പോ ലീത്തായിക്കു അതിന്റെ പര്യവസാനംകണ്ടു സന്തോഷിക്കുവാനും ദൈ വം സംഗതിയാക്കി. വിഖ്യാതനായ ഇട്ടേഹം ഫ്വന്നവു സെപ്റ്റംബർ മാസം ൫–൦൦നു- വരാപ്പുഴെ ഭാഗ്യമരണം പ്രാപിക്കയും കൊവേന്തക ളുടെ പൊതുപ്രിയോർ ചാവറ കുറിയാക്കോസച്ചൻ ചെയ്യു ചരമപ്ര സംഗശേഷം അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്യു. (33)

൨൦. അനന്തരം, വികാരിജനറാളായിരുന്ന ലെയോനാർ ദ് (Leonard Mellano of St. Luis) മിഷ്യനറിയെ വികാരി അ പ്പസ്തോലിക്കാ ആയും ഒലിംപിയൊ (Olimpio) യുടെ മെത്രാനായും നിയമിക്കുന്ന ബൂളകൾ ആ മാസം (ഫ്വന്നവു സെപ്റ്റംബർ) ൨൧ നു- റോമയിൽനിന്നു വന്നു. പരേതനായ ബണ്ടർദീനോസു മെത്രാ പ്പോലീത്താ ഈ നിയമനത്തിനായി മുമ്പേതന്നെ റോമയിൽ അപേ ക്ഷിച്ചിരുന്നതാണ്. പട്ടാഭിഷേകകർമ്മം ഫ്വന്നവു നവംബർ മാസം ൧൭–൦൦നു- വരാപ്പുഴവെച്ചു നടന്നു. പട്ടാഭിഷേകത്തിനു കുറേ മുമ്പാ യി– ഫ്വന്നവു ഒക്ടോബർ ൨൦–൦൦നു–– ഇട്ടേഹം അമ്പഴക്കാട്ടു വി. ത്രേസ്യായുടെ ആശ്രമത്തിനു് അടിസ്ഥാനമിട്ടു. അമ്പഴക്കാട്ടുപ ള്ളി ഇടവക ചക്കാലമറ്റത്തു കണിച്ചായി തോമ്മാ ഇട്ടപ്പു എന്ന മ ഹാൻ ദാനംചെയ്ത വടനായർ കോട്ടപ്പറമ്പു ആറു മുറിയും അതോട ചേർന്നം മറ്റും വേറെ അഞ്ചുമുറി പുരയിടങ്ങളും മുന്നൂറി ഏഴരപ്പറയ്ക്കു നിലവും (പറമ്പുകൾ= ൯൭ ഏക്കർ, ൩൯ സെന്റു; നിലങ്ങൾ= ൩൭ ഏക്കർ, ൯൫ സെന്റു: ആകെ ൧൩൩ ഏക്കർ, ൩൦ സെന്റു) സുറിയാനിക്കാരായ കമ്മലീത്താ മൂന്നാംസഭക്കാരുടെ ഒരു ആശ്രമം സ്ഥാപിക്കുന്നതിനായി ബണ്ടർദീനോസു മെത്രാപ്പോലീത്തായുടെ പേ രിൽ ദാന തീറാധാരം ഫ്വന്നവു സെപ്റ്റംബർ ൧–൦൦നു-തന്നെ ചെ യ്തിരുന്നതാണ്.

ഫ്വന്നവു സെപ്റ്റംബർ മാസത്തിൽ ലെയോനാർദ് മെ ത്രാൻ വത്തിക്കാൻ സൂനഹദോസിലേക്കു ക്ഷണിക്കപ്പെട്ടു. ക്രിസ്തുമത

ത്തിലെ വിവിധ ശാഖക്കാരെയും ഈ സൂനഹദോസിൽ സംബന്ധിപ്പിക്കണമെന്നു മാപ്പാപ്പായിക്കുണ്ടായിരുന്ന ആഗ്രഹവും അവിടത്തെ കല്പനയും അനുസരിച്ച് കേരളത്തിലെ യാക്കോബായക്കാരെയും ക്ഷണിക്കുന്നതായ ഒരു പരസ്യക്കല്പന മെത്രാൻ പ്രസിദ്ധംചെയ്തു. അതിപ്രകാരമാണ്:—

"നാം മലയാളത്തിന്റെ വികാരി അപ്പൊസ്തോലിക്ക ആയ കമ്മെലീത്താ സഭയിലെ പ്രൊ. ലെഒനാർദൊ ദെ സൻ ളൂയീസ്, ഒലീന്തൂ എന്ന ദിക്കിന്റെ മെത്രാൻ.— ഈ മലയാളത്തിലുള്ള സുറിയാനിക്കാരായ പുത്തൻക്രൂറുകാർ എന്നു പറഞ്ഞുവരുന്ന ബ. പട്ടക്കാക്കും അൽമേനികൽക്കും നമ്മുടെ കർത്താവിൽ സമാധാനം ആഗ്രഹിച്ചും കൊണ്ട് അറിയിക്കുന്നത് എന്തെന്നാൽ:—

ഇതാ കൈക്കൊള്ളപ്പെട്ട കാലം, ഇതാ രക്ഷയുടെ ദിവസങ്ങൾ എന്നു മാർ പൌലോസ് ശ്ലീഹാ നിലവിളിച്ചിരുന്ന മൊഴികൾ നമ്മുടെ ഈകാലത്തിൽ എത്രയൊ ചേർച്ചയായിട്ട പറവാൻ തക്കതായിരിക്കുന്നു. അതെന്തേ, സർവ്വേശ്വരൻ തമ്പുരാൻ സ്ഥാപിച്ച തന്റെ തിരുസഭയിൽ എല്ലാവരെ വിളിച്ചുകൂട്ടുവാൻ നിശ്ചയിച്ചിരിക്കുന്ന ആക്കാലവും ആ ദിവസങ്ങളും, ഇപ്പോഴത്തെ കാലവും, ദിവസങ്ങളും, ആകുന്നുവെന്നു തോന്നുന്നു.— സർവ്വേശ്വരൻ മാനുഷരുടെ എല്ലാവരുടേയും രക്ഷയ്ക്കായിട്ട് ഒരു ഏക സത്യതിരുസഭ മാത്രമേ സ്ഥാപിച്ചിട്ടൊള്ള എന്നുള്ള സത്യം തങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുന്നു, വിശ്വസിച്ചിരിക്കുന്നുവെന്നു നാം ഉറച്ചിരിക്കുന്നു. അതെന്തേ ഈ സത്യത്തെ ഉറപ്പിക്കുന്ന ദൈവവചനങ്ങൾ എത്രയും തെളിവുള്ളതായിരിക്കുന്നു. അതിൽവെച്ചു, മാർ പൌലോസു ശ്ലീഹാ കോറിന്തീയക്കാക്ക് എഴുതിയ ഒന്നാം കുറിയിൽ ൧൨-ാം അദ്ധ്യായത്തിൽ ഈവണ്ണം ചൊല്ലുന്നു. "ശരീരം ഒന്നാകുന്നുവെങ്കിലും അതിന്നു വല സന്ധുക്കൾ ഉണ്ടായിരിക്കുന്നു. ശരീരത്തിന്റെ സന്ധുക്കൾ വളരെ ആയിരുന്നാലും ഒരു ശരീരം മാത്രമാകുന്നു എന്നതുപോലെ ഈശോമിശിഹായും എന്തുകൊണ്ടെന്നാൽ നാം എല്ലാവരും ഒരേ അരുപിയിൽ ഒരു ശരീരമായി മാമ്മോദീസാ മുങ്ങിയിരിക്കുന്നു." അതിൻവണ്ണംതന്നെ എഫേസ്യക്കാക്ക് എഴുതിയ കുറിയിൽ ൪-ാം അദ്ധ്യായത്തിൽ "ഒരു കർത്താവു, ഒരു വിശ്വാസം, ഒരു മാമ്മോദീസാ" എന്നു ചൊല്ലിയിരിക്കുന്നു. മാർ യോഹന്നാൻ ശ്ലീഹാ ഒരുവൻഗേലീസ്റ്റാ ഒരു ആട്ടുകൂട്ടവും, ഒരിടയനും എന്നു അരുളിച്ചെയ്തിരിക്കുന്നു. ഇതുകൂടാതെയും ലോകത്തിന്റെ രക്ഷനാഥൻ ആകുന്ന നമ്മുടെ കർത്താവീശോമ്ശിഹാ തന്റെ തിരുസഭയെ സ്ഥാപിപ്പാൻ തിരുമനസ്സായപ്പോൾ ശ്ലീഹന്മാരുടെ പ്രഭവായ മാർ പത്രോസിനെ നോക്കി, നീ കല്ലാകുന്നു എന്നും ഈ കല്ലിന്മേൽ എന്റെ പള്ളി പണിചെയ്യുമെന്നും, നരകവാതിലുകൾ അതിനോടു ജയിക്കയില്ലെന്നും അരുളിച്ചെയ്തുകൊണ്ട് ഈ ശുദ്ധ പള്ളിയുടെ തലവനായിട്ട മാർ പത്രോസു ശ്ലീഹായേയും, തന്റെ അനന്തരസുഖക്കാരായ റോമാ മാപ്പാപ്പാമാരേയും കല്പിക്കയും ചെയ്തു. എന്നാ

ൽ ഈ പള്ളിയുടെ സാദൃശ്യമായ നോഹായുടെ കപ്പലിൽ കേറാത്ത വരൊക്കെയും വെള്ളപ്രളയത്തിന്റെ ദിവസങ്ങളിൽ മുങ്ങി നശിച്ചു പോയതുപോലെ പട്ടാങ്ങയായുള്ള പള്ളിയിൽ ഉൾപ്പെടാത്തവരൊക്കെയും നശിച്ചുപോകുമെന്നതിന്നു സംശയമില്ല. എന്നതിനേക്കൊണ്ടു ഈശോമിശിഹായുടെ സത്യ തിരുസഭയിൽ ഉൾപ്പെട്ടവരാകുവാൻ കഴിയുന്ന അനേഷണവും തിരക്കും ചെയ്യാനും, പ്രയാസപ്പെട്ടവാനും എത്രയൊ ആവശ്യമായിരിക്കുന്നു. എന്നാൽ നിങ്ങൾ സത്യതിരുസഭയിലുൾപ്പെട്ടവരോ ഇല്ലയോ എന്നറിയുന്നതിന്നു കണ്ണുതുറന്നാൽ മതി. അതെന്തെ സത്യതിരുസഭയ്ക്കു ഉണ്ടായിരിക്കുന്ന ലക്ഷണങ്ങളിൽ ഒന്നായിരിക്കുന്ന കത്തോലിക്ക അതായത് എല്ലാ കാലങ്ങളിലും, എല്ലാ ജാതിയിലും ലോകമൊക്കെയിലും പരന്നിരിക്കുന്നത് എന്നീ ലക്ഷണം തീരെ ഇല്ലാ എന്നു ഉടനെ അറിയാമെല്ലോ. അതെന്തെ നിങ്ങൾ എല്ലാവരും കത്തോലിക്കക്കാരായിരുന്നകാലവും, പ്രത്യേകം കത്തോലിക്ക ഒന്നിപ്പിൽ നിന്നു വേർതിരിഞ്ഞു തനിച്ചുള്ള ക്രൂട്ടമായി തുടങ്ങിയ കാലവും നല്ല സൂക്ഷ്മായിട്ട ചൂണ്ടിക്കാണിക്കാമെന്നു നിങ്ങളും അറിഞ്ഞിരിക്കുന്നുവെല്ലോ. അപ്രകാരംതന്നെ നിങ്ങൾ ഈ ആസിയകെട്ടിൽ എത്രയും ചുരുങ്ങിയ ഒരുപിടി ആളുകൾ അല്ലാതെ മറ്റു എങ്ങും ഇല്ലാത്തതും ഏവർക്കും അറിയാമെല്ലോ. എന്നാൽ സർവ്വേശ്വരൻ തമ്പുരാന്റെ ഏക കുമാരൻ എണ്ണമില്ലാത്ത ലോകങ്ങളെ വീണ്ടുകൊള്ളുവാൻ മതിയാകുന്ന തന്റെ വിലമതിയാത്ത തിരുച്ചോരയെ ഒരുപിടി ജനങ്ങൾക്കുവേണ്ടി മാത്രം ചിന്തി എന്നുപറഞ്ഞാൽ ആ മാണിക്കമായ ചോരയെ നിന്ദിക്കുന്നതുപോലെ ആകുമെല്ലോ. എന്നതിനേക്കൊണ്ടു മാർ ആഗുസ്തീനോസ് മല്പാൻ പറയുംവണ്ണം താൻ എത്രമാത്രം ജനങ്ങളെ വാങ്ങിച്ചു എന്നു അറിയണമെങ്കിൽ എന്തൊരു വേല താൻ കൊടുത്തുവെന്നു നോക്കിയാൽ മതി. അപ്പഴൊ പ്രിയമുള്ളവരെ ഏക സാരമായ കായ്മാകുന്ന നിത്യരക്ഷയുടെ കായ്മ സംബന്ധമായ വിശ്വാസസത്യങ്ങളെ ഉറപ്പിക്കുന്നതിന്നും ഒരൊരു കാലങ്ങളിൽ ഉണ്ടാകുന്ന പിണക്കങ്ങളേയും ഇടത്തുട്ടകളേയും വിസ്തരിച്ചു തെളിയിക്കുന്നതിന്നും ഇടത്തുട്ടകളെ തള്ളി ശീസ്മകളെ നീക്കി ആത്മരക്ഷയ്ക്കുള്ള സത്യവിശ്വാസത്തെയും അതിന്നടുത്ത സത്യങ്ങളെയും വെളിച്ചപ്പെടുത്തി ഉറപ്പിച്ചു സ്ഥാപിക്കുന്നതിന്നും സർവ്വേശ്വരൻ തന്റെ തിരുസഭയിൽ പ്രത്യേകമുള്ള പോംവഴിയായിട്ട ആകമാനത്തിന്നടുത്ത സൂനഹദോസുകളെ നടത്തിവരുന്നതും ഈ സൂനഹദോസുകൾ നിശ്ചയിക്കുന്നതു ചൊവ്വുള്ള ബുദ്ധിയുള്ളവക്കൊക്കെയും സമ്മതമായിരിപ്പാൻ ന്യായമാകുന്നു എന്നതും എല്ലാവർക്കും പരബോധമുള്ള കായ്മയിരിക്കുന്നു. അതെന്തെ ഈ ആകമാന ക്രൂട്ടമായ ശുദ്ധ പള്ളി അറിയിച്ചു കാണിക്കുന്ന സത്യവും പഠനങ്ങളും മാനുഷവിചാരത്താലും ലോകബോധജ്ഞാനത്താലും ആലോചനയാലും ഉള്ളതല്ല, പിന്നയൊ ദൈവിക ആലോചനതന്നെയെന്നു സർവ്വേശ്വരൻതന്നെ ഉറപ്പിച്ചിരിക്കുന്നു. അതെന്തെ തന്റെ തിരുവചനമാകുന്ന ശുദ്ധ പുസ്തകങ്ങളിൽ നമ്മെ പഠിപ്പിക്കു

ന്നു. അതായത് എന്റെ നാമത്തിൽ നിങ്ങൾ ക്രൂടപ്പെട്ടമ്പോൾ നിങ്ങളുടെ ഇടയിൽ ഞാനൊണ്ട് എന്നും എന്റെ നാമത്തിൽ ബാപ്പായോട നിങ്ങൾ ചോദിക്കുന്നതൊക്കയും നിങ്ങൾക്കു താൻ തരുമെന്നും, നമ്മോട്ടക്കൂടെ ക്രൂടാത്തവൻ വെസ്ഥയായി നാമ്മോട മുതലക്കാരനാകുന്നു എന്നും, നമ്മോട ക്രൂടാത്തവൻ ചിതറിക്കുന്നുയെന്നു, ഇങ്ങനെ ഏറിയ സാക്ഷികളാൽ ഈ സത്യത്തെ സ്ഥിരപ്പെട്ടത്തിയിരിക്കുന്നതല്ലാതെയും ആദ്യം ഒറെശ്ലേമ്മിൽ ശ്ലീഹന്മാരാലെതന്നെ ക്രൂട്ടപ്പെട്ട സൂനഹദോസിൽ ആ കാലത്തിൽ വിശ്വസിച്ച യൂദന്മാരിൽനിന്നുണ്ടായ തക്കത്തിൽ പ്രേക് സൈസു പുസ്തകത്തിൽ സാക്ഷിക്കുംവണ്ണം സെഹിയോനിൽ ശുദ്ധ പള്ളിയായി കൂടിയതിൽ തലവനായ ശുദ്ധ പത്രോസുശ്ലീഹാ ഈവണ്ണം രൂഹാദക്കുദശായിക്കും നമുക്കും തോന്നിയിരിക്കുന്നു എന്ന കല്പിച്ച എഴുതിയതിൻവണ്ണം അന്നുള്ള വിശ്വാസികളൊക്കയും ആ ദൈവ ആലോചനയ്ക്ക കീഴ്പ്പഴങ്ങി നടന്നുവരികയും ചെയ്തു. എന്നതുപോലെ മറേറാരൊരു കാലങ്ങളിൽ ആവശ്യം വന്നപ്പോൾ ഒക്കയും ആ ഒന്നാമത്തെ സൂനഹദോസ് എന്നുള്ള മാതൃകയ്ക്ക തക്കതിൻവണ്ണം ആകമാന സൂനഹദോസായി തിരുസഭ കൂട്ടിക്കൊണ്ട ആത്മരക്ഷയ്ക്കും വിശ്വാസത്തിനും അടുത്ത കാര്യങ്ങളെയും അതിൽവച്ചുള്ള ഭിന്നിപ്പുകളെയും സംശയങ്ങളെയും തീത്തുവരികയും ചെയ്തവരുന്നു എന്നു എല്ലാവരും അറിഞ്ഞിരിക്കുന്ന കാര്യമായിരിക്കുന്നു. അപ്പോഴൊ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്ന ഭേദംവരാത്ത വഴിയായിരിക്കുന്ന ആകമാനത്തിന്നുടത്ത സൂനഹദോസു വഴിയായിട്ട ഇപ്പോൾ ലോകമൊക്കയിലുമുള്ള ഭിന്നിപ്പുകളെ എല്ലാം തീത്ത നമ്മുടെ ദിവ്യരക്ഷിതാവിന്റെ തിരുച്ചോരയാൽ പിശാചിന്റെ അടിമയിൽ നിന്നു രക്ഷപെട്ട ആത്മാവുകളായ തന്റെ ജ്ഞാനത്തോട്ടത്തിൽ ഈ നാൽവരെ ഉണ്ടായിരിക്കുന്ന ഇടത്തുട്ടകളേയും പകുതികളേയും നീക്കി ഈശോമിശിഹാ തന്റെ മക്കൾക്ക എന്നേക്കും അനന്തര സുഖക്കാരായി കല്പിച്ചുകൊട്ടത്ത സമാധാനം എന്ന ഉപവി വർദ്ധിപ്പിച്ച നിത്യരക്ഷയുടെ നിശ്ചയമുള്ള നേർവഴിയെ സ്ഥിരപ്പെട്ടത്തി സകല ജനങ്ങളേയും അറിവിച്ചു കാട്ടുന്നതിനായിട്ട ഇപ്പോൾ ശുദ്ധ കത്തോലിക്കാ റോമ്മാപ്പള്ളിയിൽ വാണവരുന്ന ഒമ്പതാമത്തെ പീയൂസ് എന്ന ശുദ്ധമാന മാപ്പ്പാപ്പാ ഈ ആണ്ടിൽ ധനുമാസം വ-ാംനു- ദൈവമാതാവിന്റെ അമലോത്ഭവത്തിരുനാൾ ദിവസത്തിൽ ആകമാന സൂനഹദോസുകൂടി ആരംഭിപ്പാൻ നിശ്ചയിച്ച ശുദ്ധ കത്തോലിക്കാ പള്ളിയിൽ ഉൾപ്പെട്ട ലോകമൊക്കയിലുള്ള എല്ലാ മെത്രാന്മാരെ വിളിച്ചതെന്നു ഈ ഒരുമ്പാട്ടിൽനിന്നു അകന്നുനിൽക്കുന്ന എല്ലാത്തുക്കാസകളുടെ മെത്രാന്മാരായവരെയും വിളിച്ചിരിക്കുംവണ്ണം ഈ മലയാളത്തിലുള്ള നിങ്ങളുടെ മെത്രാന്മാക്കും തന്റെ തിരുവെഴുത്തുകളെ കൊട്ടത്തുക്കയും ചെയ്തു. ആയവരു പോകുന്നതല്ലാതെയും ബ. പട്ടക്കാരായ നിങ്ങളിലും യാതൊരുത്തൻ ഈ മഹാക്രൂട്ടത്തിൽ കൂടി ഈ പട്ടാങ്ങയായ സത്യങ്ങളെ കേൾപ്പാനും നിങ്ങളുടെ സംശയങ്ങളേയും തീത്തു

നിത്യരക്ഷ എന്ന ഈ ഏകസാരമായ കാര്യത്തിനുള്ള നേർവഴിയെ സ്ഥിരമായി പിടിപ്പാനും മനസ്സുള്ളവരെ ഉണ്ടായിരുന്നാൽ ആയവരും അവിടെ ചെന്നാൽ അന്തസ്സിനു തക്കവണ്ണം സ്നേഹമായി കൈക്കൊള്ളപ്പെടുവാനും വേണ്ടിയ സഹായങ്ങൾക്കുമായി ആയവക്കു നാംക്രുടെയും ഒരെഴുത്തു കൊടുപ്പാനും ആസ്ഥമായിരിക്കുന്നു.— അപ്പഴെ പ്രിയമുള്ളവരേ അനുഗ്രഹങ്ങളുടെ പിതാവായ സർവ്വേശ്വരൻ നാം വഴിയായിട്ടു കേൾപ്പിക്കുന്ന ഈ തന്റെ തിരുസ്വരത്തിനു ചെവികൊടുക്കുമെന്നും നിത്യരക്ഷയുടെ കാര്യത്തിൽവച്ചു ഒരിക്കൽ തെറ്റിപ്പോയാൽ എന്നന്നേക്കും ഒതറി നശിച്ചുപോകുന്നതാകയാൽ ഇതിനുള്ള നിശ്ചയമായ നേർവഴിയെ എല്ലാവരും താല്പര്യത്തോടുക്രുടെ അന്വേഷിക്കുമെന്നും നാം ശരണപ്പെട്ടുകൊണ്ടു ഇതിനുവേണ്ടിയ വെളിവും ധൈര്യവും തമ്പുരാനോടു പ്രാർത്ഥിച്ചുംകൊണ്ടു നിത്തുന്നു.

എന്നു്

വരാപ്പുഴെ നമ്മുടെ അരമനയിൽനിന്നും,
൨൭൯൩ൻ—൩൦കാലം കുംഭമാസം ൨൭—൩൦നു-.

Fr. Leonard De S. Luis.
Bishop Vic. Ap.

(മുദ്ര) പ്രൈ ലെഒനാർദ്ദൊ ദെ സൻ ലൂവിസ്
മെത്രാൻ വികാരി അപ്പസ്തോലിക്കു്.

സൂനഹദോസിൽ സംബന്ധിക്കേണ്ടതിനായി ലെയൊനാർദ്ദ മെത്രാൻ ൨൭൯൩ൻ ഓഗസ്റ്റ് മാസത്തിൽ റോമ്മയിലേക്കു പോയി. 'പത്രോസിന്റെ കാര്യു്' എന്നു പേരായി മലയാളത്തിൽ ചെയ്യുന്ന ധർമ്മപ്പിരിവിൽനിന്നു കിട്ടിയ ഒരു സംഖ്യക്രുടി മെത്രാൻ മാപ്പിപ്പാസ്സു കാര്യുപ്പെക്കുവാനായി കൊണ്ടുപോകയുണ്ടായി. ഈ വകസ്സു സൂറിയാനി പള്ളികളിൽനിന്നു ഉദ്ദേശം ൩൨,൦൦൦ രൂപാ പിരിഞ്ഞു. അക്കാലത്തു പ്രൊ. വികാരി അപ്പസ്തോലിക്കാ ആയി ജോലിനോക്കിയിരുന്നതു് വികാരിജനറാളായ പീലിപ്പോസ് മിഷ്യനറിയാണു്. പതുവാദോയിൽ നിന്നിരുന്ന തൃച്ചൂർപള്ളിക്കാർ തങ്ങളെ വരാപ്പുഴക്കീഴിൽ സ്വീകരിക്കണമെന്നു മെത്രാൻ പോകുന്ന അവസരത്തിൽ അപേക്ഷിക്കയുണ്ടായി. അതിനു റോമ്മയിലെ അനുവാദം വേണമെന്നും അതു വാങ്ങിവരാമെന്നുമാണു് അദ്ദേഹം മറുപടി പറഞ്ഞതു്. റോമ്മയിൽ വെച്ചു മെത്രാനു മെത്രാപ്പോലീത്താ എന്ന സ്ഥാനം ലഭിച്ചു. മലയാളരാജ്യം പൂർവ്വസ്ഥിതിയിൽ തന്റെ അധികാരത്തിൽ ഉൾപ്പെട്ടിരിക്കണമെന്നു വാദിക്കുവാൻ സൂനഹദോസിൽ ബാബെൽ പാത്രിയർക്കീസു വാദിക്കുകയും പ്രാൻസുകാരായ മെത്രാന്മാർ അതിനെ ആദരിക്കുകയുമുണ്ടായി. ഈ വിവരം ലെയൊനാർദ്ദ മെത്രാപ്പോലീത്താ റോമ്മയിൽനിന്നു എഴുതി അറിയിക്കയാൽ അദ്ദേഹത്തിന്റെ താല്പര്യം അനുസരിച്ചു പ്രിയോർ കുറിയാക്കോസ് ഏലിയാസച്ചനും മറ്റു പല കത്തനാർമാരും ക്രുടി

അതിനെതിരായി ഒരു ഹർജി റോമയിലേക്കയച്ചു. ഈ വിധ ഹർജികൾ ഹേതുവായും ഫ്രാൻസും ജർമ്മനിയും തമ്മിൽ യുദ്ധമുണ്ടാകകൊണ്ടും സൂനഹദോസു പൂർത്തിയാക്കാൻ തരപ്പെടാഞ്ഞതിനാലും മറും പാതിയർക്കീസിന്റെ അപേക്ഷ സാധിതമാകാതെ പോയി.

പതുവാദ അധികാരത്തെ ആശ്രയിച്ചുനിന്നിരുന്ന പള്ളികളെ വരാപ്പുഴക്കീഴിൽ സ്വീകരിക്കുന്നതിലേക്കു ക്രിസ്തൻ ഡിസംബർ മാസത്തിൽ ലെയോനാർദു മെത്രാപ്പോലീത്താ റോമയിൽ താമസിക്കുന്ന കാലത്തു അനുവാദം ചോദിച്ചു. ഇതിനു പ്രൊപ്പഗാന്ത തിരുസംഘത്തിൽനിന്നു ക്രിസ്തു ൧൬൯ ഫെബ്രുവരി ൫-ാംനു- കൊടുത്ത മറുപടിയുടെ പുരുക്കം, മെത്രാപ്പോലീത്തായുടെ അപേക്ഷ പള്ളിസംബന്ധമായ അസാമാന്യ കാര്യങ്ങൾക്കായുള്ള തിരുസംഘത്തിന്റെ പരിശോധനയ്ക്കു ൾപ്പിച്ചെന്നും ആ സംഘത്തിന്റെ തീരുമാനം ൧൯-ാം പീയൂസ് മാപ്പാപ്പായെ ബോധിപ്പിച്ചതിൽ ക്രിസ്തു-ലെ കൊൻകൊർദാത്തു് ഉടമ്പടിയുടെ ൪൭-ാം വകുപ്പിനു ലംഘനംകൂടാതെ മലയാളത്തിലെ "കൽദായ സുറിയാനിക്കാർ" അപേക്ഷിക്കുമ്പോഴെല്ലാം അവരെ വരാപ്പുഴ അധികാരത്തിൽ സ്വീകരിക്കാമെന്നു പരിശുദ്ധ പിതാവു സമ്മതിച്ചു എന്നുംമറുമായിരുന്നു. ക്രിസ്തു-ൽ കൊൻകൊർദാത്തു് ചെയ്യുകാലത്താകട്ടെ സുറിയാനിപ്പള്ളികൾ മിക്കവാറും എല്ലാംതന്നെ വരാപ്പുഴക്കീഴാണു നിന്നിരുന്നതു്. കൊൻകൊർദാത്തിന്റെ ൪൭-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് അന്നു വികാരി അപ്പസ്തോലിക്കാമാരുടെ കീഴിൽ നിൽക്കുന്ന പള്ളികൾ അവിടെയും പതുവാദക്കീഴിൽ നിൽക്കുന്ന പള്ളികൾ ആ അധികാരത്തിൽത്തന്നെയും നിന്നുകൊള്ളണമെന്നായിരുന്നു. റോക്കൊസു ശിശ്യയിൽ ഉൾപ്പെട്ട പള്ളികൾക്കു യഥേഷ്ടം എവിടെയും ചേരാമെന്നു സാബാ മെത്രാപ്പോലീത്താ കൊടുത്ത അനുവാദം അല്ലേഹത്തിന്റെ സ്വന്തമായിരുന്നെന്നു മുകളിൽ (ല. ഫൻ) പറഞ്ഞിട്ടുണ്ടല്ലൊ. ഇതിനിടയ്ക്കു തൃച്ചൂർപള്ളിക്കാരും മറു ഇരുപത്തൊമ്പതു പള്ളിക്കാരും കൂടി തങ്ങൾക്കു ഗോവയുടെ കീഴായി ഒരു ബാബേൽ മെത്രാനെ കൊടുക്കണമെന്നും അല്ലാത്തപക്ഷം തങ്ങൾ വരാപ്പുഴ അധികാരത്തിലേക്കു ചേരുന്നതാണെന്നും ക്രിസ്തു-ൽ കൊടുങ്ങല്ലൂർ ഗോവർണദോരിനു ഒരു ഹർജി അയച്ചു. ഇതിനു് അനുകൂലഭാവത്തിലുള്ള ഒരു മറുപടിയല്ല അവർക്കു ലഭിച്ചതു്. ക്രിസ്തു ഫെബ്രുവരി ൫-ാംനു-ലെ അനുവാദം അനുസരിച്ചു പതുവാദഭാഗത്തുനിന്നു കീഴെ പറയുന്ന പള്ളികൾ വരാപ്പുഴെ ചെന്നുചേർന്നു.

൧. മുഴവനും പതുവാദയിൽ നിന്നവയിൽ:—

| | | | |
|---|---|---|---|
| | അമ്മാടം. | | കണ്ടശ്ശാംകടവു്. |
| | ചിറയ്ക്കൽ. | | മാപ്രാണം. |
| | മുണ്ടൂർ. | | കാട്ടൂർ. |
| | മണലൂർ. | ൧൦ | മാറുദേശം. |
| ൫. | പറവൂർ. | | കൽപറമ്പു്. |
| | പുതിശേരി (Puticery) | | ആമ്പക്കാട്ടു്. |

| | |
|---|---|
| ഇരിങ്ങാലക്കുട. | ചെമ്പിൽ. |
| തൈക്കാട്ടുശേരി. | മുതലക്കോടം. |
| കള ളാലം (പുതിയതു) | പ്രവിത്താനം. |

ഫ. ഇരുഭാഗങ്ങളിലും കൂടി നിന്നവയിൽ:—

| | |
|---|---|
| ആനക്കല്ല | കാഞ്ഞൂർ |
| ചങ്ങനാശേരി. | പാലാ. |
| ഒല്ലൂർ. | ളാലം (പഴയതു) |
| കടനാട്ട്. | അതിരമ്പുഴ. |

ബ. മുഴുവൻ പതുവാടയിൽനിന്നവയിൽ പകുതി ചേർന്നവ.

| | |
|---|---|
| ഏനാമ്മാവു്. | ചിറ്റാട്ടുകര. |
| ചെറുർ. | മുക്കാട്ടുകര (34) |

മെത്രാപ്പോലീത്താ സൂനഹദോസിനു പോയിരുന്ന കാലത്തു് അതേഹത്തിന്റെ പ്രൊ. വികാരി അപ്പൊസ്തോലിക്കാ ആയിരുന്ന പീലിപ്പോസു മിഷ്യനറിയാണ് മുത്തോലി ആശ്രമത്തിനു ൧൮൩൦ ജനുവരി മാസത്തിൽ അടിസ്ഥാനമിട്ടതു്. ഇതിന്റെ ആസ്ഥാനഭൂമി മണ്ണൂർ കുടുംബക്കാരുടെ ദാനമാണ്. നാഗനൂലിൽ പുതിയാത്തു കുടുംബക്കാരും ഇതിനായി വസ്തു ദാനംചെയ്തിട്ടുണ്ട്. മേനാമ്പറമ്പിൽ ഇട്ടിച്ചെറിയ (കുഞ്ഞച്ചൻ) എന്നയാൾ ഈ ആശ്രമത്തിനു ആരംഭംമുതലേ പല സഹായങ്ങൾ ചെയ്തിട്ടുള്ളതാണ്. വത്തിക്കാൻ സൂനഹദോസു കഴിഞ്ഞു മെത്രാപ്പോലീത്താ ൧൮൬൦ നവംബർ ൨൬-൦നു- മടങ്ങി എത്തിയപ്പോൾ പ്രിയോർ ചാവറ കുറിയാക്കോസച്ചൻ ദീനം പിടിപെട്ടു കിടപ്പിലായിരുന്നു. മൂന്നുമാസംവരെ ദീനത്തിൽ കിടന്ന ശേഷം ൧൮൬൧ ജനുവരി ൧൮-൦നു- തന്റെ സുകൃതംനിറഞ്ഞ ആത്മാവിനെ സ്രഷ്ടാവിങ്കൽ സമർപ്പിച്ചു. ഇട്ടേഹത്തെപ്പറ്റി വരാപ്പുഴ സഹായമെത്രാനായ ഡോക്ടർ മർസലീനോസ് ഇങ്ങനെ പറയുന്നു:— "അവരുടെ (പോരുക്കര തോമ്മാ മല്പാന്റെയും പാലയ്ക്കൽ തോമ്മാ മല്പാന്റെയും) ശിഷ്യരിൽ ഒരുത്തൻ ആ (മാന്നാനം) കൊവേന്ത പട്ടാങ്ങയുള്ള സന്ന്യാസിയാശ്രമമായിട്ടു സ്ഥാപിക്കപ്പെട്ടപ്പോൾ സന്ന്യാസിയാശ്രമത്തിന്റെ പ്രിയോരായി നിയമിക്കപ്പെട്ടവാൻ യോഗ്യനായി കണ്ടെത്തപ്പെട്ടവനും ചേന്നങ്കരി പള്ളി ഇടവകക്കാരൻ അൽഫോൻസു പട്ടക്കാരനായിട്ടു ചാവറ കുറിയാക്കോസെന്നും, സന്ന്യാസിയായിട്ടു കുറിയാക്കോസ് ദെ സാന്തേലിയ എന്നും പേരു വിളിക്കപ്പെട്ട ദേഹമാകുന്നു. ഈ ദേഹംമാത്രം മാന്നാനത്തിലുണ്ടായ പുഷ്പമാകുന്നു എന്നുവെച്ചാലും തോമ്മാ മല്പാന്റെയും പോരുക്കര വലിയ അച്ചന്റെയും വേലകൾക്കു തക്ക ഫലം കിട്ടി എന്നു ന്യായമായിട്ടു പറകയുമാം. അതെന്തുകൊണ്ടെന്നാൽ ആ രണ്ടു കീർത്തിപെട്ടവര മരിച്ചതിൽപിന്നെ ൧൮൫൧-൦ ആണ്ടിൽ കൊവേന്തയിൽ ചേർന്ന, കൈയിൽ ഉണ്ടായിരുന്ന പണംകൊണ്ടു പള്ളിയുടെ എട്ടുപട്ടത്തിന്റെ കൂടിന്റെ പണിക്കുറവു തീർപ്പിക്ക

യും ഓടിറക്കിക്കയും ചെയ്യുവെന്ന കാഞ്ഞിരപ്പള്ളി ഇടവകക്കാരൻ പു
ത്തൻപുരയിൽ യാക്കോയെന്ന മല്പാനോട്ടുകൂടെയും, ഈ ദേഹം
൧൭൯൨–ാം കാലത്തിൽ മരിച്ചാറെ ൧൭൯൩–ാം കാലംവരെ നമ്മുടെ
പ്രിയോരുതനെയും ഏകമല്പാനായിട്ട പട്ടസുഖത്തിനു വിളിക്കപ്പെട്ട
വരെ പഠിനത്താലെയും നല്ല കണ്ടുപഠിതപത്താലെയും നന്നാക്കുന്ന
തിനു ചെയ്യ ബുദ്ധിമുട്ടുകളേയും, മലയാളത്തിനു വരുത്തിയ ഗുണ
ങ്ങളേയും, തന്റെ വാക്കുമധുരത്തോട്ടുകൂടെ അവിടവിടെ പറഞ്ഞുവ
ന്ന പ്രസംഗങ്ങളാൽ ആത്മാവുകൾക്കു ചെയ്യ ഉപകാരങ്ങളേയും നോ
ക്കുമ്പോൾ ഏറിയ നല്ല പട്ടക്കാരരിൽനിന്നു ഉണ്ടാകുവാൻ പാടുള്ള
ഫലങ്ങൾ ഉണ്ടായിയെന്നു പറവാൻ ന്യായം. എന്നാൽ ഈ ദേഹം
മുൻപറഞ്ഞതുപോലെ ൧൭൯൭–ാംകാലം സന്ന്യാസിജീവിതവും, കമ്മ
ലീത്താ മൂന്നാംസഭയുടെ ക്രമവും ആരംഭിച്ചപ്പോൾ മാർ ബഞ്ചർദീനോ
സു മെത്രാപ്പോലീത്താ ഈ കാര്യത്തിനു നിയമിച്ചയച്ച മിസ്യോനാരി
മൂപ്പൻപാദ്രിയുടെ കൈകളിൽ കീഴ്ഴക്കം, കന്യാവ്രതം, അഗതിതപം,
എളിമ എന്ന നാല്വ പറഞ്ഞൊപ്പുകളെ ഒന്നാമത്തവനായിട്ട ചെയ്തതി
ന്റെ ശേഷം, പറഞ്ഞൊപ്പുചെയ്വാൻ ആസ്ഥമായിരുന്ന മറ്റു പത്തു
പട്ടക്കാരരുടെ പറഞ്ഞൊപ്പുകളെ പ്രിയോരേൽക്കയും ചെയ്തു.

അന്നുമുതൽ ൧൭൯൮–ാം കാലം മകരമാസം ആരംഭിച്ചതു
വരെ മാന്നാനത്ത മാർ യൌസേപ്പു പുണ്യവാളന്റെ ആശ്രമത്തിന്റെ
തന്നെയല്ല പിന്നയോ അതിന്റെ ശേഷം ക്രമേണ സ്ഥാപിക്കപ്പെട്ടവെ
ന്ന ക്രുനമ്മാവു പിള്ളൊമെനാ പുണ്യവാളത്തിയുടെ ആശ്രമത്തിന്റെയും,
വാഴക്കുളത്തിലെ കമ്മെലൊആശ്രമത്തിന്റെയും, അർണ്ണാട്ടുകരെ(ഏൽ
ത്തുരുത്തു) പുളിങ്കുന്നു ആശ്രമങ്ങളുടെയും പൊതുപ്രിയോരായി വാണു,
തന്റെ സന്ന്യാസികളെ വിശേഷ പുണ്യമാതൃകയാലും, ഉയിരുള്ള വി
ശ്വാസത്താലും ധ്യാനത്തിന്റെയും, സൽഭക്തിയുടെയും അരുവിയാലും,
ഇടവിടാതുള്ള വേലകളെ ചെയ്തുകൊണ്ടിട്ടും പരിപ്പിച്ചു വരികയിൽ
മേൽചൊല്ലിയ ആണ്ടിൽ ഏറിയമാസത്തിനു കഠിനമായ ദീനത്തെ
വിശേഷ ക്ഷമയോട്ടുകൂടെ സഹിച്ചതിന്റെശേഷം മകരമാസം ൩–ാം
തിയ്യതി നീതിമാന്മാരുടെ മരണത്താൽ പിള്ളൊമെനാ പുണ്യവാളത്തി
യുടെ ആശ്രമത്തിൽവച്ചു മരിക്കയും ചെയ്തു". (35) സുറിയാനിക്കുബ്രാ
നയുടെ ക്രമങ്ങൾ അടങ്ങിയ 'തുക്കാസാ' എന്ന പുസ്തകം എഴുതി അ
ച്ചടിപ്പിച്ചതും കുബ്രാനയിൽ ഉപയോഗിക്കേണ്ട തിരുവസ്ത്രങ്ങളുടെ നി
റം ആദിയായവ കാണിച്ചുള്ള പഞ്ചാംഗം മലയാഴ്മയിൽ എഴുതി ആ
ണ്ടുതോറും അച്ചടിപ്പിക്കുന്ന ഏർപ്പാട നടപ്പിൽ വരുത്തിയതും ഇദ്ദേഹ
മാണ്. മലങ്കര സുറിയാനി കാനോനിക ജപപുസ്തകം കൈയ്യെഴു
ത്തായി മാത്രം ഇരുന്നതു അച്ചടിക്കുന്നതിനു ശ്രമംചെയ്തതും ചാവറയ
ച്ചൻതന്നെയാണ്. അതു സംക്ഷേപിക്കുന്നതിനു വേണ്ട അനുമതി
ഇദ്ദേഹത്തിന്റെ താല്പര്യം അനുസരിച്ചു ലെയൊനാർദു മെത്രാപ്പോ
ലീത്താ റോമയിൽനിന്നു വാങ്ങുകയുണ്ടായി.

കുറിയാക്കോസ് ഏലിയാ അച്ചൻ മരിച്ചപ്പോൾ ലെയോ

നാർദ് മെത്രാപ്പോലീത്താ, ൧൮൭൫ ഫെബ്രുവരി മാസം ൨൫–ാംനു-പോത്തുക്കര കുറിയാക്കോസു ഏലീശാ അച്ചനെ സഭയുടെ പൊതുപ്രിയോരായി നിശ്ചയിച്ചു. ഇതോടുകൂടി തെക്കൻ ദിക്കുകളിലെ പള്ളികളുടെമേൽ വികാരിജനറാളിനുള്ള അധികാരവും കൊടുത്തു.

ഒരു സുറിയാനി മെത്രാനെ അയച്ചുകൊടുക്കണമെന്നു മലയാളത്തിലെ നസ്രാണികൾ ബാബേൽ പാത്രിയക്കീസിനോടു വീണ്ടും വീണ്ടും ഹർജികൾ മൂലം അപേക്ഷിച്ചുകൊണ്ടിരുന്നു. പതുവാദോ ഭാഗത്തു നിന്നിരുന്നവരാണ് ഇക്കാര്യത്തിൽ മുഖ്യമായി പ്രവർത്തിച്ചത്. ആ അധികാരത്തിൽ ഉൾപ്പെട്ടിരുന്ന പള്ളികളെ താഴെ കാണിക്കുന്നു:–

൧. മുഴുവൻ പതുവാദയിൽ നിന്നവ.

| | |
|---|---|
| ആത്താറ് (ചാട്ടുകുളങ്ങര അഥവാകുന്നംകുളങ്ങര.) | മൂക്കനോട്ടു. |
| | പട്ടിക്കാട്ട്. |
| കടുത്തുരുത്തി (വലിയതു്) | ൧൦. പാലയൂർ. |
| കൊട്ടെയ്ക്കാട്ട്. | വടക്കാഞ്ചേരി |
| കോട്ടപ്പടി. | വേലൂർ. |
| ൭. കുണ്ടന്നൂർ. | തൃശ്ശിവപേരൂർ. |
| ഏരമല്ലൂർ. | തണ്ണീർമുക്കം. (കണ്ണങ്കര) |
| മറവൻ. | ൧൭. ഏങ്ങണ്ടൂർ. |

൨. പകുതി പതുവാദയിൽ നിന്നവ.

| | |
|---|---|
| അർണാട്ടുകര. | ചെറുവൂർ. |
| കുറവിലങ്ങാട്ടു. | മുക്കാട്ടുകര. |
| ഇലഞ്ഞി. | ചൊവ്വര. |
| ചിറ്റാട്ടുകര. | ൧൦. കുമരകം (പുതിയതു) |
| ൭. വെളിയനാട്ടു. | പുതുക്കാട്ട്. |
| ഏനാമ്മാവു്. | പഴയൂർ. |

പതുവാദപ്പള്ളിക്കാരുടെ ഹർജികളിൽ (36) പ്രധാനമായ ഒന്നു ആ ഭാഗത്തിലുൾപ്പെട്ട പട്ടക്കാരും ശമ്മാശ്മാരും പള്ളിക്കാരും ക്രൂടി ൧൮൭൨–ൽ മംഗലപ്പുഴ സെമിനാരിയിൽനിന്നു ബാബേലിലേക്കു അയച്ചതാണ്. അതിൽ ൧) വരാപ്പുഴ കമ്മീത്താ മെത്രാൻ ആദിയായവർ പള്ളിഭരണസംബന്ധമായി സുറിയാനി പട്ടക്കാരേയും ജനങ്ങളേയും ഞെരുക്കുന്നെന്നും, ൨) പതുവാദക്കീഴിൽ നിന്നു പോന്നവക്കു മെത്രാനില്ലാത്തതിനാൽ വളരെ പ്രയാസങ്ങൾ നേരിടുന്നെന്നും, ൩) പതുവാദക്കാർക്കു മെത്രാനില്ലെന്നു കണ്ട കമ്മീത്താ വികാരി അപ്പസ്തോലിക്കാ തുടങ്ങിയുള്ളവർ ക്രൂടതലായി അവരെ ഞെരുക്കുകയും പതുവാദയെ നിശ്ശേഷം നശിപ്പിക്കുവാൻ പലവിധത്തിൽ തന്ത്രോപായങ്ങളെ പ്രയോഗിക്കുകയും ചെയ്യുന്നെന്നും, ൪) ഇതുകൾക്കെല്ലാം നിവൃത്തിയുണ്ടാക്കുവാനായി പതുവാദോയിക്കു കീഴായി ഇരിപ്പാൻ തക്കവണ്ണം ഒരു മെത്രാനെ അയച്ചുകൊടുക്കണമെന്നും പതുവാദ

യുമായുള്ള സഹവർത്തനംകൊണ്ടു ഉദ്ദേശ്യങ്ങളെല്ലാം സാധിക്കാമെന്നും പ്രതിപാദിച്ചിരുന്നു. ആ ഇടയ്ക്കു പീലിപ്പോസു അസൈയ്സ് (Philip Azise) എന്നൊരു കൽദായ വൈദികൻ ധർമ്മത്തിനായി പതിവാദക്കീഴുള്ള തൃശ്ശൂർ വന്നുപോയി. ഇവിടത്തു പുത്തൻപള്ളി ഇടവക പുത്തേടു ഇഗ്നാസി കത്തനാരായിരുന്നു അക്കാലത്തു തൃശ്ശൂർ പള്ളിയുടെ വികാരി. (അദ്ദേഹത്തിന്റെ ഇടവക പതിവാദയിൽ ഉൾപ്പെട്ടിരുന്ന കാലത്താണ് അദ്ദേഹം തൃശ്ശൂർ വികാരി ആയതു. ഇടവകകളുടെ നിലയിൽനിന്നു വ്യത്യാസമായി ചില വൈദികന്മാരും ജനങ്ങളും മദ്ഭാഗത്തു ചേർന്നു നില്ക്കയും ഉണ്ടായിട്ടുണ്ട്.) ഇദ്ദേഹം പീലിപ്പോസിനോടു ഒരു സുറിയാനിമെത്രാനെ കിട്ടേണ്ട സംഗതിയെപ്പറ്റി സംസാരിക്കയും അതിനുള്ള മാർഗ്ഗം ആലോചിക്കയും ചെയ്തപ്പോൾ, വികാരിമാരുടെയും മറ്റു വൈദികന്മാരുടെയും ജനപ്രധാനികളുടെയും ഒപ്പോടുകൂടി ഇതിനായി ഒരു ഹർജി തന്നെ ഏൽപ്പിക്കയും ഇക്കാര്യത്തിൽ വേണ്ടിവരുന്ന ചെലവു വഹിക്കയും ചെയ്യുന്ന പക്ഷം ആ കാര്യം താൻ നടത്തിക്കൊടുക്കാമെന്നു മറുപടി പറഞ്ഞു. ആകയാൽ ഇഗ്നാസിയച്ചനും ഈ സംഗതിയിൽ അദ്ദേഹത്തെപ്പോലെ തന്നെ ഉത്സാഹിയായിരുന്ന അർണാട്ടുകര ഇടവക തേറാട്ടു ക്രുനൻ യാക്കോബ് കത്തനാരും കൂടി ജനങ്ങളെ തൃശ്ശൂർ വിളിച്ചുകൂട്ടി വിവരം അവരെ അറിയിക്കയും പള്ളികളിൽ ചുറ്റി സഞ്ചരിച്ചു ഈ സംഗതി എല്ലാവരെയും ധരിപ്പിക്കയും ചെയ്തു. ഒരു കൽദായ മെത്രാനെ കിട്ടേണ്ട കാര്യത്തിൽ എല്ലാവർക്കും ഒരഭിപ്രായമായിരുന്നു. അതിലേക്കു വേണ്ടിവരുന്ന ചെലവു ചെയ്വാനും അവർ സന്നദ്ധരായിരുന്നു. മേൽപറഞ്ഞതുപോലെയുള്ള ഒരു ഹർജി പീലിപ്പോസിനെ ഏൽപ്പിക്കയും അദ്ദേഹം അതു പാത്രിയർക്കീസിനു അയക്കയും ചെയ്തു. ക്രമത്തെ പല തവണ ഹർജികളും എഴുത്തുകളും മേലൂസു മെത്രാന്റെയും മറ്റും പേർക്കായി പല വൈദികന്മാർ അയക്കയുമുണ്ടായി. മലയാളം സ്വാധികാരത്തിൽ ഉൾപ്പെടുത്തേണ്ടതിനായി വിഫല പരിശ്രമം ചെയ്തിട്ടുണ്ടായിരുന്ന പാത്രിയർക്കീസുസംതൃപ്തനായി മെസോപ്പൊട്ടേമിയായിലെ അക്രാ (Akra)യിൽ അക്കാലത്തു മെത്രാനായിരുന്ന മാർ ഏലിയാ മേലൂസ് (Mar Elia John mellus) എന്ന ദേഹത്തെ ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി തിരഞ്ഞെടുത്തു. മലയാളം ബൈബിൾ പാത്രിയർക്കീസിന്റെ കീഴാക്കുന്നതിനായി വർത്തിക്കാൻ സൂനഹദോസിൽവെച്ചു പരിശ്രമം ചെയ്ത കൽദായ മെത്രാന്മാരിൽ മുഖ്യൻ മേലൂസായിരുന്നു. മലയാളത്തിൽ വന്നു പറവാൻ ഒരു വഴി അന്വേഷിച്ചിരിക്കയിലാണ് അതിനായുള്ള പാത്രിയർക്കീസിന്റെ കല്പന അദ്ദേഹത്തിനു കിട്ടിയതു്. ഉടനെ മേലൂസ് മലയാളത്തുകാർക്കായി ഒരെഴുത്തയച്ചു. അതിൽ ഒരു കൽദായ മെത്രാനെ അവർ ആഗ്രഹിക്കകൊണ്ടു താൻ അവരുടെ മെത്രാനായി ചെല്ലണമെന്നു എഴുതിയിരുന്നതുപോലെ പാത്രിയർക്കീസിന്റെ കല്പനയും കിട്ടിയിരിക്കുന്നെന്നും തന്നോടു ചേർന്നു നില്ക്കയും തന്നെ സഹായിക്കയും ചെയ്യുമെങ്കിൽ അവിടെ ചെന്നു അവരുടെ മെ

ത്രാനായി ഇരുന്നുകൊള്ളാമെന്നും യാത്രയ്ക്കു വേണ്ടിവരുന്ന പണം അയച്ചുകൊടുക്കണമെന്നും പ്രസ്താവിച്ചിരുന്നു. ഇതനുസരിച്ചു മലയാളത്തിൽനിന്നു പണം അയച്ചുകൊടുക്കയും പാതിയക്കീസു മേലൂസിനെ മലങ്കരയിലേക്കു അയക്കയും ചെയ്തു. അദ്ദേഹം ബോംബയിൽ വന്നിറങ്ങിയപ്പോൾ പീലിപ്പോസു അസൈസും മറ്റു ചില വൈദികന്മാരും അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരുവാനായി ബോംബയിലേക്കു പോയി. ബോംബയിലെ വികാരി അപ്പസ്തോലിക്കാ ആയ ലെയോൻ മെവുറിൻ (Leo Meurin) മേലൂസു മെത്രാനോടു ശീശ്മയുണ്ടാക്കാതെ മടങ്ങിപ്പോകണമെന്നും അതിനുള്ള പണം കൊടുക്കാമെന്നും എഴുത്തുകൾ മൂലവും വാഗ്മൂലവും അറിയിച്ചെങ്കിലും പീലിപ്പോസു് അസൈസിന്റെയും മറ്റും ഉരുപദേശങ്ങൾക്കാണു് മേലൂസ് അധീനനായതു്. ഉടനെ മെവുറിൻ ഈ വിവരങ്ങളെല്ലാം കമ്പിമാർഗ്ഗം വരാപ്പുഴെ അറിയിക്കയും ഈ ശീശ്മ മെത്രാന്റെ പ്രവേശം ബലമായി തടയുവാൻ വരാപ്പുഴ മെത്രാപ്പോലീത്തായോടു ഉപദേശിക്കയും ചെയ്തു. എങ്കിലും മേലൂസ് മലയാളത്തിലേക്കു പുറപ്പെട്ടു കൃത്യം ഒക്ടോബർ ൨—൦൯- ഇവിടെ വന്നു ചേർന്നു. ആയാണ്ടു തന്നെ തൃശ്ശിവപേരൂരിൽ എത്തി അവിടെ ആഘോഷപൂർവ്വം സ്വീകരിക്കപ്പെടുകയുമുണ്ടായി. അക്കാലത്തു ലെയോനാർദ് മെത്രാപ്പോലീത്താ കണ്ടശ്ശാങ്കടവു പള്ളിയിൽ സ്ഥാനസന്ദർശനം ചെയ്തുവരികയായിരുന്നു. ആ അവസരത്തിൽ അവിടെ ധ്യാനം ചെയ്തിച്ചിരുന്നവരിൽ പ്രധാനിയായ കട്ടക്കയത്തു ചാണ്ടിയച്ചനോടു ഈ ശീശ്മയെപ്പറ്റി മെത്രാപ്പോലീത്താ പറയുകയും റോക്കോസ് ശീശ്മയോടു യുദ്ധം ചെയ്തതുപോലെ ഇതിനെതിരായും യുദ്ധം ചെയ്യണമെന്നും അതിനായി കൽത്തുരുത്തിൽ പാർക്കണമെന്നു കല്പിക്കയും ചെയ്തു. അന്നു കൽത്തുരുത്തു ആശ്രമത്തിന്റെ വികാരിയായിരുന്ന കാപ്പിൽ മത്തായി മറിയം അച്ചൻ, അർണാട്ടുകര ചിറമേൽ തരകൻ, ചാക്കോള യൗസേപ്പു്, ആലങ്ങാട്ടുകാരൻ കുരിയപ്പൻ, ആട്ടോക്കാരൻ ദേവസ്സി, ചിറയത്തു ലോനൻ മുതലായവർ കൂടി ആലോചിച്ചു റൊട്ടിക്കാരൻ ബാപ്പുവിന്റെ സ്ഥലം വാങ്ങി ഒരു കപ്പേള പണിയിക്കയും അതിന്റെ നടത്തൽ കൽത്തുരുത്തു വികാരിയെ വരാപ്പുഴനിന്നു കൽപ്പിക്കയുമുണ്ടായി. വികാരിയച്ചന്റെ ആജ്ഞയനുസരിച്ചു ആദ്യം വലിയ ചാണ്ടിയച്ചനും, പിന്നീടു പാലാക്കുന്നേൽ ചാക്കോച്ചൻ, കല്ലുക്കാരൻ പൌലോസച്ചൻ എന്നിവരും, ഇടയ്ക്കിടെ ബ. ചെലസ്തീനോസച്ചനും അവിടെ കുർബാന ചൊല്ലുകയും ആത്മികാവശ്യങ്ങൾ നടത്തിവരികയും ചെയ്തു. ആ കപ്പേളക്കു റൊട്ടിപ്പള്ളിയെന്നു ഹാസ്യമായി ശീശ്മക്കാരും "ബേസ്സുഹം കപ്പേള" എന്നു കത്തോലിക്കരും പേർ പറഞ്ഞിരുന്നു. മേൽപ്പറഞ്ഞ കട്ടക്കയത്തു ചാണ്ടിയച്ചൻ, പാലാക്കുന്നേൽ ചാക്കോച്ചൻ ആദിയായ കമ്മലീത്താ സന്ന്യാസികളും മറ്റു പലരും ഈ ശീശ്മയോടെതിർത്തു പ്രവർത്തിക്കയും തൻമൂലം വളരെ ബുദ്ധിമുട്ടുകൾ സഹിക്കയും ചെയ്തിട്ടുണ്ടു്. എങ്കിലും സുറിയാനി മെത്രാന്റെ പേരിൽ ജനസമ്മതത്തിനുണ്ടായിരുന്ന പ്ര

തിപത്തിയും, സുറിയാനി മെത്രാൻ ഉണ്ടാകുന്ന കാഴ്ച്ചത്തിൽ വരാപ്പു ഴ അധികാരികൾ പ്രതിക്രുലികളായിരുന്നതിനാൽ അവരുടെ വാക്കു കളിൽ ജനങ്ങൾക്കുണ്ടായിരുന്ന അവിശ്വാസവും, മേലൂസ് മാപ്പിളപ്പാ യിൽ നിന്നുള്ള അധികാരത്തോടുക്കൂടിയാണ് വന്നിരിക്കുന്നതെന്നു ആ മെത്രാന്റെ ഒപ്പും മുദ്രയും വെച്ചു തൊണ്ടനാട്ടു അന്തോനി കത്തനാ ർ കളവായി ചെയ്ത പ്രസ്ഥീകരണവും മൂലം ചില പള്ളികളെല്ലാം ഈ ശീശ്മയിൽ ചേരുവാനിടയായി. റോക്കോസ് ശീശ്മയുടെ പഴ്ച വസാനത്തെപ്പറ്റി നല്ല ബോധമുണ്ടായിരുന്നതുകൊണ്ട ഇതിൽ ചേ രുവാൻ ജനങ്ങൾക്കു അത്രതന്നെ ധൈര്യമുണ്ടായിരുന്നില്ല. അതിനാ ൽ അവിടയവിടെയായിട്ടാണ് ചില പള്ളികൾ ശീശ്മയിൽ ഉൾപ്പെ ട്ടത്. മേലൂസ് ശീശ്മയിൽ ചേർന്ന പള്ളികൾ കീഴെ കാണിക്കുന്നു:-

൧. ശീശ്മയിൽ മുഴുവനായി ചേർന്നവ.

a) പതുവാദോ അധികാരത്തിൽ നിന്നവയിൽ,

തൃശ്ശൂർ.
ആങ്ങണ്ടൂർ.
കോട്ടപ്പടി.
കുണ്ടന്നൂർ.
൫. എരമല്ലൂർ.
മൂക്കനാട്ടു.
വടക്കാഞ്ചേരി.
വേലൂർ.
മറ്റം.
൧൦. പട്ടിക്കാട്ടു.

b) വരാപ്പുഴ അധികാരത്തിൽ നിന്നവയിൽ,

മുല്ലശ്ശേരി. പ്ലാശനാൽ.

൨. ശീശ്മയിൽ പകുതിയായി ചേർന്നവ

a) പതുവാദോയിൽ നിന്നവയിൽ,

ആത്താറ്റ്. കൊട്ടെയ്ക്കാട്ടു.
പാലയൂർ.

b) വരാപ്പുഴക്കീഴ് നിന്നവയിൽ,

കടനാട്ടു.
മണിമല.- കത്തോലിക്കർ മണിമല പുത്തൻപള്ളി സ്ഥാപിച്ചു.
കുണ്ടശ്ശാങ്കടവു. കൽപ്പറമ്പു.
൩. ചങ്ങനാശേരി- നാലിൽ ഒരു ഭാഗം ശീശ്മയിൽ ചേർന്നു.
ഭരണങ്ങാനം- ശീശ്മക്കാർ 'താണോലി' 'നീറന്താനം' അഥവാ 'അമ്പാറ' എന്ന പള്ളികൾ വെച്ചു. ഭരണങ്ങാന ത്തും പ്ലാശനാലും നിന്നുള്ള ചില ശീശ്മക്കാർ 'പാട്ടപ്പാറ'പ്പള്ളി സ്ഥാപിച്ചു.
വായിപ്പൂർ- ശീശ്മക്കാർ വായിപ്പൂർ പുത്തൻപള്ളി പണിയിച്ചു.
നെടുങ്കുന്നം- ശീശ്മക്കാർ കുരുപ്പള്ളിപള്ളി പണിയിച്ചു.

ഇരിങ്ങാലക്കുട– കത്തോലിക്കർ പുതുതായി കിഴക്കെപ്പള്ളി വെച്ചു.
൫. പാലാ– എട്ടിൽ ഒരു ഭാഗം ശിശുയിൽ ചേർന്നു. ഇവർ 'ഇളന്തോട്ടം' സ്ഥാപിച്ചു.
ളാലം (പഴയതു)– അധികഭാഗം ശിശുയിൽ ചേർന്നു.
ളാലം (പുതിയതു)– അധികഭാഗം ശിശുയിൽ ചേർന്നു.
മാറ്റുദേശം– അഥവാ, അരിപ്പൂർ വടക്കെപ്പള്ളി.
ശിശുക്കാർ തെക്കേ പള്ളി വെച്ചു.
അമ്മാടം. ൫൫. ആമ്പക്കാട്ടു. മരങ്ങാട്ടു.

c) വരാപ്പുഴയും പതുവാദയിലും കൂടി നിന്നവയിൽ

ഗോവ ഭാഗം ശിശുയിൽ ചേർന്നവ.

ഏനാമ്മാവു. അർണാട്ടുകര.
ചെറുവൂർ. ഇലഞ്ഞി.
൭. ചിറ്റാട്ടുകര– ശിശുക്കാർ 'പാവറട്ടി' സ്ഥാപിച്ചു.
മുക്കാട്ടുകര. കുറവിലങ്ങാട്ടു.
പുതുക്കാട്ടു– ചെങ്ങാലൂർ, വരന്തരപ്പള്ളി ശിശുയിൽ ചേർന്നു.
വടക്കൻ വെളിയനാട്ടു.

10 പഴയൂർ.— മുഴുവൻ പതുവാദോയിൽ നിന്നവയിൽ തണ്ണീർമുക്കം, കടുത്തുരുത്തി (വലിയതു) ഇവയും പതുവാദ, വരാപ്പുഴ എന്ന ഇരു അധികാരസ്ഥാനങ്ങളെ ആശ്രയിച്ചുനിന്നവയിൽ കുമരകത്തു പുതിയപള്ളി, ചൊവ്വര എന്ന പള്ളികളും മാത്രമേ ശിശുയിൽ ഉൾപ്പെടാതെ നിന്നുള്ളു. (37) മേലൂസ് ശിശുഭാഗത്തു സ്വീകാര്യനായി പ്രവർത്തിച്ചതു തൃശൂർ പള്ളിക്കാരാണു്. മനക്കോടം, അത്താണികൾ (ഒരു ഭാഗം ജനങ്ങളും ഒരു പാതിയും) ചെല്ലാനം (ഒരുഭാഗം ജനങ്ങൾ) എന്ന ലത്തീൻപള്ളികളും ഈ ശിശുയിൽ ചേരുവാൻ ഇടയായിട്ടുണ്ടു്. മനക്കോടത്തെ വികാരിയായി പാലാക്കുന്നേൽ അച്ചനെ മേലൂസ് മെത്രാൻ നിയമിച്ചു. അദ്ദേഹത്തിനുപകരം കയ്യാലകത്തു പീലിപ്പോസു കത്തനാരും അവിടെ വികാരിജോലി കുറേക്കാലം വഹിക്കയുണ്ടായി. ഈ പള്ളികളെല്ലാം മേലൂസിന്റെ വികാരിജനറൽ എന്ന നിലയിൽ താൻ സന്ദർശിച്ചിട്ടുള്ളതായി പാലാക്കുന്നേൽ വലിയച്ചൻ സ്വന്ത "ഡയറി"യിൽ പ്രസ്താവിച്ചിരിക്കുന്നു (38). തൊണ്ടനാട്ടു അന്തോനിയച്ചന്റെ മേൽപറഞ്ഞ വ്യാജപ്രസിദ്ധികരണം ഉടനെതന്നെ വെളിപ്പെട്ടുവാൻ ഇടയായി. ചിറ്റാട്ടുകര പള്ളിയേപ്പറ്റിയുണ്ടായ വ്യവഹാരത്തിൽ (ഇതേപ്പറ്റി പിറകെ) ആ പ്രസിദ്ധികരണം വ്യാജമാണെന്നു് മെത്രാൻ തെളിയിക്കുവാനിരിക്കുന്ന എന്ന വർത്തമാനം വരുന്ന ക്ഷണത്തിൽ അതു് തന്റെ അറിവുകൂടാതെ ആരോ ചെയ്തതല്ലാതെ തന്റേതല്ലെന്നും, താൻ പാത്രിയക്കീസിന്റെമാത്രം അറിവോടുകൂടിയല്ലാതെ മാപ്പിപ്പായുടെ അറിവോടുകൂ

ടി വന്നതല്ലെന്നും മേലൂസ് മെത്രാൻ പ്രസിദ്ധപ്പെടുത്തി. മേലൂസ് മെത്രാൻ മലയാളത്തിൽ വന്നെത്തുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ വരവിനേപ്പറ്റി വരാപ്പുഴെ വികാരി അപ്പസ്തോലിക്കായിക്കു റോമ്മയിൽനിന്നു താഴെക്കാണുന്ന തിരുവെഴുത്തയച്ചു.

## Ven. Fratri Leonardo Archiepiscopo Nicomediensi Vicario Apostolico Verapolitano, et dilectis filiis Superioribus ecclesiasticis, clero et populo ritus Syriaci in Malabaria degentibus.

PIUS PP. IX.

Ven. Frater et dilecti filii salutem et Apostolicam benedictionem.

Speculatores super universum dominicum gregem ab aeterno pastorum Principe Christo Jesu constitutos, vigilare Nos oportet ut quae in animarum perniciem cessura cognoscimus tempestive avertantur, et praestitutos sibi terminos Ecclesiarum praelati transgredi non praesumant.

Equidem ubi primum Malabarica gens Nestorianam haeresim ejuravit, omnes eiusdem regionis sacerdotes, cassanarii, chematii, clerici nec non electi procuratores populorum, in synodum Diamperitanam auctoritate Clementis VIII fel. rec. praedecessoris Nostri ann. 1599 celebratam convenientes, promiserunt et jurarunt veram obedientiam Papae seu Romano pontifici, B. Petri Apostolorum principis successori et Christi in terra Vicario, totius Ecclesiae capiti, ipsius doctori et magistro, patri, praelato, et pastori omnium fidelium (1); et confessi sunt, omnes quotquot Romano Pontifici Christi in terris Vicario non obediunt, tanquam inobedientes mandatis ipsius Christi ab aeterna salute excludendos, statimque in Apostolicae Sedis tutelam ac peculiarem curam ita se receperunt, ut solemni interposita sacramenti religione universi et singuli juraverint Deo, Cruci, et sanctis Evangeliis, nullum se in praesens vel in posterum Episcopum, Archiepiscopum, praelatum, pastorem vel Gubernatorem admissuros, praeter illum, qui, a S. Sede Apostolica per Papam et Pontificem Romanum fuisset immediate constitutus (2). Etsi autem deinde perditi quidam homines

episcopalem dignitatem ambientes Malabaricam gentem aliquando conturbare conati fuerint, attamen memoratae promissionis et juramenti fides servata est ; eamque e praesentium memoria et animo minime excidisse luculentissimis testimoniis comprobatur.

Et revera cum a Babylonen, Chaldaeorum Patriarcha, novo post earum gentium conversionem exmplo, quidam Episcopus ad Malabaricam oram contradicente Apostolica Sede anno 1861 temere missus fuisset, solliciti fuerunt ejusdem regionis sacerdotes datis ad Nos litteris sciscitari, num id auctoritate Nostra, quod ab illo falso asserebatur, factum fuisset ; et an huic potius quam Episcopo Vicario Apostolico Verapolitano obtemperandum esset. Quibus Nos Apostolicis litteris datis die quinta Septembris ejusdem anni respondimus, praedictum Episcopum Caldaeum contra expressam Nostram voluntatem illuc se contulisse memorati Patriarchae arbitrio, cui iam antea mandatum a Nobis fuerat, ut in ecclesiasticis Malabaricae Ecclesiae negotiis se nullo prorsus modo immisceret. Et, bo mem. Bernardino Archiepiscopo Pharsaliensi tunc temporis Vicario Apostolico Verapolitano in mandatis dedimus, ut nisi Chaldaeus Episcopus, canonica monitione interposita, e Malabaria abire properaret in eum excommunicationis sententiam ferret; quae, in illum obedire detrectantem, solemni ritu pronunciata est. Ipsum autem Patriarcham Babylonensem ea de causa Romam accitum, paterne monuimus, ne similia rursus auderet, illique tum praesenti coram ediximus, tum adsenti datis Apostolicis litteris die 25 Septembris an. 1862, aperte significavimus, Nostram voluntatem omnino esse, ut nemo vel ab eo vel ab aliis Chaldaeorum Episcopis in Malabariam sub quovis titulo ac praetextu mitteretur ; et ne ullo prorsus modo aliquid ab eis ageretur circa res quae ad Malabaricas Ecclesias pertinent. Illo autem nihilominus instante, ut sibi liceret Episcopos in Malabariam mittere, rem omnem et semel et iterum expendi jussimus a Nostra Congregatione de Propaganda Fide pro negotiis ritus Orientalis; quod cum mature et accuratissime factum esset, latam prohibitionem renovavimus; quod ab eadem congregatione Patriarchae significatum est, litteris dierum 25

Martii 1865 et Septembris 1873. Hoc enim ad Malabariensis Ecclesiae incolumitatem opportunum omnino atque adeo necessarium visum est; uti facile intelliget, quicumque illius statum, et Chaldaeorum Ecclesiarum conditionem perspectam habeat; animove attento recognoscat quae a Chaldaeo Episcopo ann. 1861 in Malabarensi regione gesta sunt. Equidem putabamus Catholicos Episcopos Apostolicis mandatis debitam obedientiam praestituros fore, res tamen aliter se habuit ; namque praeter alia quae nuper ausus est Patriarcha Babylonensis destinavit etiam ad Malabariam Episcopum Joannem Eliam Mellus, quem illuc cum aliis proficisci jussit. Quae ubi accepimus, Patriarchae districte ediximus, ut novum hoc facinus impediret: Episcopo autem Joanni Eliae aliisque quibuscumque vetuimus, quominus propositum iter arriperent; qnod si fecissent, suspensionis poenam ab ordine et jurisdictione ipso facto incurrerent. Verum neque mandatis Apostolicis neque minis adducti sunt, ut ab incoepto desisterent, eosque ad Malabariam pergere certo nuncio novimus.

| വരാപ്പുഴ പുത്തൻപള്ളി | ,, | കുറിയാക്കോസ് | ,, |
| അരുവിത്തുറ | ,, | മത്തായി | ,, |
| ,, | | നമ്പേലിൽ കുറിയാക്കോസു | ,, |
| ആമ്പല്ലൂർപ്പള്ളി | വികാരി | യൌസേപ്പു | ,, |
| | | മത്തമറിയത്തിന്റെ യൌസേപ്പു | ,, |

സുറിയാനിക്കാക്ക് തനതായി ഒരു മെത്രാൻ ഉണ്ടായിരുന്നതുകൊണ്ട് സംഗതിയിൽ വേണ്ട സഹായങ്ങൾ ചെയ്യുകൊടുക്കണമെന്നു കാണിച്ചു് ഇന്ത്യയിലെ മറ്റു മെത്രാന്മാരോടും റോമയിലെ പലേ കാർഡിനൽമാരോടും നസ്രാണികൾ അപേക്ഷിക്കയുമുണ്ടായി. ശിശുസ്സു നിവൃത്തിമാത്രമുണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി സുറിയാനി കമ്മലീത്തരായ പല വൈദികന്മാരും ഈ ഹർജികളിൽ ഒപ്പുവെച്ചുന്നതിനിടവന്നു. എന്നാൽ സുറിയാനിക്കാക്ക് സ്വന്തമായി മെത്രാനെ കൊടുക്കുന്നതു് തങ്ങൾക്കു ദോഷമായി പരിണമിക്കുമെന്നു് അന്നു സഭയുടെ ശ്രേഷ്ഠന്മാരായിരുന്നവർക്കു അഭിപ്രായമുണ്ടായിരുന്നതുകൊണ്ടു മേൽപറഞ്ഞ ഹർജികളെ സഹായിക്കയും അതുകളിൽ ഭാഗഭാക്കുകളാകയും ചെയ്തവരുടെ പേരിൽ അവർക്കു അതൃപ്തിയുണ്ടാകയും ചിലരെയെല്ലാം സഭയിൽനിന്നു വെളിക്കയച്ചുകളകയും ചെയ്തു. ഇതിനായി വരാപ്പുഴനിന്നു അയച്ച കല്പന പകർത്തിയെടുക്കാതെ മടക്കി അയക്കണമെന്നു ആജ്ഞാപിക്കയും ഈ ബഹിഷ്കാരത്തെപ്പറ്റി ആവലാധി പറഞ്ഞുകൂടെന്നു വിരോധിക്കയും ചെയ്തിരുന്നു. ഇങ്ങനെ തള്ളപ്പെട്ടവർ പഴയപറമ്പിൽ ലൂയീസച്ചൻ (പരേതനായ ഏർണാകുളം വികാരി അപ്പസ്തോലിക്കാ), കിരി വറുതച്ചൻ, മാതേസ്സൽ മത്തായി അച്ചൻ, ശംക്രരിക്കൽ പൌലോസച്ചൻ, ചാവറ യൌസേപ്പച്ചൻ, മീനാട്ടൂർ എമ്മാനുവേലച്ചൻ, തറവട്ടത്തിൽ ഹിലാരിയോനച്ചൻ എന്നി

വർത്തന്നു. ഇവരുടെ സംഖ്യ ഏഴു ആയിരുന്നതുകൊണ്ടും സാമുദായിക നന്മയ്ക്കായി പരിശ്രമിച്ച ഇവരെ സഭയിൽനിന്നു ബഹിഷ്കരിച്ചതു സമുദായത്തിനു പൊതുവിലും സഭയ്ക്കു പ്രത്യേകിച്ചും വ്യസനകാരണമായിരുന്നതുകൊണ്ടും ബോംബെയിലെ വികാരി അപ്പസ്തോലിക്കായും അപ്പസ്തോലിക്കു വിസിറ്റർ എന്ന നിലയിൽ മലയാളത്തെ സന്ദർശിച്ച ആളുമായ ലെയോൻ മെവുറീൻ "ഏഴു വ്യാകുലതകൾ" എന്നാണ് ഇവരെപ്പറ്റി പറഞ്ഞുവന്നിരുന്നതു്. സുറിയാനിക്കാക്കു തനതായി മെത്രാന്മാർ നിയമിക്കപ്പെട്ടുകാണുവാനുള്ള ഭാഗ്യം ഇവർക്കേഴുപേക്കും സിദ്ധിച്ചു എന്നുമാത്രമല്ല ഈ ഏഴു വ്യാകുലതകളിൽ ഒരാൾ വികാരി അപ്പസ്തോലിക്കാ സ്ഥാനത്തിലേക്കു ഉയർത്തപ്പെട്ടതു് ബാക്കി മിക്കുപേക്കും കാണുവാനും സംഗതിവന്നു. ഇങ്ങനെ "ഏഴു വ്യാകുലതകൾ" മെവുറീൻ മെത്രാന്റെ പ്രതീക്ഷയും പ്രാർത്ഥനയുംപോലെ "ഏഴു സന്തോഷങ്ങ"ളായി പരിണമിച്ചു. വേറെയും ചിലരേക്കൂടി സഭയിൽനിന്നു തള്ളിക്കളയുവാൻ ശ്രേഷ്ഠന്മാർ തീർച്ചപ്പെടുത്തിയിരുന്നെങ്കിലും അങ്ങനെ ചെയ്യുകൂടെന്നു റോമയിൽനിന്നു വിരോധമുണ്ടായതുകൊണ്ടു് അതിനിടയായില്ല. റോമായാവട്ടേ മേൽപ്പറഞ്ഞ ഹർജികളെപ്പറ്റി പര്യാലോചിച്ചതിൽ സുറിയാനി വൈദികന്മാരുടെ അപേക്ഷകളിൽ ബോധിപ്പിച്ചിരുന്ന സംഗതി സാരതരവും ഗാഢാലോചനയ്ക്കു വിഷയീഭവിക്കേണ്ടതുമാണെന്നു തീർപ്പുചെയ്തയാൽ അപ്പസ്തോലിക്കു വിസിറ്ററായി മലയാളത്തിലെ സ്ഥിതികളെ അന്വേഷിച്ചറിഞ്ഞു റിപ്പോർട്ടു ചെയ്യുവാൻ അന്നു ബോംബയിലെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ഈശോസഭയിലെ പ്രസിദ്ധനായ ലെയോൻ മെവുറീൻ (Leo Meurin) എന്ന പ്രസ്തുത മെത്രാനെ നിയോഗിച്ചു. ഈ സംഗതിക്കു അദ്ദേഹത്തെ അധികാരപ്പെടുത്തുന്നതായി ൧൮൭൯ മാർച്ച് മാസം ൨൪-൦൯൯ റോമയിൽനിന്നയച്ച തിരുവെഴുത്തിലെ കായ്സാരം കൽദായക്കാരാൽ പലപ്പോഴും കലക്കപ്പെടുന്ന മലയാളത്തിലെ ക്രിസ്ത്യാനികൾക്കു് പന്ത്രണ്ടു സംവത്സരം മുമ്പു തോമ്മാ റോക്കോസു മെത്രാൻമൂലം വന്നുകൂടിയ കോട്ടംമുഴുവൻ തീരാതിരിക്കെ, ഇപ്പോൾ മേലൂസും കൂട്ടരും പല ചതിപ്രയോഗങ്ങളും മറവുംകൊണ്ടു പലരേയും വഞ്ചിക്കയും കത്തോലിക്കരായി നിൽക്കുന്നവരെക്കൂടെയും അസമാധാനത്തിലാക്കുകയും ചെയ്തിരിക്കയാൽ ഈ തിന്മ ശക്തിപ്പെടുന്നതിനു മുമ്പു നീക്കേണ്ടതിനു് അവിടത്തെ സ്ഥിതിഗതികളെപ്പറ്റി പൂർണ്ണമായി അറിയുവാൻ അദ്ദേഹത്തെ നിയോഗിക്കുന്നെന്നും, അതിനാൽ മലങ്കരനസ്രാണികൾക്കു സാക്ഷാൽ ഗുണകരമായിരിക്കുന്നതു ചെയ്യേണ്ടതിനായി എല്ലാ വിവരങ്ങളും അന്വേഷിച്ചു അറിയിക്കണമെന്നും, മേലൂസിന്റെയും മറ്റും കക്ഷിയിൽ നില്ക്കുന്നവരെ മാനസാന്തരപ്പെടുത്തുവാൻ ഈ അവസരത്തിൽ പ്രയത്നിക്കണമെന്നും, മനസ്സുതിരികയും വരുത്തിക്കൂട്ടിയ ദുർമ്മാതൃകയെ പരിഹരിക്കയും ചെയ്യുന്ന ജനങ്ങളേയും പട്ടക്കാരേയും വിമോചിക്കുന്നതിനു് ഗോവ മെത്രാപ്പോലീത്തായിക്കും വരാപ്പുഴ വികാരി അപ്പസ്തോലിക്കായിക്കും തിരുമനസ്സുകൊണ്ടു

കൊടുത്തിട്ടുള്ളതുപോലെ അദ്ദേഹത്തിനു ഇതിനായി അധികാരംകൊ
ടുക്കുന്നെന്നും മെത്രാൻപദത്തിലോ ശീശ്മ മെത്രാന്മാരിൽനിന്നു പ്രാ
പിച്ച പട്ടസ്ഥാനത്തിലോ ഉള്ളവരുടെ സംഗതി തിരുമനസ്സിലേക്കതു
നെ സന്തമായി നീക്കിവെച്ചിരിക്കയാൽ മരണാവസരത്തിൽ മാത്രമേ
ആക്കായ്ത്തിൽ ഈ അധികാരം പ്രയോഗിക്കാവൂ എന്നും മറ്റുമായിരു
ന്നു. ഇതനുസരിച്ച് മെഗുറീൻ ഫ്വുസ്സെ മെയ് മാസത്തിൽ കൊച്ചി
യിൽ വന്നിറങ്ങുകയും ടി. മാസം വ—ാംനു- കൊച്ചിയിൽനിന്നു സൂറി
യാനിപ്പള്ളിക്കാർക്കു താഴെക്കാണുന്ന വിളംബരം അയക്കയും ചെയ്തു.

## FACIENDA IN OMNIBUS ECCLESIIS MALABARICIS RITUS SYRIACI.

Deo. S. L.

Providentia divina et gratia S. Sedis Apostolicae Episcopus Ascalonensis i. p. i. Vicarius Apostolicus Bombayensis, Administrator Vicariatus Apostolici Poonensis, necnon Visitator Apostolicus Ecclesiae Malabarensis ritus Syriaci.

Omnibus dilectissimis in Christo, presbyteris et fidelibus Christianis ritus Syriaci in Malabaria degentibus, notum hisce facimus, Summum Pontificem Pium divina providentia Papam IX. suprema sua auctoritate, Litteris Apostolicis die 24 Martii 1876 ad nos datis, nos in Malabariam misisse, ad visitandum omnes ecclesias Malabarenses ritus Syriaci, et ad referendum Suae Sanctitati de ecclesiarum illarum statu, necessitatibus, infortuniis, desideriis, votis ceterisque omnibus quae ad aeternam salutem fidelium illorum spectant.

Ad probandam hanc nostram Apostolicam missionem, Proclamationi huic addimus textum ipsum Litterarum Apostolicarum a Summo Pontifice nobis missarum, tum in lingua originali latina, tum in linguam vernaculam Malayalim translatum.

Adhortamur ergo et jubemus omnes presbyteros et fideles Christianos Malabarenses ritus Syriaci, ut quaecumque in nomine Suae Sanctitatis ordinaverimus, fideliter exequantur ac si ipse Supremus pastor noster, qui toti mundo Christiano praeest ut Christi Vicarius, ad ipsos proprio suo ore loqueretur, et ut cum plena fiducia, libertate et veritate ad quaestiones omnes a nobis proponendas respondeant.

Gratiam Dei Omnipotentis et Benedictionem Sanctitatis Suae gloriosi Papae nostri Pii IX., omnibus pradictis dilectissimis presbyteris et fidelibus ex animo adprecamur.

Datum Cochin, die 8a Maii 1876.

N. Clark, S. J.

A. Secretis Rmi D. D. Visitatoris Apostolici.

മലയാളത്തിലെ സുറിയാനിപ്പള്ളികളെല്ലാം സന്ദർശിച്ചു് അവയുടെ സ്ഥിതി, ആവശ്യങ്ങൾ, അനുകൂലങ്ങൾ വന്നുകൂടിയിരിക്കുന്ന നാശങ്ങൾ, അവയുടെ ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ, വിശ്വാസികളുടെ നിത്യഭാഗ്യത്തെ സംബന്ധിക്കുന്ന മറ്റു കാര്യങ്ങൾ ഇവയെപ്പറ്റി അറിയിക്കുവാനായി ൻ-ാംപീയൂസ് മാപ്പാപ്പാ ഫ്രഞ്ചു മാർച്ചു ൨൪-ാം തിയ്യതിയിലെ തിരുവെഴുത്തു മൂലം തന്നെ ഇവിടേക്കയച്ചരിക്കുന്നെന്നും അതിനു സാക്ഷ്യമായി ആ പരസ്യത്തോടുകൂടി ആ തിരുവെഴുത്തിന്റെ ലത്തീൻപ്രതിയും അതിന്റെ മലയാള തർജ്ജമയും അയക്കുന്നെന്നും, അതിനാൽ പരിശുദ്ധ പിതാവിന്റെ നാമത്തിൽ താൻ കല്പിക്കുന്നതെല്ലാം പരിശുദ്ധ പിതാവുതന്നെ കല്പിച്ചാലെന്നപോലെ നിവർത്തിക്കയും തന്റെ ചോദ്യങ്ങൾക്കെല്ലാം പൂർണ്ണവിശ്വാസത്തോടും സ്വാതന്ത്ര്യത്തോടും, സത്യമായും മുപടി പറയുകയും ചെയ്യണമെന്നു സുറിയാനിക്കാരായ സമസ്ത വൈദികന്മാരോടും വിശ്വാസികളോടും ഉപദേശിക്കയും ആജ്ഞാപിക്കയും ചെയ്യുന്നെന്നുമാണ് ഇതിന്റെ താല്പര്യം. ക്രൂരതെ, പള്ളിക്കാക്കായി കൊച്ചിയിൽ നിന്നുതന്നെ ടി. മാസം ൻ-ാംനു- വേറൊരു പരസ്യവും പ്രസിദ്ധപ്പെടുത്തി. വരാപ്പുഴ വികാരി അപ്പസ്തോലിക്കായാൽ (Speculatores എന്ന തിരുവെഴുത്തനുസരിച്ചു) മേലൂസിനും കൂട്ടുകാക്കും വിധിക്കപ്പെട്ട മഹറോൻ സാധുവാണെന്നു തന്റെ അധികാരപ്രകാരം പ്രസ്താവിക്കുന്നെന്നും മലയാളത്തിലേക്കു മെത്രാന്മാരെ അയക്കുവാൻ ബാബേൽ പാത്രിയക്കീസിനു അധികാരമില്ലാത്തതുകൊണ്ടു മേലൂസ് ആക്രാ(Akra)യുടെ മെത്രാനല്ലാതെ മലയാളത്തിന്റെ മെത്രാപ്പോലീത്താ അല്ലെന്നും ഫ്രഞ്ചു ഓഗസ്റ്റ് ൨൦-ാംനു- മാപ്പാപ്പാ പാത്രിയക്കീസിനയച്ച തിരുവെഴുത്തിന്റെ പരിഭാഷ എന്ന നിലയിൽ മേലൂസ് ഫ്രഞ്ചു ഫെബ്രുവരി ൭-ാം തിയ്യതി പ്രസിദ്ധീകരിച്ച എഴുത്തു കളവാണെന്നും, മേലൂസിനു മലയാളത്തിൽ യാതൊരധികാരവുമില്ലാത്തതിനാൽ അദ്ദേഹം ചെയ്തിട്ടുള്ള വൈദികപ്രവൃത്തികളെല്ലാം ശീമ്മയ്ക്കുടുത്തും, അധമ്മങ്ങളും മെത്രാൻപട്ടത്തിലും ഗ്രുപ്പട്ടത്തിലും നിന്നു പുറപ്പെടുന്നവ നീക്കി ശേഷമെല്ലാം അസാധുക്കളുമാണെന്നും അതിനാൽ അദ്ദേഹത്തിന്റെ ചതികളിൽ ഉൾപ്പെട്ട വൈദികന്മാർ, തന്നാൽ മോചിക്കപ്പെടുന്നതുവരെ മേലാൽ കർബാന ചൊല്ലുകയാകട്ടെ ക്രൂശകളെ കൊടുക്കുകയാക

ട്ടേ, വിശ്വാസികളിൽ ആരും മരണാവസരത്തിൽ ആവശ്യപ്പെട്ടാൽ പാപമോചനമൊഴികെ, മേൽപറഞ്ഞ പട്ടക്കാരിൽനിന്നു യാതൊരു ക്രമാശ സ്വീകരിക്കയാവട്ടേ ചെയ്യരുതെന്നു മുടക്കുണ്ടെന്നും, പ്രസ്തുത വൈദികന്മാർ തങ്ങൾക്കു ശിശുമെത്രാനിൽനിന്നു കിട്ടിയിരിക്കുന്ന അധികാരപത്രങ്ങൾ മുതലായവയുടെ പകരം ശരിയായതുകളെ വാങ്ങുന്നതിനായി അവയെ താൻ നിശ്ചയിക്കുന്ന ഒരാശ്രമത്തിൽ ഹാജരാക്കണമെന്നും, ഒരു മെത്രാൻ ചെയ്യുന്ന വ്യാജപ്രസ്താവങ്ങളെ ജനങ്ങൾ വിശ്വസിച്ചുപോകുവാൻ എളുപ്പമുള്ളതിനാൽ പ. പിതാവു മലയാളത്തുകാരുടെമേൽ ആർദ്രചിത്തനായി, അവരെ സത്യം ധരിപ്പിച്ചു തിരുസഭയിലേക്കു ആനയിക്കുണമെന്നു തന്നോടു ആജ്ഞാപിച്ചിരിക്കുന്നെന്നും, ശിശുയിൽ ഉൾപ്പെട്ടുപോയ സഹോദരങ്ങളെ ശിശുമെത്രാന്റെ പിടിയിൽനിന്നു വിടുത്തി തിരുസഭയുടെ ഐക്യത്തിലേക്കു കൊണ്ടുവരുവാനായി "നമ്മുടെ മനസ്സാക്ഷിയെ ഭിന്നതകളിൽനിന്നും വിവാദങ്ങളിൽനിന്നും നാം ശുദ്ധമാക്കുക: കർത്താവേ! അങ്ങേ ദാസന്മാരുടെ പാപങ്ങളേയും കുറവുകളേയും അങ്ങു ക്ഷമിക്കുക" (സുറിയാനിക്കുർബ്ബാനയിൽനിന്നു) എന്നു എല്ലാപേരും ദൈവത്തോടു പ്രാർത്ഥിക്കണമെന്നുമായിരുന്നു അതിലെ കാര്യസാരം. പള്ളിക്കാരെല്ലാം മാന്നാനത്തു ക്രമണമെന്നറിയിക്കുന്ന ഒരു ക്ഷണപത്രവും മെത്രാൻ ടി. മാസം ൧൦-൦നു- കൊച്ചിയിൽനിന്നുതന്നെ പ്രസിദ്ധീകരിച്ചു. അതിൽ പ്രസ്താവിച്ചിരുന്ന സംഗതികൾ:- ഇക്കാലത്തു വളരെയധികം ക്ഷോഭിച്ചും കലങ്ങിയുമിരിക്കുന്ന മലങ്കര സുറിയാനിക്കാരുടെ സകല പള്ളികളേയും സന്ദർശിക്കുവാൻ പ. പിതാവുതന്നെ നിശ്ചയിച്ചിരിക്കയാൽ അവരുടെ പള്ളികൾക്കും അവക്കും വളരെ നാശങ്ങളെ വരുത്താവുന്നതായി താൻ കാണുന്നതും അവരുടെ ആദ്ധ്യാത്മനന്മയ്ക്കു ഉത്തമമായവയെ ചെയ്യുവാൻ സൂക്ഷ്മമായി അറിഞ്ഞുതീരു എന്നവയുമായ സംഗതികളേപ്പറ്റി പ. പിതാവിനെ വ്യക്തമായി അറിയിക്കുവാൻ തനിക്കു സാധിക്കത്തക്കവണ്ണം സംഗതികൾ നേരിട്ടറിയേണ്ടതിന്നു എല്ലാ സുറിയാനിപ്പള്ളികളിലേയും വൈദികന്മാരും ഇടവക പ്രധാനികളായ രണ്ടുമൂന്നുപേരും മെയ് മാസം ൨൬-൦നു- ചൊവ്വാഴ്ച മുതൽ ൨൯-൦നു- വെള്ളിയാഴ്ചവരെ മാന്നാനത്തു ക്രമണമെന്നും, ഈ ക്ഷണത്തിൽ, മേലുസിനോടു ചേർന്നവരേയും അല്മേഹത്തിൽനിന്നു പട്ടമേറ്റവരേയുംകൂടി ഉൾപ്പെടുത്തുന്നെന്നും, എല്ലാ പള്ളികളുടേയും വികാരിമാർ സംഘത്തിൽ ചേരുവാൻ വേണ്ടി ഓരോ പട്ടക്കാർ എല്ലാ പള്ളികളിലും താമസിക്കണമെന്നും, അങ്ങനെ താമസിക്കുന്നവർക്കു തന്നെ കണ്ടു സംസാരിക്കുന്നതിനു വേറൊരവസരം കൊടുക്കുന്നതാണെന്നും പരിശുദ്ധാത്മാവിയുടെ വെളിവും ദൈവസ്നേഹാഗ്നിയും തനിക്കും മറ്റു ആത്മപാലകന്മാർക്കും ഉണ്ടാകുവാൻ വിശ്വാസികളേവരും ഈ സന്ദർശനത്തിന്റെ കാലമെല്ലാം വിശേഷവിധിയായി പ്രാർത്ഥിക്കണമെന്നുമായിരുന്നു. വിസിറ്റർ മാന്നാനത്തു വരികയിൽ മേൽപ്പറഞ്ഞ ക്ഷണമനുസരിച്ചു മുന്നൂറിൽ

പരം സുറിയാനി വികാരിമാരും ജനങ്ങളും അവിടെ ചെന്നുചേർന്നു. തങ്ങൾക്കു തനതായി ഒരു മെത്രാനെ കിട്ടണമെന്നുള്ള സംഗതിക്കു് സകലരുംകൂടി മെയ് മാസം ൨൭-൦നു- ഒരു ഹർജി വിസിറ്റേറിനു സമുച്ചിച്ചു. അതു് കീഴെ ഉദ്ധരിക്കുന്നു.

## PETITIO VISITATORI APOSTOLICO DATA IN COETU IN MANNANAM HABITO.

Reverendmo ac. Excellentmo D. L. Meurin, Episcopo et Vic. Apostolico Bombayensi ac. Visitatori Ap. Malabarensi.

*Illustme ac Reverendme Domine,*

Nos humillimi filii Amplitudinis Vestrae subscripti Vicarii sacerdotes, ac Fideles ritus syriaci sub Vicariatu Verapolitano in Malabaria degentes, hanc supplicationem humillime exponimus Amp. Vestrae, Paternam Benedictionem enixe implorantes.

Principalis causa schismatis, seditionis, turbationis, detrimenti pecuniarum, et aliarum multarum ruinarum, ut patet ex adjunctis, est carentia episcoporum proprii ritus et nationis nostrae; quia sicut magnes currit post ferrum, sic desiderium proprium episcopum habendi, non permittit populis et aliis considerare, utrum episcopus proprii ritus sit verus pastor et venerit permissione S. sedis.

Quapropter ad expiandum omne malum praeteritum et ut non eveniat tale malum in futurum, et pro bono ritus et gentis nostrae, desideramus habere duos episcopos, unum scilicet ex Europeis ex ordine Jeusitarum, et alterum, et alterum ex indigenis ex natione et ritu nostro.

Desideramus habere unum ex Europeis, ut ipse super inspiciat episcopum nationis nostrae et ejus Missionarii doceant Juvenes nostros; et desideramus habere unum ex natione nostra ut ipse perficiat omnes ceremonias nostras in nostra lingua syriaca et protegat populum a schismate, dissentione et divisione, et ut impediat adventui Babiloniensium in regionem nostram rogamus Amp. Vestram, ut Ipsa Amplitudo benignissime

dignetur offerre hanc supplicationem nostram sanctmo D. N. Pio Papae IX et obtinere petitionem nostram.

e Conventu Mannanam.

25 May 1876.

1 P. Joseph Thayil, Vic. ecc. Palai.
2 „ Zacharias Chakalayil, Vic. ecc. Changanachery.
3 „ Thomas Kuttikel, Vic. ecc. Porcad.
4 „ Georgius Puthra, ex. ecc. Callurkad.
5 „ Josephus Peediekel, Vic. ecc. Athirampuze.
6 „ Mathews Mathekel, Vic. ecc.
7 „ Josephus Maramattam, ex. ecc. Anakallunkal.
8 „ Josephus Chavara, ex. ecc. Kainakeri.
9 „ Thomas Kottuvapally, ex. ecc. Palai.
10 „ Georgius Cholankeri, ex. ecc. Vadayar.
11 „ Eapen Kottacarathil, Vic. ecc. Narakel.
12 „ Chandy Chakalayil, ex. ecc. Callurkad.
13 „ Josephus Thekepurath, ex. ecc. Callurkad.
14 „ Matheus Tharavattathil, Vic. ecc. Anakallumkal.
15 „ Matheus Padapurakel, Vic. ecc. Chennamkeri.
16 „ Josephus Kottacarathil, ex. ecc. Palai.
17 „ Hillarion Tharavattathil, ex. ecc. Anakallumkal.
18 „ Zacharias Karapushakel, Vic. ecc. Cherpumkel.
19 „ Matheus Palakel, Vic. ecc Pallipuram.
20 „ Luka Pothinapura, Vic. ecc. Plashenal.
21 „ Matheus Kushingaly, Vic. ecc. Pravithanam.
22 „ Cyriacus Kallupurakel, ex. ecc. Pulinkunnu.
23 „ Abraham Manalil, Vic. ecc. Aikarachira.
24 „ Georgius Thottunkel, Vic. ecc. Thathampalli.
25 „ Simon Cherakulangare, Vic. ecc. Purnkare.
26 „ Cyriacus Padapurakel, Vic. ecc. Alvaye.
27 „ Thomas Padapurakel, Vic. ecc. Azhikel.
28 „ Sebastianus Kodacacheri, Vic. ecc. Punnatura.
29 „ Thomas Cherucatchery, ex. ecc. Chennamkeri.
30 „ Josephus Kolapurathashath, ex. ecc. Cherpumkel.
31 „ Josephus Painunkel, Vic. ecc. Ernakulam.
32 „ Thomas Kurialacheri, ex. ecc. Callurkad.
33 „ Cyriacus Kulipurakel, ec. ecc. Callurkad.
34 „ Cyriacus Thevarkunnel, ex. ecc. Ramapuram.
35 „ Sebastianus Chothirakunnel, ec. ecc. Thottakad.

36 P. Joannes Maniknamparambil, Vic. ecc. Parur Mari-
37 „ Abraham Vadakel, ex. ecc. Vadakare. (dom.
38 „ Augustin Arakel, Vic. ecc. Vadakarae.
39 „ Paulus Valliaparampath, ec. ecc. Vaikam.
40 „ Thomas Kuthukallumkel, Vic. ecc. Varpure.
41 „ Matheus Chakumkulathu, ex. ecc. Palai.
42 „ Georgius Thuruthikare, ex. ecc. Palai.
43 „ Emmanuel Minatur, Vic. ecc.
44 „ Paulus Aipath, Vic. ecc. Alengad.
45 „ Jacobus Munganat, ex. ecc. Cangirapally.
46 „ Georgius Upucuttunkel, ex. ecc. Carakunnam.
47 „ Issacus Kalachery, Vic. ecc. Thattampally.
48 „ Cyriacus Valechenacath, ex. ecc. Caduthuruthi.
49 „ Georgius Kuriathadathi, ex. ecc. Arakuzhe.
50 „ Josephus Vettukallumpurath, Vic. ecc. Mailakomp.
51 „ Georgius Muttathupadath, ex. ecc. Cudamalur.
52 „ Joannes Koikara, ex. ecc. Muttam.
53 „ Cyriacus Parambil, Vic. ecc. Manmuttam.
54 „ Zacharias Chorikavunkel, Assi. ecc.
55 „ Jacobus Koladi, ec. ecc. Corovalangad.
56 „ Matheus Kanatt, ex. ecc. Conthuruthi.
57 „ Georgius Vettiathottumkel, Ex. ecc. Edathuva.
58 „ Josephus Valamangalam, Vic. ecc. Muttam.
59 „ Jacobus Podiparayil, Vic. ecc. Codamalur.
60 „ Georgius Churakatt, ex. ecc. Codamalur.
61 „ Joannes Kudilinkel, ex. ecc. Conthuruthi.
62 „ Emmanuel Mecherikunnel, ex. ecc. Corovalangad.
63 „ Jacobus Mattathil, Assi. ecc. Corovalangad.
64 „ Matheus Thekekara, ex. ecc. Changanachery.
65 „ Cyriacus Kurias, Vic. ecc. Muttuchira.
66 „ Matheus Mekunnel, Vic. ecc. Nagapuzhe.
67 „ Georgius Kandathil, Vic. ecc. Nediachala.
68 „ Georgius Parekunel, Assi. ecc. Corovalangad.
69 „ Paulus Tadikel, ex. ecc. Manmuttam.
70 „ Paulus Chankurikel, ex. ecc. Narakel.
71 „ Philipus Kachankodath, ex. ecc. Chennamkeri.
72 „ Zacharias Puthottathil, ex. ecc. Cherpumkel.
73 „ Cyriacus Mannanal, Vic. ecc. Kuruvanal.
74 „ Matheus Nampiaparambil, ex. ecc. Arakuzhe.
75 „ Thomas Mannanplakel, Vic. ecc. Cangirapalli.

76 P. Georgius Pallikuttumel, Vic. ecc. Pulinkunnu.
77 „ Josephus Thadikel, ex. ecc. Muttuchira.
78 „ Aloysius Pareparambil, ex. ecc. Pulinkunnu.
79 „ Georgius Irimpen, Vic. ecc. Kuthiathod.
80 „ Jacobus Mannanal, ex. ecc. Kuruvanal.
81 „ Matheus Vattamattam, ex. ecc. Cherpumkal.
82 „ Josephus Varikayil, ex. ecc. Caduthuruthi.
83 „ Philippus Puthempurakel, ex. ecc. Kadanad.
84 „ Matheus Uttuvely, Vic. ecc. Caduthuruthil.
85 „ Sebastianus Kattakel, ex. ecc. Anakallumkal.
86 „ Emmanuel Tharapel, ex. ecc. Anakallumkal.
87 „ Emmanuel Parankulangara, ex. ecc. Anakallumkal.
88 „ Abraham Edathattel, ex. ecc. Arakuze.
89 „ Jacobus Edapusham, ex. ecc. Vazhakulam.
90 „ Thomas Kallukunnel, ex. ecc. Kuruvanal.
91 „ Sebastianus Paremakel, Vic. ecc. Cadanad.
92 „ Chandy Upumakel, ex. ecc. Cadanad.
93 „ Matheus Kadavil, Vic. ecc. Alleppy.
94 „ Rocos Nerayath, ex. ecc. Alleppy.
95 „ Joannes Mamala, Vic. ecc. Waikam.
96 „ Georgius Cheruveli, ex. ecc. Caduthuruthi.
97 „ Thomas Puthenpurakel, Vic. ecc. Thaikattuchery.
98 „ Georgius Perunneparambil, ex. ecc. Cangirapally.
99 „ Augustinus Cadavil, ex. ecc. Caduthuruthy.
100 „ Joseph Anamceri, ex. ecc Vadacare.
101 „ Georgius Vadakel, ex. ecc. Vechur
102 „ Joseph Thuruthipalli ex ecc. Palai.
103 „ Chandi Chittadi, ex. ecc. Corovalangad.
104 „ Augustine Curisummuttil, ex. ecc. Cangirapalli.
105 „ Jacob Nampiaparampil, ex. ecc. Arakuzhe.
106 „ Jacob Illichirakel, ex. ecc. Athirampuzhe.
107 „ Ibraham Thekekara, ex. ecc. Changanachery.
108 „ Mathai Marangatt, ex. ecc. Changanachery.
109 „ Jacob Kattakayath, Vic. ecc. Comarakam.
110 „ Georgius Payapilli, ex. ecc. Conthuruthi.
111 „ Joseph Edanatt, ex. ecc. Changanachery.
112 „ Thomas Mukattukunnel, Vic. ecc. Kurumpanadam
113 „ Joseph Nalkare, Vic. ecc. Kuruppenpady.
114 „ Zacharias Ozhuca, Vic. ecc. New Lalam.
115 „ Emmanuel Cochuputhenpura, ex. ecc. Muthalakodam.

116 P. Joseph Ezupilavil, Vic. ecc. Chittad.
117 „ Chandi Panachikal, Vic. ecc. Anikatt.
118 „ Petrus Mundakal, ex. ecc. Cothamangalam.
119 „ Joseph Oliapuram, ex. ecc. Cothamangalam.
120 „ Chandi Porunnoli, ex. ecc. Palai.
121 „ Thomas Codakachira, ex. ecc. Palai.
122 „ Matheus Chandrakunnel, ex. ecc. Pravithanam.
123 „ Georgius Ariparamp, Vic. ecc. Pravithanam.
124 „ Matheu Cunnunkal, ex. ecc. Muttam.
125 „ Mathunni Kizhakal, Ecc. Elagni.
126 „ Joseph Mugneli, Puthenpally.
127 „ Joseph Nadakal, Ecc. Muttuchira.
128 „ Cyriac Chakankulam, Ecc. Palai.
129 „ George Cattrreth.
130 „ Jacob Thelli.
131 „ Matheus Panamkuzekal, ex. ecc. Korovalangad.
132 „ Paulus Aippatt, Ecc. Alengad.
133 „ Georgius Thuruthicare, ex. ecc. Anakallumkal.
134 „ Georgius Kurithadathil, ex. ecc. Arakuzha.
135 „ Augustnus Velrukunnel, ex. ecc. Arithura.
136 „ Zacharias Valliavettil, ex. ecc. Arithura.

വരാപ്പുഴ വികാരിയേററിൽപ്പെട്ട സുറിയാനിക്കാരായ വികാരിമാരും, പട്ടക്കാരും, ജനങ്ങളും വിനയപൂർവ്വം ബോധിപ്പിക്കുന്നത്.— ശിശുയുടേയും, ദുരാലോചനകളുടേയും, ക്ഷോഭങ്ങളുടേയും, ധനനഷ്ടത്തിന്റേയും, മറു പലവിധ നാശങ്ങളുടേയും പ്രധാനകാരണം, സാഹചര്യങ്ങളിൽനിന്നു പ്രത്യക്ഷപ്പെടുന്നതുപോലെ, സ്വന്തമായും സ്വജാതിയിൽനിന്നും മെത്രാന്മാർ ഇല്ലാത്തതാണ്. എന്തെന്നാൽ, ഇരുമ്പിന്റെ പിറകെ കാന്തം പായുന്നതു എങ്ങനെയോ അതുപോലെതന്നെ സ്വന്തമായി മെത്രാനുണ്ടാകണമെന്ന ആഗ്രഹം നിമിത്തം സ്വന്ത രീത്തിലെ മെത്രാൻ യഥാർത്ഥപാലകനോ വി. സിംഹാസനത്തിന്റെ അറിവോടുകൂടി വന്നതോ എന്ന് ജനങ്ങൾ ആലോചിക്കാതിരിക്കുന്നു.— ആകയാൽ, വന്നുകൂടിയ എല്ലാ നാശങ്ങളേയും പരിഹരിക്കുന്നതിനും ഭാവിയിൽ ഈവിധ തിന്മകൾ സംഭവിക്കാതിരിക്കേണ്ടതിനും ഞങ്ങളുടെ രീത്തിന്റേയും ജാതിയുടേയും നന്മയ്ക്കുവേണ്ടി ഞങ്ങൾ ആഗ്രഹിക്കുന്നതു യൂറോപ്യൻ ഈശോസഭക്കാരിൽനിന്നു ഒരുവനും നാട്ടുകാരനും ഞങ്ങളുടെ ജാതിയിലും രീത്തിലുംപെട്ട വേറൊരുവനും ഇങ്ങനെ രണ്ടു മെത്രാന്മാരെ കിട്ടണമെന്നാണ്.— യൂറോപ്യന്മാരിൽ ഒരാളെ ഞങ്ങൾ ആഗ്രഹിക്കുന്നതു അദ്ദേഹം ഞങ്ങളുടെ ജാതിക്കാരനായ മെത്രാന്റെ മേലന്വേഷണം നടത്തുന്നതിനും അ

ട്ടേഹത്തിന്റെ മിഷ്യനറിമാർ ഞങ്ങളുടെ യുവജനങ്ങളെ പഠിപ്പിക്കുന്നതിനുമത്രേ. ഞങ്ങളുടെ ജാതിയിൽനിന്നു ഒരാളെ അഗ്രഹിക്കുന്നതു് ഞങ്ങളുടെ വൈദികകർമ്മങ്ങളെല്ലാം ഞങ്ങളുടെ സ്വന്തമായ സുറിയാനിയിൽ അർപ്പേഹം നിവ്വഹിക്കുന്നതിനും ജനങ്ങളെ ശീശ്മയിലും വഴക്കുകളിലും ഭിന്നതകളിലുംനിന്നു കാക്കുന്നതിനും ബാബേൽക്കാർ ഞങ്ങളുടെ ദിക്കിൽ പ്രവേശിക്കാതെ തടുക്കുന്നതിനുമാകുന്നു. ആകയാൽ അവിടുന്നു് ഞങ്ങളുടെ ഈ അപേക്ഷയെ പരിശുദ്ധ പിതാവായ ൯–ാം പീയൂസ് മാപ്പാപ്പായ്ക്കു സമർപ്പിച്ചു്, പ്രാർത്ഥികയും സാധിച്ചുതരുവാൻ അപേക്ഷിക്കുന്നു — ഈവിധമാണു ഹർജിയിൽ പറഞ്ഞിരുന്നതു്. അതിൽ കൈയ്യൊപ്പു വെച്ചിട്ടുള്ളവർ ആരെല്ലാമെന്നുകൂടി ഇവിടെ കാണിക്കാം.

പാലാപ്പള്ളി വികാരി തയ്യിൽ യൌസേപ്പു കത്തനാർ.
ചങ്ങനാശേരി വികാരി ചക്കാലയിൽ സ്കറിയാ ,,
പുറക്കാട്ടുപള്ളി വികാരി കുറിക്കൽ തോമ്മാ ,,
കല്ലുക്കാട്ട ഇടവക പൂത്തറ ഗീവർഗീസു ,,
അതിരമ്പുഴ വികാരി പീടിയേയ്ക്കൽ യൌസേപ്പു ,,
,, മാതേയ്ക്കൽ മത്തായി ,,
ആനക്കല്ലുങ്കൽ ഇടവക മാറാമറ്റം യൌസേപ്പു ,,
കൈനകരി ഇടവക ചാവറ യൌസേപ്പു ,,
പാലാപ്പള്ളി ഇടവക കൊട്ടുകാപ്പള്ളി തോമ്മാ ,,
വടയാർ ഇടവക ചോലങ്കേരി ഗീവർഗീസു ,,
ഞാറയ്ക്കൽ വികാരി കൊട്ടുകാരത്തിൽ ഈപ്പച്ചൻ ,,
കല്ലുക്കാട്ട ഇടവക ചക്കാലയിൽ ചാണ്ടി ,,
കല്ലുക്കാട്ട ഇടവക തെക്കേപ്പുറത്തു യൌസേപ്പു ,,
ആനക്കല്ലുങ്കൽ വികാരി തറവട്ടത്തിൽ മത്തായി ,,
ചേന്നങ്കരി വികാരി പടവുപുരയ്ക്കൽ മത്തായി ,,
പാലാ ഇടവക കൊട്ടുകാരത്തിൽ യൌസേപ്പു ,,
ആനക്കല്ലുങ്കൽ ഇടവക തറവട്ടത്തിൽ ഹിലാരിയോൻ ,,
ചേപ്പുങ്കൽ വികാരി കാരുപുരയ്ക്കൽ സ്കറിയാ ,,
പള്ളിപ്പുറം വികാരി പാലയ്ക്കൽ മത്തായി ,,
പ്ലാശനാൽ വികാരി പൊതിനപ്ര ലൂക്കാ ,,
പ്രവിത്താനം വികാരി കുഴിഞ്ഞാലി മത്തായി ,,
പുളിങ്കുന്നു ഇടവക കല്ലുപുരയ്ക്കൽ കുറിയാക്കോസ് ,,
അയ്മനം വികാരി മണലിൽ അബ്രാഹം ,,
തത്തമ്പള്ളി വികാരി തോട്ടുങ്കൽ ഗീവർഗീസു ,,
Purnkare വികാരി ചെറുക്കളങ്ങര ശെമവോൻ ,,
അല്വാ വികാരി പടവുപുരയ്ക്കൽ കുറിയാക്കോസ് ,,
അഴീക്കൽ വികാരി പടവുപുരയ്ക്കൽ തോമ്മാ ,,
പുന്നത്തുറ വികാരി കൊടകശ്ശേരി സെബസ്ത്യാനോസു ,,
ചേന്നങ്കരി ഇടവക ചെറുക്കാട്ടുശ്ശേരി തോമ്മാ ,,

| | |
|---|---|
| മേപ്പുങ്കൽ ഇടവക കുളപ്പുരത്താഴത്തു യൌസേപ്പു | കത്തനാർ. |
| എർണാകുളം വികാരി പൈനുങ്കൽ യൌസേപ്പു | ,, |
| കല്ലുക്കാട്ട ഇടവക കുഴ്യാളശ്ശേരി തോമ്മാ | ,, |
| കല്ലുക്കാട്ട ഇടവക ക്രൂലിപ്പുരയ്ക്കൽ കുറിയാക്കോസ് | ,, |
| രാമപുരം ഇടവക തേവരുകുന്നേൽ കുറിയാക്കോസ് | ,, |
| തോട്ടയ്ക്കാട്ട ഇടവക ചോതിരക്കുന്നേൽ സെബസ്ത്യാനോസ് | ,, |
| ഉദിയംപേരൂർ പുത്തമ്പള്ളി വികാരി മാണിക്കനാമ്പറമ്പിൽ യോഹന്നാൻ | ,, |
| വടകര ഇടവക വടക്കയിൽ അബ്രാഹം | ,, |
| വടകര വികാരി അറയ്ക്കൽ അഗുസ്തീനോസ് | ,, |
| വൈക്കം ഇടവക വലിയപറമ്പത്തു പൌലോസ് | ,, |
| വായിപ്പൂർ വികാരി കുത്തുകല്ലുങ്കൽ തോമ്മാ | ,, |
| പാലാ ഇടവക ചക്കുങ്കളത്തു മത്തായി | ,, |
| ഭരണങ്ങാനം ഇടവക തുരുത്തിക്കര ഗീവർഗീസു | ,, |
| ,, പള്ളി വികാരി മീനാട്ടൂർ മാണി | ,, |
| ആലങ്ങാട്ട വികാരി അയിപ്പത്ത് പൌലോസ് | ,, |
| കാഞ്ഞിരപ്പള്ളി ഇടവക മുഞ്ഞനാട്ടു യാക്കോബു് | ,, |
| കാരക്കുന്നം ഇടവക ഉപ്പുകുട്ടുങ്കൽ ഗീവർഗീസ് | ,, |
| തത്തമ്പള്ളി വികാരി കാളാച്ചേരി ഇസഹാക്ക | ,, |
| കടുത്തുരുത്തി ഇടവക വളച്ചതിനകത്തു കുറിയാക്കോസ് | ,, |
| ആരക്കുഴ ഇടവക കുരീത്തടത്തിൽ ഗീവർഗീസു | ,, |
| മൈലക്കൊമ്പു വികാരി വെട്ടുകല്ലുമ്പുറത്തു യൌസേപ്പു | ,, |
| കുടമാളൂർ ഇടവക മുട്ടത്തുപാടത്തു വക്കി | ,, |
| മുട്ടം ഇടവക കോയിക്കര യോഹന്നാൻ | ,, |
| മാൻമുട്ടം വികാരി പറമ്പിൽ കുറിയാക്കോസ് | ,, |
| ,, പള്ളി അസിസ്റ്റൻറു് ചോറിക്കാവുങ്കൽ സ്ക്കറിയാ | ,, |
| കുറവിലങ്ങാട്ട ഇടവക വല്ലൂടി യാക്കോബു് | ,, |
| കോത്തുരുത്തി ഇടവക കോനാട്ടു മത്തായി | ,, |
| എടത്വാ ഇടവക വെട്ടിയതോട്ടുങ്കൽ വക്കി | ,, |
| മുത്തു വികാരി വളമങ്ങലത്തു യൌസേപ്പു | ,, |
| കുടമാളൂർ വികാരി പൊടിപാറയിൽ യാക്കോബു് | ,, |
| കുടമാളൂർ ഇടവക ചൂരക്കാട്ടു വക്കി | ,, |
| കോത്തുരുത്തി ഇടവക കുടിലിങ്കൽ യോഹന്നാൻ | ,, |
| കുറവിലങ്ങാട്ട ഇടവക മേച്ചേരിക്കുന്നേൽ മാണി | ,, |
| കുറവിലങ്ങാട്ട അസിസ്റ്റൻറു് മഠത്തിൽ യാക്കോബു് | ,, |
| ചങ്ങനാശ്ശേരി ഇടവക തെക്കേക്കര മത്തായി | ,, |
| മുട്ടുചിറ വികാരി കുരിയാസ് കുറിക്കോസ് | ,, |
| നാഗപ്പുഴ വികാരി മേക്കുന്നേൽ മത്തായി | ,, |
| നെടിയശാല വികാരി കണ്ടത്തിൽ ഗീവർഗീസ് | ,, |

കുരവിലങ്ങാട്ട അസിസ്റ്റൻറ് പാറേക്കണ്ടൻ ഗീവർഗീസ് കത്ത:
മാൻമുട്ടം ഇടവക പടിഞ്ഞാൽ പൌലോസ് ,,
ഞാറയ്ക്കൽ ഇടവക ശങ്കരിയ്ക്കൽ പൌലോസ് ,,
മേനങ്കരി ഇടവക കാച്ചാങ്കോടത്തു പീലിപ്പോസ് ,,
മേപ്പുങ്കൽ ഇടവക പുത്തൻപുരയിൽ സ്കറിയാ ,,
കുരവനാൽ വികാരി മണ്ണനാൽ കുറിയാക്കോസ് ,,
ആരക്കുഴ ഇടവക നമ്പ്യാപറമ്പിൽ മത്തായി ,,
കാഞ്ഞിരപ്പള്ളി വികാരി മണ്ണപ്പുറത്ത് തോമ്മാ ,,
പുളിങ്കുന്നു വികാരി പള്ളിക്കുടമേൽ ഗീവർഗീസ് ,,
മുട്ടുചിറ ഇടവക തടിയ്ക്കൽ യൌസേപ്പു ,,
പുളിങ്കുന്നു ഇടവക പഴേപറമ്പിൽ ലൂയീസ് ,,
കുത്തിയതോട്ട വികാരി ഇരിമ്പൻ ഗീവർഗീസു ,,
കുരവനാൽ ഇടവക മണ്ണനാൽ യാക്കോബ് ,,
മേപ്പുങ്കൽ ഇടവക വട്ടമറ്റത്തു മത്തായി ,,
കടുത്തുരുത്തി ഇടവക വരിക്കയിൽ യൌസേപ്പു ,,
കടനാട്ട ഇടവക പുത്തൻപുരയ്ക്കൽ പീലിപ്പോസ് ,,
കടുത്തുരുത്തി വികാരി ഊട്ടുവേലി മത്തായി ,,
ആനക്കല്ലുങ്കൽ ഇടവക കുട്ടയ്ക്കൽ സെബസ്ത്യാനോസ് ,,
,, ഇടവക തറപ്പേൽ മാണി ,,
,, ഇടവക പാറൻകുളങ്ങര മാണി ,,
ആരക്കുഴ ഇടവക ഏടത്തട്ടേൽ അവിരാ ,,
വാഴക്കുളം ഇടവക ഏടപ്പുഴത്തിൽ യാക്കോബ് ,,
കുരവനാൽ ഇടവക കല്ലുക്കുന്നേൽ തോമ്മാ ,,
കടനാട്ട വികാരി പാറേമാക്കൽ സെബസ്ത്യാനോസ് ,,
കടനാട്ട ഇടവക ഉപ്പുമാക്കൽ ചാണ്ടി ,,
ആലപ്പുഴ വികാരി കടവിൽ മത്തായി ,,
ആലപ്പുഴ ഇടവക നെരയത്ത് റോക്കോസ് ,,
വൈക്കം വികാരി മാമല യോഹന്നാൻ ,,
കടുത്തുരുത്തി ഇടവക ചെരുവേലി ഗീവർഗീസ് ,,
തൈയ്യാട്ടുശേരി വികാരി പുത്തൻപുരയ്ക്കൽ തോമ്മാ ,,
കാഞ്ഞിരപ്പള്ളി ഇടവക പെരുന്നേപ്പറമ്പിൽ ഗീവർഗീസു ,,
കടുത്തുരുത്തി ഇടവക കടവിൽ അഗസ്തീനോസ് ,,
വടകര ഇടവക ആറാംചേരി യൌസേപ്പു ,,
വെച്ചൂർ വികാരിവടക്കേൽ ഗീവർഗീസു ,,
പാലാ ഇടവക തുരുത്തിപ്പള്ളി യൌസേപ്പു ,,
രാമപുരം ഇടവക ചിറവടി ചാണ്ടി ,,
കാഞ്ഞിരപ്പള്ളി ഇടവക കുരിശുംമൂട്ടിൽ അഗസ്തീനോസ് ,,
ആരക്കുഴ ഇടവക നമ്പ്യാപറമ്പിൽ യാക്കോബ് ,,
അതിരമ്പുഴ ഇടവക ഇല്ലിച്ചിറയ്ക്കൽ യാക്കോബ് ,,
ചങ്ങനാശേരി ഇടവക തെക്കേക്കര അബ്രാഹം ,,

ചങ്ങനാശേരി ഇടവക മരങ്ങാട്ട മത്തായി കത്തനാർ-
കുമരകം വികാരി കട്ടക്കയത്തു യാക്കോബു് "
കോത്തുരുത്തി ഇടവക പയ്യപ്പിള്ളി ഗീവർഗീസ് "
ചങ്ങനാശേരി ഇടവക ഏടനാട്ട യൌസേപ്പു "
കുമ്പനാടം വികാരി മുക്കാട്ടുകുന്നേൽ തോമ്മാ "
കുറുപ്പന്തടി വികാരി നൽക്കര യൌസേപ്പു് "
ളാലം പുതിയപള്ളി വികാരി ഒഴുകയിൽ സ്ക്കറിയാ "
മുതലക്കോടം ഇടവക കൊച്ചുപുത്തൻപുരക്കൽ മാണി "
ചിറ്റാട്ടു വികാരി എഴുപിലാക്കൽ യൌസേപ്പു് "
ആനിക്കാട്ട വികാരി പനച്ചിക്കൽ ചാണ്ടി "
കോതമങ്ങലം ഇടവക മുണ്ടയ്ക്കൽ പത്രോസ് "
കോതമങ്ങലം ഇടവക ഓലിയപ്പുറം യൌസേപ്പു "
പാലാ ഇടവക പൊരുന്നോലി ചാണ്ടി "
" ഇടവക കുടക്കച്ചിറ തോമ്മാ "
പ്രവിത്താനം ഇടവക ചന്ദ്രക്കുന്നേൽ മത്തായി "
" വികാരി അരീപ്പറമ്പു് ഗീവർഗീസു "
മുട്ടം ഇടവക കുന്നുങ്കൽ മത്തായി "
ഇലഞ്ഞി ഇടവക കിഴക്കേൽ മാത്തുണ്ണി "
പുത്തമ്പള്ളി ഇടവക മൂഞ്ഞേലി യൌസേപ്പു് "
മുട്ടുചിറ ഇടവക നടയ്ക്കൽ യൌസേപ്പു "
പാലാ ഇടവക ചക്കുങ്കളത്തു കുറിയാക്കോസ് "
പൂഞ്ഞാർ ഇടവക കാട്ടറേത്ത് വക്കി "
" തെള്ളി യാക്കോബു് "
കുറവിലങ്ങാട്ട ഇടവക പനങ്കുഴയ്ക്കൽ മാത്തൻ "
ആലങ്ങാട്ട ഇടവക അയിപ്പത്ത് പൌലോസ് "
ആനക്കല്ലുങ്കൽ ഇടവക തുരുത്തിക്കര വക്കി "
ആരക്കുഴ ഇടവക കുരീത്തടത്തിൽ വക്കി "
അരുവിത്തുറ ഇടവക വെള്ളക്കുന്നേൽ ആഗസ്തീനോസ് "
അരുവിത്തുറ ഇടവക വലിയവീട്ടിൽ സ്ക്കറിയാ "

മാന്നാനത്തിലെ സംഘത്തിൽ ചെന്നുചേരുവാൻ സാധിക്കാഞ്ഞ വൈദികന്മാർ അവിടെ ചെന്ന തന്നെ കണ്ടു കാര്യം ബോധിപ്പിക്കുകയോ അതിനു നിവൃത്തിയില്ലാതെവന്നാൽ ഓരോരുത്തൻ അഭിപ്രായങ്ങളേയും അപേക്ഷകളേയും ഏതു ദിവസത്തിനകം തനിക്കുള്ള എഴുത്തുമൂലം അറിയിച്ചുകൊള്ളുകയോ ചെയ്യണമെന്നും യോഗക്കു വേറെ സാധനം എഴുതി അയപ്പാൻ മനസ്സില്ലാത്തപക്ഷം അവരിൽ ഏതാനുംപേരെക്കൂടി അതിൽ സംബന്ധിപ്പിക്കണമെന്നും വിസിറ്റർ കല്പന മെയ് നക്ഷാംനം കല്പന അയച്ചു. നാട്ടുകാരനും രീത്തുകാരനുമായ ഒരു മെത്രാനെ കിട്ടണമെന്നായിരുന്ന മെവുറീന്റെ ആഗമനാശേഷമുണ്ടായ അപേക്ഷ. അനന്തരം വിസിറ്റർ പുളിങ്കുന്നു, ക്രുനമ്മാവു് എന്ന ആശ്രമങ്ങളും അവയോടുത്തു യാത്രയെയും

യ്ക്കുള്ള പല പള്ളികളും സന്ദർശിച്ചു കഴിഞ്ഞ് വടക്കോട്ടു പുറപ്പെട്ട് ഒല്ലൂരിൽ എത്തി പട്ടക്കാരുടേയും ജനങ്ങളുടേയും ഒരു യോഗം ക്രൂശനവംബർ മാസത്തിൽ കൂട്ടി. മെത്രാന്റെ ആഗമനംവരെ മേല്പുസ് ശീശ്മ വർദ്ധിച്ചുകൊണ്ടേ ഇരുന്നു. എന്നാൽ അദ്ദേഹം വന്ന് മേല്പുസു മെത്രാൻ ന്യായാധികാരത്തോടുകൂടി വന്നതല്ലെന്നു തെളിയിക്കയും ശീശ്മക്കെതിരായി പ്രസംഗം മുതലായ പലേ പ്രവൃത്തികൾ ചെയ്കയും ഒരു സുറിയാനി മെത്രാനുണ്ടാകുമെന്നുള്ള ശരണം ജനങ്ങൾക്കു ഉത്ഭവിക്കയും ചെയ്തുകൊണ്ട് ശീശ്മ ക്ഷയിക്കുവാനിടയായി. മേല്പുസ് മെത്രാനു മലങ്കരസഭയിന്മേൽ ന്യായാധികാരമില്ലെന്ന് ഒല്ലൂർ സംഘത്തിൽവെച്ച് മെത്രാൻ തെളിയിച്ചശേഷം തന്റെ അധികാരപത്രം എല്ലാവരേയും കാണിക്കയും എല്ലാവരുടേയും ആഗ്രഹം അന്വേഷിച്ചറികയും ചെയ്തുകൊണ്ട് ഒല്ലൂരുത്തു ആശ്രമത്തിലേക്കുപോയി. പിന്നീട് മലയാളം വിട്ടുപോകുന്നതുവരെ അവിടെത്തന്നെയാണു അദ്ദേഹം പാർത്തിരുന്നത്. അവിടത്തെ താമസത്തിനിടക്ക് അദ്ദേഹം നടത്തിയ കാര്യങ്ങൾ അല്പംമുമ്പു പറഞ്ഞിട്ടുള്ളതാണ്. മലയാളത്തിലെ ജനങ്ങളുടെ ഹിതം എന്തെന്നു വേണ്ടപോലെ മനസ്സിലാക്കിയശേഷം വിവരമെല്ലാം റോമയിലേക്കു റിപ്പോർട്ടുചെയ്തു. എന്നാൽ എതിർഭാഗത്തുനിന്ന് ഇതിനു വിരോധമായി ഹർജികളും എഴുത്തുകളും റോമയിൽ ചെന്നെത്തിക്കൊണ്ടിരുന്നതിനാൽ കാര്യങ്ങളെല്ലാം രഹസ്യത്തിൽ അന്വേഷിച്ചറിയിക്കുന്നതിനായി പ്രൻസീസ്കൻ സഭയിലെ ഒരു മെത്രാനായ ഇഗ്നാസിയോസ് പേർസിക്കൊ (Ignatius Persico) എന്ന വേറൊരു സന്ദർശകനെ (Visitor) ക്രൂ ഫെബ്രുവരിമാസത്തിൽ പ്രൊപ്പഗാന്തയിൽനിന്നു മലയാളത്തേക്കയച്ചു. അദ്ദേഹം വരാപ്പുഴച്ചെന്നു മെത്രാപ്പോലീത്തായേയും ഒല്ലൂരുത്തിലെത്തി മെവുറീനേയും കാണുകയും ക്രമമാവു ആശ്രമം സന്ദർശിക്കയും ചെയ്തു. പുത്തൻപള്ളി സെമിനാരിയിലെ റെക്ടറായ മർസലീനോസ് മിഷ്യനറിയെ മെത്രാനായി വാഴിക്കുന്നപക്ഷം കലഹങ്ങളെല്ലാം അവസാനിക്കുമെന്നു കാണിച്ച് ചില വൈദികന്മാർക്കുടി ഒരു ഹർജി വളരെ രഹസ്യത്തിൽ സെമിനാരിയിൽ തയാർചെയ്തു, പലരുടേയും അപേക്ഷയെന്നു തോന്നുവാൻ തക്കവണ്ണമുള്ള ഒപ്പുകളോടുകൂടി പേർസിക്കോയുടെ പക്കൽ സമർപ്പിച്ചു. അദ്ദേഹം മടങ്ങിപ്പോയി തന്റെ അഭിപ്രായങ്ങളെല്ലാം റോമയിൽ അറിയിക്കയും മേൽപ്പറഞ്ഞ ഹർജി അവിടെ സമർപ്പിക്കയും ചെയ്തു. (40) ഇതനുസരിച്ച് വരാപ്പുഴക്കീഴ് നിന്നിരുന്ന സുറിയാനിക്കാരെ തൽക്കാലത്തേക്കു തനിച്ചു ഭരിക്കുവാനായി വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ സഹായി എന്ന നിലയിൽ പ്രസ്തുത മർസലീനോസിനെ വാഴിക്കുവാൻ തീർച്ചയാക്കുകയാൽ മേൽപ്പറഞ്ഞിട്ടുള്ളതുപോലെ ക്രൂവിനെ ഒക്ടോബർ മാസത്തിൽ അദ്ദേഹത്തിന് "ബുള" എന്നു പറയുന്ന തിരുവെഴുത്തുവന്നു. ലെയോൻ മെവുറീൻ സന്ദർശനം അവസാനിപ്പിച്ചു മടങ്ങുവാനുണ്ടായതായി മുകളിൽ പറഞ്ഞിട്ടുള്ള കല്പന വന്നതും മാർ യാക്കോബിനോ

ട്ടിക്കൂടി അദ്ദേഹം ബോംബെയിലേക്കു മടങ്ങിപ്പോയതും ഈസമയത്തു തന്നെയാണ്. മർസലീനോസു മെത്രാൻ പ്രവൃ൭ ഒക്ടോബർ മാസത്തിൽ വരാപ്പുഴവെച്ചു അഭിഷേകം സ്വീകരിച്ചു. അദ്ദേഹം സുറിയാനിക്കാരെ ഭരിക്കുന്നതാണെന്നും എല്ലാപേരും അദ്ദേഹത്തിനു കീഴ്പ്പെട്ടിരിക്കണമെന്നും ലെയൊനാർദ്ദ് മെത്രാപ്പോലീത്താ അടുത്ത ആണ്ടിൽ പള്ളികളിലേക്കു ഒരു വരസ്യം അയയ്ക്കുകയും അതോടെ സുറിയാനിക്കാരുടെമൽ ലെയൊനാർദ്ദ് മെത്രാപ്പോലീത്തായിക്കുണ്ടായിരുന്ന നേർഭരണം അവസാനിക്കുകയും ചെയ്തു (41). In 1868 Archbishop Leonard bicame Vicar Apostolic of Verapoly. He thought that the Latin Cahtolics would form a sufficient charge and he obtained a Coadjutor Bishop Marcellinus for the separate charge of the Syrian Catholics– "ലെയൊനാർദ്ദു മെത്രാപ്പോലീത്താ പ്രവൃ൭ൽ വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കാ ആയിത്തീർന്നു. ലത്തീൻ കത്തോലിക്കർ തനിക്കു മതിയായ ഒരു ജോലിയായി അദ്ദേഹം കരുതുകയാൽ സുറിയാനി കത്തോലിക്കരുടെ ജോലി തനിച്ചു വഹിക്കേണ്ടതിന് മർസലീനോസു മെത്രാനെ ഒരു സഹായിയായി അപേക്ഷിച്ചു വാങ്ങി", എന്നു 'തിരുവിതാംകൂറിലെ ക്രിസ്തുമതം' ൩൭-ാം പുറത്തു മിസ്റ്റർ മെക്കൻസി പറഞ്ഞിരിക്കുന്ന മാറ്റത്തിനു കാരണമാക്കിയ വാസ്തവ സംഭവങ്ങൾ ഈവിധമാണ്. മലങ്കര സുറിയാനി വൈദികന്മാരുടെ കാനോനിക ജപത്തിൽ ഏഴു ദിവസംകൊണ്ടു് സങ്കീർത്തനങ്ങൾ (മസ്മോറാകൾ) മുഴുവൻ ജപിക്കണമെന്നു പൌരാണികകാലം മുതലുണ്ടായിരുന്ന നിയമം ഭേദപ്പെടുത്തി അവയെല്ലാം പതിനഞ്ചു ദിവസംകൊണ്ടു ജപിച്ചാൽ മതിയെന്ന വ്യവസ്ഥ ചെയ്തതും ലെയൊനാർദ്ദു മെത്രാപ്പോലീത്താ തന്നെ. മർസലീനോസ് മെത്രാന്റെ സ്ഥാനാരോഹണത്തിന്റെ പിറ്റെ (പ്രവൃ൭-ാം) ആണ്ടിൽ ൯-ാം പീയൂസു മാർപ്പാപ്പാ അന്നു തിരുവിതാംകൂറിനെ ഭരിച്ചിരുന്ന ആയില്യം തിരുനാൾ മഹാരാജാവിന് ഒരു തിരുവെഴുത്തും സമ്മാനമായി മാർബിൾകൊണ്ടുള്ള ഒരു വിചിത്രവേലയും (Mosaic) അയയ്ക്കുകയുണ്ടായി.

ക്നനമ്മാവുങ്കലെപ്പോലെ മറ്റു സ്ഥലങ്ങളിലും കന്യകാമഠങ്ങൾ ഉണ്ടാകുവാൻ ശ്രമിക്കണമെന്നു് ആദ്യ പൊതുപ്രിയോരായിരുന്ന ചാവറ കുറിയാക്കോസ് ഏലിയാ അച്ചൻ സ്വപുത്രന്മാരായ സന്യാസി വൈദികന്മാരെ ഭരമേല്പിച്ചിട്ടുണ്ടായിരുന്നതിനാൽ, അദ്ദേഹത്തിന്റെ സ്ഥാനത്തിൽ പൊതുപ്രിയോരായി നിയമിക്കപ്പെട്ട പൊതുക്കരെ കുറിയാക്കോസ് ഏലീശാ അച്ചൻ തന്റെ പുരോഗാമിയുടെ ദൃഷ്ടാന്തം അനുകരിക്കുന്നതിനും അദ്ദേഹത്തിന്റെ ഉപദേശം നിവർത്തിക്കുന്നതിനും നിശ്ചയിച്ചു. ഇദ്ദേഹം മുത്തോലി ആശ്രമത്തോടടുത്തു ഒരു മഠം സ്ഥാപിക്കേണ്ടതിന് ലെയൊനാർദ്ദു മെത്രാപ്പോലീത്തായിൽനിന്നു വാങ്ങിയിരുന്ന അനുവാദങ്ങൾ അനുസരിച്ചു് പ്രവൃ൭ ജനുവ

രിമാസത്തിൽ മഠം പണിതുടങ്ങി. ക്രിസ്തുമാവു മഠത്തിൽനിന്നു പിരിഞ്ഞുണ്ടായിട്ടുള്ള ഒന്നാമത്തെ മഠം ഇതാണ്.

1.1. മാന്നാനത്തു ആരംഭിച്ച ഭക്തസമൂഹത്തിന് ബെന്റർദീനോസു മെത്രാപ്പോലീത്താ ഒരു നിയമം എഴുതിക്കൊടുക്കുകയും അവരെ ക. നി. മു. സഭയായി സ്ഥിരീകരിക്കുകയും ചെയ്തു സംഗതി എൻ—ാം ലക്കത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ആ സഭയ്ക്കു ഇക്കാലംവരെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ട നിയമമേ ഉണ്ടായിരുന്നുള്ളു. ആകയാൽ 1വ1ട—ൽ മർസലീനോസ് മെത്രാന്റെ അഭിഷേകശേഷം മൂന്നാമത്തെ മാസമായ ഡിസംബറിൽ പ്രൊപ്പഗാന്ത തിരുസംഘത്തിൽനിന്നുള്ള ആജ്ഞയനുസരിച്ച് അദ്ദേഹം സഭയിലെ അച്ചന്മാരെയെല്ലാം ക്രിസ്മാവുങ്കൽക്കൂട്ടി വി. സിംഹാസനത്തിന്റെ അംഗീകരണം സഭാനിയമത്തിനു കിട്ടേണ്ടതിനായി അതിൽ പല ഭേദഗതികൾചെയ്തു റോമയിലേക്കയച്ചു. സഭയുടെ ആരംഭം മുതൽ അതു് ഒരു പൊതുപ്രിയോരിനാലാണു ഭരിക്കപ്പെട്ടപോന്നതു്. ആദ്യ പൊതുപ്രിയോരായിരുന്ന ചാവറ കുറിയാക്കോസ് ഏലിയാ അച്ചന്റെ അനുഗാമിയായി കൊവേന്തകളുടെ പൊതു പ്രിയോരായി നിയമിക്കപ്പെട്ട പോത്തുക്കരെ കുറിയാക്കോസ് ഏലീശാ അച്ചനു് 1വ്വവ്വെ ജൂൺമാസം 9—ാം നു— 1ന്ദ—ാം ലെയോൻ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു സ്വന്തകൈയൊപ്പുവെച്ചു അയച്ച ഒരു തിരുവെഴുത്തിൽ അദ്ദേഹത്തെ മലയാളത്തിലെ ക. നി. മു. സഭയുടെ പൊതു പ്രിയോർ എന്നു വിളിക്കയും ചെയ്തിട്ടുണ്ട്. എങ്കിലും ഈ പൊതുപ്രിയോർ സ്ഥാനം നീക്കിക്കളയണമെന്നു് സഭയിൽ ചുരുക്കം ചിലക്കെല്ലാം അഭിപ്രായമുണ്ടാകയും അതിനായി ഒരു ഹർജ്ജി ലെയോനാർദ്ദു മെത്രാപ്പോലീത്തായെ ഏല്പിക്കയും അദ്ദേഹം അതു തിരുസംഘത്തിലേക്കു അയക്കയും ചെയ്തു. അതിനാൽ 1വ്വവ്വ ജനുവരി 1—ാംനു— റോമയിൽനിന്നു നിയമം ഉറപ്പിച്ചയച്ചതു് ഈ മാറ്റത്തോടുകൂടിയായിരുന്നു. ഇതേപ്പറ്റി സഭയിൽ പരക്കെ അതൃപ്തി ജനിക്കയാൽ ആ നിയമം ഉടനെ നടപ്പിൽവരാതെ പോകയും പല ഹർജികൾ റോമയിലേക്കു അയക്കയുംചെയ്തു. എങ്കിലും നിയമം ഈവിധംതന്നെ നടപ്പിൽവരുത്തേണ്ടതാണെന്നു കിഴക്കൻ സഭകളുടെ കാര്യങ്ങളെ അന്വേഷിക്കുന്ന പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കാർഡിനൽ സിമെയോനി 1വ്വവ്വ സെപ്റ്റെംബർ 1വ—1ന്ദ— മർസലീനോസ് മെത്രാനു എഴുതി അയക്കയാൽ അതു സ്ഥിരീകരിക്കപ്പെട്ടു. അതനുസരിച്ചു നടന്ന തിരഞ്ഞെടുപ്പിൽ സംബന്ധിച്ചവരെല്ലാം സഭയിൽ നിന്നതന്നെ ഒരു പൊതുപ്രൊക്വിൻ ഉണ്ടാകണമെന്നുള്ള സംഗതിക്കായി ക്രിസ്മാവുങ്കൽനിന്നു ടി. ആണ്ടു ഒക്ടോബർ മാസത്തിൽ ഒരു ഹർജ്ജി പ്രൊപ്പഗാന്ത തിരുസംഘത്തിലേയ്ക്കയക്കയും ആ അപേക്ഷയെ ന്യായീകരിച്ച് മർസലീനോസ് മെത്രാൻ സാക്ഷിപ്പെടുത്തുകയും ചെയ്തു ഇന്ത്യയുടെ ആദ്യ ഡെലിഗെറ്റ് ആയി നിശ്ചയിക്കപ്പെട്ട അന്തോനി അലിയാർഡി (പിന്നീട കാർഡിനൽ) പിറേറമാസത്തിൽ— 1വ്വവ്വ നവംബറിൽ— മാ

ന്നാനത്തു വന്നസമയം നിയമത്തിലെ മാറ്റത്തേയും തൻമൂലം ഉളവായിട്ടുള്ള ദുഃഖത്തേയുംപറ്റി അറികയാൽ സന്യാസികൾക്കു അനുകൂലമായി റോമ്മയിലേക്കു റിപ്പോർട്ടചെയ്തു. പ്രൊപ്പഗാന്ത തിരുസംഘമാകട്ടേ സംഗതികളുടെ യാഥാർത്ഥ്യം അറിഞ്ഞശേഷം ൧൮൬൯ ജൂൺ ൧-ാനു- സഭയ്ക്കായി ഒരെഴുത്തയച്ചു. ആ എഴുത്തിൽ പ്രസ്തുത സംഘത്തിന്റെ അദ്ധ്യക്ഷനായ കാർഡിനൽ സിമെയോനി നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിച്ചതനു. സഭാനിയമം ഇപ്പോഴത്തെ നിലയിൽ ആയിത്തീരുന്നതിനും സഭയിൽനിന്നുതന്നെ പൊതുശ്രേഷ്ഠൻ ഉണ്ടാകുന്നതിനും ഈ സ്വാതന്ത്ര്യമാണു കാരണമായിത്തീർന്നു. തിരുസംഘത്തിന്റെ ഈ എഴുത്തിൽ മലയാളത്തിൽനിന്നു ഏതാനും കുട്ടികളെ റോമ്മയിലേക്കു വിളിപ്പിച്ചു പ്രൊപ്പഗാന്ത സെമിനാരിയിൽ പഠിപ്പിക്കുവാൻ തിരുസംഘം നിശ്ചയിച്ചിരിക്കുന്നെന്നും അതു തിരുസംഘത്തിനു സുറിയാനിക്കാരുടെ പേരിലുള്ള ഒരു പ്രത്യേക താല്പര്യത്തിന്റെ അടയാളമാണെന്നും അതിൽനിന്നു നിരവധി ഗുണങ്ങൾ മലയാളത്തിലെ സുറിയാനിക്കാർക്കു ഉണ്ടാകുന്നതാണെന്നും കാണിച്ചിരുന്നു. അലിയാർഡി മാന്നാനത്തുവന്നു ഇവിടത്തെ കായ്സ്ഥിതി അറിഞ്ഞു് ഇവിടെനിന്നു കുട്ടികളെ പ്രൊപ്പഗാന്തയിൽവിട്ടു പഠിപ്പിക്കണമെന്നു തീർച്ചയാക്കുകയും അതിനായി റോമ്മയിലേക്കു എഴുതുകയും ചെയ്തതനുസരിച്ചാണു ഈ കുപ്പാട്ടണ്ടായതു്. ആ നിശ്ചയംപോലെ ക്രമമ്മാവു നവസന്യാസി ഗണത്തിൽനിന്നു് ആ. യൌസേപ്പു അലക്സ് സന്തയോസ് (കട്ടക്കയത്തു കൊച്ചുചാണ്ടിയച്ചൻ), ആ. കയത്താനോസ് (പുല്ലൻ ദേവസ്സിയച്ചൻ) എന്നും അർണാട്ടുകര സെമിനാരിയിൽനിന്നു വലിയവീട്ടിൽ അന്തപ്പൻ, ആലപ്പാട്ടു കുഞ്ഞിപ്പാലു എന്നും നാലു ശമ്മാശ്മാരെ തിരഞ്ഞെടുത്തു് പുത്തൻപള്ളി സെമിനാരി റെക്ടറായ ബൊനിഫാസി മിഷ്യനറിയൊരുമിച്ചു് ൧൮൬൯ ഡിസംബർ ൨൩-൦൩- റോമ്മയിലേക്കയച്ചു.

മർസലീനോസ് മെത്രാൻ വാഴ്ച്ചയേറ്റതുവരെ വരാപ്പുഴ മിസത്തിൽ ഇംഗ്ലീഷ് പഠനവും അതിനുവേണ്ട സ്വാതന്ത്ര്യവും ഉണ്ടായിരുന്നില്ല. തന്നിമിത്തം പോതുക്കര പ്രിയോരച്ചൻ ലെയോനാർദു മെത്രാപ്പോലീത്തായോടു് ൧൮൭൦-ൽ പ്രത്യേകാനുവാദം വാങ്ങിക്കൊണ്ടു് പഴയപറമ്പിൽ ലൂയീസ് (പരേതനായ എർണാകുളം വികാരി അപ്പസ്തോലിക്കാ), തറവട്ടത്തിൽ ഹിലാറിയോൻ എന്ന പട്ടക്കാരേയും, തയ്യിൽ ഏസുപ്പാനോസ്, കൊച്ചുപാലത്തുങ്കൽ യൌസേപ്പു, പീടിയേയ്ക്കൽ യൌസേപ്പു് (കൊച്ചേപ്പച്ചൻ), പുത്തൻപറമ്പിൽ അബ്രാഹം, മൂലോക്കരിയിൽ യൌസേപ്പു് എന്ന ശമ്മാശ്മാരേയും യാക്കോബായ വിശ്വാസം പരിത്യജിച്ചു് കത്തോലിക്കനായ മഞ്ഞിയിൽ തോമ്മസ് എന്നൊരു വാദ്ധ്യാരെ വരുത്തി തനിച്ചു (Private)പഠിപ്പിച്ചു. ഇതെഴുന്നയാളും മേൽപ്പറഞ്ഞവരുടെകൂടെ ഇംഗ്ലീഷ് പഠിച്ചിരുന്ന ഒരു ശമ്മാശാണ്. മാന്നാനത്തു അതിൽപിന്നെയും ക്രമമായിട്ടല്ലെങ്കി

ലും പ്രത്യേക വാദ്ധ്യാന്മാരെവെച്ചു വൈദിക വിദ്യാർത്ഥികളെ ഇംഗ്ലീഷ് പഠിപ്പിച്ചുവന്നിരുന്നു. വരാപ്പുഴനിന്നു പഠനവിഷയത്തിൽ പൊതുവേയും ഇംഗ്ലീഷിന്റെ കാര്യത്തിൽ പ്രത്യേകിച്ചും അശ്രദ്ധയോടുകൂടിയിരിക്കുന്നെന്നു മെവ്വറിൻ മെത്രാന്റെ സന്ദർശനകാലത്തു് അദ്ദേഹത്തിന്റെ അടുക്കൽ ആവലാധിയുണ്ടായി. തന്നിമിത്തം മർസലീനോസ് മെത്രാൻ വാസ്തവമറിയുടനെ ഈ ആവലാധികൾക്കു ശമനംവരുത്തേണ്ടതിനു് കൊച്ചിയിൽ സാന്റാക്രൂസ് (Santa Cruz) എന്ന ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു. അയർലീഷ്കാരായ കർമ്മലീത്താ ഭ്രാതാക്കന്മാരും ചില യാക്കോബായക്കാരും അതിലെ ഉപാദ്ധ്യായന്മാരായി നിയമിക്കപ്പെട്ടു. വരാപ്പുഴ മിസത്തിൽനിന്നു ആദ്യമായി സ്ഥാപിച്ച ഇംഗ്ലീഷ് സ്കൂൾ ഇതാണു്. ഏതെത്താമസിയാതെ ഇംഗ്ലീഷ് മൂലപാഠം സെമിനാരികളിലും ഏർപ്പെടുത്തി. അതിന്റെ നടത്തൽകാരനും പരീക്ഷകനുമായി ബ്രോത്തോല്ലൊ സ്വാമിയെന്ന സാധാരണ പറഞ്ഞുവരുന്ന പ്രാൻസ് ദേശീയനായ ആഗുസ്തീനോസ് മിഷ്യനറിയെ നിശ്ചയിച്ചു. പുത്തൻപള്ളി സെമിനാരി മർസലീനോസ് മെത്രാൻ വലുതാക്കുകയും മറ്റു സെമിനാരികളിൽനിന്നു ചില ശമ്മാശ്മാരെ അവിടേക്കു വിളിക്കയുംചെയ്തു. പുത്തൻപള്ളി ഒഴികെ മറ്റു സെമിനാരികളിലുള്ളവരെല്ലാം ക്രമമായുങ്കൽ ചേന്ത് ഇംഗ്ലീഷ്, സുറിയാനി എന്ന ഭാഷകളിൽ പരീക്ഷിക്കപ്പെടണമെന്നും അതുകളിൽ വിജയം പ്രാപിക്കുന്നവർക്കുമാത്രമേ പട്ടം കൊടുക്കയുള്ളു എന്നും നിയമമുണ്ടായി. ൧൮൨൪–ൽ മാന്നാനത്തു ക്രമമായവിധത്തിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. മലങ്കര സുറിയാനിക്കാരുടെ വകയായി ആദ്യമുണ്ടായ ഇംഗ്ലീഷ് സ്കൂൾ ഇതാണ്.

൧൮൨൫–ൽ ഒമ്പതാം പീയൂസ് മാപ്പ്രപ്പാ ചരമംപ്രാപിക്കയും ൧൨–ാം ലെയോൻ തൽസ്ഥാനത്തിൽ ആരോഹണംചെയ്കയും ചെയ്തു. കൊവേന്തകളുടെ പൊതുപ്രിയോരായ പോത്തുക്കുര കുറിയാക്കോസ് ഏലീശാ അച്ചൻ ഈ അവസരത്തിൽ തിരുമനസ്സിലേക്കു മംഗളം ആശംസിച്ചു ഒരെഴുത്തയച്ചു. അതിനു തിരുമനസ്സുകൊണ്ടു വളരെ സന്തോഷപൂർവ്വം സ്വന്തകൈയൊപ്പിട്ട ഒരു മറുപടി കല്പിച്ചയയ്കയുണ്ടായി. തിരുവെഴുത്തിന്റെ തർജ്ജിമ കീഴെചേർക്കുന്നു.

## ൧൨–ാം ലെയോൻ പാപ്പാ.

പ്രിയ മകനേ, സമാധാനവും ശ്ലീഹായിലുള്ള ആശിസ്സും.

താൻ തന്റെ കൂട്ടുകാരായ മറ്റു സന്ന്യാസികളോടുകൂടി, നിങ്ങളുടെ സഭയുടെ സന്ന്യാസകൂട്ടരൊക്കെയുടേയും നവസന്ന്യാസികളുടേയും സഹോദരന്മാരുടേയും നാമത്തിൽ കഴിഞ്ഞ ഏപ്രിൽ മാസം ൧൫–ാംനു– അയച്ച എഴുത്തു് നമുക്കു വളരെ സന്തോഷകരവും പ്രസാദജനകവുമായിരിക്കുന്നു.

എന്തെന്നാൽ നിങ്ങളുടെ സ്നേഹത്തേയും വിശ്വാസത്തേയും കീഴ്വഴക്കത്തേയും നമ്മുടെനേക്കു നിങ്ങൾ പ്രദർശിപ്പിക്കുന്ന മക്കൾക്കടുത്ത പക്ഷത്തേയും, സർവ്വശക്തനായ ദൈവത്താൽ സ്വർഗ്ഗീയ സമ്മാനങ്ങൾക്കു വിളിക്കപ്പെട്ട കീർത്തിപെട്ട നമ്മുടെ പുരോഗാമിയായ സൻ-ാം പീയൂസിന്റെ നേരെയുള്ള നിങ്ങളുടെ ഭക്തിപക്ഷങ്ങളേയും ഇതിൽനിന്നു നാം ഗ്രഹിച്ചു.

മലയാളത്തിലെ വിശ്വാസികൾക്കു നേരിട്ടിരുന്ന തിന്മകളെ അവരിൽ നിന്നു അകറ്റുന്നതിനു വേണ്ടി അവരുടെ നേരെ ഏറ്റം വലിയ സ്നേഹത്തോടും താല്പര്യത്തോടും മഹാ ജാഗ്രതയോടും കൂടി ഉത്സാഹിച്ച കീർത്തിമാനായ ഈ പാപ്പാ, നന്ദിനിറഞ്ഞ മനസ്സോടുകൂടി നിങ്ങളാൽ അനുസ്മരിപ്പിക്കപ്പെടുന്നതു ന്യായംതന്നെ. എന്തെന്നാൽ തന്റെ പക്കൽ ആശ്രയിച്ച നിങ്ങളുടെ സന്ന്യാസികളെ എങ്ങനെ ആശ്വസിപ്പിച്ചുവെന്നും അക്രമിയായ കൽദായമെത്രാന്റെ നിയമവിരുദ്ധമായ സാഹസകൃത്യങ്ങളിൽ നിന്നു സുറിയാനിക്രിസ്ത്യാനികളേയെല്ലാം ഭംഗംകൂടാതെ കാക്കേണ്ടതിനായി മുമ്പു് ഏതുവിധം പ്രയാസപ്പെട്ടുവെന്നും നിങ്ങൾക്കറിയാം. അപ്രകാരംതന്നെ അതേ രീത്യുകാരനും യഥാവിധി നിയമിക്കപ്പെടാത്തവനുമായ ഏലിയാ മേലൂസ് എന്ന മറെറാരു മെത്രാൻ സാഹസമായി അവിടെക്കു വന്നിരിക്കയിൽ ആദ്യം, വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കായും നിക്കോമേദിയായുടെ മെത്രാപ്പോലീത്തായുമായ ലെയോനാർ്ദ് എന്ന നമ്മുടെ വന്ദ്യസഹോദരൻ വഴിയായും പിന്നീടു ആ ദേശങ്ങളിലേക്കു അയക്കപ്പെട്ട ശ്ലീഹായിക്കടുത്ത വികാരി അപ്പസ്തോലിക്കാമാർ വഴിയായും ആ ശീശ്മയെ അമർത്തുന്നതിനു എത്രയധികം വേലചെയ്യുവെന്നും നിങ്ങൾ അറിയുന്നു. ഒടുവിൽ എല്ലാക്കാര്യങ്ങളും വേണ്ടവിധം ബോധപ്പെട്ടശേഷം എല്ലാവരുടെയും രക്ഷക്കു വേണ്ടവഴി ആലോചിച്ചു് വന്ദ്യസഹോദരനായ മർസലീനോസെന്ന ദേഹത്തെ സഹായമെത്രാനായി കൊടുത്തുകൊണ്ടു് സുറിയാനി ജനങ്ങളുടെ മേൽ പ്രത്യേക വിചാരണ നടത്തുന്നതിനു കല്പിച്ചു. പ്രിയമകനെ, നിങ്ങളുടെയും സുറിയാനിജനതയുടെയും ഗുണം സംബന്ധിച്ച കാര്യങ്ങളിൽ മേൽപറഞ്ഞ നമ്മുടെ പുരോഗാമിയുടെ കാലടികളെ താല്പര്യത്തോടുകൂടി അനുഗമിക്കുന്നതു് നമുക്കും എല്ലാവിധത്തിലും സന്തോഷമുള്ള കാര്യമാകുന്നു. നിങ്ങൾ ഉൾപ്പെട്ടിരിക്കുന്ന കൊടുങ്കാറ്റിലും കലഹങ്ങളിലും ഏവരുടെയും സമാധാനത്തേയും നിങ്ങളുടെ ആത്മികനന്മയെയും വർദ്ധിപ്പിക്കുന്നതിനു നമുക്കു വളരെ താല്പര്യമുള്ളതാണെന്നും, നേർവഴി വിടാതിരിക്കുമെങ്കിൽ വളരെ ഗുണങ്ങളെ ഉളവാക്കുമെന്നു പ്രതീക്ഷിക്കാവുന്ന നിങ്ങളുടെ സഭ ശോഭിക്കുന്നതിനും ഏറ്റം ഉത്തമമായ ക്രമചട്ടങ്ങളെ സ്ഥിരപ്പെടുത്തിക്കൊണ്ടും ന്യായാനുസൃതമായ അധികാരത്തിനു വേണ്ട കീഴ്വഴക്കത്തെ വിശ്വസ്തതയോടുകൂടി കാത്തുകൊണ്ടും നിങ്ങൾ കരുതിയിരിക്കുന്ന ഉദ്ദേശ്യവും സന്ന്യാസസഭയുടെ വർദ്ധനവും

ആത്മാക്കളുടെ രക്ഷയും ശ്രേഷ്ഠമായി ലഭിക്കുന്നതിനും നാം അത്യധികം ആശിക്കുന്നെന്നും നിങ്ങൾ അറിയുന്നതിനു നാം ആഗ്രഹിക്കുന്നു.

നിങ്ങളുടെ നേരെയുള്ള വിശ്വാസത്തിന്റെ ഈ താല്പര്യത്താൽ ജ്വലിച്ചുകൊണ്ടു സഭാസ്നേഹികളുടെ സംപൂർണ്ണതയെ സർവേശ്വരനിൽ നിന്നു ഹൃദയപൂർവം നിങ്ങൾക്കായി നാം പ്രാർത്ഥിക്കുന്നു. ഇതുകളുടെ അടയാളമായും നമ്മുടെ യഥാർത്ഥസ്നേഹത്തിന്റെ ലക്ഷ്യമായും പ്രിയമകനെ, തനിക്കും തന്റെ വികാരിക്കും തന്റെ ആജ്ഞയിൽ ഉൾപ്പെട്ട സന്ന്യാസികളായ വൃദ്ധക്കാർക്കും നവസന്ന്യാസികൾക്കും ഇണസഹോദരന്മാർക്കും ഗ്രിഹായിക്കുള്ള ആശിസ്സിനെ സ്നേഹപൂർവ്വം നാം നൽകുന്നു.

റോമയിൽ പത്രോസിന്റെ അരമനയിൽ നിന്ന്,

൧൮൨൨ ജൂൺ ൭.

നമ്മുടെ വാഴ്ചയുടെ ഒന്നാം വത്സരം

ലെയോൻ ൧൩-ാമൻ.

മലയാളസുറിയാനിക്കാരായ ക. നി. മ. സഭക്കാരുടെ
കൊവേന്തകളുടെ പ്രിയോർ ജനറാളായ
പ്രിയ മകൻ കുറിയാക്കോസ് ഏലീശായിക്ക്

മാന്നാനം.

മലയാളം. — (42).

ലെയോൻ മാപ്പുപ്പാ തിരുമനസ്സുകൊണ്ട് ൧൮൨൨ ഒക്ടോബർ മാസത്തിൽ ഇന്ത്യയിലേക്കു ഇടംപ്രഥമമായി ഒരു ഡെലിഗെററിനെ നിശ്ചയിച്ചു. ആ ഉദ്യോഗത്തിനു തിരഞ്ഞെടുക്കപ്പെട്ട അന്തോനി അലിയാർദി (Antony Agliardi- പിന്നീടു കാർഡിനൽ) ബോംബയിൽ എത്തി അവിടെ താമസമുറപ്പിച്ചു. മാന്നാനത്തുവെച്ചു മെത്രാൻ മെത്രാനു സമുചിത ഹർജിയിലെ അപേക്ഷപോലെ കാര്യം സാധിതമാകാഞ്ഞതിനാൽ റോമയിലേക്കു അതിനായി ഇടമുറിയാതെ എന്നു കണക്കേ ഇക്കാലത്തു ഹർജികൾ പൊയ്ക്കൊണ്ടിരിക്കയായിരുന്നു. ഡെലിഗെററ് ൧൮൨൩ നവംബർ മാസത്തിൽ മലയാളത്തു വരികയും വരാപ്പുഴ, ക്രുനമ്മാവു, മാന്നാനം എന്നസ്ഥലങ്ങളെ സന്ദർശിക്കയുംചെയ്തു. അദ്ദേഹത്തെ മാന്നാനത്തു വരുത്തുന്നതിനായി അതിവപരിശ്രമം ചെയ്തു് മതിമാനായ നിധിയിരിക്കൽ മാണിക്കത്തനാർ ആണ്. മാന്നാനത്തേക്കു ഡെലിഗെററിനെ എതിരേററുകൊണ്ടുപോയതു് അത്യന്തം കേമമായിട്ടായിരുന്നു. തെക്കും വടക്കുമുള്ള സുറിയാനിപ്പള്ളിക്കാരെല്ലാം ഇക്കാര്യത്തിൽ ഒരുമിച്ചു പ്രവർത്തിച്ചു. ഉദ്ദേശം ഇരുപത്തഞ്ചായിരം ജനങ്ങൾ ആ എതിരേല്പിൽ സംബന്ധിച്ചു. എഴുപുന്ന പാറായിൽ വക്കിത്തരകൻ, ഉറുമീസ് തരകൻ, കള്ളിയത്തു പ്രമുഖ മുതലായ സമുദായ നേതാക്കന്മാരെല്ലാം ഈ സംഗതിയിൽ അത്യുത്സാഹികളായിരുന്നു.

മാപ്പിപ്പായുടെ പ്രതിപുരുഷനായ തന്നെ സ്വീകരിക്കുന്നതിൽ നസ്രാണി സമുദായം ഒന്നാകെ പ്രദർശിപ്പിച്ച ഭക്ത്യാദരങ്ങളുടെ നാനാപ്രകാരങ്ങളെ കണ്ടു സന്തുഷ്ടനായ ഡെലിഗേറ്റ് "ഇനി മാപ്പിപ്പാതന്നെ ഇവിടേക്കെഴുന്നെള്ളുന്നു എങ്കിൽ ഇതിലധികമായി നിങ്ങൾക്കെന്തുചെയ്യുവാൻ സാധിക്കും" എന്ന് ആശ്ചര്യഭരിതനായി ചോദിക്കാത്തവണ്ണം ഈ എതിരേൽപ്പു അത്ര കേമമായിരുന്നു. ഡെലിഗേറിനോടൊരുമിച്ചു മർസലീനോസു മെത്രാനും മാന്നാനത്തു വന്നു. സുറിയാനി മെത്രാനെ കിട്ടേണ്ട സംഗതിയ്ക്കായി രണ്ടു ഹർജികൾ മെത്രാൻ വഴി ഡെലിഗേറിനു സമർപ്പിച്ചു. അതിലൊന്നു പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കാർഡിനലിനും മറ്റത് ഡെലിഗേറിനു തന്നെയുമായിരുന്നു. ഡെലിഗേറ് മുഖേന ഫ്വവ്വ൫ നവംബർ ക-ാംനു- പ്രൊപ്പഗാന്താദ്ധ്യക്ഷനായ കാർഡിനലിനു അയച്ച ഹർജി ഇവിടെ ഉദ്ധരിക്കുന്നു.

## To His Em. the Cardinal Prefect of the Propaganda presented through H. Excy Mgr. Agliardi, Delegate Apostolic, when he came to Mannanam Convent.

St. Joseph's Convent Mannanam,
Cottayam, 11th November 1885.

To

His Eminence Cardinal John Simeoni Prefect of S.C.P.F.
Most Eminent Prince,

May it please your Eminence, that we the undersigned Priests and Laymen of the Chaldeo-Syrian rite in the Malabar take the liberty to lay down our grievance in the following lines before your Eminence:—

1. The want of a Bishop in our own nation and rite is the cause of our deterioration in the ecclesiatical and social affairs than our Jacobite Bretheren who having Bishops of their own nation and rite and having been encouraged by them not only pass the university Examinations, but also hold high and responsible offices in the Government and so the Catholics being a contrast to their Jacobite- brethren are undervalued by the Hindus as a set of ignorant men, this is a hindrance to the Conversion of the Hindus.

2. The want of a Bishop in our own nation is the cause of many disorders in the Divine Service in our rite.

3. The cause of the Jacobite Schism is the deprivation of a Bishop from our own nation and the same want of a Bishop also is the hindrance to their conversion.

4. The want of a native Syrian Bishop is the cause of the Rochosian and Mellusian schisms, the latter of which is at present ruled by Mar Abdisho Thondanatt and Core-Episcopus Augustine.

We therefore repeat our petition which was several times submitted to the Holy See and to your Eminence in the full hope that our petition will be kindly granted by giving us a native Bishop which is the only efficacious remedy to convert the schismatics and prevent the recurrence of schism and attract the Jacobites to the centre of our Catholic unity.

Kissing your Sacred Purple and on bended knees craving your Paternal Blessing.

We beg to remain.

Most Eminent Prince,

Your Eminence's most humble and obedient Children.

The clergy and laity of the Chaldeo-Syrian rite in Malabar.

"൧) ഞങ്ങളുടെ ജാതിയിലും റീത്തിലുംപെട്ട ഒരു മെത്രാ നില്ലാത്തതാണ് പള്ളിസംബന്ധവും സാമുദായികവുമായ കാര്യങ്ങളിൽ യാക്കോബായക്കാരേക്കാൾ ഞങ്ങൾ താഴ്ന്നുപോകുന്നതിനുള്ള കാരണം. ഞങ്ങളുടെ യാക്കോബായ സഹോദരങ്ങളാകട്ടെ സ്വജാതിയിലും റീത്തിലുമുള്ള മെത്രാന്മാരുള്ളതിനാലും അവരാൽ പ്രോത്സാഹിപ്പിക്കപ്പെടുകകൊണ്ടും സുപ്രീംകോടതി പരീക്ഷകൾ ജയിക്കയും വലിയ വലിയ സർക്കാർ ഉദ്യോഗങ്ങളെ വഹിക്കയും ചെയ്യുന്നു. യാക്കോബായക്കാരിൽനിന്നു ഇതു വ്യത്യാസപ്പെട്ടിരിക്കുന്ന കത്തോലിക്കരെ അജ്ഞന്മാരുടെ ഒരു കൂട്ടമെന്നു ഹിന്തുക്കൾ കരുതുന്നു. അവരുടെ മാനസാന്തരത്തിനു ഇതൊരു പ്രതിബന്ധവുമാണു.— ൨) ഞങ്ങളുടെ ജാതിക്കാരനായ ഒരു മെത്രാന്റെ അഭാവം ഞങ്ങളുടെ റീത്തനുസരിച്ചുള്ള ദൈവാരാധന കൃത്യങ്ങളിൽ വളരെ കുഴപ്പങ്ങൾക്കിടയാക്കുന്നു.— ൩) യാക്കോബായ ശിശുയുടെ ഉത്ഭവകാരണം ഞങ്ങളിൽനിന്നു സ്വജാതി മെത്രാനെ നീക്കിക്കളഞ്ഞതാണ്. അവരുടെ മനസ്സുതിരിവിനുള്ള പ്രതിബന്ധവും ആ മെത്രാന്റെ അഭാവംതന്നെ.— ൪) റോക്കോസു ശിശുയുടേയും മേല്യൂസ് ശിശുയുടേയും ഹേതു നാട്ടുകാരനായ ഒരു സുറിയാനി മെത്രാൻ ഇല്ലാതിരുന്നതാണ്. മേല്യൂസ് ശിശുക്കാരെ ഇപ്പോൾ തൊണ്ണൂറ്റാറു മാർ അന്ത്രീയോസും ആഫ്രീമോസ് കോർ അപ്പസ്തോപ്പായും ഭരിച്ചുവരുന്നു— ആകയാൽ ശിശുക്കാരെ മനസ്സുതിരിക്കുന്നതിനും മേലിൽ ശിശുയുണ്ടാകാതിരിക്കുന്നതിനും യാക്കോബായക്കാരെ കത്തോലിക്കാ ഐക്യത്തിലേക്കു ആകർഷിക്കുന്നതിനുമുള്ള ഏകപ്രതിവിധിയായ ഒരു നാട്ടുമെത്രാനെ ഞങ്ങൾക്കു തരണമെന്നു വി. സിംഹാസനത്തിങ്കലും അങ്ങേപ്പക്കലും മുമ്പു പലതവണ ഞങ്ങൾ ചെയ്തിട്ടുള്ള അപേക്ഷയെ സാധിച്ചുതരണമെന്നു വീണ്ടും പ്രാർത്ഥിക്ക

ന്നു" എന്നാണ് ഈ ഫർജിയിൽ പറഞ്ഞിരിക്കുന്നത്. ഡെലിഗെറി നുള്ള ഫർജിക്ക് അവിടുന്ന് അനുകൂലമായ മറുപടി പറഞ്ഞു. ക്വവുന്ന ഏപ്രിൽ മാസത്തിൽ അലിയാർട്ടി അസ്വാസ്ഥ്യം നിമിത്തം റോമയിലേക്ക് വിളിക്കപ്പെട്ടു മടങ്ങിപ്പോയി.

പോർട്ടുഗലും വി സിംഹാസനവും തമ്മിൽ ക്വ൫ർ-ൽ ഒരു (Concordat) ഉടമ്പടി ചെയ്തതായി ഫ്രൻ-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതാണല്ലോ. ഇന്ത്യയിലെ വൈദികഭരണം മുഴുവൻ പോർട്ടുഗീസു ഗവർമ്മേണ്ടിന്റെ സംരക്ഷണത്തിൽ വിട്ടുകൊടുക്കാമെന്നും അതിലേക്ക് പല സെമിനാരികളും മറ്റു പള്ളിസ്ഥാപനങ്ങളും ആ ഗവർമ്മേണ്ടു സ്വന്ത ചെലവിന്മേൽ പണിയിക്കണമെന്നും മറ്റുമായിരുന്ന ഉടമ്പടിയുടെ സാരം. പോർട്ടുഗൽ ഗവർമ്മേണ്ടാകട്ടേ ഇതനുസരിച്ചു പ്രവർത്തിക്കാതിരുന്നതിനാൽ ഗോവയൊഴിച്ച് ബ്രിട്ടീഷ് രാജ്യങ്ങളിലുള്ള കൊച്ചി, കൊട്ടങ്ങല്ലൂർ, മൈലാപ്പൂർ എന്നിവയുടെ മേലുള്ള പതുവാദയധികാരം നിറുത്തലാക്കുന്ന ഒരു തിരുവെഴുത്തു ക്ലമ-ാം ലെയോൻ മാപ്പാപ്പാ പ്രസിദ്ധപ്പെടുത്തി. എന്നാൽ ആ ഗവർമ്മേണ്ടു ഇതേപ്പറ്റി ആവലാധിപ്പെടുകയാൽ പിന്നീടു അതു നീക്കി ക്വ൫ർ-ലെ ഉടമ്പടിയിൽ കാലാനുസൃതമായ ഭേദഗതികൾ ചെയ്ത് ഒരു പുതിയ ഉടമ്പടിയുണ്ടാക്കി ക്വവുന്ന ജൂൺമാസത്തിൽ ഇരുകക്ഷികളും അതിൽ ഒപ്പുവെച്ചു. ഈ ഉടമ്പടി അനുസരിച്ച് കൊച്ചി, മൈലാപ്പൂർ എന്ന രണ്ടിടവകകളും പുനഃസ്ഥാപിക്കപ്പെടുകയും കൊട്ടങ്ങല്ലൂരിന്റെ മാന്യ നാമധേയത്തോടുകൂടി ദാമവുൻ 'രൂപത' പതുവാദക്കിഴിൽ പുതുതായി സൃഷ്ടിക്കപ്പെടുകയുംചെയ്തു. വരാപ്പുഴ, കൊല്ലം ഇതുകളിൽനിന്ന് എടുത്ത പള്ളികളെക്കൊണ്ടു കൊച്ചിയും, കൽക്കത്താ, മദ്രാസ്, തൃശ്ശിനാപ്പള്ളി ഇതുകളിൽനിന്ന മൈലാപ്പൂരും സ്ഥാപിക്കപ്പെട്ടു.

അനന്തരം ഉടനേതന്നെ ക്ലമ-ാം ലെയോൻ മാപ്പാപ്പാ "ഹ്യൂമാനെ സലൂത്തിസ് ആവുക്തോർ" (Humanae Salutis Auctor) എന്നാരംഭിക്കുന്ന തിരുവെഴുത്തുമൂലം ക്വവുന്ന സെപ്റ്റംബർ ക്ലാം നു- ഇന്ത്യയിൽ വൈദികാദ്ധ്യക്ഷക്രമം (Hierarchy) സ്ഥാപിച്ചു. ഈ സ്ഥാപനപ്രകാരം ഇന്ത്യാ മഹാരാജ്യത്തെ ഏഴു പ്രദേശങ്ങളായി തിരിക്കയും അവ ഓരോന്നിലും ഓരോ മഹാ മെത്രാസനങ്ങളെ ഏർപ്പെടുത്തുകയും ചെയ്തു. ഇക്കൂട്ടത്തിൽ വരാപ്പുഴ ഒരു മഹാ മെത്രാസന ഇടവകയായിത്തീർന്നു. ഗോവ മഹാ മെത്രാസനത്തിന്റെ അദ്ധ്യക്ഷന് പാത്രിയർക്കീസ്" എന്ന ബഹുമാന നാമവും സിദ്ധിച്ചു (43).

അലിയാർട്ടി, ഡെലിഗേഷന്റെ ഓഡിറ്റർ (Auditor) ആയ അന്ത്രയോസ് അയുത്തി (Andrew Ajuti) യോടും സെക്രെട്ടറിയായ മൈക്കൽ സലെസ്സ്കി (Michael Zaleski) യോടുംകൂടി ക്വവുവ-ന്റെ ആരംഭത്തിൽ തിരികെ ഇന്ത്യയിൽ എത്തി, വൈദികാദ്ധ്യക്ഷക്രമത്തിന്റെ വ്യവസ്ഥകൾ നടപ്പിൽവരുത്തുവാനായി കൊളംബിലും, ബാംഗ്ളൂരിലും, വടക്കെ ഇന്ത്യയിലും മെത്രാന്മാരുടെ സം

ഷംക്രട്ടി. ബാംഗ്ലൂരിലെ സംഘത്തിൽ വരാപ്പുഴ, കൊല്ലം, തൃച്ചി നാപ്പള്ളി, മദ്രാസ്, കോയമ്പത്തൂർ, മംഗലപുരം ആദിയായ സ്ഥലങ്ങ ളിലെ മെത്രാന്മാർ സംബന്ധിച്ചിരുന്നു. ആ സംഘത്തിൽവെച്ച്, സു റിയാനിക്കാർക്കു മെത്രാനെ കൊടുക്കുന്ന സംഗതിസംബന്ധിച്ച് ഡെലി ഗെറ്റ് മെത്രാന്മാരോടു ആലോചിച്ചു. വരാപ്പുഴ മെത്രാപ്പോലീത്താ അതിനു വളരെ ബലമായി വിരോധാഭിപ്രായം പുറപ്പെടുവിച്ചെങ്കി ലും മറ്റു മെത്രാന്മാരെല്ലാം സുറിയാനിക്കാർക്കു മെത്രാനെ കൊടുക്കുന്ന കാര്യത്തിൽ അനുകൂലികളായിരുന്നു. അനന്തരം അലിയാർട്ടി രണ്ടാ മത്തെ പ്രാവശ്യം റോമയിലേക്കു പുറപ്പെട്ട കാര്യസ്ഥിതി മുഴുവൻ തിരുമനസ്സറിയിക്കയും സുറിയാനിക്കാരേപ്പറ്റിയുള്ള ആലോചനയുടെ ഫലം അവിടെ ധരിപ്പിക്കയും ചെയ്തു. ആകയാൽ നിത്യസ്മരണാർഹ നായ ക്ലെ-ാം ലെയോൻ മാപ്പാപ്പാ ക്വവ്വെ മെയ് ൨൦-ാം തീയതി യിലെ (Quod Jampridem എന്നാരംഭിക്കുന്ന) ഒരു തിരുവെഴുത്തു മൂലം മലയാളത്തിലെ സുറിയാനിക്കാരെ വരാപ്പുഴ അധികാരത്തിൽ നിന്നും കൊടുങ്ങല്ലൂർ അധികാരത്തിൽ നിന്നും) വിടുവിച്ചു അവർക്കാ യി തൃച്ചൂർ, കോട്ടയം എന്ന രണ്ടു പ്രത്യേക വികാരിയേറുകളെ സ്ഥാ പിച്ചു. മാത്രമല്ല, (പൊൻറിഫിക്കൽ പാട്ടുക, സ്ഥൈര്യലേപനം ചെ യ്തു ആദിയായ) പൊൻറിഫിക്കൽ അധികാരങ്ങളോടുകൂടി സുറിയാനി ക്കാരായ രണ്ടു വികാരിജനറാൽമാരെയും ആ തിരുവെഴുത്തുമൂലം അ നുവദിച്ചു. തൃച്ചൂർ വികാരി അപ്പസ്തോലിക്കാ ആയി ഒരു യൂറേഷ്യനാ യ അദേൽഫൂസ് മെഡ്‌ലിക്കോട്ട (Adelphus Medlycott) മെത്രാ നും കോട്ടയം വികാരി അപ്പസ്തോലിക്കാ ആയി ഈശോസഭാ ജനറാ ളായ ബെക്ക്സിന്റെ (Father Beckz) സെക്രട്ടറിയുദ്യോഗം വ ഹിച്ചിരുന്നയാളും പ്രാൻസ് ദേശികനുമായ ലവീഞ്ഞു മെത്രാനും പ്രൊപ്പഗാന്തയുടെ നേർഭരണത്തിൽ നിശ്ചയിക്കപ്പെട്ടു. ക്വവ്വെ മെ യ് ൨൦-ാം തീയതിയിലെ തിരുവെഴുത്തു ഈവിധമാണ്.

## LEO P. P. XIII.

Ad futuram rei memoriam Quod jampridem Praedecessoribus Nostris in votis fuit, ut Ecclesiastica hierarchia in Indiis Orientalibus constitueretur, id ex Apostolico munere, quo licet immeriti fungimur, efficere aggressi sumus. Quod cum praestiterimus Apostolicis Litteris, quarum initium "Humanae salutis Auctor" Kalendis Septembribus anno superiore datis, pro sollicitudine Ecclesiarum omnium Nobis divinitus commissarum, peculiarem curam Catholicorum ritus Syro- Malabarici habere voluimus, eaque in re eorumdem Praedecessorum Nostrorum vestigiis inhaesimus, qui nihil intentatum reliquerunt, ut praedicti ritus fideles in iisdem regionibus commorantes ad Catholicam veritatem et unitatem reducerentur, neque ullis postea conatibus haereticae vel schis-
1 aticae pravitatis ad ea se paterentur avelli. Quocirca ad eorumdem

fidem obedientiam et devotionem erga Apostolicam Sedem eo potiori modo remunerandam, quo in praesens rerum circumstantiae fieri posse suadebant, atque ut penes ipsos vera Christi Ecclesia majora in dies incrementa suscipiat, auditis et assentientibus Archiepiscopis et Episcopis Indiae Centralis et Meridionalis in Civitatem Bangalorensem synodaliter convenientibus, praeside Venerabili Fratre Apostolico Indiarum Orientalium Delegato, deque Concilio Venerabilium Fratrum Nostrorum S. R. E. Cardinalium Congregationi Fidei Propagandae pro ritus Orientalis negotiis praepositorum, haec, quae infra scripta sunt, constituentur censuimus. Itaque Motu proprio, atque ex certa scientia ac matura deliberatione Nostris, praesentium vi mandamus ut, peracta rituali separatione Catholicorum Syrio-Malabarensium a Latinis, duo pro illis constituantur Vicariatus Apostolici committendi Episcopis latinis, qui sibi assumant Vicarium Generalem Syro-Malabarensem privilegio condecorandum exercendi proprio ritu Pontificalia, et confirmationis Sacramentum, Chrismate tamen ab Episcopo consecrato, conferendi; nec non alios quatuor viros Ecclesiasticos ejusdem gentis et ritus eligant, quorum consilio in omnibus ecclesiasticis negotiis utantur. Insuper praecipimus ut praedictorum Vicariatuum Apostolicorum territorialis divisio fiat per naturales limites fluminis Aluvay, quod ab urbe Maleatur Malabaricam regionem intersecat usque ad mare prope urbem Cochin, ita ut primus Vicariatus sit septentrionalis cum ordinaria residentia Apostolici Vicarii in urbe Trichoor unde appellationem sumet, alter sit meridionalis cum ordinaria residentia proprii Vicarii Apostolici in urbe Cottayam, a qua nomen accipiet. Decernentes praesentes Litteras firmas, validas et efficaces existere ac fore, suosque plenarios et integros effectus sortiri atque obtinere, illisque ad quos spectat, et in futurum spectabit, in omnibus et per omnia plenissime suffragari; sicque in praemissis per quoscumque Judices ordinarios et delegatos, etiam causarum Palatii Apostolici Auditores, Sedis Apostolicae Nuncios, S. R. E. Cardinales etiam de latere Legatos, et alios quoslibet quacumque praeeminentia et auctoritate fungentes vel functuros, sublata eis et eorum cuilibet quavis aliter judicandi et interpretandi facultate et auctoritate, judicari ac definiri debere, atque irritum et inane, si secus super his a quoquam quavis auctoritate scienter vel ignoranter contigerit attentari. Non obstantibus Constitutionibus et Ordinationibus Apostolicis; nec non Benedicti XIV Praedecessoris Nostri recol: mem: super Divisione Materiarum, allisque speciali licet atque individua mentione ac derogatione dignis in contrarium facientibus quibuscumque. Porro praecipimus ut praesentium Literarum transumptis seu exemplis, etiam impressis, manu alicujus Notarii

publici subscriptis, et sigillo personae in Ecclesiastica dinigitate constitutae munitis, eadem prorsus fides adhibeatur, quae adhiberetur ipsis praesentibus si forent exhibitae et ostensae.

Datum Romae apud S. Petrum sub annulo Piscatoris die XX Maji MDCCCLXXXVII, Pontificatus Nostri Anno Decimo.

Locus ✠ Sigilli

M. Card. Ledochowski.

അടുത്തുകഴിഞ്ഞ സെപ്റ്റംബർ ൧൯൦൯- 'ഹമാനെ സലൂത്തിസ് ആവുക്തോർ' എന്ന തിരുവെഴുത്തുമൂലം ഇന്ത്യയിൽ ഹൈയെരാക്കി സ്ഥാപിച്ചപ്പോൾതന്നെ സുറിയാനിക്കാരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിക്കണമെന്ന കരുതിയിരുന്നതിനാൽ വിസിം ഹാസനത്തിന്റെനേരെ അവക്കുള്ള വിശ്വാസത്തിനും വണക്കത്തിനും ഭക്തിക്കും തക്കവിധം സമ്മാനിക്കേണ്ടതിനായി തെക്കേ ഇന്ത്യയിലേയും മദ്ധ്യ ഇന്ത്യയിലേയും മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും ഇന്ത്യയിലെ ഡെലിഗെററ് അപ്പസ്തോലിക്കിന്റെ ആധിപത്യത്തിൽ ബാംഗ്ലൂരിൽ സംഘംകൂട്ടി അവരോട് അനേഷിച്ചിട്ട് അവർ സമ്മതിച്ചപ്രകാരവും പ്രൊപ്പഗാന്ത സംഘത്തിന്റെ കാർഡിനൽമാരുടെ ആലോചനപ്രകാരവും താഴെവരുംപ്രകാരം നിശ്ചയിക്കുന്നു.- "മലയാളത്തിലെ കത്തോലിക്കാ സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നു രീത്തനുസരിച്ചു വേർതിരിച്ച് ശ്ലീഹായിക്കുത്ത രണ്ടു വികാരിയാത്തുകളായിട്ടു സ്ഥാപിക്കയും അതുകൾ ലത്തീൻ മെത്രാന്മാരെ ഏല്പിക്കയും ചെയ്യണമെന്നും അവരിൽ ഓരോരുത്തനും മലയാള സുറിയാനിക്കാരിൽനിന്നു ഓരോ വികാരി ജനറാൽമാരെ സ്വീകരിക്കയും ആ വികാരിജനറാൽമാരിൽ ഓരോരുത്തനും തന്റെ സ്വന്ത രീത്തിൽ മേൽപ്പട്ട സ്ഥാനകർമ്മങ്ങളെ (Pontificalia) ചെയ്യുന്നതിനും മെത്രാനാൽ ക്രമാശചെയ്യപ്പെട്ട മൂവ്വാൻ സൈത്തുകൊണ്ടു സ്ഥൈര്യലേപനം ചെയ്യുന്നതിനുമുള്ള പ്രത്യേകാനുവാദം നൽകപ്പെടുകയും ചെയ്യണമെന്നും നാം കല്പിക്കുന്നു. പ്രസ്തുത വികാരിജനറാൽമാരെക്രമാടാതെ മെത്രാന്മാരിൽ ഓരോരുത്തനും അതേജാതിയ ലും രീത്തിലും ഉൽപ്പെട്ട നാലു വൈദികന്മാരെ വീതം തെരഞ്ഞെടുത്ത് പള്ളിസംബന്ധമായ സകല കാര്യങ്ങളിലും അവരുടെ ആലോചന അനുസരിച്ചു പ്രവർത്തിക്കണം. മാത്രമല്ല, തൃച്ചൂർ വികാരിയെററ് എന്ന നാമം എവിടെനിന്നു ഉത്ഭവിക്കുന്നുവോ ആ തൃച്ചൂർ പട്ടണം വികാരി അപ്പസ്തോലിക്കായുടെ സാമാന്യ വാസസ്ഥാനം ആയിരിക്കേണ്ടതായ ഒരു വികാരിയെററ് വടക്കുഭാഗത്തും അതേവിധംതന്നെ കോട്ടയം വികാരിയെററ് എന്ന പേർ ആ പട്ടണത്തിൽ നിന്നുത്ഭവിക്കുന്നുവോ ആ കോട്ടയം പട്ടണം അതിന്റെ വികാരി അപ്പസ്തോലിക്കായുടെ സാധാരണ വാസസ്ഥലം ആയിരിക്കേണ്ട വേറൊരു തെക്കുഭാഗത്തും ആയിവരുവാൻതക്കവണ്ണം ശ്ലീഹാ

യിക്കുത്ത ഈ വികാരിയെറുകളുടെ ദേശവിഭാഗാതിത്തി മലയാറ്റൂർ നഗരം മുതൽ കൊച്ചി പട്ടണത്തിന്റെ സമീപത്തുള്ള സമുദ്രംവരെ മലയാള രാജ്യത്തെ വേർതിരിക്കുന്ന ആലുവാപ്പുഴ ആയിരിക്കണമെന്നും നാം കല്പിക്കുന്നു." ഇങ്ങനെയാണു തിരുവെഴുത്തിന്റെ സാരഭാഗം. ഇതിൽ സുറിയാനി വികാരിയേറുകളെ തമ്മിൽ വേർതിരിക്കുന്ന അതിത്തിയെപ്പറ്റി പറയുന്നതല്ലാതെ മറ്റു മിസ്സങ്ങളിൽനിന്നു അവരെ വേർപെടുത്തുന്ന യാതൊരതിരിനേപ്പറ്റിയും പ്രസ്താവിക്കുന്നില്ല എന്നുള്ളതു ശ്രദ്ധാർഹമാണ്.

കൽദീത്താ സഭയിലെ മർസലീനോസ് മെത്രാനെ സുറിയാനിക്കാർക്കായി സ്ഥിരപ്പെടുത്തുവാനും ആ സഭയിൽ നിന്നതന്നെ വേറൊരാളേക്കൂടി അവർക്കു പുതുതായി നിയമിക്കുവാനും, വരാപ്പുഴെ നിന്നു ചെയ്ത പ്രയത്നത്തിന്റെ ഫലമായി, പ്രൊപ്പഗാന്തയിൽ പ്രബലമായ ആലോചന നടന്നെങ്കിലും, മലയാളത്തിലെ സ്ഥിതികളെ കണ്ടതുന്നെ മനസ്സിലാക്കിയ അലിയാർദി സുറിയാനിക്കാരെ വരാപ്പുഴനിന്നു വേർതിരിക്കണമെന്നു തിർച്ചപ്പെടുത്തിയിരുന്നതിനാൽ ഒടുവിൽ മേൽ പറഞ്ഞവിധമാണു കാര്യം നടന്നതു്. അലിയാർദി റോമയിലേക്കു പോയതു് ഫ്രുവരി ഫെബ്രുവരി മാസത്തിലായിരുന്നു. ഡെലിഗേഷന്റെ ഓഡിറ്റർ ആയിരുന്ന അയ്യത്തി ഇന്ത്യയുടെ ഡെലിഗേറ്റായി ആമാസത്തിൽതന്നെ നിയമിക്കപ്പെട്ടു. അദ്ദേഹം ഊട്ടക്കമൻഡ് സ്ഥിരവാസസ്ഥാനമായി തെരഞ്ഞെടുത്തു. വി. സിംഹാസനത്തിന്റെ മേൽ പറഞ്ഞ നിശ്ചയങ്ങളും തത്സംബന്ധമായ തിരുവെഴുത്തുകളും അയ്യത്തി ഊട്ടക്കമണ്ടിൽനിന്നു മലയാളത്തിലേക്കയച്ചു. തൃശ്ശിവപേരൂർ വികാരിയേറ്റിലെ പള്ളികൾക്കുള്ളതു് ഏൽത്തുരുത്തു ആശ്രമത്തിന്റെ പ്രിയോരിനും കോട്ടയം വികാരിയേറ്റിലേതു് മാന്നാനം ആശ്രമത്തിന്റെ പ്രിയോരിനുമാണു അയച്ചുകൊടുത്തതു്. അതതു വികാരിയേറ്റിലെ പള്ളികൾക്കു അവർ അതിനെ അയച്ചുകൊടുത്തു. അയ്യത്തി ഈ സന്ദർഭത്തിൽ അയച്ച എഴുത്തു ഇങ്ങനെയാണു്:—

ANDREAS AIUTI
Philosophiæ S. Theologiæ et utriusque Juris Doctor.
Dei et Apostolicae sedis gratia
Archiepiscopus Acridan in Indiis Orientalibus
Delegatus Apostolicus venerabili utrique clero et dilecto populo Catholico
RITUS SYRO-MALABARICI
SALUTEM ET BENEDICTIONEM A DOMINO.

Quo vehementi studio ac paterna sollicitudine Romani Pontifices Vos sint usque prosequuti cuique profecto compertum et exploratum est.

Porro vel ipse Clemens VIII Vos Praelatis latini ritus regendos tradidit; et Ejus Successores in Pontificatu Romano saepe saepius Instructiones et Decreta in eum finem ediderunt, quod nempe Clerus Catholicus ritus Syro-Malabarici ea doctrina imbueretur iisque virtutibus exornaretur, quae Hierarchiae Ecclesiasticae institutionem apud Vos tandem aliquando possibilem redderent.

Sacra Congregatio Christiano nomini propagando praeposita, quaestionem de concedendo Catholicae Syro-Malabaricae Christianitati Episcopum ejus nationis et ritus iterum iterumque maturo ac diligenti examini subjecit.

Vel nuperrime tandem Sanctissimus Dominus Noster occasione institutionis Hierarchiae Ecclesiasticae in Indiis Orientalibus per admirabilem Constitutionem "Humanae Salutis Auctor" qua rei Catholicae Indorum stabili modo consultum est, dignatus est Vobis quoque amantissimis filiis indubium et sincerum sui amoris ac studii testimonium exhibere. Sapientissimo itaque consilio, editis Litteris Apostolicis in forma Brevis sub die 20 mensis Maii nuper elapsi decrevit ac mandavit, ut, peracta rituali seraratione Catholicorum ritus Syro-Malabarici a Latinis, duo pro illis Vicariatus Apostolici constituerentur, ita ut duo Vicarii Apostolici sint latini ritus, et Vicarii Generales ritus Syro-Malabarici, qui habeant privilegium pontificaliae xercendi et Confirmationis Sacramentum conferendi; ac insuper quisque ex Vicariis Apostolicis quatuor alios viros ecclesiasticos ejusdem nationis et ritus sibi adsciscant, quorum consilio in omnibus rebus ecclesiasticis utantur. Divisio autem utriusque Vicariatus fiet per naturales limites fluminis Aluvay, quod ab urbe Maleatur regionem intersecat usque ad mare prope urbem Cochin, ita ut primus Vicariatus erit septentrionalis cum residentia ordinaria in urbe Trichoor, et alter erit meridionalis cum residentia ordinaria in urbe Cottayam.

Quae cum ita se habeant sinatis ut Vobis hac de re etiam atque etiam ex animo gratulemur minime dubitantes quominus peculiare istud Apostolicae Sedis testimonium apprime conferat ad fovendum augendumque Vestrum spirituale bonum, ita ut omnes religionis studio

magis magisque inflammemini et cum Romana Ecclesia, omnium Ecclesiarum matre ac magistra et cum visibili ejusdem Capite in terris arctius in dies animis devinciamini.

Eo jucundius autem Nobis accidit hujusmodi Sanctissimi Patris ordinationes Vobis nuntiare, quod addere insuper possimus S. Sedem serio in praesentiarum cogitare de ingenti Collegio in medio Vestrum instituendo, in quo Clerus et populus instruatur ac efformetur. Juvat praeterea recolere, S. Sedem Romanam nuper vocasse quatuor juvenes ex Vestra gente et ritu, qui in Collegio Urbano Philosophiae ac Theologiae studeant, ut postea ad Vos redeuntes, in medio Vestrum ad Majorem Dei gloriam et ad salutem animarum officiis suis incumbant.

Neminem vero latet haec omnia in hunc nobilissimum finem ordinari, quod nempe tandem aliquando Vobis dies illa faustissima affulgeat, quo Episcopum Vestrae nationis et ritus possidere valeatis.

Sancta Sedes igitur adamavit Vos omni tempore, et nunc quoque prosequitur vos ardenti materno amore. Itaque si Vobis non omnia adhuc concessit, quae Ipsi cupitis, id ex eo unice repetendum est quod nondum existimaverit tempus opportunum Vestra Vota obsecundandi advenisse. Interim vero praeter cetera Vobis brevi dabitur possidere Sacerdotes ex Vestra gente et ritu privilegio pontificalia exercendi et Sacramentum Confirmationis conferendi suffultos: quo quidem privilegio novum decus novusque spelendor accedet Vestrae Christianitati.

Vestra tandem speciali animadversione hoc vel maxime dignum reputamus quod nempe quum unusquisque ex duobus Vicariis Apostolicis, sibi quatuor viros ecclesiasticos, item ex Vestra gente et ritu, sibi adsciscere debeat, quorum consilio ipse utatur in omnibus ecclesiasticis negotiis, fiet quod in futurum Clerus Vester partem habiturus sit in regimine Vicariatus respectivi, ac proinde Suam experientiam in rebus ecclesiasticis administrandis perfecturus.

Quod reliquum est spem bonam animo foveo fore

ut Vos magni facientes, uti par est, ordinationes S. Sedis Vestrum gratum animum hac de re Eidem patefaciatis, impendendo quidquid in Vobis est operis studiique incremento Christianae rei apud Vos per obedientiam et submissionem.

Conditio quae Vobis per hujusmodi ordinationes efficitur non est perpetua.

S. Sedes postea videbit: si Vos per Vestram obedientiam ac Vestras virtutes talia praebueritis argumenta, quae suo tempore suadere valeant, regimen ecclesiasticum aeque bene in manibus unius Episcopi Vestrae gentis et ritus residere posse, Ipsa certe non dubitabit, Vestra Vota tandem aliquando excipere, Ipsam non interest Vicariam Administrationem sustinere; sed illam tamdiu sustinebit, quamdiu per eam uti per medium ad rem opportunum, Vestro spirituali bono consultam judicaverit.

Auctoritate itaque Apostolica, qua benignitate Sanctissimi Domni Nostri Leonis Divina Providentia Papae XIII sumus suffulti, volumus et mandamus, quod in omnibus et singulis Ecclesiis Catholicis ritus Syro-Malabarici, post habitam Missam parochialem, hae Nostræ Litterae una cum Brevi Apostolico quod ipsae comitantur a sacerdote respectivae ecclesiae, cui propterea in virtute obedientiae S. Sedi debitae onus injungimus, legantur et publicentur tum latina tum Malabarica lingua, juxta exemplaria, quae a Nobis uti legitima atque originali comformia recognita, Nostroque sigillo munita fuerint, legantur et publicentur die dominica immediate sequenti eorum receptionem.

Quod vero spectat ad ordinationes quae in Brevi Apostolico continentur, hoc porro notatum volumus quod ipse non antea executioni mandabuntur quam a S. Sede quaestion personalis, ea nempe, quae ad designationem personarum duorum Vicariorum Apostolicorum refertur resoluta fuerit; qnae quidem resolutio brevi locum habebit et ipsi Vicarii Apostolici quam primus advenient.

Interim vero expectate cum fiducia cetera S. Sedis mandata rati quod eadm aeque ac jam edita Vobis favorabilia atque utilia futura erunt.

Datum ex Aedibus Delegationis Apostolicae Ootacamundi die 20 Mensis Julii A. 1887.

† ANDREAS Archiepiscopus Acridan.

Delegatus Apostolicus in Indiis Orientalibus.

ഇതിൽ പ്രധാനങ്ങളായ പലേ സംഗതികളും അടങ്ങിയിരിക്കുന്നതിനാൽ എല്ലാവരുടേയും അറിവിനായി ഇതിന്റെ ശരിയായ തർജ്ജിമക്രുടി ഇവിടെ ചേർക്കാം.

ദൈവകൃപയാലും

ശ്ലീഹാസ്ഥാനത്തെ സിംഹാസനത്തിന്റെ മനോഹരണത്താലും അക്രിദാന്റെ മെത്രാപ്പോലീത്തായും കിഴക്കെ ഇന്ത്യകളിൽ ദെലഗാട്ട് അപ്പസ്തോലിക്കായും ശുദ്ധ തെയോലോഗ്യ ശാസ്ത്രത്തിലും പിലോസോഫ്യാ ശാസ്ത്രത്തിലും രണ്ടുവക നിയമശാസ്ത്രങ്ങളിലും ഡൊക്തോരുമായ നാം അന്ത്രയോസ് അയ്യത്തി.

മലയാളത്തിലെ സുറിയാനി ക്രമത്തിലുള്ള വന്ദ്യ പട്ടക്കാർക്കും പ്രിയ കത്തോലിക്കാ വിശ്വാസികൾക്കും കർത്താവിൽ സ്വസ്ഥാനവും വാഴ്വും.

എന്നാൽ നിങ്ങളുടെമേൽ റോമാ മാപ്പിപ്പാമാർ എല്ലായ്പോഴും എത്ര വിശേഷ താല്പര്യവും പിതാവിന്നടുത്ത പക്ഷവും വെച്ചിരിക്കുന്നു എന്നതു് സകലർക്കും അറിവുള്ളതും പ്രത്യക്ഷപ്പെട്ടിരിക്കുന്നതുമാകുന്നു.

അപ്രകാരം വ—ാമത്തെ ക്ലേമെന്തോസ് മാപ്പിപ്പാ തന്നെയും അവരാൽ ഭരിക്കപ്പെടുവാനായിട്ടു ലത്തീൻ ക്രമത്തിലുള്ള മേല്പട്ടക്കാരെ നിങ്ങളെ ഏല്പിച്ചുകൊടുത്തു. റോമായിലെ ഉന്നത മേല്പട്ട സ്ഥാനത്തിൽ അങ്ങേ പിൻവാഴികളായി വന്നവരും നിങ്ങളുടെ ഇടയിൽ അവസാനത്തിൽ പള്ളിക്കൂടത്ത മേലദ്ധ്യക്ഷപദവി സ്ഥാപിക്കപ്പെടുവാൻ പാടാകേണ്ടുന്നതിനു ആവശ്യപ്പെട്ട അറിവിനെ മലയാളത്തിലെ സുറിയാനിപ്പട്ടക്കാർ പാനംചെയ്തുയും അതിനടുത്ത പുണ്യങ്ങളാൽ അവർ അലങ്കരിക്കപ്പെടുകയും ചെയ്യേണ്ടതിന്നു് പലപ്പോഴും ഉപദേശങ്ങളേയും കല്പനകളേയും അയച്ചു. ഇത്രമാത്രമല്ല പ്രൊപ്പഗാന്ത തിരുസ്സംഘം മലയാളത്തിലെ കത്തോലിക്കാ സുറിയാനി ക്രിസ്ത്യാനികൾക്കു തങ്ങളുടെ സ്വന്ത ജാതിയിലും ക്രമത്തിലും ഒരു മെത്രാനെ കൊടുക്കേണ്ടുന്ന സംഗതി പരിപക്വമായും ജാഗ്രതയായും ഉള്ള പരിശോധനയ്ക്കു വീണ്ടും വീണ്ടും കീഴ്പ്പെടുത്തി.

കടശിയായിട്ടു ഈയിട ഏതിനാൽ ഇന്ത്യാക്കാരുടെ സത്യവേദസംബന്ധമായ സംഗതികൾ നിലനില്പാൻതക്ക വിധത്തിൽ നി

വത്തിയാക്കപ്പെട്ടുവോ ആ "ഹുമാനെസലൂത്തീസ് ആവുക്കോർ," എന്ന ആശ്ചര്യകരമായ നിയമത്താൽ കിഴക്കെ ഇന്ത്യകളിൽ പള്ളിക്കുടത്ത മേലദ്ധ്യക്ഷപദവി ഏൽപ്പിക്കപ്പെട്ട സമയത്ത് നമ്മുടെ പരിശുദ്ധ പിതാവു അങ്ങേ അതിവാത്സല്യ പുത്രരായ നിങ്ങളുടെനേരെയും അങ്ങേ സ്നേഹത്തിന്റെയും താല്പര്യത്തിന്റെയും സംശയിക്കപ്പെടാത്തതും പരമാർത്ഥമുള്ളതും ആയ ഒരു ലക്ഷ്യംകാണിപ്പാൻ തിരുമനസ്സായി. ആകയാൽ കഴിഞ്ഞ മെയി (ഇടവ) മാസം ൨൦–ാംനു- മഹാവിവേകമുള്ള ആലോചനയോടുകൂടെ 'ബ്രെവിയുടെ' മാതൃകയിൽ എഴുതപ്പെട്ടതായ ശ്ലീഹാസ്ഥാനത്തെ തിരുവെഴുത്തയച്ചുകൊണ്ട് മലയാളത്തിലെ കത്തോലിക്ക സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നു പള്ളിക്രമത്തിന്നടത്തെ വേർപെടുത്തൽ ചെയ്തതിന്റെശേഷം ലത്തീൻ ക്രമത്തിൽനിന്നു രണ്ടു വികാരിയപ്പസ്തോലിക്കാമാരും സുറിയാനി ക്രമത്തിൽനിന്നു (പൊന്തിഫിക്കാല്യാ) മേല്പട്ടക്കാരനാടത്തെ കല്പനകളെ പ്രവർത്തിക്കുന്നതിനും മുമ്പിലത്തെ ഒപ്രശ്നായെന്ന ക്ലേശം കൊടുക്കുന്നതിനും വിശേഷവരം പ്രാപിക്കുന്നവരായ വികാരി ജനറാളന്മാരും ഉണ്ടാകുവാനും ഇതുകൂടാതെ ആ വികാരി അപ്പസ്തോലിക്കാമാരിൽ ഓരോരുത്തൻ ടി. ജാതിയിലും ക്രമത്തിലുംനിന്നു വേറെ നന്നാല്വ പട്ടക്കാരെ തനിക്കായിട്ടു തെരഞ്ഞെടുക്കയും പള്ളിക്കുടത്തെ സകല കാര്യങ്ങളിലും അവരുടെ ആലോചനകളെ സ്വീകരിക്കയും ചെയ്വാനും തക്കവണ്ണം അവക്കായിട്ട് ശ്ലീഹാസ്ഥാനത്തെ രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കപ്പെടേണമെന്നും എന്നാൽ ഈ രണ്ടു വികാരിയാത്തുകളുടേയും ദേശവിഭാഗം വികാരി അപ്പസ്തോലിക്കായുടെ സാധാരണ വാസസ്ഥലം തൃശ്ശൂർ നഗരത്തിൽ ആയിരിക്കേണ്ടുന്നതായ ഒന്നാം വികാരിയാത്തു വടക്കുഭാഗത്തെത്തും അപ്രകാരംതന്നെ അതിന്റെ വികാരി അപ്പസ്തോലിക്കായുടെ സാധാരണ വാസസ്ഥലം കോട്ടയം നഗരത്തിൽ ആയിരിക്കേണ്ടുന്നതായ മറ്റെതു തെക്കുഭാഗത്തേത്തും ആയിവരുവാൻതക്ക പ്രകാരത്തിൽ മലയാറ്റൂർ നഗരംമുതൽ കൊച്ചിയിൽകോട്ടയ്ക്കു സമീപത്തെ കടൽവരെയുള്ള പ്രദേശത്തെ വേർതിരിക്കുന്നതായ ആലുവാനദിയുടെ സ്വാഭാവിക അതിർത്തികളാൽ ചെയ്യപ്പെടേണമെന്നും നിശ്ചയിച്ചു കല്പിച്ചു.

ഈ സ്ഥിതിയിൽ നിങ്ങൾ എല്ലാവരും സത്യവേദപക്ഷത്താൽ അധികമധികമായി ജ്വലിക്കപ്പെട്ടുകയും സകല പള്ളിക്കുടങ്ങളുടേയും മാതാവും ഗുരുനാഥയും ആയ റോമ്മാപ്പള്ളിയോടും ഭൂമിമേൽ അതിന്റെ കാണപ്പെടാകുന്ന തലവനോടും പ്രതിദിനം അധികം ചേർച്ചയായിട്ടു ഐക്യതപ്പെട്ടുകൊണ്ട് ആത്മശക്തി പ്രാപിക്കയും ചെയ്വാൻതക്കവണ്ണം ശ്ലീഹാസ്ഥാനത്തെ സിംഹാസനത്തിന്റെ ഈ വിശേഷവക്ഷത്തിന്റെ അടയാളം നിങ്ങളുടെ ആത്മികഗുണത്തെ പാലിച്ചു വർദ്ധിപ്പിക്കേണ്ടുന്നതിന്നു് എത്രയും പ്രയോജനകരമായി ഭവിക്കുമെന്നുള്ളതിൽ അല്പംപോലും സംശയിക്കാതെ നമ്മുടെ പൂർണ്ണഹൃദയത്താൽ മഹാ ശുപ്പിയോടെ ഇതിനേക്കുറിച്ചു നിങ്ങളോടു സഹസന്തോഷം അറിയിപ്പാൻ നമുക്കു അനുവദിപ്പിൻ.

ഇതുകൂടാതെ ശുദ്ധ സിംഹാസനം ഇപ്പോഴത്തെ സംഗതികളുടെ സ്ഥിതിയിൽ പട്ടക്കാർക്കും അൽമേനികൾക്കും വേണ്ടുന്ന വിദ്യാഭ്യാസം കൊടുത്തു ക്രമപ്പെടുത്തുവാനായിട്ട് നിങ്ങളുടെ ഇടയിൽ ഒരു വലിയ പാഠശാല ഉണ്ടാക്കേണ്ടുന്നതിനും അതിതാല്പര്യത്തോടെ വിചാരിച്ചുവരുന്നുവെന്നുള്ളതുകൂടെ പ്രസ്താവിക്കാവുന്നതാകകൊണ്ട് പരിശുദ്ധ പിതാവിന്റെ ഇപ്രകാരമുള്ള കല്പനകളെ നിങ്ങളോടറിയിക്കുന്നത് നമുക്കു എത്രയും സന്തോഷകരമായിരിക്കുന്നു; വിശേഷിച്ചും ഈയിടെ ശുദ്ധ റോമ്മാസിംഹാസനം നിങ്ങളുടെ ജാതിയിലും ക്രമത്തിലുംനിന്നു നാലു യുവാക്കളെ റോമ്മായിലേക്കു വിളിച്ചുകൊണ്ടുപോയിരിക്കുന്നുവെന്നും അവർ പിന്നിട്ട നിങ്ങളുടെ പക്കലേക്കു തിരിച്ചുവന്നിട്ട് വലിയ ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷക്കായിട്ടും നിങ്ങളുടെ ഇടയിൽ പള്ളിക്കൂടത്തു ശുശ്രൂഷ നിറവേറുവാൻ തക്കവണ്ണം ഉർബാൻ ശാസ്ത്രശാലയിൽ പിലൊസോഫ്യാ തെയൊലോഗ്യാ മുതലായ ശാസ്ത്രങ്ങൾ പഠിക്കുമാറായിരിക്കുന്നു എന്നുമുള്ളതു് ഓർക്കപ്പെടേണ്ടതാകുന്നു.

ഈ സംഗതികളെല്ലാം കടശി നിങ്ങളുടെ സ്വന്ത ജാതിയിലും ക്രമത്തിലും ഒരു മെത്രാനെ കിട്ടുവാൻതക്ക ആ ഭാഗ്യപ്പെട്ട ദിവസം നിങ്ങൾക്കായിട്ടു പ്രകാശിക്കേണമെന്നുള്ള ആ മഹിമയേറിയ സാദ്ധ്യത്തിന്നായിട്ടു ക്രമപ്പെടുത്തുന്നതാകുന്നു എന്നതു് യാതൊരുത്തർക്കും മറവായിരിക്കുന്നില്ല.

അപ്പഴോ ശുദ്ധ സിംഹാസനം എല്ലാപ്പോഴും നിങ്ങളെ സ്നേഹിച്ചു് ഇപ്പോഴും മാതാവിന്നടുത്ത വിശേഷ പക്ഷത്തോടെ നിങ്ങളെ വിചാരിക്കുന്നു. ആകയാൽ നിങ്ങൾ ആഗ്രഹിക്കുന്നതു മുഴുവനും നിങ്ങൾക്കു ഇപ്പോൾതന്നെ നൽകപ്പെടുന്നില്ലായെങ്കിൽ ആയതിന്റെ ഏക കാരണം നിങ്ങളുടെ അപേക്ഷകളെ നിറവേറിത്തരേണ്ടുന്നതിന്നു തക്ക സമയം ഇനിയും ആയിട്ടില്ലായെന്നു വിചാരിച്ചു എന്നതു മാത്രമാകുന്നു. ഈ അവസരത്തിൽ ഇതുകൂടാതെ നിങ്ങളുടെ സ്വന്ത ജാതിയിലും ക്രമത്തിലുമുള്ള പട്ടക്കാർ മേല്പട്ടക്കാരന്നടുത്ത അംശങ്ങളെ ഉപയോഗിക്കേണ്ടതിന്നും മുമ്പിലത്തെ ഒപ്പുശ്ശായെന്ന ക്രമാശ കൊടുക്കേണ്ടുന്നതിന്നും വിശേഷ വരത്തോടുകൂടിയവരായിട്ട താമസമെന്യേ നിങ്ങൾക്കു നൽകപ്പെടുന്നതും ആ വിശേഷവരം നിശ്ചയമായിട്ട നിങ്ങളുടെ ക്രിസ്ത്യാനി ജനസമൂഹത്തിന്നു ഒരു നൂതന മഹത്വവും ശോഭയും വരുത്തുന്നതുമാകുന്നു.

അപ്പഴോ ആ വികാരിയപ്പസ്തോലിക്കാമാരിൽ ഓരോരുത്തൻ നിങ്ങളുടെ ജാതിയിലും ക്രമത്തിലുംനിന്നു നന്നാലു പട്ടക്കാരെ തനിക്കായിട്ടു തെരഞ്ഞെടുക്കയും പള്ളിക്കൂടത്തു സകല കാര്യങ്ങളിലും അവരുടെ ആലോചനകളെ സ്വീകരിക്കയും ചെയ്യേണമെന്നുള്ള സ്ഥിതിക്കു ഇനിമേലാൽ താന്താങ്ങളുടെ വികാരിയാത്തുകളെ ഭരിക്കുന്നതിൽ നിങ്ങളുടെ പട്ടക്കാർക്കുടെ ഓഹരിക്കാരായി വരുന്നതും, അതിനാൽ പള്ളിക്കൂടത്തു സംഗതികളുടെ കൈകാര്യത്തിന്നു വേണ്ടുന്ന

പരിജ്ഞാനത്തിൽ അവക്ക് അഭിവൃദ്ധിയുണ്ടാകുന്നതും ആകുന്നുവെന്നുള്ളതിനെ പ്രത്യേകമായിട്ട് നിങ്ങളെ ഓർമ്മപ്പെടുത്തേണ്ടതാകുന്നുവെന്നു നാം വിചാരിക്കുന്നു.

ഇനി വേണ്ടുന്നതു നീതിപ്രകാരം ശുദ്ധ സിംഹാസനത്തിന്റെ കല്പനകളെ മഹത്തായി മതിച്ചുകൊണ്ട് ചൊല്പവിളിയിലും കിഴ്വഴക്കത്തിലും നിങ്ങളുടെ ഇടയിൽ ശുദ്ധ പള്ളിയുടെ വളർച്ചയ്ക്കും ഗുണത്തിന്നും പ്രവൃത്തിയാലൊ താല്പര്യത്താലൊ നിങ്ങളാൽ കഴിയുന്നതു എന്തെങ്കിലും ചെയ്തിട്ട് ഇതിനേക്കുറിച്ചു നിങ്ങളുടെ നന്ദിയറിവിനെ ആ തിരുസിംഹാസനത്തിന്റെനേരെ വെളിപ്പെടുത്തുകയത്രേ എന്നു നാം വിശ്വസിക്കുന്നു.

ഇപ്രകാരമുള്ള തിരുവെഴുത്താൽ ഇപ്പോൾ നിങ്ങൾ ആക്കപ്പെട്ടിരിക്കുന്ന സ്ഥിതി എപ്പോഴേയ്ക്കുമുള്ളതല്ല.

നിങ്ങളുടെ ചൊല്പവിളിയാലും പുണ്യങ്ങളാലും തക്ക സമയത്തു തുല്യന്യായത്തോടെ നിങ്ങളുടെ ജാതിയിലും ക്രമത്തിലുമുള്ള ഒരു മെത്രാന്റെ കൈകളിൽ പള്ളിക്കൂടത്ത ഭരിപ്പു ഏല്പിപ്പാൻ പാടുണ്ടെന്നുള്ളതിന്നു വേണ്ടുന്ന കാരണങ്ങളെ നിങ്ങൾ കാണിക്കുന്നുണ്ടോ എന്നു ശുദ്ധ സിംഹാസനം നോക്കിക്കൊണ്ടിരിക്കും. അങ്ങിനെ ചെയ്യുമെന്നുകണ്ടാൽ കടശി നിങ്ങളുടെ അപേക്ഷകളെ കൈക്കൊള്ളുന്നതിന്നു ഒട്ടും സംശയിക്കയില്ല. വികാരിയപ്പസ്തോലിക്കാമാർ വഴിയായുള്ള ഭരിപ്പിനെ വിടാതെ വെച്ചുകൊണ്ടിരിക്കണമെന്ന് ശുദ്ധ സിംഹാസനത്തിന്നു യാതൊരു താല്പര്യവുമില്ല. എങ്കിലും അതിനാൽ മാത്രമേ നിങ്ങളുടെ ആത്മീയഗുണത്തെ വരുത്തുവാൻ പാടുള്ളുവെന്നു കാണുമ്പോഴൊക്കെ അതിനെ വിടാതിരിക്കുന്നതാകുന്നു.

ആകയാൽ ദൈവപരിപാലനയാൽ ഇപ്പോൾ വാഴുന്ന നമ്മുടെ പരിശുദ്ധ പിതാവായ ഫ്രാ—ാം ലെയോൻ മാപ്പാപ്പായുടെ മനോഗുണത്താലെ നാം ധരിച്ചിരിക്കുന്ന ശ്ലീഹാസ്ഥാനത്ത അധികാരത്താൽ മലയാളത്തിലെ സുറിയാനി ക്രമത്തിലുള്ള എല്ലാ പള്ളികളിലും അവയിൽ ഓരോന്നിൽ പ്രത്യേകിച്ചും ഉച്ചക്കുബ്പാന കഴിഞ്ഞശേഷം ഈ നമ്മുടെ പരമസ്യക്കല്പനയും അതിനോട ചേർത്തിരിക്കുന്ന ശ്ലീഹാസ്ഥാനത്ത തിരുവെഴുത്തും നമ്മാൽ ശരിയായും അസ്സലിനൊത്തതായും അംഗീകരിക്കപ്പെട്ടും നമ്മുടെ മുദ്ര പതിക്കപ്പെട്ടും ഇരിക്കുന്ന പ്രതികളിലുള്ളപ്രകാരം ലത്തീനിലും മലയാഴ്മയിലും അതതു പള്ളിയുടെ വികാരി വായിച്ചു പ്രസിദ്ധപ്പെടുത്തണമെന്നു നാം മനസ്സായി കല്പിക്കയും അങ്ങിനെ ചെയ്യേണ്ടതിന്ന് ശുദ്ധ സിംഹാസനത്തിന്റെനേരെ അവർ കടപ്പെട്ടിരിക്കുന്ന ചൊല്പവിളിയുടെ ശക്തിയാൽ അവരെ നാം മുമതലപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ അങ്ങിനെ വായിച്ചു പ്രസിദ്ധപ്പെടുത്തുന്നത് ഇതു കൈപ്പറ്റിട്ട വരുന്ന അടുത്ത ഞായറാഴ്ചയിൽ ആയിരിക്കണം. ശ്ലീഹാസ്ഥാനത്ത തിരുവെഴുത്തിൽ അടങ്ങിയിരിക്കുന്ന കല്പനകളെ സംബന്ധിച്ച് ആ രണ്ടു വികാരി അപ്പസ്തോലിക്കാമാർ ആകുവാനുള്ള ആളുകളുടെ നിണ്ണയം സംബന്ധിക്കുന്ന

തായ ആൾ നിശ്ചയസംഗതി തീർച്ചപ്പെടുംമുമ്പേ അതുകൾ നടപ്പാകയില്ലെന്നും ആ നിശ്ചയവും എത്രയും വേഗത്തിൽ ഉണ്ടാകുമെന്നും ആ വികാരി അപ്പസ്തോലിക്കാമാർ വേഗത്തിൽ വരുമെന്നും നാം അറിയിക്കേണ്ടതായിരിക്കുന്നു. അതുവരെക്കും ശ്ലീഹാസിംഹാസനത്തിന്റെശേഷം കല്പനകൾക്കായിട്ടു മനോവിശ്വാസത്തോടെ കാത്തിരിപ്പിൻ. അതുകളും ഇപ്രകാരംതന്നെ നിങ്ങൾക്കു അനുകൂലമായും പ്രയോജനകരമായും ഇരിക്കുമെന്നു ഉറച്ചുകൊൾവിൻ.

എന്നു് ഉൗട്ടക്കമണ്ടിൽ ദെലഗാദപ്പസ്തോലിക്കായ്ക്കുടത്ത അരമനയിൽനിന്നു ൧൮൭൯-ാം കാലം ജൂലൈ (കക്കടകം) മാസം ൨൦-ാംനു-.

അക്രിദാന്റെ മെത്രാപ്പോലീത്തായും കിഴക്കെ ഇന്ത്യകളിൽ ദെലഗാദപ്പസ്തോലിക്കായും ആയ അന്ത്രയോസ്.

ഉൗട്ടക്കമണ്ടിൽനിന്നു മാന്യാനം, ഏൽത്തുരുത്തു് എന്ന ആശ്രമങ്ങളുടെ പ്രിയോർമാർവഴി അയച്ച തിരുവെഴുത്തുകൾ പള്ളികളിൽ ചെന്നെത്തിയശേഷം പുതിയ മെത്രാന്മാരെ സ്വീകരിക്കുന്നതിൽ വേണ്ടിവരുന്ന പണച്ചെലവു മുതലായ കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി പ്രസ്തുത ആശ്രമങ്ങളിൽ പള്ളിക്കാരുടെ ഓരോ യോഗംക്രൂടി. യോഗനിശ്ചയപ്രകാരം പിരിഞ്ഞതിൽ അധികംവന്ന ചെലവു ആ രണ്ടു ആശ്രമങ്ങൾതന്നെ വഹിച്ചു. ഈ രണ്ടു വികാരി അപ്പസ്തോലിക്കാമാരെ പൊതുവെ സ്വീകരിച്ചതും മേൽപറഞ്ഞ ആശ്രമങ്ങളിൽ തന്നെയാണ്. മെഡ്‌ലിക്കോട്ട മെത്രാൻ ൧൮൭൯ ഡിസംബർ മാസത്തിലും ലവീഞ്ഞുമെത്രാൻ ൧൮൮൧ മെയ്മാസത്തിലും അതതിടവകകളിൽവന്നു ഭരണം കയ്യേറ്റു. പുതിയ മെത്രാന്മാർ നിയമിക്കപ്പെട്ടശേഷം മർസലീനോസ് മെത്രാൻ ൧൮൭൯ തുലാം ൨൨-ാം നു- സകല സുറിയാനിപ്പള്ളികൾക്കും യാത്രാത്രവേണ ഒരെഴുത്തയക്കയും സുറിയാനിക്കാരെ സംബന്ധിച്ച ജോലികളിൽനിന്നു വിരമിക്കയും ചെയ്തു. സുറിയാനിക്കാർക്കായി രണ്ടു വികാരി അപ്പസ്തോലിക്കാമാർ നിയമിക്കപ്പെട്ടിരിക്കകൊണ്ടു് താൻ അത്യധികം സ്നേഹിക്കുന്നതും കീഴ്വഴക്കം നിമിത്തം വിട്ടുപേക്ഷിച്ചതുമായ ഏകാകിവാസത്തിലേക്കു സസന്തോഷം വീണ്ടും പ്രവേശിക്കുന്നെന്നും പുതുതായി നിയമിക്കപ്പെട്ടിരിക്കുന്ന മതാദ്ധ്യക്ഷന്മാർക്കു ഏവരും വേണ്ടവിധം കീഴ്പ്പെട്ടിരിക്കണമെന്നു് ഉപദേശിക്കുന്നെന്നും തന്റെ പൂർവ്വാമികളോ താൻതന്നെയോ സുറിയാനി വൈദികന്മാർക്കു കൊടുത്തിട്ടുള്ള വിശേഷാനുവാദങ്ങളെല്ലാം പിൻവലിച്ചിരിക്കുന്നെന്നുമാണ് അതിൽ പ്രസ്താവിച്ചിരുന്നതു്.

സുറിയാനിക്കാരുടെ വികാരി അപ്പസ്തോലിക്കാമാരിൽ ഓരോരുത്തനും ഓരോ വികാരി ജനറാൽമാരെ തെരഞ്ഞെടുക്കണമെന്നു തിരുവെഴുത്തിൽ കല്പിച്ചിരുന്നതായി മുകളിൽ കണ്ടുവല്ലോ. എന്നാൽ കോട്ടയം വികാരി അപ്പസ്തോലിക്കാ ആയ ലവീഞ്ഞു മെത്രാനു് രണ്ടു

വികാരി ജനറാൾമാരുണ്ടാവാൻ ഇടയായി. അതിനുള്ള കാരണമാണ് താഴെ പ്രസ്താവിക്കുന്നത്. സുറിയാനിക്കാരെ വരാപ്പുഴെനിന്നു വേർതിരിച്ച അവസരത്തിൽ, വരാപ്പുഴത്തെ മർസലീനോസ് മെത്രാന്റെ ശിഷ്യനും സെക്രട്ടറിയുമായിരുന്ന മാക്കീൽ മത്തായി അച്ചനും പുത്തൻപള്ളി സെമിനാരിയിൽ സുറിയാനി മല്പാനായിരുന്ന വലിയ വീട്ടിൽ പറമ്പിൽ ഗീവർഗീസച്ചനുംകൂടി ഊട്ടുക്കുമണ്ടിൽ ചെന്ന് തെക്കുംഭാഗക്കാർ വരാപ്പുഴക്കീഴിൽത്തന്നെ നിന്നുകൊള്ളുന്നതിനു അനുമതിയുണ്ടാകണമെന്നു ഒരു അപേക്ഷ അയച്ചു. ഡെലിഗെറിന്റെ അടുക്കൽ സമർപ്പിച്ചു. എന്നാൽ കോട്ടയം വികാരിയേറ്റിൽ ഇങ്ങനെ ഒരു ജനവിഭാഗം വരാപ്പുഴക്കീഴിൽ നിൽക്കുവാൻ അനുവദിക്കുക അസാദ്ധ്യമാണെന്നും, എങ്കിലും തെക്കുംഭാഗക്കാർക്കു തനിച്ചു ഒരു വികാരി ജനറാളിനെ കൊടുക്കുന്നതിലേക്കു വേണ്ടിയ സഹായങ്ങൾ താൻ റോമയിൽ ചെയ്യുന്നതാണെന്നും ഡെലിഗെറ്റ് മറുപടി പറഞ്ഞു. ഈ സംഗതിക്ക് ആവശ്യമായ ഒത്താശകൾ മർസലീനോസ് മെത്രാനും ചെയ്യാതിരുന്നില്ല. തെക്കുംഭാഗക്കു പ്രത്യേകമായി ഒരു വികാരി ജനറാളിനെ നിശ്ചയിക്കുവാൻ വേണ്ട ഏർപ്പാടുകൾ റോമയിൽ ഉണ്ടായതും കോട്ടയം വികാരിയേറ്റിൽത്തന്നെ രണ്ടു വികാരി ജനറാൾമാർ നിയമിക്കപ്പെട്ടതും ഈവിധമാണ്.

ഫ്രാൻസെസ്കോ മെയ് പാ ാംനു-യിലെ തിരുവെഴുത്തുമൂലം സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നു വേർതിരിച്ച് തൃശ്ശൂർ, കോട്ടയം എന്ന രണ്ടു വികാരിയെറുകൾ സ്ഥാപിച്ച കാലത്തുള്ള സുറിയാനിക്കാരുടെ പള്ളികൾ, കുരിശുപള്ളികൾ, ജനസംഖ്യ ആദിയായവ കീഴെ കാണിക്കുന്നു.

| കോട്ടയം. | തൃശ്ശൂർ. |
|---|---|
| അതിരമ്പുഴ. | അങ്കമാലി. |
| അയ്മനം. | ആലങ്ങാട്ട്. |
| ആലപ്പുഴ. | × കുന്നേൽ. |
| + പടിഞ്ഞാറെപ്പള്ളി. | ആമ്പക്കാട്ട്. |
| ആലുവാ. | അമ്പഴക്കാട്. |
| ആമ്പല്ലൂർ. | അമ്മാടം. |
| ആനക്കല്ലു അഥവാ ഭരണങ്ങാനം | അങ്കമാലി. |
| + താണോലി. | × ടി. ചെറിയപള്ളി. |
| + നീറന്താനം | × തൊറോർ. |
| + പാട്ടുവാറ. | × മൂക്കന്നൂർ. |
| ആരക്കുഴ. | അർണാട്ടുകര |
| + മുവ്വാറ്റുപുഴ. | × ടി. പടിഞ്ഞാറെപ്പള്ളി. |
| + മലമേൽ. അഥവാ കുന്നേൽ | × അയ്യന്തോൾ. |

കോട്ടയം.

+ പെരുങ്ങൊഴ.
+ വാഴക്കുളം.

അരുവിത്തുറ. (ഈരാറ്റുപുഴ)
+ തിടനാട്.
കടനാട്.
കടുത്തുരുത്തി.
കടുത്തുരുത്തി (താഴത്തേതു)
+ തലയാറ്റുപ്പറമ്പു.
+ മലമ്പുറം.
കാഞ്ഞിരപ്പള്ളി.
കൈപ്പുഴ.
കല്ലുകാട്ട. അഥവാ ശമ്പക്കുളം
+ പുതുക്കരി.
+ കരുമാടി.
+ കരുവാറ്റാ.
കണ്ടനാട്.
കാരക്കുന്നം.
കാവാലം.
കൈനകരി.
ചെമ്പിൽ.
+ ബ്രഹ്മമംഗലം.
ചേന്നങ്കരി.
ചേരാനല്ലൂർ.
ചേപ്പുങ്കൽ.
+ ആനിക്കാട്ട.
+ കരുവന്നാൽ.
+ കടപ്പിലാമറ്റം.
കിഴക്കമ്പലം.
ചങ്ങനാശേരി.
+ പു. ക്രിസ്തു. പള്ളി.
ചുങ്കം.
+ കരിങ്ങോത്തു്.
കോതമങ്ങലം.
കുടമാളൂർ.
+ അക്കര അഥവാ ആപ്പുക്കര
കുടവെച്ചൂർ.
+ കുന്നവറ.
കോയിൽമുക്കു് അഥവാ എടത്വാ
+ തായങ്കരി.

തൃച്ചൂർ.

ആത്താറ്റ്.
× ചെർപ്പളയം.
കാഞ്ഞൂർ.
× കൈപ്പട്ടൂർ.
കല്ലേറുങ്കര.
കല്ലറമ്പു.
× എടക്കുളം.
× മതിലകം.
× അരിപ്പാലം.
കണ്ടശ്ശാംകടവു.
× കാഞ്ഞാണി.
കടമക്കുടി.
കുറുങ്ങാറി.
കാട്ടൂർ.
ചേന്നമങ്ങലം.
ചേപ്പു്.
ചിറയ്ക്കൽ.
ചെറുവൂർ.
ചക്കരക്കടവു.
ചാലക്കുടി.
× ആളൂർ.
ചൊവ്വര.
ചിറ്റാട്ടുകര.
× പാവറട്ടി.
കൊരട്ടി.
× മേലൂർ.
× കാട്ടുങ്ങാറി.
കൊറമത്തി.
കൊട്ടേയ്ക്കാട്ട.
കോട്ടപ്പുടി.
× വൈലത്തൂർ.
കുണ്ടന്നൂർ.
കുത്തിയതോട്ട. (പഴയതു)
കുത്തിയതോട്ട. (പുതിയതു)
എടത്തുരുത്തി.
× കൈപ്പമംഗലം.
× കാരാഞ്ചിറ. (ഇതു പഴയൂർ, കാട്ടൂർ ഇവയുടെ കൂടി × പള്ളിയായിരുന്നു.)

കോട്ടയം.

\+ പു. ക്രീസ്തു. കപ്പേള.
കൊഴുവനാൽ.
കുമരകം (പഴയതു.)
കുമരകം (പുതിയതു.)
കോഴുത്തുരുത്തി.
കുറവിലങ്ങാട്ടു.
\+ കുടല്ലൂർ.
\+ കാഞ്ഞിരത്താനം.
\+ കുടക്കച്ചിറ.
കോസനല്ലൂർ.
കോളങ്ങായി.
കോട്ടയം.
\+ മല്ല്യ വെളിയനാട്ട്.
കുമ്പളം.
കുറുമ്പനാടം.
കുറുപ്പംപടി.
കുടമറവം.
കുടപ്പള്ളി.
കുലഞ്ഞി.
കുള്ളർ.
കുർണാകുളം അഥവാ അഞ്ചി
ക്കൈയ്മൽ.
കുഴുവുന്ന.
ഞാറയ്ക്കൽ.
\+ കുഴുപ്പിള്ളി.
\+ നെടുങ്ങാട്ടു.
ളാലം (പഴയതു)
ളാലം (പുത്തൻപള്ളി.)
മൈലക്കൊമ്പു.
മണിമല.
മാൻമുട്ടം.
മരങ്ങാട്ടു.
\+ താഴത്തു കപ്പേള.
\+ കരോട്ടു കപ്പേള.
മുതലക്കോടം.
മുകമ്മ.
മുളകുളം.
മുട്ടം.

തൃച്ചൂർ.

ഏനാമ്മാവു.
× വടക്കൻ പുതുക്കാട്ടു.
ഏങ്ങണ്ടൂർ.
ഏരമല്ലൂർ.
ഇരിങ്ങാലക്കുട. (വടി. പള്ളി)
ഇരിങ്ങാലക്കുട. (കിഴ. പള്ളി)
× നടവരമ്പു.
മഞ്ഞപ്ര.
മാള.
മലയാറ്റൂർ.
× ടി. മലപ്പുറത്തുപള്ളി.
മണലൂർ
മാപ്രാണം.
മറവം.
മേലാർവട്ടം അഥവാ മേലാർ
കോട്ടു.
മുക്കാട്ടുകര.
മുല്ലശ്ശേരി.
മുണ്ടോർ.
മൂക്കനാട്ടു.
മൂഴിക്കുളം.
ഒല്ലൂർ.
പതിയാരം.
പട്ടിക്കാട്ടു.
പാലയ്ക്കൽ.
പറപ്പൂക്കര.
പറപ്പൂർ.
പഴയ്ക്കൽ.
അരിംപൂർ അഥവാ മാറുദേശം
വടക്കേപ്പള്ളി.
× ടി. തെക്കേപ്പള്ളി.
പുറത്തൂർ.
പുതുശ്ശേരി
പുതുക്കാട്ടു
× ചേങ്ങാലൂർ.
× വരന്തരപ്പള്ളി.
× കല്ലൂർ.
പുത്തൻപള്ളി.

കോട്ടയം.

+ ഒഴുക.
+ കോക്കമങ്ങലം.

മുട്ടാർ.
മുട്ടുചിറ.
+ മണ്ണാറപ്പാറ.
+ തുരുത്തിപ്പള്ളി.
നാഗമുഴ.
നെടിയശാല.
നെടുങ്കുന്നം.
+ ക്രുത്തുപ്പള്ളി.
നീണ്ടകര.
നെയ്ച്ചേരി.
നീണ്ടൂർ.
പൈങ്ങോളം.
പാളയം.
ചിറാട്ടിൽ.

പാലാ.
+ നെല്ലിയാനി.
+ മുത്തോലി.
+ കണ്ണാടിയുറുമ്പു.
+ അങ്ങാടിക്കപ്പേള.
+ ഇളന്തോട്ടം.

പള്ളിപ്പുറം.
+ കുലശേഖരമങ്ങലം.
പള്ളത്തുരുത്തി.
പ്ലാശനാൽ.
പായിപ്പാട (പഴയപള്ളി.)
+ പായിപ്പാട (പുത്തൻപള്ളി)
പിറവം.
പുറക്കാട്ട.
പ്രവിത്താനം.
പുളിങ്കുന്നു.
+ കിഴക്കെത്തലക്കൽ.
+ മിത്രക്കരി.
+ കായൽപുറം.
+ തെക്കെൻ വെളിയനാട്ട.
പുന്നത്തുറ.
+ നരിവേലി.

തൃച്ചൂർ.

പുത്തൻചിറ.
പുത്തൻപീടിക.
പുത്തൻവേലിക്കര.
പുവ്വത്തുശേരി.
പേരാമ്പ്ര.
തൃശ്ശിവപേരൂർ അഥവാ തൃച്ചൂർ.
× ടി. കപ്പേള.
വടക്കാഞ്ചേരി.
വടക്കൻപറവൂർ.
× പൊയ്യ.
വലപ്പാട്ട.
വേലൂർ.
വടക്കൻ വെളിയനാട്ട.
× താഴേക്കാട്ട.
× അവിട്ടത്തൂർ.

കോട്ടയം.

പൂഞ്ഞാർ.
തൈപ്പൂട്ടുശേരി.
+ കാവിൽ.
+ വല്യാറ.
തണ്ണീർമുക്കം അഥവാ കണ്ണങ്കര.
തത്തമ്പള്ളി.
+ പൂന്തോപ്പു (ഫ്രാ. മൂ. സ. പള്ളി.)
+ വി. യോ. നെപ്പോ. കപ്പേള.

തെക്കൻ പറവൂർ.
തെനകുന്നം.
തോട്ടയ്ക്കാട്ട.
തുപ്പുണിത്തുറ.
തുരുത്തി.
രാമപുരം.
വടകര.
+ കാക്കൂർ.
വടയാർ.
വൈക്കം.

കോട്ടയം.

വായിപ്പൂർ (പഴയപള്ളി.) തേവര. (വാഴക്കുളം കൊവേ.
+ വായിപ്പൂർ (പുത്തൻപള്ളി) കീഴ് + പള്ളി.)
വല്ലം അഥവാ കുന്നശ്ശാലി പാണാപള്ളി. (പീലി. ന–ാം
വിളക്കുമാടം. സഭ ആശ്രമം.)
ഉദിയംപേരൂർ.

സന്ന്യാസാശ്രമങ്ങൾ.

കോട്ടയം
മാന്നാനം. തൃശ്ശൂർ.
കാമ്മൽ. (വാഴക്കുളം.)
പുളിങ്കുന്നു. ഏൽത്തുരുത്തു്.
മുത്തോലി. അമ്പഴക്കാട്ട്.
ചെത്തിപ്പുഴ.

കന്യകാമഠങ്ങൾ.

മുത്തോലി. ക്രൂനമ്മാവു്.

ജനങ്ങൾ. ൨൦൧,൭൭൬.
വൈദികന്മാർ. ൧൭൨.
ഇംഗ്ലീഷ് സ്കൂൾ. ൬.
മലയാളം സ്കൂളുകൾ. ൭൭൦ – (44)

മേലൂസ് ശിശ്മയിൽ ഉൾപ്പെട്ടതായി ഉ൦–ാം ലക്കത്തിൽ പറഞ്ഞിട്ടുള്ള പള്ളികളിൽ ചിറമ്മാർ കെയിസുകൊണ്ടും മർസലീനോസ് മെത്രാന്റെ ഭരണകാലത്തും അതിനു മുമ്പും തിരിഞ്ഞുപോന്നവ നീക്കി ബാക്കിയെല്ലാം ഇക്കാലത്തും ശീശ്മയിൽതന്നെ നിന്നിരുന്നു. സൌമ്യശീലനും ഗുണവാനുമായ ഈ മെത്രാന്റെ ഭരണകാലത്തും അതിനു മുമ്പും മേലൂസ് ഇവിടെയുണ്ടായിരിക്കയിൽത്തന്നെ, ആ ശീശ്മയിൽനിന്നു ചില പള്ളികളെല്ലാം കത്തോലിക്കാ ഐക്യത്തിലേക്കു മടങ്ങിവന്ന സംഗതി കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിട്ടുള്ളതാണ്. പുതിയ വികാരി അപ്പസ്തോലിക്കാമാർ നിയമിക്കപ്പെട്ട കാലത്തു തൃശ്ശിവപേരൂർ, വടക്കാഞ്ചേരി എന്ന രണ്ടു പള്ളികൾ മാത്രമേ ശീശ്മയിൽ ഉൾപ്പെട്ടിരുന്നുള്ളു എന്നും മെഡലിക്കോട്ടമെത്രാൻ വന്നയുടനെ വടക്കാഞ്ചേരി അച്ചേഹത്തിനു വഴങ്ങുകയാൽ പിന്നെ തൃശ്ശിവപേരൂർമാത്രമേ ശീശ്മയിൽ ശേഷിച്ചിരുന്നുള്ളു എന്നും വരാപ്പുഴനിന്നു ഫ്വൻസ്വൽ പ്രസിദ്ധീകരിച്ച "പള്ളികൾമുതലായവയുടെ കണക്കു്" (Ecclesiae et Sacella etc.) ഉ൯–ാംപുറത്തു പറയുന്നതു സത്യാബദ്ധമാണെന്നു തെളിയിക്കുന്നതിനു യുക്തിവാദംകൊണ്ടു ആവശ്യമില്ലല്ലൊ.

ചെത്തിപ്പുഴ ആശ്രമം ഫ്രവ്വരു ഫെബ്രുവരി ൨൦-൦൩-ന് ആരംഭിച്ചതു മർസലീനോസ് മെത്രാന്റെ അനുമതിയോടുകൂടിയാണ്. മനോരമ ഏപ്പാട്ട നടന്നതും ഇദ്ദേഹത്തിന്റെ കാലത്തുതന്നെ. പുത്തൻക്കൂർ, പഴയക്കൂർ എന്നിങ്ങനെ രണ്ടു വകുപ്പിൽ ഉൾപ്പെട്ട സുറിയാനിക്കാരുടെ നന്മയ്ക്കായി കോട്ടയത്തു ഒരു കോളെജ് സ്ഥാപിച്ചാൽ കൊള്ളാമെന്നും അതു പുത്തൻക്കൂറുകാരെ കത്തോലിക്കാസഭയിലേക്കു ആനയിക്കുന്നതിനു ഒരു പന്ഥാവായിത്തീരുമെന്നും നിധിയിരിക്കൽ മാണിക്കത്തനാർ കരുതുകയാൽ പ്രസിദ്ധനായ ഡോറോസായിൽ നിന്നു ഇപ്പോൾ മനോരമ ഇരിക്കുന്ന സ്ഥലവും ബംഗ്ലാവും ഈ ഉദ്ദേശ്യത്തിനായി അദ്ദേഹം വാങ്ങുകയും അതിന്റെ വിലയിൽ അധികഭാഗം പഴയ ക്രർപള്ളികളിൽനിന്നു മർസലീനോസ് മെത്രാന്റെ കല്പനപ്രകാരം പിരിക്കയും ചെയ്തു. പുത്തൻക്കൂർ മെത്രാനായ മാർ ദിവന്യാസ്യോസിനു ഇരുപതിനായിരത്തിൽപരം ഉറുപ്പിക ഈ സംഗതിക്കുദാനമായി ഡോറോ സായ്പിനെക്കൊണ്ടു കൊടുപ്പിക്കയുമുണ്ടായി. എന്നാൽ ഇരുകൂട്ടർക്കും അവകാശമുള്ള ഒരു കോളെജ് ഉണ്ടാകുന്ന വിഷയത്തിൽ മേലധികാരികൾക്കു പിന്നീടു അതൃപ്തിയുണ്ടായതുകൊണ്ടു മേൽപ്പറഞ്ഞ സ്ഥലവും ബംഗ്ലാവും പുത്തൻക്കൂറുകാരുടെ കൈവശത്തിൽ ആകുന്നതിനു ഇടവന്നു. മർസലീനോസ് മെത്രാൻ സുറിയാനിക്കാരെ ഭരിച്ചുവരവേ ഫ്രവ്വര-ൽ മദ്രാസ് ഗവർണർ വരാപ്പുഴ സന്ദർശിക്കയുണ്ടായി. മലയാളഭാഷയിലെ ആദ്യവർത്തമാനപ്പത്രങ്ങളിൽ ഒന്നും കേരളീയ കത്തോലിക്കരുടെ വക രണ്ടാമത്തേതുമായി ഫ്രവ്വര-ൽ മാന്നാനം അച്ചടിശാലയിൽ നിന്നു നസ്രാണിദീപികാപത്രം പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചതും മർസലീനോസ് മെത്രാന്റെ ഭരണകാലത്തു തന്നെ. ലത്തീൻ സമുദായനേതാക്കന്മാരുടെയും പോർത്തുക്കീസുകാരിയാക്കോസ് ഏലീശാച്ചൻ, നിധിയിരിക്കൽ മാണിയച്ചൻ എന്നിവരുടെയും ഉത്സാഹഫലമായി ഉത്ഭവിച്ച "സത്യനാദകാഹള"മാണു കേരളത്തിലെ ആദ്യകത്തോലിക്കാ പത്രം. മാസികാരീതിയിൽ മാസത്തിൽ രണ്ടുതവണ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന ഇതിനു മേൽക്കാണിച്ച പേർ നിശ്ചയിച്ചതും മാണിയച്ചൻ തന്നെയാണ്.

സുറിയാനിക്കാരെ വരാപ്പുഴ അധികാരത്തിൽ നിന്നു വേർതിരിച്ചതുവരെ കേരളീയ കത്തോലിക്കസഭ മെത്രാന്മാരുടെ അധികാരത്തിലാണു സ്ഥിതിചെയ്തിരുന്നതു്. എന്നാൽ ഈ വേർതിരിവിന്റെ അവസരത്തിൽ വി. സിംഹാസനം ഫ്രവ്വര ഡിസംബർ മാസത്തിലെ ഒരു പ്രത്യേക ദൈക്രേത്തുമൂലം സഭയെ മെത്രാന്മാരുടെ അധികാരത്തിൽനിന്നു വിടർത്തി ഒരു പ്രത്യേക ശ്രേണിന്റെകീഴിൽ സ്ഥാപിച്ചു. സഭയുടെ പ്രിയോർജനറാൽ ആയി താൽക്കാലത്തേക്കു നിയമിക്കപ്പെട്ടതു് ഇൻഡ്യയുടെ ഡെലിഗെറ്റു് ആയ അയ്യത്തി തിരുമനസ്സുകൊണ്ടുതന്നെയാണ്. (45)

൨൨. മുൽത്തപ്രൈക്ലാരെ (Multa Praeclare) എന്ന തിരുവെഴുത്തുമൂലം ഫ്രവ്വര-ൽ പത്രവാദയധികാരം നിറുത്തൽ ചെയ്തു

സംഗതി ക്രി-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതാണ്. അതുമുതൽ സുറിയാനിക്കാരുടെ കൊട്ടക്കല്ലൂർ മഹാ ഇടവക മുഴുവൻ വരാപ്പുഴ അധികാരത്തിൽ ഉൾപ്പെട്ടിരുന്നതുകൊണ്ടു വി. സിംഹാസനവും പോർട്ടുഗൽഗവമ്മെണ്ടും തമ്മിൽ ക്രിസ്തു-ൽ മെയ്യു കൊൻകൊർദാത്തി (Concordat)ലെ നിശ്ചയങ്ങൾ കൊമിസ്സറി അപ്പസ്തോലിക്കാ എന്ന നാമധേയത്തോടുകൂടി സാബാ (Saba) മെത്രാപ്പോലീത്താ വന്നു ക്രിസ്തു-ൽ നടപ്പിൽ വരുത്തി (ല. ഫൻ) യതുവരെ കൊട്ടക്കല്ലൂരിനു ഗോവർണദോർമാർ ഉണ്ടായിരുന്നില്ല. സാബായുടെ ആഗമനംമൂലം സിദ്ധിച്ച സ്വാതന്ത്ര്യം അനുസരിച്ചു കൊട്ടക്കല്ലൂർ മഹാ ഇടവകയിൽ പതുവാദക്കീഴിലും ചില പള്ളികൾ ചേന്ന വസ്തുത ഇതിനുമുമ്പു (ല. ഫൻ) പറഞ്ഞിട്ടുണ്ട്. അതുമുതൽ ക്രിസ്തു ജൂൺമാസത്തിലുണ്ടായ കൊൻകൊർദാത്ത് പ്രകാരം കൊട്ടക്കല്ലൂരിടവകയിന്മേലുള്ള പതുവാദ അധികാരം അവസാനമായി നീക്കപ്പെട്ടതുവരെ ഗോവ മെത്രാപ്പോലീത്തായുടെ കീഴിൽ കൊട്ടക്കല്ലൂരിനെ ഭരിച്ചിരുന്ന ഗോവർണദോർമാരുടെ പേരുകൾ താഴെച്ചേർക്കുന്നു:-

പിൻറൊ (Pe. Antony Paul Pinto) ക്രിസ്തു-ാം ആ.
മസ്സ്കരാഞ്ഞാസ് (Pe. Jose Ayres da Silveira Mascaranhas) ക്രിസ്തു-ക്രിസ്തു.
കൊയെലിയൊ (Pe Antony Correa Dos Reis Coelho പറങ്കി) ക്രിസ്തു-ക്രിസ്തു. ഇദ്ദേഹം ഒരു പ്രസിദ്ധ പ്രാസംഗികനും ധ്യാനഗുരുവുമായിരുന്നു. പല പള്ളികളിലും അദ്ദേഹം ധ്യാനം നടത്തീട്ടുണ്ട്. പുലയർ പറയർ മുതലായ താണജാതിക്കാരെ ആദ്യമായി മാമ്മോദീസാ മുക്കിയതു ഇദ്ദേഹമാണ്. ഇദ്ദേഹത്തിൻറകാലത്തു പതുവാദഭാഗത്തു നിന്നിരുന്ന ഒല്ലൂർ മുതലായ വടക്കൻ പള്ളികളും പാലാ ഭരണങ്ങാനം മുതലായ തെക്കൻപള്ളികളും തൈയ്യാട്ടുശേരിൽ പാറായിൽ അവിരാത്തരകനുംകൂടി ആലുവാ നദിതീരത്തുള്ള മംഗലപ്പുഴ (Monte Formora) എന്ന സ്ഥലവും അതിലെ കെട്ടിടങ്ങളും കൊട്ടക്കല്ലൂർ ഇടവകയിലെ സുറിയാനിക്കാരുടെ സെമിനാരിയായി ഉപയോഗിക്കേണ്ടതിന്നു ക്രിസ്തു മെയ്മാസം ൨൦നു- ഏൽപ്പിക്കയും ഇദ്ദേഹം അതു സ്വീകരിക്കയും ചെയ്തു. (46)

വിചെന്തെ ലിസ്ബൊഅ (Pe Antony Vicente Lisboa ഗോവക്കാരൻ) – ക്രിസ്തു.
ഫെർനാൻഡെസ് Pe. Valentin Constantin Fernandez പറങ്കി) – ക്രിസ്തു.
ബർബൊസാ (Pe. Francis de Jesus Dos Santos e Sonsa Moreira Barbosa പറങ്കി) –ക്രിസ്തു.
ഗോമസ് (Fr. Benedict de Rosario Gomez ഗോവക്കാരൻ)
ക്രിസ്തൊവാഒ (Fr. Casmiro Christovao de Nazareth

ഗോവക്കാരൻ) ക്രി.വ. ൧൮൭൫.

ഫിയലിയോ (Fr. Nareiso Arcanjo Fialho ഗോവക്കാരൻ) ക്രി.വ. ൧൮൭൫-ൽ പകരം ജോലി നോക്കി,

അബ്രെയൊ (Fr. Cajetan Jose Maria de Abreu ഗോവക്കാരൻ) ക്രി.വ. ൧൮൭൫.

അബ്രെയൊ (Mgr. Joaqim Joas de Abreu. മേല്പറഞ്ഞയാളിന്റെ സഹോദരൻ അവസാനത്തെയാൾ– ക്രി.വ. ൧൮൭൯–ൽ. ഇവർ എല്ലാവരും പ്രായേണ മംഗലപ്പുഴ താമസിക്കയും അവിടത്തെ സുറിയാനിസെമിനാരിയുടെ ഭരണം നിർവ്വഹിക്കയും ചെയ്തിരുന്നു. ഈ സെമിനാരിയാകട്ടെ ക്രി.വ. ൧൮൫–ൽ കൊടുങ്ങല്ലൂർ ഇടവക തൃശ്ശിവപേരൂർ, കോട്ടയം എന്ന രണ്ടു വികാരിയെറുകളായി വിഭജിക്കപ്പെട്ടതുവരെ നിലനിന്നു. സെമിനാരിക്കെട്ടിടവും സ്ഥലവും ഇപ്പോൾ ഏറണാകുളം സുറിയാനി വികാരിയേറിന്റെ അതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്യുന്നു എങ്കിലും അവയുടെ ഉടമസ്ഥതയും അധികാരവും കൊച്ചി മെത്രാനാണു വഹിക്കുന്നത് (47).

൬൯. ആറാം മാർത്തോമ്മാ ദീവന്യാസ്യോസ് എന്ന നാമത്തിൽ നിരണത്തുവച്ചു മെത്രാൻപട്ടം ഏറ്റ സംഗതിയും അദ്ദേഹത്തിനെതിരായി കാട്ടമങ്ങാട്ടു റമ്പാൻ മെത്രാനായശേഷം ബ്രിട്ടിഷ് ശീമയിലുള്ള അഞ്ഞൂരിൽ അഥവാ തൊഴിയൂരിൽപോയി പാർത്തതും അവിടെ അനന്തരവരെ അനുഗാമികളാക്കി വാഴിച്ചതും മറ്റും കഴിഞ്ഞ അദ്ധ്യായം ക്രി.വ. ൧൮൭൦ലക്കത്തിൽ പറഞ്ഞിട്ടുണ്ട്. മാർ തോമ്മായുടെ മനസ്സുതിരിവിനെ സംബന്ധിച്ചുള്ള പല സംഗതികളും ഈ അദ്ധ്യായത്തിൽ (ല. ന, ര, ള, ന, വ, ൻ, ക) തന്നെ പറഞ്ഞിട്ടുള്ളതുമാണ്. ക്രിസ്താബ്ദം ക്രി.വ. ൧൮൫–ൽ കൊച്ചിക്കോട്ട ലന്തക്കാരിൽനിന്നു ഇംഗ്ലീഷ്കാർ പിടിച്ചതിന്റെ പിറേറ ആണ്ടിൽ– ദീവന്യാസ്യോസ് അനന്തരവൻ മാത്തൻ റമ്പാനെ മാർ തോമ്മാ എന്ന നാമത്തിൽ പിൻഗാമിയായി നിയമിക്കയും മെത്രാൻപട്ടം കൊടുക്കയും ചെയ്തു. ക്രി.വ. ൧൮൫–ൽ ദിയസ്സോറോസ് എന്നൊരു യാക്കോബായ മെത്രാൻ മലയാളത്തിൽ വന്നു. അദ്ദേഹം ജനസമ്മതംകൂടാതെ പള്ളി മുതൽ മുതലായവ അധികമായി എടുത്തതുകൊണ്ടു മെത്രാനും ജനങ്ങൾക്കും വിരോധമുണ്ടാകയാൽ അദ്ദേഹത്തെപ്പറ്റി മാർ ദീവന്യാസ്യോസ് തിരുവിതാംകൂർ സർക്കാരിൽ ആവലാധി ബോധിപ്പിച്ചു. സർക്കാരാകട്ടെ അദ്ദേഹത്തെ ആലപ്പുഴ തടവിൽ കുറേനാൾ പാർപ്പിച്ചശേഷം ഒടുവിൽ കപ്പൽകയറ്റി അയച്ചുകളഞ്ഞു (48). വലിയ മാർ ദീവന്യാസ്യോസിന്റെ കാര്യം കൊച്ചിമെത്രാൻ ഉപേക്ഷിച്ചുകളഞ്ഞതിൽപ്പിന്നെ ഏറെത്താമസിയാതെ ഇംഗ്ലീഷ് ചർച്ച് മിഷ്യൻ സൊസൈറ്റി (Church Mission Society) കാർ പുത്തൻക്കൂറുകാരുടെ സഭാകാര്യങ്ങളിൽ പ്രവേശിച്ചുതുടങ്ങി. ഇംഗ്ലീഷ്കോയ്മ മലയാളത്തിൽ സ്ഥാപിതമായപ്പോൾ പുത്തൻക്കൂറുകാരുടെ കാര്യങ്ങൾ തിരക്കിയറിയേണ്ടതിനായി മദ്രാസ് ഗവർമ്മെൻറ്റ് അവരുടെ ചാപ്പ്ലൻ (Chaplain) ആ

യ ഡോക്ടർ ഖേറിനെ (Dr. Kerr) മദ്രാസിൽ മലയാളത്തിലേക്കയച്ചു. ഇദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ ചില ഭാഗങ്ങൾ "ക്രിസ്ത്യാനേഷണങ്ങൾ" (Christian Researches) എന്ന പേരിൽ ബുക്കാനൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥത്തിൽ കാണാവുന്നതാണ്. മദ്രാസിൽ ഡോക്ടർ ബുക്കാനൻ (Dr. Buckanan) എന്ന വൈദികൻ കൽക്കത്തായിൽനിന്നു വന്ന് തിരുവിതാംകൂറിനെ സന്ദർശിക്കയും റസിഡണ്ട് കേണൽ മെക്കോളെയുടെ സഹായത്തോടുകൂടി പുത്തൻക്കൂർ സുറിയാനിക്കാരുടെ ഇടയിൽ സഞ്ചരിച്ച് പല കൈയെഴുത്തു ഗ്രന്ഥങ്ങൾ ശേഖരിക്കയും കണ്ടനാട്ടുവെച്ചു മാർ ദീവന്യാസ്യോസിനെ കാണുകയുമുണ്ടായി. ബുക്കാനാനും മാർ ദീവന്യാസ്യോസും തമ്മിൽ മദ്രാസ്സ്–ൽ വീണ്ടും കൂടിക്കണ്ടു (49). ആയിരം സംവത്സരത്തെ പഴക്കമുള്ളതും പഴയതും പുതിയതുമായ നിയമങ്ങൾ തുകൽക്കടലാസിൽ എഴുതീട്ടുള്ളതുമായ ഒരു വേദപുസ്തകം മാർ ദീവന്യാസ്യോസ് കണ്ടനാട്ടുവെച്ചു അദ്ദേഹത്തിനു കൊടുത്തു. അതു പൂർവ്വകൽദായ ലിപികളായ "എസ്ത്രാംഗെലാ" (ܐܶܣܛ̈ܪܰܢܓ̈ܶܝܠܳܐ) യിലാണു എഴുതിയിരുന്നതു്. മൂന്നു സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ ആ പുസ്തകം മാറോനായ അക്ഷരത്തിൽ ലണ്ടനിൽ അച്ചടിച്ചു ഇവിടെ അയച്ചുകൊടുത്തു. വേദപുസ്തകം മലയാളത്തിൽ അച്ചടിപ്പിക്കുന്ന കാര്യത്തിലും ബുക്കാനൻ ശ്രദ്ധപതിക്കാതിരുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ചു് വലിയ മാർ ദീവന്യാസ്യോസ് സുവിശേഷങ്ങൾ നാലും അടങ്ങിയ സുറിയാനി വേദപുസ്തകം മദ്രാസ്സ്–ൽ തർജ്ജമ ചെയ്യിക്കുവാൻ ആരംഭിച്ചു. തർജ്ജിമ ആരംഭിക്കുന്നതിനു ഏതാനും സംവത്സരങ്ങൾക്കുമുമ്പു് പീലിപ്പോസ് റമ്പാൻ എന്നൊരു പുത്തൻക്കൂർ വൈദികൻ പകർത്തി എഴുതിയതായിരുന്ന പ്രസ്തുത സുറിയാനി വേദപുസ്തകം. അതിന്റെ മലയാള തർജ്ജിമയും ആ റമ്പാൻതന്നെയാണു നിർവ്വഹിച്ചതു്. ഈ തർജ്ജിമ ബുക്കാനൻ രണ്ടാമത്തെ പ്രാവശ്യം മലയാളത്തിൽ വന്നസമയം ബോംബെയിൽ കൊണ്ടുപോകയും ഉദ്ദേശം മദ്രാസ്സ്–ൽ അവിടെ അച്ചടിക്കയും ചെയ്തു. അച്ചടിച്ച ഈ മലയാള തർജ്ജമയുടേയും അതിന്റെ മൂലമായ പീലിപ്പോസു റമ്പാന്റെ സുറിയാനി കൈയെഴുത്തിന്റേയും ഭാഗങ്ങൾ ഡബ്ള്യു. ജെ. റിച്ചേർഡ്സ്, ഡി. ഡി. അവർകൾ "ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന സ്വന്തകൃതിയിൽ ചേർത്തിട്ടുണ്ട് (50). ഈ സുറിയാനി സുവിശേഷങ്ങൾ കൽദായ ലിപികളിലാണു എഴുതിയിരിക്കുന്നതു്. പീലിപ്പോസു റമ്പാൻ അതു്, പുത്തൻക്കൂർ സുറിയാനിക്കാർ ഇപ്പോൾ ഉപയോഗിക്കുന്ന മാറോനായ ലിപികളിൽ എഴുതാതിരുന്നതു് പുത്തൻക്കൂർ പട്ടക്കാർ ഇപ്പോഴത്തെപ്പോലെ അന്നു മാറോനായ ലിപികൾ ഉപയോഗിക്കയോ അവയിൽ പുസ്തകങ്ങൾ എഴുതുകയോ നടപ്പില്ലാതിരുന്നതുകൊണ്ടാണു്. മാർ ഗ്രീഗോരിയോസ് മദ്രാസ്സ്–ൽ യാക്കോബായ വിശ്വാസം മലയാളത്തിൽ കൊണ്ടുവന്നെങ്കിലും ഇവിടെ നിത്യോപയോഗത്തിൽ

ഇരുന്നിരുന്ന കൽദായ പുസ്തകങ്ങളും ക്രമങ്ങളും മാറ്റപ്പെട്ടുവാൻ ഇടയായില്ല. മാർ ഗ്രീഗോരിയുടെശേഷം ഉദ്ദേശം ഒരു ശതവത്സരം കഴിഞ്ഞു് മലയാളത്തിൽവന്ന മാർ ബസേലിയോസ് മുതലായ മെത്രാന്മാരാണ് ഇപ്പോൾ പുത്തൻക്കുറുകാർ ഉപയോഗിച്ചുവരുന്ന ആരാധനക്രമം (Liturgy) ഇവിടെ കൊണ്ടുവന്നതു്. (ല. ഫ്വ.) അതും ക്രമേണ മാത്രമെ ഇവിടെ നടപ്പിൽവരുവാൻ ഇടയായുള്ളു. ഫ്വ൭൩-ൽ അന്ത്യാക്യായിൽനിന്നു മലയാളത്തിൽവന്ന മാർ ക്രിസ്റ്റോസിന്റെ കാലം മുതലാണ് കൽദായ ലിപികൾ മാറി പുസ്തകങ്ങളും മറ്റും മാറോനായ ലിപികളിൽ എഴുതുവാനും ആവിധ പുസ്തകങ്ങൾ ഉപയോഗിക്കുവാനും തുടങ്ങിയതു്. മാർ തോമ്മാശ്ലീഹാ ഇത്യാദി ചുരുക്കം ചില വാക്കുകളെങ്കിലും ഇന്നും കൽദായമുറയ്ക്കു് ശബ്ദിച്ചുവരുന്നതും പഴയ നടപ്പിന്റെ ശക്തിമൂലമാണ്.

മാർ ദീവന്ന്യാസ്യോസും ഡോക്ടർ ബുക്കാനാനും തമ്മിൽ കണ്ട അവസരത്തിൽ സുറിയാനി സഭയും ഇംഗ്ലീഷ് സഭയും (Church of England) തമ്മിൽ ഒരു സംയോജ്യതയുണ്ടാക്കുവാനുള്ള സംഗതികൾ ആലോചിക്കയുണ്ടായി (51). ഫ്വ൦൯-ൽ ആണ ഒരു ബ്രിട്ടിഷ് റസിഡന്റു് തിരുവിതാംകൂർ, കൊച്ചി എന്ന ഇരു സംസ്ഥാനങ്ങളിൽ സ്ഥിരവാസം ചെയ്തുംകൊണ്ടു രാജ്യകാര്യങ്ങളിൽ ആലോചനകൊണ്ടു സഹായിക്കയും ചെയ്തുതുടങ്ങിയതു്. കണ്ടൽ മെക്കോളെ Colonel Macaulay) ആയിരുന്ന ആദ്യത്തെ ബ്രിട്ടിഷ് റസിഡണ്ടു്. ബുക്കാനാനും മെക്കോളെയും സുറിയാനിക്കാരെ സഹായിക്കേണ്ടതിനായി സി. എം. എസ്. മിഷ്യനറിമാരെ വരുത്തുവാൻ ശ്രമിക്കയും അതിനായി എഴുത്തുകുത്തു നടത്തുകയും ചെയ്തു. ൩-൦ മാർത്തോമ്മായുടെ അഥവാ ഒന്നാം ദീവന്ന്യാസ്യോസിന്റെ ഭരണാവസാനത്തിൽ അദ്ദേഹത്തിന്റെ കീഴിൽ ൪൫ (അമ്പത്തഞ്ചു) പള്ളികൾ ഉണ്ടായിരുന്നു (52). മാർ ദീവന്ന്യാസ്യോസ് ഫ്വ൦൨-ൽ നിരണത്തുവെച്ചു മരിക്കയും കണ്ടനാട്ടിൽ അദ്ദേഹം പണിയിച്ച പുത്തൻകാവു പള്ളിയിൽ അദ്ദേഹത്തിന്റെ ആഗ്രഹം അനുസരിച്ചു സംസ്കരിക്കപ്പെടുകയും ചെയ്തു പഴയക്രൂരിൽ നിന്നു എടുക്കപ്പെട്ട യാക്കോബായ മെത്രാന്മാരിൽ ഇദ്ദേഹം ഒടുവിലത്തെ ആളാണ്. കത്തോലിക്കാ സഭയിൽ ചേരുവാനുള്ള ശ്രമം വിഫലമായതും തൻമൂലം ആക്ഷേപം ഉണ്ടായതുംകൊണ്ടാണ് പഴയക്രൂരിൽ നിന്നുള്ള സ്വീകാരം നിന്നുപോയതു്. (വലിയ മാർ ദീവന്ന്യാസ്യോസ് കുറവിലങ്ങാട്ടു പള്ളിയുടെ വികാരി ആയിരുന്നെന്നും ആ നിലവിട്ടാണ് അദ്ദേഹം നിരണത്തുപോയി മെത്രാൻപട്ടം സ്വീകരിച്ചതെന്നും ചിലരെല്ലാം പ്രസ്താവിച്ചുകാണുന്നുണ്ടു്. എന്നാൽ പാറേമ്മാക്കൽ തോമ്മാക്കത്തനാർ എഴുതിയ കരിയാറ്റിൽ മാർ യൌസേപ്പു മെത്രാപ്പോലീത്തായുടെ "യൂറോപ്പു യാത്രാ" ഗ്രന്ഥത്തിൽ മാർ തോമ്മാ (അഥവാ ദീവന്ന്യാസ്യോസ്) ഏഴോ എട്ടോ വയസ്സുവരെ കത്തോലിക്കാ മതാവലംബിയായിരുന്നശേഷം പുത്തൻക്രൂറിൽ ചേരുവാനിടയായെന്നു പറഞ്ഞിരിക്കുന്നു. മാർ തോമ്മാതന്നെ കരിയാറ്റിൽ യൌ

സേപ്പുമല്ലാൻ വഴി മാപ്പുപ്പായിക്ക അയച്ച അപേക്ഷയിൽ താൻ ഏ റ്റിരുന്ന പട്ടം അസാധുവാണെന്നു കത്തോലിക്കാ സഭയിലേയും യാ ക്കോബായ സഭയിലേയും ഗുരുക്കന്മാരിൽനിന്നു അറിയുകകൊണ്ട ആ സുപ്പാട്ടപട്ടം മുതൽ മെത്രാൻപട്ടം വരേയുള്ള എല്ലാ പട്ടങ്ങളും നിര ണത്തുവെച്ചു സീകരിച്ചെന്നു സമ്മതിച്ചുപറയുന്നു. ഒരു കത്തോലി ക്കാ പള്ളിയുടെ വികാരി ആയിരുന്ന ഒരാളുടെ പട്ടം സാധുവായിരി ക്കേണ്ടതും അതേപ്പറ്റി സംശയം ജനിക്കുവാനും വീണ്ടും പട്ടംകൊട്ട ക്കുവാനും ഇടയില്ലാത്തതുമാണല്ലോ. അതുകയാൽ മാർ തോമ്മാ കുറവി ലങ്ങാട്ടപള്ളിയുടെ വികാരിജോലി വഹിച്ചിരുന്ന എന്നുള്ള പ്രസ്താവം ഒരു കല്പിതകഥയെന്നേ കരുതുവാൻ വഴികാണുന്നുള്ളു.)

൧-൦ മാത്തോമ്മാ അടുത്തയാണ്ടിൽ (ഫ്രവ്റൻ-ൽ) മരിക്ക യും അനന്തരഗാമിയായി സംബന്ധത്തിൽപെട്ട ഒരു കത്തനാരെ എ ട്ടാം മാത്തോമ്മാ എന്ന നാമത്തിൽ അന്തിമാവസരത്തിൽ അഭിഷേകം ചെയ്കയും ചെയ്തു. ഈസ്റ്റിൻഡ്യാ കമ്പനിയിൽ റസിഡെൻറു കല്ലൽ മെക്കോളെ വു പലിശയ്ക്കിട്ട നു൦൦൦ പൂവരാഹന്റെ ആധാരം ഫ്രവ്റൻ-ൽ അദ്ദേഹം ഏല്പിച്ചുകൊടുത്തത് ഈ മാത്തോമ്മായെ ആണ്. ത ത്സംബന്ധമായി അദ്ദേഹത്തിനു മെക്കോളെ അയച്ച എഴുത്തിന്റെ പകർപ്പു താഴെച്ചേർക്കുന്നു:-

"പുത്തൻക്രൂ സുറിയാനിപ്പള്ളികളിൽ ബഹുമാനപ്പെട്ട മാ ർ തോമ്മാമെത്രാൻ അവർകളെ ബോധിപ്പിപ്പാൻ മഹാരാജശ്രീ ക ല്ലേൽ മക്കാളി സായ്പവർകൾ കല്പനയ്ക്കു എഴുതുന്നതു എന്തെന്നാൽ.- അങ്ങേ കീഴിലുള്ള പള്ളികളിലെ മനോഗുണപ്രവൃത്തി ചിലവുകൊ ണ്ടു ബഹുമാനപ്പെട്ട കമ്പനിയിൽ നു൦൦൦ പൂവരാഹൻ പലിശയ്ക്കിട്ടി രിക്കുന്നതിനു ആണ്ടുതോറും ൬൫൦ വരാഹൻവീതം പലിശക്രൂട്ടുന്നതു തിരുവാങ്കോട്ട റെസിഡെൻറു സായ്പവർകളുടെ ഖജനായിൽനിന്നു അഞ്ചു പറവുശീട്ടി എഴുതിക്കൊടുത്തു പലിശ വരാഹൻ ഇരുനൂറ്റി നാല്പതും വാങ്ങിച്ചുകൊള്ളുവാനുള്ളതാകകൊണ്ട് ഇതോടുകൂടെ രണ്ടു പ റവുശീട്ടി അയച്ചിരിക്കുന്നതിൽ അങ്ങേ കയ്യൊപ്പിട്ട കൊച്ചിയിൽ ഖജ നാ സറാപ്പു ദാസപ്പൈക്കു കൊടുത്തയച്ചു മേൽപ്രകാരം പലിശ വാ ങ്ങിച്ചുകൊള്ളുകയുംവേണം. കമ്പനിയിൽ മുതൽ ഇട്ടിരിക്കുന്നതു പ ള്ളിക്കണക്കിൽ ധനുമാസം ഫ്രാന്സ്-- ആകയാൽ പറവുശീട്ടുകളിലും ആ തീയ്യതിതന്നെ ചേർത്തിരിക്കുന്നു. പറവുശീട്ടികൾ കൊടുത്തയച്ച പലിശവരാഹൻ ൬൫൦-ം സറാപ്പിനോടു വാങ്ങിക്കുന്നേ അവസ്ഥയ്ക്കും വേണ്ടും കായ്ങ്ങൾക്കും എഴുതിവരുവാറാകയും വേണം. ഇച്ചെയ്തിക്കു എഴുതിയതു്, റൈട്ടർ ജാഞ്ഞി തുപ്പാശി. അനന്തപത്മനാഭൻ. പൂന്ത റയിൽ നിന്നു. ഫ്രവ്റൻ-ന്നു കൊല്ലം ൯൭൭ വൃശ്ചികം ൨൦-ാംനു-." ഈ മാർത്തോമ്മായുടെ പേരിൽ പല പരാതികൾ അന്നു റസിഡ ൻറായിരുന്ന കല്ലൽ മൻറോ (Colonel Munro) യുടെ അടുക്കൽ ആത്താറുകാരൻ പുലിക്കോട്ട ഇട്ടുപ്പു റമ്പാൻ ജനങ്ങളിൽ ചിലരേ യെല്ലാം സ്വാധീനപ്പെടുത്തികൊണ്ടു ബോധിപ്പിച്ചു. അതിന്റെ ഫല

മായി കമ്പനിയിൽ ഇട്ടിരുന്ന മുതലിന്റെ നാലാണ്ടത്തെ പലിശ നടന്നാ രൂപാ കണ്ടൽ മൻറോ ഇട്ടപ്പു കത്തനാരെ ഏല്പിച്ചുകൊടുത്തു. അദ്ദേഹം ആ സംഖ്യ ചെലവുചെയ്തു കോട്ടയത്തു ഇപ്പോഴുള്ള പഴയ സെമിനാരി ഫ്വ്ഛന-ൽ പണിയിച്ചു. അന്നു തിരുവിതാംകൂറിനെ ഭരിച്ചിരുന്ന റാണി പാപ്പുതീഭായി സായ്പിന്റെ രൂപാശ് അനുസരിച്ച് പ്രസ്തുത സെമിനാരിക്കുള്ള സ്ഥലവും ൨൦൦൦ രൂപായും ദാനം ചെയ്തു. മാത്രമല്ല, പണിചെയ്യുന്നതിനായി നൂറു പുലയരെ ഊഴിയം ഒഴിഞ്ഞു (അടിമകളായി) കൊടുക്കയുമുണ്ടായി. പിന്നീട് കരമൊഴിവായി കല്പട മൻറോത്തുരുത്തു എന്ന ദേശവും ൨൦൦൦൦ രൂപായും തിരുവിതാംകൂർ സർക്കാരിൽനിന്നു ആ സെമിനാരിക്കു സിദ്ധിച്ചു. ഇവയെല്ലാം പുത്തൻക്കൂർ സുറിയാനിക്കാരുടെ പഠനാഭിവൃദ്ധിയെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ളതാണ് (53). കണ്ടൽ മൻറോ വ-ാം മാത്തോമ്മായോടു് അദ്ദേഹത്തിന്റെ സഭയുടെ ഘടനയേപ്പറ്റി ഫ്വ്ഠന-ൽ പലകാര്യങ്ങൾ ചോദിച്ചു. വ-ാം മാർത്തോമ്മാ യാക്കോബായ പാത്രിയർക്കീസിൽനിന്നോ അദ്ദേഹത്താൽ നിയമിതനായ ഒരു മെത്രാനിൽനിന്നോ മെത്രാൻപട്ടം സ്വീകരിച്ചിരുന്നില്ലെങ്കിലും താൻ ഉൾപ്പെട്ടിരിക്കുന്ന സഭയുടെ മേലാവു് യാക്കോബായ പാത്രിയർക്കീസാണെന്നു സമ്മതിച്ചു് ആ ചോദ്യങ്ങൾക്കു മറുപടി കൊടുത്തു (54). ഇദ്ദേഹം കടമറ്റത്തു ഇടവകക്കാരനും ഒരു സംബന്ധിയുമായ അയിപ്പു കത്തനാരെ അനന്തരഗാമിയായി ൻ-ാം മാർത്തോമ്മാ എന്ന നാമത്തിൽ അഭിഷേകം ചെയ്തും ഫ്വ്ഛ-ൽ ചരമംപ്രാപിക്കയും ചെയ്തു. വ-ാം മാത്തോമ്മായുടെ അവസാന വത്സരത്തിൽ- ഫ്വ്ഛ-ൽ- മേൽപ്പറഞ്ഞ ഇട്ടപ്പു റമ്പാൻ അക്കാലത്തു അഞ്ഞൂറിലെ (അഥവാ തൊഴിയൂരിലെ) മെത്രാനായിരുന്ന ഫ-ാം ഫിലോക്സേനോസിൽനിന്നു മെത്രാൻപട്ടമേറ്റു ദീവന്ന്യാസ്യോസ് എന്ന നാമത്തോടുകൂടി കോട്ടയത്തുവന്നു് താൻ പണിയിച്ച സെമിനാരിയിൽ താമസമുറപ്പിച്ചു. അനന്തരം ഉടനെതന്നെ കടമറ്റത്തു എത്തി അവിടെ പാർത്തിരുന്ന വയോവൃദ്ധനായ ൻ-ാം മാത്തോമ്മായുടെ സ്ഥാനം വെയ്ക്കയും അയാളുടെ വടി, മുടി, സ്ലീബാ, അംശക്കുപ്പായം, മെത്രാന്മാർക്കുള്ള മറ്റു വസ്തുക്കൾ ഇവയെല്ലാം സർക്കാർ സഹായത്തോടുകൂടി എടുപ്പിച്ചു് കോട്ടയത്തു സെമിനാരിയിൽ കൊണ്ടുവരികയും ചെയ്തു. ഒമ്പതാം മാത്തോമ്മാ അതിൽപ്പിന്നെ അയിപ്പു കത്തനാരായിത്തന്നെ കാലംകഴിച്ചുകൂട്ടി. ഇതോടെ വകയോമറ്റം കുടുംബത്തിൽനിന്നുള്ള പുത്തൻക്കൂർ മെത്രാന്മാരുടെ പരമ്പരയും അവസാനിച്ചു. അടുത്തയാണ്ടിൽ- ഫ്വ്ഛന-ൽ- ദീവന്ന്യാസ്യോസ് കോട്ടയം സെമിനാരിയിൽ മരിച്ചു് അവിടെ സംസ്കരിക്കപ്പെട്ടു. അദ്ദേഹം അനുഗാമിയെ വാഴിക്കാതെ മരിക്കുകൊണ്ടു് അർക്കദിയാക്കോൻ അഥവാ വികാരി ജനറാൽ ആയിരുന്ന കോട്ടയത്തു പുന്നത്ര ഗീവർഗീസു കത്തനാർ മൂന്നാം ദീവന്ന്യാസ്യോസായി ഫ്വ്ഛ-ൽ അഭിഷേകം ചെയ്യപ്പെട്ടു. അഞ്ഞൂർ മെത്രാനായ ഫിലെക്സേനോസിനെ രണ്ടാം ദീവന്ന്യാസ്യോസിന്റെ മരണശേഷം കോട്ടയത്തു

വരുത്തുകയും അദ്ദേഹം ഒരു സംവത്സരത്തിലധികം അവിടെ പാർത്തു ഭരണം നടത്തിയശേഷം ഗിവർഗിസിനെ വാഴിച്ചുകൊണ്ട് വാദ്ധ്യം നിമിത്തം സ്വസ്ഥാനത്തേക്കു മടങ്ങുകയുമാണുണ്ടായത്. കുയ്ൻ മെത്രാൻ എന്നു അറിയപ്പെട്ടിരുന്നതായാൾ ഈ മൂന്നാം ദിവന്യാസ്യോസാസാണ്.

ബുക്കാനാനും മെക്കോളെയും സി. എം. എസ്. മിഷ്യനറിമാരെ വരുത്തുവാനായി എഴുത്തുകുത്തു നടത്തിയ സംഗതി ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ. മെക്കോളെയുടെ അനുഗാമിയായ മൺറോയും പുത്തൻക്കൂറുകാരുടെ കാര്യത്തിൽ അത്യുത്സാഹിയായിരുന്നതുകൊണ്ട് ആ കാര്യത്തിനായി എഴുത്തുകുത്തുണ്ടായി. ഈ എഴുത്തുകളുടെ ഫലമായി, ന—ാം ദിവന്യാസ്യോസ് ആർച്ചഡീക്കനായിരുന്ന കാലത്ത്, ടി. നോർട്ടൻ (Rev. Mr. T. Norton), ബെയിലി (Benjamin Bailey) എന്ന രണ്ടു സി. എം. എസ്. മിഷ്യനറിമാർ ക്വ—സ—ും, ഫോൻ (Joseph Fenn), ബേയ്ക്കർ (Henry Baker) എന്ന വേറെ രണ്ടു സി. എം. എസ്. മിഷ്യനറിമാർ ക്വ—ക്വ—ും കോട്ടയത്തുവന്നു. ദിവന്യാസ്യോസും ഈ മിഷ്യനറിമാരും തമ്മിൽ വളരെ സൗഹാർദ്ദത്തിൽ വർത്തിച്ചുപോന്നു. മെത്രാന്റെ അനുമതിയോടുകൂടി പ്രോട്ടസ്റ്റന്റു മിഷ്യനറിമാർ പുത്തൻക്കൂർ പള്ളികളിൽ സഹകരിച്ചും പ്രസംഗിക്കുവാനും തുടങ്ങി. പഠനകാര്യങ്ങൾക്കായി ബെയിലി സെമിനാരിയിൽ പാർത്തു. വേദപുസ്തകം ഭാഷാന്തരം ചെയ്യുന്നതിനും അച്ചടി സ്ഥാപിച്ചു നടത്തുന്നതിനുംകൂടി അദ്ദേഹം ഏർപ്പെട്ടു. ഫോൻ സെമിനാരിയുടെ (അഥവാ കോളേജിന്റെ) ആദ്ധ്യക്ഷ്യം വഹിച്ചു. ബെയിക്കർ പുത്തൻക്കൂർ സുറിയാനിക്കാർക്കു അക്കാലത്തുണ്ടായിരുന്ന എഴുപത്തുരണ്ടു പള്ളികളെ അടിക്കടി സന്ദർശിച്ച് എടവക സ്കൂളുകളുടെയും കോളേജിന്റെ പോഷകസ്ഥാനങ്ങൾ (Feeder) ആകേണ്ടതാണ് മാവേലിക്കര, ആലപ്പുഴ എന്ന ടിക്കകളിൽ ആരംഭിച്ചിരുന്ന ഗ്രിമർസ്കൂളുകളുടേയും അന്വേഷണം നടത്തി. മാത്രമല്ല, ഇംഗ്ലിഷ് പഠനത്തോടുകൂടി കോട്ടയത്തുണ്ടായിരുന്ന ഗ്രാമർസ്കൂളും അദ്ദേഹംതന്നെ അന്വേഷിച്ചിരുന്നു. ഈ സ്കൂളുകളിലേക്കു ആവശ്യപ്പെട്ട പുസ്തകങ്ങളും വാദ്ധ്യാന്മാരുടെ ശമ്പളവും സി. എം. എസ്. കാർ തന്നെയാണ് കൊടുത്തുവന്നത്. (65) കണ്ടൽ മൺറൊ ക്വ—ക്വ— മെയ് മാസത്തിൽ അഭിപ്രായപ്പെട്ടതനുസരിച്ചു പുത്തൻക്കൂർ മെത്രാനു കോളെജ് ധനശേഖരത്തിൽ (Fund) നിന്നു ഒരു ശമ്പളം കൊടുത്തുതുടങ്ങി. മിഷ്യനറിമാരുടെ ആലോചനപോലെ സഭാകാര്യങ്ങളെ നവീകരിക്കേണ്ടതിനായി പട്ടക്കാരുടെയും ജനങ്ങളുടെയും ഒരു യോഗം ക്വ—ക്വ—ൽ ദിവന്യാസ്യോസ് മാവേലിക്കരെ കൂട്ടി. ആ യോഗത്തിൽ സംബന്ധിച്ചിരുന്ന എഴുനൂറിൽപരം ജനങ്ങളോടും നാല്പതു വൈദികന്മാരോടും ഫോൻ ഒരു പ്രസംഗംചെയ്തു. അതിൽ— ക) മിഷ്യനറിമാരും പുത്തൻക്കൂറുകാരും തമ്മിൽ സഭാകാര്യങ്ങളിലുണ്ടാകേണ്ട ഐകൃത്തിന്റെയും— ഖ) പള്ളിക്രമങ്ങളിൽ (Ritual) തിരുത്തൽ ചെയ്യേണ്ടതിന്റെ

യും;– ന്വ) പട്ടക്കാർ വിവാഹം ചെയ്യേണ്ടതിന്റെയും ആവശ്യകത; ര) ജനങ്ങൾക്കു അറിയാവുന്ന ഒരു ഭാഷയിൽ ആരാധനക്രമം നടത്തേണ്ട ചുമതല;– ഒ) കത്തനാർമാർ, ജനങ്ങൾ ഇവരുടെ ഇടയിലുള്ള പ്രധാനന്മാരുടെയും മൂപ്പന്മാരുടെയും കടമകൾ;– ന) മെത്രാന്റെയും, മിഷ്യനറിമാരുടെയും മല്പാന്മാരുടെയും അഭിപ്രായപ്രകാരം പ്രാപ്തന്മാരായ കത്തനാർമാരെ പള്ളിക്കൂട്ടങ്ങൾക്കു ആക്കിവെക്കുക എന്ന സംഗതികളെപ്പറ്റി അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ ചില ജനങ്ങൾ തജ്ജമചെയ്തു പട്ടക്കാരോടുകൂടി ജനങ്ങൾ ചൊല്ലുകയും "ഫുവൻഗേലിയോൻ" "എംഗത്താ" ഇവ തർജ്ജമചെയ്തു ജനങ്ങളെ കേൾപ്പിക്കയുമുണ്ടായതല്ലാതെ ബാക്കി യാതൊന്നും ഉടനെ നടപ്പിൽ വരുത്തുവാൻ സാധിച്ചില്ല. പട്ടക്കാരെക്കൊണ്ടു വിവാഹം ചെയ്യിക്കുവാൻ മിഷ്യനറിമാർ പിന്നെയും ശ്രമിച്ചുകൊണ്ടിരുന്നു. ക്വ–ാംശതവത്സരത്തിന്റെ മദ്ധ്യം കഴിഞ്ഞു. മുകളിൽ പറഞ്ഞിട്ടുള്ള ബസെലിയോസ് മുതലായ മൂന്നു മെത്രാന്മാർ മലയാളത്തിൽ വന്നപ്പോൾ ഈ സംഗതിക്കായി അവരും പരിശ്രമിച്ചെങ്കിലും നാലുപട്ടക്കാരെക്കൊണ്ടു വിവാഹം ചെയ്യിക്കുവാനേ സാധിച്ചുള്ളൂ. അതിനാൽ, മൻറൊ സായിപ്പു വിവാഹം ചെയ്യുന്ന പട്ടക്കാരനു ര൦൦ രൂപാ ഇനാം കൊടുക്കാമെന്നും, പട്ടക്കാരുടെ കുടുംബസംരക്ഷണത്തിനു ധനസഹായം ചെയ്തുകൊടുക്കാമെന്നും വാഗ്ദാനം ചെയ്തതും ഉറപ്പുകൊടുക്കയും ചെയ്തു. ഇങ്ങനെ, ക്വ–ാക്വ മുതൽ ക്വ–ാം വരെ രണ്ടു സംവത്സരങ്ങൾ കൊണ്ടു അക്കാലത്തുണ്ടായിരുന്ന ക്ഷ൦ പട്ടക്കാരിൽ ര൦ പേർ വിവാഹം ചെയ്തു. (56) ഇക്കാലത്തു മൻറൊ സായ്പ് റസിഡൻറും തിരുവിതാംകൂറിലെ ദിവാനുമായിരുന്നു. തന്നിമിത്തം അദ്ദേഹം നസ്രാണികൾക്കു പൊതുവേയും പുത്തൻകൂറുകാർക്കു പ്രത്യേകിച്ചും ജഡ്ജി, തഹശീൽ ഉദ്യോഗങ്ങളും അമിനാദാർ വേലയും മറ്റു സർക്കാർജീവനങ്ങളും കൊടുത്തു. (57.)

ചങ്ങനാശേരിപ്പള്ളി ക്വ–ാം ശതാബ്ദമദ്ധ്യത്തിൽ പുത്തൻകൂറുകാരുടെ അധീനത്തിൽ ഇരുന്നതാണെന്നും അതിനാൽ അതു് അവർക്കു തിരിയെക്കിട്ടണമെന്നും റസിഡണ്ടിന്റെയും ചർച്ചമിഷ്യനറിമാരുടെയും പക്കൽ അവർ ആവലാധിപ്പെട്ടു. എന്നാൽ അതിനായി അവർ ചെയ്ത പ്രയത്നം ഫലിക്കാതെയും അതു ലഭിക്കാതെയും പോയി; ഭൂരിപക്ഷം ജനങ്ങൾ എതിർത്തുനിന്നു. എന്നിങ്ങനെ ഫൈവറ്റ് ഹൌസ് വരെ–ാം പക്ഷത്തിൽ പറയുന്നു. ഇതു വാസ്തവവിരുദ്ധമാകയാൽ യഥാർത്ഥസംഭവം ഇവിടെ വെളിപ്പെടുത്താം. മെത്രാൻ വിവാഹം കഴിക്കണമെന്നു് മിഷ്യനറിമാർ ഉപദേശിച്ചു. അന്നു പുത്തൻകൂറു മെത്രാനായിരുന്നതു് 'കുയ്ലൻമെത്രാൻ' എന്ന പേരിനാൽ നാട്ടിൽ അറിയപ്പെട്ടിരുന്ന മൂന്നാം മാർദിവന്നാസ്യോസ് ആയിരുന്നു. അദ്ദേഹം പ്രോട്ടസ്റ്റാണ്ടു മിഷ്യനറിമാരുടെ ഒരു സ്നേഹിതനും അവരുടെ ഉപദേശമനുസരിച്ചു പ്രവർത്തിച്ചുപോന്ന ആളുമായിരുന്നു. അദ്ദേഹത്തിനു വിവാഹം കഴിക്കുന്നതിനു മനസ്സില്ലായിരുന്നു. അതുകൊണ്ടു

അദ്ദേഹം കൊടുത്ത മറുപടി തന്റെ ക്രൈസ്തവരായ പഴയക്രൂറുകാർ തന്നെ ആക്ഷേപിക്കാതിരിക്കാൻ വേണ്ടി അവരുടെ നാലു പള്ളികൾ തനിക്കു കൈവശപ്പെടുത്തിക്കൊടുത്താൽ വിവാഹത്തിനു വഴിപ്പെടാമെന്നായിരുന്നു. കോട്ടയം, പിറവം, ചങ്ങനാശേരി, ആലപ്പുഴ എന്നീ നാലു പള്ളികളാണ് കൂട്ടൻമെത്രാൻ ആവശ്യപ്പെട്ടത്. കോട്ടയം പിറവം രണ്ടുക്രൈസ്തവരുടെയും, ചങ്ങനാശേരി, ആലപ്പുഴ പഴയക്രൂറുകാരുടെ തനതുവകയും ആയിരുന്നു. മെത്രാന്റെ ഈ അപേക്ഷ മിഷ്യനറിമാർ അന്നു ദിവാനും റസിഡെന്റും ആയിരുന്ന മൺട്രോ സായ്പിനെ അറിയിച്ചു. അദ്ദേഹം പ്രസ്തുത നാലു പള്ളികളും പുത്തൻക്രൂറുകാക്കു കൈവശപ്പെടുത്തിക്കൊടുക്കുന്നതിനു കൊല്ലവർഷം ൯൯൯൰ൽ രാജ്യം ഭരിച്ചിരുന്ന റാണി പാർവ്വതിഭായി, തിരുമനസ്സു മുഖാന്തരം ഒരു തിരുവെഴുത്തുവിളംബരം പ്രസിദ്ധപ്പെടുത്തി. അതനുസരിച്ചു റസിഡെന്റും സക്കാർ അധികാരികളും കോട്ടയത്തും പിറവത്തും എത്തി പഴയക്രൂറുകാരെ ബലമായി ഇറക്കിക്കൊണ്ടു ടി. പള്ളികൾ പുത്തൻക്രൂറുകാക്കു കൈവശപ്പെടുത്തിക്കൊടുത്തു. അനന്തരം ചങ്ങനാശേരിൽ എത്തി പുത്തൻക്രൂറുകാക്കു പള്ളി വിട്ടുകൊടുക്കണമെന്നു പള്ളിക്കാരെ നിർബന്ധിച്ചു. അവർ അതിനു വഴിപ്പെടാഞ്ഞതിനാൽ പള്ളി ബലമായിത്തുറന്നു ക്രൂടെയുണ്ടായിരുന്ന ദൂരസ്ഥന്മാരായ ചില പുത്തൻക്രൂറുകാക്കു കൈവശപ്പെടുത്തിക്കൊടുത്തു. ഇതിന്മേൽ പള്ളിക്കാർ കൊല്ലത്തു ചെന്നു മേലധികാരികളെ ബോധിപ്പിച്ചു. ഫലമൊന്നും ഉണ്ടാകാഞ്ഞതിനാൽ അവർ തിരിച്ചുവന്നു, പള്ളിയകത്തുണ്ടായിരുന്ന പുത്തൻക്രൂറുകാരെക്കൊണ്ടു പള്ളിവാതിൽ കൌശലത്താൽ തുറപ്പിക്കയും എല്ലാവരും പള്ളിയിൽ കയറി അകത്തുണ്ടായിരുന്ന പുരുക്കം ചില പുത്തൻക്രൂ കത്തങ്ങളെയും ജനങ്ങളെയും ഓടിക്കയും ചെയ്തു. ഇവർ കോട്ടയത്തു ചെന്നു വിവരം മിഷ്യനറിമാരെ അറിവിക്കയും അവർ പഴയ ക്രൂറുകാർ ബലമായി പള്ളിയിൽ പ്രവേശിച്ചു യുദ്ധത്തിനു കോപ്പുകൂട്ടിവരുന്നതായും മറും റസിഡെന്റിനെ അറിയിക്കയും ചെയ്തു. അപ്പോൾ പട്ടാളക്കാർ മുതലായവരോടുകൂടെ സക്കാർ ഉദ്യോഗസ്ഥന്മാർ ചങ്ങനാശേരിൽ എത്തി. ചില പട്ടക്കാരും ജനങ്ങളും പള്ളിയിൽ സമസ്സരിച്ചിരുന്നതല്ലാതെ യുദ്ധത്തിനുള്ള ഒരുക്കങ്ങളൊന്നും അവർ ചെയ്തിരുന്നതായി കാണപ്പെട്ടില്ല. ഈ സമയം അവിടെയെത്തിയിരുന്ന കൊടുങ്ങല്ലൂർ രൂപതയുടെ ഗവർണ്ണരും ഒരു ഡൊമനിക്കൻ സന്ന്യാസ ശ്രേഷ്ഠനുമായിരുന്ന പൌലോസ് തോമ്മാ എന്ന ദേഹം മുഖാന്തരം പള്ളി സക്കാർ ഉദ്യോഗസ്ഥന്മാർ തുറപ്പിച്ചു. (ഇദ്ദേഹം പിന്നീടു കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെടുകയും കൊല്ലത്തുവെച്ചു മരിച്ചപ്പോൾ ഇദ്ദേഹത്തിന്റെ പ്രേതം ചങ്ങനാശേരിപ്പള്ളിയിൽ കൊണ്ടുവന്നു സംസ്കരിക്കപ്പെടുകയും ഉണ്ടായി. ഇദ്ദേഹമാണ് ചങ്ങനാശേരിൽ ഇന്നു കാണുന്ന പള്ളി മുറി ഒരു സെമിനാരി ആക്കണമെന്നുള്ള ഉദ്ദേശത്തോടെ പണികഴിപ്പിച്ചതു്.)

: ഉടനേ കണ്ടങ്കരി പിലിപ്പോസ് കത്തനാർ മുതലായി ഏതാനും വൈദികരെയും ജനങ്ങളെയും ടി. ഉദ്യോഗസ്ഥന്മാർ പിടിച്ചു് കൊല്ലത്തു കൊണ്ടുപോയി ബന്ധനത്തിലാക്കി. ഈ വിവരമെല്ലാം അന്നു കൊല്ലത്തെ കമാനാപ്പുരുടെ ഭാര്യയും ഒരുത്തമ കത്തോലിക്കയുമായിരുന്ന മദാമ്മ അറിഞ്ഞു് ഇതു അനീതി പ്രവർത്തിക്കുന്ന ഒരു രാജ്യത്തു താമസിക്കുന്നതല്ലെന്നു ഭർത്താവിനോടു പറകയാൽ അയാൾ വിവരമെല്ലാം മദ്രാസ് ഗവർണ്ണരെ എഴുതി അറിയിക്കയും ഉടനേ മൺട്രോ ധ്വരയെ റസിഡൻറു് ഉദ്യോഗത്തിൽനിന്നു ഒഴിക്കയും ഇതോടേ പഴയക്രൂറുകാരുടെ 'പള്ളിവിടിത്തം' അവസാനിക്കയും ചെയ്തു. ൻൻരു-ൽ ഒരു തിരുവെഴുത്തുവിളംബരം പ്രസിദ്ധപ്പെടുത്തുകയും തൻമൂലം മേൽ പ്രസ്താവിക്കപ്പെട്ട നാലു പള്ളികൾ പഴയക്രൂറുകാക്കു് അധീനപ്പെട്ടുകയും ചെയ്തു. എന്നാൽ കോട്ടയം, പിറവം പഴയക്രൂറുകാക്കു് ഇന്നേവരെ കിട്ടാൻ ഇടയായിട്ടില്ല. അവർ വേറേ പള്ളി വെയ്ക്കയാണുണ്ടായതു്. (58.)

മൂന്നാം ദീവന്യാസ്യോസ് ക്വ൨൫ മെയ് മാസം ക്വ൫-൨൦൯-കഥാവശേഷനായി. ആ അവസരത്തിൽ തൊഴിയൂർ മെത്രാനായ ഫിലൊക്സെനൊസ് കോട്ടയത്തേക്കു വീണ്ടും വന്നു. പള്ളിക്കാരും യോഗക്കാരും കോട്ടയം ചെറിയ പള്ളിയിൽ ക്രൂടി മെത്രാനെ വാഴിക്കേണ്ടകാര്യം ആലോചിച്ചു കൊനാട്ട അബ്രാഹം മല്പാൻ, ചേപ്പാട്ട (അഥവാ പള്ളിപ്പാട്ട) പീലിപ്പോസു മല്പാൻ, അടങ്ങപ്പുറത്തു യൌസേപ്പു കത്തനാർ എന്ന മൂന്നു പേരെ തിരഞ്ഞെടുക്കയും അവരിൽ ഒരാളെ കുറിയിട്ടു നിശ്ചയിക്കയും ചെയ്തു. കുറിപ്രകാരം നിശ്ചയിക്കപ്പെട്ടതു ചേപ്പാട്ട മല്പാനാണു. അദ്ദേഹത്തെ ഫിലൊക്സേനോസ് നാലാം ദീവന്യാസ്യോസ് എന്ന നാമത്തിൽ അഭിഷേകംചെയ്തു. അനന്തരം ഫിലൊക്സെനോസ് കുറെക്കാലം കോട്ടയത്തു പാർത്തശേഷം അഞ്ഞൂറിലേക്കു മടങ്ങി. അദ്ദേഹം മെത്രാൻസ്ഥാനത്തിൽ ൨൫ സംവത്സരം ഇരുന്ന ശേഷം ക്വ൭൦-ൽ ചരമം പ്രാപിച്ചു. ഇതിനിടക്കു മിഷ്യനറിമാർ മരിച്ചവക്കു വേണ്ടിയുള്ള പ്രാർത്ഥന, പിശുദ്ധന്മാരുടെ പേരിലുള്ള വണക്കം ഇത്യാദി തങ്ങളുടെ പൂർവ്വവിശ്വാസകാര്യങ്ങൾക്കെതിരായി പലതും പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തുകൊണ്ടു പുത്തൻക്രൂർ പട്ടക്കാരിലും ജനങ്ങളിലും പലക്കും അതൃപ്തിയുണ്ടാകയാൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ അടുക്കലേക്കു പല ഹർജികളും അയക്കയുണ്ടായി. പരിശുദ്ധ മറിയത്തിനു വേറെ മക്കളും ഉണ്ടായിരുന്നെന്നു മിഷ്യനറിമാർ സെമിനാരിയിൽ ഉപദേശിക്കയും പഠിപ്പിക്കയും ചെയ്തതാണു് പുത്തൻക്രൂറുകാക്കു അവരോടു വിരോധം ഉത്ഭവിക്കുവാനുള്ള പ്രധാനകാരണം. മിസ്റ്റർ മെക്കെൻസി ഇതെപ്പറ്റി ഇങ്ങനെ പഠയുന്നു:- As a sample of the difference of opinion may be told the anecdote of the Missionary who lectured to a class of Syrians and told them that Mary was the mother of a family born after Christ. Returning to the

lecture–Room he found a Syrian priest undoing his work and instructing the class that Mary never knew man and remained ever Virgin. മറിയം മ്ശിഹായുടെ പിറകെ ജനിച്ച ഒരു കുടുംബത്തിന്റെ മാതാവായിരുന്നെന്നു മിഷ്യനറിമാരിൽ ഒരാൾ സുറിയാനിക്കാരായ വിദ്യാർത്ഥികളോടു ക്ലാസിൽ വച്ചു ഉപദേശിച്ചു. എന്നാൽ അദ്ദേഹം തിരികെ ക്ലാസിലേക്കു ചെന്ന സമയം മറിയം പുരുഷനെ അറിയാതെ സദാപി കന്യകയായിരുന്നെന്ന തന്റെ മുൻപ്രസംഗത്തിന്നെതിരായി ഒരു സുറിയാനി വൈദികൻ ഉപദേശിക്കുന്നതു കാണാനിടയായി. ഇതാണ് മേൽപറഞ്ഞതിന്റെ താല്പര്യം. (59)

പുത്തൻക്രൂറുകാരെ ഭരിച്ചിരുന്ന മാർത്തോമ്മാമാരിൽ പലരും വാസ്തവമായ മെത്രാൻപട്ടം ലഭിക്കേണ്ടതിനായി അന്ത്യോക്യായിലേക്കു അപേക്ഷ അയക്കയും അവിടെ നിന്നു മെത്രാനെ വരുത്തുവാൻ പ്രയത്നിക്കയും ചെയ്തുന്നു ഇതിനു മുമ്പു പല സന്ദർഭങ്ങളിൽ (അ. ക്രന്ത ല. ക്ര–ക്രവ) പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള അപേക്ഷകളുടെ ഫലമായിട്ടാണു ന്ര–ാം മാർത്തോമ്മായ്ക്കു നിരണത്തുവച്ചു മാർ ഗ്രിഗോരിയോസ് മുതലായ വിദേശമെത്രാന്മാർ പട്ടംകൊടുത്തത്. (അ. ക്രന്ത ല. ക്രവ) ഇങ്ങനെ സാധുവായ മെത്രാൻപട്ടം കിട്ടിയതിൽപിന്നെയും അന്ത്യോക്യായിൽ നിന്നു ചില മെത്രാന്മാരെല്ലാം ഇടയ്ക്കിടെ ഇവിടെ വന്നുകൊണ്ടിരുന്നെങ്കിലും അവരെ വരുത്തുവാനാകട്ടെ അനുഗാമികളായി മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അനുമതി ലഭിക്കുവാനാകട്ടെ ഇവിടെ നിന്നു അപേക്ഷിക്കയുണ്ടായില്ല. അന്ത്യോക്യായിൽ നിന്നു മെത്രാന്മാരെ വരുത്തുകയോ അവിടുത്തെ അനുവാദം ചോദിക്കയൊ ചെയ്യാതെയാണു ഏഴാമത്തെയും എട്ടാമത്തെയും ഒൻപതാമത്തെയും മാർത്തോമ്മാമാർ, രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും ദീവന്ന്യാസ്യോസ്മാർ ഇങ്ങനെ ആറു മെത്രാന്മാരെ വാഴിച്ചിട്ടുള്ളതു്. അതു്, സാധുവായ മെത്രാൻപട്ടം ഇവിടെയുണ്ടായിരുന്നതുകൊണ്ടു അതിനെ സാധുവായിക്കൊടുക്കുന്നതിനു അവിടുത്തെ അനുമതിയാകട്ടെ അവിടെ നിന്നു ഒരു മെത്രാനാകട്ടെ ആവശ്യമില്ലെന്നുള്ള കരുതുക മൂലമാണ്. എന്നാൽ സി. എം. എസ്. കാർ പുത്തൻക്രൂർ സഭാകാര്യങ്ങളിൽ പ്രവേശിച്ചപ്പോൾ പൂർവ്വവിശ്വാസത്തിനു വിപരീതമായി അവർ പ്രസംഗിക്കുകകൊണ്ടു ഇപ്പോൾ വീണ്ടും അന്ത്യോക്യായിലേക്കു എഴുതുകയും അവിടെ നിന്നു മെത്രാന്മാരെ വരുത്തുകയും ചെയ്തു. ഈ വിശ്വാസത്തെ സംരക്ഷിക്കുവാനല്ലാതെ പട്ടം സ്വീകരിക്കേണ്ടതിനല്ല. ഈ ഹർജികൾ അനുസരിച്ചു അന്ത്യോക്യാ പാത്രിയർക്കീസു മാർ അത്തനാസിയോസ് എന്നൊരു മെത്രാപ്പോലീത്തായെ മലയാളത്തിലേക്കയച്ചു. അദ്ദേഹം ക്രവഉ ഓഗസ്റ്റ് മാസത്തിൽ— മാർ ദീവന്ന്യാസ്യോസ് തൃതീയന്റെ മരണാനന്തരം— ബോംബയിലെത്തി കൽക്കത്തായിലെ പ്രോട്ടസ്റ്റന്റു മെത്രാനായ ഹീബർ (Bishop Heber) അവിടെ വച്ചു് അദ്ദേഹത്തെക്കാണുകയും മുപ്പതു പവൻ സ

മാനിക്കയും ചെയ്യ. സഭാകാര്യങ്ങളിൽ യോജിച്ചു പ്രവർത്തിക്കണമെന്ന ഫീബർ ഉപദേശിച്ചതിനെ സമ്മതിച്ചുകൊണ്ടാണ അവിടെ നിന്ന പിരിഞ്ഞത്. മാർ അത്തനാസി കൊച്ചിയിൽ എത്തിയപ്പോൾ ഫിലോക്സെനോസും വൃദ്ധനായ ഒരു കത്തനാരും കൂടി കോട്ടയത്തു നിന്ന അവിടെ ചെന്ന അദ്ദേഹത്തെ സ്വീകരിച്ചു. ഇവരുടെ ഒരുമിച്ചു ബയിലിയുമുണ്ടായിരുന്ന. നാട്ടു മെത്രാന്മാരെ നീക്കി തന്നെ മെത്രാനായി സ്വീകരിക്കണമെന്ന മാർ അത്തനാസി അന്ന റസിഡന്റായിരുന്ന കർണ്ണൽ നീവാളി (Colonel Newall) നോട ആവശ്യപ്പെട്ടു. സ്ഥലത്തെ ഗവർമ്മെണ്ടു അവരെ മെത്രാന്മാരായി സ്വീകരിച്ചിരിക്കയാൽ അതു സാധിക്കയില്ലെന്നും അദ്ദേഹം പള്ളികളിൽ ലഹള യുണ്ടാക്കരുതെന്നുമായിരുന്ന റസിഡണ്ടിന്റെ മറുപടി. അനന്തരം മാർ അത്തനാസിയോസും കൂട്ടുകാരനായി വന്ന ഇസഹാക്കു റമ്പാനും കോട്ടയത്തെത്തി. പുതിയ മെത്രാനായ മാർ ദീവന്യാസ്യോസ് ആ സമയം അവിടെയുണ്ടായിരുന്നില്ല. അദ്ദേഹം വന്ന ശേഷം മാർ അത്തനാസിയെ കാണേണ്ടതിനായി മാർ ഫിലോക്സെനോസിനോടൊരുമിച്ചു പോയെങ്കിലും അവർക്കു കാണുവാൻ അനുവദിക്കയാവട്ടെ അവരോടു മര്യാദയോടു കൂടി പെരുമാറുകയാവട്ടെ ചെയ്തില്ല. മാത്രമല്ല, ദീവന്യാസ്യോസിന്റെ സ്ഥാനത്തെ നിഷേധിക്കയും പരേതനായ മെത്രാന്റെ പ്രേതാലയം പൊളിച്ചു നീക്കുകയും അദ്ദേഹത്തിന്റെ കല്പനപോലെ പ്രവർത്തിച്ച പട്ടക്കാരുടെ അംശം മുടക്കുകയും നാട്ടു മെത്രാന്മാരുടെ പേരുകൾ ദിവ്യകർമ്മങ്ങളിൽ ചേർക്കരുതെന്ന ആജ്ഞാപിക്കയും ചെയ്യ. ഈ കുഴപ്പത്തിനു ഒരു സമാധാനമുണ്ടാക്കുവാൻ വേണ്ടി ഫിലോക്സെനോസ് കോട്ടയത്തു ഒരു സുന്നഹദോസു വിളിച്ചുകൂട്ടി. ഓരോ കത്തനാർമാരും ഒന്നോ രണ്ടോ ജനങ്ങളും വീതം എല്ലാ പള്ളികളിൽ നിന്നും ൧൮൬൭ ഡിസംബർ ൨൯-൱൧൭൮ കോട്ടയത്തു വന്നുകൂടി. ഈ സുന്നഹദോസിന്റെ ആരംഭത്തിൽ മാർ അത്തനാസിയോസിന്റെ അധികാരപത്രം (Credentials) വായിക്കയും എല്ലാവരും അതു അംഗീകരിക്കയും ചെയ്യ. അപ്പോൾ മാർ അത്തനാസിയോസ് തന്നെ എല്ലാവരും തങ്ങളുടെ മെത്രാപ്പോലീത്തായായി സ്വീകരിക്കുമോ എന്ന വൈദികന്മാരോടു ചോദിച്ചു. അങ്ങനെ സ്വീകരിക്കുമെന്ന അവർ മറുപടി പറഞ്ഞു. അങ്ങനെയെങ്കിൽ രണ്ടു മെത്രാപ്പോലീത്താമാർ ഉണ്ടാവാൻ താൻ സമ്മതിക്കയില്ലെന്നും നാട്ടുമെത്രാന്മാർ രണ്ടുപേരും സ്ഥാനചിഹ്നങ്ങൾ നീക്കി വെറും പട്ടക്കാരായിത്തീരണമെന്നും വലിയ മാർ ദീവന്യാസ്യോസിന്റെ ശേഷമുണ്ടായ നാലു മെത്രാന്മാരിൽനിന്ന പട്ടമേറ്റ പട്ടക്കാരും ശമ്മാശ്മാരും വീണ്ടും പട്ടമേൽക്കണമെന്നും അറിയിച്ചു. ഇസഹാക്കു റമ്പാൻ സെമിനാരിയിൽ എത്തി. അപ്പോൾ ബയിലി, ഫെൻ എന്ന മിഷ്യനറിമാർ അവിടെ ചെന്ന റമ്പാനുമായി ദീർഘനേരം തർക്കവാദം നടത്തി. റമ്പാൻ ജനങ്ങളെ ചീത്ത പറകയും മെത്രാന്മാരെ പിശാചിന്റെ കക്ഷിക്കാരെന്ന വിളിക്കയും ചെയ്യ. മാർ അ

ത്തനാസിയും ഇസഹാക്കു റമ്പാനും ചില കത്തനാർമാരും കൂടി നാട്ടുമെത്രാന്മാരിരുവരേയും ശപിക്കയും മുടക്കുകയും കൂടിയുണ്ടായി. ഒമ്പതു കത്തനാർമാർ മാർ അത്തനാസിയോസിൽനിന്നു വീണ്ടും പട്ടമേറ്റു. അനന്തരം ആ പരദേശ മെത്രാപ്പോലീത്താ വിവാഹത്തിനു വലിയ ഫീസു മുമ്പേ കൈപ്പറ്റിയിരുന്നതുകൊണ്ടു കത്തനാർമാരുടെ വിവാഹത്തിന്റെ ഫീസു തന്റെ സ്വന്തമാക്കിത്തീർത്തു. കോട്ടയം സെമിനാരി സ്വാധീനപ്പെട്ടതുവാനായിരുന്ന അദ്ദേഹത്തിന്റെ പിന്നീടുള്ള പരിശ്രമം. റസിഡന്റ് കേണ്ണൽ നീവാളിനെ പിൻബലം കണ്ടുകൊണ്ടു മിഷ്യനറിമാർ അതിനു വിരോധിക്കയും നീവാൽ ഇക്കായ്ത്തിൽ പ്രവേശിച്ചു അത്തനാസിയോസും കൂട്ടരും നാടുവിട്ടു പോകണമെന്നു ദിവാൻ വഴി കല്പന അയക്കയും ചെയ്തു. അതനുസരിച്ചു മാർ അത്തനാസിയോസ് ൧൮൧൯ ഏപ്രിൽ മാസത്തിൽ മലങ്കര വിട്ടുപോയി. അദ്ദേഹത്തെ നാടുകടത്തുന്നതു പണ്ടു പോർട്ടുഗീസുകാർ ചെയ്തതുപോലെ തന്നെ നിന്ദ്യകൃത്യമായിരിക്കുമെന്നും അതിനാൽ അങ്ങനെ ചെയ്യരുതെന്നും ഹിബർ മെത്രാൻ റസിഡണ്ടിനു എഴുതി അയച്ചെങ്കിലും അത്തനാസി കൊച്ചിയിൽ കപ്പൽ കയറിയ ശേഷമേ ആ എഴുത്തു വന്നുചേർന്നുള്ളു. മാർ അത്തനാസിയോസിനോടു ചേർന്നിന്ന പട്ടക്കാർക്കു അദ്ദേഹം പോയ ശേഷം തിരുവിതാംകൂർ സർക്കാർ പിഴ നിശ്ചയിക്കയും അവർ സ്വന്ത മെത്രാന്മാർക്കു കീഴ്പ്പെടുകയും ചെയ്തു. (60) മാർ അത്തനാസിയോസിന്റെ വിയോഗം മൂലമുണ്ടായ സമാധാനം ഫിലൊക്സേനോസിന്റെ മരണംവരെയുള്ള സപ്തകാലത്തേക്കു മാത്രമെ നിലനിന്നുള്ളു. മാർ ഫിലൊക്സേനോസ് ൧൮൩൯-ൽ ചരമം പ്രാപിച്ചപ്പോൾ മിഷ്യനറിമാരുടെ ഉപദേശങ്ങളിൽ വിപരീതാഭിപ്രായമുള്ളവരായ ചേപ്പാട്ടു മാർ ദീവന്യാസ്യോസും ചില പട്ടക്കാരും സെമിനാരിയിലെ ഒരു മല്പാനായ മാമലശ്ശേരിൽ അബ്രാഹം കത്തനാരും കൂടി തനിച്ചു ചില ആലോചനകൾ നടത്തി. മിഷ്യനറിമാർ വേദസംബന്ധമായി പറഞ്ഞിരുന്ന അഭിപ്രായങ്ങളൊന്നും അവർ വകവെച്ചിരുന്നില്ല. നല്ല പഠിപ്പുള്ളവർക്കു മാത്രമെ പട്ടം കൊടുക്കയുള്ളു എന്നു മെത്രാനും മിഷ്യനറിമാരും തമ്മിലുണ്ടായിരുന്ന കരാർ ലംഘിച്ചു മെത്രാൻ പലർക്കും പട്ടം കൊടുത്തു തുടങ്ങി. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന മുതലായവയും നടത്തി. പരിശുദ്ധ കന്യക മറിയത്തിന്റെ വണക്കത്തെ ആദരിച്ചും അനുകൂലിച്ചും പ്രവർത്തിച്ചു. പട്ടക്കാരുടെ വിവാഹത്തിനുള്ള വിരോധവും നിലനിന്നു. ഇവകൊണ്ടു മിഷ്യനറിമാർക്കു രസക്ഷയമുണ്ടാകയും ഭിന്നതയുടെ അടയാളങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഈ ഭിന്നത തീർക്കുവാനായി കൽക്കത്തായിലെ പ്രൊട്ടസ്റ്റന്റു മെത്രാനായ ദാനിയേൽ വിൽസൻ (Daniel Wilson) ൧൮൪൦ നവംബർ മാസത്തിൽ കോട്ടയത്തുവന്നു മാർ ദിവന്യാസ്യോസുമായി ആലോചന നടത്തി. അവരുടെ ആലോചനാവിഷയങ്ങൾ, ൧) കണ്ണൽ മൻറോയും മുമ്പിലത്തെ മെത്രാന്മാരുമായുണ്ടായ കരാർപോലെ സെമിനാരി പഠനം പൂർത്തിയാക്കിയ വിവരത്തിനു സാക്ഷ്യപത്രം

(Certificate) ഉള്ളവക്ക മാത്രമെ പട്ടം കൊടുക്കാവൂ എന്നും, ൨) പള്ളിവക സ്ഥാവര ജംഗമ വസ്തുക്കളുടെ കണക്കുണ്ടാക്കി അതു റസിഡൻറ് നിശ്ചയിക്കുന്നയാൾ ആണ്ടിലൊരിക്കൽ പരിശോധിക്കണമെന്നും, ൩) മരിച്ചവക്കുവേണ്ടി പ്രാർത്ഥനകൾ നടത്താതിരിക്കേണ്ടതിനായി പട്ടക്കാരുടെ ഉപജീവനത്തിനു വകയുണ്ടാക്കണമെന്നും, ൪) എല്ലാ ഇടവകപ്പള്ളികളിലും സ്ക്കൂൾകൾസ്ഥാപിച്ചു നടത്തണമെന്നും, ൫) പട്ടക്കാർ വേദവാക്യം വ്യാഖ്യാനിച്ചു ജനങ്ങളെ ഗ്രഹിപ്പിക്കണമെന്നും, ൬) പ്രാർത്ഥനകളെ ഭാഷാന്തരപ്പെടുത്തുകയും കുർബാനക്രമങ്ങൾ (Liturgy) പരിഷ്കരിച്ചു ജനങ്ങൾ ഗ്രഹിക്കത്തക്കവണ്ണം തർജ്ജമ ചെയ്കയും വേണമെന്നുമായിരുന്നു. ഈ സംഘത്തിൽ സന്നിഹിതനായിരുന്ന സീനിയർ മിഷ്യനറി, മൻറോയുമായി മുമ്പു ചെയ്തിട്ടുള്ള ഉടമ്പടിയിലെ ഒരു വാചകം മെത്രാനെയും ക്രൂടിയിരുന്ന കത്തനാർമാരെയും അറിയിക്കയുണ്ടായി. അതു ഇങ്ങനെയായിരുന്നു:- All official letters on church matters should receive the goint signatures of the Metran and himself. പള്ളിക്കാര്യങ്ങളെപ്പറ്റി ഉദ്യോഗ നിലയിലുള്ള എല്ലാ എഴുത്തുകളിലും മെത്രാൻറെയും തൻറെയും കൈയ്യൊപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്. ഈ ആലോചന കഴിഞ്ഞയുടനെ (൧൮൧൬ നവംബർ ൯-൦൦൭) വിത്സൻ കോട്ടയത്തു ചെറിയപള്ളിയിൽ ചെന്നു ഒരു പ്രസംഗംചെയ്തു. മെത്രാനും ൬൦ പട്ടക്കാരും അനവധി ജനങ്ങളും അവിടെ ക്രൂടിയിരുന്നു. മിഷ്യനറിമാരും മെത്രാനും റസിഡൻറും ക്രൂടി വിഭജിച്ചു കൊടുക്കുവോനായി വിത്സൻ ആ അവസരത്തിൽ ൧൦൦൦ രൂപാ സമ്മാനിച്ചു (61) എന്നാൽ ബിഷോപ്പ് വിത്സൻറെ അഭിപ്രായത്തോടു മാർ ദീവന്യാസ്യോസും ക്രൂട്ടരും യോജിക്കാതിരുന്നതിനാൽ ൧൮൧൬-ൽ എന്നു വെച്ചാൽ ഇരുപത്തൊന്നു സംവത്സരം യോജിച്ചിരുന്ന ശേഷം ആംഗ്ലിക്കൻകാരോടുള്ള ബന്ധം മുഴുവൻ ബാഹ്യമായി പിരിയുകയും താൻ അന്ത്യോക്യാ പാത്രിയക്കീസിൻറെ കീഴാണെന്നു മെത്രാൻ പ്രസ്താവിക്കയും ചെയ്തു. സെമിനാരി വസ്തുക്കൾ ഭാഗിക്കുവാൻ തിരുവിതാംകൂർ സർക്കാർ മദ്രാസ് ഗവർമ്മെൻറിൻറെ സമ്മതത്തോടുകൂടി മൂന്നു പഞ്ചായത്തുകാരെ (Arbitrators) നിശ്ചയിച്ചു. ഈ പഞ്ചായത്തു (Arbitration) ൧൮൫൨ വരെ നീണ്ടുനിന്നു. പഴയ സെമിനാരിക്കെട്ടിടവും വസ്തുക്കളിൽ ഒരുഭാഗവും മാർ ദീവന്യാസ്യോസിനും മൻറൊ തുരുത്തുൾപ്പെടെ മറ്റു വസ്തുക്കൾ മിഷ്യനറിമാർക്കും സിദ്ധിച്ചു. മിഷ്യനറിമാർക്കു കിട്ടിയ വസ്തുക്കളെ അവരും (സി. എം. എസ്. കാർ) റസിഡൻറും ക്രൂടി പുത്തൻകുർ സുറിയാനിക്കാരുടെ ഉപയോഗത്തിനായി അന്വേഷിച്ചു നടത്തണമെന്നായിരുന്നു നിശ്ചയം ചെയ്തിരുന്നതു്. എന്നാൽ റസിഡൻറിനു ഈ സംഗതിയിൽ ഉണ്ടായിരുന്ന അധികാരം കുറേ സംവത്സരങ്ങൾ മാത്രമെ നടപ്പിൽ ഇരുന്നുള്ളു. സി. എം. എസ്. കാർ പഴയസെമിനാരിയിൽനിന്നു ഒരു മയിൽ അകലെ ഇപ്പോഴത്തെ കോട്ടയം കൊളേജ് പണിയിക്കയും അതിൽ വ

സ്കൂം, വാസസ്ഥലം മുതലായവ സൌജന്യമായി കൊടുത്തു പുത്തൻക്കൂ
ർ സുറിയാനിക്കുട്ടികളെ ചേത്തു പഠിപ്പിക്കയും ചെയ്തു. ഇവർ സി.
എം. എസ്. ക്കാരുടെ ക്രമം അനുസരിച്ചുള്ള ദേവാലയ ശുശ്രൂഷകളി
ലും പ്രാത്ഥനകളിലും സംബന്ധിച്ചിരുന്നു. തിരുവിതാംകൂറിലെ ആദ്യ
ഇംഗ്ലീഷ് വിദ്യാലയമായി സി. എം. എസ്. മിഷ്യനറിമാർ തുടങ്ങിയ
തും പിന്നീട ഈ പുതിയ കെട്ടിടത്തിൽ കൊളേജായിത്തീന്നതുമായ
ഈ വിദ്യാശാലയുടെ ഒന്നാമത്തെ "പ്രിൻസിപ്പാൾ" ജോൺ ചാപ്മ
ൻ (John Chapman) എന്നയാളായിരുന്നു. അദ്ദേഹത്തിന്റെ കീ
ഴിൽ പഠിച്ചിരുന്ന എട്ടൊ പത്തൊ പുത്തൻക്കുറുകാർ ആംഗ്ലിക്കൻ
സഭയിൽ ചേന്ന അതിലെ മെത്രാന്മാരിൽനിന്നു പട്ടം സ്വീകരിച്ചു
പാദ്രിമാരായി.

ആംഗ്ലിക്കൻ മിഷ്യനറിമാരും പുത്തൻക്കുറുകാരും തമ്മിൽ
ഭിന്നിച്ചു പിരിഞ്ഞെങ്കിലും ൨൫ സംവത്സരത്തെ പരസ്പര ബന്ധം മൂ
ലം പുത്തൻക്കുറുകാരിൽ ചുരുങ്ങിയ ഒരു കൂട്ടം– ഉദ്ദേശം ൩൦൦൦ ജ
നങ്ങൾ– സുറിയാനിപ്പള്ളിക്രമങ്ങളെ പരിത്യജിച്ചു ആംഗ്ലിക്കൻ സ
ഭാംഗങ്ങളായിത്തിന്നു. ഇവർ ഇക്കാലത്തും പ്രൊട്ടസ്റ്റൻറ്കാരായിത്ത
ന്നെ നില്ക്കുന്നു. മറ്റു പലർ മിഷ്യനറിമാരുടെ ഉപദേശങ്ങളിൽ പ
ലതും സ്വീകരിച്ചു തങ്ങളുടെ വിശ്വാസവും പള്ളിക്രമങ്ങളും നവീക
രിക്കണമെന്നുള്ള അഭിപ്രായക്കാരായിത്തിന്നു. "നവീകരണക്കാർ" എ
ന്നു അന്യന്മാരാലും "മാത്തോമ്മാ സുറിയാനിക്കാർ" എന്നു തങ്ങളാൽ
തന്നെയും പിൽക്കാലങ്ങളിൽ പേർ പറയപ്പെട്ടവർ ഇവർ തന്നെ.
കുബ്ബാനയിലും മറ്റും സാരമായ ഭേദഗതികളോടുകൂടിയെന്നിരുന്നാലും
സുറിയാനി ആരാധന ക്രമങ്ങളെത്തന്നെ അനുസരിക്കുന്നവരെങ്കിലും
അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിന്റെ അധികാരത്തെ തിര
സ്കരിച്ചു തങ്ങളുടെ മെത്രാനെ മാത്രം ഇവർ ആശ്രയിക്കുന്നതുകൊണ്ടു
"മെത്രാൻ കക്ഷിക്കാരെ"ന്നും പിന്നീട ഇവക്കു പേരുണ്ടായി. സുറി
യാനിക്കുബ്ബാനയിൽ മലയാള ജപങ്ങളെക്കൂടി കൂട്ടിക്കലത്തി "പാതി
ക്കുബ്ബാന"യാക്കുന്നതും വി. കുബ്ബാന ഉൾക്കൊണ്ട അവസരങ്ങളിൽ
മാത്രം ആ ക്രമാശയെ അനുഷ്ഠിക്കുന്നതുമാണ് ഈ വിഷയത്തിൽ നവീ
കരണക്കാർ വരുത്തീട്ടുള്ള പ്രധാന വ്യത്യാസങ്ങൾ. ബാക്കിയുള്ളവർ
"ബാവാ" എന്നു സാധാരണ പറഞ്ഞുവരുന്ന അന്ത്യോക്യായിലെ യാ
ക്കോബായ പാത്രിയക്കീസിന്റെ അധികാരത്തിനു കീഴ്പ്പെട്ടകയാൽ
അവക്കു "യാക്കോബായക്കാർ" എന്നും, "ബാവാകക്ഷിക്കാർ" എന്നും
ക്രമേണ നാമം ഉണ്ടായിച്ചു.

മാർ ദീവന്യാസ്യോസു കല്ലൂപ്പാറപ്പള്ളി ഇടവകയിൽപ്പെട്ട
മല്ലപ്പള്ളി എന്ന സ്ഥലത്തു ൧൮൫–ൽ ഒരു പള്ളി പണിയിച്ചു അ
വിടെ വികാരിയായി മാമ്മൻ എന്നൊരു കത്തനാരെ നിയമിക്കയുണ്ടാ
യി. അടുത്ത സംവത്സരമായ ൧൮൬–ൽ പുത്തൻക്കുറുകാരും മിഷ്യന
റിമാരും തമ്മിൽ ഭിന്നിച്ചപ്പോൾ ഇവിടത്തെ ജനങ്ങൾ രണ്ടായി
പിരിയുകകൊണ്ടു പുത്തൻക്കൂർ പരിത്യജിച്ചു പ്രൊട്ടസ്റ്റൻറു വിശ്വാസം

സ്വീകരിച്ചവർ തങ്ങൾക്കായി ഒരു പള്ളിപണിതു അതിലേക്കു മാറി. (62) പ്രൊട്ടസ്റ്റൻറുകാരുടെ ഈ പുതിയ പള്ളിയുടെ വികാരിയായി അന്നു നിയമിക്കപ്പെട്ടതു ഭരണങ്ങാനം ഇടവക പൗണ്ടിക്കളത്തു ലൂക്കാച്ചനാണ്. ദുർവൃത്തനായിരുന്ന ആ വൈദികൻ കത്തോലിക്കാ മതം പരിത്യജിച്ചു ആദ്യം പുത്തൻക്രൂരിൽ ചേർന്നു വിവാഹം ചെയ്തു മാർ ദീവന്യാസ്യോസിന്റെ കീഴിൽ നിന്നിരുന്നു. എന്നാൽ ഭാര്യ മരിക്കകൊണ്ടു പുനർവിവാഹം ചെയ്വാൻ ആഗ്രഹിച്ചു അതിനായി മെത്രാനോടു അനുവാദം ചോദിച്ചു. എന്നാൽ അപേക്ഷപോലെ അദ്ദേഹം അനുമതി നൽകിയില്ല. ഈ പതനത്തിലാണ് യാക്കോബായക്കാരും ആംഗ്ലിക്കൻ മിഷ്യനറിമാരും തമ്മിൽ ഭിന്നിച്ചതു്. ലൂക്കാച്ചൻ ഉടനെ പ്രൊട്ടസ്റ്റൻറു മതം സ്വീകരിച്ചു മല്ലപ്പള്ളിലെ പുതിയ പള്ളിയിൽ ചേർന്നു അവിടെ വികാരിജോലി വഹിക്കയും യാക്കോബായ സഭയിൽ തനിക്കു സാധിക്കുവാൻ നിവൃത്തിയില്ലാതിരുന്ന പുനർവിവാഹം അവിടെവച്ചു നടത്തുകയും ചെയ്തു. മല്ലപ്പള്ളിൽ പാത്തുവരവേ ൧൮൭൯-ൽ അദ്ദേഹം മരണംപ്രാപിച്ചു. ലൂക്കാച്ചൻ പുത്തൻക്രൂരിൽ ആയിരുന്നപ്പോൾ പ. ക. മറിയത്തിന്റെ പേരിൽ ഉണ്ടാകേണ്ട വണക്കത്തെ അനുകൂലിച്ചു വേദപുസ്തകത്തിന്റെ അമ്പതിൽപരം സാക്ഷികളെ കാണിച്ചുകൊണ്ടു ഒരു പ്രസംഗം ചെയ്തു. പിന്നീടു പ്രൊട്ടസ്റ്റൻറു മതം സ്വീകരിച്ച ശേഷമാകട്ടെ മേല്പറഞ്ഞ വിധംതന്നെ വേദപുസ്തകത്തിലെ വളരെ വാക്യങ്ങളെ വ്യാഖ്യാനിച്ചു കാണിച്ചുകൊണ്ടു പ്രസ്തുത വണക്കത്തിനു വിരോധമായി പ്രസംഗിക്കയുമുണ്ടായി. അദ്ദേഹത്തിന്റെ സംബന്ധികളും ഇഷ്ടജനങ്ങളും ദേശവാസികളുമായ ചിലരെല്ലാം മല്ലപ്പള്ളിൽ ചെന്നു തങ്ങളും അദ്ദേഹത്തിന്റെ മതം സ്വീകരിച്ചുകൊള്ളാമെന്നു പറഞ്ഞപ്പോൾ "നിങ്ങൾ എന്നെ അനുഗമിച്ചു ഈ മതത്തിൽ ചേരേണ്ടതില്ല; നിങ്ങൾ ഇപ്പോൾ ഏതുമതത്തിൽ നില്ക്കുന്നുവോ അതുതന്നെയാകുന്നു നിങ്ങൾക്കു ഉത്തമവും പ്രയോജനകരവും നിത്യരക്ഷയ്ക്കു ആവശ്യപ്പെട്ടതും; ഞാനും അതിലേക്കുതന്നെ ഒരിക്കൽ മടങ്ങിവരുന്നതാണ്" എന്നു മറുപടി പറഞ്ഞു അവരെ മടക്കി അയക്കുകയാണുണ്ടായതു്.

൧൮൭. പുത്തൻക്രൂറുകാരും പ്രൊട്ടസ്റ്റൻറു മിഷ്യനറിമാരും തമ്മിൽ ഭിന്നിച്ച അവസരത്തിൽ പുത്തൻക്രൂറുകാരിൽ ഒരു ക്രൂട്ടം നവീകരണാഭിപ്രായക്കാരായി പിരിഞ്ഞെന്നു കഴിഞ്ഞ ലക്കത്തിൽ പറഞ്ഞുവല്ലോ. ൧-ാം ദീവന്യാസ്യോസിനും അദ്ദേഹത്തിന്റെ അനുയായികൾക്കും പ്രതിക്രൂലികളായ ഇവർ അന്ത്യോക്യായിലെ യാക്കോബായ പാത്രിയക്കീസിന്റെ അടുക്കൽ ഒരാളെ അയച്ചു മെത്രാൻപട്ടം ഏൽപ്പിക്കുവാൻ നിശ്ചയിച്ചു. അതിനായി അവർ തിരഞ്ഞെടുത്തതു മാരാമൺ ഇടവക പാലക്കുന്നത്തു മാത്തൻ എന്നൊരു ശമ്മാശിനെയാണ്. അദ്ദേഹം കോട്ടയം സെമിനാരിയിൽ പഠിച്ചുവരവേ, ഏതോ സംഗതിവശാൽ മാർ ദീവന്യാസ്യോസിനാൽ മുടക്കപ്പെട്ടകയും അനന്തരം ൧൮൫൬-ൽ- ഭിന്നതയുടെ കാലത്തു- മദ്രാസിൽ പോയി സി. എം.

എസ്. വിദ്യാശാലയിൽ വൈദികവൃത്തിക്കായി പഠിക്കയുംചെയ്തു. ആ ചാരദൂഷ്യം (Misconduct) നിമിത്തം അവിടെനിന്നു തള്ളപ്പെട്ട മലയാളത്തിൽ മടങ്ങിവന്ന ശേഷം ഏതാനും പേരുടെ കൈയ്യൊപ്പുള്ള ഏഴത്തോട്ടക്കൂടി അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിന്റെ വാസസ്ഥാനമായ മർദ്ദീനി (Mardin) ലേക്കു പുറപ്പെട്ടു. ൧൭൯൨-ൽ മർദ്ദീനിൽ എത്തിയപ്പോൾ മാർ ഏലിയാപാത്രിയക്കീസു അദ്ദേഹത്തെ സ്നേഹപൂർവ്വം സ്വീകരിച്ചു കുറെ മാസത്തേക്കു അവിടെ താമസിപ്പിച്ചു. പാത്രിയക്കീസു അദ്ദേഹത്തിനു പൌരോഹിത്യവും മാർ അത്തനാസിയോസ് എന്ന നാമത്തിൽ മെത്രാൻ പട്ടവും കൊടുത്തു മലങ്കരയുടെ മെത്രാപ്പോലീത്താ ആയി നിയമിച്ചു അതിലേക്കുള്ള ഏഴത്തോട്ടക്കൂടി തിരികെ അയച്ചു. അദ്ദേഹം ൧൭൯൩-ൽ ഇവിടെ എത്തി തനിക്കുള്ള പിടിമാനത്തിൻപടി തന്നെ മലങ്കരയുടെ മെത്രാപ്പോലീത്താ ആയി സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടു. ചേപ്പാട്ടു മാർ ദീവന്ന്യാസ്യോസ് (നാലാം ദീവന്ന്യാസ്യോസ്) ആകട്ടെ ഇതിനു വിരോധിച്ചു നിന്നു. ദീവന്ന്യാസ്യോസിനെ മെത്രാനായി സ്വീകരിക്കുകൊണ്ടു ൧൭൯൪-ൽ അന്ത്യോക്യായിൽനിന്നു വന്ന മാർ അത്തനാസിയോസിനെ മടക്കി അയച്ച റസിഡൻറിന്റെ താങ്ങും കൈയ്യൂക്കുബലവും അദ്ദേഹത്തിനുണ്ടായിരുന്നു. മാർ അത്തനാസിയോസും കൂട്ടരും പാത്രിയക്കീസിനെ വഞ്ചിച്ചെന്നും താൻ പാത്രിയക്കീസിനു അനുസരണയുള്ളവനായിട്ടാണ് വർത്തിക്കുന്നതെന്നും, മാർ അത്തനാസിയോസ് പ്രോട്ടസ്റ്റൻറു മിഷ്യനറിമാരോടും അവരുടെ ഉപദേശങ്ങളോടും ചാഞ്ഞു നില്ക്കുന്നവരിൽ ഒരാളാണെന്നും മാർ ദീവന്ന്യാസ്യോസ് മർദ്ദീനിലേക്കു എഴുതി അയച്ചു. തന്നിമിത്തം പാത്രിയക്കീസ് തന്റെ സിക്രട്ടറിയായ മാർ ക്രൂറില്ലോസിനെ പൂർണ്ണാധികാരങ്ങളോടുകൂടി ൧൭൯൯-ൽ മലയാളത്തിലേക്കു വിട്ടു. മാത്രമല്ല, തന്റെ നാമത്തിൽ കല്പനകൾ അയക്കേണ്ടതിനായി സ്വന്ത ഒപ്പു വച്ച കുറേ കടലാസുകളും പാത്രിയക്കീസ് മാർ ക്രൂറില്ലോസിനെ ഏൽപ്പിച്ചുകൊടുത്തു. ക്രൂറില്ലോസു മലയാളത്തിൽ വന്നു്, തന്നെ മാർ ദീവന്ന്യാസ്യോസ് സ്നേഹപൂർവ്വം കൈക്കൊണ്ടതായി പാത്രിയക്കീസിനു റിപ്പോർട്ടയച്ചു. ഈ റിപ്പോർട്ടു കൈപ്പറ്റിയ ശേഷം പാത്രിയക്കീസ് ൧൭൯൫ മാർച്ചു മാസത്തിൽ ഒരെഴുത്തയക്കുകയുണ്ടായി. അതിൽ, മാർ അത്തനാസിയോസിനെ ബഹിഷ്കരിക്കുവാനായി ക്രൂറില്ലോസും ദിവന്ന്യാസ്യോസും ഒരുമിച്ചു ശ്രമിക്കണമെന്നു ആവശ്യപ്പെട്ടുകയും അതിനായി ഉത്സാഹിപ്പിക്കയും ചെയ്തിരുന്നു. മാർ ഏലിയാ പാത്രിയക്കീസു ഇതിനിടമരിക്കയാൽ നൂറാമത്തെ ഇഗ്നാത്തിയോസ് തൽസ്ഥാനത്തിൽ നിയമിതനായി. പുതിയ പാത്രിയക്കീസു തന്റെ സ്ഥാനാരോഹണത്തെപ്പറ്റി ൧൭൯൬ മെയ് മാസത്തിൽ മാർ ക്രൂറില്ലോസിനും മാർ ദീവന്ന്യാസ്യോസിനും എഴുതി അയച്ചു. ആ എഴുത്തിൽ മാർ മാത്തൻ അത്തനാസിയോസു മെത്രാപ്പോലീത്താ ഇടത്തുട്ടുകാരനാകുന്നു എന്നു പ്രസ്താവിച്ചിരുന്നു. താൻ ബദ്ധപരിശ്രമം ചെയ്തു മാർ അത്തനാസിയെ ഓ

ടിക്കണമെന്നു പുതിയ പാത്രിയക്കീസിനു ആഗ്രഹമുണ്ടായിരുന്നതിനാൽ അതിനുള്ള ഒരു എളുപ്പ വഴിയായി ക്വറില്ലോസു തന്നെത്തന്നെ മലങ്കരയുടെ മെത്രാപ്പോലീത്താ ആയി നിയമിച്ചു പാത്രിയക്കീസിന്റെ ഒപ്പുള്ള മേല്പറഞ്ഞ കടലാസിൽ ആ വിധം പരസ്യപ്പെടുത്തി. മാർ ദീവന്യാസ്യോസും ഇക്കാര്യത്തിൽ ക്വറില്ലോസിനോടു ചേർന്നു പ്രവർത്തിക്കയും തന്റെ അധികാരം അദ്ദേഹത്തിനു കൊടുത്തുകൊണ്ടു ആ വിവരം റസിഡണ്ടിനെ അറിയിക്കയും ചെയ്തു. ആകയാൽ തിരുവിതാംകൂർ സർക്കാർ, മാർ അത്തനാസിയുടെ പിടിമാനങ്ങളോ, മാർ ക്വറില്ലോസിന്റെ പിടിമാനങ്ങളോ ഏതാണ് യഥാർത്ഥമെന്നു കൊല്ലത്തുവെച്ചു പരിശോധിച്ചു റിപ്പോർട്ടുചെയ്യുവാൻ ക്വയിലോണിൽ ഒരു കമ്മട്ടിയെ ഏർപ്പെടുത്തി. കമ്മട്ടിയാകട്ടെ മാർ അത്തനാസിയുടെ പിടിമാനങ്ങളാണു യഥാർത്ഥമെന്നും, അദ്ദേഹം ഒരു തിരുവിതാംകൂർകാരനാണെന്നും, മാർ ക്വറില്ലോസിന്റെ പിടിമാനങ്ങൾ വ്യാജനിർമ്മിതങ്ങളും അയാൾ ഒരു വിദേശിയുമാണെന്നും, മാർ ദീവന്യാസ്യോസും ഈ വ്യാജനിർമ്മാണത്തിൽ ഒരു കൂട്ടാളിയാണെന്നും റിപ്പോർട്ടുചെയ്തു. ഈ റിപ്പോർട്ടനുസരിച്ചു തിരുവിതാംകൂർ ഗവർമ്മേണ്ടു ക്വയിലോണിൽ മാർ അത്തനാസിയോസിനെ ന്യായാധികാരിയായി സ്വീകരിച്ചു. ഇങ്ങനെ പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ ഉപദേശങ്ങളോടു ആനുകൂല്യമുള്ള കക്ഷിക്കാർ വിജയികളായിത്തീർന്നു. ദീവന്യാസ്യോസു നാലാമൻ ഇതോടെ ഇടിയുകയും ക്വയിലോണിൽ മരണം പ്രാപിക്കയും ചെയ്തു. മാർ ക്വറില്ലോസിനോടു തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും മാറിപ്പൊയ്ക്കൊള്ളണമെന്നു ബ്രിട്ടീഷ് റസിഡൻറു ആജ്ഞാപിക്കയാൽ അദ്ദേഹം അധികാരം പ്രവർത്തിക്കുവാൻ നിവൃത്തിയില്ലാതെ പള്ളികളിൽ സഞ്ചരിച്ചു കാലം കഴിച്ചു.

കമ്മട്ടി കൊല്ലത്തു പരിശോധന നടത്തിവരവെ, മാർ ക്വറില്ലോസിന്റെ കയ്യിലടങ്ങിൽ മതിയാകുന്നില്ലെന്നു കണ്ടു് ൟ൨–ാമത്തെ ഇഗ്നാത്തിയോസ് പാത്രിയക്കീസ് മാർ എസ്തപ്പാനോസ് എന്നൊരു മെത്രാനെ ക്വയിലോൺ–ൽ മലയാളത്തേക്കയച്ചു. അദ്ദേഹത്തിന്റെ വരവു മാർ ക്വറില്ലോസിനും മാർ ദീവന്യാസ്യോസിനും അനുകൂലവും മാർ അത്തനാസിയോസിനും അദ്ദേഹത്തെ ആദരിച്ചിരുന്ന റസിഡൻറു മിഷ്യനറിമാർ എന്നവർക്കും വിരോധവുമായിരിക്കകൊണ്ടു അദ്ദേഹം മലങ്കരസഭാകാര്യങ്ങളിൽ ഏർപ്പെടരുതെന്നു റസിഡണ്ടു ജനറൽ കല്ലൻ (General Cullen) വിരോധിച്ചു. മാർ എസ്തപ്പാനോസാകട്ടേ ലണ്ടനിലുള്ള നായകസംഘത്തിന്റെ (Court of Directores in London hall Street) അടുക്കൽ അപ്പീൽ ചെയ്കയാൽ റസിഡൻറു മുതലായവർ സുറിയാനിക്കാരുടെ സഭാകാര്യങ്ങളിൽ പ്രവേശിക്കരുതെന്നു വിരോധിച്ചും സുറിയാനിക്കാരുടെ തർക്കവാദങ്ങൾ അവർ തന്നെ യഥേഷ്ടം തീരുമാനിച്ചുകൊള്ളുന്നതിനായി വിട്ടുവിടണമെന്നുപദേശിച്ചും ക്വയിലോൺ–ൽ അവിടെനിന്നു ഒരു കല്പന വന്നു. ഇതോടെ അഞ്ചു സംവത്സരങ്ങളായി അടങ്ങിയിരുന്ന മാർ ക്വറില്ലോസു വീണ്ടും

വെളിയിൽ കാണപ്പെട്ട. അദ്ദേഹം മാർ അത്തനാസിയോസിനു വിരോധമായി പ്രവർത്തിക്കുകൊണ്ടു പല സ്ഥലങ്ങളിലും ഭിന്നതയുണ്ടാകുവാനിടയായി. തിരുവിതാംകൂർ സർക്കാരാവട്ടെ, മാർ ക്രിസ്റ്റോസിനെ അനുഗമിക്കുവാൻ മനസ്സുള്ളവർക്ക് അതിനു സ്വാതന്ത്ര്യമുണ്ടെന്നും അപ്പോഴുള്ള പള്ളികൾ മാർ അത്തനാസിയോസിനും കൂട്ടർക്കും നിർബാധം ഒഴിഞ്ഞുകൊടുത്തുകൊണ്ടു തങ്ങൾക്കു പുതുതായി പള്ളി പണിയിച്ചുകൊള്ളണമെന്നും കൊല്ലം-ൽ വിളംബരം പ്രസിദ്ധീകരിച്ചു. ആ ഇടയ്ക്കു മാർ ക്രിസ്റ്റോസ് പള്ളികളിൽ ചുറ്റിസഞ്ചരിക്കയിൽ പുതുപ്പള്ളിപ്പള്ളിയിൽ ചെല്ലുകയും മാർ അത്തനാസിയോസിൽനിന്നു പട്ടമേറിയിരുന്ന കാരാപ്പുഴയച്ചൻ അവിടെ കുമ്പാനചൊല്ലുന്ന സമയം പള്ളിയിൽ കടന്നു കാസായും പീലാസായും തട്ടിമറിച്ചിട്ടുകയുമുണ്ടായി. മാർ അത്തനാസിയോസിനെ പാത്രിയർക്കീസു മുടക്കുകയും ഭ്രഷ്ടാക്കുകയും ചെയ്തിരുന്നതുകൊണ്ട് അദ്ദേഹത്തിൽനിന്നു സ്വീകരിച്ച പട്ടം സാധുവല്ലെന്നും അതിനാൽ ആ പട്ടക്കാരൻ ക്രമാശചെയ്ത തിരുശരീരവും തിരുരക്തവും 'പട്ടിക്കാഷ്ട'മാണെന്നും പറഞ്ഞുകൊണ്ടാണ് ഈവിധം പ്രവർത്തിച്ചത്. അന്നു പുതുപ്പള്ളിൽ ഇരുകക്ഷിക്കാരുമുണ്ടായിരുന്നു. ഈ പ്രവൃത്തി ഒരു കക്ഷിക്കാരും രസിച്ചില്ല. മേൽപറഞ്ഞ സർക്കാർ വിളംബരം ഹേതുവായിട്ട മാർ ക്രിസ്റ്റോസ് കൈയ്സുകൊടുത്തു കായ്ത്തീർച്ച വരുത്തുവാൻ നിശ്ചയിച്ചു. കുന്നങ്കുളത്തു പുലിക്കോട്ടയൗസേപ്പു കത്തനാരാണ് മാർ ക്രിസ്റ്റോസിന്റെ പേർക്കു കൈയ്സു നടത്തിയത്. അയാൾ മദ്രാസ്വരെ പോയെങ്കിലും ഒടുവിൽ അപജയമാണുണ്ടായത്. കൈയ്സ് തോറ്റുപോയതിനാൽ ക്രിസ്റ്റോസിന്റെ കക്ഷിക്കാർ പ്രസ്തുത യൗസേപ്പുകത്തനാരെ കൊല്ലം-ൽ പാത്രിയർക്കീസിന്റെ പക്കലേക്ക് അയക്കുകയും അദ്ദേഹം ദീവന്ന്യാസ്യോസ് എന്ന നാമത്തിൽ അയാളെ മെത്രാപ്പോലീത്താ ആയി വാഴിക്കയും ചെയ്തു. കൊല്ലം-ൽ അദ്ദേഹം തിരിച്ചു മലയാളത്തിൽ എത്തി തന്നെ മെത്രാപ്പോലീത്താ ആയി സ്വീകരിക്കണമെന്നു തിരുവിതാംകൂർ സർക്കാരിനോടു ആവശ്യപ്പെട്ട. മാർ മാത്തൻ അത്തനാസിയോസിനായിരുന്ന സ്വാധീനശക്തി. അതിനാൽ അത്തനാസിയോസുമായി രമ്യതപ്പെടുകയോ വ്യവഹാരംകൊണ്ടു കായ്യം തീരുമാനിക്കയോ ചെയ്യണമെന്നായിരുന്നു കൊല്ലം ജൂലൈ ൫-ാംനു- തിരുവിതാംകൂർ സർക്കാരിൽനിന്നു മുപടിയുണ്ടായത്.

മാർ അത്തനാസിയോസാകട്ടെ തന്റെ സംബന്ധി (Cousin) ആയ തോമ്മാക്കത്തനാരെ കൊല്ലവ്വ-ൽ പിൻഗാമിയായി വാഴിച്ചു സ്വന്തനിലയുറപ്പിച്ചു. അടുത്തയാണ്ടിൽ മാർ ദീവന്ന്യാസ്യോസ് മദ്രാസ് ഗവർമ്മേൻറിനോട് അപേക്ഷിച്ചെങ്കിലും അവർ ഇക്കായ്യത്തിൽ പ്രവേശിക്കാതെ ഒഴിഞ്ഞുകളകയാണുണ്ടായത്. മാർ മാത്യു അത്തനാസിയോസ് പട്ടക്കാരുടേയും ജനങ്ങളുടേയും ഒരു സൂനഹദോസു കൊല്ലം-ൽ കോട്ടയത്തു കൂട്ടി. അതിൽഉദ്ദേശം എഴുനൂറു ജനങ്ങളും പട്ടക്കാരും സംബന്ധിച്ചിരുന്നു. ആ സൂനഹദോസിൽ,

ജനങ്ങളിൽനിന്നും പട്ടക്കാരിൽനിന്നും ൧൨ പേരെ തിരഞ്ഞെടുത്തു ഒരു കമ്മട്ടി രൂപവല്ക്കരിച്ചു. അവർ പള്ളിക്കാര്യങ്ങളുടെ നടത്തലിൽ സഹായികളായിരിക്കാൻ ഏല്പാട്ടചെയ്തുയും കോട്ടയം കോളേജിൽ ചേർന്നു പഠനം പൂർത്തിയാക്കാത്തവർക്കു പട്ടം കൊടുക്കേണ്ടതല്ലെന്നു ഒരു നിയമം പാസ്സാക്കുകയും ചെയ്തു. (White house p. 291). അന്ത്യോക്യാ പാത്രിയക്കീസ് ൧൮൬൬-ൽ മരിക്കുകൊണ്ടു പത്രോസ് എന്നയാൾ രണ്ടാം ഇഗ്നാത്തിയോസ് എന്ന നാമത്തിൽ ൧൮൬൮-ൽ സ്ഥാനാരൂഢനായി. തന്റെ പാത്രിയക്കീയ ഇടവകയുടെ ഭാഗമായ മലയാളം തനിക്കു നഷ്ടമായേക്കുമോ എന്നു ഭയന്നു അദ്ദേഹം ൧൮൭൪-ൽ ലണ്ടനിൽ പോയി കാൻറർബറി മെത്രാപ്പോലീത്തായേയും പ്രധാനന്മാരായ മറ്റു പലരേയും കണ്ടെങ്കിലും അതുകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. അതിനാൽ അദ്ദേഹം ൧൮൭൬-ൽ മലയാളത്തിൽ വന്നു. പാത്രിയക്കീസിന്റെ വരവുമൂലം ബാവാകക്ഷിക്കാർക്കു ബലവും എതിർകക്ഷിക്കാർക്കു ബലക്ഷയവുമുണ്ടായി. പിറേറ ആണ്ടു (൧൮൭൭) ജൂൺമാസത്തിൽ അദ്ദേഹം മുളന്തുരുത്തിൽ ഒരു സൂനഹദോസ് കൂട്ടി. വിരോധകക്ഷിക്കാരാൽ "ചുമ്മാ മെത്രാൻ" എന്നു വിളിക്കപ്പെട്ടിരുന്ന മാർ അത്തനാസിയോസ് മെത്രാനെ പാത്രിയക്കീസ് വീണ്ടും മുടക്കുകയും ശപിക്കയും അദ്ദേഹത്തിനു വിരോധമായി പല നിയമങ്ങൾ സൂനഹദോസിൽ പാസ്സാക്കുകയും ചെയ്തു. പാത്രിയക്കീസു രക്ഷാധികാരിയായും മലങ്കര മെത്രാപ്പോലീത്താ പ്രസിഡണ്ടായും സ്ഥാപിക്കപ്പെട്ടിരിക്കുന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും ആ സൂനഹദോസിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. മലങ്കര മെത്രാപ്പോലീത്തായും അസോസിയേഷനുംകൂടി മലങ്കര യാക്കോബായസഭയുടെ സകല കാര്യങ്ങളും നടത്തണമെന്നു മുളന്തുരുത്തി സൂനഹദോസു നിശ്ചയിച്ചു. അസോസിയേഷന്റെ അനുമതിയോടുകൂടി ചെയ്യുന്ന പ്രവൃത്തികൾ മാത്രമേ സമുദായത്തെ ബാധിക്കയുള്ളു എന്നും അവിടെ നിർണ്ണയംചെയ്തു. അനന്തരം ൧൮൭൮-ാമാണ്ടിന്റെ അവസാനത്തിൽ പാത്രിയക്കീസു മർദ്ദീനിലേക്കു മടങ്ങിപ്പോയി. മടക്കത്തിനുമുമ്പായി അദ്ദേഹത്തിന്റെ ആജ്ഞയിൽ നിന്നിരുന്ന പുലിക്കോട്ടു മാർ ദീവന്ന്യാസ്യോസിനെ പുറമേ, ആറു മെത്രാന്മാരെക്കൂടി അഭിഷേകം ചെയ്തുയും അവർക്കു ഓരോ ഇടവക നിശ്ചയിക്കയും ചെയ്തു. ഈ വിഭാഗം അനുസരിച്ചുള്ള ഇടവകകൾ കൊച്ചി, അങ്കമാലി, കണ്ടനാട്ടു, കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം ഇവയാണ്. സമാധികാരങ്ങളോടുകൂടിയാണ് ഈ ഏഴു മെത്രാന്മാരേയും പാത്രിയക്കീസു നിയമിച്ചതു്. മാർ ദീവന്ന്യാസ്യോസ് ഈ ഇടവകകളിൽ ഒന്നിന്റെ അദ്ധ്യക്ഷനായിമാത്രം നിയമിക്കപ്പെട്ടിരുന്നതേയുള്ളു; എങ്കിലും സ്വാധീനബലം, സാമർത്ഥ്യം ഇത്യാദികൾമൂലം അദ്ദേഹം മറ്റു മെത്രാന്മാരുടെ മേലാവെന്ന നിലയിൽ വർത്തിച്ചുപോന്നു. സൂനഹദോസിന്റെ ഫലമായി പിന്നീടു രൂപവല്ക്കരിക്കപ്പെട്ടതും മെത്രാന്മാരും പട്ടക്കാരും ജനങ്ങളും ചേർന്നുള്ളതുമായ അസോസിയേഷൻ കമ്മിറ്റി നിവൃത്തിയായപ്പോ

ൽ അതിന്റെ പ്രസിഡണ്ടായി മാർ ദീവന്യാസ്യോസ് നിശ്ചയിക്കപ്പെടുകയും ഒപ്പാതുസഭക്കുകളുടെ കൈക്കാരന്മാർ (Trustees) ആയി ൧൨—൫ പേർ നിയമിക്കപ്പെടുകയുമുണ്ടായി.

പാത്രിയക്കീസ് മാത്തൻ മെത്രാനെ മുടക്കിയപ്പോൾ അദ്ദേഹവും കൂട്ടരും സ്വതന്ത്ര (Independent) കക്ഷിയായി തിരിയുകയും മലങ്കരസഭയിന്മേൽ യാതൊരുത്തനും അധികാരമില്ലെന്നു വാദിക്കയും തങ്ങൾ മാത്തോമ്മാ ശ്ലീഹായുടെ സ്വതന്ത്രസഭയാണെന്നു പറഞ്ഞുകൊണ്ട് 'മാത്തോമ്മാ സുറിയാനിക്കാർ' എന്ന സ്വയമേ അഭിധാനം ചെയ്കയും ചെയ്തു. മാർ മാത്യു അത്തനാസിയോസ് ൧൮൭൭-ൽ മരിക്കയാൽ മാർ തോമ്മാ അത്തനാസിയോസ് ഭരണം ആരംഭിച്ചു. അഞ്ഞൂർ മെത്രാനായ ഫിലൊക്സേനോസ് അനുഗാമിയെ വാഴിക്കാതെ മരിക്കകൊണ്ട് ക്യറിലോസ് മൂന്നാമൻ എന്ന അഭിധാനത്തിൽ അവിടേക്ക് ഒരാളെ വാഴിച്ചത് മാത്യു അത്തനാസിയോസാണ്.

മുളന്തുരുത്തി സൂനഹദോസിന്റെ നിയമങ്ങൾ നടത്തിക്കൊടുക്കണമെന്നും മാർ അത്തനാസിയെ ഒഴിച്ചുകൊടുക്കണമെന്നും മാർ ദീവന്യാസ്യോസ് തിരുവിതാംകൂർ സർക്കാരിനോടു അപേക്ഷിച്ചു. അതിനു തി. സർക്കാർ ൧൮൭൮ മാർച്ച് ൧൨-ാം൹- പ്രസിദ്ധീകരിച്ച വിളംബരത്തിൽ, പുത്തൻകൂർ സുറിയാനി സഭയേയും അതിലെ നിയമങ്ങളേയും സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ പ്രവേശിക്കയില്ലെന്നും അങ്ങനെയുള്ള നിയമങ്ങളിന്മേലും പള്ളിവസ്തുക്കളിന്മേലുമുള്ള അവകാശങ്ങളും തർക്കങ്ങളും നീതിന്യായകോടതികളിൽ ബോധിപ്പിച്ചു തീർത്തുകൊള്ളണമെന്നും പ്രസ്താവിച്ചിരുന്നു. ഇതനുസരിച്ചു മാർ ദീവന്യാസ്യോസ്, താൻ യാക്കോബായ പാത്രിയക്കീസിനാൽ മലയാളത്തിലെ മെത്രാപ്പോലീത്താ ആയി യഥാവിധി നിയമിക്കപ്പെട്ടിരിക്കുന്നു എന്ന ന്യായത്താൽ, കോട്ടയം പഴയസെമിനാരിയും മറ്റു വസ്തുക്കളും തനിക്കു കിട്ടണമെന്നു വാദിച്ച് മാർ തോമ്മാ അത്തനാസിയോസിന്റെമേൽ ആലപ്പുഴ ജില്ലാക്കോർട്ടിൽ ൧൮൭൮ മാർച്ച് ൧൨-ാം൹- കേയ്സു കൊടുത്തു. അവിടെ അദ്ദേഹത്തിന്റെ വാദത്തിനു അനുകൂലമായി വിധി പ്രസ്താവിക്കപ്പെട്ടു. എതിർകക്ഷികളാകട്ടെ ഇതേപ്പറ്റി ഹൈക്കോർട്ടിൽ അപ്പീൽചെയ്തു. കെയ്സ് ജില്ലയിലും ഹൈക്കോർട്ടിലുംകൂടി പത്തു സംവത്സരത്തോളം വിസ്താരത്തിൽ ഇരുന്നശേഷം ൧൮൮൭-ൽ മാർ ദീവന്യാസ്യോസിനു ഹാനിയായി വിധിയുണ്ടായി. ഹൈക്കോർട്ടിലെ ബഞ്ചിൽ രണ്ടു ബ്രാഹ്മണരും ഒരു യൂറോപ്യനും ഇങ്ങനെ മൂന്നു ജഡ്ജിമാരാണുണ്ടായിരുന്നത്. യൂറോപ്യൻ ജഡ്ജിയായ ഓർമ്സ്ബി (Mr. Justice Ormsby) യുടെ അഭിപ്രായത്തിനു വിപരീതമായിട്ടായിരുന്നു വിധി. അദ്ദേഹം വിധിച്ചത് ഈ പള്ളി പോർട്ടുഗീസുകാരുടെ ആഗമനംവരെ നെസ്തോറിയൻ ആയിരുന്നെന്നും ൧൫൯൯-ൽ ഈ സഭ റോമാ കത്തോലിക്കാ സഭയിൽ നിന്നു വിട്ടുമാറിയശേഷം ൧൭൯൯-ൽ അന്ത്യോക്യായിലെ യാക്കോബായ പാത്രിയക്കീസിൽനിന്നു പട്ടംസ്വീകരിച്ചെന്നും, എങ്കിലും ഈസഭയിലെ

മേല്പട്ടസ്ഥാനത്തിന്റെ ന്യായമായ പിന്തുടർച്ചക്കു ആ പാത്രിയക്കീസിന്റെ സമ്മതമാവശ്യമാണെന്നുള്ള വാദം തെളിയിക്കപ്പെട്ടിട്ടില്ലെന്നും, തന്നിമിത്തം മാർ ദീവന്യാസ്യോസിന്റെ അപേക്ഷപോലെ വിധിക്കുവാൻ പാടില്ലെന്നുമായിരുന്നു. ബഞ്ചിൽ ഭൂരിപക്ഷമായിരുന്ന രണ്ടു ബ്രാഹ്മണ ജഡ്ജിമാരാവട്ടേ, ഈ സഭ പോർട്ടുഗീസുകാരുടെ ആഗമനത്തിനു മുമ്പേതന്നെ അന്ത്യോക്യായിലെ യാക്കോബായ പാത്രിയക്കീസിന്റെ കീഴിൽ സ്ഥിതിചെയ്തിരുന്നെന്നും, ഇപ്പോഴും ആ നിലയിൽതന്നെ ഇരിക്കുന്നെന്നും, മാർ ദീവന്യാസ്യോസു മലയാളത്തിലെ യാക്കോബായ സഭയ്ക്കു മെത്രാന്മാരെ നിയമിക്കുവാൻ അധികാരമുള്ള ഏക നായകനാൽ ക്രമാനുസാരം വാഴിക്കപ്പെട്ട ഒരു മെത്രാനാണെന്നും, ൧൮൯൩-ൽ കൂടിയ ഒരു സൂനഹദോസിൽവെച്ചു് ആ സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചെന്നും മിസ്റ്റർ ഓർമ്സ്ബിയുടെ തീരുമാനത്തിനു വിരോധമായി വിധിച്ചു. ഈ ന്യായങ്ങളെ ആധാരമാക്കി മാർ ദീവന്യാസ്യോസിനു അനുകൂലമായി വിധി പ്രസ്താവിക്കപ്പെടുകയും അദ്ദേഹം സെമിനാരി മുതലായവ കൈവശപ്പെടുത്തുകയും ചെയ്തു (63).

൨൭. പാത്രിയക്കീസു മാർ മാത്തു അത്തനാസിയോസിനെ മുടക്കുകയും അദ്ദേഹത്തെ ഭ്രഷ്ടാക്കുന്നതിനുവേണ്ട സകല നടപടികളും നടത്തണമെന്ന് മാർ ക്രൂില്ലോസിനോടും അറിയിക്കയും ചെയ്തെന്നും പേപ്പാട്ട മാർ ദീവന്യാസ്യോസും മാർ ക്രൂില്ലോസും ഈ സംഗതിയിൽ യോജിച്ചു പ്രവർത്തിക്കണമെന്നു ആജ്ഞാപിച്ചെന്നും മുകളിൽ (ല. ൨൪) പ്രസ്താവിച്ചുവല്ലോ. പാത്രിയക്കീസിന്റെ മുടക്കും ഭ്രഷ്ടാക്കലും നിമിത്തം മാർ മാത്തു അത്തനാസിയോസ് മെത്രാൻപട്ടമൊ വെറും കശീശാസ്ഥാനം മാത്രമോ ഇല്ലാത്തവനായിത്തീർന്നെന്നും അദ്ദേഹത്തിൽ നിന്നു പട്ടമേറ്റിരുന്നവർക്കു സാക്ഷാൽ പട്ടസ്ഥാനം ഇല്ലെന്നുമാണു യാക്കോബായക്കാരുടെ ഇടയിൽ വിശ്വസിക്കപ്പെട്ടുപോരുന്നതു്. മാർ ക്രൂില്ലോസു് പുതുപ്പള്ളിൽ വച്ചു് മേൽപ്രാഞ്ഞ പട്ടക്കാരൻ കുർബാന ചൊല്ലുമ്പോൾ കാസായും പീലാസായും തട്ടിമറിച്ചു കളഞ്ഞതിന്റെയും അതിലുണ്ടായിരുന്ന ക്രമക്കേടുകൾ ചെയ്യപ്പെട്ട ഇരുസാക്ഷ്യങ്ങളും 'പട്ടിക്കാഷ്ട'മെന്നു പറഞ്ഞതിന്റെയും കാരണം ഇതാണു്. പാത്രിയക്കീസു മലയാളത്തിൽ വന്ന കാലത്തു് മാർ മാത്തു അത്തനാസിയോസിനെ 'ചുമ്മാമെത്രാൻ' എന്നു ജനങ്ങൾ വിളിച്ചുപോന്നതിന്റെ കാരണവും ഇതുതന്നെ. ഇതിനു ഏതാനും സംവത്സരങ്ങൾക്കുമുമ്പു— ൧൮൫൫-ൽ— അന്ത്യോക്യായിൽ നിന്നു വന്ന മാർ അത്തനാസിയോസ് വലിയ മാർ ദീവന്യാസ്യോസിന്റെ കാലശേഷം ഭരണം നിർവ്വഹിച്ച ഏഴാമത്തേയും എട്ടാമത്തേയും മാർ തോമ്മാമാരിൽ നിന്നും രണ്ടാമത്തേയും മൂന്നാമത്തേയും മാർ ദീവന്യാസ്യോസ്മാരിൽ നിന്നും പട്ടമേറ്റിരുന്നവരുടെ പട്ടസ്ഥാനമൊന്നും സാധുവല്ലെന്നു വാദിക്കുകയും ചിലർക്കു ആവർത്തിച്ചു പട്ടം

കൊടുക്കയുണ്ടായി. ഇങ്ങനെ അദ്ദേഹം വാദിച്ചതും ആവത്തിച്ചു പട്ടം കൊടുത്തതും പ്രസ്തുത മെത്രാന്മാരെ പാത്രിയക്കീസു മുടക്കുകയോ ഭ്രഷ്ടാക്കുകയോ ചെയ്തതുകൊണ്ടല്ല. അതിനുള്ള ഏക കാരണം അവർ പാത്രിയക്കീസിന്റെ അനുമതിക്രുടാതെ മെത്രാൻപട്ടം സ്വീകരിച്ചുപോയി എന്നുള്ളതു മാത്രമാണ്. പാത്രിയക്കീസിന്റെ അനുമതിക്രുടാതെ മെത്രാൻപട്ടം ഏൽക്കുന്നതായാൽ അതു സാധുവല്ലെന്നും അദ്ദേഹം യാതൊരു മെത്രാനെ ഭ്രഷ്ടാക്കിയാൽ ആ മെത്രാന്റെ പട്ടം അസാധുവായിപ്പോകുമെന്നും ഈ മലയാളത്തിൽ വിശ്വസിച്ചുപോന്നിരുന്നില്ല. ഇതുയാക്കോബായസഭയുടെ ഒരു വിശ്വാസകാര്യമാണെന്നുമലയാളത്തിലാരുവരെ—അതായതു ൧൯൭൫ വരെ—അറിയപ്പെട്ടിരുന്നുമില്ല. ൧൯൭൪-ൽ മലങ്കരയിൽ വരികയും യാക്കോബായവിശ്വാസം ആദ്യമായി പഠിപ്പിക്കയും ചെയ്ത മാർ ഗ്രിഗോരിയോസ് ഇങ്ങനെ ഒരു വിശ്വാസം മലയാളത്തുകാരെ പഠിപ്പിക്കയോ അത് വിശ്വാസകാര്യമാണെന്നു ഉപദേശിക്കയോ ചെയ്തിട്ടില്ലാത്തതാണ്. അദ്ദേഹം പഠിപ്പിച്ച വിശ്വാസകാര്യങ്ങൾ ൧൯—ാം അദ്ധ്യായം ൨൪—ാം ലക്കത്തിൽ ഞങ്ങൾ ചേർത്തിട്ടുണ്ട്. അവ ഏവയെന്നാൽ: ൧) റോമാ മാപ്പാപ്പായും നെസ്തോറിയോസും പതിതരാണെന്നും, ൨) അന്ത്യോക്യാസഭയുടെ കത്തിന്റെ തലയും മാതാവുമാണെന്നും, ൩) മ്ശിഹായിൽ ഒരു ഏക സ്വഭാവമേയുള്ളു, അത് ദൈവസ്വഭാവമാണ് എന്നും, ൪) രൂഹാദ ക്കുദശാ പിതാവിൽനിന്നല്ലാതെ പുത്രനിൽനിന്നു പുറപ്പെടുന്നില്ലെന്നും, ൫) ആത്മാക്കൾ മരണശേഷം പരിഹാരാഗ്നിയിൽ ശുദ്ധീകരിക്കപ്പെടുന്നില്ലെന്നും, ൬) പുളിച്ച അപ്പം (ഹമീറാ=ചമ്മന്തി) മാത്രമേ കുർബ്ബാനയിൽ ഉപയോഗിക്കാവൂ എന്നും, ൭) കുർബ്ബാന കാപ്പ ധരിച്ചു കൊണ്ടല്ലാതെ കുർബ്ബാനക്കപ്പായം ധരിച്ചു ചൊല്ലിക്കുടെന്നും, ൮) അമ്പതുനോമ്പു കത്തോലിക്കർ തുടങ്ങിക്കഴിഞ്ഞു പത്തുദിവസം താമസിച്ചു— അതായതു ജൂലിയൻ പഞ്ചാംഗം അനുസരിച്ചു— ആരംഭിക്കണമെന്നുമത്രേ. മാർ ഗ്രിഗോരിയോസിനു ശേഷം— എന്നു വെച്ചാൽ ൧൯൭൪-ൽ— വന്ന മാർ ബസേലിയോസ്, മാർ യോഹന്നാൻ എന്ന മെത്രാന്മാർ ചില കൂട്ടരുതൽ കാര്യങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. (ടി. അ. ല. ൧൭). അവയിലും പാത്രിയക്കീസിന്റെ മുടക്കോ മറ്റോ കൊണ്ടു പട്ട സ്ഥാനം നശിച്ചുപോകുമെന്നും മറ്റും അവർ ഉപദേശിച്ചിട്ടില്ല. യാക്കോബായ സഭയിൽ ഇങ്ങനെ ഒരു വിശ്വാസം മുൻകാലങ്ങളിൽ ഉണ്ടായിരുന്നതായി ചരിത്രരേഖകൾകൊണ്ടു പ്രത്യക്ഷപ്പെടുന്നുമില്ല. ഇതു പാത്രിയക്കീസുമാരുടെ അധികാരത്തെ ബലപ്പെടുത്തുവാൻ വേണ്ടി പിൽക്കാലങ്ങളിൽ കൂട്ടിച്ചേർത്ത ഒരു വിശ്വാസം മാത്രമാണ്. ൧൯—ാംനൂറ്റാണ്ടിൽ ഈ വിശ്വാസം യാക്കോബായ സഭയിൽ ഇല്ലാതിരുന്നതുകൊണ്ടാണ മാർ ഗ്രിഗോരിയോസു മുതലായവർ ആ വിധം ഇവിടെ ഉപദേശിക്കാഞ്ഞതു. ഇതു വിശ്വാസകാര്യമായിത്തീർന്നതു അതിൽപിന്നെയാണ്. ഈ വിശ്വാസപ്രകാരം, ഇപ്പോഴത്തെ മാർ ദീവന്യാസ്യോസ്, പാത്രിയക്കീസിനാൽ ഭ്രഷ്ടാക്കപ്പെട്ടതായാൽ ആകയാ

ൽ, അദ്ദേഹത്തിന്റെ മെത്രാൻപട്ടം പോയെന്നും ഒരു വെറും അൽമായക്കാരനെപ്പോലെ അദ്ദേഹം ആയിത്തീർന്നെന്നുമാണു യാക്കോബായക്കാരുടെ ഇടയിൽ വിശ്വസിക്കപ്പെടുന്നതു്. (എതിർകക്ഷികളായ മാർ ദീവന്യാസ്യോസും കൂട്ടരും പറയുന്നതു അകാരണമായ മുടക്കു സാധുവല്ലെന്നാണു്. ഇതിന്റെ അർത്ഥം മുടക്കുകാരണത്തോടുകൂടിയാകുമ്പോൾ സാധുവാണെന്നും അതിനാൽ പട്ടത്വം പൊയ്പോകുമെന്നുമാണല്ലോ.)

യാക്കോബായ സഭയിലെ ഈ പുതിയ വിശ്വാസപ്രകാരം പുരാതനമായ ഒരു വിശ്വാസം അവരുടെ ഇടയിൽ തൃജിക്കപ്പെട്ടുപോകുന്നു. ക്രദാശകളെ പ്രവർത്തിക്കുമ്പോൾ അതിലെ പ്രധാന പ്രവർത്തകൻ (Principalis agens) അവയുടെ സ്ഥാപകനായ മ്ശിഹാതന്നെയാണു്. മ്ശിഹായുടെ സ്ഥാപനത്തെ മാറുവാനോ മറിച്ചുകളയുവാനോ ഭൂമിയിൽ യാതൊരുത്തനും അധികാരമില്ല. പിതാവിന്റെയും പുത്രന്റെയും റൂഹാദ്ക്കുദശായുടെയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു എന്നുള്ള സാരവാക്കുകൾ ചൊല്ലിക്കൊണ്ടു് ആക്കെങ്കിലും മാമ്മോദീസാ കൊടുക്കുമ്പോൾ ആ മാമ്മോദീസാ സാധുവായിത്തീരുന്നു. കൊടുക്കുന്നവനും കൈക്കൊള്ളുന്നവനും യോഗ്യനോ അയോഗ്യനോ ഏതുവിധമുള്ളവൻ ആയിരുന്നാലും അതു സാധുവാണു്. അതുതന്നെ പട്ടത്തെപ്പറ്റിയും പറയാം. പട്ടവും മാമ്മോദീസായും ആദ്യത്തെ ഒപ്പുശ്മായും ആവർത്തിച്ചുകൊടുക്കുവാൻ പാടില്ലാത്ത ക്രദാശകളാണു്. ആകയാൽ അരിയോസും നെസ്തോറിയോസും എവുസ്ഥിക്കിയോസും ഭ്രഷ്ടന്മാരായിത്തീർന്നെങ്കിലും അവരുടെ പട്ടസ്ഥാനവും മേൽപട്ടസ്ഥാനവും നശിച്ചുപോയെന്നോ നെസ്തോറിയോസിനാൽ കൊടുക്കപ്പെട്ട പട്ടസ്ഥാനം വ്യർത്ഥമായിപ്പോയെന്നോ ആരും വിശ്വസിച്ചിരുന്നില്ല. ഓരോ ക്രദാശകൾക്കും മ്ശിഹാ നിശ്ചയിച്ചിട്ടുള്ള സാധനവും (Matter) വാക്കുകളും (Form) ആ ക്രദാശകളെ കൊടുക്കുന്നവർ മാറുന്നുണ്ടോ ഇല്ലയോ എന്നു മാത്രമേ ഈ സംഗതിയിൽ സൂക്ഷിക്കേണ്ടതുള്ളു. യാക്കോബായ സഭയിൽ കൊടുക്കപ്പെടുന്ന പട്ടത്തിന്റെ ചടങ്ങുകളിൽ ഉപയോഗിക്കുന്ന സാധനവും വാക്കുകളും ശരിയായിട്ടുള്ളവയാണെന്നു സമ്മതിക്കപ്പെട്ടിട്ടുള്ളതാണു്. ഇപ്പോഴത്തെ നവീകരണക്കാരായ മാത്തൻമാക്കാർ പ്രസ്തുത സാധനവും വാക്കുകളും മാറാതെയാണു പട്ടംകൊടുത്തുവരുന്നതു്. മാർ മാത്യു അത്തനാസിയോസ് പട്ടംകൊടുത്തിരുന്നതും അങ്ങനെതന്നെ. അദ്ദേഹത്തിൽനിന്നു പട്ടമേറ്റ വൈദികന്മാർക്കു വീണ്ടും പട്ടംകൊടുക്കാതെ കാർലോസു ലവിഞ്ഞുമെത്രാൻ അവരെക്കൊണ്ടു കുർബാന ചൊല്ലിച്ചതിന്റെ കാരണവും അതുതന്നെ.

൨൯. ഫന്തൊസ്-ലെ ഭിന്നതയുടെ ഫലമായി പുത്തൻകൂറുണ്ടായതിൽപ്പിന്നെ പുത്തൻകൂറുകാർക്കും പഴയകൂറുകാർക്കും പൊതുവിൽ ചില പള്ളികൾ ഉണ്ടായിരുന്നെന്നു മുമ്പു പറഞ്ഞിട്ടുള്ളതാണു്. ആ പള്ളികൾ ഏതെല്ലാമെന്നുകൂടി ഇവിടെ പറയാം.

൧. കരിങ്ങാശ്ശേ. ഇതു തുപ്പൂണിത്തുറക്കു ഒരു മയിൽ വടക്കു കിഴക്കു സ്ഥിതിചെയ്യുന്നു. ൧൯൦–ൽ പഴയക്കുറുകാർ ൩൨൦ രൂപാ വാങ്ങിക്കൊണ്ടു അതിൽനിന്നു പിരിഞ്ഞുപോയി.

൨. കോതമംഗലത്തു ചെറിയപള്ളി. ൧൨൩൨–ൽ പഴയക്കുറുകാർ സമീപെ കോതമംഗലത്തു അങ്ങാടിയിൽ ഒരു പള്ളി പണിയിച്ചു അതിലേക്കു മാറി. ചെറിയപള്ളിയിൽ പഴയക്കുറുകാക്കുണ്ടായിരുന്ന അവകാശം പുത്തൻക്കുറുകാർ വിലകൊടുത്തു വാങ്ങുകയാണുണ്ടായതു്. കോതമംഗലത്തു വലിയപള്ളി ചെറിയപള്ളി ഇങ്ങനെ രണ്ടു പള്ളികളുണ്ടു്. വലിയപള്ളി ഉദ്ദേശം ൧൨–൦ം ശതാബ്ദത്തിൽ സ്ഥാപിച്ചതാണെന്നു ചിലരും, ൩–൦ം ശതാബ്ദത്തിലെന്നു മറ്റു ചിലരും വാദിക്കുന്നു. അതു സ്ഥാപിച്ചശേഷം ഒന്നോ രണ്ടോ ശതവത്സരങ്ങൾ കഴിഞ്ഞപ്പോൾ ഇടവക തക്കം നിമിത്തം ൧൩ വീട്ടുകാർ വലിയപള്ളിയിൽനിന്നു മാറി ചെറിയപള്ളി വെപ്പിച്ചു. വലിപ്പം ചെറിയപള്ളിക്കും പഴക്കം വലിയപള്ളിക്കുമാണു്. വലിയപള്ളി പുത്തൻക്കുറുകാരുടെ തനതായിത്തീർന്നു. ചെറിയപള്ളിയാണു ഇരുക്കൂട്ടർക്കും പൊതുവായിരുന്നതു്.

൩. കുറുപ്പുമ്പടി. ഇതിനു ഉദ്ദേശം അറുനൂറു വത്സരത്തെ പഴക്കമുണ്ടു്. ൧൩–൦ം ശതാബ്ദത്തിലാണു ഇതിന്റെ സ്ഥാപനം. ഇതിൽ രണ്ടുക്രൂട്ടരുംകൂടി ഒരുമിച്ചു നടന്നുവന്നു. ഉദ്ദേശം ൧൭൦൦–ൽ പഴയക്കുറുകാർ പുത്തൻക്കുറുകാരിൽനിന്നു ൫൦,൦൦൦ ചക്രം പറ്റിക്കൊണ്ടു തങ്ങൾക്കായി വേറൊരു പള്ളിവെക്കയും പഴയപള്ളിയിൽനിന്നു മാറിപ്പോകയും ചെയ്തു.

| | | | |
|---|---|---|---|
| ൧. | പിറവം. | ൧൦. | കുന്നുകുളം. |
| ൨. | മുളക്കുളം. | ൧൧. | കിഴക്കമ്പലം. |
| ൩ | കണ്ടനാട്ടു്. | ൧൨. | മാമലശ്ശേരി. |
| ൪. | കോട്ടയം വലിയപള്ളി. | ൧൩. | കുരക്കുന്നം. |
| ൫. | ചെമ്പു. | ൧൪. | നടമേൽ. |
| ൬. | പള്ളിക്കര. | | |

ഈ പള്ളികൾ ഇരുക്കൂട്ടരുടെയും പൊതുവായിരുന്നെങ്കിലും അവ ഓരോന്നും പുത്തൻക്കുറുകാക്കു തനിച്ചാകയും പഴയക്കുറുകാർ അവയിൽനിന്നു മാറി വേറെ പള്ളികൾവെക്കയും ചെയ്തു.

൭. തെക്കൻപറവൂർ. ഈ പള്ളി പഴയക്കുറുകാക്കാണു ലഭിച്ചതു്.

൧൩. അകപ്പറമ്പു. ൧൪. പെരുമറ്റം.

൧൫. വടകര. ഉദ്ദേശം നൂറു സംവത്സരങ്ങൾക്കുമുമ്പു ഇരുക്കൂട്ടരും തമ്മിൽ അവകാശം ഭാഗിച്ചു. പഴയപള്ളി പുത്തൻക്കുറുക്കാക്കു സ്വാധീനമായി. ഇരുക്കൂട്ടുകാരുടേയും പൊതുവകയായിരുന്നതും ഒടുവിൽ പുത്തൻക്കുറുകാക്കു സ്വന്തമായിത്തീർന്നതുമായി വേറെയും ചില പള്ളികളുണ്ടു്. കോട്ടയം ചെറിയപള്ളി, പുതുപ്പള്ളി, പുന്നത്ര ഇ

വയും ഇരുക്കൂട്ടരുടേയും പൊതുവായിരുന്നെന്നാണ് വൈയ്റ്റ്ഹൌസ് പറയുന്നത്. ക്രി-ാം ശതവത്സരമദ്ധ്യത്തിൽ ഇരുക്കൂട്ടക്കും പൊതുവായി ഇരുപതോളം പള്ളികൾ ഉണ്ടായിരുന്നെന്നു ഡ്യൂപെറോൺ (Du Perron) പട്ടികയെ ആസ്പദമാക്കി വൈയ്റ്റ്ഹൌസ് (Whitehouse) ക്രിസ്ത്യ-ാംപുറത്തു പറഞ്ഞിരിക്കുന്നു. (64) എന്നാൽ നൂറു സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ-- അതായതു് ക്രി-ാം ശതാബ്ദമദ്ധ്യത്തിൽ ഒരു പള്ളിപോലും ഇരുക്കൂട്ടരുടേയും പൊതുവായി ഉണ്ടായിരുന്നില്ല. ഓരോ കൂട്ടരും പിരിഞ്ഞു് അവരവരുടെ പള്ളികളിലായി. പൊതുവായുണ്ടായിരുന്ന പള്ളികളിൽ അധികവും പുത്തൻക്കൂറുകാർക്കാണു ലഭിച്ചതു്.

ചർച്ച് മിഷ്യനറിമാർ ക്രിസ്ത്യ-ൽ കോട്ടയത്തു വന്നകാലത്തു പുത്തൻക്കൂറുകാക്ക് ഒരു അഥവാ ഒരു പള്ളികൾമാത്രമേ ഉണ്ടായിരുന്നുള്ളു. അവയിൽ പലതിലും പഴയക്കൂറുകാരുംകൂടി കഴിഞ്ഞുപോന്നിരുന്നു. എന്നാൽ ക്രിസ്ത്യ-ൽ അവരുടെ പള്ളികളുടെ സംഖ്യ ൯൦വരെ ആയി. ക്രിസ്തു-ൽ അതു് ക്രമ ആയി വർദ്ധിച്ചു (65). -- (ചില പള്ളികളെ നന്നാക്കുന്നതിനും ചിലതെല്ലാം പണിയിക്കുന്നതിനും സി. എം. എസ്. കാരുടെ സഹായം പുത്തൻക്കൂറുകാക്കുണ്ടായിട്ടുമുണ്ടു്.)

പുത്തൻക്കൂർ പള്ളികളിൽ എഴുത്തുപടങ്ങളും ചില കൊത്തുരൂപങ്ങളും അടുത്തകാലംവരെ ഉണ്ടായിരുന്നു. ഇപ്പോൾ അവയിൽ മിക്കതും നശിപ്പിക്കപ്പെട്ടുപോയിരിക്കുന്നു. ഇങ്ങനെ നശിപ്പിച്ച കളഞ്ഞതു മുഖ്യമായി കൊത്തുരൂപങ്ങളാണ്. ചിലതെല്ലാം ചർച്ചുമിഷ്യനറിമാർ വന്നതു മുതലും മറു ചിലതു ക്രിസ്തു-ൽ പാശ്ചീയർക്കീസുമലയാളത്തു വന്നപ്പോഴുമാണു നശിപ്പിക്കപ്പെട്ടതു്.

രണ്ടാംപുസ്തകം സമാപ്തം.

# രണ്ടാം പുസ്തകം.

## സാക്ഷികൾ.

### ക-ാം അദ്ധ്യായം.

1. ഒന്നാം പുസ്തകം അ. വ. ല. ഒ. നോക്കുക.
2. പ്രസ്തുത മെത്രാന്മാരുടെ എഴുത്ത് അസ്സെമാൻ സ്വന്ത ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. മാന്നാനത്തു പുസ്തകശാലയിൽ സൂക്ഷിക്കപ്പെട്ടുന്ന കയ്യെഴുത്തു ഗ്രന്ഥത്തിലും ഈ എഴുത്തു കാണാവുന്നതാണ്.
3. ജോർജ്ജ് കുയ്പൻ പുറം 42.
4. Raulin, p. 28
5. DO ,, 34
6. DO ,, 24
7. DO ,, 27
8. a) Raulinus pp. 70–1.
   b) Orient Conquistado II. Conqui. I. Div. II.
9. Raulin p. 41.
10. James Hough, Vol. I. Quoted by George Kurian pp. 31–41.
11. സുറിയാനിക്കാരിൽ തെക്കുംഭാഗം, വടക്കുംഭാഗം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുള്ളതിൽ തെക്കുംഭാഗരെ പോർട്ടുഗീസുകാർ സൗഹാർദ്ദോസിനെ വളരെ മുമ്പുതുടങ്ങി ആദരിക്കയും സഹായിക്കയും ചെയ്തിരുന്നു. അതു ക-ാം അദ്ധ്യായം ന-ാം ലക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ വിവാഹബന്ധത്തെപ്പറ്റി പോർട്ടുഗീസുകാർ ചെയ്ത ആലോചനയിൽനിന്നു സുറിയാനിക്കാർ മാറിയതു മുതൽക്കാണ്. അന്നുമുതൽ തെക്കുംഭാഗരെ പോർട്ടുഗീസുകാർ സ്വാധീനപ്പെടുത്തി അവർക്കു വളരെ സഹായങ്ങൾ ചെയ്തിരുന്നതായി ചില പഴയ കയ്യെഴുത്തുകളിൽ കാണുന്നുണ്ട്. ഈക്കാലത്തിലാണ് ചവറ്റുകിൽ ചുങ്കത്തുചെന്നു ചീനഭരണി മുതലായതു ഉണ്ടാക്കിയതു്. ഉദയംപേരൂർ, ചുങ്കം എന്ന പള്ളികൾ ആദ്യം വടക്കുംഭാഗരുടെ വകയായിരുന്നെങ്കിലും അവ തെക്കുംഭാഗരുടെ തനതാക്കിക്കൊടുക്കുന്നതിനു പോർട്ടുഗീസുകാർ സഹായിച്ചു. ഇങ്ങനെ സിദ്ധിച്ച സഹായങ്ങൾ നിമിത്തം ഉദയംപേരൂർ,

കുട്ടത്തുരുത്തി എന്ന പള്ളികളാണ് ആദ്യമായി മെനേസീസിന്റെ ഭാഗത്തു ചേർന്നത്. കൊച്ചി-ലെ ശീശ്മയിലും ഈരണ്ടു പള്ളികളും കോട്ടയം, പുങ്കം എന്ന തെക്കുംഭാഗം പള്ളികളും ശീശ്മ ഉപേക്ഷിച്ചശേഷം പോർട്ടുഗീസുകാരോട് ചേർന്നിരുന്നു.

12. Raulin, p. 62.
13. a) Asseman, B. O. T. 3. part 2.
    b) Giamil, p. 62.
14. Quoted by State Manual Travancore, Vol. II, p. 179
15. DO " " "
16. a) Christianity in Travancore, p. 68.
    b) State Manual, Travancore, vol. II. p. 184.
17. Bullarium Patronatus Portugalliae. etc. T. II.
18. a) Orient Conquistado, II. Conqui. I. Divi. II.
    b) Raulinus. pp. 70–1.
19. Quoted by the Trav. State Manual, Vol. II. p. 181
20. Travancore State Manual p. 184.
21. DO " 181.
22. a) Philip de la Trinite, the Carmelite General who visited India during the years 1636 and 1637.
    b) La Croze, p. 338.
    c) Hough, II. pp. 294–5.
    d) Vincent Maria, quoted by Hough.
23. a) Travancore State Manual, Vol. II. pp. 182-3.
    b) Istoria Del Mgr. Giuseppe, Roma, 1719. p. 25.

## ൫–൩൦ അദ്ധ്യായം.

1. a) Hough II. p. 304.
   b) La Croze, p. 361.
   c) കൊൻ-ൽ എടപ്പള്ളിയിൽനിന്നു സുറിയാനിപ്പള്ളിക്കാർ ആൻജെലോ പ്രൻസിസ്സോ എന്ന വരാപ്പുഴത്തെ വികാരി അപ്പസ്തോലിക്കാ മെത്രാനെ അയച്ച എഴുത്തു. ഇതു മാന്നാനത്തു പുസ്തകശാലയിൽ സൂക്ഷിക്കപ്പെട്ടവരുന്ന പഴയ കയ്യെഴുത്തുകളിൽ കാണാവുന്നതാണ്.
2. Revd George Kurian, p. 48.
3. State Manual, Travancore, Vol. II. pp. 184 - 5.
4. a) DO
   b) Hough, II. p. 305.
   c) George Kurian, p. 49.

സുകങ്ങൾ ദഹിപ്പിച്ചത്. ചില വൈദികന്മാരെ ശിക്ഷിച്ചത്. വൈദികന്മാരുടെ പുനർവിവാഹത്തെപ്പറ്റി നിയമം. ഉദയംപേരൂർ പള്ളിക്കു സാബോർ, പ്രോത്തു എന്നിവരുടെപള്ളി എന്ന പേർമാറ്റി സകല വിശുദ്ധന്മാരുടെ പള്ളി എന്നു നാമകരണംചെയ്തത്. അങ്കമാലിൽ നടന്ന മാർഗ്ഗംകളിപ്പാട്ട്. അതിങ്കൽ മെനേസസിനു ഉളവായ സംതൃപ്തി.

ല. ക്ഷ. പൂഞ്ഞാറിലെ മലയരയന്മാർക്കായി പള്ളികൾ പണിയിച്ചതും. അവരെ മാനസാന്തരപ്പെടുത്തിയതും. പോർട്ടുഗലിന്റെ ശക്തിനിമിത്തം സുറിയാനിക്കാർ പോർട്ടുഗീസുകാർക്കു അധീനരായത്.

ല. ക്ഷ. ദോം മെനേസസിനെ മെത്രാനായി കിട്ടണമെന്നു സുറിയാനിക്കാർ അപേക്ഷിച്ചതിന്റെ കാരണം. ഫ്രാൻസീസു റോസ്, സ്റ്റീഫൻ ദെബ്രീട്ടോ, ഫ്രാൻസിസ് ഗാർസ്യാ എന്ന മെത്രാന്മാരുടെ ഭരണം, സമാധാനഭംഗം. ഗിവർഗീസു, തോമ്മാ അക്കുദിയാക്കോന്മാർ.

ല. ക്ഷ ശീശ്മക്കുള്ള കാരണം സുറിയാനിക്കാരാണെന്നുള്ള പോർട്ടുഗീസുകാരുടേയും മറ്റും അഭിപ്രായങ്ങൾ ശരിയല്ല. പോർട്ടുഗീസുകാരുടെ ഭരണദോഷമാണ് ശീശ്മയുടെ കാരണം. പോർട്ടുഗീസു കപ്പിത്താനുള്ള എഴുത്തു. അക്കുദിയാക്കോനും കത്തുകളും പോർട്ടുഗലിലേക്കു. ലിസ്ബനിലെ മാപ്പാപ്പായുടെ പ്രതിനിധിവഴിയായി റോമയിലേക്കും അയച്ച എഴുത്തുകൾ. രണ്ടുലക്ഷം സുറിയാനിക്കാർ ഉണ്ടെന്നുള്ള അക്കുദിയാക്കോന്റെ പ്രസ്താവം.

ല. ക്ഷ. സുറിയാനിക്കാർ മാപ്പാപ്പായുടെ കീഴിൽ ബലാൽക്കാരേണ സ്ഥാപിക്കപ്പെട്ടതാണെന്ന് പ്രോട്ടസ്റ്റന്റു ചരിത്രക്കാർ പറയുന്നതു അബദ്ധമാണ്.

ല. ക്ഷ. അക്കുദിയാക്കോനും വൈദികന്മാരും മേല്സ്ഥാനങ്ങളിൽ അയച്ച ആവലാധികൾ. അക്കുദിയാക്കോന്റെ അധികാരം നിക്കുവാൻ പോർട്ടുഗീസുകാർ ചെയ്ത ശ്രമം. ലത്തീൻക്രമങ്ങൾ സ്ഥാപിക്കുവാൻ അവർ പരിശ്രമിച്ചത്. തത്സംബന്ധമായി സുറിയാനിക്കാർ അയച്ച ആവലാധികൾ. ബാബേലിലേക്കുള്ള ഹർജി. അഹത്തല്ലായുടെ ആഗമനം. അദ്ദേഹത്തിന്റെ എഴുത്തു.

ല. ക്ഷ. അഹത്തല്ലായുടെ വിശ്വാസനിലയെ സംബന്ധിച്ചു പറയുന്ന മൂന്നു അഭിപ്രായങ്ങളിന്മേലുള്ള പര്യാലോചന.

## ക്ഷ-ാം അദ്ധ്യായം.

### ക്ഷന്നദിനു.-ൽ ഉണ്ടായ ശീശ്മ മുതൽ ക്ഷന്നനനു-ൽ പള്ളിവീട്ടിൽ ചാണ്ടി മെത്രാൻ അഭിഷേകം ചെയ്യപ്പെട്ടതുവരെ നസ്രാണികളുടെ ഇടയിൽ നടന്ന സംഭവങ്ങൾ.

ല. ക. അഹത്തല്ലായുടെ എഴുത്തിനെപ്പറ്റി ആലോചിക്കുവാനായി ഉദയംപേരൂരിൽ കൂടിയത്. ഗാർസ്യാ മെത്രാപ്പോലീത്താ

യെ ക്ഷണിച്ചത്. സുറിയാനിക്കാർ ഭടന്മാരോടുകൂടി കൊച്ചിയിലേക്കു പോയത്. കപ്പിത്താനു എഴുതിയത്. ക്രൂനൻകുരിശിന്മേൽ സത്യം ചെയ്തത്.

ല. ഫ. ഇടപ്പള്ളിയിലെ യോഗം. ആലങ്ങാട്ടുവെച്ചു നടന്ന അക്കദിയാക്കോനെറ മെത്രാൻപദപ്രവേശനം. ആലോചനാ സംഘം. നസ്രാണികൾ അക്കദിയാക്കോനെ അനുസരിക്കാതിരിക്കേണ്ടതിനായി കപ്പിത്താൻ കൊച്ചിയിലെ റാണിക്കും വൈസ്രോയിക്കും എഴുതിയതും മറ്റും.

ല. ന. അഹത്തല്ലായിക്കു മാപ്പുപ്പായിൽനിന്നു അധികാരം ലഭിച്ചിട്ടില്ല. കപ്പിത്താനെറ എഴുത്തിനേപ്പററി പയ്യാലോചനകൾ. നസ്രാണികളുടെ പോലെതന്നെ പോർട്ടുഗീസുകാർക്കും വീഴ്ചകൾ ഉണ്ടായിരുന്നു. അഹത്തല്ലാ കത്തോലിക്കാ ഐക്യത്തിൽ മരിച്ചു. അക്കാലത്തിലെ കൽദായ പാത്രിയർക്കീസു കത്തോലിക്കനായിരുന്നു.

ല. ഭ. അഹത്തല്ലായുടെ മരണത്തേപ്പററിയുള്ള മൂന്നു അഭിപ്രായങ്ങൾ. അഹത്തല്ലായുടെ അധികാരത്തേപ്പററി നസ്രാണികൾക്കുണ്ടായിരുന്ന ഉത്തമവിശ്വാസവും തൻമൂലം പൌലീസുരെ വിശ്വസിക്കാതിരുന്നതും.

ല. ങ. അക്കദിയാക്കോനെറ മെത്രാൻപട്ടത്തിനെറ സാധുതയേപ്പററിയുണ്ടായ സംശയം ഹേതുവായിട്ട ഉദ്ദേശം ഉങ പള്ളിക്കാർ അക്കദിയാക്കോനെ പരിത്യജിച്ചത്.

ല. ന. കമ്മലീത്താക്കാരെ അപേക്ഷിച്ചതും അവർ വന്നതും.

ല. ച. ഒ-ാം അലക്സാണ്ടർ മാപ്പുപ്പായുടെ ഏഴു തിരുവെഴുത്തുകൾ.

ല. വ. കമ്മലീത്താക്കാർ വന്നസമയം ഉദ്ദേശം (൪൦൦൦) അമ്പതിനായിരം സുറിയാനിക്കാർ ശീശ്മയിൽനിന്നു അകന്നുനിന്നിരുന്നത്.

ല. ൻ. കമ്മലീത്തർ ഇടപ്പള്ളിയിൽ വന്നത്. അക്കദിയാക്കോനെറ നാലു ആലോചനക്കാരുടെ പേരുകൾ. ഗോവയിൽനിന്നു അക്കദിയാക്കോനെറ പക്കലേക്കു അയക്കപ്പെട്ട കൊമ്മിസ്സറികൾ. ഗാർസ്യാ മെത്രാപ്പോലീത്താ നിയമിച്ച പുതിയ അക്കദിയാക്കോനെറ കൊച്ചിയിലെ വസതി. കമ്മലീത്തർ അക്കദിയാക്കോനെക്കണ്ടു സംഭാഷണംചെയ്തതും തിരുവെഴുത്തു കൊടുത്തതും. കമ്മലീത്തക്കു റോമയിൽനിന്നു കൊടുത്തിരുന്ന ഉപദേശങ്ങൾ.

ല. ഫ൦. കൊമ്മിസ്സറി അക്കദിയാക്കോനെ കണ്ടതും കൊമ്മിസ്സറിയുടെ പക്കൽനിന്നു തിരുവെഴുത്തുകൾ എടുപ്പിക്കുവാൻ അക്കദിയാക്കോൻ ചതിവായി ചെയ്ത ആലോചനയും. കൊമ്മിസ്സറി കുറവിലങ്ങാട്ടേക്കു പോയത്. ശീശ്മക്കാർ ശീശ്മയിൽ ചേരാതെ നിന്ന പക്ഷമായി മാപ്പുപ്പാ അയച്ചിരുന്ന തിരുവെഴുത്തുകൾ അവിടെയും സമീപ പള്ളികളിലും പ്രസിദ്ധീകരിച്ചത്. വാശ്ദാനത്തിനു വിരോധമാ

യി അക്കദിയാക്കോൻ പട്ടംകൊടുത്തതും സംഘം വിളിച്ചുകൂട്ടാതിരുന്നതും. പല പള്ളിക്കാർ കൊമ്മിസ്സറിക്കു വിധേയരായത്. ഇടപ്പള്ളിയിൽ സംഘംകൂടുവാനായി കൊമ്മിസ്സറിയും അക്കദിയാക്കോനും പള്ളിക്കാരെ ക്ഷണിച്ചത്. അക്കദിയാക്കോനിൽനിന്നു അസാധുവായി പട്ടം സ്വീകരിച്ചവർക്കു കൊമ്മിസ്സറി പട്ടംകൊടുപ്പിച്ചതും മറ്റും.

ല. ഫ. ഇടപ്പള്ളിയിലെ സംഘം. അതിലെ മൂന്നു നിശ്ചയങ്ങൾ. അക്കദിയാക്കോനെ മെത്രാനായി അഭിഷേകം ചെയ്യുന്ന കാര്യത്തിൽ കൊമ്മിസ്സറി പറഞ്ഞ തടസ്സങ്ങൾ. അതിനു ഇട്ടിത്തൊമ്മൻ കത്തനാരും കൂട്ടരും പറഞ്ഞ മറുപടി. സംഘത്തിനുശേഷവും സംഘത്തിൽവെച്ചും നടന്ന നാലു സംഭവങ്ങൾ. ഇട്ടിത്തൊമ്മൻ കത്തനാർ വ്യാജമായി ഉണ്ടാക്കിയ എഴുത്തു പരസ്യമായിപ്പോയത്. തൻമൂലം അദ്ദേഹം ചെയ്തതെല്ലാം അബദ്ധമായിപ്പോയെന്നറിയിച്ചത്.

ല. ഫ. ഇടപ്പള്ളിയിലെ സംഘംകഴിഞ്ഞു മുട്ടം, മട്ടാഞ്ചേരി, ആലങ്ങാട്ടു എന്ന പള്ളികളിൽ കൂടിയ സംഘങ്ങൾ. അവയിലെ നിശ്ചയങ്ങൾ. കൊച്ചിയിലെ തോമ്മാശ്ലീഹായുടെ പള്ളിയിൽ കൂടിയ സംഘം. അതിൽചെയ്ത നാലു നിശ്ചയങ്ങൾ. വിശ്വാസസത്യം. കോട്ടയം, കടുത്തുരുത്തി, ഉദയംപേരൂർ, കുടമാളൂർ എന്ന നാലു പള്ളിക്കാർമാത്രം കൊടുങ്ങല്ലൂർ അധികാരത്തിൽ നിൽക്കുവാൻ മനസ്സായത്. മറ്റു പള്ളിക്കാർ കൊമ്മിസ്സറിയോടു ചേർന്നുനിന്നത്. പോർട്ടുഗീസുകാക്കുണ്ടായ സന്തോഷം. മുടങ്ങിപ്പോയ കൊച്ചിയിലെ കച്ചവടം വീണ്ടും നടപ്പായത്. പഠനം മുടങ്ങിപ്പോയ വൈപ്പിക്കോട്ട സെമിനാരിയിൽ പഠനം വീണ്ടും ആരംഭിച്ചത്. കൊമ്മിസ്സറിയുടെ റോമായാത്ര. ഈശോസഭക്കാരനായ യസീന്തിനോടു ഗോവയിൽവെച്ചു കൊമ്മിസ്സറി പറഞ്ഞറിയിച്ച മലയാളത്തിലെ സംഗതികൾ. അക്കദിയാക്കോന്റെ ശക്തിക്ഷയം.

ല. ഫ. ജോസെഫ് സെബസ്ത്യാനി റോമയിലേക്കു പോയതും അതിനിടക്കു ചില പള്ളികൾ ശീശ്മ ഉപേക്ഷിച്ചു തിരിഞ്ഞുവന്നതും. അക്കദിയാക്കോൻ മെത്രാൻസ്ഥാനം ഉപേക്ഷിച്ചതും പുതിയ അക്കദിയാക്കോൻ അധികാരം പ്രവർത്തിക്കുവാൻ ഏർപ്പെട്ടതിനാൽ വീണ്ടും മെത്രാന്റെ സ്ഥാനചിഹ്നങ്ങൾ ധരിച്ചതും. അതിലേക്കു പുതിയ രേഖകൾ ഉണ്ടാക്കിയത്. ഗാർസ്യാ മെത്രാപ്പോലീത്തായുടെ മരണം. സെറോനി എന്ന കാനോനികൻ അങ്കമാലി അതിമെത്രാസനത്തെ ഭരിക്കുവാൻ വന്നത്. ഇത്യാദി.

ല. ഫ. ജോസെഫ് സെബസ്ത്യാനി റോമയിൽവച്ചു മെത്രാനായി അഭിഷേചിക്കപ്പെട്ടത്. നാട്ടിൽനിന്നു ഒന്നുരണ്ടുപേരെ മെത്രാൻപദത്തിൽ സ്ഥാപിക്കുവാൻ അദ്ദേഹത്തിനു കൊടുക്കപ്പെട്ട അധികാരം. നസ്രാണികൾക്കു മാപ്പാപ്പാ അയച്ച എഴുത്തു. ജോസെഫ് മെത്രാൻ കൊച്ചിയിൽ വന്നുചേർന്നത്.

ല. ഫ. ജോസെഫ് മെത്രാൻ കൊച്ചിയിൽനിന്നു പള്ളികൾക്കു പരസ്യക്കല്പന അയച്ചത്. പള്ളിക്കാർ അദ്ദേഹത്തെ ചെ

ന്നകണ്ട് കീഴ്പ്പെട്ടത്. മുട്ടത്തേക്കുള്ള യാത്ര. അവിടെ സൈന്യ ക്യ
ദാശചെയ്യലും പട്ടംകൊടുത്തതും. ചമ്പക്കുളത്തുപോയതും അവിടെ
നടത്തിയ കാര്യങ്ങളും. ഉദയംപേരൂരിൽ പോയത്. കണ്ടനാട്ട, മു
ളന്തുരുത്തി ഇത്യാദി പള്ളിക്കാരുടെ ആലോചനകൾ. അക്കിദിയാ
ക്കോനേറയും സെബസ്ത്യാനി മെത്രാനേറയും പിടിപാടുകൾ തുപ്പ
ണിത്തുറ കച്ചേരിയിൽവെച്ചു പരിശോധിച്ചത്. ഇട്ടിത്തൊമ്മൻ കത്ത
നാർ മുതൽപേർ ഹാജരാക്കിയ വ്യാജപ്രമാണങ്ങളും അവക്കു വന്നു
കൂടിയ ദോഷഫലങ്ങളും. അക്കിദിയാക്കോൻ ഓർഡ്ലും പാത്രിയക്കീ
സിനു അയച്ച എഴുത്തു.

ല. ക്രി. ഇട്ടിത്തൊമ്മൻ കത്തനാർ ആദിയായവർ കു
ത്തോലിക്കരുടെ വീടുകൾക്കു തീവെക്കുവാൻ ശട്ടംകെട്ടിയതും ഒരാളെ
കൊന്നതും. കൊമ്മിസ്സറി ഉദയംപേരൂരിൽ യോഗംകൂട്ടി ചില നിശ്ച
യങ്ങൾ ചെയ്തത്. പോർട്ടുഗീസു ശക്തിയുടെ ക്ഷയാരംഭം. കൊടുങ്ങ
ല്ലൂരിന്റെ അധഃപതനം. ഇട്ടിത്തൊമ്മൻ കത്തനാർ പ്രസിദ്ധീകരിച്ച
അത്ഭുതം. കൊമ്മിസ്സറി മെത്രാൻ ആലങ്ങാട്ടും അങ്കമാലിലും പോയ
തും ആ പള്ളികൾ സ്വാധീനമാക്കിയതും. ആ സ്ഥലങ്ങളിൽ ശീശ്മക്കാ
ർ നടത്തിയ ലഹളകളും മറ്റും.

ല. ക്രി. കൊച്ചി ലന്തക്കാർ പിടിക്കാറായിരിക്കെ കൊമ്മി
സ്സറി കടുത്തുരുത്തിലേക്കു മാറിയത്. അക്കിദിയാക്കോൻ വെളിയിൽവ
ന്നു ലന്തക്കാരെ സഹായിക്കാമെന്നു അറിയിച്ചത്. കടുത്തുരുത്തിൽ
വെച്ചു പല പള്ളിക്കാർ മുഴുവനായി കൊമ്മിസ്സറിക്കു കീഴ്വഴങ്ങിയ
ത്. തൻമൂലം അദ്ദേഹത്തെ ഉപദ്രവിപ്പാൻ അക്കിദിയാക്കോൻ ഒരു
മ്പെട്ടതും ഉപദ്രവങ്ങൾ തീർന്നതും.

ല. ക്രി. പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ വാഴ്ച. അക്കി
ദിയാക്കോനേയും ഇട്ടിത്തൊമ്മൻ കത്തനാരേയും മഹറോനിൽ ഉൾ
പ്പെട്ടുത്തിയത്. ചാണ്ടിമെത്രാൻ ഡച്ചു സൈന്യാധിപനെ കണ്ടത്
കൊമ്മിസ്സറി തുടങ്ങിയുള്ളവർ നാടുവിട്ടുപോയത്. പറമ്പിൽ മെത്രാ
ൻ എന്നു പറയുന്നതിലെ പിശക്.

## ക്രി.-ാം അദ്ധ്യായം.

ക്രിസ്തുവർ-ൽ ലന്തക്കാർ കൊച്ചിക്കോട്ട പിടിച്ച അവസരത്തിൽ
മെത്രാഭിഷേകം ചെയ്യപ്പെട്ട പള്ളിവീട്ടിൽ അലക്സ്സാണ്ടർ അഥവാ
ചാണ്ടിമെത്രാന്റെ കാലം മുതൽ ക്രിസ്തുവർ-ൽ പ്ലോറെൻസ് മെത്രാൻ
പരേതനായതുവരേ മലങ്കര സഭയിൽ ഉണ്ടായ
സംഭവങ്ങൾ.

ല. ക്രി. പോർട്ടുഗീസുകാർ കൊച്ചിയിൽനിന്നു നാടുകട
ത്തപ്പെട്ടത്. ഈശോസഭക്കാരുടേയും പ്രൻസീസ്കൻകാരുടേയും പ
ള്ളികളും ആശ്രമങ്ങളും നശിപ്പിക്കപ്പെട്ടത്.

ല ഉ. അലക്സ് സാണ്ടർ മെത്രാന്റെ ഗുണഗണങ്ങൾ. അദ്ദേഹംമൂലം വളരെ പള്ളികൾ കത്തോലിക്കാ ഐക്യത്തിലേക്കു തിരികെ വന്നതു്. ശിശുയെ ഉൻമൂലനം ചെയ്യുന്നതിനായി കടവിൽ ചാണ്ടിക്കത്തനാരുടെ പരിശ്രമം. ഇതിനായി കമ്മലീത്തർ വളരെ അദ്ധ്വാനങ്ങൾ ചെയ്തു സംഗതി. ശിശുക്കാരുടേയും കത്തോലിക്കരുടേയും പള്ളികളുടെ സംഖ്യ. കമ്മലീത്തക്കു മലയാളത്തിൽ അധികാരം സിദ്ധിക്കുവാൻ സുറിയാനിക്കാർ കാരണക്കാരാകുന്നു എന്നുള്ളതു്.

ല. ങ. മത്തായി, കൊള്ളേലിയസ് എന്ന ഇ. കമ്മലീത്തർ മലയാളത്തിൽ വന്നതു്. ചാത്യാത്തു്, വരാപ്പുഴ എന്ന പള്ളികൾ സ്ഥാപിക്കുന്നതിനുള്ള അനുമതി മാർ അലക്സ് സാണ്ടർ നൽകിയതു്. ചാത്യാത്തു് പള്ളിക്കുള്ള കല്പനയുടെ പകർപ്പു്. സുറിയാനിപ്പള്ളിയായിരുന്ന വരാപ്പുഴ ലത്തീൻപള്ളിയാക്കപ്പെട്ടതു്.

ല. ച. നാലു കമ്മലീത്തർ റഫായേൽ എന്ന പറങ്കിപ്പാതിരിയെ അലക്സ് സാണ്ടറിന്റെ അനുഗാമിയായി തിരഞ്ഞെടുത്തതു്. അദ്ദേഹത്തെ മാർ അലക്സ് സാണ്ടർ അഭിഷേകം ചെയ്യാതിരുന്നതു്. തോമ്മാ ദെ കാസ്ത്രോ കോഴിക്കോട്ടവെച്ചു അദ്ദേഹത്തെ അഭിഷേചിച്ചതു്. മാർ അലക്സ് സാണ്ടർ റഫായേലിനെ അംഗീകരിച്ചതു്. റഫായേൽമൂലം ഉണ്ടായ വഴക്കുകൾ. അദ്ദേഹത്തെ തിരഞ്ഞെടുത്ത കമ്മലീത്തർതന്നെ റോമ്മയിൽ അപ്പീൽ ചെയ്തു. കാര്യപരിശോധനയ്ക്കായി റോമ്മയിൽനിന്നു ക്രുസ്തോദിയസ് മെത്രാനെ നിയമിച്ചതു്. റഫായേലിന്റെ സ്ഥാനഭ്രംശം.

ല. ഛ. റഫായേലിന്റെ തിരഞ്ഞെടുപ്പു സംബന്ധിച്ചു് റോലിൻ മാർ അലക്സ് സാണ്ടറിന്റെമേൽ ചുമത്തുന്ന അടിസ്ഥാനരഹിതമായ വീഴ്ചകൾ.

ല. ന. കമ്മലീത്തരുടെ അപേക്ഷ അനുസരിച്ചു് അൻജെലൂസ് പ്രാൻസീസ് വികാരി അപ്പസ്തോലിക്കാ ആയി നിയമിക്കപ്പെട്ടതു്. കമ്മലീത്തർ മലയാളത്തിൽ താമസിക്കുന്നതിനുണ്ടായിരുന്ന പ്രതിബന്ധം ഡച്ചുകാരുടെ നീക്കംചെയ്തതു്. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താമാർ. ഫ്രാൻ൪ മുതൽ മലയാളത്തിൽ മെത്രാന്മാർ ഇല്ലാതിരുന്നതിനാൽ പള്ളിവീട്ടിൽ മത്തായിക്കത്തനാരെ ഡിഡക്രുസ് മെത്രാപ്പോലീത്താ അക്കാലത്തേക്കായി നിയമിച്ചു ഇടവകഭരണം നടത്തിയതു്. ആസമയത്തുതന്നെ കമ്മലീത്തരുടെ അപേക്ഷാനുസരണം ആൻജെലൂസ് പ്രാൻസീസ് വി. അപ്പസ്തോലിക്കാ ആയി നിയമിക്കപ്പെട്ടതു്. ഉടനെ (അടുത്തയാണ്ടിൽ) ഈശോസഭയിലെ റിബെയ്റോ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി ഏല്പിക്കപ്പെട്ടതു്.

